ബൈബിൾ തീർത്ഥാടനം 11

MAR LOUIS PUBLICATIONS

# പ്രതാപത്തിൽനിന്ന്
# പ്രവാസത്തിലേക്ക്



ഡോ. മൈക്കിൾ കാരിമറ്റം



തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ഡോ. മൈക്കിൾ
കാരിമറ്റം

ബൈബിൾ തീർത്ഥാടനം 11

## പ്രതാപത്തിൽനിന്ന് പ്രവാസത്തിലേക്ക്

സോളമന്റെ സ്ഥാനാരോഹണം മുതൽ ബാബിലോൺ പ്രവാസം വരെയുള്ള കാലത്തെ ഇസ്രായേൽ ജനതയുടെ ചരിത്രമാണ് ബൈബിൾ തീർത്ഥാടനത്തിന്റെ ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രമല്ല ഈ ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യപ്പെട്ട ഇസ്രായേൽ ചരിത്രമാണിത്. അതിനാൽ സ്വാഭാവികമായും ഈ കാലഘട്ടത്തെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഈ വിവരണങ്ങളിൽ കാണില്ല. ഇസ്രായേൽ ജനവും അവരെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ദൈവവും തമ്മിലുള്ള ബന്ധമാണ് ഈ ചരിത്രത്തിന്റെ ഊടും പാവുമായി നിലകൊള്ളുന്നത്. ഇസ്രായേൽ ജനം നേരിട്ട നിരവധി പരാജയങ്ങളുടെയും നഷ്ടങ്ങളുടെയും, അവസാനമായി പ്രവാസത്തിന്റെയും കാരണം അവരുടെ അവിശ്വസ്തതയാണന്ന് ചരിത്രവസ്തുക്കൾ നിരത്തിവച്ചു ഈ ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നു.

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
mlpekam@gmail.com

ISBN 978-81-950096-5-7
9 788195 009657

*ബൈബിൾ തീർത്ഥാടനം 12*

# പ്രതാപത്തിൽ നിന്ന് പ്രവാസത്തിലേക്ക്

**1-2 രാജാക്കന്മാർ - 2 ദിനവൃത്താന്തങ്ങൾ**

**മൈക്കിൾ കാരിമറ്റം**

BIBLE PILGRIMAGE 12.1-2 Kings, 2 Chronicles
PRATHAPATHILNINNU PRAVASATHILEKKU (Malayalam)
Michael Karimattam

Published by
Divine Retreat Centre,
Muringoor, Chalakudy.

Printed at :
Divine Printers & Publishers
Muringoor, Chalakudy.

First Published : December, 1996

All Rights Reserved with the Author.

No part of this book may be reproduced in any manner
without the written permission permission of the Author

Price Rs. 55.00

# ഉള്ളടക്കം

ആമുഖം പേജ്

**ഭാഗം ഒന്ന്**
**അവിഭക്ത ഇസ്രായേൽ രാജ്യം**
**സോളമൻ 1 രാജാ 11-11; 2 ദിന 1-9**

**1. ദാവീദിന്റെ പിൻഗാമി 1 രാജാ 1, 12,46**

***a. സോളമന്റെ സ്ഥാനാരോഹണം 1 രാജാ1,1-53***
*i. രാജാവിന്റെ വാർദ്ധക്യം 1 രാജാ 1,1-4*
*ii. അദോനിയായുടെ ഉപജാപം 1 രാജാ 1, 5-10*
*iii. സോളമന്റെ രാജാഭിഷേകം 1 രാജാ 1,11-40*
*iv. അദോനിയായുടെ പ്രതികരണം 1 രാജാ 1, 41-53*
***b. ദാവീദിന്റെ അന്തിമോപദേശവും മരണവും 1 രാജാ2,1-12***

***c. ശത്രുസംഹാരം 1 രാജാ 2,13-46***
*i. അദോനിയാ 1 രാജാ 2, 13-25*
*ii. അബിയാഥർ 1 രാജാ 2, 26-27*
*iii. യൊവാബ് 1 രാജാ 2, 28-35*
*iv. ഷിമേയി 1 രാജാ 2, 36-46*

**2. സോളമന്റെ ജ്ഞാനം 1രാജാ 3,1-4,34;2ദിന1,1-12**

*a. ഫറവോയുടെ മകൾ 1 രാജാ3,2-3*
*b. പൂജാഗിരിയിൽ ബലിയർപ്പണം1 രാജാ3,2-3*
*c. ജ്ഞാനം ദൈവത്തിന്റെ ദാനം 1രാജാ 3,4-15;12ദിന1,1-12*
*d. വിവേകപൂർണ്ണമായ വിധിപ്രസ്താവം 1രാജാ3, 16-28*
*e. ഭരണസംവിധാനം 1 രാജാ 4, 1-19*
*f. സമ്പൽ സമൃദ്ധി 1 രാജാ 4, 20-28*
*g. ജ്ഞാനം 1 രാജാ 4, 29-34*

3. ദേവാലയം 1രാജാ 5,1–9,9;2ദിന2,1–7,22

***a.* ദേവാലയ നിർമ്മാണത്തിന് ഒരുക്കം**

***1 രാജാ 5,1-18; 2 ദിന 2,1–18***

***b.* ദേവാലയ നിർമ്മാണം 1 രാജാ 6,1-7,51; 2ദിന3,1–5,1**

*i. ദേവാലയനിർമ്മാണത്തിന്റെ തുടക്കം 1 രാജാ 6,1*

*ii. ദേവാലയ ഘടന 1 രാജാ 6,2–10; 2ദിന3,1–14*

*iii. വാഗ്ദാനം-താക്കീത് 1 രാജാ 6,11–14*

*iv. അലങ്കാരങ്ങൾ-സംവിധാനങ്ങൾ 1 രാജാ 6,15–38*

*v. രാജകൊട്ടാരം 1 രാജാ 7,1–12*

*vi. ഇതര സജ്ജീകരണങ്ങൾ 1 രാജാ 7,13–51; 2 ദിന 3,15–5,1*

***c.* ദേവാലയ പ്രതിഷ്ഠ 1 രാജാ 8,1-66; 2 ദിന 5,2–7,10**

*i. പേടകം ദേവാലയത്തിൽ 1 രാജാ 8,1–13; 2ദിന 5,2–14*

*ii. സോളമന്റെ ആശീർവാദം 1 രാജാ 8,14–21; 2 ദിന 6,1–11*

*iii. യാചനാപ്രാർത്ഥന 1 രാജാ 8,22–53; 2 ദിന 6,12–42*

*iv. സമീപനാശീർവ്വാദം 1 രാജാ 8,54–61*

*v. പ്രതിഷ്ഠാബലിയും ഉത്സവാഘോഷവും*

*1 രാജാ 8,62–66; 2 ദിന 7,1–10*

***d.* വാഗ്ദാനവും താക്കീതും 1 രാജാ 9,1–9; 2ദിന 7,11–22**

***e.* ദേവാലയം ഒരു ചരിത്രാവലോകനം**

***4.* നേട്ടങ്ങളും കോട്ടങ്ങളും 1 രാജാ 9,10–11,43;2 ദിന 8,1–9,31**

***a.* നേട്ടങ്ങൾ 1 രാജാ 9,10–10,29; 2 ദിന 8,1–9,28**

*i. നാട് വിറ്റ് വീടു പണിയാൻ 1 രാജാ 9,10–14; 2ദിന 8,1–2*

*ii. രാജ്യരക്ഷാ സംവിധാനങ്ങൾ 1 രാജാ 9,15–23; 2 ദിന 8,3–7*

*iii. വാണിജ്യം 1 രാജാ 9,26–27;10,11–29; 2 ദിന 8,17–18; 9,28*

*iv. ഷേബാരാജ്ഞിയുടെ സന്ദർശനം*

*1 രാജാ 10,1–10.13; 2ദിന 9,19.12*

***b.* പാളിച്ചകൾ-പതനങ്ങൾ 1 രാജാ 11,1–43**

*i. നിഷിദ്ധവിവാഹങ്ങൾ-അവിശ്വസ്തത 1 രാജാ11,1–13*

*ii. കലാപത്തിന്റെ കാർമേഘങ്ങൾ 1 രാജാ 11,14–40*



## ഭാഗം രണ്ട്
## വിഭക്ത രാജ്യം
1 രാജാ 12–2 രാജാ 17; 2ദിന 10–28

1. വിഭജനം മുതൽ ആഹാബുവരെ 1 രാജാ 12–16; 2 ദിന 11–16

***a.* രാജ്യം പിളരുന്നു 1 രാജാ 12,1–24; 2ദിന 10,1–11,4**

***b.* ജെറൊബൊവാം 1 രാജാ 12,25–14,20**

*i. തലസ്ഥാനവും ആരാധനാലയങ്ങളും 1 രാജാ 12,25–33*

*ii. ഒരു ബലിപീഠവും രണ്ട് പ്രവാചകന്മാരും 1 രാജാ 13,1–34*

*iii. ജെറൊബൊവാമിനു ശിക്ഷ 1 രാജാ 14,1–20*

***c.* റെഹെബൊവാം 1 രാജാ 14,21–31; 2ദിന 11,5–12,16**

***d.* യൂദായിലെ രണ്ടു രാജാക്കന്മാർ**

*i. അബിയാ 1 രാജാ 15,1–8; 2 ദിന 13,1–22*

*ii. ആസാ 1 രാജാ 15,9–24; 2 ദിന 14,1–16,14*

***c.* ഇസ്രായേലിലെ ആറു രാജാക്കന്മാർ 1 രാജാ 15,25–16,34**

*i. നാദാബ് 1 രാജാ 15,25–32*

*ii. ബാഷാ 1 രാജാ 15,33–16,7*

*iii. ഏലാ 1 രാജാ 16,8–14*

*iv. സിമ്രി 1 രാജാ 16,15–20*

*v. ഓമ്രി 1 രാജാ 16,21–28*

*vi. ആഹാബ് 1 രാജാ 16,29–34*

2. ഏലിയാ പ്രവാചകൻ

1 രാജ 17,1–2 രാജാ 2,12; 2 ദിന 17–20

*ചരിത്ര പശ്ചാത്തലം*

1. ആരാണ് ദൈവം 1 രാജാ 17,1–18,46

*a. ഏലിയായും വരൾച്ചയും 1 രാജാ 17,1–7*

*b. വിധവയുടെ ആതിഥ്യം 1 രാജാ 17,8–24*

*c. അഗ്നി പരീക്ഷണം 1 രാജാ 18,1–46*

2. പുതിയ ദൈവാനുഭവം 1 രാജാ 19,1–21

*a. ഹെറെബിലേക്കുള്ള യാത്ര 1 രാജാ 19,1–8*

*b. ദൈവാനുഭവം 1 രാജാ 19,9–18*

*c. പിൻഗാമിയുടെ അഭിഷേകം 1 രാജാ 19,19-21*

**3. വിജയം കർത്താവിന്റെ ദാനം 1 രാജാ 20,1-43**

**4. നിഷ്ക്കളങ്ക രക്തത്തിന്റെ നിലവിളി 1 രാജാ 21,1-29**

**5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം**

**1 രാജാ 22,1-50; 2 ദിന17-20**

**6. യഹോഷാഫാത്ത് 1 രാജാ 22,41-5; 2 ദിന 17-20**

**7. അഗ്നിപ്രവാചകൻ 1 രാജാ 22,51-2 രാജാ 2,12**

*a. വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി*

*1 രാജാ 22,51-2 രാജാ 1,18*

*b. അഗ്നി രഥം 2 രാജാ 2,1-12*

**3. ഏലീഷായും പ്രവാചകഗണങ്ങളും**

2 രാജാ 2,13-8,29; 2 ദിന 21,1-22,6

**1. ഏലീയായുടെ പിൻഗാമി 2 രാജാ 2,13-25**

**2. മൊവാബ്യർക്കെതിരേ യുദ്ധം 2 രാജാ 3,1-27**

**3. കരുണയുടെ പ്രവാചകൻ 2 രാജാ 4,1-6,7**

*a. വിധവയ്ക്കും മക്കൾക്കും സംരക്ഷണം 2 രാജാ 4,1-7*

*b. ഷൂനേംകാരിയുടെ മകൻ 2രാജാ 4,8-37*

*c. കലത്തിൽ പതിയിരുന്ന മരണം 2 രാജാ 4,38-41*

*d. അപ്പം വർദ്ധിപ്പിക്കുന്നു 2 രാജ 4,42-44*

*e. നാമാന്റെ കുഷ്ഠം ഗഹസിക്ക് 2 രാജാ 5,1-27*

*f. വെള്ളത്തിൽ പൊങ്ങിയ കോടാലി 2 രാജാ 6,1-7*

**4. രാഷ്ട്രീയ നേതൃത്വം 2 രാജാ 6,8-8,29**

*a. യുദ്ധത്തിൽ സംരക്ഷണം 2 രാജാ 6,8-7,20*

*b. ഷൂനേംകാരി വീണ്ടും 2 രാജാ 8,1-6*

*c. സിറിയായിൽ പുതിയ രാജാവ് 2 രാജാ 8,7-15*

*d. യഹോറാം 2 രാജാ 8,16-24; 2 ദിന 21,1-20*

*e. അഹസിയാ 2 രാജാ 8,25-29; 2 ദിന 22,1-9*

**4. യേഹു മുതൽ സമറിയായുടെ പതനം വരെ**

2 രാജാ 9-17; 2 ദിന 22-28

**1. യേഹുവിന്റെ നരവേട്ട 2 രാജാ 9,1-10,36**



*a. യേഹുവിന്റെ രാജാഭിഷേകം 2 രാജാ 9,1-13*

*b. രാജാക്കന്മാർ കൊല്ലപ്പെടുന്നു 2 രാജാ 9,14-29*

*c. ജെസബെൽ നായ്ക്കൾക്ക് ഭക്ഷണം 2 രാജാ 9,30-37*

*d. കൂട്ടക്കുരുതി 2 രാജാ 10,1-17*

*e. ബാലിന്റെ ആരാധകരെ വധിക്കുന്നു 2 രാജാ 10,18-28*

*f. യേഹുവിന്റെ അന്ത്യം 2 രാജാ 10,29-36*

**2. തളർച്ചയുടെ കാലഘട്ടം 2 രാജാ 11-3; 2 ദിന 22-24**

*a. അത്താലിയാ 2 രാജാ 11,1-21; 2 ദിന 22,10-23,21*

*b. യോവാഷ് 2 രാജാ 12;2 ദിന 24*

*c. യഹോവാഹാസ് 2 രാജാ 13,1-9*

*d. യഹോവാഷ് 2 രാജാ 13,10-25*

*e. എലീഷായുടെ അന്തിമ ചെയ്തികൾ 2 രാജാ 13,14-21*

**3. നവോത്ഥാനം 2 രാജാ 14,1-15,7; 2ദിന 25-26**

*a. അമാസിയാ 2 രാജാ 14,1-22; 2 ദിന 25,1-28*

*b. ജെറൊബൊവാം 2 രാജാ 14,23-29*

*c. അസറിയാ 2 രാജാ 15,1-7; 2 ദിന 26,1-23*

**4. ഇസ്രായേലിന്റെ പതനം 2 രാജാ 15,8-17,41; 2 ദിന 27-28**

***a. ഇസ്രായേലിലെ അഞ്ചു രാജാക്കന്മാർ 2 രാജാ 15,8-31***

*i. സഖറിയ 2 രാജാ 15,8-12*

*ii. ഷല്ലും 2 രാജാ 15,13-15*

*iii. മെനാഹെം 2 രാജാ, 15,16-22*

*iv. പെക്കാഹിയാ 2 രാജാ 15,23-26*

*v. പെക്കാഹ് 2 രാജാ 15,27-31*

***b. യൂദായിലെ രണ്ടു രാജാക്കന്മാർ***

*i. യോഥാം 2രാജ 15,32-38; 2ദിന 27,1-9*

*ii. ആഹാസ് 2 രാജാ 16,1-20; 2ദിന 28,1-27*

***c. ഇസ്രായേലിലെ അവസാനത്തെ രാജാവ്-ഹോസിയാ***

***2 രാജാ 17,1-4***

***d. സമറിയായുടെ പതനം 2 രാജാ 17,5-23***

***e. സമറിയാക്കാരുടെ ഉത്ഭവം 2 രാജാ 17,24-41***

### ഭാഗം മൂന്ന്
### യൂദായിലെ അവസാനത്തെ രാജാക്കന്മാർ
**2 രാജാ 18–25; 2ദിന 29–36**

**1. അസ്സീറിയൻ ആധിപത്യം 2 രാജാ 18–21; 2 ദിന 29–33**

**1. ഹെസക്കിയാ 2 രാജാ 18–20; 2 ദിന 29–32**

***a. മതനവീകരണം 2 രാജാ 18,1–12; 2 ദിന 29,1–31,21***

*i. ദേവാലയ ശുദ്ധീകരണം 2 ദിന 29,3–36*

*ii. പെസഹാ ആഘോഷം 2 ദിന 30,1–27*

*iii. ദേവാലയ ശുശ്രൂഷകർ 2 ദിന 31,1–21*

***b. അസ്സീറിയായ്ക്കെതിരേ ചെറുത്തുനില്പ്***
***2 രാജാ 18,13–19,37; 2 ദിന 32,1–33***

***c. അത്ഭുതകരമായ രോഗശാന്തിയും ബാബിലോൺ ദൂതന്മാരും 2 രാജാ 20; 2 ദിന 32,24***

***2. മനാസ്സെ 2 രാജാ 21,1–18; 2 ദിന 33,1–20***

***3. ആമോൻ 2 രാജാ 21,19–26; 2 ദിന 33,21–25***

**2.. ഇടവേള**

**ജോസിയാ 2 രാജാ 22,1–23,30; 2 ദിന 34–35**

1. മതനവീകരണത്തിന്റെ തുടക്കം
2 രാജാ 22,1–7; 2 ദിന 34,1–7
2. നിയമഗ്രന്ഥം 2 രാജാ 22,8–20; 2 ദിന 34,8–28
3. ഉടമ്പടി നവീകരണം 2 രാജാ 23,1–3; 2 ദിന 34,29–33
4. മവീകരണത്തിന്റെ തുടർച്ച 2 രാജാ 23,4–20
5. പെസഹാ ആഘോഷം 2 രാജാ 23,21–223; 2 ദിന 35,1–19
6. ജോസിയായുടെ മരണം
2 രാജാ 23,24–30, 30; 2 ദിന 35,20–27

**3. പ്രവാസത്തിലേക്ക് 2 രാജാ 23,31–25, 30; 2 ദിന 36**

1. യഹോവാഹാസ് 2 രാജാ 23,31–34; 2 ദിന 36,14
2. യഹൊയാക്കിം 2 രാജാ 23,35–24, 7; 2 ദിന 36,5–8
3. യഹോയാഖിൻ 2 രാജാ 24,8–17; 2 ദിന 36,9–10
4. സെദെക്കിയാ 2 രാജാ 24,18–25,7; 2 ദിന 36,11–21
5. ജറുസലെമിന്റെ നാശം 2 രാജാ 25,8–17; 2 ദിന 36,17–21
6. ബാബിലോൺ പ്രവാസം 2 രാജാ 25,18–30; 2ദിന 36,21–23

# പ്രതാപത്തിൽ നിന്നു പ്രവാസത്തിലേക്ക്

## ആമുഖം

കാനാൻ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ വാസമുറപ്പിച്ച ഇസ്രായേൽ ഗോത്രങ്ങൾ ഒത്തൊരുമിച്ച് ശക്തമായ ഒരു സാമ്രാജ്യമായി ത്തീർന്നതിന്റെ ചരിത്രമാണ് ബൈബിൾ തീർത്ഥാടനത്തിന്റെ 11-ാം ലക്കത്തിൽ വിവരിച്ചത്. ദാവീദിനുശേഷം രാജാവായ സോളമൻ ഇസ്രായേലിനെ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചു. എന്നാൽ സോളമന്റെ മരണത്തെത്തുടർന്ന് 931ൽ രാജ്യം രണ്ടായി പിളർന്നു. യൂദാ, ബെഞ്ചമിൻ ഗോത്രങ്ങൾ ദാവീദിന്റെ കുടുംബത്തോട് കൂറു പുലർത്തിയപ്പോൾ മറ്റു പത്തു ഗോത്രങ്ങൾ തങ്ങൾക്കായി വേറൊരു രാജാവിനെ വാഴിച്ചു. ദൈവജനം ഇസ്രായേൽ, യൂദാ എന്നീ രണ്ടു രാജ്യങ്ങളായി പരസ്പരം കലഹിച്ചും ചുരുക്കമായി മാത്രം സഹകരിച്ചും ഏകദേശം രണ്ടു നൂറ്റാണ്ടു കാലം നിലനിന്നു. യൂദായുടെ തലസ്ഥാനം ജറുസലെമും, ഇസ്രായേലിന്റെ തലസ്ഥാനം സമറിയായും ആയിരുന്നു. ബി. സി. 721ൽ വടക്കൻ രാജ്യമായ ഇസ്രായേൽ അസീറിയായ്ക്കു കീഴടങ്ങി, ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി. ബി. സി.587ൽ ബാബിലോൺ ചക്രവർത്തി കീഴടക്കുന്നതുവരെ, ഏകദേശം ഒന്നരനൂറ്റാണ്ടുകാലത്തേക്കുകൂടി യൂദാരാജ്യം പിടിച്ചുനിന്നു.

സോളമന്റെ സ്ഥാനാരോഹണം മുതൽ (970) ബാബിലോൺ പ്രവാസം വരെയുള്ള ഏകദേശം നാലുനൂറ്റാണ്ടുകാലത്തെ ഇസ്രായേൽ ജനതയുടെ ചരിത്രമാണ് ബൈബിൾ തീർത്ഥാടനത്തിന്റെ ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്. ഈ കാലഘട്ടത്തിന്റെ ഒരു രൂപരേഖയും ഇസ്രായേൽ യൂദാരാജ്യങ്ങളെ ഭരിച്ച രാജാക്കന്മാരുടെ പട്ടികയും മുൻലക്കത്തിന്റെ ആമുഖത്തിൽ നല്കിയിട്ടുണ്ട്. (ബൈ. തീ 11, PP 7-14). 1,2 രാജാക്കന്മാർ, 2 ദിനവൃത്താന്തങ്ങൾ എന്നീ മൂന്ന് പുസ്തകങ്ങളിൽ ഈ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന ചില കാര്യങ്ങൾ ദിനവൃത്താന്തങ്ങൾ രണ്ടാം പുസ്തകത്തിൽ വ്യത്യസ്ത ഊന്നലുകളോടെ അവതരിപ്പിക്കുന്നു. രാജ്യം രണ്ടായി പിളർന്നതിനുശേഷമുള്ള ചരിത്രം രാജാക്കന്മാരുടെ പുസ്തകത്തിൽ രണ്ടു രാജ്യങ്ങൾക്കും തുല്യപ്രാധാന്യം നല്കിക്കൊണ്ട് സമാന്തരമായി അവതരിപ്പിക്കുമ്പോൾ ദിനവൃത്താന്തഗ്രന്ഥം യൂദായ്ക്കു മാത്രം പ്രാധാന്യം നല്കികൊണ്ടാണ് വിവരിക്കുന്നത്.

നാലുനൂറ്റാണ്ടുകാലത്തെ ചരിത്രം വളരെ ചുരുക്കിയാണ് ഈ മൂന്നു പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നത്. സോളമൻ രാജാവിന്റെ പ്രവർത്തനങ്ങൾ സുദീർഘമായി വിവരിച്ചിട്ടുണ്ട്. എന്നാൽ മറ്റ പല രാജാക്കന്മാരെക്കുറിച്ചും അവരുടെ പേരും അവർ ഭരിച്ച കാലയളവും ഒഴികെ മറ്റൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. മതനവീകരണത്തിനുവേണ്ടി യത്നിച്ച ഹെസെക്കിയ, ജോസിയാ, എന്നീ രണ്ടു രാജാക്കന്മാരെക്കുറിച്ചു സാമാന്യം ദീർഘമായി പ്രതിപാദിക്കുന്നുണ്ട്.രാജാക്കന്മാരുടെ ചരിത്രം എന്നാണ് ഈ രണ്ടുപുസ്തകങ്ങൾ അറിയപ്പെടുന്നതെങ്കിലും സോളമൻ ഒഴികെ മറ്റ് ഏതൊരു രാജാവിനെയുംകാൾ കൂടുതൽ ഏലിയ, എലീഷാ എന്നീ പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നു. ഇവർക്കുപുറമെ മറ്റ് അനേകം പ്രവാചകന്മാരും അവരുടെ ചെയ്തികളും ഈ പുസ്തകത്തിൽ പ്രതിപാദ്യവിഷയമാകുന്നുണ്ട്. രാജാക്കന്മാരെക്കുറിച്ചു വിവരിക്കുന്ന കാര്യങ്ങളാകട്ടെ അവയുടെ രാഷ്ട്രീയവും അന്തർദ്ദേശീയവുമായ പ്രാധാന്യത്തെ പരിഗണിച്ചല്ല, മതാത്മക സ്വാധീനത്തിന്റെ വെളിച്ചത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഇവയിൽ നിന്നൊക്കെ ഒരു കാര്യം വ്യക്തമാകുന്നു. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രമല്ല ഈ ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യപ്പെട്ട ഇസ്രായേൽ ചരിത്രമാണിത്. അതിനാൽ സ്വാഭാവികമായും ഈ കാലഘട്ടത്തെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഈ വിവരണങ്ങളിൽ കാണില്ല. ഇസ്രായേൽ ജനവും അവരെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ദൈവവും തമ്മിലുള്ള ബന്ധമാണ് ഈ ചരിത്രത്തിന്റെ ഊടും പാവുമായി നിലകൊള്ളുന്നത്. ഇതു രക്ഷാചരിത്രമാണ്.

താൻ തിരഞ്ഞെടുത്ത്, ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിച്ച ഇസ്രായേൽ ജനത്തോട് ദൈവം എപ്രകാരമാണ് വർത്തിച്ചത്? തങ്ങളെ സ്വന്തം ജനമായി സ്വീകരിച്ച്, വാഗ്ദത്ത ഭൂമിയിൽ അധിവസിപ്പിച്ച ദൈവത്തിന് ജനം എന്തു മറുപടിയാണ് നല്കിയത്? ഈ രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളാണ് ഇസ്രായേൽ ചരിത്രം വിവരിക്കുന്നതിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്നത്. കർത്താവായ ദൈവം വിശ്വസ്തനാണ്. തന്റെ വാഗ്ദാനങ്ങളെല്ലാം അവിടുന്ന് പാലിച്ചു. വാഗ്ദാനങ്ങളിൽ ഒന്നുപോലും നിറവേറാതെ പോയില്ല.എന്നാൽ ജനം വിശ്വസ്തത പാലിച്ചില്ല. ജനത്തിന്റെയും പ്രത്യേകിച്ച് ജനനേതാക്കന്മാരുടെയും നിരന്തരമായ അവിശ്വസ്തത ദൈവകോപം വിളിച്ചുവരുത്തി. ഉടമ്പടി ലംഘിച്ചവരെ ഉടമ്പടിയുടെ നിബന്ധനകൾക്കനുസരിച്ച് തന്നെ ദൈവം ശിക്ഷിച്ചു. ഇസ്രായേൽ ജനത്തിനുണ്ടായ നിരവധി പരാജയങ്ങളുടെയും നഷ്ടങ്ങളുടെയും, അവസാനമായി പ്രവാസത്തിന്റെയും കാരണം അവരുടെ അവിശ്വസ്തതയാണെന്ന് ചരിത്രവസ്തുക്കൾ നിരത്തിവച്ചുകൊണ്ട് വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

ഓരോ രാജാവിന്റെയും ചരിത്രം കർത്താവിനോടുള്ള വിശ്വസ്തതയുടെ വെളിച്ചത്തിൽ വിലയിരുത്തിക്കൊണ്ടാണ് അവതരിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടിൽ വടക്കൻ രാജ്യമായ ഇസ്രായേലിനെ 19 രാജാക്കന്മാരിൽ ആരും കുറ്റമറ്റവരായി പ്രത്യക്ഷപ്പെടുന്നില്ല. യൂദാ രാജാക്കന്മാരിൽ എട്ടു പേർ പ്രശംസിക്കപ്പെടുന്നുണ്ടെങ്കിലും അവരിൽ രണ്ടുപേർ മാത്രമേ പൂർണ്ണമായും കർത്താവിനു സ്വീകാര്യരായി പരിഗണിക്കപ്പെടുന്നുള്ളൂ. ഇസ്രായേൽ രാജാക്കന്മാരെ ആ രാജ്യത്തെ ആദ്യ രാജാവായ ജെറോബോവാം ഒന്നാമനോടാണ് വി. ഗ്രന്ഥകാരൻ താരതമ്യം ചെയ്യുന്നത്. ബെഥേലിലും ദാനിലും വിഗ്രഹങ്ങൾ സ്ഥാപിച്ച് ഇസ്രായേലിനെ വഴിതെറ്റിച്ചവനാണ്ജെറോബോവാം. തുടർന്നുള്ള രാജാക്കന്മാരെല്ലാം അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചതായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു. യൂദാ രാജാക്കന്മാരെയാകട്ടെ ദാവീദിനോടാണ് തുലനം ചെയ്യുന്നത്. കർത്താവിനു പൂർണ്ണമായും സ്വീകാര്യനായ രാജാവായിരുന്നു ദാവീദ്. പിൻഗാമികൾ എത്രത്തോളം അദ്ദേഹത്തോട് അനുരൂപനായി എന്ന മാനദണ്ഡം വച്ച് വിലയിരുത്തുമ്പോൾ ചുരുക്കം പേർ മാത്രമേ പ്രശംസാർഹരായി പ്രത്യക്ഷപ്പെടുന്നുള്ളൂ.

വിഗ്രഹങ്ങളെ ആരാധിച്ചു, ജറുസലെമിലല്ലാതെ മറ്റു സ്ഥലങ്ങളിൽ ആരാധനയർപ്പിച്ചു, എന്നീ രണ്ടു പ്രധാന കുറ്റങ്ങളാണ് രാജാക്കന്മാരുടെ മേൽ ചുമത്തുന്നത്. വിഗ്രഹങ്ങളെ നശിപ്പിക്കുകയും ജറുസലെമിൽ മാത്രം ആരാധനയർപ്പിക്കുകയും ചെയ്തവർ പ്രശംസിക്കപ്പെടുന്നു. പാവപ്പെട്ടവരോടുള്ള പരിഗണന പ്രശംസയുടെയും ശാസനയുടെയും മാനദണ്ഡമായി വി.ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുണ്ട്. നിയമാവർത്തന പുസ്തകത്തിൽ ഊന്നിപ്പറയുന്ന ആശയങ്ങളാണിവ. ഇസ്രായേൽ ജനത്തിന്റെ ഈ അവലോകനത്തെ ആധുനിക ബൈബിൾ വ്യാഖ്യാതാക്കൾ " നിയമാവർത്തനാത്മക ചരിത്രം" എന്നാണു വിളിക്കുന്നത് (ബൈ.തീ.10P 11-13). നിയമാവർത്തന പുസ്തകത്തിൽ മുൻകൂട്ടി അറിയിച്ചിരുന്ന അനുഗ്രഹങ്ങളും ശാപങ്ങളും എപ്രകാരം യാഥാർത്ഥ്യമായിത്തീർന്നുവെന്ന് ഇസ്രായേൽ ചരിത്രം വ്യക്തമാക്കുന്നു.

എല്ലാം നഷ്ടപ്പെട്ട് വാഗ്ദത്തഭൂമിയിൽ നിന്നകലെ, വിദേശത്ത് അടിമകളായി കഴിയുന്ന ജനത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് രാജ

വാഴ്ചയുടെ ചരിത്രം സമാപിക്കുന്നതെങ്കിലും തികച്ചും നിരാശാജനകമല്ല ഈ ചിത്രം. ബാബിലോണിൽ നബുക്കദ്നേസറിന്റെ പിൻഗാമിയായി ഭരണമേറ്റ എവിൽ മെറോദാക്ക് യൂദാരാജാവായ യഹോയാക്കിനെ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിച്ച് മറ്റ് രാജാക്കന്മാരെക്കാൾ ഉന്നതമായ സ്ഥാനം നല്കി എന്ന അറിവു നല്കിക്കൊണ്ടാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകം അവസാനിക്കുന്നത്. ഇസ്രായേൽ ജനത്തെ സംബന്ധിച്ച ദൈവത്തിന്റെ അവസാന വാക്ക് ശിക്ഷയുടെയും പ്രവാസത്തിന്റേതുമല്ല, രക്ഷയുടെയും വിമോചനത്തിന്റേതുമാണ് എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുന്നത്. ബാബിലോണിനെ കീഴടക്കിയ പേർഷ്യൻ രാജാവായ സൈറസ് പ്രവാസികളായിക്കഴിഞ്ഞിരുന്ന ഇസ്രായേൽക്കാരെ മോചിപ്പിക്കുകയും സ്വദേശത്തേക്കു തിരിച്ചുപോകാൻ അനുവദിക്കുകയും ചെയ്ത കല്പന അവതരിപ്പിച്ചുകൊണ്ട് ദിനവൃത്താന്തം രണ്ടാം പുസ്തകം സമാപിക്കുമ്പോൾ ഈ സന്ദേശം കൂടുതൽ വ്യക്തമാകുന്നു.

അവിശ്വസ്തതയ്ക്കു ശിക്ഷിക്കുമെങ്കിലും ദൈവം തന്റെ ജനത്തെ എന്നേക്കുമായി കൈവെടിയുകയില്ല. ജനത്തെ മാനസാന്തരത്തിലേക്കു നയിക്കുകയാണ് ശിക്ഷയുടെ ലക്ഷ്യം. അനുതപിക്കുന്ന പാപികളെ അവരുടെ കുറ്റങ്ങൾ ക്ഷമിച്ച്, ദൈവം വീണ്ടും തന്റെ ജനമായി സ്വീകരിക്കും എന്ന സന്ദേശം പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽ ജനത്തിനു മാത്രമല്ല, എന്നും എല്ലാവർക്കും പ്രസക്തമായ പ്രത്യാശയുടെ സന്ദേശമാണ്.

## പുസ്തകത്തിന്റെ ഘടന

രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങൾ യഥാർത്ഥത്തിൽ ഒറ്റ പുസ്തകമായിരുന്നുവെന്നും ചുരുളിൽ എഴുതാനുള്ള സൗകര്യം പ്രമാണിച്ചു മാത്രമാണ് പുസ്തകം രണ്ടായി തിരിച്ചതെന്നും 11-ാം ലക്കത്തിന്റെ ആമുഖത്തിൽ (തീ.11, P,15) നാം കണ്ടു കഴിഞ്ഞു. പുസ്തകങ്ങൾ രണ്ടായിതിരിച്ചിരിക്കുന്നത് അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലല്ല. ഒന്നാം പുസ്തകത്തിന്റെ അവസാനത്തിലും രണ്ടാം പുസ്തകത്തിന്റെ ആരംഭത്തിലും ഏലിയാപ്രവാചകന്റെ ചെയ്തികളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ തന്നെയാണ് ദിനവൃത്താന്തം രണ്ടാം പുസ്തകത്തിലും വിവരിച്ചിരിക്കുന്നത്.

സോളമന്റെ സ്ഥാനാരോഹണം മുതൽ ബാബിലോൺപ്രവാസം വരെയുള്ള കാലത്തെ മൂന്നുഭാഗങ്ങളായി തിരിക്കാം. സോളമന്റെ സ്ഥാനാരോഹണം മുതൽ മരണം വരെ ഇസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും ഒരുമിച്ച് ഒറ്റ രാജ്യമായി നിലനിന്ന കാലഘട്ടമാണ് ഒന്നാം ഭാഗം (1 രാജാ1-11; 2ദിന1-9). സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ ജനം രണ്ടു രാജ്യങ്ങളായി കഴിഞ്ഞ കാലഘട്ടം രണ്ടാം ഭാഗമാണ് (1 രാജാ 12-2 രാജാ 17;2 ദിന 10-28). സമറിയായുടെ പതനം മുതൽ ജറുസലെമിന്റെ നാശവും ബാബിലോൺ പ്രവാസവും വരെയുള്ള കാലം മൂന്നാം ഭാഗം (2 രാജാ18-25; 2ദിന 29-36).

**ഭാഗം ഒന്ന്: അവിഭക്ത രാജ്യം: 1 രാജാ1-11**
**ഭാഗം രണ്ട്: വിഭക്ത രാജ്യം 1 രാജാ 12-2 രാജാ 17**
**ഭാഗം മൂന്ന്: യൂദായിലെ അവസാനത്തെ രാജാക്കന്മാർ 2 രാജാ 18-25**

ഇസ്രായേൽ, യൂദാ എന്നീ രണ്ടു രാജ്യങ്ങളുടെ ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നതിനു നടുവിൽ ഏലിയാ, ഏലീഷാ എന്നീ രണ്ടു പ്രവാചകന്മാരുടെ ചെയ്തികൾ സുദീർഘമായി വിവരിച്ചിരിക്കുന്നു. ഈ വിവരണം ചരിത്രത്തിന്റെ രണ്ടാം ഭാഗത്തെ നാലായി തിരിക്കുന്നു.

1. **യൂദാ - ഇസ്രായേൽ ചരിത്രം 1 രാജാ 12-16**
2. **ഏലിയാ 1 രാജാ 17-2 രാജാ 2**
3. **ഏലീഷ 2 രാജാ 2-10**
4. **ഇസ്രായേൽ 2 രാജാ 11-17**

ഈ ആറു ഭാഗങ്ങൾ തമ്മിൽ ഏക കേന്ദ്രീകൃതമായ ഒരു സമാന്തരത (Concentric Parallelism) കാണാം. ഒന്നും (1 രാജാ 1-11) ആറും (2 രാജാ 18-25) ഭാഗങ്ങൾ ഒരു രാജ്യത്തിന്റെ മാത്രം ചരിത്രം അവതരിപ്പിക്കുന്നു. ഒന്നാം ഭാഗത്ത് ദേവാലയത്തിന്റെ നിർമ്മാണത്തിനും ആറാം ഭാഗത്ത് ദേവാലയത്തിന്റെ നാശത്തിനും ഊന്നൽ നല്കിയിരിക്കുന്നു. രണ്ടും (1 രാജാ 12-16) അഞ്ചും ഭാഗങ്ങൾ (2 രാജാ 11-17) വിഭക്ത രാജ്യങ്ങളുടെ ചരിത്രമാണ് വിവരിക്കുന്നത്. ഇവിടെ ഇസ്രായേലിന്റെയും യൂദായുടെയും ചരിത്രം ഒന്നിടവിട്ട് സമാന്തരമായി അവതരിപ്പിക്കുന്നു. മൂന്നും (1 രാജാ 17- 2 രാജാ 2) നാലും (2 രാജാ 2-10) ഭാഗങ്ങൾ ഏലിയായുടെയും ഏലീഷായുടെയും ചെയ്തികൾ വിവരിക്കുന്നു.

**1. A. 1രാജാ 1-11 = 6. A¹ 2 രാജാ 18-25**
**2. B. 1രാജാ 12-16 = 5. B¹ 2 രാജാ 11-17**
**3. C. 1 രാജാ 17-2 = 4. C¹ 2 രാജാ 2-10**

ഈ ഘടനയിൽ രണ്ടു കാര്യങ്ങൾ പ്രത്യക ശ്രദ്ധയർഹിക്കുന്നു. 1. രാജാക്കന്മാരുടെ ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നത് പ്രവാ

ചകന്മാരുടെ പ്രവർത്തികളാണ്. 2 രാജാക്കന്മാരുടെ പുസ്തകങ്ങളിൽ ഏതാണ്ട് മൂന്നിൽ ഒരു ഭാഗം രണ്ടു പ്രവാചകന്മാരുടെ ചെയ്തികൾ വിവരിക്കുന്നതിനു വേണ്ടി മാറ്റി വച്ചിരിക്കുന്നു. ഇതിനും പുറമെ മറ്റ് അനേകം പ്രവാചകന്മാരും അവരുടെ പ്രവർത്തികളും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഇസ്രായേൽ ജനത്തെ നയിക്കാനായി ദൈവം നിയോഗിച്ച രണ്ടു ഘടകങ്ങളാണ് രാജാക്കന്മാരും പ്രവാചകന്മാരും. ദൈവജനത്തിന്റെ ചരിത്രത്തിൽ ഈ രണ്ടു ഘടകങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ജനത്തിനു സംരക്ഷണം നല്കാനും നീതിയും ന്യായവും നടത്തിക്കൊടുക്കാനും വേണ്ടി നിയോഗിക്കപ്പെട്ടവരാണ് രാജാക്കന്മാർ. ജനത്തെയും രാജാക്കന്മാരയും ദൈവോന്മുഖമായി നയിക്കാനും വഴി തെറ്റുമ്പോൾ തിരുത്താനും വേണ്ടി അയക്കപ്പെട്ടവരാണ് പ്രവാചകന്മാർ. "രാജാക്കന്മാർ" എന്ന പേരിലാണ് ഈ പുസ്തകങ്ങൾ അറിയപ്പെടുന്നതെങ്കിലും പുസ്തകങ്ങളുടെ ഉള്ളടക്കത്തെ പൂർണ്ണമായി പ്രകടമാക്കാൻ ഈ പേര് അപര്യാപ്തമാണന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. "രാജ്യത്തിന്റെ പുസ്തകങ്ങൾ" (Books of the Kingdom) എന്നാണ് ഗ്രീക്കു വിവർത്തനത്തിൽ ഈ പുസ്തകങ്ങളെ വിളിക്കുന്നത്. ആദികാല പ്രവാചകന്മാർ (Former Prophets) എന്ന ഗണത്തിൽ യഹൂദർ ഈ പുസ്തകങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതും ശ്രദ്ധേയമത്രെ.



# ഭാഗം ഒന്ന്
# അവിഭക്ത ഇസ്രായേൽ സാമ്രാജ്യം

## സോളമൻ: 1 രാജാ 1–11; 2 ദിന 1–9

ഇസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും ഒരുമിച്ച് ശക്തമായ ഒരു സാമ്രാജ്യമായി നിലനിന്ന കാലഘട്ടത്തിന്റെ ചരിത്രമാണ് ആദ്യഭാഗത്തു വിവരിക്കുന്നത്. സോളമന്റെ സ്ഥാനാരോഹണം മുതൽ മരണം വരെയുള്ള നാല്പതു വർഷത്തെ ചരിത്രം (ബി.സി. 970–931) ഈ ഭാഗത്തു സവിസ്തരം പ്രതിപാദിക്കുന്നു.. ഇസ്രായേൽ ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവിലാണ് സോളമൻ രാജാവ് നിലകൊള്ളുന്നത്. അദ്ദേഹത്തിന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ സാമ്രാജ്യം അദ്ദേഹത്തിന്റെ മരണത്തോടെ രണ്ടായി പിളർന്ന് ദുർബ്ബലമായിത്തീർന്നു. പ്രതാപവാൻ, ജ്ഞാനി എന്ന രണ്ടു ബഹുമതികളാണ് സോളമനു ബൈബിളിൽ പൊതുവെ നല്കപ്പെടുന്നത്. സോളമന്റെ പ്രതാപത്തെയും ജ്ഞാനത്തെയും കുറിച്ച് യേശുക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (മത്താ 6, 29; 12, 42). നഗരങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൊത്തളങ്ങൾ മുതലായവയുടെയും സർവ്വോപരി ജറുസലേം ദേവാലയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിലാണ് സോളമന്റെ പ്രൗഢിയും പ്രതാപവും ഏറ്റം കൂടുതൽ പ്രകടമായത്. രാജ്യത്തെ ഭരണസംവിധാനം, നീതിന്യായപാലനം, അന്താരാഷ്ട്രബന്ധങ്ങൾ, വാണിജ്യം, വ്യവസായം, സൈന്യസംവിധാനം, കല, സാഹിത്യം, ശാസ്ത്രം മുതലായവയിലെ വൈദഗ്ദ്ധ്യം തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹത്തിന്റെ ജ്ഞാനം ദൃശ്യമാകുന്നു. സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം എന്നീ നാലു ബൈബിൾ ഗ്രന്ഥങ്ങൾ സോളമന്റെ പേരിലാണ് അറിയപ്പെടുന്നത്.

"ശ്ലോമോ" എന്നാണ് സോളമൻ എന്ന പേരിന്റെ ഹീബ്രുമൂലം. "സമാധാനം" എന്ന് അർത്ഥമുള്ള "ശാലോം' എന്ന വാക്കുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. പേര് അർത്ഥമാക്കുന്നതുപോലെ തന്നെ, സോളമന്റെ ഭരണകാലം ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം സമാ

ധാനത്തിന്റെ സുവർണ്ണദശയായിരുന്നു. ബാഹ്യശത്രുക്കളിൽ നിന്ന് ഒരാക്രമണവും ജനത്തിനു നേരിടേണ്ടിവന്നില്ല. തന്നെയുമല്ല, അതിനു മുമ്പോ, അതിനു ശേഷമോ, ഉണ്ടായിട്ടില്ലാത്തത്ര സമ്പൽസമൃദ്ധിയും ഇസ്രായേൽജനത്തിന് സോളമന്റെ ഭരണകാലത്തു കൈവന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിലെ ആദ്യത്തെ 11 അദ്ധ്യായങ്ങളും ദിനവൃത്താന്തം രണ്ടാം പുസ്തകത്തിലെ ആദ്യത്തെ 9 അദ്ധ്യായങ്ങളും സോളമന്റെ ചരിത്രം വിവരിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു. എന്നാൽ സോളമന്റെ ജീവിതവും ഭരണവും സംബന്ധിച്ച കാര്യങ്ങൾ കാലക്രമമനുസരിച്ചല്ല രേഖപ്പെടുത്തിയിരിക്കുന്നത്. തന്നെയുമല്ല, സോളമന്റെ വ്യക്തിത്വത്തെ സംബന്ധിച്ച പരസ്പര വിരുദ്ധമായ രണ്ടു കാഴ്ചപ്പാടുകൾ ഈ വിവരണങ്ങളിൽ പ്രതിഫലിക്കുന്നുമുണ്ട്. ഒരു ഭാഗത്ത് സോളമൻ മഹാജ്ഞാനിയും ദൈവഭക്തനും, കർത്താവിനോടും ജനത്തോടും വിശ്വസ്തനും നീതിമാനുമായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ മറുഭാഗത്ത് അന്യദൈവങ്ങളെ ആരാധിക്കുകയും വിഗ്രഹാരാധനയ്ക്കു വഴിതെളിക്കുകയും ജനത്തെ കഠിനമായ മർദ്ദനത്തിനും ചൂഷണത്തിനും ഇരയാക്കുകയും ചെയ്ത അവിശ്വസ്തനും നീതിരഹിതനുമായ ഒരു രാജാവായി അദ്ദേഹത്തെ ചിത്രീകരിക്കുന്നു.

സോളമന്റെ തന്നെ വ്യക്തിത്വത്തിലെ വൈവിധ്യങ്ങളും വൈരുധ്യങ്ങളും വി. ഗ്രന്ഥകാരൻ ഉപയോഗിച്ച സ്രോതസുകളും ഈ വൈരുധ്യത്തിനു കാരണമാണ്. രാജാവിന്റെ ചെയ്തികൾ ഔദ്യോഗികമായി എഴുതി സൂക്ഷിച്ചിരുന്ന രേഖകൾ, ദേവാലയ നിർമ്മാണത്തെയും സംവിധാനങ്ങളെയും സംബന്ധിച്ച രേഖകൾ, സോളമന്റെ ജ്ഞാനത്തെയും പ്രതാപത്തെയും കുറിച്ച് ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഐതിഹ്യങ്ങൾ മുതലായവ വി. ഗ്രന്ഥകാരൻ ഉപയോഗിച്ച സ്രോതസ്സുകളിൽപെടുന്നു. പ്രവാസകാലത്ത് ഇസ്രായേൽ ചരിത്രത്തെ മൊത്തമായി കണ്ടു വിലയിരുത്തുന്ന വി. ഗ്രന്ഥകാരൻ ഈ വൈരുധ്യങ്ങൾക്ക് ഒരു വിശദീകരണം നല്കുന്നുണ്ട്. ഭരണത്തിന്റെ ആരംഭകാലത്ത് അതീവഭക്തനും വിശ്വസ്തനുമായ സോളമൻ വാർദ്ധക്യമായപ്പോഴാണ് വഴിതെറ്റിപ്പോയത് (1 രാജാ 11,4) എന്ന വിശദീകരണം ഈ വൈരുദ്ധ്യങ്ങളുടെ കാരണം വ്യക്തമാക്കാനുള്ള ഒരു ശ്രമമാണ്. എന്നാൽ വിജാതീയ വനിതകളെ പ്രേമിക്കുകയും വിവാഹം കഴിക്കുകയും ചെയ്തത് വാർദ്ധക്യത്തിലല്ല എന്ന് വി.ഗ്രന്ഥകാരൻ സമ്മതിക്കുന്നുണ്ട്(1 രാജാ 11,3).

മറ്റേതൊരു വ്യക്തിയുടേതുമെന്നപോലെ നന്മയും തിന്മയും ഇടകലർന്നതായിരുന്നു സോളമന്റെയും ജീവിതം. എന്നാൽ ബൈബിളിലെ



മറ്റേതൊരു നേതാവിന്റേതിൽ നിന്നും സോളമന്റെ ജീവിതത്തിന് ഒരു വ്യത്യാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചെയ്തികളെല്ലാം, വിജയങ്ങളും വീഴ്ചകളും, പ്രൗഢോജ്വലമായിരുന്നു. സോളമൻ പടുത്തുയർത്തിയ സൗധങ്ങളും കരുപ്പിടുപ്പിച്ച ഭരണസംവിധാനങ്ങളും സ്വരുക്കൂട്ടിയ സമ്പത്തും എല്ലാം ഈ പ്രൗഢിയുടെ പ്രതീകങ്ങളാണ്. എന്നാൽ തീർത്തും ദുർബ്ബലമായ അടിത്തറയിന്മേലാണ് സോളമൻ തന്റെ സാമ്രാജ്യം കെട്ടിപ്പടുത്തത്. അതിനാൽത്തന്നെ സാമ്രാജ്യത്തിന്റെ പതനവും പ്രൗഢോജ്വലമായിരുന്നു.

ബൈബിളിലെ വിവരണങ്ങൾ പൊതുവെ സോളമന്റെ നേട്ടങ്ങളാണ് ഉയർത്തിക്കാണിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിൽ അദ്ദേഹത്തിന്റെ വീഴ്ചകളും പാളിച്ചകളും സാമ്രാജ്യ സ്ഥാപനത്തിനുവേണ്ടി കൊടുക്കേണ്ടിവന്ന വലിയ വിലയും ചുരുക്കമായെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ ദിനവൃത്താന്തത്തിൽ നിഷേധാത്മകമായ സൂചനകൾ എല്ലാം തന്നെ ഒഴിവാക്കിയിരിക്കുന്നു. രണ്ടു വിവരണങ്ങളിലും ദേവാലയവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അതുല്യ പ്രാധാന്യം നല്കിയിട്ടുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിൽ സോളമന്റെ ചരിത്രത്തിന്റെ 51%വും ദിനവൃത്താന്തഗ്രന്ഥത്തിൽ 63%വും ദേവാലയുമായി ബന്ധപ്പെട്ട വിവരണങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു. സോളമന്റെ ഏറ്റം വലിയ നേട്ടമായിട്ടാണ് ദേവാലയ നിർമ്മാണത്തെ വി.ഗ്രന്ഥം കാണുന്നതെന്ന് ഇതിൽനിന്നു വ്യക്തമാക്കുന്നു. അതിനുപുറമേ, ജറുസലെം ദേവാലയത്തിന് രക്ഷാചരിത്രത്തിലുള്ള വലിയ പ്രാധാന്യത്തിലേക്കും ഇതു വിരൽചൂണ്ടുന്നു.

ഇസ്രായേൽ ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവിലാണ് സോളമൻ നിലകൊള്ളുന്നത് എന്ന് ആരംഭത്തിൽ പറഞ്ഞുവച്ചു. സോളമന്റെ മരണത്തോടെ സാമ്രാജ്യം പിളർന്നു തകർന്നതുകൊണ്ടു മാത്രമല്ല ഇപ്രകാരമൊരു വിലയിരുത്തൽ നടത്തുന്നത്. ഇസ്രായേൽ ജനത്തിന്റെ സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവും മതപരവുമായ സകലമേഖലകളിലും സോളമന്റെ ഭരണം കാതലായ പരിവർത്തനങ്ങൾ വരുത്തിയെന്നതാണ് ഈ വിലയിരുത്തലിന്റെ മുഖ്യകാരണം. എന്തൊക്കെയാണ് ആ പരിവർത്തനങ്ങൾ എന്ന് തുടർന്നുവരുന്ന വ്യഖ്യാനത്തിൽ വ്യക്തമാക്കാൻ ശ്രമിക്കുന്നതാണ്.

സോളമന്റെ ചരിത്രം പഠനസൗകര്യാർത്ഥം നാലു ഭാഗങ്ങളായി തിരിക്കാം. **1. ദാവീദിന്റെ പിൻഗാമി, 2. ജ്ഞാനവും ഭരണസംവിധാനവും, 3. ദേവാലയ നിർമ്മാണം, 4. നേട്ടവും കോട്ടങ്ങളും.**

# 1. സോളമൻ ദാവീദിന്റെ പിൻഗാമി
## 1 രാജാ 1, 1–2, 46

ആരായിരിക്കും തന്റെ അനന്തരാവകാശി എന്നതിനെക്കുറിച്ച് ദാവീദു രാജാവ് വ്യക്തമായ ഒരു നിർദ്ദേശവും നല്കിയിരുന്നില്ല. പല ഭാര്യമാരിൽ നിന്നു ദാവീദിനു ജനിച്ച പുത്രന്മാരിൽ പലർക്കും സിംഹാസനത്തിൽ കണ്ണുണ്ടായിരുന്നു. ആദ്യജാതനായ അമ്നോനെ വധിച്ചതിനുശേഷം പട്ടാളവിപ്ലവത്തിലൂടെ അബ്ശലോം രാജഭരണം പിടിച്ചെടുക്കാൻ നടത്തിയ വിഫല ശ്രമം 2 സാമു 13-18ൽ വിശദമായി വിവരിച്ചുകഴിഞ്ഞു. അബ്ശലോമിന്റെ അകാലമരണം അടുത്ത അവകാശിയായ അദോനിയായ്ക്ക് സിംഹാസനത്തിലേക്കുള്ള വഴി തെളിച്ചു. വാർദ്ധക്യം മൂലം ശയ്യാവലംബിയായ ദാവീദിന്റെ അറിവോ അംഗീകാരമോ കൂടാതെ അയാൾ കിരീടം കരസ്ഥമാക്കാൻ ശ്രമിച്ചു. രാജസേവകരിൽ ശക്തന്മാരായ പലരുടെയും പിന്തുണ അയാൾക്കു ലഭിച്ചു. അതികോമളനും അവശേഷിച്ചിരുന്ന പുത്രന്മാരിൽ മൂത്തവനുമായ അദോനിയായെ രാജാവായി സ്വീകരിക്കാൻ ജനം തയ്യാറായിരുന്നു.

ഈ സാഹചര്യത്തിൽ നാഥാൻ പ്രവാചകന്റെ സമയോചിതവും തന്ത്രപരവുമായ ഇടപെടലാണ് സംഭവങ്ങളുടെ ഗതി മറ്റൊരു ദിശയിലേക്ക് തിരിച്ചുവിട്ടത്. ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ദാവീദിന്റെ ഒരു വാഗ്ദാനത്തെ അനുസ്മരിപ്പിച്ചുകൊണ്ട്, നാഥാന്റെ ഉപദേശപ്രകാരം , ബത്ഷേബാ തന്റെ പുത്രനായ സോളമനുവേണ്ടി വാദിച്ചു. നാഥാൻ അവളെ പിന്താങ്ങി. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ദാവീദ് ആലസ്യത്തിൽ നിന്നുണർന്ന് ഭരണചക്രത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു; തന്റെ വിശ്വസ്ത സേവകർക്കും അംഗരക്ഷക സേനയ്ക്കും അടിയന്തരമായ നിർദ്ദേശങ്ങൾ നല്കി. അദോനിയായും അനുയായികളും ആഘോഷലഹരിയിൽ ആമഗ്നരായിരുന്നപ്പോൾ സോളമൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ജനം ആഹ്ലാദാരവമുയർത്തി. അദോനിയായുടെ സ്വപ്നങ്ങൾ പൊലിഞ്ഞു. അനുയായികൾ അയാളെ വിട്ടുപോയി. പിതാവിന്റെ ഉപദേശവും സ്വന്തം കണക്കുകൂട്ടലുകളും അനുസരിച്ച് സോളമൻ തന്റെ എതിരാളികളെ തന്ത്രപൂർവ്വം ഉന്മൂലനം ചെയ്തു. ഈ സംഭവപരമ്പരകളാണ് തികച്ചും നാടകീയമായ വിധത്തിൽ രാജാക്കന്മാരുടെ ഒന്നാം



പുസ്തകത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്. ഈ വിവരണങ്ങളെ മൂന്നായി തിരിക്കാം. **a. സ്ഥാനാരോഹണം, b. ദാവീദിന്റെ അന്ത്യോപദേശം, c. ശത്രുസംഹാരം.**

### a. സോളമന്റെ സ്ഥാനാരോഹണം 1 രാജാ 1, 1–53

### i. രാജാവിന്റെ വാർദ്ധക്യം 1 രാജാ 1, 1–4.

ദാവീദു രാജാവിന്റെ വാർദ്ധക്യത്തെക്കുറിച്ചുള്ള ഒരു പരാമർശത്തോടെയാണ് വിവരണം ആരംഭിക്കുന്നത് (1 രാജാ1,1-4). കരിമ്പടം പുതച്ചിട്ടും കുളിർ മാറാതെ കിടക്കയിൽ ചുരുണ്ടുകൂടി കിടക്കുന്ന രാജാവിന്റെ ചിത്രം ഇതുവരെ കണ്ട യോദ്ധാവിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. 2 സാമു5, 5; 1 രാജാ 2, 11 ൽ നല്കിയിരിക്കുന്ന കണക്കനുസരിച്ച് രാജാവിന് ഏകദേശം എഴുപതുവയസ്സായി. വൃദ്ധനായ ദാവീദിനെ പരിചരിക്കാനും കൂടെ കിടന്നു ചൂടുപകരാനുമായി സുന്ദരിയും കന്യകയുമായ അബിഷാഗിനെ സേവകന്മാർ തിരഞ്ഞെടുത്തത് അന്ന് നിലവിലിരുന്ന വൈദ്യവിധികൾ അനുസരിച്ചായിരുന്നു എന്ന് യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജൊസേഫൂസിന്റെ ഒരു വിശദീകരണത്തെ അടിസ്ഥാനമാക്കി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. എന്നാൽ വാർദ്ധക്യസഹജമായ ദൗർബല്യവും അതിനു വൈദ്യന്മാർ വിധിച്ച ചികിത്സയും മാത്രമല്ല ഈ നാലു വാക്യങ്ങൾ അവതരിപ്പിക്കുന്നത്.

ഭരണകാര്യത്തിലെന്നല്ല, സ്വന്തം കാര്യങ്ങളിൽ പോലും ശ്രദ്ധിക്കാൻ കഴിയാത്ത വിധം ദാവീദു ദുർബ്ബലനായിത്തീർന്നു. യുവസുന്ദരിയായ അബിഷാഗിനെക്കുറിച്ചുള്ള പരാമർശത്തിനു വ്യാഖ്യാതാക്കൾ രണ്ടു ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ദാവീദിന്റെ പൗരുഷവും ലൈംഗികശക്തിയും തീർത്തും അസ്തമിച്ചു എന്ന് എടുത്തുകാട്ടുകയാണ് ഒരു ലക്ഷ്യം. അന്യന്റെ ഭാര്യയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായതോടെ ആരംഭിച്ചതാണ് ദാവീദിന്റെ അനർത്ഥങ്ങൾ. ജീവിതാന്ത്യത്തിൽ ഇസ്രായേലിലെ ഏറ്റം സുന്ദരിയായ യുവതിയെ ഭാര്യയായി കിട്ടിയിട്ടും ഒന്നും ചെയ്യാൻ കഴിയാത്തവിധം ദാവീദ് അശക്തനായിത്തീർന്നിരിക്കുന്നു. ബത്ഷേബായും അബിഷാഗും ദാവീദിന്റെ ജീവിതത്തിന്റെ രണ്ടറ്റങ്ങളിലായി നിലകൊള്ളുന്നു-ദാവീദിന്റെ തന്നെ ജീവിതത്തിലെ വൈരുധ്യങ്ങളുടെ പ്രതീകങ്ങൾ പോലെ. അദോനിയായുടെ മരണത്തിനു കളമൊരുക്കുകയാണ് അബിഷാഗിനെക്കുറിച്ചുള്ള പരാമർശത്തിന്റെ രണ്ടാമത്തെ ലക്ഷ്യം (1 രാജാ 2, 13-25).

ഇവയ്ക്കുപുറമേ ചില വ്യാഖ്യാതാക്കൾ മറ്റൊരു കാരണം കൂടി ഈ വിവരണത്തിൽ കാണുന്നുണ്ട്. കാനാൻദേശത്തു നിലവിലിരുന്ന വിശ്വാസപ്രകാരം രാജ്യത്തിന്റെ ഫലപുഷ്ടിയും മനുഷ്യരുടെയും മൃഗ ങ്ങളുടെയും സന്താനപുഷ്ടിയും രാജാവിന്റെ പൗരുഷത്തെ ആശ്രയിച്ചി രുന്നു. ലൈംഗികശക്തി നഷ്ടപ്പെട്ട രാജാവ് ജനത്തെ ഭരിക്കാൻ പ്രാപ്ത നല്ല. അതിനാൽ സ്ഥാനമൊഴിയാൻ കാലമായി എന്ന സൂചനയാണത്രേ ഈ വിവരണത്തിലൂടെ നല്കുന്നത്. ദാവീദ് അവളെ അറിഞ്ഞില്ല എന്ന പ്രസ്താവന (1 രാജാ 1,4) അവളുമായി ലൈംഗികബന്ധത്തിലേർപ്പെട്ടി ല്ല എന്നാണ് അർത്ഥമാക്കുന്നത്. എന്നാൽ അതോടൊപ്പം രാജ്യത്ത് സംഭ വിക്കുന്നതൊന്നും ദാവീദ് അറിയുന്നില്ല എന്ന ബത്ഷേബായുടെ പരിദേ വനത്തിലേയ്ക്കും (1 രാജാ1,18) ഇതു വിരൽചൂണ്ടന്നു. പിൻഗാമിക്ക് അധി കാരം കൈമാറാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന സൂചനയാണ് ഇതിൽനിന്നെല്ലാം ലഭിക്കുന്നത്.

## ii. അദോനിയായുടെ ഉപജാപം 1, 5-10

വൃദ്ധനായ പിതാവിന്റെ ദൗർബല്യത്തെ ചൂഷണം ചെയ്ത് അദോ നിയാ സ്വയം രാജാവാകാൻ വേണ്ടി തന്ത്രപൂർവ്വം കരുക്കൾ നീക്കി. മുൻമ്പ് അബ്ശലോം എടുത്ത അതേ നടപടികളാണ് (2സാമു15) അദോ നിയായും സ്വീകരിച്ചത്. അവശേഷിച്ച പുത്രന്മാരിൽ മൂത്തവൻ ആയതി നാലാവാം ഈ നടപടികളെക്കുറിച്ച് അയാളെ ദാവീദ് ശാസിക്കാതിരു ന്നത്. ഉപജാപത്തിലും സൗന്ദര്യത്തിലും ബുദ്ധിശൂന്യതയിലും അബ്ശ ലോമിന്റെ സാക്ഷാൽ അനുജനായിരുന്നു അദോനിയാ.

ദാവീദിന് രണ്ടുതരം സൈന്യങ്ങളുണ്ടായിരുന്നു. ആവശ്യാനുസ രണം ഇസ്രായേൽ ജനത്തിൽ നിന്ന് തിരഞ്ഞെടുത്തു വിളിച്ചുകൂട്ടുന്ന തായിരുന്നു മുഖ്യ സൈന്യം. ആ സൈന്യത്തിന്റെ നയകനായിരുന്നു ദാവീദിന്റെ സഹോദരിപുത്രനായ യൊവാബ്. കൂലിക്കെടുത്ത വിദേശി യരായിരുന്നു സൈന്യത്തിന്റെ മറ്റൊരു വിഭാഗം. ഇവർ എണ്ണത്തിൽ കുറ വായിരുന്നെങ്കിലും ഒരു സ്ഥിര സൈന്യമായിരുന്നു. ദാവീദിന്റെ അംഗര ക്ഷകസേനയായ ഇവർ എപ്പോഴും യുദ്ധസന്നദ്ധരായിരുന്നു. ബെനായ ആയിരുന്നു ഇവരുടെ അധിപൻ.

സാവൂൾ നടത്തിയ കൂട്ടക്കുരുതിയെ അതിജീവിച്ച ഏലി കുടുംബത്തിലെ ഏകപുരോഹിതനായിരുന്നു അബിയാഥർ. ഒളിവിൽ കഴി ഞ്ഞിരുന്ന ദാവീദിന്റെ കൂടെ ചേർന്ന അയാൾ എന്നും ദാവീദിനോടു വിശ്വ



സ്ഥനായിരുന്നു. ദാവീദു രാജാവായി ജറുസലെമിൽ വാസമുറപ്പിച്ചതിനു ശേഷമാണ് സാദോക്ക് പുരോഹിതനായത്. ചെറുപ്പം മുതലേ ദാവീദി നോട് കൂറു പുലർത്തിയിരുന്നവരുടെ പിന്തുണ ലഭിച്ചത് അദോനിയായ്ക്ക് വലിയ നേട്ടമായിരുന്നു. രാജസേവകരിൽ ചിലരെ അയാൾ മനഃപൂർവ്വം ഒഴിവാക്കിയത് അവരുടെ പിന്തുണ ലഭിക്കുകയില്ല എന്നു കരുതിയാവ ണം. സേവകരുടെ ഇടയിൽ തന്നെ ഭിന്നിപ്പുണ്ടായിരുന്നു എന്ന് ഇതിൽ നിന്നു അനുമാനിക്കാം. സോളമൻ ഒഴികെ മറ്റ് രാജകുമാരന്മാരെയെല്ലാം വിരുന്നിനു വിളിച്ചത് ഈ അനുമാനത്തിനു കൂടുതൽ ശക്തി പകരുന്നു. രാജാവാകാനുള്ള ശ്രമത്തിൽ സോളമനെ മാത്രമാണ് അദോനിയാ എതി രാളിയായി കണ്ടത്.

ജറുസലെമിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ വടക്കായിട്ടാണ് എൻറോഗെൽ. "ചാരന്മാരുടെ ഉറവ" എന്നാണ് പേരിന്റെ അർത്ഥം. തന്റെ അനുഭാവികളെയെല്ലാം ബലിവിരുന്നിനു ക്ഷണിച്ചത് സ്വയംരാജാവായി പ്രഖ്യാപിക്കാനുള്ള ഉദ്ദേശത്തോടെയായിരുന്നു. ഇവിടെയും അദോനിയ അബ്ശലോമിനെ അനുകരിക്കുകയാണ് (2 സാമു 15, 7-12). എന്നാൽ താൻ ഒഴിവാക്കിയവരുടെ കഴിവുകളും ദാവീദുരാജാവിനു മേൽ അവർക്കുള്ള സ്വാധീനവും വൃദ്ധനായ രാജാവിന്റെ പ്രതികരണശേഷിയും അയാൾ വേണ്ടത്ര കണക്കിലെടുത്തില്ല.

## iii സോളമന്റെ രാജാഭിഷേകം 1 രാജാ 1,11-40

രണ്ടു തവണ ദാവീദിനെ ദൈവഹിതം അറിയിച്ച നാഥാൻ പ്രവാ ചകൻ വീണ്ടും ഒരിക്കൽക്കൂടി നിർണ്ണായകമായ വിധത്തിൽ ഇടപെട്ട് ഇസ്രായേൽ ചരിത്രത്തിന്റെ ഗതി നിർണ്ണയിച്ചു. അദോനിയായുടെ ഉപ ജാപത്തെ പരാജയപ്പെടുത്തിയത് നാഥാൻ രൂപം കൊടുത്ത ഗൂഢാലോ ചനയാണ്. വൃദ്ധനായ ദാവീദിനെ ആലസ്യത്തിൽ നിന്നുണർത്തിരാജ്യ ത്തിന്റെ ഭാവിയെ സംബന്ധിച്ച അതിപ്രധാനമായ തീരുമാനമെടുക്കാൻ പ്രേരിപ്പിക്കുകയാണ് നാഥാൻ ചെയ്തത്. അതിനായി ആദ്യമേ ബത്ഷേ ബായെ കാര്യത്തിന്റെ ഗൗരവം പറഞ്ഞു മനസ്സിലാക്കി (1 രാജാ1,11-12). ഇഷ്ടഭാര്യ എന്ന നിലയിൽ ബത്ഷേബായ്ക്ക് ദാവീദിന്റെ അടുക്കൽ കടന്നു ചെല്ലുക എളുപ്പമായിരുന്നു. ദാവീദിനോടു പറയേണ്ട കാര്യങ്ങൾ ബത്ഷേബാക്ക് നാഥാൻ തന്നെ പറഞ്ഞുകൊടുത്തു (1 രാജാ1,13.)

നാഥാന്റെ ഉപദേശം സ്വീകരിച്ച് രാജസന്നിധിയിലെത്തിയ ബത്ഷേബാ തന്റേതായ വിധത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചു (1 രാജാ

1,15-21). നാലു കാര്യങ്ങളാണ് അവൾ രാജാവിന്റെ ശ്രദ്ധയിൽ പ്പെടുത്തിയത്. 1. തനിക്കുശേഷം സോളമനെ രാജാവാക്കാമെന്ന് ദാവീദ് വാഗ്ദാനം ചെയ്തിരുന്നു. 2. ദാവീദിന്റെ അറിവുകൂടാതെ അദോനിയ രാജാവായിരിക്കുന്നു. 3. തന്റെ പിൻഗാമിയെക്കുറിച്ചുള്ള രാജാവിന്റെ തീരുമാനം അറിയാൻ ജനം കാത്തിരിക്കുന്നു. 4. ബത്ഷേബായുടെയും സോളമന്റെയും ജീവൻ അപകടത്തിലായിരിക്കുന്നു. അടിയന്തിരമായി തീരുമാനമെടുക്കാനും ശക്തമായി പ്രവർത്തിക്കാനും ദാവിദിനെ പ്രരിപ്പിക്കുകയാണ് ഈ നിവേദനത്തിന്റെ ലക്ഷ്യം. തന്റെ അന്തസ്സും അഭിമാനവും രാജ്യത്തിന്റെ ഭാവിയും മാത്രമല്ല, താൻ പ്രാണതുല്ല്യം സ്നേഹിക്കുന്ന ഭാര്യയുടെയും മകന്റെയും ജീവൻ തന്നെയും അപകടത്തിലായിരിക്കുന്നു എന്ന അവബോധം ദാവീദിനെ വീണ്ടും കർമ്മനിരതനാകാൻ പര്യാപ്തമായിരുന്നു.

പിറകേ വന്ന നാഥാൻ ബത്ഷേബായുടെ വാക്കുകൾക്ക് ശക്തി പകർന്നു; ദാവീദിനെ തന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ബോധവാനാക്കി. അദോനിയായുടെ വിരുന്നിനു ക്ഷണിക്കപ്പെടാതിരുന്നിവർ ദാവീദിന്റെ പ്രിയപുത്രനും ഏറ്റം അടുത്ത സേവകരുമായിരുന്നു. അവരുടെയെല്ലാം ജീവൻ അപകടത്തിലായിരിക്കുന്നു എന്ന് നാഥാനും സൂചിപ്പിച്ചു. ഒരാൾ രാജാവായി ഭരണമേല്ക്കുമ്പോൾ എതിരാളികളെയല്ലാം ഉന്മൂലനം ചെയ്യുക പതിവായിരുന്നു. അദോനിയായുടെ വിരുന്നിനു ക്ഷണിക്കപ്പെടാതിരുന്നവർക്ക് സംരക്ഷണം ലഭിക്കുകയില്ല എന്നത് ഉറപ്പായിരുന്നു.

സോളമനെ രാജാവാക്കും എന്നു ദാവീദ് നല്കിയതായി ബത്ഷേബായും നാഥാനും ആവർത്തിച്ച് അനുസ്മരിപ്പിക്കുന്ന വാഗ്ദാനം മറ്റാരും അറിഞ്ഞിരുന്നില്ല. വൃദ്ധനായ ദാവീദിനെ കർമ്മോദ്യുക്തനാക്കാൻ വേണ്ടി നാഥാൻ കണ്ടുപിടിച്ച ഒരു മാർഗ്ഗമാണ് ഇത് എന്ന് കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. 1ദിന 22, 9-10; 28,47ൽ ദാവീദ് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന സൂചനകൾ പിൽക്കാലത്ത് കൂട്ടിച്ചേർത്തതായും കരുതപ്പെടുന്നു. എന്നാൽ സോളമന്റെ ജനനവുമായി ബന്ധപ്പെടുത്തി " കർത്താവ് അവനെ സ്നേഹിച്ചു" എന്ന വി. ഗ്രന്ഥകാരന്റെ പ്രസ്താവനയും നാഥാൻ അവനു നല്കിയ "യദീദിയാ" എന്ന പേരും (2 സാമു 12,25) ദാവീദിന്റെ പുത്രന്മാരിൽ സോളമനു നല്കപ്പെട്ട പ്രത്യേകസ്ഥാനത്തെ സൂചിപ്പിക്കുന്നുണ്ട്. പക്ഷേ കർത്താവിന്റെ നിർദ്ദേശമനുസരിച്ചാണ് നാഥാൻ ഇവിടെ പ്രവർത്തിച്ചത് എന്നു വി. ഗ്രന്ഥകാരൻ പറ



യാത്തതിനാൽ അന്തഃപുരത്തിൽ നടന്ന ഗൂഢാലോചനയിലൂടെയാണ് സോളമൻ രാജാവായത് എന്ന ധ്വനി ഈ വിവരണത്തിലുണ്ട്.

ബത്ഷേബായുടെയും നാഥാന്റെയും വാക്കുകൾ ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചു. ദാവീദ് തന്റെ വാഗ്ദാനം നിറവേറ്റാൻ ഉടനടി നടപടികൾ സ്വീകരിച്ചു (1 രാജാ1,28-35). തന്റെ വിശ്വസ്ഥരായ നാഥാൻ, സാദോക്ക്, ബെ നായ എന്നിവരെ വിളിപ്പിച്ച് സോളമനെ രാജാവായി വാഴിക്കാനുള്ള നിർദ്ദേശങ്ങൾ നല്കി. പുരോഹിതനും പ്രവാചകനും സൈന്യാധിപനും രാജ്യത്തെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്. രാജാവിന്റെ അംഗരക്ഷക സേനയാണ് കെറേത്യരും പെലേത്യരും എന്നറിയപ്പെടുന്ന സേവകർ (1 രാജാ1, 33-38). കോവർ കഴുത രാജാവ് സവാരി ചെയ്യുന്ന മൃഗമായിരുന്നു. ജറുസലെമിൽ നിന്ന് ഏകദേശം 500 മീറ്റർ വടക്കായി കെദ്രോൻ താഴ്‌വരയിലുള്ള വലിയൊരു ഉറവയാണ് ഗീഹോൻ. നിർഗ്ഗളിക്കുക എന്നാണ് പേരിന്റെ അർത്ഥം. ഭൂഗർഭത്തിലുള്ള ഒരു ഗുഹയിൽ നിന്ന് ദിവസത്തിൽ പലതവണ ശക്തമായി വെള്ളം പുറത്തേക്കു തള്ളി വരുക ഈ ഉറവയുടെ പ്രത്യേകതയാണ്. അതിനാൽ ആയിരിക്കും ഈ പേർ ലഭിച്ചത്.

ദാവീദിന്റെ നിർദ്ദേശത്തെ സൈന്യാധിപൻ സർവ്വാത്മനാ പിൻതാങ്ങി (1 രാജാ1, 36-37). അതോടൊപ്പം ദാവീദിന്റെ തീരുമാനത്തെ ദൈവവും അംഗീകരിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. ആ ആശംസ ഒരു പ്രാർത്ഥന ആയിരുന്നു. ഈ വിവരണത്തിൽ ദൈവഹിതത്തെക്കുറിച്ച് ആദ്യമായിട്ടാണ് പരാമർശിക്കുന്നത് എന്നത് ശ്രദ്ധേയമത്രെ. അത് പ്രവാചകനോ പുരോഹിതനോ രാജാവോ അല്ല, സൈന്യാധിപനാണ് പറയുന്നത് എന്നതും പ്രത്യകം ശ്രദ്ധയർഹിക്കുന്നു. ഇക്കാര്യത്തിൽ ദൈവഹിതം എന്താണന്ന് ആരും അന്വേഷിച്ചില്ല. പ്രതിസന്ധിയിൽ തങ്ങൾക്ക് ഏറ്റം യുക്തമെന്ന് തോന്നിയത് ഓരോരുത്തരും ചെയ്തു. ദൈവം അത് അംഗീകരിക്കും എന്നു പ്രതീക്ഷിച്ചു. സോളമന്റെ രാജാഭിഷേകത്തെക്കുറിച്ച് സന്നിഗ്ദ്ധമായ ഒരു നിലപാടാണ് വി.ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്

രാജകല്പന തത്ക്ഷണം അനുവർത്തിക്കപ്പെട്ടു (1 രാജാ1, 38-40). പുരോഹിതനും പ്രവാചകനും ചേർന്ന് സോളമനെ രാജാവായി അഭിഷേചിച്ചു. രാജാവിന്റെ അനന്തരാവകാശിയെക്കുറിച്ചുള്ള സംശയങ്ങൾ അവസാനിച്ചതിനാൽ ജനം ആഹ്ലാദാരവം മുഴക്കി. ഇവിടെയെല്ലാം സോളമൻ നിഷ്ക്രിയനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. സ്വന്തമായി ഒരു

കാര്യത്തിലും മുൻകൈ എടുക്കുന്നില്ല. എല്ലാം അയാൾക്കുവേണ്ടി ചെയ്തുകൊടുക്കപ്പെടുന്നു. എല്ലാറ്റിനും അയാൾ സ്വയം വിട്ടുകൊടുക്കുന്നു. സാവൂളും ദാവീദും രാജാവായതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഈ നടപടികൾ .

### iv അദോനിയായുടെ പ്രതികരണം 1രാജാ 1, 41-53

ഗീഹോനിൽ നിന്നു മുഴങ്ങിയ കാഹളധ്വനിയും ആർപ്പുവിളിയും എന്റോഗെലിൽ എത്തി. രണ്ടും തമ്മിൽ ഏകദേശം 500 മീറ്റർ അകലമേയുള്ളൂ. ആദ്യമേ അപകടം മണത്തറിഞ്ഞത് പരിചയസമ്പന്നനായ യോദ്ധാവായ യോവാബാണ്. സോളമൻ രാജാവായിരിക്കുന്നു എന്നറിഞ്ഞ അദോനിയായുടെ അതിഥികൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. കാരണം അയാളുടെ കൂടെ നില്ക്കുന്നത് രാജദ്രോഹമായി പരിഗണിക്കപ്പെടും എന്ന് അവർക്ക് അറിയാമായിരുന്നു. തന്റെ ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ അദോനിയാ കർത്താവിന്റെ കൂടാരത്തിൽ അഭയം പ്രാപിച്ചു. ബലിമൃഗങ്ങളുടെ രക്തം പുരട്ടുന്നതിനുവേണ്ടി ബലിപീഠത്തിന്റെ നാലുകോണുകളിലും കൊമ്പുപോലെ ഉയർന്നു നില്ക്കുന്ന ഭാഗമാണ് "വളർ കോൺ". "കൊമ്പ്" എന്നാണു മൂലം. അതിൽ പിടിച്ചു നില്ക്കുന്നവർക്ക് സംരക്ഷണം നല്കണം എന്ന പൊതുധാരണയുണ്ടായിരുന്നു.

സോളമന്റെ ജ്ഞാനവും നയതന്ത്രപാടവും വ്യക്തമാക്കുന്നതാണ് അദോനിയായ്ക്കു ദൂതന്മാർ വഴി നല്കുന്ന മറുപടി (1 രാജാ 1,52). അദോനിയാ ആവശ്യപ്പെട്ട സംരക്ഷണം നല്കുമോ ഇല്ലയോ എന്നു വ്യക്തമാക്കുന്നില്ല. മരിക്കുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും അദോനിയായുടേതു തന്നെ ആയിരിക്കും എന്ന വ്യക്തമായ സൂചന ഈ മറുപടിയിലുണ്ട്. ബലിപീഠത്തിൽ നിന്ന് ബലമായി പിടിച്ചു കൊണ്ടുവന്ന അദോനിയായോട് "നിന്റെ വീട്ടിലേക്കു പോവുക" എന്ന കല്പനയല്ലാതെ ഒറ്റ വാക്കുപോലും സോളമൻ പറയുന്നില്ല. അധികാരം മുഴുവൻ കൈപ്പിടിയിൽ ഒതുക്കിയ രാജാവിന്റെ ആജ്ഞാസ്വരം ഈ കല്പനയിൽ പ്രതിധ്വനിക്കുന്നു.

**വിചിന്തനം:** സോളമന്റെ രാജാഭിഷേകത്തോടെ ഇസ്രായേലിൽ ഒരു പുതിയ സംവിധാനം നിലവിൽ വന്നു. സാവൂളും ദാവീദും രാജാവായത് സുദീർഘമായ ഒരു പ്രക്രിയയിലൂടെ ആയിരുന്നു. കർത്താവിന്റെ തിരഞ്ഞെടുപ്പ്, പുരോഹിതൻ വഴിയുള്ള അഭിഷേകം, ശക്തിതെളിയിക്കൽ,



ജനത്തിന്റെ അംഗീകാരം എന്നിങ്ങനെ നാല് പ്രധാന ഘടകങ്ങൾ ആ പ്രക്രിയയിൽ ഉണ്ടായിരുന്നു. എന്നാൽ സോളമനെ സംബന്ധിച്ച് അഭിഷേകം ഒഴികെ മറ്റൊന്നും പ്രസക്തമാകുന്നില്ല. ദാവീദാണ് സോളമനെ രാജാവായി നിശ്ചയിക്കുന്നത്. ദൈവഹിതമോ ജന താൽപര്യമോ അന്വേഷിക്കുന്നില്ല. ഏല്പിക്കുന്ന ജോലി നിർവ്വഹിക്കാൻ പര്യാപ്തനാണെന്ന് മുൻകൂർ തെളിയിക്കേണ്ട ഉത്തരവാദിത്വവും സോളമനില്ല.

രാജാവംശം സ്ഥാപിക്കപ്പെടുകയായി. ഭരിക്കുന്ന രാജാവിന്റെ പുത്രൻ പിതാവിനുശേഷം രാജാവാകുന്നു. അതിനാൽ രാജാവിന് ആരോടും ഉത്തരവാദിത്വമില്ല എന്ന അവസ്ഥ സംജാതമായി. സോളമന്റെ അഭിഷേകത്തിനുശേഷം ജനം ആർത്തു വിളിച്ചെങ്കിലും അത് ചുരുക്കം പേർ മാത്രമായിരുന്നു. നടപ്പാക്കിയ തീരുമാനത്തിന് "എറാൻ" മൂളുകയല്ലാതെ തീരുമാനം എടുക്കുന്ന പ്രക്രിയയിൽ ജനത്തിനു പങ്കുണ്ടായിരുന്നില്ല. തങ്ങളുടെ ഭാഗധേയം നിർണ്ണയിക്കാനുള്ള അവകാശം അവരിൽ നിന്നും പൂർണ്ണമായും എടുത്തുമാറ്റപ്പെട്ടു. തങ്ങളെ ആരു ഭരിക്കണമെന്നോ എങ്ങനെ ഭരിക്കണമെന്നോ നിശ്ചയിക്കാൻ അവർക്കിനി അവകാശമില്ല. ഇസ്രായേൽ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം ആരംഭിക്കുകയായി.

## b. ദാവീദിന്റെ അന്തിമോപദേശവും മരണവും

#### 1 രാജാ 2,1-12

തന്റെ മരണത്തിനു തൊട്ട് മുമ്പ് ദാവീദ് സോളമനു നല്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. സോളമന് ഉണ്ടായിരിക്കേണ്ട മനോഭാവത്തേയും അടിയന്തരമായി നിറവേറ്റേണ്ട ചില രാഷ്ട്രീയ കടമകളേയും സംബന്ധിക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. കർത്താവിനോടും അവിടുത്തെ നിയമങ്ങളോടും പരിപൂർണ്ണ വിശ്വസ്തത പാലിക്കാൻ മകനെ ഉപദേശിക്കുകയാണ് ദാവീദ് ആദ്യമേ ചെയ്യുന്നത് (1 രാജാ 2,2-4). ഇതിനെ ദാവീദിന്റെ "ആത്മീയ ഒസ്യത്ത്" എന്നു വിശേഷിപ്പിക്കാവുന്നതാണ്. കർത്താവ് ജോഷ്വായ്ക്ക് നല്കുന്ന ഉപദേശവുമായി ഇതിന് അടുത്ത സാമ്യമുണ്ട് (ജോഷ്വാ 1,6-9; നിയ 31, 7-8.23).

കർത്താവിനെ അനുസരിച്ചാൽ എല്ലാ ഉദ്യമങ്ങളിലും വിജയിക്കും എന്ന വാഗ്ദാനത്തിന് ഒരു മറു വശമുണ്ട്. അനുസരണക്കേട് ശിക്ഷയും നാശവും വരുത്തിവയ്ക്കും. രാജ്യം നഷ്ടപ്പെട്ട് പ്രവാസികളായി കഴി

യുന്ന ജനത്തിന് തങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ സഹായകമാണ് ഈ ഉപദേശം. ഈ രണ്ടു വാക്യങ്ങൾ (1 രാജാ 2,3-4) നിയമാവർത്തന ഗ്രന്ഥത്തിന്റെ ശൈലിയിൽ രചിക്കുന്നതിനാൽ ഇതിനെ നിയമാവർത്ത നാത്മക ചരിത്രകാരന്റെ രചനയായി വ്യാഖ്യാതാക്കൾ കരുതുന്നു. ദാവീ ദിന്റെ അന്തിമോപദേശം വി.ഗ്രന്ഥകാരൻ തന്റേതായ വാക്കുകളിൽ അവ തരിപ്പിക്കുകയാണിവിടെ. ഈ ഉപദേശം സോളമന്റെ വിജയങ്ങൾക്കും പരാജയങ്ങൾക്കും വിശദീകരണം നല്കുന്നു.

അടുത്തതായി രാജഭരണത്തിന്റെ ചില പ്രായോഗിക വശങ്ങളി ലേക്ക് ദാവീദ് ശ്രദ്ധ തിരിക്കുന്നു. പല കാരണങ്ങളാൽ തനിക്കു നിറവേ റ്റാൻ കഴിയാതെ അവശേഷിച്ച ചില കടമകൾ പൂർത്തിയാക്കാനാണ് ദാവീദ് സോളമനോട് ആവശ്യപ്പെടുന്നത്. യൊവാബ്, ബെർസില്ലായുടെ മക്കൾ, ഷിമേയി എന്നിവരോട് അനുവർത്തിക്കേണ്ട നയമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം (1 രാജാ 2,5-9). യൊവാബിനെയും ഷിമെയിയെയും വധി ക്കാൻ ആവശ്യപ്പെടുന്നത് പ്രത്യക്ഷത്തിൽ പ്രതികാരചിന്തയായി തോന്നി യേക്കാം. എന്നാൽ മതാത്മകവും രാഷ്ട്രീയവുമായ ഒരു കട മയാണിതെന്ന് അന്നു നിലവിലിരുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഈ നിർദ്ദേശങ്ങളെ അപഗ്രഥിച്ചാൽ മനസ്സിലാക്കാൻ കഴിയും.

ദാവീദിന്റെ വിശ്വസ്ത സേവകനും ശക്തനായ സൈനാധിപനു മായിരുന്നു യൊവാബ്. സകല അപകടങ്ങളിലും ദാവീദിനോടു ചേർന്നു നിന്ന അയാളെ വധിക്കാൻ ആവശ്യപ്പെടുന്നത് ക്രൂരമായി തോന്നാം. യൊവാബു നടത്തിയ രണ്ടു കൊലപാതകങ്ങളാണ് ഇപ്രകാരമൊരു നിർദ്ദേശത്തിനു കാരണമായി നില്ക്കുന്നത്. ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ദാവീദുമായി രമ്യതയിലെത്തിക്കാൻ വേണ്ടി ചർച്ചയ്ക്കു വന്ന അബ്നേറിനെ മുൻവിരോധത്തിന്റെ പേരിൽ യൊവാബ് ചതിയിൽ കൊന്നു (2 സാമു 3). അബ്ശലോമിനോട് കൂറുപുലർത്തിയെങ്കിലും അയാളുടെ മരണത്തിനുശേഷം ദാവീദിന്റെ പക്ഷം ചേർന്ന അമാസ യെയും അതുപോലെ തന്നെ യൊവാബ് വധിച്ചു (2 സാമു 20,8-10). ഈ രണ്ടു കൊലപാതകങ്ങളും ദാവീദിന് താത്കാലികമായ വിഷമങ്ങൾ സൃഷ്ടിച്ചെങ്കിലും ആത്യന്തികമായി അത് ദാവീദിന്റെയും രാജ്യത്തി ന്റെയും നന്മയ്ക്കായി ഭവിച്ചു. എന്നാൽ ഈ രണ്ടു സേനാധിപന്മാരെ ഉന്മൂലനം ചെയ്യുന്നതിൽ യൊവാബിന് സ്വാർത്ഥപരമായ ലക്ഷ്യങ്ങളും ഉണ്ടായിരുന്നു (ബൈ. തീ 11 p99,189).



നിരപരാധിയെ മനഃപൂർവ്വം വധിക്കുന്നവന് ജീവിക്കാൻ അവകാ ശമില്ല; അവനെ കൊന്ന്, കൊല്ലപ്പെട്ടവനുവേണ്ടി പ്രതികാരം ചെയ്യാൻ ഉറ്റബന്ധുവിന് കടമയുണ്ട് (ഉൽപ 9,6; സംഖ്യ 35,12.19). മരിച്ചവനുവേണ്ടി പ്രതികാരം ചെയ്യാത്തിടത്തോളം കാലം അതിന് ഉത്തരവാദപ്പെട്ടവന്റെ മേൽ രക്തത്തിന്റെ കറയും ശാപവും ഉണ്ടായിരിക്കും. "എന്റെ പാദുക ങ്ങളും അരപ്പട്ടയും രക്തം പുരണ്ടിരിക്കുന്നു" (1 രാജാ 2,5) എന്നു ദാവീദ് പറയുന്നത് അവർക്കുവേണ്ടി പ്രതികാരം ചെയ്യാനുള്ള കടമ ഇനിയും നിറവേറ്റിയിട്ടില്ല എന്നു സൂചിപ്പിക്കുന്നു. ഈ വിശ്വാസത്തിന്റെ പശ്ചാ ത്തലത്തിൽ വേണം യൊവാബിനെ വധിക്കാനുള്ള നിർദ്ദേശം മനസിലാ ക്കാൻ.

അബ്നേറിനെയും അമാസയെയും മനഃപൂർവ്വം ചതിയിൽ കൊന്ന തിന്റെപേരിൽ വധശിക്ഷയർഹിക്കുന്നവനാണ് യൊവാബ്. എന്നാൽ അയാൾക്കെതിരേ ദാവീദിന് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. കാരണം അയാൾ അത്രമാത്രം ശക്തനായിരുന്നു. തന്നെയുമല്ല, ദാവീ ദിന് അയാളെ അത്രമേൽ ആശ്രയിക്കേണ്ടതുമുണ്ടായിരുന്നു. ഊറിയായുടെ വധം (2 സാമു 11,14-21) ഒരുദാഹരണമാണ്. തന്റെ കല്പന മനഃപൂർവ്വം മറികടന്ന് അബ്ശലോമിനെ വധിച്ചിട്ടും ദാവീദിന് യൊവാബിനെതിരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല (2 സാമു 18,9-15). തനിക്കു ചെയ്യാൻ കഴി യാതിരുന്ന കാര്യം സോളമനെ ഏല്പിക്കുമ്പോൾ നീതിനടപ്പിലാക്കി, തന്റെ കുടുംബത്തിൽ നിന്ന് രക്തപാതകം അകറ്റിക്കളയാനാണ് ദാവീദ് ആവശ്യപ്പെടുന്നത്.

അബ്ശലോമിൽ നിന്ന് ഒളിച്ചോടിയപ്പോൾ ദാവീദിനെ സഹായി ച്ചിട്ടുള്ളവനാണ് ഗിലയാദുകാരനായ ബർസില്ലായി (2 സാമു 17,28; 19, 31 -39). അതിനുള്ള കൃതജ്ഞതയാണ് അയാളുടെ മക്കളോടു കാരുണ്യം കാണിക്കാനുള്ള നിർദ്ദേശത്തിലൂടെ (1 രാജാ 2,7) ദാവീദു പ്രകടിപ്പിക്കു ന്നത്. രാജാവിന്റെ ഭക്ഷണമേശയിൽ പങ്കുചേരുക എന്നതുകൊണ്ട് അയാ ളുടെ മക്കളെ എന്നും തന്നോടൊപ്പമിരുത്തി വിരുന്നു നല്കണം എന്ന് അർത്ഥമാക്കുന്നില്ല. അവർക്ക് ആവശ്യമായവ രാജാവു നല്കണം എന്നേ ഇതിനർത്ഥമുള്ളൂ-പെൻഷൻ കൊടുക്കുന്നതുപോലെ.

ആപത്തുകാലത്ത് തന്നെ ശപിച്ച ഷിമെയിയെ (2 സാമു 16,5-13) വധിച്ച് അയാളുടെ ശാപത്തെ തന്റെ കുടുംബത്തിൽ നിന്നും അകറ്റിക്ക ളയണം എന്ന് ദാവീദിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും മറ്റു ചില പ്രായോ ഗിക പരിഗണനകൾ മൂലം അയാൾക്കു നല്കിയ വാഗ്ദാനത്തെ (2 സാമു

19,16-23) മറികടക്കാൻ കഴിയുമായിരുന്നില്ല. ബെഞ്ചമിൻ ഗോത്രജനായ അയാൾ തന്റെ കുടുംബത്തിനെതിരേ വീണ്ടും കലാപമുണ്ടാക്കിയേക്കുമെന്നും ദാവീദ് ഭയന്നു. അയാളുടെ കുറ്റം അർഹിക്കുന്ന വിധത്തിൽ ശിക്ഷിക്കാനണു സോളമനു നിർദ്ദേശം നല്കുന്നത്. ഇവിടെയും പ്രതികാരചിന്തയെക്കാൾ നീതിപാലനവും ഭരണത്തിന്റെ സുരക്ഷിതത്വവുമാണ് മുൻപന്തിയിൽ നില്ക്കുന്നത്.

സുദീർഘമായ നാല്പതു വർഷത്തെ ഭരണത്തിനുശേഷം ദാവീദു മരിച്ചു. നാല്പതുവർഷമെന്നത് അക്ഷരാർത്ഥത്തിലും പ്രതീകാത്മകമായ അർത്ഥത്തിലും മനസിലാക്കണം. നാല്പത് പൂർണ്ണസംഖ്യയാണ്. നാല്പതുവർഷം ഭരിക്കുകയും എഴുപതാം വയസ്സിൽ മരിക്കുകയും ചെയ്ത ദാവീദ് എല്ലാത്തരത്തിലും പൂർണ്ണതയിലെത്തിയ മനുഷ്യനായിരുന്നു. ദാവീദിന്റെ മരണത്തെക്കുറിച്ചു നല്കിയിരിക്കുന്ന വിവരണത്തിന്റെ ശൈലി (1 രാജാ 2,10-12) മറ്റു രാജാക്കന്മാരുടെ മരണത്തിന്റെ വിവരണത്തിലും അനേകം ആവർത്തിക്കുന്നതായി കാണാം.

### c. ശത്രുസംഹാരം 1 രാജാ 2,13-46

ദാവീദിന്റെ മരണത്തെ തുടർന്ന് സോളമൻ തന്റെ എതിരാളികളെ ഒന്നൊന്നായി ഉന്മൂലനം ചെയ്തുകൊണ്ട് പിതാവിന്റെ അന്ത്യശാസനം നടപ്പിലാക്കുകയും തന്റെ സിംഹാസനം ഉറപ്പിക്കുകയും ചെയ്തതിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. സോളമന്റെ ഭരണത്തിൻ കീഴിൽ രാജ്യം സുസ്ഥാപിതമായി എന്ന പ്രസ്താവന ആരംഭത്തിലും (1 രാജാ 2,12) അവസാനത്തിലും (1 രാജാ 2,46) ചേർത്തുകൊണ്ട് രാജ്യഭരണം ഉറപ്പിച്ചതിന്റെ ചരിത്രമാണ് ഇവിടെ വിവരിക്കുന്നത് എന്നു വി. ഗ്രന്ഥകാരൻ തന്നെ സൂചിപ്പിക്കുന്നു. അദോനിയാ, അബിയാഥർ എന്നിവരെക്കുറിച്ച് ദാവീദ് ഒരു നിർദ്ദേശവും നല്കിയിരുന്നില്ല. എന്നാൽ അവർ തനിക്ക് അപകടകാരികളായിരിക്കും എന്നു മനസിലാക്കിയ സോളമൻ അദോനിയായെ വധിക്കുകയും അബിയാഥറിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ബർസില്ലായുടെ മക്കളോടു കാരുണ്യം കാണിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടോ എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. എതിരാളികളെ നശിപ്പിച്ച് രാജ്യം സുരക്ഷിതവും ഭരണം സുസ്ഥിരവുമാക്കിയതു മാത്രമാണ് ഇവിടെ ശ്രദ്ധാവിഷയം.

സംഭവങ്ങൾ വിവരിക്കുമ്പോൾ അവയുടെ ധാർമ്മികതയെക്കുറിച്ച് വി.ഗ്രന്ഥകാരൻ വിലയിരുത്തുന്നില്ല, ഓരോ വ്യക്തിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്നതുമില്ല. അദോനിയായുടെ അഭ്യർത്ഥനയുടെ പിന്നിൽ ദുരുദ്ദേശമുണ്ടായിരുന്നോ? ബത്ഷേബാ അഭ്യർത്ഥനയുമായി സോളമനെ സമീപിക്കുന്നത് അഭ്യർത്ഥനയുടെ യഥാർത്ഥ സ്വഭാവം മനസിലാക്കാതെയാണോ? ബലിപീഠത്തിനരികിൽ വച്ച് യൊവാബിനെ വധിച്ചത് ന്യായീകരിക്കാനാവുമോ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾക്കുള്ള ഉത്തരം അനുവാചകർ തന്നെ കണ്ടെത്തണം.



#### i അദോനിയാ 1 രാജാ 2,13-25

പ്രത്യക്ഷത്തിൽ നിരുപദ്രവകരമെന്നു തോന്നാവുന്ന അദോനിയായുടെ ഒരഭ്യർത്ഥന അയാളെ വധിക്കുന്നതിന് സോളമനു സാഹചര്യം നല്കി. അബിഷാഗിനെ തനിക്കു ഭാര്യയായി നല്കണം എന്ന അഭ്യർത്ഥനയുമായി അദോനിയാ ബത്ഷേബായെ സമീപിച്ചതിന്റെ അർത്ഥവും ഗൗരവവും മനസിലാക്കാൻ രണ്ടു കാര്യങ്ങൾ പരിഗണിക്കണം. 1. ബത്ഷേബായുടെ സ്ഥാനം, 2. അഭിഷാഗിന്റെ പ്രാധാന്യം.

രാജാവിന്റെ അന്തഃപുരത്തിൽ അനേകം സ്ത്രീകൾ ഉണ്ടായിരിക്കുക പതിവായിരുന്നു. രാജാവിന്റെ ഭാര്യമാരും ഉപനാരികളും അവരിൽ പെടും. എന്നാൽ അന്തഃപുരത്തിലെ ഏറ്റം പ്രധാനപ്പെട്ട വ്യക്തിയെ "ഗെബീറാ" എന്നാണ് വിളിക്കുക. ശക്ത, മഹതി എന്നൊക്കെയാണ് ഈ സ്ഥാനപേരിന്റെ അർത്ഥം. രാജമാതാവിനാണ് പൊതുവേ ഈ സ്ഥാനം നല്കപ്പെടുക. രാജാവിന്റെമേൽ ഏറ്റം കൂടുതൽ സ്വാധീനമുള്ള സ്ത്രീയാണ് ഗെബീറാ. അവളുടെ ആഗ്രഹങ്ങളും അഭ്യർത്ഥനകളും രാജാവു നിരസിക്കാറില്ല. പലപ്പോഴും അവളുടെ നിർദ്ദേശങ്ങൾ രാജകല്പനയ്ക്കു തുല്യമായിരുന്നു. ഈ അധികാരസ്ഥാനം മനസിലാക്കിക്കൊണ്ടാണ് അദോനിയാ ബത്ഷേബായെ സമീപിക്കുന്നത്.

രാജാവിന്റെ മരണത്തിനുശേഷം അയാളുടെ അന്തഃപുരം മുഴുവൻ തുടർന്നുവരുന്ന രാജാവിന് അധീനമാവുക പതിവായിരുന്നു. മരിച്ച രാജാവിന്റെ ഭാര്യമാരെയും ഉപനാരികളെയും സ്വന്തമാക്കുന്നത് രാജാവകാശത്തിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു. തന്റെ പിതാവിന്റെ ഉപനാരിയെ അബ്നേർ സ്വന്തമാക്കിയതിന്റെ പേരിൽ ഇഷ്ബോഷെത്ത് അയാളുമായി കലഹിച്ചതും (2 സാമു 3,7) അബ്ശലോം ദാവീദിന്റെ ഉപനാരികളുമൊത്തു പരസ്യമായി ശയിച്ചതും (2 സാമു 16,21-22) ഉദാഹരണങ്ങളാണ്. സാവൂളിന്റെ ഭാര്യമാരെ ദാവീദിനു നല്കി എന്ന പ്രസ്താവനയും (2 സാമു 12,8) ഇതേ ആചാരത്തിലേക്കു വിരൽചൂണ്ടുന്നു. രാജാവിന്റെ

ഉപനാരിയെ ഭാര്യയായി ലഭിക്കുന്നത് രാജാവാകാനുള്ള തന്റെ അവകാശത്തെ ഉറപ്പിക്കാൻ സഹായിക്കും എന്ന് അദോനിയാ കരുതിയിട്ടുണ്ടാവണം. സോളമൻ ഈ അർത്ഥത്തിലാണ് അയാളുടെ അഭ്യർത്ഥനയെ വ്യാഖ്യാനിച്ചത് ( 1 രാജാ 2,22).

ബത്ഷേബ എന്തുകൊണ്ട് ഈ അഭ്യർത്ഥനയ്ക്കു വഴങ്ങി എന്നു ന്യായമായും ചോദിക്കാം. രാജ്യം തനിക്ക് അവകാശപ്പെട്ടതായിരുന്നെങ്കിലും ദൈവഹിതം അനുസരിച്ച് സോളമൻ രാജാവായി എന്ന് അദോനിയാ അംഗീകരിക്കുന്നതിനാൽ (1 രാജാ 2,15) അദോനിയായ്ക്ക് സുന്ദരിയായ അബിഷാഗിനെ ഭാര്യയായി ലഭിക്കുക എന്നതിൽ കവിഞ്ഞ് മറ്റു ലക്ഷ്യമൊന്നും ഇല്ല എന്നു കരുതിയിട്ടാവാം. അല്ലെങ്കിൽ അയാളുടെ അധികാരമോഹത്തിനു തക്ക ശിക്ഷ ലഭിച്ചുകൊള്ളട്ടെ എന്ന് ബത്ഷേബായും വിചാരിച്ചിരിക്കാം.

അദോനിയായുടെയും ബത്ഷേബായുടെയും ലക്ഷ്യങ്ങൾ എന്തു തന്നെയായിരുന്നാലും ഈ അഭ്യർത്ഥനയെ രാജദ്രോഹമായിട്ടാണ് സോളമൻ പരിഗണിച്ചത്. അതിന് അർഹിക്കുന്ന ശിക്ഷയും ഉടനെ നല്കി. അങ്ങനെ രാജസിംഹാസത്തിൻമേൽ അവകാശവാദം ഉന്നയിക്കാൻ കഴിയുമായിരുന്ന എതിരാളിയെ ആദ്യമേ ഉന്മൂലനം ചെയ്തു.

**വിചിന്തനം:** സ്വന്തം ആഗ്രഹങ്ങളെ അടക്കി നിർത്താൻ കഴിയാഞ്ഞതാണ് അദോനിയായുടെ മരണത്തിനു കാരണമായത്. തനിക്ക് അർഹമല്ലാത്ത അവകാശങ്ങളും ആനുകൂല്യങ്ങളും വളഞ്ഞവഴിയിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്നത് അനീതിയാണ്; ആത്യന്തികമായി അതു സ്വന്തം നാശത്തിനു തന്നെ വഴിയൊരുക്കും.

അധികാരത്തിനുവേണ്ടിയുള്ള ചതുരംഗക്കളിയിലെ ഒരു കരുവായിത്തീരുകയാണ് അബിഷാഗ്. അവളുടെ വ്യക്തിത്വമോ താല്പര്യങ്ങളോ അവകാശങ്ങളോ ഒന്നും പരിഗണിക്കപ്പെടുന്നില്ല. മരണാസന്നനായ വൃദ്ധരാജാവിന്റെ കൂടെ കിടക്കാൻ അവൾ നിർബന്ധിതയാകുന്നു. അധികാരത്തിലേക്കുള്ള ചവിട്ടുപടിയായി അവളെ ഉപയോഗിക്കാൻ അദോനിയാ ശ്രമിക്കുന്നു. തന്റെ അധികാരം ഉറപ്പിക്കാൻ സോളമൻ ഇത് അവസരമാക്കി മാറ്റുന്നു. ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ആഗമനം വരെ കാത്തിരിക്കേണ്ടിവന്നു സ്ത്രീക്ക് തന്റെ ന്യായമായ മഹത്വവും അവകാശങ്ങളും അംഗീകരിച്ചുകിട്ടാൻ. എന്നാൽ യേശു നല്കിയ മഹത്വവും മൂല്യവും സ്ത്രീത്വത്തിന് ഇന്നും ലഭ്യമായിട്ടുണ്ട് എന്നു പറയാനാവുമോ?



### ii അബിയാഥർ 1 രാജാ 2,26-27

ഒളിച്ചോടിയ ദാവീദിന് അപ്പവും ആയുധവും കൊടുത്തതിന്റെ പേരിൽ സാവൂൾ നടത്തിയ കൂട്ടക്കുരുതിയിൽ നിന്ന് ഓടിരക്ഷപ്പെട്ട് ദാവീദിന്റെയടുക്കൽ അഭയം പ്രാപിച്ച പുരോഹിതനാണ് അബിയാഥർ ( 1 സാമു 22,20-23). അന്നുമുതൽ അയാൾ ദാവീദിനോടു വിശ്വസ്തനായിരുന്നു. അബ്ശലോമിന്റെ കലാപകാലത്ത് സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുപോലും അയാൾ ദാവീദിനെ സഹായിച്ചു (2 സാമു 15,24-29; 17,15). എന്നാൽ അദോനിയായുടെ പക്ഷം ചേർന്നത് മരണശിക്ഷയർഹിക്കുന്ന രാജദ്രോഹമായിട്ടാണ് സോളമൻ വ്യാഖ്യാനിച്ചത്. എങ്കിലും വധിക്കുന്നതിനു പകരം പുരോഹിതസ്ഥാനത്തു നിന്നുമാറ്റി, സ്വന്തം നാട്ടിലേക്കു പറഞ്ഞയച്ച് വീട്ടുതടങ്കലിലെന്നപോലെ കഴിയാൻ വിധിച്ചു. അയാൾ തനിക്കെതിരേ ഉപജാപത്തിനു മുതിരാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്. കർത്താവിന്റെ ഹിതമനുസരിച്ചാണ് ഇതു സംഭവിച്ചത് എന്ന് വി.ഗ്രന്ഥകാരൻ എടുത്തു പറയുന്നു ( 1രാജാ 2,27). ഏലിക്കുടുംബത്തിനെതിരേ സാമുവേലിലൂടെ കർത്താവ് അരുളിച്ചെയ്തത് (1 സാമു 3,11-18) നിറവേറാൻ വേണ്ടിയാണത്രേ ഇതു സംഭവിച്ചത്.

### iii യൊവാബ് 1 രാജാ 2,28-35

അദോനിയായ്ക്കും അബിയാഥറിനും സംഭവിച്ചത് അറിഞ്ഞ യൊവാബ് അടുത്ത ഊഴം തന്റേതായിരിക്കുമെന്ന് ന്യായമായും ഭയന്നു. കർത്താവിന്റെ കൂടാരത്തിൽ തനിക്കു സംരക്ഷണം ലഭിക്കും എന്നു കരുതിയാവണം അയാൾ ബലിപീഠത്തിന്റെ വളർകോണിൽ പിടിച്ചു നിന്നത്. അദോനിയാ ഇങ്ങനെ ഒരിക്കൽ രക്ഷപെടുകയുണ്ടായല്ലോ (1 രാജാ 1,50). എന്നാൽ നിരപരാധർക്കുമാത്രമേ ദേവാലയത്തിൽ സംരക്ഷണം നല്കേണ്ടതുള്ളു. അയല്ക്കാരനെ ചതിയിൽ കൊന്നവനെ ബലിപീഠത്തിൽ നിന്നുപോലും പിടിച്ചുകൊണ്ടുപോയി വധിക്കണം (പുറ 21,14) എന്ന നിയമം സോളമൻ നടപ്പിലാക്കി. അതുവഴി തന്റെ കുടുംബത്തിൽ നിന്നു രക്തക്കറ തുടച്ചുമാറ്റുക മാത്രമല്ല, തന്റെ ശക്തനായ ഒരു എതിരാളിയെ ഉന്മൂലനം ചെയ്യുകയുമാണ് സോളമൻ ചെയ്തത്.

**വിചിന്തനം:** ഹതഭാഗ്യനായ ഒരു ദുരന്തകഥാപാത്രമാണ് യൊവാബ്. അയാളുടെ ജീവിതത്തിൽ നിന്ന് സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു. യുദ്ധത്തിന്റെ നിയമങ്ങൾ മറികടന്ന് അയാൾ നടത്തിയ കൊലപാതകങ്ങൾ നാലും യഥാർത്ഥത്തിൽ ദാവീദിനു ഗുണകരമായിട്ടാണ് ഭവി

ച്ചത്. അതുതന്നെ ആയിരുന്നിരിക്കണം അയാളുടെ ലക്ഷ്യവും. ആദ്യന്തം ദാവീദിനോട് അയാൾ വിശ്വസ്തത പുലർത്തി. ദാവീദിന്റെ സുരക്ഷിതത്വത്തിലാണ് അയാൾ തന്റെയും സുരക്ഷിതത്വം കണ്ടത്. എന്നാൽ ദാവീദിന്റെ കാലം കഴിഞ്ഞു എന്നു കരുതിയ അയാൾക്കു കണക്കു തെറ്റി. ദാവീദുതന്നെ അയാളെ തള്ളിപ്പറഞ്ഞു. കൊല്ലാൻ മകന് നിർദ്ദേശവും നല്കി.

അനീതിയും അക്രമവും വഴി അധികാരികളെ പ്രീതിപ്പെടുത്താനും സംരക്ഷിക്കാനും ശ്രമിക്കുന്നവർക്കെല്ലാം വലിയൊരു താക്കീതാണ് യൊവാബിന്റെ അന്ത്യം. അനീതിയും അക്രമവും ശിക്ഷിക്കപ്പെടാതെ പോവുകയില്ല. നീതിമാനായ ദൈവം എല്ലാം കാണുന്നവനാണ്. തന്റേതായ സമയത്ത് തക്കപ്രതിഫലം നല്കുക തന്നെ ചെയ്യും. ഉപജാപങ്ങൾ വെളിച്ചത്തുവരുന്നതും അവിഹിതമായ രാഷ്ട്രീയ കൂട്ടുകെട്ടുകൾ തകരുന്നതും ഇന്നത്തെ നമ്മുടെ രാഷ്ട്രീയ രംഗത്ത് സാധാരണ സംഭവമായിരിക്കുന്നത് ഇതിനു തെളിവാണല്ലോ. അധികാരികൾ അറിഞ്ഞും അറിയാതെയും അവരെ സംരക്ഷിക്കാനെന്ന ഭാവേന അവരുടെ അനുയായികൾ ചെയ്തു കൂട്ടുന്ന അക്രമങ്ങൾക്ക് രാഷ്ട്രീയത്തിൽ മാത്രമല്ല മതരംഗത്തും ഉദാഹരണങ്ങൾ ഏറെയുണ്ട്. താൽക്കാലികമായ നേട്ടങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചാലും ആത്യന്തികമായി അവർ ശിക്ഷയേല്ക്കേണ്ടിവരും ബലിപീഠത്തിനരുകിൽ വച്ചാണ് യൊവാബ് വധിക്കപ്പെട്ടത്. അയാളുടെ മരണത്തെ ബലിയായി കാണാൻ കഴിയുമോ? ബലിപീഠത്തിനു ചുവട്ടിൽ ചിന്തപ്പെട്ടരക്തം അയാളുടെ പാപങ്ങൾക്കു പരിഹാരമായി പരിഗണിക്കപ്പെടുമോ?

### iv. ഷിമെയി 2,36-46

ദാവീദിന്റെമേൽ ശാപവർഷം ചൊരിഞ്ഞ ഷിമെയിയെ ശിക്ഷിക്കുന്നതിൽ സ്വീകരിച്ച നടപടിയിൽ സോളമന്റെ നയതന്ത്രപാടവം പ്രകടമാകുന്നു. വീട്ടുതടങ്കലിൽ പാർപ്പിച്ചതിനു രണ്ടുലക്ഷ്യമുണ്ടായിരുന്നു. അയാൾ തനിക്കെതിരേ ഉപജാപത്തിനു തുനിയാതിരിക്കുകയാണ് സോളമന്റെ ഒരു ലക്ഷ്യം. കല്പന ലംഘിച്ചാൽ അയാളെ വധിക്കാൻ കാരണമാകും എന്നത് രണ്ടാമത്തെ ലക്ഷ്യം. മൂന്നു വർഷം ക്ഷമയോടെ കാത്തിരുന്നതിനുശേഷമാണ് രണ്ടാമത്തെ ലക്ഷ്യം സാധിച്ചത്. ദാവീദു നല്കിയ സംരക്ഷണ വാഗ്ദാനം ലംഘിക്കാതെ, അയാളുടെ തന്നെ കുറ്റത്തിന്റെ പേരിൽ ഷിമെയിയെ വധിക്കാൻ സോളമനു സാധിച്ചു.



**വിചിന്തനം:** പരാജിതനും നിന്ദിതനുമായ ദാവീദിനെ അവഹേളിച്ചതാണ് ഷിമേയി ചെയ്ത കുറ്റം. അതിനു തക്കശിക്ഷ അയാൾക്കു ലഭിച്ചു. ഇത് ഏവർക്കും വലിയൊരു പാഠമാണ്. ബലഹീനരെയും പരാജിതരെയും നിന്ദിക്കരുത്. അവർക്കു സംരക്ഷകനായി ദൈവമുണ്ട് എന്ന് ഓർക്കണം.

### ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് ദാവീദിന്റെ വാർദ്ധക്യത്തെയും അബിഷാഗിനെയുംക്കുറിച്ച് വിവരിക്കുന്നത്?
2. അദോനിയായുടെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും അബ്ശലോമിന്റേതുമായി താരതമ്യം ചെയ്യുക.
3. അന്തഃപുരത്തിലെ ഉപജാപങ്ങളുടെ ഫലമായാണ് സോളമൻ രാജാവായത്. ഈ പ്രസ്താവന വിലയിരുത്തുക.
4. ബത്ഷേബായും നാഥാനും എപ്രകാരമാണ് ദാവീദിനെ പ്രവർത്തനത്തിനു പ്രേരിപ്പിച്ചത്?
5. സോളമന്റെ രാജാഭിഷേകം സാവൂളിന്റെയും ദാവീദിന്റെയും രാജാഭിഷേകത്തിൽ നിന്നു വ്യത്യസ്തമായിരുന്നു. വിശദീകരിക്കുക.
6. ദാവീദ് സോളമനു നല്കിയ അന്തിമോപദേശമെന്ത്?
7. യൊവാബിനെയും ഷിമേയിയെയും വധിക്കാൻ ദാവീദ് നിർദ്ദേശിച്ചതിന്റെ കാരണമെന്താണ്?
8. അദോനിയാ ബത്ഷേബായോടു നടത്തിയ അഭ്യർത്ഥനയുടെ യഥാർത്ഥ ഉദ്ദേശ്യം എന്തായിരുന്നു?
9. എപ്രകാരമാണ് സോളമൻ തന്റെ ഭരണം ഉറപ്പിച്ചത്?

**ചർച്ചയ്ക്ക്:** യൊവാബിന്റെ ജീവിതം അപഗ്രഥിച്ച് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

**പ്രാർത്ഥന:** 12-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# 2. സോളമന്റെ ജ്ഞാനം
## 1 രാജാ 3,1–4, 34; 2 ദിന 1,1–12

സോളമന്റെ കൈകളിൽ ഇസ്രായേലിന്റെ ഭരണം സുസ്ഥിരമായതിന്റെ ചരിത്രമാണ് ഇതുവരെ വിവരിച്ചത്. ദാവീദിന്റെ പിൻഗാമിയെയും രാജവംശത്തെയും സംബന്ധിച്ച് നാഥാൻ പ്രവാചകനിലൂടെ ദൈവം നല്കിയ വാഗ്ദാനം (2 സാമു 7,11–12) പൂർത്തിയായി. ദാവീദിന്റെ ഒരു പുത്രൻ സിംഹാസനാരൂഢനായി ഭരണം ആരംഭിച്ചു. ദാവീദു രൂപപ്പെടുത്തിയ സാമ്രാജ്യത്തെ എപ്രകാരമാണ് മകൻ സോളമൻ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചതെന്ന് തുടർന്നു വിവരിക്കുന്നു. ഈ വിവരണങ്ങളിലെല്ലാം സോളമന്റെ ജ്ഞാനത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു.

സോളമന്റെ സകലപ്രവർത്തനങ്ങളിലും പ്രതിഫലിച്ചത് അദ്ദേഹത്തിന്റെ അതുല്യമായ ജ്ഞാനമായിരുന്നു. സോളമന്റെ പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം തന്നെ നല്കിയതാണ് ഈ മഹാജ്ഞാനം എന്നു വി. ഗ്രന്ഥകാരൻ പ്രത്യേകം എടുത്തുകാട്ടുന്നു. 'ജ്ഞാനം' (ഹീബ്രു:ഹോക്മാ) എന്ന പദത്തിന് ബൈബിളിൽ പല അർത്ഥസൂചനകളുണ്ട്. ജീവിതവിജയം കൈവരിക്കാൻ ആവശ്യമായ ഒരു ഗുണമാണ് ജ്ഞാനം. ഏതെങ്കിലും തൊഴിലിലുള്ള നൈപുണ്യം. വ്യക്തികളുടെ സ്വഭാവ സവിശേഷതകൾ മനസിലാക്കി വേണ്ട വിധത്തിൽ ഇടപെടാനുള്ള കഴിവ് മുതലായവ ജ്ഞാനത്തിന്റെ ഫലമാണ്. യഥാർത്ഥ ജ്ഞാനിയായ മനുഷ്യൻ പ്രപഞ്ചത്തോടും സഹജീവികളോടും സർവ്വോപരി ദൈവത്തോടും ശരിയായ ബന്ധം പുലർത്തുന്നു. തദ്ഫലമായി അയാൾക്കു സമാധാനവും സമൃദ്ധിയും സംലഭ്യമാകുന്നു. സമാധാനം എന്നർത്ഥമുള്ള ശാലോം എന്ന പദവുമായി ബന്ധപ്പെട്ടതാണ് സോളമൻ (ഹിബ്രു: ശ്ലോമോ) എന്ന പേര്. സോളമന്റെ കാലത്ത് രാജ്യത്ത് സമാധാനവും സമൃദ്ധിയുമുണ്ടായി. കാരണം അദ്ദേഹം മഹാജ്ഞാനിയായിരുന്നു. ജ്ഞാനത്തോടെ കാര്യങ്ങൾ നടത്തുകയും ചെയ്തു.

രാജ്യഭരണം, നിർമ്മാണ പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര ബന്ധങ്ങൾ, വാണിജ്യം, വ്യവസായം, ശാസ്ത്രം, സാഹിത്യം, സൈന്യസംവിധാനം മുതലായ അനേകം മേഖലകളിൽ സോളമന്റെ ജ്ഞാനം പ്രകടമായി. അതിനാൽ സോളമന്റെ പ്രവൃത്തികളെക്കുറിച്ചുള്ള വിവരണം മുഴുവൻ തന്നെ അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ തെളിവാണ്. എപ്രകാരമാണ് സോളമന് ഇത്രവലിയ ജ്ഞാനം ലഭിച്ചതെന്നും എങ്ങിനെ ആ ജ്ഞാനം പ്രകടമായെന്നും തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്നു.



### a ഫറവോയുടെ മകൾ 1 രാജാ 3,1

സോളമന്റെ ശക്തിയും മഹത്വവും സർവ്വോപരി നയതന്ത്ര ചാതുരിയും പ്രകടമാക്കുന്നതാണ് ഫറവോയുടെ മകളുമായുള്ള വിവാഹം. ഒരു കാലത്ത് ഈജിപ്തിൽ അടിമകളായിരുന്നവരിൽ നിന്ന് ഒരുവൻ ഈജിപ്തു രാജാവിന്റെ മകളെ വിവാഹം ചെയ്തു എന്നത് ഇസ്രായേൽ ജനത്തിനു മുഴുവൻ അഭിമാനകരമായി കരുതാവുന്നതാണ്. അന്ന് അറിയപ്പെട്ടിരുന്ന ലോകത്തെ ഏറ്റം ശക്തമായ ഒരു രാജ്യമായിരുന്നു ഈജിപ്ത്. ഈജിപ്തു രാജാക്കന്മാർ തങ്ങളുടെ പുത്രിമാരെ വിദേശ രാജാക്കന്മാർക്കു ഭാര്യമാരായി നല്കാറില്ലായിരുന്നു, നേരെമറിച്ചായിരുന്നു സംഭവിക്കുക. ഇസ്രായേൽ ഈജിപ്തിന് ഒപ്പമെത്തുക മാത്രമല്ല, ഒരുപടി മുന്നിലെത്തിയിരിക്കുന്നു എന്ന സൂചനയാണ് ഈ വിവാഹബന്ധത്തിൽ നിന്നു ലഭിക്കുക.

ഇത് ഒരു സാധാരണ വിവാഹമായിരുന്നില്ല. "സോളമൻ ഈജിപ്തിലെ രാജാവായ ഫറവോയുമായി ഒരു ഉടമ്പടി ചെയ്തു; അയാളുടെ മകളെ വിവാഹം ചെയ്തു.' എന്നാണ് ഹീബ്രുമൂലം. രാഷ്ട്രീയ ഉടമ്പടിയുടെ ഭാഗമായിരുന്നു ഈ വിവാഹം. സോളമന്റെ മഹത്വം മാത്രമല്ല, ഈജിപ്തിന്റെ ദൗർബല്യവും വിളിച്ചറിയിക്കുന്നതാണ് ഈ ഉടമ്പടി. ഈജിപ്ത് ഏറ്റം ബലഹീനമായിത്തീർന്ന ഒരു കാലഘട്ടമായിരുന്നു ഇത്. അതിനാൽ സോളമനുമായുള്ള ഉടമ്പടി ഈജിപ്തിനും ഗുണകരമായി. മറ്റു രാജ്യങ്ങളുമായി സോളമൻ ഇപ്രകാരമുള്ള വിവാഹ ഉടമ്പടികൾ സ്ഥാപിച്ചതായികാണാം. ദാവീദ് യുദ്ധം ചെയ്ത് രാജ്യങ്ങൾ കീഴടക്കിയപ്പോൾ സോളമൻ വിവാഹം ചെയ്ത് അയൽ രാജ്യങ്ങളുമായി സൗഹൃദം നിലനിർത്തി. ഇതും സോളമന്റെ ജ്ഞാനത്തിന്റെ അഥവാ നയതന്ത്രപാടവത്തിന്റെ തെളിവായി കാണാവുന്നതാണ്.

**വിചിന്തനം:** രഷ്ട്രീയമായ പ്രായോഗിക ബുദ്ധിയാണ് സോളമനെ ഈ വിവാഹത്തിനു പ്രേരിപ്പിച്ചത്. സ്ത്രീധനമായി ഒരു നഗരവും ശക്തമായ ഒരു രാജ്യത്തിന്റെ പിന്തുണയും അതുവഴി അയാൾക്കു ലഭിച്ചു. എന്നാൽ ദൂരവ്യാപകമായ ഭവിഷ്യത്തുകൾ വരുത്തിവച്ച ഒരു പ്രക്രിയയുടെ തുടക്കമായിരുന്നു അത്. വിജാതീയ വനിതകളെ വിവാഹം കഴിക്കുക വഴി തന്റെയും ജനത്തിന്റെയും വിശ്വാസത്തെ അപകടത്തിലാക്കുകയാണ് സോളമൻ ചെയ്തത്. സോളമൻ കർത്താവിൽ നിന്ന അകലാൻ ഈ

വിവാഹ ബന്ധങ്ങളും കാരണമായി. താൽക്കാലിക നേട്ടങ്ങൾക്കു വേണ്ടി യുള്ള ബന്ധങ്ങളും കരാറുകളും എപ്രകാരമാണ് ജീവിതത്തെ സ്വാധീ നിക്കുന്നത് എന്നു ശ്രദ്ധിക്കണം. സ്ത്രീധനവും സ്ഥാനമാനങ്ങളും മറ്റും മോഹിച്ചു നടത്തുന്ന വിവാഹങ്ങൾ ദമ്പതികളെ നാശത്തിലേക്കു നയി ക്കുന്നതിന്റെ ദുരന്ത കഥകൾ അനുദിനം കേൾക്കുന്നുണ്ടല്ലോ?

## b. പൂജാഗിരിയിൽ ബലിയർപ്പണം 1 രാജാ 3,2-3

പിതാവിന്റെ അനുശാസനങ്ങൾ അനുസരിച്ച് സോളമൻ കർത്താ വിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്തു. ഇത് അയാൾക്ക് വി.ഗ്രന്ഥകാരൻ നല്കുന്ന വലിയ പ്രശംസയാണ്. എന്നാൽ ഈ പ്രശംസയും അംഗീകാരവും പൂർണ്ണമല്ല. “പൂജാഗിരികളിൽ ബലിയർപ്പിച്ചു” എന്ന പ്രസ്താവന നിഷേധാത്മക മാണ്. കാനാൻകാർ ബലിയർപ്പണം നടത്തിയിരുന്ന വേദികളാണ് പൂജാ ഗിരികൾ. ഏറ്റം ഉയർന്ന മലയിലാണ് ദൈവം വസിക്കുന്നത് എന്ന് കാനാൻകാർ വിശ്വസിച്ചിരുന്നു. ആ മലയുടെ പ്രതീകങ്ങളായി സകല കുന്നുകളെയും അവർ കണ്ടു. ദൈവാരാധനയ്ക്കായി കുന്നുകളിലും മല കളിലും ബലിപീഠങ്ങൾ സ്ഥാപിച്ചു. അവിടെ അർപ്പിച്ചിരുന്ന ബലികളും ഉത്സവാഘോഷങ്ങളും പലപ്പോഴും മദ്യപാനത്തിന്റെയും ലൈംഗിക കേളി കളുടെയും അകമ്പടിയോടെയാണ് നടത്തപ്പെട്ടിരുന്നത്.

മരുഭൂമിയിൽ നിന്നു വന്ന് ഇസ്രായേൽക്കാരുടെ ബലികളും ആഘോഷങ്ങളും വളരെ ലളിതവും അനാർഭാടവുമായിരുന്നു. കാനാ നിൽ വാസമുറപ്പിച്ചപ്പോൾ തദ്ദേശവാസികളുടെ ആരാധനയും ആചാര ങ്ങളും അവർക്കു കൂടുതൽ ആകർഷകമായി തോന്നി. കാനാൻകാരെ യുദ്ധത്തിൽ കീഴടക്കിയ ഇസ്രായേൽക്കാർ അവരുടെ ആരാധനാ സ്ഥല ങ്ങൾ സ്വന്തമാക്കി; അവരുടെ ആരാധനാ രീതികളും സ്വീകരിച്ചു കാനാൻകാരുടെ അനുഷ്ഠാനങ്ങൾ ഉപയോഗിച്ചുകൊണ്ട് കർത്താവായ ദൈവത്തിന് അവർ ആരാധനയർപ്പിച്ചു. ഇപ്രകാരമൊരു പശ്ചാത്തലമാണ് സോളമന്റെ ബലിയർപ്പണത്തെക്കുറിച്ചുള്ള പരാമർശത്തിന്റെ പിന്നിലു ള്ളത്.

മലമുകളിൽ അർപ്പിക്കപ്പെടുന്ന ബലികളെല്ലാം അനാചാരങ്ങൾ നിറഞ്ഞതാകണമെന്നില്ല. സോളമൻ ദേവാലയം പണിതതിനുശേഷവും ഇസ്രായേൽ ജനം അനേകം മലകളിൽ ബലിയർപ്പണം തുടർന്നു. കർമ്മല മലയിലെ ഏലിയയുടെ ബലി ( 1 രാജാ 18,20-40) ഉദാഹരണമാ ണ്. ബി.സി. ഏഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജോസിയാ രാജാ



വിന്റെ മതനവീകരണകാലത്തും മാത്രമാണ് ജറുസലെമിലല്ലാതെ മറ്റൊ രിടത്തും ബലിയർപ്പണം പാടില്ല എന്ന നിലപാട് ശക്തിപ്പെട്ടത്. നിയമാ വർത്തനപുസ്തകത്തിന്റെ സ്വാധീനം ഈ തീരുമാനത്തിൽ വ്യക്തമാ ണ്. ബാബിലോൺ പ്രവാസികളെ മുന്നിൽ കണ്ടുകൊണ്ട് ചരിത്രമെഴു തുന്ന വി.ഗ്രന്ഥകാരൻ സോളമന്റെ ബലിയർപ്പണത്തെ പൂർണ്ണമായി അംഗീകരിക്കുന്നില്ല എന്ന സൂചനയാണ്. “കർത്താവിനെ സ്നേഹിച്ചു; എന്നാൽ പൂജാഗിരിയിൽ ബലിയർപ്പിച്ചു” എന്ന പ്രസ്താവനയിലുള്ള ത്. ജറുസലെമിൽ ദേവാലയം പണിയപ്പെട്ടിരിന്നില്ല എന്ന വസ്തുത ഇതിന്റെ ന്യായീകരണമായി എടുത്തുകാട്ടുന്നു.

**വിചിന്തനം:** സോളമന്റെ ബലിയർപ്പണങ്ങളിൽ ദൈവഭക്തിയോടൊപ്പം രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നതായി അനുമാനിക്കാം. അബ്രാഹാ ത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ട ഇസ്രായേൽക്കാർ മാത്രമായിരുന്നില്ല സോളമന്റെ പ്രജകൾ. തദ്ദേശവാസികളായ കാനാൻകാരും രാജ്യത്തെ പൗരന്മാരായിരുന്നു. നൂറ്റാണ്ടുകളായി നടന്ന മിശ്രവിവാഹങ്ങളിലൂടെ തദ്ദേ ശവാസികളും ഇസ്രായേൽക്കാരും ഒറ്റ ജനമായി തീർന്നിരുന്നു. ജന ത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളും മാനിക്കുക രാജാവിന്റെ കടമ യായി കണ്ടതിനിലാവാം സോളമൻ പൂജാഗിരികളിലെ ബലിയർപ്പണ ങ്ങളിൽ പങ്കുചേർന്നത് - ഇന്ന് രാഷ്ട്രങ്ങളിലെ ഭരണാധികാരികൾ തങ്ങ ളുടെ വിശ്വാസങ്ങൾ അവഗണിക്കാതെ തന്നെ, എല്ലാം മതസ്ഥരുടെയും ഉത്സവഘോഷങ്ങളിൽ പങ്കെടുക്കുന്നതുപോലെ.

വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും സംസ്കാരികാനു രൂപണങ്ങൾ നടത്താൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാന സത്യം ഇവിടെ പ്രകടമാകുന്നു. കാനാൻകാരുടെ ആചാരങ്ങൾ സ്വീക രിച്ച രാജാവും ജനവും സാവധാനം അവരുടെ വിശ്വാസങ്ങളും സ്വന്തമാ ക്കി; തങ്ങളുടെ വിശ്വാസത്തനിമ നഷ്ടപ്പെടുത്തുകയും ചെയ്തു. വേണ്ടത്ര അറിവും വിവേകവും കൂടാതെ അന്യമതസ്ഥരുടെ ആചാര ങ്ങൾ സ്വൂകരിക്കുന്നവർ അവരുടെ വിശ്വാസങ്ങളും സ്വീകരിച്ച് സ്വന്തം വിശ്വാസം നഷ്ടപ്പെടാൻ ഇടയായെന്നു വരും.

## c. ജ്ഞാനം ദൈവത്തിന്റെ ദാനം 1 രാജാ 3,4-15; 2 ദിന 1,1-12

ഗിബയോനിൽ വച്ചു സോളമനുണ്ടായ ദൈവിക ദർശനത്തെ രണ്ടു പുസ്തകങ്ങളിലും ഏതാണ്ട് ഒരേ വിധത്തിൽ വിവരിക്കുന്നു. ദിനവൃ ത്താന്തം രണ്ടാം പുസ്തകം ഈ ദർശനത്തിന്റെ വിവരണത്തോടെയാണ് ആരംഭിക്കുന്നത്. ജറുസലെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ

വടക്കു സ്ഥിതിചെയ്യുന്ന ഒരു കൊച്ചു പട്ടണമാണ് ഗിബയോൻ. ജെറീക്കോയുടെ പതനത്തെ തുടർന്ന് ജോഷ്വായെ കബളിപ്പിച്ച് സന്ധിയുണ്ടാക്കിയവരാണ് അവിടുത്തെ നിവാസികൾ. (ജോഷ്വാ 9). ഏകദേശം ഇരുനൂറടി മാത്രം ഉയരമുള്ള ഒരു ചെറിയ കുന്നിൽ മുകളിലായിരുന്നു ഗിബയോൻ പട്ടണം സ്ഥിതി ചെയ്തിരുന്നത്. കർത്താവിന്റെ പേടകം കുറെ കാലത്തേക്ക് അവിടെ സ്ഥാപിച്ചിരിന്നു എന്നും പേടകം അവിടെ നിന്നും മാറ്റിയിട്ട് പേടകം സൂക്ഷിച്ചിരുന്ന കൂടാരവും ഓടുകൊണ്ടുള്ള ബലിപീഠവും അവിടെ തന്നെ നിലനിന്നു എന്നും 2 ദിന 1,35 പ്രസ്താവിക്കുന്നു. ഇസ്രായേൽക്കാരുമായി സന്ധി ചെയ്ത ഗിബയോൻകാർ ഇസ്രായേല്യരുടെ വിശ്വാസം സ്വീകരിച്ചു. തങ്ങളുടെ പൂജാഗിരിയിൽ ഇസ്രായേല്യരുടെ ദൈവത്തെ ആരാധിച്ചു. ഇസ്രായേൽക്കാർക്കും വളരെ പ്രധാനപ്പെട്ട ഒരു ആരാധന സ്ഥലമായിത്തീർന്നു ഗിബയോൻ.

സോളമൻ ഗിബയോനിൻ ആയിരം ദഹനബലികൾ അർപ്പിച്ചിട്ടുണ്ടായിരുന്നു (1 രാജാ 3,4) എന്ന പ്രസ്താവന രണ്ടുവിധത്തിൽ മനസ്സിലാക്കാം. ഒന്നുങ്കിൽ പലപ്പോഴായി സോളമൻ അവിടെ അർപ്പിച്ച ബലികളെ സൂചിപ്പിക്കുന്നതാവാം ഈ പ്രസ്താവന. അങ്ങിനെയെങ്കിൽ സോളമൻ ഗിബയോനിൻ ബലിയർപ്പിക്കുക പതിവായിരുന്നു എന്നു കരുതാം. അല്ലെങ്കിൽ ഒറ്റ തവണ ആയിരം മൃഗങ്ങളെ ബലിയർപ്പിച്ചതിനെ ആയിരിക്കാം ഇത് സൂചിപ്പിക്കുക. തന്റെ സ്ഥാനാരോഹണത്തിനുശേഷം വലിയ അകമ്പടിയോടെ ഗിബയോനിലെത്തിയ സോളമൻ അവിടെ ആയിരം ദഹനബലിയർപ്പിച്ചു. എന്നും 2 ദിന 1,3.6ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ അർത്ഥത്തിലാണ് രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. ഏതു കാലഘട്ടത്തിലാണ് ഈ സംഭവം നടന്നതെന്ന് വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ലെങ്കിലും രാജഭരണത്തിന്റെ ആരംഭത്തിൽ തന്നെയാണ് ഇത് നടന്നതെന്ന് അനുമാനിക്കാം. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ അഭിപ്രായമാണ് സ്വീകരിച്ചിരിക്കുന്നത്.

രാത്രിയിൽ സോളമൻ ഉണ്ടായ ദർശനവും ദർശനത്തിലൂടെ ലഭിച്ച പ്രത്യേക വരവുമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. അതിനു മുമ്പും (1 രാജാ 3,4) പിമ്പും (3,15) ബലിയർപ്പണത്തെക്കുറിച്ചും പരാമർശിക്കുന്നു. സ്വപ്നത്തെ ദൈവം തന്റെ ഹിതം വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന ഒരു മാധ്യമമായി ബൈബിൾ പരിഗണിക്കുന്നുണ്ട് - സ്വപ്നങ്ങളെല്ലാം ദൈവിക വെളിപാടായി വ്യാഖ്യാനിക്കാൻ പാടില്ലെങ്കിലും ദാവീദിനോട് പ്രവാചകൻ വഴി സംസാരിച്ച ദൈവം സോളമനോട് നേരിട്ട് ഒരു സ്വപ്നത്തിൽ സംസാരിക്കുന്നു. "എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക"



എന്ന പരിധിയില്ലാത്ത നിർദ്ദേശം സോളമനോടുള്ള ദൈവത്തിന്റെ നിസ്സീമമായ സ്നേഹം പ്രകടമാക്കുന്നു. ഒപ്പം അത് ഒരു പരീക്ഷണവും ആയിരുന്നു.

ഒരു നന്ദിപ്രകടനത്തോടെയാണ് സോളമൻ തന്റെ യാചന ആരംഭിക്കുന്നത്. ഈ യാചനയിൽ ഉടനീളം നിയമാവർത്തന ഗ്രന്ഥത്തിന്റെ ശൈലി ദൃശ്യമാണ്. അതിനാൽ നിയമാവർത്താനാത്മക ചരിത്രകാരൻ തന്റേതായ ശൈലിയിൽ എഴുതിയതാണ് സോളമന്റെ യാചനയും ദൈവത്തിന്റെ മറുപടിയും എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ശൈലി മാത്രമാണ് നിയമവാർത്താത്മക ചരിത്രകാരന്റേത്. സംഭവത്തിന്റെ ചരിത്രപരത നിഷേധിക്കപ്പെടുന്നില്ല . ദാവീദിനും നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമായി തന്നെ രാജാവാക്കിയതിനു നന്ദി പ്രകടിപ്പിക്കുന്നതോടോപ്പം തന്റെ കഴിവില്ലായ്മയെക്കുറിച്ചുള്ള അവബോധം തികഞ്ഞ എളിമയോടെ സോളമൻ ഏറ്റു പറയുന്നു (1 രാജാ 3,6-8). "ഭരണപരിചയമില്ലാത്ത ബാലൻ" എന്ന വിശേഷണം സോളമന്റെ പ്രായത്തെയല്ല, തന്നെ ഏല്പിക്കുന്ന ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള തന്റെ അപര്യാപ്തതയെയാണ് സൂചിപ്പിക്കുന്നത്. ദൈവവിളി ലഭിക്കുന്ന പല വ്യക്തികളും ഇപ്രകാരം പ്രതികരിക്കുന്നതായി കാണാം. (ജറെ 1,6; ഏശ 6,5).

വിനയാന്വിതമായ കൃതജ്ഞത പ്രകടനത്തിനുശേഷം സോളമൻ തന്റെ യാചന അവതരിപ്പിക്കുന്നു. "നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നൽകിയാലും". തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം വിശ്വാസതതയോടെ നിറവേറ്റാനുള്ള കഴിവും മാത്രമാണ് സോളമൻ യാചിക്കുന്നത്. "വിവേകം" എന്ന വിവർത്തനം ചെയ്യുന്ന മൂലപദത്തിന്റെയർത്ഥം "ശ്രവിക്കുന്ന ഒരു ഹൃദയം" എന്നത്രെ. വികാരങ്ങളുടെ മാത്രമല്ല, ചിന്തയുടെയും തീരുമാനങ്ങളുടെയും ഉറവിടമാണ് ഹൃദയം. ബൈബിളിൽ. ബുദ്ധി കൊണ്ടു ഗ്രഹിക്കാൻ കഴിയുന്നതിനേക്കാൾ ആഴത്തിൽ ഹൃദയത്തിനു കടന്നു ചെല്ലാനാവും. ഒരു യഥാർത്ഥ ഭരണാധിപനു ഉണ്ടായിരിക്കേണ്ട ഏറ്റം പ്രധാനപ്പെട്ട കഴിവാണ് ഇവിടെ സോളമൻ യാചിക്കുന്നത്. പ്രത്യക്ഷത്തിൽ കാണുകയും തെളിവുകൾ നിരത്തുകയും ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയുകയും ചെയ്യുന്നതിലുപരി കാണാൻ ഭരണാധിപനു കഴിയണം. തന്റെ പ്രജകളിൽ ഓരോരുത്തരുടെയും പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും എല്ലാം പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാൻ ഈ ഹൃദയഭാവം ആവശ്യമാണ്. അതിലുപരി, ദൈവത്തെയും അവിടുത്തെ പദ്ധതികളെയും അറിയാനും ഹൃദയം തന്നെയാണ് ആവ

ശ്യം. ദൈവത്തിന്റെ സ്വരത്തിനും സഹജീവികളുടെ ശബ്ദങ്ങൾക്കും കാതോർക്കുന്ന ഒരു ഹൃദയത്തിനുവേണ്ടി സോളമൻ യാചിച്ചു.

ഈ യാചന ദൈവത്തിന് പ്രീതികരമായി. ദീർഘായുസ്സ്, സമ്പത്ത്, ശത്രുസംഹാരം തുടങ്ങിയവ ആവശ്യപ്പെട്ടിട്ടില്ല എന്ന പ്രസ്താവന ഇത് ഒരു പരീക്ഷണം കൂടെ ആയിരുന്നുവെന്നും തെളിയുന്നു. ചോദിച്ചതും ചോദിക്കാത്തതുംമെല്ലാം ദൈവം സോളമനു നൽകി. "ജ്ഞാനവും വിവേകവും ഞാൻ നിനക്ക് തരും"(1 രാജാ 3,12) എന്ന് വിവർത്തനം ചെയ്യുന്നതിന്റെ മൂലാർത്ഥം "ജ്ഞാനവും വിവേചന ശക്തിയുമുള്ള ഹൃദയം നിനക്കു ഞാൻ തരും" എന്നാണ്. കർത്താവ് തന്റെ ദാനങ്ങൾ സോളമന്റെ മേൽ സമൃദ്ധമായി ചൊരിയുമ്പോൾ ഒരു നിബന്ധന വയ്ക്കുന്നുണ്ട്; "എന്റെ നിയമങ്ങളും കല്പനകളും പാലിക്കുകയും എന്റെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്താൽ" മാത്രമേ ഈ അനുഗ്രഹങ്ങൾ ശാശ്വതമായി ഇരിക്കുകയുള്ളു. കർത്താവിന്റെ വാഗ്ദാനങ്ങൾ നിരുപാധികങ്ങളല്ലെന്നും അവിടുത്തോടു വിശ്വസ്തത പാലിച്ചാൽ മാത്രമേ അവിടുത്തെ സ്നേഹം അനുഭവിക്കാൻ കഴിയുകയുള്ളു എന്നും ഇതിലൂടെ വ്യക്തമാക്കുന്നു.

സ്വപ്നത്തിൽ തനിക്കു ലഭിച്ച വാഗ്ദാനം കർത്താവു തന്നെ നൽകിയതാണെന്നും സോളമന് വിശ്വസിച്ചു. പിന്നീടുള്ള അയാളുടെ പ്രവർത്തനങ്ങൾ പ്രതിഫലിച്ച മഹത്തായ ജ്ഞാനവും വിവേകവും ഈ സത്യത്തിനു സാക്ഷ്യമാകും. ജറുസലോമിൽ മടങ്ങിയെത്തിയശേഷം കർത്താവിനു കൃതജ്ഞതാ സൂചകമായി ദഹനബലികളും സമാധാന ബലികളും അർപ്പിച്ചു. സേവകന്മാർക്കും നൽകിയ വിരുന്ന് (1 രാജാ 3,15) ഈ ബലിയർപ്പണത്തിന്റെ ഭാഗമായിരുന്നു.

**വിചിന്തനം:** എന്തു ചോദിച്ചാലും ലഭിക്കുമെന്ന് അറിയാമായിരുന്നിട്ടും തന്റെ ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ കാര്യം മാത്രമാണ് സോളമൻ ദൈവത്തോട് ചോദിച്ചത്. യേശുനാഥൻ നമുക്കു ഒരു വാഗ്ദാനം നൽകിയിട്ടുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും" (യോഹ 15,16). എന്തൊക്കെയാണ് നാം ദൈവത്തോട് ചോദിക്കുന്നത്? എന്താണ് ചോദിക്കേണ്ടത്? നമുക്കു ആവശ്യമുള്ള ഭൗതികകാര്യങ്ങളുടെ ഒരു പട്ടിക മാത്രമായി നമ്മുടെ പ്രാർത്ഥനകൾ അവസാനിക്കാറുണ്ടോ? ശ്രവിക്കുന്ന ഒരു ഹൃദയത്തിനുവേണ്ടി സോളമൻ യാചിച്ചു. ഹൃദയംകൊണ്ടു ശ്രവിക്കാൻ തുടങ്ങുമ്പോഴെ നമുക്ക് ദൈവത്തിന്റെ സ്വരം തിരിച്ചറിയാനും സഹജീവികളെ സഹോദരങ്ങളായി കാണാനും കഴിയും. നിശബ്ദതയിൽ ദൈവ



ത്തിന്റെ സ്വരത്തിനും കാതോർക്കലായി നമുക്കു പ്രാർത്ഥനയെ കാണാൻ കഴിയുന്നുണ്ടോ? മറ്റുള്ളവരെക്കുറിച്ചും വിധി പറയുന്നതിനു മുമ്പേ അവരെ ഹൃദയംകൊണ്ടു മനസ്സിലാക്കാൻ ശ്രമിക്കണം. ബുദ്ധിക്ക് അതീതമായ സത്യം ഹൃദയംകൊണ്ടു ഗ്രഹിക്കാൻ കഴിയും.

## d. വിവേകപൂർണ്ണമായ വിധിപ്രസ്താവന 1 രാജാ 3,16–28

സോളമനു ലഭിച്ച ജ്ഞാനത്തിന്റെ വ്യക്തമായ ഒരു ഉദാഹരണമാണിത്. രാജ്യത്തെ ഏറ്റം ഉന്നതനായ ന്യായാധിപനാണ് രാജാവ്. അയാളുടെ വിധികൾ അന്തിമമാണ് .തീരുമാനം എടുക്കാൻ വളരെ പ്രയാസമുള്ള ഒരു വ്യവഹാരവുമായിട്ടാണ് രണ്ടു സ്ത്രീകൾ രാജാവിനെ സമീപിക്കുന്നത്. ജനിതകശാസ്ത്രം വികസിച്ചിട്ടില്ലാതിരുന്ന അക്കാലത്ത്, സാക്ഷികളുടെ അഭാവത്തിൽ, കുഞ്ഞിന്റെ മാതൃത്വം തെളിയിക്കുക ഭൗതികമായി അസാധ്യമായിരുന്നു. എന്നാൽ ഹൃദയംകൊണ്ടു ശ്രവിക്കാൻ കഴിവു ലഭിച്ച സോളമൻ തന്റെ പരീക്ഷണം വഴി യഥാർത്ഥ മാതാവിനെ കണ്ടുപിടിച്ചു. വാക്കുകൾക്കും വാദമുഖങ്ങൾക്കും ഉപരി ഹൃദയഭാഗത്തെ ശ്രവിക്കാൻ രാജാവിനു കഴിഞ്ഞു. ഇത് ദൈവത്തിന്റെ പ്രത്യേക ദാനമാണെന്ന് ജനം ഏറ്റുപറഞ്ഞു. "നീതി നടത്തുന്നതിൽ ദൈവിക ജ്ഞാനം രാജാവിനുണ്ട്" (1 രാജാ 3,28) എന്ന ജനത്തിന്റെ ബോധം സോളമന് ഉത്തമനായ രാജാവായി ചിത്രീകരിക്കുന്നു. (സങ്കീ 72,1–2).

**വിചിന്തനം:** സമൂഹത്തിൽ സ്ഥാനമോ സൽപേരോ ഇല്ലാതിരുന്ന രണ്ടു വേശ്യകൾക്കുപോലും പരമോന്നത ന്യായപീഠത്തെ സമീപിക്കാനും നീതി ലഭിക്കാനും കഴിഞ്ഞു. ഇന്നത്തെ നമ്മുടെ നീതിന്യായ കോടതികൾക്ക് ഇപ്രകാരമൊരു ബഹുമതി അവകാശപ്പെടാൻ കഴിയുമോ? രാഷ്ട്രീയ തലത്തിലല്ല, സഭാതലത്തിൽ പോലും ഹൃദയംകൊണ്ടു ശ്രവിക്കുന്ന ന്യായാധിപന്മാരാണ് വിധി പ്രസ്താവിക്കുന്നത് എന്നു പറയാനാവുമോ? അനുദിന ജീവിതത്തിൽ നാം എപ്രകാരമാണ് മറ്റുള്ളവരുടെ പരസ്പര വിരുദ്ധമായ അവകാശവാദങ്ങൾ വിലയിരുത്തുന്നത്?

## e ഭരണസംവിധാനം 1 രാജാ 4,1–19

ദാവീദും പാകിയ അടിത്തറയിന്മേലാണ് സോളമൻ തന്റെ സാമ്രാജ്യം പടുത്തുയർത്തിയത്. അധിക സമയവും യുദ്ധങ്ങൾക്കുവേണ്ടി ചിലവഴിച്ച ദാവീദിന് രാജ്യത്തിന്റെ അഭ്യന്തരകാര്യങ്ങളിൽ ശ്രദ്ധിക്കാൻ സമയം കുറവായിരുന്നു. തന്നെയുമല്ല, ജീവിതത്തിന്റെ രണ്ടാം പകുതിയിൽ കുടുംബപ്രശ്നങ്ങളും ആഭ്യന്തരകലാപങ്ങളും മറ്റു അനർത്ഥങ്ങളും അദ്ദേഹത്തെ ഏറെ അലട്ടുകയും ചെയ്തിരുന്നു. എന്നാലും രാജഭരണ

ത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരു പരിധിവരെ ദാവീദ് ക്രമപ്പെടുത്തിയിരുന്നു. (2 സാമു 8,15–18; 20,23–26). സോളമൻ ഈ സംവിധാനങ്ങൾ അതേപടി സ്വീകരിച്ചു. പല പ്രധാന ഉദ്യോഗസ്ഥന്മാരെയും തന്റെ സംവിധാനത്തിൽ തുടർന്നു നിയമിച്ചു. ദാവീദിന്റെ അംഗരക്ഷസേനയുടെ തലവനായിരുന്ന ബെനായായെ സോളമൻ സർവ്വ സൈന്യാധിപനാക്കി. നടപടി എഴുത്തുക്കാരനായ യഹോഷാഫാത്തിനെ അതേ താസ്തിക തന്നെ ഏല്പിച്ചു. സാദോക്കിനെയും അഭിയാഥറിനെയും പുരോഹിതന്മാരായി തുടർന്ന് സ്വീകരിച്ചു. അബിയാഥറിനെ പിന്നീടു സ്ഥാനഭ്രഷ്ടനാക്കിയതും നാം കണ്ടുകഴിഞ്ഞു. (1 രാജാ 2,27).

ദാവീദിന്റേതിനേക്കാൾ വളരെയേറെ വിപുലമായിരുന്നു സോളമന്റെ ഭരണസംവിധാനം. കേന്ദ്രഭരണത്തിലും പ്രവിശ്യകളുടെ ഭരണസംവിധാനത്തിലും അദ്ദേഹം ഗണ്യമായ പരിഷ്കാരങ്ങൾ നടത്തി. രാജകൊട്ടാരത്തിൽ കേന്ദ്രമാക്കിയുള്ള ഭരണസംവിധാനത്തിൽ ഈജിപ്തിന്റെ മാതൃക വളരെയേറെ അനുകരിച്ചതായി കാണാം. കാര്യ വിചാരകന്മാരിൽ ഒരുവനായ ഷിഷായുടെ പുത്രൻ എലിഹോറെഫ് ഈജിപ്തുകാരനായിരുന്നു എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. അയൽ രാജ്യങ്ങളുമായി സഖ്യങ്ങളിലേർപ്പെട്ട സോളമൻ അവരുടെ ഭരണ സംവിധാനങ്ങളിൽ നല്ലതെന്നു തോന്നിയവ സ്വീകരിക്കുക തികച്ചും സ്വാഭാവികമായിരുന്നു.

1 രാജാ 4, 1–6ൽ നല്കിയിരിക്കുന്നത് രാജാവിന്റെ ഒദ്യോഗിക രേഖകളിൽ നിന്നെടുത്ത ഒരു പട്ടികയാണ്. രാജ്യത്തെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും തസ്തികകളും മാത്രമാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. "രാജാവിന്റെ പ്രധാന സേവകന്മാർ" എന്നത് ഇന്നത്തെ ഭാഷയിൽ മന്ത്രിമാരെന്നോ, വകുപ്പു മേധാവികൾ എന്നോ വിവർത്തനം ചെയ്യാവുന്നതാണ്. ഓരോരുത്തരും കൈകാര്യം ചെയ്ത തസ്തികകൾ ഏവ എന്നു വ്യക്തമല്ല; മലയാള വിവർത്തനം ആ വകുപ്പുകളെക്കുറിച്ച് കാര്യമായ ഒരറിവും പ്രദാനം ചെയ്യുന്നുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രവുമായ സകല കത്തിടപാടുകളുടെയും ഉത്തരവാദിത്വം വഹിക്കുന്നവരെയാണ് കാര്യവിചാരകന്മാർ (Secretary - ഹീബ്രു: സോഫെറിം) എന്നു വിളിക്കുന്നത്. രാജാവിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെയും സ്റ്റേറ്റ് സെക്രട്ടറി അഥവാ വിദേശകാര്യമന്ത്രിയുടെയും സ്ഥാനമാണ് അവർക്കുള്ളത്. രാജാവിന്റെ ഒദ്യോഗിക വക്താവിനെയാണ് നടപടിയെഴുത്തുകാരൻ (Royal herald - ഹീബ്രു: മസ്ക്കീർ എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത്. രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളും വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങളും രാജാവിനെ അറിയിക്കുകയും രാജാ



വിന്റെ തീരുമാനങ്ങൾ ഒദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് ഈ ഉദ്യോഗസ്ഥനാണ്. പ്രവിശ്യകളുടെ ഗവർണ്ണർമാരുടെയെല്ലാം മേൽനോട്ടത്തിന് ഉത്തരവാദപ്പെട്ട ഉന്നതോദ്യോഗസ്ഥനാണ് മേൽവിചാരകൻ. രാജാവിന്റെ ഉപദേഷ്ടാവിനെ തോഴൻ എന്നു വിളിക്കുന്നു.

രാജാവു കഴിഞ്ഞാൽ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥനാണ് കൊട്ടാര വിചാരിപ്പുകാരൻ. പ്രധാനമന്ത്രിയുടെ സ്ഥാനമാണ് അയാൾക്കുള്ളത്. രാജാവിന്റെ പ്രതിനിധിയായി അയാളെ കരുതാം. ഭരണ സംബന്ധമായ സകല കാര്യങ്ങളുടെയും പരമമായ ഉത്തരവാദിത്വം അയാൾക്കായിരുന്നു. കൊട്ടാരത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരൻ എന്നും അയാൾ അറിയപ്പെട്ടിരുന്നു. രാവിലെ കൊട്ടാരത്തിന്റെ പ്രധാന വാതിൽ തുറക്കുകയും വൈകുന്നേരം പൂട്ടുകയും ചെയ്യുക അയാളുടെ ചുമതലയാണ്. അയാൾ വാതിൽ തുറന്നാലേ ഭരണകൂടം പ്രവർത്തനമാരംഭിക്കൂ (ഏശ 22,22). ഈ അർത്ഥത്തിലാണ് യേശുനാഥൻ പത്രോസിനു താക്കോൽ വാഗ്ദാനം ചെയ്തത് (മത്താ 16,19). ഈജിപ്തിൽ ജോസഫിനുണ്ടായിരുന്ന സ്ഥാനവും ഇതായിരുന്നു (ഉൽപ 41,40).

രാജ്യം പന്ത്രണ്ടു പ്രവിശ്യകളായി തിരിച്ച് ഓരോന്നിനും പ്രത്യേകം പ്രത്യേകം അധിപന്മാരെ നിശ്ചയിച്ചതാണ് (1 രാജാ 4,7–18) സോളമന്റെ ഏറ്റം വലിയ ഭരണ പരിഷ്കാരം. ഭരണ കാര്യങ്ങൾക്ക് ആവശ്യമായ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്. ഇതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടായി. പന്ത്രണ്ടു ഗോത്രങ്ങൾ എന്ന ഇസ്രായേൽ ജനത്തിന്റെ അടിസ്ഥാന സംവിധാനം ഇതോടെ തകർന്നു. ഗോത്രാതിർത്തികൾക്ക് യാതൊരു പ്രാധാന്യവും നല്കാതെയാണ് പുതിയ പ്രവിശ്യകൾ രൂപപ്പെടുത്തിയത്. യൂദായും മറ്റു ഗോത്രങ്ങളും തമ്മിൽ പ്രത്യക്ഷമായ ഒരു വിവേചനവും ഈ വിഭജനത്തിൽ കാണാം. യൂദാഗോത്രത്തെ അതേപടി നിലനിർത്തി, ഒരു മേലാധികാരിയെയും നിശ്ചയിച്ചപ്പോൾ മറ്റു ഗോത്രങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം ഉന്മൂലനം ചെയ്യുന്നതായിരുന്നു പുതിയ വിഭജനം. ഗോത്രങ്ങളുടെ സ്വാതന്ത്ര്യം തന്റെ ഭരണത്തിനു ഭീഷണിയാവാതിരിക്കണം എന്നതും സോളമന്റെ ലക്ഷ്യമായിരുന്നു എന്നു തോന്നും. തന്നെയുമല്ല, വടക്കൻ ഗോത്രങ്ങളിൽ നിന്നു മാത്രമേ നികുതി പിരിച്ചതായി പറയുന്നുള്ളു (1 രാജാ 4,7). ആ ഗോത്രങ്ങൾക്ക് രാജഭരണത്തോട് അമർഷമുണ്ടാകാനും സോളമന്റെ മരണത്തിനുശേഷം അവ ഒന്നടങ്കം ദാവീദിന്റെ ഭവനത്തിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കാനും ഇതു കാരണമാവുകയും ചെയ്തു.

## f. സമ്പൽ സമൃദ്ധി 1 രാജാ 4,20-28

സോളമന്റെ ഭരണകാലത്ത് ജനത്തിനുണ്ടായ സമ്പൽസമൃദ്ധിയും ലഭിച്ച സുരക്ഷിതത്വവും വലുതായിരുന്നു. അസംഖ്യമായ സന്തതികളെയും ദേശത്തെയുംക്കുറിച്ച് ദൈവം അബ്രഹാമിനു നല്കിയ വാഗ്ദാനം (ഉൽപ 13,16; 15,5.18) പൂർത്തിയായി എന്ന് 1 രാജാ 4,20-21ൽ സൂചിപ്പിക്കുന്നു. യൂദാ, ഇസ്രായേൽ എന്ന് വേർതിരിച്ചു പറയുന്നത് രാജ്യം പിളർന്നതിനുശേഷമുള്ള പശ്ചാത്തലത്തിൽ നിന്ന് എഴുതുന്നതുകൊണ്ടാണ്. യൂദാ ഒഴികെ മറ്റു ഗോത്രങ്ങളെല്ലാം എന്നാണ് ഇവിടെ 'ഇസ്രായേൽ" എന്ന പേരുകൊണ്ടു വിവക്ഷിക്കുന്നത്. സോളമൻ അയൽ രാജ്യങ്ങളുമായി സമാധാനത്തിൽ കഴിഞ്ഞു എന്നും ജനത്തിനു സുരക്ഷിതത്വം ലഭിച്ചു എന്നും പ്രത്യേകം എടുത്തു പറയുന്നു ( 1 രാജാ 4,24-25). മുന്തിരിയും അത്തിയും കൃഷിചെയ്തു (1 രാജാ 4,25) എന്നതു വ്യാഖ്യാനമാണ്. ഓരോരുത്തരും താന്താങ്ങളുടെ മുന്തിരിയുടെയും അത്തിയുടെയും തണലിൽ സുരക്ഷിതരായി കഴിഞ്ഞു എന്നാണ് ഹീബ്രുമൂലം. ക്ലേശരഹിതവും സമ്പൽസമൃദ്ധവും സമാധാനപൂർണ്ണവുമായ ഒരു ജീവിതത്തിന്റെ ചിത്രമാണിത്.

സോളമന്റെ അനുദിനച്ചിലവ് രാജകൊട്ടാരവുമായി ബന്ധപ്പെട്ട സകല ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന വലിയ ഭരണകൂടത്തിന്റെ ചിലവാണ്. 450 ലിറ്ററാണ് ഒരു കോർ. ഏകദേശം 40 ടൺ ധാന്യം വേണ്ടിവരും ഒരു ദിവസത്തെ കൊട്ടാരച്ചിലവിന്. തേരും കുതിരയും സോളമനു പ്രത്യേക താല്പര്യമുള്ള വിഷയമായിരുന്നു. ദാവീദ് അവയെ യുദ്ധത്തിന് ഉപയോഗിച്ചിരുന്നില്ല. എന്നാൽ സോളമൻ ശക്തമായ കുതുരപ്പടയും തേർപ്പടയും രാജ്യത്തിന്റെ പല ഭാഗത്തായി ഒരുക്കി നിർത്തിയിരുന്നു. സോളമന്റെ കുതിരവ്യാപാരത്തെയും അശ്വസൈന്യത്തെയുംക്കുറിച്ച് വിശദമായി പിന്നീട് പ്രതിപാദിക്കുന്നതാണ് (1 രാജാ 10,26-29; 2 ദിന 1,16-17).

വിശാലമായ ഭരണകൂടത്തിന്റെയും വിപുലമായ സൈന്യ സന്നാഹങ്ങളുടെയും എല്ലാം ഭാരം താങ്ങേണ്ടിവന്നത് സാധാരണ ജനമാണ്; അതും വടക്കൻ ഗോത്രങ്ങൾ. ജനം സന്തുഷ്ടരായി കഴിഞ്ഞു എന്നു പറയുമ്പോഴും 1 രാജാ 4,21ൽ നല്കുന്ന രണ്ടു സൂചനകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. സോളമന്റെ ജീവിത കാലം മുഴുവൻ ജനം അവന് കാഴ്ചകളർപ്പിച്ചു. 2. ജനം അവനെ സേവിച്ചു. ജനത്തെ സേവിക്കാനായി നിയോഗിക്കപ്പെട്ടവനാണ് രാജാവ്. എന്നാൽ ജനം അവനെ സേവിക്കേണ്ടിവന്നിരിക്കുന്നു. സാമുവേൽ വഴി കർത്താവു നല്കിയ താക്കീതുകൾ ( 1സാമു 8,10-17) ഒന്നൊന്നായി നിറവേറുന്നതിന്റെ സൂചനയാണ് വി.ഗ്രന്ഥകാരൻ ഇവിടെ നല്കുന്നത്.



## g. ജ്ഞാനം 1 രാജാ 4,29-34

അതിശയോക്തി കലർന്ന ഒരു വിവരണത്തോടെയാണ് സോളമന്റെ ജ്ഞാനത്തെക്കുറിച്ചുള്ള പ്രതിപാദനം ഇവിടെ ഉപസംഹാരിക്കുന്നത്. ഈ വിഷയം വീണ്ടും 1 രാജാ 10-11 അധ്യായങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. ഗിബയോനിൽ വച്ചു കർത്താവു നല്കിയ വാഗ്ദാനം പ്രതീക്ഷയെ മറികടക്കുന്ന വിധത്തിൽ നിറവേറി. "കടൽത്തീരം പോലെ വിശാലമായ ഹൃദയം" (1 രാജാ 4,29) അതി വിശാലമായ ജ്ഞാനത്തെ സൂചിപ്പിക്കുന്നു. അതിന്റെ ഉദാഹരണമാണ് 1 രാജാ 4,33ൽ നല്കിയിരിക്കുന്നത്. അന്ന് അറിയപ്പെട്ടിരുന്ന സകല ജ്ഞാനികളെയുംകാൾ ഉന്നതനായിരുന്നു സോളമൻ. അയാളുടെ ജ്ഞാനം അനുഭവിച്ചറിയാൻ വിദൂര ദേശങ്ങളിൽ നിന്നുപോലും ആളുകൾ ജെറുസലേമിലേക്കു വന്നു. സസ്യങ്ങളെയും ജന്തുക്കളെയുംക്കുറിച്ചുള്ള സോളമന്റെ ജ്ഞാനം പ്രത്യേകം എടുത്തു പറയുന്നു. പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിച്ച് അറിവു സമ്പാദിക്കുകയും പ്രായോഗിക പാഠങ്ങൾ പഠിക്കുകയും ജ്ഞാനികളുടെ സ്വഭാവ സവിശേഷതയായിരുന്നു. സുഭാ 30 ഉദാഹരണമാണ്. സസ്യങ്ങളെ കഥാപാത്രങ്ങളാക്കി അന്യാപദേശങ്ങൾ രചിക്കുന്നതിന്റെ ഉദാഹരണങ്ങളും ബൈബിളിൽ കാണാം (ന്യായാ 9,8-15; 2 രാജാ 14,9).

കല, സാഹിത്യം, ശാസ്ത്രം മുതലായവയെ പ്രോത്സാഹിപ്പിക്കുക രാജാക്കന്മാർക്കു പതിവായിരുന്നു. മഹാജ്ഞാനിയായ സോളമൻ ഇവയ്ക്കെല്ലാം വലിയ പ്രാധാന്യം നല്കി. അളവറ്റ സമ്പത്തും അനേകം രാജ്യങ്ങളുമായി നയതന്ത്ര ബന്ധങ്ങളും ഉണ്ടായിരുന്ന സോളമന് അന്നു ലഭ്യമായ സകല അറിവുകളും ശേഖരിക്കുക പ്രായേണ എളുപ്പമായിരുന്നു. വിവിധഭാഷകളിലും വിവിധ ജനതകളുടെ ജ്ഞാനശേഖരങ്ങളിലും പ്രാവീണ്യം നേടാൻ ഉപയുക്തമായ ഗ്രന്ഥപ്പുരകളും മൃഗശാലകളും പഠനകേന്ദ്രങ്ങളും സോളമൻ സ്ഥാപിച്ചു എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. വിവിധ ദേശങ്ങളിൽ നിന്നുള്ള ജ്ഞാനികൾ സോളമന്റെ സദസിനെ അലങ്കരിച്ചു. അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാർ ജ്ഞാനത്തിന്റെ വിവിധ മേഘലകളിൽ പ്രാവീണ്യം നേടിയിരുന്നു. ഇതെല്ലാം സോളമന്റെ ജ്ഞാനത്തിന്റെ പ്രകടനമായി കരുതുന്നു. ഇവരുടെയെല്ലാം പ്രയത്നഫലങ്ങൾ സോളമന്റെ നേട്ടമായി പരിഗണിക്കപ്പെട്ടു. അങ്ങനെ സോളമന്റെ ഭരണകാലത്ത് ജറുസലെം ലോകത്തിലെ ഒരു പ്രധാന സാംസ്കാരിക കേന്ദ്രമായി മാറി.

## ചോദ്യങ്ങൾ

1. സോളമന്റേതായി ബൈബിൾ എടുത്തുകാട്ടുന്ന ഏറ്റം വലിയ ഗുണ വിശേഷം എന്ത്?
2. ജ്ഞാനം എന്നതുകൊണ്ട് ബൈബിളിൽ എന്താണ് അർത്ഥമാക്കുന്നത്?
3. സോളമൻ ഫറവോയുടെ മകളെ വിവാഹം ചെയ്തു. എന്തായിരുന്നു ഈ വിവാഹത്തിന്റെ ലക്ഷ്യം? ഈജിപ്തിന്റെയും ഇസ്രായേലിന്റെയും അവസ്ഥയെക്കുറിച്ച് എന്തറിവാണ് ഈ സംഭവത്തിൽ നിന്നും ലഭിക്കുക?
4. എന്താണ് പൂജാഗിരി? സോളമൻ പൂജാഗിരിയിൽ ബലിയർപ്പിച്ചു എന്ന് എടുത്തു പറയുന്നതെന്തുകൊണ്ട്?
5. സോളമന്റെ യാചന ദൈവത്തിനു പ്രീതികരമായത് എന്തുകൊണ്ട്?
6. സോളമനു നല്കിയ ദാനങ്ങളോടൊപ്പം കർത്താവു വച്ച നിബന്ധനകൾ എന്തായിരുന്നു? അതിൽ നിന്ന് എന്തു പാഠമാണ് നമുക്കു ലഭിക്കുക?
7. ഏതെല്ലാം മേഖലകളിലാണ് സോളമന്റെ ജ്ഞാനം പ്രകടമായത്? ഉദാഹരണസഹിതം വിശദീകരിക്കുക.
8. സോളമന്റെ ഭരണപരിഷ്കാരങ്ങൾ ഇസ്രായേൽ ജനത്തിന്റെ സാമൂഹിക ഘടനയെ എപ്രകാരം സ്വാധീനിച്ചു? വ്യക്തമാക്കുക.

**ചർച്ചയ്ക്ക്:** സോളമന്റെ സമ്പൽസമൃദ്ധിയെക്കുറിച്ചുള്ള പരാമർശത്തിൽ നിന്ന് സാമാന്യജനത്തിന്റെ ജീവിതത്തെക്കുറിച്ച് എന്ത് ഉൾക്കാഴ്ചയാണ് ലഭിക്കുന്നത്? സോളമന്റെ സാമ്പത്തിക നയങ്ങളെ നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന സാമ്പത്തിക നയങ്ങളും അവയുടെ പരിണിത ഫലങ്ങളുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** യഥാർത്ഥ ജ്ഞാനത്തിനുവേണ്ടി ജ്ഞാനം 9 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 3. ദേവാലയം
## 1 രാജാ 5,1-9, 9; 2 ദിന 2,1-7,22

നീതിപാലനം, ഭരണസംവിധാനം, സാഹിത്യം, ശാസ്ത്രം മുതലായ മേഖലകളിൽ പ്രകടമായ സോളമന്റെ ജ്ഞാനത്തെക്കുറിച്ചാണ് 1 രാജാ 3-4ൽ വിവരിച്ചത്. നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ദൃശ്യമായ ജ്ഞാനത്തെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുന്നു. രാജാക്കന്മാരുടെയും ഭരണാധിപന്മാരുടെയും ജ്ഞാനവും മഹത്വവും പ്രശസ്തിയും നൂറ്റാണ്ടുകളിലൂടെ വിളിച്ചറിയിക്കുന്ന സ്മാരകങ്ങളാണ് അവർ പണികഴിപ്പിച്ച കെട്ടിടങ്ങൾ. ഇക്കാര്യത്തിലും സോളമൻ മറ്റാരുടെയും പിന്നിലായിരുന്നില്ല. ഇസ്രായേൽ ജനം സോളമൻ രാജാവിനെ ഏറ്റം അധികം പ്രശംസിക്കുന്നതും നന്ദിയോടെ സ്മരിക്കുന്നതും അദ്ദേഹം പണികഴിപ്പിച്ച ദേവാലയത്തിന്റെ പേരിലാണ്. അദ്ദേഹത്തിന്റെ ചെയ്തികളെക്കുറിച്ചുള്ള വിവരണത്തിൽ പകുതിയിലേറെ സ്ഥലം ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകത്തിൽ ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തിനു മധ്യത്തിൽ കൊട്ടാരങ്ങളെക്കുറിച്ച് ചെറിയ ഒരു വിവരണം നല്കിയിട്ടുണ്ട് (1 രാജാ 7,1-12). ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഈ വിവരണം കാണുന്നില്ല. ഇതൊഴിച്ചാൽ രണ്ടു പുസ്തകങ്ങളിലും കാര്യമായ വ്യത്യാസങ്ങൾ കൂടാതെ ഒരേ തരത്തിലുള്ള വിവരണമാണ് നല്കിയിരിക്കുന്നത്. ചുരുക്കമായി പ്രത്യക്ഷപ്പെടുന്ന വ്യത്യാസങ്ങൾ അതതിടത്ത് എടുത്തുകാണിക്കുന്നതാണ്.

ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണം മൂന്നു ഭാഗങ്ങളായി തിരിക്കാം. a. ദേവാലയ നിർമ്മാണത്തിന് ഒരുക്കം. b. ദേവാലയ നിർമ്മാണം. c. ദേവലായ പ്രതിഷ്ഠ. ദേവാലയത്തിന്റെയും രാജകൊട്ടാരത്തിന്റെയും പ്രൗഢിയെയും മനോഹാരിതയെയുംക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിനു നല്കേണ്ടിവന്ന വിലയെയും അതു ജനത്തിലുളവാക്കിയ പ്രതികരണത്തെയുംക്കുറിച്ച് വി.ഗ്രന്ഥകാരൻ അങ്ങിങ്ങായി ചില സൂചനകൾ നല്കുന്നുണ്ട്. ആദ്യ വായനയിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന ഈ സൂചനകൾ ദേവാലയത്തെയും സോളമന്റെ ഇതര പ്രവർത്തനങ്ങളെയും അവയുടെ പ്രത്യാഘാതങ്ങളെയുംക്കുറിച്ച് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലിന് സഹായിക്കും.

**a. ദേവാലയ നിർമ്മാണത്തിന് ഒരുക്കം 1 രാജാ 5,1–18; 2 ദിന 2, 1–18**

ദേവാലയവും കൊട്ടാരവും നിർമ്മിക്കാൻ ആവശ്യമായ വസ്തുക്കളും മനുഷ്യശക്തിയും സമാഹരിച്ചതിന്റെ വിവരണത്തോടെയാണ് ദേവാലയത്തെക്കുറിച്ചുള്ള പ്രതിപാദനം ആരംഭിക്കുന്നത്. രണ്ടു പുസ്തകങ്ങളുടെയും വിവരണങ്ങളിൽ പൊതുവെ ഐക്യമുണ്ടെങ്കിലും വിശദാംശങ്ങളിലും ഊന്നലുകളിലും വ്യത്യാസം കാണാം. ദാവീദുരാജാവ് തന്റെ മരണത്തിനുമുമ്പേ ദേവാലയ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾ ശേഖരിച്ചു വച്ചു എന്ന് 1 ദിന 22,5.14–15ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെക്കുറിച്ചു യാതൊരു സൂചനയും നല്കാതെയാണ് ഇവിടെ വസ്തുസമാഹരണം വിവരിക്കുന്നത്. ദിനവൃത്താന്തഗ്രന്ഥത്തിലെ പരാമർശം അതിശയോക്തി കലർന്നതാണ്. ദാവീദു സംഭരിച്ചവ അപര്യപ്തമായതിനാണല്ലോ സോളമൻ വിപുലമായ വസ്തുസമാഹാരണത്തിനു തുനിഞ്ഞത്.

കെട്ടിട നിർമ്മാണത്തിന് അന്നു ലഭ്യമായ ഏറ്റം വിശിഷ്ട മരമായിരുന്നു ദേവദാരുവാണ് സോളമൻ ഉപയോഗിച്ചത്. ഈട്ടിയുടെ നിറവും തേക്കിന്റെ ഉറപ്പും ചന്ദനത്തിന്റേതുപോലുള്ള സുഗന്ധവും ഉള്ള മരമാണ് ദേവദാരു (Cedar). ലെബനോൺ മലകളിൽ സമൃദ്ധമായി വളർന്നിരുന്ന ഈ മരം മധ്യധരണ്യാഴിയുടെ ചുറ്റുപാടുമുള്ള രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നത് തുറമുഖ നഗരമായ ടയിറിൽ നിന്നാണ്. ലെബനോൺ പർവ്വത നിരകളും വനങ്ങളും ടയിറിന്റെ ആധിപത്യത്തിൽ കീഴിലായിരുന്നു. ദേവദാരു കയറ്റി അയയ്ക്കുന്നതിൽ മാത്രമല്ല, കെട്ടിട നിർമ്മാണം, കപ്പൽ നിർമ്മാണം, മരംകൊണ്ടും വിവിധയിനം ലോഹങ്ങൾ കൊണ്ടുമുള്ള ശില്പവേല മുതലായവയിൽ അതി സമർത്ഥരായ ശില്പികളുടെ കാര്യത്തിലും ടയിർ ലോകപ്രശസ്തിയാർജിച്ചിരുന്നു. അതിനാൽ ടയിർ രാജാവുമായി ഒരു കരാർ ഉണ്ടാക്കുകയാണ് സോളമൻ ആദ്യമേ ചെയ്തത്.

സോളമന്റെ അന്താരാഷ്ട്ര നയതന്ത്ര ബന്ധങ്ങളുടെയും അദ്ദേഹം ഏർപ്പെട്ട ഉടമ്പടികളുടെയും ഒരു ഉദാഹരണമാണ് ടയിർ രാജാവായ ഹീരാമുമായി ചെയ്ത ഉടമ്പടി. രണ്ടു പുസ്തകങ്ങളും ഇതിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം കൂടുതൽ വസ്തു നിഷ്ഠവും കാര്യമാത്ര പ്രസക്തവുമാണ്. ദൈവശാസ്ത്രപരമായ വിചിന്തനങ്ങൾ ചുരുക്കമായേ നല്കുന്നുള്ളൂ. ദിനവൃത്താന്ത്രഗ്രന്ഥത്തിലെ വിവരണത്തിൽ ദേവാലയത്തെ സംബന്ധിച്ച് സാമാന്യം



ദീർഘമായ ഒരു വിചിന്തനം ഉൾക്കൊള്ളിച്ചിരിക്കുന്നു (2 ദിന 2,4–6).

ദാവീദുമായുണ്ടായിരുന്ന നയതന്ത്ര ബന്ധം (2 സാമു 5,11) സോളമനുമായി തുടരാനുള്ള താല്പര്യം പ്രകടമാക്കുന്നതാണ് ഹീരാം അയച്ച അനുമോദന സന്ദേശം (1 രാജാ 5,1). ഈ അവസരം ഉപയോഗിച്ചു കൊണ്ട് സോളമൻ തന്റെ താല്പര്യങ്ങൾ ഹീരാമിനെ അറിയിച്ചു (1 രാജാ 5,2–6). "എനിക്കു പ്രതിയോഗിയില്ല" ദൗർഭാഗ്യവുമില്ല. കർത്താവ് എനിക്കു സമാധാനം നല്കിയിരിക്കുന്നു" (1 രാജാ 5,4) എന്ന ആമുഖവാക്യം സോളമന് അനുകൂലമായ അന്താരാഷ്ട്ര സാഹചര്യങ്ങളെ സൂചിപ്പിക്കുന്നു. ഈജിപ്തും മെസൊപൊട്ടാമിയായും ദുർബലമായിരുന്നു. ചുറ്റുപാടുമുള്ള കൊച്ചു രാജ്യങ്ങളുടെമേൽ ദാവീദ് ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഈജിപ്തിനും മെസൊപൊട്ടാമിയായ്ക്കും മധ്യേയുള്ള അതിവിശാലമായ ഭൂപ്രദേശം മുഴുവൻ സോളമന്റെ നിയന്ത്രണത്തിലായി. ആ പ്രദേശത്തുകൂടെ കടന്നുപോകുന്ന വാണിജ്യപാതകളുടെ പരിപൂർണ്ണ നിയന്ത്രണം സോളമനുണ്ടായിരുന്നു. ദേവാലയ നിർമ്മാണത്തിനാവശ്യമായ തടിയെക്കുറിച്ചു മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

ദേവാലയത്തോടൊപ്പം രാജകൊട്ടാരവും പണിയാൻ സോളമൻ തീരുമാനിച്ചതായും അവയ്ക്കെല്ലാം ആവശ്യമായ മരം മാത്രമല്ല, ശില്പവേലകൾക്കു നേതൃത്വം നല്കാൻ കഴിവുള്ള വിദഗ്ദ്ധ ശില്പികളെയും ടയിറിൽ നിന്നും ഇറക്കുമതി ചെയ്യാൻ ആഗ്രഹിച്ചുവെന്നും ദിനവൃത്താന്തഗ്രന്ഥത്തിൽ എടുത്തുപറയുന്നു (2 ദിന 2,1.7). തടിക്കുപുറമേ സ്വർണ്ണവും സോളമൻ ഹീരാമിൽ നിന്നു വാങ്ങിയതായി 1 രാജാ 9,14ൽ സൂചിപ്പിക്കുന്നുണ്ട്. തനിക്ക് ആവശ്യമായ വിഭവങ്ങളുടെയും സേവനങ്ങളുടെയും വിലയായി ടയിർ രാജാവിനു പ്രതിവർഷം ഇരുപതിനായിരം കോർ (ഏകദേശം പതിനായിരം ടൺ) ഗോതമ്പും ഇരുപതിനായിരം ബത് (ഏകദേശം പത്തുലക്ഷം ലിറ്റർ) ഒലിവെണ്ണയും നല്കാമെന്ന് സോളമൻ വാഗ്ദാനം ചെയ്തു (1 രാജാ 5,11). ഇത് ഹീരാമിന്റെ ഗാർഹികാവശ്യങ്ങൾക്കാണെന്ന പരാമർശം ടയിർ രാജാവിന്റെയും സോളമന്റെയും ഭരണച്ചിലവ് ഏതാണ്ട് തുല്യമായിരുന്നു എന്നു സൂചിപ്പിക്കുന്നു. ഇതിനു പുറമെ ഇരുപതിനായിരം കോർ ബാർലിയം ഇരുപതിനായിരം ബത് വീഞ്ഞും കരാറിന്റെ ഭാഗമായിരുന്നെന്ന് 2 ദിന 2,10ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ലെബനോൺ മലകളിൽ നിന്നു മുറിക്കുന്ന മരം ഏകദേശം അമ്പതു കിലോമീറ്ററോളം അകലെയുള്ള ടയിർ തുറമുഖത്ത് എത്തിക്കണം. അവിടെനിന്ന് ചങ്ങാടങ്ങളാക്കി ഏകദേശം ഇരുന്നൂറു കിലോമീറ്റർ

തെക്കുള്ള യോപ്പാ തുറമുഖത്തേക്കു കടൽ മാർഗ്ഗം കൊണ്ടുവരണം. ഇന്ന് ഈ തുറമുഖം ജാഫാ എന്ന പേരിൽ അറിയപ്പെടുന്നു. പിന്നീട് കുന്നും മലയും കടന്ന് അറുപതോളം കിലോമീറ്റർ അകലെയുള്ള ജറുസലെമിൽ എത്തിക്കണം. മരം മുറിച്ച് ടയിറിൽ എത്തിക്കുന്നതിനുമാത്രം ടയിർ രാജാവിന്റെ വേലക്കാരോടൊപ്പം പതിനായിരം പേർ വീതമുള്ള മൂന്നു സംഘങ്ങളെ സോളമൻ അയച്ചുകൊണ്ടിരുന്നു. തടിക്കുവേണ്ടി നിയോഗിച്ചതിനേക്കാൾ അനേകമടങ്ങ് ആളുകളെ കല്ലുവെട്ടാനും ചുമക്കാനുമായി നിയോഗിക്കേണ്ടിവന്നു. ഒരു ലക്ഷത്തി അമ്പതിനായിരം തൊഴിലാളികളാണ് ഇതിനായി നിയോഗിക്കപ്പെട്ടത്. (1 രാജാ 5,15). പതിനഞ്ചടിയിൽ കൂടുതൽ നീളവും അഞ്ചു ടൺ മുതൽ പത്തുടൺവരെ ഭാരവുമുള്ള വലിയ കല്ലുകളാണ് ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും അടിത്തറ പണിയാൻ ഉപയോഗിച്ചത് (1 രാജാ 5,17-18). ആധുനിക യന്ത്ര സാമഗ്രികളൊന്നും ഇല്ലാതിരുന്ന അക്കാലത്ത് ഇത്രമാത്രം ഭാരം വഹിക്കുന്നതിനുവേണ്ടി വന്ന മനുഷ്യശേഷി എത്രയെന്ന് കണക്കാക്കുക പ്രയാസം. ദേവാലയത്തിനും രാജകൊട്ടാരത്തിനും പുറമെ ദേശത്ത് ഉടനീളം സംഭരണ ശാലകൾ, കോട്ടകൾ, ഘനികൾ, വ്യവസായ ശാലകൾ, കപ്പൽ നിർമ്മാണ ശാലകൾ തുടങ്ങി അനേകം നിർമ്മാണ പ്രവർത്തനങ്ങളിലും സോളമൻ ഏർപ്പെട്ടു (1 രാജാ 9,15-19.26).

അതിബൃഹത്തായ ഈ നിർമ്മണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വേലക്കാരെ കണ്ടെത്തിയ വിധവും വി.ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. ലെബനോണിലേക്ക് അയച്ച് മുപ്പതിനായിരം പേർ ഇസ്രായേൽക്കാരായിരുന്നു (1 രാജാ 5,14). "ഇസ്രായേലിന്റെ എല്ലാ ഭാഗത്തു നിന്നും" എന്നുള്ള വിശദീകരണം യൂദാ ഒഴികെയുള്ള ഇസ്രായേൽ ഗോത്രങ്ങളെയാണ് സൂചിപ്പിക്കുന്നത്. പതിനായിരം പേർ അടങ്ങുന്ന ഓരോ സംഘത്തെ മാസം തോറും ലബനോണിലേയ്ക്ക് അയയ്ക്കും. അവർ ഒരു മാസം മരം മുറിക്കണം. രണ്ടു മാസം സ്വന്തം വീടുകളിൽ അവർക്കു കഴിയാം. അതിനുശേഷം വീണ്ടും ലെബനോണിലേക്ക്. അങ്ങനെ ആണ്ടിൽ നാലു മാസം രാജാവിനുവേണ്ടി ഭക്ഷണം മാത്രം കൂലിയായി സ്വീകരിച്ച് വേല ചെയ്യണം. ലെബനോൺ മലകളിലേക്കും അവിടെനിന്നു തിരിച്ചു സ്വന്തം വീടുകളിലേക്കും കാൽ നടയായി അഞ്ഞൂറിൽപരം കിലേമീറ്റർ യാത്രചെയ്യാൻ വേണ്ടിവരുന്ന സമയം ഇതിൽ പെടുന്നില്ല. പ്രയോഗത്തിൽ സ്വന്തം കുടുംബകാര്യങ്ങൾക്കായി മാറ്റിവയ്ക്കാൻ അവർക്കു സമയം ലഭിച്ചിരുന്നില്ല. ഇതിനെ നിർബന്ധിത രാജസേവനമായി കരുതുന്നു. ഇസ്രായേൽക്കാരെ അടിമകളാക്കിയില്ല (1 രാജാ 9,22) എന്നു



പറയുന്നുണ്ടെങ്കിലും അടിമകളുടേതിനേക്കാൾ ഒട്ടും മെച്ചമായിരുന്നില്ല ഇവരുടെ അവസ്ഥ.

ഇസായേൽ രാജ്യാതിർത്തിക്കുള്ളിൽ വാസമുറപ്പിച്ചിരുന്ന സകല വിദേശീയരേയും സോളമൻ അടിമകളാക്കി (2 ദിന 2,17-18),. വേലക്കാരുടെ മേൽനോട്ടം വഹിച്ചിരുന്നവരുടെ എണ്ണത്തിൽ രണ്ടു പുസ്തകങ്ങളും തമ്മിൽ അന്തരമുണ്ട്. മൂവായിരത്തി മുന്നൂറ് എന്ന് 1 രാജാ 5,16 ലും മൂവായിരത്തി അറുനൂറ് എന്ന് 2 ദിന 2,2.18ലും രേഖപ്പെടുത്തിയിരിക്കുന്നു. അടിമവേലയുടെ മുഴുവൻ ഉത്തരവാദിത്വം വഹിച്ച മന്ത്രിയായിരുന്നു അദോനിറാം. സോളമന്റെ മരണത്തിനു ശേഷമുണ്ടായ കലാപത്തിൽ വടക്കൻ ഗോത്രങ്ങൾ ഇയാളെ കല്ലെറിഞ്ഞു കൊന്നതിൽ നിന്ന് (1 രാജാ 12,18) ഈ സംവിധാനത്തെയും ഇതിന്റെ മേലാളന്മാരെയിം ജനം എത്രമാത്രം വെറുത്തിരുന്നു എന്ന് വ്യക്തമാകുന്നു. ദേശം വിഭജിക്കപ്പെടാനുണ്ടായ മുഖ്യകാരണവും ഈ അടിമവേലയായിരുന്നു ( 1രാജാ 12,3-4).

ദേവാലയ നിർമ്മാണത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണം (2 ദിന 2,4-6) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജറുസലെം ദേവാലയം ദൈവത്തിന്റെ വാസസ്ഥലമാണെന്ന ഒരു ധാരണ ജനമധ്യത്തിൽ പ്രചരിച്ചിരുന്നു. എന്നാൽ സ്വർഗ്ഗത്തിനുപോലും ഉൾക്കൊള്ളാൻ കഴിയാത്തവനാണ് ദൈവം. സർവ്വ വ്യാപിയും അതേ സമയം സർവ്വത്തിനും അതീതനുമായ ദൈവത്തിനുവേണ്ടി ഒരാലയം പണിയാനോ അവിടുത്തെ സാന്നിധ്യം ഒരു ആലയത്തിൽ ഒതുക്കി നിർത്താനോ കഴിയുകയില്ല. കർത്താവിനു ബലിയർപ്പിക്കാനുള്ള ഒരു സ്ഥലം മാത്രമാണ് ദേവാലയം എന്ന് പ്രത്യേകം എടുത്തു പറയുന്നതിലൂടെ ദേവാലയത്തെ സംബന്ധിച്ച അന്ധവിശ്വാസത്തിനു തടയിടുന്നു. ഈ ആശയം സോളമന്റെ പ്രാർത്ഥനയിൽ ആവർത്തിക്കുന്നുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ചയാളെ ഹീരാം എന്ന് 2 രാജാ 7,14ലും ഹൂരാം അബി എന്ന് 2 ദിന 2,13ലും വിളിക്കുന്നു. അയാളുടെ മാതാവ് നഫ്താലി ഗോത്രത്തിലെ ഒരു വിധവ ആയിരുന്നു എന്ന് രാജാക്കന്മാരുടെ പുസ്തകത്തിലും ദൻ ഗോത്രജയെന്ന് ദിനവൃത്താന്ത ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. സോളമൻ നടപ്പാക്കിയ ദേശത്തിന്റെ പുതിയ വിഭജനത്തിനുശേഷം ദാൻ ഗോത്രത്തിന്റെ ഭൂപ്രദേശങ്ങൾ "നഫ്താലി പ്രദേശം" എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനാലാവാം ഈ വ്യത്യാസം. ഹൂരാം അബിക്കു നല്കിയിരിക്കുന്ന വിശേഷണങ്ങൾ (2 ദിന 2,7.14; 1 രാജാ 7,14) കൂടാരശില്പിയായ ബസാലേലിനെ (പുറ 31,25) അനുസ്മരിപ്പിക്കുന്നു.

## b. ദേവാലയ നിർമ്മാണം 1 രാജാ 6,1–7, 51; 2 ദിന 3,1–5,1

ദേവാലയത്തിന്റെയും ദേവാലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും നിർമ്മാണത്തെക്കുറിച്ച് രണ്ടു പുസ്തകങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിലേതിനേക്കാൾ ഹ്രസ്വമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. ദേവാലയ നിർമ്മാണത്തിന്റെ വിവരണത്തിനിടയിൽ രാജകൊട്ടാരത്തിന്റെ നിർമ്മാണത്തെക്കുറിച്ചും രാജാക്കന്മാരുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട് (1 രാജാ 7,1–12). ഈ വിവരണം ദിനവൃത്താന്ത ഗ്രന്ഥകാരൻ മുഴുവനായി ഉപേക്ഷിച്ചിരിക്കുന്നു.

ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും ഘടനയെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതുപോലൊന്നു പണിയാനോ ആ കെട്ടിടങ്ങളെ വ്യക്തമായി വിഭാവനം ചെയ്യാനോ കഴിയുന്നത്ര വിശദാംശങ്ങൾ ഈ വിവരണങ്ങളിലില്ല. ഒരേവളപ്പിൽത്തന്നെയാണ് കെട്ടിടങ്ങളെല്ലാം പണിതത്. ദൈവാരാധനയും രാജഭരണവും പരസ്പരം അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഈ സാമീപ്യവും ഇവയുടെ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണവും. ദേവാലയത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും രാജകൊട്ടാരത്തിന്റെയും മനോഹാരിതയും അതിനുവേണ്ടി ചിലവഴിച്ച ധനവും അദ്ധ്വാനവും വിവരിക്കുമ്പോൾ ഇവയെല്ലാം നഷ്ടപ്പെട്ട് പ്രവാസത്തിൽ കഴിയുന്ന ജനത്തിനു തങ്ങളുടെ ഗതകാല മഹത്വത്തെക്കുറിച്ച് വി.ഗ്രന്ഥകാരൻ ആത്മാഭിമാനം പകരുന്നു. തങ്ങൾക്കു സംഭവിച്ച നഷ്ടത്തിന്റെ മധ്യേ ചേർത്തിട്ടുണ്ട് (1 രാജാ 6,11–14). സോളമന്റെ കാലത്തു തന്നെ എഴുതി സൂക്ഷിച്ചിരുന്ന രേഖകളെ അടിസ്ഥാനമാക്കിയാണ് ഈ വിവരണം രചിച്ചിരിക്കുന്നത്. എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ ഐക്യമുണ്ട്.

### i. ദേവാലയ നിർമ്മാണത്തിന്റെ തുടക്കം 1 രാജാ 6,1

ഇസ്രായേലിനെ ദൈവജനമായി രൂപപ്പെടുത്തിയ പുറപ്പാടു സംഭവത്തോടു ബന്ധിപ്പിച്ചുകൊണ്ടാണ് ദേവാലയ നിർമ്മാണത്തിന്റെ വിവരണം ആരംഭിക്കുന്നത്. നാനൂറ്റി എൺപതാം വർഷം എന്നത് അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടതെന്നു ഭൂരിഭാഗം വ്യാഖ്യാതാക്കളും കരുതുന്നു. നാല്പതു വർഷമാണ് ഒരു തലമുറയായി കണക്കാക്കുക. അങ്ങനെ പന്ത്രണ്ടു തലമറകൾക്കുശേഷം ദേവാലയ നിർമ്മാണം തുടങ്ങുന്നു. ഇവിടെ നിന്ന് മുന്നോട്ട് പന്ത്രണ്ടു തലമുറകൾ കഴിയുമ്പോൾ



ബാബിലോൺ പ്രവാസം ആരംഭിക്കുന്നു. അങ്ങനെ പുറപ്പാടിനും പ്രവാസത്തിനും മധ്യത്തിലാണ് ദേവാലയ നിർമ്മാണം നടക്കുക. കൃത്യമായ കാലനിർണ്ണയം എന്നതിനേക്കാൾ ദൈവശാസ്ത്രപരമായ ഒരു വിശദീകരണം നല്കുന്ന ഈ വാക്യം നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി കരുതപ്പെടുന്നു. പുറപ്പാട് സംഭവത്തിൽ ആരംഭിച്ച ദൈവജനത്തിന്റെ രൂപീകരണം ദേവാലയ നിർമ്മാണത്തോടെയാണ് പൂർത്തിയായത്. അതിനു പന്ത്രണ്ടു തലമുറകൾ കാത്തിരിക്കേണ്ടിവന്നു.

സോളമന്റെ ഭരണം തുടങ്ങിയിട്ടു നാലാം വർഷം രണ്ടാം മാസമാണ് ദേവാലയ നിർമ്മാണം ആരംഭിച്ചത് (ബി.സി.966). സീവ്, ബുൽ (1 രാജാ 6,1.38) എന്നീ മാസപ്പേരുകൾ കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്നതാണ്. പൂക്കാലം (ഏപ്രിൽ, മെയ്) എന്ന് ആദ്യത്തേതിനും മഴക്കാലം (ഒക്ടോബർ-നവംബർ) എന്നു രണ്ടാമത്തേതിനും അർത്ഥം.

### ii. ദേവാലയ ഘടന 1 രാജാ 6,2–10; 2 ദിന 3,1–14

ദാവീദു നിശ്ചയിച്ച സ്ഥലത്തു തന്നെയാണ് സോളമൻ ദേവാലയം പണിതത് (2 ദിന 3,1). അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാനായി ബലിപീഠം പണിത മോറിയാ മലയിൽ സോളമൻ ദേവാലയം പണിയുമ്പോൾ അബ്രാഹത്തിന്റെ വിളിയിൽ തുടങ്ങിയ രക്ഷാ ചരിത്രം ഒരു നിർണ്ണായക ഘട്ടത്തിലെത്തി നില്ക്കുന്നു. അബ്രാഹത്തെ വിളിച്ചു നയിച്ച ദൈവവുമായി അബ്രാഹത്തിന്റെ സന്തതികൾക്കു കണ്ടുമുട്ടാനുള്ള വേദിയാണത്. 105 അടി നീളവും 30 അടി വീതിയും 45 അടി ഉയരവുമുള്ള, താരതമ്യേന ഒരു ചെറിയ കെട്ടിടമായിരുന്നു ദേവാലയം. കെട്ടിടത്തിന്റെ വലുപ്പമല്ല, അതിനുപയോഗിച്ച വസ്തുക്കളുടെ വിലയും അതിൽ പ്രകടമായ ശില്പ ചാതുരിയുമാണ് സോളമന്റെ ദേവാലയത്തെ ലോകപ്രസിദ്ധമാക്കിയത്. ബി.സി. 587ൽ ബാബിലോൺ ചക്രവർത്തി നബുക്കദ്നേസർ നശിപ്പിക്കുന്നതുവരെ ഏകദേശം നാനൂറ് വർഷക്കാലം ദേവാലയം യാതൊരു കേടും കൂടാതെ നിലനിന്നു എന്നത് കെട്ടിടത്തിന്റെ ഉറപ്പിനു തെളിവാണ്. ദേവാലയത്തിന് വലുപ്പം ആവശ്യമായിരുന്നില്ല; കാരണം ജനങ്ങൾക്ക് അതിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. രാജാവും പുരോഹിതന്മാരും മാത്രമേ ദേവാലയത്തിനകത്തു പ്രവശിച്ചിരുന്നുള്ളൂ. ജനം അങ്കണത്തിലാണ് നില്ക്കുക. പ്രധാന ബലിപീഠം ദേവാലയത്തിനു പുറത്തായിരുന്നു.

പൂമുഖം, ആലയം, ശ്രീകോവിൽ എന്നിങ്ങനെ ദേവാലയത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്നു. കിഴക്കോട്ടു ദർശനമായുള്ള ദേവാല

യത്തിന്റെ പ്രവേശന കവാടത്തോടനുബന്ധിച്ചുള്ള സ്ഥലമാണ് പൂമുഖം (portico, ഹീബ്രുവിൽ : ഉലാം). അതിനു പതിനഞ്ചടി (പത്തുമുഴം) നീളവും മുപ്പതടി വീതിയും ഉണ്ടായിരുന്നു. നൂറ്റിയിരുപതു മുഴം ഉയരം (2 ദി 3,4) എന്ന് ഹീബ്രു ബൈബിളിൽ നല്കിയിരിക്കുന്ന അളവ് അക്ഷരപിശകായി വ്യാഖ്യാതാക്കൾ കരുതുന്നു. സപ്തതിയിൽ ഇരുപതു മുഴം എന്നാണ്. അറുപത് അടി നീളമുള്ള മധ്യഭാഗത്തെ ആലയം (sanctuary ഹീബ്രുവിൽ - ഹെക്കാൻ) എന്നു വിളിക്കുന്നു. ഏറ്റം പിന്നിൽ മുപ്പതടി നീളവും വീതിയുമുള്ള ഭാഗം ശ്രീകോവിൽ (Holy of holies ദെബീർ) എന്നറിയപ്പെടുന്നു. (ദേവാലയത്തിന്റെ പടം കാണുക). ദേവാലയത്തിനു ചുറ്റിലും പൂമുഖം ഒഴിച്ചുള്ള മൂന്നു ഭാഗത്തും ദേവാലയ ഭിത്തിയോട് ചേർത്ത് മൂന്നു നിലകളായി മുറികൾ നിർമ്മിച്ചിരിക്കുന്നു. ദേവാലയത്തിലെ ഉപകരണങ്ങൾ, നേർച്ച വസ്തുകൾ മുതലായവ സൂക്ഷിക്കാനും ദേവാലയ ശുശ്രൂഷകൾക്കും വിശ്രമിക്കാനും മറ്റുമായി ഈ മുറികൾ ഉപയോഗിച്ചിരിക്കുന്നു.

### iii. വാഗ്ദാനം, താക്കീത് 1 രാജാ 6,11-14

ദേവാലയ നിർമ്മാണത്തിനിടയിൽ സോളമനുണ്ടായ ദൈവിക അരുളപ്പാട് വലിയൊരു താക്കീതാണ്. ദൈവത്തിനുവേണ്ടി മനോഹരമായ ആലയം പണിതതുകൊണ്ടുമാത്രം ദൈവം സംപ്രീതനാവുകയില്ല. അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ ദേവാലയത്തിൽ ദൈവിക സാന്നിധ്യം ജനത്തിന് അനുഭവവേദ്യമാവുകയും ദാവീദിന്റെ രാജവംശവും ഇസ്രായേൽ ജനവും നിലനിൽക്കുകയും ചെയ്യുകയുള്ളു. രാജവംശം അവസാനിക്കുകയും ദേവാലയം നശിപ്പിക്കപ്പെടുകയും ജനം പ്രവാസികളായി കഴിയുകയും ചെയ്തത് എന്തുകൊണ്ടാണെന്നതിന്റെ വിശദീകരണമാണ് ഈ അരുളപ്പാട്.

### iv. അലങ്കാരങ്ങൾ, സംവിധാനങ്ങൾ 1 രാജാ 6,15-38

ചെത്തി മിനുക്കിയ കല്ലുകൊണ്ടു പണിത ദേവാലയം മുഴുവൻ ആദ്യം ഏറ്റം വിലപിടിച്ച ദേവദാരുവിന്റെയും സരളമരത്തിന്റെയും പലകകൾകൊണ്ടും പിന്നെ തനി തങ്കത്തകിടുകൾ കൊണ്ടും പൊതിഞ്ഞ കെരൂബുകൾ, ഈന്തപ്പനകൾ, പുഷ്പങ്ങൾ എന്നിവ കൊത്തിവച്ച് ഭിത്തികൾ അലങ്കരിച്ചു. ശ്രീകോവിലിനു പുറത്താണ് സ്വർണ്ണബലിപീഠം. സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കാനുള്ള ബലിപീഠമാണിത് (1 രാജാ 6,20). ശ്രീകോവിലും ആലയവും തമ്മിൽ വേർതിരിക്കാൻ കനത്ത തിരശ്ശീലയും സ്വർണ്ണച്ചങ്ങലയും ഉണ്ടായിരുന്നു. ശ്രീകോവിലിനകത്ത് ഉടമ്പടിയുടെ പേടകവും അതിനു കാവൽക്കാരെന്നപോലെ കെരൂബുകളുടെ രണ്ടു



പ്രതിമകളും മാത്രമാണുണ്ടായിരുന്നത്.

ഉടമ്പടിയുടെ പ്രമാണങ്ങൾ കൊത്തിയ കല്പലകകൾ സൂക്ഷിച്ചിരുന്ന പേടകമായിരുന്നു ദേവാലയത്തിന്റെ കേന്ദ്രം. കർത്താവ് തന്റെ ഉടമ്പടിയും പ്രമാണങ്ങളും വഴി ജനമധ്യത്തിൽ സന്നിഹിതനാകുന്നുവെന്നും പ്രമാണങ്ങൾ പാലിച്ചാൽ മാത്രമേ അവിടുത്തെ സാന്നിധ്യം അനുഭവിക്കാൻ കഴിയൂ എന്നും അനുസ്മരിപ്പിക്കുന്നതാണ് പേടകം. മനുഷ്യന്റെ മുഖവും സിംഹത്തിന്റെ ഉടലും കാളയുടെ കാലുകളും കഴുകന്റെ ചിറകുകളും ഉള്ള രൂപങ്ങളാണ് കെരൂബുകൾ. മെസോപ്പൊട്ടാമിയായിലെ ക്ഷേത്രങ്ങളുടെയും രാജകൊട്ടാരങ്ങളുടെയും പ്രധാന കവാടങ്ങളിൽ ദ്വാരപാലകരെന്നോണം ഇപ്രകാരമുള്ള പ്രതിമകൾ സ്ഥാപിച്ചിരുന്നു. കർത്താവിനു നിരന്തരം സേവനം അനുഷ്ഠിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്ന മാലാഖമാരുടെ ഒരു ഗണമായി കെരൂബുകൾ പിന്നീട് വിശദീകരിക്കപ്പെട്ടു. ക്രോവേന്മാർ എന്ന് ഇന്ന് അറിയപ്പെടുന്നത് ഈ കെരൂബുകളാണ് (ബൈ. തീ 1-2. p. 76-77).

### v. രാജകൊട്ടാരം 1 രാജാ 7,1-12

രാജാവിന്റെ വസതി മാത്രമല്ല, ഭരണപരമായ സകല കാര്യങ്ങൾക്കും വേണ്ടിയുള്ള മന്ദിരങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. അതിബൃഹത്തായ ഈ കെട്ടിട സമുച്ചയത്തിലെ അഞ്ചു മന്ദിരങ്ങളെക്കുറിച്ച് എടുത്തുപറയുന്നു. 1. ലെബനോൻ കാനന മന്ദിരം - ഇതു മുഖ്യമായും ആയുധ പുരയും രാജഭണ്ഡാരശാലയും ആയിരുന്നു (1 രാജാ 10,16-17). പതിനഞ്ചു വീതം മൂന്നു നിരയായി 45 അടി ഉയരമുള്ള ദേവദാരുവിന്റെ തൂണുകൾ നിരന്നു നിന്ന ഈ ശാല ലെബനോൻ വനത്തിന്റെ പ്രതീതി ഉളവാക്കുന്നതിനാലാണ് ഈ പേരു ലഭിച്ചത്. 2. സ്തംഭസാല രാജാവിനെ കാണാൻ വരുന്നവർക്കു കാത്തു നില്ക്കാനുള്ള സ്ഥലമാണിത്. മനോഹരമായ അനേകം തൂണുകളാൽ അലംകൃതമായിരുന്നതിനാൽ സ്തംഭശാല എന്നു വിളിക്കപ്പെട്ടു. 3. ന്യായാസന മണ്ഡപം - അവിടെയാണ് രാജസിംഹാസനം (1 രാജാ 10,18-20) സ്ഥാപിച്ചത്. രാജാവ് ഭരണകാര്യങ്ങൾ നടത്തുകയും വിധി പ്രസ്താവിക്കുകയും ചെയ്തിരുന്ന ഏറ്റം പ്രധാനപ്പെട്ട ശാലയാണിത്. 4. സോളമന്റെ വസതി. 5. ഫറവോയുടെ മകൾക്കു വേണ്ടി നിർമ്മിച്ച വസതി.

ദേവാലയ നിർമ്മാണത്തിന് ഏഴുവർഷവും (1 രാജാ 6,38) കൊട്ടാരം പണിയാൻ പതിമൂന്നു വർഷവും (1 രാജാ 7,1) എടുത്തു എന്നത് മൊത്തം ഇരുപതു വർഷം എന്ന് 9,10ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും പണികൾ ഒരുമിച്ചാണ് നടന്ന

തെന്നും പതിമൂന്നുവർഷം കൊണ്ട് പണികൾ പൂർത്തിയായി എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്.

### vi. ഇതര സജീകരണങ്ങൾ 1 രാജാ 7,13-51; 2 ദിന 3,15-5,1

ടയിറിൽ നിന്നു വന്ന വിദഗ്ദ്ധ ശില്പിയായ ഹീരാമിന്റെ നേതൃത്വത്തിൽ ദേവാലയത്തിനാവശ്യമായ ഉപകരണങ്ങളെല്ലാം വാർത്തെടുത്തു. ദേവാലയ വാതില്ക്കൽ പ്രതിഷ്ഠിച്ച ഓടുകൊണ്ടുള്ള രണ്ടു സ്തംഭങ്ങളെക്കുറിച്ചാണ് ആദ്യമേ പ്രതിപാദിക്കുന്നത് (1 രാജാ 7,13-22; 2 ദിന 3, 15 -17). 27 അടി ഉയരവും 18 അടി ചുറ്റളവും മൂന്നിഞ്ചു കനവുമുള്ള പൊള്ളയായ തൂണുകളായിരുന്നു അവ. 52½ അടി (35 മുഴം) എന്നാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ കാണുന്നത്. ഉയരവും വണ്ണവും തമ്മിലുള്ള അനുപാതത്തിൽ അപാകത തോന്നിയതിനാൽ ആ സ്തംഭങ്ങൾ കണ്ടിട്ടില്ലാത്തെ ദിനവൃത്താന്ത ഗ്രന്ഥകാരൻ ഉയരം കൂട്ടിയതാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു.

എന്താണ് ഈ സ്തംഭങ്ങളുടെ ലക്ഷ്യം എന്നു വ്യക്തമല്ല. പ്രായോഗികമായ ഒരു ഉപകാരം അവയ്ക്കില്ല. സ്തംഭങ്ങൾക്കു മുകളിൽ ദീപങ്ങൾ തെളിയിച്ചിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നു. സ്തംഭങ്ങൾക്കടിയിൽ തീ കത്തിക്കുകയും പൊള്ളയായ സ്തംഭങ്ങളുടെ മുകളിൽ നിന്നു പുകയും തീയും പുറത്തേക്കു വരുകയും ചെയ്തിരുന്നു എന്ന് മറ്റു ചില വ്യാഖ്യാതാക്കൾ കരുതുന്നു. മരുഭൂമിയിലൂടെ ജനത്തെ നയിച്ച അഗ്നിസ്തംഭത്തിന്റെയും മേഘസ്തംഭത്തിന്റെയും പ്രതീകങ്ങളായിരുന്നു ഇവയെന്ന് ഈ വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

കാനാൻകാരുടെ ക്ഷേത്രങ്ങൾക്കു മുമ്പിൽ ഇപ്രകാരമുള്ള സ്തംഭങ്ങൾ പ്രതിഷ്ഠിക്കുക പതിവായിരുന്നു. 27½ അടി നീളമുള്ള സ്തംഭം വാർത്തെടുക്കാൻ വേണ്ടി നിർമ്മിച്ച ഒരു അച്ച് ടയിറിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. പഠന വിഷയമായ സ്തംഭത്തിന്റെ ഉയരവും ഇതു തന്നെയാണല്ലോ. ടയിർകാരനായ ഹീരാമാണ് ഈ സ്തംഭ വാർത്തെടുത്തതെന്നതും ശ്രദ്ധേയമത്രേ. ഫലപുഷ്ടിയുടെ ദേവതകളായ ബാലിന്റെയും അഷേറായുടെയും പ്രതീകങ്ങളായിരുന്നു കാനാൻകാരുടെ സ്തംഭങ്ങൾ എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഈ ആശയം അതേപടി സോളമൻ സ്വീകരിച്ചതായി കരുതാനാവില്ല.

അലങ്കാരം, പ്രതീകം, അനുസ്മരണം എന്നീ മൂന്നു ലക്ഷ്യങ്ങളാണ് ദേവാലയത്തിനുമുമ്പിലെ രണ്ടു സ്തംഭങ്ങൾക്കുള്ളത് എന്ന് പല



വ്യാഖ്യാതാക്കളും കരുതുന്നു. ഇസ്രായേൽ സാമ്രാജ്യത്തിന്റെ നെടുന്തൂണുകളായ ദാവീദിന്റെയും സോളമന്റെയും പ്രതീകങ്ങളാണ് ഈ സ്തംഭങ്ങളെന്ന് കരുതുന്നവരുണ്ട്. സ്തംഭത്തിന്റെ പേരുകൾ മറ്റൊരു വ്യാഖ്യാനത്തിനു സാധ്യത നല്കുന്നു. വലത്തെ സ്തംഭത്തിന് യാഖിൻ എന്നു ഇടത്തേതിന് ബൊവാസ് എന്നുമായിരുന്നു പേരുകൾ. ബൊവാസ് ദാവീദിന്റെ മുത്തശ്ശനാണെന്നും അതിനാൽ ദാവീദിന്റെ രാജവംശത്തെയാണ് ഇതു സൂചിപ്പിക്കുന്നതെന്നും കരുതുന്നവരുണ്ട്. എന്നാൽ 'യാഖിൻ' ആരെ സൂചിപ്പിക്കുന്നു എന്നു വ്യക്തമല്ല. അതിനാൽ പേരുകളുടെ അർത്ഥത്തിലേക്കു ശ്രദ്ധ തിരിച്ചാൽ കൂടുതൽ വെളിച്ചം ലഭിക്കും. "അവൻ ഉറപ്പിക്കും" എന്നാണ് യാഖീൻ എന്ന വാക്കിന്റെ അർത്ഥം. "അവന്റെ രാജപ്പിക്കും" എന്നാണ് യാഖീൻ എന്ന വാക്കിന്റെ അർത്ഥം. "അവന്റെ രാജ സിംഹാസനം ഞാൻ എന്നേക്കും സ്ഥാപിക്കും (ഉറപ്പിക്കും)" (2 സാമു 7,12-13) എന്ന പ്രവചനത്തെ സൂചിപ്പിക്കുന്നതാവാം ഈ വാക്ക്. ബൊവാസ് എന്ന പേരിന് "ശക്തിയിൽ" എന്ന അർത്ഥമുണ്ട്. "കർത്താവേ രാജാവ് അങ്ങയുടെ ശക്തിയിൽ സന്തോഷിക്കും" (സങ്കീ 21,1) എന്ന സങ്കീർത്തനത്തിൽ നിന്നെടുത്തതാണ് ഈ വാക്ക് (പേര്) എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. മേലുദ്ധരിച്ച ഓരോ വാക്യവും യഥാക്രമം ഓരോ സ്തംഭത്തിലും എഴുതിയിരുന്നെന്നും അതിൽ പ്രസക്തമായ വാക്ക് സ്തംഭത്തിന്റെ പേരായി പരിഗണിക്കപ്പെട്ടു എന്നും കരുതാം.

ഈ നിഗമനം ശരിയാണെങ്കിൽ കർത്താവ് നല്കുന്ന സംരക്ഷണത്തിന്റെയും കർത്താവിന് അർപ്പിക്കുന്ന കൃതജ്ഞതാ നിർഭരവും സന്തോഷപൂർണ്ണവുമായ സ്തുതിയുടെയും പ്രതീകങ്ങളാണ് ദേവാലയ മുറ്റത്തെ രണ്ടു സ്തംഭങ്ങൾ. ഇസ്രായേൽ ജനത്തെയും ദാവീദിന്റെ രാജവംശത്തെയും കർത്താവ് എന്നും കാത്തുരക്ഷിക്കും എന്ന ഉറപ്പും അതിൽ നിന്നുയരുന്ന ജനത്തിന്റെ സന്തോഷവും വിളിച്ചറിയിക്കുന്ന പ്രതീകങ്ങളാണ് ഇവ.

ദോവാലയോപകരണങ്ങളിൽ ഏറ്റം ശ്രദ്ധേയമായതാണ് ഓടുകൊണ്ടു വാർത്തെടുത്ത ജലസംഭരണി (1 രാജാ 7,23-26; 2 ദിന 4,25) "ഓട്ടുകടൽ" എന്നാണ് ഇതിന്റെ ഹീബ്രു മൂലം. 45 അടി ചുറ്റളവും 15 അടി വ്യാസവും 7½അടി ഉയരവുമുള്ള ഭീമാകരമായ ഈ ഓട്ടുപാത്രം ദേവാലയ വാതില്ക്കൽ ഓട്ടുബലിപീഠത്തിനടുത്താണ് പ്രതിഷ്ഠിച്ചത് (7,39). ബലിയർപ്പണത്തിനു വരുന്ന പുരോഹിതന്മാർക്കു ദേഹശുദ്ധിവരുത്താനുള്ള വെള്ളത്തെക്കുറിച്ചു വ്യത്യസ്ത കണക്കുകളാണ് രണ്ടു പുസ്തകത്തിലുമുള്ളത്. 1 രാജാ 7,26ൽ രണ്ടായിരം ബത്ത് എന്നും 2

ദിന 4,5ൽ മൂവായിരം ബത്ത് എന്നും കാണുന്നു. പാത്രത്തിന്റെ ആകൃതിയെക്കുറിച്ചുള്ള ഭിന്നമായ കാഴ്ചപ്പാടാണ് ഈ വ്യത്യാസത്തിനു കാരണം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അർദ്ധഗോളാകൃതിയായി കരുതിയാൽ 2000; വൃത്തദണ്ഡാകൃതി (സിലിണ്ടർ)യെങ്കിൽ 3000. സ്തംഭത്തിന്റെ കാര്യത്തിലെന്നതുപോലെ ഇവിടെയും ദിനവൃത്താന്ത ഗ്രന്ഥകാരൻ അളവു തിരുത്തിയതായി കരുതപ്പെടുന്നു. ഇതിനു പുറമെ ബലിമൃഗങ്ങളെ കഴുകാൻവേണ്ടി വെള്ളം സൂക്ഷിക്കാനായി പത്തു പാത്രങ്ങൾ കൂടി വാർത്തെടുത്തു (7,27-39; 2 ദിന 4,6).

വലിയ ജലസംഭരണിയുടെ ഉപയോഗം വ്യക്തമാണെങ്കിലും അതിന്റെ പ്രതീകാത്മകമായ അർത്ഥത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. "കടൽ" എന്ന പേരും പീഠമായി നില്ക്കുന്ന കാളകളും ഇതരമതങ്ങളിൽ നിന്നു കടമെടുത്തതായി കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എനുമാ എലീഷ് എന്ന ബാബിലോണിയൻ ഇതിഹാസത്തിൽ അപ്സു, തിയാമത്ത് എന്നീ രണ്ട് ആദിശക്തികളിൽ നിന്നാണ് സകല സൃഷ്ടികളും രൂപപ്പെട്ടത്. ഭൂമിക്കടിയിലുള്ള ശുദ്ധജലക്കടലാണ് അപ്സു; ഉപ്പുവെള്ളം ഉൾക്കൊള്ളുന്ന സമുദ്രമാണ് തിയാമത്. ഹീരാം വാർത്തെടുത്ത ഓട്ടുകടൽ അപ്സുവിന്റെ പ്രതീകമായി വ്യഖ്യാനിക്കാറുണ്ട്. കാനാൻകാർ ജീവന്റെയും ഫലപുഷ്ടിയുടെയും ദൈവമായി കരുതിയിരുന്ന ബാലിനെ കാളയുടെ രൂപത്തിൽ സങ്കല്പിച്ചിരുന്നു. ചിലപ്പോൾ കാളയെ ബാലിന്റെ വാഹനമോ സിംഹാസനമോ ആയും പരിഗണിച്ചിരുന്നു.

ഇതര ജനതകളും അവരുടെ മതാചാരങ്ങളുമായി സൗഹൃദത്തിൽ കഴിഞ്ഞ സോളമൻ ഈ പ്രതീകങ്ങളെ സ്വന്തമായ വ്യാഖ്യാനങ്ങൾ നല്കി സ്വീകരിച്ചതാവാം. ജീവന്റെ ഉറവിടമായ കടൽ ജീവദാതാവായ ദൈവത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അവിടുത്തെ സന്നിധിയിൽ വരുന്നവർ പരിശുദ്ധരായിരിക്കണം എന്നു സൂചിപ്പിക്കുന്നതാണ് ശുദ്ധീകരണ ജലവും അതുൾക്കൊള്ളുന്ന ഭീമികാരമായ പാത്രവും. എന്നാൽ ഈ ജലത്തിന് ശരീരം മാത്രമേ ശുദ്ധീകരിക്കാൻ കഴിയൂ. യഥാർത്ഥ ശുദ്ധീകരണ ജലം ദൈവം തന്നെയാണ് നല്കുക (എസെ 36,25-28). ആത്യന്തികമായി യേശുവിലൂടെ ലഭ്യമായ ശുദ്ധീകരണത്തിലേക്കും അത് ഇന്നു നമുക്കു പ്രാപ്യമാക്കുന്ന മാമ്മോദീസായിലേക്കും വിരൽ ചൂണ്ടുന്ന ഈ ജലസംഭരണി "മാമ്മോദീസാത്തൊട്ടിയുടെ ഒരു മുന്നോടിയാണ്.

### c. ദേവാലയ പ്രതിഷ്ഠ 1 രാജാ 8,1-66; 2 ദിന 5,2-7,10

സുദീർഘമായ ഏഴുവർഷംകൊണ്ട് അതിമനോഹരമായ



ദേവാലയവും അതുമായി ബന്ധപ്പെട്ട സകല ഉപകരണങ്ങളും നിർമ്മിച്ചതിന്റെ വിവരണത്തിനുശേഷം ദേവാലയ പ്രതിഷ്ഠയിലേക്കു വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ദാവീദു നിർമ്മിച്ച കൂടാരത്തിൽ നിന്ന് സാക്ഷ്യപേടകം ഇസ്രായേൽ ജനത്തിന്റെ പ്രതിനിധികളുടെ അകമ്പടിയോടെ ദേവാലയത്തിലേക്കു കൊണ്ടുവന്ന് അതിവിശുദ്ധസ്ഥലമായ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു. തുടർന്ന് സുദീർഘമായ ഒരു പ്രാർത്ഥനയിലൂടെ സോളമൻ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും യാചനകൾ തിരുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. ഏഴു ദിവസം ദീർഘിച്ച ഉത്സവാഘോഷങ്ങൾക്കുശേഷം എട്ടാം ദിവസം ജനം ആഹ്ലാദഭരിതരായി സോളമനെ പുകഴ്ത്തുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തുകൊണ്ട് സ്വഭവനങ്ങളിലേക്കു മടങ്ങി. രണ്ടു പുസ്തകങ്ങളിലും ഏതാണ്ട് ഒരേ വിധത്തിൽ ദേവാലയ പ്രതിഷ്ഠ വിവരിച്ചിരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ പുരോഹിതന്മാർക്കു കൂടുതൽ പ്രാധാന്യം നല്കിയിട്ടുണ്ട്.

സോളമന്റെ പ്രവർത്തനങ്ങൾ എഴുതി സൂക്ഷിച്ചിരുന്ന ഔദ്യോഗിക രേഖകളുടെ അടിസ്ഥാനത്തിലാണ് സംഭവങ്ങൾ വിവരിക്കുന്നത്. എന്നാൽ സോളമന്റെ പ്രാർത്ഥനയിൽ നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനാ ശൈലി വ്യക്തമായി കാണാം. പ്രാർത്ഥനയിലെ പല ഭാഗങ്ങളും, പ്രത്യേകിച്ചും പ്രവാസത്തക്കുറിച്ചുള്ള പരാമർശങ്ങൾ, പ്രവാസകാലത്തു രചിക്കപ്പെട്ടതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. സുദീർഘമായ ഈ വിവരണത്തിൽ ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യമാണ്.

a. പേടകം ദേവാലയത്തിൽ 1 രാജാ 8,1-13; 2 ദിന 5,2-14

b. സോളമന്റെ ആശീർവ്വാദം 1 രാജാ 8,14-21; 2 ദിന 6,1-11

c. സോളമന്റെ യാചനാ പ്രാർത്ഥന 1 രാജാ 8,22-53; 2 ദിന 6,12-42

b. സോളമന്റെ ആശീർവ്വാദം 1 രാജാ 8,54-61

a. പ്രതിഷ്ഠാബലി 1 രാജാ 8,62-66; 2 ദിന 7,1-10

പേടകം ദേവാലയത്തിലേക്കു കൊണ്ടുവന്നതിന്റെ വിവരണത്തിനു സമാന്തരമായിട്ടാണ് (a) ദേവാലയ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട ആഘോഷങ്ങളുടെ വിവരണം ($a^1$) നല്കിയിരിക്കുന്നത്. രണ്ടു ഭാഗത്തും ബലിയർപ്പണത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവയ്ക്കു മദ്ധ്യേ സോളമന്റെ സുദീർഘമായ ഒരു പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥനയുടെ ആരംഭത്തിലും അവസാനത്തിലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ജനത്തെ ആശീർവ്വദിക്കുന്നു ($b$-$b^1$) .ഇതിൽ രണ്ടാമത്തെ ആശീർവ്വാദം

ദിനവൃത്താന്തഗ്രന്ഥത്തിലില്ല. രണ്ട് ആശീർവ്വാദങ്ങളുടെയും നടുവിൽ സുദീർഘമായ ഒരു യാചനാ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു (c).

### i പേടകം ദേവാലയത്തിൽ 1 രാജാ 8,1-13; 2 ദിന 5,2-14

ഉടമ്പടിയുടെ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നതോടെ ഇസ്രായേൽ ചരിത്രത്തിലെ ഒരു കാലഘട്ടം അവസാനിക്കുകയായി. സീനായ് മലയുടെ അടിവാരത്തുവച്ചു നിർമ്മിച്ച പേടകം ജനത്തിന്റെ കൂടെ അവർക്കു മുമ്പേ വഴികാട്ടിയായി നീങ്ങുന്ന ദൈവിക സാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു. വാഗ്ദത്ത ഭൂമിയിലേക്കു യാത്രചെയ്യുന്ന തീർത്ഥാടക സമൂഹമാണ് തങ്ങളെന്നും ദൈവമാണ് തങ്ങളെ വഴിനയിക്കുന്നതെന്നും പേടകം അവരെ അനുസ്മരിപ്പിക്കും. വാഗ്ദത്ത ഭൂമിയിൽ എത്തിയിട്ടും പേടകം കൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. തീർത്ഥാടകരുടെ തൽക്കാല വസതിയാണ് കൂടാരം. തങ്ങൾക്ക് ഇവിടെ സ്ഥിരമായ ഒരു വാസസ്ഥലമില്ലെന്നും ദൈവം നയിക്കുന്ന വഴിയെ എന്നും യാത്ര ചെയ്യേണ്ടവരാണ് തങ്ങളെന്നും കൂടാരവും പേടകവും അവരെ നിരന്തരം ഉദ്ബോധിപ്പിക്കുന്നു.

ദേവാലയ നിർമ്മാണത്തോടെ പേടകത്തിനും സ്ഥിരമായ ഒരു വാസസ്ഥലമുണ്ടായി. ഇത് ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ജനത്തിന്റെ കാഴ്ചപ്പാടിൽ കാതലായ വ്യതിയാനങ്ങൾ വരുത്തി. തീർത്ഥാടക സമൂഹം എന്ന അവസ്ഥയിൽ നിന്ന് സ്ഥിരവാസക്കാരുടെ അവസ്ഥയിലേക്കു ജനം മാറിയതിന്റെ ഒരു സ്ഥിരീകരണമാണ് ദേവാലയത്തിലെ പേടകം. ദൈവം എന്നേക്കും തങ്ങളുടെ മദ്ധ്യേ സ്ഥിരവാസമാക്കിയെന്നു കരുതാൻ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിച്ചതു കാരണമായി. പേടകം പ്രതിഷ്ഠിച്ചെങ്കിലും അതിന്റെ ഇരുവശത്തും തണ്ടുകൾ സൂക്ഷിച്ചിരുന്നു എന്നും ഈ തണ്ടുകൾ ദോവാലയത്തിന്റെ ഉൾഭാഗത്തു നിന്നു കാണാമായിരുന്നു എന്നും എടുത്തുപറയുന്നതിലൂടെ (1 രാജാ 8,8) തീർത്ഥാടക സ്വഭാവത്തിലേക്ക് ഒരു സൂചന നല്കുന്നു. ദൈവിക സാന്നിദ്ധ്യത്തിന്റെ അടയാളമാണ് പേടകമെങ്കിലും ഏതവസരത്തിലും അത് എടുത്തു മാറ്റപ്പെടാം എന്ന സൂചനയും തണ്ടുകളെക്കുറിച്ചുള്ള പരാമർശത്തിലൂടെ നല്കുന്നുണ്ട്.

ദാവീദു സജ്ജമാക്കിയ കൂടാരത്തിൽ നിന്ന് പേടകം സോളമൻ പണിയിച്ച ദേവാലയത്തിലേക്കു മാറ്റി പ്രതിഷ്ഠിക്കുന്നതിനുവേണ്ടി മുഴുവൻ ഇസ്രായേൽ സമൂഹത്തിന്റെയും പ്രതിനിധികളെ ക്ഷണിച്ചത് ഗോത്രാടിസ്ഥാനത്തിലാണ്. രാജ്യം പുതിയ പ്രവിശ്യകളായി വിഭജിച്ചെങ്കിലും പഴയ ഗോത്രസംവിധാനം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടില്ല എന്നും ഇതു സൂചിപ്പിക്കുന്നു. ഏഴാം മാസമായ എത്താനിമിൽ, തിരുനാൾ ദിവസമാണ് പേടകം മാറ്റി പ്രതിഷ്ഠിച്ചത്. ഇസ്രായേൽ ജനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട മൂന്നു തിരുനാളുകളിൽ ഒന്നായിരുന്നു ഏഴാം മാസം ആഘോഷിച്ചിരുന്ന കൂടാരത്തിരുനാൾ. ഇതു സംഭരണത്തിരുനാൾ എന്നും അറിയപ്പെടുന്നു. വിളവുകളെല്ലാം ശേഖരിച്ചുകഴിയുമ്പോഴാണ് സംഭരണത്തിരുനാൾ ആഘോഷിക്കുക (ലേവ്യർ 23,33-43). വാഗ്ദത്ത ഭൂമിയും വിളവുകളും നല്കിയ ദൈവത്തിനു നന്ദിപറയുകയും മരുഭൂമിയിലൂടെ നടത്തിയ തീർത്ഥാടനത്തെ അനുസ്മരിക്കുകയും ചെയ്യുന്ന അവസരമായിരുന്നു അത്. കൂടാരത്തിരുനാളിൽ ദേവാലയ പ്രതിഷ്ഠ നടത്തുന്നതിലൂടെ തീർത്ഥാടനത്തിൽ നിന്നു സ്ഥിരവാസത്തിലേക്കുള്ള കടന്നുവരവിന് ഊന്നൽ നല്കുന്നു. മരുഭൂമിയിലൂടെ തങ്ങളെ നയിച്ച ദൈവം തങ്ങൾക്ക് സ്ഥിരമായ വാസസ്ഥലം നല്കിയിരിക്കുന്നു എന്നും അവിടുന്നു തങ്ങളുടെ മദ്ധ്യേ വസിക്കുന്നു എന്നും ഏറ്റുപറയുന്നതാണ് ഈ പ്രതിഷ്ഠാമഹോത്സവം.

എട്ടാം മാസം ദേവാലയ നിർമ്മാണം പൂർത്തിയായി (1 രാജാ 6,38) എന്ന കാലസൂചന ഇവിടെ ശ്രദ്ധേയമാണ്. എന്തുകൊണ്ട് ഏഴാം മാസം പ്രതിഷ്ഠ നടത്തി എന്ന ചോദ്യം ഉയർന്നുവരുന്നു. കൂടാരത്തിരുനാളിൽ പ്രതിഷ്ഠ നടത്താൻ വേണ്ടി ദേവാലയത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പേ പേടകം പ്രതിഷ്ഠിച്ചു എന്നു കരുതുന്നവരുണ്ട്. എന്നാൽ ദേവാലയത്തിന്റെ പണി ഏഴാം വർഷം എട്ടാം മാസം പൂർത്തിയായെങ്കിലും ദേവാലയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം പിന്നീടാണ് പൂർത്തിയായതെന്നും അതിനാൽ എട്ടാം വർഷം ഏഴാം മാസമാണ് പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചതെന്നുമുള്ള വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം.

ദാവീദ് ജബൂസ്യരിൽ നിന്നു പിടിച്ചെടുത്ത നഗരഭാഗമാണ് ദാവീദിന്റെ നഗരം. അതിനെ സീയോൻ എന്നും വിളിക്കുന്നു. അവിടെ നിന്നും ഏകദേശം ഒരു കിലോമീറ്റർ അകലത്തിലാണ് സോളമൻ ദേവാലയം നിർമ്മിച്ചത്. പേടകം അങ്ങോട്ടു കൊണ്ടുപോയതിന്റെ വിവരണം ദാവീദു പേടകം ജറുസലെമിലേക്കു കൊണ്ടു വന്നതിനെ (2 സാമു 6) അനുസ്മരിപ്പിക്കുന്നു. ദേവാലയത്തിൽ അതി വിശുദ്ധ സ്ഥലത്ത് കെരൂബുകളുടെ ചിറകിൽ കീഴിൽ പേടകം പ്രതിഷ്ഠിച്ചു (1 രാജാ 8,6). കർത്താവു നല്കുന്ന സംരക്ഷണത്തിന്റെ അടയാളമാണ് പേടകത്തിനു മുകളിലും അതി വിശുദ്ധസ്ഥലത്തും വിരിഞ്ഞു നിന്ന കെരൂബുകളുടെ ചിറകുകൾ. അഭയം നല്കുന്ന കർത്താവിന്റെ ചിറകുകളെക്കുറിച്ചുള്ള പരാമർശങ്ങൾ (സങ്കീ 17,8;36,7;57,1;61,4;63,7;91,4) ഈ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമാകുന്നു. ചിറകുകൾ വേഗതയുടെ പ്രതീകമാണ്. അപകടത്തിൽ പെടുന്ന

ഭക്തരെ രക്ഷിക്കുവാൻ അതിവേഗം അവിടുന്നു വരും എന്ന് കെരൂബിന്റെ ചിറകുകൾ സൂചിപ്പിക്കുന്നു (സങ്കീ 18,10; 104,3). പേടകത്തോടൊപ്പം കൊണ്ടുവന്ന സമാഗമ കൂടാരം ഗിബയോനിൽ സ്ഥാപിച്ചിരുന്നതായിരുന്നു എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അതും മറ്റു സാമഗ്രികളും ദേവാലയത്തോടനുബന്ധിച്ചുള്ള സംഭരണ മുറികളിൽ, ദാവീദു കാഴ്ചയായി സമർപ്പിച്ച വസ്തുക്കളോടൊപ്പം, സൂക്ഷിക്കുകയാണ് ചെയ്തത്. അതിനാൽ തീർത്ഥാടന കാലത്തെ ആരാധനയുമായി ബന്ധപ്പെട്ട യാതൊന്നും ജറുസലെം ദേവാലയത്തിനു പുറത്ത് അവശേഷിച്ചില്ല.

സീനായ് മലയിൽ വച്ചു ദൈവം നല്കിയ പ്രമാണപ്പലകകൾ മാത്രമേ പേടകത്തിലുണ്ടായിരുന്നുള്ളൂ (1 രാജാ 8,9). തങ്ങൾ ആരാണെന്നും എന്താണ് തങ്ങളുടെ കടമയെന്നും ജനത്തെ നിരന്തരം അനുസ്മരിപ്പിക്കുന്ന അടയാളമാണ് ഉടമ്പടിയുടെ നിബന്ധനകൾ എഴുതിയ കല്പലകകൾ. തിരുഹിതം അറിയിക്കുന്ന പ്രമാണങ്ങളിലൂടെയാണ് ദൈവം ജനമധ്യേ സന്നിഹിതനായിരിക്കുന്നത്. ആ പ്രമാണങ്ങൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ ഇസ്രായേൽ ദൈവ ജനമായി തുടരൂ, ദൈവിക സാന്നിധ്യം അവർക്ക് സംരക്ഷണം നല്കൂ. തിരഞ്ഞെടുപ്പും പേടകവും യാന്ത്രികമായ സംരക്ഷണം നല്കുന്ന മാന്ത്രികോപകരണങ്ങളല്ല; ഉടമ്പടിയിൽ നിന്ന് ഉരുത്തിരിയുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന ഉപകരണങ്ങളാണ് അവ.

ശ്രീകോവിലിൽ പേടകം പ്രതിഷ്ഠിച്ചതിനുശേഷം പുരോഹിതന്മാർ പുറത്തിറങ്ങിയപ്പോൾ ദേവാലയത്തിൽ മേഘം നിറഞ്ഞത് (1 രാജാ 8,10; 2 ദിന 5,14). മരുഭൂമിയിൽ വച്ചു നടന്ന കൂടാരപ്രതിഷ്ഠയെ (പുറ 40,34) അനുസ്മരിപ്പിക്കുന്നു. ദൈവിക സാന്നിധ്യത്തിന്റെ അടയാളമാണ് മേഘം. മരുഭൂമിയിലൂടെ വഴി നയിക്കുകയും (സംഖ്യ 9,15-23) കൂടാരത്തെ ആവരണം ചെയ്യുകയും ചെയ്ത മേഘം ഇപ്പോൾ ദേവാലയത്തിൽ നിറഞ്ഞു നില്ക്കുന്നതിലൂടെ സോളമൻ പണിയിച്ച ആലയത്തെ ദൈവം സ്വന്തമായി സ്വീകരിച്ചിരിക്കുന്നു എന്ന സൂചന ലഭിക്കുന്നു. മേഘം ദൃശ്യമാണെങ്കിലും മേഘത്തിൽ മറ്റൊന്നും കാണാനാവില്ല എന്നതും ശ്രദ്ധേയമത്രെ. അദൃശ്യനും രൂപ രഹിതനുമാണ് ദൈവം. അവിടുത്തെ കാണാനോ പൂർണ്ണമായി മനസ്സിലാക്കാനോ ആർക്കും കഴിയില്ല. ഭൂമിയിൽ പ്രകാശം ചൊരിയുന്ന സൂര്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്. ആകാശത്തു സ്ഥാപിതമായിരിക്കുന്ന സൂര്യനെ എല്ലാവർക്കും കാണാം. എന്നാൽ സൂര്യനെ സൃഷ്ടിച്ച ദൈവത്തെ ആർക്കും കാണാൻ കഴിയുകയില്ല. "നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക" (1 രാജാ 8,12) എന്ന പ്രസ്താവന ദൈവത്തിന്റെ അജ്ഞേയതിലേക്കും രഹസ്യാത്മകതയിലേക്കും ശ്രദ്ധ



തിരിക്കുന്നു. ജാലകങ്ങളില്ലാത്ത, കനത്ത തിരശീലകൊണ്ടു മറച്ച്, ഒരു വാതിൽ മാത്രമുള്ള, അന്ധകാരാവൃതമായ അതിവിശുദ്ധ സ്ഥലം ഈ സത്യത്തിന്റെ അടയാളമാണ്.

### ii. സോളമന്റെ ആശീർവ്വാദം 1 രാജാ 8,14-21; 2 ദിന 6,1-11

ദേവാലയ പ്രതിഷ്ഠയോടനുബന്ധിച്ച് സോളമൻ നടത്തിയ സുദീർഘമായ യാചനാ പ്രാർത്ഥനയുടെ ആരംഭത്തിലും അവസാനത്തിലും അദ്ദേഹം ജനങ്ങളെ ആശീർവ്വദിച്ചു. ആദ്യത്തെ ആശീർവ്വാദത്തിൽ ജനത്തിനു നന്മ നേരുകയും വാഗ്ദാനങ്ങൾ പൂർത്തീകരിച്ചതിന്റെ പേരിൽ കർത്താവിനെ വാഴ്ത്തുകയുമാണ് ചെയ്യുന്നത്. രണ്ടു പുസ്തകങ്ങളിലും ഈ ആശീർവ്വാദം കാര്യമായ വ്യത്യാസങ്ങൾ ഒന്നും തന്നെ കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ആശീർവ്വാദത്തിന്റെ ആരംഭത്തിലും അവസാനത്തിലും (1 രാജാ 8,16-21) ഈജിപ്തിൽ നിന്നുള്ള മോചനത്തെയും സീനായ് ഉടമ്പടിയെയും അനുസ്മരിപ്പിക്കുന്നു. പുറപ്പാട് സംഭവത്തിൽ തുടങ്ങിയ വിമോചന പ്രവൃത്തിയുടെ ലക്ഷ്യം ദേവാലയ പ്രതിഷ്ഠയോടെ പൂർത്തിയായി എന്ന് ഇതിലൂടെ എടുത്തു കാട്ടുന്നു. ദാവീദിനു നല്കിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ഈ ഭാഗത്തിന്റെ കേന്ദ്രം. രാജവംശത്തിന്റെ തുടർച്ചയെയും ദേവാലയ നിർമ്മാണത്തെയും സംബന്ധിച്ച് നാഥാൻ വഴി നല്കിയ വാഗ്ദാനങ്ങളാണ് പൂർത്തീകരിക്കപ്പെട്ടതായി ഇവിടെ എടുത്തു പറയുന്നത്. ഈജിപ്തിൽ നിന്നുള്ള വിമോചനം, സീനായ് ഉടമ്പടി, ദാവീദിന്റെ രാജവംശത്തിന്റെ സ്ഥാപനം, ജറുസലെം നഗരത്തിന്റെ തിരഞ്ഞെടുപ്പ്, ദേവാലയ നിർമ്മാണം ഇവയെല്ലാം ഒരേ രക്ഷാ ചരിത്രത്തിന്റെ ഭാഗങ്ങളായി കാണുന്നു.

ദേവാലയത്തെ സംബന്ധിച്ച വ്യക്തമായ ഒരു കാഴ്ചപ്പാട് ഇവിടെ അവതരിപ്പിക്കുന്നുണ്ട്. "കർത്താവിന് ഒരു ആലയം" (1 രാജാ 8,16.21) എന്നാണ് പി.ഒ.സി ബൈബിളിൽ വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ഹീബ്രു മൂലത്തിൽ "കർത്താവിന്റെ നാമത്തിന് ഒരാലയം" എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. നാമം വ്യക്തിയെ സൂചിപ്പിക്കുന്നതിനാൽ ഈ വിവർത്തനം തെറ്റല്ല എങ്കിലും ദൈവശാസ്ത്രപരമായി നോക്കുമ്പോൾ രണ്ടിനും വ്യത്യസ്തമായ ഊന്നലുകളാണുള്ളത്. കർത്താവിന് ആലയം എന്നു പറയുമ്പോൾ കർത്താവ് ദേവാലയത്തിൽ വസിക്കുന്നു എന്ന ധാരണ ഉണ്ടാകാം. സ്വർഗ്ഗത്തിനു പോലും ഉൾക്കൊള്ളാൻ കഴിയാത്ത ദൈവത്തിന്റെ സാന്നിധ്യം മനുഷ്യ നിർമ്മിതമായ ഒരു ആലയത്തിൽ ഒതുങ്ങി നില്ക്കുന്നു എന്ന തെറ്റായ ധാരണയ്ക്ക് ഇതു വഴി തെളിക്കാം. പില്ക്കാലത്ത് ഇപ്രകാരമൊരു വിശ്വാസം ഇസ്രായേ

ലിൽ പ്രചാരത്തിൽ വരുകയുണ്ടായി. അതിനാലാണ് "കർത്താവിന്റെ നാമത്തിന് ഒരാലയം" എന്നു വ്യക്തമാക്കുന്നത്.

കർത്താവ് ദേവാലയത്തിൽ മാത്രമായി വസിക്കുന്നില്ല, അവിടുത്തെ സാന്നിധ്യം ജനത്തിനു അനുഭവഭേദ്യമാക്കുന്നതേയുള്ളു. കർത്താവ് തന്റെ നാമം സ്ഥാപിക്കാനായി തിരഞ്ഞെടുത്ത നഗരം എന്ന വിശദീകരണം നിയമാവർത്തനാത്മക ദൈവശാസ്ത്രത്തിന്റെ ഭാഗമാണ് (നിയ 12,5.11.21). പ്രമാണ പലകകൾ ഉൾക്കൊള്ളുന്ന ഉടമ്പടിയുടെ പേടകം സ്ഥാപിക്കാൻ വേണ്ടി സ്ഥലം ഒരുക്കി (1 രാജാ 8,2) എന്ന വിശദീകരണവും ദേവാലയത്തെ ദൈവത്തിന്റെ വാസസ്ഥലം എന്നതിനെക്കാൾ ദൈവമനുഷ്യ സമാഗമത്തിന്റെ വേദിയായി കാണുന്നു. ജനം ദൈവ തിരുമ്പിൽ ബലികളും പ്രാർത്ഥനകളും അർപ്പിക്കുകയും ദൈവം തന്റെ ഹിതം ജനത്തെ അറിയിക്കുകയും അവരുടെമേൽ അനുഗ്രഹം വർഷിക്കുകയും ചെയ്യുന്ന വേദിയാണ് ദേവാലയം.

### iii. സോളമന്റെ യാചനാ പ്രാർത്ഥന

**1 രാജാ 8,22-53; 2 ദിന 6,12-42**

മുട്ടു കുത്തി, കരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിക്കൊണ്ടാണ് സോളമൻ പ്രാർത്ഥിച്ചത്. 1 രാജാ 8,14ൽ രാജാവ് ജനങ്ങൾക്കുനേരെ തിരിഞ്ഞു എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. 1 രാജാ 8,55ൽ ജനത്തെ ആശീർവ്വദിക്കാനായി ജനത്തിനുനേരെ തിരിഞ്ഞു എന്ന് ആവർത്തിക്കുന്നില്ല. അതിനാൽ ആശീർവ്വാദവും യാചനയും എല്ലാം ജനാഭിമുഖമായാണ് നടത്തിയതെന്ന് അനുമാനിക്കാം. കർത്താവിനെ സ്തുതിക്കാനും ജനത്തെ ആശീർവ്വദിക്കാനും നില്ക്കുകയും യാചനകൾ അർപ്പിക്കാൻ മുട്ടു കുത്തുകയും ചെയ്തത് പ്രാർത്ഥനാ സമയത്തു സ്വീകരിക്കുന്ന വ്യത്യസ്ത നിലപാടുകളെ സൂചിപ്പിക്കുന്നു. പ്രാർത്ഥിക്കുന്ന ആളിന്റെ മാനസിക ഭാവങ്ങളെ പ്രകടിപ്പിക്കുന്നതാണ് അയാൾ സ്വീകരിക്കുന്ന നിലപാട്. സന്തോഷസൂചകമായി നില്ക്കുന്നു. മുട്ടുകുത്തുന്നവർ അഗാധമായ വിനയവും ആഴമേറിയ വിശ്വാസവും പ്രകടമാക്കുന്നു. സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമാണ് സാഷ്ടാംഗ പ്രണാമം. അഗാധ ദുഃഖത്തിലാണ്ടവർ കമിഴ്ന്നു കിടന്ന് പ്രാർത്ഥിക്കുന്നു. എന്നാൽ ശാരീരികമായ ഈ നിലപാടുകൾക്കെല്ലാം സാർവ്വത്രിക സാധുതയുണ്ടെന്നു പറയാനാവില്ല. ഓരോ സംസ്കാരത്തിന്റെയും പ്രത്യേകതകളും വ്യക്തികളുടെ മനോഭാവങ്ങളും ബോധ്യങ്ങളും ഇതിനെ സ്വാധീനിക്കുന്നുണ്ട്.

അടുത്തതായി ഏഴു യാചനകൾ കർതൃ സന്നിധിയിൽ അവതരിപ്പിക്കുന്നു. കർത്താവിന്റെ സ്നേഹവും വിശ്വസ്തതയും ഏറ്റു പറയുന്ന ഒരു



വിശ്വാസ പ്രഖ്യാപനത്തോടെയാണ് യാചനാ പ്രാർത്ഥന ആരംഭിക്കുന്നത്. "ഹെസെദ്" എന്ന ഹീബ്രു വാക്കാണ് "അനന്ത സ്നേഹം" എന്നു വിവർത്തനം ചെയ്യുന്നത്. തന്റെ സൃഷ്ടികളോടും, പ്രത്യേകിച്ച് താൻ സ്വന്ത ജനമായി തിരഞ്ഞെടുത്ത ഇസ്രായേലിനോടും, ദൈവം പ്രകടമാക്കുന്ന കരുണാമസൃണവും അചഞ്ചലവുമായ സ്നേഹത്തെ സൂചിപ്പിക്കുന്ന പദമാണ് ഹെസെദ്, ഇതിനെ ദയ, അനുകമ്പ, വാത്സല്യം, സ്ഥിര സ്നേഹം, അചഞ്ചല സ്നേഹം, എന്നൊക്കെ വിവർത്തനം ചെയ്യാം. ഉടമ്പടിയിലൂടെ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള വിശ്വസ്തതയെയാണ് ഇവിടെ അനന്തസ്നേഹമായി വ്യാഖ്യാനിക്കുന്നത്. നാഥാൻ വഴി ദാവീദിനു നല്കിയ വാഗ്ദാനങ്ങൾ ദൈവം നിറവേറ്റിയിരിക്കുന്നു എന്ന് സോളമൻ ആദ്യമേ ഏറ്റു പറയുന്നു (1 രാജാ 8,23-24).

ഈ വാഗ്ദാനങ്ങൾ തുടർന്നും നിറവേറ്റണമേ എന്ന യാചനയാണ് ഏഴു യാചനകളിൽ ആദ്യത്തേത് (1 രാജാ 8,25-31; 2 ദിന 6,16-17). വാഗ്ദാന പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുമ്പോഴും വാഗ്ദാനങ്ങൾ നിരുപാധികമല്ല എന്ന് അനുസ്മരിക്കുന്നുണ്ട്. ദാവീദിന്റെ മക്കൾ നേരായ മാർഗ്ഗത്തിലൂടെ ചരിച്ചാലേ ദൈവം വാഗ്ദാനങ്ങൾ നിറവേറ്റുകയുള്ളൂ എന്ന അവബോധം കർത്താവിന്റെ മാർഗ്ഗത്തിലൂടെ ചരിക്കാൻ സഹായിക്കണമേ എന്ന യാചനയുടെ മറ്റൊരു രൂപമാണ്. തന്റെ കഴിവിന്റെ പരമാവധി പരിശ്രമിച്ചാണ് സോളമൻ കർത്താവിനുവേണ്ടി ആലയം നിർമ്മിച്ചത്. എന്നാൽ സർവ്വ ലോക സ്രഷ്ടാവായ ദൈവത്തിന്റെ മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഈ ആലയം എത്ര നിസ്സാരമെന്ന് സോളമൻ തന്നെ മനസ്സിലാക്കുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തിന്റെ തിരുമുമ്പിൽ യാചനകൾ അർപ്പിക്കാനുള്ള ഒരു വേദി മാത്രമാണ് ദേവാലയം എന്ന സത്യം അദ്ദേഹം ഏറ്റു പറയുന്നു (1 രാജാ 8,27-30; 2 ദിന 6,18-21).

രാജവംശത്തിനുവേണ്ടി നടത്തിയ യാചനയ്ക്കുശേഷം ഇസ്രായേൽ ജനത്തിനു മുഴുവൻ വേണ്ടി യാചനകൾ അർപ്പിക്കുന്നു. ദേവാലയത്തിൽ വച്ചോ, വിദൂരത്തെങ്കിൽ ദേവാലയത്തിന്റെ നേർക്കു തിരിഞ്ഞോ പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥനകൾ കർത്താവു കേൾക്കണം എന്ന് എല്ലാ യാചനകളിലും ഒരു പല്ലവി പോലെ ആവർത്തിക്കുന്നുണ്ട്. ഭാവിയിൽ ഉണ്ടാകാവുന്ന വ്യത്യസ്ത സാഹചര്യങ്ങളെ വിഭാവനം ചെയ്തുകൊണ്ടാണ് ഈ യാചനകൾ നടത്തുന്നത്.

കുറ്റവാളി ആരെന്നു വ്യക്തമല്ലാത്ത സാഹചര്യത്തിൽ കുറ്റം തെളിയിക്കാനും നിരപരാധനു നീതി നടത്തിക്കൊടുക്കാനും ദൈവം തന്നെ തിരുമനസ്സാകണം എന്നതാണ്, സത്യം ചെയ്യലിനെ സംബന്ധിച്ച, രണ്ടാമത്തെ യാചനയുടെ ലക്ഷ്യം (1 രാജാ 8,31-32; 2 ദിന 6, 22-23). ഇപ്രകാ

രമുള്ള സത്യം ചെയ്യലിനെക്കുറിച്ച് ഇസ്രയേലിൽ വ്യക്തമായ നിയമമുണ്ട് (പുറ 22,10-11; സംഖ്യ 5,19). ജനത്തിനു നീതിയും ന്യായവും നടത്തിക്കൊടുക്കുക രാജാവിന്റെ ധർമ്മമാണ്. അതിനു കർത്താവിന്റെ സഹായം തേടുകയാണ് ഈ യാചനയിലൂടെ ചെയ്യുന്നത്. ഇതുവഴി ദേവാലയത്തെ പരമോന്നത ന്യായപീഠമായി ചിത്രീകരിക്കുന്നു. കർത്താവിനെ വിധിയാളനായി ഏറ്റുപറയുകയും ചെയ്യുന്നു.

ജനത്തിന്റെ അവിശ്വസ്തതയും പാപവും മൂലം ഉണ്ടാകാവുന്ന പരാജയത്തെയും പ്രവാസത്തെയും മുന്നിൽ കണ്ടുകൊണ്ടാണ് മൂന്നും (1 രാജാ 8,33-34; 2 ദിന 6,24-25) ഏഴും (1 രാജാ 8,46-53; 2ദിന6,36-40) യാചനകൾ രൂപപ്പെടുത്തിയിരിക്കുന്നത്. അതിനാൽത്തന്നെ ഇവ പ്രവാസകാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി വ്യഖ്യാതാക്കൾ കരുതുന്നു. വാഗ്ദത്ത ഭൂമിയിലേക്കു തിരികെ കൊണ്ടുവരണമേ എന്ന യാചന ജനം വാഗ്ദത്ത ഭൂമിയിൽ നിന്നും നിഷ്ക്കാസിതരാകുന്ന സാഹചര്യത്തെയാണ് വിഭാവനം ചെയ്യുന്നത്. ഏഴാം യാചനയിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

ദേശത്തിന്റെ ഫലപുഷ്ടി ഉടമ്പടിയോടുള്ള ജനത്തിന്റെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു എന്ന വിശ്വാസത്തിൽ നിന്നാണ് നാലാമത്തെ യാചന (1 രാജാ 8,35-0; 2 ദിന 6,26-31) രൂപം കൊള്ളുന്നത്. ജനത്തിന്റെ പാപം ഭൂമിയുടെമേൽ അനർത്ഥങ്ങൾ വിളിച്ചു വരുത്തും എന്ന് പല തവണ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (ഉൽപ 3,17-18; ലേവ്യ 26,18-20; നിയ 28,20-24). പ്രകൃതിക്ഷോഭങ്ങൾക്കു പുറമേ ശത്രുക്കളുടെ ആക്രമണം, സാംക്രമിക രോഗങ്ങൾ മുതലായവയും പാപത്തിനുള്ള ശിക്ഷയായി പരിഗണിക്കുന്നു. ഇവയിൽ നിന്നു മോചനം ലഭിക്കാൻ മൂന്നു നിബന്ധനകളാണ് സോളമൻ തന്നെ മുന്നോട്ടു വയ്ക്കുന്നത്. 1. പാപത്തിൽ നിന്നു പിന്തിരിയുക. 2. കർത്താവിന്റെ നാമം ഏറ്റുപറയുക. 3. ദേവാലയത്തിൽ വന്നു പ്രാർത്ഥിക്കുക. ജനം ഈ നിബന്ധനകൾ പാലിച്ചാൽ അവരോടു ക്ഷമിച്ച്, ഭൂമിക്കു ഫലപുഷ്ടിയും ജനത്തിനു സംരക്ഷണവും നല്കണം എന്നു പ്രാർത്ഥിക്കുന്നു. ശിക്ഷയും അനുഗ്രഹവും ഒരുപോലെ ദൈവത്തെ ഭയപ്പെടുന്നതിനും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നതിനും ജനത്തെ പ്രേരിപ്പിക്കുമെന്നും ഈ യാചനയിൽ എടുത്തു പറയുന്നു. മനുഷ്യന്റെ ഹൃദയങ്ങൾ അറിയുന്നവനാണ് ദൈവം എന്ന വിശ്വാസം ദൈവഭയത്തിനും അതേസമയം പ്രത്യാശയ്ക്കും വഴി തെളിക്കും.

ദേവാലയത്തിനു നേരെ തിരിഞ്ഞു പ്രാർത്ഥിക്കുന്ന വിജാതീയർക്കു വേണ്ടിയാണ് അഞ്ചാമത്തെ യാചന (1 രാജാ 8,41-43; 2 ദിന 6,32-33). "ദേവാലയത്തിൽ വന്നു പ്രാർത്ഥിച്ചാൽ" എന്നാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യാഹ്‌വേ ഇസ്രായേലിന്റെ മാത്രമല്ല, വിജാതീയരുടെയും ദൈവമാണെന്നും അവിടുന്ന് അവർക്കും രക്ഷ നല്കും എന്നുമുള്ള വിശ്വാസം പ്രവാസകാലത്താണ് ശക്തിപ്പെട്ടത്. യുദ്ധത്തിലുള്ള വിജയത്തിനുവേണ്ടിയാണ് ആറാമത്തെ യാചന (1 രാജാ 8,44-45; 2 ദിന 6,34-35).



പ്രവാസത്തെ മുന്നിൽ കണ്ടുകൊണ്ടുനടത്തുന്ന ഏഴാമത്തെ യാചന മറ്റ് ആറു യാചനകളെക്കാളും ദീർഘമാണ് (1 രാജാ 8,46-52; 2 ദിന 6,36-40). ജനത്തിന്റെ പാപം മൂലമാണ് അവർ വാഗ്ദത്ത ഭൂമിയിൽ നിന്നു പുറന്തള്ളപ്പെടുന്നത് എന്ന് മൂന്നാമത്തെ യാചനയിലേതിനേക്കാൾ കൂടുതൽ വ്യക്തമായി ഇവിടെ ഏറ്റുപറയുന്നു. ഈജിപ്തിലെ അടിമത്തെത്തെയും അവിടെ നിന്നു ലഭിച്ച മോചനത്തെയുംക്കുറിച്ചു രണ്ടു തവണ പരാമർശിക്കുന്നതിലൂടെ പ്രവാസത്തെ ആദ്യത്തെ അടിമത്തത്തോടും വിമോചനത്തെ പുറപ്പാടിനോടും താരതമ്യം ചെയ്യുന്നു. ഈജിപ്തുമായുള്ള താരതമ്യം ദിനവൃത്താന്ത ഗ്രന്ഥത്തിലില്ല. പശ്ചാത്താപം, പാപം ഏറ്റുപറയൽ, ദേവാലയത്തിന് അഭിമുഖമായി നിന്നുള്ള പ്രാർത്ഥന എന്ന മൂന്നു നിബന്ധനകളാണ് ഇവിടെയും നിർദ്ദേശിക്കുന്നത്. ജറുസലെമിനു നേരെ തിരിഞ്ഞു പ്രാർത്ഥിക്കുക പ്രവാസികൾക്കു പതിവായിരുന്നു (ദാനി 6,10). യാചനകളുടെ ആരംഭത്തിൽ പരാമർശവിഷയമായ ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിലാണ് ഇവിടെയും പ്രത്യാശ വയ്ക്കുന്നത്. ഈജിപ്തിൽ നിന്നുള്ള മോചനം, തിരഞ്ഞെടുപ്പ്, ഉടമ്പടി എന്നിവയിലൂടെ പ്രകടമായതാണ് ഈ സ്നേഹം. ജനം അവിശ്വസ്തരായിത്തീർന്നാലും കർത്താവ് അവരെ എന്നേക്കുമായി പരിത്യജിക്കുകയില്ലെന്നും പശ്ചാത്തപിക്കുന്നവരോടു കരുണതോന്നി ക്ഷമിക്കും എന്നുമുള്ള വിശ്വാസം ഈ യാചനയിൽ പ്രതിഫലിക്കുന്നു.

പുറപ്പാടു സംഭവത്തെ അനുസ്മരിച്ചുകൊണ്ട് സോളമന്റെ പ്രാർത്ഥന സമാപിക്കുന്നതായി രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുമ്പോൾ (1 രാജാ 8,53) ദിന വൃത്താന്ത ഗ്രന്ഥകാരൻ സങ്കീ 132,8-10 സ്വതന്ത്രമായി ഉദ്ധരിച്ചുകൊണ്ടാണ് പ്രാർത്ഥന അവസാനിപ്പിക്കുന്നത് (2 ദിന 6,41-42). പേടകം ദേവാലയത്തിലേക്കു കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടതാണ് ഈ സങ്കീർത്തനം ആരോഹണ ഗീതം (തീർത്ഥാടകരുടെ സങ്കീർത്തനം) എന്നാണ് ഈ സങ്കീർത്തനം അറിയപ്പെടുന്നത്. ദാവീദുമായി ദൈവം ചെയ്ത ഉടമ്പടിയും അതുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങളുമാണ് ഇതിലെ മുഖ്യപ്രതിപാദ്യം. ഈ വാഗ്ദാനത്തെ അനുസ്മരിപ്പിച്ചുകൊണ്ട് പ്രാർത്ഥന സമാപിക്കുമ്പോൾ കർത്താവിനുവേണ്ടി ആലയം പണിയാനുള്ള ദാവീദിന്റെ ആഗ്രഹവും ദാവീദിനു ദൈവം

നല്കിയ വാഗ്ദാനവും പൂർത്തിയായിരിക്കുന്നു എന്ന് ഏറ്റുപറയുന്നു. പുറപ്പാടിൽ നിന്നു സ്ഥിരവാസത്തിലേക്കു ശ്രദ്ധതിരിക്കുന്നതാണ് ഈ സമാപനം.

### iv സമാപനാശീർവ്വാദം 1 രാജാ 8,54-61

സുദീർഘമായ യാചനാ പ്രാർത്ഥനയ്ക്കുശേഷം സോളമൻ ജനത്തെ ആരംഭത്തിലെന്നതുപോലെ വീണ്ടും ആശീർവ്വദിച്ചു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഈ ആശീർവ്വാദം രേഖപ്പെടുത്തിയിട്ടില്ല. നിയമാവർത്തന ഗ്രന്ഥത്തിലെ പദപ്രയോഗങ്ങളും ദൈവശാസ്ത്ര വീക്ഷണവും ഈ ആശീർവ്വാദത്തിൽ ഉടനീളം ദൃശ്യമാണ്. അതിനാൽ ഈ ഭാഗം മുഴുവനായും നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി വ്യഖ്യാതാക്കൾ കരുതുന്നു.

ജനത്തിനു വിശ്രമം നല്കിയതിന്റെ പേരിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് സമാപനാശീർവ്വാദം ആരംഭിക്കുന്നു. (1 രാജാ 8,56). "ശാന്തി" എന്നു പി.ഒ.സി. ബൈബിളിൽ വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രു വാക്കിന്റെ അർത്ഥം വിശ്രമം എന്നത്രെ. വാഗ്ദത്ത ഭൂമിയിലെ സമാധാനപൂർണ്ണമായ വാസത്തെയാണ് "വിശ്രമം" എന്നതുകൊണ്ട് പ്രത്യക്ഷത്തിൽ അർത്ഥമാക്കുക. നിയ, 12,9-10ൽ സൂചിപ്പിച്ച വിശ്രമം ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു എന്ന് ഇവിടെ ഏറ്റുപറയുന്നു. എന്നാൽ "വിശ്രമം" എന്ന പദത്തിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്. സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിവസം വിശ്രമിച്ച ദൈവത്തിന്റെ വിശ്രമത്തിന്റെ പങ്കുചേരലിലേക്കാണ് ഈ പദം വിരൽചൂണ്ടുന്നത് (സങ്കീ 95,11). ഹെബ്രാ 3,7-4,11ൽ ഈ വിഷയം വിശദമായി അപഗ്രഥിക്കുന്നുണ്ട്. വാഗ്ദത്ത ഭൂമിയിലെ വിശ്രമം ദൈവത്തോടൊന്നിച്ചുള്ള വാസത്തിന്റെ പ്രതീകവും മുന്നോടിയുമാണ്. യേശുക്രിസ്തുവിലൂടെയാണ് ആത്യന്തികമായി ഈ വിശ്രമം ലഭ്യമായത്.

വാഗ്ദത്ത ഭൂമിയിൽ വിശ്രമം നല്കിയ കർത്താവിനെ സ്തുതിച്ചതിനുശേഷം വീണ്ടും യാചനാ പ്രാർത്ഥനകൾ ആശംസ രൂപത്തിൽ അവതരിപ്പിക്കുന്നു. "ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ" എന്നതാണ് ആദ്യത്തെ ആശംസ (1 രാജ 8,57). ദൈവിക സാന്നിധ്യമാണ് ജനത്തിനു ശക്തിയും പ്രത്യാശയും നൽകുക. ജനമധ്യത്തിലുള്ള വൈദിക സാന്നിധ്യത്തിന്റെ അടയാളമാണ് ദേവാലയം. എന്നാൽ അതിലുപരി മറ്റൊരു സാന്നിധ്യത്തെക്കുറിച്ച് പ്രവാചകന്മാർ അറിയിച്ചു (ഏശ 7,14). "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന നാമധാരിയായ യേശുക്രിസ്തുവിലാണ് ഈ ആഗ്രഹവും ആശംസയും പൂർത്തിയായത്. മനുഷ്യ ഹൃദയം തിന്മയിലേക്ക് ചാഞ്ഞിരിഞ്ഞിരിക്കുന്നുവെന്നും



കർത്താവിനു മാത്രമേ ഹൃദയത്തെ നവീകരിക്കാനും നന്മയിലേക്കു തിരിക്കാനും കഴിയൂ എന്നുമുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ടാണ് പ്രമാണങ്ങൾ പാലിക്കാനുള്ള കൃപയ്ക്കുവേണ്ടി യാചിക്കുന്നത് (1 രാജാ 8,58). രാജാവിനും ജനത്തിനും നൽകുന്ന സംരക്ഷണം കർത്താവിനെ ഏക ദൈവമായി സകല ജനതകളും അംഗീകരിക്കാനും ഏറ്റുപറയാനും കാരണമാകണം (1 രാജാ 8,59-60). പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ അനുസരിക്കാൻ ജനത്തെ ആഹ്വാനം ചെയ്തുകൊണ്ട് പ്രാർത്ഥനയും ആശീർവ്വാദവും സമാപിക്കുമ്പോൾ (1 രാജാ 8,61). വാഗ്ദത്ത ഭൂമിയുടെ പടിവാതില്ക്കൽ വച്ചു ജനത്തെ അനുസരണത്തിന് ആഹ്വാനം ചെയ്ത മോശയുടെ യഥാർത്ഥ പിൻഗാമിയായി മാറുന്നു സോളമൻ.

ദൈവിക സാന്നിധ്യത്തിനു വേണ്ടിയുള്ള തീവ്രമായ ദാഹവും അത് നഷ്ടപ്പെട്ടേക്കുമോ എന്ന ഉൽക്കടമായ ഭയവും ഈ പ്രാർത്ഥനയിൽ നിറഞ്ഞു നിൽക്കുന്നു. ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ കാണുമ്പോൾ ഈ പ്രാർത്ഥനയുടെ പ്രാധാന്യവും പ്രസക്തിയും കൂടുതൽ വ്യക്തമാകും. രാജവംശത്തിനും ജനത്തിനും വേണ്ടി സോളമൻ നടത്തിയ മധ്യസ്ഥ പ്രാർത്ഥന രാജ്യവും ദേവാലയവും നഷ്ടപ്പെട്ട് പ്രവാസത്തിൽ കഴിഞ്ഞവർക്കു പ്രത്യാശയുടെ ഉറവിടമായിത്തീരുന്നു. ദൈവരാജ്യമെന്ന വാഗ്ദത്ത ഭൂമിയിൽ നിന്ന് ഇന്നും അകലെ കഴിയുന്ന സകലർക്കും ഈ പ്രാർത്ഥന പ്രത്യാശ നൽകുന്നു. സോളമൻ അതിനു വേണ്ടിയല്ല, ജനത്തിനു മുഴുവനും വേണ്ടിയാണ് പ്രാർത്ഥിച്ചത്. ജനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ജനത്തെ ആശീർവ്വദിക്കുകയും ചെയ്യുന്ന സോളമൻ രാജാവ് നിത്യപുരോഹിതനും നല്ല ഇടയനുമായ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമായി പ്രത്യക്ഷപ്പെടുന്നു. സോളമന്റെ പ്രാർത്ഥന യഥാർത്ഥ മധ്യസ്ഥ പ്രാർത്ഥനയുടെ മാതൃകയാണ്.

### v. പ്രതിഷ്ഠാബലിയും ഉത്സവഘോഷവും
### 1 രാജാ 8,62-66; 2 ദിന 7,1-10

ദേവാലയ പ്രതിഷ്ഠയ്ക്കായി രാജാവും ജനവും ചേർന്ന് വളരെ വിപുലമായ ബലിയർപ്പണങ്ങൾ നടത്തി. ബലിമൃഗങ്ങളുടെ എണ്ണത്തിൽ അതിശയോക്തിയുണ്ട്. ബലിമൃഗത്തെ പൂർണ്ണമായി ദഹിപ്പിക്കുന്നതാണ് ദഹനബലി. സമാധാന ബലിയിൽ മൃഗത്തിന്റെ കൊഴുപ്പും ഉദരകോശങ്ങളും മാത്രമേ ദഹിപ്പിക്കുന്നുള്ളൂ. മാംസം ബലിയർപ്പകർ ഭക്ഷിക്കുന്നു. ഇതിനെ ഭോജനബലിയെന്നും സമാധാനബലിയെന്നും വിളിക്കുന്നു. ദൈവവും ജനവും ഒരേ ഭക്ഷണത്തിൽ പങ്കുചേരുന്നതിന്റെ പ്രതീകമാണിത്. ഒരേ മേശയിൽ നിന്നും ഭക്ഷിക്കുന്നവർ പരസ്പരം ഐക്യത്തിൽ

കഴിയുന്നു എന്നതിനാലാണ് ഇതിനെ "സമാധാനബലി" എന്നു വിളി ക്കുന്നത്. ഉത്സവ ദിവസങ്ങളിൽ ജനം ഭക്ഷിച്ചത് സമാധാനബലിയുടെ മാംസമായിരുന്നു. തങ്ങൾ ദൈവത്തോടും രമ്യതയിലാണ് എന്ന അവ ബോധം അവരിൽ ഉണർത്താൻ ഇതു സഹായിച്ചു. "ഹാമാത്തിന്റെ കവാടം" ഇസ്രായേലിന്റെ വടക്കേ അതിർത്തിയാണ്; ഈജിപ്തുനോട് തെക്കെ അതിർത്തിയും (1 രാജാ 8,65). ഏഴു ദിവസം ദീർഘിച്ച ഉത്സവാ ഘോഷങ്ങൾക്കു ശേഷം ജനം ആഹ്ലാദഭരിതരായി തിരിച്ചുപോയി.

രാജാക്കന്മാരുടെ പുസ്തകത്തിലെ ഈ വിവരണത്തേക്കാൾ കൂടു തൽ ദീർഘമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി ബലിവസ്തുക്കൾ ദഹിപ്പിച്ചു എന്ന പ്രസ്താവന യോടെയാണ് വിവരണം ആരംഭിക്കുന്നത്. കർത്താവ് ബലി സ്വീകരിച്ച തിന്റെ അടയാളമാണിത് (ലേവ്യ 9,24; 1 ദിന 21,26; 1 രാജാ 18,38). ദിനവൃ ത്താന്ത ഗ്രന്ഥത്തിലെ വിവരണത്തിൽ പുരോഹിതന്മാർക്കും ലേവ്യർക്കും പ്രത്യേകം പ്രാധാന്യം നല്കിയിരുന്നു. അവരാണ് പ്രാർത്ഥനയിൽ ജനത്തെ നയിക്കുന്നത്. "കർത്താവിന്റെ സ്നേഹം ശാശ്വതമാണ് എന്ന പല്ലവി 136-ാം സങ്കീർത്തനത്തിൽ അനേകം തവണ ആവർത്തിക്കുന്നു ണ്ട്. "സ്നേഹം" (2 ദിന 7,3) "കൃപ" (1 രാജാ 7,6) എന്നു രണ്ടു തര ത്തിൽ വിവർത്തനം ചെയ്യുന്നത് "ഹെസെദ്" എന്ന ഹീബ്രു പദം തന്നെ യാണ്.

രാജാവും ജനവും ഒന്നുചേർന്നു ബലിയർപ്പിക്കുകയും പുരോഹി തരും ലേവ്യരും ജനവും ഒത്തൊരുമിച്ചു കർത്താവിനു സ്തുതി പാടു കയും ചെയ്യുന്നത് ദൈവജനത്തിന്റെ മുഴുവൻ ഐക്യത്തെ വെളിപ്പെടു ത്തുന്നു. കർത്താവിന്റെ അചഞ്ചലവും കരുണാർദ്രവുമായ സ്നേഹം ആസ്വദിച്ച് ആഹ്ലാദത്തോടെ വീടുകളിലേക്കു മടങ്ങുന്ന ജനം ഇസ്രായേൽ സമൂഹത്തിന്റെ ഒരു മാതൃകാ ചിത്രം അവതരിപ്പിക്കുന്നു. തന്നെ ആരാ ധിക്കാൻ വേണ്ടി ദൈവം തിരഞ്ഞെടുത്ത ജനം എപ്രകാരമുള്ളതായിരി ക്കണം എന്ന് ഈ ചിത്രത്തിൽ വ്യക്തമായി കാണാം.

### d. വാഗ്ദാനവും താക്കീതും 1 രാജാ 9,1-9; 2 ദിന 7,11-22

രാജഭരണത്തിന്റെ ആരഭത്തിൽ ഗിബയോണിൽ വച്ചെന്നതു പോലെ (1 രാജാ 3,4-15), നിർമ്മാണപ്രവർത്തനങ്ങളെല്ലാം പൂർത്തിയാ യപ്പോൾ സോളമനു വീണ്ടും ദൈവത്തിന്റെ ദർശനമുണ്ടായി. ഗിബയോ ണിൽ വച്ച് വാഗ്ദാനങ്ങൾ മാത്രമേ നല്കിയുള്ളൂ. എന്നാൽ ഇവിടെ വാഗ്ദാനങ്ങളോടൊപ്പം കർശനമായ ചില താക്കീതുകളും നല്കുന്നു. ഈ ദർശനത്തിന്റെ വിവരണം രണ്ടു പുസ്തകങ്ങളിലും വലിയ വ്യത്യാ സമില്ലാതെ അവതരിപ്പിച്ചിരിക്കുന്നു. സോളമന്റെ പ്രാർത്ഥനയ്ക്കുള്ള മറു



പടി എന്ന വിധത്തിലാണ് ദൈവിക സന്ദേശം അവതരിപ്പിക്കുന്നത്.

സോളമൻ പ്രതിഷ്ഠ ദേവാലയവും സമർപ്പിച്ച പ്രാർത്ഥനകളും ദൈവം സ്വീകരിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെ സന്ദേശം ആരം ഭിക്കുന്നു. ദേവാലയവും ദാവീദിന്റെ രാജവംശവും ദൈവം കാത്തുപാ ലിക്കും എന്ന വാഗ്ദാനമാണ് അടുത്തതായി നല്കുന്നത്. മാനസാന്തര പ്പെട്ട ജനത്തിന്റെ പ്രാർത്ഥനകേട്ട് പ്രകൃതിക്ഷോഭങ്ങൾക്ക് അറുതിവ രുത്തും എന്ന വാഗ്ദാനം ദിനവൃത്താന്ത ഗ്രന്ഥത്തിൽ മാത്രമേ രേഖപ്പെ ടുത്തിയിട്ടുള്ളൂ (2 ദിന 7,13-14). സോളമൻ ഹൃദയ നൈർമ്മല്യത്തോടെ കർത്താവിന്റെ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ വാഗ്ദാ നങ്ങൾ നിറവേറുകയുള്ളു. രാജാവിന്റെ വിശുദ്ധി ജനത്തിന് അനുഗ്രഹ പ്രദമാകുന്നതുപോലെ, അയാളുടെ വീഴ്ചകൾ ജനത്തിനു നാശകരമാ യിത്തീരും.

രാജാവ് അവിശ്വസ്തനായിത്തീർന്നാൽ ഉണ്ടാകാൻ പോകുന്ന ശിക്ഷകളാണ് അടുത്തതായി വിവരിക്കുന്നത് (1 രാജാ 9,69; 2 ദിന 7,19 -22). കർത്താവിനെ ഉപേക്ഷിക്കുക, കല്പന ലംഘിക്കുക, അന്യദേവ ന്മാരെ ആരാധിക്കുക എന്നിങ്ങനെ അവിശ്വസ്തതയുടെ മൂന്നുഘടകങ്ങൾ എടുത്തുകാട്ടുന്നു. ഇസ്രായേലിനെ മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകരെല്ലാം അവർക്കെതിരേ ആരോപിക്കുന്നവയാണ് ഈ കുറ്റ ങ്ങൾ. ജനത്തെയും ദേവാലയത്തെയും ബാധിക്കുന്നതാണ് ശിക്ഷകൾ. "ദേശത്തുനിന്നു വിഛേദിക്കും" എന്നത് അതി കഠിനമായ ഒരു ശിക്ഷ യാണ്. ദൈവവുമായുള്ള സ്നേഹ ബന്ധത്തിന്റെ പ്രത്യക്ഷമായ അട യാളമാണ് വാഗ്ദത്ത ഭൂമി. അവിടെ നിന്നു ബഹിഷ്കരിക്കപ്പെടുന്നത് ദൈവവുമായുള്ള ബന്ധം പൂർണ്ണമായും വിഛേദിക്കപ്പെടുന്നതിനു തുല്യ മാണ്. ഉടമ്പടി ലംഘിക്കുന്നവരെ ദൈവം കൈവെടിയും എന്ന ഭീകര മായ താക്കീതാണ് ഇതിലൂടെ നല്കുന്നത്. "ആലയം എന്റെ മുമ്പിൽ നിന്നു നീക്കിക്കളയും" എന്നതിനും ആഴമേറിയ ധ്വനികളുണ്ട്. ദേവാ ലയം നശിപ്പിക്കും എന്നു മാത്രമല്ല ഇതിന്റെ അർത്ഥം. അവിശ്വസ്ത യായ ഭാര്യയെ ഉപേക്ഷിക്കുന്നതിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് ഇവിടെ നീക്കിക്കളയും എന്നു വിവർത്തനം ചെയ്യുന്നത്. ജന ത്തിന്റെയും ദേവാലയത്തിന്റെയും ഗതി ഒന്നുതന്നെയായിരിക്കും. കർത്താവ് ഉപേക്ഷിച്ച ആലയത്തിനും ജനത്തിനും നിലനില്പുണ്ടാവു കയില്ല. കർത്താവിന്റെ മഹത്വം ദേവാലയം വിട്ട് ഇറങ്ങിപ്പോകുന്നതിന്റെ ചിത്രം എസക്കിയേൽ പ്രവാചകൻ നാടകീയമായി വിവരിക്കുന്നതിൽ നിന്ന് (എസെ 10) ഈ ആശയം വ്യക്തമാകുന്നു.

ഈ ശിക്ഷകളുടെ ഫലമായി ഇസ്രായേൽ ജനം ഇതര ജന

ങ്ങൾക്കിടയിൽ പരിഹാസത്തിനു വിഷയമാകും. തന്നോട് അവിശ്വസ്തത കാട്ടുന്നവർക്ക് ദൈവം നല്കുന്ന ശിക്ഷയുടെ മാതൃകയായി ഇസ്രായേൽ പരിഗണിക്കപ്പെടും എന്നതാണ് 'പഴമൊഴിയാകും' എന്ന താക്കീതു കൊണ്ട് അർത്ഥമാക്കുന്നത്. അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തിനു (ഉൽപ 12,3) കടക വിരുദ്ധമായിരിക്കും ഈ ശിക്ഷ. അനുഗ്രഹത്തിന്റെ ഉറവിടവും മാതൃകയും ആകേണ്ടവർ ശിക്ഷയുടെയും ശാപത്തിന്റെയും മാതൃകയും അടയാളവുമായി അവശേഷിക്കും. തകർന്നു കിടക്കുന്ന ദേവാലയത്തിന്റെ നാശക്കൂമ്പാരം അവിശ്വസ്തതയും വിഗ്രഹാരാധനയും വിളിച്ചുവരുത്തുന്ന ശിക്ഷയുടെ പ്രത്യക്ഷമായ ഉദാഹരണമായിരിക്കും. ഇപ്രകാരം മനോഹരമായ വാഗ്ദാനവും ഭീകരമായ താക്കീതും നല്കുന്നതു വഴി വിശ്വസ്തതയ്ക്കു പ്രേരിപ്പിക്കുന്നതാണ് സോളമനു ലഭിച്ച ദർശനവും സന്ദേശവും

ഈ ഭാഗം മുഴുവനായും നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി വ്യാഖ്യാതാക്കൾ പരിഗണിക്കുന്നു. ഇസ്രായേൽ ജനത്തിനു സംഭവിച്ച പരാജയങ്ങളും നാശങ്ങളും അവർ അനുഭവിക്കേണ്ടിവന്ന പ്രവാസവും ദൈവശാസ്ത്രപരമായി വിശദീകരിക്കുകയും പൂർണ്ണഹൃദയത്തോടെ അനുതപിച്ചു. കർത്താവിലേക്കു തിരിയാൻ പ്രേരിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. പ്രാർത്ഥനകൾ, അരുളപ്പാടുകൾ, പ്രവാചക വചനങ്ങൾ, വാഗ്ദാനങ്ങൾ, താക്കീതുകൾ മുതലായവ വ്യത്യസ്ത സാഹിത്യരൂപങ്ങളിലൂടെ ഈ പ്രമേയം രാജാക്കന്മാരുടെ പുസ്തകത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട് (1 രാജാ 8,14-53; 11,11-13; 11,31-39; 14,6-10; 2 രാജാ 19,15-19; 20,17-19; 21,7-9; 21,10-15; 22,15-20). സമിറിയായുടെ പതനത്തിന് വി.ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണത്തിൽ ഈ ആശയം ഏറ്റം വ്യക്തമാകുന്നു (2 രാജാ 17,5-23).

### e. ദേവാലയം ഒരു ചരിത്രാവലോകനം

ദൈവജനത്തിന്റെ രൂപീകരണത്തിലെ ഒരു നിർണ്ണായക മുഹൂർത്തമാണ് ജറുസലെമിലെ ദേവാലയ നിർമ്മാണവും പ്രതിഷ്ഠയും. പൂർവ്വപിതാക്കന്മാരുടെ കാലത്ത് ദൈവിക സാന്നിധ്യം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലമോ വസ്തുവോ ആയി ബന്ധപ്പെട്ടിരുന്നില്ല. ഹാരാനിൽ വച്ച് അബ്രാഹത്തെ വിളിച്ച ദൈവം കാനാനിലും ഈജിപ്തിലും അദ്ദേഹത്തിനു പ്രത്യക്ഷനായി. തങ്ങൾക്കു പ്രത്യേക ദൈവാനുഭവമുണ്ടായ സ്ഥലങ്ങളിൽ പൂർവ്വ പിതാക്കന്മാർ ബലിപീഠം നിർമ്മിച്ചു ബലിയർപ്പിച്ചെങ്കിലും ദൈവിക സാന്നിധ്യം അവിടെമാത്രം ഒതുങ്ങിനിൽക്കുന്നതായി അവർ കരുതിയില്ല. ഈജിപ്തിലെ അടിമത്ത കാലത്ത് അബ്രാഹത്തിന്റെ മക്കൾ ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ ദൈവം അവരുടെ നിലവിളി



കേട്ട് വിമോചകനായി മോശയെ അയച്ചു. സീനായ് മലയിലും ഈജിപ്തിലും മരുഭൂമിയിലും ദൈവം അവർക്കു സമീപസ്ഥനായിരുന്നു.

സീനായ് ഉടമ്പടിയോടു ദൈവികസാന്നിധ്യ പേടകം എന്ന ഒരു പ്രത്യേക വസ്തുവുമായി ബന്ധപ്പെട്ടു. പ്രമാണപ്പലകകൾ ഉള്ളടക്കം ചെയ്ത പേടകം ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി. എന്നാൽ പേടകം ഒരു പ്രത്യേക സ്ഥലത്തു സ്ഥിരമായി സ്ഥാപിക്കുകയല്ല, തീർത്ഥാടക സമൂഹത്തിനു മുമ്പേ മരുഭൂമിയിലൂടെ വഹിച്ചുകൊണ്ടുപോവുകയായിരുന്നു ചെയ്തത്. വാഗ്ദത്ത ഭൂമിയെ ലക്ഷ്യംവച്ചു യാത്ര ചെയ്യുന്ന ജനത്തിന്റെ മുമ്പിലും അവരുടെ പാളയത്തിന്റെ നടുവിലുമായിരുന്നു പേടകം. ദൈവിക സാന്നിധ്യം ചലനാത്മകമായിരുന്നു.

വാഗ്ദത്തഭൂമിയിൽ ജനം വാസമുറപ്പിച്ചപ്പോൾ പേടകവും ഏതെങ്കിലും ഒരു നഗരത്തിൽ പ്രതിഷ്ഠിച്ചു. ദാവീദ് ജറുസലെമിലേക്കു കൊണ്ടുവരുന്നതുവരെ പേടകം പല പട്ടണങ്ങളിലും സൂക്ഷിച്ചിരുന്നു. പേടകം സ്ഥിതിചെയ്തിരുന്ന നഗരത്തിലേക്ക് ജനം തീർത്ഥാടനം നടത്തുമായിരുന്നു. സോളമൻ ദേവാലയം നിർമ്മിക്കുന്നതുവരെ പേടകം കൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. ജനത്തോടൊന്നിച്ച് യാത്ര ചെയ്യുന്നവനാണ് ദൈവം എന്ന് കൂടാരത്തിന്റെ പ്രതീകം അനുസ്മരിപ്പിച്ചിരുന്നു.

ദേവാലയ നിർമ്മാണത്തോടെ കൂടാരം അപ്രസ്ക്തമായിത്തീർന്നു. ദേവാലയത്തിന്റെ അന്ധകാരാവൃതമായ ഉള്ളറയിലാണ് ദൈവം വസിക്കുന്നത് എന്ന ധാരണ ജനമധ്യത്തിൽ പ്രചരിച്ചു. ദേവാലയം തന്നെ രാജകൊട്ടാര സമുച്ചയത്തിന്റെ ഒരു ഭാഗമായിരുന്നു. അങ്ങനെ കാലക്രമത്തിൽ ദൈവം രാജാവിന്റെ ഒരു കുടികിടപ്പുകാരനെപ്പോലെ പരിഗണിക്കപ്പെടാൻ തുടങ്ങി. ദൈവിക സാന്നിധ്യം തേടുന്നവർ നേർച്ച കാഴ്ചകളുമായി ജറുസലെമിലേക്കു വരണം എന്നായി. ദൈവം സ്വർഗ്ഗത്തിലാണ് വസിക്കുന്നതെന്നും ദേവാലയം പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനും വേണ്ടിയുള്ള സ്ഥലം മാത്രമാണെന്നും ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും ജനങ്ങളുടെ മനസിൽ ജറുസലെം ദേവാലയം ദൈവത്തിന്റെ വാസസ്ഥലം തന്നെ ആയിരുന്നു. ഈ കാഴ്ചപ്പാട് വലിയൊരു അന്ധവിശ്വാസത്തിനു വഴിതെളിച്ചു.

കർത്താവ് തന്റെ വാസസ്ഥലം സംരക്ഷിക്കുമെന്നും അതിനാൽ ദേവാലയം സ്ഥിതിചെയ്യുന്ന ജറുസലെം നഗരം എപ്പോഴും സുരക്ഷിതമായിരിക്കുമെന്നുള്ള വിശ്വാസം വ്യാപകമായി. ദേവാലയത്തിന്റെ സാന്നിധ്യം തലസ്ഥാന നഗരത്തിന് പ്രൗഢിയും സുരക്ഷിതത്വവും ഉറപ്പുവരുത്തി. കാലക്രമത്തിൽ ഉടമ്പടിയുടെ പ്രമാണങ്ങൾ വിസ്മരിക്കപ്പെട്ടു. തിരുനാളുകൾ വെറും ബാഹ്യമായ ആഘോഷങ്ങൾ മാത്രമായി

അധഃപതിച്ചു. ജനത്തെ നീതിയുടെ പാതയിൽ നടത്തുന്നതിന് ദേവാലയം ഒരു പങ്കും വഹിക്കാതെയായി. എന്നാലും ദേവാലയം ഉള്ളിടത്തോളം കാലം തങ്ങൾ സുരക്ഷിതരായിരിക്കുമെന്ന് ജനം വിശ്വസിച്ചു. അന്തഃസത്ത നഷ്ടപ്പെട്ട അനുഷ്ഠാനങ്ങൾ ജനത്തെ അനീതിയിൽ തളച്ചിടുന്നതിന് കാരണമായി. ഈ സാഹചര്യത്തിലാണ് പ്രവാചകന്മാർ അതിശക്തമായ വിമർശനങ്ങളുമായി രംഗപ്രവേശം ചെയ്തത്. "നിങ്ങൾ നിമിത്തം സീയോൻ വയൽ പോലെ ഉഴുതുമറിക്കപ്പെടും. ജറുസലെം നാശക്കൂമ്പാരമാകും, ദേവാലയഗിരി വനമായിത്തീരും" എന്ന് എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മിക്കാപ്രവാചകൻ മുന്നറിയിപ്പു നൽകി (മിക്കാ 3,12). ഒരു നൂറ്റാണ്ടിനുശേഷം ജറെമിയാ ഈ താക്കീതുകൾ കൂടുതൽ ശക്തമായി ആവർത്തിച്ചു (ജറെ 7,1-15; 21,1-10; 26,1-6). എന്നാൽ പ്രവചനം കേട്ടു മനസ്സു തിരിയുന്നതിനു പകരം പ്രവാചകന്മാരെ നിശ്ശബ്ദരാക്കാനാണ് ജനനേതാക്കളും ജനവും ശ്രമിച്ചത്. സോളമൻ നിർമ്മിച്ച മനോഹരമായ ദേവാലയം ബി.സി. 587ൽ ബാബിലോൺ ചക്രവർത്തി നശിപ്പിച്ചു.

പ്രവാസത്തിൽ നിന്നു മടങ്ങി വന്ന ജനം ബി.സി. 515ൽ ദേവാലയം വീണ്ടും പണിതു. ബലിയർപ്പണങ്ങൾ കൂടുതൽ സജീവവും ആഘോഷപൂർണ്ണവും വ്യവസ്ഥാപിതവുമാക്കി. ബി.സി. 167ൽ സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ ദേവാലയത്തിൽ സിയൂസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ചപ്പോൾ ജനം ദുഃഖത്തിലാണ്ടുപോയി. മൂന്നര വർഷത്തെ ഒളിപ്പോരിനുശേഷം യൂദാസ് മക്കബേയൂസ് ബി.സി. 164ൽ സിറിയാക്കാരെ തുരത്തി ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠിച്ചു. അതിനുശേഷം ആണ്ടുതോറും ജനം ദേവാലയത്തിന്റെ പ്രതിഷ്ഠാമഹോത്സവം ആഘോഷിച്ചു.

ഏകദേശം അഞ്ചു നൂറ്റാണ്ടു നിലനിന്ന ഈ ദേവാലയം ഹേറോദേസ് മഹാരാജാവ് പൊളിച്ചു മാറ്റി തൽസ്ഥാനത്ത് കൂടുതൽ ബൃഹത്തും മനോഹരവുമായ ഒന്ന് പണികഴിപ്പിച്ചു. ബി.സി. 20ൽ ആരംഭിച്ച ദേവാലയത്തിന്റെ പ്രധാന ഭാഗങ്ങൾ ഏതാണ്ട് ഒന്നര വർഷം കൊണ്ട് പൂർത്തിയാക്കിയെങ്കിലും യേശുവിന്റെ കാലത്തും ദേവാലയത്തിന്റെ പണി തുടരുകയായിരുന്നു. ഇതിന്റെ നാശത്തെക്കുറിച്ചാണ് യേശു പ്രവചിച്ചത് (മത്താ 24,2). എ.ഡി. 66ൽ നിർമ്മാണം പൂർണ്ണമായി. നാലുവർഷം കഴിഞ്ഞപ്പോൾ ടൈറ്റസ് നയിച്ച റോമൻ സൈന്യം ആ ദേവാലയം അഗ്നിക്കിരയാക്കി. എ.ഡി. 135ൽ ബർകോക്ക്ബായുടെ വിപ്ലവത്തെത്തുടർന്ന് റോമൻ സൈന്യം വീണ്ടും ജറുസലെം ആക്രമിച്ചു കീഴടക്കി. ഹഡ്രിയാൻ ചക്രവർത്തിയുടെ കല്പന പ്രകാരം നഗരത്തിലെ സകല



കെട്ടിടങ്ങളും നിലം പരിശാക്കി. നഗരം ഉഴുതുമറിച്ച്, തൽസ്ഥാനത്ത് വളരെ ചെറിയ പുതിയൊരു നഗരം പണിതു. അതിന് "ഏലിയാ കപ്പിതൊളീന" എന്ന പേരും നല്കി. ദേവാലയത്തിന്റെ സ്ഥാനത്ത് റോമൻ ദേവനായ ജൂപ്പിറ്ററിന്റെ നാമത്തിൽ ഒരു ക്ഷേത്രം പണിതു.

കോൺസ്റ്റന്റയിൻ ചക്രവർത്തി എ.ഡി. 313ൽ മിലാൻ വിളംബരത്തിലൂടെ ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമാക്കിയതിനെ തുടർന്ന് ജറുസലെമിലെ ജൂപ്പിറ്റർ ക്ഷേത്രം അവഗണിക്കപ്പെട്ടു. എ.ഡി. 638 ൽ ജറുസലെം മുസ്ലീം ആധിപത്യത്തിൽ കീഴിലായി. 691ൽ ഖലീഫ് അബ്ദ് എൽ മാലിക് ജറുസലെം ദേവാലയത്തിന്റെ സ്ഥാനത്ത് സ്വർണ്ണത്താഴികക്കുടത്തോടുകൂടിയ അതിമനോഹരമായ ഒരു മോസ്ക് നിർമ്മിച്ചു. പതിമൂന്നു നൂറ്റാണ്ടുകളായി ആ മോസ്ക് നിലനിൽക്കുന്നു. ദേവാലയത്തിന് അടിത്തറ ഉറപ്പിക്കാൻ വേണ്ടി ഹേറോദേസ് മഹാരാജാവു പണിയിച്ച മതിലിന്റെ ഒരു ഭാഗം മാത്രമാണ് ജറുസലെം ദേവാലയത്തിന്റെ അവശിഷ്ടമായി ഇന്ന് അവശേഷിച്ചിരിക്കുന്നത്. ഇതിനെ പടിഞ്ഞാറെമതിൽ എന്നും കണ്ണീരിന്റെ മതിൽ എന്നും വിളിക്കുന്നു. തകർന്നുപോയ ദേവാലയത്തെയും തങ്ങളുടെ ഗതകാല ചരിത്രത്തെയും ഓർത്ത് യഹൂദർ ആ മതിലിനു മുമ്പിൽ നിന്നു വിലപിക്കുന്നതിനാലാണ് ഈ പേരുണ്ടായത്.

ദേവാലയമല്ല, അതിൽ വസിക്കുന്നവനാണ് (മത്താ 23,21) പ്രധാനം. മനുഷ്യനിർമ്മിമായ ജറുസലെം ദേവാലയത്തിന്റെ സ്ഥാനത്ത് മനുഷ്യ നിർമ്മിതമല്ലാത്ത മറ്റൊരു ദേവാലയം പണിയപ്പെട്ടു (യോഹ 2,19). യേശുവിന്റെ ശരീരമാണ് പുതിയ ദേവാലയം. ഇന്ന് പൂർണ്ണമായ അർത്ഥത്തിൽ യേശുവിന്റെ ഭൗതിക ശരീരമായ സഭയാണ് ദേവാലയം. അതേസമയം ഓരോ മനുഷ്യവ്യക്തിയും ദേവാലയമായി പരിഗണിക്കപ്പെടുന്നു (1 കോറി 6,19). സോളമൻ പണിയിച്ച ദേവാലയം ഈ പുതിയ ദേവാലയത്തിന്റെ പ്രതീകം മാത്രമായിരുന്നു. യാഥാർത്ഥ്യം രംഗപ്രവേശം ചെയ്തപ്പോൾ പ്രതീകം തിരോധാനം ചെയ്തു.

### ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് സോളമൻ ടയിർ രാജാവുമായി ഉടമ്പടി ചെയ്തത്? എന്തായിരുന്നു ഉടമ്പടിയുടെ നിബന്ധനകൾ?
2. സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനവീവിതത്തെ എപ്രകാരമാണ് ബാധിച്ചത്?
3. ദേവാലയം പണിത സ്ഥലത്തിന്റെ പ്രത്യേകതയെന്ത്?

4. സോളമൻ പണിയിച്ച ദേവാലയത്തിന്റെ പൊതു ഘടന വിശദമാക്കുക. അതിനെ ഇന്നത്തെ ക്രിസ്തീയ ദേവാലയങ്ങളുമായി താരതമ്യം ചെയ്യുക.
5. എന്തായിരുന്നു ദേവാലയത്തിന്റെ കേന്ദ്രം? എന്തു സന്ദേശമാണ് അതു ജനങ്ങൾക്കു നല്കിയിരുന്നത്?
6. കെരൂബുകൾ എന്നാൽ എന്ത്? ദേവാലയത്തിൽ അവയുടെ സ്ഥാനവും പ്രസക്തിയും വ്യക്തമാക്കുക.
7. ലെബനോൻ കാനന മന്ദിരം എന്നാൽ എന്ത്? എങ്ങിനെയാണ് ഈ പേരുണ്ടായത്?
8. ദേവാലയത്തിനു മുമ്പിൽ സ്ഥാപിച്ച സ്തംഭങ്ങളുടെ പേരും ലക്ഷ്യവും വിശദീകരിക്കുക?
9. ജലസംഭരണി എന്തിന്റെ പ്രതീകമായിരുന്നു? വിശദീകരീക്കുക.
10. പേടകം കൂടാരത്തിൽ നിന്നെടുത്ത് ദേവാലയത്തിൽ പ്രതിഷ്ഠിച്ചതിന് പ്രതീകാത്മകമായ എന്തു പ്രാധാന്യമാണുള്ളത്?
11. "കർത്താവിന്റെ നാമത്തിന് ഒരാലയം" എന്ന വിശേഷണത്തിലൂടെ ദേവാലയത്തെ സംബന്ധിച്ച് നല്കുന്ന കാഴ്ചപ്പാട് വിശദമാക്കുക.
12. സോളമന്റെ പ്രാർത്ഥനയുടെ ഘടനയും ഉള്ളടക്കവും വിശദീകരിക്കുക.
13. കർത്താവു പ്രാർത്ഥന ശ്രവിക്കുന്നതിന് എന്തു നിബന്ധനകളാണ് സോളമൻ വയ്ക്കുന്നത്?
14. ദേവാലയ പ്രതിഷ്ഠയ്ക്കുശേഷം സോളമനു കർത്താവു നല്കിയ താക്കീതുകൾ വിശദമാക്കുക.
15. എന്തായിരുന്നു ദേവാലയത്തെ സംബന്ധിച്ചുണ്ടായ അന്ധവിശ്വാസം? എപ്രകാരമാണ് ഈ വിവരണങ്ങളിൽ അതിനെ മറികടക്കാൻ ശ്രമിക്കുന്നത്?

**ചർച്ചയ്ക്ക്:** ദേവാലയത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് പങ്കുവയ്ക്കുക. കെട്ടിടം, ക്രിസ്തുവിന്റെ ശരീരം, സഭ, വ്യക്തികൾ എന്നീ തലങ്ങളിൽ ദേവാലയത്തിന് നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രാധാന്യമുണ്ട്?

**പ്രാർത്ഥന : 122-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.**



# 4. നേട്ടങ്ങളും കോട്ടങ്ങളും

## 1 രാജാ 9,10-11, 43; 2 ദിന 8,1-9,31

ദേവാലയ നിർമ്മാണത്തെയും പ്രതിഷ്ഠയെയുംക്കുറിച്ച് സുദീർഘമായി പ്രതിപാദിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ സോളമന്റെ മറ്റു പ്രവർത്തനങ്ങളെ വളരെ ചുരുക്കമായി അവതരിപ്പിക്കുന്നു. 1 രാജാ 9,10-10, 29ൽ മുഖ്യമായും സോളമന്റെ നേട്ടങ്ങളാണ് വിവരിക്കുന്നത്. ഈ വിവരണത്തിന്റെ നടുവിൽ ഷേബാരാജ്ഞിയുടെ സന്ദർശനത്തെക്കുറിച്ച് സാമാന്യം ദീർഘമായി പ്രതിപാദിക്കുന്നു. 11-ാം അദ്ധ്യായം സോളമന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വി.ഗ്രന്ഥകാരന്റെ ഒരു വിലയിരുത്തലാണ് അവിശ്വസ്തതയുടെയും സാമ്രാജ്യത്തിന്റെ ഭദ്രതയ്ക്കു ഭീഷണിയാകുന്ന കലാപങ്ങളുടെയും ഹ്രസ്വമായ ഒരു ചിത്രീകരണം ഈ അധ്യായത്തിൽ കാണാം. ദിനവൃത്താന്ത ഗ്രന്ഥകാരൻ സോളമന്റെ നേട്ടങ്ങളെ കാര്യമായ വ്യത്യാസങ്ങളൊന്നും കൂടാതെ അവതരിപ്പിക്കുന്നു. എന്നാൽ പരാജയത്തെക്കുറിച്ചുള്ള സൂചനകൾ എല്ലാം തന്നെ വിട്ടുകളഞ്ഞിരിക്കുന്നു. സോളമന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് രണ്ടു പുസ്തകങ്ങളും അദ്ദേഹത്തിന്റെ ചരിത്രം അവസാനിപ്പിക്കുന്നത്.

### a. നേട്ടങ്ങൾ 1 രാജാ 9,10-10, 29; 2 ദിന 8,1-9,28

സോളമൻ രാജാവിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പ്രത്യേകക്രമം ഒന്നും കൂടാതെയാണ് വിവരിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ, രാജ്യ രക്ഷാ സംവിധാനം, നയതന്ത്രബന്ധങ്ങൾ, കപ്പൽനിർമ്മാണം, കരയും കടലും വഴിയുള്ള വാണിജ്യം, അതുവഴി സ്വരുക്കൂട്ടിയ വലിയ സമ്പത്ത്, രാജാവിനുണ്ടായ പ്രശസ്തി മുതലായ കാര്യങ്ങൾ ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. രാജാവിന്റെ പ്രവർത്തനങ്ങൾ എഴുതിസൂക്ഷിച്ചിരുന്ന ഔദ്യോഗിക രേഖകളെ അടിസ്ഥാനമാക്കിയാണ് ഈ ഭാഗം രചിച്ചിരിക്കുന്നത് എന്ന് പ്രത്യേകം എടുത്തു പറയുന്നുണ്ട് (1 രാജാ 11,41). സോളമന്റെ നേട്ടങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നതെങ്കിലും അതിനു കൊടുക്കേണ്ടിവന്ന വലിയ വിലയെക്കുറിച്ചുള്ള സൂചനകളും അങ്ങിങ്ങായി കാണാം.

#### i. നാടുവിറ്റ് വീടു പണിയൽ 1 രാജാ 9,10-14; 2ദിന 8,1-2

ദേവാലയവും രാജകൊട്ടാരങ്ങളും പണിയാൻ ഇരുപതുവർഷം വേണ്ടി വന്നു. ഹീരാമിനു കടപ്പെട്ടിരുന്ന 120 താലന്ത് (ഏകദേശം 45 ടൺ) സ്വർണ്ണം കൊടുത്തുവീട്ടാൻ കഴിയാതെ വന്നതിനാലാവാം രാജ്യത്തിന്റെ വടക്കു പടിഞ്ഞാറെ അതിർത്തി പ്രദേശത്തുള്ള ഇരുപതു പട്ട

ണങ്ങൾ അയാൾക്ക് ഏല്പിച്ചുകൊടുത്തത്. ഈ പട്ടണങ്ങൾ ടയിർ രാജാവിനു തൃപ്തികരമായില്ല. അതിനാൽ ആ പ്രദേശത്തിന് "കാബൂൽ" എന്ന പേരു ലഭിച്ചത്രെ. "വിലകെട്ടത്", "തരിശ്" എന്നൊക്കെയാണ് കാബൂൽ എന്ന പേരിന് അർത്ഥം. ദേശം പണയപ്പെടുത്തി കൊട്ടാരം പണിത രാജാവിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. ഹീരാമിൽ നിന്നു സോളമനു ലഭിച്ച നഗരങ്ങളെക്കുറിച്ച് 2 ദിന 8,1ൽ നല്കുന്ന സൂചന രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണത്തിനു വിരുദ്ധമായിതോന്നാം. തനിക്കു ലഭിച്ച നഗരങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ഹീരാം അവ തിരിച്ചേല്പിച്ചതാണ് ഈ വൈരുദ്ധ്യത്തിനു കാരണം എന്നു വ്യഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

### ii. രാജ്യരക്ഷാ സംവിധാനങ്ങൾ 1 രാജാ 9,15-23; 2 ദിന 8,3-7

സോളമൻ രാജാവിന് കാര്യമായ ഒരു യുദ്ധവും നയിക്കേണ്ടി വന്നില്ല. ഹമാത്ത്സോബാ പിടിച്ചടക്കിയതു മാത്രമേ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളൂ (2 ദിന 8,3). വാഗ്ദത്ത ഭൂമിയുടെ വടക്ക് ലെബനോന്റെ അതിർത്തിയിലുള്ള സോബാ രാജ്യത്തിന്റെ തലസ്ഥാനമാണ് ഹമാത്ത് സോബാ. ദാവീദ് ആ രാജ്യം ആക്രമിച്ചു കീഴടക്കിയിരുന്നു. (2 സാമു 8,3-5). എങ്കിലും പിന്നീട് അവിടെ കലാപമുണ്ടായതിനാലാവാം സോളമൻ അതു കീഴടക്കിയത്. അവിടെ നിന്നുള്ള റസോൺ എന്ന സൈന്യാധിപൻ സോളമനു ശല്യമായിത്തീർന്നത് 1 രാജാ 11,23-25ൽ വിവരിക്കുന്നുണ്ട്.

യുദ്ധങ്ങൾ നയിച്ചില്ലെങ്കിലും വളരെ ശക്തമായ സൈന്യസംവിധാനം സോളമനുണ്ടായിരുന്നു. രാജ്യത്തിന്റെ അതിർത്തികളിലും തന്ത്രപ്രദാനമായ കേന്ദ്രങ്ങളിലും നിർമ്മിച്ച ശക്തമായ കോട്ടകൾ ഈ സംവിധാനത്തിന്റെ ഭാഗമായിരുന്നു (1 രാജാ 9,15-19; 2 ദിന 8,3-6). ജറുസലെം നഗരത്തിന്റെ വടക്കുഭാഗത്തു പണിയിച്ച സുരക്ഷാ മതിലാണ് "മില്ലോ" എന്ന പേരിൽ അറിയപ്പെടുന്നത്. കാനാൻ ദേശത്തിന്റെ വടക്കെ അതിർത്തിയിൽ ജോഷ്വാ നശിപ്പിച്ച പട്ടണമാണ് ഹസേൻ (ജോഷ്വാ 11,10-11). സോളമൻ ആ നഗരം പുതുക്കി പണിത് ഒരു വലിയ സൈനികതാവളമാക്കി മാറ്റി. കർമ്മല മലനിരകളിലൂടെ മധ്യധരണ്യാഴിയിലേക്കുള്ള വഴിയിലെ തന്ത്ര പ്രധാനമായ നഗരമാണ് മെഗിദോ. അനേകം യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച ആ നഗരവും സോളമന്റെ രാജ്യരക്ഷാ സംവിധാനത്തിന്റെ ഭാഗമായിരുന്നു. ജറുസലെമിനു പടിഞ്ഞാറ്, മധ്യധരണ്യാഴിയിലേക്കുള്ള വഴിയിലെ രണ്ടു നഗരങ്ങളാണ് ഗേസറും ബേത്ഹോറോണും. കാനാൻ ദേശത്തിന്റെ തെക്ക്, ഏദോമിന്റെ അതിർത്തിയിലുള്ള ബലാത്ത്, താമാർ എന്നീ നഗരങ്ങളിലെ കോട്ടകൾ ദേശത്തിന്റെ തെക്കെ അതിർത്തിക്കു സംരക്ഷണം നല്കി. ചെങ്കടൽ



തീരത്തെ തുറമുഖനഗരമായ എസിയോൺ ഗേബറിലേക്കുള്ള വഴിയും ഈ കോട്ടകൾ സുരക്ഷിതമാക്കി. ഇവയ്ക്കുപുറമേ ദേശത്തിന്റെ പല ഭാഗങ്ങളിലായി സൈനിക താവളങ്ങളും ആയുധസംഭരണ ശാലകളും പണിത് ഏതു കലാപത്തെയും അടിച്ചമർത്താനും ഏതു ശത്രുവിനെയും എവിടെയും നേരിടാനും രാജ്യത്തെ സുസജ്ജമാക്കി. ദാവീദിന്റെ കാലത്തുപോലും ഇസ്രായേൽ സൈന്യത്തിൽ കാലാൾപ്പട മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സോളമന് ശക്തമായ ഒരു കുതിരപ്പടയും തേർപ്പടയുമുണ്ടായിരുന്നു. അവയെയും ദേശത്തിന്റെ പല ഭാഗങ്ങളിലായി വിന്യസിച്ചിരുന്നു (10,26; 2ദിന 9,25).

### iii. വാണിജ്യം 1 രാജാ 9,26-27; 10,11-29; 2 ദിന 8,17-18; 9,28

ശക്തമായ സൈനിക സംരക്ഷണം ദേശത്ത് സമാധാനം ഉറപ്പുവരുത്തി. കച്ചവടസംഘങ്ങൾക്ക് നിർഭയം യാത്ര ചെയ്യാൻ കഴിഞ്ഞു. ഈജിപ്തിൽ നിന്നു മെസപ്പൊട്ടാമിയായിലേക്കും അറേബ്യയിൽ നിന്നു മധ്യധരണ്യാഴിയിലേക്കുമുള്ള സകല രാജപാതകളും സോളമന്റെ അധീനത്തിലായിരുന്നു. ഏഷ്യാ, ആഫ്രിക്കാ, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങൾ സന്ധിക്കുന്ന സ്ഥാനത്തായിരുന്നു സോളമന്റെ സാമ്രാജ്യം. ഭൂമിശാസ്ത്രപരമായ ഈ പ്രാധാന്യം അദ്ദേഹം ശരിക്കും ചൂഷണം ചെയ്തു. വ്യാപാര സംഘങ്ങളിൽ നിന്ന് ഈടാക്കിയ ചുങ്കം, കച്ചവടത്തിൽ നിന്നു ലഭിച്ച ലാഭം, സമാന്തരന്മാരിൽ നിന്ന് ഈടാക്കിയ കപ്പം ഇവയെല്ലാം സോളമനെ അതീവ സമ്പന്നനാക്കി (1 രാജാ 0,14-15).

കരമാർഗ്ഗമുള്ള വ്യാപാരംകൊണ്ടു തൃപ്തിപ്പെടാതെ ടയിർ രാജാവിന്റെ സഹായത്തോടെ സോളമൻ കടൽ മാർഗ്ഗമുള്ള വാണിജ്യം വികസിപ്പിച്ചു. എസിയോൺ ഗേബറിൽ നിർമ്മിച്ച വ്യാപാരകപ്പലുകൾ ദീർഘദൂര യാത്ര ചെയത് ഓഫീറിൽ നിന്നു സ്വർണ്ണവും (1 രാജാ 9,26-27) വിലപ്പിടിപ്പുള്ള മറ്റു വസ്തുക്കളും (1 രാജാ 10,22) കൊണ്ടുവന്നു. എവിടെയാണ് "ഓഫീർ" നഗരം എന്ന കാര്യത്തിൽ തർക്കമുണ്ട്. ആഫ്രിക്കായുടെ കിഴക്കെ തീരത്താണത് എന്നു ചിലർ അഭിപ്രായപ്പെടുന്നു. അറേബ്യായുടെ പടിഞ്ഞാറേ തീരത്തെന്നു മറ്റു ചിലർ. കേരള തീരത്ത് കോഴിക്കോടിനടുത്തുള്ള ബേപ്പൂർ തുറമുഖമാണ് ഓഫീർ എന്ന അഭിപ്രായം തള്ളിക്കളയാനാവില്ല. ആനക്കൊമ്പ്, മയിൽ, കുരങ്ങ്, ചന്ദനം മുതലായവ കേരളത്തിൽ സുലഭമാണല്ലോ. തീരദേശനഗരങ്ങളുമായി വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നതിനാൽ കപ്പലുകൾ മടങ്ങിയെത്താൻ മൂന്നര വർഷമെടുത്തു.

"താർഷീഷിലെ കപ്പലുകൾ" (1 രാജാ 10,22) എന്ന വിശേഷണത്തിനും പല വ്യാഖ്യാനങ്ങൾ നല്കാറുണ്ട്. താർഷീഷിനെ ഒരു നഗര

മായി കാണുവാൻ ആ നഗരം എവിടെയാണ് എന്നതിനെക്കുറിച്ചു തർക്കിക്കുന്നു. ആഫ്രിക്കായുടെ വടക്കെ തീരം മുതൽ സ്പെയിനിന്റെ തെക്കെ തീരം വരെയുള്ള പല പട്ടണങ്ങളും താർഷിഷായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ എസിയോൻ ഗേബറിൽ നിന്നു യാത്രചെയ്യുന്ന കപ്പലുകൾ മധ്യധരണ്യാഴിയിലേക്കല്ലാ, ചെങ്കടൽ വഴി ഇന്ത്യാ സമുദ്രത്തിലേക്കും അറബിക്കടലിലേക്കുമാണ് പോവുക. അതിനാൽ ഈ പേരിന് മറ്റൊരു വ്യാഖ്യാനം നല്കപ്പെടാറുണ്ട്. ചാവുകടലിനും ചെങ്കടലിനും ഇടയിലുള്ള മരുഭൂമിയിൽ സോളമന് ധാരാളം ചെമ്പു ഖനികളുണ്ടായിരുന്നു. ഉരുക്കി ശുദ്ധിചെയ്ത ലോഹം കയറ്റുന്ന കപ്പലുകളെ 'താർഷിഷ് കപ്പലുകൾ' എന്നു വിളിക്കാറുണ്ടായിരുന്നത്രെ. വൻകടലിൽ യാത്ര ചെയ്യാൻ കഴിവുള്ള വലിയ കപ്പലുകളാണ് താർഷീഷ് കപ്പലുകൾ എന്ന അഭിപ്രായം കൂടുതൽ സ്വീകാര്യമാണ്.

സോളമന്റെ വ്യാപാരങ്ങളിൽ തേരും കുതിരയും പ്രത്യേകം എടുത്തു പറയുന്നു (1 രാജാ 10, 26-29). അന്നു ലഭ്യമായിരുന്നതിൽ ഏറ്റവും മെച്ചപ്പെട്ട രഥങ്ങൾ നിർമ്മിച്ചിരുന്നത് ഈജിപ്തിലായിരുന്നു. ഏറ്റം മികച്ച കുതിരകളെ വളർത്തിയിരുന്നത് കുവേയിലും. മധ്യധരണ്യാഴിയുടെ വടക്കു കിഴക്കെ തീരത്തുള്ള കിലിക്കിയാ എന്ന പ്രദേശമാണ് "കുവേ" എന്ന പേരിൽ അറിയപ്പെടുന്നത്. ഏറ്റം മികച്ച തേരും കുതിരയും വാങ്ങി മറ്റു രാജ്യങ്ങൾക്കു വില്ക്കുക സോളമന്റെ പ്രധാന വ്യാപാരമായിരുന്നു.ഇതിന്റെ മേൽ സോളമനു കുത്തകാവകാശമുണ്ടായിരുന്നു. ആധുനിക ലോകത്തെ ബഹുരാഷ്ട്ര കുത്തുകകളുടെയും ആയുധ വ്യാപാരികളുടെയും ഒരു മുന്നോടിയായിരുന്നു സോളമൻ.

ലെബനോൻ കാനനമന്ദിരത്തിൽ സൂക്ഷിച്ച സ്വർണ്ണ പരിചകൾ (1 രാജാ 10,16-17) യുദ്ധോപകരണങ്ങളല്ല, അലങ്കാരവസ്തുക്കളായിരുന്നു. വലിയ പരിചകൾക്ക് ഏകദേശം ആറു കിലോഗ്രാമും ചെറുപരിചകൾക്ക് ഒന്നരകിലോഗ്രാമും തൂക്കമുണ്ടായിരുന്നു. ഇവയും "വിശ്വപ്രസിദ്ധമായ" ദന്തസിംഹാസനവും (1 രാജാ 10,18-21) സോളമന്റെ സമ്പത്തിന്റെയും കലാവിരുതിന്റെയും അടയാളങ്ങളാണ്. രാജാവിന്റെ ഇരിപ്പിടത്തെ അലങ്കരിച്ച സിംഹങ്ങളിൽ നിന്നാണ് 'സിംഹാസനം" എന്ന പേരു തന്നെയുണ്ടായത്.

### iv. ഷേബാ രാജ്ഞിയുടെ സന്ദർശനം

**1 രാജാ 10,1-10.13; 2 ദിന 9,1-9.12**

സോളമനു ലഭിച്ച അന്താരാഷ്ട്ര പ്രസക്തിയുടെ അംഗീകാരവും അടയാളവുമായി രണ്ടു പുസ്തകങ്ങളും ഒരേ വിധത്തിൽ ഷേബാ



രാജ്ഞിയുടെ സന്ദർശനം രേഖപ്പെടുത്തിയിരിക്കുന്നു. സോളമന്റെ വിജ്ഞാനം നേരിട്ടു മനസിലാക്കാൻ ഭൂമിയുടെ അതിർത്തികളിൽ നിന്നു വന്ന ദക്ഷിണദേശത്തെ രാജ്ഞിയായി യേശുക്രിസ്തുവും ഷേബാരാജ്ഞിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (മത്താ 12,42). താൻ കേട്ടതിനേക്കാൾ പതിന്മടങ്ങു മഹത്വമാർന്നതാണ് സോളമന്റെ ജ്ഞാനം എന്നു രാജ്ഞി തന്നെ സാക്ഷ്യപ്പെടുത്തുന്നു. കടങ്കഥകൾക്ക് ഉത്തരം നല്കുന്നതിൽ മാത്രമല്ല, സകല പ്രവർത്തനങ്ങളിലും സോളമന്റെ ജ്ഞാനം പ്രകടമായി.

ഇത്രമാത്രം ജ്ഞാനിയായ ഒരു രാജാവിനെ ഇസ്രായേലിനു നല്കിയതിൽ ദൈവമായ കർത്താവിനെ രാജ്ഞി മഹത്വപ്പെടുത്തിയതായി രേഖപ്പെടുത്തുന്നതു വഴി വി.ഗ്രന്ഥകാരൻ അനുവാചകരുടെ ശ്രദ്ധ സോളമനിൽ നിന്ന് ദൈവത്തിലേക്കു തിരിക്കുന്നു. സോളമന്റെ നേട്ടങ്ങളെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ ദാനമാണ്. സോളമനിലൂടെ ദൈവമായ കർത്താവ് ലോകം മുഴുവൻ അറിയപ്പെട്ടു. ലോകജനതകൾ ദൈവത്തെ മഹത്വപ്പെടുത്താൻ അത് കാരണമായി. ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തതിന്റെ തട ലക്ഷ്യം മറ്റൊന്നുമായിരുന്നില്ല. ജനത്തിനിടയിൽ നീതിയും ന്യായവും നടത്താൻ വേണ്ടിയാണ് സോളമനെ രാജാവാക്കിയത് എന്ന സൂചനയും ഈ ഏറ്റുപറച്ചിലിൽ കാണാം. (1 രാജാ 10,9). ഷേബാരാജ്ഞിയുടെ സന്ദർശനത്തിനു നല്കുന്ന ദൈവശാസ്ത്രപരായ ഈ വ്യാഖ്യാനം നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി കരുതപ്പെടുന്നു.

രാജ്ഞിയുടെ സന്ദർശനത്തിന് നയതന്ത്രപരവും വാണിജ്യപരവുമായ മറ്റു ചില ലക്ഷ്യങ്ങളും ഉണ്ടായിരുന്നതായി അനുമാനിക്കാം. ചെങ്കടൽ ഏഡൻ ഉൾക്കടലിലേക്കും തുടർന്ന് അറബിക്കടലിലേക്കും തുറക്കുന്ന കടലിടുക്കിന്റെ കിഴക്കെ തീരത്ത് ഇന്ന് "യമൻ" എന്ന പേരിലറിയപ്പെടുന്ന പ്രദേശമായിരുന്നു ഷേബാരാജ്യം. അതിനു തൊട്ടുപടിഞ്ഞാറ് കടലിടുക്കിനു മറുകരെയാണ് എത്യോപ്യാ. വാണിജ്യകാര്യത്തിൽ തന്ത്രപ്രധാനമായ ഒരു പ്രദേശമാണിത്. ചെങ്കടലിലൂടെ സോളമന്റെ ചരക്കു കപ്പലുകൾ വ്യാപാരം തുടങ്ങിയത് ഷേബാ രാജ്യത്തിന്റെ കുത്തകാവകാശത്തിനു ഭീഷണിയായി. അതേസമയം സോളമനുമായി വ്യാപാരക്കരാറുണ്ടാകുന്നത് ഷേബാരാജ്യത്തിനു ഗുണപ്രദമാവുകയും ചെയ്യും. ഈ പരിഗണനകളാവണം വലിയൊരു കാരവൻ സംഘവുമായി, ആയിരത്തിൽപരം കിലോമീറ്റർ യാത്രചെയ്ത്, ജെറുസലെമിലെത്താൻ ഷേബാരാജ്ഞിയെ പ്രേരിപ്പിച്ചത്. അവൾ കൊണ്ടുവന്ന സമ്മാനങ്ങളുടെ സ്വഭാ

വവും അളവും (ഏകദേശം 4 ടൺ സ്വർണ്ണം) വിയൊരു വ്യാപാരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സോളമനും ഷേബാരാജ്ഞിയും തമ്മിൽ സമ്മാനങ്ങൾ കൈമാറി എന്ന ഭംഗിവാക്കിനു പിന്നിൽ വലിയൊരു അന്താരാഷ്ട്ര വാണിജ്യക്കരാറിന്റെ രൂപരേഖ ദൃശ്യമാണ്. സോളമൻ മറ്റു രാജ്യങ്ങളുമായി സ്ഥാപിച്ച വ്യാപാര ബന്ധങ്ങളുടെ മാതൃകയായും ഇതിനെ കാണാം.

സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങളെയും വാണിജ്യത്തെയും ക്കുറിച്ചുള്ള വിവരണങ്ങളിൽ ശ്രദ്ധേയമായ രണ്ടു സൂചനകൾ വി.ഗ്രന്ഥകാരൻ നല്കുന്നുണ്ട്. അടിമവേലയെക്കുറിച്ചുള്ളതാണ് ആദ്യത്തെ സൂചന (1 രാജാ 9,20–22). വിദേശികളെ മാത്രമേ അടിമവേലയ്ക്കു നിർബന്ധിച്ചുള്ളൂ എന്ന് എടുത്തുപറയുന്നുണ്ടെങ്കിലും ഇസ്രായേൽ ജനത്തിലെ തന്നെ നല്ലൊരുവിഭാഗത്തിന് നിർബ്ബന്ധിത വേലയിൽ നിന്ന് ഒഴിഞ്ഞു നില്ക്കാൻ സാധിച്ചില്ല എന്ന സൂചന നാം കണ്ടുകഴിഞ്ഞു (1 രാജാ 5,13 –14). ദേവാലയ നിർമ്മാണത്തിനുവേണ്ടി മാത്രമല്ല, മറ്റു നിർമ്മാണപ്രവർത്തനങ്ങൾക്കും ആവശ്യമായ തൊഴിലാളികളെ അടിമവേലയിലൂടെയാണ് കണ്ടെത്തിയത്. രാജ്യം സമ്പൽസമൃദ്ധമായി, അതിർത്തികൾ സുരക്ഷിതവും. എന്നാൽ പ്രജകൾ ഭൂരിഭാഗവും രാജാവിന്റെ അടിമകളാക്കപ്പെട്ടു. ഈജിപ്തിലെ ഫറവോയുടെ മകളെ ഭാര്യയായി സേവീകരിച്ച സോളമൻ ഇസ്രായേൽ ജനത്തിൽ നല്ലൊരു പങ്കിനെ ഈജിപ്തിലേതിനു സമാനമായ അടിമത്തത്തിൽ തളച്ചിട്ടു. കനത്ത നികുതിയും കഠിനമായ അടിമത്തവുമാണ് സാധാരണ ജനത്തിനു ലഭിച്ചത്. രാജാവിന്റെ സമ്പത്തിനെക്കുറിച്ചുള്ള വിവരണത്തിനാണ് രണ്ടാമത്തെ സൂചന. "രാജാവു തനിക്കുവേണ്ടി അമിതമായി സ്വത്തു സമ്പാദിക്കരുത്; കുതിരകളുടെ എണ്ണം വർദ്ധിപ്പിക്കരുത്, അതിനായി ജനം ഈജിപ്തിലേക്കു മടങ്ങിപോകാൻ ഇടയാകരുത്" (നിയ 17,16–17) എന്ന നിയമാവർത്തനഗ്രന്ഥത്തിലെ നിർദ്ദേശം സോളമന്റെ ചേതികളെക്കുറിച്ചുള്ള പരോക്ഷമായ ഒരി വിമർശനം ഉൾക്കൊള്ളുന്നു. മഹാജ്ഞാനിയും നയതന്ത്ര വിദഗ്ധനുമായിരുന്നെങ്കിലും സോളമന്റെ പ്രവർത്തനങ്ങൾ എല്ലാം ദൈവിക നിയമങ്ങൾക്ക് അനുസൃതമായിരുന്നില്ല. ജനത്തിന്മേൽ അടിച്ചേല്പിച്ച നികുതിഭാരവും അടിമവേലയുമാണ് രാജ്യത്തിന്റെ തന്നെ പിളർപ്പിന് കാരണമായത്.

## b. പാളിച്ചകൾ– പതനങ്ങൾ 1 രാജാ 11,1–43

സോളമന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദമായി ചിത്രീകരിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ആ ജീവിതത്തെ മൊത്തമായി വില



യിരുത്തകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്. മഹാജ്ഞാനിയായ രാജാവിന് അനേകം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും ജീവിതത്തിന്റെ ബാക്കിപത്രത്തിൽ പരാജയങ്ങൾക്കാണ് മുൻതൂക്കം. മതപരവും രാഷ്ട്രീയവുമായ മേഖലകളിൽ സോളമനുണ്ടായ പരാജയങ്ങളും അത് രാജ്യത്തിന്റെ ഭദ്രതയ്ക്കും നേരെ ഉയർത്തി ഭീഷണികളും ഇവിടെ എടുത്തു കാട്ടുന്നു.

## നിഷിദ്ധ വിവാഹങ്ങൾ – അവിശ്വസ്തത 1 രാജാ 11,1–13

വിവാഹത്തെ സംബന്ധിച്ച നിയമങ്ങൾ ലംഘിച്ചു എന്നതാണ് സോളമനെതിരെ ഉന്നയിക്കുന്ന ആധ്യത്തെ ആരോപണം. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണം വരെ നിലനില്ക്കേണ്ടതാണ് ദൈവിക പദ്ധതിപ്രകാരമുള്ള വിവാഹബന്ധം (ഉല്പ 2.24). എന്നാൽ സോളമൻ അനേകം സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചു. ബഹുഭാര്യാത്വം ഒരു പരിധിവരെ അംഗീകരിക്കപ്പെട്ടിരുന്നതായി അബ്രാഹം, യാക്കോബ്, ദാവീദ് മുതലായവരുടെ ഉദാഹരണങ്ങളിൽ കാണാം. അന്തഃപുരത്തിലുള്ള ഭാര്യമാരുടെ സംഖ്യാബാഹുല്യം രാജാവിന്റെ ശക്തിപ്രതാപങ്ങളുടെ അടയാളമായി കരുതപ്പെട്ടിരുന്നു. "എഴുനൂറ് ഭാര്യമാരും മുന്നൂറ് ഉപനാരികളും" എന്ന സംഖ്യ (1 രാജാ 11,31) അതിശയോക്തി കലർന്നതാവാം. എന്നാലും "രാജാവിന് അനേകം ഭാര്യമാരുണ്ടായിരിക്കരുത്" (നിയ 17,17) എന്ന വ്യക്തമായ നിയമത്തിന്റെ ലംഘനമാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഈ നിയമത്തിന്റെ കാരണവും നിയമാവർത്തന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ നിയമവും വിശദീകരണവും മുഖ്യമായും സോളമന്റെ അനുഭവത്തിൽ നിന്നു രൂപം കൊണ്ടതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

വിജാതീയ സ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത് എന്ന നിയമം (പുറ 34,12–17; നിയ 7,1–5) ലംഘിച്ചത് കൂടുതൽ ഗൗരവാവഹമായ കുറ്റമായി പരിഗണിക്കുന്നു. സോളമന്റെ വിവാഹത്തിൽ അധികപങ്കും രാഷ്ട്രീയ താത്പര്യങ്ങളാൽ പ്രേരിതമായിരുന്നു. അന്യ ദേവന്മാരെ ആരാധിച്ചിരുന്ന സ്ത്രീകൾ തങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും ജറുസലെമിലും തുടർന്നു. അവർക്കുവേണ്ടി സോളമൻ തലസ്ഥാന നഗരിയിൽ ആരാധനാലയങ്ങൾ നിർമ്മിച്ചു. അവരുടെയെല്ലാം ആരാധനയിൽ പങ്കുചേരുകയും ചെയ്തു. മൂന്നു ദേവതകളുടെ പേരുകൾ എടുത്തുപറയുന്നുണ്ട്.

1. അസ്താർത്തേ: സീദോന്യരുടെ ദേവി എന്ന് വിശേഷിപ്പിച്ചിരി

ക്കുന്ന ഈ ദേവതയെ അഷേറാ. അനാത്ത് എന്ന രണ്ടു ദേവികളോടൊപ്പം ഫലപുഷ്ടിയുടെ കാരണക്കാരായി കാനാൻകാർ ആരാധിച്ചിരുന്നു. ഈ മൂന്നു ദേവതകളുടെയും സ്വഭാവങ്ങൾ തമ്മിൽ സാമ്യമുള്ളതിനാൽ ഒരേ അർത്ഥത്തിൽത്തന്നെ പലപ്പോഴും ഈ പേരുകൾ ഉപയോഗിച്ചിരുന്നു. ഫലപുഷ്ടിയുടെ ദേവനായ ബാലിന്റെ മാതാവായും ചിലപ്പോൾ സഹധർമ്മിണിയായും അഷേറാ (അസ്താർത്തെ) ദേവതകൾ പരിഗണിക്കപ്പെട്ടിരുന്നു. നവഗ്രഹങ്ങളിൽ ഒന്നായ ശുക്രനെ (വെള്ളി) ദൈവമായി സങ്കല്പിച്ച് ആരാധിച്ചിരുന്നവർ നല്കിയതാണ് ഈ പേര് എന്നു കരുതപ്പെടുന്നു. റോമാക്കാർ ഇതിനെ "വീനസ്" എന്നു വിളിച്ചിരുന്നു. രതിദേവതയായിരുന്നു വീനസ്. ലൈംഗികതയുമായി ബന്ധപ്പെട്ട എന്ന അർത്ഥമുള്ള വെനേറിയൽ (Venereal) എന്ന വാക്ക് വീനസ് എന്ന പേരിൽ നിന്നുണ്ടായതാണ്. ചുരുക്കത്തിൽ ലൈംഗികതയുടെ പ്രതീകമായ നക്ഷത്രദേവതയാണ് അസ്താർത്തേ. അഷേറായ്ക്കും ഇതേ അർത്ഥം തന്നെയാണുള്ളത്.

2. മിൽക്കോം: അമ്മോന്യർ ആരാധിച്ചിരുന്ന ദേവനാണിത്. രാജാവ് എന്ന് അർത്ഥമുള്ള മെലെക്ക് എന്ന പേരിന്റെ മറ്റൊരു രൂപമാണിത്. മോളെക്ക് എന്ന പേരിലും ഈ ദേവത അറിയപ്പെട്ടിരുന്നു (ബൈ. തി.7, p.69).

3. ലകെമോഷ് മൊവാബ്യർ ആരാധിച്ചിരുന്ന ദൈവമാണിത്. മോളെക്കും കെമോഷും ഒരേ സങ്കല്പത്തിന്റെ രണ്ടു വ്യത്യസ്ത രൂപങ്ങളാണ്. ഈ രണ്ടു ദേവ സങ്കല്പങ്ങളും പുലർകാല നക്ഷത്രത്തെ ദൈവമായി കണ്ട് ആരാധിച്ചിരുന്നവർ രൂപകല്പന ചെയ്തതാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. പുലർകാല നക്ഷത്രത്തിന്റെ ഉദയം രാത്രിയിയുടെ അവസാനത്തെ വിളിച്ചറിയിക്കുന്നു; അഥവാ അന്ധകാരത്തെ അകറ്റുന്നു അതിനാൽ ഈ ദേവതകളെ യുദ്ധ ദേവതകളായി കരുതി ആരാധിക്കുകയും പ്രത്യേക സാഹചര്യങ്ങളിൽ നരബലിയർപ്പിച്ച് അവയെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

ഈ ദേവതകൾക്കെല്ലാം ജറുസലെമിൽ ആരാധനാലയങ്ങളും ബലിപീഠങ്ങളും നിർമ്മിച്ചത് തന്റെ രാജ്ഞിമാരെയും അവരുടെ രാജ്യങ്ങളെയും പ്രീതിപ്പെടുത്താൻ വേണ്ടി ആയിരുന്നെങ്കിലും അത് സോളമനെ ത്തന്നെ വിഗ്രഹാരാധനയിലേക്ക് നയിച്ചു. കാലക്രമത്തിൽ ജനം അവയ്ക്ക് നരബലി പോലും അർപ്പിക്കാൻ തുടങ്ങി ഏകദേശം മൂന്നു നൂറ്റാണ്ടുകൾക്കുശേഷം ജോസിയാ രാജാവാണ് ഈ ആരാധനാ സ്ഥലങ്ങൾ പൂർണ്ണമായി നശിപ്പിച്ചത് (2 രാജാ 23,13).



തന്റെ പിതാവായ ദാവീദിനെപ്പോലെ സോളമൻ പൂർണ്ണ ഹൃദയത്തോടെ ദൈവമായ കർത്താവിനോടു വിശ്വസ്തത പുലർത്തിയില്ല എന്നു രണ്ടു തവണ ആവർത്തിച്ചുകൊണ്ട് (1 രാജാ 11,4-6) വി.ഗ്രന്ഥകാരൻ സോളമന്റെ ജീവിതത്തെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ വ്യക്തമാക്കുന്നു. ഇതേ വിലയിരുത്തലും അവിശ്വസ്തതയുടെ പേരിൽ ഉണ്ടാകാൻ പോകുന്ന ശിക്ഷയും ദൈവിക അരുളപ്പാടായി വീണ്ടും അവതരിപ്പിക്കുന്നു (1 രാജാ 11,11-13). തന്റെ വിശ്വസ്ത ദാസനായ ദാവീദിനെ പ്രതി മാത്രമാണ് സോളമന്റെ ജീവിതകാലത്ത് ദൈവം ശിക്ഷ നടപ്പിലാക്കാതിരുന്നത്. എന്നാലും അയാളുടെ മരണശേഷം ഒന്നൊഴികെ മറ്റു ഗോത്രങ്ങളെല്ലാം വേർപ്പെടുത്തും എന്ന മുന്നറിയിപ്പ് യാഥാർത്ഥ്യമായതിന്റെ വിവരണം അടുത്ത അധ്യായത്തിൽ കാണാം.

എപ്രകാരമാണ് സോളമന് അരുളപ്പാട് ലഭിച്ചത് എന്നു പറയുന്നില്ല. മറ്റു രണ്ടു തവണ ദൈവം സോളമനു സ്വപ്നത്തിൽ പ്രത്യക്ഷനായി നേരിട്ട് സംരക്ഷണം വാഗ്ദാനം ചെയ്യുകയായിരുന്നു. ആ രണ്ടു തവണയും അയാൾ കൃതജ്ഞതാബലിയർപ്പിച്ച്, കർത്താവിനോടുള്ള വിശ്വസ്തത ഏറ്റു പറയുകയും ചെയ്തു. എന്നാൽ കുറ്റാരോപണവും ശിക്ഷയുടെ മുന്നറിയിപ്പും ലഭിച്ചപ്പോൾ യാതൊരു പ്രതികരണവുമുണ്ടായില്ല. പ്രവാചക വചനത്തിലൂടെ തന്റെ തെറ്റിനെക്കുറിച്ചു ബോധവാനായപ്പോൾ അനുതപിച്ചു മാപ്പിരന്ന ദാവീദിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് സോളമന്റെ നിലപാട്. കാരണം, അയാൾ ദൈവത്തിൽ നിന്ന് അകന്നു കഴിഞ്ഞിരുന്നു. തനിക്കു ലഭിച്ച മഹാജ്ഞാനവും കൃപകളും സോളമനെ ദൈവത്തോടുള്ള വിശ്വസ്തതയിൽ നിലനിർത്തിയില്ല. അത് ദേശത്തിന്റെ തന്നെ നാശത്തിനു കാരണമായി.

### ii. കലാപത്തിന്റെ കാർമേഘങ്ങൾ 1 രാജാ 11,14-40

പുറമെ നിന്നു നോക്കുമ്പോൾ പ്രൗഢഗംഭീരവും സുശക്തവും സുരക്ഷിതവുമായിരുന്നു സോളമന്റെ സാമ്രാജ്യം. എങ്കിലും അതിന്റെ അടിത്തറ തകർക്കുന്ന ഛിദ്രശക്തികൾ സാമ്രാജ്യത്തിനുള്ളിൽത്തന്നെ വളർന്നുകൊണ്ടിരുന്നു. സാമ്രാജ്യത്തിനു ഭീഷണിയായിത്തീർന്ന മൂന്നു കലാപകാരികളെക്കുറിച്ച് തുടർന്നു വിവരിക്കുന്നു. ദൈവം തന്നെയാണ് സോളമനെതിരെ ശത്രുക്കളെ തിരിച്ചുവിട്ടത് (1 രാജാ 11,14) എന്ന ആമുഖത്തോടെ വിവരണം ആരംഭിക്കുന്നു. ദൈവത്തിൽ നിന്ന് അകലുന്നവന് അവിടുത്തെ സംരക്ഷണം നഷ്ടപ്പെടുമെന്ന പാഠത്തിന്റെ വ്യക്തമായ ഉദാഹരണമാണ് ഇവിടെ വിവരിക്കുന്നത്. വിഗ്രഹാരാധനയിലും അനീതിയിലും അസ്തിവാരമുറപ്പിക്കുന്ന സാമ്രാജ്യങ്ങൾക്ക് ദീർഘകാലം

നിലനില്ക്കാനാവില്ല. ആഭ്യന്തര കലാപങ്ങളും പുറമെ നിന്നുള്ള ആക്രമണങ്ങളും അതിനെ തകർത്തുകളയും. അതു ദൈവത്തിന്റെ ശിക്ഷാവിധിയായി വിശ്വാസത്തിന്റെ കണ്ണുള്ളവർക്കു കാണാൻ കഴിയും.

ഏദോമ്യനായ ഹദാദാണ് ആദ്യത്തെ എതിരാളി. കൂട്ടക്കൊലയിൽ നിന്ന് രക്ഷപ്പെട്ട വ്യക്തിയാണ് ഹദാദ്. ആറുമാസക്കാലം ദാവീദിന്റെ പട്ടാളം ഏദോമിൽ പാളയമടിച്ച് പുരുഷന്മാരെയെല്ലാം കൊന്നൊടുക്കി, ഏദോമ്യരെ അടിമകളാക്കി എന്ന വിവരണം (2 സാമു 8,13-14; 1 രാജാ 11,15-16) ഏദോമിന്റെ അവസ്ഥയെ ഈജിപ്തിൽ അടിമകളായിരുന്ന ഇസ്രായേല്ക്കാരുടേതിനോടു താരതമ്യം ചെയ്യുന്നു. മോശ ഇസ്രായേല്ക്കാരുടെ വിമോചകനായതുപോലെയാണ് ഹദാദ് ഈജിപ്തിലേക്ക് ഒളിച്ചോടുകയും ദാവീദിന്റെ മരണത്തിനുശേഷം തിരിച്ചു വന്ന് സ്വന്തം ജനത്തിന്റെ മോചനത്തിനായി പ്രവർത്തിക്കുകയും ചെയ്തത്. ഈ പ്രവർത്തനങ്ങൾക്കു പിന്നിലും ദൈവകരം ഉണ്ടായിരുന്നു എന്ന പ്രസ്താവനയിൽ നിന്ന് സകല അടിമകളുടെയും വിമോചകനാണ് ദൈവം എന്ന സത്യവും വെളിപ്പെടുന്നു. സോളമനുള്ള ശിക്ഷ മാത്രമല്ല, അടിമകളായിത്തിർന്ന ഏദോമ്യരുടെ മോചനത്തിനുള്ള വഴി തെളിക്കുന്നതുമാണ് ഹദാദിന്റെ കലാപം.

ഹദാദിന്റെയും മോശയുടെയും ചിത്രങ്ങൾ തമ്മിൽ പല സാമ്യങ്ങളും കാണാം. കൂട്ടക്കുരുതിക്ക് ഉഴിഞ്ഞിട്ട ഒരു ജനത്തിൽ നിന്ന് രക്ഷപ്പെട്ടവരാണ് രണ്ടുപേരും. ഇരുവരും ഒളിച്ചോടി, മോശ മെദിയാനിലേക്കും ഹദാദ് ഈജിപ്തിലേക്കും. ഫറവോയുടെ മരണത്തിനുശേഷം മോശ ഈജിപ്തിലേക്കു മടങ്ങിവന്നതുപോലെയാണ് ദാവീദിന്റെ മരണവാർത്തയറിഞ്ഞപ്പോൾ ഹദാദ് ഏദോമിലേക്കു തിരിച്ചു വന്നത്.

ഹദാദിനും പിന്നീട് ജെറൊബാമിനും സംരക്ഷണം നല്കിയ ഫറവോ സോളമന്റെ സാമ്രാജ്യത്തിനു തുരങ്കം വയ്ക്കുകയായിരുന്നു. വിവാഹ ഉടമ്പടി വഴി സോളമനുമായി സഖ്യത്തിലായിരുന്ന ഫറവോ ഈജിപ്തിലെ 21-ാം രാജവംശത്തിലെ രാജാവായിരുന്നു. അയാളുടെ മരണത്തിനുശേഷം ആരംഭിച്ച 22-ാം രാജവംശത്തിലെ ആദ്യരാജാവായ ഫറവോ ഷീഷാക്കാണ് ഇസ്രയേലിലെ കലാപകാരികൾക്ക് അഭയം നല്കിയത്. സ്വദേശത്തെ പട്ടാളഭരണത്തിൽ നിന്ന് ഒളിച്ചോടിയവർ വിദേശത്തുവച്ചു പരിശീലനം നേടുകയും സൈന്യത്തെ സംഭരിക്കുകയും ചെയ്തതിനുശേഷം മടങ്ങിവന്ന് നാട്ടിൽ അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഭരണം പിടിച്ചെടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്നും നാട്ടിൽ സുലഭമാണല്ലോ. ഇപ്രകാരമുള്ള കലാപകാരികളെ പരിശീലിപ്പിച്ച് സ്വദേശത്തേക്ക് അട്ടിമറി പ്രവർത്തനങ്ങൾക്കായി തിരിച്ചയക്കുന്നത് ഇന്ന് ആഗോളതലത്തിൽ വലിയ കലാപങ്ങൾക്കും പ്രതിസന്ധികൾക്കും കാരണമായിത്തീർന്നിട്ടുണ്ടല്ലോ.



ഏലിയാദായുടെ പുത്രനും സോബാരാജാവിന്റെ സേവകനും ആയ റസോൺ ആണ് രണ്ടാമത്തെ എതിരാളി (1 രാജാ 11,23-25). അയാളെയും ദൈവം തന്നെയാണ് സോളമനെതിരെ ഉയർത്തിയത്. ഹദാദ് എന്നതുപോലെ റസോണും ദാവീദിന്റെ ദിഗ്വിജയങ്ങളുടെ ബാക്കി പത്രത്തിൽപ്പെടുന്നു. ദാവീദ് സോബാ രാജാവിനെ തോല്പിച്ച് ജനത്തെ കൊന്നൊടുക്കിയപ്പോൾ ഓടിരക്ഷപ്പെട്ടയാളാണ് റസോൺ (2 സാമു 8,36). വിദേശത്തേക്ക് ഒളിച്ചോടുന്നതിനു പകരം സ്വന്തം നാട്ടിൽ പിടിച്ചു നിന്ന് ഒളിപ്പോരാളികളെ സംഘടിപ്പിക്കുകയാണ് അയാൾ ചെയ്തത്. ദാവീദിന്റെ മരണത്തിനുശേഷം അയാൾ ദമാസ്കസ് പിടിച്ചടക്കി അവിടെ രാജാവായി. ഹദാദ് ഇസ്രയേലിന്റെ തെക്കുഭാഗത്ത് അസ്വസ്ഥതകൾ സൃഷ്ടിച്ചപ്പോൾ റസോൺ വടക്കു ഭാഗത്ത് ശത്രുവായിക്കഴിഞ്ഞു. ഇവർ ഇസ്രയേൽ സാമ്രാജ്യത്തിന് നിരന്തര ഭീഷണിയായിരുന്നെങ്കിലും സോളമന്റെ ജീവിതകാലത്ത് എത്രമാത്രം ദോഷം ചെയ്തു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല.

മേല്പറഞ്ഞ രണ്ടു പേരേക്കാളും കൂടുതൽ സാമ്രാജ്യത്തിനു ഭീഷണിയായിത്തീർന്ന ജെറൊബൊവാമിനെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത് (1 രാജാ 11,26-40). ഇസ്രയേൽ ഗോത്രങ്ങളിൽ നിന്ന് അടിമവേലയ്ക്ക് നിർബന്ധിതരായവരുടെ മുഴുവൻ മേൽനോട്ടം വഹിച്ചിരുന്ന ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ജെറൊബൊവാം. ദൈവകല്പനയനുസരിച്ച് അഹിയാ പ്രവാചകൻ അയാൾക്കു കീറി പങ്കുവച്ച മേലങ്കിയുടെ പ്രതീകത്തിലൂടെ ഇസ്രയേൽ ഗോത്രങ്ങളിൽ പത്തെണ്ണത്തിന്റെമേൽ രാജത്വം വാഗ്ദാനം ചെയ്തു. നാഥാൻ വഴി ദാവീദിനു ദൈവം നല്കിയ വാഗ്ദാനത്തെ അനുസ്മരിപ്പിക്കുന്നതാണ് ജെറൊബൊവാമിനു നല്കുന്ന വാഗ്ദാനം (1 രാജാ 11,38). വാഗ്ദാനത്തിന്റെ പൂർത്തീകരണം ജെറൊബൊവാമിന്റെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു. രഹസ്യത്തിൽ ലഭിച്ച ഈ വാഗ്ദാനത്തിനുശേഷം എപ്രകാരമാണ് അയാൾ രാജാവിനെതിരെ കരമുയർത്തിയത് (1 രാജാ 11,26) എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ഒരു പക്ഷെ ഈ സംഭവത്തെക്കുറിച്ച് അറിഞ്ഞ സോളമൻ കലാപത്തെ മുളയിൽത്തന്നെ നുള്ളിക്കളയാൻ വേണ്ടിയായിരിക്കാം അയാളെ കൊല്ലാൻ ശ്രമിച്ചത് (1 രാജാ 11,40). ഹദാദിനെപ്പോലെ ജെറൊബൊവാമും ഈജിപ്തിൽ അഭയം തേടി. സോളമന്റെ മരണത്തോടെ പൊട്ടിപ്പുറപ്പെട്ട

കലാപത്തിൽ ഇസ്രയേൽ സാമ്രാജ്യം തകർന്നപ്പോൾ അയാളെയാണ് വടക്കൻ ഗോത്രങ്ങൾ തങ്ങളുടെ രാജാവായി വാഴിച്ചത്.

അഹിയാ പ്രവാചകന്റെ വാക്കും പ്രവൃത്തിയും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവവചനം ജനത്തെ അറിയിക്കാനായി അയയ്ക്കപ്പെട്ടവരാണ് പ്രവാചകന്മാർ. വാക്കുകളും പ്രതീകാത്മക പ്രവർത്തനങ്ങളും വഴി അവർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നു. മർദ്ദിത ജനത്തിന്റെ നിലവിളികേട്ട ദൈവം മർദ്ദകഭരണത്തിന് അറുതി വരുത്താൻ വേണ്ടിയും പ്രവാചകന്മാരെ നിയോഗിക്കുന്നു. ഇപ്രകാരമുള്ള അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട പ്രവാചകന്മാരുടെ തുടക്കം അഹിയായിൽ കാണാം. ഏലിയായും എലിഷായും വഴി ഇതു തുടരും. അസംതൃപ്തരായ ജനത്തിന്റെയും അവർക്കു മോചനം നല്കുന്ന ദൈവത്തിന്റെയും വക്താക്കളാണ് ഈ പ്രവാചകന്മാർ.

സോളമന്റെ രാജ്യം സുപ്രതിഷ്ഠിതമായി എന്ന പ്രസ്താവനയോടെ ആരംഭിച്ച (1 രാജാ 2,12) ചരിത്രം അയാളുടെ മരണത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് (1 രാജാ 11,41-43; 2 ദിന 9,29-31) സമാപിക്കുന്നു. പിതാവായ ദാവീദിനെപ്പോലെ സോളമനും നാല്പതു വർഷം ഭരിച്ചു. ഇസ്രയേൽ ജനത്തെ മഹത്ത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ച അദ്ദേഹത്തിന്റെ മരണത്തോടെ ജനത്തിന്റെ തകർച്ചയും ആരംഭിക്കുകയായി.

**വിചിന്തനം:** ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും അസാധാരണമായ കൃപകൾക്കും പാത്രീഭൂതനായ വ്യക്തിയാണ് സോളമൻ. ലോകം കണ്ട ഏറ്റവും വലിയ ജ്ഞാനിയായി ബൈബിൾ അദ്ദേഹത്തെ ചിത്രീകരിക്കുന്നു. എല്ലാ വിധത്തിലും അനുഗ്രഹീതനായിരുന്നു സോളമൻ. 'വായിൽ സ്വർണ്ണക്കരണ്ടിയുമായി' ജനിച്ചവൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാനാവും. ശക്തവും വിസ്തൃതവുമായ ഒരു സാമ്രാജ്യം പൈതൃകമായി ലഭിച്ചു. അതിനെ കൂടുതൽ ശക്തിപ്പെടുത്താനും ഇസ്രായേൽ ജനത്തെ മഹത്ത്വത്തിന്റെ ഉച്ചകോടിയിലെത്തിക്കാനും സോളമനു കഴിഞ്ഞു. ഈജിപ്തിനെയും അസീറിയായെയും പോലെ ലോക ജനതകൾക്കിടയിൽ തല ഉയർത്തിനില്ക്കാൻ പറ്റുന്ന ഒരു സാമ്രാജ്യമായി ഇസ്രയേൽ വളർന്നത് അദ്ദേഹത്തിന്റെ കാലത്താണ്. വെള്ളി വിലക്കെട്ടതും ദേവദാരു, അത്തിമരം പോലെ സുലഭവും ആകാൻമാത്രം രാജ്യം സമ്പദ്സമൃദ്ധമായി. കോട്ടകളും, സുശക്തവും സുസജ്ജവുമായ സൈന്യവും ദേശത്തിനു സംരക്ഷണം നല്കി. ജറുസലെം ദേവാലയത്തിന്റെ നിർമ്മാണത്തോടെ ജനത്തിന് മതപരമായ ഒരു കേന്ദ്രമുണ്ടായി. ദേവാലയത്തിന്റെ മനോഹാരിതയും ആരാധനാനുഷ്ഠാനങ്ങളുടെ



പ്രൗഢിയും ജനത്തിന് അന്തസും അഭിമാനവും സന്തോഷവും പ്രദാനം ചെയ്തു. രാജകൊട്ടാരങ്ങളും ഭരണ സംവിധാനങ്ങളും സുരക്ഷാ സന്നാഹങ്ങളും സോളമനും ഇസ്രയേൽ ജനത്തിനും അന്തർദ്ദേശീയ പ്രശസ്തി നേടിക്കൊടുത്തു. ഒരു കാലത്ത് ഒളിച്ചോടിയ അടിമകൾ ഒരു സാമ്രാജ്യമായി വളർന്നു. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് എന്നതിന്റെ വ്യക്തമായ തെളിവാണിതെല്ലാം.

രാജഭരണം വഴി ഇസ്രയേൽ ജനത്തിന് ഗണ്യമായ അനേകം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും അതുവഴി സംജാതമായ ദോഷഫലങ്ങളും കുറവായിരുന്നില്ല. സാമൂഹികവും സാമ്പത്തികവും മതപരവുമായ തലങ്ങളിൽ ഈ ദോഷഫലങ്ങൾ പ്രകടമായി. തുല്യമായ അവകാശങ്ങളും മഹത്വവുമുള്ള പന്ത്രണ്ടു ഗോത്രങ്ങളുടെ ഒരു കൂട്ടായ്മയായിരുന്നു ദൈവജനമായ ഇസ്രായേൽ. ജനത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും ഗോത്രത്തലവന്മാർ കൂട്ടായ തീരുമാനം എടുത്തിരുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നിയമങ്ങളായിരുന്നു ജനജീവിതത്തെ നിയന്ത്രിച്ചിരുന്നത്. എന്നാൽ സോളമന്റെ ഭരണകാലത്ത് ഇതിനെല്ലാം മാറ്റം വന്നു.

പഴയ ഗോത്രങ്ങളുടെ സ്ഥാനത്ത് പുതിയ പ്രവിശ്യകൾ രൂപംകൊണ്ടു. ദൈവത്തിന്റെ പ്രത്യേക വിളി ലഭിച്ചു. കഴിവുള്ള കരിസ്മാറ്റിക്ക് നേതൃത്വത്തിനു പകരം രാജകുടുംബത്തിന്റെ പിന്തുടർച്ച ഇസ്രയേൽ നേതൃത്വത്തിന്റെ മാനദണ്ഡമായിത്തീർന്നു. അതുവഴി രാജാവിനു ജനത്തോടും ദൈവത്തോടും ഉത്തരവാദിത്വമില്ല എന്ന ഒരവസ്ഥ സംജാതമായി. തങ്ങളെ ആര് എങ്ങിനെ ഭരിക്കണം എന്നു തീരുമാനിക്കാൻ ജനത്തിന് അവകാശമില്ലാതായി. "നേതാവ് ജനത്തിനു വേണ്ടി" എന്നതിനേക്കാൾ "ജനം രാജാവിനു വേണ്ടി" എന്ന കാഴ്ചപ്പാട് രൂപംകൊണ്ടു ഇസ്രയേൽ സമൂഹത്തിന്റെ അടിത്തറ തകർക്കുന്നതായിരുന്നു ഈ പ്രവണത.

രാജഭരണം ജനത്തിനു താങ്ങാനാവാത്ത വലിയ ഭാരമായിത്തീർന്നു. ഭരണകൂടത്തിന്റെ ഭാരിച്ച ചിലവുകൾ സാധാരണ ജനത്തിന്റെ ചുമലിലാണ് വന്നു വീണത്. കനത്ത നികുതിയും നിർബന്ധിത സൈന്യസേവനവും അടിമവേലയും രാജഭരണം ജനത്തിനു നല്കിയ സമ്മാനങ്ങളാണ്. ജനത്തിനിടയിൽത്തന്നെ ഉച്ചനീചത്വം ഉടലെടുത്തു. രാജാവും രാജസേവകന്മാരും സമൂഹത്തിലെ ഏറ്റം ഉന്നതന്മാരായിത്തീർന്നപ്പോൾ ബഹുഭൂരിഭാഗം ജനങ്ങളും അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട അടിമകളുടെ നിലയിലേക്ക് അധഃപതിച്ചു.

സോളമന്റെ ഭരണകാലത്ത് ദേശം സമ്പൽസമൃദ്ധമായി. പക്ഷേ അതുവഴി ദേശത്തിന്റെ സമ്പദ്ഘടന പൂർണ്ണമായി മാറിമറിഞ്ഞു. മുഖ്യമായും കർഷകരുടെയും ഇടയന്മാരുടെയും ഒരു സമൂഹമായിരുന്നു. രാജഭരണത്തിനു മുമ്പുള്ള ഇസ്രയേൽ ജനം. സോളമന്റെ വ്യവസായ സംരംഭങ്ങളും അന്താരാഷ്ട്ര വാണിജ്യവും ജനജീവിതത്തിൽ കാതലായ വ്യതിയാനങ്ങൾ വരുത്തി. പുതുതായി പണിയപ്പെട്ട പട്ടാളത്താവളങ്ങളെയും വ്യവസായ സ്ഥാപനങ്ങളെയും ചുറ്റിപ്പറ്റി നഗരങ്ങൾ വളർന്നു. ഗ്രാമീണരിൽ പലരും കൃഷി ഉപേക്ഷിച്ച് ഈ നഗരങ്ങളിലേക്ക് ചേക്കേറി. നഗരവൽക്കരണം അതിന്റേതായ ഭവിഷ്യത്തുകൾക്കു വഴിതെളിച്ചു. കാർഷികോല്പന്നങ്ങൾ കയറ്റുമതിയുടെ ഒരു മുഖ്യഘടകമായതോടെ കൃഷിയുടെ ലക്ഷ്യങ്ങളിലും മാറ്റം വന്നു. സ്വന്തം ഉപജീവനത്തിനുവേണ്ടി എന്നതിനേക്കാൾ വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ വേണ്ടിയുള്ള കൃഷികൾക്ക് കൂടുതൽ പ്രാധാന്യം നല്കപ്പെട്ടു. പണവും ലാഭവും എല്ലാ മേഖലകളിലും മുഖ്യ ലക്ഷ്യമായിത്തീർന്നു. മാറി വന്ന സാഹചര്യത്തിൽ ചുരുക്കം ധനികരും ഒട്ടേറെ ദരിദ്രരും ഉണ്ടായി.

മത മേഖലയിലും കാതലായ വ്യതിയാനങ്ങൾ വന്നു. ദൈവിക സാന്നിധ്യം ജറുസലേമിലെ ദേവാലയത്തിൽ ഒതുങ്ങി നില്ക്കുന്നു എന്ന കാഴ്ചപ്പാട് വളർന്നു. തീർത്ഥാടനങ്ങളിലും ഉത്സവാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും മാത്രം പ്രകടമാകുന്ന ഒന്നായി മത ജീവിതം ചുരുങ്ങി അനുഷ്ഠാന പ്രധാനമായ ഈ മതാത്മകതയ്ക്ക് ജനജീവിതത്തിന്റെ മറ്റു മേഖലകളിൽ സ്വാധീനം ചെലുത്താനായില്ല. ഉടമ്പടിയുടെ പ്രമാണങ്ങൾ വിസ്മൃതിയിലാണ്ടു. തൽസ്ഥാനത്ത് പുതിയ രാജനിയമങ്ങൾ രൂപംകൊണ്ടു. അവയാകട്ടെ, സാമാന്യജനത്തിന് നീതിയും ന്യായവും നടത്തിക്കൊടുക്കാൻ പര്യാപ്തമായിരുന്നില്ല. കൊട്ടാര സമുച്ചയത്തിന്റെ ഭാഗമായ ദേവാലയത്തിൽ മാത്രം ദൈവം വസിക്കുന്നു എന്ന ചിന്ത മതത്തെ രാഷ്ട്രത്തിന്റെ ഒരു ചട്ടുകമാക്കിമാറ്റി. ജനത്തെ തലസ്ഥാന നഗരിയിലേക്ക് ആകർഷിക്കാനും ദാവീദിന്റെ രാജവംശത്തോട് വിശ്വസ്തരായി നിലനിർത്താനും ദേവാലയം സഹായിച്ചു. പുറപ്പാട് നയിച്ച ജീവിക്കുന്ന ദൈവമായ യാഹ്വേയും മനുഷ്യന്റെ സങ്കല്പ സൃഷ്ടികളായ ദേവന്മാരും തമ്മിൽ ജനമനസ്സിൽ വ്യത്യാസമില്ലാതായി. ദൈവാരാധന വിഗ്രഹാരാധനയായിത്തീർന്നു.

ഇസ്രയേൽ രാജാവ് ഇതര ജനതകളുടെ രാജാക്കന്മാരെ അനുകരിച്ച് അന്തഃപുരം വികസിപ്പിച്ചു. സമ്പത്തു വർദ്ധിപ്പിച്ചു. സാമുവേൽ മുൻകൂട്ടി അറിയിച്ച നിനകളെല്ലാം (1 സാമു 8,10-18) സോളമന്റെ കാലത്ത്



ഒരു യാഥാർത്ഥ്യമായിത്തീർന്നു. തുടർന്നു വന്ന രാജാക്കന്മാരുടെ കാലത്ത് ഇത് കൂടുതൽ ഭീകരമായി. മറ്റ് ജനങ്ങൾക്കുള്ളതുപോലെ തങ്ങൾക്കുമൊരു രാജാവിനെ വേണമെന്നു ശഠിച്ചവർ രാജഭരണത്തിന്റെ ഭാരമറിഞ്ഞു. പക്ഷേ ആ ഭാരത്തിൽ നിന്ന് അവർക്കു മോചനമുണ്ടായിരുന്നില്ല. ഒരു രാജാവിനെ ഉപേക്ഷിച്ചവർ വേറൊരു രാജാവിന്റെ നുകം ചുമലിലേറ്റി. രാജഭരണത്തിനു പൂർണ്ണ വിരാമമിട്ട ബാബിലോൺ പ്രവാസം വരെ ഈ അവസ്ഥ തുടർന്നു. രാജാക്കന്മാരുടെ പരാജയങ്ങൾ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾക്ക് ആക്കം കൂട്ടുന്നു. ദൈവം രാജാവായി അംഗീകരിക്കപ്പെടുന്ന കാലത്തു മാത്രമേ സത്യവും നീതിയും യാഥാർത്ഥ്യമാവൂ. മനുഷ്യരെ രക്ഷകരായിക്കണ്ട് തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അടിയറവയ്ക്കുന്നവർക്ക് അടിമത്തമായിരിക്കും പ്രതിഫലമായി ലഭിക്കുക.

### ചോദ്യങ്ങൾ

1. സോളമന്റെ നേട്ടങ്ങൾ ചുരുക്കി വിവരിക്കുക.
2. സൈനിക സംവിധാനത്തിലും അന്താരാഷ്ട്ര വാണിജ്യത്തിലും സോളമൻ നടപ്പിലാക്കിയ നവീകരണങ്ങൾ ഏവ?
3. ഓഫീർ, താർഷീഷ് എന്നീ പേരികൾ എന്തിനെ സൂചിപ്പിക്കുന്നു?
4. എന്താണ് സോളമന്റെ പരാജയങ്ങൾക്കു മുഖ്യ കാരണം? ഏതെല്ലാം മേഖലകളിലാണ് സോളമന്റെ പരാജയം പ്രകടമായത്?
5. "ദൈവം സോളമന് എതിരാളികളെ ഉയർത്തി" എന്ന പ്രസ്താവന വിശകലനം ചെയ്യുക. ആരായിരുന്നു ആ എതിരാളികൾ? എന്തായിരുന്നു അവരുടെ എതിർപ്പിന്റെ കാരണം?
6. സോളമന്റെ ജീവിതത്തിൽ നിന്ന് എന്ത് പ്രായോഗിക പാഠങ്ങളാണ് നിങ്ങൾക്കു ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** സോളമന്റെ ഭരണ വാണിജ്യ സംവിധാനങ്ങളെ ആധുനിക സാമ്രാജ്യ ശക്തികളുടെയും ബഹുരാഷ്ട്ര കുത്തകകളുടെയും പ്രവർത്തന ശൈലികളുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** 49-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# ഭാഗം രണ്ട്
# വിഭക്ത രാജ്യം
### 1 രാജാ 12–2 രാജാ 17;2 ദിന 10–28

സോളമന്റെ മരണം മുതൽ (ബി.സി 931) സമറിയായുടെ പതനം വരെ (ബി.സി. 721) യുള്ള രണ്ടു നൂറ്റാണ്ടു കാലത്തെ ചരിത്രമാണ് ഈ ഭാഗത്തു വിവരിക്കുന്നത്. സോളമനു ശേഷം രാജാവായ മകൻ റെഹോബാവാമിന്റെ മർക്കമുഷ്ടിയും ഭോഷത്തവും രാജ്യത്തിന്റെ വിഭജനത്തിനു കാരണമായി. യൂദാ, ഇസ്രായേൽ എന്ന പേരിൽ രണ്ടു രാജ്യങ്ങൾ നിലവിൽ വന്നു. ഈ രണ്ടു രാജ്യങ്ങളുടെ ചരിത്രം സമാന്തരമായി രാജാക്കന്മാരുടെ പുസ്തകങ്ങളിൽ വിവരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥം ഇസ്രായേൽ രാജ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും മുഖ്യമായും യൂദായുടെ ചരിത്രമാണ് അവതരിപ്പിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകങ്ങളിൽ രാജാക്കന്മാരായ ചരിത്രം അവതരിപ്പിക്കുന്നതൊടൊപ്പം പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. വിവരണത്തിൽ പകുതിയോളം ഏലിയാ, എലീഷാ എന്നീ രണ്ടു വലിയ പ്രവാചകന്മാരുമായി ബന്ധപ്പെട്ടതാണ്. അതിനു പുറമെ മറ്റു പല പ്രവാചകന്മാരെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ആമോസ്, ഹോസിയാ, മിക്കാ, ഏശയ്യാ എന്നീ നാലു പ്രവാചകന്മാർ പഠനവിഷയമായ കാലഘട്ടത്തിന്റെ അവസാന ഭാഗത്താണ് (ബി.സി. 750–700) പ്രവർത്തിച്ചിരുന്നത്. പ്രവചനങ്ങളും അവയുടെ പൂർത്തീകരണവും രാജാക്കന്മാരുടെ പുസ്തകത്തിലെ ഒരു മുഖ്യ വിഷയമാണ്. ദിനവൃത്താന്ത ഗ്രന്ഥത്തിലും പ്രവാചക വചനത്തിനു പ്രാധാന്യം നല്കിയിട്ടുണ്ട്. രാജാക്കന്മാരുടെ പുസ്തകങ്ങളിലെ ചുരുക്കമായേ നല്കുന്നുള്ളൂ. ദിവൃത്താന്ത ഗ്രന്ഥത്തിലാകട്ടെ, കൂടുതൽ ദീർഘമായ വിവരണങ്ങളും ദൈവശാസ്ത്രപരമായ വിശദീകരണങ്ങളും നല്കിയിരിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകത്തിൽ എല്ലാ രാജാക്കന്മാരെയും ക്കുറിച്ചുള്ള വിവരണം ഒരേ നിശ്ചിത ഘടന അനുസരിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജാവിന്റെ സ്ഥാനോരോഹണം, രാജവാഴ്ചയുടെ ദൈർഘ്യം, രാജമാതാവിന്റെ പേര്, രാജാവിന്റെ ചെയ്തികളെക്കുറിച്ചുള്ള വിലയിരുത്തൽ, കൂടുതൽ വിവരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന രേഖകൾ, രാജാവിന്റെ മരണം, പിൻഗാമി എന്നീ വിവരങ്ങൾ എല്ലാ രാജാക്കന്മാരെയുംക്കുറിച്ചുള്ള വിവരണങ്ങളിൽ ദൃശ്യമാണ്. യൂദാ രാജാക്കന്മാരുടെ സ്ഥാനാരോഹണത്തെക്കുറിച്ചു പറയുമ്പോൾ ഇസ്രായേലിലെ



ഏതു രാജാവിന്റെ എത്രാം ഭരണ വർഷത്തിലാണ് അതു സംഭവിച്ചതെന്നും ഇസ്രായേൽ രാജാക്കന്മാരുടെ സ്ഥാനാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ യൂദായിലെ ഏതു രാജാവിന്റെ എത്രാം ഭരണ വർഷമാണ് അതു നടന്നത് എന്നും എടുത്തുപറയുന്നുണ്ട്. അങ്ങനെ ഇരു രാജ്യങ്ങളുടെയും ചരിത്രം പരസ്പരം ബന്ധപ്പെടുത്തിയും സമാന്തരമായും അവതരിപ്പിക്കുന്നു.

രാജാക്കന്മാരുടെ ചെയ്തികളെ വിലയിരുത്തുമ്പോൾ യൂദാ രാജാക്കന്മാരെ ദാവീദിനോടും ഇസ്രായേൽ രാജാക്കന്മാരെ ജെറോബൊവാമിനോടും താരതമ്യം ചെയ്യുന്നു. ആദ്യത്തേത് വിശ്വസ്തതയുടെയും രണ്ടാമത്തേത് അവിശ്വസ്തതയുടെയും മാതൃകയായി പരിഗണിക്കപ്പെടുന്നു. യൂദായിലെ ചില രാജാക്കന്മാർ നിരുപാധികമായി പ്രശംസിക്കപ്പെടുന്നുണ്ട്. ഇസ്രായേലിലെ ഒറ്റ രാജാവിനുപോലും പ്രശംസ നല്കുന്നില്ല. അവരെല്ലാം ജെറൊബൊവാമിന്റെ വഴിയിലൂടെ ചരിച്ചു എന്ന നിഷേധാത്മകമായ വിധിക്ക് ഇരയാകുന്നു. ഓരോ രാജവും കർത്താവായ ദൈവത്തോടും അവിടുത്തെ ഉടമ്പടിയോടും എപ്രകാരം വിശ്വസ്തത പുലർത്തി എന്ന ഏക മാനദണ്ഡമാണ് വിലയിരുത്തലിന് മാർഗ്ഗ ദർശകമായി ഉപയോഗിക്കുന്നത്. അവരുടെ മറ്റു നേട്ടങ്ങൾക്കൊന്നും യാതൊരു പ്രസക്തിയും നല്കുന്നില്ല.

സോളമന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ ജനം പടിപടിയായി തളർന്നു തകർന്ന് നാശത്തിന്റെ പടുകുഴിയിൽ എത്തിയതിന്റെ ചിത്രീകരണമാണ് ഈ ചരിത്രാഖ്യാനം. ജനത്തിനുണ്ടായ പരാജയങ്ങളുടെയെല്ലാം കാരണം കർത്താവിനോടു വിശ്വസ്തത പാലിക്കാതിരുന്നതാണെന്ന് ഈ വിവരണത്തിലൂടെ സമർത്ഥിക്കുന്നു. പ്രവാസികളായി കഴിയുന്ന ഇസ്രായേൽ ജനത്തിന് തങ്ങളുടെ അവസ്ഥയെക്കുറിച്ചും അതിനുണ്ടായ കാരണങ്ങളെക്കുറിച്ചും ബോധവാന്മരാകാനും പൂർണ്ണ ഹൃദയത്തോടെ അനുതപിച്ച് കർത്താവിലേക്കു തിരിയാനും ഈ ചരിത്രാവലോകനം സഹായകമാകുന്നു. സമറിയായുടെ പതനത്തെക്കുറിച്ച് നല്കുന്ന വിശദീകരണത്തിൽ നിന്ന് (2 രാജാ 17) ഈ ലക്ഷ്യം വ്യക്തമാകുന്നു. ബാബിലോൺ പ്രവാസികൾക്കു മാത്രമല്ല, സകല മനുഷ്യർക്കും പ്രസക്തമാണ് ചരിത്രം നല്കുന്ന ഈ പാഠം.

പഠന സൗകര്യാർത്ഥം ഈ അധ്യായങ്ങളെ നാലു ഭാഗങ്ങളായി തിരിക്കാം. **1. വിഭജനം മുതൽ ആഹാബുവരെ 2. ഏലിയാപ്രവാചകൻ 3. ഏലീഷായും ശിഷ്യഗണവും 4. ഇസ്രായേൽ നാശത്തിലേക്ക്.**

# വിഭജനം മുതൽ ആഹാബുവരെ

## 1 രാജാ 12-16; 2 ദിന 11-16

ഇസ്രായേൽ ജനം പിളർന്ന് രണ്ടു രാജ്യങ്ങളായി തീർന്നതു മുതൽ ഏലിയാ പ്രവാചകന്റെ രംഗപ്രവേശം വരെയുള്ള ഏകദേശം അരനൂറ്റാണ്ടുകാലത്തെ ചരിത്രമാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്. ദേശം വിഭജിക്കാനുണ്ടായ കാരണം വിശദമായി ചിത്രീകരിച്ചതിനുശേഷം ഇരു രാജ്യങ്ങളുടെയും ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ തെക്കൻ രാജ്യമായ യൂദായിൽ മൂന്നും വടക്കൻ രാജ്യമായ ഇസ്രായേലിൽ ഏഴും രാജാക്കന്മാർ ഭരണം നടത്തി. ഇരുരാജ്യങ്ങളും തമ്മിൽ അതിർത്തിപ്രദേശത്ത് നിരന്തരം യുദ്ധം നടത്തി. ദേശത്തിന്റെ വിഭജനവും ഇരുരാജ്യങ്ങളും തമ്മിൽ നടന്ന യുദ്ധങ്ങളും ഇരുരാജ്യാങ്ങളെയും വളരെ ദുർബ്ബലമാക്കി. ദാവീദിന്റെയും സോളമന്റെയും കാലത്ത് കപ്പം നല്കിയിരുന്ന സാമന്തരാജ്യങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ദേശത്തെ ആഭ്യന്തര കലാപങ്ങൾ സമ്പൽ സമൃദ്ധി ഒരു പഴങ്കഥയായി ത്തീർന്നു. ഇസ്രായേൽ ജനത്തിന്റെ ആഭ്യന്തര ദൗർബ്ബല്യം അയൽരാജ്യങ്ങളുടെ കടന്നാക്രമണത്തിനു വഴിതെളിച്ചു. സാവകാശം തകരുന്ന ഒരു ജനതയുടെ ചിത്രമാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്.

ഇസ്രായേലിനെ അപേക്ഷിച്ച് യൂദാ ചെറുതും ദുർബ്ബലവുമായിരുന്നെങ്കിലും ഭരണകാര്യത്തിൽ സ്ഥിരതയുണ്ടായിരുന്നു. ദാവീദിന്റെ രാജവംശം ഭരണം തുടർന്നു. എന്നാൽ ഇസ്രായേലിൽ ഒന്നിനു പിറകെ ഒന്നായി കലാപങ്ങൾ അരങ്ങേറി. മൂന്നു രാജാക്കന്മാർ ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടു. കലാപങ്ങൾക്ക് അറുതി വരുത്തി രാജ്യത്ത് സമാധാനം സ്ഥാപിച്ചത് മൂന്നാമത്തെ രാജകുടുംബത്തിന്റെ സ്ഥാപകനായ ഓമ്രിയാണ്. അദ്ദേഹത്തിന്റെ പുത്രനായ ആഹാബിന്റെ ഭരണകാലത്താണ് ഏലിയാ പ്രവാചകൻ രംഗപ്രവേശം ചെയ്യുന്നത്.

രാജാക്കന്മാരുടെ പുസ്തകത്തിൽ വിശദമായി ചിത്രീകരിക്കുന്ന രണ്ടു പ്രവാചകന്മാരാണ് ഏലിയായും എലീഷായും. എന്നാൽ അവരുടെ രംഗപ്രവേശത്തിനു മുമ്പുതന്നെ അനേകം പ്രവാചകന്മാർ ഇരു രാജ്യങ്ങളിലും പ്രവർത്തിച്ചിരുന്നു. പഠനവിഷയമായ ഭാഗത്ത് ഏഴു പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈ പ്രാചകന്മാരുടെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും അവതരിപ്പിക്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ ഇസ്രായേൽ ചരിത്രത്തിന് ദൈവശാസ്ത്രപരമായ ഒരു വ്യാഖ്യാനം



നല്കുന്നു.

**a. രാജ്യം പിളരുന്നു 1 രാജാ 12,1-24; 2 ദിന 10,1-11,4**

വളരെ ദുർബ്ബലമായ അടിത്തറയിന്മേലാണ് ഇസ്രായേൽ സാമ്രാജ്യം പടുത്തുയർത്തപ്പെട്ടത്. വടക്കൻ ഗോത്രങ്ങളും യൂദായും തമ്മിലുണ്ടായ ഐക്യം പൂർണ്ണമായിരുന്നുല്ല. ദാവീദിന്റെ ശക്തമായ നേതൃത്വവും സോളമന്റെ നയതന്ത്രവും ആയുധശക്തിയുമാണ് അവരെ ഒരു സാമ്രാജ്യമായി പിടിച്ചുനിർത്തിയത്. ദാവീദിന്റെ കാലത്തുതന്നെ വടക്കൻ ഗോത്രങ്ങളിൽ അസംതൃപ്തിയും വിഭാഗീയ ചിന്തകളും തലപൊക്കിയിരുന്നു (2 സാമു20,1). സോളമന്റെ അവസാന കാലമായപ്പോഴേക്കും അന്തഃഛിദ്രത്തിന്റെ വ്യക്തമായ അടയാളങ്ങൾ കണ്ടുതുടങ്ങി. ദാവീദിന്റെ നേതൃത്വവാസനയോ സോളമന്റെ ബുദ്ധിവൈഭവമോ ഇല്ലാതിരുന്ന റെഹൊബൊവാമിന്റെ ഭോഷത്വവും ധിക്കാരപരമായ പെരുമാറ്റവും വലിയൊരു കലാപത്തിലേക്കു നയിച്ചു. കനത്ത കരത്താൽ അടിച്ചൊതുക്കി വച്ചിരുന്ന ജനവികാരം പൊട്ടിത്തെറിച്ചു. ആ വിസ്ഫോടനത്തിൽ ഇസ്രായേൽ സാമ്രാജ്യം തകർന്നുവീണു.

സാമ്രാജ്യം പിളർന്നതിന്റെ ചരിത്രം രണ്ടു പുസ്തകങ്ങളിലും കാര്യമായ വ്യത്യാസമൊന്നും കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നു. സോളമന്റെ മരണത്തെത്തുടർന്ന് മകൻ റെഹൊബൊവാം ജറുസലെമിൽ ഭരണമേറ്റു. 'ജനം വളരട്ടെ' എന്നാണ് പേരിന്റെ അർത്ഥം. സ്ഥാനാരോഹണ സമയത്തു രാജാവു സ്വീകിരിച്ച പേരാണിത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. രാജവംശത്തിന്റെ പിന്തുടർച്ച അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമായി ഇവിടെ ചിത്രീകരിക്കുന്നു. സോളമന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ടുണ്ടായതുപോലുള്ള ഉപജാപങ്ങളോ സംഘർഷങ്ങളോ ഇവിടെ ഇല്ല. സോളമന്റെ മറ്റു മക്കളെക്കുറിച്ച് ഒരു പരാമർശവുമില്ല. അമ്മോന്യ സ്ത്രീയായ നാമാ ആയിരുന്നു റെഹൊബൊവാമിന്റെ മാതാവ് (1 രാജാ 14,21). ഫറവോയുടെ മകളായിരുന്നു സോളമന്റെ ഇഷ്ടഭാര്യയെങ്കിലും പിൻതുടർച്ചാവകാശത്തിന്റെ കാര്യത്തിൽ അവളെയൊ മക്കളെയൊക്കുറിച്ച് സൂചിപ്പിക്കുന്നതുപോലുമില്ല.

ജറുസലെമിൽ ഭരണമാരംഭിച്ച റെഹൊബൊവാമിനെ യൂദാഗോത്രം മാത്രമേ അംഗീകരിച്ചുള്ളു എന്നും ഇതര ഗോത്രങ്ങളുടെ അംഗീകാരവും പിന്തുണയും അയാൾക്കു ലഭിക്കേണ്ടിയിരുന്നു എന്നുമുള്ള സൂചനയാണ് ഷെക്കെമിലെ സമ്മേളനത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്നു (1 രാജാ 12,1) ലഭിക്കുക. തന്റെ രാജത്വം അംഗീകരിച്ചു കിട്ടാൻ വേണ്ടി റെഹൊബൊവാം ജറുസലെമിൽ നിന്ന് ഏകദേശം 65 കിലോമീറ്റർ വടക്കുള്ള

ഷെക്കെമിലേക്കു ചെന്നു. എന്നാൽ അയാൾ പ്രതീക്ഷിച്ചത് എളുപ്പമായിരുന്നില്ല കാര്യങ്ങൾ.

സോളമനെ ഭയന്ന് ഈജിപ്തിലേക്ക് ഒളിച്ചോടിയ ജെറൊബൊവാം തിരിച്ചെത്തിയത് സമ്മേളനത്തിന്റെ സ്വഭാവത്തെ കൂടുതൽ ഭീഷണമാക്കി (1 രാജാ 12,2). റെഹൊബൊവാമിനെ രാജാവായി അംഗീകരിക്കാൻ സമ്മേളനം തയ്യാറായിരുന്നു. എന്നാൽ അതിനായി അവർ ചില നിബന്ധനകൾ മുന്നോട്ടു വച്ചു (1 രാജാ 12,3-4). വേലയുടെ കാഠിന്യവും നികുതി ഭാരവും കുറച്ചുകിട്ടണം എന്നതായിരുന്നു അവരുടെ ആവശ്യം. ഇതിനു സമ്മതിച്ചാൽ തങ്ങൾ രാജാവിനെ സേവിക്കാം എന്ന് അവർ വാഗ്ദാനം ചെയ്തു. അവരുടെ ആവശ്യങ്ങൾ തികച്ചും നീതിയുക്തമാണെന്നും അത് അംഗീകരിച്ചു കൊടുക്കണം എന്നും പരിചയസമ്പന്നരും പക്വമതികളുമായ ഉപദേഷ്ടാക്കൾ പറഞ്ഞെങ്കിലും ജനത്തെ കനത്ത കരത്താൽ അടിച്ചമർത്താനും അടക്കി ഭരിക്കാനും ഉപദേശിച്ച യുവാക്കളുടെ നിർദ്ദേശമാണ് റെഹൊബൊവാമിന് സ്വീകാര്യമായി തോന്നിയത് ( 1 രാജാ 12,6-11). 'സേവിക്കുക', 'ദാസന്മാരായിരിക്കുക' എന്ന പദങ്ങൾ ഈ സംഭാഷണത്തിൽ പല തവണ ഉപയോഗിക്കുന്നതു ശ്രദ്ധേയമത്രെ. ജനം രാജാവിനെ സേവിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. താൻ ജനസേവകനാണെന്ന സത്യം പ്രായമായ ഉപദേഷ്ടാക്കൾ രാജാവിനെ അനുസ്മരിപ്പിച്ചു. ജനത്തെ സേവിക്കാൻ തയ്യാറാകുന്ന രാജാവിനെ ജനവും സേവിക്കും എന്ന് അവർ ഉറപ്പുകൊടുത്തു. എന്നാൽ സേവനത്തിന്റെ ഭാഷ യുവരാജാവിനു സ്വീകാര്യമായില്ല.

മൂന്നാം ദിവസം മടങ്ങി വന്ന ജനത്തിനു രാജാവു നല്കിയ മറുപടി വിവേക രഹിതവും ധിക്കാരപൂർണ്ണവുമായിരുന്നു (1 രാജാ 12,12-14). ആരംഭത്തിലെ വിട്ടുവീഴ്ചയ്ക്കു തയ്യാറായാൽ അതു ബലഹീനതയായി ജനം തെറ്റിദ്ധരിക്കുമെന്നും തന്റെ അധികാരം നഷ്ടപ്പെട്ടേക്കുമെന്നും അയാൾ ഭയന്നു. അതിനാൽ ഭാരം ലഘൂകരിക്കുന്നതിനു പകരം വർദ്ധിപ്പിക്കും എന്ന ഭീഷണിയാണ് രാജാവു നല്കിയത്. 'എന്റെ പിതാവു നിങ്ങളെ ചാട്ടകൊണ്ടടിച്ചു. ഞാൻ നിങ്ങളെ മുൾച്ചാട്ടകൊണ്ടടിക്കും' എന്ന ഭീഷണിയിൽ സോളമന്റെ കാലത്ത് ജനജീവിതം എത്ര ദുഃസഹമായിരുന്നു എന്ന സൂചനയുണ്ട്. ജനം മോലാളന്മാരുടെ ചാട്ടവാറടിയേറ്റ് വേല ചെയ്യുന്ന അടിമകളായിത്തീർന്നു. ഈജിപ്തിലെ അടിമത്തത്തിനു തുല്യമായിരുന്നു അവരുടെ അവസ്ഥ. "മുൾച്ചാട്ട" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ അർത്ഥം "തേൾ" എന്നാണ്. ചൂണ്ടപോലുള്ള കൊളുത്തുകൾ കെട്ടിയ ചാട്ടയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഓരോ അടിയിലും തൊലിയും മാംസവും പറിച്ചെടുക്കുന്ന ചാട്ട. പരിധികളില്ലാത്ത അധികാരത്തിന്റെയും ധിക്കാരത്തിന്റെയും സ്വരമായിരുന്നു രാജാവിന്റേത്.

സംഭാഷണം അവിടെ അവസാനിച്ചു. അടികൊള്ളാനായി തങ്ങളുടെ മുതുക് കുനിച്ചു കൊടുക്കാൻ ജനം തയ്യാറായില്ല. വർഷങ്ങൾക്കു മുൻപ് ഷേബാ ഉയർത്തിയ കലാപത്തിന്റെ മുദ്രാവാക്യം (2 സാമു 20,1) അവർ ആവർത്തിച്ചു (1 രാജാ 12,16). യൂദാ ഒഴികെ മറ്റു ഗോത്രങ്ങളെല്ലാം ദാവീദിന്റെ രാജവംശത്തെ തള്ളിപ്പറഞ്ഞു. രാജാവു ചുമത്തിയ ഭാരിച്ച നുകം വലിച്ചെറിഞ്ഞു. വടക്കൻ ഗോത്രങ്ങളെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായി രാജാവ് അടിമവേലയുടെ മേലുദ്യോഗസ്ഥനായ അദോറാമിനെ അയച്ചെങ്കിലും അവർ അയാളെ കല്ലെറിഞ്ഞു കൊല്ലുകയാണു ചെയ്തത്. തന്റെ ജീവൻ അപകടത്തിലാണെന്നു മനസിലാക്കിയ റെഹൊബൊവാം രഥത്തിൽ കയറി രക്ഷപ്പെട്ടു (1 രാജാ 12,17-18).

ദാവീദിന്റെ ഭവനത്തെ തള്ളിപ്പറഞ്ഞെങ്കിലും വടക്കൻ ഗോത്രങ്ങൾ മറ്റൊരു നുകം എടുത്തു ചുമലിൽ വച്ചു. ജെറൊബൊവാമിനെ തങ്ങളുടെ രാജാവായി വാഴിച്ചു (1 രാജാ 12,20). എപ്പോഴാണ് അയാൾ ഈജിപ്തിൽ നിന്നു തിരിച്ചെത്തിയത് എന്ന കാര്യത്തിൽ ഈ വിവരണത്തിൽ തന്നെ അവ്യക്തതയുണ്ട്. അയാളുടെ നേതൃത്വത്തിലാണ് ഷെക്കെമിൽ വച്ചു ജനം തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ചത് എന്ന് 12,3ൽ പറയുന്നു. എന്നാൽ കലാപത്തിനുശേഷമാണ് അയാളെ ഈജിപ്തിൽ നിന്നു വരുത്തിയത് എന്നു 12,20ൽ കാണുന്നു. ഇതിൽ ആദ്യത്തെ അഭിപ്രായമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ജറുസലെമിൽ മടങ്ങിയെത്തിയ റെഹൊബൊവാം കലാപകാരികളെ അടിച്ചമർത്താനായി യൂദാ ഗോത്രത്തിൽ നിന്നു സൈന്യത്തെ ശേഖരിച്ചു. എന്നാൽ കർത്താവയച്ച ഷെമായാ പ്രവാചകന്റെ അവസരോചിതമായ ഇടപെടൽ മൂലം ആഭ്യന്തരയുദ്ധം ഒഴിവായി. റെഹൊബൊവാം ശേഖരിച്ച് എന്ന് പറയുന്ന സൈന്യത്തിന്റെ സംഖ്യയിൽ (1 രാജാ 12,21) അതിശയോക്തിയുണ്ട്. വിഭജനത്തിനുശേഷം ബെഞ്ചമിൻ ഗോത്രത്തിന്റെ പ്രദേശം. ജറുസലേം നഗരം ബെഞ്ചമിൻ ഗോത്രത്തിന്റെ തെക്കെ അതിർത്തിയിലായിരുന്നു. തലസ്ഥാനത്തിന്റെ അതിർത്തിയിൽ ശത്രുസാന്നിധ്യം ഒരു തരത്തിലും യൂദാക്കും സ്വീകാര്യമായിരുന്നില്ല. അതിനാൽ പ്രീണനത്താലോ ബലപ്രയോഗത്താലോ ബെഞ്ചമിൻ ഗോത്രത്തെ യൂദാ തന്റെ പക്ഷത്താക്കി എന്നു വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഇനി അങ്ങോട്ടുള്ള ചരിത്രത്തിൽ യൂദായും ബെഞ്ചമിനും ചേർന്ന തെക്കൻ രാജ്യം "യൂദാ" എന്നു മറ്റു വടക്കൻ ഗോത്രങ്ങൾ "ഇസ്രായേൽ" എന്ന

റിയപ്പെടുന്നു. യൂദായുടെ തെക്കുണ്ടായിരുന്ന ശിമയോൻ ഗോത്രം ഇതിനു മുൻപു തന്നെ യൂദായിൽ ജയിച്ച് അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു.

ഈ കാര്യങ്ങളെല്ലാം ദൈവം മുൻകൂട്ടി അറിയിച്ചതിൽ പ്രകാര മാണ് സംഭവിച്ചത് എന്ന് എടുത്തു പറയുന്നുണ്ട് (1 രാജാ 12,15.24;2 ദിന 11,14). സോളമൻ കർത്താവിന്റെ ഉടമ്പടി ലംഘിച്ച് അന്യദേവന്മാരെ ആരാ ധിക്കുകയും ജനത്തെ കഠിനമായി പീഢിപ്പിക്കുകയും ചെയ്തതിനാൽ രാജ്യം പിളരാൻ കർത്താവ് തന്നെ അനുവദിച്ചു. അവിടുത്തെ വാഗ്ദാന ങ്ങളും സംരക്ഷണങ്ങളും നിരുപാധികമല്ല. ശിക്ഷയെക്കുറിച്ചുള്ള മുന്ന റിയിപ്പും സ്വീകരിച്ച് മനസ് തിരിയുന്നില്ലെങ്കിൽ മുൻകൂട്ടി അറിയിച്ച ശിക്ഷ നടപ്പിലാക്കുക തന്നെ ചെയ്യുമെന്ന് ഈ വിശദീകരണത്തി ലൂടെ വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

വിചിന്തനം: ജനത്തിന്റെ മുതുകിലാണ് തങ്ങളുടെ സിംഹാസനം ഉറപ്പി ച്ചിരിക്കുന്നത് എന്ന് അധികാരികൾ ഓർക്കണം .അവർ എണീറ്റ് നിന്നാൽ സിംഹാസനങ്ങൾ തകിടം മറിയും. തങ്ങളുടെ അവകാശങ്ങളെയും കഴി വുകളെയുംക്കുറിച്ച് ജനം ബോദ്ധ്യം നേടുമ്പോൾ അനാവശ്യമായ ചുമ ടുകൾ അവർ താഴെ ഇറക്കി വയ്ക്കും. അധികാരത്തിന്റെ എല്ലാ മേഖല കളിലും ഇത് പ്രസക്തമാണ്. അതിനാൽ ജനത്തെ അജ്ഞതയിൽ തള ച്ചിടാൻ അധികാരികൾ ശ്രമിച്ചുകൊണ്ടെയിരിക്കും. റെഹൊബൊവാമു ഈജിപ്തിലെ ഫറവോയും ഇപ്രകാരമുള്ള അധികാര വർഗ്ഗത്തിന്റെ മാതൃ കകളാണ്.

തന്റെ പിതാവിന്റെ പക്വമതികളായ ഉപദേഷ്ടാക്കൾ നൽകിയ ഉപ ദേശം റെഹൊബൊവാം ചെവി കൊണ്ടില്ല. രാജകൊട്ടാരത്തിന്റെ സുഖ ലോലുപതയിൽ വളർന്ന അയാൾക്ക് ജനത്തിന്റെ ക്ലേശങ്ങൾ അറിയി ല്ലായിരുന്നു. ജനരോഷത്തിന്റെ ശക്തി ഊഹിക്കാൻ കഴിയില്ല. പിതാവ് നേടിവച്ച സ്വത്തും, സൈന്യവും തനിക്ക് സംരക്ഷണം നൽകും എന്ന് അയാൾ കരുതി. സ്തുതിപാഠകരായ ഉപദേഷ്ടാക്കൾ അയാളുടെ മിഥ്യാ ധാരണകളെ ഊട്ടിയുറപ്പിച്ചു. ജനസമ്പർക്കവും യാഥാർത്ഥ്യബോധവും നഷ്ടപ്പെടുന്ന അധികാരികൾ തങ്ങളുടെയും ജനത്തിന്റെയും നാശത്തിന് കാരണമാകുന്നതിന്റെ ഉദാഹരണമാണിത്. രാഷ്ട്രത്തിലും സഭയിലും ഇത്തരം അനുഭവങ്ങൾ ഇന്നും വിരളമല്ലല്ലോ.

യേശുവിന്റെ സഭയിലുണ്ടായ അനേകം പിളർപ്പുകൾ അധികാരി കളുടെ തെറ്റായ നയങ്ങളുടെയും വിവേകശൂന്യവും ധിക്കാരപരവുമായ തീരുമാനങ്ങളുടെ ഫലമാണെന്ന് ചരിത്രം വിളിച്ചറിയിക്കുന്നു. ഇന്നും ജനസ്വരത്തിനും കാതോർക്കാത്ത അധികാരികൾ സഭയ്ക്ക് യാതൊരു



നന്മയും ചെയ്യുന്നില്ല എന്നു മാത്രമല്ല., ലോകത്തിനു മുമ്പിൽ എതിർ സാക്ഷ്യത്തിനു കാരണമാവുകയും ചെയ്യുന്നു.

**b. ജെറൊബൊവാം 1 രാജാ 12,25-14,20**

ദാവീദു വംശത്തെ തിരസ്കരിച്ച വടക്കൻ ഗോത്രങ്ങൾ രാജഭര ണത്തെ മുഴുവനായി തിരസ്കരിക്കുകയായിരുന്നില്ല ചെയ്തത്. കുറച്ചു കൂടി നീതിപൂർവ്വകമായി തങ്ങളെ ഭരിക്കും എന്ന് അവർ പ്രതീക്ഷിച്ച ഒരാളെ തങ്ങൾക്കു രാജാവായി നിശ്ചയിച്ചു. സോളമന്റെ കാലത്ത് അടി മകളുടെ മേൽനോട്ടം വഹിച്ചിരുന്ന ജെറൊബൊവാമിന് രാജഭരണത്തിന്റെ ക്രൂരതയും അടിമകളുടെ ദയനീയാവസ്ഥയും വ്യക്തമായി അറിയാമാ യിരുന്നു. തന്നെയുമല്ല, ദൈവ നിശ്ചയപ്രകാരം പ്രവാചകൻ അഭിഷേകം ചെയ്യുകയും രാജകോപം ഭയന്ന് ഒളിച്ചോടുകയും ചെയ്ത വ്യക്തിയാണ് ജെറൊബൊവാം. തങ്ങളെ ഭരിക്കാൻ എല്ലാവിധത്തിലും യോഗ്യനാണ് ജെറൊബൊവാം. തങ്ങളെ ഭരിക്കാൻ എല്ലാ വിധത്തിലും യോഗ്യനാണ് അയാൾ എന്ന് വടക്കൻ ഗോത്രങ്ങൾ തീരുമാനിച്ചു. "ജനം വളരട്ടെ" എന്നാണ് ഈ പേരിന്റെയും അർത്ഥം.

തിരഞ്ഞെടുപ്പ്, അഭിഷേകം, ജനങ്ങളുടെ ഭാഗത്തു നിന്ന് അയാൾക്കു ലഭിച്ച അംഗീകാരം, പിന്നീടുണ്ടായ തിരസ്കരണം എന്നി വയിൽ ജെറൊബൊവാമിന് സാവൂളുമായി സാമ്യമുണ്ട്. സാവൂളിനെ രഹ സ്യത്തിൽ അഭിഷേകം ചെയ്ത സാമുവേൽ തന്നെ പിന്നീട് അവിശ്വ സ്തതയുടെ പേരിൽ അയാളെ തള്ളിപ്പറഞ്ഞതുപോലെ (1 സാമു 15,23) ജെറൊബൊവാമിന് രാജത്വം വാഗ്ദാനം ചെയ്ത അഹിയാ തന്നെ അവ സാനം അയാളെ ദൈവം തിരസ്കരിച്ചതായി അറിയിക്കുന്നു.

ഇരുപത്തിരണ്ടുവർഷം (ബി.സി. 931-910) ഇസ്രായേലിനെ ഭരിച്ച ജെറൊബൊവാമിന്റെ പ്രവർത്തനങ്ങൾ വളരെ ചുരുക്കി വിവരിച്ച തിനുശേഷം (1 രാജാ 12,25-33) അയാളുമായി ബന്ധപ്പെട്ട മൂന്നു പ്രവാച കന്മാരുടെ ചെയ്തികൾ വളരെ ദീർഘമായി അവതരിപ്പിക്കുന്നു. ജെറൊ ബൊവാമിന്റെ പ്രവർത്തനങ്ങൾ വിവരിക്കുമ്പോൾ പോലും അയാളുടെ ഭരണം ജനത്തിന് എപ്രകാരം ദോഷകരമായി എന്ന് എടുത്തു കണി ക്കാനാണ് വി.ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നത്. നിഷ്പക്ഷവും വസ്തുനിഷ്ഠ വുമായ ഒരു വിവരണം എന്നതിനേക്കാൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒരു വിലയിരുത്തലാണ് ഇവിടെ ആരാധനാലയങ്ങൾ നിർമ്മി ച്ചത് ജെറൊബൊവാമിന്റെ ഏറ്റം വലിയ തെറ്റായി എടുത്തുകാട്ടുന്നു.

വളരെ ക്ലേശകരമായ ഒരു ദൗത്യമായിരുന്നു ജനം ജെറൊബൊ

വാമിനെ ഏല്പിച്ചത്. രാജാവാകുമ്പോൾ ഒരു തലസ്ഥാന നഗരമോ ഭരണ സംവിധാനമോ സൈന്യമോ രാജ്യത്തിനു പൊതുവായ ആരാധനാലയമോ ഉണ്ടായിരുന്നില്ല. അതേസമയം യൂദായ്ക്ക് ഇതെല്ലാം ഉണ്ടായിരുന്നു. തന്നെയുമല്ല, ശക്തമായ സൈന്യത്തെ ശേഖരിച്ചുകൊണ്ട് റെഹൊബൊവാം ആക്രമണത്തിനു മുതിരുകയും ചെയ്തു. ഇതിനെല്ലാം പുറമെ, ജെറുസലെം ദേവാലയവും അതിന്റെ കേന്ദ്രമായ ഉടമ്പടിയുടെ പേടകവും ജെറുസലെമിലെ തിരുനാളാഘോഷങ്ങളും വടക്കൻ ഗോത്രങ്ങൾക്കും പ്രധാനപ്പെട്ടതായിരുന്നു. ജെറുസലെമിലേക്കുള്ള തീർത്ഥാടനം തുടരുകയാണെങ്കിൽ തൽക്കാലത്തെ എതിർപ്പുകൾ മറന്ന് ജനം വീണ്ടും ദാവീദിന്റെ രാജവംശത്തോടു കൂറുപുലർത്തിയേക്കുമെന്നും ജെറൊബൊവാം വിലയിരുത്താൻ, ഇരുപത്തിരണ്ടു വർഷം ഭരണം നടത്തുകയും സമാധാനത്തിൽ മരിക്കുകയും ചെയ്തെങ്കിൽ അയാളുടെ ഭരണം പ്രഥമ ദൃഷ്ട്യാ തോന്നുന്നത്ര പരാജയമായിരുന്നില്ല എന്ന് അനുമാനിക്കാം.

### i തലസ്ഥാനവും ആരാധനാലയങ്ങളും 1 രാജാ 12,25-33

തലസ്ഥാന നഗരിയായി ഷെക്കെം തിരഞ്ഞെടുത്തു. കോട്ടകെട്ടി ബലിഷ്ഠമാക്കിയത് തന്ത്രപൂർവ്വമായ ഒരു നീക്കമായിരുന്നു. റെഹൊബൊവാമിനെ രാജാവായി അംഗീകരിക്കാൻ വേണ്ടി വടക്കൻ ഗോത്രങ്ങൾ അവിടെ സമ്മേളിച്ചു എന്നതു തന്നെ ആ പട്ടണത്തിന്റെ പ്രാധാന്യത്തിനുള്ള തെളിവാണ്. ഇസ്രായേൽ ജനത്തിന്റെ ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ട നഗരമാണ് ഷെക്കെം. കാനാൻ ദേശത്തു വച്ച് ദൈവം ആദ്യമായി അബ്രാഹത്തിന് പ്രത്യക്ഷപ്പെട്ടതും അബ്രാഹം ബലിപീഠം പണിതതും ഷെക്കെമിലാണ് (ഉൽപ 12,6-7). യാക്കോബ് അവിടെ കൂടാരമടിച്ചിരുന്നു (ഉൽപ 33,18). "യാക്കോബിന്റെ കിണർ" ഈ പട്ടണത്തിന് അടുത്താണ്. ഇന്നു പട്ടണം നാബ്ളുസ് ( Nablus) എന്ന പേരിൽ അറിയപ്പെടുന്നു. വടക്കൻ ഗോത്രങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട എഫ്രേമിന്റെയും മനാസ്സെയുടെയും പിതാവായ ജോസഫിന്റെ അസ്ഥികൾ അവിടെയാണ് സംസ്കരിച്ചത് (ജോഷ്വാ 24,32). കാനാൻ ദേശം കൈവശപ്പെടുത്തിയതിനുശേഷം പന്ത്രണ്ടു ഗോത്രങ്ങൾ ഒരുമിച്ച് ഉടമ്പടിയുറപ്പിച്ചതും ഷെക്കെമിൽ വച്ചായിരുന്നു. (ജോഷ്വാ 24,32). ഏബാൽ, ഗെരിസിം മലകളുടെ ഇടയിലുള്ള ഈ പട്ടണത്തിന് വാണിജ്യപരമായ പ്രാധാന്യവും ഉണ്ടായിരുന്നു. കാനാൻദേശത്തിന്റെ കിഴക്കുനിന്നു പടിഞ്ഞാറോട്ടും തെക്കുനിന്നു വടക്കോട്ടും പോകുന്ന രണ്ടു വലിയ രാജപാതകൾ സന്ധിക്കുന്ന സ്ഥലമായിരുന്നു ഷെക്കെം. ഈ കാരണങ്ങളാൽ തലസ്ഥാനനഗരിയായി ഷെക്കെമിനെ സ്വീകരിക്കാൻ വടക്കൻ ഗോത്രങ്ങൾ തയ്യാറായിരുന്നു.



ചരിത്രപരവും വാണിജ്യപരവുമായ പ്രാധാന്യമുണ്ടെങ്കിലും താഴ്വരയിലായതിനാൽ ഷെക്കെമിന് ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുത്തുനില്ക്കുക എളുപ്പമായിരുന്നില്ല. അതിനാലായിരിക്കാം ഏറെ താമസിയാതെ ജെറൊബൊവാം തലസ്ഥാനം തിർസായിലേക്കു മാറ്റിയത്. ഷെക്കെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ വടക്കു പടിഞ്ഞാറാണ് തിർസാ. ഇന്ന് തെൽ-എൽ-ഫാരാ എന്ന പേരിൽ ഈ പട്ടണം അറിയപ്പെടുന്നു. ഇസ്രായേൽ ചരിത്രവുമായി ബന്ധമൊന്നും ഇല്ലെങ്കിലും ആക്രമണങ്ങളെ ചെറുത്തു നില്ക്കാൻ പ്രായേണ കൂടുതൽ എളുപ്പമായിരുന്നു കുന്നിൻമുകളിൽ പണിത തിർസാ പട്ടണം. ഏകദേശം നാല്പതുവർഷം ഇതായിരുന്നു വടക്കൻ ഗോത്രങ്ങളുടെ തലസ്ഥാനം. ആഭ്യന്തര കലാപങ്ങൾക്ക് അറുതി വരുത്തിയ ഓമ്രിയാണ് തലസ്ഥാനം സമറിയായിലേക്കു മാറ്റിയത്.

ബെഥേലിലും ദാനിലും രണ്ട് ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചതാണ് ജെറോബാവാമിന്റെ പ്രധാന പ്രവൃത്തിയായി വി.ഗ്രന്ഥകാരൻ വിവരിക്കുന്നത്. ജറുസലെമിലേക്കു ജനം തീർത്ഥാടനം നടത്തുന്നതിനെ തടയുക എന്ന രാഷ്ട്രീയ ലക്ഷ്യമായിരുന്നു ഇതിനു പിന്നിടുണ്ടായിരുന്നത് (1 രാജാ 12,26-30). ഇസ്രായേൽ ജനത്തിന്റെ അതിപുരാതനമായ ഒരു ആരാധനാ കേന്ദ്രമായിരുന്നു ബെഥേൽ. പൂർവ്വ പിതാവായ യാക്കോബിനു ലഭിച്ച ദൈവ ദർശനത്തെ തുടർന്നാണ് "ദൈവഭവനം" എന്നർത്ഥമുള്ള ഈ പേരു തന്നെ ഉണ്ടായത് (ഉൽപ 28,10-20). പഴയ നിയമത്തിൽ ജറുസലെം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന പട്ടണമാണിത്. എഫ്രേം ഗോത്രത്തിന്റെ തെക്കേ അതിർത്തിയിൽ, ജെറുസലെമിലേക്കുള്ള വഴിയിലാണ് ബെഥേൽ. അതിനാൽ ജറുസലെമിനു പകരം തീർത്ഥാടന കേന്ദ്രമായി ഈ പട്ടണം തിരഞ്ഞെടുത്തത് തികച്ചും തന്ത്രപരമായ ഒരു തീരുമാനമായിരുന്നു. ഇസ്രായേലിന്റെ വടക്കെ അതിർത്തിയിലാണ് ദാൻ പട്ടണം. ന്യായാധിപൻമാരുടെ കാലം മുതൽ മോശയുടെ പിൻമുറക്കാർ അവിടെയുള്ള ആരാധനാലയത്തിൽ പുരോഹിത ശുശ്രൂഷ നടത്തിയിരുന്നു (ന്യായാ 18,30). വടക്കൻ ഗോത്രങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ചെന്നെത്താൻ കഴിയുന്നതായിരുന്നു ദാൻ പട്ടണം.

സ്വർണ്ണം കൊണ്ടുണ്ടാക്കി. കാളക്കുട്ടികളെ യാഹ്വേയുടെ പ്രതിമകളായിട്ടല്ല, പാദപീഠമോ സിംഹാസനമോ ആയിട്ടാണ് ജെറോബോവാം ചിത്രീകരിച്ചത്. ജറുസലെം ദേവാലയത്തിലെ കെരൂബുകളുടെ സ്ഥാനമായിരുന്നു ഈ കാളക്കുട്ടികൾക്കുണ്ടായിരുന്നത് എന്ന് വ്യാഖ്യാതാക്കൾ

അഭിപ്രായപ്പെടുന്നു. ബാൽ ദേവന്റെ വാഹനമായും ബാലിന്റെ തന്നെ പ്രതീകമായും കാനാൻകാർ വടക്കൻ ഗോത്രങ്ങളിലുണ്ടായിരുന്നു. അവ രെയും പ്രീതിപ്പെടുത്താൻ കാളക്കുട്ടികൾ സഹായകരമായിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ കാളക്കുട്ടികളെ യാഹ്‌വേയുടെ പ്രതിമ കളായി കരുതി ജനം അവയെ ആരാധിക്കുവാൻ തുടങ്ങി. തന്നെയുമല്ല, യാഹ്‌വേയും ബാലും തമ്മിലുള്ള വ്യത്യാസം പോലും ജനഹൃദയങ്ങ ളിൽ നിന്നു മാഞ്ഞുപോകാനും ഈ പ്രതിമകൾ കാരണമായിത്തീർന്നു. ഇതിനും പുറമേ രാജ്യത്തിന്റെ പല ഭാഗത്തും നിർമ്മിച്ച പൂജാഗിരികളും ബലിപീഠങ്ങളും ജനത്തെ വിഗ്രഹാരാധനയിലേക്കു നയിച്ചു. ജറുസലെ മിൽ ആഘോഷിച്ചിരുന്ന കൂടാരത്തിരുനാളിനു സമാന്തരമായി തീർത്ഥാ ടനോത്സവം ഏർപ്പെടുത്തിയത് (1 രാജാ 12,33) കർത്താവിനെ ആരാധി ക്കുക എന്നതിനെക്കാൾ ജനത്തെ ആകർഷിക്കുക എന്ന ലക്ഷ്യത്തോ ടെയായിരുന്നു.

വിചിന്തനം: ആരാധനയും ഉത്സവാഘോഷങ്ങളും അടക്കം സകല മത കർമ്മങ്ങളും രാഷ്ട്രീയവത്ക്കരിക്കപ്പെടുന്നതിന്റെ ഉദാഹരണങ്ങളാണ് ജെറോബോവാമിന്റെ ചെയ്തികൾ. തീർത്ഥാടകരെ ആകർഷിക്കാനും അതുവഴി സമ്പത്തും പ്രശസ്തിയും സ്വാധീനവും വർദ്ധിപ്പിക്കാനും തീർത്ഥാടന കേന്ദ്രങ്ങൾ മത്സരിക്കുക ഇന്നും വിരളമല്ലല്ലോ. ദൈവിക സാന്നിധ്യം പ്രത്യേകമാം വിധം പ്രകടമായ സ്ഥലങ്ങളിലേക്കു തീർത്ഥാ ടനം നടത്തുന്നതും അവിടെ നേർച്ച കാഴ്ചകൾ അർപ്പിക്കുന്നതും വിശ്വാസം വർദ്ധിപ്പിക്കാനും പ്രകടിപ്പിക്കാനും ഉപകരിക്കുമെങ്കിലും അത് അന്ധവിശ്വാസങ്ങൾക്കും വഴി തുറക്കുമെന്ന കാര്യം അനുസ്മരിക്കണം. തന്നെയുമല്ല, പല തീർത്ഥാടന കേന്ദ്രങ്ങളിലും നടക്കുന്ന സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ഭക്ത ജനങ്ങൾ ബോധവാന്മാരാകണം. "ദൈവത്തിനായി" തങ്ങൾ അർപ്പിക്കുന്ന നേർച്ചകൾ എന്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു എന്ന് അന്വേഷിക്കുന്നതും ഉപകാരപ്രദമാണ്.

### ii. ഒരു ബലിപീഠവും രണ്ട് പ്രവാചകന്മാരും 1 രാജാ 13,1-34

രാജ്യം പിളർന്നതും ജെറോബൊവാം രാജാവായതും ദൈവ നിശ്ച യപ്രകാരമായിരുന്നു. പ്രവാചകന്മാർ അതിനെ പിന്തുണയ്ക്കുകയും ചെയ്തു. എന്നാൽ ആരാധനയിൽ വരുത്തിയ പരിഷ്കരണം ദൈവഹി തത്തിനു വിരുദ്ധമായിരുന്നതിനാൽ പ്രവാചകന്മാർ അതിനെ എതിർത്തു. ജെറോബോവാമിന്റെ മത പരിഷ്കരണത്തെ തള്ളിപ്പറയുകയും പ്രവാ ചക ധർമ്മത്തിന്റെ ചില പ്രധാന വശങ്ങൾ എടുത്തു കാട്ടുകയും ചെയ്ത രണ്ടു സംഭവങ്ങൾ തുടർന്നു വിവരിക്കുന്നു.



ബെഥേലിലെ ബലിപീഠത്തിനെതിരേ പ്രവചിക്കാൻ കർത്താവ് യൂദായിൽ നിന്ന് ഒരു പ്രവാചകനെ അയച്ചു. രണ്ടു നൂറ്റാണ്ടുകൾക്കു ശേഷംതെക്കോവായിൽ നിന്നു ബെഥേലിൽ വന്ന് ആരാധനാ വൈകൃ തങ്ങൾക്കും അനീതിയ്ക്കും എതിരേ പ്രസംഗിച്ച ആമോസിന്റെ ഒരു മുന്നോടിയായി (ആമോ 7,10-17) ഈ പ്രവാചകനെ കാണാം. ജെറോ ബോവാം ബലിയർപ്പണത്തിനു നേതൃത്വം നല്കിയതിനെയല്ല, ബെഥേ ലിൽ ബലിപീഠം പണിതതിനെയാണ് ഇവിടെ എതിർക്കുന്നത്. ജെറൊ ബൊവാം പണിത ബലിപീഠവും അർപ്പിച്ച ബലിയും കർത്താവിനു സ്വീകാര്യമല്ല എന്നും കർത്താവണ് പ്രവാചകൻ വഴി സംസാരി ക്കുന്നതെന്നും വ്യക്തമാക്കുന്നതാണ് ഉടനെ സംഭവിക്കുന്ന രണ്ട് അട യാളങ്ങൾ (1 രാജാ 3,1-6).

ദാവീദു ഭവനത്തിൽ നിന്നു വരുന്ന ജോസിയ രാജാവ് ബലിപീ ഠത്തെ അശുദ്ധമാക്കും എന്ന പ്രവചനം മൂന്നു നൂറ്റാണ്ടുകൾക്കുശേഷം പൂർത്തിയായി (2 രാജാ 23,15-20). വിദൂര ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ പ്രവചിക്കുമ്പോൾ കൃത്യമായി ആളിന്റെ പേരുപ റയുക സാധാരണമല്ലാത്തതിനാൽ "ജോസിയാ" എന്ന പേര് സംഭവ ത്തിനുശേഷം കൂട്ടിച്ചേർത്തതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മൃതശരീരത്തെ സ്പർശിക്കുമ്പോൾ അശുദ്ധരാകും എന്ന കാഴ്ചപ്പാടി ലാണ് ബലിപീഠത്തിൽ വച്ചു മനുഷ്യാസ്ഥികൾ കത്തിക്കുന്നതിനെക്കു റിച്ചു പരാമർശിക്കുന്നത്. വിഗ്രഹാരാധനയിലേക്കു ജനത്തെ നയിച്ചതി നുള്ള ശിക്ഷയാണ് പുരോഹിതന്മാരെത്തന്നെ ബലിപീഠത്തിൽ ബലി യർപ്പിക്കുന്നത്. കർത്താവിന്റെ വചനമാണ് താൻ അറിയിക്കുന്നത് എന്ന തിന് പ്രവാചകൻ നല്കിയ അടയാളം ഉടനെ നിറവേറി. ബലിപീഠം പിളർന്ന് ചാരം ഊർന്നു വീണു. പ്രവാചകനം പിടിക്കാൻ കൈചൂണ്ടി ആജ്ഞാപിച്ച രാജാവിന്റെ കൈ മരവിച്ചുപോയതും പ്രവാചകന്റെ പ്രാർത്ഥനയാൽ അതു സുഖപ്പെട്ടതും മറ്റൊരു അടയാളമാണ്.

ജെറൊബൊവാമിന്റെ കുടുംബത്തിനും ഇസ്രായേൽ രാജ്യത്തിനും സംഭവിക്കാൻ പോകുന്ന നാശത്തിന്റെ സൂചനയാണ് അയാളുടെ കൈ മരവിച്ചുപോയത്. രാജാവും രാജ്യവും കർത്താവിന്റെ പരിപാലനയാൽ മാത്രമാണ് നിലനില്ക്കുന്നതെന്നും അവിടുത്തെ തള്ളിപ്പറഞ്ഞാൽ രണ്ടും നശിച്ചുപോകുമെന്നും ഈ അടയാളം സൂചിപ്പിക്കുന്നു.

ദൈവഹിതം പൂർണ്ണമായി അനുസരിക്കാൻ കടപ്പെട്ടവനാണ് പ്രവാ ചകൻ എന്നു പഠിപ്പിക്കുന്നതാണ് അടുത്ത രണ്ടു സംഭവങ്ങൾ. അത്ഭുതം കണ്ട ജെറൊബൊവാം തന്റെ മനോഭാവത്തിലും പ്രവർത്തനങ്ങളിലും

മാറ്റം വരുത്തിയില്ലെങ്കിലും പ്രവാചകനം സൽക്കരിക്കാൻ ആഗ്രഹിച്ചു. സമ്മാനങ്ങൾ നല്കി പ്രവാചകനെ പ്രസാദിപ്പിക്കാമെന്നും അങ്ങനെ അയാൾ പ്രവചിച്ച ദുരന്തങ്ങൾ ഒഴിവാക്കാമെന്നും രാജാവ് കരുതിയിട്ടുണ്ടാവും. എന്നാൽ തനിക്കു ലഭിച്ച കല്പനയിൽ നിന്ന് അണുവിട വ്യതിചലിക്കാൻ പ്രവാചകൻ തയ്യാറായില്ല (1 രാജാ 13,7-10). സമ്മാനങ്ങൾക്കു പിന്നാലെ പോയി ദൗത്യം പരാജയപ്പെടുത്തുന്നവനല്ല പ്രവാചകൻ.

എന്നാൽ രണ്ടാമത്തെ സംഭവത്തിൽ പ്രാവാചകൻ പതറി. ബെഥേലിലെ വൃദ്ധപ്രവാചകന്റെ വാക്ക് അയാൾ വിശ്വസിച്ചു (1 രാജാ 13,11-19). കർത്താവിൽ നിന്നു ലഭിച്ച കല്പനയെ മറികടന്ന്, വൃദ്ധന്റെ വാക്കുകേട്ട് വിരുന്ന് സ്വീകരിച്ച അയാൾ കഠിനമായി ശിക്ഷിക്കപ്പെട്ടു. വഴിതെറ്റിച്ച വൃദ്ധൻ തന്നെയാണ് യഥാർത്ഥ ദൈവവചനം വിരുന്നിനിടയിൽ അയാളെ അറിയിച്ചത് (1 രാജാ 13,20-22). അയാൾ അറിയിച്ച ദൈവവചനം സകല ഭീകരതയോടും കൂടെ നിറവേറുകയും ചെയ്തു (ആ രാജാ 13,24-28). ഒരു പ്രവാചകൻ മറ്റൊരു പ്രവാചകനെ വഞ്ചിച്ചതിന്റെ ഈ വിവരണം ശ്രദ്ധേയമായ ചില പാഠങ്ങൾ ഉൾക്കൊള്ളുന്നു.

ദൂതൻ വഴി തനിക്കു ദൈവവചനം ലഭിച്ചു എന്ന് അവകാശപ്പെട്ട വൃദ്ധ പ്രവാചകന്റെ വാക്കുകൾ വിശ്വസിച്ചതാണ് യൂദായിൽ നിന്നു വന്ന പ്രവാചകനു നാശകാരണമായത്. യഥാർത്ഥ പ്രവാചകനെ വ്യാജപ്രവാചകന്മാരിൽ നിന്ന് എങ്ങനെയാണ് തിരിച്ചറിയുക? തനിക്കു കർത്താവിന്റെ അരുളപ്പാടുണ്ടായി എന്ന് ഒരാൾ അവകാശപ്പെട്ടതുകൊണ്ടു കഴിയുകയില്ല എന്ന് ഈ സംഭവം പഠിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിനു മാത്രമല്ല, ഇന്നു നമുക്കും നേരിടേണ്ടിവരുന്ന വലിയൊരു പ്രശ്നമാണ് വ്യാജ പ്രവാചകന്മാർ.

ഈ പ്രശ്നത്തിന് നിയമാവർത്തന പുസ്തകത്തിൽ വ്യക്തമായൊരു പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട് (നിയ 13,1-3). ദൈവത്തിൽ നിന്നു ലഭിച്ചിട്ടുള്ള സംശയാതീതമായ പ്രബോധനത്തിനു വിരുദ്ധമായി ആരെങ്കിലും പഠിപ്പിക്കുകയാണെങ്കിൽ അയാളെ വ്യാജപ്രവാചകനായി കരുതണം. മോശയിലൂടെ ലഭിച്ച പ്രബോധനങ്ങളും നിയമങ്ങളുമാണ് പഴയ നിയമത്തിൽ പ്രാമാണികമായി അവതരിപ്പിച്ചിരിക്കുന്നത്. മാറ്റമില്ലാത്തവനായ ദൈവത്തിന്റെ വചനത്തിനും മാറ്റമില്ല. ഒരിക്കൽ വെളിപ്പെടുത്തിയ തിരുഹിതം പിന്നീടു കൂടുതൽ വ്യക്തമാക്കിയെന്നുവരും, പക്ഷേ അതു റദ്ദാക്കപ്പെടുകയില്ല (മത്താ 5,17-18).



അത്ഭുതങ്ങളും അടയാളങ്ങളും നല്കുകയും പറയുന്ന കാര്യങ്ങൾ നിറവേറുകയും ചെയ്താലും സഭാ സമൂഹത്തിന്റെ പരമ്പരാഗതവും വ്യക്തമായ വെളിപാടിൽ അടിയുറച്ചുതുമായ വിശ്വാസത്തിനെതിരേ പഠിപ്പിക്കുന്നവർ വ്യാജപ്രവാചകന്മാരാണ്. ഈ കാഴ്ചപ്പാടിലാണ് സാൻഹെദ്രിൻ സംഘം യേശുവിനെ മരണത്തിനു വിധിച്ചത്. കാരണം യേശുവിന്റെ പ്രബോധനങ്ങൾ തങ്ങളുടെ പരമ്പരാഗതമായ ഏക ദൈവവിശ്വാസത്തിനു വിരുദ്ധമാണെന്ന് അവർ കരുതി. എന്നാൽ യഥാർത്ഥത്തിൽ പഴയ നിയമത്തിലെ വെളിപ്പെടുത്തലുകളെ ലംഘിക്കുകയോ റദ്ദാക്കുകയോ അല്ല, പൂർത്തീകരിക്കുകയാണ് യേശു ചെയ്തതെന്ന് അവർ മനസിലാക്കിയില്ല.

ചർച്ചാവിഷയമായ കാര്യത്തിൽ യൂദായിൽ നിന്നുള്ള പ്രവാചകൻ ബെഥേലിലെ വൃദ്ധന്റെ വാക്കുകൾക്ക് തനിക്കു ലഭിച്ച ദൈവിക കല്പനയെക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചു. അതുവഴി അയാൾ വഞ്ചിക്കപ്പെട്ടു. ആദ്യമേ തനിക്കു ലഭിച്ചത് ദൈവ വചനമായിരുന്നു എന്ന് ബെഥേലിലെ രണ്ടു സംഭവങ്ങൾ അയാളെ ബോധ്യപ്പെടുത്തിയതാണ്. പിന്നീടു വന്ന വൃദ്ധൻ യഥാർത്ഥ പ്രവാചകനാണെന്നോ അയാൾ അറിയിച്ചതു ദൈവ വചനമാണെന്നോ വിശ്വസിക്കാൻ തക്ക കാരണമുണ്ടായിരുന്നില്ല. ദൈവം തന്റെ തന്നെ വാക്കുകൾ നിഷേധിക്കുകയില്ല. അതിനെതിരായി ഒരു ദൂതൻ തന്നെ വന്നു സംസാരിച്ചാലും വിശ്വസിക്കരുത് (ഗലാ 1,7-9). വൃദ്ധന്റെ വാക്കുകേട്ട പ്രവാചകൻ വ്യാജപ്രാചകന്മാരാൽ വഞ്ചിതരായ ഇസ്രായേൽ ജനത്തിന്റെ തന്നെ പ്രതീകമാണ്. അയാളെ സിംഹം ആക്രമിച്ചു കൊന്നതുപോലെ ഇസ്രായേൽ ജനത്തിനു വാഗ്ദത്ത ഭൂമി നഷ്ടപ്പെടാൻ കാരണം തങ്ങൾക്കു ലഭിച്ച യഥാർത്ഥ ദൈവവചനം അവർ തിരസ്കരിച്ചതാണ്. ദൈവ സ്വരത്തിനു നിരന്തരം കാതോർക്കാനും ദൈവവചനത്തെ മനുഷ്യവചനങ്ങളിൽ നിന്നു വേർതിരിച്ചറിയാനും എത്രമാത്രം ജാഗ്രത പുലർത്തണം എന്നു പഠിപ്പിക്കുന്നതാണ് ഈ സംഭവം.

യൂദായിൽ നിന്നു വന്നവനെ "ദൈവത്തിന്റെ മനുഷ്യൻ" എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. ബെഥേലിലെ വൃദ്ധനെ "പ്രവാചകൻ" എന്നും, പ്രവാചകത്വം അവകാശപ്പെടുന്നവരെല്ലാം യഥാർത്ഥത്തിൽ ദൈവത്താൽ അയക്കപ്പെട്ടവരായിരിക്കണമെന്നില്ല. അവരുടെ ജീവിതവും സന്ദേശവും പഠിച്ച് വിവേക പൂർവ്വം തീരുമാനമെടുക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നതാണ് ഇരുവർക്കും ഉപയോഗിക്കുന്ന പേരുകളിലെ വ്യത്യാസം. വ്യാജ പ്രവാചകന്മാരാൽ അനേകം തവണ വഴിതെറ്റിക്കപ്പെട്ടതിന്റെ

അനുഭവം ഇസ്രായേൽ ജനത്തിനുള്ളതിനാൽ പ്രവാസികൾക്കും പിന്നീടിവരുന്ന സകല തലമുറകൾക്കും ഈ പ്രബോധനം പ്രസക്തമാണ്.

പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം ജെറൊബൊവാം പ്രവർത്തിച്ച മറ്റൊരു അധർമ്മം വിവരിക്കുന്നു (1 രാജാ 13,33-34). താൻ നിർമ്മിച്ച പൂജാഗിരികളിൽ പുരോഹിത ശുശ്രൂഷ ചെയ്യുന്നതിനായി തനിക്കിഷ്ടപ്പെട്ടവരെ അയാൾ നിയോഗിച്ചു. ലേവീ പൗരോഹിത്യത്തിന്മേലുള്ള ഈ കടന്നാക്രമണം കൂടുതൽ ശിക്ഷാർഹമായ കുറ്റമായി ഇവിടെ അവതരിപ്പിക്കുന്നു. തനിക്കു പുരോഹിത ശുശ്രൂഷ അർപ്പിക്കേണ്ടത് ആരെന്ന് ദൈവമാണ് നിശ്ചയിക്കുക. പഴയ നിയമത്തിൽ ലേവിയുടെ ഗോത്രമായിരുന്നു അതിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടത്. അതിനെ മറികടന്ന് ജെറൊബൊവാം പുരോഹിതന്മാരെ വെറും രാജസേവകന്മാരാക്കി. ഇതിൽ പ്രതിഷേധിക്കുകയും ജോലി നഷ്ടപ്പെടുകയും ചെയ്ത ലേവീ പുരോഹിതന്മാർ യൂദായിലേക്കു പലായനം ചെയ്തതായി 2 ദിന 11,13-16ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### iii ജെറൊബൊവാമിനു ശിക്ഷ 1 രാജാ 14,1-20

ജെറൊബൊവാമിനു രാജത്വം വാഗ്ദാനം ചെയ്ത അഹിയാ പ്രവാചകൻ തന്നെ അയാളുടെ തിരസ്കരണവും അന്ത്യവും അറിയച്ചതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. രോഗിയായ മകന് എന്തു സംഭവിക്കുമെന്ന് അറിയാൻ ജെറൊബൊവാം തന്റെ ഭാര്യയെ സമ്മാനങ്ങളുമായി അഹിയായുടെ അടുത്തേക്ക് അയച്ചു. വാർദ്ധക്യത്താൽ അന്ധനായിത്തീർന്ന പ്രവാചകനെ കബളിപ്പിക്കാം എന്നു കരുതി വേഷപ്രഛന്നയായിട്ടാണ് അവൾ ചെന്നതെങ്കിലും കർത്താവിൽ നിന്ന് ഉൾക്കാഴ്ച ലഭിച്ച പ്രവാചകൻ അവളെ തിരിച്ചറിഞ്ഞ. മകന്റെ ഭാവിയെക്കുറിച്ചറിയാൻ ചെന്നവളോട് ജെറൊബൊവാമിന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിലയിരുത്തലും ശിക്ഷാവിധിയുമാണ് പ്രവാചകൻ ആദ്യമേ അറിയിച്ചത്. അവസാനമായി മകന്റെ അന്ത്യത്തെക്കുറിച്ചും പ്രവാചകൻ പറഞ്ഞതെല്ലാം അതുപോലെ നിറവേറി. പ്രവചനവും പൂർത്തീകരണവും ഇവിടേയും ഒരു മുഖ്യവിഷയമാണ്. എന്നാൽ അതിലുപരി, നിയമാവർത്തനാത്മക ചരിത്ര വീക്ഷണം അവതരിപ്പിക്കുന്ന ഒരു വിശദീകരണവും ഇവിടെ കാണാം. ഈ വിവരണത്തിൽ ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യമാണ്.

A. മകന്റെ രോഗം 14,1

B. ഭാര്യയുടെ യാത്ര 14,2-5



C. പ്രവാചക വചനം 14,6-16

B1 ഭാര്യയുടെ മടക്കയാത്ര 14,17

A മകന്റെ മരണം 14,17-18

പ്രവാചക വചനത്തിലും വ്യക്തമായ ഒരു ഘടനയുണ്ട്.

A ജെറൊബൊവാമിനുവേണ്ടി കർത്താവു ചെയ്തത് 14,7-8

A ജെറൊബൊവാമിന്റെ അവിശ്വസ്തത 14,9

A ശിക്ഷാ വിധി, തിരസ്കരണം 14,10-16

അഹിയാ ജെറൊബൊവാമിനെ അറിയിക്കുന്ന ശിക്ഷാവിധിക്ക് സാമുവേൽ സാവൂളിനെയും (1 സാമു 15,1-23). നാഥാൻ ദാവീദിനെയും (2 സാമു 12,7-12) അറിയിച്ച ശിക്ഷാവിധിയോടു സാമ്യമുണ്ട്. കർത്താവ് ചെയ്ത വലിയ കാര്യങ്ങൾ, അതിനു പ്രതികരണമായുണ്ടാകുന്ന അവിശ്വസ്തത, തദ്ഫലമായുണ്ടാകുന്ന കർത്താവിന്റെ ശിക്ഷാവിധി ഈ ചട്ടക്കൂട്ടിലാണ് ഇസ്രായേൽ ചരിത്രം മുഴുവൻ അവതരിപ്പിച്ചിരിക്കുന്നത്.

കർത്താവ് സൗജന്യമായി ജെറൊബൊവാമിനെ തിരഞ്ഞെടുത്തു. രാജത്വവും നല്കി. വിഗ്രഹങ്ങൾ ഉണ്ടാക്കിയും അന്യദേവന്മാരെ ആരാധിച്ചും അയാൾ കർത്താവിനെ തിരസ്കരിച്ചു. അതിനാൽ കർത്താവും അയാളെ തിരസ്കരിക്കും. രോഗിയായ അബിയാ മാത്രമേ മാന്യമായി സംസ്കരിക്കപ്പെടുകയുള്ളു. ബാക്കി മക്കളെല്ലാം ശത്രുക്കളിൽ വധിക്കപ്പെടും. ഈ ശിക്ഷാവിധിക്കുശേഷം ഭാവിയിൽ സംഭവിക്കാൻ പോകുന്ന അസീറിയാക്കാരുടെ ആക്രമണത്തിനും ഇസ്രായേലിന്റെ നാശത്തെയുംക്കുറിച്ച് ഒരു സൂചനയും നല്കുന്നു (1 രാജാ 14,15-16). ജെറൊബൊവാമിന്റെ പാപമാണ് ഇതിനെല്ലാം കാരണം എന്ന് എടുത്തു പറയുന്നു.

പ്രവാചകന്റെ വാക്കുകൾ ഒന്നൊഴിയാതെ എല്ലാം നിറവേറിയതായി വി.ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നുണ്ട്. രോഗിയായ അബിയാ മരിച്ചു സംസ്കരിക്കപ്പെട്ടു (1 രാജാ 14,17-18) ജെറൊബൊവാമിന്റെ കുടുംബം ഉന്മൂലനം ചെയ്യപ്പെട്ടു (1 രാജാ 15,27-29). ഇസ്രായേൽ ജനത്തെ അസീറിയാ നശിപ്പിച്ചു (2 രാജാ 17,5-18). ജെറൊബൊവാമിന്റെ മരണത്തെയും മകൻ നാദാബിന്റെ സ്ഥാനാരോഹണത്തെയുംക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരിത്രം അവസാനിക്കുന്നത് (1 രാജാ 14,19-20).

**വിചിന്തനം:** പുതുതായി രൂപംകൊണ്ട രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാൻ വേണ്ടിയാണ് ജെറൊബൊവാം ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചതും തീർത്ഥാടനോത്സവങ്ങൾ ഏർപ്പെടുത്തിയതും. രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി അയാൾ മതത്തെ കരുവാ

ക്കി. അത് അയാളുടെയും ജനത്തിന്റെയും നാശത്തിനു കാരണമായി. ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മതത്തെ ഉപകരണമാക്കാനുള്ള പ്രവണത ശക്തിപ്പെട്ടുവരുന്ന ഇക്കാലത്ത് ജെറൊബൊവാമിന്റെ അനുഭവം വലിയൊരു പാഠമാണ്. എന്തുമാത്രം ഭൗതിക നേട്ടങ്ങൾ കൈവരിച്ചു എന്നതിനേക്കാൾ കർത്താവിനോടും അവിടുത്തെ വചനത്തോടും എത്രമാത്രം വിശ്വസ്തത പുലർത്തി എന്ന മാനദണ്ഡം അനുസരിച്ചായിരിക്കും ഓരോരുത്തരുടെയും ജീവിതം കർത്താവു വിലയിരുത്തുക. ദൈവത്തെ മറന്നും വിഗ്രഹങ്ങളെ ആരാധിച്ചും വരിക്കുന്ന ഭൗതിക നേട്ടങ്ങൾ ആത്യന്തികമായി നാശത്തിലേക്കേ നയിക്കൂ എന്ന് ചരിത്രം നല്കുന്ന പാഠം അതിന്റെ സകല ഭീകരതയോടും കൂടെ ആധുനിക മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

## C. റെഹൊബൊവാം 1 രാജാ 14,21-31; 2 ദിന 11,5-12,16

പതിനേഴാം വർഷം (ബി.സി. 931-913) യൂദാ ഭരിച്ച റെഹൊബൊവാമിന്റെ കാലത്ത് മതമേഖലയിൽ ജനത്തിനുണ്ടായ അപചയവും ഈജിപ്തു രാജാവിന്റെ ആക്രമണത്തോടു ബന്ധപ്പെട്ട ചില കാര്യങ്ങളും മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ രാജാവിന്റെ നേട്ടങ്ങളും കോട്ടങ്ങളും കൂടുതൽ വിശദമായി വിവരിക്കുന്നുണ്ട്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുപോകുന്ന ഒരു ജനത്തിന്റെ ചരിത്രമാണ് 1 രാജാ 14,22-24ൽ വരച്ചുകാട്ടുന്നത്. ഈ അധഃപതനത്തിൽ റെഹൊബൊവാമിന് എന്തു പങ്കുണ്ടായിരുന്നു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. വടക്കൻ രാജ്യമായ ഇസ്രായേലിൽ എന്നതുപോലെ യൂദായിലും മലകളിലും കുന്നുകളിലും ബലിപീഠങ്ങളും ആരാധനാലയങ്ങളും ഉയർന്നു. മതമേഖലയിൽ സോളമൻ തുടങ്ങിവച്ച പ്രക്രിയകൾ മകൻ തുടർന്നു എന്നാണ് ധ്വനി. രതിദേവതയായ അഷേറായുടെ ബഹുമാനാർത്ഥം ഉയർത്തിയതാണ് സ്തംഭങ്ങൾ. പൂർണ്ണ നഗ്നമായ സ്ത്രീരൂപങ്ങളാണ് അഷേറാ പ്രതിഷ്ഠകൾ. മലമുകളിലെ ബലിപീഠങ്ങൾക്കു ചുറ്റിലും മരങ്ങൾ നട്ടുവളർത്തിയിരുന്നു. ബാൽ-അഷേറാ ദേവതകളുടെ സംയോഗമാണ് ഭൂമിയ്ക്കു ഫലപുഷ്ടിയും, മൃഗങ്ങൾക്കും മനുഷ്യർക്കും സന്താനപുഷ്ടിയും നല്കുന്നത് എന്ന വിശ്വാസം കാനാൻകാരുടെ ഇടയിൽ നിലവിലിരുന്നു. ആ ദേവതകളെ പ്രീതിപ്പെടുത്താനായി മലമുകളിലെ ആരാധനാലയങ്ങളിലും കാവുകളിലും ഭക്തർ ലൈംഗികവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ആരാധനാ രീതികൾക്കു നേതൃത്വം നല്കാൻ പുരോഹിതന്മാരും പുരോഹിതരും ഉണ്ടായിരുന്നു. അവരെ വേശ്യകൾ എന്നാണ് ബൈബിൾ വിളിക്കുന്നത്. ജോസിയാ രാജാവിന്റെ കാലത്തുമാത്രമാണ് ഈ ദുരാചാരങ്ങൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടത് (2 രാജാ 23,4-7). യൂദായിൽ അരങ്ങേറിയ ഈ മതവൈകൃതങ്ങളെക്കുറിച്ച് ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഒന്നും തന്നെ പറയുന്നില്ല.



രാജവാഴ്ചയുടെ അഞ്ചാം വർഷം (ബി.സി. 926) ഈജിപ്തു രാജാവായ ഷീഷാക്ക് നടത്തിയ ആക്രമണത്തെക്കുറിച്ച് 1 രാജാ 14,25-26; 2 ദിന 12,3-12 ൽ സൂചിപ്പിച്ചിരിക്കുന്നു. ഈജിപ്തിലെ 21-ാം രാജവംശത്തെ ഉന്മൂലനം ചെയ്ത് 22-ാം രാജവംശം ആരംഭിച്ച രാജാവാണ് ഷീഷാക്ക്. ഈജിപ്തിലെ രേഖകളിൽ അയാളെ ഷെഷോങ്ക് എന്നു വിളിക്കുന്നു. ലിബിയായിൽ നിന്നുള്ള ഒരു സേനാധിപനായിരുന്നു അയാൾ. പരസ്പരം കലഹിച്ചു. കഴിഞ്ഞ പ്രഭു കുടുംബങ്ങളെ ഒരുമിപ്പിച്ച് ഈജിപ്തിനെ വീണ്ടും ശക്തമായ ഒരു സാമ്രാജ്യമാക്കിയ ഷീഷാക്കിന്റെ പടയോട്ടങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ തെബെസിലെ സൂര്യദേവക്ഷേത്രത്തിന്റെ ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ട്. പലസ്തീനായിലെ 150 പട്ടണങ്ങൾ ആക്രമിച്ചു കീഴടക്കിയതായി ഈ രേഖ അവകാശപ്പെടുന്നു. ഈ രേഖയിൽ പേരുപറയുന്ന പല പട്ടണങ്ങളും ആ കാലഘട്ടത്തിൽ നശിപ്പിക്കപ്പെട്ടതായി ഇസ്രായേലിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന മെഗിദോയിൽ ഷീഷോക്കിന്റെ ഒരു ശിലാലിഖിതം കണ്ടെടുത്തിട്ടുണ്ട്.

ഹദാദിനും ജെറൊബൊവാമിനും സംരക്ഷണം നല്കിയ രാജാവാണ് ഷീഷാക്ക്. സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ പിളർന്നു ദുർബ്ബലമായത് തന്റെ സാമ്രാജ്യം വികസിപ്പിക്കാൻ അയാൾ അവസരമാക്കി. ആദ്യം യൂദായെയും പിന്നീട് ഇസ്രായേലിനെയും ആക്രമിച്ചു. അനേകം പട്ടണങ്ങൾ നശിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്തു. യൂദായുടെയും ഇസ്രായേലിന്റെയും സമ്പത്തും സൈനികശേഷിയും ഇതുമൂലം ഗണ്യമായി കുറഞ്ഞു. ജറുസലെം കീഴടക്കിയെങ്കിലും കൊള്ളമുതൽ കൊണ്ടുപോയതല്ലാതെ നഗരം നശിപ്പിച്ചില്ല. ലെബനോൺ കാനനമന്ദിരത്തിൽ സോളമൻ സൂക്ഷിച്ചിരുന്ന സ്വർണ്ണ പരിചകൾ അയാൾ കൊണ്ടുപോയതായി പ്രത്യേകം പറയുന്നു. ഈ ഒരു ആക്രമണത്തിനു ശേഷം ഈജിപ്തു പിൻവാങ്ങി. യുദ്ധത്തിലുണ്ടായ നേട്ടങ്ങൾ നിലനിർത്താൻ ആഭ്യന്തര കലാപങ്ങൾ മൂലം ഈജിപ്തിനു കഴിഞ്ഞില്ല.

റെഹൊബൊവാമിനെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ ഇല്ലാത്ത ചില വിവരങ്ങൾ ദിനവൃത്താന്തഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂദായിലെ പല പട്ടണങ്ങളും കോട്ട കെട്ടി സുരക്ഷിതമാക്കുകയും

അവിടെയെല്ലാം ഭക്ഷണവും ആയുധങ്ങളും ശേഖരിച്ചുവയ്ക്കുകയും ചെയ്തതാണ് അയാളുടെ ആദ്യത്തെ പ്രവൃത്തിയായി എടുത്തു കാട്ടുന്നത്. ഷീഷാക്കിന്റെ ആക്രമണത്തിനു ശേഷമാണ് ഈ സുരക്ഷാ നടപടികൾ സ്വീകരിച്ചതെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു.

ജോലി നഷ്ടപ്പെട്ട പുരോഹിതന്മാരും അവരെ അനുഗമിച്ച ജനവും ജറുസലേമിലേക്കു വന്നുകൊണ്ടിരുന്നതിനെക്കുറിച്ചു തുടർന്നു വിവരിക്കുന്നു (2 ദിന 11,13-17). ഇസ്രായേലിൽ നിന്ന് ജനം വന്നത് യൂദായ്ക്കു ഗുണകരമായി എന്ന് ഇവിടെ എടുത്തുപറയുന്നുണ്ട്. ഈ നീക്കത്തെ തടയാൻ വേണ്ടിയാണ് ജെറൊബൊവാം തീർത്ഥാടന കേന്ദ്രങ്ങൾ പണികഴിച്ചത്. റെഹോബൊവാമിന്റെ ഭാര്യമാരെയും ഉപനാരിമാരെയും മക്കളെയുംക്കുറിച്ചുള്ള പരാമർശം (2 ദിന 11,8-23) അയാളുടെ ശക്തി പ്രഭാവങ്ങളുടെ അടയാളമാണ്. യാതൊരു വിലയിരുത്തലും കൂടാതെയാണ് ഈ വിവരണം നല്കിയിരിക്കുന്നതെങ്കിലും രണ്ടു കാര്യങ്ങൾ ശ്രദ്ധേയമത്രെ. 1. സോളമന്റേതിനേക്കാൾ വളരെ ചെറുതായിരുന്നു അയാളുടെ അന്തഃപുരം. 2. ബഹുഭാര്യാത്വത്തെ വിലക്കുന്ന നിയമത്തെ അയാളും മാനിച്ചില്ല. രാജകുമാരന്മാരെ സകല നഗരങ്ങളിലും ദേശാധിപതികളാക്കുക വഴി ദേശം മുഴുവൻ രാജാവിന്റെ സ്വന്തം എന്ന തത്വം പ്രാവർത്തികമാക്കപ്പെട്ടു.

രാജാവിന്റെ അവിശ്വസ്തതയ്ക്കു കർത്താവു നല്കിയ ശിക്ഷയാണ് ഷീഷാക്കിന്റെ ആക്രമണം എന്ന് എടുത്തുപറയുന്നു (2 ദിന 12,1-3) പ്രവാചകനായ ഷെമായാ വഴി കർത്താവിന്റെ ശിക്ഷാവിധിയെക്കുറിച്ചു കേട്ടപ്പോൾ രാജാവും ജനവും അനുതപിച്ചു മാപ്പിരന്നതിനാൽ ജെറുസലെം നശിപ്പിക്കപ്പെട്ടില്ല എന്ന വ്യാഖ്യാനം (2 ദിന 12,5-7.12) അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ചു പഠിപ്പിക്കുന്നു. 'കർത്താവിനെ സേവിക്കുന്നതും ഭൂമിയിലെ രാജാക്കന്മാരെ സേവിക്കുന്നതും തമ്മിലുള്ള വ്യത്യാസം' (2 ദിന 12,8) അവരെ അറിയിക്കുന്നതിനുവേണ്ടിയാണ് ശത്രുക്കളുടെ മുമ്പിൽ പരാജയപ്പെടാൻ കർത്താവ് അവർക്ക് ഇടവരുത്തിയത് എന്ന വിശദീകരണം എന്നും പ്രസക്തമായ ഒരു പാഠമാണ്. കർത്താവിനെയല്ലാതെ മറ്റാരെയും എന്തിനെയും സേവിച്ചാൽ അടിമത്തമായിരിക്കും ഫലം. ഒന്നാം പ്രമാണം അനുസരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രകടമാകുന്നു.

### d. യൂദായിലെ രാജാക്കന്മാർ 1 രാജാ 15,1-24; 2 ദിന 13-16

റെഹൊബൊവാമിന്റെ മരണത്തിനുശേഷം യൂദാ ഭരിച്ച രണ്ടു രാജാക്കന്മാരെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിലേതിനേക്കാൾ വളരെ ദീർഘമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. ആനുകാലിക രേഖകളെ ആസ്പദമാക്കിയുള്ള വസ്തുനിഷ്ഠമായ വിവരണം എന്നതിനേക്കാൾ ദൈവശാസ്ത്രപരമായ വിശകലനമാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്നത്.

### i. അബിയാ (ബി.സി. 913-911) 1 രാജാ 15,1-8; 2 ദിന 13, 1-22

റെഹൊബാവാമിനുശേഷം ഭരണമേറ്റ പുത്രനെ അബിയാം എന്നു രാജാക്കന്മാരുടെ പുസ്തകത്തിലും അബിയാ എന്നു ദിനവൃത്താന്ത ഗ്രന്ഥത്തിലും വിളിക്കുന്നു. "എന്റെ പിതാവ് യാഹ്വേ" എന്നാണ് രണ്ടിന്റേയും അർത്ഥം. അയാളുടെ മാതാവ് അബ്ശലോമിന്റെ മകൾ 'മാഖാ' ആയിരുന്നു എന്ന് 1 രാജാ 15,2 ദിന 11,22 ലും ഗിബെയായിലെ ഊറിയേലിന്റെ മകൾ മിക്കായാ ആയിരുന്നു എന്ന് 2 ദിന 13,2 ലും കാണുന്നു. രണ്ടു വ്യത്യസ്ത രേഖകളെ ആസ്പദമാക്കി രചിച്ചതിനാലാവാം രണ്ടു പുസ്തകങ്ങളും തമ്മിൽ ഈ വ്യത്യാസമുണ്ടായത്. അബിയായ്ക്കുശേഷം രാജാവായ ആസായുടെ മാതാവ് അബ്ശലോമിന്റെ മകൾ മാഖാ ആയിരുന്നുവെന്ന് 2 രാജാ 15,10 ന്റെ ഹീബ്രുമൂലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും അമ്മ ഒരാൾ തന്നെ ആയിരിക്കുന്നതിനാൽ അപാകതയുള്ളതിനാൽ മാഖാ ആസായുടെ പിതാവിന്റെ അമ്മയായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് പല ആധുനിക വിവർത്തനങ്ങളും "പിതാമഹി" എന്നു വ്യാഖ്യാനിക്കുന്നത്. അബിയായുടെ സഹോദരനായിരുന്നു ആസാ എന്നു വ്യാഖ്യാനത്തിന് കാര്യമായ അംഗീകാരം ലഭിച്ചിട്ടില്ല. മാഖാ ആസായുടെ പിതാമഹിയായിരുന്നെങ്കിൽ ചെറുപ്പത്തിലേ രാജാവായതിനാൽ വലിയമ്മയെ അമ്മറാണിയായി കരുതുകയും അമ്മയെ അവഗണിക്കുകയും ചെയ്തതാവാം ഇതിനു കാരണം.

കർത്താവിനോടു വിശ്വസ്തത പാലിച്ചില്ല എന്നും ജെറൊബൊവാമുമായി നിരന്തരം യുദ്ധം നടത്തിയെന്നും ചുരുക്കിപ്പറയുന്നതല്ലാതെ അബിയായുടെ പ്രവർത്തനങ്ങളെക്കുറിച്ചു രാജാക്കന്മാരുടെ പുസ്തകത്തിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ദാവീദുമായി താരതമ്യം ചെയ്ത് അബിയായുടെ കുറവുകൾ എടുത്തുകാട്ടുക മാത്രമാണ് വി.ഗ്രന്ഥകാരൻ ചെയ്യുന്നത്. മൂന്നു വർഷം മാത്രം ദീർഘിച്ച അയാളുടെ ഭരണം എന്തുകൊണ്ട് ഇത്രവേഗം അവസാനിച്ചു എന്നതിനും മറുപടിയില്ല.

ദിനവൃത്താന്ത ഗ്രന്ഥകാരൻ അബിയായുടെ അവിശ്വസ്തതയെക്കുറിച്ചു സൂചിപ്പിക്കുന്നതുപോലുമില്ല. മറിച്ച് കർത്താവിലുള്ള അയാളുടെ വിശ്വാസവും കർത്താവിനോടുള്ള വിശ്വസ്തതയും എടുത്തുകാട്ടാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ജെറൊബൊവാമുമായുണ്ടായ യുദ്ധത്തിന്റെ

സുദീർഘമായ ഒരു വിവരണവും ദിനവൃത്താന്ത ഗ്രന്ഥത്തിൽ മാത്രമാണു കാണുന്നത്. സൈന്യത്തിന്റെ സംഖ്യയിൽ (2 ദിന 13,3) അതിശയോക്തിയുണ്ട്. യുദ്ധത്തിനു മുൻപ് അബിയാ നടത്തിയ പ്രസംഗം ഇരുരാജ്യങ്ങളുടെയും ചരിത്രത്തെയും വിശ്വാസ ജീവിതത്തെയും സംബന്ധിച്ച ഒരു ദൈവശാസ്ത്ര വിശകലനം അവതരിപ്പിക്കുന്നു. സാഹചര്യത്തിനനുയോജ്യമായ പ്രസംഗങ്ങൾ കഥാനായകന്റെ വായിൽ വച്ചുകൊടുക്കുക ചരിത്രരചനയുടെ ഭാഗമായിരുന്നു (ന്യായാ 11,12-17; 1 സാമു 17, 45-47).

ബെഥേലിൽ നിന്ന് ഏകദേശം എട്ടുകിലോമീറ്റർ വടക്കുകിഴക്കായിട്ടാണ് സെമറായിം മല സ്ഥിതിചെയ്യുന്നത്. ഇതു സമറിയാ മലയല്ല. ജെറൊബൊവാമിന്റെ രാജ്യാതിർത്തിക്കുള്ളിൽ വച്ചാണ് യുദ്ധം നടന്നത് എന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. അബിയായുടെ പ്രസംഗത്തിൽ ഇസ്രായേലിന്റെ അവിശ്വസ്തതയും യൂദായുടെ വിശ്വസ്തതയും എടുത്തുകാട്ടുന്നു. മുഴുവൻ ഇസ്രായേൽ ജനത്തിന്റെയുംമേൽ രാജാധികാരം ദാവീദു കുടുംബത്തിന് ഉടമ്പടി വഴി ദൈവം നല്കിയിരിക്കുന്നു എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വടക്കൻ രാജ്യത്തിനെതിരേ കുറ്റാരോപണം നടത്തുന്നത്. ബലിഭക്ഷണത്തിലൂടെ ഉറപ്പിച്ച ഉടമ്പടിയാണ് ഉപ്പുകൊണ്ടുള്ള ഉടമ്പടി അഥവാ ലവണയുടമ്പടി (2 ദിന 13,5). ദാവീദിന്റെ ഭവനത്തിൽ നിന്നു തെറ്റിപ്പിരിഞ്ഞു. സ്വന്തം രാജാവിനെ തിരഞ്ഞെടുത്തു. വിഗ്രഹങ്ങൾ നിർമ്മിച്ചു, സ്വന്തം ഇഷ്ടപ്രകാരം പുരോഹിതന്മാരെ നിയമിച്ചു എന്നിവയാണ് ഇസ്രായേലിനെതിരേ ആരോപിക്കുന്ന കുറ്റങ്ങൾ യൂദായുടെ വിശ്വസ്തതയ്ക്ക് അടയാളമായി അഹറോന്റെ ഗോത്രത്തിൽ നിന്നുള്ള പുരോഹിതന്മാർ, അവർ നിരന്തരം അർപ്പിക്കുന്ന നിയമാനുസൃതമായ ബലി എന്നിവ എടുത്തുകാട്ടുന്നു.

"കർത്താവാണ് ഞങ്ങളുടെ ദൈവം" (2 ദിന 13,10) "ദൈവമാണ് ഞങ്ങളുടെ നായകൻ" എന്നീ പ്രസ്താവനകളിലൂടെ കർത്താവിൽ ആശ്രയിച്ചുകൊണ്ടാണ് യൂദാ യുദ്ധത്തിനിറങ്ങിയിരിക്കുന്നത് എന്ന് ഏറ്റുപറയുന്നു. കർത്താവിനോടു വിളിച്ചപേക്ഷിക്കുകയും പുരോഹിതന്മാർ യുദ്ധകാഹളം മുഴക്കുകയും ചെയ്തപ്പോൾ ദൈവം തന്നെ യൂദായ്ക്ക് വിജയം നല്കി (2 ദിന 13,14-16). യുദ്ധത്തിന്റെ വിവരണം മുഴുവൻ കർത്താവിലുള്ള വിശ്വാസ പ്രഖ്യാപനമാണ് അനുവാചകരെ കർത്താവിനോടു വിശ്വസ്തരായിരിക്കാൻ പ്രേരിപ്പിക്കുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. ജെറൊബൊവാമിന്റെ മരണം ദൈവശിക്ഷയായി ഇവിടെ ചിത്രീകരിക്കുന്നു (2 ദിന 13,20). എന്നാൽ അബിയാ മരിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞാണ് ജെറൊബൊവാം മരിച്ചത് എന്ന് 1 രാജാ 15,25ൽ നിന്ന് അനുമാനിക്കാം.



## ii. ആസാ (ബി.സി. 911-870) 1 രാജാ 15,9-24; 2 ദിന 14-16

ദാവീദിനെയും സോളമനെയുംകാൾ ഒരു വർഷം കൂടുതൽ ഭരിച്ച രാജാവാണ് ആസാ. രാജാക്കന്മാരുടെ പുസ്തകത്തിൽ യാതൊരു കുറ്റവും ആരോപിക്കപ്പെടാത്ത ചുരുക്കം രാജാക്കന്മാരിൽ ഒരാളാണ് അയാൾ. പേരിന്റെ അർത്ഥം വ്യക്തമല്ല "ദൈവം നല്കി" എന്നും "സൗഖ്യദായകൻ' എന്നും അതു വിവർത്തനം ചെയ്യാറുണ്ട്. മതമേഖലയിൽ നടത്തിയ നവീകരണ ശ്രമങ്ങളും (1 രാജാ 15,11-15) ഇസ്രായേൽ രാജാവുമായി നടത്തിയ യുദ്ധവും (15,16-22) രാജാക്കന്മാരുടെ പുസ്തകത്തിൽ ചുരുക്കമായി വിവരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഇവയ്ക്കു പുറമെ ആസായുടെ മറ്റു പല പ്രവർത്തനങ്ങളും വിശദമായി വിവരിക്കുകയും ദൈവശാസ്ത്രപരമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട് (2 ദിന 14-16).

ദാവീദിനെപ്പോലെ പൂർണ്ണ ഹൃദയത്തോടെ കർത്താവിനോടു വിശ്വസ്തത പുലർത്തിയ ആസാ രാജാവ് തന്റെ മൂന്നു മുൻഗാമികൾ നിർമ്മിച്ച വിഗ്രഹങ്ങൾ തകർക്കുകയും അവർ തുടങ്ങിവച്ച അനാചാരങ്ങൾ നിർത്തലാക്കുകയും ചെയ്തു (1 രാജാ 15,11-15). റെഹൊബൊവാം ആരംഭിച്ച ആൺവേശ്യാ സമ്പ്രദായം നാട്ടിൽ നിരോധിച്ചത് പ്രത്യേകം എടുത്തുപറയുന്നു. നാട്ടിൽ വിഗ്രഹാരാധന പ്രോത്സാഹിപ്പിച്ചതിന്റെ പേരിൽ അമ്മറാണിയായ മാഖായെ സ്ഥാനഭ്രഷ്ടയാക്കിയത് ധീരമായ ഒരു നീക്കമായി എടുത്തു കാട്ടുന്നു. പൂജാഗിരികൾ നശിപ്പിച്ചില്ല എന്നു പറയുന്നെങ്കിലും അത് ഒരു കുറ്റമായി ആരോപിക്കുന്നില്ല.

ജെറൊബൊവാമിന്റെ മകനായ നാദാബിനെ വധിച്ച് ഇസ്രായേലിൽ പുതിയൊരു രാജവംശത്തിന് തുടക്കം കുറിച്ചവനാണ് ബാഷാ. അയാളുടെ ആക്രമണത്തെ ചെറുത്തു നില്ക്കാൻ കഴിയാതെ വന്നതിനാൽ ആസാ സിറിയാക്കാരുടെ സഹായം തേടി. അതിനായി ദേവാലയത്തിലെയും ഭണ്ഡാരത്തിലെയും സ്വർണ്ണവും വെള്ളിയും സിറിയാ രാജാവായ ബെൻ ഹദാദിനു കാഴ്ചയായി അയച്ചുകൊടുത്തു. സമ്മാനം സ്വീകരിച്ച സിറിയാ രാജാവ് ഇസ്രായേലുമായുള്ള സഖ്യം വിഛേദിക്കുക മാത്രമല്ല, ഇസ്രായേലിന്റെ വടക്കൻ പ്രവിശ്യകൾ ആക്രമിച്ചു കീഴടക്കുകയും ചെയ്തു. അതിനാൽ ബാഷാ സൈന്യസമേതം പിൻവാങ്ങി. അബിയാ പിടിച്ചടക്കിയ ഇസ്രായേൽ നഗരങ്ങൾ വീണ്ടെടുക്കുകയും ഇസ്രായേൽ ജനം ജറുസലെമിലേക്കു പോകുന്നതു തടയുകയുമായിരുന്നു ബാഷായുടെ ലക്ഷ്യം. ജെറുസലെമിൽ നിന്ന് എട്ടു കിലോമീറ്റർ വടക്ക് ബെഞ്ചമിൻ ഗോത്രാതിർത്തിക്കുള്ളിലെ റാമായിൽ കോട്ട പണിയാൻ ശ്രമിച്ചത്

രണ്ടാമത്തെ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു. ബെൻ ഹദാദ് ആക്രമിച്ചതിനാൽ ബാഷായ്ക്ക് ഈ സംരംഭം ഉപേക്ഷിക്കേണ്ടിവന്നു. ഇസ്രായേൽ സൈന്യം പിൻമാറിയപ്പോൾ ആസാ ബെഞ്ചമിന്റെ വടക്കേ അതിർത്തിയിൽ ഗേബാ, മിസ്പാ എന്നീ പട്ടണങ്ങൾ കോട്ട കെട്ടി സുരക്ഷിതമാക്കി (1 രാജാ 15,16–22).

ദിനവൃത്താന്ത ഗ്രന്ഥത്തിലെ മൂന്ന് അധ്യായങ്ങൾ (2 ദിന 14–16) ആസായുടെ പ്രവർത്തനങ്ങൾ വിവരിക്കാനായി മാറ്റി വച്ചിരിക്കുന്നു. രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കൂടുതൽ വിശദമായി വിവരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനു പുറമേ പുതിയ പല കാര്യങ്ങളും അവയിൽ അവതരിപ്പിക്കുന്നുമുണ്ട്. 41 വർഷം ദീർഘിച്ച ആസായുടെ രാജഭരണത്തിൽ നിന്ന് 4 കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. 1. ഭരണത്തിന്റെ ആദ്യത്തെ പത്തുവർഷം നടത്തിയ മത നവീകരണം (2 ദിന 14,1–8); 2. എത്യോപ്യക്കാരൻ സേറായുടെ ആക്രമണം (14,9–15); 3. രണ്ടാം മത നവീകരണം (15,1–19); 4. ഇസ്രായേലുമായി യുദ്ധം (16,1–10).

രാജാക്കന്മാരുടെ പുസ്തകത്തിൽ ആസായെക്കുറിച്ചു നല്ലതുമാത്രമേ പറയാനുള്ളൂ. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ സമ്മിശ്രമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. ആദ്യത്തെ മുപ്പത്തഞ്ചു വർഷക്കാലം അയാൾ കർത്താവിനോടു പരിപൂർണ്ണ വിശ്വസ്തത പുലർത്തി. വിഗ്രഹങ്ങളും ആരാധനയിലെ ദുരാചാരങ്ങളും ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. പ്രതിസന്ധികളുണ്ടായപ്പോൾ കർത്താവിനെ വിളിച്ചക്ഷിച്ചു. പക്ഷേ അവസാനത്തെ അഞ്ചു വർഷം കർത്താവിൽ എന്നതിനേക്കാൾ സ്വന്തം യുക്തികളിലും പദ്ധതികളിലും ആണ് ആശ്രയിച്ചത്. നേരിടേണ്ടി വന്ന രണ്ടു യുദ്ധങ്ങളിൽ സ്വീകരിച്ച നിലപാടുകളിൽ ഈ വൈരുദ്ധ്യം പ്രകടമാകുന്നു.

ആദ്യത്തെ പത്തുവർഷം രാജ്യത്തു സമാധാനമുണ്ടായിരുന്നു. രാജാവു കർത്താവിനോടു വിശ്വസ്തത പുലർത്തുകയും വിഗ്രഹാരാധന നിർത്തലാക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സ്വസ്ഥതയും സമാധാനവും ലഭിച്ചത് എന്ന ധ്വനി ഈ വിവരണത്തിലുണ്ട് (2 ദിന 14,1–8). സൈന്യത്തെക്കുറിച്ചുള്ള വിവരണത്തിൽ 'ആയിരം' എന്നു വിവർത്തനം ചെയ്യുന്നത് ഒരു പട്ടാള വിഭാഗത്തെയോ ധീരനായ പടത്തലവനെയോ സൂചിപ്പിക്കാവുന്ന പദമാണ്. അതിനാൽ 'മൂന്നു ലക്ഷം' എന്നതിനു പകരം മുന്നൂറു നായകന്മാർ എന്ന വിവർത്തനം (1 രാജാ 14,8) കൂടുതൽ സ്വീകാര്യമായി കരുതാം. എതോപ്യൻ സൈന്യത്തെക്കുറിച്ചുള്ള



പരാമർശത്തിലും (1 രാജാ 14,9) സൈന്യ സംഖ്യയെ സംബന്ധിച്ച ഈ വ്യാഖ്യാനമാണ് പൊതുവേ അംഗീകരിക്കുന്നത്.

സേറായുടെ ആക്രമണത്തെ നേരിട്ടപ്പോഴും ആസാ കർത്താവിലുള്ള തന്റെ വിശ്വാസവും ആശ്രയബോധവും വ്യക്തമാക്കി. റെഹൊബൊവാമിന്റെ കാലത്ത് പടയോട്ടം നടത്തിയ ഷീഷാക്ക് പലസ്തീനായുടെ തെക്കുപടിഞ്ഞാറുള്ള ഗെരാറിൽ പാർപ്പിച്ച കാവൽ സൈന്യത്തിന്റെ തലവനാണ് സേറാ എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഷീഷാക്കിന്റെ നേട്ടങ്ങൾ ആവർത്തിക്കാൻ ശ്രമിച്ച സേറായെ യൂദായുടെ തെക്കെ അതിർത്തിയിൽ, ജെറുസലെമിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ അതിർത്തിയിൽ, ജെറുസലെമിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ തെക്കുപടിഞ്ഞാറുള്ള മരേഷായിൽ വച്ച് ആസാ നേരിട്ടു. രാജ്യരക്ഷയ്ക്കുവേണ്ടി റെഹൊബൊവാം കോട്ടകെട്ടി സുരക്ഷിതമാക്കിയ ഒരു പട്ടണമാണ് മരേഷാ (2 ദിന 11,8). തന്റേതിനേക്കാൾ ഇരട്ടിയുള്ള ശത്രുസൈന്യത്തെ കണ്ടപ്പോൾ ആസാ നഷ്ടധൈര്യനാകാതെ കർത്താവിനെ വിളിച്ചപേക്ഷിച്ചു. കർത്താവു തന്നെ വിജയം നല്കി. (2 ദിന 14,11–12).

കർത്താവിനോടു വിശ്വസ്തത പാലിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന പ്രവാചക വചനവും അതിനു മറുപടിയായി ആസാ നടത്തിയ മത ശുദ്ധീകരണവുമാണ് അടുത്തതായി വിവരിക്കുന്നത് (1 രാജാ 15,1–15). "ദൈവത്തിന്റെ ആത്മാവ് ഒദേദിന്റെ മകൻ അസറിയായുടെമേൽ വന്നു' (1 രാജാ 15,1–15) എന്ന പ്രസ്താവന അയാളെ ഒരു പ്രവാചകനായി അവതരിപ്പിക്കുന്നു. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് യഥാർത്ഥ പ്രവാചകന്മാർ. അവർ കർത്താവിനോടു വിശ്വസ്തത പുലർത്താൻ ജനത്തെ ഉദ്ബോധിപ്പിക്കും. ഇസ്രായേൽ ജനത്തിന്റെ പ്രത്യേകിച്ചും ന്യായാധിപന്മാരുടെ കാലത്തെ ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് (ന്യായാ, 2,15; 5,6; 21,25) അസറിയാ ജനത്തിന്റെ അവിശ്വസ്തതയ്ക്കെതിരേ താക്കീതു നല്കുകയും വിശ്വസ്തതയിൽ തുടരാൻ പ്രേരിപ്പിക്കുകയും ചെയ്തായി വിവരിക്കുമ്പോൾ പ്രവാസത്തിൽ നിന്നു മടങ്ങിവന്ന ജനത്തിന് ക്ലേശങ്ങളുടെ മദ്ധ്യേ പ്രത്യാശയും ധൈര്യവും പകരുകയാണ് വി.ഗ്രന്ഥകാരൻ ചെയ്യുന്നത്.

പ്രവാചക പ്രവചനം ആസായെ കൂടുതൽ നവീകരണശ്രമങ്ങളിലേക്കു നയിച്ചു. ജനത്തെ മുഴുവൻ ജറുസലെമിൽ ഒരുമിച്ചുകൂട്ടി ഉടമ്പടി നവീകരിച്ചത് കർത്താവിനോടു ചേർന്നു നില്ക്കാനുള്ള തീരുമാനത്തിന്റെ പരസ്യ പ്രഖ്യാപനമായിരുന്നു. വിശ്വസ്തതയുടെ ഫലമായി ദേശത്തു സ്വസ്ഥതയും സമാധാനവും കളിയാടി. പൂജാഗിരികൾ നീക്കം ചെയ്തില്ല

(2 ദിന 15,17) എന്ന പ്രസ്താവന 1 രാജാ 15,14ൽ കണ്ടതു തന്നെയെങ്കിലും 2 ദിന 14,3ൽ പറഞ്ഞതിനു വിരുദ്ധമായി നില്ക്കുന്നു. വിഗ്രഹങ്ങൾ നശിപ്പിച്ചെങ്കിലും നാട്ടിൽ നിന്നു വിഗ്രഹാരാധന പൂർണ്ണമായി തുടച്ചു മാറ്റാൻ സാധിച്ചില്ല എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുക.

ഇസ്രായേൽ രാജാവായ ബാഷായുടെ ആക്രമണമുണ്ടായപ്പോൾ കർത്താവിൽ ആശ്രയിക്കാതെ സിറിയാ രാജാവായ ബെൻ ഹദാദിന്റെ സഹായം തേടിയത് ആസാ രാജാവിന്റെ വലിയൊരു വീഴ്ചയായി എടുത്തുകാട്ടുന്നു (2 ദിന 16,1-6). ഈ തെറ്റു ചൂണ്ടിക്കാട്ടിയ ഹനനിയാ പ്രവാചകന്റെ വാക്കു കേട്ടു പശ്ചാത്തപിക്കുന്നതിനു പകരം കോപിച്ച് അയാളെ തടവിലാക്കുകയാണ് ആസാ ചെയ്തത് (2 ദിന 16,7-10) പ്രവാചകന്മാർക്കെതിരേ രാജാക്കന്മാർ അഴിച്ചുവിട്ട പീഡനങ്ങളുടെ ചരിത്രം ഇവിടെ ആരംഭിക്കുന്നു. യുദ്ധത്തിൽ മാത്രമല്ല, രോഗാവസ്ഥയിലും കർത്താവിനോടു യാചിക്കാതെ വൈദ്യന്മാരിൽ മാത്രം ആശ്രയിച്ചതും ആസായുടെ വിശ്വാസക്കുറവിനു തെളിവായി വ്യാഖ്യാനിക്കുന്നു (2 ദിന 16,12).

**വിചിന്തനം:** തെറ്റു ചെയ്യുന്നവരെ ശകാരിക്കുകയും നന്മ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയും പ്രവാചക ദൗത്യത്തിന്റെ ഭാഗമാണ്. പ്രോത്സാഹനം കൂടുതൽ നന്മ ചെയ്യാൻ പ്രേരിപ്പിക്കും. അതേസമയം പ്രോത്സാഹന വചനങ്ങൾ മാത്രം സ്വീകരിക്കുകയും തെറ്റിന്റെ പേരിൽ ശകാരിക്കുന്നവരെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യാനുള്ള പ്രവണത് ഇന്നും വിരളമല്ലല്ലോ. വിമർശനമില്ലാത്തിടത്ത് തെറ്റു പെരുകുന്നു; തെറ്റു ചൂണ്ടിക്കാണിക്കുന്നവരെ വെറുക്കുകയും എതിർക്കുകയും ചെയ്യുന്നവർ തിന്മയിൽ ആണ്ടുപോകുന്നു.

രോഗം മൂർഛിച്ചിട്ടും ആസാ വൈദ്യന്മാരില്ലാതെ കർത്താവിൽ ആശ്രയിച്ചില്ല എന്ന പ്രസ്താവന വലിയൊരു പാഠം ഉൾക്കൊള്ളുന്നു. രോഗം വരുമ്പോൾ ചികിത്സ ചെയ്യേണ്ടതില്ല എന്ന് ഇത് അർത്ഥമാക്കുന്നില്ല. രോഗശാന്തിക്കുതകുന്ന ഔഷധങ്ങൾ സൃഷ്ടിച്ചതും ദൈവമാണ് (പ്രഭാ 38,1-9). എന്നാൽ ആത്യന്തികമായി ദൈവമാണ് സൗഖ്യം നല്കുന്നത് എന്ന കാര്യം മറക്കാതെ, പ്രാർത്ഥന വഴി ദൈവത്തിൽ അഭയം തേടാൻ പ്രേരിപ്പിക്കുകയാണ് ഈ പ്രസ്താവനയുടെ ലക്ഷ്യം. രോഗശാന്തിക്ക് ചികിത്സയും വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയും ആവശ്യമാണ്.

'നിങ്ങൾ അവിടുത്തെ അന്വേഷിച്ചാൽ കണ്ടെത്തും' എന്ന അസറിയാ പ്രവാചകന്റെ ഉപദേശം എന്നും പ്രസക്തമാണ്. പ്രതിസന്ധികളിൽ മാത്രമല്ല, ജീവിതകാലം മുഴുവൻ കർത്താവിനെ അന്വേഷിക്കണം. ഓരോ ദിവസവും പൂർണ്ണ ഹൃദയത്തോടെ കർത്താവിന്റെ തിരുസാന്നിധ്യം



തേടുകയും തിരുഹിതം അറിഞ്ഞ് അനുസരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ അവിടുത്തെ കണ്ടെത്തുക തന്നെ ചെയ്യും.

### e. ഇസ്രായേലിലെ ആറു രാജാക്കന്മാർ 1 രാജാ 15,25-16,34

ദാവീദു രാജവംശത്തിന്റെ കീഴിൽ തെക്കൻ രാജ്യമായ യൂദായ്ക്ക് ഭരണകാര്യത്തിൽ സ്ഥിരതയുണ്ടായിരുന്നു. 41 വർഷം രാജ്യം ഭരിച്ച ആസായുടെ ഭരണകാലത്ത് വടക്കൻ രാജ്യമായ ഇസ്രായേലിൽ മൂന്നു രാജകുടുംബങ്ങളിൽ നിന്നായി ആറുപേർ ഭരണം നടത്തി. അതിൽ മൂന്നു പേർ ആഭ്യന്തര കലാപങ്ങളിൽ കൊല്ലപ്പെട്ടു. ഇസ്രായേൽ രാജാക്കന്മാരുടെ നേട്ടങ്ങളെക്കുറിച്ച് ഒന്നുംതന്നെ വി.ഗ്രന്ഥകാരൻ പറയുന്നില്ല. ആദ്യത്തെ രാജാവായ ജെറൊബൊവാമിനോടു താരതമ്യം ചെയ്ത്, ഓരോരുത്തരും തന്റെ മുൻഗാമിയേക്കാൾ കൂടുതൽ തിന്മ പ്രവർത്തിച്ചു എന്ന വിലയിരുത്തലാണ് ഓരോ രാജാവിനെക്കുറിച്ചും നല്കുന്നത്.

വിഗ്രഹാരാധന വഴി കർത്താവിനോട് അവിശ്വസ്തത കാട്ടിയതാണ് വടക്കൻ രാജ്യത്തിന്റെ അസ്ഥിരതയ്ക്കും അവിടെ നടന്ന കൊലപാതകങ്ങൾക്കും കാരണം എന്ന വി.ഗ്രന്ഥകാരന്റെ വിലയിരുത്തൽ ഓരോ രാജാക്കന്മാരെക്കുറിച്ചും നല്കുന്നുണ്ട്. ഇത് ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരു വിശകലനമാണ്. എന്നാൽ വടക്കൻ രാജ്യത്തിന്റെ അസ്ഥിരതയ്ക്ക് രാഷ്ട്രീയവും സാമൂഹികവുമായ കാരണങ്ങളും ഉണ്ടായിരുന്നു.

യൂദാ ഒറ്റ ഗോത്രം മാത്രമായിരുന്നതിനാൽ ജനങ്ങൾ തമ്മിലുള്ള ഐക്യം പ്രായേണ എളുപ്പമായിരുന്നു. ദാവീദു ഭവനത്തെ രാജകുടുംബമായി സ്വീകരിക്കാൻ അവർ പൊതുവേ സന്നദ്ധരുമായിരുന്നു. എന്നാൽ വടക്കൻ രാജ്യമായ ഇസ്രായേൽ അനേകം ഗോത്രങ്ങളുടെ ഒരു കൂട്ടായ്മയായിരുന്നു. തന്നെയുമല്ല, ഇസ്രായേൽ ഗോത്രത്തിൽ പെടാത്ത കാനാൻകാരും ആ രാജ്യത്തു ധാരാളമുണ്ടായിരുന്നു. രാജഭരണത്തിന്റെ ഗുണവശങ്ങളായ സംരക്ഷണവും സമൃദ്ധിയും സ്വാഗതം ചെയ്തപ്പോഴും തങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും അടിയറ വയ്ക്കാൻ ഗോത്രങ്ങൾ തയ്യാറായിരുന്നില്ല. രാജഭരണവും ഗോത്ര സ്വാതന്ത്ര്യവും തമ്മിലുള്ള സംഘട്ടനം ഇസ്രായേലിന്റെ അസ്ഥിരതയ്ക്ക് ഒരു മുഖ്യകാരണമായിരുന്നു. ഗോത്രങ്ങൾ തമ്മിലുള്ള ഐക്യം യൂദായിലേതുപോലെ ദൃഢമായിരുന്നില്ല. അതിനും പുറമേ ദാവീദിനെപ്പോലെ ഒരു സ്ഥാപക നേതാവ് ഇസ്രായേലിന് അവകാശപ്പെടാനുണ്ടായിരുന്നില്ല.

പ്രതിസന്ധികളിൽ അനുയോജ്യനെന്നു തോന്നിയ ഒരു നേതാ

വിനെ രാജാവാക്കാൻ അവർ സന്നദ്ധരായിരുന്നു. പ്രവാചകന്മാർ അതിനു പിന്തുണ നല്കുകയും ചെയ്തു. എന്നാൽ തങ്ങൾ രാജാവായി തിരഞ്ഞെടുത്ത ആളിന്റെ പുത്രനെ രാജാവായി സ്വീകരിക്കാനോ അയളുടെ രാജവംശത്തെ അംഗീകരിക്കാനോ അവർ തയ്യാറായിരുന്നില്ല. ജെറൊബൊവാമിനെ രാജാവായി സ്വീകരിച്ചവർ അയാളുടെ പുത്രനെ അംഗീകരിച്ചില്ല. ബാഷായെ രാജാവാക്കാൻ പ്രവാചകന്മാർ തന്നെ മുൻകൈ എടുത്തെങ്കിലും അയാളുടെ പുത്രനു പിന്തുണ ലഭിച്ചില്ല. സാഹചര്യത്തിനൊത്തുയരുന്ന കരിസ്മാറ്റിക് നേതൃത്വമാണ് വടക്കൻ ഗോത്രങ്ങൾ സ്വാഗതം ചെയ്തത്. ഈ നിലപാട് അതിരൂക്ഷമായ ആഭ്യന്തര കലാപങ്ങൾക്കു വഴി തെളിച്ചതേയുള്ളൂ. ബാഷായുടെ പുത്രനായ ഏലായെ വധിച്ച സേനാധിപൻ സിമ്രിക്ക് ഏഴു ദിവസമേ ഭരിക്കാൻ കഴിഞ്ഞുള്ളൂ. ഓമ്രി, തിബ്നി എന്ന രണ്ടു സേനാധിപന്മാർ തമ്മിൽ സിംഹാസനത്തിനുവേണ്ടി യുദ്ധം നടന്നു. ആ യുദ്ധത്തിൽ ഓമ്രിയാണ് ഇസ്രായേലിൽ സമാധാനം പുനഃസ്ഥാപിച്ചതും രാജ്യത്തിനു സൈനികവും സാമ്പത്തികവുമായ ഉറച്ച അടിത്തറ പാകിയതും. ഓമ്രി സ്ഥാപിച്ച രാജവംശം മൂന്നു തലമുറയായി ഏകദേശം അരനൂറ്റാണ്ടു നിലനിന്നു.

### i. നാദാബ് (ബി.സി. 910-909) 1രാജാ 15,25-32

ജെറൊബൊവാമിന്റെ പുത്രനായ നാദാബ് രണ്ടു വർഷം മാത്രമാണ് ഇസ്രായേലിൽ ഭരിച്ചത്. ഇസ്രായേലിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിൽ ദാൻ ഗോത്രത്തിനു നല്കപ്പെട്ട ഒരു നഗരമായിരുന്നു ഗിബത്തോൺ (ജോഷ്വാ 19,44). എന്നാൽ പില്ക്കാലത്ത് അത് ഫിലിസ്ത്യരുടെ കീഴിലായി. ആ നഗരം വീണ്ടെടുക്കാൻ വേണ്ടി നടന്ന യുദ്ധത്തിനിടയിൽ നാദാബിനെ സ്വന്തം സൈന്യാധിപനായ ബാഷാ വധിച്ചു (1 രാജാ 15,27). അഹിയാ പ്രവാചകൻ അറിയിച്ച കർത്താവിന്റെ വചനം അനുസരിച്ചാണ് ഇതു സംഭവിച്ചത് എന്നും ജെറോബൊവാമിന്റെ അവിശ്വസ്തതയാണ് ഇതിനു കാരണം എന്നും എടുത്തുപറയുന്നു (1 രാജാ 15,29-30).

### ii. ബാഷാ (ബി.സി. 909-886) 1 രാജാ 15,33-16,7

24 വർഷം ദീർഘിച്ച ബാഷായുടെ ഭരണത്തെക്കുറിച്ച് ഹനനിയായുടെ പുത്രനായ യേഹു പ്രവാചകൻ വഴി അറിയിക്കുന്ന കുറ്റോരോപണവും ശിക്ഷാവിധിയുമല്ലാതെ മറ്റൊന്നും പറയുന്നില്ല. യൂദായ്ക്കെതിരേ അയാൾ നടത്തിയ ആക്രമണത്തെക്കുറിച്ച് ആസായുടെ ചരിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത് നാം കണ്ടുകഴിഞ്ഞു. ബാഷായ്ക്കെതിരേ അവതരിപ്പിക്കുന്ന കുറ്റപത്രത്തിൽ (1 രാജാ 16,2) അയാൾ ജെറൊബൊവാമിനെ അനുകരിച്ചു എന്നല്ലാതെ എന്താണു ചെയ്തതെന്നു വ്യക്തമാക്കുന്നില്ല. അയാളുടെമേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധി (1 രാജാ 16,3-4) പിന്നീട് ഏലിയാ ആഹാബിനെതിരേയുള്ള ശിക്ഷാവിധിയിൽ ഉപയോഗിക്കുന്നതു കണാം( 1 രാജാ 21,24).

### iii. ഏലാ (ബി.സി. 886-885) 1 രാജാ 16,8-14)

ഇസ്രായേൽ സൈന്യം ഫിലിസ്ത്യ നഗരമായ ഗിബത്തോണിനെതിരേ യുദ്ധം ചെയ്തപ്പോൾ രാജാവായ ഏലാ തന്റെ ഒരു ഉദ്യോഗസ്ഥന്റെ ഭവനത്തിൽ മദ്യപിച്ചു ലക്കില്ലാതെ കിടക്കുകയായിരുന്നു. അത് അയാളെ വധിക്കാൻ ഒരു സേനാധിപനു സൗകര്യം നല്കി. ജനത്തെ വിഗ്രഹാരാധനയിലേക്കു നയിച്ചു എന്ന പൊതു ആരോപണം ഏലായ്ക്കെതിരേയും ഉന്നയിക്കുന്നു. ബാഷാ കുടുംബത്തിനെതിരേ യേഹു പ്രവാചകൻ പ്രഖ്യാപിച്ച കർത്താവിന്റെ ശിക്ഷാവിധി നിറവേറി. രണ്ടാമത്തെ രാജകുടുംബവും തുടച്ചുമാറ്റപ്പെട്ടു.

### iv. സിമ്രി (ബി.സി 885) 1 രാജാ 16,15-20

ഏലായുടെ കൊലപാതകത്തെത്തുടർന്ന് ഇസ്രായേൽ ആഭ്യന്തര കലാപത്തിൽ ആണ്ടുപോയി. തലസ്ഥാനമായ തിർസായിൽ സിമ്രി രാജാവായെങ്കിലും അയാൾക്കു പ്രവാചകന്മാരുടെയോ ജനത്തിന്റെയോ സൈന്യത്തിന്റെയോ പോലുമോ പിന്തുണ ലഭിച്ചില്ല. ഗിബത്തോണിലെ രണഭൂമിയിൽ വച്ച് സൈന്യം തങ്ങളുടെ നായകനായ ഓമ്രിയെ രാജാവായി പ്രഖ്യാപിച്ചു. തന്റെ നില അപകടത്തിലാണെന്നു മനസിലാക്കിയ സിമ്രി വെറും ഏഴു ദിവസം ദീർഘിച്ച രാജഭരണത്തിന് ആത്മഹത്യയിലൂടെ അന്ത്യം കുറിച്ചു.

### v. ഓമ്രി (ബി.സി. 885-874) 1 രാജാ 16,21-28)

തലസ്ഥാനം കീഴടക്കിയെങ്കിലും നാലുവർഷത്തെ ആഭ്യന്തര യുദ്ധത്തിനുശേഷമാണ് ഓമ്രിക്കു വടക്കൻ ഗോത്രങ്ങളുടെ മുഴുവൻ രാജാവാകാൻ കഴിഞ്ഞത്. തലസ്ഥാനം സമറിയായിലേക്കു മാറ്റി എന്നു മാത്രമേ വി.ഗ്രന്ഥകാരൻ ഓമ്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പറയുന്നുള്ളൂ. എന്നാൽ ഇസായേലിനെ ഭരിച്ച വലിയ രാജാക്കന്മാരിൽ ഒരാളായിരുന്നു ഓമ്രി എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. സമകാലിക അസീറിയൻ രേഖകളിൽ “ഓമ്രിയുടെ ഭവനം” എന്നാണ് ഇസ്രായേൽ രാജ്യത്തെ വിശേഷിപ്പിക്കുന്നത്.

ദാവീദിന്റെ ധീരതയും യുദ്ധനൈപുണ്യവും ദീർഘവീക്ഷണവും, സോളമന്റെ നയതന്ത്ര പാടവവും ഒത്തിണങ്ങിയ ഒരു വലിയ നേതാവാ

യിരുന്നു ഓമ്രി. ദാവീദ് ജെറുസലെം കീഴടക്കി തലസ്ഥാനമാക്കിയതു പോലെയാണ് ഓമ്രി സമറിയാമല വിലയ്ക്കു വാങ്ങി ഇസ്രായേലിന്റെ തലസ്ഥാന നഗരം പണിതത്. ഷെക്കെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ വടക്ക്, രാജപാതയുടെ സമീപം ഉയർന്നു നില്ക്കുന്ന വലിയ മലയാണ് സമറിയാ. ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കാനും ദേശത്തിന്റെ തെക്കുവടക്കുള്ള ഗതാഗതത്തെ നിയന്ത്രിക്കാനും ഏറ്റം ഉചിതമായ സ്ഥലമാണിത്. ഓമ്രിയും മകൻ ആഹാബും അവിടെ പണിയിച്ച കോട്ട ഏറ്റം ബലവത്തായ കോട്ടയായിരുന്നു. ഏതാണ്ട് ഒന്നര നൂറ്റാണ്ടിനുശേഷം ഇസ്രായേലിനെ ആക്രമിച്ച അസീറിയൻ സൈന്യത്തിന് രണ്ടു വർഷത്തെ ഉപരോധത്തിനു ശേഷമേ സമറിയാ കീഴടക്കാൻ കഴിഞ്ഞുള്ളൂ എന്നത് കോട്ടയുടെ ബലത്തിനും സംരക്ഷണ ക്ഷമതയ്ക്കും തെളിവാണ്. ഇസ്രായേലിലെ ഒരു ഗോത്രത്തിനും സ്വന്തമെന്ന് അവകാശപ്പെടാൻ കഴിയാത്ത സമറിയാ തലസ്ഥാനമാക്കിയത് എല്ലാ ഗോത്രങ്ങളോടും തുല്യഅകലം പാലിക്കാൻ സഹായിച്ചു.

അയൽ രാജ്യങ്ങളുമായി പുലർത്തിയ ബന്ധത്തിൽ ഓമ്രിയുടെ നയതന്ത്ര പാടവും പ്രകടമാകുന്നു. മധ്യധരണ്യാഴി തീരത്തെ ടയിർ വലിയൊരു അന്താരാഷ്ട്ര ശക്തിയായി വളർന്നു കഴിഞ്ഞിരുന്നു. ടയിർ രാജാവായ ഇത്തോബാലിന്റെ മകളെ തന്റെ മകനു ഭാര്യയായി നല്കിക്കൊണ്ട് ഇരു രാജ്യങ്ങളും തമ്മിൽ ഉടമ്പടി ഉണ്ടാക്കിയത് സോളമന്റെ നയതന്ത്രത്തെ അനുസ്മരിപ്പിക്കുന്നു. അമ്പതു വർഷത്തിലേറെ ഇസ്രായേലും യൂദായും തമ്മിൽ നിരന്തരയുദ്ധം നടന്നത് നാം കണ്ടുകഴിഞ്ഞു. സഹോദര രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം ഇരുകൂട്ടർക്കും കനത്ത നാശനഷ്ടങ്ങൾ വരുത്തിവച്ചു. ഒരു കക്ഷിക്കും വിജയം ലഭിക്കാത്തതും ഇരുകൂട്ടരെയും നശിപ്പിക്കുന്നതുമായ ഈ യുദ്ധങ്ങൾക്ക് അവസാനംക്കുറിച്ചത് ഓമ്രിയാണ്. യൂദായുമായി അയാൾ തുടങ്ങിവച്ച സഖ്യം പുത്രൻ ആഹാബ് ഒരു വിവാഹ ഉടമ്പടിയിലൂടെ കൂടുതൽ ബലപ്പെടുത്തി (2 രാജാ 8,18).

തെക്കും പടിഞ്ഞാറും അതിർത്തികൾ സഖ്യങ്ങളിലൂടെ സുരക്ഷിതമാക്കിയതിനുശേഷം ഓമ്രി വടക്കും കിഴക്കുമുള്ള അതിർത്തികളിലേക്ക് ശ്രദ്ധ തിരിച്ചു. സിറിയായുടെ ആധിപത്യത്തെ ഒതുക്കി നിർത്താനും ജോർദ്ദാന് കിഴക്ക് ഇസ്രായേലിനു നഷ്ടപ്പെട്ട പ്രദേശങ്ങളിൽ അമ്മോന്യരാജ്യം ഒഴികെ ബാക്കി മുഴുവൻ തിരിച്ചു പിടിക്കാനും അയാൾക്ക് കഴിഞ്ഞു. ഓമ്രി മൊവാബ്യരെ കീഴടക്കി സാമന്തരാക്കിയെന്നും ആഹാബിന്റെ കാലത്തും ഈ നില തുടർന്നുവെന്നും മൊവാബ്യ രാജവായുടെ



മെഷായുടെ ഒരു ശിലാലിഖിതത്തിൽ കാണുന്നു. ബി.സി. 840 നും 820 നും ഇടയ്ക്കാണ് ഇതെഴുതപ്പെട്ടത്. സാമാന്യം കെട്ടുറപ്പുള്ളതും ശക്തവുമായ ഒരു രാജ്യമാണ് ഓമ്രി പുത്രനു കൈമാറിയത്.

### iv. ആഹാബ് (ബി.സി. 874-853) 1 രാജാ 16,29-34

ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്ന വ്യക്തിയാണ് ഓമ്രിയുടെ മകൻ ആഹാബ്. രാജാക്കന്മാരുടെ പുസ്തകത്തിലെ അടുത്ത ഏഴ് അധ്യായങ്ങൾ അയാളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവരണത്തിനായി മാറ്റി വച്ചിരിക്കുന്നു. പ്രവാചകന്മാരിൽ അഗ്രഗണ്യനായ ഏലിയായുടെ രംഗ പ്രവേശനമാണ് ആഹാബിനെ പ്രശസ്തനാക്കിയത്. ആഹാബ് ടയിർ രാജാവിന്റെ മകളെ വിവാഹം ചെയ്തത് മറ്റെല്ലാ അതിക്രമങ്ങളെയുംകാൾ ഹീനമായ കുറ്റമായി ഇവിടെ എടുത്തുകാട്ടുന്നു (1 രാജാ 16,31). ‘പിതാവിന്റെ സഹോദരൻ’, ‘പിതാവിനെപ്പോലുള്ളവൻ’ എന്നാണ് ആഹാബ് എന്ന പേരിന്റെ അർത്ഥം. ‘ബാൽ ഉണ്ട്’ എന്ന അർത്ഥമാണ് ‘എത്ബാൽ’ എന്ന പേരിനുള്ളത്. ‘എവിടെയാണ് ബാൽ എന്ന ചോദ്യമാണ് ‘ജെസബെൽ’ എന്ന പേര്. അപ്രത്യക്ഷനായ ബാലിനെ അന്വേഷിക്കുന്നതായി കാനാൻകാർ നടത്തിയിരുന്ന ആരാധനോത്സവത്തിൽ നിന്നാണ് ഈ പേരുണ്ടായത്.

ജെസബെലിന്റെ സ്വാധീനത്തിലായ ആഹാബ് തലസ്ഥാന നഗരിയായി സമറിയായിൽ ബാൽ ക്ഷേത്രം പണിയുകയും അവിടെ ആരാധനയർപ്പിക്കുകയും ചെയ്തത് പ്രത്യക്ഷമായ വിശ്വാസ ത്യാഗമായിരുന്നു ജറൊബൊവാം കാളക്കുട്ടികളെ പ്രതിഷ്ഠിച്ചപ്പോഴും അത് യാഹ്വേയുടെ സാന്നിധ്യത്തിന്റെ അടയാളമായിട്ടാണ് കണ്ടത്. ആഹാബാകട്ടെ ബാലിനും അഷേറായ്ക്കും ആരാധനയർപ്പിക്കാൻ തുടങ്ങി. ഏറെ താമസിയാതെ, ബാൽ ആരാധന ഒരു ദേശീയ നയമായി അവതരിപ്പിക്കുകയും യാഹ്വേയ്ക്ക് ആരാധന അർപ്പിക്കുന്നതു തന്നെ കുറ്റകരമായി പ്രഖ്യാപിക്കുകയും ചെയ്തു. ബെഥേലിലെ ഹിയേൽ ജെറീക്കോ പുതുക്കി പണിതതും കർത്താവിനോടുള്ള ആഹാബിന്റെ അവിശ്വസ്തതയുടെ അടയാളമായി ചിത്രീകരിച്ചിരിക്കുന്നു (1 രാജാ 16,34). ശാപത്തോടെ ജോഷ്വാ വിലക്കു കല്പിച്ചിരുന്ന ജെറീക്കോയുടെ പുനർനിർമ്മാണം (ജോഷ്വാ 6,26) ആഹാബിന്റെ അംഗീകാരത്തോടെയാണ് നടന്നത് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ജോഷ്വായുടെ ശാപം നിറവേറിയെന്ന് എടുത്തു പറയുകയും ചെയ്യുന്നു. ആഹാബിന്റെ പ്രവർത്തനങ്ങൾ അടുത്ത അധ്യായത്തിൽ കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

**ചോദ്യങ്ങൾ**

1. ഇസ്രായേൽ സാമ്രാജ്യം പിളരാനുണ്ടായ കാരണങ്ങൾ ഏവ?
2. ജെറൊബൊവാമിനെതിരേ വി.ഗ്രന്ഥകാരൻ നിരത്തുന്ന ആരോപണങ്ങൾ ഏവ?
3. യൂദാ രാജാക്കന്മാരെ ദാവീദിനോടും ഇസ്രായേൽ രാജാക്കന്മാരെ ജെറൊബൊവാമിനോടും താരതമ്യം ചെയ്യുന്നതിനു കാരണമെന്ത്?
4. പഠന വിഷയമായ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട പ്രവാചകന്മാർ ആരെല്ലാം?
5. ബെഥേലിലേക്കു വന്ന പ്രവാചകന്റെ അനുഭവങ്ങളിൽ നിന്ന് പ്രവാചക ദൗത്യത്തെക്കുറിച്ച് എന്തുപാഠമാണ് ലഭിക്കുന്നത്?
6. ജെറൊബൊവാമിന്റെയും സാവൂളിന്റെയും ജീവിതങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
7. ആരാണ് അഷേറാ? എന്താണ് അഷേറാ പ്രതിഷ്ഠകൾ?
8. വിഗ്രഹാരാധനയെ വേശ്യാവൃത്തിയായി ചിത്രീകരിക്കുന്നതെന്തുകൊണ്ട്?
9. വടക്കൻ രാജ്യമായ ഇസ്രായേലിൽ ഭരണകാര്യത്തിലെ അസ്ഥിരതയ്ക്കുണ്ടായ കാരണങ്ങൾ വിശകലനം ചെയ്യുക.
10. ആസാ രാജാവിനെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത പുസ്തകത്തിലും നല്കിയിരിക്കുന്ന വിവരണങ്ങൾ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടുക.

**ചർച്ചയ്ക്ക്:** നേതൃത്വത്തിന്റെ നിഷേധാത്മകമായ ഒരു മാതൃകയാണ് റെഹൊബൊവാം. അയാളുടെ പ്രവർത്തന ശൈലിയും തീരുമാനങ്ങളും അപഗ്രഥിച്ച് പാളിച്ചകൾ കണ്ടുപിടിക്കുക. ഇപ്രകാരമുള്ള നേതാക്കന്മാർ ഇന്ന് സഭയിലും രാഷ്ട്രത്തിലും ഉണ്ടോ? നിങ്ങളുടെ തന്നെ ജീവിതത്തിൽ റെഹൊബൊവാമിന്റെ ശൈലി സ്വീകരിക്കാറുണ്ടോ?

2. എന്തിനു വേണ്ടിയാണ് ജെറൊബൊവാം തീർത്ഥാടന കേന്ദ്രങ്ങൾ നിർമ്മിച്ചത്? അയാളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇന്നത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രതിഫലിക്കുന്നുണ്ടോ? തീർത്ഥാടങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

**പ്രാർത്ഥന: 89-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.**



# 2. ഏലിയാ പ്രവാചകൻ

## 1 രാജാ 17,1-2 രാജാ 2,12; 2 ദിന 17-20

ബൈബിളിലെ അടുത്ത എട്ട് അധ്യായങ്ങൾ മുഖ്യമായും എലിയാ പ്രവാചകനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിക്കുന്നത്. തികച്ചും ആകസ്മികവും നാടകീയവുമായ വിധത്തിലുള്ള പ്രവാചകന്റെ രംഗപ്രവേശത്തോടെ ആരംഭിക്കുന്ന വിവരണം അദ്ദേഹത്തിന്റെ അത്ഭുതകരമായ തിരോധാനത്തോടെ സമാപിക്കുന്നു. ആഹാബ് രാജാവിന്റെ ഭരണ പശ്ചാത്തലത്തിലാണ് ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്നത്. ആഹാബിന്റെ സമകാലികനായ യൂദാ രാജാവ് യഹോഷാഫാത്തിനെയും ആഹാബിന്റെ പുത്രൻ അഹസിയായെയുംക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ ചുരുക്കമായി പ്രതിപാദിക്കുന്നുണ്ട്. മിക്കായാ, യേഹു, യെഹസിയേൽ, ഏലീഷാ, പേരു പറയാത്ത മറ്റു മൂന്നു പ്രവാചകന്മാർ എന്നിവരും ഈ ഭാഗത്ത് പരാമർശവിഷയമാകുന്നുണ്ടെങ്കിലും രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണത്തിൽ നിറഞ്ഞു നില്ക്കുന്നത് ഏലിയാ പ്രവാചകനാണ്. ഈ കാലഘട്ടത്തിന്റെ ചരിത്രം വിവരിക്കുന്ന ദിന വൃത്താന്ത ഗ്രന്ഥത്തിൽ യഹോഷാഫാത്തിന്റെ പ്രവർത്തനങ്ങളാണ് എടുത്തു കാട്ടുന്നത്. ഏലിയായെക്കുറിച്ച് ഒരു സൂചനപോലും നല്കുന്നില്ല. ഏലിയായുടെ പ്രവർത്തനങ്ങളും അതുവഴി നല്കപ്പെടുന്ന സന്ദേശവും ഗ്രഹിക്കാൻ ആ കാലഘട്ടത്തിന്റെ പ്രത്യേകതകൾ മനസിലാക്കുന്നതു സഹായകമായിരിക്കും.

### ചരിത്രപശ്ചാത്തലം

ഇസ്രയേലിൽ നടമാടിയിരുന്ന ആഭ്യന്തര കലാപങ്ങൾക്ക് അറുതി വരുത്തി സൈന്യാധിപനായ ഓമ്രി രാജഭരണം തുടങ്ങിയതും അദ്ദേഹം ഗണ്യമായ ചില നേട്ടങ്ങൾ കൈവരിച്ചതും കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. ഓമ്രി കുടുംബത്തിന്റെ ഭരണം ഏകദേശം അമ്പതു വർഷം നീണ്ടുനിന്നു. യൂദായുടെ ടയിറുമായി സമാധാനം സ്ഥാപിച്ചത് ദേശത്തിനു സമാധാനവും സമൃദ്ധിയും സംഭാവന ചെയ്തു. ആഹാബിന്റെ കാലത്തു രാജാവിന് തലസ്ഥാന നഗരമായ സമറിയായ്ക്കു പുറമേ ജെസ്രേലിൽ ഒരു വേനൽക്കാല വസതിയുമുണ്ടായിരുന്നു. രണ്ടു കൊട്ടാരങ്ങൾ രാജാവിന്റെ സമ്പത്തിനുള്ള സാക്ഷ്യമാണ്. പലസ്തീനായിലെ ഏറ്റം ശക്തവും മനോഹരവുമായ കോട്ടയായിരുന്നു സമറിയാ.

രാജകൊട്ടാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ ആനക്കൊമ്പു പതിച്ച ഗൃഹഭാഗങ്ങൾ പുരാവസ്തു ഗവേഷകവന്മാർ കണ്ടെത്തിയിട്ടുണ്ട്. ആഹാബിന്റെ "ദന്തഗൃഹ'ത്തെക്കുറിച്ചുള്ള ബൈബിളിലെ പരാമർശം (1 രാജാ 22,39 ഒരു സങ്കല്പ സൃഷ്ടിയല്ലെന്ന് ഇതുതെളിയിക്കുന്നു. സമ്പത്തിലും പ്രൗഢിയിയലും സോളമന്റെ ഒപ്പം എത്താൻ കഴിഞ്ഞില്ലെങ്കിലും ആഹാബിന്റെ കൊട്ടാരം അക്കാര്യത്തിൽ ഏറെ പിന്നിലായിരുന്നില്ല.

രാജാവ് ദന്തഗോപുരത്തിൽ വസിച്ചപ്പോൾ ജനത്തിൽ ഭൂരിഭാഗവും കടുത്ത ദാരിദ്ര്യത്തിലായിരുന്നു. തുടർച്ചയായ വരൾച്ചമൂലം നാട്ടിൽ കടുത്ത ക്ഷാമമുണ്ടായി (1 രാജാ 17,12). ക്ഷാമവും പട്ടിണിയും ദരിദ്രരെയാണല്ലോ ഏറ്റവും കൂടുതൽ ബാധിക്കുക. കൃഷിനാശം മൂലം കടം വാങ്ങാൻ നിർബന്ധിതരായ ചെറുകിട കർഷകർക്ക് വളരെവേഗം തങ്ങളുടെ കൃഷി ഭൂമിതന്നെ നഷ്ടപ്പെട്ടു. വീട്ടാൻ കഴിയാത്ത കടത്തിന്റെ പേരിൽ പലരും അടിമകളാക്കപ്പെട്ടു (2 രാജാ 4,1). പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും സമ്പന്നർക്കു തങ്ങളുടെ ആസ്തികൾ വർദ്ധിപ്പിക്കാനുള്ള അവസരങ്ങളായി. ഇതിനും പുറമെ രാജാവ് തനിക്ക് ഇഷ്ടപ്പെട്ട സ്ഥലങ്ങൾ ജപ്തിചെയ്യാനും വേണ്ടി വന്നാൽ അതിനായി ഭൂവുടമയെ കൊല്ലാനും മടിച്ചില്ല. നാബോത്തിന്റെ അനുഭവം ഒറ്റപ്പെട്ട സംഭവമായിരുന്നിരിക്കില്ല. രാജാവിന്റെ മാതൃക ഉയർന്ന രാജകീയോദ്യോഗസ്ഥന്മാരും നാട്ടിലെ സമ്പന്നരും അനുകരിച്ചു. സാമ്പത്തികവും സാമൂഹികവുമായ തലത്തിൽ സോളമന്റെ കാലത്തു തുടങ്ങിയ ഉച്ചനീചത്വം കൂടുതൽ രൂക്ഷമായി. ആമോസ് പ്രവാചകൻ അപലപിക്കുന്ന അനീതികൾ ആഹാബിന്റെ കാലത്തുതന്നെ ഗൗരവാവഹമായിത്തീർന്നിരുന്നു.

ജെസബെലിന്റെ സ്വാധീനത്താൽ മതമേഖലയിൽ വന്ന മാറ്റങ്ങൾ ഈ ഉച്ച നീചത്വങ്ങൾക്ക് ആക്കം കൂട്ടി. ഫലപുഷ്ടിയുടെ ദേവതകളായ ബാലിനെയും അഷേറായെയും ആരാധിക്കുന്നവളായിരുന്നു ജെസബെൽ ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനിന്ന അവളുടെ മതാത്മകകതയിൽ സാമൂഹിക നീതിക്കു സ്ഥാനമുണ്ടായിരുന്നില്ല. കാഴ്ചകൾ സ്വീകരിച്ച് അനുഗ്രഹങ്ങൾ വർഷിക്കുന്നവരാണ് അവൾ അവൾ ആരാധിച്ചിരുന്ന ദേവന്മാർ. ജനത്തിനു നീതി നടത്തിക്കൊടുക്കുക എന്നത് അവളുടെ ദൈവങ്ങളുടെയോ മതത്തിന്റെയോ കടമയായിരുന്നില്ല. അടിമകൾക്കു വിടുതലും പാവങ്ങൾക്കു നീതിയും നല്കുന്ന യാഹ്‌വേയിൽ നിന്നു തികച്ചും വ്യത്യസ്തരായിരുന്നു ആ ദൈവങ്ങൾ. യാഹ്‌വേയുടെ ഉടമ്പടിയോ ഉടമ്പടിയുടെ നിയമങ്ങളോ സ്വീകരിക്കാൻ ജെസബെൽ തയ്യാറായിരുന്നില്ല.

ശക്തനായ ടയിർ രാജാവിന്റെ മകളെ പ്രീതിപ്പെടുത്താൻവേണ്ടി



നട്ടെല്ലു വളച്ചുകൊടുത്ത ആഹാബ് തലസ്ഥാന നഗരിയിൽ ബാൽ ക്ഷേത്രം പണിതു. മരുഭൂമിയുടെ കാർക്കശ്യം നിറഞ്ഞുനിന്ന യാഹ്‌വേ ആരാധനയേക്കാൾ മേളക്കൊഴുപ്പുള്ള ബാൽ ആരാധനയും ഉത്സവാഘോഷങ്ങളും ഇസ്രയേലിൽ പലർക്കും കൂടുതൽ ആകർഷകമായി അനുഭവപ്പെട്ടു. ദേശത്തുണ്ടായിരുന്ന കാനാൻകാർ ഈ ആരാധനയെ പ്രോത്സാഹിപ്പിച്ചു. സാവകാശം നാടുമുഴുവൻ ബാൽ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും കൊണ്ടു നിറഞ്ഞു.

സാമൂഹികവും സാമ്പത്തികവും സർവ്വോപരി മതാത്മകവുമായ മേഖലയിൽ വന്ന ഈ മാറ്റങ്ങളെ ജനം ഒന്നടങ്കം അതേപടി അംഗീകരിക്കാൻ തയ്യാറായില്ല. യാഹ്‌വേയിലുള്ള വിശ്വാസത്തെ മുറുകെപ്പിടിച്ചവർ തങ്ങളുടെ വിശ്വാസത്തിന്മേലുള്ള ഈ കടന്നാക്രമണത്തെ ചെറുത്തു. രാജഭരണത്തിനെതിരേ പ്രതിരോധനിരകൾ ഉയർന്നു. പ്രവാചകന്മാർ എന്ന പേരിൽ അറിയപ്പെടുന്ന തീക്ഷ്ണമതികളായ യാഹ്‌വേ വിശ്വാസികൾ ഈ പ്രതിരോധത്തിന് നേതൃത്വം നല്കി. ഇത് ശക്തമായ അടിച്ചമർത്തലിനു വഴിയൊരുക്കി. ബാൽ രാജ്യത്തിന്റെ ദൈവമായി പ്രഖ്യാപിക്കപ്പെട്ടു. ബാൽ ആരാധന നിർബന്ധമാക്കി. യാഹ്‌വേയെ ആരാധിക്കുന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായിത്തീർന്നു. എതിർത്തവർ നിഷ്കരുണം വധിക്കപ്പെട്ടു. യാഹ്‌വേയുടെ ബലിപീഠങ്ങൾ തകർക്കപ്പെട്ടു.

ഇതു ജനത്തിനിടയിൽ വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചു. ഭരണകൂടത്തിന്റെ സകല സംവിധാനങ്ങളും തന്ത്രങ്ങളും ഉപയോഗിച്ചു നടത്തപ്പെട്ട ബാൽ ആരാധനയുടെ പ്രചരണവും യാഹ്‌വേ വിശ്വാസികൾക്കെതിരേയുള്ള അടിച്ചമർത്തലും അനേകരുടെ വിശ്വാസത്യാഗത്തിനു കാരണമായി. ജെസബെലിന്റെ ശമ്പളം പറ്റുന്ന പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും സംഖ്യ അനുദിനം പെരുകി. യാഹ്‌വേയിലുള്ള വിശ്വാസം കാത്തുസൂക്ഷിച്ച പ്രവാചകർ ഒളിവിലായി. രാജാവിന്റെ നീക്കങ്ങൾക്കെതിരേ നാവനക്കാർ ആരും ധൈര്യപ്പെട്ടില്ല. ഈ സാഹചര്യത്തിലാണ് തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ ഏലിയാ പ്രവാചകൻ രംഗപ്രവേശം ചെയ്തത്.

പഴയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ഏറ്റം വലിയ പ്രവാചകനാണ് ഏലിയാ. പ്രവാചകന്മാരുടെ മുഴുവൻ പ്രതീകവും പ്രതിനിധിയുമായി അദ്ദേഹം നിലകൊള്ളുന്നു. യാഹ്‌വേയിലുള്ള അടിപതറാത്ത വിശ്വാസവും സീനായ് ഉടമ്പടിയോടുള്ള വിട്ടുവീഴ്ചയില്ലാത്ത വിശ്വസ്തതയും ഏലിയായുടെ മുഖമുദ്രയായിരുന്നു. മോശ തുടങ്ങിവച്ച വിശ്വാസ പാരമ്പര്യം പൂർണ്ണമായി ഏറ്റുവാങ്ങി സർവ്വ ശക്തിയോടും കൂടെ പ്രഘോഷിച്ച പ്രവാചകനാണ് ഏലിയാ. കർത്താവിനു വേണ്ടി വിശ്വാസത്തിന്റെ

യുദ്ധങ്ങൾ നയിക്കാൻ ഏതു നിമിഷവും അരയും തലയും മുറുക്കി തയ്യാറായി നിന്ന ഒരു നാസീർ വ്രതസ്തനായിരുന്നു അദ്ദേഹം. അടിമകളുടെ നിലവിളി കേട്ട് അവരെ മോചിപ്പിക്കാനായി ഇറങ്ങി വന്ന, പുറപ്പാടു നയിച്ച, യാഹ്വേയാണ് ഏലിയാ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്ത ദൈവം.

വിഗ്രഹാരാധനയിലും അനീതിയിലും അസ്ഥിവാരമുറപ്പിച്ച രാജാവിനും രാജകീയ സംവിധാനങ്ങൾക്കും എതിരേ അദ്ദേഹം സന്ധിയില്ലാത്ത യുദ്ധം പ്രഖ്യാപിച്ചു. അനീതിയുടെ താവളമായിത്തീർന്ന രാജകൊട്ടാരത്തിലും വിഗ്രഹാരാധന നടമാടിയിരുന്ന ആരാധനാലയങ്ങളിലും നിഷ്കളങ്ക രക്തം തളം കെട്ടി കിടന്ന മുന്തിരിത്തോട്ടങ്ങളിലും ആ പ്രവാചകന്റെ ശബ്ദം പ്രതിധ്വനിച്ചു. അനീതി നിറഞ്ഞ ഭരണകൂടങ്ങളെ തകിടം മറിക്കാൻ ധൈര്യപൂർവ്വം അദ്ദേഹം കരുക്കൾ നീക്കി. പൂർത്തിയാക്കാൻ കഴിയാതെപോയ ദൗത്യം തുടർന്നു നിർവ്വഹിക്കാൻ പിൻഗാമിയെ ഏല്പിച്ചശേഷമാണ് ഏലിയാ ചരിത്രത്തിൽ നിന്നും പിൻ വാങ്ങിയത്. യുഗാന്ത്യത്തിൽ അദ്ദേഹം വീണ്ടും വരും എന്ന വിശ്വാസം പഴയ നിയമത്തിൽ രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ട് (മലാ 4,5; പ്രഭാ 48,10). ഈ പ്രതീക്ഷ സ്നാപക യോഹന്നാനിൽ പൂർത്തികരിക്കപ്പെട്ടു എന്ന് യേശു തന്ന സാക്ഷ്യപ്പെടുത്തി (മർക്കോ 9,13). യേശുക്രിസ്തുവിനെ മടങ്ങി വന്ന ഏലിയാ പ്രവാചകനായിട്ടാണ് സമകാലികരിൽ പലരും കണ്ടത് (മർക്കോ 6,15).

ഏലിയായുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അനേകം കഥകൾ ജനമധ്യത്തിൽ പ്രചാരത്തിലിരുന്നു. അവയിൽ ചിലതാണ് രാജാക്കന്മാരുടെ പുസ്തകങ്ങളിലെ അടുത്ത അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. അവതരണത്തിൽ കാലക്രമം കൃത്യമായി പാലിച്ചിട്ടുണ്ടെന്നു പറയാനാവില്ല. ഏലിയായുടെ ജീവചരിത്രം വിവരിക്കുകയല്ല ആ വലിയ പ്രവാചകനിലൂടെ പ്രഘോഷിക്കപ്പെട്ട രക്ഷാ സന്ദേശം അവതരിപ്പിക്കുകയാണ് വി.ഗ്രന്ഥകാരന്റെ ലക്ഷ്യം. മുൻ അധ്യായങ്ങളിൽ കണ്ടതുപോലെ ഇവിടെയും പ്രവചനവും അതിന്റെ പൂർത്തീകരണവും ഒരു മുഖ്യ പ്രമേയമാണ്. യാഹ്വേയുടെ നാമത്തിൽ എലിയാ മുൻകൂട്ടി അറിയിക്കുന്ന കാര്യങ്ങൾ അതേപടി സംഭവിക്കുന്നു. യാഹ്വേ മാത്രമാണ് ദൈവമെന്നും ഏലിയാ അവിടുത്തെ പ്രവാചകനാണെന്നും തെളിയിക്കുന്നതാണ് പ്രവചനങ്ങളുടെ പൂർത്തീകരണം. അതോടൊപ്പം കർത്താവിന്റെ കരുണയും നീതിയും ശക്തിയും വെളിപ്പെടുത്തുന്ന അനേകം അത്ഭുതങ്ങളും ഏലിയാ വഴി സംഭവിക്കുന്നതായി വി. ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നുണ്ട്. വിഗ്രഹങ്ങൾ ഉപേക്ഷിച്ച് പൂർണ്ണ ഹൃദയത്തോടെ കർത്താവിലേക്കു



തിരിയാനും നീതിയും ന്യായവും പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് ഈ വിവരണങ്ങളിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്നത്.

ഏലിയായുടെ രംഗപ്രവേശം മുതൽ തിരോധാനം വരെയുള്ള ചരിത്രം വിവരിക്കുന്ന എട്ട് അധ്യായങ്ങളെ പഠന സൗകര്യാർത്ഥം ഏഴു ഭാഗങ്ങളായി തിരിക്കാം. 1. ആരാണ് ദൈവം? 2. പുതിയ ദൈവാനുഭവം – പുതിയ ദൗത്യം. 3. വിജയം കർത്താവിന്റെ ദാനം. 4. നിഷ്കളങ്ക രക്തത്തിന്റെ നിലവിളി. 5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം. 6. യഹോഷാഫാത്ത് 7. അഗ്നിപ്രവാചകൻ.

### 1. ആരാണ് ദൈവം 1 രാജാ 17,1–18,46

തങ്ങളുടെ പിതാക്കന്മാർക്കു സ്വയം വെളിപ്പെടുത്തിയ ദൈവമായ കർത്താവിനെ പ്രലോഭനങ്ങൾക്കു വഴങ്ങിയും രാജ ശിക്ഷയെ ഭയന്നും ഇസ്രായേൽ ജനത്തിന്റെ ഭൂരിഭാഗവും ഉപേക്ഷിച്ച് ബാൽ ദേവനെ ആരാധിക്കാൻ തയ്യാറായ സാഹചര്യത്തിൽ ആരാണ് യഥാർത്ഥ ദൈവം എന്നു തെളിയിക്കുന്ന ചില സംഭവങ്ങളാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്.

### a. ഏലിയായും വരൾച്ചയും 1 രാജാ 17,1–7

യാതൊരു മുന്നറിയിപ്പും കൂടാതെയാണ് വി.ഗ്രന്ഥകാരൻ ഏലിയാ പ്രവാചകനെ രംഗത്ത് അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെക്കുറിച്ചോ, പ്രായത്തെക്കുറിച്ചോ യാതൊരു വിവരവും നല്കുന്നില്ല. "ഗിലയാദിലെ തീഷ്ബെയിൽ നിന്നുള്ള തീഷ്ബ്യനായ ഏലിയാഹു" (1 രാജാ 17,1) എന്നാണ് ഹീബ്രുമൂലത്തിൽ ഏലിയായെ വിശേഷിപ്പിച്ചിരിക്കുന്നത്. ജോർദ്ദാൻ നദിക്കു കിഴക്കുള്ള പ്രദേശമായ ഗിലയാദിന്റെ കിഴക്ക്, മരുഭൂമിയുടെ അതിർത്തിയിലുള്ള ഒരു ഗ്രാമമാണ് തിഷ്ബേ എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. "ഏലിയാഹു" എന്നാണ് ഹീബ്രുവിൽ പ്രവാചകന്റെ പേര്. "ഏലിയാ" എന്നത് ഗ്രീക്കു വിവർത്തനത്തിൽ നിന്നു വന്നതാണ്. "പ്രവാചകൻ" എന്ന വിശേഷണവും ഗ്രീക്കു വിവർത്തനത്തിലേ ഉള്ളൂ. "എന്റെ ദൈവം യാഹ്വേ" എന്നാണ് "ഏലിയാഹു" എന്ന പേരിന്റെ അർത്ഥം. പേരുതന്നെ ഒരു വിശ്വാസപ്രഖ്യാപനമാണ്.

"ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണേ" എന്ന വിശേഷണത്തിൽ പ്രവാചകൻ തന്നെയും ദൈവത്തെയുംക്കുറിച്ച് വ്യക്തമായ ഒരു വിശദീകരണം നല്കുന്നു. "ഇസ്രായേലിന്റെ ദൈവം" എന്ന പദപ്രയോഗം ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ചരിത്രത്തെയും ഒറ്റവാക്കിൽ ഒതുക്കുന്നു. അബ്രാഹത്തിന്റെ വിളിയും ഈജിപ്തിലെ മോചനവും എല്ലാം അനുസ്മരിപ്പിക്കുന്നതാണ് ഈ വിശേഷ

ണം. ഇസ്രായേലിലെ ഒരു ജനമാക്കിയത് യാഹ്‌വേ ആണെന്നും ഇസ്രായേലിന് മറ്റൊരു ദൈവമില്ലെന്നും ഇതിലൂടെ ഏറ്റുപറയുന്നു. ആഹാബും ജെസബെലും ആരാധിക്കുന്ന ബാൽ ഇസ്രായേലിന്റെ ദൈവമല്ല എന്ന ധ്വനിയും ഈ വിശേഷണത്തിലുണ്ട്. "ഞാൻ ആരുടെ മുമ്പിൽ നില്ക്കുന്നുവോ ആ ദൈവമായ.........." എന്നാണ് "ഞാൻ ശുശ്രൂഷിക്കുന്ന" എന്ന വിശേഷണത്തിന്റെ ഹീബ്രുമൂലം. രാജാവിന്റെ മുമ്പിൽ നിൽക്കുന്ന പ്രധാന മന്ത്രിയെപ്പോലെയാണ് യാഹ്‌വേയുടെ മുമ്പിൽ നിൽക്കുന്ന ഏലിയാ കർത്താവായ ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് ഏലിയാ ആഹാബിനെ നേരിടുന്നത്. "കർത്താവാണേ" എന്ന പ്രയോഗത്തിന്റെ ഹീബ്രുമൂലം "യാഹ്‌വേയുടെ ജീവനാണേ" എന്നത്രെ. കർത്താവിന്റെ ജീവനെ പണയം വച്ചുകൊണ്ടാണ് പ്രവാചകൻ സംസാരിക്കുന്നത്. താൻ പറയുന്നത് സംഭവിച്ചില്ലെങ്കിൽ കർത്താവിനു ജീവനില്ല എന്നാണ് ഈ ആണയിടലിന്റെ ധ്വനി.

ഫലപുഷ്ടിയുടെ ദേവനായിട്ടാണ് ബാൽ അറിയപ്പെട്ടിരുന്നത്. മഴയും മഞ്ഞും ബാലിന്റെ ദാനമായി കരുതപ്പെട്ടിരുന്നു. ബാൽ ആരാധനയുടെ കേന്ദ്രത്തിൽ തന്നെയാണ് പ്രവാചകൻ വെല്ലുവിളി ഉയർത്തുന്നത്. താൻ പറഞ്ഞിട്ടല്ലാതെ ഇനി മഴയോ മഞ്ഞോ ഉണ്ടായാൽ യാഹ്‌വേ ദൈവമല്ല എന്ന പ്രഖ്യാപനം ആരാണ് യഥാർത്ഥത്തിൽ ദൈവമെന്നു തെളിയിക്കാൻ പോന്നതാണ്. ദൈവമായ കർത്താവ് വെറും ഒരു ആശയമോ സങ്കല്പ സൃഷ്ടിയോ അല്ലെന്നും പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നുവനാണെന്നും ഈ പ്രഖ്യാപനത്തിലൂടെ ഏലിയാ അവകാശപ്പെടുന്നു. ബാൽ ആണ് ഫലപുഷ്ടിയിലൂടെ ദൈവമെങ്കിൽ മഴ പെയ്യിച്ച് അതു തെളിയിക്കട്ടെ എന്നതാണ് വെല്ലുവിളി. രാജാവിനെയും രാജാവ് ആരാധിക്കുന്ന ബാലിനെയും വെല്ലുവിളിച്ചതിനുശേഷം കർത്താവിന്റെ കല്പനയനുസരിച്ച് ഏലിയാ പോയി ജോർദ്ദാൻ നദിയുടെ കിഴക്ക് പാറക്കെട്ടുകൾക്കടിയിലുള്ള കെറീത്ത് അരുവിക്കു സമീപം ഒളിവിൽ കഴിഞ്ഞു (1 രാജാ 17,3-7). അരുവിയിലെ ജലവും കാക്കകൾ കൊണ്ടുവന്നുകൊടുത്ത അപ്പവും മാംസവുമായിരുന്നു ഏകനായി കഴിഞ്ഞ ഏലിയായുടെ ആഹാരം. അടുത്ത വചനത്തിനുവേണ്ടി അവിടെ അദ്ദേഹം ഏകാഗ്രചിത്തനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു.

**വിചിന്തനം:** വറ്റിക്കൊണ്ടിരിക്കുന്ന അരുവിയിലെ ജലവും കാക്കകൾ കൊണ്ടുവരുന്ന ആഹാരവും ഉറപ്പുള്ള സംരക്ഷണമല്ല. ഓരോ ദിവസവും അതിനായി കാത്തിരിക്കണം. കർത്താവു തന്നെ സംരക്ഷിച്ചുകൊള്ളും എന്ന വിശ്വാസമാണ് കാട്ടരുവിക്കരയിൽ ഏകനായി വസിക്കുന്ന ഏലിയാ പ്രകടമാക്കുന്നത്. നാളയെക്കുറിച്ചു വ്യഗ്രതപ്പെടാതെ, യാതൊരു കണക്കുകൂട്ടലുകളും കൂടാതെ, കർത്താവിന്റെ കരങ്ങളിൽ പൂർണ്ണമായി വിട്ടുകൊടുത്ത ജീവിതമായിരുന്നു ഏലിയായുടേത്. സമർപ്പിത ജീവിതത്തിന്റെ ഉത്തമ മാതൃക ഇവിടെ പ്രത്യക്ഷമാകുന്നു.



### b. വിധവയുടെ ആതിഥ്യം 1 രാജാ 17,8-24

കർത്താവു മാത്രമാണ് ദൈവമെന്നും ഏലിയാ അവിടുത്തെ യഥാർത്ഥ പ്രവാചകനാണെന്നും ഒരു വിജാതീയ സ്ത്രീയുടെ അനുഭവസാക്ഷ്യത്തിലൂടെ തെളിയിക്കുന്ന ഒരു സംഭവം അടുത്തതായി വിവരിക്കുന്നു. അരുവിയിലെ വെള്ളം വറ്റിയപ്പോൾ കർത്താവിന്റെ കല്പനയനുസരിച്ച് ഏലിയാ സറെഫ്ത്തായിലേക്കു പോയി. സീദോൻ നഗരത്തിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ തെക്കുള്ള ഒരു ചെറിയ പട്ടണമാണ് സറേഫ്ത്താ. ആഹാബിന്റെ രാജ്യാതിർത്തിക്കു പുറത്താണ് ഈ പട്ടണം. അതേ സമയം ജെസബെലിന്റെ പിതൃദേശത്താണത്. കലത്തിൽ അവശേഷിച്ചിരുന്ന ഒരുപിടി മാവുകൊണ്ട് അപ്പം ഉണ്ടാക്കി. തിന്നതിനു ശേഷം മരിക്കാൻ ഒരുങ്ങുന്ന വിധവയുടെയും മകന്റെയും അടുക്കലേക്ക് ദൈവം ഏലിയായെ അയച്ചു. ഒരു നേരത്തെ വിശപ്പടക്കാൻ പോലും തികയാത്ത ഭക്ഷണത്തിന്റെ ഒരുപങ്ക് അപരിചിതനായ യാത്രക്കാരനു നല്കാൻ തയ്യാറായ വിധവ സ്വയം മറക്കുന്ന ആതിഥ്യമര്യാദയുടെ മാതൃകയായി പ്രശോഭിക്കുന്നു. അവളുടെ വിശ്വാസവും ത്യാഗവും അത്ഭുതത്തിനു വഴിതെളിച്ചു. വരൾച്ച അവസാനിക്കുന്നതുവരെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും തീർന്നുപോയില്ല. അവളുടെ ത്യാഗ സന്നദ്ധത അവൾക്കും പുത്രനും പ്രവാചകനും ജീവൻ നിലനിർത്താൻ സഹായകമായി.

പ്രവാചകന്മാരെ സ്വീകരിക്കാൻ വിജാതീയരാണ് സന്നദ്ധരായതെന്നും പ്രവാചകന്മാരുടെ പ്രവർത്തനം വിജാതീയർക്കാണ് രക്ഷാകരമായതെന്നും ഈ സംഭവത്തെ ഉദ്ധരിച്ചുകൊണ്ട് യേശു നസ്രത്തിലെ സിനഗോഗിൽ വച്ചു പ്രസ്താവിച്ചു (ലൂക്കാ 4,25-26). തന്റെ പ്രവർത്തനത്തിന്റെയും തനിക്കു ലഭിച്ച സ്വീകരണത്തിന്റെയും ഒരു മുന്നോടിയായിട്ടാണ് ഏലിയായുടെയും വിധവയുടെയും അനുഭവത്തെ അവിടുന്ന് എടുത്തുകാട്ടിയത്. രൂക്ഷമായ ക്ഷാമമുണ്ടായപ്പോൾ ഇസ്രായേലിൽ അനേകം വിധവകളുണ്ടായിരുന്നിട്ടും ഒരു വിജാതീയ വിധവയുടെ അടുക്കലേക്ക് ദൈവം പ്രവാചകനെ അയച്ചത് ദൈവിക പരിപാലനയുടെ അഗ്രാഹ്യമായ ഒരു രഹസ്യമായി അവശേഷിക്കുന്നു. ദൈവത്തിന്റെ കാരുണ്യത്തിന് അതിരുകളില്ല; അതിന്മേൽ ആർക്കും അവകാശവാദം ഉന്നയിക്കാൻ കഴിയുകയുമില്ല. ബാലിന്റെ ദേശമെന്നു കരുതപ്പെട്ടിരുന്ന സീദോന്യരുടെ നാട്ടിലും കർത്താവിന്റെ ശക്തി പ്രകടമാകുന്നതിലൂടെ അവി

ടുന്നു മാത്രമാണ് ദൈവം എന്നു വെളിപ്പെടുകയും ചെയ്യുന്നു.

വിധവയുമായി ബന്ധപ്പെട്ട അടുത്ത സംഭവത്തിൽ (1 രാജാ 17,17 -24) ദൈവമായ കർത്താവ് ജീവന്റെ നാഥനായി പ്രത്യക്ഷപ്പെടുന്നു. മകൻ മരിച്ചതിന്റെ ദുഃഖത്തിൽ വിധവ ഏലിയായോടു ചോദിക്കുന്ന ചോദ്യം (1 രാജാ 17,18) ജനമധ്യേ നിലവിലിരുന്ന ഒരു വിശ്വാസം പ്രകടമാക്കുന്നതാണ്. ദൈവത്തിന്റെ അടുത്തു നില്ക്കുമ്പോൾ മനുഷ്യനിലെ ഏറ്റം നിസ്സാരമായ പാപങ്ങൾ പോലും വെളിപ്പെടും. ദൈവം അതിനു ശിക്ഷ നല്കുകയും ചെയ്യും. പ്രവാചകനിലൂടെ ദൈവം തന്റെ ഭവനത്തിലേക്കു വന്നു എന്നും അതു തന്റെ കുറ്റങ്ങൾ കണ്ടുപിടിച്ചു ശിക്ഷിക്കാൻവേണ്ടി ആയിരുന്നു എന്നുമാണ് വിധവ പറയുന്നത്. തനിക്കു സംഭവിച്ച അത്യാഹിതം ദൈവശിക്ഷയായി അവൾ വ്യാഖ്യാനിച്ചു. ഏതാണ്ട് ഇതേ മനോഭാവം തന്നെയാണ് ഏലിയായ്ക്കും ഉണ്ടായിരുന്നതെന്ന് ദൈവത്തിന്റെ മുമ്പിൽ അയാൾ ഉന്നയിക്കുന്ന പരാതിയിൽ നിന്ന് (1 രാജാ 17,20) കാണാം.

ഈ മനോഭാവത്തെ തിരുത്തിക്കുറിക്കുന്നതാണ് തുടർന്നു നടക്കുന്ന സംഭവം. അത്യാഹിതം എന്നു തോന്നുന്നതെല്ലാം ദൈവശിക്ഷ ആയിരിക്കണമെന്നില്ല. ദൈവിക പദ്ധതിയിൽ അത്യാഹിതങ്ങൾക്കും പ്രത്യേക ലക്ഷ്യവും സ്ഥാനവുമുണ്ട്. പുത്രന്റെ മരണം മാതാവിന്റെ പാപത്തിനുള്ള ശിക്ഷയല്ല, ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താനും മാതാവിനെയും പുത്രനെയും സത്യദൈവത്തിലേക്കു നയിക്കാനും വേണ്ടി ദൈവം തന്നെ അനുവദിച്ച ഒരു അവസരമായിരുന്നു. ഏലിയായുടെയും തീക്ഷ്ണമായ പ്രാർത്ഥനയ്ക്ക് ഉത്തരം എന്നോണം ദൈവം ബാലനു വീണ്ടും ജീവൻ നല്കി.

"അങ്ങ് ദൈവത്തിന്റെ മനുഷ്യനാണെന്നും അങ്ങയുടെ വാക്ക് സത്യമായും കർത്താവിന്റെ വചനമാണെന്നും ഇപ്പോൾ എനിക്കുറപ്പായി" (1 രാജാ 17,24) എന്ന വിശ്വാസ പ്രഖ്യാപനം സംഭവത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്നു. കർത്താവിനെയും അവിടുത്തെ പ്രവാചകനെയും ഏറ്റു പറയാൻ ഒരു വിജാതീയ വിധവ തയ്യാറായി. ജീവന്റെ നാഥൻ ബാൽ ദേവനല്ല, ദൈവമായ കർത്താവു തന്നെയാണ് എന്ന് വീണ്ടും തെളിയിക്കപ്പെട്ടു. ഇസ്രായേൽ ജനത്തെ ഒന്നടങ്കം ഈ വിശ്വാസത്തിലേക്കു നയിക്കുന്നതാണ് അടുത്ത സംഭവം.

**വിചിന്തനം:** സറേഫ്ത്തായിലെ വിധവ കഠിനമായി പരീക്ഷിക്കപ്പെട്ടു. തന്റെ ജീവൻ നിലനിർത്താൻ ആവശ്യമായ ആഹാരത്തിന്റെ പങ്ക് വഴി പോക്കനു നല്കാൻ ആവശ്യപ്പെട്ടതായിരുന്നു ആദ്യത്തെ പരീക്ഷണം. അപരിചിതനു സ്വന്തം വീട്ടിൽ അഭയം നല്കാനും തന്റെ ആഹാരത്തിന്റെ പങ്കു തുടർന്നും നല്കാനും അവൾ തയ്യാറായി. പുത്രന്റെ മരണം



അതിലും വലിയ പരീക്ഷണമായിരുന്നു. എന്നാൽ അവളുടെ ത്യാഗസന്നദ്ധതയും വിശ്വാസവും അവിടെയും വിജയിച്ചു. പ്രതിസന്ധികളിൽ പതറാതെ കർത്താവിൽ ആശ്രയിക്കാൻ പഠിപ്പിക്കുന്നതാണ് ഈ സംഭവം. നമുക്കുണ്ടാകുന്ന ഏത് അത്യാഹിതവും ദൈവത്തിന്റെ അറിവോടെയാണ് സംഭവിക്കുന്നതെന്നും ആത്യന്തികമായി അതു നമ്മുടെ നന്മയ്ക്കു വേണ്ടിയാണെന്നും വിശ്വസിക്കണം.

ആദ്യം കാക്കയും പിന്നെ ദരിദ്രയായ വിധവയും എലിയായ്ക്ക് ആഹാരം നല്കി. തന്നിൽ പൂർണ്ണമായി ആശ്രയിക്കുന്ന ദാസരെ കർത്താവ് അത്ഭുതകരമായ വിധത്തിൽ പരിപാലിക്കുന്നു. ഒട്ടും പ്രതീക്ഷിക്കാത്ത മേഖലകളിൽ നിന്നായിരിക്കും അവർക്കു സഹായം ലഭിക്കുന്നത്. മരിച്ച ബാലന്റെ ജീവൻ തിരിച്ചുകിട്ടാൻ വേണ്ടി ഏലിയാ നടത്തുന്ന പ്രാർത്ഥന കർത്താവിലുള്ള അടിപതറാത്ത വിശ്വാസത്തിന്റെ മാതൃകയാണ്. പ്രതിസന്ധികളിൽ പ്രത്യാശ കൈവെടിയാതെ പ്രാർത്ഥിക്കണം. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. വിധവയുടെ മകനെ പ്രാർത്ഥനയിലൂടെ പുനരുജ്ജീവിപ്പിച്ച ഏലിയാ നായിനിലെ വിധവയുടെ മകനു ജീവൻ നല്കിയ (ലൂക്കാ 7,11-17) യേശുവിന്റെ മുന്നോടിയണ്. ഈ രണ്ടു സംഭവങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. രണ്ടിടത്തും ഒരു വിധവയുടെ ഏകമകനാണ് ജീവൻ വീണ്ടുകിട്ടുന്നത്. പുനരുജ്ജീവനത്തിനുശേഷം ഏലിയായെ വിധവയും യേശുവിനെ ജനവും കർത്താവിന്റെ പ്രവാചകനായി ഏറ്റുപറയുകയും ചെയ്യുന്നു. പ്രാർത്ഥന സാധിച്ചു കഴിയുമ്പോൾ നന്ദിയോടെ കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ കാരുണ്യം ഏറ്റുപറയുകയും ചെയ്യണം എന്നും ഈ സംഭവങ്ങൾ പഠിപ്പിക്കുന്നു.

### c. അഗ്നി പരീക്ഷണം 1 രാജാ 18,1-46

ആഹാബിന്റെ മുമ്പിൽ ഏലിയാ ഉയർത്തിയ വെല്ലുവിളിയിൽ ഏലിയാ വിജയിച്ചു. മൂന്നു വർഷത്തേക്കു മഴ പെയ്തില്ല. ഇത് യാഹ്വേയുടെ വിജയവും ബാലിന്റെ പരാജയവുമായിരുന്നു. അടുത്ത സംഭവത്തിൽ രാജാവിനെയും ജനം മുഴുവനെയും സാക്ഷിയാക്കിക്കൊണ്ടാണ് ബാലിന്റെയും അഷേറായുടെയും പ്രവാചകന്മാരെ ഏലിയാ വെല്ലുവിളിക്കുന്നത്. സ്വന്തം ജീവൻ പണയം വച്ചുകൊണ്ടു നടത്തുന്ന വെല്ലുവിളി ജനത്തെ ഒന്നടങ്കം കർത്താവിലേക്കു തിരിയെ കൊണ്ടുവരാൻ വേണ്ടിയാണ്. ആരാണ് യഥാർത്ഥ ദൈവമെന്ന് കണ്ടെറിയാനും തീരുമാനമെടുക്കാനും ഈ സംഭവം ജനത്തിന് അവസരം നല്കുന്നു.

ആഹാബുമായി നടന്ന ആദ്യത്തെ കണ്ടുമുട്ടലിനുശേഷം മൂന്നാം

വർഷം കർത്താവ് ഏലിയായെ വീണ്ടും അയാളുടെ അടുക്കലേയ്ക്ക് അയച്ചു (1 രാജാ 18,1). ആദ്യത്തേത് വരൾച്ച വരുത്തും എന്ന സന്ദശവു മായിട്ടായിരുന്നു. രണ്ടാമത്തേത് വരൾച്ച അവസാനിപ്പിക്കാൻ പോകുന്നു എന്നറിയിക്കാനത്രെ. തന്റെ ജീവൻ വേട്ടയാടുന്ന ആഹാബു രാജാ വിന്റെയടുക്കലേക്കു പോകാൻ കല്പന കിട്ടിയ ഏലിയാ ഒട്ടും മടിക്കാതെ ഇറങ്ങിപ്പുറപ്പെട്ടു. (1 രാജാ 18,2). കർത്താവിന്റെ പ്രവാചകൻ നിർഭയനാ ണ്. ഏലിയായുടെ കാലത്തെ വരൾച്ച മൂന്നര വർഷം നീണ്ടുനിന്നു എന്ന യേശുവചനത്തിന് (ലൂക്കാ 4,25) പ്രതീകാത്മകമായ അർത്ഥമുണ്ട്. ക്ലേശ ങ്ങളുടെ കാലമാണ് മൂന്നര വർഷം. അത് കൃത്യമായ ഒരു കാലയളവ് ആയിരിക്കണമെന്നില്ല.

ഏലിയായും ആഹാബും തമ്മിലുള്ള കണ്ടുമുട്ടൽ വിവരിക്കുന്ന തിനുമുമ്പേ, ഒരു ഉപകഥയെന്നോണം ഒമ്പാദിയായുമായുള്ള സംഭാഷണം അവതരിപ്പിക്കുന്നു (1 രാജാ 18,3-16). രാജാവും പ്രധാനമന്ത്രിയും കുതി രകൾക്കു പുല്ലുതേടി പുറപ്പെടുന്നത് (1 രാജാ 18,5-6) ക്ഷാമത്തിന്റെ രൂക്ഷ തയ്ക്കു തെളിവാണ്. "യാഹ്‌വേയുടെ ദാസൻ" എന്നാണ് ഒബാദിയാ എന്ന പേരിന്റെ അർത്ഥം. പേരു സൂചിപ്പിക്കുന്നതുപോലെതന്നെ യാഹ്‌വേയുടെ വിശ്വസ്ത ദാസനായിരുന്നു ബാദിയാ. സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുതന്നെ അയാൾ യാഹ്‌വേയുടെ നൂറു പ്രവാ ചകന്മാരെ ഒളിവിൽ പാർപ്പിക്കുകയും ഭക്ഷണം കൊടുത്തു സംരക്ഷി ക്കുകയും ചെയ്തത് രണ്ടു തവണ എടുത്തു പറയുന്നു (1 രാജാ 18,4.13). ജെസബെൽ അഴിച്ചുവിട്ട മതപീഡനം എത്ര രൂക്ഷമായിരുന്നു എന്നു വ്യക്തമാക്കുന്നതൊടൊപ്പം അതിനെ ചെറുത്തുനിന്നവർ രാജകൊട്ടാര ത്തിൽ പോലും ഉണ്ടായിരുന്നു എന്ന സൂചനയും ഇതിലുണ്ട്. ബാലിനു മുമ്പിൽ മുട്ടു മടക്കാത്ത ഏഴായിരം പേരെക്കുറിച്ച് കർത്താവ് ഏലിയാ യോടു പറയുന്നത് (1 രാജാ 19,18) ഒമ്പാദിയായെപ്പോലുള്ളവരെ അനു സ്മരിപ്പിക്കുന്നു.

നേരിട്ട് ആഹാബിന്റെ മുമ്പിലേക്കു ചെല്ലുന്നതിനു പകരം താൻ എവിടെയുണ്ടെന്ന് അറിയിക്കാൻ ഓബാദിയായെ ചുമതലപ്പെടുത്തുക യാണ് ഏലിയാ ചെയ്യുന്നത് (1 രാജാ 18,9). ഇസ്രായേലിലും അയൽരാ ജ്യങ്ങളിലും മൂന്നുവർഷം അന്വേഷിച്ചിട്ടും കണ്ടെത്താത്ത ഏലിയായെ താൻ കണ്ടു എന്നു പറയുകയും എന്നാൽ രാജാവിനെയും കൂട്ടി വരു മ്പോൾ ഏലിയാ അപ്രത്യക്ഷനാവുകയും ചെയ്താൽ തന്റെ ജീവൻ നഷ്ട പ്പെടും എന്ന ഭയം ഒബാദിയാ തുറന്നു പറഞ്ഞു. "കർത്താവിന്റെ ആത്മാവ് ഞാൻ അറിയാത്ത ഏതെങ്കിലും സ്ഥലത്തേക്കു അങ്ങയെ കൊണ്ടുപോകും" (1 രാജാ 18,12) എന്ന പ്രസ്താവന ഏലിയായുടെ



പ്രവർത്തന ശൈലിയിലേക്കു വിരൽചൂണ്ടുന്നു. കർത്താവിന്റെ ആത്മാ വണ് അയാളെ നയിക്കുന്നത്. എപ്പോൾ എവിടെ പ്രത്യക്ഷപ്പെടണം എന്ന് ഏലിയാ അല്ല, ദൈവമാണു നിശ്ചയിക്കുക. ഏലിയായുടെ ജീവിതാ ന്ത്യവും ഇപ്രകാരം ഒരു കൊണ്ടുപോകലായിട്ടാണ് ചിത്രീകരിച്ചിരിക്കു ന്നത് (2 രാജാ 2,11). കർത്താവിന്റെ ജീവനെ സാക്ഷി നിർത്തി എലിയാ സത്യം ചെയ്തപ്പോൾ മാത്രമേ ഒബാദിയാ ആഹാബിനെ വിവരമറിയി ക്കാൻ തയ്യാറായുള്ളു.

കണ്ടുപിടിച്ചു വധിക്കാനായി മൂന്നു വർഷം താൻ അന്വേഷിച്ച ഏലി യായുടെ മുന്നിലെത്തുമ്പോൾ ആഹാബ് നിസ്സഹായനായിത്തീരുന്നു. 'ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്ന നീ തന്നെയോ ഇത്?" (1 രാജാ 18,17) എന്ന ചോദ്യത്തിൽ മരണശിക്ഷ വിധിക്കാൻ അധികാരമുള്ള രാജാവി ന്റേയല്ല, ശിക്ഷ പിൻവലിക്കാൻ യാചിക്കുന്ന പരാജിതന്റെ സ്വരമാണ് മുഴങ്ങുന്നത്. ഇസ്രായേൽ ജനം മുഴുവൻ കഷ്ടതയനുഭവിക്കുന്നെന്നും ഏലിയായാണ് അതിനു കാരണക്കാരൻ എന്നും പറയുന്നെങ്കിലും താൻ ആശ്രയിച്ച ബാലിനു തന്നെ രക്ഷിക്കാനായില്ല എന്നും പരോക്ഷമായി അയാൾ സമ്മതിക്കുന്നു. കർത്താവിന്റെ കല്പന ധിക്കരിച്ച് ബാൽ ദേവനെ സേവിച്ചതാണ് വരൾച്ചയുടെ കാരണം എന്ന് ഏലിയാ വിശദീ കരിക്കുന്നു (1 രാജാ 18,18). തുടർന്ന് രാജാവിനോടു കല്പിക്കുന്ന പ്രവാ ചകന്റെ ചിത്രമാണ് നാം കാണുന്നത്. എന്തിനുവേണ്ടിയാണ് ജന ത്തെയും ബാലിന്റെയും അഷേറായുടെയും പ്രവാചകന്മാരെയും കാർമ്മൽ മലയിൽ വിളിച്ചുകൂട്ടുന്നത് എന്ന് ഏലിയാ പറയുന്നില്ല. ഒരു ചോദ്യവും കൂടാതെ അനുസരിക്കാൻ ആഹാബ് നിർബന്ധിതനായി. "ജെസബെൽ പോറ്റുന്ന" എന്ന വിശേഷണം ബാൽ-അഷേറാ ദേവത കളുടെ ആരാധനയ്ക്ക് അവൾ നല്കിയ പ്രോത്സാഹനവും പിന്തുണയും എടുത്തുകാട്ടുന്നു.

മധ്യധരണ്യാഴിയുടെ തീരത്ത്, സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1800 അടി ഉയർന്നു നില്ക്കുന്ന മലയാണ് കാർമ്മൽ. അവിടെ സമ്മേ ളിച്ച ജനത്തെ ഉറച്ച ഒരു തീരുമാനമെടുക്കാൻ ഏലിയാ പ്രേരിപ്പിച്ചു (1 രാജാ 18,20-21). ബാലിനും യാഹ്‌വേയ്ക്കും ഇടയിൽ വ്യക്തമായി ഏതെ ങ്കിലും പക്ഷം ചേരാൻ ആവശ്യപ്പെട്ടെങ്കിലും ജനം നിശബ്ദരായിരുന്ന തേയുള്ളൂ. രാജാവിനോടുള്ള ഭയവും അവരുടെ തന്നെ മനസിലെ അവ്യ ക്തതയും ഇതിനു കാരണമായിട്ടുണ്ടാവാം. അതിനാൽ ഏലിയാ അടുത്ത പടിയായി ഒരു പരീക്ഷണം നിർദ്ദേശിച്ചു-ബാലിനും യാഹ്‌വേയ്ക്കും ഇട യിൽ ഒരു അഗ്നി പരീക്ഷണം നിർദ്ദേശിച്ചു-ബാലിനും യാഹ്‌വേയ്ക്കും ഇടയിൽ ഒരു അഗ്നിപരീക്ഷണം. സീറോഫെനീഷ്യൻ ജനത ആരാധി

ച്ചിരുന്ന ബാൽ ദേവൻ 'ബാൽ ഹദാദ്' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കൊടുങ്കാറ്റിന്റെയും മഴയുടെയും ദൈവമായിട്ടാണ് അവൻ പരിഗണിക്കപ്പെട്ടിരുന്നത്. ഇടിമിന്നലാണ് അവന്റെ ആയുധം. ഈ വിശ്വാസം ശരിയാണെങ്കിൽ ബാൽ അഗ്നി അയച്ച് ബലി സ്വീകരിക്കട്ടെ എന്ന് ഏലിയാ വീണ്ടും വെല്ലുവിളിച്ചു. ബാൽ ആരാധകരുടെ വിശ്വാസത്തിന്റെ തായവേരിനാണ് ഏലിയാ കത്തിവച്ചത്. അഗ്നി അയച്ചു ബലി സ്വീകരിക്കുന്നവനായിരിക്കും ദൈവം എന്ന പരീക്ഷണം ജനത്തിനു സ്വീകാര്യമായി. നൂറുകണക്കിന് ബാൽ പ്രവാചകന്മാരുടെയും ആയിരക്കണക്കിന് ജനങ്ങളുടെയും മുമ്പിൽ വച്ച് ഏലിയാ കർത്താവിന്റെ പേരിൽ തന്റെ ജീവൻ അപകടപ്പെടുത്തുകയായിരുന്നു.

ആകാശത്തിൽ നിന്ന് അഗ്നിയിറക്കാൻ ബാലിന്റെ പ്രവാചകന്മാർ നടത്തിയ വിഫലശ്രമമാണ് തുടർന്നു വിവരിക്കുന്നത് (1 രാജാ 18,25-29). സായാഹ്നം വരെ നീണ്ട അവരുടെ പ്രാർത്ഥനയും നിലവിളികളും ആത്മപീഢനവും ഒരു ഫലവും പുറപ്പെടുവിച്ചില്ല. ബാൽ വെറും ഒരു മിഥ്യാ സങ്കല്പമാണെന്ന് അവന്റെ പ്രവാചകന്മാരെയും ജനത്തെയും ബോധ്യപ്പെടുത്താൻവേണ്ടി ഏലിയാ ബാലിനെയും അവന്റെ ആരാധകരെയും പരിഹസിച്ചു. പ്രാർത്ഥന ഫലവത്താകാൻ വേണ്ടി പ്രവാചകർ കൂടുതൽ ഉച്ചത്തിൽ വിളിച്ചു. ബലിപീഠത്തിനു ചുറ്റും ഉറഞ്ഞുതുള്ളി. തങ്ങളെത്തന്നെ മുറിവേല്പിച്ചു. നമ്മുടെ നാട്ടിലെ "വെളിച്ചപ്പാടന്മാർ" നടത്തുന്ന തുള്ളലിനെ അനുസ്മരിപ്പിക്കുന്നതാണ് ബാൽ പ്രവാചകന്മാരുടെ പ്രാർത്ഥനാ ശൈലി. "ആരും ഉത്തരം നല്കിയില്ല" എന്ന് രണ്ടു തവണ ആവർത്തിച്ചുകൊണ്ട് (1 രാജാ 18,26-29) വിഗ്രഹാരാധനയുടെ വ്യർത്ഥത എടുത്തു കാട്ടുന്നു. പ്രാർത്ഥന കേൾക്കാനോ ഉത്തരം നല്കാനോ വിഗ്രഹങ്ങൾക്കു കഴിയുകയില്ല. ബാൽ ഒരു മിഥ്യാ സങ്കല്പം മാത്രമാണെന്നു തെളിഞ്ഞു.

ബാലിന്റെ പ്രവാചകന്മാരുടേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഏലിയായുടെ പ്രവൃത്തിയും പ്രാർത്ഥനയും. യാഹ്‌വേയുടെ തകർന്നു കിടന്ന ബലിപീഠം ജനം കാൺകെ പുനരുദ്ധരിക്കുകയാണ് ഏലിയാ ആദ്യമേ ചെയ്തത് (1 രാജാ 18,30-31). കാർമ്മൽ മലയിൽ യാഹ്‌വേയ്ക്ക് ഒരു ബലിപീഠമുണ്ടായിരുന്നെന്നും ജെസബലിന്റെ കല്പനപ്രകാരം അതു തകർത്തുകളഞ്ഞിരുന്നെന്നും ഇവിടെ സൂചനയുണ്ട്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പ്രതീകമായി പന്ത്രണ്ട് കല്ലുകൾകൊണ്ടു ബലിപീഠം പണിയുന്നത് ദൈവമായ കർത്താവ് അവരുമായി ചെയ്ത ഉടമ്പടിയിലേക്കും പന്ത്രണ്ടു ഗോത്രങ്ങളും തമ്മിൽ നിലനില്ക്കേണ്ട ഐക്യത്തിലേക്കും ശ്രദ്ധക്ഷണിക്കുന്നു. ബലിപീഠത്തോടൊപ്പം തകർന്നു



പോയിരുന്ന ഇവ രണ്ടും പുനരുദ്ധരിക്കാനാണ് ഏലിയാ ശ്രമിക്കുന്നത്. ബലിപീഠത്തിനു ചുറ്റും ചാലു കീറുകയും ബലി വസ്തുവിന്മേൽ വെള്ളം ഒഴിക്കുകയും ചെയ്തത് (1 രാജാ 18,32-35) സംഭവിക്കാൻ പോകുന്ന അത്ഭുതത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. മഴ പെയ്യിക്കാനുള്ള ഒരു മാന്ത്രിക വിദ്യയാണിതെന്ന ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം സ്വീകാര്യമല്ല. പത്തുലിറ്ററാണ് "ഒരളവ്" അതിനാൽ ആഴമുള്ള കാന കീറുകയല്ല. ബലിപീഠത്തിനു ചുറ്റും വെള്ളം കെട്ടിനില്ക്കത്തക്കവിധം ചെറിയൊരു തടമുണ്ടാക്കുകയാണ് ചെയ്തത് എന്ന് അനുമാനിക്കാം.

ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു ശേഷമാണ് ജറുസലെം ദേവാലയത്തിൽ സായാഹ്ന ബലിയർപ്പിക്കുക. ആ സമയമാണ് ഏലിയാ തന്റെ പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനുമായി തിരഞ്ഞെടുത്തത്. ഏലിയായുടെ പ്രാർത്ഥനയിൽ അഗാധമായ എളിമയും അടിപതറാത്ത വിശ്വാസവും പ്രകടമാകുന്നു (1 രാജാ 18,36-37). "അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രയേലിന്റേയും ദൈവമായ കർത്താവേ" എന്ന അബിസംബോധന രക്ഷാ ചരിത്രത്തെ മുഴുവൻ അനുസ്മരിക്കുന്നതാണ്. ലളിതവും കാര്യമാത്ര പ്രസക്തവുമായ പ്രാർത്ഥനയിൽ അഗ്നിയിറക്കാനോ മഴ പെയ്യിക്കാനോ ഏലിയാ യാചിക്കുന്നില്ല. യാഹ്‌വേ മാത്രമാണ് ദൈവം എന്നു ജനത്തിനു ബോധ്യമാകണം. പ്രാർത്ഥന തീരുന്നതിനു മുമ്പേ മറുപടിയുണ്ടായി, ചുറ്റിലും നിന്നവർക്ക് അപകടമുണ്ടാക്കാതെ ബലിവസ്തു മാത്രം ദഹിപ്പിച്ചു. ജനത്തിന്റെ ഭാഗത്തു നിന്ന് ഏലിയാ പ്രതീക്ഷിച്ച പ്രതികരണമുണ്ടായി. കർത്താവു തന്നെയാണ് ദൈവം എന്ന് അവർ ഏറ്റു പറഞ്ഞു (1 രാജാ 18,39).

ബാലിന്റെ പ്രവാചകന്മാരെ പിടികൂടി വധിക്കുന്നത് ക്രൂരമായി തോന്നാം. ജനത്തെ വഴിതെറ്റിക്കുന്ന വ്യാജ പ്രവാചകർക്കെതിരേ നിശ്ചയിച്ചിട്ടുള്ള ശിക്ഷാവിധി (നിയ 13,5) നടപ്പിലാക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. വ്യക്തിപരമായ പ്രതികാരം എന്നതിനേക്കാൾ തിന്മയെ ദേശത്തു നിന്ന് ഉന്മൂലനം ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. കാർമ്മൽ മലയിൽ നടന്നത് ബാൽ ദേവനും യാഹ്‌വേയും തമ്മിലുള്ള ഒരു യുദ്ധമായി പരിഗണിക്കാമെങ്കിൽ പരാജിതരെ ഒന്നടങ്കം ജേതാവായ ദൈവത്തിനു ബലിയർപ്പിക്കുന്നതായും (ജോഷ്വാ 6,17) കരുതാവുന്നതാണ്.

യാഹ്‌വേ മാത്രമാണ് ദൈവമെന്ന് രാജാവിനെയും ജനത്തെയും ബോധ്യപ്പെടുത്തുകയും അവരെ മാനസാന്തരത്തിലേക്കു നയിക്കുകയും മായിരുന്നു വരൾച്ചയുടെയും കാർമ്മൽ മലയിലെ ബലിയുടെയും ലക്ഷ്യം. അതു നിറവേറിക്കഴിഞ്ഞപ്പോൾ ആഹാബ് കേൾക്കാൻ ആഗ്രഹിച്ച

വചനം ഏലിയാ അറിയിച്ചു: "വലിയമഴയിരുമ്പുന്നു" (1 രാജാ 18,41). ഒരു തുണ്ടു മേഘം പോലും ആകാശത്തെങ്ങും കാണാനില്ല, ഇടിമുഴക്കത്തിന്റെ സ്വരം ഒരു കാതിനും കേൾക്കാനും കഴിഞ്ഞില്ല. എന്നാലും മഴ വരുന്നെന്ന് പ്രവാചകൻ ഉറച്ചു വിശ്വസിച്ചു. മറ്റാർക്കും കേൾക്കാൻ കഴിയാത്തത് ദൈവസ്വരത്തിനു കാതോർക്കുന്ന പ്രവാചകന് കേൾക്കാൻ കഴിഞ്ഞു.

കാൽമുട്ടുകൾക്കിടയിൽ മുഖം അമർത്തി, നിലം പറ്റെ കുനിഞ്ഞിരിക്കുന്ന ഏലിയാ (1 രാജാ 18,42) ഏകാഗ്രവും വിനയാന്വിതവുമായ പ്രാർത്ഥനയുടെ മാതൃകയാണ്. ആറു തവണയും നിഷേധാത്മക മറുപടിയുമായി സേവകൻ മടങ്ങി വന്നിട്ടും ഏലിയാ സംശയിക്കുകയോ നിരാശനാവുകയോ ചെയ്തില്ല. ഏഴാം തവണ ദൂതൻ മടങ്ങി വന്നത് സന്തോഷവാർത്തയുമായിട്ടാണ് (1 രാജാ 18,43-44). മനുഷ്യകരത്തിന്റെ വലുപ്പമുള്ള ചെറിയ മേഘം മധ്യധരണ്യാഴിയിൽ നിന്ന് ഉയർന്നു വരുന്നു എന്നു കേട്ടപ്പോൾ ഏലിയാ എഴുന്നേറ്റ് ആഹാബിനു മുന്നറിയിപ്പു നല്കി. കാർമ്മൽ മലയിൽ നിന്ന് ഏകദേശം 24 കിലോമീറ്റർ അകലെയാണ് ജെസ്രേൽ. മഴമൂലം വഴിയിലുണ്ടാകുന്ന ചളിയിൽ രഥചക്രങ്ങൾ താണുപോകാതിരിക്കാൻ വേണ്ടിയാണ് വേഗം പുറപ്പെടാൻ രാജാവിനോട് പറഞ്ഞത്. രഥത്തിനു മുമ്പേ ഓടുന്ന ഏലിയാ അമാനുഷ ശക്തി പ്രകടമാക്കുന്നു. കർത്താവിന്റെ കരം 'ഏലിയായുടെ മേൽ വന്നു' (1 രാജാ 18,46) എന്ന വിശദീകരണം അദ്ദേഹത്തിന്റെ ശക്തിയുടെ ഉറവിടം എന്തെന്ന് വെളിവാക്കുന്നു.

**വിചിന്തനം:** തിന്മ തേർവാഴ്ച നടത്തുന്ന ഒരു സമൂഹത്തിൽ നന്മയെ മുറുകെ പിടിക്കുന്നവർക്ക് എന്തു ചെയ്യാനാവും എന്നതിന്റെ ഒരുദാഹരണമാണ് ഒബാദിയാ. അയാൾ ഒളിച്ചോടിയില്ല. ജീവൻ അപകടപ്പെടുത്തിക്കൊണ്ടും തന്റെ വിശ്വാസം കഴിയുന്നത്ര കാത്തു സൂക്ഷിക്കാനും യാഹ്‌വേ വിശ്വാസികൾക്കു സംരക്ഷണം നല്കാനും ശ്രമിച്ചു. അഴിമതിയും അക്രമവും നടമാടുന്ന സമൂഹത്തിൽ നീതിബോധമുള്ളവർക്ക് ഇത്രയെങ്കിലും ചെയ്യാനാവും. സർക്കാരാപ്പീസുകളിലും രാഷ്ട്രീയപാർട്ടികളിലും സമൂഹത്തിന്റെ മറ്റു തുറകളിലും ഈ ഉദാഹരണം പ്രസക്തമാണ്. തിന്മ നിറഞ്ഞ സമൂഹത്തിൽ നിന്ന് ഒളിച്ചോടാനല്ല, നന്മയുടെ ഉപ്പും പുളിമാവുമായി വർത്തിക്കാനാണ് യേശുനാഥൻ പഠിപ്പിച്ചത്. ആദർശങ്ങൾ ബലി കഴിക്കാതെ, ഉറച്ച ബോധ്യത്തോടെ നിലനില്ക്കുന്നവർക്കു സമൂഹത്തെ നന്മയിലേക്കു നയിക്കാൻ കഴിയും.

ഏലിയായുടെ പ്രവർത്തനങ്ങൾ ആഹാബിനെ അസ്വസ്ഥനാക്കി. പ്രവാചകന്മാർ അസ്വസ്ഥത സൃഷ്ടിക്കുന്നവരാണ്. ദനം, ഭോഗാസക്തി



മുതലായ വിഗ്രഹങ്ങളെ വച്ചു പൂജിക്കുകയും അനീതിയിൽ അടിയുറച്ചിരിക്കുകയും ചെയ്യുന്നവർക്ക് പ്രവാചകന്മാരുടെ സാന്നിധ്യം ഭീഷണിയായിത്തീരുന്നു. യാഥാർത്ഥ പ്രവാചകന്മാരെ കലാപകാരികളും സമാധാന ഭഞ്ജകരുമായി അവർ ചിത്രീകരിക്കും. യേശുവിന്റെ മുമ്പിൽ പൈശാചിക ശക്തി ഉന്നയിച്ചതും ഇതേ ആരോപണമാണ് (മർക്കോ 1,24). ദൈവവചനം നമ്മുടെ മനസിൽ അസ്വസ്ഥത സൃഷ്ടിക്കുന്നുണ്ടോ? നമ്മുടെ സുവിശേഷ പ്രഘോഷണം നിലവിലിരിക്കുന്ന അനീതി നിറഞ്ഞ സംവിധാനങ്ങളെ ചോദ്യം ചെയ്യാനും തിരുത്താനും സഹായിക്കുന്നതാണോ? അതോ ഈ ലോകവുമായി ബന്ധപ്പെടാത്ത വെറും വ്യർത്ഥ വാഗ്ദാനങ്ങളും ഉപദേശങ്ങളും മാത്രമായിത്തീരുന്നുണ്ടോ? ഏറെ നാൾ ഇരുട്ടിൽ കഴിഞ്ഞവർക്ക് പ്രകാശം കാണുമ്പോൾ കണ്ണു വേദനിക്കും. അപ്പോൾ വെളിച്ചത്തേക്കാൾ ഇരുട്ടു മെച്ചമായി തോന്നും പക്ഷേ പ്രകാശത്തിലേക്കു നയിക്കുന്ന വേദന ഒവിവാക്കുകയല്ല പ്രവാചകധർമ്മം. ആശ്വസിപ്പിക്കുകയല്ല, സുഖപ്പെടുത്തുകയാണ് പ്രവാചകന്റെ കടമ-സുഖപ്പെടുത്തൽ പലപ്പോഴും വേദനാജനകമാണെങ്കിൽ പോലും.

രണ്ടു വഞ്ചിയിൽ കാലു വച്ചു നീങ്ങാതെ വ്യക്തമായ ഒരു തീരുമാനമെടുക്കാൻ ഏലിയാ ജനത്തെ പ്രേരിപ്പിച്ചു. ഇന്നു സമൂഹത്തിന്റെ എല്ലാ തലത്തിലും, രാഷ്ട്രീയത്തിലും മതമേഖലയിലും, ഈ തീരുമാനം അത്യാവശ്യമായിരുന്നു. മാമോനെയും ദൈവത്തെയും ഒരുമിച്ചു സേവിക്കാനുള്ള പ്രലോഭനം ക്രൈസ്തവസന്യാസ സഭകളെയും സഭാനേതൃത്വത്തെയും പോലും ബാധിച്ചിരിക്കുന്നതായി തോന്നും. ഏലിയാ നടത്തിയ ആഹ്വാനം കൂടുതൽ ശക്തവും വ്യക്തവുമായി യേശു ആവർത്തിച്ചു (മത്താ 6,24), മാമ്മോനെതിരേ ദൈവത്തിന്റെ പക്ഷം ചേരുക ഇന്ന് വലിയ നഷ്ടങ്ങൾക്കും പ്രശ്നങ്ങൾക്കും ഇടയാക്കും എന്നതിൽ സംശയമില്ല. ആ നഷ്ടം സഹിക്കാൻ തയ്യാറാകുന്നവർക്കേ യേശുവിന്റെ അനുയായികളാണ് തങ്ങൾ എന്ന് അവകാശപ്പെടാൻ കഴിയൂ. അവർ മാത്രമേ യേശുവിന്റെ വിശ്വസനീയ സാക്ഷികളാകൂ. ഈ സാക്ഷ്യത്തിന്റെ അഭാവമല്ലേ ഇന്നു നമ്മുടെ സമൂഹത്തിൽ ഇത്രമാത്രം അഴിമതിയും ധനമോഹവും സുഖാസക്തിയും വർദ്ധിക്കാൻ കാരണം?

എണ്ണൂറ്റമ്പതു പ്രവാചകന്മാർക്കെതിരെ ഭൗതികമായ യാതൊരു സംവിധാനങ്ങളുടെയും പിന്തുണയില്ലാതെ, ഏലിയാ ഒറ്റയ്ക്കു നിന്നു. മാനവസമൂഹത്തിന്റെമേൽ സമൂല നാശത്തിന്റെ കരിനിഴൽ പടർത്തുന്ന മരണ സംസ്കാരത്തിനെതിരേ ഉറച്ച നിലപാടു സ്വീകരിക്കാൻ ഏലിയായുടേതുപോലുള്ള പതറാത്ത വിശ്വാസവും അടങ്ങാത്ത തീക്ഷ്ണതയും തീവ്രമായ പ്രാർത്ഥനയും കൈമുതലാക്കിയ പ്രവാചകന്മാർ ഇന്നിന്റെ

ആവശ്യമാണ്.

## 2. പുതിയ ദൈവാനുഭവം – പുതിയ ദൗത്യം 1 രാജാ 19,1–21

കാർമ്മൽ മലയിലെ വിജയം താൽക്കാലികമായിരുന്നു. ബാൽ ദേവന്റെമേൽ കർത്താവ് വിജയം വരിച്ച സദ്‌വാർത്ത അറിയിക്കാനെന്നോണം രാജരഥത്തിനു മുമ്പേ, അതിനുമാനുഷ ശക്തിയോടെ ജെസ്രേലിലേക്ക് ഓടി വന്ന ഏലിയായ്ക്കു ലഭിച്ചത് ജെസബെലിന്റെ വധഭീഷണിയാണ്. തുടർന്നു വിവരിക്കുന്ന സംഭവങ്ങൾ പ്രവാചകന്റെ വ്യത്യസ്തമായൊരു ചിത്രം അവതരിപ്പിക്കുന്നു. ദൈവത്തെയും തന്റെ ദൗത്യത്തെയുംക്കുറിച്ച് ഏലിയായ്ക്ക് പുതിയ അവബോധം നല്കുന്നതാണ് ജെസ്രേലിൽ നിന്നുള്ള പലായനവും ഹോറെബിലെ ദൈവാനുഭവവും. ഈ അധ്യായത്തെ മൂന്നു ഭാഗമായി തിരിക്കാം. *a. ഹോറെബിലേക്കുള്ള യാത്ര, b. പുതിയ ദൈവാനുഭവം, c. പിൻഗാമി.*

### a. ഹോറെബിലേക്കുള്ള യാത്ര 1 രാജാ 19,1–8

ബലിപീഠത്തിലിറങ്ങിയ അഗ്നിയും തുടർന്നുണ്ടായ കനത്ത മഴയും ആഹാബിനെ യഥാർത്ഥമായ മാനസാന്തരത്തിലേക്കു നയിച്ചില്ല. അത്ഭുതം കാണുന്നവരെല്ലാം വിശ്വസിക്കണമെന്നില്ലല്ലോ? സംഭവിച്ച കാര്യങ്ങൾ ആഹാബിൽ നിന്ന് അറിഞ്ഞ ജെസബെൽ ഏലിയായ്ക്കെതിരേ വധഭീഷണി മുഴക്കി (1 രാജാ 19,1–2). ഏലിയായെ വധിക്കാനായിരുന്നെങ്കിൽ അവൾ ദൂതനെ അയച്ചു മുന്നറിയിപ്പ് നല്കുകയില്ലായിരുന്നു. തനിക്കും താൻ പ്രചരിപ്പിക്കുന്ന ബാൽ വിശ്വാസത്തിനും ഭീഷണിയായ യാഹ്‌വേയുടെ പ്രവാചകനെ നാട്ടിൽ നിന്ന് ഓടിക്കുകയായിരുന്നു അവളുടെ ലക്ഷ്യം. ഏലിയാ നാടുവിട്ടാൽ കാർമ്മൽ മലയിൽ വച്ചു വിശ്വാസപ്രഖ്യാപനം നടത്തിയ ജനം വീണ്ടും തന്റെ വഴിക്കു വരും എന്ന് ജെസബെൽ കരുതി. യേശുവിനെതിരേ ഹേറോദേസ് ഉയർത്തിയ ഭീഷണിയുമായി (ലൂക്കാ 13,31) ഇതിനു സാമ്യമുണ്ട്.

ജെസബെൽ പ്രതീക്ഷിച്ചപോലെ സംഭവിച്ചു. ഏലിയാ ഭയന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്തു (1 രാജാ 19,3). യൂദായുടെ തെക്കെ അതിർത്തിയിൽ, ജെസ്രേലിൽ നിന്ന് ഏകദേശം 150 കിലോമീറ്റർ തെക്കാണ് ബേർഷെബാ. യൂദാ ഇസ്രായേലുമായി സഖ്യത്തിലായിരുന്നതിനാൽ അവിടെയും തനിക്ക് സുരക്ഷിതത്വമില്ലെന്നു കരുതി ഏലിയാ സേവകനെ പറഞ്ഞയച്ചതിനുശേഷം തനിയേ മരുഭൂമിയിലേക്കു പോയി. പരാജിതനും ക്ഷീണിതനുമായ അയാൾ മരിക്കാൻ ആഗ്രഹിച്ച് ഒരു വാടാമുൾച്ചെടിയുടെ പരിമിതമായ തണലിൽ കിടന്നു (1 രാജാ 19,4–5). ചുള്ളിക്കമ്പുകളായി ഏകദേശം പത്തടി ഉയരത്തിൽ മരുഭൂമിയിൽ വളരുന്ന ഒരിനം കുറ്റിച്ചെടിയാണ് വാടാമുൾച്ചെടി. ഏലിയായുടെ പ്രാർത്ഥനയിൽ



പരാജയ ബോധവും ഭയവും ആഴമേറിയ ദുഃഖവും പ്രതിധ്വനിക്കുന്നു. ജീവിതത്തിന്റെ അവസാനത്തിലെത്തിയ, നിരാശയ്ക്ക് അടിപ്പെട്ടുപോയ ഒരു സാധാരണ മനുഷ്യന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. കാർമ്മലിലെ ധീരതയും ലക്ഷ്യബോധവും പൂർണ്ണമായും നഷ്ടപ്പെട്ടതുപോലെ തോന്നും. മരിക്കുക എന്ന ഒറ്റ ആഗ്രഹമേ ഇനി അവശേഷിച്ചിട്ടുള്ളു. എന്നാൽ സ്വയം ജീവൻ ഒടുക്കുകയല്ല, തന്റെ ജീവൻ എടുക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുകയാണ് ഏലിയാ ചെയ്യുന്നത്.

മനസും ശരീരവും തളർന്ന പ്രവാചകനെ കർത്താവ് കൈവെടിയുന്നില്ല. മരുഭൂമിയിലെ മുൾച്ചെടിയുടെ ചുവട്ടിൽ ഏകനായി തളർന്നു കിടന്നുറങ്ങിയ ഏലിയായെ കർത്താവിന്റെ ദൂതൻ രണ്ടു തവണ തട്ടിയുണർത്തി, അപ്പവും വെള്ളവും കൊടുത്തു ശക്തിപ്പെടുത്തി. അയാളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഇനിയും പൂർത്തിയായിട്ടില്ല എന്ന സൂചനയാണ് "അല്ലെങ്കിൽ യാത്ര ദുഷ്ടകരമായിരിക്കും" (1 രാജാ 19,7) എന്ന മുന്നറിയിപ്പിലുള്ളത്. ഹോറെബിലേക്കുള്ള യാത്രയെ മാത്രമല്ല, കർത്താവ് ഏൽപിക്കുന്ന മുഴുവൻ ദൗത്യത്തെയുമാണ് "യാത്ര" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

ബേർഷെബായിൽ നിന്ന് ഏകദേശം 500 കി.മീ തെക്കാണ് ഹോറെബ് മല. ഇത് സീനായ് മല എന്നും അറിയപ്പെടുന്നു. മോശയ്ക്ക് ദൈവം ആദ്യമായി പ്രത്യക്ഷപ്പെട്ടതും (പുറ 3,1) ഇസ്രായേൽ ജനവുമായി ഉടമ്പടി ചെയ്തതും (പുറ 19) ഈ മലയിൽ വച്ചാണ്. തന്റെ വലിയ പ്രതിസന്ധിയിൽ വിശ്വാസത്തിന്റെ ഉറവിടത്തിലേക്കാണ് ഏലിയാ തീർത്ഥാടനം നടത്തുന്നത്. തന്റെ പരാതികൾ ദൈവസന്നിധിയിൽ സമർപ്പിക്കാനും തന്റെയും ജനത്തിന്റെയും ഭാവിയെ സംബന്ധിച്ച് കൂടുതൽ വ്യക്തമായ ഉൾക്കാഴ്ച ലഭിക്കാനും വേണ്ടിയായിരുന്നു ഈ തീർത്ഥാടനം എന്ന് അനുമാനിക്കാം. നാല്പതു രാവും നാല്പതു പകലും മരുഭൂമിയിലൂടെ നടന്നത് ഇസ്രയേൽ ജനം മരുഭൂമിയിലൂടെ നടത്തിയ നാല്പതു വർഷത്തെ തീർത്ഥാടനത്തെ അനുസ്മരിപ്പിക്കുന്നു. ഇസ്രയേലിനെപ്പോലെ ഏലിയായും പരിക്ഷീണവും പ്രലോഭിതനുമായിരുന്നു. ഇസ്രായേലിന്റെ ചരിത്രം പ്രവാചകൻ സ്വന്തം ജീവിതത്തിൽ ആവർത്തിക്കുകയാണ്.

**വിചിന്തനം:** മരിക്കാൻ ആഗ്രഹിച്ചു മരുഭൂമിയിൽ തളർന്നു കിടക്കുന്ന ഏലിയാ വലിയൊരു പാഠം നല്കുന്നു. കർത്താവിനുവേണ്ടി സ്വയം സമർപ്പിച്ച്, പൂർണ്ണമായ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരുടെ ജീവിതത്തിലും ഇതുപോലുള്ള നിമിഷങ്ങൾ ഉണ്ടാകാം. തന്റെ നാളിതുവരെയുള്ള സകല പ്രവർത്തനങ്ങളും തികച്ചും ഫലശൂന്യമായിരു

ന്നെന്നും ജീവിതം തന്നെ പരാജയമായി എന്നുമുള്ള തോന്നലുകൾ സകല ശക്തിയും പ്രചോദനവും ചോർത്തിക്കളഞ്ഞെന്നും വരാം. ഇതു കഠിനമായൊരു പരീക്ഷണമാണ്. യേശു ഗദ്സെമെനിയിൽ നേരിട്ടതും ഇതുപോലൊരു പരീക്ഷണമാണ്. നിരാശയിൽ ആണ്ടുപോകുന്നു എന്നു തോന്നുമ്പോഴും കർത്താവിൽ ആശ്രയിക്കാനും പ്രാർത്ഥനയിലൂടെ അവിടുത്തെ സാന്നിധ്യം തേടാനും കഴിയണം.

ഉറങ്ങിക്കിടന്ന പ്രവാചകനം തട്ടിയുണർത്തിയ ദൈവം അയാൾക്കു നല്കിയ അപ്പം വിശുദ്ധ കുർബ്ബാനയുടെ പ്രതീകമാണ്. ദൈവ രാജ്യത്തെ ലക്ഷ്യം വച്ചുള്ള ജീവിത യാത്രയിൽ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും കൂജയിലെ വെള്ളവുമല്ല, യേശുവിന്റെ ശരീര രക്തങ്ങളാണ് നമുക്ക് ശക്തി പകരാനായി ദൈവം നല്കുന്നത്.

## b. ദൈവാനുഭവം 1 രാജാ 19,9-18

ഹോറെബിൽ വച്ച് ഏലിയായ്ക്കുണ്ടായ ദൈവാനുഭവം രണ്ടാം തവണ പ്രമാണപ്പലകകൾ സ്വീകരിക്കാനായി മലയിലെത്തിയ മോശയ്ക്കുണ്ടായ അനുഭവത്തോട് (പുറ 33,18-23) സദൃശ്യമാണ്. അവിശ്വസ്തരായിത്തീർന്ന ജനത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് ഇരുവരും കർത്തൃസന്നിധിയിലെത്തിയത്. മലമുകളിലെ ഗുഹയിലാണ് ഇരുവരും നിന്നത്. ഇരുവരും ദൈവത്തിന്റെ സ്വരം ശ്രവിക്കുകയും മഹത്വം ദർശിക്കുകയും പുതിയ ദൗത്യം സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇരുവരുടെയും അനുഭവങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങളുമുണ്ട്. ജനത്തിന്റെ പാപത്തിനു മാപ്പിരക്കാനാണ് മോശ മലയിലെത്തിയതെങ്കിൽ ജനത്തിനെതിരേയുള്ള പരാതിയും തന്റെ നിഷ്കളങ്കതയും നിസ്സഹായതയുമാണ് ഏലിയാ കർത്താവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. മോശയുടെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ഉണ്ടായ പ്രതിഭാസങ്ങൾ ഏലിയായുടെ മുമ്പിലും ആവർത്തിച്ചെങ്കിലും അവയിലൊന്നും ദൈവമില്ലായുരുന്നു എന്ന പ്രസ്താവന ഒരു പല്ലവി പോലെ പലതവണ ആവർത്തിക്കുന്നു. ദൈവത്തെ സംബന്ധിച്ച പുതിയൊരു യാഥാർത്ഥ്യം ഇവിടെ വെളിപ്പെടുന്നു.

കർത്താവിന്റെ മലയിലെ ഗുഹയിൽ രാത്രി ചിലവഴിച്ച ഏലിയാ ദൈവത്തിന്റെ വചനം ശ്രവിച്ചു. അതൊരു ആശ്വാസവചനമോ ദൗത്യം ഏല്പിക്കുന്ന കല്പനയോ പുതിയ ദൈവിക വെളിപാടോ ആയിരുന്നില്ല. 'ഏലിയാ, നീ ഇവിടെ എന്തുചെയ്യുന്നു?" എന്ന ചോദ്യം (1 രാജാ 19,10) പ്രവാചകന്റെ അന്തരാത്മാവിലേക്ക് ചുഴിഞ്ഞിറങ്ങുന്നതാണ്. ഏലിയായെ നിശിതമായൊരു ആത്മ പരിശോധനയ്ക്ക് പ്രേരിപ്പിക്കുകയാണ് ദൈവം ആദ്യമേ ചെയ്യുന്നത്. "ഇവിടെ" എന്ന പദത്തിനു പ്രത്യേക ഊന്ന



ലുണ്ട്. ജനമധ്യത്തിൽ യാഹ്വേയുടെ സാക്ഷിയാകാൻ വിളിക്കപ്പെട്ടവൻ എന്തുകൊണ്ട് മലയിലെ ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്ന ധ്വനി ചോദ്യത്തിലുണ്ട്. ജനത്തിന്റെ പാപങ്ങൾ എടുത്തു കാട്ടുകയും സ്വയം ന്യായീകരിക്കുകയും ചെയ്യുന്ന ഒരു മറുപടിയാണ് ഏലിയാ നല്കുന്നത് (1 രാജാ 19,10). താൻ മാത്രം കർത്താവിനോടു വിശ്വസ്തത പാലിക്കുന്നുവെന്ന ബോധ്യവും തന്റെ ജീവൻ അപകടത്തിലായിരിക്കുന്നതിലുള്ള ഭയവും ഈ മറുപടിയിൽ നിറഞ്ഞു നില്ക്കുന്നു.

പ്രവാചകന്റെ പരിദേവനത്തിനു മറുപടി പറയാതെ പകരം ഒരു കല്പനയാണ് കർത്താവു നല്കുന്നത്. "നീ ചെന്ന് മലയിൽ കർത്താവിന്റെ മുമ്പിൽ നില്ക്കുക''. തന്നെയും തന്റെ പദ്ധതികളെയുംക്കുറിച്ച് ദൈവം ഏലിയായ്ക്ക് പുതിയൊരു വെളിപാടു നല്കാൻ പോകുന്നു. കൊടുങ്കാറ്റും ഭൂകമ്പവും അഗ്നിയും ദൈവിക സാന്നിധ്യം വിളിച്ചറിയിക്കുന്ന പ്രതിഭാസങ്ങളായിരുന്നു. (പുറ 19,16-19; ന്യായാ 5.4-5; 2 സാമു 22, 8-16; സങ്കീ 18,7-15; 68,8). എന്നാൽ ഇവയിലൊന്നും കർത്താവില്ലായിരുന്നു എന്ന് ഏലിയ അറിഞ്ഞു. അവസാനമുണ്ടായ മൃദുല സ്വരം കേട്ടപ്പോൾ കർത്താവിന്റെ സാന്നിധ്യം പ്രവാചകന് അനുഭവവേദ്യമായി. അസാധാരണ പ്രതിഭാസങ്ങളിൽ ദൈവത്തെ അന്വേഷിക്കാതെ, അനുദിന ജീവിതത്തിലെ സാധാരണ സംഭവങ്ങളിൽ ദൈവത്തെ കണ്ടെത്താൻ പ്രവാചകനെ പ്രേരിപ്പിക്കുന്നതാണ് ഈ പുതിയ അനുഭവം.

കർത്താവ് ആദ്യത്തെ ചോദ്യം വീണ്ടും ആവർത്തിച്ചു. ഏലിയായുടെ മറുപടിയിൽ യാതൊരു മാറ്റവും ഉണ്ടായില്ല (1 രാജാ 19,13-14). മലയിലെ പ്രത്യക്ഷീകരണത്തിന്റെ അർത്ഥം ഇനിയും പ്രവാചകൻ ഗ്രഹിച്ചില്ല എന്നു തോന്നും. തന്റെ സ്വകാര്യ ദുഃഖത്തിൽ നിന്നു വിടുതി നേടാനോ സ്വയം ന്യായീകരണവും ആത്മ വിലാപവും അവസാനിപ്പിക്കാനോ അയാൾക്ക് ഇനിയും കഴിഞ്ഞില്ല. തന്നിൽത്തന്നെ ഒതുങ്ങിക്കൂടുന്ന പ്രവാചകനോട് കർത്താവ് ഒരാശ്വാസ വാക്കുപോലും പറയുന്നില്ല. മറിച്ച് കൂടുതൽ അപകടകരമായ ദൗത്യം ഏല്പിച്ച്, വിട്ടുപോന്ന കർമ്മരംഗത്തേക്കു തിരിച്ചയ്ക്കുകയാണ് ചെയ്യുന്നത്.

ഇസ്രായേലിലും അയൽ രാജ്യമായ സിറിയായിലും പുതിയ രണ്ടു രാജാക്കന്മാരെയും തനിക്കു പിൻഗാമിയായി ഒരു പ്രവാചകനെയും അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയായോട് ആജ്ഞാപിച്ചു (1 രാജാ 19,15-17). വിഗ്രഹാരാധനയിലും അനീതിയിലും അടിയുറച്ച ഭരണ സംവിധാനങ്ങളെ തകിടം മറിച്ച്, കൂടുതൽ നീതി നിഷ്ഠമായവയ്ക്കു രൂപം കൊടുക്കാനുള്ള പ്രയത്നം പ്രവാചക ദൗത്യത്തിന്റെ ഭാഗമായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഏലിയായുടെ ദൗത്യം അതിന്റെ അന്ത്യത്തോടടുക്കുന്നു

എന്ന സൂചനയാണ് പിൻഗാമിയെ അഭിഷേകം ചെയ്യാനുള്ള കല്പനയിൽ നിന്നു ലഭിക്കുന്നത്. ദൗത്യം ഏല്പിച്ചതിനുശേഷം ഏലിയായുടെ പരാതിക്കു വ്യംഗ്യമായ ഒരു മറുപടിയും നല്കുന്നു. ബാലിനു മുമ്പിൽ മുട്ടുമടക്കാത്ത ഏഴായിരം പേരെ ഇസ്രായേലിൽ അവശേഷിപ്പിക്കും (1 രാജാ 19,18) എന്ന കർത്താവിന്റെ വാക്കുകൾ ഏലിയായെ യാഥാർത്ഥ്യ ബോധത്തിലേക്കു നയിക്കുന്നതാണ്. താൻ മാത്രം വിശ്വസ്തനായി അവശേഷിച്ചിരിക്കുന്നു എന്ന മിഥ്യാധാരണ ഏലിയിലാണെങ്കിലും അഹങ്കാരത്തിന്റെ പ്രകടനമാകാം. തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർണ്ണ വിശ്വസ്തതയോടെ നിറവേറ്റുക, ദൈവം നിശ്ചയിച്ച സമയമാകുമ്പോൾ ദൗത്യം പിൻഗാമിയെ ഏല്പിച്ച് തിരോധാനം ചെയ്യാൻ ഒരുങ്ങിയിരിക്കുക, ഇതു മാത്രമേ ഏലിയായും ചെയ്യേണ്ടതുള്ളു.

**വിചിന്തനം:** മരുഭൂമിയിൽ മരണം കാത്തു മയങ്ങിക്കിടന്ന പ്രവാചകനോടു കർത്താവു പറഞ്ഞു: എണീറ്റു ഭക്ഷിക്കുക. മലമുകളിലെ ഗുഹയിൽ ഒളിച്ചിരുന്നവനോടു പറഞ്ഞു: എണീറ്റു പുറത്തു കടന്ന് കർത്താവിന്റെ മുമ്പിൽ നില്ക്കുക. നാട്ടിൽ അനീതി നടമാടുമ്പോൾ, ജനം ഒന്നടങ്കം വിശ്വാസ പ്രതിസന്ധി നേരിടുമ്പോൾ, കർത്താവിന്റെ പ്രവാചകന് നിരാശയും ആലസ്യവും നിഷിദ്ധമാണ്. ആത്മ വിലാപം അവസാനിപ്പിച്ച്, സധൈര്യം തന്റെ ദൗത്യം നിർവ്വഹിക്കണം. "നീ ഇവിടെ എന്തെടുക്കുന്നു?" എന്ന കർത്താവിന്റെ ചോദ്യം ഓരോ വ്യക്തിയോടും ഇന്നും ആവർത്തിക്കുന്നു. കർത്താവ് നിന്നെ ഏല്പിച്ചിരിക്കുന്ന ജോലിയാണോ നീ ചെയ്യുന്നത്?

അസാധാരണ പ്രതിഭാസങ്ങളിലല്ല കർത്താവിനെ അന്വേഷിക്കേണ്ടത്. അത്ഭുതങ്ങൾക്കുവേണ്ടി കാത്തു നില്ക്കാതെ, അനുദിന ജീവിതാനുഭവങ്ങളിൽ ദൈവിക സാന്നിധ്യം കണ്ടെത്താൻ ഓരോരുത്തരും പഠിക്കണം. അന്തരാത്മാവിൽ നിയന്ത്രിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കാൻ ഏകാഗ്രവും നിശബ്ദവുമായ പ്രാർത്ഥനയിൽ കാതോർക്കണം. "ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്" (1 കോറി 14,33).

കർത്താവിനു വേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ച പ്രവാചകനാണ് ഏലിയാ. എന്നാൽ തീക്ഷ്ണതയുടെ ആധികൃത്താൽ താൻ മാത്രമേ കർത്താവിനോടു വിശ്വസ്തത പാലിക്കുന്നുള്ളു എന്ന് അദ്ദേഹം തെറ്റിദ്ധരിച്ചു. ഇന്നും തീക്ഷ്ണമതികളായ പല വിശ്വാസികളും പരദൂഷണ പ്രിയരും അഹങ്കാരികളുമായിത്തീരുന്ന കാര്യം അവർ തന്നെ അറിയുന്നില്ല. തീക്ഷ്ണത നല്ലതെങ്കിലും, അത് അഹങ്കാരത്തിലേക്കു നയിക്കുമ്പോൾ അപകടകരമായിത്തീരുന്നു.



### c. പിൻഗാമിയുടെ അഭിഷേകം 1 രാജാ 19,19-21

രണ്ടുപേരെ രാജാവായും ഒരാളെ പ്രവാചകനായും അഭിഷേകം ചെയ്യാൻ ഏലിയായോട് കർത്താവ് ആജ്ഞാപിച്ചെങ്കിലും പ്രവാചകന്റെ തിരഞ്ഞെടുപ്പു മാത്രമേ ഏലിയാ നടത്തുന്നുള്ളൂ. രാജാക്കന്മാരെ അഭിഷേകം ചെയ്യാനുള്ള ദൗത്യം തന്റെ പിൻഗാമിക്കു വിട്ടുകൊടുക്കുകയാണ്. എലീഷാ അതു നിർവ്വഹിച്ചതായി പിന്നീട് വിവരിക്കുന്നുണ്ട് (2 രാജാ 8,11-13;9, 1-10). സാമാന്യം സാമ്പത്തികശേഷിയുള്ള ഒരു കർഷകനായിരുന്നു പന്ത്രണ്ട് ഏർകാളയുടെ ഉടമയായ എലീഷാ. "ദൈവം രക്ഷിച്ചു" എന്നാണ് എലീഷാ എന്ന പേരിന്റെ അർത്ഥം. കടന്നുപോയ ഏലിയാ അയാളുടെമേൽ തന്റെ മേലങ്കി ഇട്ടത് പ്രവാചകനായി തന്നെ അനുഗമിക്കാനുള്ള വിളിയുടെ അടയാളമായിരുന്നു. പ്രവാചകന്മാരെ തിരിച്ചറിയാൻ സഹായിക്കുന്നതായിരുന്നു അവർ ധരിച്ചിരുന്ന രോമക്കുപ്പായം (സഖറിയാ 13,4).

അടയാളം മനസിലാക്കിയ എലീഷാ തന്റെ ദൗത്യം ഏറ്റെടുക്കുന്നതിനു മുമ്പേ മാതാപിതാക്കന്മാരോടു വിട പറയാൻ അനുവാദം ചോദിച്ചു. ഏലിയായുടെ മറുപടി വ്യകതമല്ല. അനുവാദം നല്കി എന്നതാണ് പൊതുവേ സ്വീകരിച്ചിരിക്കുന്ന വ്യാഖ്യാനം. എന്നാൽ എലീഷാ വീട്ടിലേക്കു പോയില്ല. കലപ്പ കത്തിച്ച് കാളയെ വേവിച്ചു പങ്കുവച്ചതിനുശേഷം വെറുംകൈയോടെ ഏലിയായെ അനുഗമിച്ചു. വിട്ടുപോന്നതിലേക്കു പിന്തിരിഞ്ഞുനോക്കാത്ത ഒരു ശിഷ്യത്വമായിരുന്നു അത്.

**വിചിന്തനം:** വിളി ലഭിക്കുമ്പോൾ കർത്താവിനു വേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറാകുന്നവർക്കേ യഥാർത്ഥ പ്രവാചകരും യേശുശിഷ്യരും ആകാൻ കഴിയൂ. "കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല" (ലൂക്കാ 9,62) എന്ന യേശുവചനം എലീഷായുടെ പ്രവർത്തനത്തെ മാതൃകയായി എടുത്തുകാട്ടുന്നു. കർത്താവിന്റെ വിളി സ്വീകരിക്കുന്നതിൽ നിന്ന് തന്നെ തടയുന്ന എന്തെങ്കിലും ജീവിതത്തിലുണ്ടോ എന്ന് ഓരോരുത്തരും ആത്മശോധന ചെയ്യണം. കലപ്പ കത്തിക്കുന്നത് കഴിഞ്ഞ ജീവിതത്തോടും ജീവിതത്തിലെ സകല സുരക്ഷിതത്വത്തോടുമുള്ള വിടപറയലാണ്. കർത്താവിന്റെ ശിഷ്യർ കർത്താവിൽ മാത്രം സുരക്ഷിതത്വം കണ്ടെത്തണം. ഇന്ന് എത്ര പേർക്ക് ഇതു സാധിക്കുന്നുണ്ട്?

## 3. വിജയം കർത്താവിന്റെ ദാനം 1 രാജാ 20,1-43

ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം തൽക്കാലത്തേക്കു നിർത്തിവച്ചിട്ട് ഇസ്രായേലും സിറിയായും തമ്മിൽ നടന്ന ചില യുദ്ധങ്ങളിലേക്കു വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ദാവീ

ദിന്റെ കാലത്ത് ഇസ്രായേലിന്റെ ആധിപത്യത്തിൽ കീഴിലായിരുന്ന സിറിയാ ഇന്ന് ഇസ്രായേലിന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ പോന്ന ഒരു ശക്തിയായിത്തീർന്നിരിക്കുന്നു. സിറിയായുടെ ഔദ്ധത്യവും ഇസ്രായേലിന്റെ ദൗർലബ്ബല്യവും എടുത്തുകാട്ടിക്കൊണ്ടാണ് യുദ്ധത്തിന്റെ വിവരണം ആരംഭിക്കുന്നത് (20,1-6). കർത്താവിന്റെ സഹായത്താൽ വിവരണം ആരംഭിക്കുന്നത് (20,1-6). കർത്താവിന്റെ സഹായത്താൽ രണ്ടു തവണ സിറിയായെ പരാജയപ്പെടുത്തുകയും അവരുമായി തങ്ങൾക്കു ലാഭകരമായ നിബന്ധനകൾ വച്ചുള്ള ഒരു ഉടമ്പടി ഉണ്ടാക്കുകയും ചെയ്തതായി രേഖപ്പെടുത്തിക്കൊണ്ട് വിവരണം സമാപിക്കുന്നു. കർത്താവാണ് വിജയം നല്കുന്നതെന്നും അവിടുന്ന് എപ്പോഴും പാവങ്ങളുടെ പക്ഷത്താണെന്നും എടുത്തുകാട്ടുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. അതോടൊപ്പം കർത്താവിന്റെ ഹിതം പൂർണ്ണമായി അനുസരിക്കാൻ കടമയുണ്ടെന്നും അവിശ്വസ്തത നാശത്തിനു വഴിയൊരുക്കുമെന്നും പഠിപ്പിക്കുകയും ചെയ്യുന്നു.

ഇസ്രായേൽ രാജാവായ ബാഷായുടെ ആക്രമണത്തിൽ നിന്നു രക്ഷ നേടാൻ വേണ്ടി യൂദാരാജാവായ ആസാ കാഴ്ചകളുമായി സമീപിച്ച സിറിയാ രാജാവായ ബെൻഹാദ് തന്നെയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മുപ്പത്തിരണ്ടു നാടുവാഴികളുടെ നേതൃത്വത്തിൽ വലിയൊരു സൈന്യവുമായി വന്ന് ബെൻ ഹദാദ് സമരിയായെ വളഞ്ഞു. സിറിയായുടെ മേൽക്കോയ്മ സ്വീകരിക്കാൻ ആഹാബു തയ്യാറായെങ്കിലും നഗരം കൊള്ളയടിക്കാനായി ശത്രുസൈന്യത്തിനു വിട്ടുകൊടുക്കാൻ അയാൾക്കു മനസുവന്നില്ല (1 രാജാ 20,1-6). ഇസ്രായേലിലെ ശ്രേഷ്ഠന്മാരുടെ പിന്തുണ ലഭിച്ച ആഹാബ് ബെൻഹദാദിന്റെ ഭീഷണിയെ തൃണവൽഗണിച്ചു. സിറിയൻ സൈന്യം ആക്രമണത്തിനൊരുങ്ങി (1 രാജാ 20,7-12).

കർത്താവിന്റെ വചനവുമായി വന്ന പ്രവാചകൻ ഇസ്രായേൽ സൈന്യത്തിനു വിജയം വാഗ്ദാനം ചെയ്യുക മാത്രമല്ല, സ്വീകരിക്കേണ്ട യുദ്ധ തന്ത്രങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു (20,13-14). "ഞാനാണ് കർത്താവ് എന്നു നീ അറിയും എന്ന പ്രവാചക വചനമാണ് ഇവിടെ ഏറ്റം ശ്രദ്ധേയം. മാനുഷികമായ വിധത്തിൽ അസാധ്യമായ വിജയം ലഭിച്ചു കഴിയുമ്പോൾ കർത്താവാണ് തങ്ങൾക്ക് വിജയം നല്കിയതെന്ന് ആഹാബും സൈന്യവും ഇസ്രയേൽ ജനം മുഴുവനും മനസിലാക്കണം. ഇസ്രായേൽ സൈന്യത്തെ നിഷ്പ്രയാസം കീഴടക്കം എന്ന ഔദ്ധത്യമാണ് നട്ടുച്ചയ്ക്ക് കുടിച്ചുന്മത്തരാകുന്ന സിറിയൻ സൈന്യം പ്രകടമാകുന്നത് (1 രാജാ 20,16). കർത്താവിന്റെ നിർദ്ദേശങ്ങളനുസരിച്ച് യുദ്ധം ചെയ്ത ഇസ്രായേൽ സൈന്യം നിഷ്പ്രയാസം വിജയം വരിച്ചു )1 രാജാ 20,14-21).

അടുത്ത വർഷം സിറിയാ രാജാവ് കൂടുതൽ സൈന്യവുമായി മടങ്ങിവരും എന്ന് പ്രവാചകന്മാർ നലികയ മുന്നറിയിപ്പു സ്വീകരിച്ച് ആഹാബു കൂടുതൽ ശക്തി സംഭരിച്ചു (1 രാജാ 20,22). ബെൻ ഹദാദിന്റെ സേവകന്മാർ രണ്ട് ഉപദേശങ്ങൾ നൽകി (1 രാജാ 20,23-25). രണ്ടും തന്ത്രപ്രധാനമായിരുന്നു. തേരും കുതിരയും ഉപയോഗിച്ച് മലയിൽ യുദ്ധം ചെയ്യുക എളുപ്പമല്ല. അതിനാൽ അടുത്ത യുദ്ധം സമതലത്തു വച്ചായിരിക്കണം. യുദ്ധ പരിചയമില്ലാത്ത നാടുവാഴികൾക്ക് കുടിച്ചു മദിക്കാനല്ലാതെ സൈന്യത്തെ നയിക്കാൻ അറിയില്ല. അതിനാൽ കഴിവുള്ള സേനാധിപന്മാരെ നിയമിക്കണം.

യുക്തിസഹമായ ഈ നിർദ്ദേശങ്ങൾക്ക് വി.ഗ്രന്ഥകാരൻ ദൈവശാസ്ത്രപരമായി നല്കുന്ന വ്യാഖ്യാനമാണ് '"ഇസ്രേയലിന്റെ ദേവന്മാർ ഗിരി ദേവന്മാരാണ്" എന്ന സിറിയൻ ഉപേദേഷ്ടാക്കളുടെ പ്രസ്താവന. ഇസ്രായേൽ അധിവസിച്ചിരുന്നത് ഭൂരിഭാഗവും മലമ്പ്രദേശമായിരുന്നതിനാലാവാം ഇങ്ങനെ ഒരു ധാരണയുണ്ടായത്. സീനായ് ഉടമ്പടിയെക്കുറിച്ചുള്ള ഒരു സൂചനയും ഇതിൽ കാണാം. എന്നാൽ കർത്താവ് മലയിൽ മാത്രമല്ല, സമതലത്തിലും ശക്തനാണെന്നു തെളിയിക്കുന്നതാണ് അടുത്ത അധ്യായം" എന്ന പ്രസ്താവന വീണ്ടും ആവർത്തിക്കുന്നു. ഒറ്റ ദിവസ്സത്തെ യുദ്ധം കൊണ്ട് സിറിയൻ സൈന്യം തറപറ്റി (1 രാജാ 20,29-30).

പരാജിതനായ ബെൻഹദാദിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി സേവകർ ആഹാബിനെ സമീപിച്ചു. "ഇസ്രയേൽ രാജാവ് ദയയുള്ളവനാണ്" (1 രാജാ 20,31) എന്ന അവരുടെ പ്രസ്താവനയിൽ "ഹെസെദ്" എന്ന ഹീബ്രുവാക്കാണ് "ദയ" എന്നു വിവർത്തനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കരുണ എന്നതിനേക്കാൽ "വാക്കു പാലിക്കുന്നവൻ" എന്ന അർത്ഥമാണ് ഈ പദത്തിനുള്ളത്. ഉടമ്പടിയോടുള്ള വിശ്വസ്തതയെ ഇതു സൂചിപ്പിക്കുന്നു. ആഹാബിൽ നിന്ന് അനുകൂലമായ ഒരു വാക്കു കിട്ടിയാൽ അതു വിശ്വാസിക്കാം എന്നാണ് ധ്വനി. തലയിൽ കയറു ചുറ്റിയത് (1 രാജാ 20,32) വിധേയത്വത്തിന്റെ അടയാളമായിരുന്നു. മുതുകിൽ ഭാരം ചുമക്കുന്നത് എളുപ്പമാക്കാൻ വേണ്ടി നെറ്റിയിൽ കയർ ചുറ്റി ഭാരം പുറത്തു തൂക്കിയിടുന്നതിൽ നിന്നാണ് ഈ പ്രതീകമുണ്ടായത്. ആഹാബിന്റെ ആധിപത്യം സ്വീകരിക്കാൻ തങ്ങൾ തയ്യാറാണെന്ന് ഇതു സൂചിപ്പിക്കുന്നു.

അവർ പ്രതീക്ഷിച്ച പ്രതികരണമുണ്ടായി. ബെൻഹദാദിനെ ആഹാബ് സഹോദരനായി സ്വീകരിച്ചു. സമാധാന ഉടമ്പടിയുണ്ടാക്കിയ

തിനുശേഷം വിട്ടയ്ക്കുകയും ചെയ്തു. യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഇസ്രയേലിന്റെയും സിറിയായുടെയും അവസ്ഥ കീഴ്മേൽ മറിക്കുന്നതായിരുന്നു ഉടമ്പടി. സിറിയാ പിടിച്ചടക്കിയിരുന്ന നഗരങ്ങൾ ഇസ്രായേലിനു തിരിച്ചു കിട്ടി. ഡമാസ്ക്കസിൽ വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള അവകാശവും ലഭിച്ചു (1 രാജാ 20,33-34).

സിറിയായുമായി ഉടമ്പടി ചെയ്തത് രാഷ്ട്രീയമായ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്നു. യൂഫ്രട്ടീസിനു കിഴക്ക് അസീറിയൻ ചക്രവർത്തിയായ അസൂർ നസീർ പാൽ (ബി.സി. 883-859) ചുറ്റുപാടുമുള്ള രാജ്യങ്ങളെ കീഴടക്കി തന്റെ സാമ്രാജ്യം യൂഫ്രട്ടീസ് നദിയുടെ പടിഞ്ഞാറോട്ട് വ്യാപിപ്പിക്കാൻ ശ്രമിച്ചു. തുടർന്നു വന്ന ഷൽമനേസർ മൂന്നാമൻ (858-824) മധ്യധരണ്യാഴിവരെ രണ്ടു പടയോട്ടങ്ങൾ നടത്തി. ചെറു രാജ്യങ്ങൾ ഒന്നിനും പിടിച്ചു നിൽക്കാൻ കഴിയാതെ വന്നു. ഈ സാഹചര്യത്തിലാണ് സിറിയായുടെ നേതൃത്വത്തിൽ പന്ത്രണ്ടു രാജ്യങ്ങൾ ഒത്തുചേർന്ന് ഒരു സഖ്യമുണ്ടാക്കിയത്. ഓരോന്തസ് നദീതീരത്തുള്ള ഖർഖാരിൽ വച്ച് ബി.സി. 853ൽ ഈ സഖ്യ സൈന്യം ഷൽമനേസറിനെ നേരിട്ടു. ഇസ്രയേൽ രാജാവായ ആഹാബിന്റെ രണ്ടായിരം തേരും പതിനായിരം പടയാളികളും സിറിയായുടെ 1200 തേരും പതിനായിരം പടയാളികളളും സഖ്യ സൈന്യത്തിലുണ്ടായിരുന്നുവെന്ന് ഷൽമനേസറിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള കളിമൺ ഫലകകളിൽ നിന്ന് പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്. ആ യുദ്ധത്തിൽ സഖ്യകക്ഷികളെ തോൽപിച്ചു എന്ന് അസീറിയാ രാജാവ് അവകാശപ്പെടുന്നുണ്ടെങ്കിലും കുറേക്കാലത്തേക്ക് അസീറിയാ യൂഫ്രട്ടീസിനു പടിഞ്ഞാറു ഭാഗത്തേയ്ക്കു പടനീക്കം നടത്തിയില്ല. ആഹാബ് സിറിയായുമായി ചെയ്ത ഉടമ്പടി ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

അന്താരാഷ്ട്ര പശ്ചാത്തലത്തിൽ ഈ ഉടമ്പടി ഇസ്രയേലിന് ഉപകാരപ്രദമായി തോന്നാമെങ്കിലും കർത്താവിനോടു കാട്ടിയ അവിശ്വസ്തതയായിട്ടാണ് പ്രവാചകന്മാർ അതിനെ വ്യാഖ്യാനിച്ചത്. (1 രാജാ 20,35-43). നാഥാൻ ദാവീദിനെയെന്നപ്പോലെ പേരു പറയാത്ത ഒരു പ്രവാചകൻ ആഹാബിനെ നേരിട്ടു, ഒരു ഉപമയിലൂടെ തന്റെ മേൽത്തന്നെ വിധി പ്രസ്താവിക്കാൻ പ്രേരിപ്പിച്ചു. സിറിയായ്ക്കെതിരെയുള്ള യുദ്ധം നയിച്ചത് യാഹ്വേ ആയിരുന്നു. അതിനാൽ തടവുകാരും കൊള്ളമുതലും യാഹ്വേയ്ക്കുള്ളതാണ്. വിശുദ്ധ യുദ്ധത്തിന്റെ നിയമം (നിയമ 20,13-18) നടപ്പിലാക്കാത്തതിന്റെ പേരിലാണ് പ്രവാചകൻ ആഹാബിനെ കുറ്റപ്പെടുത്തുന്നത്. കർത്താവിനു ബലിയെന്നവണ്ണം സമൂലം നശിപ്പിക്കേണ്ടിയിരുന്ന ശത്രുവിനെ വെറുതെ വിട്ടത് കർത്താവിനെതിരേ ചെയ്ത



കുറ്റമായി എടുത്തുകാട്ടി പ്രവാചകൻ ആഹാബിന്റെ മേൽ വിധി പ്രസ്താവിച്ചു (1 രാജാ 20,42). സാമുവേൽ സാവൂളിനെതിരെ പ്രഖ്യാപിച്ച ശിക്ഷാവിധിയോട് ഇതിനു സാമ്യമുണ്ട് (1 സാമു 15,26).

**4. നിഷ്ക്കളങ്ക രക്തത്തിന്റെ നിലവിളി 1 രാജാ 21,1-19**

പ്രവാചകന്മാരുടെ ചരിത്രത്തിൽ നിന്ന് ഏറ്റം കൂടുതൽ അറിയപ്പെടുന്നതും ഉദ്ധരിക്കപ്പെടുന്നതുമായ സംഭവമാണ് നാബോത്തിന്റെ കൊലപാതകം. നിരപരാധനും നിസ്സഹായനുമായ ഒരു സാധു കർഷകനെതിരേ ഭരണകൂടത്തിന്റെ സകല സംവിധാനങ്ങളും നിർലജ്ജം പ്രയോഗിക്കപ്പെട്ടു. മനുഷ്യന്റെ ജീവനും സ്വത്തിനപം സൽപ്പേരിനും സംരക്ഷണം നല്കുന്ന ഉടമ്പടിയുടെ പ്രമാണങ്ങൾ ഭരണാധിപന്റെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി കാറ്റിൽ പറത്തി. നീതിപീഠം മലിനമാക്കി; സത്യം വളച്ചൊടിച്ചു. പച്ചയായ മോഷണവും കൊലപാതകവും നീതിന്യായത്തിന്റെ മുഖാവരണത്തിൽ പൊതിഞ്ഞു. ന്യായധിപന്മാർ അന്യായം വിധിച്ചു. നീതിയുടെ കഴുത്തറുത്തു. സത്യം പൊതുസ്ഥലത്തു വീണു പിടഞ്ഞു. നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ നിഷ്ക്കളങ്ക രക്തം കെട്ടി. ജനം നിശ്ശബ്ദത പാലിച്ചു. പ്രവാചകനായ ഏലിയാ കർത്താവിന്റെ വിധിവാചകവുമായി ആഹാബിനെ വീണ്ടും നേരിട്ട പശ്ചാത്തലമിതാണ്.

സമറിയായിലെ കൊട്ടാരത്തിലും കാർമ്മൽ മലയിലും ആഹാബിന്റെ മുമ്പിൽ ഏലിയാ പ്രത്യക്ഷപ്പെട്ടത് വിഗ്രഹാരാധനയ്ക്കെതിരേ അയാളെ ശാസിക്കാനും കർത്താവിലേക്ക് പിന്തിരിയുന്നതിനായി പ്രേരിപ്പിക്കാനും വേണ്ടിയായിരുന്നു. കർത്താവായ ദൈവത്തെ ഉപേക്ഷിച്ചു വിഗ്രഹാരാധനയിൽ മുഴുകുന്നതിന്റെ പരിണിതഫലം എന്തെന്ന് വ്യക്തമാക്കുന്നതാണ് നാബോത്തിനെതിരേ നടന്ന കൈയേറ്റം. കർത്താവിനെ മറക്കുന്നവൻ അനീതിയിൽ ആണ്ടു പോകുന്നു. അതു രാജാവാണെങ്കിൽ രാജ്യം മുഴുവൻ അക്രമത്തിനിരയാകുന്നു.

തന്റെ വേനൽക്കാല വസന്തിയോടടുത്തുള്ള നാബോത്തിന്റെ മുന്തിരിത്തോട്ടം വില്യ്ക്കുവാങ്ങാൻ ആഹാബ് ആഗ്രഹിച്ചത് അതിൽത്തന്നെ തെറ്റല്ലെന്നു തോന്നാം. തോട്ടം വില്ക്കാനോ കൂടുതൽ മെച്ചപ്പെട്ട ഒന്നുമായി വച്ചു മാറാനോ നാബോത്തു തയ്യാറാകാതിരുന്നത് ഭോഷത്തവും ഔദ്ധത്യവുമായി പ്രത്യക്ഷപ്പെട്ടെന്നും വരാം. പിതൃസ്വത്തിനെക്കുറിച്ച് ഇസ്രായേലിൽ നിലവിലിരുന്ന മനോഭാവം മനസിലാക്കിയാലേ എന്തുകൊണ്ടാണ് നാബോത്ത് അപകടകരമായ ഈ നിലപാട് സ്വീകരിച്ചതെന്ന് ഗ്രഹിക്കാനാവൂ.

ഇസ്രയേൽക്കാരന് വില്ക്കുകയും വാങ്ങുകയും ചെയ്യാവുന്ന ഒരു വസ്തുവല്ല, ഉടമ്പടിയുടെ വാഗ്ദാനങ്ങളിൽ പങ്കുചേരുന്നതിന് ആവശ്യമായ ഉപാധിയാണ് ഭൂമി. ഓരോ ഗോത്രത്തിനും കുടുംബത്തിനുമായി കർത്താവു വീതിച്ചുകൊടുത്തതാണ് വാഗ്ദത്ത ഭൂമി. തലമുറ തലമുറയായി അതു കൈമാറി അനുഭവിക്കാം. പിതാക്കന്മാരുടെ ശവകുടീരം ഈ പിതൃഭൂമിയിലാണുള്ളത്. അവിടെയാണ് ഓരോരുത്തരും മരണാനന്തര പിതാക്കന്മാരോടൊത്തു ശയിക്കുന്നത്. പിതൃസ്വത്തിലുള്ള അവകാശം ദൈവിക വാഗ്ദാനത്തിലുള്ള അവകാശമാണ്. അതു നഷ്ടപ്പെടുത്തുന്നത് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നിന്നും വാഗ്ദാനങ്ങളിൽ നിന്നും പുറന്തള്ളപ്പെടലാണ്. അതിനാലാണ് "നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത്" (ലേവ്യ 25,23) എന്നു കല്പിക്കുന്നത്. ഏതെങ്കിലും വിധത്തിൽ അന്യാധീനപ്പെട്ടുപോയാലും ജൂബിലി വർഷത്തിൽ ഭൂമി ആദ്യ ഉടമയ്ക്ക് തിരിച്ചു നല്കണം എന്ന നിയമമുണ്ടായിരുന്നു (ലേവ്യ 25,13). നാബോത്തിന്റെ നിലപാടിനെ ആഹാബു മാനിച്ചു, എന്നാലും തികച്ചും അസന്തുഷ്ടനായിത്തീർന്നു (1 രാജാ 21,1-4).

കർത്താവിനെയും അവിടുത്തെ നിയമങ്ങളെയും മാനിക്കാതിരുന്ന ജെസബെൽ പുഛത്തോടെയാണ് ആഹാബിന്റെ ആവലാതികൾ ശ്രവിച്ചത്. (1 രാജാ 21.5-7). രാജാധികാരം എന്തെന്നറിയാതെ വിഡ്ഢിയും അധികാരം പ്രയോഗിക്കാൻ കഴിവില്ലാത്ത ഭീരുവും ആയി അയാളെ ചിത്രീകരിക്കുന്നതാണ് "അങ്ങാണോ ഇസ്രയേൽ ഭരിക്കുന്നത്?" എന്ന അവളുടെ ചോദ്യം. നാബോത്തിന്റെ മുന്തിരിത്തോട്ടം പിടിച്ചെടുക്കാൻ അവൾ തന്ത്രപൂർവ്വം കരുക്കൾ നീക്കി. രാജാവിന്റെ മുദ്രപതിച്ച കല്പന ജെസ്രേലിലെ ശ്രേഷ്ഠന്മാർക്കും പ്രഭുക്കന്മാർക്കും അയച്ചു (1 രാജാ 21,8-10). കുടുംബത്തലവന്മാരാണ് പ്രഭുക്കന്മാർ.

ദേശീയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനം ഒന്നടങ്കം ഉവപസിക്കുകയും പൊതുസമ്മേളനം വിളിച്ചുകൂട്ടുകയും ഇസ്രയേലിൽ പതിവായിരുന്നു (ജോയേൽ 1,13-14; 1 സാമു 7,6). നാബോത്തിനെതിരേ ആരോപിക്കാൻ ആവശ്യപ്പെടുന്ന ദൈവദൂഷണവും രാജദ്രോഹവും വധശിക്ഷയർഹിക്കുന്ന കുറ്റങ്ങളാണ് (ലേവ്യർ 24,14). കുറ്റവാളി ശിക്ഷിക്കപ്പെടുന്നതുവരെ കുറ്റം ജനം മുഴുവന്റെയും മേൽ ശാപമായി നില്ക്കും. അതിനാലാണ് ഉപവാസവും പൊതു സമ്മേളനവും പ്രഖ്യാപിച്ചത്. ഒരു കാര്യം സത്യമെന്നു തെളിയാൻ രണ്ടുപേരുടെയെങ്കിലും സാക്ഷ്യം ആവശ്യമാണ്. സാക്ഷ്യം നല്കുന്നയാൾ തന്നെ ആദ്യത്തെ കല്ലെറിയണം (നിയ 17,5-7).

ജെസബെലിന്റെ കല്പന അക്ഷരം പ്രതി അനുവർത്തിക്കപ്പെട്ടു



(1 രാജാ 21,11-13). കേട്ടതു കള്ള സാക്ഷ്യമാണെന്നറിഞ്ഞുകൊണ്ടുതന്നെ ന്യായാധിപന്മാർ വധശിക്ഷ പ്രഖ്യാപിച്ചു. ജനം നിരപരാധനെ കല്ലെറിഞ്ഞു കൊന്നു. നാബോത്തിനെ മാത്രമല്ല, അയാളുടെ പുത്രന്മാരെയും കല്ലെറിഞ്ഞു കൊന്നുവെന്ന് 2 രാജാ 9,26ൽ സൂചിപ്പിക്കുന്നുണ്ട്. കുറ്റവാളിയെ കുടുംബസമേതം ഉന്മൂലനം ചെയ്യുക പതിവായിരുന്നു (ജോഷ്വാ 7,25). ജെസബെലിന്റെ പദ്ധതി വിജയിക്കാൻ ഇതാവശ്യമായിരുന്നുതാനും. അവകാശികളില്ലാതായിത്തീർന്ന ഭൂമി കണ്ടുകെട്ടാൻ രാജാവിന് എളുപ്പമായിരുന്നു. നാബോത്ത് മരിച്ചു എന്നറിഞ്ഞ ആഹാബ്, മരണകാരണം ആരായുകയോ അതിന്റെ പിന്നിലെ അനീതിയെക്കുറിച്ചു ചിന്തിക്കുകയോ ചെയ്യാതെ മുന്തിരിത്തോട്ടം കൈവശപ്പെടുത്താൻ പുറപ്പെട്ടു. ഉടമസ്ഥൻ സ്ഥലത്തു പ്രവേശിച്ചാണ് അവകാശം സ്ഥാപിക്കുക.

നിരപരാധന്റെ രക്തം നീതിക്കുവേണ്ടി നിലവിളിച്ചു. രാജകോപത്തെ ഭയന്ന് ജനം നിശ്ശബ്ദത പാലിച്ചപ്പോൾ ജീവന്റെ നാഥനായ ദൈവം നിലവിളികേട്ടു. ഉത്തരം അരുളാനായി പ്രവാചകൻ ഏലിയായെ വിളിച്ചു; അപകടകരമായ ദൗത്യമേല്പിച്ച് ആഹാബിന്റെയടുക്കലേക്ക് അയച്ചു (1 രാജാ 21,17-19). നാബോത്തിനെതിരേ രണ്ടു കുറ്റങ്ങളായിരുന്നു ആരോപിച്ചത്. അതു വ്യാജാരോപണമായിരുന്നു. ഇവിടെ ആഹാബിനെതിരെ കഠിനമായ രണ്ടു കുറ്റങ്ങൾ ആരോപിക്കുന്നു കൊലപാതകവും മോഷണവും. കുറ്റം നിഷേധിക്കാനോ ന്യായീകരിക്കാനോ കഴിയാത്തവിധം സംഭവസ്ഥലത്തു വച്ചുതന്നെ കുറ്റവാളിയെ നേരിടാനാണ് ഏലിയായോട് കർത്താവു കല്പിച്ചത്.

അപ്രതീക്ഷിതമായി ഏലിയായെ കണ്ടുമുട്ടിയ ആഹാബു ഞെട്ടി. ഉള്ളിൽ നിറഞ്ഞ കുറ്റബോധം വെളിവാക്കുന്നതാണ് "എന്റെ ശത്രുവായ നീ എന്നെ കണ്ടെത്തിയോ?" എന്ന ചോദ്യം (1 രാജാ 21,20). ജനങ്ങളുടെ മുമ്പിൽ കുറ്റം മറച്ചു വച്ച് നീതിമാനായി ചമയാൻ കഴിഞ്ഞെങ്കിലും ദൈവത്തിന്റെയും അവിടുത്തെ പ്രവാചകന്റെയും കണ്ണിൽ നിന്ന് ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയില്ല എന്ന ബോധ്യം അയാളെ തളർത്തി. കൊലപാതകത്തിലൂടെ സ്വന്തമാക്കിയ വസ്തു കയ്യേറ്റാൻ പുറപ്പെട്ടപ്പോൾ അയാൾ കണക്കിലെടുക്കാതിരുന്ന ഒരു യാഥാർത്ഥ്യമാണിത്. യാതൊരു മുഖവുരയും കൂടാതെ, അതിനിശിതമായ ഭാഷയിൽ ഏലിയാ ആഹാബിന്റെ മുമ്പിൽ കുറ്റപത്രം നിവർത്തി, വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി പ്രഖ്യാപിച്ചു (1 രാജാ 21,20-24). നാബോത്തിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്ത ആഹാബിനെയും കുടുംബത്തെയും കർത്താവു ഭൂമുഖത്തു നിന്നു തുടച്ചുമാറ്റും. നായ്ക്കൾക്കും വന്യമൃഗങ്ങൾക്കും ആകാശപ്പറവകൾക്കും ഇരയാകത്തക്കവിധം മൃതശരീരം സംസ്ക്കരിക്കാതെ

യിടുന്നത് മരിച്ചവനോടു ചെയ്യുന്ന വലിയ അവഹേളനമാണ്. കഠിനമായ ഈ ശിക്ഷാവിധി നടപ്പിലാകുന്നതിന്റെ ചരിത്രം തുടർന്നു വിവരിക്കുന്നുണ്ട് (1 രാജാ 22,37-38; 2 രാജാ 9).

നാബോത്തിന്റെ കൊലപാതകം മാത്രമല്ല, ജെസബെലിന്റെ പ്രേരണയ്ക്കുവഴങ്ങി ആഹാബു ചെയ്ത സകല പാതകങ്ങളും മൂലമാണ് ഈ ശിക്ഷാവിധിയുണ്ടായതെന്ന് വി.ഗ്രന്ഥകാരൻ വിശദീകരിക്കുന്നു (1 രാജാ 21,25-26). ശിക്ഷാവിധികേട്ട ആഹാബ് പശ്ചാത്തപിച്ചു. അതിനാൽ കർത്താവ് ശിക്ഷ തൽക്കാലത്തേക്കു മാറ്റിവച്ചു (1 രാജാ 21,27-29). പക്ഷേ ആഹാബിന്റെ മനസ്താപം ഉപരിവിപ്ലവവും താൽക്കാലികവും മാത്രമായിരുന്നു. തന്റെയും കുടുംബത്തിന്റെയും മേൽ പതിച്ച ശിക്ഷാവിധിയിൽ നിന്ന് ഒഴിവാക്കാൻ അതു പര്യാപ്തമായില്ല.

**വിചിന്തനം:** രാജാവിനു പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ വേണ്ടി സാധു കർഷകനെ കൊലചെയ്ത് അയാളുടെ മുന്തിരിത്തോട്ടം കയ്യേറിയത് ഇന്നും നടക്കുന്ന അസംഖ്യം കയ്യേറ്റങ്ങളുടെ ഒരു പ്രതീകമാണ്. വ്യവസായവൽക്കരണം, ടൂറിസവികസനം മുതലായ വിവിധ ന്യായങ്ങൾ പറഞ്ഞ് ഭരണക്കൂടം തന്നെ പാവപ്പെട്ടവരുടെ വസ്തു പിടിച്ചെടുക്കുന്നു. ചെറുത്തു നില്ക്കാൻ ശ്രമിക്കുന്നവരെ നിയമസഭകൾ പാസ്സാക്കുന്ന അനീതി നിറഞ്ഞ നിയമങ്ങളും കോടതികൾ പ്രസ്താവിക്കുന്ന അന്യായവിധികളും ഉപയോഗിച്ച്, പോലീസിന്റെയും പട്ടാളത്തിന്റെയും സഹായത്തോടെ നിർലജ്ജം അടിച്ചമർത്തുന്നു. വിദേശക്കപ്പലുകൾക്ക് ആഴക്കലടലും വ്യവസായ ഉടമകൾക്ക് കരഭൂമിയും തീറെഴുതിക്കൊടുത്ത് മത്സ്യത്തൊഴിലാളികളെയും ആദിവാസികളെയും കർഷകരെയും പട്ടിണിയിലാഴ്ത്തുന്ന ഭരണക്കൂടങ്ങൾ ആഹാബിന്റെ പ്രവൃത്തി ആയിരം മടങ്ങു ഭീകരതയോടെ ആവർത്തിക്കുന്നു. ആഗ്രഹിക്കുന്നതെല്ലാം സ്വന്തമാക്കാൻ ഏതു നീചമാർഗ്ഗവും ഉപയോഗിക്കാൻ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ സമ്പന്നർക്കു യാതൊരു മടിയുമില്ലാതായിത്തീർന്നിരിക്കുന്നു.

നീതി നിലത്തെറിയപ്പെടുകയും നിഷ്കളങ്കരക്തം പ്രതികാരത്തിനായി നിലവിളിക്കുകയും ചെയ്യുമ്പോൾ ആ നിലവിളി ഏറ്റുവാങ്ങാൻ കർത്താവിന്റെയും അവിടുത്തെ പ്രമാണങ്ങളുടെയും നാമത്തിൽ അക്രമികളെ നേരിടാൻ, പുതിയ ഏലിയാമാരെ ദൈവം അന്വേഷിക്കുന്നു. നിയമനിർമ്മാതാക്കളും ഭരണാധികാരികളും അസത്യത്തെയും അനീതിയെയും പൊതിഞ്ഞുവയ്ക്കുന്ന മുഖാവരണങ്ങൾ തുറന്നു കാട്ടാൻ കരുത്തും ഹൃദയശുദ്ധിയും ആഴമേറിയ ഉൾക്കാഴ്ചയുള്ള പ്രവാചകന്മാർ ഇന്നിന്റെ ആവശ്യമാണ്. കർത്താവിന്റെ വിളി കേൾക്കുന്നവർ നിർഭയം



ഇറങ്ങിപുറപ്പെടണം.

ഏലിയായുടെ കുറ്റാരോപണം ആഹാബിന്റെ കണ്ണുതുറപ്പിച്ചു; അയാളെ പശ്ചാത്താപത്തിലേക്കു നയിച്ചു. വസ്തുനിഷ്ഠവും സത്യസന്ധവും വിട്ടുവീഴ്ചയില്ലാത്തതുമായ വിമർശനം ഏതു ഭരണകൂടത്തെയും വ്യക്തിയെയും നേർവഴിക്കു നയിക്കാൻ ആവശ്യമാണ്. പ്രത്യാഘാതങ്ങളെ ഭയന്ന് പ്രവാചകൻ മൗനം ഭജിച്ചാൽ അതു കുറ്റകരമായിത്തീരും. സമൂഹത്തിന്റെ അധഃപതനത്തിനും നാശത്തിനും അയാളും ഉത്തരം പറയേണ്ടിവരും. സഭയിലും രാഷ്ട്രത്തിലും ഒരുപോലെ ഈ വിമർശനം ആവശ്യമാണ്.

## 5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം

**1 രാജാ 22,1-50; 2 ദിന 17-20**

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ ആഹാബിന്റെ അവസാനത്തെ യുദ്ധവും മരണവും സുദീർഘമായി വിവരിച്ചതിനുശേഷം (1 രാജാ 22,1-40) യൂദാ രാജാവായ യഹോഷാഫാത്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു (1 രാജാ 22,41-50). ആഹാബിന്റെ യുദ്ധം കാര്യമായ വ്യത്യാസങ്ങളൊന്നും കൂടാതെ തന്നെ ദിനവൃത്താന്തഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട് (2 ദിന 18). അതിനുപുറമേ യഹോഷാഫാത്തിന്റെ ഭരണവും നേട്ടങ്ങളും വളരെ വിശദമായി വിവരിക്കുന്നു (2 ദിന 17; 19-20). യുദ്ധത്തിന്റെ വിവരണമാണ് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ നിറഞ്ഞു നില്ക്കുന്നത്. രാജഹിതം അനുസരിച്ചു പ്രവചിക്കുന്ന നാനൂറു പ്രവാചകന്മാരും തന്റെ ജീവൻ പണയം വച്ചുകൊണ്ട്, ദൈവഹിതം നിർഭയം അറിയിക്കുന്ന ഒരു പ്രവാചകനും തമ്മിലുള്ള സംഘട്ടനമാണ് ഈ വിവരണത്തിന്റെ കേന്ദ്രം. ശിക്ഷയെ ഭയന്നും ആനുകൂല്യങ്ങൾ ആഗ്രഹിച്ചും നട്ടെല്ലു നഷ്ടപ്പെടുത്താത്ത മിക്കായാ പ്രവാചകൻ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പ്രവചനവും പൂർത്തീകരണവും ഇവിടെയും ഒരു മുഖ്യപ്രമേയമാണ്.

അസീറിയായ്ക്കെതിരേ ഇസ്രായേലും സിറിയായും ഒരുമിച്ച് ഖർഖാറിൽ വച്ച് ബി.സി. 853ൽ നടത്തിയ യുദ്ധത്തിനുശേഷമാണ് ഇവിടെ വിവരിക്കുന്ന യുദ്ധം നടന്നത്. 20-ാം അധ്യായത്തിൽ വിവരിച്ച കരാർ സിറിയാ പാലിച്ചില്ല. ഖാർഖാർ യുദ്ധത്തിൽ രണ്ടായിരം തേരും പതിനായിരം കാലാളും അണിനിരത്തിയ ഇസ്രായേൽ ആയിരത്തിയിരുന്നൂറു തേരും പതിനായിരം കാലാളുമായി യുദ്ധത്തിനിറങ്ങിയ സിറിയായേക്കാൾ ശക്തമായിരുന്നു. ആഹാബിന്റെ മകൾ അത്താലിയായെ യൂദാരാജാവായ

യഹോഷാഫാത്തിന്റെ മകൻ യഹോവാമിനു ഭാര്യയായി നല്കി കൊണ്ട് ഇരുരാജ്യങ്ങളും തമ്മിൽ ഉടമ്പടിയുണ്ടാക്കിയിരുന്നു. ഈ പശ്ചാത്തലത്തി ലാണ് ആഹാബ് സിറായ്ക്കെതിരേ യുദ്ധത്തിനൊരുങ്ങിയത്. ഡമാസ്ക സിൽ നിന്ന് അറേബിയായിലേക്കു പോകുന്ന വാണിജ്യപാതയിലുള്ള പ്രധാന നഗരമായ റാമോത്ത് ഗിലയാദ് തിരിച്ചുപിടിക്കുകയായിരുന്നു യുദ്ധ ത്തിന്റെ ലക്ഷ്യം.

ഇസ്രായേൽ ജനത്തിന് ജോർദ്ദാൻ നദിക്കു കിഴക്കുള്ള ഒരു അഭ യനഗരവും സോളമന്റെ ഒരു പ്രവിശ്യയുടെ തലസ്ഥാനവുമായിരുന്നു ഗിലാ യാദിലെ റാമോത്ത് (ജോഷ്വാ 20,8.1 രാജാ 4,13). ബാഷായുടെ കാലത്ത് ബെൻഹദാദ് പിടിച്ചടക്കിയ ഈ നഗരം ആഹാബുമായുണ്ടാക്കിയ സമാ ധാന ഉടമ്പടിയനുസരിച്ചു തിരിച്ചു നല്കാൻ ബാധ്യസ്ഥനായിരുന്നെങ്കിലും സിറിയാ രാജാവ് അതുചെയ്തില്ല. അതിനാൽ യഹോഷാഫാത്തിന്റെ പിന്തുണയോടെ ആഹാബ് യുദ്ധത്തിനൊരുങ്ങി (1 രാജാ 22,1-4). യഹോഷാഫാത്ത് സമറിയായിൽ ആഹാബിനെ സന്ദർശിക്കാൻ വന്ന പ്പോഴാണ് ഈ തീരുമാനം ഉണ്ടായതെന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ എടുത്തു പറയുന്നു (2 ദിന 18,1-3).

തികഞ്ഞ യാഹ്വേ ഭക്തനായ യഹോഷാഫാത്ത് തത്വത്തിൽ യുദ്ധത്തിനു സഹായം വാഗ്ദാനം ചെയ്തെങ്കിലും, പുറപ്പെടുന്നതിനു മുമ്പേ കർത്താവിന്റെ ഹിതം ആരായാൻ ആവശ്യപ്പെട്ടു. ആഹാബ് തന്റെ പ്രവാചകന്മാരെ വിളിച്ചു കൂട്ടി. അവർ കർത്താവിന്റെ പ്രവാചകന്മാരായി ത്തന്നെയാണ് പരിഗണിക്കപ്പെടുന്നത്. ബാലിന്റെ പ്രവാചകന്മാരായിരുന്നു എന്ന സൂചന പോലും നല്കുന്നില്ല. എങ്കിലും രാജാവിനു കേൾക്കാൻ താല്പര്യമുള്ള കാര്യം അവർ കർത്താവിന്റെ വചനമായി അറിയിച്ചു (1 രാജാ 22,6-7; 2 ദിന 18,5). നഗരകവാടത്തിൽ ഉപവിഷ്ടരായ രാജാക്കന്മാ രുടെ മുമ്പിൽ പ്രവാചക സംഘം ഉന്മാദാവസ്ഥയിൽ പ്രവചനങ്ങൾ തുടർന്നു. സെദെക്കിയാ എന്നൊരുവൻ തലയിൽ വച്ചുകെട്ടിയ ഇരുമ്പു കൊമ്പിന്റെ പ്രതീകത്തിലൂടെ യുദ്ധത്തിൽ വിജയം ഉറപ്പുനല്കി (1 രാജാ 22,10-12; 2 ദിന 18,9-11). അവരുടെ ഏകകണ്ഠമായ പ്രവചനത്തിൽ സംശയം തോന്നിയ യഹോഷാഫാത്ത് മറ്റൊരു പ്രവാചകനെ ആവശ്യ പ്പെട്ടു. തനിക്കു തിന്മമാത്രം പ്രവചിക്കുന്നു. എന്നതിനാൽ മാറ്റി നിർത്തി യിരുന്ന മിക്കായാ പ്രവാചകനെ വിളിക്കാൻ ആഹാബു നിർബന്ധിത നായി (1 രാജാ 22,7-10; 2 ദിന 18,6-8).

ഇംലായുടെ പുത്രനായ മിക്കായാ പ്രവാചകനോട് മറ്റു പ്രവാചക ന്മാരെ അനുകരിച്ച് രാജാവിന് അനുകൂലമായി പ്രവചിക്കാൻ ദൂതന്മാർ നിർദ്ദേശിച്ചു (22,13; 2 ദിന 18,16-12). "യാഹ്വേയ്ക്കു തുല്യൻ ആര്?"



എന്നാണ് മിക്കായാ എന്ന പേരിന്റെ അർത്ഥം. (എട്ടാം നൂറ്റാണ്ടിൽ ജീവി ച്ചിരുന്ന മിക്കാ അല്ല ഇത്). തന്റെ പേരിനോടു നീതി പുലർത്തുന്നതാണ് മിക്കായുടെ മറുപടി: "കർത്താവാണേ, അവിടുന്ന് അരുളിചെയ്യുന്നതു ഞാൻ പറയും" (1 രാജാ 22,14; 2 ദിന 18,13). രാജസന്നിധിയിൽ എത്തിയ മിക്കായാ പരിഹാസദ്യോതകമായി മറ്റു പ്രവാചകന്മാരെ അനുകരിച്ച് വിജയം ആശംസിച്ചു. എന്നാൽ കർത്താവിന്റെ നാമത്തിൽ സത്യം പറ യാൻ ആവശ്യപ്പെട്ടപ്പോൾ യഥാർത്ഥത്തിൽ തനിക്കു ലഭിച്ച ദർശനവും ദൈവ വചനവും മിക്കായാ അറിയിച്ചു (1 രാജാ 22,15-17; 2 ദിന 18,14-17). ഇടയനില്ലാതെ മലകളിൽ അലയുന്ന ആടുകളുടെ ചിത്രം യുദ്ധത്തിൽ സംഭവിക്കാൻ പോകുന്ന പരാജയത്തിന്റെയും രാജാവിന്റെ മരണത്തി നേയും ഒരു പ്രതീകമായിരുന്നു ആഹാബിന്റെ കുറ്റോരോപണത്തെ തുടർന്ന് മിഖായാ കാര്യങ്ങൾ കൂടുതൽ വ്യക്തമായി അവതരിപ്പിച്ചു (1 രാജാ 22,18-23; 2 ദിന 18,18-22). കർത്താവ് ആഹാബിനു മരണശിക്ഷ വിധിച്ചിരിക്കുന്നെന്നും അതു നടപ്പിലാക്കാനായി നുണയുടെ ആത്മാവിനെ അയാളുടെ പ്രവാചകന്മാരുടെ അധരങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നെന്നും മിക്കായാ പറഞ്ഞത് തികച്ചും പ്രകോപനപരവും അപകടകരവുമായിരു ന്നു. നാനൂറു കൊട്ടാരം പ്രവാചകന്മാർക്കും രാജാവിനും എതിരേ, കർത്താ വിന്റെ യഥാർത്ഥ പ്രവാചകനായി അയാൾ ഒറ്റയ്ക്കു നിന്നു.

തങ്ങളെ നുണയന്മാരായി ചിത്രീകരിച്ചതിൽ കൊട്ടാരം പ്രവാചക ന്മാർ കുപിതരായി. സെദെക്കിയാ മിക്കയായുടെ കരണത്തടിച്ചു."എന്റെ നീതിയാഹ്വേ" എന്നാണ് അയാളുടെ പേരിന് അർത്ഥം. മിക്കയായും മറ്റു പ്രവാചകന്മാരും കർത്താവിന്റെ നാമത്തിലാണ് പ്രവചനം നടത്തി യത്. ഇരുകൂട്ടരും കർത്താവിന്റെ ആത്മാവ് തങ്ങളെ പ്രചോദിപ്പിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്തു. ആരു പറഞ്ഞതാണ് സത്യം എന്ന റിയാൻ പ്രവചനം നിറവേറുന്നതുവരെ കാത്തിരിക്കുകയേ മാർഗ്ഗമുണ്ടാ യിരുന്നുള്ളു. അതുവരെ മിക്കായായെ തടവിലാക്കാൻ ആഹാബു കല്പി ച്ചു. മിക്കായാ തന്റെ വചനത്തിൽ ഉറച്ചുനിന്നു (1 രാജാ 22,26-28; 2 ദിന 18,23-27).

പ്രവാചകനെ തടവറയിൽ അടച്ചെങ്കിലും അയാളുടെ വചനം ആഹാബിനെ ഭയചകിതനാക്കി. സാമുവേലിലൂടെ കർത്താവിന്റെ ശിക്ഷാ വിധി അറിഞ്ഞതിനുശേഷം പടക്കളത്തിലേയ്ക്കു പോയ സാവൂളിനെ പ്പോലെ (1 സാമു 28,31) ആഹാബ് സിറിയായുമായി യുദ്ധത്തിനുപോയി. പ്രവാചക വചനം നിറവേറാതിരിക്കാൻ മുൻകരുതലായി വേഷം മാറി യാണ് ആഹാബ് പടക്കളത്തിലേക്കു നീങ്ങിയത്. ഇസ്രായേൽ രാജാവി നെതിരേ മാത്രം പടവെട്ടിയാൽ മതി എന്ന് തന്റെ പടനായകന്മാർക്കു

സിറിയാ രാജാവ് നല്കിയിരുന്ന കല്പനയുടെ വെളിച്ചത്തിൽ ഈ ആൾമാറാട്ടത്തിന്റെ ലക്ഷ്യം വ്യക്തമാകുന്നു. (1 രാജാ 22,29-31; 2 ദിന 18,28-30). രാജാവു മരിച്ചാൽ യുദ്ധം അവസാനിക്കുമെന്നും ഇസ്രായേൽ ജനവുമായി അസീറിയയ്ക്കെതിരേ വീണ്ടും സഖ്യം ഉണ്ടാക്കാൻ കഴിയുമെന്നും സിറിയാ രാജാവു കരുതിയിരിക്കും. ആഹാബിന്റെ തന്ത്രം ഫലിച്ചില്ല. അശ്രദ്ധമായിഒരു സിറിയൻ പടയാളി എയ്ത അസ്ത്രം കർത്താവ് ആഹാബിനു നേരെ തിരിച്ചു വിട്ടു. അയാൾക്കു മാരകമായ മുറിവേറ്റു. സിറിയാക്കാർക്ക് അഭിമുഖമായി അയാളെ രഥത്തിൽ ഇരുത്തിയത് അയാൾക്കു മുറിവേറ്റതറിഞ്ഞ് ഇസ്രായേൽ ജനം നഷ്ടധൈര്യരായി പിന്തിരിഞ്ഞോടാതിരിക്കാൻ വേണ്ടിയാണ്. രഥത്തിലിരുന്ന് രക്തം വാർന്നു പോയ ആഹാബ് സന്ധ്യയായപ്പോൾ മരിച്ചു. ആദ്യം ഏലിയായും പിന്നെ മിക്കായായും അറിയിച്ച ശിക്ഷാവിധി അങ്ങനെ നിറവേറി (2 രാജാ 22,32-40; 2 ദിന 18,31-34).

**വിചിന്തനം:** യഥാർത്ഥ ദൈവവചനത്തെ വ്യാജ പ്രവാചകന്മാരുടെ മുഖസ്തുതിയിൽ നിന്ന് തിരിച്ചറിയാൻ കഴിയാതെ പോയതാണ് ആഹാബിനു പറ്റിയ അവസാനത്തെ അബദ്ധം. അതു മാരകമായിരുന്നു. ഇന്നും അരുചികരമായ സത്യത്തേക്കാൾ വ്യാജ പ്രശംസകൾ കേൾക്കാനാണല്ലോ അധികം പേരും താൽപര്യപ്പെടുക. നീതിമാന്റെ ശാസനയേക്കാൾ ദുഷ്ടന്മാരുടെ തൈലം (സങ്കീ 141,5) അഭിലഷണീയമായി കരുതുന്നത് അപകടകരമായിരിക്കും എന്ന് പലരും സൗകര്യപൂർവ്വം മറക്കുന്നു. പ്രശംസകൾ മാത്രം നല്കുന്നവർ വ്യാജ പ്രവാചകന്മാരാകാനാണ് കൂടുതൽ സാധ്യത. നാം കേൾക്കാൻ ഇഷ്ടപ്പെടാത്തതു നമ്മോട് പറയുമ്പോൾ ശത്രുക്കളാകണമെന്നില്ല. സ്നേഹമുള്ളവരേ സത്യം പറയൂ, അത് അനിഷ്ടത്തിനിടയാക്കുമെങ്കിൽത്തന്നെ. താൽക്കാലിക ലാഭങ്ങൾ ആഗ്രഹിക്കുകയോ എതിർപ്പും പീഢനവും ഭയപ്പെടുകയോ ചെയ്യാത്തവർക്കേ യഥാർത്ഥ പ്രവാചകന്മാരാകാൻ കഴിയൂ. നട്ടെല്ലു പണയം വച്ചു പ്രവാചക വേഷം കെട്ടുന്ന വ്യാജന്മാർ എന്നും സമൂഹത്തിനു നാശമേ വരുത്തു!

### 6. യഹോഷാഫാത്ത് 1 രാജാ 22,41-50; 2ദിന 17-20

ഇരുപത്തഞ്ചു വർഷം (ബി.സി. 870-848) യൂദാ ഭരിച്ച യഹോഷാഫാത്ത് രാജാവിനെക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങളേ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പിതാവായ ആസാ രോഗിയായിത്തീർന്നതിനാൽ രണ്ടു വർഷത്തിലേറെ അയാൾക്കു പകരം പുത്രൻ രാജ്യം ഭരിച്ചുവെന്നും അതുകൂടി കണക്കിലെടുത്താണ് ഇരുപത്തഞ്ചു വർഷം എന്നു വി.ഗ്രന്ഥകാരൻ പറയുന്നതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു ന്യൂനത ഒഴികെ



ഒരു കുറ്റവും ആരോപിക്കപ്പെടാത്ത ചുരുക്കം രാജാക്കന്മാരിൽ ഒരുവനാണ് യഹോഷാഫാത്ത്. പുരുഷ വേശ്യാവൃത്തി ആസായുടെ കാലത്തും തുടർന്നുപോന്നു എന്നും യഹോഷാഫാത്താണ് അതു നിർത്തലാക്കിയതെന്നും ഉള്ള പ്രസ്താവന (1 രാജാ 22,46) 15,12ൽ പറഞ്ഞതുമായി പൊരുത്തപ്പെടുന്നില്ല. ഒരിക്കൽ നിർത്തലാക്കിയത് വീണ്ടും തുടങ്ങിയതാവാം ഈ പൊരുത്തക്കേടിനു കാരണം.

സോളമന്റെ കാലത്തെ കപ്പൽവ്യാപാരം വീണ്ടും ആരംഭിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല (1 രാജാ 22,48). ഇസ്രായേൽ രാജാവായ അഹസിയാ ഈ സംരംഭത്തിൽ പങ്കുചേരാൻ വിസമ്മതിച്ചു എന്ന് 1 രാജാ 22,49ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇരുവരും ഒരുമിച്ചാണ് കപ്പൽ നിർമ്മാണം നടത്തിയതെന്ന് 2 ദിന 20,36ൽ കാണുന്നു. ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് സമ്മതിച്ചതായിരിക്കാം ഈ വൈരുദ്ധ്യത്തിനു കാരണം. ഏതായാലും തുറമുഖത്തുവച്ചു തന്നെ കപ്പലുകൾ തകർന്നതിനാൽ സംരംഭം പരാജയപ്പെട്ടു. പരിചയ സമ്പന്നരായ ടയിർ നാവികരാണ് സോളമന്റെ കപ്പലുകൾ ഉണ്ടാക്കിയതും ഓടിച്ചതും. അതു പോലുള്ളവരുടെ അഭാവമാകാം കപ്പൽ നാശത്തിനു കാരണം. കർത്താവിനെ പരിത്യജിച്ച ഇസ്രയേൽ രാജാവുമായി സഖ്യം ചെയ്തതാണ് ഈ പരാജയത്തിനു കാരണം എന്ന് 2 ദിന 20,37ൽ ദൈവശാസ്ത്രപരമായ വിശദീകരണം നല്കുന്നുണ്ട്.

ദിനവൃത്താന്ത ഗ്രന്ഥകാരൻ യഹോഷാഫാത്തിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആസാ രാജാവിന്റെ പ്രവർത്തനങ്ങളെ വിവരിച്ച അതേ ശൈലിയിലാണ് യഹോഷാഫാത്തിന്റെ പ്രവർത്തനങ്ങളും വിവരിക്കുന്നത്. ഇരുവരും കർത്താവിനോടു വിശ്വസ്തരായിരുന്നു. മതമേഖലയിൽ നവീകരണങ്ങൾ വരുത്തി. എന്നാൽ ജീവിതാന്ത്യത്തിൽ ചെറിയ അവിശ്വസ്തതകൾ കാട്ടി. ഇരുവരും രണ്ടു യുദ്ധങ്ങൾ നേരിടേണ്ടി വന്നു. ഒന്നിൽ ഇരുവരും കർത്താവിലാശ്രയിച്ചു വിജയം വരിച്ചു; മറ്റൊന്നിൽ രാഷ്ട്രീയ സഖ്യം ചേർന്നു. ഇരുവരെയും പ്രവാചകന്മാർ പ്രോത്സാഹിപ്പിക്കുകയും ശാസിക്കുകയും ചെയ്തു. എന്നാൽ തന്നെ ശാസിച്ച പ്രവാചകനെ ആസാ പീഢീപ്പിച്ചപ്പോൾ യഹോഷാഫാത്ത് ശാസന സ്വീകരിച്ച് കർത്താവിനോടു കൂടുതൽ തീക്ഷ്ണതയോടെ വിശ്വസ്തത പുലർത്തി.

രാജാവ് കർത്താവിനോട് പൂർണ്ണമായ വിശ്വസ്തത പാലിച്ചതിനാൽ ദേശത്തു സമാധാനവും സമൃദ്ധിയുമുണ്ടായി എന്ന് എടുത്തു പറഞ്ഞുകൊണ്ടാണ് യഹോഷാഫാത്തിനെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത് (2 ദിന 17,1-6). പട്ടണങ്ങൾതോറും ചെന്ന് ദൈവത്തിന്റെ നിയമം

ജനങ്ങളെ പഠിപ്പിക്കാനായി ഉപദേഷ്ടാക്കളെ നിയമിച്ചത് യഹോഷാഫാത്ത് മതരംഗത്ത് നടത്തിയ പുതിയൊരു സംരംഭമാണ് (2 ദിന 17,7 -9). അഞ്ച് അത്മായരും ഒമ്പത് ലേവ്യരും രണ്ടു പുരോഹിതരും അടങ്ങുന്നതായിരുന്നു ഈ സംഘം എന്ന വിശദീകരണത്തിൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ നൽകുന്ന പ്രാധാന്യം മാകുന്നു പ്രവാസത്തിനുശേഷം ഇസ്രായേലിൽ പ്രചാരത്തിൽ വന്നതാണ് ഈ മത ബോധന സംവിധാനം എന്നും തന്റെ കാലത്ത് നിലവിലിരുന്ന സംവിധാനങ്ങൾ പണ്ടു മുതലേ തുടങ്ങിയതാണെന്നു കാണിക്കാൻ വേണ്ടി വി.ഗ്രന്ഥകാരൻ അതിന്റെ തുടക്കം യഹോഷാഫാത്ത് ആരോപിക്കുന്നതാണെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. നിയമഗ്രന്ഥം വായിക്കാനും പഠിപ്പിക്കാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നിയമാവർത്തന പുസ്തകത്തിൽ അനുശാസിക്കുന്നുണ്ട് (നിയ 6,6-9; 31,11). രാജ്യത്തു സമാധാനം നിലനിന്നെങ്കിലും ഏതു പ്രതിസന്ധിയെയും നേരിടാൻ വേണ്ടി യഹോഷാഫാത്തു കോട്ടകളും സംഭരണ നഗരങ്ങളും പണിയുകയും ശക്തമായൊരു സൈന്യത്തെ ഒരുക്കി നിർത്തുകയും ചെയ്തു (2 ദിന 17,10-19). ഒരു ഗണം അഥവാ ഒരു നായകന്റെ കിഴീലുള്ള വിഭാഗം എന്ന് അർത്ഥമുള്ള ഏലെഫ് എന്ന ഹീബ്രുവാക്ക് ആയിരം എന്നു വിവർത്തനം ചെയ്തതാണ് സൈന്യ സംഖ്യയിലെ അതിശയോക്തിക്കു കാരണം.

ആഹാബ് രാജാവിന്റെ ക്ഷണം സ്വീകരിച്ച് സിറിയായ്ക്കെതിരേ യഹോഷാഫാത്ത് യുദ്ധത്തിനു പോയത് (2 ദിന 18) പ്രവാചകന്റെ വിമർശനത്തിനു കാരണമായി (2 ദിന 19,1-3). ശകാരം കേട്ട രാജാവ് തന്റെ പിതാവു ചെയ്തതുപോലെ പ്രവാചകനെ ശിക്ഷിക്കുകയല്ല, കൂടുതൽ തീക്ഷ്ണതയോടെ മതനവീകരണത്തിൽ ശ്രദ്ധിക്കുകയാണ് ചെയ്തത്. നീതി നിർവ്വഹണ രംഗത്തു നടത്തിയതാണ് എടുത്തു പറയുന്ന ഏറ്റം പ്രധാനപ്പെട്ട നവീകരണം (2 ദിന 19,4-11). "യാഹ്വേ വിധിച്ചു" എന്നാണ് യഹോഷാഫാത്ത് എന്ന പേരിന്റെ അർത്ഥം. പേര് അന്വർത്ഥമാക്കത്തക്കവിധത്തിൽ ദേശത്തുടനീളം നീതി പാലനത്തിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തി. പ്രാദേശിക കോടതികൾക്കു പുറമേ ജറുസലെമിൽ ഒരു സമുന്നത കോടതിയും സ്ഥാപിച്ചു. മതകാര്യങ്ങൾക്കും രാഷ്ട്രീയ കാര്യങ്ങൾക്കുമായി രണ്ടു വ്യത്യസ്ത ന്യായാധിപന്മാരെയും നിയമിച്ചു ജെത്രോയുടെ ഉപദേശപ്രകാരം മോശയും (പുറ 18,13-27) പിന്നീട് ദാവീദും (1 ദിന 23,4) നടപ്പിലാക്കിയ നീതിപാലനത്തിന്റെ നവീകരണമാണിത് ന്യായാധിപന്മാർക്കു നല്കുന്ന നിർദ്ദേശത്തിൽ (2 ദിന 19,6-7) മോശയുടെ ഉപദേശം (നിയ 16,18-19) പ്രതിധ്വനിക്കുന്നുണ്ട്. ന്യായാധിപന്മാർ കർത്താവിന്റെ പ്രതിനിധികളാണ്.



ഏദോമിൽ രാജാവില്ലായിരുന്നു എന്ന 1 രാജാ 22,44ലെ പരാമർശത്തിന്റെ സ്ഥാനത്ത് ദിനവൃത്താന്ത ഗ്രന്ഥകാരൻ വലിയൊരു യുദ്ധത്തിന്റെ കഥ വിവരിക്കുന്നു (2 ദിന 20,1-30). മൊവാബ്യരോടും അമ്മോന്യരോടും ചേർന്ന് യുദ്ധത്തിനു വന്ന മെയൂന്യർ ചെങ്കടലിന്റെ തെക്കുകിഴക്കു വസിച്ചിരുന്ന ഏദോമ്യർ ആണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ശക്തമായ ശത്രുസൈന്യത്തിന്റെ വരവിനെക്കുറിച്ചു കേട്ട യഹോഷാഫാത്ത് ഉപവാസവും പ്രാർത്ഥനയും വഴി കർത്താവിന്റെ സഹായം തേടി (2 ദിന 20,3-5). യുദ്ധത്തിനൊരുക്കമായി നടത്തുന്ന പ്രാർത്ഥനയും പ്രസംഗവും രചിക്കുന്നതിലുള്ള ഗ്രന്ഥകാരന്റെ പങ്ക് നാം കണ്ടുകഴിഞ്ഞതാണ്. രക്ഷാചരിത്രത്തെ സംഗ്രഹിക്കുകയും (2 ദിന 20,6-8) സോളമന്റെ പ്രാർത്ഥനയിലെ ചില ഭാഗങ്ങൾ അനുസ്മരിക്കുകയും (2 ദിന 20, 9=2ദിന 6,28-29) ചെയ്തുകൊണ്ടാണ് രാജാവു പ്രാർത്ഥിക്കുന്നത്. ഏദോമ്യർ, മൊവാബ്യർ, അമ്മോന്യർ എന്നിവർക്കെതിരെ യുദ്ധം ചെയ്യാതെ കടന്നുപോന്നതിനെക്കുറിച്ചുള്ള പരാമർശം (2 ദിന 20,10-11) പുറപ്പാടു ചരിത്രത്തിലേക്ക് (നിയ 2,4-19) ശ്രദ്ധതിരിക്കുന്നു. യഹസിയേൽ പ്രവാചകൻ വഴി കർത്താവ് പ്രാർത്ഥനയ്ക്ക് നല്കിയ ഉത്തരം (2 ദിന 20,13 -18) ചെങ്കടൽ തീരത്ത് വച്ച് മോശ ജനത്തിന് നല്കിയ മറുപടിയെ (പുറ 14,13-14) അനുസ്മരിപ്പിക്കുന്നു. കർത്താവു തന്നെ തങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും എന്നുകേട്ട രാജാവും ജനവും കർത്താവിനെ സ്തുതിച്ചു ( 2 ദിന 20,18-19).

ഈ യുദ്ധം മുഴുവൻ ഒരു ലിറ്റർജിയുടെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജാവിന്റെ ആഹ്വാനമനുസരിച്ച്, ഗായകരുടെ നേതൃത്വത്തിൽ ജനം കർത്താവിനെ പാടിസ്തുതിച്ചപ്പോൾ ശത്രുക്കൾ പരസ്പരം പടവെട്ടി മരിച്ചു (2 ദിന 20,20-23). ആഹ്ലാദചിത്തരായ ജനം ശത്രുപാളയം കൊള്ളയടിച്ചു (2 ദിന 20,24-25). ലഭിച്ച വിജയത്തിന്റെ പേരിൽ അവർ കർത്താവിനെ വാഴ്ത്തിയതിനാൽ ബറാക്കാ എന്ന് ആ സ്ഥലത്തിനു പേരുണ്ടായി (2 ദിന 20,26). വാഴ്ത്തൽ, സ്തുതി, അനുഗ്രഹം എന്നൊക്കെയാണ് ബാറാക്കാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. യുദ്ധഭൂമിയിലേക്കും തിരിച്ചു തലസ്ഥാന നഗരിയിലേക്കും നടത്തിയ യാത്ര ഒരു പ്രദക്ഷിണത്തിന്റെ പ്രതീതി ഉളവാക്കുന്നു. ജോർദ്ദാൻ കടന്ന് ഇസ്രയേൽ ജനം ജെറീക്കോയിലേക്കി നീങ്ങിയതിനെ (ജോഷ്വാ 6,9) അനുസ്മരിപ്പിക്കുന്നതാണ് ഈ ഘോഷയാത്ര. തന്നിൽ വിശ്വാസമർപ്പിക്കുന്നവരെ ഏതു പ്രതിസന്ധിയിലും കർത്താവു രക്ഷിക്കും എന്ന പാഠമാണ് ഈ യുദ്ധത്തിന്റെ വിവരണത്തിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്നത്.

**വിചിന്തനം:** ജനത്തെ വിഗ്രഹാരാധനയിലും അനീതിയിലും നിന്നു പിന്തി

രിപ്പിക്കാൻ വേണ്ടിയാണ് യഹോഷാഫാത്ത് ദേശത്തുടനീളം വചന പ്രഘോഷകരെ നിയമിച്ചത്. ദൈവവചനത്തിന്റെ ശക്തിയും അതിനു മനുഷ്യജീവിതത്തിൽ വരുത്താൻ കഴിയുന്ന പരിവർത്തനവും വേണ്ടത്ര നാം മനസിലാക്കുന്നുണ്ട്? നമ്മുടെ മതാത്മക പ്രവർത്തനങ്ങളിൽ സ്ഥാന മാണ് നാം നല്കുന്നത്?

തങ്ങളേക്കാൾ അനേകം മടങ്ങു ശക്തരായ ശത്രുക്കളുടെ ആക്ര മണമുണ്ടായപ്പോൾ രാജാവും ജനവും ഉപവാസവും പ്രാർത്ഥനയും വഴി കർത്താവിൽ അഭയം തേടി. യുദ്ധം തുടങ്ങുന്നതിനു മുമ്പേ തങ്ങൾ വിജ യിച്ചു കഴിഞ്ഞു എന്ന ഉറച്ച ബോധ്യത്തോടെ അവർ കർത്താവിനെ സ്തുതിച്ചു. കർത്താവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലും ഇന്നും അനവധി അത്ഭുതങ്ങൾ നടക്കുന്നു. കർത്താ വിനു സ്തുതികൾ അർപ്പിക്കുന്നതിന് എന്തു സ്ഥാനമാണ് നാം പ്രാർത്ഥ നയിൽ നല്കുക? (എഫേ 5,19-20).

## 7. അഗ്നിപ്രവാചകൻ 1 രാജാ 22,51-2 രാജാ 2,12.

ഇസ്രായേൽ രാജാവായ അഹസിയായെ കർത്താവിന്റെ ശിക്ഷാ വിധി അറിയിച്ചതാണ് ഏലിയാ അവസാനമായി നിറവേറ്റിയ പ്രവാചക ദൗത്യം. അതിനുശേഷം അത്ഭുതകരമായ വിധത്തിൽ അദ്ദേഹം അപ്ര ത്യക്ഷനായി. ഈ രണ്ടു സംഭവങ്ങളിലും അഗ്നിക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. കാർമ്മൽ മലയിൽ അഗ്നിയിറക്കി കർത്താവു ബലി സ്വീകരിച്ചതും പ്രവാചകന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായിട്ടാണ്. അനീ തിയുടെ കോട്ടകൾ തകർക്കുകയും അക്രമത്തിന്റെ വേരുകൾ ദഹിപ്പി ക്കുകയും ചെയ്യുന്ന അഗിനിയായിരുന്നു അദ്ദേഹത്തിലൂടെ പ്രവഹിച്ച ദൈവവചനം (പ്രഭാ 48,1). കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു നിന്ന ഏലിയായ്ക്കു നല്കാവുന്ന ഉത്തമമായ വിശേഷണമാണ് "അഗ്നി പ്രവാചകൻ".

### a. വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി 1 രാജാ 22,51-1 രാജാ 1,18

രാജാക്കൻമാരുടെ പുസ്തകം രണ്ടായി തിരിച്ചത് തികച്ചും യാന്ത്രി കമായിട്ടാണെന്ന് ഒന്നാം പുസ്തകത്തിന്റെ അവസാനവും രണ്ടാം പുസ്ത കത്തിന്റെ ആരംഭവും പരിശോധിച്ചാൽ വ്യക്തമാകും. അഹസിയാ രാജാ വിനെക്കുറിച്ചുള്ള വിവരണം ഇടയ്ക്കു വച്ചു മുറിച്ചിരിക്കുന്നു. ആഹാ ബിനറെ മരണത്തെ തുടർന്ന് രാജാവായ പുത്രൻ അഹസിയായുടെ ഭരണം രണ്ടു വർഷത്തിൽ താഴെയേ ദീർഘിച്ചുള്ളൂ. എന്നാലും "കർത്താ വിനെ എല്ലാവിധത്തിലും പ്രകോപിപ്പിച്ചു" എന്ന വിലയിരുത്തലാണ് വി. ഗ്രന്ഥകാരൻ അയാളെക്കുറിച്ചു നടത്തുന്നത്. പിതാവിന്റേയും മാതാവി



ന്റെയും മാതൃക പിൻതുടർന്ന് ബാലിനെ സേവിച്ചതാണ് പ്രധാന കുറ്റം "മാതാവിന്റെ" എന്നതു പി.ഒ.സി. വിവർത്തനത്തിൽ വിട്ടു പോയിരിക്കു ന്നു. (2 രാജാ 22,51-53).

കർത്താവിനോടുകാട്ടിയ അവിശ്വസ്തത വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി വിളിച്ചുവരുത്തി. മൊവാബ്യരുടെ കലാപമായിരുന്നു ആദ്യത്തെ ശിക്ഷ (2 രാജ 1,1). മട്ടുപ്പാവിൽ നിന്നു വീണ് മാരകമായ പരി ക്കേറ്റത് രണ്ടാമത്തെ ശിക്ഷ. അപ്രതീക്ഷിതമായി ഉണ്ടായ കലാപത്തി നെതിരേ ഒന്നും ചെയ്യാൻ അഹസിയായ്ക്കു കഴിഞ്ഞില്ല. തുടർന്നു രാജാ വായ യോറാം മൊവാബ്യർക്കെതിരേ നടത്തിയ യുദ്ധത്തെക്കുറിച്ച് 3-ാം അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നുണ്ട്. വീഴ്ചയിൽ പരിക്കേറ്റു കിടപ്പിലായ താൻ രക്ഷപ്പെടുമോ എന്നറിയാൻ വേണ്ടി അഹസിയാ ദൂതൻമാരെ സമറിയായിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ തെക്കുപ ടിഞ്ഞാറുള്ള ഫിലിസ്ത്യ നഗരമായ എക്രോണിലെ ബാൽ ദേവ ക്ഷേത്ര ത്തിലേക്കു പറഞ്ഞയച്ചു (2 രാജാ 1,2). ബാൽസെബൂബ് എന്നത് ഇസ്രാ യേൽക്കാർ നല്കിയ ഒരു പരിഹാസപേരാണ്. ഈച്ചകളുടെ നാഥൻ എന്നാണ് പേരിന് അർത്ഥം. ഉയരങ്ങളുടെ നാഥൻ അഥവാ അത്യുന്നത നായ പ്രഭു എന്നർത്ഥമുള്ള ബാൽസെബൂൽ എന്നതായിരുന്നു യഥാർത്ഥ നാമം. എക്രോണിൽ മാത്രം ആരാധിക്കപ്പെട്ടിരുന്ന ഒരു പ്രാദേശിക ദേവ തയല്ല, കാനാൻകാരും സിറിയാക്കാരും ജീവന്റെ നാഥനായി ആരാധിച്ചി രുന്ന ബാൽദേവൻ തന്നെയാണിത്. ഭാവി അറിയുക മാത്രമല്ല, സുഖ പ്രാപ്തിയും ഈ സന്ദർശനത്തിന്റെ ലക്ഷ്യമായിരുന്നു എന്ന് അനുമാ നിക്കാം.

കർത്താവിന്റെ കല്പനപ്രകാരം രാജദൂതന്മാരെ വഴിക്കുവച്ചു കണ്ടു മുട്ടിയ ഏലിയാ രാജാവിനുള്ള മറുപടി അവരെ അറിയിച്ചു. അതു മരണ ശിക്ഷയായിരുന്നു (2 രാജാ 1,3-8). നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ വച്ച് ആഹാബിനെ കണ്ടു ശിക്ഷാവിധി അറിയിച്ചതിനോട് ഇതിനുള്ള സാമ്യം ശ്രദ്ധേയമത്രെ. രോമക്കുപ്പായവും തോൽപ്പട്ടയും ഏലിയായെ തിരിച്ചറിയാനുള്ള പ്രത്യേക വേഷമായി ഇവിടെ അവതരിപ്പിക്കുന്നു. ഈ വേഷമണിഞ്ഞ് സ്നാപകൻ പ്രത്യക്ഷപ്പെട്ടപ്പോൾ ഏലിയാ മടങ്ങിവന്നു ജനം കരുതി (മർക്കോ 1,6; 6,15).

കർത്താവിന്റെ ശിക്ഷാവിധി കേട്ടപ്പോൾ അനുതപിച്ച് മാപ്പിരക്കാ നല്ല, വിധിവാചകം അറിയിച്ച പ്രവാചകനെ ബന്ധിക്കാനാണ് രാജാവു തീരുമാനിച്ചത്. അതിനായി ഒരു സേനാ നായകന്റെ കീഴിൽ 50 പടയാളി കളെ വീതം മൂന്നു തവണ അയച്ചു (2 രാജാ 1,9-14). ആദ്യത്തെ രണ്ടു സേനാ നായകന്മാരും അധികാരസ്വരത്തിൽ ഏലിയായോട് മലയിൽ നിന്നി

റങ്ങിവരാൻ ആജ്ഞാപിച്ചു. "ദൈവപുരുഷൻ" എന്ന വിശേഷണമാണ് ഇരുവരും ഉപയോഗിച്ചത്. ഏലിയായുടെ വാക്കനുസരിച്ച് ആകാശത്തു നിന്ന് അഗ്നി ഇറങ്ങി അവരെയും സൈന്യത്തെയും നശിപ്പിച്ചപ്പോൾ ഏലിയാ യഥാർത്ഥത്തിൽ ദൈവത്താൽ അയക്കപ്പെട്ട മനുഷ്യനാണെന്നു തെളിഞ്ഞു. മൂന്നാമത്തെ ആൾ തികഞ്ഞ വിനയത്തോടെ ഏലിയായോട് അപേക്ഷിച്ചു. അവനോടുകൂടെ രാജസന്നിധിയിലെത്തിയ ഏലിയാ ശിക്ഷാ വിധി രാജാവിനെ നേരിട്ട് അറിയിച്ചു. അതു നിറവേറുകയും ചെയ്തു (2 രാജാ 1,15-18). ആഹാബുകുടുംബത്തിനെതിരേ നാബോത്തിന്റെ മുന്തി രിത്തോട്ടത്തിൽ വച്ചു പ്രഖ്യാപിച്ച ശിക്ഷാവിധി (1 രാജ 21,21) നിറവേറു ന്നതിന്റെ ഭാഗമാണിത്.

**വിചിന്തനം:** രാജകല്പന അനുസരിക്കുക മാത്രം ചെയ്ത പടയാളികളെ ആകാശത്തിൽ നിന്ന് അഗ്നിയിറക്കി ദഹിപ്പിച്ചത് തികച്ചും ക്രൂരമായി തോന്നാം. മൂന്നു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ഇത് ഒരു ചരിത്ര സംഭവം ആണോ എന്ന കാര്യത്തിൽ സംശയമുണ്ട്. വലിയൊരു പാഠം നല്കുന്നതിനുവേണ്ടി ഏലിയായുടെ ജീവിതവുമായി ബന്ധപ്പെ ടുത്തി അവതരിപ്പിക്കുന്ന ഒരു കഥയായിട്ടാണ് ഇതിനെ ഭൂരിഭാഗം വ്യാഖ്യാ താക്കളും പരിഗണിക്കുന്നത്. മിദ്രാഷ് എന്നാണ് ഈ സാഹിത്യ രൂപം അറിയപ്പെടുക. എലീഷായെ പരിഹസിച്ച ബാലന്മാരെ കരടികൊന്നതും (2 രാജ 2,23-24) ഇതേ സാഹിത്യ രൂപത്തിൽപ്പെടുന്നു. 2. സംഭവത്തിന്റെ ചരിത്രപരതയെക്കാൾ അതു വിവരിക്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്ന സന്ദേശമാണ് പ്രധാനം. കർത്താവിനെയും അവിടുത്തെ പ്രവാ ചകനെയും ആദരിക്കണം. രക്ഷണീയമായ ദൈവഭയം ജനങ്ങളിൽ ഉള വാക്കുകയാണ് ഈ വിവരണത്തിന്റെ മുഖ്യ ലക്ഷ്യം കേൾക്കുന്ന ദൈവ വചനം ഹിതകരമല്ലെങ്കിൽ വചനം അറിയിച്ച ആളെ നശിപ്പിക്കാൻ ശ്രമി ക്കുകയില്ല, വചനം അനുസരിച്ചു മാനസാന്തരപ്പെടുകയാണ് വേണ്ടത്. 3. മൂവായിരം വർഷം മുമ്പു നിലവിലിരുന്ന മനോഭാവങ്ങളുടെ പശ്ചാ ത്തലത്തിൽ വേണം ഇപ്രകാരമുള്ള വിവരണങ്ങൾ മനസ്സിലാക്കാൻ. ഈ മനോഭാവം വച്ചു പുലർത്തിയിരുന്ന ശിഷ്യന്മാരെ ശകാരിച്ചുകൊണ്ട് യേശുക്രിസ്തു പുതിയൊരു കാഴ്ചപ്പാടും ജീവിതശൈലിയും അവതരി പ്പിക്കുന്നുണ്ട് (ലൂക്കാ 9,54-56).

മാതാപിതാക്കന്മാരെ അനുകരിച്ചതാണ് അഹസിയായ്ക്കു പറ്റിയ വലിയ തെറ്റ്. തങ്ങളുടെ മാതൃക മക്കളെ സ്വാധീനിക്കുന്നതിനാൽ മക്കൾക്കു നല്ല മാതൃകയും നല്ല ശിക്ഷണവും നല്കാൻ മാതാപിതാ ക്കൾ ശ്രദ്ധിക്കണം. വാക്കിലും പ്രവൃത്തിയിലും പ്രകടമാകുന്ന മനോഭാ വമാണ് ഏറ്റം കൂടുതൽ സ്വാധീനിക്കുക. മക്കളുടെ വിശ്വാസരാഹിത്യ



ത്തെയും ദുഃസ്വഭാവത്തെയുംക്കുറിച്ച് ആകുലപ്പെടുന്ന മാതാപിതാക്കൾ അവർക്കു തങ്ങൾ നല്കുന്ന മാതൃക എന്തെന്നു പരിശോധിക്കണം.

### b. അഗ്നി രഥം 2 രാജാ 2,1-12

ഏലിയായുടെ പ്രവർത്തനം അവസാനിക്കുന്നതും എലീഷാ പിൻഗാമിയായി നിയുക്തനാകുന്നതുമാണ് തികച്ചും നാടകീയവും ഐതി ഹ്യസമാനവുമായ ശൈലിയിൽ വിവരിക്കുന്നത്. കർത്താവ് ഏലിയായെ ചുഴലിക്കാറ്റിലൂടെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കാൻ സമയമായി (2 രാജാ 2,1) എന്ന പ്രസ്താവനയോടെ ആരംഭിക്കുന്ന വിവരണം ഏലിയാ അഗ്നി രഥത്തിൽ അപ്രത്യക്ഷനായി (2 രാജാ 2,12) എന്നു പറഞ്ഞുകൊണ്ട് അവ സാനിക്കുന്നു. ഗുരുവിനെ വിട്ടു മാറാതെ അനുഗമിക്കുന്ന ശിഷ്യന്റെ വിശ്വ സ്തത മൂന്നു തവണ പരീക്ഷിക്കപ്പെട്ടു. മൂന്നു തവണയും ശിഷ്യൻ വിജ യിച്ചു. അവസാനമായി വച്ച നിബന്ധനയും പാലിച്ചപ്പോൾ എലീഷാ ഏലി യായുടെ പിൻഗാമിയായി സ്വീകരിക്കപ്പെട്ടു.

ഇസ്രായേൽ ജനം മരുഭൂമിയിൽ നിന്നു കാനാൻ ദേശത്തേയ്ക്കു നടത്തിയ തീർത്ഥാടനത്തെ വിപരീതക്രമത്തിൽ ആവർത്തിക്കുന്നതാണ് ഏലിയ ഗിൽഗാലിൽ നിന്നു മരുഭൂമിയിലേക്കു നടത്തിയ യാത്ര (2 രാജാ 2,1-9). യാത്ര തുടങ്ങുന്ന ഗിൽഗാൽ ജോർദ്ദാൻ നദീ തടത്തിൽ ഇസ്രാ യേൽക്കാർ ആദ്യമായി പാളയമടിച്ച സ്ഥലമല്ല ജോഷ്വാ (5,10) ബെഥേലിൽ നിന്നു ഏകദേശം 12 കിലോ മീറ്റർ വടക്കുള്ള ഒരു ചെറിയ നഗരമാണ്. ഗില്ഡ ഗാലിലും ബെഥേലിലും ജെറീക്കോയിലും വച്ച് ഏലിയാ എലീഷായെ വിട്ടുപോകാൻ താല്പര്യം കാണിച്ചു. ശിഷ്യന്റെ വിശ്വസ്തതയെയും ദൃഢനിശ്ചയത്തെയും പരീക്ഷിക്കുന്നതായിരുന്നു 'ഇവിടെ നില്ക്കുക" എന്ന് ആവർത്തിച്ചു നല്കുന്ന ആഹ്വാനം (2 രാജാ 2,2.4.6). അത് ഒരു കല്പനയല്ല, വേണമെങ്കിൽ നിനക്കു തിരിച്ചു പോകാം എന്ന സൂചനയായിരുന്നു. എന്നാൽ ഗുരുവിനെ കർത്താവ് എങ്ങോട്ട് നയി ക്കുന്നുവോ അങ്ങോട്ട് താനും ഉണ്ടായിരിക്കും എന്ന് ആവർത്തിച്ചു പറ ഞ്ഞുകൊണ്ട് എലീഷാ യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയായിതീരു ന്നു.

ബെഥേലിലും ജെറിക്കോയിലും വസിച്ചിരുന്ന പ്രവാചകഗണം ഏലിയായുടെ ശിഷ്യ സമൂഹത്തിൽ പെട്ടവരായിരിക്കാം. തന്റെ തിരോ ധാനത്തിനു മുമ്പ് ഒരിക്കൽകൂടി അവരെയെല്ലാം വിശ്വാസത്തിൽ ഉറപ്പി ക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും വേണ്ടി ആയിരിക്കാം ഏലിയാ അവരെ സന്ദർശിച്ചത്. അദ്ദേഹം എടുക്കപ്പെടാൻ പോകുന്നു എന്ന് അവർക്കെല്ലാം അറിയാമായിരുന്നു. എന്നാൽ ഏതെങ്കിലും ആഘോഷ ത്തോടുകൂടിയ ഒരു യാത്ര അയയ്ക്കലോവിടപറയലോ നടക്കുന്നില്ല. നിശ

ബ്ദരായിരിക്കാനണ് എലീഷാ എല്ലാവരോടും ആവശ്യപ്പെടുന്നത് (2,3.5). ജോർദ്ദാൻ കരയിൽ എത്തിയ ഏലിയാ മേലങ്കി ചുരുട്ടി വെള്ളത്തിൽ അടിച്ചപ്പോൾ നദി വിഭജിച്ചു (2 രാജാ 2,8). പുറപ്പാടിൽ ചെങ്കടലും ജോർദ്ദാനും വിഭജിച്ച് ജനം വരണ്ട നിലത്തുകൂടി കടന്നു പോയതിനെ അനുസ്മരിപ്പിക്കുന്നതാണ് ഈ സംഭവം.

ഏലിയായുടെ ചോദ്യത്തിനു മറുപടിയായി എലീഷാ മുന്നോട്ടു വയ്ക്കുന്ന അഭ്യർത്ഥന (2 രാജാ 2,9) അതിരു കടന്നതാണെന്നു തോന്നാം. "അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക്" ഏലിയായുടെ ഇരട്ടി ശക്തിയെ അല്ല, ആദ്യജാതന്റെ അവകാശത്തെയാണ് (നിയ 21,17) സൂചിപ്പിക്കുന്നത്. ഏലിയാ തന്റെ പിൻഗാമിയായി എലീഷായെ തിരഞ്ഞെടുത്തു കഴിഞ്ഞിരുന്നു. പ്രവാചക ഗണമെല്ലാം അത് അംഗീകരിക്കുകയും ചെയ്തിരുന്നു. ഗുരു തിരോധാനം ചെയ്തു കഴിയുമ്പോൾ അദ്ദേഹത്തിന്റെ ഭാരിച്ച ഉത്തരവാദിത്വം ഉചിതമായ വിധത്തിൽ നിറവേറ്റാൻ ആവശ്യമായ ശക്തി തനിക്കു ലഭിക്കണ എന്ന ആഗ്രഹവും ഇരട്ടി പങ്കിനുവേണ്ടിയുള്ള പ്രാർത്ഥനയിലുണ്ട്. താൻ എടുക്കപ്പെടുന്നത് കാണുകയാണെങ്കിൽ ഈ ആഗ്രഹം നിറവേറും എന്ന് ഏലിയാ ശിഷ്യന് വാക്ക് കൊടുത്തു. ശിഷ്യത്വത്തിന്റെ പാതയിൽ മറ്റു വ്യഗ്രതകളൊന്നും കൂടാതെ ഏകാഗ്രമായി ഗുരുവിനെ അവസാനം വരെ പിൻതുടർന്നാലേ യഥാർത്ഥ പിൻഗാമിയാകാൻ കഴിയൂ. ഈ പരീക്ഷണത്തിലും എലീഷാ വിജയിച്ചു. സ്ഥാനത്തിന്റെ സ്ഥിരീകരണത്തിന് അടയാളമെന്നോണം ഗുരുവിന്റെ മേലങ്കി അയാൾക്കു ലഭിച്ചു (2 രാജാ 2,13).

ഏലിയായുടെ സ്വർഗ്ഗാരോഹണം കാവ്യാത്മകമായ ഭാഷയിലാണ് വിവരിക്കുന്നത്. എന്താണ് സംഭവിച്ചതെന്ന് കൃത്യമായി ആർക്കും അറിയില്ല. ഒരുമിച്ചു യാത്രചെയ്തിരുന്ന ഗുരു ഒരു നിമിഷത്തിൽ അപ്രത്യക്ഷനായി. ദൈവം തന്റെ പ്രവാചകനെ സ്വീകരിക്കാൻ വാഹനമായി തീക്കുതിരകളെ പൂട്ടിയ അഗ്നിരഥവും ചുഴലിക്കാറ്റും അയച്ചു എന്ന്. ആലങ്കാരിക ഭാഷയിൽ വിവരിക്കുന്നു. അഗ്നിയും കാറ്റും ദൈവിക സാന്നിധ്യത്തിന്റെ അടയാളങ്ങളാണ്. കർത്താവ് എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നതിന്റെ ചിത്രീകരണം (സങ്കീ 18,19,104,3: എസെ 1,4). ആകസ്മികമായി കടന്നു വന്ന ഏലിയാ പ്രവാചകൻ അതുപോലെ തന്നെ അപ്രത്യക്ഷനായി. ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയ പ്രവാചകനെ കർത്താവു തന്റെ അടുക്കലേയ്ക്കു സ്വീകരിച്ചു. ദൈവത്തിന്റെ രഹസ്യാത്മകത പ്രവാചകന്റെ ജീവിതത്തിലും മുറ്റി നിൽക്കുന്നു. അയാൾ എവിടെ നിന്നു വന്നെന്നോ എങ്ങോട്ട് പോയെന്നോ ആർക്കും അറിയില്ല. ദൈവ



ത്തിന്റെ വാസസ്ഥലത്തെയാണ് ബൈബിളിൽ സ്വർഗ്ഗം എന്നു വിളിക്കുന്നത്. അത് ദൈവത്തിന്റെ തന്നെ പര്യായവുമാണ്. ദൈവം എവിടെയോ അവിടെയാണാ സ്വർഗ്ഗം. അത് ആകാശ വിതാനത്തിനു മുകളിലുള്ള ഏതെങ്കിലും ഒരു പ്രത്യേക സ്ഥലമല്ല. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാൽ ദൈവം തന്നിലേക്കു സ്വീകരിച്ചു എന്നാണ് അർത്ഥമാക്കുന്നത്. ദൃശ്യമായ രീതിയിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് മുകളിലേക്കുപോയതായി ചിത്രീകരിക്കുന്നത്.

ഏലിയാ മരിച്ചോ ഇല്ലയോ എന്ന് ഈ വിവരണത്തിൽ നിന്നു വ്യക്തമല്ല. എന്നാൽ അദ്ദേഹം ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് യഹൂദരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തിന്റെ അടിസ്ഥാനം ഈ വിവരണമാണ്. അഗതികളും പീഡിതരുമായവർ വിളിച്ചപേക്ഷിക്കുമ്പോൾ സഹായിക്കാനായി ഏലിയാ വരും എന്ന വിശ്വാസവും യഹൂദരുടെ ഇടയിൽ നിലവിലിരുന്നു (മത്താ 27,47-49). ലോകാവസാനത്തിനു തൊട്ടുമുമ്പ് ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാനായി കർത്താവു തന്നെ ഏലിയായെ വീണ്ടും അയയ്ക്കും എന്ന വിശ്വാസം പഴയ നിയമത്തിൽ രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ട്. (പ്രഭാ 48,9 -10; മലാ 4,5). സ്നാപകനെയും യേശുവിനെയും മടങ്ങിവന്ന ഏലിയാ ആയി കണ്ടവർ ഈ വിശ്വാസമാണ് പ്രകടമാക്കുന്നത്.

**വിചിന്തനം:** കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു നിന്ന ഒരു ജീവിതമായിരുന്നു ഏലിയായുടേത്. കർത്താവിനു പൂർണ്ണമായി സ്വയം സമർപ്പിച്ച, സ്വന്തം ജീവനേക്കാൾ ഉപരി കർത്താവിനെയും അവിടുന്ന് ഏല്പിച്ച ദൈത്യത്തെയും വിലമതിച്ച, പ്രവാചകനെ ദൗത്യ നിർവ്വഹണത്തനിടയിൽ പരാജയവും നിരാശയും തളർത്തിയപ്പോൾ ആഹാരവും ആശ്വാസവും നല്കി കർത്താവു തന്നെ ശക്തിപ്പെടുത്തി. ദൗത്യം പൂർത്തിയാക്കിയപ്പോൾ തന്നിലേയ്ക്കു സ്വീകരിച്ചു. ഏലിയായുടെ പ്രവർത്തനം കൊണ്ടു മാത്രം ഇസ്രായേലിന്റെ മാനസാന്തരം പൂർണ്ണമായില്ല. അതിനുവേണ്ടി ദൈവം പുതിയ പ്രവാചകന്മാരെ അയച്ചു. ഏലിയായ്ക്കുശേഷം എലീഷാ, തുടർന്നു പുതിയ പുതിയ പ്രവാചകന്മാർ, ഓരോ വ്യക്തിക്കും പരിമിതമായ ഒരു ദൗത്യമേ നിർവ്വഹിക്കാനുള്ളു. അതു പരിപൂർണ്ണ വിശ്വസ്തതയോടെ നിറവേറ്റുക. സമയമാകുമ്പോൾ സസന്തോഷം വിടവാങ്ങുക. പ്രവാചകന്റെ ദൗത്യത്തിനു സ്ഥലകാല പരിമിതികളുണ്ടെങ്കിലും കർത്താവിന്റെ വചനത്തിന് പരിമിതികളില്ല. അത് എല്ലായിടത്തും എല്ലാകാലത്തും പ്രഘോഷിക്കപ്പെടണം. ദൈവം അതിനായി എന്നും പുതിയ പ്രവാചകന്മാരെ തിരഞ്ഞെടുത്ത് അയച്ചു കൊണ്ടിരിക്കും. എന്താണ് അവിടുന്ന തന്നെ ഏല്പിക്കുന്ന ദൗത്യം എന്ന് ഓരോരുത്തരും കണ്ടെത്താൻ ശ്രമിക്കണം.

## ചോദ്യങ്ങൾ

1. ഏലിയാ രംഗപ്രവേശം ചെയ്ത ചരിത്ര പശ്ചാത്തലം വിവരിക്കുക.
2. ഏലിയാ എന്ന പേരിന്റെ അർത്ഥം എന്ത്? പേര് എപ്രകാരമാണ് പ്രവാചകന്റെ ജീവിതത്തിൽ അന്വർത്ഥമായത്?
3. ഏലിയായെ 'അഗ്നിപ്രവാചകൻ" എന്നു വിശേഷിപ്പിക്കുന്നതിനു കാരണമെന്ത്?
4. ബാൽ ആരാധനയുടെ കേന്ദ്രത്തിലാണ് ഏലിയാ വെല്ലുവിളി ഉയർത്തിയത്. വിശദീകരിക്കുക.
5. പാവങ്ങൾക്കും മർദ്ദിതർക്കും ദൈവം നല്കുന്ന സംരക്ഷണത്തിന്റെ പ്രതീകമാണ് ഏലിയാ. ഉദാഹരണ സഹിതം സമർത്ഥിക്കുക.
6. സറെഫ്തായിലെ വിധവ ഏറ്റുപറഞ്ഞ വിശ്വാസം എന്ത്? എങ്ങനെയാണ് അവൾ ആ വിശ്വാസ പ്രഖ്യാപനത്തിലെത്തിയത്?
7. കാർമ്മൽ മലയിൽ നടന്നത് ഒരു അഗ്നിപരീക്ഷണമായിരുന്നു. എന്താണ് ഈ പരീക്ഷണത്തിലൂടെ തെളിഞ്ഞത്?
8. എന്തിനുവേണ്ടിയാണ് ഏലിയാ ഹോറെബിലേക്കു പോയത്? മാർഗ്ഗമധ്യേ ലഭിച്ച അപ്പം എന്തിന്റെ പ്രതീകമായിരുന്നു?
9. ഹോറെബിൽ വച്ച് ദൈവത്തെയും തന്റെ ദൗത്യത്തെയുംക്കുറിച്ച് എന്തു പുതിയ ഉൾക്കാഴ്ചയാണ് പ്രവാചകനു ലഭിച്ചത്?
10. "ഞാനാണ് കർത്താവ് എന്നു നീ അറിയും." പ്രവാചകൻ ആഹാബിനോട് പറഞ്ഞ സാഹചര്യം വിശദമാക്കുക.
11. നാബോത്തിന്റെ കഥയിൽ നിന്ന് പ്രവാചകത്വത്തെ സംബന്ധിച്ച എന്തുപാഠമാണ് ലഭിക്കുന്നത്?
12. "കർത്താവാണേ, അവിടുന്ന് അരുളിച്ചെയ്യുന്നതു ഞാൻ പറയും". സാഹചര്യം വിവരിച്ച് അർത്ഥം വിശദമാക്കുക.
13. യഹോഷാഫാത്ത് നടപ്പിൽ വരുത്തിയ രണ്ടു പ്രധാന നവീകരണങ്ങൾ വിശദീകരിക്കുക.
14. സഖ്യ ശക്തികൾക്കെതിരേ യഹോഷാഫാത്ത് നയിച്ച യുദ്ധത്തെ ഒരു ലിറ്റർജിയുടെ ശൈലിയിലാണ് വിവരിച്ചിരിക്കുന്നത്. സമർത്ഥിക്കുക.
15. ആരാണ് എക്രോണിലെ ബാൽ? എന്തിനുവേണ്ടിയാണ് അഹസിയാ രാജാവ് അയാളുടെ അടുക്കലേക്ക് ദൂതന്മാരെ അയച്ചത്?



16. ആകാശത്തിൽ നിന്ന് അഗ്നിയിറക്കി സൈനികരെ നശിപ്പിച്ചതിന്റെ വിവരണത്തിലൂടെ വി.ഗ്രന്ഥകരൻ എന്താണ് പഠിപ്പിക്കുന്നത്?
17. 'അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക്" എന്തിനെ സൂചിപ്പിക്കുന്നു?
18. ഏലിയായുടെ തിരോധാനം നല്കുന്ന സന്ദേശമെന്ത്?

**ചർച്ചയ്ക്ക്:** 1. സറെഫ്തായിലെ വിധവ, ആഹാബ്, നാബോത്ത് എന്നിവരോടുള്ള ഏലിയായുടെ വ്യത്യസ്ത സമീപനങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക തീരുമാനങ്ങൾ എടുക്കുക.

2. കാർമ്മൽ മലയിൽ വച്ച് ഉറച്ച തീരുമാനം എടുക്കാൻ ഏലിയാ ജനത്തെ പ്രേരിപ്പിച്ചു. ഇന്നും നാമും രണ്ടു വഞ്ചിയിൽ കാൽ വച്ചാണോ നീങ്ങുന്നത്? എന്തു തീരുമാനം എടുക്കാനാണ് ദൈവം ആവശ്യപ്പെടുന്നത്?

**പ്രാർത്ഥന**

മരുഭൂമിയിലെ വാടാമുൾച്ചെടിയുടെ ചുട്ടിൽ മരണം പ്രതീക്ഷിച്ചു മയങ്ങിക്കിടന്ന ഏലിയായുടെ മനോഭാവം സ്വാംശീകരിച്ചുകൊണ്ട് ഒരു പ്രാർത്ഥന രചിക്കുക.

# 3. എലീഷായും പ്രവാചകഗണങ്ങളും

## 2 രാജാ 2,13–8,29; 2 ദിന 21,1–22,6

ഏലിയായുടെ ശിഷ്യനും പിൻഗാമിയുമായ എലീഷാ പ്രവാചകനാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിന്റെ ഒന്നാം പകുതിയിൽ നിറഞ്ഞു നില്ക്കുന്നത്. വയലിൽ വച്ചു വിളിലഭിച്ച അയാൾ കല്പ കത്തിച്ച് കാളയെ വേവിച്ചു വിരുന്നു നല്കിയതിനുശേഷം ഗുരുവിനെ വിടാതെ അനുഗമിച്ചു. ഏലിയാ ചുഴലിക്കാറ്റിൽ അപ്രത്യക്ഷനായപ്പോൾ എലീഷാ ഗുരുവിന്റെ ദൗത്യം ഏറ്റെടുത്തു. വീണുകിട്ടിയ ഗുരുവിന്റെ മേലങ്കി പിന്തുടർച്ചാവകാശത്തിന്റെ അടയാളമായിരുന്നു (2 രാജാ 2,13). രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിമൂന്നാം അദ്ധ്യായത്തിലാണ് എലീഷായുടെ മരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. എന്നാൽ ഒമ്പതാം അധ്യായത്തിൽ രാജവംശത്തിന്റെ മാറ്റത്തെക്കുറിച്ചു വിശദമായി വിവരിക്കുന്നുണ്ട്. തന്നെയുമല്ല, 9–13 അധ്യായങ്ങളിൽ എലീഷായുടെ പ്രവർത്തനങ്ങളെക്കുറിച്ചു വളരെ ചുരുക്കമായ പരാമർശങ്ങളേയുള്ളൂ. അതിനാൽ പഠന സൗകര്യാർത്ഥം 2 രാജാ 2,13–8,29 ഒരു യൂണിറ്റായി കണ്ട് വിശകലനം ചെയ്യുന്നു.

'എന്റെ ദൈവം രക്ഷ'' എന്നാണ് എലീഷാ എന്ന പേരിന്റെ അർത്ഥം. പേര് സൂചിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ കരുണയും രക്ഷയും പ്രകടമാക്കുന്നതായിരുന്നു എലിഷാ പ്രവാചകന്റെ പ്രവർത്തനങ്ങൾ. പലതരത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും പ്രവാചകനിലൂടെ ദൈവത്തിന്റെ രക്ഷാകര സ്നേഹം അനുഭവവേദ്യമായി. ഇസ്രായേൽ രാജ്യത്തെ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു പല തവണ രക്ഷിക്കാൻ സഹായിച്ചപ്പോഴും എലീഷായുടെ പേര് അന്വർത്ഥമാവുകയായാരുന്നു. ആസന്നമരണനായ അദ്ദേഹത്തെ ഇസ്രായേലിന്റെ തേരും തേരാളിയും (2 രാജാ 13,14) എന്നു വിളിച്ചു വിലപിച്ച യഹോവാഷ് രാജാവ് ഈ സത്യം ഏറ്റു പറയുന്നു. അതിശയോക്തികലർന്നതും ഐതിഹ്യത്തിന്റെ ശൈലിയിൽ ഉള്ളതുമാണ് എലീഷായുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ. അവയുടെ ചരിത്രപരമായ അടിസ്ഥാനം നിഷേധിക്കാൻ ആവില്ലെങ്കിലും എല്ലാം അക്ഷരാർത്ഥത്തിൽ മനസിലാക്കേണ്ടതില്ല. സംഭവങ്ങളുടെ വിവരണത്തിൽ കൃത്യമായ ഒരു കാലക്രമം പാലിച്ചിട്ടുമില്ല. പ്രവാചകനിലൂടെ പ്രകടമായ ദൈവത്തിന്റെ ശക്തിയും കരുണയും പ്രകീർത്തിക്കുകയാണ് ഈ വിവരണങ്ങളുടെ മുഖ്യ ലക്ഷ്യം. പ്രവാചകന്റെ വ്യക്തിത്വത്തെയും



വചനത്തെയും ആദരിക്കാൻ അനുവാചകരെ പ്രേരിപ്പിക്കുകയും ഈ വിവരണങ്ങളുടെ ലക്ഷ്യമാണ്.

ഏലിയായുടെ ശിഷ്യനും പിൻഗാമിയുമാണ് എലീഷായെങ്കിലും ഇരുവരുടെയും പ്രവർത്തനശൈലിയിൽ കാര്യമായ വ്യത്യാസമുണ്ട്. വിഗ്രഹാരാധനയ്ക്കും അനീതിയ്ക്കും എതിരേ ഉയർന്ന ദൈവത്തിന്റെ കോപാഗ്നിയുടെ പ്രത്യക്ഷീകരണമായിരുന്നു ഏലിയാ. കർത്താവിനു വേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചുനിന്ന ആ ജീവിതം ഒരു കൊള്ളിയാൻപോലെ മിന്നിപ്പൊലിഞ്ഞു. എലീഷായുടെ പ്രവർത്തനങ്ങളാകട്ടെ കൂടുതൽ ദീർഘവും ശാന്തവുമായിരുന്നു. സാധാരണ മനുഷ്യരുടെ അനുദിന ആവശ്യങ്ങളിൽ സഹായത്തിനെത്തുന്ന കരുണയാണ് എലീഷായുടെ പ്രവർത്തനങ്ങൾക്കു മുഖമുദ്രയായി നിന്നത്. ഏലിയാ ദൈവത്തിന്റെ നീതിയുടെയും എലീഷാ അവിടുത്തെ കാരുണ്യത്തിന്റെയും വക്താക്കളായി പ്രശോഭിക്കുന്നു. രാജാക്കന്മാരുടെ പേടിസ്വപ്നമായിരുന്നു ഏലിയാ. കലാപത്തിനു വഴിയൊരുക്കുകയും രാജവംശങ്ങളെത്തന്നെ തകിടം മറിക്കുകയും ചെയ്തെങ്കിലും ഏലിഷായ്ക്ക് രാജാക്കന്മാരുടെ ഇടയിലും സ്വീകാര്യതയുണ്ടായിരുന്നു; രാജാക്കന്മാർ അയാളുടെ ഉപദേശം സ്വീകരിക്കുകയും സഹായം യാചിക്കുകയും ചെയ്തിരുന്നു. കർത്താവിനും അവിടുത്തെ നീതിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒറ്റയാൻ പട്ടാളമായിരുന്നു ഏലിയാ. ഏലീഷായെ അനുഗാമിയായി സ്വീകരിച്ചെങ്കിലും തന്റെ ജീവിതകാലത്ത് ഏലിയാ തനിച്ചാണ് പ്രവർത്തിച്ചിരുന്നത്. എലീഷായാകട്ടെ അനേകം പ്രവാചകഗണങ്ങളുടെ തലവനായിരുന്നു. പല ദൗത്യങ്ങളും തന്റെ ശിഷ്യന്മാരിലൂടെയാണ് അദ്ദേഹം നിർവ്വഹിച്ചിരുന്നത്.

എലീഷായുമായി ബന്ധപ്പെട്ടു പ്രത്യക്ഷമാകുന്ന പ്രവാചക ഗണങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സാമുവേലിന്റെ കാലം മുതൽ ഇവരെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. സാധാരണക്കാർക്ക് അജ്ഞാതമായ രഹസ്യങ്ങൾ അറിയാനും ഭാവിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കാനും പ്രത്യേക സിദ്ധിയുള്ളവരായി ഇവർ പരിഗണിക്കപ്പെട്ടിരുന്നു. യാഹ്വേ വിശ്വാസവും ഉടമ്പടിയോടുള്ള പ്രതിബദ്ധതയും ഇവരുടെ മുഖമുദ്രയായിരുന്നു. കാനാൻ ദേശത്തിന്റെ പല ഭാഗങ്ങളിൽ ചെറിയ സമൂഹങ്ങളായിട്ടാണ് ഇവർ ജീവിച്ചിരുന്നത് (2 രാജാ 2,3–7). ഭക്തർ നല്കുന്ന സംഭാവനകളായിരുന്നു മുഖ്യ ഉപജീവനമാർഗ്ഗം (2 രാജ 4,42). രഹസ്യങ്ങൾ അറിയാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും വേണ്ടി ജനം ഇവരെ സമീപിക്കും (1 സാമു 9,6). സംഗീതോപകരണങ്ങളുടെയും ഗാനാലാപങ്ങളുടെയും സഹായത്തോടെ, അവൻ ഒറ്റയ്ക്കോ കൂട്ടമായോ ഉന്മാദാവ

സ്ഥയിൽ എത്തുകയും, അരുളപ്പാടുകൾ നല്കുകയും ചെയ്യും (1 സാമു 10,5.10; 19,20-24; 2 രാജാ 3,15). ഇപ്രകാരമുള്ള അരുളപ്പാടുകൾക്ക് അവർ പ്രതിഫലം പ്രതീക്ഷിച്ചിരുന്നു (1 സാമു 9,7-8; 2 രാജാ 5,20-27; 7-8, 8-9). രോമക്കുപ്പായവും വെളിച്ചപ്പാടന്മാരെപ്പോലെ ഉന്മാദാവസ്ഥയിൽ ദേഹത്ത് ഏല്പിക്കുന്ന മുറിപ്പാടുകളും അവരെ തിരിച്ചറിയാനുള്ള അടയാളങ്ങളായിരുന്നു. (1 രാജാ 20,41; 2 രാജാ 1,8; സംഖ 13,4-6). ഇവരുടെ വേഷവും പ്രവൃത്തികളും പലപ്പോഴും ഭ്രാന്തന്മാരുടെതുപോലെ ആയിരുന്നു (2 രാജാ 9,11). അതിനാൽത്തന്നെ അവർ പലപ്പോഴും ജനത്തിന്റെ പരിഹാസത്തിന് ഇരയാവുകയും ചെയ്തിരുന്നു (2 രാജാ 2,23). പ്രവാചകന്മാരെക്കുറിച്ച് പലപ്പോഴും അത്രനല്ല അഭിപ്രായമല്ല നിലവിലിരുന്നത്. വ്യാജ പ്രവാചകന്മാരും ഏറെയുണ്ടായിരുന്നു. അതിനാലാവാം എലീഷായെ ബൈബിളിൽ ചുരുക്കമായേ "പ്രവാചകൻ" എന്നു വിശേഷിപ്പിക്കുന്നുള്ളൂ. ദൈവപുരുഷൻ എന്ന വിശേഷണമാണ് മുഖ്യമായും നല്കുന്നത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് അയയ്ക്കുകയും ദൈവിക സാന്നിദ്ധ്യം ജനമധ്യത്തിൽ അനുഭവവേദ്യമാക്കുകയും ചെയ്തതിനാലാണ് ഈ വിശേഷണം കൂടുതൽ സ്വീകാര്യമായത്.

വിട്ടുവീഴ്ചയില്ലാത്ത യാഹ്വേ വിശ്വാസികളായിരുന്നു പ്രവാചക ഗണങ്ങൾ. വിഗ്രഹാരാധന നടപ്പിലാക്കാൻ ശ്രമിച്ച ആഹാബു കുടുംബത്തിനെതിരേ ശക്തമായ പ്രതിരോധനിര ഉയർത്തിയത് അവരാണ്. അതിന്റെ പേരിൽ കഠിനമായ പീഢനങ്ങൾക്ക് അവർ ഇരയാവുകയും ചെയ്തിരുന്നു. ഒളിവിൽ പാർത്തുകൊണ്ടും അവർ രാജാക്കന്മാരുടെ നയങ്ങളെ എതിർത്തു. ഭരണകൂടങ്ങളെ തകിടം മറിക്കാൻ തന്ത്രപൂർവ്വം കരുക്കൾ നീക്കി. അനീതിയിലും വിഗ്രഹാരാധനയിലും അടിയുറപ്പിച്ചിരുന്ന രാജാക്കന്മാർക്കെതിരേ വിപ്ലവങ്ങൾക്കു നേതൃത്വം കൊടുത്ത കലാപകാരികളായും ഇവർ പ്രത്യക്ഷപ്പെടുന്നുണ്ട് (2 രാജാ 9,1). യാഹ്വേ വിശ്വാസത്തോടൊപ്പം അതിശക്തമായ ദേശസ്നേഹവും ഈ പ്രവാചകന്മാരുടെ പ്രത്യേകതയായിരുന്നു. ശത്രുക്കളുടെ ആക്രമണം വഴി ദേശം പ്രതിസന്ധിയിലാകുമ്പോൾ സൈന്യങ്ങൾക്കു ധൈര്യം പകർന്നുകൊണ്ട് അവർ യുദ്ധത്തിനു പ്രേരിപ്പിക്കും (1 രാജാ 20,13; 6,10-12). പടയാളികളുടെകൂടെ പടക്കളത്തിലേക്കു പോകാനും അവർ മടിക്കില്ല (2 രാജാ 3,11-19). ഇപ്രകാരമുള്ള പ്രവാചക ഗണങ്ങളുടെ നേതാവായിട്ടാണ് എലീഷാ പ്രവർത്തിച്ചിരുന്നത്.

എലീഷായുടെ പ്രവർത്തനങ്ങൾ പ്രധാനമായും രണ്ടു തരത്തിൽ പെടുന്നു. ദരിദ്രരും രോഗികളും പീഡിതരുമായ വ്യക്തികളെ സഹായിക്കുന്നതാണ് ഒന്ന്. ദേശീയ പ്രതിസന്ധിയിൽ ക്രിയാത്മകമായി ഇടപെട്ട്



സൈന്യത്തിന് ധൈര്യം പകർന്ന് യുദ്ധത്തിൽ വിജയം നല്കാൻ സഹായിക്കുകയും ഭരണമാറ്റത്തിനു വഴിയൊരുക്കുകയും ചെയ്യുന്നതാണ് അടുത്തത്. ഈ രണ്ടുവിധ പ്രവർത്തനങ്ങളും ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. എലീഷായുടെ പ്രവർത്തനങ്ങളുടെ അവസാനത്തിൽ രണ്ടു രാജാക്കന്മാരെക്കുറിച്ചു ചുരുക്കമായി പ്രതിപാദിക്കുന്നു.

### 1. ഏലിയായുടെ പിൻഗാമി 2 രാജാ 2,13-25

അഗ്നി രഥത്തിൽ അപ്രത്യക്ഷനായ ഏലിയായുടെ ദൗത്യം തുടർന്നു നിർവ്വഹിക്കാൻ ദൈവത്താൽ നിയുക്തനാണ് എലീഷാ എന്നു സൂചിപ്പിക്കുന്നതാണ് അയാൾക്കു വീണുകിട്ടിയ മേലങ്കി. വയലിൽ വച്ച് തന്റെമേൽ വീണ മേലങ്കി (1 രാജാ 19,19) ഇനി അങ്ങോട്ട് എലീഷായ്ക്കു സ്വന്തമായിരിക്കും. ഏലിയാ ചെയ്തതുപോലെ മേലങ്കി വെള്ളത്തിന്മേൽ അടിച്ചപ്പോൾ ജോർദ്ദാൻ നദിയുടെ ഒഴുക്കു നിലച്ചു. വരണ്ട നിലത്തുകൂടി അയാൾ നദി കടന്നു (2 രാജാ 2,14). ജലം വിഭജിച്ചത് ഏലിയായുടെ ആത്മാവ് എലീഷായിൽ കുടുകൊള്ളുന്നു എന്നതിനു തെളിവായി കണ്ട പ്രവാചക ഗണം അയാളെ ഏലിയായുടെ പിൻഗാമിയായി സ്വീകരിച്ചു (2 രാജാ 2,15). മൂന്നു ദിവസത്തെ അന്വേഷണത്തിനുശേഷവും ഏലിയായെ കാണാൻ കഴിയാതെ വന്നപ്പോഴാണ് ഏലിയാ യഥാർത്ഥത്തിൽ അപ്രത്യക്ഷനായെന്നും അദ്ദേഹത്തിന്റെ ദൗത്യം എലീഷായിലൂടെയാണ് തുടരുന്നതെന്നും അവർക്കു ബോധ്യമായത് (2 രാജാ 2,16-18).

എലീഷായുടെ പ്രവാചകത്വത്തെ തെളിയിക്കുന്ന രണ്ടു സംഭവങ്ങൾ അടുത്തതായി വിവരിക്കുന്നു. ദൈവത്തിന്റെ കരുണ പ്രകടമാക്കുന്നതായിരിക്കും ആ ദൗത്യം എന്നു സൂചിപ്പിക്കുന്നതാണ് ആദ്യത്തേത് (2 രാജാ 2,19-21). ജോഷ്വാ ശപിച്ച ജറീക്കോ പട്ടണം (ജോഷ്വാ 6,26) ആഹാബിന്റെ കാലത്തു പുതുക്കിപ്പണിതെങ്കിലും (1 രാജാ 16,34) അവിടുത്തെ ജലം ശാപഗ്രസ്തമായിരുന്നു. ഉറവയെ ശുദ്ധീകരിച്ച് ജനത്തിന് ജീവനും നിലത്തിനു ഫലപുഷ്ടിയും നല്കാൻ അതിനെ പര്യാപ്തമാക്കുന്നതിലൂടെ എലീഷാ കർത്താവ് നല്കുന്ന രക്ഷയുടെ ഉപകരണമായി പ്രത്യക്ഷപ്പെടുന്നു. ജനത്തിന്റെ പ്രാർത്ഥനയ്ക്കു മറുപടിയായിട്ടാണ് എലീഷാ വഴി കർത്താവ് അത്ഭുതം പ്രവർത്തിച്ചത്. പുതിയ പാത്രവും ഉപ്പും കൊണ്ടുവന്ന നഗരവാസികൾ തങ്ങൾക്കു കഴിയുന്ന വിധത്തിൽ സഹകരിച്ചു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയും കഴിവിനൊത്ത പ്രവർത്തനവും അവരുടെ ഭാഗത്തു നിന്നുണ്ടായപ്പോൾ ദൈവം അവരുടെമേൽ കനിഞ്ഞു. ജനങ്ങളിൽ വിശ്വാസം ഉദ്ദീപ്പിക്കുകയും കർത്താവിനോടു സഹകരിക്കാൻ പ്രേരിപ്പിക്കുകയുമാണ് പ്രവാചക ദൗത്യം എന്ന് ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു.

ദൈവത്തെയും അവിടുത്തെ പ്രവാചകനെയും ആദരിക്കേണ്ട തിന്റെ ആവശ്യകത എടുത്തു കാട്ടുന്നതാണ് അടുത്ത സംഭവം (2 രാജാ 2,23-25). ധിക്കാരപൂർവ്വം തന്നെ ബന്ധിക്കാൻ വന്ന സൈനികരുടെമേൽ ഏലിയാ അഗ്നിയിറക്കിയതിനെ (2 രാജാ 1,9-14) ഇത് അനുസ്മരിപ്പിക്കുന്നു. എലീഷായെ "കഷണ്ടിത്തലയാ" എന്നു വിളിച്ചത് പരിഹാസമായിരുന്നു. പ്രവാചകത്വത്തിന്റെ അടയാളമായി പട്ടം പോലെ മുടി വടിച്ചു കഷണ്ടിയാക്കിയതിനാലാണ് അയാളെ കുട്ടികൾ പരിഹസിച്ചത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ എലീഷായുടെ വ്യക്തിത്വത്തെയല്ല, അയാൾക്ക് ഏല്പിക്കപ്പെട്ടിരുന്ന പ്രവാചക ദൗത്യത്തെയാണ് അവർ പരിഹസിച്ചത്. ഇത് ദൗത്യം ഏല്പിച്ച ദൈവത്തെ പരിഹസിക്കുന്നതിനു തുല്യമാണ്. ബാൽ ആരാധനയുടെ കേന്ദ്രമായ ബെഥേലിൽ വച്ചാണ് ഇതു സംഭവിച്ചതെന്നതും ശ്രദ്ധേയമത്രെ. ഇപ്രകാരമുള്ള അവഹേളനം അർഹിക്കുന്ന വിധത്തിൽ ശിക്ഷിക്കപ്പെട്ടു.

**വിചിന്തനം:** തന്നെ പരിഹസിച്ച കുട്ടികളെ എലീഷാ ശപിച്ചതും കരടികൾ അവരെ കടിച്ചു കീറിയതും അരോചകമായി നമുക്ക് അനുഭവപ്പെടാം. ദൈവത്തിന്റെ കരുണയുടെ വക്താവായിരിക്കേണ്ട പ്രവാചകൻ ഇത്ര ക്രൂരമായി പ്രതികരിക്കുന്നു ന്യായീകരിക്കാൻ നമുക്കു കഴിയില്ല. എന്നാലും ദൈവത്തെയും ദൈവിക ശുശ്രൂഷയ്ക്കായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന വ്യക്തികളെയും ആദരിക്കണം. അവഹേളിക്കുന്നതു പാപമാണ് എന്നു പഠിപ്പിക്കാൻ ഒരു ഉദാഹരണമായി ഈ സംഭവത്തെ കാണുമ്പോൾ ഇന്നും അതിനു പ്രസക്തിയുണ്ട്.

## 2. മൊവാബ്യർക്കെതിരേ യുദ്ധം 2 രാജാ 3,1-27

എലീഷായെ ഏലിയാ പ്രവാചകന്റെ യഥാർത്ഥ പിൻഗാമിയായി അവതരിപ്പിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ഇസ്രായേൽ ചരിത്രത്തിലേക്കു ശ്രദ്ധതിരിക്കുന്നു. യൂദായുടെയും ഏദോമിന്റെയും സഹായത്തോടെ മൊവാബിനെതിരേ ഇസ്രായേൽ നടത്തിയ യുദ്ധമാണ് അടുത്തതായി വിവരിക്കുന്നത്. യുദ്ധത്തിൽ എലീഷായുടെ പങ്ക് എടുത്തുകാട്ടുന്നുണ്ട്. പ്രവാചകവചനം അക്ഷരശ: നിറവേറിയതായി പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. ഈ യുദ്ധത്തെക്കുറിച്ച് മൊവാബു രാജാവായ മെഷാ എഴുതി സൂക്ഷിച്ച ശിലാലിഖിതം 1868-ൽ പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തുകയുണ്ടായി. ഇന്ന് അത് പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഓമ്രിയുടെ കാലത്ത് ഇസ്രായേലിന്റെ ആധിപത്യത്തിലായ മൊവാബ്യർ നാല്പതു വർഷത്തിനുശേഷം തന്റെ ഭരണകാലത്ത് കെമോഷ് ദേവന്റെ സഹായത്താൽ സ്വതന്ത്ര്യരായി എന്ന് മെഷാ രേഖപ്പെടുത്തിയിട്ടുണ്ട്.

ആഹാബിന്റെ മരണത്തെ തുടർന്ന് മൊവാബ്യർ ഇസ്രായേലിന്റെ ആധിപത്യത്തിൽ നിന്ന് മുക്തിനേടാൻ ശ്രമിച്ചതായി 2 രാജാ 1,1 ൽ സൂചിപ്പിച്ചു. അപകടത്തിൽപ്പെട്ട അഹസിയായ്ക്കു കലാപം അടിച്ചമർത്താൻ കഴിഞ്ഞില്ല. അയാളുടെ അകാലമരണത്തെ തുടർന്ന് രാജാവായ സഹദോരൻ യോറാമാണ് അതിനു ശ്രമിച്ചത്. യോറാമിനെക്കുറിച്ച് ചില നല്ല കാര്യങ്ങൾ വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ട് (2 രാജാ 3,13). മാതാപിതാക്കന്മാരെപ്പോലെ അത്ര തിന്മ നിറഞ്ഞതായിരുന്നില്ല അയാളുടെ ഭരണം. ആഹാബ് സ്ഥാപിച്ച ബാൽ സ്തംഭം അയാൾ തകർത്തുകളഞ്ഞു. എന്നാലും അമ്മറാണിയായ ജെസബെലിന്റെ സ്വാധീനത്തിൽ നിന്ന് അയാൾക്കു പൂർണ്ണമായി മോചനം നേടാൻ കഴിഞ്ഞില്ല. അതിനാൽ ഇസ്രായേലിൽ വിഗ്രഹാരാധന തുടർന്നു.

യോറാമിന്റെ ഭരണത്തെക്കുറിച്ചുള്ള പൊതുവായ ഈ വിലയിരുത്തലിനുശേഷം മൊവാബ്യരുമായി നടത്തിയ യുദ്ധം വിവരിക്കുന്നു. വർഷം തോറും കൊടുത്തുകൊണ്ടിരുന്ന കപ്പം നിർത്തലാക്കിയത് മൊവാബ്യർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന്റെ അടയാളമായിരുന്നു (2 രാജാ 3,4-5). തുടർന്നുള്ള വിവരണത്തിന് ആഹാബ് സിറിയായുമായി നടത്തിയ യുദ്ധത്തിന്റെ വിവരണത്തോടു (1 രാജാ 22) സാമ്യമുണ്ട്. യുദ്ധത്തിൽ പങ്കുചേരാൻ ക്ഷണം ലഭിച്ച യഹോഷാഫാത്ത് നല്കുന്ന മറുപടി രണ്ടു വിവരണത്തിലും ഒന്നുതന്നെയാണ് (1 രാജാ 22,4=2 രാജാ 3,7). യുദ്ധത്തിനുമുമ്പേ കർത്താവിന്റെ ഹിതം ആരായാൻ യഹോഷാഫാത്ത് ആവശ്യപ്പെട്ടു (1 രാജാ 22,7=2 രാജാ 3,11).

യൂദായും ഇസ്രായേലും തമ്മിൽ വിവാഹ ഉടമ്പടി വഴി ഉറപ്പിച്ച സഖ്യം നിലവിലിരുന്നു (2 രാജാ 8,18). ഏദോം യൂദായുടെ ആധിപത്യത്തിൻ കീഴിലായിരുന്നു. ഈ ബന്ധങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് യോറാം മൊവാബിനെതിരേ യുദ്ധത്തിനു നീങ്ങിയത്. മൊവാബ്യരെ വടക്കു നിന്നു ആക്രമിക്കുകയായിരുന്നു എളുപ്പമെങ്കിലും സഖ്യശക്തികളുടെ സഹായത്തോടെ തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ, തെക്കുനിന്ന് ആക്രമിക്കുന്നത് കൂടുതൽ വിജയസാധ്യതയുള്ളതായി യോറാം കരുതി (2 രാജാ 3,8). അതിനാൽ വളഞ്ഞ വഴിയിലൂടെ ഏഴുദിവസം യാത്രചെയ്ത് മൊവാബിന്റെ അതിർത്തിയിലെത്തി. എന്നാൽ അതിർത്തിപ്രദേശത്തെ മരുഭൂമിയിൽ വെള്ളം കിട്ടാഞ്ഞതിനാൽ സഖ്യശക്തികൾ വലിയൊരു പ്രതിസന്ധിയിലായി.

യുദ്ധത്തിനിറങ്ങുന്നതിനു മുമ്പേ കർത്താവിന്റെ ഹിതം ആരാഞ്ഞതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രതീക്ഷിതമായ പ്രതിസന്ധി

യുണ്ടായപ്പോൾ കർത്താവാണ് അതു വരുത്തിവച്ചതെന്ന് യോറാം പരാതിപ്പെട്ടു. ഈ സാഹചര്യത്തിലാണ് യഹോഷാഫാത്ത് കർത്താവിന്റെ ഹിതം അറിയാനായി പ്രവാചകനെ അന്വേഷിച്ചത്. ഏലിയായുടെ സേവകനായിരുന്ന എലീഷാ അവിടെയുണ്ട് എന്നു കേട്ടമാത്രയിൽ അയാളെ കർത്താവിന്റെ പ്രവാചകനായി രാജാവ് അംഗീകരിച്ചു (2 രാജാ 3,10-12). "കർത്താവിന്റെ വചനം അവനോടുകൂടെയുണ്ട്" എന്ന പ്രസ്താവന ഒരു വിശ്വാസ പ്രഖ്യാപനമാണ്. "നിന്റെ മാതാപിതാക്കന്മാരുടെ പ്രവാചകനെ സമീപിക്കു" (2 രാജാ 3,13) എന്ന ശകാരം കാർമ്മൽ മലയിൽ വച്ച് ഏലിയാ നടത്തിയ വെല്ലുവിളിയെ അനുസ്മരിപ്പിക്കുന്നു.

ഗായകന്റെ സഹായം ആവശ്യപ്പെട്ട എലീഷാ അന്നു പ്രാചരത്തിലിരുന്ന പ്രവാചക ശൈലിയുടെ മാതൃകയാണ്. പാട്ടുകേട്ട് ഒരു പ്രത്യേക മാനസികാവസ്ഥയിൽ ലയിച്ച പ്രവാചകന് കർത്താവിന്റെ വചനം ലഭിച്ചു. അത് താൽക്കാലിക പ്രതിസന്ധി അവസാനിക്കുകയും യുദ്ധത്തിൽ ഇസ്രായേലിന് ഗണ്യമായ വിജയം ലഭിക്കുകയും ചെയ്യും എന്ന വാഗ്ദാനമായിരുന്നു. ഉണങ്ങിവരണ്ട അരുവിത്തടം കാറ്റോ മഴയോ കൂടാതെ കർത്താവ് ജലം കൊണ്ടു നിറയ്ക്കും എന്ന വാഗ്ദാനം പിറ്റേന്നു പ്രഭാതത്തിൽ പൂർത്തിയായി (2 രാജാ 3,16-20). അകലെ മലമുകളിൽ പെയ്ത മഴവെള്ളം ഒഴുകിവന്നാണ് അരുവിത്തടം നിറഞ്ഞത്. താഴ്വരയിൽ മഴ പെയ്യാത്തപ്പോഴും മലവെള്ളത്താൽ നദികൾ കരകവിഞ്ഞൊഴുകുക അസാധാരണമല്ലല്ലോ.

രണ്ടായിരം അടി ഉയരത്തിലുള്ള മലയിലെ കോട്ടയിൽ നിന്നു നോക്കിയ മൊവാബ്യർ താഴ്വരയിൽ കെട്ടിക്കിടക്കുന്ന വെള്ളം കണ്ട് അത് രക്തമാണെന്നു തെറ്റിദ്ധരിച്ചു. പ്രഭാത സൂര്യന്റെ ചെങ്കതിർ തട്ടിത്തിളങ്ങിയ വെള്ളം ചുവന്നതായി അവർക്കുതോന്നിയതാവാം. ചെമ്മണ്ണു നിറഞ്ഞ പ്രദേശത്തു കൂടെ ഒഴുകിവന്ന വെള്ളത്തിന് ചുവന്ന നിറം ലഭിച്ചതുമാവാം ഈ തെറ്റിധാരണയ്ക്കു കാരണം. തങ്ങൾക്കെതിരേ യുദ്ധത്തിനു വന്ന സഖ്യശക്തികൾ തമ്മിൽ പടവെട്ടിമരിച്ചു എന്നു വിശ്വസിച്ച മൊവാബ്യർ ഇസ്രായേൽക്കാരെ കൊള്ളയടിക്കാൻ കോട്ടയിൽ നിന്നു പാഞ്ഞു വന്നപ്പോൾ യുദ്ധത്തിനൊരുങ്ങി നിന്ന സൈന്യത്തെയാണ് കണ്ടുമുട്ടിയത്. എലീഷാ പ്രവിച്ചതുപോലെ സഖ്യസൈന്യം മൊവാബ്യരുടെ നഗരങ്ങളും നിലങ്ങളും നശിപ്പിച്ചു (2 രാജാ 3,21-25).

തലസ്ഥാന നഗരമായ കീർഹെരേസേത്ത് പിടിക്കപ്പെടും എന്നു തീർച്ചയായപ്പോൾ മൊവാബ്യർ ശത്രുക്കളെ തുരത്താൻ അന്തിമമായ ഒരു ശ്രമം കൂടി നടത്തി (3,26). അതും പരാജയപ്പെട്ടപ്പോൾ കിരീടാവകാശിയായ രാജകുമാരനെ രാജാവുതന്നെ നഗരത്തിന്റെ മതിന്മേൽ ബലി



യർപ്പിച്ചു. ഇതുകണ്ട ഇസ്രായേൽ സൈന്യം യുദ്ധം അവസാനിപ്പിച്ച് പിൻവാങ്ങി (2 രാജാ 3,27). വിജയത്തിന്റെ പടിവാതില്ക്കൽ എത്തിയ അവർ എന്തുകൊണ്ടു പിൻവാങ്ങി എന്നതിന് വി.ഗ്രന്ഥകാരൻ ഒരു വിശദീകരണവും നല്കുന്നില്ല. എല്ലാം നഷ്ടപ്പെടാൻ പോകുന്നു എന്നു മനസിലാക്കിയ മൊവാബ്യർ രാജകുമാരന്റെ മരണം കണ്ടപ്പോൾ സകലശക്തിയും സംഭരിച്ച് ഒരു ജീവന്മരണ പോരാട്ടത്തിനു തയ്യാറായെന്നും അതിനെ ഇസ്രായേൽ സൈന്യത്തിനു ചെറുത്തുനില്ക്കാൻ കഴിഞ്ഞില്ല എന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മൊവാബ്യർ ആരാധിച്ചിരുന്ന യുദ്ധദേവനാണ് കെമോഷ്. ആ ദൈവം രാജകുമാരന്റെ ബലി സ്വീകരിച്ച് തങ്ങളെ തുണയ്ക്കും എന്ന വിശ്വാസം അവർക്കു കൂടുതൽ ശക്തി പകർന്നിട്ടുണ്ടാവും. മൊവാബ്യരുടെ മേൽ പരിപൂർണ്ണ വിജയം ലഭിക്കും എന്ന് പ്രവാചകൻ വാഗ്ദാനം ചെയ്തിരുന്നില്ല. തന്നെയുമല്ല, യുദ്ധത്തിൽ പാലിക്കേണ്ട നിയമങ്ങൾ (നിയ 20,19-20) ഇസ്രായേൽക്കാർ പാലിച്ചതുമില്ല. ഇസ്രായേൽ പിൻവാങ്ങിയതിന് ഇതെല്ലാം കാരണമായിരുന്നു.

**വിചിന്തനം:** മരുഭൂമിയിൽ ജലം കിട്ടാതെ വലഞ്ഞ ഒരു സൈന്യത്തിന് പ്രവാചകന്റെ പ്രാർത്ഥന കേട്ടു ദൈവം കുടിനീരു നല്കി. "കർത്താവിന് ഇത് നിസ്സാരമാണ്". "ദരിദ്രരും നിരാലംബരും ജലം അന്വേഷിച്ചു കണ്ടെത്താതെ ദാഹത്താൽ നാവുവരണ്ടു പോകുമ്പോൾ കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും" (ഏശ 41,17). എന്നാൽ മൊവാബ്യരെ പരിപൂർണ്ണമായി നശിപ്പിക്കാൻ ശ്രമിച്ച സൈന്യത്തെ ദൈവം തുണച്ചില്ല; പ്രവാചകൻ അതിനു കൂട്ടി നിന്നതുമില്ല. കർത്താവ് എല്ലാവരുടെയും ദൈവമാണ്. അഗതികൾക്കും അശരണർക്കും അവിടുന്ന് സംരക്ഷണം നല്കും. സ്വന്തം അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ വേണ്ടി സമരം ചെയ്യുന്നവർ എതിരാളികളുടെ അവകാശങ്ങളെയും മാനിക്കണം; അല്ലെങ്കിൽ ദൈവത്തെ തങ്ങളുടെ എതിരാളിയായി കാണേണ്ടിവരും.

### 3. കരുണയുടെ പ്രവാചകൻ 2 രാജാ 4,1-6,7

എലീഷാ പ്രവാചകനിലൂടെ കർത്താവു പ്രവർത്തിച്ച ചില അത്ഭുതങ്ങളാണ് തുടർന്നു വിവരിക്കുന്നത്. ഇവയെല്ലാം ഏതെങ്കിലും ആവശ്യം അനുഭവിക്കുന്നവർക്ക് കർത്താവിന്റെ കരുണ്രാർദ്രമായ സ്നേഹവും കരുതലും അനുഭവവേദ്യമാക്കുന്ന സംഭവങ്ങളാണ്. അതേ സമയം ഈ അത്ഭുതങ്ങൾ എലീഷായെ കർത്താവിന്റെ ശക്തനായ പ്രവാചകനായി അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകനിലൂടെ വ്യക്തികൾ കർത്താവിനെ അറിയുകയും ഏറ്റു പറയുകയും ചെയ്യുന്നതായി പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്. ഇവിടെ വിവരിക്കുന്ന പല അത്ഭുതങ്ങളും

ഏലിയാ പ്രവർത്തിച്ചവയോടു സാമ്യമുള്ളതാണ്.

**a. വിധവയ്ക്കും മക്കൾക്കും സംരക്ഷണം 2 രാജാ 4,1-7**

വീട്ടാത്ത കടത്തിന്റെ പേരിൽ മക്കളെ അടിമകളായി വിൽക്കാൻ നിർബ്ബന്ധിതയായ ഒരു വിധവയ്ക്കു നല്കിയ സംരക്ഷണമാണ് ഇവിടെ വിവരിക്കുന്നത്. അടിമകളെ സംബന്ധിച്ച് ഇസ്രായേലിൽ വ്യക്തമായ നിയമമുണ്ടായിരുന്നു (പുറ 21,2-7; ലേവ്യ 25,39). രാജഭരണകാലത്ത്, പ്രത്യേകിച്ച് ക്ഷാമമുണ്ടാകുമ്പോൾ, ദരിദ്രരുടെ അവസ്ഥ എത്ര ദയനീയമായിരുന്നു എന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം. പ്രവാചകൻ സമൂഹമായി ജീവിച്ചിരുന്നെങ്കിലും അവരിൽ പലരും വിവാഹിതരായിരുന്നു എന്ന് ഈ വിവരണത്തിൽ നിന്നു കാണാം. ആഹാബിന്റെ സേവകനായ ഒബാദിയായുടെ ഭാര്യയാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്ന വിധനവയെന്ന് യഹൂദറബ്ബിമാർ പഠിപ്പിച്ചിരുന്നു. പ്രവാചകന്മാരെ സംരക്ഷിക്കാൻ വേണ്ടി വാങ്ങിയ കടം ഒബാദിയായ്ക്കു വീട്ടാൻ കഴിയാഞ്ഞതിനാൽ അയളുടെ മരണത്തിനുശേഷം മക്കളെ അടിമകളാക്കാൻ വന്നതാണ് സാഹചര്യം എന്ന അവരുടെ വിശദീകരണത്തിന് ചരിത്രപരമായ പിന്തുണയൊന്നുമില്ല. സറെപ്തായിലെ വിധവയ്ക്കും മകനും വേണ്ടി ഏലിയായിലൂടെ ദൈവം പ്രവർത്തിച്ച അത്ഭുതവുമായി (1 രാജ 17,8-16) ഇതിനു സാമ്യമുണ്ട്. തങ്ങളുടെ ഭരണിയിൽ അവശേഷിച്ചിരുന്ന എണ്ണയാണ് ഇരുവർക്കും സംരക്ഷണത്തിന് ഉപാധിയായി ഉപയോഗിക്കപ്പെട്ടത്. സറെഫ്തായിലെ വിധവയ്ക്ക് ക്ഷാമകാലം മുഴുവൻ ഓരോ ദിവസം അന്നത്തേയ്ക്ക് ആവശ്യമായതു നല്കിയതായിരുന്നു അത്ഭുതം. എന്നാൽ ഇവിടെ ഒറ്റത്തവണ അത്ഭുതകരമായി വർദ്ധിപ്പിച്ച എണ്ണകൊണ്ട് വിധവയുടെ ആവശ്യം എന്നേക്കുമായി പരിഹരിക്കപ്പെട്ടു. അഗതിയും അശരണയുമായ വിധവയ്ക്ക് കർത്താവിന്റെ കാരുണ്യം അങ്ങനെ അനുഭവവേദ്യമായി.

**b. ഷൂനേംകാരിയുടെ മകൻ 2 രാജാ 4,8-37**

അടുത്ത രണ്ട് അത്ഭുതങ്ങളും ഒരു സ്ത്രീക്കുവേണ്ടി പ്രവർത്തിച്ചതാണ്. ഇതിനുമുമ്പുകണ്ട സ്ത്രീ വിധവയും ദരിദ്രയുമായിരുന്നെങ്കിൽ ഇത് ഭർതൃമതിയായ ഒരു ധനികയായിരുന്നു. അവളുടെ ഔദാര്യവും ദൈവഭക്തിയും എടുത്തുകാട്ടിക്കൊണ്ടാണ് വിവരണം ആരംഭിക്കുന്നത്. ദൈവത്തിന്റെ ജോലിയിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ എലീഷായെ അവൾ സ്വീകരിച്ചു സല്ക്കരിച്ചു; അയാൾക്കു വേണ്ടി മട്ടുപ്പാവിൽ മുറി സജ്ജമാക്കി. പ്രത്യുപകാരം ഒന്നും പ്രതീക്ഷിക്കാത്ത നിസ്വാർത്ഥ ഭക്തിയുടെ പ്രകടനമായിരുന്നു അത്. രാജാവിനോടോ സൈന്യാധിപനോടോ ശുപാർശ ചെയ്ത് എന്തു വേണമെങ്കിലും



നേടിത്തരാം എന്ന് എലീഷ വാഗ്ദാനം ചെയ്തെങ്കിലും സ്വന്തം ജനത്തിന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവൾക്ക് അതിന്റെ ആവശ്യമില്ലായിരുന്നു (2 രാജാ 4,12-13). എന്നാലും തനിക്കു ലഭിച്ച ഔദാര്യത്തിന് എന്തെങ്കിലും പ്രത്യുപകാരം ചെയ്യാൻ ആഗ്രഹിച്ച എലീഷാ മക്കളില്ലാത്ത അവൾക്ക് ഒരു പുത്രനെ വാഗ്ദാനം ചെയ്തു. അവളുടെ മറുപടി (2 രാജാ 4,16) സാറായുടെ പ്രതികരണത്തെ (ഉൽപ 18,10-15) അനുസ്മരിപ്പിക്കുന്നു. പ്രവാചകൻ പറഞ്ഞതുപോലെ സംഭവിച്ചു (2 രാജാ 4,17). അതാണ് ആദ്യത്തെ അത്ഭുതം.

കുട്ടി വളർന്നു വയലിൽ വച്ചു രോഗിയായിത്തീർന്ന ബാലൻ വീട്ടിൽ വന്ന് അമ്മയുടെ മടിയിൽ കിടന്നു മരിച്ചു. മരിച്ച ബാലനെ പുനരുജ്ജീവിപ്പിച്ചതാണ് രണ്ടാമത്തെ അത്ഭുതം. ഏലിയാ സറെഫ്തായിലെ വിധവയുടെ മകനെ ഉയിർപ്പിച്ചതിന്റെ വിവരണവുമായി (1 രാജാ 17,17-24) ഈ വിവരണത്തിന് അടുത്ത സാമ്യമുണ്ട്. അതേസമയം ചില വ്യത്യാസങ്ങളുമുണ്ട്. സറെഫാതായിലെ വിധവയുടെ പ്രതികരണം മുഖ്യമായും നിരാശയുടേതായിരുന്നു. ഷൂനേംകാരിയാകട്ടെ കഠിന ദുഃഖത്തിലാണെങ്കിലും വിശ്വാസവും പ്രത്യാശയും പ്രകടമാക്കുന്നു. അവൾ മരിച്ച മകനെ എലീഷായുടെ കട്ടലിൽ കിടത്തിയിട്ട് അയാളുടെ അടുക്കലേക്ക് കഴുതപ്പുറത്തു പാഞ്ഞു വന്നു. കുശലം അന്വേഷിച്ച പ്രവാചക ശിഷ്യന് ഒഴിഞ്ഞുമാറുന്ന മറുപടിയേ അവൾ നൽകിയുള്ളു. എലീഷാ തന്റെ കൂടെ വരാൻ സമ്മതിക്കുന്നതുവരെ അവൾ അയാളുടെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു കിടന്നു.

എലീഷായുടെ പ്രതികരണങ്ങൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഷൂനേംകാരിയുടെ ദുഃഖത്തിന്റെ കാരണം എന്തെന്ന് അവൾ പറയുന്നതുവരെ അയാൾക്കു മനസിലായില്ല. "കർത്താവ് അത് എന്നിൽ നിന്നു മറച്ചിരിക്കുന്നു" (2 രാജാ 4,27) എന്ന പ്രസ്താവന കർത്താവു വെളിപ്പെടുത്തിയാൽ മാത്രമേ പ്രവാചകന് രഹസ്യങ്ങൾ ഗ്രഹിക്കാനാവൂ എന്ന് വ്യക്തമാക്കുന്നു. തന്റെ വടി അത്ഭുതം പ്രവർത്തിക്കും എന്ന് എലീഷാ വിചാരിച്ചു (2 രാജാ 4,29). പക്ഷേ അയാൾക്കുതെറ്റി (2 രാജാ 4,31). തീക്ഷ്ണമായ പ്രാർത്ഥനയും പ്രതീകാത്മകമായ പ്രവർത്തനവും (2 രാജാ 4,32-35) വഴിയാണ് ബാലനു ജീവൻ തിരിച്ചു കിട്ടിയത്. ഇക്കാര്യത്തിൽ എലീഷാ ഏലിയായെ അനുകരിക്കുകയായിരുന്നു (1 രാജാ 17,20-22). മകനെ ജീവനോടെ തിരിച്ചുകിട്ടിയപ്പോൾ സറെഫ്തായിലെ വിധവ ഒരു വിശ്വാസ പ്രഖ്യാപനം നടത്തി (1 രാജാ 17,24). ഷൂനേംകാരിയാകട്ടെ നിശ്ശബ്ദം നമസ്കരിച്ചുകൊണ്ട് നന്ദി പ്രകടിപ്പിച്ചു.

**വിചിന്തനം:** ദരിദ്രർക്കും ധനികർക്കും ഒരുപോലെ അത്യാഹിതങ്ങൾ

സംഭവിക്കാം. ഇരുകൂട്ടർക്കും അത്യഗാധമായ ദുഃഖമുണ്ടാകാം. കർത്താവിന്റെ കരുണ ഇരുകൂട്ടർക്കും അനുഭവവേദ്യമാക്കുക പ്രവാചക ധർമ്മമാണ് എന്ന് എലീഷായുടെ മാതൃകയിലൂടെ പഠിപ്പിക്കുന്നു. കർത്താവ് ആരെയും അവഗണിക്കുന്നില്ല; അനാഥരായി വിടുന്നുമില്ല. അവിടുത്തെ ശിഷ്യന്മാർക്കും ഈ മനോഭാവം ആവശ്യമാണ്.

**c. കലത്തിൽ പതിയിരുന്ന മരണം 2 രാജാ 4,38-41**

ഗിൽഗാലിലെ പ്രവാചക ഗണങ്ങൾക്കു വേണ്ടി പ്രവർത്തിച്ച രണ്ട് അതഭുതങ്ങൾ അടുത്തതായി വിവരിക്കുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട ഈ രണ്ട് അത്ഭുതങ്ങളും കടുത്ത ക്ഷാമത്തിന്റെയും പട്ടിണിയുടെയും പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. എലീഷായുടെ നിർദ്ദേശപ്രകാരം വേവിച്ചു വിളമ്പിയ കാട്ടുകനി വിഷമുള്ളതായിരുന്നു. ഭയന്നു നിലവിളിച്ച ശിഷ്യഗണത്തെ അയാൾ സമാധാനിപ്പിച്ചു. വിഷക്കനി നിറഞ്ഞ പാത്രത്തിൽ മാവിട്ടപ്പോൾ വിഷം മാറിയത് ഒരു അത്ഭുതമായിരുന്നു.

**d. അപ്പം വർദ്ധിപ്പിക്കുന്നു 2 രാജാ 4,42-44**

ഇരുപതു ബാർലിയപ്പം നൂറു പേർക്കായി വീതിച്ചപ്പോൾ എല്ലാവരും തൃപ്തിയാവോളം ഭക്ഷിച്ചിട്ടും മിച്ചം വന്നതാണ് അടുത്ത അതഭുതം. ഇവിടെയും പട്ടിണിയുടെ പശ്ചാത്തലത്തിലാണ് വിവരണം. ആദ്യഫലങ്ങൾ കർത്താവിനു നല്കണം, അതു പുരോഹിതന്മാർക്ക് അവകാശപ്പെട്ടതാണ്. ഇതായിരുന്നു ഇസ്രായേലിലെ നിയമം (ലേവ്യ 23,20; സംഖ്യ 18,13). വടക്കൻ രാജ്യമായ ഇസ്രായേലിൽ കർത്താവിന്റെ പുരോഹിതന്മാർ ഇല്ലാഞ്ഞതിനാലാവാം ആദ്യഫലം പ്രവാചകനു കാഴ്ചവച്ചത്. കിട്ടിയ ഭക്ഷണം നൂറുപേരുടെ സമൂഹത്തിന് തികച്ചും അപര്യാപ്തമെന്നു കരുതിയ ഭൃത്യനു നല്കിയ മറുപടിയിൽ (2 രാജാ 4,43) കർത്താവിലുള്ള എലീഷായുടെ വിശ്വാസം പ്രകടമാകുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ തൃപ്തരാക്കി പന്ത്രണ്ടു കുട്ട മിച്ചം വരുത്തിയ അത്ഭുതത്തിലേക്ക് (മർക്കോ 6,37-44) വിരൽ ചൂണ്ടുന്നതാണ് ഈ സംഭവം.

**വിചിന്തനം:** ദൈവത്തിന്റെ വചനം പങ്കുവയ്ക്കുന്നവനാണ് പ്രവാചകൻ. വചനം വിശക്കുന്നവന് അപ്പമായി മാറുന്നു, മാറണം. ആത്മാവിനും ശരീരത്തിനും ആഹാരം നല്കുന്നതും പ്രവാചക ധർമ്മത്തിന്റെ ഭാഗം തന്നെ.

**e. നാമാന്റെ കുഷ്ഠം ഗഹസിക്ക് 2 രാജാ 5,1-27**

കർത്താവിന്റെ കരുണയ്ക്കും ശക്തിക്കും പരിധികളില്ല എന്നു തെളിയിക്കുന്നതാണ് സിറിയൻ സൈന്യാധിപനായ നാമാനു നല്കിയ രോഗശാന്തി. ഇസ്രായേലിന്റെ നിത്യശത്രുവായിരുന്ന സിറിയായ്ക്ക് നാമാൻ വഴി കർത്താവു വിജയം നല്കി എന്ന ആമുഖ പ്രസ്താവന (2



രാജ 5,1) ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. സുദീർഘവും നാടകീയവുമായ ഈ വിവരണത്തിൽ വിജാതീയരായ സിറിയാ രാജാവും നാമാനും ഇസ്രായേൽ രാജാവിനെയും പ്രവാചകസേവകനെയുംകാൾ കൂടുതൽ വിനീതരും സത്യസന്ധരുമായി പ്രത്യക്ഷപ്പെടുന്നു. നാമാനു നല്കിയ രോഗശാന്തി വിജാതീയർക്കു ലഭിക്കുന്ന രക്ഷയുടെ മുന്നാസ്വാദനവും തന്റെ പ്രവർത്തനത്തിനു മാർഗദർശകവും ആയി യേശുക്രിസ്തു എടുത്തു കാണിക്കുകയുണ്ടായി (ലൂക്ക 4,27). തന്നിൽ വിശ്വസിക്കുന്ന ഏവരെയും രക്ഷിക്കാനും തെറ്റു ചെയ്യുന്നവർ ആരായാലും മുഖം നോക്കാതെ ശിക്ഷിക്കുകയും ചെയ്യുന്നവനാണ് കർത്താവ്. അവിടുത്തെ കൃപയുടെമേൽ ആർക്കും കുത്തകാവകാശമില്ല എന്നു വ്യക്തമാക്കുന്നതാണ് ഈ സംഭവം.

ധീരനും, രാജാവിനും ഭൃത്യന്മാർക്കും ഒരുപോലെ പ്രിയങ്കരനുമാണ് സൈന്യാധിപനായ നാമാൻ. യുദ്ധത്തിൽ അടിമയാക്കപ്പെട്ട ഇസ്രായേൽക്കാരിപോലും അയാളെ ആദരിച്ചിരുന്നു. ആയൾ കുഷ്ഠരോഗിയായിരുന്നു എന്നു പറയുന്നുണ്ടെങ്കിലും സൈന്യാധിപനായി തുടരുകയും ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുകയും ചെയ്തിരുന്നതിനാൽ ബീഭത്സമായ കുഷ്ഠരോഗമല്ല അയാളെ ബാധിച്ചിരുന്നത് എന്നു വ്യക്തം. എല്ലാവിധ ത്വഗ് രോഗങ്ങളെയും കുഷ്ഠം എന്നാണ് പുരാതന മധ്യ പൗരസ്ത്യദേശത്ത് വിശേഷിപ്പിച്ചിരുന്നത്. സമരിയായിലെ പ്രവാചകന്റെ അത്ഭുതസിദ്ധിയെക്കുറിച്ച് പരിചാരകരിൽ നിന്ന് അറിഞ്ഞ നാമാൻ സിറിയാ രാജാവിന്റെ ശുപാർശക്കത്തുമായി, വില പിടിച്ച സമ്മാനങ്ങളോടെ സമരിയായിലെത്തി. എന്നാൽ ഇസ്രായേൽ രാജാവിന് ഇതൊരു കെണിയായിട്ടേ കരുതാൻ കഴിഞ്ഞുള്ളു. വിജാതീയർ പ്രകടിപ്പിച്ച കർത്താവിലുള്ള വിശ്വാസം ഇസ്രായേൽ രാജാവിനില്ലായിരുന്നു. "ജീവൻ എടുക്കാനും കൊടുക്കാനും ഞാൻ ദൈവമാണോ?" (2 രാജാ 5,7) എന്ന അയാളുടെ ചോദ്യം തന്റെ നിസ്സഹായതയെ വെളിപ്പെടുത്തുന്നു. അഗാധമായ ദുഃഖത്തിന്റെ അടയാളമായി അയാൾ വസ്ത്രം കീറി.

വിവരമറിഞ്ഞ എലീഷാ രാജാവിനയച്ച സന്ദേശം ആരാണ് യഥാർത്ഥത്തിൽ സൗഖ്യം നൽകുന്നത് എന്നു വ്യക്തമാക്കുന്നു (2 രാജാ 5,8). "ഇസ്രായേലിൽ ഒരു പ്രവാചകൻ ഉണ്ടെന്ന് അവൻ അറിയട്ടെ" എന്ന എലീഷായുടെ പ്രസ്താവന അഹങ്കാരമല്ല, കർത്താവ് പ്രവാചകനിലൂടെ പ്രവർത്തിക്കും എന്ന വിശ്വാസമാണ് വെളിപ്പെടുത്തുന്നത്. നാമാന്റെ വിശ്വാസവും വിനയവും അനുസരണവും കഠിനമായി പരീക്ഷിക്കുന്നതായിരുന്നു അയാളോടുള്ള എലീഷായുടെ സമീപനം (2 രാജാ 5,10). താൻ പ്രതീക്ഷിച്ചതൊന്നും പ്രവാചകൻ ചെയ്യാതിരുന്നതിനാൽ

നാമാൻ ക്രുദ്ധനായി. എന്നാലും സേവകന്മാരുടെ അഭ്യർത്ഥന മാനിച്ച് പ്രവാചകവചനം അനുസരിക്കാൻ സന്നദ്ധനായി. അതുവഴി അയാൾ സുഖം പ്രാപിച്ചു (2 രാജാ 5,13-14). സൈന്യാധിപനോട് സേവകന്മാർ നടത്തുന്ന അഭ്യർത്ഥനയിൽ അവരുടെ വിശ്വാസവും അയാളോട് അവർക്കുള്ള സ്നേഹാദരവുകളും പ്രകടമാകുന്നു.

സുഖം പ്രാപിച്ച നാമാൻ എലീഷായുടെ അടുക്കൽ മടങ്ങിയെത്തി നന്ദി പ്രകടിപ്പിക്കുകയും തന്റെ വിശ്വാസം ഏറ്റു പറയുകയും ചെയ്തു. "ഭൂമിയിൽ ഇസ്രായേലിന്റേതല്ലാതെ മറ്റൊരു ദൈവമില്ല എന്ന് ഇപ്പോൾ ഞാൻ അറിയുന്നു" (2 രാജാ 5,15) എന്ന വിശ്വാസ പ്രഖ്യാപനം ഒരു യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവാണ്. നന്ദി സൂചകമായി അയാൾ സമ്മാനങ്ങൾ നല്കാൻ ശ്രമിച്ചെങ്കിലും എലീഷാ സ്വീകരിച്ചില്ല. കർത്താവ് കരുണാപൂർവ്വം നല്കിയ അനുഗ്രഹത്തിന്റെ പേരിൽ താൻ സമ്മാനങ്ങൾ സ്വീകരിക്കുന്നത് ഉചിതമല്ല എന്ന ബോധ്യമാണ് എലീഷായുടെ മറുപടിയിൽ പ്രതിധ്വനിക്കുന്നത്.

എന്തിനുവേണ്ടിയാണ് രണ്ട് കഴുതച്ചുമട് മണ്ണ് അയാൾ ചോദിച്ചതെന്ന് (2 രാജാ 5,17) വി.ഗ്രന്ഥകാരൻ പറയുന്നില്ല. കർത്താവു വസിക്കുന്ന ഇസ്രായേൽ ദേശം പരിശുദ്ധവും തന്റെ നാട് അശുദ്ധവും ആണെന്ന ധാരണ അയാൾക്ക് ഉണ്ടായിരുന്നിരിക്കാം. വിശുദ്ധ നാട്ടിലെ മണ്ണു വിരിച്ച തറയിൽ നിന്നു കർത്താവിനു ബലിയർപ്പിക്കാൻ വേണ്ടിയായിരിക്കാം അയാൾ അസാധാരണമായ ഈ യാചന നടത്തിയത്. സിറിയാക്കാർ ആരാധിച്ചിരുന്ന ഇടിമിന്നലിന്റെ ദൈവമാണ് ഹദാദ്. അയാൾ റിമ്മോൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. തന്റെ ഒദ്യോഗിക പദവിയുടെ ഭാഗമായി വിഗ്രഹാരാധനയിൽ പങ്കെടുക്കാൻ താൻ നിർബന്ധിതനാണെന്നും അത് വെറും ബാഹ്യാനുഷ്ഠാനം മാത്രമാണെന്നും അതിനാൽ കർത്താവ് തന്നോട് ക്ഷമിക്കണം എന്നും നാമാൻ നടത്തിയ ആത്മാർത്ഥമായ യാചനയ്ക്കും എലീഷാ അനുഭാവ പൂർണ്ണമായ മറുപടിയാണ് നല്കിയത് (2 രാജാ 5,18-19).

നാമേന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പ്രവാചകശിഷ്യനായ ഗഹസിയുടെ ചിന്തയും പെരുമാറ്റവും. ഒരു വിജാതീയർ കർത്താവിൽ നിന്ന് സൗജന്യമായി അനുഗ്രഹം പ്രാപിച്ചത് അയാൾക്കു സഹിക്കാനായില്ല. യജമാനനായ എലീഷാ ചെയ്തത് മൗഢ്യമായി അയാൾ കരുതി. തന്റെ പിറകേ പാഞ്ഞു വരുന്ന പ്രവാചക ശിഷ്യനെ കണ്ട നാമാൻ വിനയത്തോടെ രഥത്തിൽ നിന്നിറങ്ങി അയാളെ സ്വീകരിച്ചു. അയാൾ പറഞ്ഞതെല്ലാം വിശ്വസിക്കുകയും ചോദിച്ചതിന്റെ ഇരട്ടി സമ്മാനം നല്കുകയും ചെയ്തു. രണ്ടു താലന്ത് വെള്ളി വലിയൊരു



തുകയാണ്. ആ തുകയ്ക്കാണ് ഏതാനും വർഷങ്ങൾക്കു മുമ്പ് ഓമ്രി സമറിയാമല വാങ്ങിയത് (1 രാജാ 16,24). സമ്മാനങ്ങൾ വീട്ടിൽ ഒളിച്ചുവച്ചിട്ട് ഗുരുസന്നിധിയിലെത്തിയ ഗഹസിയെ എലീഷാ ചോദ്യം ചെയ്തു; മോഷണം നുണകൊണ്ടു മറയ്ക്കാൻ ശ്രമിച്ച ശിഷ്യന്റെമേൽ ശിക്ഷാവിധി പ്രഖ്യാപിച്ചു; "നാമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതികൾക്കും എന്നേക്കുമായി വന്നുചേരും" (2 രാജാ 5,27).

**വിചിന്തനം:** യുദ്ധത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ശത്രുവിന്റെ വീട്ടിൽ അടിമയായി കഴിയാൻ വിധിക്കപ്പെട്ട ഇസ്രായേൽക്കാരി താൻ ചെന്നെത്തിയിടത്ത് കർത്താവിന്റെ സാക്ഷിയും അവിടുത്തെ കൃപയുടെ നീർച്ചാലുമായി വർത്തിച്ചു. അവൾ വഴി സൈന്യാധിപന്റെ ശരീരം മാത്രമല്ല, ആത്മാവും സുഖപ്പെട്ടു. ബാഹ്യമായ സാഹചര്യങ്ങൾ എന്തുതന്നെ ആയാലും യഥാർത്ഥ വിശ്വാസമുള്ളവർക്ക് എല്ലായിടത്തും കർത്താവിന്റെ സാക്ഷികളായി വർത്തിക്കാൻ കഴിയും.

പ്രവാചകനെ തേടി പുറപ്പെട്ട നാമാന് രോഗശാന്തി മാത്രമായിരുന്നു ലക്ഷ്യം. എന്നാൽ സൗഖ്യം പ്രാപിച്ചു കഴിഞ്ഞപ്പോൾ അയാൾക്ക് യാഥാർത്ഥ മാനസാന്തരവുമുണ്ടായി. കർത്താവിലുള്ള വിശ്വാസം ഏറ്റു പറയാനും വിലപിടിച്ച സമ്മാനങ്ങൾ നല്കിക്കൊണ്ട് നന്ദി പ്രകടിപ്പിക്കാനും ജീവിതത്തിൽ പരിവർത്തനം വരുത്താനും അയാൾ തയ്യാറായി. അത്ഭുതകരമായ ദൈവാനുഭവമുണ്ടായിട്ടും അതിവേഗം അതുമറന്ന് പഴയതുപോലെ ജീവിക്കുന്നത് നന്ദിഹീനതയാണ്.

കർത്താവിന്റെ കരുണയ്ക്കു വിലപേശിയവനാണ് ഗഹസി. വിജാതീയന്റെ വിശ്വാസതീക്ഷ്ണതയെ ചൂഷണം ചെയ്ത് അയാൾ സ്വത്തു സമ്പാദിക്കാൻ ശ്രമിച്ചു. ദ്രവ്യാഗ്രഹമാണ് അതിന് അയാളെ പ്രേരിപ്പിച്ചത്. ദൈവകൃപയെ ധനസമ്പാദന മാർഗ്ഗമാക്കുന്നത് അക്ഷന്തവ്യമായ കുറ്റമാണ്. പരമ്പരാഗതമായി കർത്താവിൽ വിശ്വസിക്കുന്ന സമൂഹത്തിന്റെ അംഗമാണെന്ന് അഭിമാനിക്കുന്നവർക്കും ഗഹസിയുടെ ദുരന്തം സംഭവിക്കാം. കർത്താവിനു മുഖം നോട്ടമില്ല. ഹൃദയങ്ങൾ കാണുന്ന അവിടുന്ന് ഓരോരുത്തരുടെയും പ്രവൃത്തികൾക്കൊത്ത പ്രതിഫലം നല്കുന്നു.

തന്റെ സന്തത സഹചാരിയും ഉത്തമ ശിഷ്യനുമായ ഗഹസി തെറ്റു ചെയ്തപ്പോൾ കർശനമായി ശകാരിക്കാനും ശിക്ഷിക്കാനും എലീഷാ മടിച്ചില്ല. വ്യക്തിബന്ധങ്ങളും മറ്റു താല്പര്യങ്ങളും തെറ്റുകൾക്കുനേരെ കണ്ണടയ്ക്കാൻ പ്രേരകമാകരുത്. മാതാപിതാക്കൾക്കും അധികാരകൾക്കും മറ്റുള്ളവരുടെമേൽ ഉത്തരവാദിത്വമുള്ള സകലർക്കും വളരെ പ്രസക്തമായൊരു പാഠമാണിത്.

## f. വെള്ളത്തിൽ പൊങ്ങിയ കോടാലി 2രാജാ 6,1-7

പ്രവാചക ഗണത്തിന്റെ ജീവിത ശൈലിയിലേക്കു വെളിച്ചം വീശുന്ന മറ്റൊരു സംഭവമാണ് അടുത്തതായി വിവരിക്കുന്നത്. സമൂഹം വളർന്നപ്പോൾ പാർപ്പിടം അപര്യാപ്തമായി. ജോർദ്ദാൻ നദീതടത്തിൽ നിന്നു മരം മുറിച്ച് വീടു പണിയാൻ ആഗ്രഹിച്ച ശിഷ്യഗണത്തെ എലീഷാ അനുവദിച്ചു. അവരുടെ അഭ്യർത്ഥന മാനിച്ച് അയാൾ അവരുടെ കൂടെ പോയി. മരം വെട്ടുമ്പോൾ കോടാലി തെറിച്ച് നദിയിൽ വീണു. ശിഷ്യന്റെ വിലാപം കേട്ടു മനസലിഞ്ഞ ഗുരു അത്ഭുതകരമായി കോടാലി പൊക്കിയെടുത്തു. തന്റെ ഭക്തരുടെ ഏറ്റം നിസ്സാരമായ ആവശ്യങ്ങളും ദൈവം നിറവേറ്റിക്കൊടുക്കുന്നു എന്നതിനു തെളിവാണ് ഈ സംഭവം.

## 4. രാഷ്ട്രീയ നേതൃത്വം 2 രാജാ 6,8-9,29

വ്യക്തികളുടെ സ്വകാര്യ ദുഃഖങ്ങളിൽ നിന്ന് ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ഏലീഷാ നല്കിയ നേതൃത്വത്തിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. പ്രവാചകന്റെ അസാധാരണമായ ജ്ഞാനത്തിനും പ്രവചനങ്ങളുടെ പൂർത്തീകരണത്തിനും ഇവിടെ പ്രത്യേക ഊന്നൽ നല്കുന്നുണ്ട്.

## a. യുദ്ധത്തിൽ സംരക്ഷണം 2 രാജാ 6,8-7,20

ഇസ്രായേലിനെതിരേ സിറിയാ നടത്തിയ യുദ്ധങ്ങളും എലീഷാ നല്കിയ സംരക്ഷണവുമാണ് ഇവിടെ വിവരിക്കുന്നത്. ബെൻഹദാദാണ് സിറിയാ രാജാവ്. ഇസ്രായേൽ രാജാവ് ആഹാബിന്റെ പുത്രനായ യോറാം തന്നെ. സിറിയാക്കാരുടെ രഹസ്യമായ സൈനിക നീക്കങ്ങളെക്കുറിച്ച് എലീഷാ മുന്നറിയിപ്പു നല്കിക്കൊണ്ടിരുന്നതിനാൽ ഇസ്രായേൽക്കാർക്ക് ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചിരുന്നു (2 രാജാ 6,8-10). എലീഷായാണ് തന്റെ രഹസ്യങ്ങൾ ചോർത്തുന്നത് എന്നു മനസിലാക്കി സിറിയാ രാജാവ് സമറിയായിൽ നിന്ന് ഏകദേശം പതിനഞ്ചു കിലോമീറ്റർ വടക്ക് ദോഥാൻ പട്ടണത്തിലായിരുന്ന എലീഷായെ പിടിക്കാൻ സൈന്യത്തെ അയച്ചു. സൈന്യം രാത്രിയിൽ പട്ടണം വളഞ്ഞു (2 രാജാ 6, 11-14).

പ്രഭാതത്തിൽ ശത്രുസൈന്യത്തെക്കണ്ടു ഭയവിഹ്വലനായ ശിഷ്യനെ എലീഷാ ധൈര്യപ്പെടുത്തി. ശത്രുസൈന്യത്തെക്കാൾ വലിയ സൈന്യം തങ്ങളുടെ സംരക്ഷത്തിനായി നില്ക്കുന്നതു ശിഷ്യൻ കണ്ടു (2 രാജാ 6,15-17). തന്റെ പ്രാർത്ഥനയാൽ അന്ധരായിത്തീർന്ന സിറിയൻ സൈന്യത്തെ എലീഷാ സമറിയാ നഗരത്തിലേക്കു നയിച്ചു. നഗര മധ്യത്തിൽ വച്ച് പ്രവാചകന്റെ പ്രാർത്ഥന പ്രകാരം അവരുടെ കണ്ണുകൾ തുറന്നു. കയ്യിൽ കിട്ടിയ ശത്രുസൈന്യത്തെ കൊന്നൊടുക്കാൻ ശ്രമിച്ച ഇസ്രായേൽ രാജാവിനെ എലീഷാ തടഞ്ഞു, അവരെ രാജോചിതമായി സൽക്കരിച്ച് പറഞ്ഞയയ്ക്കാൻ പ്രേരിപ്പിച്ചു. ഇത് ഇസ്രായേലിനു തൽക്കാലത്തേയ്ക്ക് യുദ്ധ ഭീഷണി ഒഴിവാക്കാൻ സഹായിച്ചു (2 രാജാ 6,18-23).



കർത്താവിലുള്ള എലീഷായുടെ വിശ്വാസവും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ശക്തിയും ഇവിടെ പ്രത്യേകം എടുത്തുകാട്ടുന്നു. കണ്ണ് തുറക്കുക, അടയ്ക്കുക എന്ന പ്രയോഗത്തിന് പ്രാധാന്യം നല്കിയിട്ടുണ്ട്. എല്ലാവരും കാണുന്നതിനേക്കാൾ കൂടുതൽ ആഴത്തിൽ കാണുന്നവനാണ് പ്രവാചകൻ. ദൈവത്തിന്റെ രക്ഷാകരസാന്നിധ്യം ഗ്രഹിക്കാൻ ഈ കാഴ്ച അയാളെ സഹായിക്കുന്നു. തനിക്കു ലഭിച്ച ആത്മീയ ദർശനം പ്രവാചകൻ പങ്കുവയ്ക്കുന്നു.

ഇസ്രായേൽ നാൾക്കു നാൾ ദുർബലമായിക്കൊണ്ടിരുന്നു. സിറിയാക്കാർ വീണ്ടും ദേശം ആക്രമിച്ചു. തലസ്ഥാനമായ സമറിയായ്ക്ക് ഉപരോധം ഏർപ്പെടുത്തി. മാതാക്കൾ സ്വന്തം മക്കളെ വേവിച്ചു തിന്നാൻ മാത്രം നഗരത്തിൽ ക്ഷാമം രൂക്ഷമായി. (2 രാജാ 6,25-29). മകന്റെ മാംസത്തിനുവേണ്ടി തർക്കിക്കുന്ന മാതാക്കളുടെ ചിത്രീകരണം ക്ഷാമത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നു. വിവരമറിഞ്ഞ രാജാവ് ദുഃഖത്താൽ വസ്ത്രം കീറി. അയാൾ ചാക്കുടുത്ത് പരിഹാരമനുഷ്ഠിക്കുകയായിരുന്നുവെന്ന് ജനം കണ്ടു. ഈ യുദ്ധത്തിനും ക്ഷാമത്തിനും കാരണം എലീഷായാണെന്ന് രാജാവു തെറ്റിദ്ധരിച്ചു (2 രാജാ 6,30-31). എന്താണ് എലീഷാ ചെയ്ത കുറ്റം എന്നു വ്യക്തമാക്കുന്നില്ല. ഒരു പക്ഷേ സിറിയായ്ക്കു കീഴടങ്ങാതെ ചെറുത്തു നില്ക്കാൻ പ്രേരിപ്പിച്ചതാവാം. അല്ലെങ്കിൽ മുൻ അവസരങ്ങളിലേതുപോലെ ക്രിയാത്മകമായി ഇടപെട്ട് സംരക്ഷണം നല്കാഞ്ഞതാവാം.

രാജാവിന്റെ നിർദ്ദേശപ്രകാരം ദൈവിക ദൃഷ്ടിയാൽ കണ്ടറിഞ്ഞ എലീഷാ കൊലയാളിയെ തടഞ്ഞു നിർത്താൻ നിർദ്ദേശിച്ചു. പിറകെ വന്ന രാജാവ് എലീഷായെ വധിക്കാൻ ശ്രമിക്കുകയല്ല, കർത്താവിനെതിരേ പരാതി പറയുകയാണ് ചെയ്തത് (2 രാജാ 6,32-33). മാനുഷികമായ രീതിയിൽ അസാധ്യമായ മോചനവും ക്ഷാമത്തിന്റെ അന്ത്യവും എലീഷാ വാഗ്ദാനം ചെയ്തു. അത് കർത്താവിന്റെ വചനമായിരുന്നു. ഈ വാഗ്ദാനത്തെ സംശയിച്ച രാജ സേവകന് ലഭിക്കാൻ പോകുന്ന ശിക്ഷയും അറിയിച്ചു (2 രാജാ 7,12).

കർത്താവ് അത്ഭുതകരമായി നല്കിയ വിമോചനത്തെ നാലു കുഷ്ഠരോഗികളുടെ അനുഭവത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. സമൂഹം പുറന്തള്ളിയവരാണ് കുഷ്ഠരോഗികൾ, അവർക്ക് ഇസ്രായേൽക്കാരും സിറിയാക്കാരും ഒരു പോലെയാണ്. സമറിയായുടെ പടി

വാതില്ക്കൽ പട്ടിണി കിടന്നു മരിക്കുന്നതിനേക്കാൽ സിറിയൻ പാളയത്തിൽ ഭക്ഷണം തേടുന്നതിനാണ് മെച്ചം എന്ന് അവർ കരുതി (2 രാജാ 7,3-5). ശത്രുപാളയം ശൂന്യമായി കിടക്കുന്നതാണ് അവർ കണ്ടത്. പ്രവാചക ശിഷ്യൻ മലമുകളിൽ കണ്ട കർത്താവിന്റെ സൈന്യത്തിന്റെ ശബ്ദം സിറിയാക്കാർ കേട്ടു. ഭയ വിഹ്വലരായ അവർ പലായനം ചെയ്തു (2 രാജാ 7,6-7). പാളയം കൊള്ളയടിച്ച കുഷ്ഠരോഗികൾ തങ്ങളെ പുറം തള്ളിയ സ്വജനത്തിന് രക്ഷയുടെ സന്ദേശം എത്തിച്ചു കൊടുക്കാൻ മറന്നില്ല (2 രാജാ 7,8-11).

ശത്രു ഒരുക്കിയ കെണിയാണിത് എന്ന് സംശയിച്ച രാജാവ് പരീക്ഷണാർത്ഥം ചില പടയാളികളെ അന്വേഷണത്തിനയച്ചു. ആഹാബിന്റെ കാലത്ത് അസീറിയായ്ക്കെതിരേ രണ്ടായിരം രഥങ്ങളെ അണിനിരത്തിയ ഇസ്രായേലിന് അഞ്ചു കുതിരകളെയാണ് അയയ്ക്കാൻ കഴിഞ്ഞത് എന്ന വസ്തുത (2 രാജ 7,13) ഇസ്രായേൽ സൈന്യം എത്രമാത്രം ദുർബ്ബലമായിത്തീർന്നിരുന്നു എന്നു സൂചിപ്പിക്കുന്നു. സിറിയാക്കാർ പലായനം ചെയ്തു എന്ന് ഉറപ്പുവരുത്തിയശേഷം ഇസ്രായേൽക്കാർ സിറിയൻ പാളയങ്ങൾ കൊള്ളയടിച്ചു. എലീഷാ പ്രവചിച്ചതുപോലെ അത്ഭുതകരമായിത്തന്നെ ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെട്ടു. അവിശ്വസിച്ച രാജ സേവകൻ ജനകൂട്ടത്തിന്റെ ചവിട്ടേറ്റു മരിച്ചു (2 രാജാ 7,14-20).

**വിചിന്തനം:** ശത്രുസൈന്യം നഗരം വളഞ്ഞിരിക്കുന്നതു കണ്ട പ്രവാചക ശിഷ്യർ ഭയന്നു. കർത്താവിന്റെ അഗ്നിരഥങ്ങൾ മലയിൽ നിറഞ്ഞു നില്ക്കുന്നതു കണ്ട എലീഷാ നിർഭയനായിരുന്നു. ഏതു പ്രതിസന്ധിയുടെ നടുവിലും കർത്താവിന്റെ സംരക്ഷണം തനിക്കുചുറ്റുമുണ്ട് എന്ന് വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കുന്നവർക്ക് കാണാൻ കഴിയും. "കർത്താവേ ഇവന്റെ കണ്ണുകൾ തുറക്കണമേ, ഇവർ കാണട്ടെ" (2 രാജാ 6,17) എന്ന എലീഷായുടെ പ്രാർത്ഥനയാണ് അതിന് ആവശ്യം. "കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു" (സങ്കീ 34,7). ഈ വിശ്വാസമുള്ളവർ ഒരു പ്രതിസന്ധിയിലും ക്ലേശത്തിലും നഷ്ടധൈര്യരാവില്ല.

അശുദ്ധരെന്നു മുദ്രകുത്തി പുറം തള്ളപ്പെട്ട കുഷ്ഠ രോഗികൾ തങ്ങളെ പുറം തള്ളിയവർക്ക് സന്തോഷത്തിന്റെ സദ്വാർത്ത എത്തിച്ചു കൊടുത്തു. ആഹാരം എവിടെ കിട്ടും എന്ന അറിവാണ് വിശക്കുന്നവന് സുവിശേഷം. അതു കണ്ടെത്തിയവർ പങ്കുവെയ്ക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ശിക്ഷയനുഭവിക്കേണ്ടിവരും. സുവിശേഷപ്രഘോഷണം ഒഴിച്ചു കൂടാനാവാത്ത കടമയാണ്. യേശുവിനെ കണ്ടെത്തിയവർ ആ സന്തോഷത്തിന്റെ സദ്വാർത്ത മറ്റുള്ളവരെയും അറിയിക്കണം. അതു



പോലെ തന്നെ സമ്പത്തും അറിവും മറ്റു കഴിവുകളും ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കണം എന്ന സന്ദേശമാണ് കുഷ്ഠരോഗികളുടെ ഉദാഹരണത്തിലൂടെ നല്കുന്നത്.

### b. ഷൂനേംകാരി വീണ്ടും 2 രാജാ 8,1-6

തനിക്ക് ആതിഥ്യം നല്കിയ ഷൂനേംകാരിയെ എലീഷാ വിസ്മരിച്ചില്ല. ദേശത്ത് രൂക്ഷമായ ക്ഷാമം ഉണ്ടാകാൻ പോകുന്നു. എന്നു മനസ്സിലാക്കിയ അയാൾ അവൾക്കു മുന്നറിയിപ്പു നല്കി. അതനുസരിച്ച് അമ്മയും മകനും ഫിലിസ്ത്യരുടെ നാട്ടിൽ പോയി ഏഴുവർഷം താമസിച്ച് ക്ഷാമത്തിൽ നിന്നു രക്ഷപ്പെട്ടു. അവൾക്കുവേണ്ടി രാജാവിന്റെയടുക്കൽ ശുപാർശ ചെയ്യാമെന്ന് എലീഷാ ഒരിക്കൽ പറഞ്ഞപ്പോൾ അവൾ അത് വിനയപൂർവ്വം നിരസിച്ചു (2 രാജാ 4,13). എന്നാൽ ഫിലിസ്ത്യരുടെ നാട്ടിൽ നിന്നു മടങ്ങി വന്നപ്പോൾ എലീഷായ്ക്കു രാജാവിന്റെയടുക്കലുണ്ടായിരുന്ന സ്വാധീനം അവൾക്കു സഹായമായി. ഗഹസിയ്ക്ക് രാജാവിന്റെയടുക്കൽ പ്രവേശിക്കാൻ കഴിഞ്ഞു എന്നതിൽ നിന്ന് അയാൾക്കു ബാധിച്ച കുഷ്ഠം അയാളെ ജനമധ്യത്തിൽ അകറ്റുന്ന ഭീകരരോഗമായിരുന്നില്ല. നിസ്സാരമായ ഏതോ ത്വക് രോഗമായിരുന്നു എന്ന് അനുമാനിക്കാം. ചെയ്ത തെറ്റിനു ശിക്ഷിച്ച ഗുരുവിനോട് ശിഷ്യന്റെ ആദരവിൽ യാതൊരു കുറവും സംഭവിച്ചതുമില്ല.

**വിചിന്തനം:** തേനും പാലും ഒഴുകുന്ന ദേശമാണ് കാനാൻ എങ്കിലും ദേശത്തിന്റെ ഫലപുഷ്ടി മഴയെ ആശ്രയിച്ചിരുന്നു. മഴമുടങ്ങുകയും നാട്ടിൽ രൂക്ഷമായ ക്ഷാമം ഉണ്ടാവുകയും പതിവായിരുന്നു. പിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും യാക്കോബും ഇപ്രകാരമുള്ള ക്ഷാമം അനുഭവിച്ചവരാണ് (ഉൽപ 12,10; 26,1;42,1-5). ക്ഷാമവും പട്ടിണിയും കർത്താവിന്റെയടുക്കലേക്കു തിരിയാൻ അവസരമാകുന്നു. പട്ടിണി കൊണ്ടു വലഞ്ഞപ്പോഴാണ് ധൂർത്തപുത്രൻ പിതാവിനെക്കുറിച്ചു ചിന്തിച്ചത് (ലൂക്കാ 15,17). സമ്പൽ സമൃദ്ധി പലപ്പോഴും ദൈവത്തെ മറക്കാൻ കാരണമായിത്തീരുന്നു. നമുക്ക് ലഭിക്കുന്നതെല്ലാം കർത്താവു സൗജന്യമായി നല്കുന്നതാണെന്ന് ക്ഷാമവും പട്ടിണിയും നമ്മെ അനുസ്മരിപ്പിക്കുന്നു. അന്നന്നത്തെ ആഹാരത്തിനുവേണ്ടി പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഈ സത്യമാണ് യേശുനാഥൻ അനുസ്മരിപ്പിക്കുന്നത്.

അന്തർദ്ദേശീയ പ്രാധാന്യമുള്ള വലിയൊരു പ്രവാചകനായിരുന്നു എലീഷാ. എന്നിട്ടും ചെറിയ സ്വകാര്യ വ്യക്തികളുടെ അനുദിനപ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കാനും പരിഹാരം നിർദ്ദേശിക്കാനും അയാൾക്കു കഴിഞ്ഞു. വലിയ കാര്യങ്ങൾ ചെയത് ലോകം നന്നാക്കാനായി ഇറങ്ങി പുറപ്പെടുന്നവരും ചെറിയ മനുഷ്യരുടെ ചെറിയ പ്രശ്നങ്ങൾ അവഗണിക്കരുത്.

## c. സിറിയായിൽ പുതിയ രാജാവ് 2 രാജാ 8,7-15

ഹോറെബിൽ വച്ച് കർത്താവ് ഏലിയായെ ഏല്പിച്ച ഒരു ദൗത്യം (1 രാജാ 19,15) എലീഷാ നിർവ്വഹിച്ചതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. സിറിയാരാജാവായ ബെൻഹദാദിനു പകരം ഹസായേലിനെ രാജാവായി അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയായെ നിയോഗിച്ചു. എലീഷാ അതു നിർവ്വഹിച്ചു-പരസ്യമായ തൈലാഭിഷേകത്തിലൂടെയല്ല, ബെൻഹദാദിനെ വധിച്ചു രാജാവാകാൻ വ്യംഗ്യമായി ഹസായേലിനെ പ്രേരിപ്പിച്ചുകൊണ്ട് സൈന്യാധിപനായ നാമാനെ സുഖപ്പെടുത്തിയ എലീഷായുടെ ശക്തിയെക്കുറിച്ച് അറിയാമായിരുന്ന ബെൻഹദാദ് തന്റെ രോഗമുക്തിയെക്കുറിച്ച് അറിയാൻ ഹസായേലിനെ ഡമാസ്കസിലെത്തിയ എലീഷായുടെ അടുക്കലേയ്ക്ക് അയച്ചു. നാമാൻ പോയതുപോലെ സമ്മാനങ്ങളുമായിട്ടാണ് ഹസായേലും എലീഷായെ സമീപിച്ചത്. താൻ രോഗത്തിൽ നിന്നു മോചനം നേടുമോ എന്നറിയാൻ അഹസിയാ സേവകരെ അയച്ചതിനെ (2 രാജാ 1,1-4) അനുസ്മരിപ്പിക്കുന്നതാണ് ഈ സംഭവം.

ഹസായേലിന് എലീഷാ കൊടുക്കുന്ന ഉത്തരം (2 രാജാ 8,10) തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഉത്തരത്തിനു രണ്ടു ഭാഗങ്ങളുണ്ട്. "രോഗമുക്തനാകും" എന്ന ആദ്യഭാഗം ബെൻഹദാദിനോടു പറയാനുള്ളതാണ്. "നിശ്ചയമായും അവൻ മരിക്കും' എന്ന രണ്ടാം ഭാഗം ഹസായേലിനു നല്കുന്ന വ്യംഗ്യമായ ഒരു നിർദ്ദേശവും ഉത്തരം കേൾക്കുന്ന ബെൻഹദാദ് സന്തോഷവാനായി വിശ്രമിക്കും. ഹസായേലിന് തന്റെ ദൗത്യം നിർവ്വഹിക്കാൻ അതു കൂടുതൽ സഹായകരമായിരിക്കും.

ഹസായേലിനെ ദീർഘനേരം തുറിച്ചുനോക്കിയതിനുശേഷം എലീഷാ കരഞ്ഞു. കാരണം ആരാഞ്ഞ ഹസായേലിനോട് ഇസ്രായേലിനെതിരേ അയാൾ ചെയ്യാൻ പോകുന്ന ക്രൂരതയെക്കുറിച്ച് പ്രവാചകൻ അറിയിച്ചു (2 രാജാ 8,11-12). ഹസായേൽ സിറിയായുടെ രാജാവാകും എന്ന ദൈവിക വെളിപാടു നല്കിയാണ് എലീഷാ അയാളെ പറഞ്ഞയച്ചത്. പിറ്റേന്നു തന്നെ ഹസായേൽ തന്റെ ദൗത്യം നിർവഹിച്ചു. ബെൻഹദാദിനെ രഹസ്യത്തിൽ വധിച്ച് രാജാവായി (2 രാജാ 8,13-15).

**വിചിന്തനം:** സമ്മാനം സ്വീകരിച്ച് കള്ളം പറയുന്നവനല്ല യഥാർത്ഥ പ്രവാചകൻ, നാല്പത് ഒട്ടകച്ചുമട് സാധനങ്ങൾ സമ്മാനമായി കണ്ടിട്ടും എലീഷാ തന്റെ ദൗത്യം മറന്നില്ല. കർത്താവിന്റെ വചനം വിശ്വസ്തതയോടെ പ്രഘോഷിച്ചു. സമ്മാനങ്ങൾ മോഹിച്ചും നഷ്ടങ്ങൾ ഭയന്നും കർത്താവിന്റെ വചനം വളച്ചൊടിക്കുന്നവർവ്യാജ പ്രവാചകന്മാരാണ്. ഹസായേൽ ഇസ്രായേലിനെതിരേ ചെയ്യാൻ പോകുന്ന ക്രൂരതയെക്കുറിച്ച് ഓർത്ത് എലീഷാ വിലപിച്ചു. പൈതങ്ങളെ നിലത്തടിച്ചു കൊല്ലുകയും ഗർഭിണികളുടെ ഉദരം പിളർക്കുകയും ചെയ്യുന്നത് വലിയ ക്രൂരതയായി നാമും കരുതും; പുരാതന കാലത്തെ കിരാതത്വമായി അതിനെ എഴുതിത്തള്ളുകയും ചെയ്യും. എന്നാൽ ഇന്നു നടക്കുന്ന കോടിക്കണക്കിനു ഗർഭഛിദ്രവും ശിശു വധവും നമ്മിൽ എന്തു പ്രതികരണമാണ് ഉളവാക്കുന്നത്?



## d. യഹോറാം (ബി.സി. 848-842) 2 രാജാ 8,16-24; 2 ദിന 21,1-20

വടക്കൻ രാജ്യമായ ഇസ്രായേലിൽ എലീഷാ പ്രവാചകൻ നടത്തിയ പ്രവർത്തനങ്ങളാണ് ഇതുവരെ വിവരിച്ചത്. അടുത്തതായി തെക്കൻ രാജ്യമായ യൂദായുടെ രാഷ്ട്രീയ അന്തരീക്ഷത്തിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധതിരിക്കുന്നു. യഹോഷാഫാത്തിന്റെ മരണത്തിനുശേഷം പുത്രൻ യഹോറാം ഭരണമേറ്റതായി 1 രാജാ 22,50ൽ സൂചിപ്പിച്ചു. അയാളുടെ ഭരണത്തെക്കുറിച്ച് ഇവിടെ വിശദമായി പ്രതിപാദിക്കുന്നു. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം മുഴുവനായിത്തന്നെ രേഖപ്പെടുത്തുന്നതിനു പുറമെ, പല പുതിയ വിവരങ്ങളും ദിനവൃത്താന്ത ഗ്രന്ഥത്തിൽ നല്കുന്നുണ്ട്.

"യാഹ്‌വേ അത്യുന്നതൻ" എന്നാണ് യഹോറാം എന്ന പേരിന്റെ അർത്ഥം. ഇസ്രായേലിന്റെ ഭരിച്ച "യോറാം" രാജാവിന്റെ പേരിന്റെയും അർത്ഥം ഇതുതന്നെയാണ്. പേരുമായി പുലബന്ധം പോലുമില്ലാത്തതായിരുന്നു യഹോറാമിന്റെ ജീവിതവും പ്രവൃത്തികളും. ഇസ്രായേൽ രാജാക്കന്മാരെപ്പോലെ കർത്താവിനോട് അവിശ്വസ്തത പുലർത്തി എന്നതാണ് അയാളുടെ ജീവിതത്തെക്കുറിച്ചുള്ള വി.ഗ്രന്ഥകാരന്റെ വിലയിരുത്തൽ (2 രാജാ 8,18). കാരണം ആഹാബിന്റെ മകളായ അത്താലിയാ ആയിരുന്നു അയാളുടെ ഭാര്യ. എപ്രകാരമാണ് യഹോറാം ഇസ്രായേൽ രാജാക്കന്മാരെ അനുകരിച്ചത് എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നില്ല. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഇതു കൂടുതൽ വിശദമാക്കുന്നുണ്ട്.

യഹോറാമിന്റെ കാലത്തു ദേശത്തുണ്ടായ രണ്ടു കലാപങ്ങളെക്കുറിച്ചു രാജാക്കന്മാരുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട് (2 രാജാ 8,20-23). ഏദോമിന്റെ കലാപം ദിനവൃത്താന്ത ഗ്രന്ഥത്തിൽ കൂടുതൽ വിശദമായി വിവരിക്കുന്നു. യൂദായുടെ തെക്കുപടിഞ്ഞാറ് ഫിലിസ്ത്യരുടെ അതിർത്തിയിലുള്ള പട്ടണമായ ലിബ്നാ യൂദായ്ക്കെതിരേ കലഹിച്ചു എന്ന് രണ്ടു പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. യഹോറാമിന്റെ മരണത്തെയും പിൻഗാമിയുടെ സ്ഥാനാരോഹണത്തെയുംക്കുറിച്ച് ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം സമാപിക്കുന്നു (2 രാജാ 8,23-24).

ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം കൂടുതൽ ദീർഘവും

വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആദ്യജാതനായ യഹോറാമിനെ രാജാവാക്കിയെങ്കിലും യഹോഷാഫാത്ത് തന്റെ മറ്റു പുത്രന്മാർക്കും ആവശ്യമായ സ്വത്തും അധികാരവും നല്കിയിരുന്നു ( 2 ദിന 21,2-4). എന്നാൽ പിതാവു മരിച്ചപ്പോൾ യഹോറാം തന്റെ സഹോദരന്മാരെയെല്ലാം വധിച്ചു (2 ദിന 21,4). ഭാര്യ അത്താലിയായുടെ പ്രേരണയാണ് ഇതിന് പിന്നിലുണ്ടായിരുന്നതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പിന്നീട് അത്താലിയ തന്നെ ഇതുപോലൊരു കൂട്ടക്കുരുതി നടത്തിയത് (2 ദിന 22,10) ഇതിനു തെളിവായി എടുത്തു കാട്ടുന്നു. യൂദായിൽ പൂജാഗിരികൾ നിർമ്മിച്ചതും (2 ദിന 21,11) അത്താലിയായുടെ പ്രേരണയാലായിരിക്കാം കർത്താവിനോട് അവിശ്വസ്തത കാട്ടിയെങ്കിലും ദാവീദിനോടു ചെയ്തിരുന്ന ഉടമ്പടിയെ മാനിച്ച് അദ്ദേഹത്തിന്റെ രാജവംശത്തെ കർത്താവ് ഉന്മൂലനം ചെയ്തില്ല എന്നു രണ്ടു പുസ്തകത്തിലും എടുത്തു പറയുന്നുണ്ട്(2 രാജാ 8,19; 2 ദിന 21,7).

ദാവീദിന്റെ കാലം മുതൽ ഏദോമ്യർ ഇസ്രായേലിന്റെ ആധിപത്യത്തിൽ കീഴിലായിരുന്നു. യഹോഷാഫാത്തിന്റെ കാലത്ത് അവർ കലാപത്തിനൊരുങ്ങിയെങ്കിലും വിജയിച്ചില്ല (2 ദിന 20). എന്നാൽ യഹോറാമിന്റെ കാലത്ത് അവർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കലാപത്തെ അടിച്ചമർത്താൻ ശ്രമിച്ച രാജാവിന്റെ ജീവൻ തന്നെ അപകടത്തിലായി. തങ്ങളെ വളഞ്ഞ ഏദോമ്യരുടെ കലാപം യൂദായ്ക്ക് വലിയ സാമ്പത്തിക നഷ്ടത്തിനു കാരണമായി. ചെങ്കടലിലേക്കുള്ള വഴി അടഞ്ഞു. സോളമന്റെ കാലകത്തെ വാണിജ്യവും വ്യവസായങ്ങളും പൂർണ്ണമായും നഷ്ടപ്പെട്ടു. ദേശത്തിന്റെ വിസ്തൃതിയും വരുമാനവും ഗണ്യമായി കുറഞ്ഞു. രാജ്യത്തിന്റെ തെക്കുപടിഞ്ഞാറ് ലിബ്നാ കലാപമുയർത്തിയത് കൂടുതൽ വിനയായി. ഇതിനെല്ലാം പുറമെ ഫിലിസ്ത്യരും സീനായ് മരുഭൂമിയിൽ പാർത്തിരുന്ന ബെദുവിൻ സംഘങ്ങളും ചേർന്നു നടത്തിയ ആക്രമണത്തിൽ യൂദായ്ക്ക് വലിയ നാശനഷ്ടങ്ങളുണ്ടായി (2 ദിന 1,16-17). ഇതെല്ലാം കർത്താവിനോടു കാട്ടിയ അവിശ്വസ്തതയ്ക്കു ലഭിച്ച ശിക്ഷയായിട്ടാണ് വി.ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നണ്ട് (2 ദിന 21; 10-11). ഏലിയാ പ്രവാചകന്റെ കത്തും ഈ വ്യാഖ്യാനം തന്നെ നല്കുന്നു (2 ദിന 21,12-15).

യഹോറാമിന്റെ അവിശ്വസ്തതയ്ക്ക് ഏലിയാ അറിയിച്ച ശിക്ഷാവിധി (2 ദിന 21,15) നിറവേറിയതായി പ്രത്യേകം എടുത്തുകാട്ടുന്നുണ്ട് (2 ദിന 21,19). കഠിനമായ ഉദരരോഗം ബാധിച്ച് രാജാവ് മരിച്ചു. അയാളുടെ മരണം ആർക്കും ദുഃഖകാരണമായില്ല. മരിച്ച രാജാവിന്റെ ബഹുമാനാർത്ഥം തീക്കൂന കൂട്ടുന്ന പതിവിനെക്കുറിച്ച് 2 ദിന 16,14ൽ സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു ബഹുമാനവും യഹോറാമിനു നല്കിയില്ല. രാജാക്കന്മാരുടെ കല്ലറയിൽ സംസ്ക്കരിക്കപ്പെടാൻ പോലും അയാൾക്കു കഴിഞ്ഞില്ല (2 ദിന 21,20). നാടിനെ ദുരന്തങ്ങളിലേക്കു നയിച്ച അയാളുടെ മരണം ജനത്തിന് ആശ്വാസകരമായിരുന്നു.

വിചിന്തനം: ആഹാബിന്റെ മകളെ വിവാഹം ചെയ്തതാണ് യഹോറാമിന്റെ വീഴ്ചകൾക്കു കാരണം. ജെസബെൽ ആഹാബിനെ വിജാതീയ രീതികളിലേക്കു നയിച്ചതുപോലെ അത്താലിയാ യഹോറാമിനെയും കർത്താവിൽ നിന്ന് അകറ്റി. ഭാര്യയുടെ നിരന്തരപ്രേരണകൾ അയാളെ അന്ധനാക്കി. വിവാഹബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർക്കു പരസ്പരമുള്ള സ്വാധീനം വളരെ വലുതാണ്. അതിനാൽത്തന്നെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ ദൈവവിശ്വാസത്തിനും ജീവിത വിശുദ്ധിക്കും വേണ്ടത്ര പ്രാധാന്യം നല്കണം. സമ്പത്തും സൗന്ദര്യവും മാത്രം നോക്കിയുള്ള വിവാഹങ്ങൾ ഇരുവരുടെയും നാശത്തിനു കാരണമാകും; അതിന്റെ പ്രത്യാഘാതങ്ങൾ കുടുംബങ്ങളെയും സമൂഹത്തെയും ബാധിച്ചെന്നും വരും.

### e. അഹസിയാ (ബി.സി. 842) 2 രാജാ 8,25-29; 2 ദിന 22, 1-9

യഹോറാമിന്റെ അകാലമരണത്തെ തുടർന്ന് 22-ാം വയസ്സിൽ രാജാവായ അഹസിയാ ഏതാനും മാസങ്ങൾ മാത്രമേ യൂദായിൽ ഭരിച്ചുള്ളൂ. മാതാവായ അത്താലിയായുടെ സ്വാധീനം അയാളുടെമേൽ ശക്തമായിരുന്നു. തന്നെയുമല്ല, ആഹാബിന്റെ കുടുംബത്തിൽപ്പെട്ടവരായിരുന്നു അയാളുടെ മുഖ്യ ഉപദേഷ്ടാക്കൾ (2 ദിന 22,4). കർത്താവിൽ നിന്നകന്ന് ആഹാബിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നതിന് ഇതു കാരണമായി എന്നു രണ്ടു പുസ്തകങ്ങളും വിലയിരുത്തുന്നു. ഇസ്രായേൽ രാജാവായ യോറാമിനെ സന്ദർശിക്കാൻ പോയത് അയാൾക്കു ജീവഹാനി വരുത്തി. അതിന്റെ വിവരണം അടുത്ത അധ്യായത്തിൽ.

#### ചോദ്യങ്ങൾ

1. എലീഷാ എന്ന പേരിന്റെ അർത്ഥമെന്ത്?
2. ഏലിയായുടെ യഥാർത്ഥ പിൻഗാമിയായിരുന്നു എലീഷാ. സമർത്ഥിക്കുക.
3. ഏലിയായുടെയും എലിഷായുടെയും വ്യക്തിത്വങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടുക.
4. ആരായിരുന്നു പ്രവാചക ഗണങ്ങൾ? അവരെക്കുറിച്ച് ഈ അധ്യായത്തിൽ നിന്ന് എന്ത് ഉൾക്കാഴ്ചയാണ് ലഭിക്കുന്നത്?

5. എലീഷായെ പ്രവാചകൻ എന്നു ചുരുക്കമായേ ബൈബിളിൽ വിശേഷിപ്പിക്കുന്നുള്ളൂ. എന്തുകൊണ്ട്? എന്തു വിശേഷണമാണ് കൂടുതൽ ഉപയോഗിക്കുന്നത്? എന്താണ് അതിന് അർത്ഥം?
6. എലീഷായിലൂടെ നടന്ന അത്ഭുതങ്ങളിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
7. ഔദാര്യത്തിന്റെയും വിശ്വാസത്തിന്റെയും മാതൃകയാണ് ഷൂനേംകാരി. സമർത്ഥിക്കുക.
8. നാമാന്റെയും ഗഹസിയുടെയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്യുക.
9. നാമാന്റെ രോഗശാന്തിയിൽ നിന്ന് എന്തുപാഠമാണ് ലഭിക്കുന്നത്?
10. നഗരം വളഞ്ഞ ശത്രുസൈന്യത്തെക്കണ്ടു ഭയന്ന പ്രവാചക ശിഷ്യന് എപ്രകാരമാണ് എലീഷാ ധൈര്യം പകർന്നത്? എന്തു പാഠമാണ് അതിൽ നിന്നു ലഭിക്കുന്നത്?
11. ആരാണ് ഹസായേൽ? എലീഷാ അയാളെ നോക്കി കരഞ്ഞത് എന്തുകൊണ്ട്?
12. യഹോറാം എന്ന പേരിന്റെ അർത്ഥമെന്ത്? അയാളുടെ കാലത്ത് യൂദായ്ക്കുണ്ടായ നഷ്ടമെന്ത്? ആ നഷ്ടങ്ങൾക്ക് എന്തു വിശദീകരണമാണ് വി.ഗ്രന്ഥകാരൻ നല്കുന്നത്?

**ചർച്ചയ്ക്ക്:**

1. സമറിയായിലെ കുഷ്ഠ രോഗികളിൽ നിന്ന് എന്തു സന്ദേശമാണ് നിങ്ങൾക്കു ലഭിക്കുന്നത്?
2. എലീഷായുടെ പ്രവാചക വൃത്തിയിലെ വിവിധ വശങ്ങൾ അപഗ്രഥിച്ച് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

**പ്രാർത്ഥന**

107-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 444. യേഹുമുതൽ സമറിയായുടെ പതനംവരെ

## (ബി.സി. 842–721) 2രാജാ 9–17; 2 ദിന 22–28

ഇസ്രായേൽ ചരിത്രത്തിലെ ഏറ്റം കലാപകലുഷിതമായ ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. ഓമ്രി കുടുംബത്തെ ഉന്മൂലനം ചെയ്തുകൊണ്ട് ഭരണം ആരംഭിച്ച യേഹു ഒരു പുതിയ രാജവംശത്തിനു തുടക്കംകുറിച്ചു. ഏകദേശം അര നൂറ്റാണ്ടു കാലത്തേക്ക് ഇസ്രായേലും യൂദായും പരസ്പരം കലഹിച്ചും ശത്രുക്കളുടെ ആക്രമണം നേരിട്ടും ക്ഷയിച്ചുകൊണ്ടിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശക്തരായ രണ്ടു രാജാക്കന്മാരുടെ ആവിർഭാവത്തോടെ ഇരു രാജ്യങ്ങളിലും ഗണ്യമായ പുരോഗതി ഉണ്ടായി. സോളമന്റെ കാലത്തെ പ്രതാപം തിരിച്ചു കിട്ടിയ പ്രതീതിയാണ് എട്ടാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിലെ ഇസ്രായേൽ-യൂദാ ചരിത്രത്തിൽ നിന്നു ലഭിക്കുന്നത്. എന്നാൽ ഈ പ്രതാപം നീണ്ടു നിന്നില്ല. യേഹു കുടുംബത്തിലെ നാലാമത്തെ രാജാവായ ജെറൊബൊവാം രണ്ടാമന്റെ മരണത്തോടെ ഇരുരാജ്യങ്ങളും തകർച്ചയിലേക്കു നീങ്ങി. ഇരുപതു വർഷത്തിനിടയിൽ ഇസ്രായേലിൽ ആറു രാജാക്കന്മാർ ഭരിച്ചു. ആഭ്യന്തര കലാപത്തിൽ മുങ്ങിത്താണ രാജ്യം അവസാനം അസീറിയായുടെ ആക്രമണത്തിൽ തകർന്നടിഞ്ഞു.

ഇസ്രായേൽ-യൂദാ രാജ്യങ്ങളുടെ ബലക്ഷയത്തിനും തകർച്ചയ്ക്കും ആഭ്യന്തരവും അന്തർദ്ദേശീയവുമായ കാരമങ്ങളുണ്ടായിരുന്നു. കർത്താവിനോടുള്ള വിശ്വസ്തതയുടെ മാനദണ്ഡം വച്ചുകൊണ്ടാണ് വി.ഗ്രന്ഥകാരൻ ചരിത്രം അവതരിപ്പിക്കുന്നത്; ബാഹ്യമായ മറ്റു കാരണങ്ങളെക്കുറിച്ചു അങ്ങിങ്ങായി ചില സൂചനകൾ നല്കുന്നതേയുള്ളൂ. എന്നാൽ ഇരു രാജ്യങ്ങളുടെയും ഭാഗധേയം ചുറ്റുമുള്ള രാജ്യങ്ങളുടെ ബലാബലങ്ങളെ ആശ്രയിച്ചിരുന്നു. പ്രത്യേകിച്ചും അയൽ രാജ്യമായ സിറിയായും മെസൊപ്പൊട്ടോമിയൻ സാമ്രാജ്യമായ അസീറിയായും ഇസ്രായേൽ ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ഓരോ ഘട്ടവും അപഗ്രഥിക്കുമ്പോൾ അയൽരാജ്യങ്ങളുടെ ചരിത്രവും അവ ഇസ്രായേലിന്മേൽ ചെലുത്തിയ സ്വാധീനവും എടുത്തുകാട്ടാൻ ശ്രമിക്കുന്നതാണ്.

രാജാക്കന്മാരുടെ പുസ്തകത്തിൽ യൂദായുടെയും ഇസ്രായേലിന്റെയും ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥ

ത്തിലാകട്ട യൂദായുടെ ചരിത്രത്തിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. അതുമായി ബന്ധപ്പെടുത്തി ഇസ്രായേൽ ചരിത്രത്തെക്കുറിച്ച് ചില സൂചനകൾ മാത്രമേ നല്കുന്നുള്ളൂ. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആമോസ്, ഹോസിയാ പ്രവാചകന്മാർ ഇസ്രായേലിലും ഏശയ്യാ, മിക്കാ പ്രവാചകന്മാർ യൂദായിലും പ്രവർത്തിച്ചിരുന്നു. അവരുടെ പേരിലുള്ള പുസ്തകങ്ങൾ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്. ആ പുസ്തകങ്ങൾ ഈ പരമ്പരയിൽ തന്നെ കൂടുതൽ വിശദമായ പഠനത്തിനു വിധേയമാക്കുന്നതിനാൽ ഇവിടെ ചില സൂചനകൾ മാത്രമേ നല്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

സംഭവ ബഹുലമായ ഈ കാലഘട്ടത്തിന്റെ ചരിത്രം പഠന സൗകര്യാർത്ഥം നാലു ഭാഗങ്ങളായി തിരിക്കാം. **1. യേഹുവിന്റെ നരവേട്ട 2. തളർച്ചയുടെ കാലഘട്ടം 3. നവോത്ഥാനം 4. ഇസ്രായേലിന്റെ പതനം**

### 1. യേഹുവിന്റെ നരവേട്ട 2 രാജാ 9,1-10,36

നാബോത്തിന്റെ രക്തം വീണു കുതിർന്ന മുന്തിരിത്തോട്ടത്തിൽ വച്ച് ആഹാബു കുടുംബത്തിനെതിരേ ഏലിയാ അറിയിച്ച ശിക്ഷാവിധി നടപ്പിലായതിന്റെ ചരിത്രമാണ്. അടുത്ത രണ്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്. ഇസ്രായേലിൽ അനേകം കലാപങ്ങളും പട്ടാള വിപ്ലവങ്ങളും അരങ്ങേറിയിട്ടുണ്ടെങ്കിലും ഇത്ര ക്രൂരമായ ഒരു കൂട്ടക്കുരുതിയുടെ വിവരണം വേറെ കാണാനില്ല. വർഷങ്ങളായി നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ജനരോഷത്തിന് എലീഷാ തീ കൊളുത്തി. യേഹുവിന്റെ നേതൃത്വത്തിൽ പട്ടാളത്തിലെ ഒരു വിഭാഗം കലാപക്കൊടി ഉയർത്തി. ജെസ്രേലിലും സമറിയായിലും വച്ച് രാജകുടുംബാംഗങ്ങൾ ഒന്നടങ്കം കൊലചെയ്യപ്പെട്ടു. ബാലിന്റെ പ്രവാചകനും പുരോഹിതന്മാരും ബാൽ ക്ഷേത്രത്തിൽ വെച്ചുതന്നെ കുരുതികഴിക്കപ്പെട്ടു. ആഹാബു കുടുംബത്തിനെതിരേയുള്ള യേഹുവിന്റെ പ്രതികാര നടപടി യൂദായേയും അനാഥമാക്കി. ഇരു രാജ്യങ്ങളും തകർച്ചയുടെ വക്കിലെത്തി.

#### a. യേഹുവിന്റെ രാജാഭിഷേകം 2 രാജാ 9,1-13

ഹോറെബിൽ വച്ച് കർത്താവ് ഏലിയായെ അല്പിച്ച മൂന്നു ദൗത്യങ്ങളിൽ ഇനിയും പൂർത്തിയാകാതെ അവശേഷിച്ച ഒന്നാണ് യേഹുവിന്റെ രാജാഭിഷേകം (1 രാജാ 19,16). ഹസായേലിനെ സിറിയായിൽ രാജാവാക്കാൻ പ്രേരിപ്പിച്ച എലീഷാ തന്നെ യേഹുവിന്റെ രാജാഭിഷേകത്തിനും വഴിയൊരുക്കി. പ്രവാചകഗണത്തിൽപ്പെട്ട ഒരു യുവാവു വഴിയാണ് യേഹുവിനെ രാജാവായി അഭിഷേകം ചെയ്തത്.

ആഹാബിന് മാരകമായ മുറിവേറ്റ റാമോത്ത് ഗിലായാദാണ് (1 രാജാ 22,34) സംഭവസ്ഥലം. സിറിയാക്കാരുടെ ആക്രമണത്തിൽ നിന്ന്



ആ നഗരത്തെ രക്ഷിക്കാൻ നടന്ന യുദ്ധത്തിൽ മുറിവേറ്റ ഇസ്രായേൽ രാജാവായ യോറാം, യുദ്ധം തുടരാൻ സൈന്യാധിപനായ യേഹുവിനെ ചുമതലപ്പെടുത്തയിട്ട്, വിശ്രമാർത്ഥം ജെസ്രേലിലേക്കു മടങ്ങി. ഈ സാഹചര്യത്തിലാണ് എലീഷായുടെ ആജ്ഞയനുസരിച്ച് പ്രവാചകശിഷ്യൻ പടകുടീരത്തിൽ വച്ച് യേഹുവിനെ അഭിഷേകം ചെയ്തത് (2 രാജാ 9,1-6). അപകടകരമായ ഒരു ദൗത്യമായിരുന്നു അത്. യേഹുവിന്റെ നിലപാട് എന്തെന്ന് അറിയില്ലാത്തതിനാലാവണ് ഉള്ളറയിൽ വച്ച് രഹസ്യമായി അഭിഷേകം ചെയ്യാനും കർമ്മം നിർവ്വഹിച്ച ഉടനെ ഓടി രക്ഷപ്പെടാനും ഏലീഷാ നിർദ്ദേശിച്ചത്. പട്ടാള വിപ്ലവത്തിലൂടെ രാജത്വം ഏറ്റെടുക്കാൻ യേഹു തയ്യാറായില്ലെങ്കിൽ കലാപത്തിനു പ്രേരിപ്പിച്ചവർക്കെല്ലാം ജീവഹാനി സംഭവിക്കാം.

യേഹുവിനെ അഭിഷേകം ചെയ്തതിനു പുറമെ, ആഹാബു കുടുംബത്തിനെതിരേ നടത്തേണ്ട ശിക്ഷാനടപടിയെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളും പ്രവാചക ശിഷ്യൻ നല്കി (2 രാജാ 9,7-10). ഏലിയായുടെ പ്രവചനത്തെ (1 രാജാ 21,21-24) അനുസ്മരിപ്പിക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. പ്രവാചക വചനം ഫലവത്തായി. സേനാധിപന്മാരുടെ നിർബ്ബന്ധത്തിനു വഴങ്ങി സംഭവം വിവരിച്ച യേഹുവിനെ അവർ രാജാവായി പ്രഖ്യാപിച്ചു (2 രാജാ 9,11-13). ആഹാബു കുടുംബത്തിനെതിരേ പട്ടാള വിപ്ലവം ആരംഭിച്ചു.

#### b. രാജാക്കന്മാർ കൊല്ലപ്പെടുന്നു 2 രാജാ 9,14-29.

യുദ്ധരംഗമായ റാമോത്ത് ഗിലയാദിൽ നിന്ന് ഏകദേശം 65 കിലോമീറ്റർ അകലെയാണ് രാജാവിന്റെ വേനൽക്കാല വസതിയായ ജെസ്രേൽ. ഇസ്രായേൽ സൈന്യത്തിന്റെ ഒരു ഭാഗം മാത്രമേ റാമോത്ത് ഗിലയാദിൽ ഉണ്ടായിരുന്നുള്ളൂ. മുന്നറിയിപ്പു കിട്ടിയാൽ ജെസ്രേലിലും സമറിയായിലുമുള്ള സൈന്യത്തെ മുഴുവൻ ശേഖരിച്ച് രാജാവിന് കലാപം അടച്ചമർത്താൻ കഴിയുമായിരുന്നു. അതിനാലാണ് ആരും ജെസ്രേലിൽ പോയി വിവരം പറയാതിരിക്കട്ടെ എന്ന് യേഹു നിർദ്ദേശിച്ചത് (രാജാ 9,14-15) സമയം അല്പം പോലും നഷ്ടപ്പെടുതാതെ യേഹു അനുചരന്മാരോടൊപ്പം തേരിൽ ജെസ്രേലിലേക്കു കുതിച്ചു.

ജെസ്രേൽ കോട്ടയുടെ ഉയർന്ന കാവൽ ഗോപുരത്തിൽ നിന്നു നോക്കിയാൽ കിഴക്കുള്ള സമതലത്തിൽ വളരെ ദൂരം കാണാൻ കഴിയും. അകലെ നിന്നുയർന്ന പൊടിപടലം കണ്ട കാവല്ക്കാരൻ വിവരം രാജാവിനെ അറിയിച്ചു. റാമോത്ത് ഗിലയാദിലെ യുദ്ധത്തെ സംബന്ധിച്ച വാർത്തയുമായി ദൂതന്മാർ വരുന്നതാണെന്നു കരുതിയ യോറാം വിവരം തിരക്കാനായി കുതിരപ്പുറത്ത് ദൂതനെ അയച്ചു. രഥത്തേക്കാൾ വളരെ

വേഗം കുതിരപ്പുറത്ത് ചെന്നെത്താൻ കഴിയും. "സമാധാനത്തിലാണോ വന്നിരിക്കുന്നത്" (2 രാജാ 9,17) എന്ന ദൂതന്റെ ചോദ്യം യുദ്ധഭൂമിയിലെ വിശേഷം അന്വേഷിക്കുന്നതാണ്. വ്യക്തമായ മറുപടി നല്കാതെ യേഹു ഒഴിഞ്ഞുമാറി. രണ്ടാമത്തെ ദൂതനും മടങ്ങിവരാതിരിക്കുകയും സേനാധിപനായ യേഹുവാണ് രഥത്തിൽ വരുന്നതെന്നു മനസിലാക്കുകയും ചെയ്തപ്പോൾ അടിയന്തിര തീരുമാനം എടുക്കേണ്ട ഏതോ പ്രതിസന്ധി യുണ്ടായി എന്നു കരുതിയ യോറാം, യേഹു കൊട്ടാരത്തിലെത്തുന്നതു വരെ കാത്തുനില്ക്കാതെ, രഥം പൂട്ടി പുറപ്പെട്ടു. മുറിവേറ്റ ബന്ധുവിനെ സന്ദർശിക്കാൻ എത്തിയ യൂദാ രാജാവായ അഹസിയാ തന്റെ രഥത്തിൽ അനുഗമിച്ചു.

ദൂതന്മാർ വഴി ചോദിച്ച ചോദ്യം രാജാവ് നേരിട്ട് ആവർത്തിച്ചു. യേഹുവിന്റെ മറുപടി കേട്ടപ്പോൾ മാത്രമാണ് സംഭവങ്ങളുടെ നിജസ്ഥിതി അയാൾക്കു മനസിലായത്. ജെസബെലിന്റെ വിഗ്രഹാരാധനയും ആഭിചാരവവുമാണ് ദേശത്തിനു നാശകാരണമായിരിക്കുന്നതെന്നും അത് ഉന്മൂലനം ചെയ്താലേ സമാധാനമുണ്ടാവുകയുള്ളൂ എന്നും സൂചിപ്പിക്കുന്നതായിരുന്നു യേഹുവിന്റെ മറുപടി (2 രാജാ 9,22). വഞ്ചന മനസിലാക്കിയ യോറാം ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വൈകിപ്പോയി. ശരമേറ്റു മരിച്ചുവീണ അയാളുടെ ശവം നാബോത്തിന്റെ മുന്തിരിത്തോട്ടത്തിലേക്കു വലിച്ചെറിഞ്ഞുകൊണ്ട് യേഹു കർത്താവിന്റെ ശിക്ഷാവിധി നടപ്പിലാക്കി (2 രാജാ 9,23-26). നബോത്തിനെ കല്ലെറിഞ്ഞു കൊന്നതിന്റെ പിറ്റേദിവസം തന്നെ അയാളുടെ ഭൂമി കൈവശമാക്കാൻ സേവകന്മാരെയും കൂട്ടി ആഹാബു ചെന്നു എന്ന വിശദാംശം ഇവിടെ മാത്രമാണു നല്കുന്നത്. ആഹാബിനെതിരേ ഏലിയാ പ്രഖ്യാപിച്ച ശിക്ഷാവിധിക്ക് സാക്ഷികളായിരുന്നു യേഹുവും ബിദ്കാറും. ക്രൂരമായ ഈ സംഭവം സൈന്യത്തിൽ പോലും എതിർപ്പുളവാക്കിയിരുന്നെന്നും യേഹുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു.

യൂദാ രാജാവിനെ വധിക്കാൻ പ്രവാചക ശിഷ്യൻ ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ കൊല്ലപ്പെട്ട ഇസ്രായേൽ രാജാവുമായി ബന്ധുതയിലായിരുന്ന അഹസിയാ ജീവിച്ചിരിക്കുന്നത് പ്രതികാര നടപടികൾക്കു വഴിയൊരുക്കും എന്നു കരുതിയിട്ടാവണം യേഹു അയാളെയും പിന്തുടർന്ന് വധിക്കാൻ ശ്രമിച്ചത്. മുറിവേറ്റ അഹസിയായുടെ മരണത്തെയും സംസ്കാരത്തെയുംക്കുറിച്ച് രണ്ടു പുസ്തകങ്ങളും വ്യത്യസ്തമായ രീതിയിൽ വിവരിക്കുന്നു. മെഗിദോയിൽ വച്ച് അഹസിയാ മരിച്ചുവെന്നും സേവകൻ മൃതശരീരം ജെറുസലെമിൽ കൊണ്ടുപോയി സംസ്കരിച്ചുവെന്നും രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നു (2 രാജാ 9,27-29). സമരിയായിൽ ഓടിയൊളിച്ച അഹസിയാ തിരഞ്ഞുപിടിച്ച് യേഹുവിന്റെ മുമ്പിൽ കൊണ്ടുവന്ന് വധിച്ചുവെന്നും സംസ്കരിച്ചുവെന്നും 2 ദിന 22,9ൽ രേഖപ്പെടുത്തിയിരിക്കുന്നു. എവിടെയാണ് സംസ്കരിച്ചത് എന്നു വ്യക്തമാക്കുന്നില്ല. ഇതിൽ ഏതു വിവരണമാണ് ചരിത്രവസ്തുതയോടു നീതി പുലർത്തുന്നതെന്നു കണ്ടെത്തുക എളുപ്പമല്ല. ഒരേ സംഭവത്തിന്റെ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളാണ് വ്യത്യാസങ്ങൾക്കു കാരണം.

### c. ജെസെബൽ നായ്ക്കൾക്ക് ഭക്ഷണം 2 രാജാ 9,30-37

യേഹു തുടങ്ങിയ പട്ടാളവിപ്ലവത്തെക്കുറിച്ച് അറിഞ്ഞ ജെസബെൽ തന്റെ അന്ത്യം അടുത്തു എന്നു മനസിലാക്കി. അവൾ കണ്ണെഴുതി, മുടിയലങ്കരിച്ച്, രാജകീയ പ്രൗഢിയോടെ പ്രത്യക്ഷപ്പെട്ടത് യേഹുവിനെ വശീകരിക്കാനല്ല, രാജോചിതമായിത്തന്നെ മരണത്തെ നേരിടാൻ വേണ്ടിയാണ്. സുനിശ്ചിതമായ മരണത്തിന്റെ മുമ്പിലും അന്തസും അഭിമാനവും അടിയറ വയ്ക്കാത്ത രാജ്ഞിയാണ് ജെസബെൽ. "യജമാനഘാതകാ, സിമ്രീ" (2 രാജാ 9,31) എന്ന അഭിസംബോധനയും മുട്ടു മടക്കാത്ത ആത്മാഭിമാനത്തിന്റെ തെളിവാണ്. ഇസ്രായേൽ രാജാവായ ഏലായെ ചതിയിൽ കൊന്ന് രാജാവാകുകയും സൈന്യത്തിനെതിരേ പിടിച്ചുനില്ക്കാൻ കഴിയാതെ ഏഴാം ദിവസം സ്വന്തം ജീവൻ ഒടുക്കുകയും ചെയ്ത സേനാനായകനാണ് സിമ്രി (1 രാജാ 16,15-18).യേഹുവിന്റെ അന്ത്യവും ഇതുതന്ന് ആയിരിക്കും എന്നു സൂചിപ്പിക്കാനാണ് അയാളെ 'സിമ്രി' എന്നു വിളിച്ചത്.

"സമാധാനത്തിലാണോ നീ വന്നിരിക്കുന്നത്" എന്ന ജെസബെലിന്റെ ചോദ്യത്തിന് യേഹു മറുപടി പറഞ്ഞില്ല. നാലാം തവണയാണ് ഈ ചോദ്യം ആവർത്തിക്കപ്പെടുന്നത്. ആഹാബു കുടുംബവുമായി സമാധാനം സ്ഥാപിക്കാൻ അയാൾ തയ്യാറായിരുന്നില്ല. ആ കുടുംബത്തിലെ ആരെങ്കിലും അവശേഷിക്കുന്നിടത്തോളം കാലം രാജ്യത്തു സമാധാനം സാധ്യമല്ല എന്ന നിലപാടായിരുന്നു യേഹുവിന്റേത്. അയാളുടെ കല്പനയനുസരിച്ച് അന്തഃപുര സേവകർ ജെസബെലിനെ താഴേക്കു വലിച്ചെറിഞ്ഞു. വീണു ചിതറിയ അവളുടെ ശരീരത്തിനു മുകളിലൂടെ തേരോടിച്ച് യേഹു കൊട്ടാരത്തിൽ പ്രവേശിച്ചു. വിരുന്നു കഴിഞ്ഞ് ശവം മറവു ചെയ്യാൻ നോക്കിയപ്പോൾ ഒന്നും തന്നെ അവശേഷിച്ചിരുന്നില്ല. അവളെ സംബന്ധിച്ച ഏലിയായുടെ പ്രവചനം (1 രാജാ 21,23) അങ്ങനെ പൂർത്തിയായി.

### d. കൂട്ടക്കുരുതി 2 രാജാ 10,1-17

രാജാക്കന്മാരെയും രാജമാതാവിനെയും വധിച്ചതിനുശേഷം രാജകുടുംബത്തിലേക്ക് യേഹു ശ്രദ്ധതിരിച്ചു. തന്ത്രപൂർവ്വമാണ് ആഹാബിന്റെ

കുടുംബാംഗങ്ങൾക്കെതിരേ കരുക്കൾ നീക്കിയത്. കലാപം ജെസ്രേലിൽ വിജയിച്ചെങ്കിലും തലസ്ഥാനമായ സമറിയാ കീഴടക്കാൻ കഴിയുമോ എന്നു തീർച്ചയില്ലായിരുന്നു. രാജാവാകാൻ അർഹതയുള്ള അനേകം പുത്രന്മാർ ആഹാബിന് അവശേഷിച്ചിരുന്നു. സുരക്ഷിതനഗരങ്ങളും സൈന്യത്തിൽ ഭൂരിഭാഗവും അവരുടെ കീഴിലായിരുന്നു. അതിനാൽ സമറിയായിലെ ശ്രേഷ്ഠന്മാർക്ക് ഭീഷണമായ ഒരു കത്തയച്ചു. തീരുമാനം എടുക്കാൻ അവരെ പ്രേരിപ്പിക്കുകയായിരുന്നു കത്തിന്റെ ഉദ്ദേശ്യം (2 രാജാ 10,1-3). ചെറുത്തു നില്ക്കുക അസാധ്യം എന്നു കരുതിയ നഗരാധിപന്മാർ കീഴടങ്ങാൻ തയ്യാറായി (2 രാജാ 10,4-5).

യേഹു രണ്ടാമത് അയച്ച കത്ത് മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു. രാജപുത്രന്മാരുടെ ശിരസുകൾ എന്നു വിവർത്തനം ചെയ്യുന്ന "റോശ്" എന്ന ഹീബ്രു വാക്കിന് തല എന്നും തലവൻ എന്നും അർത്ഥമുണ്ട്. രാജപുത്രന്മാരുടെ തലവന്മാരെ കൂട്ടിക്കൊണ്ടുവരാനാണ് താൻ ആവശ്യപ്പെടുത്തനെന്നു യേഹുവിനു വാദിക്കാം. "തലകൾ" എന്ന് അവർ കരുതും എന്ന് അയാൾ തീർച്ചയായും മനസിലാക്കിയിരുന്നു. എഴുപത് രാജകുമാരന്മാരുടെയും ശിരസുകൾ നഗര കവാടത്തിൽ രണ്ടു കൂനകളായി കൂട്ടി വച്ചതുകണ്ട ജെസ്രേൽ നിവാസികളോട് യേഹു പറയുന്ന വാക്കുകളിൽ നിന്ന് അയാളുടെ ഗൂഢലക്ഷ്യം വ്യക്തമാകുന്നുണ്ട് (2 രാജാ 10,9). അവരുടെ മരണത്തിന് യേഹുവും ജെസ്രേൽ നിവാസികളും അല്ല, സമറിയാക്കാർ തന്നെയാണ് ഉത്തരവാദികൾ എന്ന് അയാൾ സമർത്ഥിച്ചു. ഇത് പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു എന്ന് എടുത്തുകാട്ടുകയും ചെയ്തു (2 രാജാ 10,10).

ജെസ്രേലിൽ തുടർന്നു നടന്ന കൂട്ടക്കുരുതിക്ക് (2 രാജാ 10,11) കാര്യമായ ന്യായീകരണമില്ല. സിറിയായിലേക്കുള്ള യാത്രാമധ്യേ കണ്ടുമുട്ടിയ അഹസിയായുടെ ബന്ധുക്കളെ വധിച്ചതും (2 രാജാ 10,12-14) പ്രവാചക നിർദ്ദേശം അനുസരിച്ചായിരുന്നില്ല. ഭാവിയിൽ തനിക്കു ഭീക്ഷണിയേക്കാവുന്ന ആരും അവശേഷിക്കരുത് എന്ന ഒറ്റലക്ഷ്യമേ ഇതിനുള്ളൂ. ഇതേ ലക്ഷ്യത്തോടെയാണ് സമറിയായിൽ ആഹാബു കുടുംബത്തിൽ അവശേഷിച്ചവരെയെല്ലാം കൊന്നൊടുക്കിയത് (2 രാജാ 10,15-17).

മാർഗ്ഗമധ്യേ കണ്ടുമുട്ടിയ യഹോനാദാബിനെക്കുറിച്ചുള്ള പരാമർശം (2 രാജാ 10,15) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജെറെമിയായുടെ പുസ്തകത്തിൽ റെക്കാബ്യരുടെ പൂർവ്വികനായി ഇയാൾ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട് (ജെറെ 35,1-19). യൂദാ മരുഭൂമിയുടെ തെക്കേ അതിർത്തിയിൽ വസിച്ചിരുന്ന നാടോടികളായ കേന്യരുടെ വംശത്തിൽപ്പെട്ട ഒരു വിഭാഗമാണ് റെക്കാബ്യർ എന്നു കരുതപ്പെടുന്നു (1 ദിന 2,55). അടിപതറാത്ത യാഹ്വേ വിശ്വാസികളായ ഇവർ മരുഭൂമിയിലെ ജീവിതശൈലി കർശനമായി അനുസരിച്ചുപോന്നു. കാനാൻ ദേശത്തു വസിച്ചിട്ടും നാടോടികളുടേതായ ജീവിതശൈലിയിൽ മാറ്റം വരുത്തിയില്ല. കൃഷിചെയ്യുകയോ വീടു പണിയുകയോ ചെയ്യാതെ, കൂടാരങ്ങളിലാണ് അവർ വസിച്ചിരുന്നത്. പൂർവ്വികരുടെ പാരമ്പര്യത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതിരുന്ന അവർ പ്രവാചക ഗണങ്ങളെപ്പോലെ ആഹാബു കുടുംബത്തിന്റെ ചെയ്തികളിൽ തികച്ചും അസംതൃപ്തരായിരുന്നു. രാജകുടുംബത്തിനെതിരേ കലാപം അഴിച്ചുവിട്ട യേഹുവിനു പിന്തുണ പ്രഖ്യാപിക്കാനാവും യെഹോനാദാബ് വന്നത്. "യാഹ്വേ ഉദാരമനസ്കനാണ്" എന്നാണ് യെഹോനാദാബ് എന്ന പേരിന്റെ അർത്ഥം.

### e. ബാലിന്റെ ആരാധകരെ വധിക്കുന്നു 2 രാജാ 10,18-28

ആഹാബ് കുടുംബത്തെ ഉന്മൂലനം ചെയ്തതിനുശേഷം യേഹു ബാലിന്റെ ആരാധകരിലേക്കു ശ്രദ്ധ തിരിച്ചു. തന്ത്രപൂർവ്വമാണ് ഇവിടെയും അയാൾ കരുക്കൾ നീക്കിയത്. "ആഹാബ് ബാലിനെ കുറച്ചേ സേവിച്ചുള്ളൂ" (2 രാജാ 10,18) എന്ന പ്രസ്താവന ബാൽ ആരാധകർക്ക് വിശ്വസനീയമാണ്. കാരണം ഒബാദിയായെപ്പോലുള്ള യാഹ്വേ വിശ്വാസികൾ ആഹാബിന്റെ കൊട്ടാരത്തിൽത്തന്നെ ഉണ്ടായിരുന്നു. യാഹ്വേയുമായി ബന്ധപ്പെട്ട പേരുകളാണ് ആഹാബ് തന്റെ പുത്രന്മാർക്ക് നൽകിയത്. അഹസിയാ, യോറാം മുതലായവ ഉദാഹരണങ്ങളാണ്. അതിനാൽ യേഹു ബാലിനെ കൂടുതൽ സേവിക്കും എന്ന പ്രഖ്യാപനം ബാൽ ആരാധകർക്ക് സന്തോഷ വാർത്തയായിരുന്നു. ബാലിന്റെ ബഹുമാനാർത്ഥം തിരുനാൾ പ്രഖ്യാപിക്കുകയും വലിയ ബലി ഒരുക്കുകയും ചെയ്തത് സംശയത്തിനുള്ള പഴുതടച്ചു. ബാലിന്റെ പുരോഹിതരും പ്രവാചകരും തീക്ഷ്ണമതികളായ ആരാധകരും ആലയത്തിൽ നിറഞ്ഞു.

തിരുനാളാഘോഷത്തിന് ദേവാലയത്തിൽ വരുന്നവർ വിശേഷവസ്ത്രം ധരിക്കുക പതിവായിരുന്നതിനാലാവാം ബാലിന്റെ ആരാധകർക്ക് അങ്കികൾ നൽകിയത് (2 രാജാ 10,22). യാഹ്വേയുടെ ആരാധകർ ആരും അകത്തില്ല എന്ന് ഉറപ്പു വരുത്തിയതിനുശേഷം യേഹു ബലിയർപ്പിച്ചു. തുടർന്ന് മുൻകൂർ നിശ്ചയിച്ചിരുന്നതുപോലെ അംഗരക്ഷകസേന ആലയത്തിൽ കടന്ന് ബാലിന്റെ ആരാധകരെ മുഴുവൻ കൊന്നൊടുക്കി. ആലയം അഗ്നിക്കിരയാക്കി. ബാൽ ആരാധന നാട്ടിൽ നിന്ന് ഉന്മൂലനം ചെയ്യാൻ വേണ്ടിയാണ് ഈ കൂട്ടക്കുരുതി നടത്തിയതെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ തന്റെ ഭരണത്തെ എതിർക്കാൻ സാധ്യതയുള്ളവരെ നശിപ്പിക്കുക മാത്രമായിരുന്നു ഇവിടെയും അയാളുടെ ലക്ഷ്യം

എന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു.

### f. യേഹുവിന്റെ അന്ത്യം 2 രാജാ 10,29-36

ബാലിന്റെ ആരാധകരെ വധിക്കുകയും ആലയം നശിപ്പിക്കുകയും ചെയ്തെങ്കിലും യേഹു കർത്താവിനോട് പൂർണ്ണമായ വിശ്വസ്തത പുലർത്തിയില്ല എന്ന് വി.ഗ്രന്ഥകാരൻ വിലയിരുത്തുന്നു (2 രാജാ 10,31). ബെഥേലിലും ദാനിലും ഉണ്ടായിരുന്ന സ്വർണ്ണ വിഗ്രഹങ്ങളെ ആരാധിച്ച അയാളുടെ യാഹ്‌വേ ഭക്തി ഒരു മുഖംമൂടി മാത്രമായിരുന്നു. ആഹാബ് ഭവനത്തിന്മേൽ കർത്താവിന്റെ ശിക്ഷാവിധി നടപ്പിലാക്കിയതിന്റെ പേരിൽ അയാളെ പ്രശംസിക്കുന്നുണ്ടെങ്കിലും വീഴ്ചകളും കുറവുകളും മറച്ചു വയ്ക്കുന്നില്ല; വിഗ്രഹാരാധന നിർത്തലാക്കാനോ നീതി നടപ്പിലാക്കാനോ എന്തെങ്കിലും ചെയ്തതായി പറയുന്നുമില്ല. രാജവംശം മാറി എന്നല്ലാതെ അതുകൊണ്ട് ജനത്തിന് കാര്യമായ ഉപകാരമൊന്നും ഉണ്ടായില്ല. എന്നു മാത്രമല്ല, യേഹുവിന്റെ ബുദ്ധിശൂന്യമായ പ്രതികാര നടപടി ഏറെ നാശത്തിനു വഴിയൊരുക്കുകയും ചെയ്തു.

ടയിറും യൂദായുമായി ഓമ്രി സ്ഥാപിച്ച വിവാഹ ബന്ധങ്ങളും ഉടമ്പടികളും ഇസ്രായേലിന്റെ സുസ്ഥിതിക്കും സുരക്ഷിതത്വത്തിനപം അടിസ്ഥാനമായിരുന്നു. ഈ ഉടമ്പടിയുടെ ബലത്താൽ സിറിയായെ അകറ്റി നിർത്താനും മൊവാബ്യരുടെമേൽ ആധിപത്യം സ്ഥാപിക്കാനും ഇസ്രായേലിനു കഴിഞ്ഞു. എന്നാൽ ആഹാബിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്തതോടെ ഈ ഉടമ്പടികൾ ലംഘിക്കപ്പെട്ടു. ഇതുവരെ സഖ്യകക്ഷികളായിരുന്നവർ എതിരാളികളായിത്തീർന്നു. രാജകുടുംബത്തെയും ബാൽ ആരാധകരെയും കൂട്ടമായി കുരുതി കഴിച്ചപ്പോൾ വിവേകമതികളും പരിചയ സമ്പന്നരുമായ നേതാക്കന്മാരും കൊല്ലപ്പെട്ടു. സൈനികവും രാഷ്ട്രീയവുമായ നേതൃത്വത്തിന്റെ അഭാവം രാജ്യത്തെ കൂടുതൽ ദുർബ്ബലമാക്കി.

അതേസമയം ഹസായേലിന്റെ (842-806) ധീരമായ നേതൃത്വത്തിൽ സിറിയാ കൂടുതൽ അക്രമാസക്തമായി. അസ്സീറിയായുടെ ദൗർബല്യം സിറിയ്ക്ക് കൂടുതൽ കരുത്തു പകർന്നു. ബി.സി. 841 ൽ അസ്സീറിയൻ രാജാവ് ഷൽമനേസർ മൂന്നാമൻ സിറിയായെ തോല്പിച്ച് ഡമാസ്കസിന് ഉപരോധം ഏർപ്പെടുത്തിയെങ്കിലും നഗരം കീഴടക്കാൻ കഴിഞ്ഞില്ല. പടിഞ്ഞാറോട്ടുള്ള പ്രയാണം തുടർന്ന അയാൾ ടയിർ, സീദോൻ, ഇസ്രായേൽ മുതലായ രാജ്യങ്ങളുടെമേൽ കപ്പം ചുമത്തി തിരിച്ചുപോയി. 837 ൽ ഒരിക്കൽകൂടി ഡമാസ്കസിനെ ആക്രമിച്ചെങ്കിലും കീഴടക്കാനായില്ല. കിഴക്കുനിന്നുള്ള ആക്രമണങ്ങളും ആഭ്യന്തര കലാപങ്ങളും കാരണം ഏകദേശം അരനൂറ്റാണ്ടു കാലത്തേക്ക് അസീറിയ യൂഫ്രട്ടീസിന് പടിഞ്ഞാറേക്ക് പടനീക്കം നടത്തിയില്ല. ഇത് സിറിയായ്ക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചു. അവർ ജോർദ്ദാന് കിഴക്ക് ഇസ്രായേലിന്റെ ആധിപത്യത്തിലായിരുന്ന പ്രദേശം മുഴുവൻ കീഴടക്കി (2 രാജാ 10,32-33). 28 വർഷത്തെ ഭരണത്തിനുശേഷം (ബി.സി. 841-814) വളരെ ചെറുതും ദുർബലവുമായ ഒരു രാജ്യമാണ് യേഹു പിൻഗാമിക്ക് കൈമാറിയത്.

**വിചിന്തനം:** "പാപത്തിന്റെ വേതനം മരണമാണ്" (റോമാ 6,23). നിരപരാധനായ നാബോത്തിനെ നിഷ്കരുണം കൊല ചെയ്ത ജെസബെൽ തന്റെ ക്രൂരതയ്ക്കു കനത്ത ശിക്ഷ അനുഭവിച്ചു. അവൾ പടുത്തുയർത്തിയതെല്ലാം തകർന്നുവീണു. അവളുടെ കുടുംബവും അവൾ ഊട്ടി വളർത്തിയ ബാൽ ആരാധകരും ഒന്നടങ്കം നശിപ്പിക്കപ്പെട്ടു. അക്രമത്തിലൂടെ തങ്ങൾക്കും പിൻ തലമുറകൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്താൻ ശ്രമിക്കുന്നവർക്ക് ജെസബെലിന്റെ അന്ത്യം വലിയൊരു പാഠമാണ്. അക്രമം അക്രമത്തെ വിളിച്ചു വരുത്തുന്നു. വാളെടുത്തവൻ വാളാൽ നശിക്കും. യേഹുവിന്റെ പ്രതികാരം സകല അതിരുകളെയും ലംഘിച്ചു. ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും അതിന്റെ ഓർമ്മ ഇസ്രായേലിൽ സജീവമായിരുന്നു (ഹോസി 1,4). നീതി നടപ്പിലാക്കാൻ ശ്രമിക്കുന്നവൻ പ്രതികാര ചിന്തയ്ക്ക് അടിമയാകരുത്.

## 2 തളർച്ചയുടെ കാലഘട്ടം 2 രാജാ 11-13; 2 ദിന 22-24

ബി.സി. ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇസ്രായേൽ യൂദാ രാജ്യങ്ങൾ വളരെ ദുർബ്ബലമായിത്തീർന്നു. യേഹുവിന്റെ പട്ടാള വിപ്ലവവും നരവേട്ടയും യൂദായിലും പ്രത്യാഘാതങ്ങൾ ഉളവാക്കി. അതിലേക്കാണ് വി.ഗ്രന്ഥകാരൻ അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

### a. അത്താലിയാ (ബി.സി. 841-835)

#### 2 രാജാ 11,1-21; 2 ദിന 22,10-23,21

ആഹാബിന്റെ മകളും യൂദാ രാജാവായ യഹോറാമിന്റെ ഭാര്യയുമായിരുന്നു അത്താലിയാ. മകൻ അഹസിയാ കൊല്ലപ്പെട്ടു എന്നറിഞ്ഞ അവൾ യൂദായിലെ രാജകുടുംബത്തിൽ അവശേഷിച്ച സകലരെയും വധിച്ച് അധികാരം പിടിച്ചടക്കി. യേഹു നടത്തിയ കൂട്ടക്കൊലയ്ക്കു സമാനമായിരുന്നു അത്താലിയായുടെ നടപടി. എന്നാൽ അഹസിയായുടെ സഹോദരി യഹോഷേബാ, അയാളുട ഒരു വയസു മാത്രം പ്രായമുള്ള പുത്രൻ യോവാഷിനെ തന്ത്രപൂർവ്വം രക്ഷപ്പെടുത്തി, ദേവാലയത്തോടനുബന്ധിച്ചുള്ള പ്രധാന പുരോഹിതന്റെ വസതിയിൽ ഒളിപ്പിച്ചു. പ്രധാന പുരോഹിതൻ യഹോയാദായുടെ ഭാര്യയായിരുന്നു അവൾ എന്ന് 2 ദിന 22,11ൽ എടുത്തു പറയുന്നു. ബാലന് ഏഴുവയസു പ്രായമാകുന്നതുവരെ അവനെ ഒളിവിൽ പാർപ്പിച്ചു. അത്താലിയാ ആറു വർഷം ഭരിച്ചു എന്ന

ല്ലാതെ അവളുടെ മറ്റു ചെയ്തികൾ ഒന്നും വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടില്ല.

രാജകുമാരന് ഏഴു വയസായപ്പോൾ പ്രധാന പുരോഹിതൻ യഹോയാദാ അവനെ രാജാവായി അഭിഷേചിക്കാൻ വളരെ ശ്രദ്ധാപൂർവ്വം പദ്ധതികൾ തയ്യാറാക്കി. രാജാക്കന്മാരുടെ പുസ്തകത്തിൽ അംഗരക്ഷ സേനയുടെ പങ്കിനു പ്രാധാന്യം നല്കുമ്പോൾ (2 രാജാ 11,4-12) ദിനവൃത്താന്ത ഗ്രന്ഥത്തിൽ ലേവ്യർക്കും ജനപ്രതിനിധിൾക്കും കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു (2 ദിന 23,1-11). സേനാധിപന്മാരുമായി ഉടമ്പടി ചെയ്തതിനുശേഷം യഹോയാദാ അവരെ യൂദായിലെങ്ങും പറഞ്ഞയച്ച് ജനപിന്തുണ നേടി എന്ന് ദിനവൃത്താന്ത ഗ്രന്ഥത്തിൽ എടുത്തു പറയുന്നു (2 ദിന 23,1-3). അവർ വിളിച്ചു കൂട്ടിയ ലേവ്യരും കുടുംബത്തലവന്മാരുമാണ് ദേവാലയത്തിൽ രാജകുമാരന് സംരക്ഷണവലയം സൃഷ്ടിച്ചത്.

ദേവാലയത്തിന്റെയും പരിസരത്തിന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്തിയതിനുശേഷം പ്രധാന പുരോഹിതൻ രാജകുമാരനെ പുറത്തു കൊണ്ടുവന്ന് അഭിഷേകം ചെയ്തു; കിരീടമണിയിച്ച് അധികാര പത്രവും നല്കി. ജനം ആർപ്പുവിളിച്ച് പുതിയ രാജാവിനെ അംഗീകരിച്ചു (2 രാജ 11,12; 2 ദിന 23,11). ആരവം കേട്ട് ദേവാലയത്തിലേക്കു പാഞ്ഞുവന്ന അത്താലിയാ കിരീടധാരിയായ രാജകുമാരനെക്കണ്ട് അമ്പരന്നു. രാജദ്രോഹം എന്നു വിളിച്ചുപറഞ്ഞ വസ്ത്രം കീറി. പക്ഷേ ജനം അവളുടെ പക്ഷത്തുണ്ടായിരുന്നില്ല. യഹോദായുടെ കല്പനയനുസരിച്ച് അവളെ ദേവാലയത്തിൽ നിന്ന് പിടിച്ചിറക്കി പുറത്തുവച്ച് വധിച്ചു (2 രാജാ 11,13-16; 2ദിന 23,12-15). തുടർന്ന് പുരോഹിതന്റെ നിർദ്ദേശപ്രകാരം രാജാവും ജനവും കർത്താവിനോട് വിശ്വസ്തത പാലിച്ചുകൊള്ളാം എന്ന് ഉടമ്പടി ചെയ്തു. രാജാവും ജനവും തമ്മിലും പരസ്പര വിശ്വസ്തത ഉടമ്പടിയിലൂടെ ഉറപ്പിച്ചു. ബാൽ ക്ഷേത്രവും വിഗ്രഹങ്ങളും തകർത്തു; ബാലിന്റെ പുരോഹിതനെ ക്ഷേത്രത്തിൽ വച്ചുതന്നെ കൊന്നു (2 രാജ 11,17-18; 2 ദിന 23,16-17). അത്താലിയായ്ക്കും അവളുടെ പുരോഹിതന്മാർക്കും എതിരേയുള്ള പ്രതികാര നടപടി അതുകൊണ്ട് അവസാനിച്ചു. യേഹു നടത്തിയതുപോലെ ഒരു നരവേട്ട ജറുസലെമിൽ ഉണ്ടായില്ല.

വധിക്കപ്പെട്ട രാജ്ഞിയോട് കൂറുപുലർത്തുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരിൽ നിന്ന് അപകടം സംഭവിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകളോടെ രാജകുമാരനെ ദേവാലയത്തിൽ നിന്ന് കൊട്ടാരത്തിലേക്ക് ആനയിച്ചു. ഏഴാംവയസിൽ യോവാഷ് ഭരണം ആരംഭിച്ചു. അത്താലിയാ വധിക്കപ്പെട്ടപ്പോൾ നഗരം ശാന്തമായി എന്ന് രണ്ടു പുസ്തകത്തിലും



എടുത്തു പറയുന്നു (2 രാജാ 11,20; 2 ദിന 23,21). അർഹമല്ലാത്ത അധികാരം പിടിച്ചെടുത്ത റാണിക്ക് അനുയോജ്യമായ ചരമക്കുറിപ്പാണത്. യോവാഷ് രാജാവായതോടെ ദാവീദിന്റെ രാജവംശം പുനഃസ്ഥാപിക്കപ്പെട്ടു.

### b. യോവാഷ് (ബി.സി. 835-796) 2 രാജാ 12; 2 ദിന 24

"യാഹ്വേ നല്കി" എന്നാണ് യോവാഷ് എന്ന പേരിന്റെ അർത്ഥം. യഹോവാഷ് എന്നത് ഈ പേരിന്റെ തന്നെ മറ്റൊരു രൂപമാണ്. ഏഴാം വയസിൽ രാജാവായ അയാൾ നാല്പതു വർഷം യൂദായെ ഭരിച്ചു. പ്രായപൂർത്തിയാകുന്നതുവരെ അയാൾ പ്രധാന പുരോഹിതനായ യഹോയാദായുടെ സംരക്ഷണത്തിലായിരുന്നു. അത്താലിയാ അശുദ്ധമാക്കുകയും കൊള്ളയടിക്കുകയും ചെയ്ത ദേവാലയം യോവാഷ് നവീകരിച്ചു. ഇതു മാത്രമാണ് അയാളുടെ നേട്ടമായി രണ്ടു പുസ്തകങ്ങളും എടുത്തു കാട്ടുന്നത്. സിറിയാ രാജാവായ ഹസായേലിന്റെ ആക്രമണം നേരിടേണ്ടി വന്നപ്പോൾ ദേവാലയത്തിലെ നിക്ഷേപങ്ങൾ എടുത്ത് കപ്പം നല്കിക്കൊണ്ട് ജറുസലെമിനെ നാശത്തിൽ നിന്നു രക്ഷിച്ചു. അവസാനം സേവകന്മാരുടെ ഗൂഢാലോചനയ്ക്ക് ഇരയായ അയാൾ ചതിയിൽ കൊല്ലപ്പെട്ടു. ഇത്രയും കാര്യങ്ങൾ രണ്ടു പുസ്തകത്തിലും ഏതാണ്ട് ഒരുപോലെ വിവരിക്കുന്നു. എന്നാൽ മറ്റു വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ വ്യത്യാസങ്ങളുണ്ട്.

രാജാക്കന്മാരുടെ പുസ്തകം യോവാഷിനെ ആദ്യന്തം ഒരു നല്ല രാജാവായിട്ടാണ് ചിത്രീകരിക്കുന്നത്. "യഹോയാദായുടെ ശിക്ഷണം ലഭിച്ചതിനാൽ അയാൾ കർത്താവിന്റെ മുമ്പിൽ നീതിപ്രവർത്തിച്ചു" (2 രാജാ 12,2) എന്ന് വിലയിരുത്തൽ അയാളുടെ ജീവിതകാലത്തിനു മുഴുവൻ ബാധകമാണ്. പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു അപാകത മാത്രമേ എടുത്തു കാട്ടുന്നുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ വ്യത്യസ്തമായ ഒരി ചിത്രമാണ് അവതരിപ്പിക്കുന്നത്. യഹോയാദാ ജിവിച്ചിരുന്നിടത്തോളം കാലം യോവാഷ് നീതിയുടെ മാർഗ്ഗത്തിൽ ചരിച്ചു. എന്നാൽ പ്രധാന പുരോഹിതന്റെ മരണശേഷം മറ്റ് ഉപദേഷ്ടാക്കളുടെ സ്വാധീനത്തിൽപ്പെട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു (2 ദിന 24,15-18). കർത്താവ് അയച്ച പ്രവാചകന്മാരെ ശ്രവിക്കാൻ അയാൾ കൂട്ടാക്കിയില്ല. മാത്രമല്ല, യഹോയാദായുടെ പുത്രൻ സഖറിയാ തെറ്റു ചൂണ്ടിക്കാണിച്ചപ്പോൾ അയാളെ നിഷ്ക്കരുണം ദേവാലയത്തിൽ വെച്ച് കല്ലെറിഞ്ഞു കൊല്ലാൻ കല്പിച്ചു (2 ദിന 23,19-22). സഖറിയായുടെ പിതാവ് തന്നെ ശൈശവം മുതൽ സംരക്ഷിച്ചതും ദേവാലയങ്കണത്തിൽ വച്ച് രാജാവായി അഭിഷേചിച്ചതും അയാളെ ഈ ക്രൂരതൃത്യത്തിൽ നിന്നു പിന്തിരിപ്പിച്ചില്ല.

യോവാഷിന്റെ ഈ അവിശ്വസ്തതകൾക്കും അക്രമത്തിനും ഉള്ള

ശിക്ഷയായിട്ടാണ് സിറിയൻ ആക്രമണത്തെ ദിനവൃത്താന്ത ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത്. യുദ്ധത്തിൽ ദാരുണമായി മുറിവേറ്റ യോവാഷിനെ ദാസന്മാർ ചതിയിൽ കൊന്നതും അയാളുടെ അവിശ്വസ്തതയ്ക്കുള്ള ശിക്ഷയായി അവതരിപ്പിക്കുന്നു (2 ദിന 23,23-24). "അങ്ങനെ അവർ യോഹോയാദായുടെ പുത്രന്റെ രക്തത്തിനു പ്രതികാരം ചെയ്തു" (2 ദിന 23,25) എന്ന് എടുത്തു പറയുന്നുണ്ട്. യോവാഷും പുരോഹിതന്മാരും തമ്മിലുള്ള ബന്ധവും ഹസായേലിന്റെ ആക്രമണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ശിശുവായിരുന്ന തന്നെ അത്താലിയായിൽ നിന്നു രക്ഷിച്ചു വളർത്തുകയും രാജാവാക്കുകയും, ഉപദേശവും പിൻതുണയും നല്കി സഹായിക്കുകയും ചെയ്ത പ്രധാന പുരോഹിതൻ യഹോയാദായോട് യോവാഷിന് വലിയ കടപ്പാടുണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ പിന്തുണയും സംരക്ഷണവും അതിരുകടന്ന നിയന്ത്രണമായി അയാൾക്ക് അനുഭവപ്പെട്ടു. ഇത് ആന്തരികമായ അകല്ചയ്ക്കു കാരണമായി. ദേവാലയ നവീകരണവുമായി ബന്ധപ്പെട്ട പണത്തിന്റെ ഉപയോഗത്തിലാണ് ഈ സംഘർഷം മൂർച്ചിച്ചത്. ശൈശവം മുതലേ ദേവാലയത്തിൽ വളർന്ന യോവാഷ് കർത്താവിന്റെ ആലയം നവീകരിക്കാൻ ആഗ്രഹിച്ചു. അതിന് ആവശ്യമായ നിർദ്ദേശങ്ങളും നല്കി (2 രാജാ 12,5). എന്നാൽ ഇരുപത്തി മൂന്നു വർഷം കഴിഞ്ഞിട്ടും പുരോഹിതന്മാർ പണം സ്വീകരിക്കുകയല്ലാതെ പണികൾ ഒന്നും ചെയ്തില്ല. യോവാഷിന് സ്വന്തമായി തീരുമാനമെടുക്കാൻ ആവശ്യമായ മുപ്പത് തികഞ്ഞു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് ഇരുപത്തിമൂന്നു വർഷം എന്നു പ്രത്യേകം പറയുന്നത്.

പണത്തിന്റെ കാര്യത്തിൽ പ്രധാനപുരോഹിതനടക്കം കല പുരോഹിതന്മാരെയും ലേവായരേയും ചോദ്യം ചെയ്തത് അവർക്ക് ഇഷ്ടമായില്ല. തുടർന്ന് ദേവാലയ നവീകരണത്തിന്റെയും അതിനാവശ്യമായ പണത്തിന്റെയും ചുമതല പുരോഹിതന്മാരിൽ നിന്നു മാറ്റി, രാജാവ് അത്മായരായ പ്രത്യേക ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു (2 രാജാ 12,7). പണം ശേഖരിക്കാനായി ദേവാലയങ്കണത്തിൽ പ്രത്യേകം ഒരു പെട്ടി സ്ഥാപിച്ചു. ലഭിക്കുന്ന കാണിക്കകൾ, കാഴ്ചയർപ്പിക്കുന്നവർ കാൺകെ, പെട്ടിയിൽ നിക്ഷേപിക്കുക മാത്രമായി പുരോഹിതന്മാരുടെ കടമ. പെട്ടി നിറയുമ്പോൾ തുറന്നു പണം എണ്ണുന്നത് രാജകീയോദ്യോഗസ്ഥനും പ്രധാന പുരോഹിതനും ഒരുമിച്ചാണ്. ആവശ്യമായ പണം പണിക്കാരെ ഏല്പ്പിക്കുന്നതും ഇരുവരും ഒരുമിച്ച്. പണിക്കാർ വിശ്വസ്തരായിരുന്നതിനാൽ കണക്കു കൊടുക്കേണ്ടിയിരുന്നില്ല (2 രാജാ 12,9-15). തങ്ങൾ നല്കുന്ന



കാണിക്കകൾ ഉദ്ദേശിച്ച കാര്യത്തിനു വേണ്ടിതന്നെ ഉപയോഗിക്കുന്നു എന്നു കണ്ടപ്പോൾ ജനം ഉദാരമായി കാഴ്ചകൾ സമർപ്പിച്ചു; പണം ആവശ്യത്തിനു മിച്ചം ലഭിച്ചു. ദേവാലയത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുക മാത്രമല്ല, ദേവാരാധനയ്ക്ക് ആവശ്യമായ വസ്തുക്കളും പാത്രങ്ങളും നിർമ്മിക്കുകയും ചെയ്യാൻ ഇതുകൊണ്ടു സാധിച്ചു.

യോവാഷിന്റെ ഈ പ്രവർത്തനങ്ങൾ തങ്ങളുടെ ന്യായമായ അവകാശത്തിന്മേലുളഅള കൈയേറ്റമായി പുരോഹിതന്മാർക്കു തോന്നിയിട്ടുണ്ടാവും. രാജാവിനെതിരേ പ്രതിരോധ നിര ഉയർത്താൻ ഇതും കാരണമായി എന്ന് അനുമാനിക്കാം. വി.ഗ്രന്ഥകാരൻ പുരോഹിതന്മാരേയും ലേവ്യരേയുംകാൾ രാജാവിനയും അത്മായ ഉദ്യോഗസ്ഥന്മാരേയും കൂടുതൽ വിശ്വസ്തരും ദൈവിക ശുശ്രൂഷയിൽ തല്പരരുമായിട്ടാണ് ചിത്രീകതിക്കുന്നത്. താല്പര്യം മാത്രമല്ല കാര്യക്ഷമതയും അവർക്കുണ്ടായിരുന്നു. ഇരുപത്തിമൂന്നു വർഷം പുരോഹിതന്മാർ ശ്രമിച്ചിട്ടു സാധിക്കാതിരുന്നത് ചുരുങ്ങിയ കാലം കൊണ്ട് അവർ നിർവ്വഹിച്ചു.

ഹസായേലിന്റെ ആക്രമണമാണ് പ്രത്യേക ശ്രദ്ധയർഹിക്കുന്ന മറ്റൊരു വിഷയം. "ഹസായേൽ യുദ്ധം ചെയ്ത് ഗത്തു പിടിച്ചടക്കി. ജെറുസലേമിനെതിരേ പുറപ്പെടാൻ ഭാവിച്ചു" (2 രാജാ 12,17) എന്ന പ്രസ്താവന സിറിയാ ഉയർത്തിയ ഭീഷണി എത്ര വലുതായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. യൂദായുടെ തെക്കു പടിഞ്ഞാറേ അതിർത്തിയിലുള്ള ഫിലിസ്ത്യ നഗരമാണ് ഗത്ത്. ഈജിപ്തിലേക്കും മധ്യധരണ്യാഴിയിലേക്കുമുള്ള വാണിജ്യപാതകൾ നിയന്ത്രിക്കുകയായിരുന്നു ഈ ആക്രമണത്തിൽ സിറിയായുടെ മുഖ്യലക്ഷ്യം. പഠന വിഷയമായ കാലഘട്ടത്തിൽ പലസ്തീന ഏതാണ്ട് മുഴുവനായിത്തന്നെ സിറിയായുടെ നിയന്ത്രണത്തിലായി. ഭീമമായ തുക കപ്പം കൊടുത്തതുകൊണ്ടു മാത്രമാണ് ജറുസലേം ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടത്. പ്രയോഗത്തിൽ ഇസ്രായേലും യൂദായും സിറിയായുടെ സാമന്ത രാജ്യങ്ങളായിത്തീർന്നു.

**വിചിന്തനം:** ശൈശവം മുതലേ ദേവാലയാന്തരീക്ഷത്തിൽ ജീവിച്ച യോവാഷ് ദൈവിക കാര്യത്തിൽ തല്പരനായിരുന്നു. മക്കളോട് യഥാർത്ഥ സ്നേഹമുള്ള മാതാപിതാക്കൾ അവരെ ദൈവസ്നേഹത്തിൽ വളർത്താൻ ശ്രമിക്കും. പള്ളിയിൽ കൊണ്ടുപോകുന്നതും തിരുക്കർമ്മങ്ങളിൽ പങ്കെടുപ്പിക്കുന്നതും ഇതിന്റെ ഭാഗമാണ്. ബാല്യകാല സ്മരണകളാണല്ലോ പ്രായമാകുമ്പോഴും മനസ്സിൽ തങ്ങി നില്ക്കുന്നതും ജീവിതത്തെ സ്വാധീനിക്കുന്നതും.

യഹോയാദായും മറ്റു പുരോഹിതന്മാരും തങ്ങളുടെ വിഹിതങ്ങൾ സ്വീകരിക്കുന്നതിലല്ലാതെ ദേവാലയത്തിന്റെ നവീകരണത്തിലോ ശുചീ

കരണത്തിലോ ശ്രദ്ധിച്ചില്ല. രാജാവു കല്പിച്ചിട്ടും ജനം കാഴ്ചകൾ അർപ്പിച്ചിട്ടും അവരുടെ നിലപാടിൽ മാറ്റമുണ്ടായില്ല. ദേവാലയവും പരിസരവും ആരാധനയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിന്റെ മുഖ്യ ഉത്തരവാദിത്വം പുരോഹിതന്മാർക്കാണല്ലോ. പലപ്പോഴും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നില്ലേ എന്നു സംശയിക്കണം.

നിർമ്മാണ പ്രവർത്തനങ്ങളുടെയും അതിനാവശ്യമായ ധന സമാഹരണത്തിന്റെയും ഉത്തരവാദിത്വം അല്മായർ ഏറ്റെടുത്തപ്പോൾ കാര്യങ്ങൾ വളരെ വേഗം ഭംഗിയായി നടന്നു. വൈദികരും സന്യസ്ഥരും സഭയുടെ സാമ്പത്തിക കാര്യങ്ങൾ വിശ്വസ്തരായ അല്മായരെ ഏല്പിച്ചിട്ട്, പ്രാർത്ഥനയിലും വിശ്വാസ പരിശീലനത്തിലും വചന പ്രഘോഷണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ ഇന്നത്തെ ധാർമ്മികാധഃപതനം വലിയൊരു പരിധിവരെ ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ? ഇന്ന് അല്മായരുടേയും വൈദികരുടേയും റോളുകൾ മാറുകയാണോ?

### c. യഹോവാഹാസ് (ബി.സി. 814-798) 2 രാജാ 13,1-9

യൂദാ രാജാവായ യോവാഷിന്റെ സമകാലികരായ രണ്ട് ഇസ്രായേൽ രാജാക്കന്മാരിലേക്ക് വി.ഗ്രന്ഥകാരൻ അടുത്തതായി ശ്രദ്ധതിരിക്കുന്നു. യേഹുവിന്റെ പുത്രനായ യഹോവാഹാസാണ് ആദ്യത്തേയാൾ. യാഹ്‌വേ കൈ പിടിച്ചു ശക്തിപ്പെടുത്തി എന്നാണ് പേരിന്റെ അർത്ഥം. അയാളുടെ പതിനേഴു വർഷത്തെ ഭരണം ഇസ്രായേലിന്റെ ഏറ്റം ദയനീയമായ ഒരു കാലഘട്ടമായിരുന്നു. സിറിയാ രാജവായ ഹസായേൽ ബി. സി. 806ൽ മരിക്കുന്നതുവരെ ഇസ്രയേൽ സിറിയായുടെ നിരന്തരമായ ആക്രമണങ്ങളും പീഢനങ്ങളും സഹിക്കേണ്ടി വന്നു. ആഹാബിന്റെ കാലത്ത് അസീറിയായ്ക്കെതിരെ രണ്ടായിരം രഥങ്ങളെ അണിനിരത്തിയ ഇസ്രായേലിൽ പത്തു രഥവും അമ്പത് കുതിരയും മാത്രം അവശേഷിച്ചു (2 രാജാ 13,7) എന്ന പ്രസ്താവന സൈന്യത്തിന്റെ ശോച്യാവസ്ഥ വ്യക്തമാക്കുന്നു. ഹസായേലിന്റെ പുത്രൻ ബെൻഹദാദ് രണ്ടാമനും ഇസ്രയേലിന്റെമേൽ ആധിപത്യം നിലനിർത്തി. രാജാക്കന്മാരുടെയും ജനത്തിന്റെയും പാപത്തിന് ശിക്ഷയായി കർത്താവു തന്നെയാണ് അവരെ ശത്രുകരങ്ങളിൽ ഏല്പിച്ചുകൊടുത്തത് എന്ന് എടുത്തു പറയുന്നു (2 രാജാ 13,2-3).

രാജാവിന്റെ പ്രാർത്ഥന കേട്ട് "കർത്താവയച്ച രക്ഷകൻ" (2 രാജാ 13,4-5) ആരെന്ന കാര്യത്തിൽ തർക്കമുണ്ട്. ഇസ്രയേലിനെ വിദേശാധിപത്യത്തിൽ നിന്നു മോചിപ്പിച്ച് സമാധാനത്തിലേക്കും സമൃദ്ധിയിലേക്കും നയിച്ച ജെറോബോവാം രണ്ടാമനാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. യഹോവാഹാസിന്റെ പൗത്രനായിരുന്നു ജെറോബോവാം. അയാളെക്കുറിച്ചുള്ള പരാമർശം ഇവിടെ അസ്ഥാനത്താകയാൽ ബി.സി. 911ൽ അസീറിയായിൽ ഭരണമേറ്റ അദാദ് നിരാരി മൂന്നാമനെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്ന് മറ്റു ചിലർ അനുമാനിക്കുന്നു.

അദാദ് നിരാരി ബി.സി. 802 ൽ സിറിയായെ തെല്പിച്ച് ഡമാസ്കസ് കീഴടക്കി. തടവുകാരനാക്കപ്പെട്ട ബെൻ ഹദാദിൽ നിന്ന് കനത്ത തുക കപ്പമായി ഈടാക്കി. അദ്ദേഹത്തിന്റെ വിജയങ്ങൾ വിവരിക്കുന്ന ശിലാഫലകത്തിലെ കീഴടക്കിയ രാജ്യങ്ങളുടെ പട്ടികയിൽ ഓമ്രിയുടെ രാജ്യവും (ഇസ്രായേൽ) സിറിയായും ഉൾപ്പെടുന്നു. 2300 താലന്ത് വെള്ളി, 5000 താലന്ത് ഇരുമ്പ്, വിശിഷ്ട വസ്ത്രങ്ങൾ, ആനക്കൊമ്പു പതിച്ച ഒരു കട്ടിൽ, ദന്തനിർമ്മിതമായ ഒരു ശയന മഞ്ചം എന്നിവ താൻ ഈടാക്കിയെന്ന് ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ANET, p. 281-282). അസീറിയ ശക്തിയാർജിച്ചത് ഇസ്രയേലിന് ഗുണകരമായി. "അവൻ സിറിയാക്കാരുടെ കൈയിൽ നിന്നു മോചിതരായി" (2 രാജാ 13,5) എന്ന പ്രസ്താവന അടുത്ത രാജാവായ യഹോവാഷിന്റെ കാലത്തെ സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്.

### d. യഹോവാഷ് (ബി.സി. 798-783) 2 രാജാ 13,10-25

യഹോവാഷിന്റെ ഭരണകാലത്ത് ഇസ്രായേൽ സാവധാനം ശക്തിയാർജിച്ചു തുടങ്ങി. അയാളുടെ ചരിത്രം മൂന്നു ഘട്ടമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ആദ്യം പതിവു ഫോർമുല ഉപയോഗിച്ച് ഒരു ചരിത്രസംഗ്രഹം നല്കുന്നു (2 രാജാ 13,10-13). തുടർന്ന് എലീഷായുമായി ബന്ധപ്പെടുത്തി അയാളുടെ വിജയങ്ങളുടെ അടിസ്ഥാനം എടുത്തുകാട്ടുന്നു (2 രാജാ 13,1-19). ഇസ്രായേലിന്റെ രാഷ്ട്രീയ അവസ്ഥയെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണത്തിനുശേഷം (13,22-25) യഹോവാഷിന്റെ വിജയങ്ങളുടെ ചരിത്രം യൂദാ രാജാവായ അഹസിയായുടെ ചരിത്രവുമായി ഇടകലർത്തി അവതരിപ്പിക്കുന്നു ( 2 രാജാ 14,8-15). ഈ മൂന്നാം ഘട്ടം അടുത്ത ഭാഗത്ത് പഠനവിഷയമാക്കുന്നതാണ്. ഇസ്രായേൽ രാജാവിന്റെ ചരിത്രം അവതരിപ്പിക്കുമ്പോഴും പ്രവാചകനായ എലീഷായ്ക്കും യൂദാ രാജാവായ അഹസിയായ്ക്കുമാണ് പ്രാധാന്യം നല്കിയിരിക്കുന്നത്.

### e. എലീഷായുടെ അന്തിമ ചെയ്തികൾ 2 രാജാ 13,14-21

ദീർഘകാലത്തെ നിശബ്ദതയ്ക്കുശേഷം എലീഷായുടെ പ്രവൽത്തനങ്ങളിലേക്ക് വി.ഗ്രന്ഥകാരൻ വീണ്ടും ശ്രദ്ധതിരിക്കുന്നു. ഏകദേശം അമ്പത് വർഷം ഇസ്രായേലിൽ പ്രവർത്തിച്ച എലീഷായ്ക്ക് രാജ്യ

ത്താകമാനം ഉണ്ടായിരുന്ന ആദരവും അംഗീകാരവും പ്രകടമാക്കുന്നതാണ് അയാളുടെ മരണശയ്യയ്ക്കരുകിലിരുന്നുള്ള രാജാവിന്റെ വിലാപം (2 രാജാ 13,14). ചുഴലിക്കാറ്റിൽ അപ്രത്യക്ഷനാകുന്ന ഏലിയായെ നോക്കി എലീഷാ പറഞ്ഞ അതേ വാക്കുകൾ (2 രാജാ 2,12) ഇപ്പോൾ യഹോവാഷ് ആവർത്തിക്കുന്നു. ഇസ്രായേലിന് സംരക്ഷണം നല്കാൻ ഒരു സൈന്യത്തേക്കാൾ ശക്തമായിരുന്നു എളീഷായുടെ സാന്നിധ്യമെന്ന് ഏറ്റു പറയുന്നതാണ് 'ഇസ്രായേലിന്റെ രഥങ്ങളും സാരഥികളും" എന്ന പ്രയോഗം. ഈ വിശ്വാസ പ്രഖ്യാപനം എത്ര അർത്ഥവത്താണെന്ന് അടുത്ത രണ്ട് പ്രതീകാത്മക പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു.

എലീഷായുടെ നിർദ്ദേശമനുസരിച്ച് കിളിവാതിലിലൂടെ കിഴക്കോട്ട് അമ്പെയ്തത് സിറിയായുടെമേൽ യഹോവാഷ് വരിക്കാൻ പോകുന്ന വിജയത്തെ സൂചിപ്പിക്കുകയും ആ വിജയത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു (2 രാജാ 13,15-17). ആയിപ്പട്ടണത്തിനു നേരെ ജോഷ്വാ കുന്തം ചൂണ്ടി വിജയം വരിച്ചതിനെ (ജോഷ്വാ 8,18) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രവൃത്തി. വീണ്ടും എലീഷാ പറഞ്ഞതനുസരിച്ച് യഹോവാഷ് അമ്പുകൾ നിലത്തടിച്ചത് സിറിയായെ അടിച്ചമർത്തുന്നതിന്റെ പ്രതീകമാണ്. മൂന്നു തവണ അടിച്ചു നിർത്തിയതിനാൽ പ്രവാചകൻ കോപിച്ചു. കാരണം രാജാവിന്റെ വിശ്വാസം ദൃഢമായിരുന്നില്ല. അതിനാൽത്തന്നെ വിജയവും ഭാഗികമായിരിക്കും (2 രാജാ 13,18-19). ബെൻ ഹദാദിന്റെ മേൽ മൂന്നുതവണ ഇസ്രായേൽ വിജയം വരിച്ച് ഈ പ്രവചനം പൂർത്തിയായി എന്ന് 2 രാജാ 13,25ൽ എടുത്തു പറയുന്നു.

എലീഷായുടെ മരണവും സംസ്കാരവും കാര്യമാത്രപ്രസക്തമായ ചുരുക്കം വാക്കുകളിൽ വിവരിച്ചതിനുശേഷം പ്രവാചകന്റെ ഭൗതികാവശിഷ്ടങ്ങളിലൂടെ നടന്ന ഒരു അത്ഭുതത്തെക്കുറിച്ചു പരാമർശിക്കുന്നു (2 രാജാ 13,20-21). ഇസ്രായേലിന്റെ നില എത്ര ദയനീയമായിരുന്നു എന്ന് സൂചിപ്പിക്കുന്നതാണ് മൊവാബ്യരുടെ ആക്രമണത്തെക്കുറിച്ചുള്ള പരാമർശം. ദേശം കീഴടക്കാൻ വന്ന സൈന്യത്തേക്കാൾ ഒരു കൊള്ള സംഘത്തിന്റെ പ്രതീതിയാണ് മൊവാബ്യരെക്കുറിച്ചുള്ള വിവരണത്തിൽ നിന്ന് ലഭിക്കുന്നത്. വസന്തകാലത്തെ കൊയ്ത്തുകഴിഞ്ഞു ശേഖരിച്ച ധാന്യങ്ങൾ കൊള്ളയടിക്കുകയായിരുന്നു അവരുടെ മുഖ്യ ലക്ഷ്യം. തസ്കര സംഘത്തെക്കണ്ടു ഭയന്നവർ മൃതശരീരം സംസ്ക്കരിക്കാതെ എലീഷായുടെ കല്ലറയിലിട്ടി ഓടി എന്ന പരാമർശം മനസ്സിലാക്കാൻ കല്ലറയെക്കുറിച്ച് അറിഞ്ഞിരിക്കണം. നാം ചെയ്യാറുള്ളതുപോലെ നിലത്തു കുഴിയുണ്ടാക്കി കല്ലുകെട്ടി ഭദ്രമാക്കിയശേഷം മൃതശരീരം കുഴിയിൽവച്ച് മണ്ണിട്ടു മൂടുകയല്ല പലസ്തീനായിൽ ചെയ്തിരുന്നത്. അവിടെ മലമ്പ്ര



ദേശങ്ങളിൽ ദാരാളം ഗുഹകളുണ്ടായിരുന്നു. ഇല്ലാത്തിടത്ത് ശവസംസ്കാരത്തിനുവേണ്ടി പാറതുരന്ന് ഗുഹകൾ ഉണ്ടാക്കും. തുണിയിൽ പൊതിഞ്ഞ് ശവം വച്ചതിനുശേഷം വലിയകല്ലുകൊണ്ട് ഗുഹയടയ്ക്കും. മണ്ണിട്ടു മൂടാറില്ല. ഇങ്ങനെയുള്ള ഒരു കല്ലറയുടെ മുമ്പിലെ കല്ല് ഉരുട്ടി മാറ്റിയതിനു ശേഷം ഗുഹയിൽ വച്ചതിനാലാണ് മൃതശരീരം എലീഷായുടെ അസ്ഥികളെ സ്പർശിക്കാൻ ഇടയായത്.

ഇസ്രായേലിന് സിറിയായിൽ നിന്ന് നേരിടേണ്ടി വന്ന പീഡനവും അതിൽ നിന്ന് താത്ക്കാലികമായി ലഭിച്ച മോചനവും ചുരുക്കമായി വിവരിച്ചുകൊണ്ട് (2 രാജാ 13,22-25) അധ്യായം അവസാനിക്കുന്നു. ബി.സി. 806ൽ ഹസായേൽ മരിച്ചു. തുടർന്നു ഭരണമേറ്റ മകൻ ബെൻഹദാദ് രണ്ടാമൻ പിതാവിനെപ്പോലെ ശക്തനും പരാക്രമശാലിയും ആയിരുന്നില്ല. അസീറിയ കൂടുതൽ കരുത്താർജിക്കുകയും ചെയ്തു. അങ്ങനെ ഇസ്രായേലിന് അനുകൂലമായ ഒരു അവസ്ഥ സംജാതമായി. സിറിയാ പിടിച്ചടക്കിയിരുന്ന ചില നഗരങ്ങൾ വീണ്ടെടുക്കാൻ യോവാഷിനു സാധിച്ചു. പൂർവ്വ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരോട് ചെയ്ത ഉടമ്പടിയെപ്രതി കർത്താവു ഇസ്രയേലിനോട് കരുണ കാണിച്ചതിനാലാണ് അവർ സമൂല നാശത്തിൽ നിന്നു രക്ഷപ്പെട്ടത് എന്ന് ഇവിടെ എടുത്തു പറയുന്നുണ്ട്. വടക്കൻ രാജ്യമായ ഇസ്രായേൽ യൂദായിൽ നിന്നു തെറ്റിപ്പിരിഞ്ഞതിനാൽ ദാവീദുമായുള്ള ഉടമ്പടിയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല.

**വിചിന്തനം:** എലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ചു എന്ന പ്രസ്താവന വിശുദ്ധരുടെ 'തിരുശേഷിപ്പുകളെ' ആദരിക്കുന്നതിന് അടിസ്ഥാനമായി എടുത്തുകാട്ടാരുണ്ട്. മൃതശരീരം മാന്യമായി സംസ്കരിക്കുകയും ഭൗതികാവശിഷ്ടങ്ങൾ ആദരിക്കുകയും ചെയ്യുമ്പോൾ മരിച്ചുപോയ വ്യക്തികളോടും അവരിലൂടെ പ്രവർത്തിച്ച ദൈവത്തോടുമുള്ള ആദരവാണ് നാം പ്രകടമാക്കുന്നത്. എന്നാൽ ചിലപ്പോഴൊക്കെ ഈ ആദരവ് പരിധിവിട്ട് ആരാധനയായിത്തീരുകയും തിരുശേഷിപ്പുകൾ യാന്ത്രികമായി അത്ഭുതം പ്രവർത്തിക്കും എന്ന അന്ധവിശ്വാസത്തിൽ ജനം ചെന്നെത്തുകയും ചെയ്യാറില്ലേ എന്നു സംശയിക്കണം. ഇതിന്റെ പേരിൽ പലരും കത്തോലിക്കർക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. വിശുദ്ധന്മാരോടുള്ള ഭക്തിയും വണക്കവും അന്ധവിശ്വാസത്തിലേക്കും വിഗ്രഹാരാധനയിലേക്കും വഴുതിവീഴാതിരിക്കാൻ നിതാന്ത ജാഗ്രത ആവശ്യമാണ്.

### 3. നവോത്ഥാനം 2 രാജാ 14,1- 15,7; 2 ദിന 25-26

ബി.സി. എട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതി ഇസ്രായേൽ-യൂദാ

രാജ്യങ്ങളുടെ സുവർണ്ണ ദശയായിരുന്നു. ദാവീദു സ്ഥാപിച്ച സാമ്രാജ്യ ത്തിന്റെ അതിർത്തികൾവരെ രാജ്യം വീണ്ടും വികസിച്ചു. സോളമന്റെ കാലത്തേതുപോലുള്ള സമ്പൽ സമൃദ്ധി ദേശത്തിനു കൈവന്നു. ഇരു രാജ്യങ്ങളേയും ഭരിച്ച രാജാക്കന്മാരുടെ സാമാർത്ഥ്യവും അതിലേറെ, അന്താരാഷ്ട്രീയ തലത്തിലെ സംഭവ വികാസങ്ങളും ഇതിനു സഹായ കമായി.

ബി.സി. 802ൽ അസീറിയാ ഏല്പിച്ച ആഘാതത്തിൽ നിന്ന് സിറി യായ്ക്കു മുക്തി നേടാൻ കഴിഞ്ഞില്ല. അദാദ് നിരാരിയുടെ മരണത്തിനു ശേഷം അസീറിയായെ ഭരിച്ച മൂന്നു രാജാക്കന്മാർ (ഷൽമനേസർ IV 782-774; അസൂർദാൻ III 774-756; അസൂർ നിരാരി 756-746) പ്രായേണ ദുർബലരായിരുന്നു. വടക്കുള്ള ഉരാർത്തു (Urartu) സാമ്രാജ്യത്തിന്റെ നിരന്തരമായ ആക്രമണങ്ങളും ദേശത്തുണ്ടായ മഹാമാരികളും ആഭ്യ ന്തര വിപ്ലവങ്ങളും അസീറിയായെ കൂടുതൽ ദുർബലമാക്കി. അന്തർദ്ദേ ശീയ തലത്തിൽ അനുകൂലമായ ഈ സാഹചര്യങ്ങളെ ശരിക്കും ഉപോ യഗപ്പെടുത്താൻ കഴിവുള്ള രാജാക്കന്മാരാണ് യൂദായിലും ഇസ്രായേ ലിലും ഭരണം നടത്തിയത്.

## a. അമാസിയാ (ബി.സി. 796-781)

**2 രാജാ 14,1-22; 2 ദിന 25,1-28**

ചതിയിൽ കൊല്ലപ്പെട്ട യോവാഷിന്റെ പുത്രൻ അമാസിയായുടെ ഭരണകാലത്ത് യൂദാ വീണ്ടും ശക്തിയാർജ്ജിച്ചു. "യാഹ്വേ ശക്തിപ്പെ ടുത്തി" എന്നാണ് പേരിന്റെ അർത്ഥം. ഈ പേരിന്റെ മറ്റൊരു രൂപമാണ് ആമോസ്. അമാസിയായുടെ ഭരണകാലം 29 വർഷം എന്നു രണ്ടു പുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ഭരണത്തിന്റെ ദൈർഘ്യവും ഇസ്രായേൽ-യൂദാ രാജാക്കന്മാരുടെ ഭരണകാലങ്ങൾ തമ്മി ലുള്ള പൊരുത്തവും സംബന്ധിച്ച് ഉത്തരം കിട്ടാത്ത പല പ്രശ്നങ്ങളും അവശേഷിക്കുന്നുണ്ട്. അതിനാൽ രാജാക്കന്മാരുടെ ഭരണകാലം നിശ്ച യിക്കുന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഭിന്നഭിപ്രായക്കാരാണ്. ഒരു രാജാവു മരിക്കുന്നതിനുമുൻപേ പുത്രൻ ഭരണമേല്ക്കുകയും പിതാവി നോടൊപ്പം യുവരാജാവും ഭരണം നടത്തുകയും ചെയ്യുന്ന സാഹചര്യ മുണ്ടായിരുന്നതിനാലാണ് ഭരണ ദൈർഘ്യത്തെക്കുറിച്ച് വ്യത്യസ്ത കണ ക്കുകൾ നിലനില്ക്കുന്നത്. അണാസിയായുടെ അവസാനത്തെ പതി നഞ്ചു വർഷം പുത്രനായ അസറിയാ ഭരണ നടത്തിയെന്നും ആ വർഷ ങ്ങളും കൂടി പരിഗണിച്ചാണ് 29 വർഷം എന്നു വി.ഗ്രന്ഥകാരൻ രേഖപ്പെ ടുത്തുന്നതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.



പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു കുറ്റം മാത്രമേ രാജക്കന്മാ രുടെ പുസ്തകത്തിൽ അമാസിയ്യ്ക്കെതിരേ ആരോപിക്കുന്നുള്ളൂ (2 രാജാ 14,3-4). എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ കൂടുതൽ കുറ്റങ്ങൾ എടുത്തു കാട്ടുന്നുണ്ട്. പിതൃഘാതകരെ വധിച്ചതാണ് അമാസിയായുടെ ആദ്യത്തെ പ്രവൃത്തിയായി ഇരു ഗ്രന്ഥങ്ങളും വിവരിക്കുന്നത് (2 രാജാ 14,5-6; 2 ദിന 25,3-4). കുറ്റവാളികളെ വധിച്ചെങ്കിലും നിയ 24,16ൽ രേഖ പ്പെടുത്തിയിരിക്കുന്ന നിയമം അനുസരിച്ച് അവരുടെ കുടുംബങ്ങൾക്കെ തിരേ മറ്റു ശിക്ഷാനടപടികളൊന്നും സ്വീകരിക്കാതിരുന്നത് രാജാവിന്റെ നീതിബോധത്തിനു തെളിവായി എടുത്തുകാട്ടുന്നു.

അമാസിയാ നയിച്ച രണ്ടു യുദ്ധങ്ങൾ ഇരു ഗ്രന്ഥങ്ങളിലും രേഖ പ്പെടുത്തിയിട്ടുണ്ട്. ഏദോമിനെതിരേ നടത്തിയതാണ് ആദ്യ യുദ്ധം. അതിൽ അമാസിയാ വിജയിച്ചു (2 രാജാ 14,7). അങ്ങനെ യഹോറാമിന്റെ കാലത്ത് നഷ്ടപ്പെട്ട മേൽക്കോയ്മ (2 രാജാ 8,20-22; 2 ദിന 21,8-10) അമാസിയാ വീണ്ടെടുത്തു. ഏദോമ്യരെ കീഴടക്കിയതിനുശേഷം ഇസ്രാ യേൽ രാജാവായ യഹോവാഷിനെ ഒരു കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചത് എന്തുകൊണ്ട് യുദ്ധത്തിൽ കലാശിച്ചു എന്നു രാജാക്കന്മാരുടെ പുസ്ത കത്തിൽ നിന്നു വ്യക്തമാകുന്നില്ല. യുദ്ധത്തിൽ യൂദാസൈന്യം ദയനീയ മായി പരാജയപ്പെട്ടു. അമാസിയായെ തടവുകാരനാക്കി ജറുസലേമിലേക്കു കൊണ്ടുവന്ന യഹോവഷ് നഗരം കൊള്ളയടിക്കുകയും മതിലിന്റെ കുറച്ചു ഭാഗം തകർക്കുകയും ചെയ്തിട്ട് തിരിച്ചുപോയി. (2 രാജാ 14,8-14).

ഈ സംഭവങ്ങൾ കാര്യകാരണ സഹിതം കൂടുതൽ വിശദമായി ദിനവൃത്താന്ത ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഏദോമിനെതിരേ യുദ്ധം ചെയ്യാൻ വേണ്ടി യൂദായിൽ നിന്നു ശേഖരിച്ച സൈന്യത്തിനു പുറമേ ഇസ്രായേലിൽ നിന്ന് പടയാളികളെ കൂലിക്കെടുത്തു. എന്നാൽ അവർ പരാജയത്തിനു കാരണമാകും എന്നു പ്രവാചകന്മാർ വഴി കർത്താവു അറിയിച്ചതിനാൽ അമാസിയാ അവരെ കൂലികൊടുത്തു തിരി ച്ചയച്ചു. യുദ്ധം ജയിച്ചാൽ കൂലിക്കു പുറമേ കൊള്ള മുതലും കിട്ടുമായി രുന്നതിനാൽ പടയാളികൾക്ക് ഇതിഷ്ടമായില്ല. കോപാക്രാന്തരായ അവർ മടങ്ങിപ്പോയ വഴിക്ക് യൂദാ നഗരങ്ങൾ കൊള്ളയടിച്ചു (2 ദിന 25,5-13). ഇതായിരുന്നു ഇസ്രായേലിനെതിരെ യുദ്ധം ചെയ്യാൻ അമാസിയായെ പ്രേരിപ്പിച്ച സംഭവം.

യൂദായെ പരാജയത്തിലേക്കു നയിച്ച ഈ യുദ്ധത്തിന് ദൈവശാ സ്ത്രപരമായ രണ്ടു വിശദീകരണങ്ങളും ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്നുണ്ട് (2 ദിന 25,14-16). ഏദോമിൽ നിന്നു ശേഖരിച്ച കൊള്ളവ സ്തുക്കളുടെ കൂടെ അവരുടെ വിഗ്രഹങ്ങളും ഉണ്ടായിരുന്നു. തോല്പി

ക്കപ്പെട്ട ജനത്തിന്റെ ദൈവിഗ്രഹങ്ങളെ ജോതാക്കൾ കൊണ്ടുപോയി പ്രതിഷ്ഠിക്കുകയും അവയെയും ആരാധിക്കുകയും പുരാതനകാലത്തു പതിവായിരുന്നു. ആ ദൈവങ്ങളുടെ സംരക്ഷണവും തങ്ങൾക്കു ലഭിക്കും എന്ന പ്രതീക്ഷയാണ് ഇതിന് അവരെ പ്രേരിപ്പിച്ചിരുന്നത്. എന്നാൽ ഏദോമിന്റെ വിഗ്രഹങ്ങൾ യൂദായ്ക്കു വിനയായി. വിഗ്രഹാരധനയുടെ പേരിൽ തന്നെ ശകാരിച്ച പ്രവാചകനെ അനുസരിക്കുന്നതിനു പകരം അയാൾക്കേതിരേ വധഭീഷണി മുഴക്കുകയാണ് അമാസിയാ ചെയ്തത്. ഏദോമിനെതിരെയുള്ള യുദ്ധത്തിനു മുൻപും വിജയത്തിനും ശേഷവും ഉള്ള അയാളുടെ നിലപാടുകൾ തമ്മിൽ കാതലായ അന്തരം ദൃശ്യമാണ്. വിഗ്രഹങ്ങളെ ആരാധിച്ചതും പ്രവാചക വചനം തിരസ്കരിച്ചതുമാണ് ഇസ്രായേലുമായുണ്ടായ വിനാശകരമായ യുദ്ധത്തിനു കാരണം എന്നു വി.ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നു.

ഇസ്രയേലിലെ കൂലിപ്പട്ടാളം യൂദാനഗരങ്ങളെ കൊള്ളയടിച്ചതിനു പകരം വീട്ടാൻ വേണ്ടിയാണ് അമാസിയാ യഹോവാഷുമായി യുദ്ധത്തിനൊരുങ്ങിയത്. ഇസ്രായേൽ രാജാവിന്റെ പക്വവും വിവേകപൂർണ്ണവുമായ മറുപടി അമാസിയായ്ക്കു തൃപ്തികരമായില്ല, വിവാഹാലോചന നടത്തിയ മുൾച്ചെടിയുടെ ഉപമ (2 രാജാ 25,18)യോഥാം പറഞ്ഞ കഥയെ (ന്യായ 9,7-15) അനുസ്മരിപ്പിക്കുന്നു. യുദ്ധത്തിന്റെ വിവരണം രണ്ടു ഗ്രന്ഥങ്ങളിലും ഒരു പോലെയാണ് അവതരിപ്പിച്ചിരിക്കുന്നത് (2 രാജാ 14,11-14; 2ദിന 25,21-24). ജറുസലെമിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ പടിഞ്ഞാറുള്ള നഗരമായ ബേത്ഷെമെഷിൽ വച്ച് ഇരുസൈന്യങ്ങളും ഏറ്റുമുട്ടി. അമാസിയായെ വധിക്കുകയും യൂദായെ ഇസ്രായേലിനോടു ചേർക്കുകയും ചെയ്യാമായിരുന്നെങ്കിലും അതിനു തുനിയാതെ കൊള്ള മുതൽ ശേഖരിച്ചു മടങ്ങിയത് യഹോവാഷിന്റെ വിവേകത്തിനും ദീർഘവീക്ഷണത്തിനും തെളിവാണ്.

പരാജിതനും അവഹേളിതനുമായ അമാസിയാ പതിനഞ്ചു വർഷം കൂടെ രാജ്യം ഭരിച്ചു എന്നു പറയുന്നുണ്ടെങ്കിലും അയാളുടെ മറ്റു പ്രവൃത്തികൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ബുദ്ധിശൂന്യവും വിനാശകരവുമായ യുദ്ധത്തിലേക്ക് യൂദായെ വലിച്ചിഴച്ചതിനാൽ അസംതൃപ്തരായ സൈനികരാവാം അയാൾക്കെതിരേ ഗൂഢാലോചന നടത്തിയത്. തന്റെ പിതാവിനെ ചതിയിൽ കൊന്നതിന്റെ പേരിൽ അമാസിയാ വധിച്ചവരുടെ ബന്ധുക്കൾ ഈ ഗൂഢാലോചനയ്ക്കു നേതൃത്വം നല്കിയെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഒളിച്ചോടിയ അമാസിയായെ ജെറുസലേമിൽ നിന്ന് ഏകദേശം 40 കി.മീ തെക്കു പടിഞ്ഞാറുള്ള നഗരമായ ലാഖിഷിൽ വച്ച് ഗൂഢാലോചനക്കാർ വധിച്ചു. രാജാവിനെ വധിച്ചവർ



ഇസ്രായേലിലെന്നതുപോലെ പുതിയൊരു രാജവംശത്തിനു തുടക്കം കുറിച്ചില്ല, കൂടുതൽ കൊലപാതകങ്ങൾക്കു വഴിയൊരുക്കിയതുമില്ല. രാജാവിന്റെ മൃതശരീരം ഘാതകർ തന്നെ ജറുസലെമിലേക്കു കൊണ്ടുവന്ന് രാജാക്കന്മാരുടെ കല്ലറയിൽ സംസ്കരിച്ചു. അമാസിയുടെ പുത്രൻ അസറിയായെ ജനം രാജാവായി അവരോധിച്ചു. ഇനി അങ്ങോട്ട് യൂദായ്ക്കും ഇസ്രയേലിനും സമ്പൽ സമൃദ്ധിയുടെ നാളുകളാണ്.

## b. ജെറൊബൊവാം II (ബി.സി. 783-743) 2 രാജാ 14,23-29

ഇസ്രായേലിനെ ഭരിച്ച രാജാക്കന്മാരിൽ ദാവീദു കഴിഞ്ഞാൽ ഏറ്റം പ്രഗത്ഭനായിട്ടാണ് ചരിത്രകാരന്മാർ ജെറൊബൊവാം രണ്ടാമനെ കാണുന്നത്. എന്നാൽ ബൈബിളിൽ വെറും ഏഴുവാക്യങ്ങൾ മാത്രമേ അയാളുടെ പ്രവർത്തനങ്ങൾ വിവരിക്കാനായി മാറ്റി വച്ചിട്ടുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ അയാളുടെ പേരുപോലും പറയുന്നില്ല. "കർത്താവിന്റെ ദൃഷ്ടിയിൽ തിന്മ പ്രവർത്തിച്ചു" എന്ന് വടക്കൻ രാജ്യമായ ഇസ്രയേലിലെക്കുറിച്ചും പറയുന്നുണ്ടെങ്കിലും അയാളുടെ നേട്ടങ്ങളെക്കുറിച്ചും സൂചന നല്കുന്നുണ്ട്. ഹാമാത്ത് കവാടം മുതൽ അരാബാകടൽ വരെ ഇസ്രയേലിന്റെ അതിർത്തി വികസിപ്പിച്ചതാണ് ജെറൊബൊവാമിന്റെ നേട്ടം. സോളമന്റെ കാലത്ത് ഇസ്രായേൽ സാമ്രാജ്യത്തിന്റെ വടക്കു കിഴക്കെ അതിർത്തിയായിരുന്നു ഹാമാത്ത് (1 രാജാ 8,65). ചാവുകടൽ ആണ് അരാബാക്ക മുഴുവൻ കീഴടക്കി രാജ്യം വിസ്തൃതിയും സുരക്ഷിതവുമാക്കാൻ ജെറൊബൊവാമിന് കഴിഞ്ഞു. പരാജയത്തിന്റെ പടുകുഴിയിൽ നിന്ന് ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം അയച്ച രക്ഷകനായിരുന്നു ജെറൊബൊവാം എന്ന് വി.ഗ്രന്ഥകാരൻ അംഗീകരിക്കുന്നുണ്ട് (2 രാജാ 14,27).

ശത്രുരാജ്യങ്ങളെ കീഴടക്കിയതിനു പുറമേ, യൂദായും ടയിറുമായി ജെറൊബൊവാം രമ്യതയിലെത്തി. ഇത് ദേശത്തിനു കൂടുതൽ ഭദ്രത നല്കി. അന്തർദ്ദേശീയ വാണിജ്യ പാതകൾ സുരക്ഷിതമായതോടെ വ്യാപാരം വികസിച്ചു. സോളമന്റെ കാലത്തെ അതിശയിക്കുന്ന സമ്പൽ സമൃദ്ധി ദേശത്തു സംജാതമായി. സമറിയായിൽ നിന്ന് പുരാവസ്തു ഗവേഷകർ കുഴിച്ചെടുത്ത മനോഹരമായ മാളികകളുടെയും, ആനക്കൊമ്പു പതിച്ച ഗൃഹോപകരണങ്ങളുടെയും മറ്റു വിലപിടിച്ച ആഡംബര വസ്തുക്കളുടെയും അവശിഷ്ടങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയ്ക്കു തെളിവാണ്.

പുറമെ നിന്നു നോക്കുമ്പോൾ ദേശം സുരക്ഷിതവും സമ്പൽ സമൃദ്ധവും ആയിരുന്നെങ്കിലും ഉള്ളിൽ അതിരറ്റ അക്രമവും അഴിമതിയും നടമാടിയിരുന്നു. ദേശത്തിന്റെ സമ്പത്തു മുഴുവൻ ഒരു ന്യൂനപക്ഷത്തിന്റെ

കൈകളിൽ ഒതുങ്ങി. ബഹുഭൂരിപക്ഷവും കഠിനമായ ചൂഷണത്തിനും പീഢനങ്ങൾക്കും ഇരയായി. കൈക്കൂലി വാങ്ങിയ ന്യായാധിപന്മാർ അന്യായം വിധിച്ചു. അനേകർ അടിമച്ചന്തകളിൽ വിലപേശിലിനിരയായി. ദേവാലയങ്ങളിൽ നടന്ന വിഗ്രഹാരാധനയും ഉത്സവാഘോഷങ്ങളും അനീതിക്കു മറപിടിച്ചു. ജെറൊബൊവാം രണ്ടാമന്റെ ഭരണം അതിന്റെ അവസാനത്തോടടുത്തപ്പോൾ ഈ അവസ്ഥ അസഹിനയമായിത്തീർന്നു. അപ്പോഴാണ് വിട്ടുവീഴ്ചയില്ലാത്ത കർത്താവിന്റെ വിധി വാചകവുമായി ആമോസ്, ഹോസിയാ എന്നീ കരുത്തരായ പ്രവാചകന്മാർ രംഗപ്രവേശം ചെയ്തത്. അവരുടെ പേരിലുള്ള പുസ്തകങ്ങളിൽ നിന്ന് ഈ കാലഘട്ടത്തിന്റെ വ്യക്തമായ ഒരു ചിത്രം ലഭിക്കും.

**c. അസറിയാ (ഉസിയാ ബി.സി. 781–740 2 രാജാ 15,1–7; 2 ദിന 26,1–23**

ജെറൊബൊവാം രണ്ടാമന്റെ സമകാലികനായ യൂദാ രാജാവിനെ രാജാക്കന്മാരുടെ പുസ്തകത്തിൽ മാത്രം അസറിയാ എന്നും മറ്റു ബൈബിൾ ഗ്രന്ഥങ്ങളിൽ ഉസിയാ എന്നും വിളിക്കുന്നു. "യാഹ്‌വേ സഹായിച്ചു" എന്നാണ് അസറിയാ എന്ന പേരിന് അർത്ഥം; ഉസിയാ എന്നാൽ "യാഹ്‌വേ ആണ് എന്റെ ശക്തി" എന്നും ഒരാൾ രണ്ടു വ്യത്യസ്ത പേരുകളിൽ അറിയപ്പെടാൻ കാരണമെന്തെന്ന് വ്യക്തമല്ല. അസറിയാ രാജകുമാരന് സ്ഥാനാരോഹണ സമയത്ത് നല്കിയ പുതിയ പേരാണ് ഉസിയാ എന്നു ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

യൂദായെ ഭരിച്ച അതിശക്തരായ രാജാക്കന്മാരിൽ ഒരുവനായിരുന്നു ഉസിയാ. അമ്പത്തിരണ്ടു വർഷം ഭരണം നടത്തിയ അയാൾക്കു കുഷ്ഠരോഗം ബാധിച്ചതൊഴിച്ച് മറ്റൊന്നും തന്നെ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാനാരോഹണം, ഭരണ ദൈർഘ്യം, മരണം, പൂജാഗിരികൾ നശിപ്പിച്ചില്ല എന്നീ പല്ലവിക്കു പുറമെ അയാൾ കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിച്ചു എന്നു മാത്രമേ പറയുന്നുള്ളൂ. വെറും ഏഴു വാക്യങ്ങളിൽ വിവരണം ഒതുക്കിയിരിക്കുന്നു. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഉസിയായുടെ വിവിധങ്ങളായ നേട്ടങ്ങളും അവസാനം ഉണ്ടായ പാളിച്ചകളും വിവരിക്കുന്നുണ്ട്.

ഉസിയായുടെ ജീവിതം രണ്ടു ഘട്ടമായി തിരിച്ചാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ആദ്യഘട്ടം ബഹുവിധ നേട്ടങ്ങളുടെതായിരുന്നു. സഖറിയായുടെ ഉപദേശമനുസരിച്ച് കർത്താവിനോടു ഭക്തനായിരുന്നിടത്തോളം കാലം അയാൾക്കു വിജയം കൈവരിക്കാൻ കഴിഞ്ഞു എന്ന പ്രസ്താവന (2 ദിന 26,5) ദൈവശാസ്ത്രപരമായ ഒരു വിശദീകരണമാണ്. യോവാഷ് രാജാവിന്റെ ചരിത്രം അവതരിപ്പിച്ചപ്പോൾ



കണ്ട അതേ നിലപാടാണ് (2 ദിന 25,2.17) ഇവിടെയും വി.ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്. അയൽ രാജ്യങ്ങളുടെമേൽ ആധിപത്യം, രാജ്യരക്ഷാ സംവിധാനങ്ങൾ, കാർഷിക രംഗത്തെ നൂതനാഭിമുഖ്യങ്ങൾ, സൈന്യസന്നാഹങ്ങൾ എന്നിങ്ങനെ നാലു മേഖലകളായി തിരിച്ച് ഉസിയായുടെ നേട്ടങ്ങൾ അവതരിപ്പിക്കുന്നു.

ഏദോമ്യരുടെമേൽ അമോസിയാ നേടിയ വിജയം ഉസിയാ പൂർണ്ണമാക്കി. ചെങ്കടൽ തീരത്തെ ഏലാത്ത് തുറമുഖം വീണ്ടെടുത്തു (2 ദിന 26,2). അതോടൊപ്പം സോളമന്റെ കാലത്തുണ്ടായിരുന്ന ഖനികൾ വീണ്ടും പ്രവർത്തനക്ഷമമാക്കുകയും കടൽ വ്യാപാരം പുനരാരംഭിക്കുകയും ചെയ്തുവെന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഫിലിസ്ത്യരുടെ പ്രദേശം മുഴുവൻ കീഴടക്കി പുതിയ പട്ടണങ്ങൾ പണിതു. ചാവുകടലിനു തെക്കുകിഴക്കുള്ള അമ്മോന്യരുടെമേൽ വീണ്ടും ആധിപത്യം ഉറപ്പിച്ചു (2 ദിന 26,6–8). അങ്ങനെ വടക്ക് ജെറൊബൊവാമും തെക്ക് ഉസിയായും ഒരുമിച്ച് ദാവിദീന്റെ സാമ്രാജ്യം പഴയ അതിർത്തികൾ വരെ പുനഃസ്ഥാപിച്ചു. ജറുസലെം നഗരം കോട്ടയും ഗോപുരങ്ങളും വഴി സുരക്ഷിതമാക്കിയതിനു പുറമേ, തന്ത്രപ്രധാനമായ നഗരങ്ങളിലെല്ലാം കോട്ടകൾ പണിത് രാജ്യം സുരക്ഷിതമാക്കുകയും ചെയ്തു.

നെഗെബ് മരുഭൂമിയിൽ കിണറുകൾ കുഴിച്ച് അതു ജനവാസയോഗ്യമാക്കി. ഉസിയായുടെ കാലത്തേതുപോലെ മറ്റൊരിക്കലും ആ പ്രദേശം ജനനിബിഡമായിരുന്നില്ല എന്നു പുരാവസ്തു ഗവേഷകർ തെളിയിച്ചിട്ടുണ്ട്. ഇടയന്മാർക്കും കർഷകർക്കും പ്രത്യേകമായ പ്രോത്സാഹനം നല്കി (2 ദിന 26,10–11). സുശക്തവും വിപുലവുമായ ഒരു സൈന്യത്തെ ശേഖരിച്ചതിനു പുറമെ, അവർക്ക് ആവശ്യമായ എല്ലാവിധ ആയുധങ്ങളും നിർമ്മിച്ചു. കോട്ടകളെ സംരക്ഷിക്കുന്നതിന് ഉപയുക്തമായ യന്ത്രസംവിധാനങ്ങൾ സൈനികരംഗത്തെ ഉസിയായുടെ പരിഷ്കാരമായിരുന്നു (2 ദിന 26,12–15). പീരങ്കിയുടെ ഒരു പ്രാകൃത രൂപമായി ഇതിനെ കരുതാവുന്നതാണ്.

ഉസിയാ രാജാവിന് കുഷ്ഠരോഗം ബാധിച്ചതിന് ദൈവശാസ്ത്രപരമായ ഒരു വിശദീകരണവും വി.ഗ്രന്ഥകാരൻ നല്കുന്നുണ്ട് (26,16–19). ദേവാലയത്തിൽ ധൂപം അർപ്പിക്കാൻ തുനിഞ്ഞതും പുരോഹിതന്മാരോടു കയർത്തതും രാജാവിന്റെ അഹങ്കാരത്തിന്റെ അടയാളമായി എടുത്തുകാട്ടുന്നു. തന്നെ തടയാൻ ശ്രമിച്ച പുരോഹിതന്മാരോടു കോപിച്ച ക്ഷണത്തിൽ രാജാവിന്റെ നെറ്റിയിൽ കുഷ്ഠം പ്രത്യക്ഷപ്പെട്ടു. അതു കർത്താവിന്റെ ശിക്ഷയാണെന്നു മനസിലാക്കിയ രാജാവ് വേഗം ദേവാലയത്തിൽ നിന്നു പുറത്തുകടന്നു. മരണം വരെ ഒരു പ്രത്യേക വസതിയിൽ കഴിഞ്ഞു

(2 ദിന 26,20-21). ദാവീദും സോളമനും കർത്താവിനു ബലിയർപ്പിച്ചതിൽ കുറ്റം കാണാത്തവർ എന്തുകൊണ്ട് ഉസിയാ ധൂപം അർപ്പിച്ചതിനെ കുറ്റകരമായി ചിത്രീകരിക്കുന്നു എന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരമില്ല. ദേവാലയത്തിൽ ബലിയർപ്പിക്കുക പുരോഹിതന്മാരുടെ മാത്രം അവകാശമാണെന്നു എടുത്തുകാട്ടാൻ വേണ്ടി ദിനവൃത്താന്തഗ്രന്ഥകാരൻ നല്കുന്ന ഒരു വിശദീകരണമാണ് ഉസിയായുടെ കുഷ്ഠവും ബലിയർപ്പണവും തമ്മിലുള്ള ബന്ധം എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഉസിയാ മരിച്ച വർഷമാണ് ഏശയ്യാ പ്രവാചകനു വിളി ലഭിച്ചത് (ഏശ 6,1).

**വിചിന്തനം**: വളരെയേറെ കഴിവുകളുള്ള ഒരു നല്ല രാജാവായിരുന്നു ഉസിയാ. അയാൾ ജനനന്മയ്ക്കുതകുന്ന അനേകം കാര്യങ്ങൾ ചെയ്തു. പക്ഷെ തനിക്കു ലഭിച്ച വിജയമെല്ലാം സ്വന്തം കഴിവുകൊണ്ടു നേടിയതാണെന്നു തെറ്റിദ്ധരിച്ച അയാളിൽ അഹങ്കാരം നിറഞ്ഞു. അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്. അതു ഹൃദയത്തെ അന്ധവും അശുദ്ധവുമാക്കുന്നു. "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കേ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?" (1 കോറി 4,7).

### 4. ഇസ്രായേലിന്റെ പതനം 2 രാജാ 15,8-17,41; 2 ദിന 27-28

ജെറൊബൊവാം രണ്ടാമന്റെ മരണത്തോടെ ഇസ്രായേലിന്റെ സുവർണ്ണ ദശ അവസാനിച്ചു. പ്രതാപത്തിന്റെ ഉച്ചകോടിയിൽ നിന്ന് നാശത്തിന്റെ പടുകുഴിയിലേക്കു കുപ്പുകുത്തി തകർന്നടിയുന്ന ഒരു രാജ്യത്തിന്റെ ചിത്രമാണ് അടുത്ത ഇരുപതു വർഷത്തെ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ബി.സി. 721ൽ സമരിയാ നശിപ്പിക്കപ്പെട്ടു. ആഭ്യന്തര കലാപങ്ങളും അന്തർദ്ദേശീയ സംഭവ വികാസങ്ങളും ഈ തകർച്ചയ്ക്ക് കാരണമായി. ബി.സി. 743 മുതൽ 721 വരെയുള്ള കാലഘട്ടത്തിൽ വടക്കൻ രാജ്യമായ ഇസ്രായേലിൽ ആറു രാജാക്കന്മാർ ഭരിച്ചു. അവരിൽ ഒരാൾ മാത്രമേ സ്വഭാവികമായി മരിച്ചുള്ളൂ. നാലുപേർ ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടു. അവസാനത്തെ രാജാവ് അസീറിയായുടെ തടവുകാരനായി. ഇസ്രായേലിനെ അപേക്ഷിച്ച് യൂദായിൽ ഭരണ സ്ഥിരതയുണ്ടായിരുന്നെങ്കിലും അന്താരാഷ്ട്ര സംഭവങ്ങളുടെ പ്രത്യാഘാതങ്ങൾ യൂദായ്ക്കും വളരെയേറെ ഹാനികരമായി.

സംഭവബഹുലമായ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിലേക്ക് പഠനവിഷയമായ ബൈബിൾ ഭാഗങ്ങൾക്കുപുറമേ ഹോസിയാ, ഏശയ്യാ, മിക്കാ എന്നീ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളും വെളിച്ചം വീശുന്നുണ്ട്.



തിഗ്ലാത് പിലേസർ III (745-727); ഷൽമനേസർ V (727-722); സാർഗൺ II (722-705) എന്നീ അശിറിയ ചക്രവർത്തിമാരുടെ ദിനവൃത്താന്തങ്ങളും ഈ കാലഘട്ടത്തെക്കുറിച്ച് വിശദമായ അറിവുകൾ നല്കുന്നുണ്ട്. അസീറിയൻ ചക്രവർത്തിമാരുടെ ദിനവൃത്താന്തങ്ങൾ കളിമൺ ഫലകങ്ങളിൽ എഴുതിയവയും കല്ലിൽ കൊത്തിയവയുമായി നമുക്കു ലഭിച്ചിട്ടുണ്ട് (see Ancient Near Estern Texts-ANET-Ed. by J.B. Pritchard, Princeton, New Jersey 1966 PP 269-301; especially PP 282-286).

പഠന വിഷയമായ കാൽ നൂറ്റാണ്ടുകാലത്തെ സംഭവങ്ങൾ മനസിലാക്കാൻ ആ കാലഘട്ടത്തിലെ മധ്യപൗരസ്ത്യ പൊതു രാഷ്ട്രീയാന്തരീക്ഷത്തെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും ഉണ്ടായിരിക്കുക ആവശ്യമാണ്. സാവൂൾ മുതൽ അസറിയാ-ജെറൊബൊവാം രണ്ടാമൻ വരെയുള്ള രാജാക്കന്മാരെല്ലാവരും തന്നെ അയൽ രാജ്യങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള യുദ്ധങ്ങളിലോ സമാധാന ഉടമ്പടികളിലോ ഏർപ്പെട്ടിരുന്നു. എന്നാൽ അവയെല്ലാം പ്രായേണ ചെറിയ രാജ്യങ്ങളായിരുന്നു. കിഴക്ക് മെസൊപ്പൊട്ടാമിയായിലും പടിഞ്ഞാറ് ഈജിപ്തിലും ഉള്ള വൻ സാമ്രാജ്യ ശക്തികൾ ആ കാലയളവിൽ പൊതുവേ ദുർബലരായിരുന്നതിനാൽ യൂദാ-ഇസ്രായേൽ രാജ്യങ്ങൾക്ക് അവയുമായി അധികമൊന്നും ഇടപെടേണ്ടിവന്നിരുന്നില്ല. എന്നാൽ 8-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷം സംജാതമായി.

ബി.സി. 745ൽ തിഗ്ലാത് പിലേസർ മൂന്നാമൻ അസീറിയായുടെ അധിപനായി ഭരണമേറ്റു. മുൻഗാമികളക്കാളെല്ലാം ശക്തനും പരാക്രമങ്ങൾ അടിച്ചമർത്തി. തെക്ക് ബാബിലോണിനെയും വടക്ക് ഉരാർത്തു രാജ്യത്തെയും അവരുടെ അതിർത്തികൾക്കുള്ളിൽ ഒതുക്കി നിർത്താൻ അയാൾക്കു കഴിഞ്ഞു. തുടർന്ന് യൂഫ്രട്ടീസിന് പടിഞ്ഞാറോട്ട് പടയോട്ടം ആരംഭിച്ചു. മധ്യധരണ്യാഴി വരെയുള്ള രാജ്യങ്ങൾ മുഴുവൻ കീഴടക്കുകയായിരുന്നു ലക്ഷ്യം. ഇതിനുമുമ്പും അസീറിയൻ ചക്രവർത്തിമാർ ഇപ്രകാരമുള്ള പടയോട്ടങ്ങൾ നടത്തിയിട്ടുണ്ട്. ഷൽമനേസർ മൂന്നാമനെ ആഹാബ്-ബെൻഹദാദ് സഖ്യം 852ൽ ഖർഖാരിൽ വച്ചു തടഞ്ഞത് നാം കണ്ടു. അദാദ് നിരാരി മൂന്നാമൻ ഈ പ്രദേശങ്ങളുടെമേൽ വിജയം വരിച്ചെങ്കിലും ഹസായേലിന്റെ ഡമാസ്കസ് പിടിച്ചടക്കാൻ കഴിയാതെ പിന്തിരിഞ്ഞതും നാം കണ്ടുകഴിഞ്ഞു. അവരൊക്കെ ഒരു പടയോട്ടം നടത്തി, കപ്പം പിരിക്കാൻ മാത്രമേ ശ്രദ്ധിച്ചുള്ളൂ. എന്നാൽ തിഗ്ളാത് പിലേസറിന്റെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. വിജയിച്ചു കൊള്ളമുതലുമായി തിരിച്ചു പോകാനല്ല, കീഴടക്കിയ രാജ്യങ്ങളെ അസീറിയായുടെ ഭാഗമാക്കി മാറ്റാനാണ് അയാൾ ശ്രമിച്ചത്.

തിഗ്ളാത് പിലേസർ മൂന്നാമൻ യൂഫ്രട്ടീസിനു പടിഞ്ഞാറു നേടിയ ആദ്യവിജയങ്ങളുടെ പട്ടികയിൽ 'അസറിയാവു യവുദി' നയിച്ച സഖ്യ ശക്തികളെ തകർത്തതിന്റെ വിശദമായ ഒരു വിവരണം നല്കുന്നുണ്ട്. ഇതിനെക്കുറിച്ചു ബൈബിളിൽ പരാമർശിക്കുന്നില്ലെങ്കിലും യൂദായിലെ അസറിയാ ആണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. ജെറൊബൊവാം രണ്ടാമന്റെ മരണത്തിനുശേഷം ബി. സി. 743 ൽ നടന്ന യുദ്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കുഷ്ഠ രോഗിയും വൃദ്ധനും ആയെങ്കിലും യൂഫ്രട്ടീസിനു പടിഞ്ഞാറ് അന്നു ണ്ടായി രുന്ന ഏറ്റം ശക്തനും പരിചയസമ്പന്നനുമായ രാജാവായിരുന്നു അസറിയാ. ഇസ്രായേൽ, സിറിയാ, ഹാമാത്ത് മുതലായ രാജ്യങ്ങളെല്ലാം ഒരുമിച്ച് തിഗ്ളാത് പിലേസറിനെ എതിരിട്ടെങ്കിലും അവർക്കു വിജയി ക്കാൻ കഴിഞ്ഞില്ല. അസീറിയാ കൂടുതൽ കൂടുതൽ അക്രമാസക്തമാ യി. അവരെ ചെറുത്തു നിൽക്കാൻ ആർക്കും സാധിച്ചില്ല. ഈജിപ്ത് ആഭ്യന്തര കലാപങ്ങളാൽ തീർത്തും ദുർബലമായിത്തീർന്നിരുന്നു. ഇനി അങ്ങോട്ടുള്ള ഇസ്രായേൽ-യൂദാചരിത്രം സാമ്രാജ്യ ശക്തികൾ പരത്തിയ മരണത്തിന്റെ നിഴലായാണ് ചുരുളഴിയുന്നത്.

### a. ഇസ്രായേലിലെ അഞ്ചു രാജാക്കന്മാർ 2 രാജാ 15,8-31

ബി.സി. 743ൽ ജെറൊബൊവാം രണ്ടാമൻ മരിച്ചു. അതോടെ കൊടുങ്കാറ്റിൽപ്പെട്ട കപ്പൽ പോലെയായി ഇസ്രായേൽ രാജ്യത്തിന്റെ അവ സ്ഥ. അസീറിയ ഉയർത്തിയ കൊടുങ്കാറ്റിൽ മുങ്ങാൻ പോകുന്ന കപ്പ ലിനെ നിയന്ത്രിക്കാൻ കഴിവുള്ള നേതാക്കന്മാർ ഇസ്രായേലിൽ ഉണ്ടാ യിരുന്നില്ല. രാജ്യം ആഭ്യന്തര കലാപത്തിൽ മുഴുകി. അധികാരമത്സര ത്തിൽ പത്തുവർഷത്തിനകം നാലുപേർ രാജത്വം അവകാശപ്പെടുത്തി. കൊല ചെയ്യപ്പെട്ടു. ദേശത്ത് അനീതിയും തേർ വാഴ്ച നടത്തി. ഈ കാലഘട്ടത്തിന്റെ വ്യക്തമായ ചിത്രം ഹോസിയാ 7,1-7; 8,4; 10,3-4 വായി ച്ചാൽ ലഭിക്കും.

### i. സഖറിയാ (ബി.സി. 743) 2 രാജാ 15,8-12

നാല്പത്തൊന്നു വർഷത്തെ സുദീർഘമായ ഭരണത്തിനുശേഷം ജെറൊബൊവാം രണ്ടാമൻ മരിച്ചപ്പോൾ മകൻ സഖറിയാ ഇസ്രായേ ലിൽ രാജാവായി. "യാഹ്വേ അനുസ്മരിച്ചു" എന്നാണ് പേരിന്റെ അർത്ഥം. പിതാവിന്റെ ഗുണങ്ങൾ ഒന്നുംതന്നെ സ്വന്തമായി ഇല്ലാതിരുന്ന അയാൾക്ക് ആറുമാസം മാത്രമേ ഭരിക്കാൻ കഴിഞ്ഞുള്ളൂ. ഷല്ലും അയാളെ ഗൂഢാലോചനയിൽ വധിച്ചപ്പോൾ യേഹുവിന്റെ കുടുംബത്തെക്കുറിച്ചു നല്കപ്പെട്ട പ്രവാചക വചനം (2 രാജാ 10,30) പൂർത്തിയായി. യൂദാരാജാ



വായി അഹസിയായെ യേഹു മാരകമായി മുറിവേല്പിച്ചത് ഇബ്ശയാ മിന് അടുത്തുവച്ചായിരുന്നു (2 രാജാ 9,27). അഴിടെവച്ച് യേഹുവിന്റെ നാലാം തലമുറയിലെ പുത്രനെ വധിച്ച് രാജവംശത്തെ അവസാനിപ്പി ച്ചത് ആഹാബിനും ജെസബെല്ലിനുമെതിരേ ഉണ്ടായ പ്രവചനത്തിന്റെ പൂർത്തീകരണത്തെ അനുസ്മരിപ്പിക്കുന്നു.

### ii. ഷല്ലും (ബി.സി. 743) 2 രാജാ 15,13-15

യാബെഷിന്റെ പുത്രൻ എന്നല്ലാതെ ഷല്ലുമിനെക്കുറിച്ച് മറ്റു യാതൊരു വിവരവും വി.ഗ്രന്ഥകാരൻ നല്കുന്നില്ല. ദൈവ നിയോഗമോ, പ്രവാചക പിന്തുണയോ, ജനത്തിന്റെ അംഗീകാരമോ അയാൾക്കുണ്ടാ യിരുന്നില്ല. രാജാവിനെതിരേ ഗൂഢാലോചനയ്ക്ക് അയാളെ പ്രേരിപ്പിച്ച കാരണം അധികാര മോഹം മാത്രമായിരുന്നു. ഒരു മാസത്തിനകം അയാളും വധിക്കപ്പെട്ടു. അങ്ങനെ ഇസ്രായേലിൽ ഏറ്റം കുറഞ്ഞ കാലം ഭരിച്ച രാജാക്കന്മാരുടെ രണ്ടാം സ്ഥാനം അയാൾക്കു ലഭിച്ചു. ഏഴു ദിവസം ഭരിച്ച സിമ്രിക്കാണ് ഒന്നാം സ്ഥാനം (1 രാജാ 16,15). രാജ്യം ആഭ്യന്തര മായി എത്രമാത്രം ദുർബലമായിത്തീർന്നു എന്നതിന്റെ അടയാളമാണ് തുടരെത്തുടരെയുണ്ടായ കൊലപാതകങ്ങളും അധികാര മാറ്റവും.

### iii മെനാഹെം (743-738) 2 രാജാ 15,16-22

ചതിയിൽ കൊല്ലപ്പെട്ട സഖറിയാ ഒരു സേനാധിപതിയായിരുന്നു മെനാഹെ എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. 'ആശ്വാസകൻ' എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളുടെ ഭരണം ഇസ്രായേ ലിന് ഒരാശ്വാസവും നല്കിയില്ല. തന്നെ രാജാവായി അംഗീകരിക്കാൻ വിസമ്മതിച്ച തപ്പുവാ നഗരം നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന ഗർഭിണികളുടെ ഉദരം പിളർക്കുകയും ചെയ്തത് അതി ക്രൂരമായ പ്രതി കാര നടപടിയാണ്. 'തപ്പുവാ' എന്ന പേര് ഗ്രീക്കു വിവർത്തനമാണ്. ഹീബ്രുവിൽ തിഫ്സാ എന്നാണ് നഗരം അറിയപ്പെടുന്നത്. ഷെക്കെമിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ തെക്ക്, മനാസ്സെയുടെ ഗോത്രാതിർത്തി യിലുണ്ടായിരുന്ന ഒരു പട്ടണമാണിത് (ജോഷ്വാ 17,7-8).

അസീറിയാ രാജാവായ 'പൂൽ' ഇസ്രായേലിനെ ആക്രമിച്ചപ്പോൾ ആയിരം താലന്തു വെള്ളി സമ്മാനിച്ച് അയാളെ പിന്തിരിപ്പിച്ചതാണ് മെനാ ഹിന്റെ മറ്റൊരു ചെയ്തി. തിഗ്ലാത് പിലേസർ മൂന്നാമൻ ബി.സി. 729ൽ ബാബിലോൺ കീഴടക്കി അവിടെ രാജാവായി സ്വയം പ്രഖ്യാപിച്ചപ്പോൾ സ്വീകരിച്ച സ്ഥാനപ്പേരാണ് 'പൂൽ' ദിനവൃത്താന്ത ഗ്രന്ഥത്തിൽ 'തിൽഗത്ത് പിൽനേസർ' (2 ദിന 28,20) എന്നാണ് ഈ രാജാവിനെ വിളി ക്കുന്നത്. താൻ കീഴടക്കി കപ്പം വാങ്ങിയവരുടെ പട്ടികയിൽ തിഗ്ലാത്ത്

പിലേസർ ഇസ്രായേൽ രാജാവായ മെനാഹെമിന്റെ പേരും ചേർത്തിട്ടുണ്ട്. ബി.സി. 743ൽ അസിറിയായുടെ നേതൃത്വത്തിൽ ചെറുത്തുനില്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ട സാഹചര്യത്തിലാവാം മെനാഹെം ആയിരം താനന്ത് (ഏകദേശം 35 ടൺ) വെള്ളി കൊടുത്ത് സമാധാനം വിലയ്ക്കുവാങ്ങിയത്. അതിനായി 50 ഷെക്കൽ (550 ഗ്രാം) വെള്ളി വീതം ഇസ്രായേൽ പൗരന്മാരിൽ നിന്ന് നികുതിയായി പിരിച്ചെടുത്തു (2 രാജാ 15,20). ഈ സാഹചര്യങ്ങളൊന്നും വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നില്ല. തന്റെ സിംഹാസനം ഉറപ്പിക്കുക എന്ന ഏകലക്ഷ്യമേ മെനാഹെമിൽ ആരോപിക്കുന്നുള്ളൂ. കപ്പം അസീറിയാ രാജാവ് പിന്തിരിഞ്ഞെങ്കിലും ഇസ്രായേലിനു സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ഇനി അസീറിയായുടെ ഒരു സാമന്തരാജ്യം എന്ന നിലയേ ഇസ്രായേലിനുള്ളു. അതിനോടു യോജിക്കാത്ത അനേകർ ഇസ്രായേലിലുണ്ടായിരുന്നു. മെനാഹെമിന്റെ മരണത്തിനുശേഷം അയാളുടെ പുത്രന്മാരെ കലാപമുണ്ടാകാൻ ഇതു കാരണമായി.

### iv. പെക്കാഹിയാ (738-737) 2 രാജാ 15,23-26

യാഹ്‌വേ (കണ്ണുകൾ) തുറന്നു' എന്നാണ് പെക്കാഹിയാ എന്ന പേരിന്റെ അർത്ഥം. മെനാഹെമിന്റെ പുത്രനായ ഇയാൾ രാജാവായി രണ്ടു വർഷത്തിനു മുമ്പേ പടനായകനായ പെക്കാഹിനാൽ കൊല്ലപ്പെട്ടു. പിതാവും പുത്രനും അസീറിയായോടു സ്വീകരിച്ച വിധേയത്വത്തിന്റെ നിലപാടിനോടുള്ള എതിർപ്പാണ് ഈ കൊലപാതകത്തിനു പ്രേരിപ്പിച്ചത് എന്ന് അനുമാനിക്കാം. ഇസ്രായേൽ രാജാക്കന്മാർക്കെതിരേ പൊതുവേ നിരത്തുന്ന ആരോപണങ്ങളൊഴികെ മറ്റൊന്നും തന്നെ വി.ഗ്രന്ഥകാരൻ പെക്കാഹായിയാക്കുറിച്ചു രേഖപ്പെടുത്തിയിട്ടില്ല.

### V. പെക്കാഹ് (787-732) 2 രാജാ 15,27-31

പെക്കാഹിയായുടെ സേനാനായകനായിരുന്നു ഗിലയാദുകാരനായ പെക്കാഹ്. രണ്ടു പേരുകളുടെയും അർത്ഥം ഒന്നുതന്നെ. അയാൾ ഇസ്രായേലിൽ ഇരുപതു വർഷം ഭരിച്ചു എന്ന പ്രസ്താവന മുഴനിലയ്ക്ക് എടുക്കാനാവില്ല. ബൈബിളിലെതന്നെ കണക്കുകളും അസീറിയാ രാജാവിന്റെ ദിനവൃത്താന്തങ്ങളും പരിഗണിക്കുമ്പോൾ ആറു വർഷമേ അയാൾ ഇസ്രായേലിൽ രാജാവായി ഇരുന്നുള്ളൂ എന്ന് വ്യാഖ്യാതാക്കൾ സമർത്ഥിക്കുന്നു. ഇരുപതു വർഷത്തെ ഭരണത്തിന് മറ്റൊരു വിശദീകരണം നല്കാറുണ്ട്. ജെറൊബൊവാമിന്റെ മരണത്തെതുടർന്ന് അയാൾ ഗിലയാദിൽ അധികാരം സ്ഥാപിച്ച് ഭരണം ആരംഭിച്ചു. മെനാഹെമിന്റെ കാലത്തും അയാൾ ഗിലയാദിൽ ഭരണം തുടർന്നു. ഇത് മെനാഹാമിന്റെ നിലനില്പിനു തന്നെ ഭീഷണിയായി. അസീറിയാ രാജാവിന് സമ്മാനം നല്കി



മെനാഹെം തന്റെ സിംഹാസനം ഉറപ്പിച്ചു എന്ന് 2 രാജാ 15,19ൽ പറയുന്നത് ഈ പശ്ചാത്തലത്തിലായിരിക്കും. തിഗ്ലാത്ത് പിലേസറിന്റെ പിന്തുണ മെനാഹെമിനു ലഭിച്ചപ്പോൾ പെക്കാഹ് കീഴടങ്ങി. അതിനാൽ അയാളെ ഇസ്രായേൽ രാജാവ് തന്റെ ഒരു സേനാധിപനാക്കി ബഹുമാനിച്ചു. എന്നാൽ മെനാഹെമിന്റെ മരണത്തിനുശേഷം പെക്കാഹിയായെ വധിച്ച് സ്വയം രാജാവായി. ഈ കാലഘട്ടം മുഴുവൻ കണക്കിലെടുത്തുകൊണ്ട് വണം ഇരുപതു വർഷം എന്നു പറയുന്നത്.

രാജാവായ ഉടനെ പെക്കഹ് സിറിയായുമായി സഖ്യം ചെയ്തു സമീപസ്ഥരയ മറ്റു പല ചെറിയ രാജ്യങ്ങളും സഖ്യത്തിൽ ചേർന്നു. അസീറിയായ്ക്കെതിരേ വലിയൊരു പ്രതിരോധനിര സൃഷ്ടിക്കുകയായിരുന്നു സഖ്യത്തിന്റെ ലക്ഷ്യം. അതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ യൂദാ രാജാക്കന്മാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തിയാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. അസീറിയായുടെ ആക്രമണത്തിൽ ഇസ്രായേലിനുണ്ടായ നഷ്ടവും പെക്കാഹിന്റെ മരണവും ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് യൂദാ രാജാക്കന്മാരിലേക്കു ശ്രദ്ധതിരിക്കുന്നു.

## b. യൂദായിലെ രണ്ടു രാജാക്കന്മാർ

### യോഥാം (740-736) 2 രാജാ 15,32-38; 2 ദിന 27,1-9

"യാഹ്‌വേ പൂർത്തിയാക്കട്ടെ" എന്നാണ് യോഥാം എന്ന പേരിന്റെ അർത്ഥം. ഉസിയാ കുഷ്ഠരോഗിയായിത്തീർന്നതുമുതൽ യുവരാജാവായ യോഥാമാണ് രാജ്യം ഭരിച്ചിരുന്നത്. ആ കാലഘട്ടം കൂടി കണക്കിലെടുത്തുകൊണ്ടാവണം 16 വർഷം അയാൾ യൂദായെ ഭരിച്ചു എന്നു പറയുന്നത്. നീതിമാനായ ഒരു രാജാവായിട്ടാണ് ഇരു ഗ്രന്ഥങ്ങളും യോഥാമിനെ ചിത്രീകരിക്കുന്നത്. ഉസിയായുടെ കാലത്തെ സമ്പൽസമൃദ്ധി പുത്രന്റെ കാലത്തും തുടർന്നു. ജറുസലെം പട്ടണം കൂടുതൽ ബലിഷ്ഠമാക്കിയതിനു പുറമേ, ദേശത്തിന്റെ തന്ത്ര പ്രധാനമായ പല ഭാഗങ്ങളിലും കോട്ടകൾ പണിത് രാജ്യവും സുരക്ഷിതമാക്കി. അസീറിയായുടെ ആക്രമണം യൂദായെ ബാധിച്ചില്ല. അമ്മോന്യരുടെമേൽ ആധിപത്യം സ്ഥാപിക്കാനും അവരിൽനിന്നു വലിയ തുക കപ്പമായി ഈടാക്കാനും യോഥാമിനു കഴിഞ്ഞു. ഏലാത്ത് തുറമുഖത്തു നിന്ന് പുരാവസ്തു ഗവേഷകർ യോഥാമിന്റെ മുദ്ര പതിച്ച ഒരു നാണയം കണ്ടെടുക്കുകയുണ്ടായി. ഏദോമും അയാളുടെ അധീനതയിലായിരുന്നു എന്ന് അനുമാനിക്കാൻ ഇതു സഹായിക്കുന്നു. എന്നാൽ യോഥാമിന്റെ ഭരണത്തിന്റെ അവസാന വർഷം യൂദായുടെ ദുരിതങ്ങൾ ആരംഭിച്ചു (2 രാജാ 15,37).

യൂഫ്രട്ടീസിനു പടിഞ്ഞാറുള്ള ഏറ്റം ശക്തമായ രാജ്യമായിരുന്നു യോഥാം ഭരിച്ച യൂദാ. അസീറിയായ്ക്കെതിരേ പ്രതിരോധത്തിനൊരുങ്ങിയ

ഇസ്രായേൽ-സിറിയാ രാജ്യങ്ങൾ യൂദായെയും സഖ്യത്തിനു ക്ഷണിച്ചു. 734ലെ പരാജയത്തിന്റെ അനുഭവം മുന്നിൽ കണ്ടുകൊണ്ടാവണം, യോഥാം സഖ്യം ചേരാൻ തയ്യാറായില്ല. ഇതു തങ്ങൾക്കു ഭീഷണിയാകും എന്നു കരുതിയ സഖ്യശക്തികൾ യൂദായ്ക്കെതിരേ നീങ്ങി.യോഥാമിനെ മാറ്റി തങ്ങളോടു യോജിക്കുന്ന ഒരാളെ യൂദായിൽ രാജാവാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ യുദ്ധം ആരംഭിച്ചപ്പോഴേക്കും യോഥാം മരിച്ചു. പുത്രൻ ആഹാസിനാണ് സഖ്യശക്തികളെ നേരിടേണ്ടിവന്നത്.

**ii. ആഹാസ് (736-716) 2 രാജാ 16,1-20; 2 ദിന 28,1-27**

''അവൻ പിടിച്ചു' എന്നാണ് ആഹാസ് എന്ന പേരിന്റെ വാച്യാർത്ഥം. കർത്താവ് കൈപിടിച്ചു നയിക്കുന്നു എന്ന് ധ്വനി. 'യഹോവാസ് എന്ന പേരിൽ നിന്ന് 'യാഹ്വേ'യെക്കുറിച്ചുള്ള സൂചനമാറ്റിയുണ്ടാക്കിയ ഹ്രസ്വരൂപമാണിത്. അഹസിയാ എന്ന പേരും ഇതേ മൂലത്തിൽ നിന്നുണ്ടായതാണ്. ഇരുപതാം വയസിൽ രാജാവായ ആഹാസ് പതിനാറു വർഷം യൂദായെ ഭരിച്ചുവെന്ന് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചരിത്രസംഭവങ്ങൾ സമകാലിക രേഖകളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്ന ചരിത്രകാരന്മാർ അയാളുടെ ഭരണകാലം ഇരുപതു വർഷമായിരുന്നു എന്ന നിഗമനത്തിലാണ് എത്തുന്നത്.

വിഗ്രഹാരാധകരും കർത്താവിൽ വിശ്വാസമർപ്പിക്കാത്ത ഭീരുവും നീതിബോധമില്ലാത്തവനും, യൂദായുടെ നാശത്തിനു കാരണക്കാരനുമായ ഒരു ദുഷ്ടനായിട്ടാണ് ഇരു ഗ്രന്ഥങ്ങളും ആഹാസിനെ ചിത്രീകരിക്കുന്നത്. പഠന വിഷയമായ ബൈബിൾ ഭാഗങ്ങൾക്കു പുറമെ ഏശ 7-8 അധ്യായങ്ങളും അയാളുടെ കാലഘട്ടത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. നിശിതമായ വിമർശനങ്ങൾക്കു വിഷയമാകുന്ന ആഹാസിന്റെ പ്രവൃത്തികളിൽ പലതും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായിരുന്നു. അതിരൂക്ഷമായ പ്രതിസന്ധിയിൽ പിടിച്ചു നിൽക്കാൻ പറ്റിയ പരിചയ സമ്പത്തോ യുദ്ധനൈപുണ്യമോ, ബുദ്ധി വൈഭവമോ, വിശ്വാസ ദൃഢതയോ ആഹാസിനുണ്ടായിരുന്നില്ല. അയാളുടെ ഭരണം യൂദായിൽ വിഗ്രഹാരാധനയും അനീതികളും പെരുകുന്നതിനു കാരണമായി.

അസീറിയായ്ക്കെതിരേ സഖ്യം ചേരാൻ വിസമ്മതിച്ചതിന്റെ പേരിൽ യൂദായ്ക്കെതിരേ ഇസ്രായേൽ-സിറിയാ സംയുക്ത സൈന്യം യുദ്ധം ആരംഭിച്ചപ്പോഴാണ് യൂദാ രാജാവായ യോഥാം മരിച്ചത്. പിതാവിന്റെ നയം തന്നെ തുടരാൻ ആഹാസ് തീരുമാനിച്ചു. അയാളെ രാജസ്ഥാനത്തു നിന്നു മാറ്റി പകരം തങ്ങളുടെ ഹിതാനുവർത്തിയായ തബേ



ലിന്റെ പുത്രനെ യൂദാരാജാവാക്കുക എന്ന ലക്ഷ്യമായിരുന്നു സഖ്യകക്ഷികൾക്ക് ഉണ്ടായിരുന്നത് (ഏശ 7,6). സിറിയായുടെയും ഇസ്രായേലിന്റെയും സൈന്യം യൂദായെ ആക്രമിച്ച് വലിയ നാശനഷ്ടങ്ങൾ വരുത്തി; അനേകംപേരെ തടവുകാരാക്കി കൊണ്ടുപോയി (2 രാജാ 16,5; 2 ദിന 28,5-7) യൂദായിൽ നിന്ന് സമറിയായിലേക്കു കൊണ്ടുവന്ന തടവുകാരെ വിട്ടയയ്ക്കാൻ ഒദേദ് പ്രവാചകന്റെ വാക്കനുസരിച്ച് ഇസ്രായേൽ ജനം തയ്യാറായി (2 ദിന 28,8-15) എന്ന ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത് പൂർണ്ണമായും ചരിത്ര വസ്തുതയാണോ എന്നു കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. നാശത്തിന്റെ വക്കിൽ എത്തിനിന്ന ഇസ്രായേൽ പ്രായേണ സുരക്ഷിതമായിരുന്ന യൂദായെക്കാൾ ധാർമ്മികതയിൽ മെച്ചമായിരുന്നു എന്ന് എടുത്തു കാണിക്കുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. എന്നാൽ യൂദായുമായി സഖ്യം ചെയ്യാനുള്ള സാധ്യത ഇനിയും പൂർണ്ണമായി തള്ളിക്കളയാതിരുന്ന ഇസ്രായേലിലെ ഒരു വിഭാഗം പ്രവാചകനായ ഒദേദിന്റെ വാക്കു സ്വീകരിക്കുകയും തടവുകാരെ തിരിച്ചയയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതാവാം. തടവുകാരുടെ സംഖ്യയിൽ, ദിനവൃത്താന്ത ഗ്രന്ഥത്തിൽ പൊതുവേ കാണുന്ന അതിശയോക്തിയുണ്ട്.

ഇസ്രായേൽ-സിറിയാ സംയുക്ത സൈന്യം വടക്കു നിന്ന് ആക്രമിച്ച അതേ സമയത്തു തന്നെ തെക്ക് ഏദോമ്യരും പടിഞ്ഞാറ് ഫിലിസ്ത്യരും യൂദായ്ക്കെതിരേ തിരിഞ്ഞു (2 രാജാ 16,6; 2 ദിന 28,16-18). ഈ രാജ്യങ്ങളും അസീറിയായ്ക്കെതിരേയുള്ള സഖ്യത്തിൽ ചേർന്നിരുന്നു. അവർ യൂദായുടെ ആധിപത്യത്തിൽ നിന്നു തങ്ങളുടെ പ്രദേശങ്ങൾ മോചിപ്പിക്കുക മാത്രമല്ല, പരമ്പരാഗതമായി യൂദായുടെ ഭാഗമായിരുന്ന പ്രദേശങ്ങളിൽ കടന്ന് ആക്രമിക്കുകയും ചെയ്തു. അമ്മോന്യരെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ലെങ്കിലും ഈ സാഹചര്യത്തിൽ അവരും സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുണ്ടാവണം. മൂന്നു ദിക്കിൽ നിന്നു ശത്രുസൈന്യം യൂദായിലേക്ക് ഇരമ്പിക്കയറിയപ്പോൾ ആഹാസ് വലിയൊരു പ്രതിസന്ധിയിലായി.

ഈ സാഹചര്യത്തിലാണ് ഏശയ്യാ പ്രവാചകൻ ആഹാസിനെ സമീപിച്ച് കർത്താവിൽ ആശ്രയിക്കാൻ പ്രേരിപ്പിക്കുകയും അവിടുന്ന് രക്ഷിക്കും എന്നതിന് അടയാളമായി "എമ്മാനുവേൽ പ്രവചനം" നടത്തുകയും ചെയ്തത് (ഏശ 7,1-14). എന്നാൽ മാനുഷികമായ സകല കണക്കുകൂട്ടലുകളെയും മറികടക്കുന്ന ഒരു വിശ്വാസം ഇതിന് ആവശ്യമായിരുന്നു. അത്രവലിയൊരു വിശ്വാസത്തിന് ഉടമയല്ലാതിരുന്ന ആഹാസ് തന്റെ യുക്തിക്ക് അനുസൃതമായ പ്രായോഗിക തീരുമാനം എടുത്തു.

വലിയ സമ്മാനങ്ങളുമായി ദൂതന്മാരെ അയച്ച് അസിറിയാ രാജാവിന്റെ സഹായം തേടി (2 രാജാ 16,7–8). ബി.സി. 735ലാണ് ഇതു സംഭവിച്ച തെന്ന് ചരിത്രകാരന്മർ അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിലായി രിക്കാം ആഹാസ് സ്വന്തം പുത്രനെ ബലിയർപ്പിച്ചത് (2 രാജാ 16,3;2 ദിന 8,3).

ആഹാസിന്റെ അഭ്യർത്ഥന തിഗ്ളാത്ത് പിലേസർ സസന്തോഷം സ്വീകരിച്ചു; ജറൂസലെമിനെ ഉപരോധിച്ചിരുന്ന സഖ്യസൈന്യം തകർത്ത് അസീറിയായെ നേരിടാൻ വേണ്ടി പിൻവാങ്ങി. സഖ്യശക്തികളെ ഓർത്ത് അസീറിയൻ സൈന്യം ഇസ്രായേലിന്റെ വടക്കൻ പ്രദേശങ്ങൾ കീഴടക്കി; മധ്യധരണ്യാഴിയുടെ തീരത്തുകൂടെ തെക്കോട്ടു നീങ്ങി ഫിലിസ്ത്യ നഗ രങ്ങൾ നശിപ്പിച്ചു. ഈജിപ്തിൽ നിന്നുള്ള സഹായം സഖ്യശക്തികൾക്കു ലഭ്യമാക്കാതിരിക്കുകയായിരുന്നു ഈ ആക്രമണത്തിന്റെ പ്രഥമലക്ഷ്യം. തുടർന്ന് വടക്കോട്ടു നീങ്ങിയ അസീറിയൻ സൈന്യം ജോർദ്ദാനു കിഴ ക്കുണ്ടായിരുന്ന ഇസ്രായേൽ ഭൂപ്രദേശങ്ങൾ കീഴടക്കി. അവസാനം ബി. സി. 732 ൽ സിറിയായെ പരിപൂർണ്ണമായി തോല്പിച്ച് ഡമാസ്കസ് പിടി ച്ചടക്കി. സിറിയാ രാജാവായ റസീനെ വധിച്ചു. കീഴടക്കിയ സിറിയായെ അസീറിയായുടെ നാലു പ്രവിശ്യകളാക്കി മാറ്റി; ഇസ്രായേലിൽ നിന്നു പിടിച്ചെടുത്ത പ്രദേശങ്ങളെ മൂന്നു അസീറിയൻ പ്രവശ്യകളാക്കി. കീഴട ക്കിയ രാജ്യങ്ങളിൽ നിന്ന് അനേകം പേരെ അസീറിയായുടെ വിദൂരസ്ഥ മായ പ്രദേശങ്ങളിലേക്കു നാടുകടത്തി (2 രാജാ 15,29;16,9). ഈ യുദ്ധ ങ്ങൾക്കിടയിൽ ഇസ്രായേൽ രാജാവായ പെക്കാഹിനെ വധിച്ചു രാജാ വായ ഹോസിയാ തിഗ്ളാത്ത് പിലേസറിനു കീഴടങ്ങി, സമറിയായെ നാശ ത്തിൽ നിന്നു രക്ഷിച്ചു.

ആഹാസിന്റെ തന്ത്രം പ്രത്യക്ഷത്തിൽ യൂദായ്ക്ക് സഹായകമാ യി. പക്ഷേ അതു ദൂരവ്യാപകമായ വിപത്തുകൾക്കു വഴിയൊരുക്കി. യൂദാ യുടെ സഹായാഭ്യർത്ഥന കൂടാതെ തന്നെ അസീറിയാ സഖ്യകക്ഷി കൾക്കെതിരേ നീങ്ങുമായിരുന്നു. ഏശയ്യായുടെ പ്രവചനം പൂർത്തിയാ വുകയും ചെയ്യുമായിരുന്നു. രൂക്ഷമായ പ്രതിസന്ധിയിൽ കണ്ണടച്ച് കർത്താവിൽ വിശ്വസിക്കുന്നതിനു പകരം നയതന്ത്രത്തിൽ ആശ്രയിച്ചത് യൂദായ്ക്കു വിനയായി. രാഷ്ട്രീയതലത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് അസീറിയായുടെ ഒരു സമാന്തര രാജ്യമായിത്തീർന്നു യൂദാ. മതപരമായ തലത്തിലും ഇതിന്റെ വലിയ പ്രത്യാഘാതങ്ങളുണ്ടായി.

കീഴടക്കിയ രാജ്യങ്ങളിൽ തങ്ങളുടേതായ മതാചാരങ്ങൾ പ്രചരി പ്പിക്കുക അസീറിയായുടെ നയമായിരുന്നു. അതനുസരിച്ച് ഡമാസ്കസി ലേക്കു വിളിച്ചു വരുത്തിയ ആഹാസിന് തിഗ്ളാത്ത് പിലേസർ നിർദ്ദേശ



ങ്ങൾ നല്കി. ഇത് യൂദായുടെ വിശ്വാസത്തിലും ആചാരങ്ങളിലും കാര്യ മായ മാറ്റങ്ങൾ വരുത്തി. അസീറിയൻ മാതൃകയിലുള്ള വലിയ ബലി പീഠം ജറുസലെം ദേവാലയത്തൽ സ്ഥാപിച്ച് ആഹാസ് രാജാവുതന്നെ അതിന്മേൽ ബലിയർപ്പിച്ചു. ദഹനബലിയ്ക്കായി ഉണ്ടായിരുന്ന ഓട്ടുബ ലിപീഠം തൽസ്ഥാനത്തു നിന്നു മാറ്റി, രാജാവിന്റെ സ്വകാര്യ ഉപയോഗ ത്തിനുവേണ്ടി നീക്കിവെച്ചു (2 രാജാ 16,10–16). തനിക്കുപദേശം ആരാ യാനാണ് ഓട്ടുബലിപീഠം എന്ന രാജാവിന്റെ പ്രസ്താവന വ്യക്തമല്ല കർത്താവിന്റെ ഉപദേശം എന്നു പറയുന്നില്ല. ജീവനുള്ള മൃഗത്തിൽ നിന്നു പറിച്ചെടുത്ത ചങ്കും കരളും ബലിപീഠത്തിലിരുന്ന് തുടിക്കുന്നതു നോക്കി ഭാവിയെ സംബന്ധിച്ച തീരുമാനങ്ങൾക്കു പ്രചോദനം ഉൾക്കൊ ള്ളുന്ന ഒരു വിജാതീയാചാരമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഇതിനു "കരൾനോട്ടം" എന്നു വിളി ക്കാറുണ്ട്.

ദേവാലയത്തിലുണ്ടായിരുന്ന ലോഹപാത്രങ്ങളും ഉപകരണങ്ങളും ഉടച്ചും മുറിച്ചും മാറ്റിയതിന് (2 രാജാ 16,17; 2 ദിന 28,24) രണ്ടു ലക്ഷ്യങ്ങ ളുണ്ടാവാം. അസീറിയായ്ക്കു കപ്പം കൊടുക്കാനുള്ള തുക സംഭരിക്കു കയാവും ഒരു ലക്ഷ്യം. ദേവാലയത്തിലെ സാധാരണ കർമ്മങ്ങളെല്ലാം അസാധ്യമാക്കുകയാണ് മറ്റൊരു ലക്ഷ്യം. ആഹാസ് കർത്താവിന്റെ ആലയം അടച്ചുപൂട്ടി എന്ന് 2 ദിന 28,24ൽ പറയുന്നത് അക്ഷരാർത്ഥ ത്തിൽ എടുക്കണമെന്നില്ല. രാജകൊട്ടാരത്തിൽ നിന്ന് ദേവാലയത്തിലേക്കു പോകാനുള്ള വഴിയും വാതിലും അടച്ചതിനെയാവും (2 രാജാ 16,18) അതു സൂചിപ്പിക്കുന്നത്. അതോടെ രാജാവും ദേവാലയവും തമ്മിലുള്ള ബന്ധം വിഛേദിക്കപ്പെട്ടു. അതും അസീറിയാ രാജാവിന്റെ കല്പനയനുസരിച്ചാ യിരുന്നു. ഇതിനു പുറമെ ദേശത്തുടനീളം അന്യദേവൻമാർക്കുവേണ്ടി ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹാരാധന പ്രോത്സാഹിപ്പിച്ചത് കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുമുള്ള ആഹാസിന്റെ അവി ശ്വസ്തതയ്ക്കു തെളിവാണ്.

യൂദായുടെ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരധ്യായത്തിന്റെ ദുർഭഗ നായ കഥാനായകനാണ് ആഹാസ്. മധ്യപൗരസ്ത്യദേശം മുഴുവൻ കീഴ ടക്കി ഭരിച്ച അസീറിയായ്ക്കു മുമ്പിൽ മുട്ടുമടക്കുകയല്ലാതെ ഗത്യന്തര മില്ല എന്നു കരുതിയ അയാൾ കർത്താവിനെയും അവിടുന്ന് അയച്ച വലിയ പ്രവാചകനായ ഏശയ്യായെയും അനുസരിക്കുന്നതിനു പകരം സ്വന്തം പ്രായോഗിക ബുദ്ധിയിൽ ആശ്രയിച്ചു. അതുകൊണ്ട് രാഷ്ട്രീ യവും മതപരവുമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ഏതാനും ചതുരശ്ര കിലോ മീറ്ററുകൾക്കുള്ളിൽ ഒതുങ്ങുന്ന ഒരു ചെറു രാജ്യത്തിന്റെ രാജാവും അസീ

റിയായുടെ ആജ്ഞാനുവർത്തിയുമായിട്ടാണെങ്കിലും ഭരണം തുടർന്നു.

സമറിയാ തകരുകയും ഇസ്രയേലിലെ പത്തു ഗോത്രങ്ങൾ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്തപ്പോഴും യൂദാ പിടിച്ചു നിന്നത് ആഹാസിന്റെ പ്രായോഗിക ബുദ്ധികൊണ്ടാണെന്നു തോന്നാം. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തെ വീക്ഷിക്കുന്ന വി. ഗ്രന്ഥകാരൻ ആഹാസിന്റെ പ്രായോഗിക ബുദ്ധിയെ വിശ്വസത്യാഗവും നയതന്ത്രത്തെ വിഗ്രഹാരാധനയും ആയിട്ടാണ് അവതരിപ്പിക്കുന്നത്. തന്നെയുമല്ല, സമറിയായുടെ പതനത്തിനുശേഷവും ജറുസലെം നിലനിന്നത് ദാവീദിനു നല്കിയിരുന്ന വാഗ്ദാനത്തെ പ്രതികർത്താവു സംരക്ഷിച്ചതുകൊണ്ടായിരുന്നു. മാനുഷികമായ കാഴ്ചപ്പാടിൽ അസാധ്യമെന്നു തോന്നുന്ന വിജയങ്ങൾ നല്കാൻ കർത്താവിന് സാധിക്കും എന്ന് അടുത്ത യൂദാ രാജാവായ ഹെസെക്കിയായുടെ ചരിത്രം തെളിയിക്കുന്നുണ്ട്.

### c. ഇസ്രായേലിലെ അവസാനത്തെ രാജാവ് ഹോസിയാ (732-724) 2 രാജാ 17,1-14

വടക്കൻ രാജ്യമായ ഇസ്രായേലിനെ ഭരിച്ച അവസാനത്തെ രാജാവാണ് ഹോസിയാ. ആമോസിനുശേഷം ഇസ്രായേലിൽ പ്രവർത്തിച്ചിരുന്ന പ്രവാചകനായ ഹോസിയായുടെ പേരു തന്നെയാണിത്. പേര് ഒന്നെങ്കിലും ആളുകൾ രണ്ടാണ്. "യാഹ്‌വെയാണ് രക്ഷ" എന്ന അർത്ഥമുള്ള ഹോഷെയാ എന്ന ഹീബ്രു നാമത്തിന്റെ മറ്റൊരു രൂപമാണ് ഹോസിയാ, ജോഷ്വാ, യേശു, ഈശോ എന്നീ പേരുകളെല്ലാം ഈ ഒരേ പേരിന്റെ വ്യത്യസ്ത രൂപങ്ങളാണ്. രാജാവിന്റെ പേരും രാജ്യത്തിന്റെ അവസ്ഥയും തമ്മിൽ വ്യക്തമായ വൈരുദ്ധ്യമുണ്ട്. രക്ഷകൻ എന്നർത്ഥമുള്ള പേരിന്റെ ഉടമ രാജാവായിരുന്നപ്പോഴാണ് ഇസ്രായേൽ നാശമടഞ്ഞത് എന്നത് ചരിത്രത്തിന്റെ വിരോധാഭാസമായി നിലകൊള്ളുന്നു.

അസ്സീറിയായുടെ പിടിയിലമർന്ന് ഇസ്രായേൽ രാജ്യം ഊർദ്ധശ്വാസം വലിക്കുമ്പോഴാണ് പെക്കാഹിനെ വധിച്ച് ഹോസിയാ രാജാവായത്. തിഗ്ളാത്ത് പിലേസറിനു കീഴടങ്ങിയതിനാൽ അയാൾക്കു സമറിയായെ തൽക്കാലത്തേക്ക് നാശത്തിൽ നിന്നു രക്ഷിക്കാനും രാജാവായി തുടരാനും സാധിച്ചു. ജോർദ്ദാൻ നദിക്കു പടിഞ്ഞാറ്, എഫ്രേം മനാസ്സെ ഗോത്രങ്ങളുടെ അതിർത്തിയിൽ ഒതുങ്ങി നിന്നു ഹോസിയാ ഭരിച്ച ഇസ്രായേൽ രാജ്യം. അസീറിയായ്ക്കു കീഴടങ്ങിയത് ഒരു താൽക്കാലികാശ്വാസത്തിനു വേണ്ടിയായിരുന്നു. ആ നുകത്തിൽ നിന്നു മോചനം നേടാൻ അയാൾ അവസരം പാർത്തിരുന്നു.

ബി.സി. 727ൽ തിഗ്ളാത്ത് പിലേസർ മൂന്നാമൻ മരിച്ചു. ഷൽമനേസർ അഞ്ചമാൻ അസീറിയായിൽ രാജാവായി. അതുവരെ അസീറിയായ്ക്കു കപ്പം കൊടുത്തിരുന്ന ഹോസിയാ ഈജിപ്തുമായി സഖ്യം ചെയ്തുകൊണ്ട് അസീറിയായിൽ നിന്നു മോചനം നേടാൻ ശ്രമിച്ചു. അസീറിയായ്ക്കെതിരേ ഇസ്രായേലിനെ സഹായിക്കാൻ ആഭ്യന്തര കലാപത്തിൽ മുഴുകിത്തളർന്ന ഈജിപ്തിനു കഴിയുമായിരുന്നില്ല. ഈജിപ്തു രാജാവ് വിശേഷിപ്പിക്കുന്ന സോ (2 രാജാ 17,4) ഒരു സൈന്യാധിപൻ മാത്രമായിരുന്നു എന്ന് അസീറിയൻ രേഖകളുടെ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഹോസിയായുടെ വഞ്ചന മനസിലാക്കിയ ഷൽമനേസർ ബി.സി. 724ൽ പ്രതികാരത്തിനായി വന്നു. ഈജിപ്തു സഹായത്തിനെത്തിയില്ല. തന്റെ മൗഢ്യത്തെപ്പറ്റി ബോധവാനായ ഹോസിയാ, അസീറിയൻ രാജാവുമായി വീണ്ടും രമ്യതയിലെത്താൻ ശ്രമിച്ചെങ്കിലും വൈകിപ്പോയി. ഷൽമനേസർ അയാളെ തടവിലാക്കി. ഇസ്രായേലിന്റെ അവശേഷിച്ചിരുന്ന പ്രദേശങ്ങൾ പിടിച്ചടക്കിയതിനുശേഷം സമറിയാ പട്ടണത്തിന് ഉപരോധം ഏർപ്പെടുത്തി. എന്നാൽ പട്ടണം കീഴടക്കാൻ കഴിയാതെ ഷൽമനേസർ മരിച്ചു.

### d. സമറിയായുടെ പതനം (ബി.സി. 721) 2 രാജാ 17,5-23

ബി.സി. 722ൽ അസീറിയായിൽ ഭരണമേറ്റ സാർഗൺ രണ്ടാമൻ (722-705) സമറിയായുടെ ഉപരോധം തുടർന്നു. രണ്ടു വർഷത്തിലേറെ ദീർഘിച്ച വീരോചിതമായ ചെറുത്തുനില്പിനുശേഷം 721ൽ നഗരം കീഴടങ്ങി. 27,290 പേരെ സമറിയായിൽ നിന്ന് അസീറിയായുടെ പല ഭാഗങ്ങളിലേക്ക് നാടുകടത്തിയെന്ന് സാർഗൺ രണ്ടാമൻ തന്റെ വിജയങ്ങളുടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ANET,P.284) കീഴടക്കിയ പ്രദേശങ്ങളെ സമറിയാ കേന്ദ്രമാക്കി ഒരു അസീറിയൻ പ്രവിശ്യയാക്കി മാറ്റി. അതിന് 'സമറീനാ' എന്ന പേരും നല്കി. അതോടെ പത്തു ഗോത്രങ്ങളടങ്ങുന്ന വടക്കൻ രാജ്യമായ ഇസ്രായേൽ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി (2 രാജാ 17,5-6). സമറിയായുടെ പതനം ചുരുക്കം വാക്കുകളിൽ വിവരിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ആ പതനത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് സുദീർഘമായ ഒരു പ്രസംഗം അവതരിപ്പിക്കുന്നു (2 രാജാ 17,7-23). നിയമാവർത്തന പുസ്തകത്തിന്റെയും ജെറെമിയാ പ്രവാചകന്റെയും ഭാഷാശൈലി കടമെടുത്തുകൊണ്ടാണ് ഈ പ്രസംഗം രചിക്കുന്നത്. ഇതു മുഴുവൻ നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയാണ്. ഇസ്രായേലിന്റെ പതനത്തിനുള്ള കാരണങ്ങൾ എടുത്തുകാട്ടുന്നത് ആ സംഭവത്തിന് ദൈവശാസ്ത്രപരമായ ഒരു വിശദീകരണം നല്കാൻ മാത്രമല്ല, വരും തലമുറകൾക്ക് ഒരു പാഠമാകാൻ വേണ്ടി കൂടിയാണ്.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു തങ്ങളെ മോചിപ്പിച്ച ദൈവ

മായ കർത്താവിനെതിരേ പാപം ചെയ്തതാണ് ഇസ്രായേലിന്റെ നാശ ത്തിനു കാരണം. തലമുറകളായി ജനം ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള ന്യായമായ ശിക്ഷയാണ് ഇസ്രായേൽ അനുഭവിച്ചത്. കർത്താവിനെ പരി ത്യജിച്ച് അന്യദേവന്മാരെ അനുഗമിക്കുകയും വിഗ്രഹാരാധന നടത്തുകയും ചെയ്തതാണ് ഏറ്റം വലിയ പാപം (2 രാജാ 17,8-12). ജനത്തിനു മുന്നറി യിപ്പു നല്കാൻ അനേകം പ്രവാചകന്മാരെ കർത്താവ് അയച്ചതായി ചരി ത്രത്തിലൂടെ എടുത്തുകാട്ടിക്കഴിഞ്ഞു. എന്നാൽ പ്രവാചകന്മാരെ ധിക്ക രിച്ച അവർ കർത്താവിന്റെ എല്ലാ കല്പനകളും ലംഘിച്ചു. അന്യജനതക ളുടെ ആചാരങ്ങൾ അനുസരിച്ച് മക്കളെ വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കു കയും ചെയ്തു (2 രാജാ 17,13-18). ദാവീദുമായുള്ള ബന്ധം വിഛേദിച്ച ഇസ്രായേലിനെ ബെഥേലിലും ദാനിലും സ്ഥാപിച്ച കാളക്കുട്ടികളെ ആരാ ധിക്കാൻ പ്രേരിപ്പിച്ച ജെറൊബൊവാമാണ് ഇസ്രായേലിന്റെ ആദ്യ പാപ ത്തിന് തുടക്കം കുറിച്ചത്. ജെറൊബൊവാം മുതൽ ഹോസിയാ വരെയുള്ള സകല രാജാക്കന്മാരും ആ പാപത്തിൽ തുടർന്നു; തലമുറകഴിയുന്തോറും കൂടുതൽ ആഴത്തിൽ അമർന്നു. അതിനുള്ള ശിക്ഷയാണ് ഇസ്രായേലിനു സംഭവിച്ച സമൂല നാശം (2 രാജാ 17,19-23).

### e. സമറിയാക്കാരുടെ ഉത്ഭവം 2 രാജാ 17,24-41

കീഴടക്കിയ ജനതകളുടെ വ്യക്തിത്വവും സംസ്കാരവും നശിപ്പിച്ച് നിർവ്വീര്യമാക്കുക അസീറിയായുടെ രാഷ്ട്രീയ നയത്തിന്റെ ഭാഗമായി രുന്നു. അതിനുവേണ്ടി സ്വീകരിച്ച നടപടിയാണ് നാടുകടത്തൽ. ഇസ്രാ യേൽക്കാരെ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലേക്കായി നാടുകടത്തി യതുപോലെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റു ജനത കളെ ഇസ്രായേൽ രാജ്യത്തേക്കു ബലമായി കൊണ്ടുവന്നു കുടിയിരു ത്തി. ഈ നാടുകടത്തലും കുടിയിരുത്തലും പലതവണ ആവർത്തിച്ചു. ഓരോരുത്തരും താന്താങ്ങളുടെ വിശ്വാസവും ആചാരങ്ങളും കൂടെ കൊണ്ടുവന്നു. പുതുതായി വരുന്നവരും ദേശത്തു നേരത്തെ വസിച്ചിരു ന്നവരും തമ്മിൽ കാലക്രമത്തിൽ മിശ്രവിവാഹങ്ങൾ നടന്നു. വിശ്വാസ ങ്ങളും ആചാരങ്ങളും അവർ പങ്കുവച്ചു. അങ്ങനെ സംജാതമായ സങ്കര വർഗ്ഗമാണ് സമറിയാക്കാർ എന്ന പേരിൽ അറിയപ്പെട്ടത്.

യുദ്ധത്തിൽ അനേകർ മരിക്കുകയും ശേഷിച്ചവരിൽ വളരെപ്പേരെ നാടുകടത്തുകയും ചെയ്തതിനാൽ ഇസ്രായേൽ ദേശത്തിന്റെ പല ഭാഗ ങ്ങളും വിജനമായി. വന്യമൃഗങ്ങൾ, പ്രത്യേകിച്ച് സിംഹങ്ങൾ, അപകട കരാമാംവിധം പെരുകി. ഇത് ദേശത്തെ ആചാരങ്ങളെക്കുറിച്ച് പുതുതായി വന്നവർക്ക് അറിവില്ലാത്തതിനാലുണ്ടായ ദൈവശിക്ഷയാണെന്നു കരു തിയ അസീറിയാ രാജാവിന്റെ വിശ്വാസം (2 രാജാ 17,26) അന്നു



പൊതുവേ നിലവിലിരുന്ന ഒരു ധാരണ പ്രകടമാക്കുന്നു. ഓരോ ദേശ ത്തിനും അതാതിന്റെ ദൈവമുണ്ട്. ഓരോ ദൈവവും പ്രത്യേക രീതിയി ലുള്ള ആരാധനാനുഷ്ഠാനങ്ങൾ ആവശ്യപ്പെടുന്നു. അതു ലഭിക്കാതെ വരുമ്പോൾ ദേശവാസികളെ ശിക്ഷിക്കുന്നു. ഈ വിശ്വാസത്തിന്റെ പേരി ലാണ് ഇസ്രായേലിന്റെ ദൈവത്തെയും ആരാധനയെയും സംബന്ധിച്ചു പഠിപ്പിക്കാനായി ഒരു ഇസ്രായേൽ പുരോഹിതനെ കണ്ടുപിടിച്ചു ബെഥേ ലിലേക്ക് അയച്ചത് (2 രാജാ 17,27-28).

ഇസ്രായേലിലേക്കു വന്ന ജനതകളുടെ ദേവന്മാരെക്കുറിച്ചുള്ള പരാ മർശങ്ങൾ (2 രാജാ 17,29-31) ഇന്ന് വ്യക്തമല്ല. ബാബിലോൺകാർ ആരാ ധിച്ചിരുന്ന “സുക്കോത്ത് ബെനീത്ത്” മർദ്ദൂക്ക് ദേവന്റെ ഭാര്യ ആയി പരി ഗണിക്കപ്പെടുന്നു. “സ്ത്രീകളുടെ കൂടാരങ്ങൾ” എന്നാണ് പേരിന്റെ വാച്യാർത്ഥം. കുത് ദേശക്കാർ ആരാധിച്ചിരുന്ന നെർഗാൽ അധോലോ കത്തിന്റെ അധിനാണ്. യുദ്ധത്തിന്റെ മധ്യസ്ഥനായും ഈ ദേവൻ പരി ഗണിക്കപ്പെട്ടിരുന്നു. സിംഹമാണ് നെർഗാലിന്റെ ചിഹ്നം. ഹമാത്യരുടെ അഷീമാ മാതൃദേവതയാണ്. അഷേറായുടെ മറ്റൊരു നാമമാണ് ഇതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. നിബ്ഹാസ്, താർതാക് എന്നിവ യെക്കുറുച്ചു ഒരു വിവരവും ലഭ്യമല്ല. മിന്നൽ പിണർ ആയുധമാക്കിയ ഹദാദ് ദേവന്റെ മറ്റൊരു പേരാണ് അദ്രാമലെക്ക് എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അദാദ് മെലക്ക് എന്ന പേരിലും ഈ ദേവൻ അറി യപ്പെട്ടിരുന്നു. ബാലിന്റെ സഹോദരിയും സഹധർമ്മിണിയുമായ അനാത് ദേവതയുടെ മറ്റൊരു പേരായിരിക്കാം അനാമ്മെലെക്ക്. ഇത് യുദ്ധദേവ തയാണ്. അമ്മോന്യരുടെ ദേശീയ ദേവതയായ മോളെക്കിനോട് ഇതിനു സാമ്യമുണ്ട്. നരബലി ആവശ്യപ്പെടുന്ന ദേവതകളാണിവ.

ഇങ്ങനെ മാനുഷിക ഭാവനയിൽ രൂപംകൊണ്ട അനേകം ദേവത കളോടൊപ്പം കർത്താവിനെയും ആരാധിക്കുന്ന ജനതയാണ് സമറിയാ ക്കാർ (2 രാജാ 17,32-41). ഭാവനാ സൃഷ്ടികളായ ദേവന്മാരിൽ ഒരുവനല്ല ദൈവമായ കർത്താവ് എന്ന് അവർ മനസിലാക്കിയില്ല. കർത്താവിനെ ആരാധിക്കുന്നു എന്നു പറയുന്നെങ്കിലും അവർ അവിടുത്തെ ഭയപ്പെടു കയോ അവിടുന്നു നല്കിയ ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കു കയോ ചെയ്യുന്നില്ല എന്നു പ്രത്യേകം എടുത്തു പറയുന്നു (2 രാജാ 17,34). യഹൂദർ പ്രത്യേകിച്ചും ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങി വന്ന വർ, സമറിയാക്കാരെ ശത്രുക്കളും അധഃകൃതരുമായിട്ടാണ് പരിഗണിച്ചി രുന്നത്. യേശുവിന്റെ കാലത്തും അവസ്ഥ വ്യത്യസ്ഥമായിരുന്നില്ല. അതി നുള്ള കാരണം ഈ വിവരണത്തിൽ കാണാം.

**വിചിന്തനം:** നിരന്തരമായ അവിശ്വസ്തതയുടെ സ്വാഭാവികമായ പരി

സമാപ്തിയാണ് സമറിയായുടെ പതനം. ഇത് നമുക്കും പ്രസക്തമായ ഒരു പാഠമാണ്. അതികഠിനമായ മർദ്ദനത്തിനും ചൂഷണത്തിനുമെതിരേയുള്ള ന്യായമായ പ്രതിഷേധത്തിൽ നിന്ന് ആരംഭിച്ചതാണ് ഇസ്രായേൽ രാജ്യം. പക്ഷേ, എന്തിൽ നിന്ന് മോചനം നേടാൻ ശ്രമിച്ചുവോ അതിനേക്കാൾ വലിയ മർദ്ദനത്തിന് അവർ ഇരയായിത്തീർന്നു. ദാവീദു ഭവനത്തോടു കലഹിച്ചവർ ദാവീദിന്റെ രാജവംശത്തെ മാത്രമല്ല, ദാവീദിനെ രാജാവായി തിരഞ്ഞെടുത്ത ദൈവത്തെയും ഉപേക്ഷിച്ചു. ജനത്തെ യഥാർത്ഥ ദൈവത്തിൽ നിന്നകറ്റി അന്ധവിശ്വാസത്തിൽ തളച്ചിട്ടതിൽ ഭരണ കർത്താക്കൾക്ക് വലിയൊരു പങ്കുണ്ട്. തങ്ങളുടെ അധികാരം ജനത്തിന്മേൽ അടിച്ചേല്പിക്കുന്നതിനുള്ള ഉപകരണമായി രാജാക്കന്മാരും പ്രഭുക്കന്മാരും മതത്തെ ഉപയോഗിച്ചു. അജ്ഞരും നിസ്സഹായരുമായ സാധാരണ ജനത്തെ അവർ അന്ധവിശ്വാസത്തിൽ തളച്ചിട്ടു. ഉടമ്പടിയുടെ പ്രമാണങ്ങൾ വിസ്മരിക്കപ്പെട്ടു. മേളക്കൊഴുപ്പോർന്ന ഉത്സവാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും ജനം നിർവൃതി കണ്ടെത്തി. എന്നാൽ അത് അവർക്കു നീതി നടത്തിക്കൊടുത്തില്ല.

കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കാൻ പ്രേരിപ്പിച്ച പ്രവാചകന്മാർ രാഷ്ട്രീയാധികാരികൾക്കും അവരുടെ ആജ്ഞാനുവർത്തികളായ പുരോഹിതന്മാർക്കും ജനത്തിനും അസ്വീകാര്യരായിരുന്നു. വിമോചകനായ ദൈവത്തെയും അവിടുത്തെ പ്രമാണങ്ങളെയും മറന്ന മതത്തിന് ജനത്തെ രക്ഷിക്കാൻ സാധിച്ചില്ല. നിർണ്ണായകമായ പരീക്ഷണത്തിന്റെ നിമിഷത്തിൽ സകലതും തകർന്നടിഞ്ഞു. യുദ്ധത്തിൽ മരിക്കുകയും നാടു കടത്തപ്പെടുകയും ചെയ്തവരുടെ മുൻപന്തിയിൽ സമൂഹത്തിലെ ഉന്നതന്മാരായിരുന്നു. ജനജീവിതവുമായി ബന്ധമില്ലാത്ത ആരാധനാനുഷ്ഠാനങ്ങളിലും ഉത്സവാഘോഷങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന നേതാക്കന്മാർ തങ്ങളുടെയും തങ്ങൾ നയിക്കുന്ന ജനത്തിന്റെയും നാശത്തിനു വഴിയൊരുക്കുന്നു. "നീതി ജലം പോലെ ഒഴുകട്ടെ" എന്ന ആമോസിന്റെയും (ആമോ 5,24) "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്ന ഹോസിയായുടെയും (ഹോസി 6,6) പ്രബോധനങ്ങൾ ശ്രവിച്ചിരുന്നെങ്കിൽ സമറിയായുടെ പതനം സംഭവിക്കുമായിരുന്നില്ല എന്ന തിരിച്ചറിവ് നമുക്കും ബാധകമാണ്.

## ചോദ്യങ്ങൾ

1. എങ്ങനെയാണ് യേഹു രാജാവായത്?
2. എന്തു ദൗത്യമാണ് പ്രവാചകൻ യേഹുവിനെ ഏല്പിച്ചത്? എപ്രകാരമാണ് അയാൾ ദൗത്യം പൂർത്തിയാക്കിയത്?



3. യേഹുവിന്റെ കൂട്ടക്കുരുതിയുടെ ലക്ഷ്യം എന്തായിരുന്നു? എന്തു പ്രത്യാഘാതമാണ് അത് ഇസ്രായേലിൽ സൃഷ്ടിച്ചത്?
4. ഈ അധ്യായത്തിൽ പഠനവിഷയമായ കാലഘട്ടത്തിൽ ഗൂഢാലോചനയ്ക്കിരയായി വധിക്കപ്പെട്ട രാജാക്കന്മാർ ആരെല്ലാം?
5. മതമേഖലയിൽ യോവാഷ് രാജാവ് നടത്തിയ പരിഷ്കാരം എന്ത്?
6. യോവാഷിന്റെ ഭരണകാലത്തെ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ഓരോന്നിന്റെയും പ്രത്യേകതകൾ എടുത്തുകാട്ടുക.
7. ഇസ്രായേൽ-യൂദാ രാജ്യങ്ങളെ സോളമന്റെ കാലത്തേതുപോലുള്ള സമ്പൽസമൃദ്ധിയിലേക്കു നയിച്ച രാജാക്കന്മാർ ആരെല്ലാം?
8. അമാസിയാ ഇസ്രായേലുമായി യുദ്ധത്തിനുപോകാൻ കാരണമെന്ത്? യുദ്ധത്തിന്റെ ഫലമായി എന്തു സംഭവിച്ചു?
9. ജെറൊബൊവാം രണ്ടാമന്റെ കാലത്ത് ഇസ്രായേലിനുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിവരിക്കുക.
10. അസറിയാ രാജാവിനു നല്കിയിരിക്കുന്ന മറ്റൊരു പേരെന്ത്? എന്താണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ? അയാൾ കുഷ്ഠരോഗിയാകാൻ കാരണമെന്ത്?
11. സമറിയായുടെ പതനത്തിനു വഴിയൊരുക്കിയ ആഭ്യന്തരവും അന്തർദ്ദേശീയവുമായ സംഭവവികാസങ്ങൾ ചുരുക്കമായി വിവരിക്കുക.
12. ഇസ്രായേൽ-സിറിയാ രാജ്യങ്ങൾ യൂദായ്ക്കെതിരേ യുദ്ധം ചെയ്യാൻ കാരണമെന്ത്? ആരായിരുന്നു ആ രാജ്യങ്ങളിലെ രാജാക്കന്മാർ?
13. ആഹാസ് അസീറിയായുടെ സഹായം തേടിയ സാഹചര്യം വിശദീകരിക്കുക. യൂദായ്ക്കും ഇതര രാജ്യങ്ങൾക്കും അതുകൊണ്ട് എന്തു സംഭവിച്ചു?
14. സമറിയായുടെ പതനത്തിന് വി.ഗ്രന്ഥകാരൻ നല്കുന്ന ദൈവശാസ്ത്രപരമായ വിശദീകരണം എന്ത്?
15. ആരാണ് സമറിയാക്കാർ? അവരുടെ ഉത്ഭവവും പ്രത്യേകതകളും വിവരിക്കുക?

**ചർച്ചയ്ക്ക്:** സമറിയായുടെ പതനത്തിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് ലഭിക്കുന്നത്?

**പ്രാർത്ഥന:** കർത്താവിന്റെ രക്ഷാകര പ്രവൃത്തികൾ മറന്നും കല്പനകൾ ധിക്കരിച്ചും വ്യക്തികളും സമൂഹങ്ങളും ചെയ്യുന്ന പാപത്തിനു മാപ്പിരന്നുകൊണ്ട് സ്വന്തമായ വാക്കുകളിൽ ഒരു പ്രാർത്ഥന രചിച്ച് പ്രാർത്ഥിക്കുക.

# ഭാഗം മൂന്ന്
# യൂദായിലെ അവസാനത്തെ രാജാക്കന്മാർ

**2 രാജാ 18-25; 2 ദിന 29-36**

ദൈവജനമായ ഇസ്രായേൽ സമറിയായുടെ പതനത്തിനുശേഷം (ബി.സി. 721) യൂദാ എന്ന ഒറ്റ ഗോത്രത്തിൽ ഒതുങ്ങി. ഏകദേശം ഒന്നര നൂറ്റാണ്ടു കാലത്തേക്ക് ഒരു രാജ്യമായി നിലനിന്നു. ഇനി അങ്ങോട്ടുള്ള ഇസ്രായേൽ ചരിത്രം യൂദായുടെ മാത്രം ചരിത്രമാണ്. ബി.സി. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അസീറിയായുടെ ഉയർത്തെഴുന്നേല്പ്പിനോടു കൂടെ മധ്യപൗരസ്ത്യ ദേശത്ത് ചെറു രാജ്യങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം അവസാനിച്ചു.

ബി.സി. 745ൽ തിഗ്ളാത്ത് പിലേസർ മൂന്നാമന്റെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ച അശീറിയാ ഒരു നൂറ്റാണ്ടിലേറെ, പേർഷ്യൻ ഉൾക്കടൽ മുതൽ മധ്യധരണ്യാഴിവരെയും ടൈഗ്രീസ് നദി മുതൽ ഈജിപ്തുവരെയുള്ള മധ്യപൗരസ്ത്യ ദേശം അടക്കിലാണു. ഏഴാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും കിഴക്ക് ബാബിലോണും പടിഞ്ഞാറ് ഈജിപ്തും ശക്തിയാർജ്ജിച്ചു. ബി.സി. 612ൽ ബാബിലോൺ ചക്രവർത്തിയായ നബോപൊലാസർ അസീറിയായുടെ തലസ്ഥാനമായ നിനവേ നശിപ്പിച്ച് പുതിയ സാമ്രാജ്യ ശക്തിയായിത്തീർന്നു. ഏകദേശം മുക്കാൽ നൂറ്റാണ്ടു കഴിഞ്ഞപ്പോൾ, ബി.സി. 538ൽ പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബാബിലോൺ കീഴടക്കി പുതിയൊരു സാമ്രാജ്യത്തിനു തുടക്കം കുറിച്ചു.

ഇസ്രായേൽ ജനത്തിന്റെ ഗതിവിഗതികൾ ഈ വൻ സാമ്രാജ്യങ്ങളുടെ ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സമറിയായുടെ പതനത്തോടെ ആരംഭിക്കുന്ന യൂദാ ചരിത്രത്തിന്റെ അവസാനഘട്ടം ജറുസലെമിന്റെ നശത്തോടെയാണ് സമാപിക്കുന്നത് (ബി.സി. 587). സമറിയായ്ക്കു നാശത്തോടെയാണ് സമാപിക്കുന്നത് (ബി.സി. 587). സമറിയായ്ക്കു സംഭവിച്ചതുതന്നെ 134 വർഷം കഴിഞ്ഞപ്പോൾ ജറുസലെമിനും സംഭവിച്ചു. ഈ കാലഘട്ടത്തിനിടയിൽ യൂദായിൽ എട്ടു രാജാക്കന്മാർ ഭരിച്ചു. അവരിൽ രണ്ടുപേർ നിരുപാധികമായി പ്രശംസിക്കപ്പെടുന്നു (ഹെസെക്കിയാ, ജോസിയാ). ബാഹ്യ സമ്മർദ്ദങ്ങൾ ഏറെയുണ്ടായിട്ടും കർത്താവിനോടുള്ള വിശ്വസ്തതയിൽ ഉറച്ചു നില്ക്കാനും വിഗ്രഹാ



രാധനയും മറ്റ് അനാചാരങ്ങളും തുടച്ചുനീക്കാനും അവർ തീവ്രമായി യത്നിച്ചു.

രാഷ്ട്രീയമേഖലയിൽ ഇസ്രായേൽ ജനം ഏറ്റം ദുർബലമായിത്തീർന്നെങ്കിലും രക്ഷാചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണിത്. ഏശയ്യാ, മിക്കാ, നാഹും, ഹബക്കുക്ക്, സെഫാനിയാ, ജറെമിയാ, എസെക്കിയേൽ മുതലായ പ്രവാചകന്മാർ ഈ കാലയളവിലാണ് പ്രത്യക്ഷപ്പെട്ടത്. ഇസ്രായേൽ ചരിത്രത്തിലൂടെ ഇതൾ വിടർത്തുന്ന രക്ഷാചരിത്രം ഈ പ്രവാചകന്മരുടെ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട്.

സാമ്രാജ്യങ്ങളുടെ ഉയർച്ചയും തകർച്ചയും, അതിനുകാരണമായ അധികാരമോഹവും യുദ്ധങ്ങളും വഴി സംഭവ ബഹുലമാണ് ഈ കാലഘട്ടമെങ്കിലും, വി. ഗ്രന്ഥകാരന്മാർ അവയ്ക്കൊന്നും വലിയ പ്രാധാന്യം നല്കിയിട്ടില്ല. തന്നെയുമല്ല, ബൈബിൾ നല്കുന്ന വിവരണങ്ങൾ ആ ചരിത്രത്തിന്റെ പൂർണ്ണവും വസ്തുനിഷ്ഠവുമായ അവതരണവുമല്ല. സാമ്രാജ്യശക്തികൾ നയിച്ച യുദ്ധങ്ങളെ എങ്ങിനെ നേരിട്ടു, ജനത്തിന്റെ വിശ്വാസത്തിലും കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുള്ള വിശ്വസ്തതയിലും എന്തെന്തു പ്രത്യാഘാതങ്ങൾ ഉണ്ടായി എന്നിങ്ങനെയുള്ള കാര്യങ്ങൾക്കാണ് വി.ഗ്രന്ഥകാരൻ ഊന്നൽ നൽകുന്നത്. ദൈവിക വെളിപാടിന്റെ പശ്ചാത്തലമായിട്ടുവേണം ഇസ്രായേൽ ചരിത്രത്തെ കാണാൻ. യൂദാരാജാക്കന്മാരുടെ ഭരണ ദൈർഘ്യത്തെയും. യൂദായുടെ ചരിത്രവും അസീറിയായുടെ ചരിത്രവും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് ബൈബിൾ നല്കുന്ന ചില വിവരങ്ങൾ ഉത്തരം കിട്ടാത്ത പല പൊരുത്തക്കേടുകളും അവശേഷിപ്പിക്കുന്നുണ്ട്.

പഠനവിഷയമായ കാലഘട്ടത്തിന്റെ ചരിത്രജ്ഞത്തെ സംബന്ധിച്ച് ബൈബിളിനു പുറമേ അസീറിയാ, ബാബിലോൺ, ഈജിപ്ത് എന്നീ സാമ്രാജ്യങ്ങളുടെ അനേകം ഒദ്യോഗിക രേഖകളും ഇന്നു ലഭ്യമാണ്. ബൈബിളിലെയും ഈ രേഖകളിലെയും വിവരണങ്ങൾ പൊതുവെ ഒത്തുപോകുന്നുണ്ടെങ്കിലും ചിലപ്പോഴൊക്കെ കാതലായ വ്യത്യാസങ്ങളും ദൃശ്യമാണ്. ബൈബിളിലെ ഓരോ സംഭവവും അപഗ്രധിക്കുമ്പോൾ മധ്യപൗരസ്ത്യ ദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തി കാണാനും ലഭ്യമായ പുരാതന രേഖകളുമായുള്ള ബൈബിൾ വിവരണത്തിന്റെ പൊരുത്തവും പൊരുത്തക്കേടും എടുത്തുകാണിക്കാനും ശ്രമിക്കുന്നതാണ്. പഠനസൗകര്യാർത്ഥം ഈ കാലഘട്ടത്തെ മൂന്നു ഭാഗമായി തിരിക്കാം. **1. അസീറിയൻ ആധിപത്യം 2. ഇടവേള 3. പ്രവാസത്തിലേക്ക്.**

# 1. അസ്സീറിയൻ ആധിപത്യം

**2 രാജാ 18-21; 2 ദിന 29-33**

ഇസ്രായേൽ-സിറിയാ സഖ്യശക്തികൾക്കെതിരേ അസ്സീറിയായുടെ സഹായം തേടിയ ആഹാസ് രാജാവ് വിദേശശക്തികളുടെ ആക്രമണത്തിൽ നിന്നും യൂദായെ തൽക്കാലത്തേക്ക് രക്ഷിച്ചു. അയാളുടെ സഹായഭ്യർത്ഥന സിറിയായുടേയും സമരിയായുടേയും പതനത്തെ ത്വരിതപ്പെടുത്തി. എന്നാൽ അതുവഴി യൂദായ്ക്കും സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. കനത്ത തുക കപ്പം കൊടുത്തും അസ്സീറിയാ ആവശ്യപ്പെട്ട സകലകാര്യങ്ങളും പൂർണ്ണമായും അനുസരിച്ചും ഒരു സാമന്തരാജ്യമായിട്ടു മാത്രമേ യൂദായ്ക്കു നിലനില്ക്കാൻ കഴിഞ്ഞുള്ളൂ. ആഹാബിന്റെ മരണത്തിനു ശേഷം യൂദാ ഭരിച്ച ഹെസക്കിയാ, മനാസെ, ആമോൻ എന്നീ മൂന്നു രാജാക്കന്മാരുടെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്.

ഈ കാലഘട്ടമത്രയും അതിശക്തരായ രാജാക്കന്മാരാണ് അസ്സീറിയായെ ഭരിച്ചിരുന്നത്. സാർഗൺ II (ബി.സി. 722-705); സെന്നാക്കെരീബ് (ബി.സി. 705-681), എസാർ ഹദ്ദോൺ (681-669) അസൂർ ബനിപ്പാൽ (669-633) എന്നീ നാലു രാജാക്കന്മാർ ഈജിപ്തിന്റെ അതിർത്തിവരെ തങ്ങളുടെ ആധിപത്യം നിലനിർത്തി. കീഴടക്കിയ രാജ്യങ്ങളിൽ പലപ്പോഴും കലാപങ്ങളും വിമോചന സംരംഭങ്ങളുടെ നടന്നെങ്കിലും അവയെല്ലാം കനത്ത കരത്താൽ അടിച്ചമർത്താൻ അവർക്കു കഴിഞ്ഞു. അസ്സീറിയായുടെ ആധിപത്യത്തിൽ കീഴിലാണ് യൂദായുടെ അടുത്ത മൂന്നു രാജാക്കന്മാർ ഭരിച്ചത്.

## 1. ഹെസെക്കിയാ

### (ബി.സി. 716-687) 2 രാജാ 18-20; 2 ദിന 29-32

യൂദാരാജാക്കന്മാരിൽ കർത്താവിനോട് ഏറ്റം കൂടുതൽ വിശ്വസ്തത പുലർത്തിയ വ്യക്തിയായിട്ടാണ് വി.ഗ്രന്ഥകാരൻ ഹെസെക്കിയായെ ചിത്രീകരിക്കുന്നത്. അയാളുടെ ചെയ്തികളെക്കുറിച്ച് പഠനവിഷയമായ രണ്ടു പുസ്തകങ്ങൾക്കു പുറമെ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലും വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ വിവരിക്കുന്ന കാര്യങ്ങൾ ഏതാണ്ട് മുഴുവനായിത്തന്നെ ഏശയ്യായുടെ പുസ്തകത്തിലുമുണ്ട്. മറികടക്കാൻ സാധിക്കില്ലാ എന്നു തോന്നിയ പല പ്രതിസന്ധികളും തരണം ചെയ്യാനും കർത്താവിനോടു വിശ്വസ്തനായി തുടരാനും ഹെസെക്കിയായെ സഹായിച്ചത് ഏശയ്യാ പ്രവാചകനാണ്. ഹെസെക്കിയായുടെ പ്രവർത്തനങ്ങളെ



മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. 1. മതനവീകരണം. 2. അസ്സീറിയായ്ക്കെതിരേ ചെറുത്തുനില്പ്. 3. അത്ഭുതകരമായ രോഗശാന്തി.

ഈ മൂന്നു കാര്യങ്ങളും പൂർണ്ണമായും കാലക്രമം അനുസരിച്ചാണോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. പലപ്പോഴായി നടന്ന മത നവീകരണ ശ്രമങ്ങളും പല തവണയുണ്ടായ അസീറിയൻ ആക്രമണങ്ങളും സംഗ്രഹിച്ച്, സംക്ഷിപ്തമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്ന അഭിപ്രായത്തിനാണ് മുൻതൂക്കം . മറ്റ് രാജാക്കന്മാരുടെ കാര്യത്തിലെന്നതുപോലെ ഇവിടെയും ചരിത്രം വസ്തു നിഷ്ഠമായി വിവരിക്കുന്നതിനേക്കാൾ, ചരിത്രം നല്കുന്ന പാഠം അവതരിപ്പിക്കാനാണ് വി.ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നത്.

### a. മതനവീകരണം: 2 രാജാ 18,1-12; 2 ദിന 29,1-31,21

രാജാവിന്റെ സ്ഥാനാരോഹണത്തെയും ഭരണ കാലത്തെയുംക്കുറിച്ച് പതിവു ഫോർമുല ഉപയോഗിച്ചുള്ള ആമുഖത്തിനു ശേഷം (2 രാജാ 18,1-2) രാജാക്കന്മാരുടെ പുസ്തകത്തിൽ ഹെസെക്കിയായുടെ മത നവീകരണ സംരംഭങ്ങളും കർത്താവിനോടുള്ള വിശ്വസ്തതയും ചുരുക്കം വാക്കുകളിൽ പ്രതിപാദിക്കുന്നു (2 രാജാ 18,3-7). തുടർന്ന് അസ്സീറിയായ്ക്കെതിരേ നടത്തിയ ചെറുത്തുനില്പിനെയും ഫിലിസ്ത്യർക്കെതിരേ നടത്തിയ യുദ്ധത്തെയുംക്കുറിച്ചു സൂചിപ്പിച്ചതിനു ശേഷം (1 രാജാ 8,7-8) സമരിയായുടെ പതനത്തെക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കുന്നു (2 രാജാ 18,9-12). അവസാനത്തെ നാലു വാക്യങ്ങൾ മുൻ അധ്യായത്തിൽ കണ്ടതിന്റെ സംക്ഷിപ്തമായ മറ്റൊരു വിവരണമാണ്. യുദ്ധങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ അടുത്ത ഭാഗത്ത് വിശകലനം ചെയ്യുന്നതാണ്.

ഭരണാരംഭത്തെക്കുറിച്ചുള്ള സൂചനകൾ ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി അവശേഷിക്കുന്നു. 2 രാജാ 18,1-9 വാക്യങ്ങളിൽ നല്കിയിരിക്കുന്ന കാലസൂചന അനുസരിച്ച് സമരിയായുടെ പതനത്തിന് ആറു വർഷം മുമ്പ്, അതായത് ബി.സി. 727 ലാണ് ഹെസെക്കിയായുടെ പതിനാലാം ഭരണവർഷം സെന്നാക്കരീബ് യൂദായുടെ നഗരങ്ങൾ ആക്രമിച്ചു കീഴടക്കുകയും തുടർന്ന് ജറുസലെമിനെതിരേ ഭീഷണി ഉയർത്തുകയും ചെയ്തതായി പറയുന്നു. ഈ കണക്കനുസരിച്ച് ബി.സി. 731 ലായിരിക്കണം അതു സംഭവിച്ചത്. എന്നാൽ ബി.സി. 705ലാണ് സെന്നാക്കരീബ് അസ്സീറിയായുടെ രാജാവായതെന്നും യൂദായെ ആക്രമിച്ചത് 701 ലാണെന്നും അസ്സീറിയൻ രേഖകളുടെ വെളിച്ചത്തിൽ ചരിത്രകാരന്മാർ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ഹെസെക്കിയ 716ൽ ഭരണം ആരംഭിച്ചതായി

അനുമാനിക്കാം. ഭരണാരംഭത്തെക്കുറിച്ചുള്ള സൂചനയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമല്ല.

പൂജാഗിരികളും വിഗ്രഹങ്ങളും നശിപ്പിക്കുകയും മോശവഴി ലഭിച്ച കല്പനകൾ പാലിച്ചും കൊണ്ട് കർത്താവിനോടു ചേർന്ന് നില്ക്കുകയും ചെയ്ത ഹെസെക്കിയാ യൂദാ ഭരിച്ച സകല രാജാക്കന്മാരെയുംകാൾ വിശ്വസ്തനായിരുന്നു എന്ന നിരുപാധികവും പരമവുമായ പ്രശംസയാണ് വി.ഗ്രന്ഥകാരൻ ഹെസെക്കിയായ്ക്കു നല്കുന്നത്. മരുഭൂമിയിൽ വച്ച് മോശ ഉണ്ടാക്കിയ പിത്തള സർപ്പത്തെ ദേവാലയത്തിൽ സൂക്ഷിച്ചിരുന്നെന്നും ജനങ്ങൾ അതിനെ വിഗ്രഹമായി കരുതി ആരാധിച്ചതിനാൽ ഹെസെക്കിയ അതു തകർത്തു കളഞ്ഞു എന്നും എടുത്തു പറയുന്നു (2 രാജാ 18,4). പിത്തള സർപ്പം എന്നാണ് നെഹൂഷ്താൻ എന്ന പദത്തിന്റെ അർത്ഥം.

രാജാക്കന്മാരുടെ പുസ്തകത്തിൽ മൂന്നു വാക്യങ്ങളിൽ സംഗ്രിച്ച മത നവീകരണത്തിന്റെ വിവരണ ദിനവൃത്താന്ത ഗ്രന്ഥത്തിൽ മൂന്ന് അധ്യായങ്ങളായി വികസിപ്പിച്ചിരിക്കുന്നു. ദേവാലയ ശുദ്ധീകരണം, പെസഹ ആഘോഷം, ദേവാലയ ശുക്ഷൂഷകർ എന്ന മൂന്നു ഭാഗങ്ങളായി തിരിച്ചാണ് മാതാത്മക മേഖലയിലെ ഹെസെക്കിയായുടെ നവീകരണം ശ്രമങ്ങളെ അവതരിപ്പിക്കുന്നത്.

അസീറിയായുടെ നിർബന്ധത്തിനു വഴങ്ങിയ, വിശ്വാസ ദൃഢതയില്ലാത്ത, ആഹാസ് രാജാവ് ജറുസലെം ദേവാലയത്തിൽത്തന്നെ വിജാതീയ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും വിജാതീയ രീതിയിലുള്ള ആരാധനകൾ നടപ്പിലാക്കുകയും ചെയ്തിരുന്നു. അതിനു പുറമേ ദേശത്തുടനീളം വിഗ്രഹാരാധനയ്ക്കുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിരുന്നു. സാമ്രാജ്യത്തിന്റെ ഐക്യം നിലനിർത്താനും പ്രജകൾക്ക് ചക്രവർത്തിയോടുള്ള വിധേയത്വം പ്രകടമാക്കാനുള്ള മാധ്യമമായിട്ടാണ് അസ്സീരിയാക്കാർ ഈ മതാചാരങ്ങളെ ഉപയോഗിച്ചിരുന്നത്. അവയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് സാമ്രാജ്യത്തിനെതിരേയുള്ള കലാപമായി പരിഗണിക്കപ്പെടുമായിരുന്നു. അതിനാൽ ഇവിടെ വിവരിക്കുന്ന നവീകരണ സംരംഭങ്ങൾക്ക് രാഷ്ട്രീയ മാനങ്ങളുമുണ്ട്. മത നവീകരണം രാഷ്ട്രീയമായ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ സൂചന ഉൾക്കൊള്ളുന്നു. എപ്പോഴാണ് ഈ നവീകരണങ്ങൾ നടത്തിയത് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ഭരണം ആരംഭിച്ച വർഷം തന്നെ നവീകരണങ്ങൾ നടപ്പിലാക്കിയെന്ന് വി.ഗ്രന്ഥകാരൻ പറയുന്നുണ്ടെങ്കിലും പലപ്പോഴായി നടന്ന നവീകരണ പ്രവർത്തനങ്ങളെ ഒരുമിച്ച് അവതരിപ്പിക്കുന്നതായും കരുതാം.



സമറിയായുടെ പതനത്തിനുശേഷം അതിന്റെ കാരണങ്ങളെക്കുറിച്ചു വിലയിരുത്തുകയും കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയുടെ മാനദണ്ഡത്തിൽ ഇസായേൽ ചരിത്രം അപഗ്രഥിക്കുകയും ചെയ്ത വടക്കൻ രാജ്യത്തെ പുരോഹിതന്മാരും പ്രവാചക ശിഷ്യന്മാരും ചേർന്നു രചിച്ചതാണ് നിയമാവർത്തന ഗ്രന്ഥം എന്നു നാം കണ്ടു കഴിഞ്ഞു (ബൈ.തീ 9, p 7-8). ഷെക്കെമിൽ വച്ച് എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പ് ഹെസെക്കിയായുടെ കാലത്ത് ജറുസലെമിലേക്ക് കൊണ്ടുവന്നെന്നനും, ആ ഗ്രന്ഥത്തിന്റെയും ഗ്രന്ഥകർത്താക്കളുടെയും പ്രേരണയും പ്രചോദനവും മത നവീകരണത്തിനു പ്രോത്സാഹനം നല്കിയെന്നും അനുമാനിക്കാം. വടക്കൻ രാജ്യത്തിന്റെ പതനവും അസ്സീറിയായുടെ ആധിപത്യവും നവീകരണ ശ്രമങ്ങൾക്ക് അടിയന്തിര സ്വഭാവം നല്കിയെന്നും കരുതാം.

### i. ദേവാലയ ശുദ്ധീകരണം 2 ദിന 29,3-36

നിയമാനുസൃതമായ മതജീവിതം ജറുസലെമിൽ പുനസ്ഥാപിച്ചുകൊണ്ടാണ് മത നവീകരണം ആരംഭിച്ചത്. ആഹാസിന്റെ നയങ്ങളെയും ചെയ്തികളെയും (2 ദിന 28,24) പൂർണ്ണമായും തിരുത്തിക്കുറിക്കുന്നതായിരുന്നു ഹെസെക്കിയായുടെ പ്രവർത്തനം. ആഹാസ് അടച്ചു പൂട്ടിയ ദേവാലയ വാതിൽ അയാൾ തുറന്നു. ദേവാലയ ശുദ്ധീകരണത്തിനായി പുരോഹിതന്മാരെയും ലേവ്യരെയും വിളിച്ചുകൂട്ടിയെങ്കിലും (2 ദിന 29,4) ലേവ്യരെ മാത്രം അഭിസംബോധന ചെയ്താണ് രാജാവ് സംസാരിച്ചത് (2 ദിന 29,5). ദേവാലയത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുകയും ആഹാസിന്റെ അനാചാരങ്ങളോടു സഹകരിക്കുകയും ചെയ്തതിന്റെ പേരിൽ പുരോഹിതന്മാർക്കെതിരേയുള്ള നിശ്ശബ്ദ വിമർശനമായി ഇതിനെ വ്യാഖ്യാതാക്കൾ പരിഗണിക്കുന്നു. പിതാക്കന്മാരുടെ പാപം ഏറ്റു പറയുകയും തങ്ങൾ അനുഭവിക്കുന്ന ശിക്ഷകൾ ആ പാപങ്ങളുടെ ഫലമാണെന്ന് അംഗീകരിക്കുകയും ചെയ്തതിനുശേഷം (2 ദിന 29,6-9) കർത്താവുമായുള്ള ഉടമ്പടി പുതുക്കാൻ രാജാവു താൽപര്യം പ്രകടിപ്പിച്ചു (2 ദിന 29,10-11).

ലേവ്യരും പുരോഹിതന്മാരും ചേർന്ന് പതിനാറു ദിവസംകൊണ്ട് ദേവാലയവും പരിസരവും ശുദ്ധീകരിച്ചു (2 ദിന 29,12-19). 'ദേവാലയത്തിൽ ഉണ്ടായിരുന്ന മാലിന്യങ്ങൾ' അടിഞ്ഞുകൂടിയ ചപ്പുചവറുകളെക്കാൾ, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട വസ്തുക്കളെയാണ് സൂചിപ്പിക്കുന്നത്. ദേവാലയവും ഉപകരണങ്ങളും നിയമപ്രകാരം ശുദ്ധീകരിച്ചു കഴിഞ്ഞപ്പോൾ രാജാവിന്റെ നിർദ്ദേശപ്രകാരം ശുദ്ധീകരിച്ചു കഴിഞ്ഞപ്പോൾ രാജാവിന്റെ നിർദ്ദേശപ്രകാരം വാദ്യഘോഷങ്ങളോടെ രാജ്യ

ത്തിനും ജനത്തിനും വേണ്ടി പാപ പരിഹാര ബലികളർപ്പിച്ചു (2 ദിന 29,20-30). ബലിമൃഗങ്ങളെ രാജാവു തന്നെയാണ് നല്കിയത്. അതിനു ശേഷം രാജാവിന്റെ ആഹ്വാനം സ്വീകരിച്ച് ജനം ദഹന ബലികൾക്കും സമാധാന ബലികൾക്കുമുള്ള കാഴ്ചകൾ സമർപ്പിച്ചു (2 ദിന 29,31-36). സോളമൻ നടത്തിയ ദേവാലയ പ്രതിഷ്ഠയെ അനുസ്മരിപ്പിക്കുന്നതാണ് ദേവാലയ ശുദ്ധീകരവുമായി ബന്ധപ്പെട്ട ഈ ബലിയർപ്പണങ്ങൾ. ഇവിടെയും പുരോഹിതന്മാരെക്കാൾ ലേവ്യരാണ് ദൈവിക കാര്യങ്ങളിൽ താല്പര്യം കാണിച്ചത് (2 ദിന 29,34).

### ii. പെസഹാ ആഘോഷം 2 ദിന 30,1-27

കുടുംബാന്തീരക്ഷത്തിൽ ഇസ്രായേൽ ജനം ആഘോഷിക്കുന്ന ഏറ്റം പ്രധാനപ്പെട്ട തിരുനാളായിരുന്നു പെസഹാ. ജോസിയാ രാജാവിന്റെ കാലത്താണ് ആ തിരുനാൾ ജറുസലെം ദേവാലയത്തെ കേന്ദ്രമാക്കി ആഘോഷിക്കുന്ന ഒരു തീർത്ഥാടക തിരുനാളായി മാറിയതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അതിനാൽ ഹെസെക്കിയാ നടത്തിയ പെസഹാ ആഘോഷത്തെക്കുറിച്ചുള്ള വിവരണം ഒരു ചരിത്ര സംഭവത്തിന്റെ വിവരണം എന്നതിലുപരി, ഭാവിയെ സംബന്ധിച്ച വി. ഗ്രന്ഥകാരന്റെ ഭാവനാസൃഷ്ടിയാണെന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ ജോസിയാ രാജാവു പൂർത്തീയാക്കിയ നവീകരണ സംരഭങ്ങൾ ഹെസെക്കിയായുടെ കാലത്തുതന്നെ അരംഭിച്ചതാണെന്നു കരുതുന്നതിൽ അപാകതയില്ല.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ലഭിച്ച വിമോചനത്തിന്റെ അനുസ്മരണവും ആഘോഷവുമായിരുന്നു പെസഹാത്തിരുനാൾ. ഇസ്രായേൽ ജനത്തിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഒന്നൊഴികെ ബാക്കിയെല്ലാം അപ്രത്യക്ഷമാവുകയും അവശേഷിച്ച യൂദാ തന്നെ സമൂലനാശം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ പെസഹാ ആഘോഷിച്ചതിന് മതാത്മകവും രാഷ്ട്രീയവുമായ പ്രാധാന്യമുണ്ട്. പൂർവ്വികരെ ഒരിക്കൽ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച ദൈവം ഇന്ന് അസ്സീറിയായുടെ ആധിപത്യത്തിൽകഴിയുന്ന തങ്ങൾക്കും മോചനം നല്കും എന്ന പ്രതീക്ഷ ഏറ്റം സജീവമാക്കാൻ ഉതകുന്നതായിരുന്നു പെസഹാ ആഘോഷം. ഒരു വിമോചന സമരത്തിന് ആഹ്വാനം ചെയ്യുന്ന കാഹളധ്വനിയായി ജനം പെസഹാ ആഘോഷത്തെ കാണുമായിരുന്നു. അതിനാൽത്തന്നെ അധിനിവേശ ശക്തികൾ പെസഹാ ആഘോഷത്തെയും മറ്റു നവീകരണ പ്രവർത്തനങ്ങളെയും വളരെ ശ്രദ്ധയോടെ നിരീക്ഷിക്കുമായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം ഹെസെക്കിയാ നടത്തിയ പെസഹാ ആഘോഷത്തെ മനസ്സിലാക്കാൻ.

ഒന്നാം മാസം 14-ാം ദിവസമാണ് പെസഹാ ആഘോഷിക്കേണ്ടത്



(ലേവ്യ 23,5). ഏതെങ്കിലും കാരണവശാൽ അതിനു കഴിയാതെ വരുന്നവർക്ക് രണ്ടാം മാസം 14-ാം ദിവസം ആഘോഷിക്കാം. സംഖ്യ (9,6-11) എന്ന ആനുകൂല്യം അനുസരിച്ചാണ് ഹെസെക്കിയാ രണ്ടാം മാസം പെസഹാ ആഘോഷിച്ചത് (2 ദിന 30,1-5). പുരോഹിതന്മാരുടെ അനാസ്ഥയാണ് ഇതിനു കാരണം എന്ന സൂചന (2 ദിന 30,3) മതകാര്യങ്ങളിലുള്ള അവരുടെ അലംഭാവത്തിലുള്ള വിരൽ ചൂണ്ടുന്നു.

യൂദായിലെ ജനങ്ങളെ മാത്രമല്ല, വടക്കൻ ഗോത്രങ്ങളെയും പെസഹാ ആഘോഷത്തിനു ക്ഷണിച്ചു (2 ദിന 30,5). ഇതിനു പിന്നിൽ മതപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളുണ്ടാവാം. സോളമന്റെ മരണത്തിനുശേഷം യൂദായിൽ നിന്നു കലഹിച്ചു പിരിഞ്ഞുപോയ മറ്റു ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടി, ഇസ്രായേലിനെ വീണ്ടും ഒറ്റജനമാക്കി മാറ്റാനുള്ള ശ്രമമായിരുന്നു ഇത്. രാജാവും രാജ്യവും നഷ്ടപ്പെട്ട് ചിതറിപ്പോയ വടക്കൻ ഗോത്രങ്ങൾക്ക് ജറുസലെമിലേക്കു വരാൻ താൽപര്യമുണ്ടാകുമെന്ന് ന്യായമായും കരുതാമായിരുന്നു. പെസഹാ ആഘോഷത്തിനു ജറുസലേമിലേക്കു വരുന്നത്. കർത്താവിലേക്കുള്ള മടങ്ങിവവായി വ്യാഖായാനിച്ചു.കൊണ്ടാണ് ഹെസെക്കായി ദുതന്മാരെ അയച്ചത് (2 ദിന 30,6-9). മടങ്ങിവരുന്നവരെ കർത്താവ് സ്വീകരിക്കുമെന്ന് ദൂതന്മാർ വടക്കൻ ഗോത്രങ്ങൾക്ക് ഉറപ്പു നല്കി. എന്നാൽ ഏറ്റം വടക്കുണ്ടായിരുന്ന ഗോത്രങ്ങളിൽ നിന്ന് ചുരുക്കം പോരൊഴികെ മറ്റാരും ആഹ്വാനം സ്വീകരിക്കാൻ തയ്യാറായില്ല.

ബഹുഭൂരിഭാഗവും ദൂതന്മാരെ പുച്ഛിച്ചു പുറന്തള്ളിയതിനു പല കാരണങ്ങളുണ്ടാകാം. പെസഹാ ആഘോഷത്തിനു ജറുസലെമിലേക്കു പോകുന്നത് കലാപത്തിന്റെ അടയാളമായി കണ്ട് അസ്സീറിയൻ അധികാരികൾ പ്രതികാര നടപടികൾ സ്വീകരിച്ചേക്കും എന്ന ഭയമാണ് ഒരു കാരണം. രണ്ടു നൂറ്റാണ്ടിലേറെയായി യൂദായും ഇസ്രായേലും തമ്മിൽ നിലനിന്ന വിദ്വേഷവും ഇതിനു കാരണമാകാം. ജറുസലെമിലേക്കും പോകുന്നത് ദാവീദുരാജവംശത്തെ അംഗീകരിക്കുന്നതിന്റെ അടയാളമായി കണ്ടതും ഈ അവഹേളനത്തിനും തിരസ്കരണത്തിനും കാരണമായിരിക്കാം.

പെസഹാ ആഘോഷിക്കാൻ ജറുസലെമിൽ ഒരുമിച്ചുകൂടിയവർ ആദ്യമേ ചെയ്തത് നിയമാനുസൃതമല്ലാത്ത ബലിപീഠങ്ങളും ധൂമപീഠങ്ങളും തകർക്കുകയാണ് (2 ദിന 30,13-14). ഇത് കർത്താവിനോടുള്ള വിശ്വസ്തത ഏറ്റുപറയുന്നതിനോടൊപ്പം അസ്സീറിയൻ നുകം വലിച്ചെറിയുന്നതിന്റെ പ്രതീകവുമായിരുന്നു. ഇതിന്റെ തുടർച്ച അടുത്ത അധ്യായത്തിൽ (2 ദിന 31,1) വിവരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത പെസഹാ

ഭക്ഷണത്തിൽ പങ്കു ചേർന്നവർക്കു വേണ്ടി രാജാവു പ്രാർത്ഥിക്കുകയും കർത്താവ് അവരോട് ക്ഷമിക്കുകയും ചെയ്തു (2 ദിന 30,15–20). പെസഹാ ആഘോഷത്തിനും ലേവ്യർ പ്രത്യകം ആശംസിക്കപ്പെടുന്നു (2 ദിന 30,21–22). വിധിപ്രകാരമുള്ള ഏഴു ദിവസത്തിനു പുറമെ വീണ്ടും ഏഴു ദിവസം കൂടി ആഘോഷിച്ചതിനുശേഷം ആഹ്ലാദഭരിതരായി ജനം സ്വവസതിയിലേക്ക് മടങ്ങി (2 ദിന 30,23–27).

**വിചിന്തനം:** നിയമവിധിപ്രകാരം ശുദ്ധരാല്ലാതിരുന്നവരും പെസഹാ ഭക്ഷണത്തിൽ പങ്കു ചേർന്നു. രാജാവു അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അവരെ കരുണയോടെ കടാക്ഷിക്കുകയും ചെയ്തു (2 ദിന 30,18–19) എന്ന പ്രസ്താവനയ്ക്ക് ഇന്നു ഏറെ പ്രസക്തിയുണ്ട്. നിയമങ്ങളും പാരമ്പര്യങ്ങളും അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ പ്രേരിപ്പിക്കുകയും അതിൽ വീഴ്ച വരുത്തുന്നവർക്കെതിരേ കർശനമായ ശിക്ഷാനടപടികൾ എടുക്കുകയും ചെയ്യുന്ന മതാധികാരികൾ പലപ്പോഴും കർത്താവിന്റെ കരുണയും ക്ഷമയും മറക്കുന്നു. അനുഷ്ഠാനങ്ങളുടെ കൃത്യതയേക്കാൽ അനുതാപത്തിലും ആത്മാർത്ഥയ്ക്കുമാണ് ദൈവം പ്രാധാന്യം കൽപിക്കുന്നത് എന്ന് ഹെസെക്കിയായിലൂടെ നൽകിയ പാഠം നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

### iii. ദേവാലയ ശുശ്രൂഷകർ 2 ദിന 31,1–21

പെസഹാ ആഘോഷം കഴിഞ്ഞു മടങ്ങിയവർ യൂദായിലും മറ്റു ഗോത്രങ്ങളിലും ഉണ്ടായിരുന്ന പൂജാഗിരികൾ തകർത്തതിനുശേഷമാണ് വീടുകളിലേക്കു പോയത് (2 ദിന 31,1). ഇത് വ്യക്തമായും ഒരു വിമോചന സമരത്തിന്റെ തുടക്കമായിരുന്നു. യഥാർത്ഥമായ ആരാധന ജനത്തെ മതപരവും രാഷ്ട്രീയവുമായ അടിമത്തതിൽ നിന്ന് സ്വതന്ത്രരാക്കുന്നതിന്റെ അടയാളമാണ് ഇത്.

ദേവാല ശുശ്രൂഷയ്ക്കുവേണ്ടി ലേവ്യരെയും പുരോഹിതന്മാരെയും ഗണം തിരിച്ച് നിയോഗിക്കുകയും അവരുടെ ജീവസന്ധാരണത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതാണ് മതനവീകരണത്തിന്റെ ഒരു പ്രധാന ഘടകമായി വിശുദ്ധ ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത് (2 ദിന 31,2–21). രാജഭണ്ഡാരത്തിൽ നിന്നു നല്കിയ തുകയ്ക്കു പുറമേ, ഈ ആവശ്യത്തിലേക്കായി സംഭാവനകൾ നല്കാൻ രാജാവ് ജനത്തെ പ്രേരിപ്പിച്ചു. രാജാവിന്റെ മാതൃകയനുസരിച്ച് ജനം ഉദാരമായ സംഭാവനകൾ നൽകിയപ്പോൾ ആവശ്യത്തിനു മിച്ചം ലഭിച്ചു. കാഴ്ചകൾ സ്വീകരിക്കുകയും ദേവാലയ ശുശ്രൂഷയ്ക്കും ദേവാലയ ആവശ്യങ്ങൾക്കുമായി നീതിപൂർവ്വം വീതിക്കുകയും ചെയ്യുന്നതിന് ലേവ്യനേതാക്കന്മാരെയാണ് നിയോഗിച്ചിരുന്നത്.



**വിചിന്തനം:** വിദേശാധിപത്യത്തിനു കീഴിൽ, ശത്രുക്കളുടെ നിരന്തരമായ ഭീഷണിയിൽ കഴിഞ്ഞപ്പോഴും ജനം ദൈവത്തിലുള്ള വിശ്വാസമായ ഭീഷണിയിൽ കഴിഞ്ഞപ്പോഴും ജനം ദൈവത്തിലുള്ള വിശ്വാസത്തിലും ദൈവാരാധനയിലും നിന്ന് ശക്തിയാർജ്ജിച്ചു. വിശ്വാസവും ആരാധനയും അവർക്കു സന്തോഷം നല്കി. തങ്ങളുടെ ഇല്ലായ്മയിൽ നിന്ന് ഉദാരമായി സംഭാവന ചെയ്യാൻ അവർ സന്നദ്ധരായി. രാഷ്ട്രീയവും സാമൂഹികവുമായ അടിമത്തത്തിലും ആന്തരിക സ്വാതന്ത്ര്യം അനുഭവിക്കാൻ വിശ്വാസവും ആരാധനയും അവരെ സഹായിച്ചു. നമ്മുടെ ദൈവവിശ്വാസവും ദൈവാരാധനയും ഇപ്രകാരമുള്ള സ്വാതന്ത്ര്യവും സന്തോഷവും പ്രദാനം ചെയ്യുന്നുണ്ടോ? നമ്മെ ഔദാര്യത്തിന് പ്രേരിപ്പിക്കുന്നുണ്ടോ?

### b. അസ്സീറിയായ്ക്കെതിരെ ചെറുത്തു നില്പ്

**2 രാജാ 18, 13–19, 37; 2 ദിന 32,1–33**

അസ്സീറിയൻ രാജാവായ സെന്നാക്കെരീബ് യൂദായിലെ അനേകം നഗരങ്ങൾ കീഴടക്കുകയും വലിയ തുക കപ്പം കിട്ടിയിട്ടും ജറുസലെമിനെതിരേ ഭീഷണി ഉയർത്തുകയും ചെയ്തപ്പോൾ കർത്താവ് അത്ഭുതകരമായി നൽകിയ വിമോചനത്തിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം കൂടുതൽ ദീർഘവും വിശദാംശങ്ങൾ ഉൾകൊള്ളുന്നതുമാണ്. ഏശയ്യ 36–37 അധ്യായങ്ങളിൽ ഇതേ സംഭവം വലിയ വ്യത്യാസമൊന്നും കൂടാതെ വിവരിക്കുന്നുണ്ട്.

ബി.സി. 701 ൽ നടന്ന ആക്രമണമാണ് ഇവിടെ പ്രതിപാദിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഈ ആക്രമണത്തിന്റെ കാരണങ്ങളോ സാഹചര്യങ്ങളോ വി. ഗ്രന്ഥകാരൻ വിശദീകരിക്കുന്നില്ല. എന്നാൽ 2 രാജാ 18,7–8ൽ നൽകിയിരിക്കുന്ന സംക്ഷിപ്തമായ വിവരണം സാഹചര്യങ്ങളിലേക്ക് ഒരു സൂചന നൽകുന്നുണ്ട്. സുദീർഘമായ പ്രതിഷേധത്തിന്റെ അവസാനത്തെ ഏറ്റുമുട്ടലാണ് ഇവിടെ വിവരിക്കുന്നത്. അസ്സീറിയിൻ രാജാക്കന്മാരുടെ ഔദ്യോഗിക രേഖകളിൽ നിന്ന് കൂടുതൽ വിശദാംശങ്ങൾ ലഭിക്കും (ANET 284-288).

സമറിയായുടെ പതനത്തിനുശേഷം പലസ്തീനായിലെ നാട്ടുരാജ്യങ്ങളെല്ലാം അസീറിയായ്ക്ക് കപ്പം കൊടുത്ത് സാമന്തരായിക്കഴിഞ്ഞു. എതിർക്കാൻ ശ്രമിച്ചവരെ നിർദ്ദാക്ഷിണ്യം അടിച്ചമർത്താൻ സാർഗൺ വൈകിയില്ല. ആഹാസ് രാജാവു ഭരിച്ചിരുന്നിടത്തോളം കാലം അസ്സീറിയായ്ക്കെതിരേ പലസ്തീനായിലും ചുറ്റുപാടുമുണ്ടായ കലാപങ്ങളിൽ യൂദാ പങ്കെടുത്തില്ല. എന്നാൽ ആഹാസിന്റെ മരണത്തോടെ സ്ഥിതിഗതികൾക്കു മാറ്റമുണ്ടായി..

അസ്സീറിയായോട് ആഹാസ് സ്വീകരിച്ച നിരുപാധികമായ വിധേയത്വത്തിന്റെ നിലപാടിൽ യാഹ്‌വേ ഭക്തരായ യൂദാനിവാസികൾ പൊതുവേ അസംതൃപ്തരായിരുന്നു. സ്വാതന്ത്ര്യ മോഹികളായ അവർ വിദേശാധിപത്യത്തെ വെറുത്തിരുന്നു. സ്വാതന്ത്ര്യ മോഹികളായ അവർ വിദേശാധിപത്യത്തെ വെറുത്തിരുന്നു. അടിമത്തത്തിന്റെ നുകം വലിച്ചെറിയാൻ അവർ അവസരം കാത്തിരുന്നു. ആഹാസ് മരിച്ച ബി.സി. 716ൽ ഈജിപ്തിൽ ശക്തനായ ഒരു രാജാവ് ഭരണ ആരംഭിച്ചത് തങ്ങൾ പ്രതീക്ഷിച്ചിരുന്ന അവസരമായി അവർ കണ്ടു. പരസ്പരം കലഹിച്ചു ക്ഷയിച്ചുകൊണ്ടിരുന്ന ഈജിപ്തിലെ പ്രഭുക്കന്മാരുടെമേൽ എത്യോപ്യാക്കാരനായ പിയാങ്കി ആധിപത്യം സ്ഥാപിച്ച് പുതിയൊരു രാജവംശത്തിനു തുടക്കം കുറിച്ചു. 25-ാം രാജവംശമായി അറിയപ്പെടുന്നു.

ഈജിപ്തു രാജാവായ പിയാങ്കി പലസ്തീനായിൽ ഇടപെടാൻ തുടങ്ങി. അസ്സീറിയായ്ക്കെതിരേ പലസ്തീനായെ ഒരു പ്രതിരോധനിരയാക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. ഇതിനായി ഫിലിസ്ത്യർ, ഏദോമ്യർ, മൊവാബ്യർ തുടങ്ങിയവരെയെല്ലാം സഖ്യത്തിനു ക്ഷണിച്ചു. ഈജിപ്തിന്റെ ദൂതന്മാർ ജറുസലെമിലും എത്തി. വിമോചനത്തിനു ദൈവം നല്കിയ അവസരമായി യൂദായിലെ പലരും ഇതിനെ വീക്ഷിച്ചെങ്കിലും, ഏശയ്യായുടേയും മറ്റും സ്വാധീനത്താലാവാം, ഹെസെക്കിയാ സഖ്യത്തിൽ ചേരാതെ മാറിനിന്നു. ബി.സി. 711ൽ സാർഗൺ ആഞ്ഞടിച്ചു. സഖ്യശക്തികൾ തകർന്നു. ഫിലിസ്ത്യ നഗരമായ അഷ്ദോദിൽ വച്ചായിരുന്നു നിർണ്ണായക യുദ്ധം. ഈജിപ്തിന് അവരെ രക്ഷിക്കാനായില്ല. ഈ സാഹചര്യത്തിലാണ് ഏശയ്യാ മൂന്നു വർഷത്തേക്ക് അരക്കച്ച മാത്രമുടുത്ത്, നിഷ്പാദുകനായി ജറുസലെമിലൂടെ നടന്നത്. ഈജിപ്തിനും സഖ്യകക്ഷികൾക്കും വരാൻ പോകുന്ന അടിമത്തത്തിന്റെ അടയാളമായിരുന്നു അത് (ഏശ 20,1-6). ഇതിനുശേഷം സാർഗൺ പാലസ്തീനായിലേക്കു വന്നില്ല. അസ്സീറിയായ്ക്കു കപ്പം കൊടുക്കുകയും സഖ്യത്തിൽ ചേരാതിരിക്കുകയും ചെയ്തതിനാൽ ഹെസെക്കിയായ്ക്ക് തന്റെ മത നവീകരണങ്ങൾ നിർബ്ബാധം തുടരാൻ സാധിച്ചു. കഴിഞ്ഞ ഭാഗത്തു കണ്ട നവീകരണങ്ങൾ അധിക പങ്കും 711 നു ശേഷമായിരിക്കും നടന്നത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ബി.സി. 705ൽ സാർഗൺ യുദ്ധത്തിൽ മരിച്ചു. മകൻ സെന്നാക്കെരീബ് രാജാവായി. ആരംഭത്തിൽ പിതാവിനോളം പ്രഗത്ഭനായിരുന്നില്ല അയാൾ. അതിവിശാലമായ അസ്സീറിയാ സാമ്രാജ്യത്തിലെ സാമന്തരാജ്യങ്ങൾ എല്ലാം തന്നെ കലാപക്കൊടി ഉയർത്തി. കിഴക്ക് ബാബിലോണിൽ മെറോദാക് ബലാദാൻ വീണ്ടും കലാപം ആരംഭിച്ചു. അയാളുട



ദൂതന്മാർ പലസ്തീനായിലെ നാട്ടുരാജാക്കന്മാരുടെ അടുത്തും എത്തി. ഈജിപ്തും സജീവമായി രംഗത്തുവന്നു. അസ്സീറിയായുടെ കിഴക്കും പടിഞ്ഞാറും ഒരേ സമയത്ത് കലാപം ആരംഭിക്കുകയായിരുന്നു. ബാബിലോൺ രാജാവിന്റെ പദ്ധതി അത്ഭുതകരമായി രോഗശാന്തി ലഭിച്ച ഹെസെക്കിയായ്ക്ക് അഭിവാദനം അർപ്പിക്കാൻ വന്ന ബാബിലോണിന്റെ ദൂതന്മാരെ (2 രാജാ 20,12) ഈ പശ്ചാത്തലത്തിൽ കാണണം.

അസ്സീറിയായ്ക്കെതിരേ കലാപം കാട്ടുതീപോലെ പടർന്നു. പലസ്തിനായുടെ വടക്കുപടിഞ്ഞാറുള്ള ഫെനീഷ്യ നഗരങ്ങൾ ടയിറിന്റെ കീഴിൽ സഖ്യം ചേർന്നു. തെക്കു പടിഞ്ഞാറുള്ള ഫിലിസ്ത്യ നഗരങ്ങളും തെക്കും കിഴക്കുമുള്ള ഏദോം, മൊവാബ്, അമ്മോൻ എന്നിവയും കലാപത്തിൽ പങ്കു ചേർന്നു. ഏശയ്യായുടെ ഉപദേശം തിരസ്കരിച്ച് ഹെസെക്കിയായും സഖ്യകക്ഷികളോടു ചേർന്നു. ചർച്ചകൾക്കായി ദൂതന്മാരെ ഈജിപ്തിലേക്കയച്ചു. (ഏശ 30,1-7, 31,1-3). ഏറെ താമസിയാതെ ഹെസെക്കിയാ ഈ സഖ്യത്തിന്റെ നേതാവുമായി. ഫിലിസ്ത്യ നഗരമായ ഏക്രോണിലെ രാജാവ് സഖ്യത്തെ എതിർത്തതിനാൽ അയാൾക്കെതിരേ യുദ്ധം നയിച്ചു. (2 രാജാ 18,8). നഗരവാസികൾ രാജാവിനെ ബന്ധിച്ച് ഹെസെക്കിയായെ ഏല്പിച്ചു. ഹെസെക്കിയാ അയാളെ ജറൂസലെമിൽ തടവുകാരനാക്കി. ഇതാണ് സെന്നാക്കരീബിന്റെ ആക്രമണമുണ്ടായ ചരിത്ര പശ്ചാത്തലം.

ബാബിലോണിലെ കലാപം അടിച്ചമർത്തിയതിനുശേഷം സെന്നാക്കെരീബ് കൊടുങ്കാറ്റുപോലെ പടിഞ്ഞാറോട്ട് ആഞ്ഞടിച്ചു. ടയിർ നിലംപതിച്ചു. സഖ്യകക്ഷികൾ ചിതറി. ഈ പരാജയത്തെക്കുറിച്ചു കേട്ടപ്പോൾ ഹെസെക്കിയായുടെ നേതൃത്വത്തിലുണ്ടായിരുന്ന സഖ്യം പൊളിഞ്ഞു. അഷ്ദോദ്, ഏദോം, അമ്മോൻ, മൊവാബ് എന്നീ രാജ്യങ്ങൾ കപ്പവുമായി ഓടിയെത്തി സെന്നാക്കെരീബിനോടു രമ്യതപ്പെട്ടു. ഫിലിസ്ത്യ നഗരങ്ങളായ ആഷ്കെലോൺ, എക്രോൺ എന്നിവയും യൂദായും മാത്രം ചെറുത്തു നില്ക്കാൻ തീരുമാനിച്ചു. ഈ സാഹചര്യത്തിലാവണം ജെറുസലെമിൽ ജലം സുലഭമാക്കാൻ വേണ്ടി തുരങ്കം നിർമ്മിക്കുകയും കോട്ട പുതുക്കുകയും ചെയ്തത് (2 ദിന 32,1-8). ജറുസലെം നഗരം ജലത്തിന് ആശ്രയിച്ചിരുന്നത്. മതിലിനു പുറത്തുള്ള ഗീഹോൻ ഉറവയെ ആണ്. ഉറവയിലെ ജലം കുളത്തിൽ സംഭരിച്ചിരുന്നു. കുളവും ഉറവയും ഭദ്രമായി മൂടിയതിനുശേഷം ഏകദേശം 400 മീറ്റർ നീളമുള്ള തുരങ്കത്തിലൂടെ ജലം നഗരത്തിനുള്ളിലേക്കു കൊണ്ടുവന്ന് സീലോഹാ കുളത്തിൽ സംഭരിച്ചു.

മധ്യധരണ്യാഴിയുടെ തീരത്തൂടെ തെക്കോട്ടു നീങ്ങിയ സെന്നാ

ക്കെരീബ് ആദ്യമേ അഷ്കെലോൺ കീഴടക്കി. യൂദായുടെ നഗരങ്ങൾ ഒന്നൊന്നായി നശിപ്പിച്ചു.46 നഗരങ്ങൾ നശിപ്പിക്കുകയും കൂട്ടിൽ പക്ഷിയെ എന്നപോലെ ഹെസെക്കിയായെ ജെറുസലെമിൽ അടച്ചിടുകയും ചെയ്ത തായി സെന്നാക്കെരീബ് അവകാശപ്പെടുന്നു (ANET 288). അതേസ മയം എക്രോണിനെതിരേയും ആക്രമണം ആരംഭിച്ചു. സഹായത്തിനു വന്ന എക്രോണിനെതിരേയും ആക്രമണം ആരംഭിച്ചു. സഹായത്തിനു വന്ന ഈജിപ്തു സൈന്യത്തെ എക്രോണിനു തെക്കുള്ള എൽത്തെക്കെ നഗരത്തിൽ വച്ചു തോല്പിച്ചു.

ഹെസെക്കിയായുടെ നില അപകടത്തിലായി. സെന്നാക്കെരീ ബിന്റെ പ്രതികാര നടപടി അതിക്രൂരമായിരുന്നു. നാടു മുഴുവൻ നശിപ്പി ക്കപ്പെട്ടു. ഇതിനെക്കുറിച്ചാണ് ഏശ 1,6-9ൽ സൂചിപ്പിക്കുന്നത്. ലാഖിഷ് നഗരത്തിനടുത്ത് ഒരു കുഴിയിൽ നിന്ന് 1500 പേരുടെ അസ്തികൂടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്ത് സെന്നാക്കെരീബിന്റെ ക്രൂരതയ്ക്കു തെളിവാണ്. ഗത്യന്തരമില്ലെന്നു മനസ്സിലാക്കിയ ഹെസെക്കിയാ ലാഖിഷ് ആക്രമിച്ചുകൊണ്ടിരുന്ന സെന്നാക്കെരീബിന്റെ അടുത്തേക്ക് വലിയ സമ്മാനങ്ങളുമായി ദൂതന്മാരെ അയച്ച് സമാധാനത്തിനുവേണ്ടി യാചിച്ചു (2 രാജാ 18,14-16). തടവുകാരനാക്കിവച്ചിരുന്ന എക്രോൺ രാജാവിനെയും ഈ കൂട്ടത്തിൽ സ്വതന്ത്ര്യനാക്കി വിട്ടയച്ചു എന്ന് ചരിത്രകാരന്മാർ അഭി പ്രായപ്പെടുന്നു. അതുകൊണ്ടു തൃപ്തനാകാഞ്ഞ അസീറിയൻ രാജാവ് തന്റെ രണ്ട് ഉദ്യോഗസ്ഥന്മാരെ ജറുസലെമിലേക്ക് അയച്ചു. റബ്സാരി സ്, റബ്ഷക്കെ എന്നത് വ്യക്തികളുടെ പേരുകളല്ല, ഔദ്യോഗിക സ്ഥാന പ്പേരുകളാണ്. സേവകൻ എന്നും സൈന്യധിപൻ എന്നും ആണ് അവ യുടെ അർത്ഥം. ഹെസെക്കിയാ അയച്ച പ്രതിനിധികളോട് അവർ കോട്ട മതിലിനു പുറത്തു നിന്ന് പ്രകോപനപരമായ വിധത്തിൽ സംസാരിച്ചു (2 രാജാ 18,17-18). അവരുടെ വാക്കുകൾ രാജാക്കന്മാരുടെ പുസ്തകത്ത തിൽ വളരെ ദീർഘമായി വിവരിക്കുന്നു (2 രാജാ 18,19-37). ദിനവൃത്താന്ത ഗ്രന്ഥത്തിലേ വിവരണം ഹ്രസ്വമാണ് (2 ദഗിന 32,9-15).

രാജാവിന്റെയും ജനത്തിന്റെയും ധൈര്യം അസ്സീറിയാ കെടുത്തി നിരുപാധികം കീഴടങ്ങാൻ പ്രേരിപ്പിക്കുകയായിരുന്നു അസ്സീറിയാ രാജാ വിന്റെ ലക്ഷ്യം. ഈജിപ്ത് വിശ്വസിക്കാൻ കൊള്ളാത്തതും ദുർബലവു മായ തുണയാണ്. കർത്താവിന്റെ ബലിപീഠങ്ങൾ തകർത്തതിനാൽ കർത്താവ് യൂദായെ കൈവെടിഞ്ഞിരിക്കുന്നു. അസീറിയായോടു ചെറുത്തു നില്ക്കാൻ യൂദാ സൈന്യം ശക്തമല്ല. കർത്താവു തന്നെയാണ് ജറുസെലെമിനെതിരേ അസ്സീറിയായെ അയച്ചിരിക്കുന്നത്. ഇത്രയുമാണ് ദൂതന്മാർ നിരത്തിയ ന്യായങ്ങൾ (2 രാജാ 18,19-25). ഇസ്രായേൽ ജന ത്തിന്റെ സംസാര ഭാഷയായ ഹീബ്രുവിലാണ് ദൂതന്മാർ സംസാരിച്ചത്. അസീറിയാക്കാർ സംസാരിക്കുന്ന അരമായ ഭാഷ യൂദായിലെ സാധാര ണക്കാർക്ക് അറിയില്ലായിരുന്നു. ആ ഭാഷ തങ്ങൾക്കു മനസിലാകുമെ ന്നതിനാൽ അതിൽ സംസാരിക്കാൻ ഹെസെക്കിയായുടെ പ്രതിനിധികൾ ആവശ്യപ്പെട്ടപ്പോൾ റബ്ഷക്കെ ജനത്തിന്റെ മനസ്സിടിക്കാൻ വേണ്ടി ഹെബ്രായ ഭാഷയിൽ കൂടുതൽ ഉച്ചത്തിൽ നിന്ദനങ്ങൾ ചൊരിഞ്ഞു (2 രാജാ 18,26-28). നഗരത്തിൽ ജനം പട്ടിണി കിടന്നു മരിക്കും എന്നതാണ് ഏറ്റം വലിയ ഭീഷണിയും പരിഹാസവും (2 രാജാ 18,27).

ജനത്തിന്റെ മുമ്പിൽ ഹെസെക്കിയായെയും കർത്താവിനെയും താഴ്ത്തിക്കെട്ടുകയായിരുന്നു അസ്സീറിയൻ. ഉദ്യോഗസ്ഥന്റെ രണ്ടാമത്തെ പ്രഭാഷണത്തിന്റെ ലക്ഷ്യം. ഹെസെക്കിയായ്ക്ക് യൂദാജനത്തെ രക്ഷിക്കാനാവില്ല. അസ്സീറിയായ്ക്കു കീഴടങ്ങിയാൽ അവർക്കു വിദേ ശത്തു ഭാസുരമായ ഭാവിയുണ്ടാകും. അസ്സറീയാ രാജാവിന്റെ കൈക ളിൽ നിന്ന് അവരെ രക്ഷിക്കാൻ കർത്താവിനുപോലും കഴിയുകയില്ല എന്ന് ഇതര ജനതകളുടെ അനുഭവം നിരത്തിവച്ചുകൊണ്ട് റബ്ഷെക്കെ സമർത്ഥിച്ചു (2 രാജാ 18,29-39). ഈ രണ്ടു പ്രഭാഷണങ്ങളുടെയും സംഗ്രഹം 2 ദിന 32,10-15ൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്ദനം കേട്ട രാജ പ്രതിനിധികൾ ദുഃഖസൂചകമായി വസ്ത്രം കീറി; വിവരങ്ങൾ ഹെസെക്കിയായെ അറിയിച്ചു (2 രാജാ 18,37).

ഭയചകിതനും ദുഃഖാർത്തനുമായ ഹെസെക്കിയാ അനുതാപത്തി ന്റെയും പരിഹാരത്തിന്റെയും അടയാളമായി ചാക്കുടുപ്പിച്ച് ദൂതന്മാരെ ഏശയ്യായുടെ അടുക്കലേക്ക് അയച്ചു. അസ്സീറിയാ രാജാവ് കർത്താവിനെ അധിക്ഷേപിച്ചതിനാൽ കർത്താവ് അവനെ ശിക്ഷിച്ചേക്കാം എന്ന പ്രതീക്ഷ ഹെസെക്കിയായ്ക്കുണ്ട്. ഏശയ്യാ കർത്താവിനോട് ജന ത്തിനുവേണ്ടി പ്രാർത്ഥിക്കണം എന്ന ഏക അപേക്ഷയാണ് ദൂതന്മാർ വഴി സമർപ്പിച്ചത് (2 രാജാ 19,1-15). ഏശയ്യായുടെ മറുപടി ഹ്രസ്വമായിരു ന്നു. അതു പ്രതീക്ഷ നല്കുന്നതുമായിരുന്നു (2 രാജാ 19,6-7). കർത്താവു തന്നെ അസീറിയാ രാജാവിനെ ഭയചകിതനാക്കും. സ്വദേശത്തേക്കു മട ങ്ങാൻ പ്രേരിപ്പിക്കുന്ന കിംവദന്തികൾ എന്താണെന്നു വ്യക്തമാക്കുന്നി ല്ല. ഈജിപ്തു രാജാവായ തീർഹാക്കാ തനിക്കെതിരേ വരുന്നു (2 രാജാ 19,9) എന്ന വാർത്തയാണ് ഇതെന്ന ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം സ്വീകാര്യമല്ല. 25-ാം രാജവംശത്തിലെ മൂന്നാമത്തെ രാജാവായിരുന്നു എത്യോപ്യക്കാരനായ താർഹാക്കാ. ഈജിപ്തു രാജാവിനെ നേരിടാൻ അസ്സീറിയായിലേക്കല്ലല്ലോ മടങ്ങേണ്ടത്. അസ്സീറിയായിൽ ആഭ്യന്തര കലാപമുണ്ടാക്കുകയും ബാബിലോൺ വീണ്ടും സ്വാതന്ത്രംയം

പ്രഖ്യാപിക്കുകയും ചെയ്തതാണ് ഈ വാർത്ത എന്ന് അനുമാനിക്കാം.

സെന്നാക്കെരീബ് ഒരു കത്തുമായി വീണ്ടും ദൂതന്മാരെ ജറുസലെമിലേക്ക് അയച്ചു (2 രാജാ 19,8–9). ഏതെങ്കിലും വിധത്തിൽ യൂദായെ കീഴ്പ്പെടുത്തി യുദ്ധം അവസാനിപ്പിക്കണം എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. അസ്സീറിയായിലേക്കു മടങ്ങാൻ അയാൾക്കു തിടുക്കമുണ്ടായിരുന്നു. കർത്താവിനു ജറുസലേമിനെ രക്ഷിക്കാൻ കഴിയില്ല എന്നും കർത്താവിൽ ആശ്രയിക്കുന്നവർ വഞ്ചിക്കപ്പെടും എന്നുമാണ് കത്തിന്റെ ഉള്ളടക്കം. ആദ്യ ദൂതന്മാർ നല്കിയ സന്ദേശത്തോട് കാര്യമായി ഒന്നും തന്നെ ഈ കത്തിൽ കൂട്ടിച്ചേർത്തിട്ടില്ല. ആകയാൽ ഒരേ ദൂതിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നതെന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഈ എഴുത്തും ആദ്യ ദൂതിന്റെ ഭാഗമായിട്ടാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത് (2 ദിന 32,16–19).

ദുഃഖാർത്തനായ ഹെസെക്കിയാ ശത്രുവിന്റെ കത്ത് ദേവാലയത്തിൽ കർത്താവിന്റെ സന്നിധിയിൽ വച്ച്, മനമുരുകി പ്രാർത്ഥിച്ചു കർത്താവു മാത്രമാണ് ദൈവമെന്നും അവിടുന്നാണ് സകലരുടെയും സ്രഷ്ടാവും അധിപനും എന്നും ഏറ്റു പറഞ്ഞുകൊണ്ട് ശത്രുവിൽ നിന്ന് രക്ഷ നല്കണമേ എന്ന് തീവ്രമായി യാചിച്ചു (2 രാജാ 19,14–19). ജറൂസലെമിനു രക്ഷ നല്കുന്നതിലൂടെ കർത്താവു മാത്രമാണ് ദൈവം എന്നു ലോകജനതകൾ അറിയട്ടെ എന്നു പ്രാർത്ഥിക്കുമ്പോൾ തങ്ങളുടെ ഭൗതികമായ രക്ഷയേക്കാൾ ദൈവത്തിന്റെ മഹത്വമാണ് പ്രധാനം എന്ന് രാജാവ് ഏറ്റു പറയുന്നു. ഏശയ്യായും കർത്താവിനോട് പ്രാർത്ഥിച്ചു എന്ന് 2 ദിന 32,20ൽ കൂട്ടിച്ചേർത്തിരിക്കുന്നു.

പ്രാർത്ഥന കേട്ട കർത്താവ് ഏശയ്യാ വഴി ഹെസെക്കിയായ്ക്ക് മറുപടി നല്കി. 2 രാജാ 19,6–7ൽ നല്കിയ മറുപടി ഇവിടെ അസ്സീറിയായെക്കെതിരേയുള്ള ഒരു ഗാനമായി അവതരിപ്പിച്ചിരിക്കുന്നു (2 രാജാ 19,21–28). ഏശ 10,5–112ൽ അസ്സീറിയായെക്കുറിച്ചു പറയുന്ന കാര്യങ്ങളുമായി ഈ പരിഹാസ കീർത്തനത്തിനു സാമ്യമുണ്ട്. തോറ്റോടുന്ന സെന്നാക്കെരീബിനെ നോക്കി ജറൂസലെം പരിഹസിക്കുന്നതായിട്ടാണ് കീർത്തനം അവതരിപ്പിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ പരിശുദ്ധനായ കർത്താവിനെയാണ് അയാൾ പരിഹസിച്ചത്. അയാളുടെ വമ്പുപറച്ചിൽ വ്യർത്ഥമാണ്. കർത്താവു തന്നെയാണ് ജനതകൾക്കെതിരേ ശിക്ഷ നടപ്പിലാക്കാൻ അയാളെ നിയോഗിച്ചത്. എന്നാൽ ഇതു തന്റെ തന്നെ നേട്ടമാണെന്നു കരുതിയ സെന്നാക്കെരീബിനു തെറ്റി. ധിക്കാരിയും അഹങ്കാരിയും ആയ അവനെ കർത്താവു തന്നെ ഒരു മൃഗത്തെയെന്നപോലെ



ബലമായി തിരിച്ചയയ്ക്കും.

ആഹാസിനു നല്കിയതുപോലെ ആഹാസിനു നല്കിയതുപോലെ (ഏശ 7, 14–25) ഒരടയാളം പെസക്കിയായ്ക്കും നല്കി (2 രാജാ 19,29–34). റണ്ടു വർഷത്തെ വറതിക്കു ശേഷം മൂന്നാം വർഷം മുതൽ നാട്ടിൽ കൃഷിയും സമൃദ്ധിയും ഉണ്ടാകും. ‘‘ *യൂദാ ഭവനത്തിൽ അലശേഷിക്കുന്നവർ”* എന്ന പ്രമേയം ശിക്ഷയെ അതിജീവിച്ച് ഇസ്രായേലിൽ ഒരു ചെറിയ വിഭാഗം അവശേഷിക്കും. അവരിലൂടെ ലോകജനതകൾക്കു മുഴിവൻ രക്ഷ ലഭിക്കും എന്ന ആശയമാണ് ഈ പ്രയോഗത്തിലുള്ളത്. ‘‘ *അവശിഷ്ട വിഭാഗം”* എന്ന പ്രയോഗം ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. (ഏശയ 4, 26; 10, 20 22; 11, 1016). അസ്സിറിയ രാജാവ് ജറുസലേമിന് ഉപരോധം ഏർപ്പെടുത്താതെ വന്ന വഴിയെ മടങ്ങും എന്ന പ്രവചനം പൂർത്തിയായി.

കർത്താവിന്റെ ദൂതൻ അന്നു രാത്രി അസ്സീറിയാ പാളയത്തിൽ കടന്ന് കൂട്ടകൊല നടത്തിയെന്ന പരാമർശം (2 രാജാ 19,35;2 ദിന 32,21) എന്തിനെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. ഈജിപ്തുമായുണ്ടായ യുദ്ധത്തിൽ സെന്നാക്കെരീബിന്റെ പാളയത്തിൽ എലി കടന്ന് തുകൽ കൊണ്ടുള്ള പരിചയും ആവനാഴിയും വില്ലിന്റെ ഞാണും തിന്നു തീർത്തതിനാൽ സൈന്യത്തിന് യുദ്ധം നിർത്തി അസ്സീറിയായിലേക്കു മടങ്ങേണ്ടി വന്നുവെന്ന് പുരാതന ചരിത്രകാരനായ ഹെറോഡോട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. എലി പരത്തി.യ പ്ലേഗാ മറ്റേതെങ്കിലും മഹാമാരിയോ മൂലം അസ്സീറിയൻ സൈന്യത്തിൽ ഏറെപ്പേർ മരിച്ചതിനെയാണ് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. ഈജിപ്തിലെ ആദ്യ ജാതന്മാരുടെ വധവുമായി ഇതിനു സാമ്യമുണ്ട്.

അസ്സീറിയായിലേക്കു മടങ്ങിയ സെന്നാക്കെരീബ് 20 വർഷം കൂടി ജീവിച്ചിരുന്നു. അയാളുടെ മറ്റു നേട്ടങ്ങളിലൊന്നും വി.ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നില്ല. സെന്നാക്കെരീബിന്റെ രണ്ടു പുത്രന്മാർ അയാളെ വധിച്ചു എന്നു പറഞ്ഞുകൊണ്ടു കഥയവസാനിപ്പിക്കുന്നു. ബി.സി. 681ലാണ് ഇതു സംഭവിച്ചത്. സെന്നാക്കെരീബിനുശേഷം രാജാവായ എസാർഹദ്ദോൻ (ബി.സി. 680–669) പിതാവിന്റെ മരണത്തിന്റെ സാഹചര്യം വിവരിക്കുന്നുണ്ട്. (ANET 289) സെന്നാക്കെരീബിന്റെ മൂന്നാമത്തെ മകനാണ് എസാർഹദ്ദോൻ. മൂത്ത രണ്ടു പേരെ മറികടന്ന് മൂന്നാമനെ രാജാവായി വാഴിച്ചത് മൂത്തവർക്കിഷ്ടമായില്ല. തങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ അനുജനെ രാജാവായി അവർ അംഗീകരിച്ചെങ്കിലും അതു വകവയ്ക്കാതെ പിതാവിനെ അവർ ചതിയിൽ കൊല്ലുകയായിരുന്നു എന്ന് എസാർഹദ്ദോൻ തന്റെ ദിനവൃത്താന്തത്തിൻ രേഖപ്പെടുത്തിയിരിക്കുന്നു.

**വിചിന്തനം:** പ്രതിസന്ധിയെ നേരിടുന്ന വിശ്വാസിയുടെ മാതൃകയാണ് ഹെസെക്കിയാ. സകല വഴികളും അടഞ്ഞു എന്നു തോന്നിയപ്പോഴും പ്രതീക്ഷ കൈവിടാതെ അയാൾ കർത്താവിൽ ആശ്രയിച്ചു. തന്നെക്കാൾ നൂറിരട്ടി ശക്തനായ ശത്രുവിന്റെ ഭീഷണികേട്ട് ദുഃഖിതനും സംഭീതനു മായപ്പോൾ തന്റെ ഭീതിയും ദുഃഖവും കർത്താവിന്റെ മുമ്പിൽ സമർപ്പിച്ച് സഹായം അപേക്ഷിച്ചു. അസാധ്യമെന്നു തോന്നിയത് ദൈവം സാധിച്ചുകൊടുത്തു. പുലിപോലെ അലറി വന്ന് ശത്രു എലിപോലെ ലജ്ജിച്ചു പിന്മടങ്ങി. കർത്താവിനു തരണം ചെയ്യാനാവാത്ത പ്രതിസ ന്ധികളില്ല. എല്ലാവഴിയും അടഞ്ഞു എന്നു തോന്നുമ്പോഴും തന്നിൽ വിശ്വ സിക്കുന്നവർക്ക് കർത്താവ് പുതിയ വഴികൾ തുറന്നു കൊടുക്കും.

## c. അത്ഭുതകരമായ രോഗശാന്തിയും ബാബിലോൺ ദൂതന്മാരും

**2 രാജാ 20; 2 ദിന 32,34**

രോഗബാധിതനായ ഹെസെക്കിയായെ ഏശയ്യാ സന്ദർശിച്ചു. തന്റെ രോഗം മാരകമാണെന്നു പ്രവാചകനിൽ നിന്നു മനസിലാക്കിയ രാജാവ് കഠിനമായ ദുഃഖത്തോടെ കരഞ്ഞ്, കർത്താവിനോട് പ്രാർത്ഥിച്ചു. പ്രാർത്ഥനകേട്ട കർത്താവ് ഏശയ്യാ പ്രവാചകൻ വഴി ഉത്തരമരുളി. രാജാ വിന് 15 വർഷം ആയുസ് നീട്ടി കൊടുത്തു. അതോടൊപ്പം അസ്സീറിയാ രാജാവിന്റെ കൈകളിൽ നിന്ന് ജറൂസലെമിനെ രക്ഷിക്കും എന്ന വാഗ്ദാ നവും നല്കി. ഇതു സത്യമാണെന്നറിയാൻ അടയാളം കൊടുത്തു. അതിൻപ്രകാരം നിഴൽ പത്തടി പുറകോട്ടു പോയി. ഈ വിവരണം (2 രാജാ 20,1-11) കാര്യമായ മാറ്റമൊന്നും കൂടാതെ ഏശ 38,1-8ൽ രേഖപ്പെ ടുത്തിയിട്ടുണ്ട്. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ സംഭവം ഒറ്റ വാക്യ ത്തിൽ ഒതുക്കിയിരിക്കുന്നു (2 ദിന 32,24).

ഈ സംഭവത്തിന്റെ കാലവും അടയാളത്തിന്റെ സ്വഭാവവും തർക്ക വിഷയമാണ്. ബി.സി. 687 ലാണ് ഹെസെക്കിയ മരിച്ചത് എന്ന് അംഗീക രിക്കുന്നവർ 701ലാണ് സംഭവം എന്ന് അനുമാനിക്കുന്നു. സെന്നാക്കെരീ ബിന്റെ ആക്രമണത്തിന്റെ തൊട്ടുമുമ്പാണിതു നടന്നത്. രോഗശാന്തിയിൽ അനുമോദിക്കാൻ വന്ന ബാബിലോണിന്റെ ദൂതന്മാർ അസ്സീരിയായ്ക്കെ തിരേ കലാപം ഇളകിവിടാൻ വേണ്ടി മെറോദാക് ബലാദാൻ അയച്ചവരാ ണെന്ന അനുമാനവും ഈ കാലഗണനയ്ക്കു പിന്തുണ നല്കുന്നു. നിഴൽ പുറകോട്ടു പോയത് പ്രപഞ്ചത്തിൽ നടന്ന വലിയൊരു അത്ഭുതമായി കരുതുന്നവരുണ്ട്. ഭൂമി നിശ്ചലമാവുക മാത്രമല്ല, എതിർദിശയിൽ തിരി യുക കൂടി ചെയ്തു എന്ന് അക്കൂട്ടർ വാദിക്കുന്നു. ഒരു രാജാവിന്റെ ബാലി ശമായ താല്പര്യം പരിഗണിച്ച് ദൈവം പ്രപഞ്ചത്തിന്റെ ഗതി മാറ്റി എന്നു



കരുതേണ്ടതില്ല. സൂര്യ ഘടികാരത്തിൽ നിഴൽ മുന്നോട്ടോ പിന്നോട്ടോ പോകുന്നതല്ല ഇവിടുത്തെ ചർച്ചാവിഷയം. 'അടി" എന്നു വിവർത്തനം ചെയ്യുന്നത് നടയുടെ "പടി"യാണ്. കെട്ടിടത്തിന്റെ നടയിൽ പെട്ടെന്നു ണ്ടായ നിഴലിന്റെ ചലനം മാത്രമേ ഇവിടെ ഉണ്ടാകാം. ഹെസെക്കി യായ്ക്ക് വിശ്വസനീയമായ അടയാളമായിരുന്നു അത് എന്നതത്രെ പ്രധാ നം.

ബാബിലോണിൽ നിന്നുള്ള ദൂതന്മാരുടെ സന്ദർശനം (2 രാജാ 20,12-19) അതേപടി ഏശ 39,1-8ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാബിലോ ണിൽ സ്വയം രാജാവായി പ്രഖ്യാപിച്ച മെറോദാക് ബലാദാൻ ദൂതന്മാരെ അയച്ചതിന് വ്യക്തമായ രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നു. പൊതു ശത്രുവായ അസ്സീറിയായ്ക്കെതിരേ സഖ്യമുണ്ടാക്കാൻ വന്നതിനാലാ വണം അവരെ ഹെസെക്കിയാ തന്റെ ആയുധശേഖരങ്ങളും സമ്പത്തും കാണിച്ചത്. ബാബിലോണുമായുള്ള സഖ്യത്തിന് ഹെസെക്കിയാ കാണിച്ച താല്പര്യം ഏശയ്യായുടെ വിമർശനത്തിന് കാരണമായി. ജറൂ സലെമിന്റെ നാശത്തെയും ബാബിലോൺ പ്രവാസത്തെയുംക്കുറിച്ചുള്ള ആദ്യത്തെ പ്രവചനമാണ് ഇവിടെ നല്കുന്നത് (2 രാജാ 20,17-18).

രോഗശാന്തിയുമായി ബന്ധപ്പെടുത്തി ദിനവൃത്താന്ത ഗ്രന്ഥകാരൻ ഹെസെക്കിയായുടെ അഹങ്കാരത്തെയും അതിനു ശിക്ഷ ലഭിച്ചപ്പോൾ ഉണ്ടായ അനുതാപത്തെയുംക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കുന്നു (2 ദിന 32,25-26). ഏതു സംഭവത്തെയാണ് ഇതു സൂചിപ്പിക്കുന്നതെന്നു വ്യക്തമല്ല. ഒരുപക്ഷേ, ഏശയ്യായുടെ ഉപദേശത്തെ മറികടന്ന് അസ്സീറി യായ്ക്കെതിരേ രാഷ്ട്രീയ സഖ്യം ഉണ്ടാക്കിയതിനെയാവാം അഹങ്കാര ത്തിന്റെ പ്രകടനമായി വി.ഗ്രന്ഥകാരൻ കാണുന്നത്. അങ്ങിനെയെങ്കിൽ രോഗവും അസ്സീറിയായുടെ ആക്രമണവും ശിക്ഷയായി കരുതാം. അനു തപിച്ച് മാപ്പിരന്നതിനാൽ രോഗവിമുക്തിയും അസ്സീറിയായുടെ ആക്രമ ണത്തിൽ നിന്നു സംരക്ഷണവും ലഭിച്ചു.

ഹെസെക്കിയായുടെ സമ്പത്തിനെക്കുറിച്ചുള്ള പരാമർശം (2 ദിന 32,27-29) ബാബിലോണിന്റെ ദൂതന്മാർക്ക് കാണിച്ചുകൊടുത്ത രാജഭണ്ഡാരത്തിന്റെ ഒരു വിശദീകരണമാണ് (2 രാജാ 20,13). അത്ഭു തകരമായി സുഖം പ്രാപിച്ച രാജാവിന് ആശംസകൾ അർപ്പിക്കുക മാത്ര മായിരുന്നില്ല ബാബിലോണിൽ നിന്നു വന്ന ദൂതന്മാരുടെ ലക്ഷ്യം എന്ന് 2 ദിന 32,31ൽ സൂചിപ്പിക്കുന്നു. അവരുടെ രാഷ്ട്രീയ താൽപര്യങ്ങളോട് പ്രതികരിക്കാൻ ദൈവം ഹെസെക്കിയായ്ക്ക് സ്വാതന്ത്ര്യം നല്കിയത് അയാളെ പരീക്ഷിക്കാൻ വേണ്ടിയായിരുന്നു എന്ന് പ്രത്യേകം എടുത്തു

പറയുന്നു. പരീക്ഷയിൽ പരാജയപ്പെട്ട രാജാവ് അസ്സീറിയായുടെ ആക്രമണം മൂലമുണ്ടായ തിക്താനുഭവത്തിൽ നിന്നു പാഠം പഠിച്ച് മാനസാന്തരപ്പെട്ടു. ബി.സി. 701 നുശേഷമുള്ള ഹെസെക്കിയായുടെ ജീവിതം പൊതുവേ ശാന്തമായിരുന്നു. തുടങ്ങി വച്ച മത നവീകരണ പ്രവർത്തനങ്ങൾ നിർബ്ബാധം തുടരാൻ അയാൾക്കു കഴിഞ്ഞു.

**വിചിന്തനം:** തനിക്കു മാരകമായ രോഗം ബാധിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ ഹെസെക്കിയാ കണ്ണീരോടെ കർത്താവിനോടു പ്രാർത്ഥിച്ചു. പൂർണ്ണ ഹൃദയത്തോടെ കർത്താവിലേക്കു തിരിയാനുള്ള അവസരമായി രോഗങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയും (പ്രഭാ 38,9). ആരോഗ്യമെന്നതുപോലെ തന്നെ രോഗവും കർത്താവു നല്കുന്ന ദാനമായി കണ്ടാൽ നിരാശകൂടാതെ അതിനെ സ്വീകരിക്കാനും രക്ഷാകരമാക്കി മാറ്റാനും കഴിയും. അത്ഭുതകരമായ രോഗശാന്തി ലഭിച്ചില്ലെങ്കിൽത്തന്നെ കർത്താവിന്റെ സ്നേഹം അനുഭവിച്ചറിയാൻ സാധിക്കും. അനുദിന ജീവിതത്തിൽ നേരിടുന്ന ചെറുതും വലുതുമായ പ്രതിസന്ധികളിൽ തീരുമാനം എടുക്കാൻ ദൈവം നമുക്കു സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം തന്നെ ഒരു പരീക്ഷണമാണ്. കർത്താവിനോടു ചേർന്നോ അവിടുത്തെ അവഗണിച്ചോ നമുക്കു തീരുമാനങ്ങൾ എടുക്കാം. പക്ഷേ എടുക്കുന്ന തീരുമാനങ്ങളിലൂടെ നാം നമ്മുടെമേൽ തന്നെ വിധി പ്രസ്താവിക്കുകയാണ്.

## 2. മനാസ്സെ (ബി.സി. 687-642) 2രാജാ 21,1-18; 2 ദിന 33,1-20

യൂദായെ ഏറ്റം ദീർഘകാലം ഭരിച്ച രാജാവാണ് ഹെസെക്കിയായുടെ പുത്രൻ മനാസ്സെ. വിസ്മരിപ്പിക്കുന്നവൻ എന്നാണ് പേരിന് അർത്ഥം. ക്ലേശങ്ങൾ മറക്കാൻ ഇടയാക്കുന്നവൻ എന്നാണ് പേരു സൂചിപ്പിക്കുന്നതെങ്കിലും, പ്രയോഗത്തിൽ കർത്താവിനെ മറക്കാൻ ഇടയാക്കിയവനായിരുന്നു മനാസ്സെ രാജാവ്. യൂദായുടെ മതാത്മകവും രാഷ്ട്രീയവുമായ ചരിത്രത്തിലെ ഏറ്റം ഇരുളടഞ്ഞ അധ്യായമാണ് അയാളുടെ ഭരണകാലം. 55 വർഷം യൂദായെ ഭരിച്ചു എന്ന് രണ്ടു പുസ്തകങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അയാൾ 45 വർഷമേ ഭരിച്ചുള്ളൂ എന്ന് മറ്റ് രാജാക്കന്മാരുടെ ഭരണകാലവും സമകാലിക അസ്സീറിയൻ രേഖകളും അടിസ്ഥാനമാക്കി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

ഹെസെക്കിയായുടെ മതനവീകരണ ശ്രമങ്ങളെ മുഴുവൻ തകിടം മറിച്ച്, യൂദായെ ആഹാസിന്റെ കാലത്തേതിനെക്കാൾ കൂടുതൽ ഹീനമായ വിശ്വാസ ത്യാഗത്തിലേക്കും വിഗ്രഹാരാധനയിലേക്കും നയിച്ച ഒരുവനായിട്ടാണ് വി.ഗ്രന്ഥകാരൻ മനാസ്സെയെ ചിത്രീകരിക്കുന്നത്. രാജാ



ക്കന്മാരുടെ പുസ്തകത്തിൽ അയാളെക്കുറിച്ചു മോശമായതു മാത്രമേ പറയുന്നുള്ളൂ. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ മനാസ്സെയുടെ ഭരണകാലത്തെ രണ്ടു ഘട്ടമായി തിരിച്ച്, ആദ്യ ഘട്ടം അവിശ്വസ്തതയുടെയും രണ്ടാം ഘട്ടം മാനസാന്തരത്തിന്റേതുമായി ചിത്രീകരിക്കുന്നു.

ഒന്നിനൊന്നു കൂടുതൽ കഠിനമായ കുറ്റങ്ങളാണ് വി.ഗ്രന്ഥകാരൻ മനാസ്സെക്കെതിരേ നിരത്തുന്നത് (2 രാജാ 21,1-9; 2 ദിന 33,1-9). കാനാൻ ദേശത്തു നിന്ന് കർത്താവ് ഉന്മൂലനം ചെയ്ത വിജാതീയരുടെ മ്ലേച്ഛാചാരങ്ങൾ ജനത്തിനിടയിൽ പ്രചരിപ്പിച്ചു എന്നതാണ് മനാസ്സെക്കെതിരേ ആരോപിക്കുന്ന ആദ്യത്തെ കുറ്റം (2 രാജാ 21,2). ഹെസെക്കിയാ നശിപ്പിച്ച പൂജാഗിരികൾ അയാൾ പുനഃസ്ഥാപിച്ചു. ഇസ്രായേലിൽ ബാൽ ആരാധന പ്രചരിപ്പിച്ച ആഹാബിനോടാണ് വി.ഗ്രന്ഥകാരൻ മനാസ്സെയെ തുലനം ചെയ്യുന്നത്. കാനാൻകാരുടെ ബാൽ, അഷേറാ പ്രതിഷ്ഠകൾക്കു പുറമേ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായ ആകാശഗോളങ്ങളെ ദൈവങ്ങളായി കണ്ട് അവയുടെ വിഗ്രഹങ്ങൾ സ്ഥാപിച്ച് ആരാധന അർപ്പിച്ചു. കർത്താവിന്റെ ആലയത്തിലും ദേവാലയാങ്കണത്തിലും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും അവയ്ക്കായി ബലിപീഠങ്ങൾ നിർമ്മിക്കുകയും ചെയ്തു. മറ്റെല്ലാ വിജാതീയ മ്ലേച്ഛതകൾക്കും പുറമേ നരബലി പോലും അയാൾ അർപ്പിച്ചു.

കർത്താവിന്റെ ആലയത്തിൽ അഷേറാ വിഗ്രഹം പ്രതിഷ്ഠിച്ചത് വിശ്വാസത്യാഗത്തിന്റേയും ദൈവ നിന്ദയുടെയും പാരമ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അനേകം ദേവന്മാരിൽ ഒരുവനായി യാഹ്‌വേയെ കാണുന്ന മനോഭാവമാണ് ഇതിലൂടെ പ്രകടമാകുക. ഇതു കർത്താവിനെയും അവിടുത്തെ ഉടമ്പടിയെയും തിരസ്ക്കരിക്കുന്നതിനു തുല്യമാണ്. അതിനാൽ ഉടമ്പടിയനുസരിച്ചുള്ള ശിക്ഷാവിധി അനിവാര്യമായിത്തീർന്നിരിക്കുന്നു (2 രാജാ 21,7-9; 2 ദിന 33,7-9). ദാവീദിനും (2 സാമു 7,8-16) സോളമനും (1 രാജാ 8,16; 9,1-9) നൽകിയ വാഗ്ദാനങ്ങൾ നിരുപാധികമായിരുന്നില്ല എന്ന് അനുസ്മരിപ്പിക്കുന്നതോടൊപ്പം ഉടമ്പടി ലംഘിച്ചത് പ്രവാസത്തിനു കാരണമാകും എന്നും ഇവിടെ സൂചിപ്പിക്കുന്നു (2 രാജാ 21,8; 2 ദിന 33,8).

തുടർന്ന് കഠിനമായ ശിക്ഷാവിധിയാണ് പ്രവാചകവചനമായി പ്രഖ്യാപിക്കുന്നത് (2 രാജാ 21,10-15). സമറിയായോടും ഇസ്രായേലിനോടും ചെയ്തതു തന്നെ ജറുസലെമിനോടും യൂദായോടും ചെയ്യും എന്നതാണ് ശിക്ഷാവിധി. അളവുകോലും തൂക്കുകട്ടയും ശിക്ഷാവിധിയുടെ പ്രതീകങ്ങളാണ്. പ്രവാസത്തെക്കുറിച്ചുള്ള വ്യക്തമായ മുന്നറിയിപ്പാണ്.

ഈ ശിക്ഷാവിധി ദിനവൃത്താന്ത ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടില്ല. നിഷ്കളങ്കരക്തം കൊണ്ട് ജറുസലെം നിറച്ചു എന്ന കുറ്റാരോപണത്തോ ടെയാണ് രാജാക്കന്മാരുടെ പുസ്തകം മനാസ്സെയുടെ ചെയ്തികളെക്കു റിച്ചുള്ള വിവരണം അവസാനിപ്പിക്കുന്നത് (2 രാജാ 21,16). തന്റെ നയ ങ്ങളെ എതിർത്ത പ്രവാചകന്മാരെ മനാസ്സെ വധിച്ചതിനെയാണ് ഇതു സൂചിപ്പിക്കുന്നത് എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. മനാസ്സെ ഏശയ്യായെ അറക്കവാൾകൊണ്ട് അറത്തു മുറിച്ചു. കൊല്ലിച്ചു എന്ന് ഒരു യഹൂദ പാരമ്പര്യവുമുണ്ട്. എന്നാൽ ഇവിടെ പ്രവാചക വധം മാത്രമല്ല. എല്ലാവിധ അക്രമങ്ങളെയുമാണ് സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. കർത്താവിനെ തിരസ്കരിച്ച രാജാവ് തന്നെ എതിർത്തവരെയെല്ലാം വക വരുത്തി. വിഗ്രഹാരാധന നടമാടിയിടത്ത് അക്രമം തേർവാഴ്ച നടത്തി.

മനാസ്സെ മരിച്ചപ്പോൾ അയാളെ മറ്റു രാജാക്കന്മാരെപ്പോലെ കല്ല റയിലല്ല, ആയാളുടെ തന്നെ ഭവനാങ്കണത്തിലാണ് അടക്കിയത് (2 രാജാ 21,17-18; 2 ദിന 33,20). അയാളുടെ അവിശ്വസ്തതയ്ക്കും അക്രമങ്ങൾക്കു മുള്ള ഒരു ശിക്ഷയായി ഇതിനെ കാണുന്നവരുണ്ട്. എന്നാൽ വിശുദ്ധ നായ ജോസിയ, രാജാവും സ്വന്തം കല്ലറയിൽത്തന്നെ സംസ്കരിക്കപ്പെ ട്ടതായി പറയുന്നതിനാൽ (2 രാജാ 23,30) ഇത് ഒരു ശിക്ഷയായി കരുതാ നാവില്ല.

ദിനവൃത്താന്ത ഗ്രന്ഥകാരൻ മനാസ്സെയെക്കുറിച്ച് കൂടുതൽ വിവ രങ്ങൾ നല്കുന്നുണ്ട്. അസ്സീറിയായുടെ ഭാഗത്തു നിന്നുണ്ടായ ആക്രമ ണമാണ് അവയിൽ ആദ്യത്തേത്. അസ്സീറിയൻ സൈന്യം മനാസ്സെയെ തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടുപോയെന്നും മനസ്ത പിച്ചു മാപ്പിരന്ന അയാളെ കർത്താവ് വിടുവിച്ചുവെന്നും ദിനവൃത്താന്ത ഗ്രന്ഥകാരൻ മാത്രമേ പറയുന്നുള്ളൂ (2 ദിന 33,10-13). മടങ്ങി വന്ന അയാൾ തന്റെ പൂർവ്വ കാല ചെയ്തികൾ തിരുത്തി. ദേവാലയത്തിലും ജറൂസലെം നഗരത്തിലും താൻ സ്ഥാപിച്ച ബലിപീഠങ്ങളും പ്രതിഷ്ഠിച്ച വിഗ്രഹ ങ്ങളും നീക്കം ചെയ്യുകയും കർത്താവിനു ബലിയർപ്പിക്കുകയും ചെയ്തു. ഇതിനു പുറമേ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനായി കോട്ടകൾ പണി യുകയും സേനാധിപന്മാരെ നിയമിക്കുകയും ചെയ്തു (2 ദിന 33,14-17). എപ്പോഴാണ് ഇതെല്ലാം സംഭവിച്ചതെന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ഇതിന്റെ ചരിത്രപരതയെക്കുറിച്ച് വ്യാഖ്യാതക്കളുടെ ഇടയിൽ സംശയ മുണ്ട്. എന്നാൽ സമകാലിക അസ്സീറിയൻ ചരിത്രം പരിശോധിച്ചാൽ മനാ സ്സെയുടെ ഭരണത്തിന്റെ അവസാന കാലത്ത് ഈ പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ടായിരുന്നതായി കരുതാനാവും. തന്നെയുമല്ല, മധ്യ പൗരസ്ത്യ ദേശത്തെ സമകാലിക ചരിത്രം മനാസ്സെയുടെ പല പ്രവർത്ത



നങ്ങളെയും മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യും.

സെന്നാക്കെരീബിനുശേഷം ഭരണമേറ്റ എസാർഹദ്ദോൻ (ബി.സി. 681-669) അസ്സീറിയായെ ഭരിച്ച ഏറ്റം ശക്തനായ രാജാവായിരുന്നു. ബാബിലോണിലെ കലാപങ്ങൾ അടിച്ചമർത്തിയതിനുശേഷം അയാൾ ശ്രദ്ധമുഴുവൻ ഈജിപ്തിനു നേരെ തിരിച്ചു. പലസ്തീനായിൽ നിരന്തരം കലാപം ഇളക്കി വിട്ടുകൊണ്ടിരുന്ന ഈജിപ്തിനെ നിർവ്വീര്യമാക്കുകയാ യിരുന്നു ലക്ഷ്യം. ബി.സി. 671ൽ ഈജിപ്തു രാജാവായ തിർഹാക്കായെ തോല്പിച്ച് തലസ്ഥാന നഗരമായ മൊഫിസ് കീഴടക്കി. താൻ കീഴട ക്കിയ ഈജിപ്തിന്റെ പ്രദേശങ്ങൾ അസീറിയൻ പ്രവിശ്യകളാക്കി മാറ്റി. എന്നാൽ അസ്സീറിയൻ സൈന്യം പിൻവാങ്ങിയ ഉടനെ ഈജിപ്തിൽ വീണ്ടും കലാപമുണ്ടായി. യുദ്ധത്തിൽ ഒളിച്ചോടിയ തിർഹാക്കാ തിരിച്ചു വന്ന് കലാപത്തിനു നേതൃത്വം നല്കി. അടിച്ചമർത്താനായി സൈന്യസ മേതം വന്ന എസാർഹദ്ദോൻ വഴിക്കുവച്ചു മരിച്ചു.

പിതാവിനേക്കാൾ ഒട്ടും പിന്നിലല്ലാതിരുന്ന അസുർബനിപ്പാൽ (ബി. സി. 669-633) യുദ്ധം തുടർന്ന്, 667 ൽ ഈജിപ്തിനെ പറ്റെ പരാജയപ്പെ ടുത്തി. തിർഹാക്കാ വീണ്ടും ഒളിച്ചോടി. അസ്സീറിയൻ സൈന്യം മറ്റു നേതാക്കന്മാരെ പിടിച്ച് നിനെവേയിൽ കൊണ്ടുവന്നു വധിച്ചു. നെക്കോ എന്നു പേരായ രാജകുമാരനെ മാത്രം വധിച്ചില്ല. അയാളെ അസ്സീറിയാ യുടെ സാമന്തനായി മെംഫിസിൽ രാജാവാക്കി. 663 ൽ ഈജിപ്തിൽ വീണ്ടും കലാപമുണ്ടായപ്പോൾ അസൂർ ബനിപ്പാൽ കൂടുതൽ ശക്തവും ക്രൂരവുമായി തിരിച്ചടിച്ചു. ഇത്തവണ ഈജിപ്തിന്റെ തെക്ക്, എത്യോ പ്യൻ അതിർത്തിയിൽ നൈൽ നദീതീരത്തുള്ള തേബെസ് നഗരം കീഴ ടക്കി നശിപ്പിച്ചു. അതോടെ ഈജിപ്തിലെ 25-ാം രാജാവംശം അവസാ നിച്ചു. ഈ യുദ്ധങ്ങളെയും നാശങ്ങളെയുംക്കുറിച്ച് നാഹും 3,8-10 ൽ പരാമർശിക്കുന്നുണ്ട്. ഈജിപ്തിനെതിരേ നടത്തിയ ആക്രമണത്തിൽ തന്നെ സഹായിച്ച 22 രാജാക്കന്മാരുടെ പട്ടികയിൽ അസൂർബനിപ്പാൽ യൂദാരാജാവായ മനാസ്സെയുടെ പേര് ചേർത്തിട്ടുണ്ട് (ANET 294).

ബി.സി. ഏഴാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ പലസ്തീനാ യിൽ അസ്സീറിയൻ സൈന്യത്തിന്റെ ശക്തമായ സാന്നിധ്യമുണ്ടായിരു ന്നു. കലാപങ്ങൾ തുടക്കത്തിലേ അതി ക്രൂരമായി അടിച്ചമർത്തിയിരു ന്നു. ഈജിപ്തിനു പോലും അസ്സീറിയായ്ക്കെതിരേ പിടിച്ചു നില്ക്കാ നായില്ല. ഈ സാഹചര്യത്തിൽ മുട്ടുമടക്കി, നാവടക്കി, കപ്പം കൊടുത്തു കഴിയാനേ യൂദാരാജാവായ മനാസ്സെയ്ക്കും സാധിക്കുമായിരുന്നുള്ളു. ഈ വിധേയത്വത്തോട് യൂദായിലെ ജനങ്ങൾക്കിടയിൽ രണ്ടുതരം പ്രതികര ണങ്ങളുണ്ടായി. ഒരു വിഭാഗം വിദേശീയാധിപത്യത്തെ മനസ്സുകൊണ്ടു

വെറുത്തു; ബാഹ്യമായി എതിർക്കാൻ ശ്രമിച്ചു. മറ്റൊരു വിഭാഗം അസ്സീറിയായുടെ ശക്തിയിൽ ആശ്ചര്യപ്പെട്ടു. അവരുടെ ദൈവങ്ങളെ യാഹ്‌വേയേക്കാൾ ശക്തരായി കരുതാൻ തുടങ്ങി. രണ്ടാമത്തെ വിഭാഗത്തിനോടായിരുന്നു മനാസ്സെയ്ക്കു കൂടുതൽ ആഭിമുഖ്യം. അതിനാലാവാം അസ്സീറിയാ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ തീക്ഷ്ണതയോടെ വിഗ്രഹാരാധന നടപ്പിലാക്കിയതും ആ നയത്തെ എതിർത്ത സകലരേയും നിഷ്കരുണം വധിച്ചതും.

ബി.സി. 652ൽ അസുർ ബനിപ്പാലിനെതിരേ സാമ്രാജ്യത്തിന്റെ കിഴക്ക് ബാബിലോണും പടിഞ്ഞാറ് ഈജിപ്തും കലാപം തുടങ്ങി. വളരെ പണിപ്പെട്ടാണ് അത് അടിച്ചമർത്താൻ കഴിഞ്ഞത്. ഈ സാഹചര്യത്തിലാവാം മനാസ്സെ സ്വതന്ത്രനാവാൻ ശ്രമിച്ചു പരാജയപ്പെടുകയും ബാബിലോണിലേക്കു നാടുകടത്തപ്പെടുകയും ചെയ്തത്. ഈജിപ്തിനെതിരേ ഒരു പ്രതിരോധശക്തിയായി ഉപയോഗിക്കാൻ വേണ്ടിയാണ് അയാളെ വധിക്കാതെ തിരിച്ചയച്ചതും, യൂദായിൽ കോട്ടകൾ പണിയാനും സൈന്യത്തെ നിലനിർത്താനും അനുവദിച്ചതും, ഈജിപ്തിൽ അസ്സീറിയായുടെ പാവയായി നെക്കൊയെ നിയമിച്ചതുപോലെ ഇതിനു നന്ദിയായിട്ടാവാം ഈജിപ്തിനെതിരേയുള്ള യുദ്ധത്തിൽ മനാസ്സെയും പങ്കെടുത്തത്. അസ്സീറിയായുടെ വിശ്വാസം ആർജ്ജിച്ചതിനാൽ മതാത്മകതലത്തിൽ ചെറിയ നവീകരണങ്ങൾ നടത്താനും മനാസ്സെക്കു കഴിഞ്ഞിട്ടുണ്ടാവണം.

**വിചിന്തനം:** കർത്താവിനോടൊപ്പം മറ്റ് അനേകം ദൈവങ്ങളെ ആരാധിക്കുകയും ആരാധിക്കാൻ ജനത്തെ പ്രേരിപ്പിക്കുകയും ചെയ്ത മനാസ്സെ വഴിപിഴച്ച ഒരു 'മതസൗഹാർദ്ദത്തിന്റെ' മാതൃകയാണ്. എല്ലാ ദൈവങ്ങളെയും ഒരുപോലെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നവർ അവസാനം ഒരു ദൈവവുമില്ലാത്തവരാകും. കാരണം സത്യദൈവം ഒരുവൻ മാത്രമേയുള്ളൂ. ഇതര മതവിശ്വാസികളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ബഹുമാനിക്കുക ആവശ്യമാണ്. എന്നാൽ അതേസമയം സ്വന്തം വിശ്വാസത്തെ കളഞ്ഞു കുളിച്ച്, വിഗ്രഹാരാധനയിൽ ചെന്നു പതിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

സമൂഹത്തിന്റെ മനഃസാക്ഷിയാണ് പ്രവാചകശബ്ദം. തനിക്കു ഹിതകരമല്ലാത്തതു പറഞ്ഞ പ്രവാചകന്മാരെ മനാസ്സെ അടിച്ചമർത്തി, നിഷ്കരുണം കൊലചെയ്തു. വിമർശനത്തിനു കാതടച്ച രാജാവ് തന്റെയും രാജ്യത്തിന്റെയും നാശത്തിനു കാരണമായി. തങ്ങളുടെ തെറ്റായ ചെയ്തികളെ വിമർശിക്കുന്നവരെ ശത്രുക്കളായി കാണുന്നവർ തിന്മയിൽ തുടരും. പ്രവാചക ശബ്ദത്തെ അടിച്ചമർത്തുന്നിടത്ത് തിന്മ പെരുകും. അതു സുനിശ്ചിതമായ നാശത്തിലേക്കു നയിക്കും. വിമർശിക്കുന്നവരെ നിശ്ശബ്ദരാക്കാൻ ശ്രമിക്കുകയല്ല, അവർ പറയുന്നതിൽ കാര്യമുണ്ടോ എന്നു പരിശോധിക്കുകയും ഉണ്ടെങ്കിൽ സ്വന്തം ജീവിതത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ ശ്രമിക്കുകയുമാണ് വേണ്ടത്.

### 3. ആമോൻ (ബി.സി. 642–640)

**2 രാജാ 21,19–26; 2 ദിന 33,21–25**

മനാസ്സെയുടെ മരണത്തിനുശേഷം രാജാവായ ആമോൻ രണ്ടു വർഷമേ ഭരിച്ചുള്ളൂ. 'വിശ്വസനീയൻ' എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളെ ആരും തന്നെ വിശ്വസിച്ചില്ല. സ്വന്തം സേവകർതന്നെ അയാളെ വധിച്ച്, പിതാവിനെപ്പോലെ സ്വന്തം ഉദ്യാനത്തിൽ മറവ് ചെയ്തു. രണ്ടു പുസ്തകങ്ങളും ആമോനിൽ യാതൊരു നന്മയും കാണുന്നില്ല. പിതാവിന്റെ ദുഷിച്ച വഴികൾ പിന്തുടർന്നു എന്നതാണ് ഇരു ഗ്രന്ഥങ്ങളും നല്കുന്ന വിലയിരുത്തൽ. യൂദായിലുണ്ടായിരുന്ന അസീറിയാ വിരുദ്ധ ശക്തികളാണ് ആമോന്റെ വധത്തിനു പിന്നിൽ പ്രവർത്തിച്ചത് എന്നു ന്യായമായും അനുമാനിക്കാം. അതിനു കാരണവുമുണ്ടായിരുന്നു.

അസൂർബനിപ്പാൽ ഈജിപ്തിൽ രാജാവായി അവരോധിച്ച നെക്കോയുടെ മകൻ സിമ്മാത്തിക്കസ് ബി.സി. 633ൽ 26-ാം രാജവംശം സ്ഥാപിച്ചു. സാവധാനം അയാൾ അസ്സീറിയായുടെ മേൽക്കോയ്മ നിഷേധിച്ചു. 642–639 കാലയളവിൽ അസ്സീറിയായിലുടനീളം വീണ്ടും കലാപങ്ങളുണ്ടായി. ഈ പശ്ചാത്തലത്തിലാവും യൂദായിലും അസ്സീറിയൻ വിദ്വേഷം ശക്തിപ്പെടുകയും ആമോനെ വധിക്കുകയും ചെയ്തത്. എന്നാൽ അസുർബനിപ്പാൽ മടങ്ങി വരുന്നെന്നു കേട്ട മാത്രയിൽ ദേശത്തെ ജനം കൊലപാതകികളെ വധിച്ച് അസ്സീറിയായോടുള്ള വിധേയത്വം തെളിയിച്ചു. അങ്ങനെ വീണ്ടുമൊരു ആക്രമണം ഒഴിവാക്കാൻ കഴിഞ്ഞു.

### ചോദ്യങ്ങൾ

1. ഹെസെക്കിയാ, മനാസ്സെ, ആമോൻ എന്നീ പേരുകളുടെ അർത്ഥമെന്ത്?
2. യൂദായിലെ മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ വിശ്വസ്തനായിരുന്നു ഹെസെക്കിയാ എന്ന് വി.ഗ്രന്ഥകാരൻ എങ്ങിനെയാണ് സമർത്ഥിക്കുന്നത്?
3. ആരാണ് സെന്നാക്കെരീബ്? അയാൾ യൂദായോട് എന്തു ചെയ്തു?
4. ആരാണ് റബ്ഷക്കെ? അയാൾ യൂദാരാജാവിന്റെയും ജനത്തി

ന്റെയും ധൈര്യം കെടുത്താനായി എന്താണ് പറഞ്ഞത്?

5. അസീറിയായുടെ ഭീഷണി കേട്ടു ഭയന്ന ഹെസെക്കിയായ്ക്ക് കർത്താവ് ആരു വഴിയാണ് ഉത്തരം നല്കിയത്? എന്താണ് ഉത്തരം?
6. ഹെസെക്കിയാ അഹങ്കരിച്ചു എന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത് എന്തുകൊണ്ട്? എന്തായിരുന്നു അഹങ്കാരത്തിനു ലഭിച്ച ശിക്ഷ?
7. മാരകമായ രോഗം ബാധിച്ചപ്പോൾ ഹെസെക്കിയാ എന്തു ചെയ്തു?
8. ഹെസെക്കിയായ്ക്കു ലഭിച്ച അടയാളം എന്തായിരുന്നു?
9. ഹെസെക്കിയായുടെ അടുത്തേക്ക് ദൂതന്മാരെ അയച്ച ബാബിലോൺ രാജാവ് ആര്? എന്തായിരുന്നു അയാളുടെ ലക്ഷ്യം?
10. മനാസ്സെ രാജാവിന്റെമേൽ ആരോപിക്കുന്ന കുറ്റങ്ങൾ ഏവ? ആ കുറ്റങ്ങൾക്ക് എന്തു ശിക്ഷയാണ് വിധിക്കുന്നത്?ം
11. ആരാണ് ആമോൻ രാജാവിനെ വധിച്ചത്? എന്തായിരുന്നു അതിന് കാരണം? കൊലയാളികൾക്ക് എന്തു സംഭവിച്ചു? എന്തുകൊണ്ട്?

**ചർച്ചയ്ക്ക്:** 'പ്രവാചക ശബ്ദം അടിച്ചമർത്തുന്നത് നാശത്തിലേക്കുള്ള വഴിതെളിക്കലാണ്' മനാസ്സെയുടെ ചരിത്രത്തിന്റെയും ആനുകാലിക സംഭവങ്ങളുടെയും നിങ്ങളുടെ അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

**പ്രാർത്ഥന:** ഏശയ്യ 38,10-20 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 2. ഇടവേള ബി.സി. 640 - 609

തിഗ്ളാത്ത് പിലേസർ മൂന്നാമന്റെ കാലത്ത് ശക്തിയാർജ്ജിച്ച അസ്സീറിയൻ സാമ്രാജ്യം അസൂർബനിപ്പാലിന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തി. പേർഷ്യാമുതൽ ഏതോപ്യാവരെയുള്ള സകല രാജ്യങ്ങളെയും കീഴടക്കി, ലോകം അന്നുവരെ കണ്ടതിൽ ഏറ്റം വലിയ സാമ്രാജ്യമായി വളർന്നു. തലസ്ഥാന നഗരമായ നിനെവേയിൽ അസൂർബനിപ്പാൽ വലിയൊരു ഗ്രന്ഥാലയം സ്ഥാപിച്ച്, മൊസോപ്പോട്ടാമിയൻ ജനതയുടെ പുരാണങ്ങളും ഇതിഹാസങ്ങളും ചരിത്രവും നിയമങ്ങളും സമാഹരിച്ച്, കളിമൺ ഫലകങ്ങളിലെഴുതി സൂക്ഷിച്ചു. ഇപ്രകാരമുള്ള 22,000 കളിമൺ പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്.

അതിവിശാലമായ സാമ്രാജ്യത്തിലെ വിവിധ ജനതകൾ അസ്സീറിയൻ ഭരണത്തിൽ സംതൃപ്തരായിരുന്നില്ല. നിരന്തരമായുണ്ടായ കലാപങ്ങളെ കനത്ത കരത്താൽ അടിച്ചമർത്തിയതുകൊണ്ടുമാത്രമാണ് സാമ്രാജ്യത്തിനു നിലനില്ക്കാനായത്. എന്നാൽ ബി.സി. 633 ൽ അസുർബനിപ്പാൽ മരിച്ചതോടെ സ്ഥിതിഗതികൾ ആകെ മാറി. സാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും കലാപം ഉയർന്നു. അവയെ അടിച്ചമർത്താൻ കെല്പുള്ളവരായിരുന്നില്ല തുടർന്നു വന്ന രാജാക്കന്മാർ. അസൂർബനിപ്പാലിന്റെ മകൻ അസൂർ എത്തിൽ-ഇലാനി നാലുവർഷമേ ഭരിച്ചുള്ളൂ. 623 ൽ അയാൾ മരിച്ചപ്പോൾ സഹോദരൻ സിൻഷാർ-ഇഷ്കൂൻ ഭരണമേറ്റു. അയാളും ദുർബ്ബലനായിരുന്നു. ബി.സി. 626 ൽ നബോപൊലാസർ എന്ന സേനാധിപൻ ബാബിലോണിൽ രാജാവായി സ്വയം പ്രഖ്യാപിച്ച് ഒരു പുതിയ രാജവംശത്തിനു തുടക്കം കുറിച്ചു. വടക്കു കിഴക്കു നിന്ന് മേദിയാക്കാർ അസ്സീറിയായ്ക്കെതിരേ യുദ്ധം ആരംഭിച്ചു.

ആഭ്യന്തര കലാപങ്ങളാലും ശത്രുക്കളുടെ ആക്രമണങ്ങളാലും തളർന്ന അസ്സീറിയാ തകരാതെ നില്ക്കുന്നത് തങ്ങൾക്കു പ്രയോജനപ്രദമായി കണ്ട ഈജിപ്തു സൈന്യം യൂഫ്രട്ടീസ് നദീ തീരത്ത് അസ്സീറിയൻ സൈന്യത്തോടൊപ്പം ബാബിലോണിനെതിരേ പടപൊരുതി. പലസ്തീനായിലും സിറിയായിലും തങ്ങളുടെ സ്വാധീനം സ്ഥാപിക്കുകയും കിഴക്കു ശക്തിപ്പെട്ടു വന്ന ബാബിലോൺ-മേദിയാ രാജ്യങ്ങളുടെ ഭീഷണിയെ നേരിടാൻ ഒരു പ്രതിരോധ ശക്തിയായി അസ്സീറിയായെ ഉപയോഗിക്കുകയുമായിരുന്നു ഈജിപ്തു രാജാവായ സമ്മേത്തിക്കസ് രണ്ടാ

മന്റെ ലക്ഷ്യം. എന്നാൽ ഈജിപ്തിന്റെ സഹായം കൊണ്ടും അസ്സീറിയായ്ക്ക് പിടിച്ചു നില്ക്കാനായില്ല.

മേദിയാ രാജാവായ സിയാക് സാരസ് പുരാതന അസ്സീറിയൻ തലസ്ഥാനമായ അസൂർ ബി.സി. 614ൽ കീഴടക്കി നശിപ്പിച്ചു. ബാബിലോൺ രാജാവായ നബോപൊലൊസർ മേദിയുമായി സഖ്യം ചെയ്തു. ബി.സി 612ൽ ഈ സഖ്യശക്തികൾ അസ്സീറിയൻ തലസ്ഥാനമായ നിനവേ പിടിച്ചടക്കി നശിപ്പിച്ചു. അസ്സീറിയൻ രാജാവ് സിൻഷാർ ഇഷ്കുൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അസൂർ ബാല്ലിത്തിന്റെ നേതൃത്വത്തിൽ അസ്സീറിയൻ സൈന്യം വടക്ക് ഹാരാനിലേക്ക് പിൻവാങ്ങി. പക്ഷേ അവിടെയും പിടിച്ചു നില്ക്കാനായില്ല. ബി.സി. 610ൽ ബാബിലോൺ-മേദിയാ സംയുക്തസൈന്യം ഹാരാൻ പട്ടണവും കീഴടക്കിയതോടെ അസ്സീറിയക്കാർ യൂഫ്രട്ടീസിനു പടിഞ്ഞാറോട്ടു നീങ്ങി. ബി.സി. 609 ൽ ഈജിപ്തു രാജാവ് സിമ്മാത്തിക്കസ് മരിച്ചു. ശക്തനും യുദ്ധനിപുണനുമായ പുത്രൻ നെക്കോ രണ്ടാമൻ എന്ന പേരിൽ ഈജിപ്തിന്റെ ഭരണം ഏറ്റെടുത്തു. തോറ്റോടുന്ന അസ്സീറിയൻ സൈന്യത്തെ ബാബിലോണിനെതിരേ പിടിച്ചു നിർത്തുക അടിയന്തിരാവശ്യമായി കണ്ട നെക്കോ സൈന്യ സന്നാഹങ്ങളോടെ സിറിയായുടെ വടക്ക്, അസ്സീറിയൻ സൈനിക തലസ്ഥാനമായ കർക്കെമിഷ് ലക്ഷ്യം വച്ചു നീങ്ങി. ഈജിപ്ത്-അസ്സീറിയൻ സംയുക്ത സൈന്യം ബാബിലോണിൽ നിന്ന് ഹാരാൻ പിടിച്ചടക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതോടെ അസ്സീറിയാ നാമാവശേഷമായി.

അസൂർ ബനിപ്പാലിന്റെ മരണം മുതൽ അസ്സീറിയായുടെ പതനം വരെയുള്ള കാലഘട്ടം ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം സമാധാനത്തിന്റെ ഒരു ഇടവേളയായിരുന്നു. ഈ കാലഘട്ടത്തിലാണ് ജോസിയാ രാജാവ് ജറുസലെമിൽ ഭരിച്ചത്.

## ജോസിയാ (ബി.സി. 640-609)

**2 രാജാ 22,1-23,30; 2 ദിന 34-35**

“കർത്താവു നല്കട്ടെ” എന്നാണ് ജോസിയാ എന്ന പേരിന്റെ അർത്ഥം. ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റം നീതിമാനും വിശ്വസ്തനുമായിട്ടാണ് വി.ഗ്രന്ഥം ജോസിയായെ ചിത്രീകരിക്കുന്നത്. അന്താരാഷ്ട്ര തലങ്ങളിൽ വലിയ കോളിളക്കങ്ങൾ നടന്ന ഒരു കാലഘട്ടത്തിലാണ് അയാൾ ഭരിച്ചതെങ്കിലും അതിനെക്കുറിച്ച് വി.ഗ്രന്ഥകാരൻ ഒന്നും തന്നെ പറയുന്നില്ല. അസ്സീറിയാ രാജാവിന്റെ അടുത്തേക്കു പോയ ഈജിപ്തു രാജാവായ ഫറവോ നെക്കൊയെ മെഗിദോയിൽ വച്ചു നേരിട്ട ജോസിയാ



യുദ്ധത്തിൽ കൊല്ലപ്പെട്ടു എന്നു മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളു (2 രാജാ 23,29). ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ യുദ്ധത്തിന്റെ പശ്ചാത്തലം ചുരുക്കമായി വിവരിക്കുന്നുണ്ട് (2 ദിന 35,20-24), മതമേഖലയിൽ ജോസിയാ നടത്തിയ നവീകരണങ്ങളിലാണ് ഇരു ഗ്രന്ഥങ്ങളും ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ജോസിയായുടെ മത നവീകരണ സംരംഭങ്ങൾ ഹെസെക്കിയായുടെ ശ്രമങ്ങളുടെ തുടർച്ചയും പൂർത്തീകരണവുമാണ്. അസ്സീറിയായെ ഭയന്നതിനാൽ ഹെസെക്കിയായ്ക്കു നടപ്പിലാക്കാൻ കഴിയാതെ പോയവയും നിയമഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ പുതുതായി മനസ്സിലാക്കിയവയും ജോസിയാ നടപ്പിലാക്കി.

ഇസ്രായേൽ രാജാക്കന്മാരിലെ ഏറ്റം വലിയ മതപരിഷ്കർത്താവായിട്ടാണ് ജോസിയാ അറിയപ്പെടുന്നത്. സോളമന്റെ കാലം മുതൽ മതമേഖലയിൽ കടന്നുകൂടിയ അനാചാരങ്ങളും അവയ്ക്കു സഹായകമായ വിഗ്രഹങ്ങൾ, പൂജാഗിരികൾ, അവയിലെ ബലിപീഠങ്ങൾ മുതലായ സകല സംവിധാനങ്ങളും ബലം പ്രയോഗിച്ച് അയാൾ നീക്കം ചെയ്തു. കർത്താവിനു പകരമായും കർത്താവിനോടു കൂടെയും മറ്റു ദേവന്മാരെ ആരാധിക്കുന്നതും, കർത്താവിനെ തന്നെ നിയമാനുസൃതമല്ലാത്തവിധത്തിൽ ആരാധനയർപ്പിക്കുന്നതും നിർത്തലാക്കി. ജനത്തെ മുഴു ഹൃദയത്തോടെ കർത്താവിലേക്ക് തിരിച്ചു കൊണ്ടുവരികയായിരുന്നു ജോസിയാ നടപ്പിലാക്കിയ മതനവീകരണങ്ങളുടെ മുഖ്യ ലക്ഷ്യം. പിതാമഹനായ മനാസ്സെയുടെ സുദീർഘമായ ഭരണകാലത്ത് ജെറുസലെമിലും യൂദാ മുഴുവനിലും നിലവിൽ വന്ന അനാചാരങ്ങളും മ്ലേച്ഛതകളും ഉന്മൂലനം ചെയ്യാൻ അയാൾ ശ്രമിച്ചു. ദൈവാരാധനയും ബലിയർപ്പണവലും ജറുസലെമിൽ മാത്രമേ പാടുള്ളൂ എന്ന നിയമം കർശനമായും നടപ്പിലാക്കിയതാണ് ജോസിയായുടെ ഏറ്റവും വലിയ മതപരിഷ്കരണം.

മതനവീകരണ സംരംഭങ്ങൾ മുഴുവൻ രാജാവിന്റെ പതിനെട്ടാം ഭരണവർഷത്തിൽ നടന്നു എന്ന പ്രതീതിയാണ് രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നു ലഭിക്കുക. ദിനവൃത്താന്ത ഗ്രന്ഥത്തിലാകട്ടെ, നവീകരണ ശ്രമങ്ങളെ മൂന്നു ഘട്ടമായി തിരിച്ചിരിക്കുന്നു. ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയതോടെ നവീകരണ ശ്രമങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി. നിയമപ്രകാരം പെസഹാ ആഘോഷിച്ചത് നവീകരണങ്ങളുടെ ഉച്ചകോടിയായി ഇരുഗ്രന്ഥങ്ങളും അവതരിപ്പിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം ചരിത്രപരമായി കൂടുതൽ വസ്തുനിഷ്ഠമാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

## 1. മതനവീകരണ തുടക്കം 2 രാജാ 22,1-7; 2 ദിന 34,1-7

ഭരണ ആരംഭത്തെക്കുറിച്ച് പതിവായ വിവരങ്ങൾ നൽകിയതിനു ശേഷം രണ്ടു ഗ്രന്ഥങ്ങളും ജോസിയാ രാജാവിന് നിരുപാധികം പ്രശംസിക്കുന്നു. 'കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിച്ചു, പിതാവായ ദാവീദിന്റെ മാർഗ്ഗങ്ങളിൽ നിന്ന് അണുവിട വ്യതിചലിച്ചില്ല' എന്നതാണ് പ്രശംസ (2 രാജാ 22,1-2; 2 ദിന 34,1-2). ഹെസെക്കിയാ രാജാവിൽ പോലും ചില കുറ്റങ്ങൾ കണ്ട ദിനവൃത്താന്ത ഗ്രന്ഥകാരൻ ജോസിയായിൽ യാതൊരു കുറ്റവും കാണുന്നില്ല. എട്ടാം വയസിൽ രാജാവായ ജോസിയാ ആദ്യത്തെ കുറെവർഷങ്ങൾ കാര്യസ്ഥന്മാരുടെ സംരക്ഷണത്തിലായിരുന്നു. പക്വമതികളായ അവർ വളരെ വിവേകത്തോടെയാണ് കാര്യങ്ങൾ ചെയ്തത്.

അസൂർബനിപ്പാൽ ജിവിച്ചിരിന്നിടത്തോളം കാലം അസ്സീറിയായ്ക്കെതിരേ കലാപത്തിന്റെ സൂചന നൽകുന്ന എന്തെങ്കിലും സംരംഭങ്ങളിൽ ഇടപെടുക യൂദായെ സംബന്ധിച്ചിടത്തോളം അപടകടകരമായിരുന്നു. എന്നാൽ അയാളുടെ മരണം യൂദായ്ക്ക് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ നൽകി. അസ്സീറിയാ വിരുദ്ധശക്തികൾ കൂടുതൽ സജീവമായി . ബി.സി. 633ൽ അസൂർബനിപ്പാൽ മരിച്ചതിനെ തുടർന്ന് യൂദായിൽ മതനവികരണത്തിനു ശ്രമങ്ങൾ ആരംഭിച്ചു എന്ന സൂചനയാണ് 'എട്ടാം ഭരണവർഷത്തിൽ ജോസിയാ പിതാവായ ദാവീദിന്റെ ദൈവത്തെ അന്വേഷിക്കാൻ ആരംഭിച്ചു' എന്ന പ്രസ്താവനയിലൂടെ (2 ദിന 34,3) ദിനവൃത്താന്ത ഗ്രന്ഥങ്ങൾ നൽകുന്നത്. എന്തെങ്കിലും പ്രത്യേക പ്രവൃത്തികൾ ഇടുത്തു കാട്ടുന്നില്ല. അടിച്ചമർത്തപ്പെട്ടിരുന്ന യാഹ്വേ വിശ്വാസവും, അസ്സീറായായുടെ ആധിപത്യത്തോടും തങ്ങളുടമേൽ അടിച്ചേൽപിക്കപ്പെട്ട വിഗ്രഹാരാധനയോടുള്ള വെറുപ്പും പ്രതിഷേധവും ജനങ്ങളുടെ ഇടയിൽ ശക്തിയാർജ്ജിച്ചുവെന്നു കരുതാം. ഒരുപക്ഷേ അസ്സീറിയായ്ക്ക് കപ്പം നിഷേധിച്ചുകൊണ്ട് വിദേശാധിപത്യത്തെ ഫലത്തിൽ നിഷേധിക്കുകയും അസ്സീറിയൻ മതാചാരങ്ങൾ നിർത്തലാക്കുകയും ചെയ്തത് ഈ കാലഘട്ടത്തിലാവും. ഇതു മതനവീകരണത്തിനു തുടക്കമാണ്. കർത്താവിലേക്കു തിരിയുന്നത് വിഗ്രഹങ്ങൾക്ക് പുറം തിരിയലാണല്ലോ.  ഹൃദയത്തിൽ നിന്നു വിഗ്രഹങ്ങളെ ബഹിഷ്ക്കരിക്കലാണ് ഏതു മതനവീകരണത്തിന്റെയും ആദ്യപടി.

അസ്സീറിയാ അടിക്കടി ക്ഷയിച്ചുകൊണ്ടിരുന്നതിനാൽ യൂദായ്ക്ക് നവീകരണ ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്താൻ കഴിഞ്ഞു. ജോസിയായുടെ ഭരണത്തിന്റെ പന്ത്രണ്ടാം വർഷം (ബി.സി. 628)ജറുസ



ലെമിലും യൂദായിലും, തുടർന്ന് വടക്കൻ ഗോത്രങ്ങളിലും മതനവീകരണം ശക്തിപ്പെടുത്തി (2 ദിന 34,3-7). വിഗ്രഹങ്ങളും അവയ്ക്ക് ബലിയർപ്പിക്കാൻ ഉപയോഗിച്ചിരുന്ന ബലപീഠങ്ങളും നശിപ്പിക്കുകയായിരുന്നു ഈ നവീകരണം, അഥവാ ശുദ്ധീകരണം. വിഗ്രങ്ങൾ തച്ചുടച്ചു ധൂളിയാക്കി ശവകൂടീരങ്ങളിൽ വിതറിയതും അസ്ഥികൾ ബലിപീഠങ്ങളിൽ വച്ചു ദഹിപ്പിച്ചതും അവയെ അശുദ്ധമാക്കാൻ വേണ്ടിയാണ്. ശവശരീരമോ മരിച്ചവരുടെ അവശിഷ്ടങ്ങളോ സ്പർശിക്കുന്ന വ്യക്തികളും വസ്തുക്കളും അശുദ്ധമാകും എന്ന വിശ്വാസമാണ് ഈ പ്രവൃത്തികൾക്കു പിന്നിലുള്ളത്.

വടക്കൻ രാജ്യമായ ഇസ്രായേലിന്റെ വടക്കെ അതിർത്തിയിലുള്ള നഫ്ത്താലി ഗോത്രത്തിന്റെ പ്രദേശങ്ങൾ വരെ ഈ ശുദ്ധീകരണ പ്രക്രിയ തുടർന്നു. ഇത് മതമേഖലയിലുള്ള നവീകരണം മാത്രമല്ല, രാഷ്ട്രീയമായ ഒരു സ്വാതന്ത്ര്യ പ്രഖ്യാപനവും സോളമന്റെ മരണത്തിനുശേഷം പിരിഞ്ഞുപോയ ഗോത്രങ്ങളെ യൂദായോടു ചേർക്കാനുള്ള ശ്രമവും കൂടിയായിരുന്നു. അസ്സീറിയാ ദുർബ്ബലമായിരുന്നു. ബാബിലോൺ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നില്ല. രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ജോസിയായുടെ മതനവീകരണ സംരംഭങ്ങളെ എതിർക്കാൻ ആരും ഉണ്ടായിരുന്നില്ല.

മതനവീകരണത്തിന്റെ ആരംഭത്തെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ വ്യത്യസ്തമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. ദേവാലയത്തിന്റെ കേടുപാടുകൾ പോക്കുന്നതിലാണ് രാജാവ് ആദ്യമേ ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിന് ആവശ്യമായ പണം വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനെക്കുറിച്ച് ഇവിടെ (2 രാജാ 22,3-7) പ്രതിപാദിക്കുന്നു. യോവാഷ് രാജാവു തുടങ്ങിവച്ച പണപ്പിരിവ് (2 രാജാ 12,9-15) ജോസിയാ കൂടുതൽ കാര്യക്ഷമമാക്കി. യോവാഷിന്റെ കാലത്തിനുശേഷവും പണപ്പിരിവ് തുടർന്നിരുന്നെങ്കിലും പിരിച്ച പണം പലപ്പോഴും ദേവാലയാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചിരുന്നില്ല. പ്രവാസത്തിനുശേഷവും ഈ പണപ്പിരിവ് തുടർന്നു.

യേശുവിന്റെ കാലം ആയപ്പോഴേക്കും ജറുസലെം ദേവാലയത്തിൽ പന്ത്രണ്ട് നേർച്ചപ്പെട്ടികൾ ഉണ്ടായിരുന്നു. അടിഭാഗം വ്യാസം കൂടിയും മുകൾ കൂർത്തും ഇരുന്നതിനാൽ ഈ നേർച്ചപ്പെട്ടികളെ 'കാഹളം' എന്നാണ് വിളിച്ചിരുന്നത്. സ്ത്രീകൾക്കായുള്ള ദേവാലയ ഭാഗത്തിനു ചുറ്റിലുമായി പതിമൂന്ന് പെട്ടികൾ വച്ചിരുന്നു, നിയമപ്രകാരമുള്ള ദശാംശം മുതലായ കാഴ്ചകൾ സമർപ്പിക്കുന്നതിനുവേണ്ടി ഒമ്പതും, മറ്റ് സ്വാഭി

ഷ്ടക്കാഴ്ചകൾ അഥവാ നേർച്ചകൾ ഇടുന്നതിനായി നാലും പെട്ടികൾ. ഈ പെട്ടികളിൽ വീഴുന്നവ മുഖ്യമായും ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്നു.

### 2. നിയമഗ്രന്ഥം 2 രാജാ 22,8-20; 2 ദിന 34, 8-28

ജോസിയായുടെ ജീവിതത്തിലെ എന്നല്ല, ഇസ്രായേൽ ചരിത്രത്തിലെ തന്നെ സുപ്രധാനമായ ഒരു സംഭവമാണ് ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയത്. നിയമാവർത്തന പുസ്തകത്തിന്റെ ആദ്യ പകർപ്പാണ് ഇതെന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഹെസെക്കിയായുടെ കാലത്ത് ഷെക്കെമിൽ നിന്ന് ജെറുസലെമിലേക്കു കൊണ്ടുവരികയും, മനാസ്സെയുടെ കാലത്ത് അവഗണിക്കപ്പെട്ടുകിടക്കുകയും ചെയ്തതാവണം ഈ ഗ്രന്ഥച്ചുരുൾ. ദേവാലയ ശുദ്ധീകരണത്തിനിടയിലാണ് ഈ ചുരുൾ കണ്ടെത്തിയത്. ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയെന്നു മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളൂ (2 രാജാ 22,8). ചുരുൾ കണ്ടെത്തിയ സാഹചര്യം ദിനവൃത്താന്ത ഗ്രന്ഥത്തിൽ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട് (2 ദിന 34,8-14). പുസ്തകച്ചുരുൾ കണ്ടെത്തിയതിനു ശേഷമുണ്ടായ നീക്കങ്ങൾ ഇരുഗ്രന്ഥങ്ങളിലും ഒരുപോലെയാണ് വിവരിക്കുന്നത്.

ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിച്ചുകേട്ട രാജാവ് ദുഃഖാർത്തനായി വസ്ത്രം കീറി. മോശ വഴി നല്കപ്പെട്ടിരുന്ന പ്രമാണങ്ങൾ അനുസരിക്കാത്തതിനാൽ ജനത്തിനെതിരേ ദൈവകോപം ജ്വലിക്കുന്നു എന്നും തക്കതായ പരിഹാരം അനുഷ്ടിച്ചാലേ കർത്താവിന്റെ ശിക്ഷ ഒഴിവാക്കാൻ കഴിയൂ എന്നും മനസിലാക്കിയ രാജാവ് എന്തു ചെയ്യണം എന്ന് അറിയാൻ ദൈവഹിതം ആരാഞ്ഞു (2 രാജാ 22,8-13; 2 ദിന 34,14-21). സെഫനിയാ, ജറെമിയാ എന്നീ പ്രവാചകന്മാർ ജറുസലെമിൽ പ്രവർത്തിച്ചിരുന്നെങ്കിലും ദൈവഹിതം അറിയാൻ പ്രവാചികയായ ഹുൽദായുടെ അടുക്കലേക്കാണ് രാജാവ് ദൂതന്മാരെ അയച്ചത് (2 രാജാ 22,14; 2 ദിന 34,22). മറ്റു പ്രവാചകന്മാരെക്കുറിച്ച് വി.ഗ്രന്ഥക്കാരൻ സൂചിപ്പിക്കുന്നുപോലുമില്ല. ഹുൽദാ പ്രവാചകിയെക്കുറിച്ച് ബൈബിളിൽ ഇവിടെ പരാമർശിക്കുന്നുള്ളു. ഒരുപക്ഷേ, ഭാവിയെ സംബന്ധിച്ച തീരുമാനം എടുക്കാൻ സഹായിക്കുന്ന, അസാധാരണ സിദ്ധിയുള്ളവളായി അറിയപ്പെട്ടിരുന്നതിനാലാവാം ഹുൽദായുടെ അടുക്കലേക്ക് ദൂതന്മാരെ അയച്ചത്. ബൈബിളിലെ വലിയ പ്രവാചകന്മാർ ഇപ്രകാരമുള്ള സിദ്ധന്മാരായിട്ടല്ല അറിയപ്പെട്ടിരുന്നത്, എന്നതു ശ്രദ്ധേയമത്രെ.



ഹുൽദായുടെ ഉത്തരം രണ്ടു ഭാഗങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (2 രാജാ 22,15-17; 2 ദിന 34,23-25) മാറ്റമില്ലാത്ത ശിക്ഷാവിധിയാണ് അർഹിക്കുന്നത്. വിഗ്രഹാരാധനാവഴി കർത്താവിനെ പരിത്യജിക്കുകയും പ്രകോപപ്പിക്കുകയും ചെയ്തതിനാൽ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ശിക്ഷാവിധി കർത്താവ് ജനത്തിന്റെമേൽ നടപ്പാക്കുക തന്നെ ചെയ്യും. മറുപടിയുടെ രണ്ടാം ഭാഗം (2 രാജാ 22,18-20;2 ദിന 34,26-28) ജോസിയായ്ക്ക് ആശ്വാസവും പ്രത്യാശയും പ്രധാനം ചെയ്യുന്നതാണ്. കർത്താവിന്റെ വചനം കേട്ടപ്പോൾ അനുതപിച്ചതിനാൽ അയാളുടെമേൽ ശിക്ഷാവിധിയുണ്ടാവുകയില്ല. ജോസിയാ യുദ്ധത്തിൽ മരിച്ചതിനാൽ ഈ പ്രവചനം പൂർത്തിയാകാതെ പോയി എന്നു കരുതുന്നവരുണ്ട്. പിതാക്കന്മാരോട് ചേർന്ന് സമാധാനത്തിൽ സംസാരിക്കപ്പെടും എന്ന പ്രവചനം എപ്രകാരമാണ് ജോസിയാ മരിക്കുകയെന്നും വ്യക്തമാക്കുന്നില്ല. പിതാക്കന്മാരോടൊപ്പം കല്ലറയിൽ സംസ്കരിക്കപ്പെടുന്നത് കർത്താവിനോട് സമാധാനത്തിൽ കഴിയുന്നതിന്റെ പ്രതീകമാണ്. അതിനു മാത്രമമേ പ്രവചനത്തിലൂടെ ഉറപ്പ് നൽകുന്നുള്ളൂ. തന്നെയുമല്ല, ജോസിയായുടെ ജീവിതകാലത്ത് യൂദായ്ക്ക് ഒരു യുദ്ധവും നേരിടേണ്ടി വന്നതുമില്ല.

### 3. ഉടമ്പടി നവീകരണം 2 രാജാ 23,1-3; 2ദിന 34,29-33

കർത്താവിന്റെ ഹിതം വ്യക്തമായി അറിഞ്ഞ ജോസിയാ രാജാവ് ജനത്തെ മുഴുവൻ ദേവാലയത്തിൽ വിളിച്ചുകൂട്ടി. ദേവാലയത്തിൽ സോളമൻ സ്ഥാപിച്ചിരുന്ന സ്തംഭങ്ങളിൽ ഒന്നിന്റെ ചുവട്ടിലാണ് രാജാവു നിന്നത്. ദേവാലയത്തിൽ രാജാവിന്റെ സ്ഥാനം ഇതായിരുന്നു. ബാലനായ യോവാഷ് രാജാഭിഷേക സമയത്ത് അവിടെയാണ് നിന്നത് (2 രാജാ 11,14). ദേവാലയാങ്കണത്തിൽ സമ്മേളിച്ച ജനം മുഴുവൻ കേൾക്കെ രാജാവ് നിയമഗ്രന്ഥം വായിച്ചു. അതിൽ കല്പ്പിച്ചിരുന്നതെല്ലാം അനുസരിച്ചുകൊള്ളാമെന്ന് രാജാവ് കർത്താവുമായി ഉടമ്പടി ചെയ്തു. ജനം ഉടമ്പടിയിൽ പങ്കുചേർന്നു. 'കർത്താവുമായി' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം 'കർത്താവിന്റെ മുമ്പിൽ' എന്നാണ്. കർത്താവിനെ സാക്ഷി നിർത്തി ഉടമ്പടി പുതുക്കുകയാണ് രാജാവു ചെയ്തത് എന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നു.

പുതിയ ഒരു ഉടമ്പടി ഉണ്ടാക്കലല്ല, പണ്ടേ ഉണ്ടായിരുന്നതും പില്ക്കാലത്ത് അവഗണിക്കപ്പെട്ടതുമായ ഉടമ്പടിയോട് വിശ്വസ്തത പുലർത്തിക്കൊള്ളാം എന്ന വാഗ്ദാനമാണ് ഉടമ്പടി നവീകരണം. ദാവീ

ദുമായി കർത്താവു ചെയ്ത ഉടമ്പടിയുടെ പിന്നിലേക്ക്, സീനായ് ഉട മ്പടിയിലേക്കാണ് ഇവിടെ ശ്രദ്ധ തിരിക്കുന്നത്. 'കർത്താവിന്റെ കല്പന കളും പ്രമാണങ്ങളും അനുശാസനങ്ങളും പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ പാലിച്ച്, അവിടുത്തെ അനുഗമിച്ചുകൊള്ളാം' എന്ന ഉടമ്പടി നവീകരണ വാചകം (2 രാജാ 23,3) നിയമാവർത്തന ഗ്രന്ഥ ത്തിന്റെ ശൈലിയിൽ രൂപപ്പെടുത്തിയതാണ്. കർത്താവ് ഇസ്രായേലു മായി ചെയ്ത ഉടമ്പടി ഉപാധികളോടുകൂടിയതാണെന്നും ജനം ഉട മ്പടിയുടെ നിബന്ധനകൾ പാലിച്ചാലേ ദൈവജനമായി തുടരുകയുള്ളൂ എന്നും ഇതിലൂടെ ഏറ്റു പറയുന്നു. രാജാവ് ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥനായി നിലകൊള്ളുന്നു. മോശയുടെയും ജോഷ്വായു ടെയും സ്ഥാനമാണ് ഇവിടെ ജോസിയായ്ക്കു നല്കിയിരിക്കുന്നത്. ജോസിയാ നടത്തിയ ഉടമ്പടി നവീകരണം യഹോയാദാ പുരോഹിതൻ രാജാവിനെയും ജനത്തെയും കൊണ്ടുനടത്തിച്ച ഉടമ്പടി നവീകരണത്തെ (2 രാജാ 11,17) അനുസ്മരിപ്പിക്കുന്നതാണ്. എന്നാൽ ഇവിടെ ഉടമ്പടിയും അതിലുള്ള ജനപങ്കാളിത്തവും കൂടുതൽ വിപുലവും തീവ്രതയാർന്ന തുമത്രെ.

## 4. നവീകരണത്തിന്റെ തുടർച്ച 2 രാജാ 23,4-20

ഉടമ്പടി നവീകരണത്തിനുശേഷം ജോസിയാ ദേശത്തു സമൂല മായ ഒരു ശുദ്ധീകരണം നടത്തിയതായി രാജാക്കന്മാരുടെ പുസ്തക ത്തിൽ വിവരിക്കുന്നു. ജോസിയായുടെ 12-ാം ഭരണവർഷം നടത്തിയ തായി ദിനവൃത്താന്ത ഗ്രന്ഥകാരൻ ചുരുക്കിപ്പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഇവിടെ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നത്. ജറു സലെമിലും യൂദായിലും നടത്തിയ ശുദ്ധീകരണം ആദ്യമേ വിവരിക്കുന്നു (2 രാജാ 23,4-14). തുടർന്ന് അതേ ശുദ്ധീകരണപ്രക്രിയ വടക്കൻ ഗോത്ര ങ്ങളിലും നടത്തിയതായി രേഖപ്പെടുത്തുന്നു (2 രാജാ 24,15-20).

വിഗ്രഹങ്ങളും ബലിപീഠങ്ങളും നശിപ്പിച്ചു, അശുദ്ധമാക്കി, അഗ്നി ക്കിരയാക്കി എന്ന് ഒരു പല്ലവിപോലെ ഇവിടെ അനേകം തവണ ആവർത്തിക്കുന്നുണ്ട്. വിഗ്രഹാരാധന, പുരുഷവേശ്യാവൃത്തി, നരബലി എന്നിവ ദേശത്തുനിന്നു തുടച്ചുനീക്കുകയും പ്രാദേശിക ബലിപീഠങ്ങൾ നശിപ്പിച്ച് ദൈവാരാധന ജറുസലെമിൽ മാത്രം കേന്ദ്രീകരിക്കുകയുമാ യിരുന്നു ഈ ശുദ്ധീകരണ-നവീകരണ പ്രക്രിയയുടെ ലക്ഷ്യം. പ്രാദേ ശിക ബലിപീഠങ്ങൾ തകർക്കുകയും ബലിയർപ്പണം ജറുസലെമിൽ മാത്രം കേന്ദ്രീകരിക്കുകയും ചെയ്തതാണ് ജോസിയാ നടപ്പിലാക്കിയ



ഏറ്റം വലിയ മതപരിഷ്കരണം. സീനായ് ഉടമ്പടിയുടെ പ്രമാണങ്ങൾ വിലക്കിയിരിക്കുന്നതാണ് വിഗ്രഹാരാധന (പുറ 20,2-6; നിയ 5,6-10). ജറു സലെമിൽ മാത്രമേ ആരാധന പാടുള്ളു എന്ന നിയമം നിയമാവർത്തന പുസ്തകത്തിലാണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത് (നിയ 12,5. 11-14. 21.26). ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ കർത്താവിനു ബലിയർപ്പിച്ചി രുന്ന സ്ഥലങ്ങളാണ് "പൂജാഗിരികൾ" അവ നശിപ്പിച്ചത് ആരാധന ജറു സലെമിൽ മാത്രം സാധ്യമാക്കുന്നതിനു വേണ്ടിയായിരുന്നു. പൂജാഗിരി കളിൽ കർത്താവിനോടൊപ്പം വിഗ്രഹങ്ങളെയും ആരാധിച്ചുപോന്നതും അവ നശിപ്പിക്കാൻ കാരണമായിരുന്നു.

സോളമന്റെ കാലം മുതൽ ജറുസലെമിൽ വിജാതീയ ക്ഷേത്ര ങ്ങൾ നിലവിലിരുന്നു (1 രാജാ 11,5-8). പുത്രൻ റെഹോബൊവാം കൂടു തൽ പൂജാഗിരികൾ സ്ഥാപിച്ചു. ആൺ വേശ്യാ സമ്പ്രദായം അയാളുടെ കാലത്ത് ജെറുസലെമിൽ നിലവിൽ വന്നു (1 രാജാ 14,23-24). തുടർന്നു വന്ന പല രാജാക്കന്മാരും ഇവയെ പ്രോത്സാഹിപ്പിച്ചു. യോവാഷ്, ഹെസെ ക്കിയാ മുതലായ ചുരുക്കം രാജാക്കന്മാർ ഇതു നിർത്തലാക്കാൻ ശ്രമി ച്ചെങ്കിലും പൂർണ്ണമായി വിജയിച്ചില്ല. മനാസ്സെയുടെ കാലത്ത് വിഗ്രഹാ രാധനയും മറ്റു മ്ലേച്ഛതകളും സീമാതീതമായി. ജോസിയാ അവ യ്ക്കെല്ലാം കനത്ത കരത്താൽ വിരാമമിട്ടു.

യൂദായിലെ പൂജാഗിരികളിൽ ശുശ്രൂഷ നടത്തിയിരുന്ന പുരോഹി തന്മാരെ സ്ഥാനഭ്രഷ്ടരാക്കുകമാത്രം ചെയ്തപ്പോൾ വടക്കൻ ഗോത്ര ങ്ങളിലെ പൂജാഗിരികളിൽ ശുശ്രൂഷ ചെയ്തിരുന്ന പുരോഹിതന്മാരെ അവ രുടെ ബലിപീഠത്തിൽ വച്ചു വധിച്ചു (23,9.20). അവർ വിഗ്രഹാരാധകർ ആയിരുന്നതുകൊണ്ടാവാം കൊന്നുകളഞ്ഞത്. "യൂദായിൽ സ്ഥാനഭ്രഷ്ട രായ പുരോഹിതന്മാർ ജറുസലെമിലേക്കു വന്നില്ല" (2 രാജാ 23,9) എന്ന പ്രസ്താവന പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പ്രാദേശിക തലത്തിലുള്ള ബലിയർപ്പണങ്ങൾ നിർത്തലാക്കിയപ്പോൾ അവിടെ ശുശ്രൂഷയർപ്പിച്ചി രുന്ന പുരോഹിതന്മാർക്കും ലേവ്യർക്കും ജോലി നഷ്ടപ്പെട്ടു. ജറുസലെ മിലേക്കു വരാൻ പലരും തയ്യാറായില്ല. വന്നവരെ തുല്യപദവിയിൽ സ്വീക രിക്കാൻ ജറുസലെം ദേവാലയ ശുശ്രൂഷികൾ തയ്യാറായതുമില്ല. അത് ഗ്രാമീണ പുരോഹിതരെയും ലേവ്യരെയും സംബന്ധിച്ച ഒരു പ്രതിസ ന്ധിയുളവാക്കി. അതിന്റെ സൂചന ഈ പ്രസ്താവനയിൽ കാണാം.

വടക്കൻ ഗോത്രാതിർത്തിക്കുള്ളിൽ നടത്തിയ ശുദ്ധീകരണ ത്തിന്റെ വിവരണത്തിൽ (2 രാജാ 23,15-20) ബെഥേലിലെ ബലിപീഠ ത്തിന്റെ കാര്യം എടുത്തു പറയുന്നു. ജെറൊബൊവാം ഒന്നാമന്റെ

കാലത്ത് ആ ബലിപീഠത്തിനെതിരേ ഉണ്ടായ പ്രവചനം (1 രാജാ 13,2) പൂർത്തിയായി എന്നു കാണിക്കുകയാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ബെഥേലിനെതിരേ പ്രവചിച്ച പ്രവാചകന്റെ ശവകുടീരം നശിപ്പിക്കാതിരുന്നത് ആ പ്രവാചകനോടുള്ള ആദരവിന്റെ അടയാളമാണ്.

### 5. പെസഹാ ആഘോഷം 2 രാജാ 23,21-23; 2 ദിന 35,1-19

ജോസിയായുടെ നവീകരണ യത്നങ്ങൾ പെസഹാ ആഘോഷത്തിൽ അതിന്റെ പരമകാഷ്ഠയിലെത്തി. രാജാക്കന്മാരുടെ പുസ്തകം മൂന്നു വാക്യങ്ങളിൽ ഒതുക്കിയ പെസഹാ ആഘോഷത്തിന്റെ വിവരണം ദിനവൃത്താന്ത ഗ്രന്ഥകാരൻ വളരെയേറെ വിപുലമാക്കിയിട്ടുണ്ട്. ഇതുപോലൊരു പെസഹാ ആഘോഷം ഇസ്രായേലിൽ ഇതുവരെയുണ്ടായിട്ടില്ല എന്ന് രണ്ട് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹെസെക്കിയാ ജറുസലെമിൽ പെസഹാ ആഘോഷിച്ചതായി നാം കണ്ടു കഴിഞ്ഞു (2 ദിന 30). ജോസിയാ നടത്തിയത് അതിനേക്കാൾ വലിയ ആഘോഷമായിരുന്നു എന്നാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത്.

പെസഹാ ആഘോഷിച്ചതിന്റെ വിശദാംശങ്ങൾ വിവരിക്കുമ്പോൾ ദിനവൃത്താന്ത ഗ്രന്ഥത്തിൽ ലേവ്യർക്ക് കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു. വിശുദ്ധ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിക്കാൻ അവരോടു രാജാവു കല്പിക്കുന്നതിന്റെ കാരണം വ്യക്തമല്ല. സോളമൻ ദേവാലയം നിർമ്മിച്ചു കഴിഞ്ഞപ്പോൾ ഉടമ്പടിയുടെ പേടകം അതി വിശുദ്ധ സ്ഥലത്തു പ്രതിഷ്ഠിച്ചതാണ്. ഒരുപക്ഷേ, മനാസ്സെയുടെ കാലത്തെ അനാചാരങ്ങളിൽ നിന്ന് പേടകത്തെ രക്ഷിക്കാൻ വേണ്ടി ലേവ്യർ അത് കൂടുതൽ സുരക്ഷിതമായ മറ്റേവിടേയ്ക്കെങ്കിലും മാറ്റിയിരുന്നതിനാലാണ് ഇപ്പോൾ അത് പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിക്കാൻ ആവശ്യപ്പെട്ടത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

ജോസിയായുടെ നേതൃത്വത്തിൽ നിയമപ്രകാരം ആചരിച്ച പെസഹാ ഒരു വലിയ വിമോചനത്തിന്റെ ആഘോഷവും ആയിരുന്നു. അന്തർദ്ദേശീയ സാഹചര്യങ്ങൾ ജനത്തിൽ പ്രത്യാശ ഉണർത്തുന്നതായിരുന്നു. അസ്സീറിയായുടെ ബലക്ഷയത്തിൽ നിന്ന് മുതലെടുത്ത്, ജോസിയായ്ക്ക് രാജ്യാതിർത്തികൾ വികസിപ്പിക്കാൻ കഴിഞ്ഞു. ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാപിച്ചില്ലെങ്കിലും ഇസ്രായേലിന്റെ പരമ്പരാഗതമായ പ്രദേശങ്ങളിൽ അധിക പങ്കും വീണ്ടെടുക്കാൻ സാധിച്ചു. ചിതറിപ്പോയ ഇസ്രായേൽ ഒരുമിച്ചു കൂട്ടപ്പെടുന്നതായി പലർക്കും കാണാൻ കഴിഞ്ഞു.



സാമ്രാജ്യത്തെ സംബന്ധിച്ച സ്വപ്നങ്ങൾ പലരും താലോലിക്കാൻ തുടങ്ങി. എന്നാൽ ഇതെല്ലാം ഒറ്റയടിക്ക തകർക്കുന്നതായിരുന്നു അപ്രതീക്ഷിതമായുണ്ടായ ജോസിയായുടെ മരണം.

### 6. ജോസിയായുടെ മരണം 2 രാജാ 23,24-30; 2 ദിന 35,20-27

പെസഹാ ആഘോഷത്തിന്റെ വിവരണത്തിനുശേഷം മതാത്മക തലത്തിലെ ചില അനാചാരങ്ങൾ ഉന്മൂലനം ചെയ്തതിന്റെ ചെറിയ ഒരു സൂചന നല്കിക്കൊണ്ട് (2 രാജാ 23,24-27) വി.ഗ്രന്ഥകാരൻ ജോസിയായുടെ ജീവിതാന്ത്യത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ഇസ്രായേലിനെ ഭരിച്ച ഏറ്റം വിശ്വസ്തനും നീതിമാനുമായ രാജാവാണ് ജോസിയാ. എങ്കിലും ജനത്തിനെതിരേ ജ്വലിച്ച കർത്താവിന്റെ കോപത്തെ അയാൾക്കും ശമിപ്പിക്കാൻ കഴിഞ്ഞില്ല എന്ന് എടുത്തു പറയുന്നു. മനാസ്സെയുടെ പാപങ്ങളാണ് ഈ കോപത്തിന്റെ പ്രധാനകാരണമായി എടുത്തു കാട്ടുന്നത്.

മതാത്മക തലത്തിൽ ജോസിയാ വളരെ വിവേകത്തോടും തീക്ഷ്ണതയോടും കൂടെ വർത്തിച്ചെങ്കിലും രാഷ്ട്രീയ തലത്തിൽ അയാളുടെ കണക്കുകൂട്ടലുകൾ തെറ്റി. മെസോപ്പോട്ടേമിയായിൽ ബാബിലോൺ ശക്തിപ്പെടുന്നത് തന്റെ രാജ്യത്തിന് ഗുണകരമാണെന്ന് അയാൾ തെറ്റിദ്ധരിച്ചു. ഹെസെക്കിയായുടെ കാലത്ത് തുടങ്ങിയതാണ് യൂദായുടെ ബാബിലോൺ പ്രേമം (2 രാജാ 20,12-19). ഏശയ്യാ പ്രവാചകൻ അതിനെതിരേ ശക്തമായ താക്കീത് നല്കിയിരുന്നെങ്കിലും ജോസിയായും ബാബിലോണിന്റെ വിജയം ആഗ്രഹിച്ചു. അസ്സീറിയാ തോറ്റാൽ യൂദായ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും എന്ന് കരുതി, അസ്സീറിയായെ സഹായിക്കാൻ പോയ ഈജിപ്ത് സൈന്യത്തെ വഴിക്കുവച്ച് തടഞ്ഞു. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഫറവോനെക്കോയെ ഒരു പ്രവാചകന്റെ കുപ്പായത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത് (2 ദിന 35,21-22). നെക്കോയിലൂടെ സംസാരിച്ചത് കർത്താവാണെന്ന് ജോസിയായ്ക്ക് മനസ്സിലായില്ല. അഥവാ അത് മനസ്സിലാക്കി അനുസരിക്കാൻ അയാൾ തയ്യാറായില്ല. മാരകമായ മുറിവേറ്റ ജോസിയായെ സേവകൻ ജറുസലെമിൽ കൊണ്ടുവന്നു സംസ്കരിച്ചു. രാജാവിന്റെ മരണത്തെച്ചൊല്ലി ജറമിയാ പ്രവാചകൻ ഒരു വിലാപ ഗാനം ആലപിച്ചു എന്ന് 2ദിന 35,25ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഉൾക്കൊള്ളിച്ചിരിക്കുന്ന വിലാപ ഗീതങ്ങളുടെ സമാഹാരം നമുക്കു ലഭിച്ചിട്ടില്ല. “വിലാപങ്ങൾ” എന്ന പേരിൽ അറിയപ്പെടുന്ന ബൈബിൾ ഗ്രന്ഥമല്ല ഇവിടെ വിവക്ഷിക്കുന്നത്.

**വിചിന്തനം:** അണയാൻ പോകുന്ന തിരി ആളിക്കത്തുന്നതുപോലെ ആയി രുന്നു ജോസിയായുടെ കാലത്ത് ജനത്തിനു കിട്ടിയ ഇടവേള. നൂറ്റാണ്ടു കളായി ഇസ്രായേൽ ജനത്തിന്മേൽ കുമിഞ്ഞുകൂടിയ അവിശ്വസ്തത യുടേയും അക്രമങ്ങളുടേയും കറ നീക്കിക്കളയാൻ ജോസിയായുടെ മത നവീകരണ സംരംഭങ്ങൾക്ക് കഴിഞ്ഞില്ല. വിശ്വസ്തനും നീതിമാനുമായ രാജാവ് എന്തുകൊണ്ട് ദാരുണമാംവിധം കൊല്ലപ്പെട്ടു എന്ന ചോദ്യം ഉന്നയിക്കപ്പെടാറുണ്ട്. രാഷ്ട്രീയമായ കണക്കുകൂട്ടലുകളിൽ ആശ്രയി ച്ചതാണ് അതിന്റെ ഏറ്റം സ്പഷ്ടമായ കാരണം. എന്നാൽ വിശ്വാസ ത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ അതിന് വേറെയും പല കാരണ ങ്ങൾ കാണാം.

ഏറ്റവും വലിയ മതപരിഷ്കർത്താവായിട്ടാണ് ജോസിയാ അറിയ പ്പെടുന്നത്. എന്നാൽ അയാളുടെ നവീകരണങ്ങളും പരിഷ്കരണങ്ങളും എല്ലാം ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിന്നതേയുള്ളൂ. വിഗ്ര ഹങ്ങളും ബലിപീഠങ്ങളും തച്ചുടച്ചെങ്കിലും മനുഷ്യ ഹൃദയത്തിൽ പരി വർത്തനം വരുത്താൻ അതിനു കഴിഞ്ഞില്ല. തന്നെയുമല്ല, നൂറ്റാണ്ടുകളായി ജനം ആദരപൂർവ്വം വീക്ഷിച്ചിരുന്ന മാതാചാരങ്ങൾ ബലപ്രയോഗത്തിലൂടെ നിർത്തലാക്കിയത് യുവരാജാവിന്റെ അവിവേകവും അതിരുകടന്ന ആവേ ശവുമായേ ഭൂരിഭാഗം ജനത്തിനും കാണാൻ കഴിഞ്ഞുള്ളൂ. അതിനു പിന്നി ലുണ്ടായിരുന്ന രാഷ്ട്രീയ ലക്ഷ്യങ്ങളും വടക്കൻ ഗോത്രക്കാർക്ക് വ്യക്ത മായി കാണാമായിരുന്നു. രാജാവു മരിച്ചതോടെ അയാൾ തുടങ്ങിവച്ച പരി ഷ്കാരങ്ങളും അസ്തമിച്ചു. പിതാക്കന്മാരുടെ പാരമ്പര്യം ഇതാണ്. ഇത് നിങ്ങൾ അനുസരിച്ചേ മതിയാകൂ എന്നു ശഠിക്കുന്നതിനുമുമ്പേ, ആ പാര മ്പര്യങ്ങളുടേയും ആചാരങ്ങളുടേയും അർത്ഥം ജനങ്ങളെ ബോധ്യപ്പെടു ത്താനും അവർക്കു കൂടി സ്വീകാര്യമായാൽ മാത്രം നടപ്പിലാക്കാനും അധി കാരികൾക്ക് കടമയുണ്ട്. അധികാരത്തിന്റെ ഉരുക്കുമുഷ്ടികൊണ്ട് ജനത്തെ ദൈവത്തിലേക്ക് അടുപ്പിക്കാൻ ആർക്കും കഴിയില്ല.

ആരാധനക്രമങ്ങളിൽ പരിഷ്കാരം വരുത്താൻ കാണിച്ചത്ര ആവേശം സാമൂഹിക നീതിയുടെ കാര്യത്തിൽ ജോസിയാ പ്രകടിപ്പിച്ച തായി വി.ഗ്രന്ഥകാരൻ പറയുന്നില്ല. വിഗ്രഹങ്ങളും ബലിപീഠങ്ങളും തകർക്കുകയും ആരാധന തലസ്ഥാന നഗരിയിൽ കേന്ദ്രീകരിക്കുകയും ചെയ്തതുകൊണ്ട് ജറൂസലെമിന്റെ പ്രൗഢിയും സമ്പത്തും രാജാവിന്റെ സ്വാധീനവും വർദ്ധിച്ചു എന്നല്ലാതെ ജനത്തിന് നീതി ലഭിച്ചില്ല. തന്നെ യുമല്ല, സാധാരണ ജനത്തിന്റെ മതജീവിതം വളരെയേറെ ശുഷ്കമാവു കയും ചെയ്തു. ജറുസലെമിലേക്ക് തീർത്ഥാടനം നടത്താൻ എല്ലാ



വർക്കും കഴിയുമായിരുന്നില്ല. മതാത്മക തലത്തിൽ ഇതുപോലുള്ള കേന്ദ്രീകരണം ഇന്നും നടക്കുന്നുണ്ട്. സാധാരണ ജനത്തിന്റെ ആവശ്യ ങ്ങളോ വികാരങ്ങളോ മാനിക്കാതെ ഉന്നത തലങ്ങളിൽ കരുപ്പിടിപ്പിക്കുന്ന ആരാധനാ രീതികളും നിയമങ്ങളും താഴേക്ക് അടിച്ചേല്പിക്കുമ്പോൾ അവ ഉൾക്കൊള്ളാൻ ജനത്തിന് കഴിയാതെ പോകുന്നു. ആത്മാവിന്റെ വിശപ്പും ദാഹവുമടക്കാൻ കഴിയാതെ ജനം ക്ലേശിക്കുന്നു. ദാഹജലം തേടി പലപ്പോഴും അവർ മറ്റു കേന്ദ്രങ്ങളെ ആശ്രയിക്കുന്നു.

ദേവാലയ കേന്ദ്രീകൃതമായ ഒരു മതാത്മകതയാണ് ജോസിയാ പ്രോത്സാഹിപ്പിച്ചത്. അനുഷ്ഠാനങ്ങൾക്കായിരുന്നു അതിൽ പ്രാധാന്യം. ഉടമ്പടിയുടെ മറ്റു നിയമങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നല്കപ്പെട്ടില്ല. അതിനാൽത്തന്നെ മാത്മകത വളരെയേറെ വർദ്ധിച്ചിട്ടും സാമൂഹ്യനീ തിയുടേയും സാഹോദര്യത്തിന്റെയും കാര്യത്തിൽ യാതൊരു പുരോഗ തിയും ഉണ്ടായില്ല. കലാഹരണപ്പെട്ടതും ജനത്തിന് അജ്ഞാതവും അസ്വീകാര്യവുമായ മതപാരമ്പര്യങ്ങളും ആരാധനാ രീതികളും പുനഃസ്ഥാപിക്കാൻ ആവേശം കാട്ടുന്നവർ ജോസിയായുടെ അനുഭവ ത്തിൽ നിന്ന് പാഠം പഠിക്കേണ്ടതുണ്ട്.

ദേവാലയത്തിൽ കണ്ടുകിട്ടിയ വേദപുസ്തകച്ചുരുളാണ് ജോസി യായ്ക്ക് നവീകരണയത്നങ്ങളിൽ ആവേശം പകർന്നത്. നൂറ്റാണ്ടുക ളായി നമ്മുടെ സമൂഹത്തിലും ദൈവവചനം അവഗണിക്കപ്പെട്ടുകിടക്കു കയായിരുന്നു. അടുത്തകാലത്താണ് അതിന്റെ പ്രാധാന്യവും ശക്തിയും സാധാരണക്കാരുടെ ഇടയിലും സഭയുടെ അധികാര തലങ്ങളിൽ പോലും വീണ്ടും കണ്ടെത്തിയത്. പുതുതായി കണ്ടെത്തിയ ദൈവവചനം ജനജീവിതത്തിൽ അത്ഭുതങ്ങൾ വിരചിക്കുന്നത് നാം കാണുന്നു. ദൈവ വചനത്തെ കണ്ടെത്തുന്നത് ജീവിത നവീകരണത്തിന്റെ തുടക്കമാണ്.

താൻ കണ്ടെത്തിയ പുസ്തകത്തിൽ നിന്ന് ആരാധനാ സംബന്ധി യായ കാര്യങ്ങൾ ജോസിയാ തിരഞ്ഞെടുത്തു. സാമൂഹ്യനീതിയേയും സഹോദര സ്നേഹത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾ പ്രായേണ അവഗണിക്കപ്പെട്ടു. ഇന്നും വചനാധിഷ്ഠിത നവീകരണ സംരംഭങ്ങളിൽ ഇതുതന്നെ സംഭവിക്കുന്നില്ലേ എന്നു സംശയിക്കണം. പ്രാർത്ഥനയിലും വചനധ്യാനത്തിലും വലിയ താത്പര്യം കാണിക്കുന്ന പലരും അവശത യനുഭവിക്കുന്ന സഹോദരങ്ങളുമായി തങ്ങളുടെ ഉള്ളും തങ്ങൾക്കു ള്ളതും പങ്കുവയ്ക്കാൻ തയ്യാറാകാതെ പോകുന്നില്ലേ? നീതി ബോധ ത്തിലേക്കും പങ്കുവയ്ക്കുന്ന സ്നേഹത്തിലേക്കും നയിക്കുന്നതാകണം മതനവീകരണം. അതുകൂടാതെ യഥാർത്ഥ ദൈവാരാധന സാധ്യമല്ല.

## ചോദ്യങ്ങൾ

1. ജോസിയാ എന്ന പേരിന്റെ അർത്ഥമെന്ത്?
2. എന്തുകൊണ്ടാണ് ഈ അധ്യായത്തിന് "ഇടവേള" എന്നു പേരു കൊടുത്തിരിക്കുന്നത്? ജോസിയായുടെ കാലത്തെ മധ്യപൗരസ്ത്യ ദേശത്തിന്റെ ചരിത്രം ചുരുക്കി പറയുക?
3. ഏതെല്ലാം തലങ്ങളിലാണ് ജോസിയാ നവീകരണം നടത്തിയത്?
4. മതമേഖലയിൽ ജോസിയായുടെ ഏറ്റം വലിയ പരിഷ്കരണം എന്തായിരുന്നു? അതുവഴി രാഷ്ട്രീയമായ എന്തു നേട്ടമാണുണ്ടായത്?
5. ആരാണ് ഹുൽദാ? എന്തു സന്ദേശമാണ് അവൾ നല്കിയത്?
6. ആരാണ് നെക്കോ? ജോസിയാ അയാളെ എതിർക്കാൻ കാരണമെന്ത്?

**ചർച്ചയ്ക്ക്:** 1. വേദപുസ്തകച്ചുരുൾ കണ്ടെത്തിയ ജോസിയാ നടത്തിയ മതനവീകരണവും വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഇന്നു നടക്കുന്ന നവീകരണശ്രമങ്ങളും തമ്മിൽ താരതമ്യം ചെയ്ത് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

2. ജോസിയായുടെ മത പരിഷ്കാരങ്ങളും ഇന്ന് സഭയിൽ നടക്കുന്ന ആരാധനക്രമ പരിഷ്കാരങ്ങളും തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തുക. ദൈവാരാധനയെ കൂടുതൽ ജീവിതബന്ധിയും നീതിയുടെ ഉറവിടവും ആക്കാൻവേണ്ടി നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

**പ്രാർത്ഥന:** ജീവിതത്തിൽ വഴികാട്ടിയായി തന്റെ വചനം നമുക്കു നല്കിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്വന്തമായ വാക്കുകളിൽ പ്രാർത്ഥിക്കുക. അല്ലെങ്കിൽ സങ്കീ. 119,101-112 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 3. പ്രവാസത്തിലേക്ക്

### 2 രാജാ 23,31-25,30; 2 ദിന 36

ജോസിയാ രാജാവിന്റെ മരണം മുതൽ ജറുസലെമിന്റെ പതനം വരെയുള്ള 22 വർഷങ്ങൾക്കിടയിൽ നാലു രാജാക്കന്മാർ യൂദായിൽ ഭരിച്ചു. അവരിൽ മൂന്നുപേർ ജോസിയായുടെ പുത്രന്മാരും ഒരാൾ പൗത്രനുമായിരുന്നു. രണ്ടുപേർ മൂന്നുമാസവും രണ്ടുപേർ പതിനൊന്നു വർഷവും വീതം ഭരിച്ചു. ഒരാൾ ഈജിപ്തിലേക്കും രണ്ടുപേർ ബാബിലോണിലേക്കും നാടുകടത്തപ്പെട്ടു. ഒരാളുടെ മരണത്തെക്കുറിച്ച് ദുരൂഹത നിലനില്ക്കുന്നു. ഇവരിൽ ആർക്കും ജോസിയായുടെ വിശ്വാസ തീക്ഷ്ണതയോ വിവേകമോ ധൈര്യമോ കൈമുതലായി ഉണ്ടായിരുന്നില്ല. അതേസമയം, ജോസിയാ നേരിട്ടതിനേക്കാൾ വളരെ വലിയ ആഭ്യന്തരവും അന്തർദ്ദേശീയവുമായ സമ്മർദ്ദങ്ങൾ അവർ നേരിടുകയും ചെയ്തു.

ഇസ്രായേലിൽ പ്രത്യക്ഷപ്പെട്ട ഏറ്റം വലിയ പ്രവാചകന്മാരിൽ ഒരാളായ ജറെമിയാ ഈ കാലഘട്ടം മുഴുവൻ ജറുസലെമിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു, അവസാനത്തെ പത്തു വർഷക്കാലം എസെക്കിയേലും, പക്ഷേ അവരുടെ വചനത്തേക്കാൾ വ്യാജപ്രവാചകന്മാരെ ശ്രവിക്കാനാണ് രാജാക്കന്മാരും ജനവും താൽപര്യം കാണിച്ചത്. നൂറ്റാണ്ടുകളിലൂടെ ജനത്തിന്മേൽ കുമിഞ്ഞുകൂടിയ പാപത്തിന് ഉടമ്പടിയുടെ നിബന്ധനയനുസരിച്ചുള്ളതും പ്രവാചകന്മാരിലൂടെ അറിയിക്കപ്പെട്ടതുമായ കർത്താവിന്റെ വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി കർശനമായി നടപ്പിലാക്കിയതിന്റെ ചരിത്രമാണ് പഠനവിഷയമായ രണ്ടു പുസ്തകങ്ങളുടെയും അവസാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിവരിക്കുന്ന സംഭവങ്ങളും അവയുടെ ചരിത്ര പശ്ചാത്തലവും കൂടുതൽ വിശദമായി സകല ഭീകരതയോടും കൂടെ ജെറെമിയായുടെ പുസ്തകത്തിലും 'വിലാപങ്ങൾ' എന്ന പുസ്തകത്തിലും വിവരിക്കുന്നുണ്ട്.

യൂദായിലെ അവസാനത്തെ നാലു രാജാക്കന്മാരുടെ ചരിത്രവും ജറുസലെമിന്റെ പതനവും വളരെ ചുരുക്കിയാണ് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും അവതരിപ്പിച്ചിരിക്കുന്നത്. ബാബിലോണിൽ പ്രവാസിയായി കഴിഞ്ഞ യഹോയാഖിൻ രാജാവിനെ തടവറയിൽ നിന്നു മോചിപ്പിച്ച്, പ്രവാസികളായ മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ പ്രമുഖസ്ഥാനം നല്കിയതിന്റെ വിവരണത്തോടെ രാജാക്കന്മാരുടെ പുസ്തകം സമാപിക്കുമ്പോൾ, പ്രവാസത്തിന്റെ അന്ത്യം

കുറിക്കുന്ന പേർഷ്യാ രാജാവായ സൈറസിന്റെ വിളമ്പരം രേഖപ്പെടുത്തിക്കൊണ്ടാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ ഇസ്രായേലിലെ രാജവാഴ്ചയുടെ ചരിത്രം ഉപസംഹരിക്കുന്നത്. അങ്ങനെ തികച്ചും ശോകമുകമായ അന്തരീക്ഷത്തിൽ പ്രത്യാശയുടെ പ്രകാശ കിരണം പ്രത്യക്ഷപ്പെടുന്നു. ഓരോ രാജാവിന്റെയും ചരിത്രവും ഇതര സംഭവങ്ങളും മധ്യപൗരസ്ത്യ ദേശത്തെ സമകാലിക ചരിത്രവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാൻ ശ്രമിക്കുന്നതാണ്. ബാബിലോണിനെ കാൽദിയാ എന്നും ബാബിലോൺകാരെ കൽദായർ എന്നും വി.ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നു. രണ്ടു പേരിന്റെയും അർത്ഥം ഒന്നുതന്നെ.

**1. യഹോവാഹാസ് (ബി.സി. 609) 2 രാജാ 23,31-34; 2 ദിന 36,14**

ബാബിലോണിന്റെ ആക്രമണത്തിനെതിരേ പിടിച്ചുനില്ക്കാൻ പണിപ്പെടുന്ന അസ്സീറിയായെ സഹായിക്കാൻ പോയ നെക്കോയെ തടഞ്ഞു നിർത്താനുള്ള ശ്രമത്തിൽ യൂദാ രാജാവായ ജോസിയാ കൊല്ലപ്പെട്ടു. ജോസിയാ വഴിതടഞ്ഞതുമൂലം വൈകിപ്പോയതിനാലാണോ എന്നറിയില്ല. നെക്കോയ്ക്ക് അസ്സീറിയായെ രക്ഷിക്കാനോ ഹാരാൻ തിരിച്ചുപിടിക്കാനോ കഴിഞ്ഞില്ല. യുഫ്രട്ടീസ് നദിക്കു കിഴക്കുള്ള പ്രദേശങ്ങൾ മുഴുവൻ ബാബിലോണിന്റെ ആധിപത്യത്തിലായി. തകർന്നുവീണ അസീറിയൻ സാമ്രാജ്യത്തിന്റെ യൂഫ്രട്ടീസിനു പടിഞ്ഞാറുണ്ടായിരുന്ന പ്രദേശങ്ങളിൽ ശക്തരായ രാജാക്കന്മാരുണ്ടായിരുന്നില്ല. അതിനാൽ, അസ്സീറിയായെ സഹായിച്ചു നിലനിർത്താൻ കഴിഞ്ഞില്ലെങ്കിലും, യൂഫ്രട്ടീസ് വരെ തന്റെ ആധിപത്യം സ്ഥാപിക്കാൻ ഫറവോനെക്കോയ്ക്കു സാധിച്ചു. സിറിയായുടെ വടക്കു കിഴക്കേ അതിർത്തിയിൽ യൂഫ്രട്ടീസ് നദീതീരത്തുള്ള നഗരമായ ഖർമെമിഷിൽ നെക്കോ സൈനിക താവളം ഉറപ്പിച്ചു. അങ്ങനെ മദ്ധ്യ പൗരസ്ത്യ ദേശത്തു രണ്ടു ശാക്തിക ചേരികൾ രൂപംകൊണ്ടു. അവയ്ക്കിടയിൽ പെട്ട് ഞെരിഞ്ഞമരുന്ന യൂദായുടെ ചിത്രമാണ് അടുത്ത ഇരുപതു വർഷത്തെ ചരിത്രത്തിൽ നാം കാണുന്നത്.

ജോസിയാ രാജാവിന്റെ മരണത്തെ തുടർന്ന് രാജാവായ യഹോവാഹാസ് ജോസിയായുടെ നാലാമത്തെ പുത്രനായിരുന്നെന്ന് 1 ദിന 3,15ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെയും ജറെ 22,11ലും ഷല്ലും എന്ന പേരിലാണ് അയാൾ അറിയപ്പെടുന്നത്. സ്ഥാനാരോഹണ സമയത്തു സ്വീകരിച്ച പേരായിരിക്കും യഹോവാഹാസ്. ദിനവൃത്താന്ത ഗ്രന്ഥത്തിലെ വംശാവലി പട്ടികയിൽ ജോസിയായുടെ നാലാമത്തെ മകനായി അവതരിപ്പിക്കുന്നുണ്ടെങ്കിലും, അയാളുടെയും മറ്റു സഹോദരന്മാരുടെയും സ്ഥാനാരോഹണ സമയത്തെ പ്രായത്തെക്കുറിച്ച് പ്രതിപാദിക്കുന്ന



ബൈബിൾ ഭാഗങ്ങളിൽ നിന്ന് അയാൾ മൂന്നാമത്തെ പുത്രനായിരുന്നു എന്നു കാണാം. എന്താണ് ഈ വ്യത്യാസത്തിനു കാരണം എന്നു വ്യക്തമല്ല.

ജ്യേഷ്ഠന്മാരെ മറികടന്ന് എന്തുകൊണ്ടാണ് അനുജനെ രാജാവാക്കി എന്ന ചോദ്യം ഉദിക്കുന്നുണ്ട്. ദേശത്തെ ജനങ്ങളാണ് അയാളെ രാജാവാക്കിയത്. അന്താരാഷ്ട്ര രംഗത്ത് ജോസിയായുടെ നയങ്ങളോട് മറ്റു സഹോദരന്മാരേക്കാൾ കൂടുതൽ അനുഭാവം ഉണ്ടായിരുന്നതിനാലായിരിക്കാം ജനം അയാളെ രാജാവാക്കിയതെന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. തുടർന്നുണ്ടായ സംഭവ വികാസങ്ങൾ ഈ അനുമാനത്തിനു പിന്തുണ നല്കുന്നു. ഫറവോനെക്കാ യഹോവാസിനെ സിറിയായിലെ തന്റെ സൈനിക തലസ്ഥാനമായ റിബ്ലായിലേക്കു വിളിച്ചുവരുത്തി, സ്ഥാനഭ്രഷ്ടനാക്കി, ഈജിപ്തിലേക്കു നാടുകടത്തി. തൽസ്ഥാനത്ത് അയാളുടെ ജ്യേഷ്ഠ സഹോദരനായ എലിയാക്കിമിനെ യൂദായിലെ രാജാവായി നിയമിച്ചു. എലിയാക്കിമിന് യഹോയാക്കിം എന്ന പുതിയ പേരും നല്കി. അയാൾ ജോസിയായുടെ നയങ്ങൾക്കു വിരുദ്ധമായി, ഈജിപ്തിനോട് അനുഭാവം പുലർത്തിയിരുന്നെന്ന് ഇതിൽ നിന്ന് അനുമാനിക്കാം.

യൂദാ ഈജിപ്തിന്റെ ആധിപത്യത്തിൽ കീഴിലായി. രാജ്യത്തിന്റെ വിസ്തൃതിയും ജനസംഖ്യയും വളരെ പരിമിതമാക്കപ്പെട്ട സാഹചര്യം പരിഗണിക്കുമ്പോൾ ഈജിപ്തുകാർ അവരിൽ നിന്ന് നൂറു താലന്ത് വെള്ളിയും ഒരു താലന്ത് സ്വർണ്ണവും നികുതിയായി ഈടാക്കിയത് കനത്ത പ്രഹരമായിരുന്നു. നാടുകടത്തപ്പെട്ട യഹോവാഹാസ് ഈജിപ്തിൽ വച്ചു മരിച്ചു. ആ മരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ജറെമിയാ പ്രവാചകൻ അയാളെക്കുറിച്ച് ഒരു ചരമഗാനം ആലപിച്ചത് (ജറെ 22,10-12).

**2. യഹൊയാക്കിം (609-598) 2 രാജാ 23,35-24,7; 2 ദിന 36,5-8**

“യാഹ്വേ സ്ഥാപിച്ചു” എന്നാണ് യഹോയാക്കിം എന്ന പേരിന്റെ അർത്ഥം. എന്നാൽ അയാളെ രാജാവായി സ്ഥാപിച്ചത് യാഹ്വേ അല്ല, ഫറവോ ആയിരുന്നു. അതിനാൽത്തന്നെ അയാളുടെ ഭരണം സുസ്ഥിരമായിരുന്നില്ല. അഞ്ചു വർഷത്തോളം ഈജിപ്തിനു കനത്ത നികുതി കൊടുത്തുകൊണ്ട് അയാൾ യൂദാ ഭരിച്ചു. അത് അക്രമത്തിന്റെയും അനീതിയുടെയും കാലമായിരുന്നു. ഈജിപ്തു ചുമത്തിയ നികുതി തന്നെ ജനത്തിനു താങ്ങാനാവാത്ത ഭാരമായിരുന്നു. എന്നാൽ അതു പരിഗണി

ക്കാതെ, രാജാവ് ആഡംബര ജീവിതത്തിൽ മുഴുകി. തന്റെ പിതാക്കന്മാർ നിർമ്മിച്ച കൊട്ടാരങ്ങൾ പോരാഞ്ഞിട്ട്, അയാൾ പട്ടിണിപ്പാവങ്ങളെ പിഴിഞ്ഞ് പുതിയ അരമനകൾ പണിതു (ജറെ 22,13-19). മനാസ്സെയുടെ കാലത്തെ അതിക്രമങ്ങളും ആരാധനയിലെ അനാചാരങ്ങളും തിരിച്ചുവന്നു (ജറെ 7,16-18; 11,9-13). വ്യാജപ്രവാചകന്മാർ രാജാവിനെ പ്രോത്സാഹിപ്പിച്ചു. ജറെമിയായെപ്പോലുള്ളവരിലൂടെ വന്ന കർത്താവിന്റെ വചനം അയാൾ തിരസ്കരിക്കുക മാത്രമല്ല, യഥാർത്ഥ പ്രവാചകന്മാരെ പീഡിപ്പിക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തു (ജറെ 26; 36).

യൂദായുടെമേലുള്ള ഈജിപ്തിന്റെ ആധിപത്യം അധികനാൾ നീണ്ടുനിന്നില്ല. ബി.സി. 605ൽ ബാബിലോൺ രാജാവായ നബോപൊലൊസർ മരിച്ചു. അതിശക്തനായ പുത്രൻ നബുക്കദ്നേസർ (605-562) ഭരണമേറ്റു. രാജാവാകുന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പേ നബുക്കദ്നേസർ ഖർക്കെമിഷന് ഉപരോധം ഏർപ്പെടുത്തിയിരുന്നു. പിതാവിന്റെ മരണത്തെ തുടർന്ന് സ്ഥാനാരോഹണത്തിനായി ബാബിലോണിലേക്കു പോയ അയാൾ ഒട്ടും വൈകാതെ വലിയ സൈന്യവുമായി മടങ്ങി വന്നു. കനത്ത പോരാട്ടത്തിൽ ഖർക്കെമിഷ് കീഴടങ്ങി. തെക്കോട്ടു പലായനം ചെയ്ത ഈജിപ്തു സൈന്യത്തെ പിന്തുടർന്ന് നബുക്കദ്നേസർ ഫിലിസ്ത്യാ സമതലം മുഴുവൻ കീഴടക്കി. എതിർത്ത നഗരങ്ങൾ തകർത്തു. തടവുകാരെ ബാബിലോണിലേക്കു നാടുകടത്തി. യൂദാ ബാബിലോണിന്റെ ആധിപത്യത്തിൽ കീഴിലായി (2 രാജാ 24,1).

ബി.സി. 601 ൽ ഈജിപ്തു കീഴടക്കുകയെന്ന (2 രാജാ 24,1) നബുക്കദ്നേസർ തിരിച്ചുവന്നു. പക്ഷേ, രാജ്യാതിർത്തിയിൽ വച്ചു തന്നെ എതിരിട്ട ഫറവോനെക്കോയെ തോല്പിക്കാൻ കഴിയാതെ അയാൾ ബാബിലോണിലേക്കു മടങ്ങി. കൂടുതൽ വിപുലമായ സൈന്യത്തെ ശേഖരിച്ചു. നബുക്കദ്നേസർ തോറ്റോടിയെന്നും ഇനി മടങ്ങി വരികയില്ലെന്നും കരുതി യഹോയാക്കിം ഈജിപ്തിനോടു കൂടുതൽ അടുത്തു. ബാബിലോണിനു കപ്പം കൊടുക്കൽ നിർത്ത് (2 രാജാ 24,1). നബുക്കദ്നേസർ ഉടനെ മടങ്ങിവന്നില്ലെങ്കിലും യൂദായ്ക്കി സമാധാനമുണ്ടായിരുന്നില്ല. ബാബിലോണിനോടു കൂറുപുലർത്തിയിരുന്ന സിറിയാക്കാർ, അമ്മോന്യർ, മൊവാബ്യർ മുതലായ അയൽ രാജ്യങ്ങൾ യൂദായെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്നു (2 രാജാ 24,2). ബാബിലോണിന്റെ പ്രേരണയും ഇതിനു പിന്നിലുണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. നിരന്തരമായി ചെയ്തുകൂട്ടിയ പാപങ്ങൾ മൂലം, പ്രത്യേകിച്ചും മനാസ്സെയുടെ അതിക്രമങ്ങൾമൂലം, കർത്താവ് യൂദായെ നശിപ്പിക്കാൻ തീരുമാനിച്ചതിനാലാണ് ഇതു സംഭവിച്ചതെന്ന് വി.ഗ്രന്ഥകാരൻ ഈ ആക്രമണങ്ങളെ വ്യാഖ്യാനിക്കുന്നു (2 രാജാ 24,3-4).

പതിനൊന്നു വർഷത്തെ ഭരണത്തിനുശേഷം ദുരൂഹമായ സാഹചര്യങ്ങളിൽ യഹോയാക്കിം മരിച്ചു. "പിതാക്കന്മാരോടു ചേർന്നു" എന്നേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളൂ (2 രാജാ 24,5-6). നബുക്കദ്നേസർ അയാളെ തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടുപോയി എന്ന് 2 ദിന 36,6-7 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ചരിത്ര വസ്തുതയാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ സംശയമുണ്ട്. അയാൾ ജറുസലെമിൽ വച്ച് കൊല്ലപ്പെട്ടുവെന്ന് ജറമിയാ പ്രവാചകന്റെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ (ജറെ 22,1819; 36,30). അനുമാനിക്കുന്നവരുണ്ട്. നബുക്കദ്നേസർ മടങ്ങിവരുന്നുവെന്ന് കേട്ടപ്പോൾ ഈജിപ്തു വിരുദ്ധരായ ചില യൂദാ നിവാസികൾ അയാളെ കൊന്നുകളഞ്ഞതാണെന്നും അഭിപ്രായമുണ്ട്. ഇതിൽ ഏതാണ് ചരിത്ര വസ്തുതയെന്ന് അറിയുക എളുപ്പമല്ല.

### 3. യഹോയാഖിൻ (ബി.സി. 598)

#### 2 രാജാ 24,8-17; 2 ദിന 36,9-10

യഹോയാക്കിം മരിച്ചപ്പോൾ പതിനെട്ടു വയസ്സു പ്രായമുള്ള പുത്രൻ യഹോയാഖിൻ രാജാവായി. "യാഹ്വേ ഉയർത്തുന്നു" എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളുടെ മരണം അയാൾക്കും രാജ്യത്തിനും ഉയർച്ചയുടേതല്ല, തകർച്ചയുടെ കാലമായിരുന്നു. യെക്കോണിയാ (1 ദിന 3,6-17; ജറെ 24,1), കോണിയാ (ജറെ 22,24) എന്നീ പേരുകളിലും ഇയാൾ അറിയപ്പെടുന്നു. യെക്കോണിയായുടെ ഹ്രസ്വരൂപമാണ് കോണിയാ. യാഹ്വേ ഉണ്ടോ? എന്നാണ് പേരിന്റെ അർത്ഥം. സ്ഥാനാരോഹണ സമയത്തു സ്വീകിരച്ച പേരാണ് യഹോയാഖിൻ. നബുക്കദ്നേസർ മടങ്ങിവന്നു. രാജാവ് എത്തുന്നതിനു മുമ്പുതന്നെ ബാബിലോൺ സൈന്യം ജറുസലെമിന് ഉപരോധം ഏർപ്പെടുത്തി. ഈ സാഹചര്യത്തിൽ രാജ്യത്തെയും നഗരത്തെയും രക്ഷിക്കാൻ വേണ്ടി ജനം യഹോയാക്കിമിനെ വധിച്ച് പുത്രനെ രാജാവാക്കിയതാണെന്ന് അനുമാനിക്കാം (2 രാജാ 24,7). നബുക്കദ്നേസർ തിരിച്ചെത്തിയതോടെ ചെറുത്തു നില്പ് അസാധ്യം എന്നു മനസിലാക്കിയ യഹോയാഖിന് കീഴടങ്ങി.

രാജാവും പരിവാരങ്ങളും അടക്കം പതിനായിരത്തിൽ പരം ജറുസലെം നിവാസികളെ തടവിലാക്കി. നബുക്കദ്നേസർ ബാബിലോണിലേക്കു കൊണ്ടുപോയി. ദേശത്തെ ഏറ്റം പ്രമുഖരായ വ്യക്തികളായിരുന്നു

ഈ തടവുകാർ. യോദ്ധാക്കൾ, പ്രഭുക്കന്മാർ, ഏതെങ്കിലും തൊഴിലിൽ നൈപുണ്യമുള്ളവർ എന്നിവരൊക്കെ നാടുകടത്തപ്പെട്ടു. ദേശത്ത് ഇനിയൊരു കലാപം ഉണ്ടാകാതിരിക്കുകയായിരുന്നു ഈ നാടുകടത്തലിന്റെ മുഖ്യ ലക്ഷ്യം. തടവുകാരോടൊപ്പം കൊട്ടാരത്തിലെയും ദേവാലയത്തിലെയും നിക്ഷേപങ്ങളും കൊള്ളമുതലായി നബുക്കദ്നേസർ ബാബിലോണിലേക്കു നിക്ഷേപങ്ങളും കൊള്ളമുതലായി മബുക്കദ്നേസർ ബാബിലോണിലേക്കു കൊണ്ടുപോയി. ജറുസലെമിലും യൂദാദേശത്തും അവശേഷിച്ചവരെ ഭരിക്കാൻ യഹോയാഖിന്റെ പിതൃസഹോദരനായ മത്താനിയായെ രാജാവാക്കി.

**4. സെദെക്കിയാ (598–587) 2 രാജാ 24,18–25, 7; 2 ദിന 36,11–21**

ജോസിയായുടെ കനഷ്ഠ പുത്രനാണ് സെദെക്കിയാ. “യാഹ്വേയുടെ ദാനം” എന്നർത്ഥമുള്ള മത്താനിയാ എന്നായിരുന്നു അയാളുടെ പേര്. രാജാവുമായി അവരോധിക്കപ്പോട്ടപ്പോൾ ലഭിച്ച പേരാണ് സെദെക്കിയാ. “യാഹ്വേ എന്റെ നീതി” എന്നാണ് ഈ പേരിന്റെ അർത്ഥം. ദാവീദു രാജവംശത്തിലെ അസാനത്തെ രാജാവാണ് സെദെക്കിയാ. അയാളുടെ കാലത്ത് നബുക്കദ്നേസർ ജെറുസലെം നശിപ്പിക്കുകയും യൂദാ നിവാസികളെ ബാബിലോണിലേക്കു തടവുകാരായി നാടുകടത്തുകയും ചെയ്തു എന്നല്ലാതെ രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും അയാളെക്കുറിച്ച് കാര്യമായി ഒന്നുംതന്നെ പറയുന്നില്ല. എന്നാൽ ജറെമിയായുടെ പുസ്തകത്തിൽ നിന്ന് സെദെക്കിയായെയും അയാൾ ഭരിച്ച പതിനൊന്നു വർഷത്തെ യൂദാ ചരിത്രത്തെയുംക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രം ലഭിക്കും.

സെദെക്കിയാ ഭരിച്ച യൂദാ ഒരു രാജ്യമെന്ന പേരുപോലും അർഹിക്കുന്നില്ല. കേരളത്തിലെ ഒരു താലൂക്കിന്റെ വിസ്തൃതിപോലും ആ രാജ്യത്തിന് അവശേഷിച്ചില്ല. ജനസംഖ്യ ഏതാണ്ട് ഒന്നര ലക്ഷത്തിൽ താഴെയായിരുന്നു. അറിവും പക്വതയും വിവേകവുമുള്ള നേതാക്കന്മാർ നാടു കടത്തപ്പെട്ടു. നേതൃത്വത്തിൽ അവശേഷിച്ചിരുന്നവർ നാടു ഭരിക്കാൻ കഴിവുള്ളവരായിരുന്നില്ല. കർത്താവിനോടു വിശ്വസ്തതയോ വിശ്വാസ ദൃഢതയോ ദേശത്തിന്റെ നന്മയെ സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടോ ദീർഘ വീക്ഷണമോ ഇല്ലാത്ത സങ്കുചിത മനസ്കരും സ്വാർത്ഥമതികളുമായ ഒരു പറ്റം ആലുകളായിരുന്നു സെദെക്കിയായുടെ ഉപദേഷ്ടാക്കൾ. തങ്ങളുടെ താല്ക്കാലിക നേട്ടം മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

രാജാവിന്റെ നിലയും സംശയാസ്പദമായിരുന്നു. നാടുകടത്തപ്പെട്ട യഹോയാഖിൻ ബാബിലോണിൽ ജീവിച്ചിരുന്നു. യഥാർത്ഥ കിരീടാവകാശിയും ദാവീദിന്റെ പിൻമുറക്കാരനുമായ രാജാവായി ജനത്തിൽ നല്ല പങ്കും അയാളെയാണ് വീക്ഷിച്ചിരുന്നത്. അവരുടെ ദൃഷ്ടിയിൽ സെദെക്കിയാ അവിഹിത മാർഗ്ഗങ്ങളിലൂടെ സിംഹാസനം പിടിച്ചടക്കിയവനായിരുന്നു. അതിനാൽ അയാളെ രാജാവായി അംഗീകരിക്കാനോ അനുസരിക്കാനോ അവർ തയ്യാറായിരുന്നില്ല. ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവർ ഉടനെ മടങ്ങി വരും എന്ന് ജറുസലെം നിവാസികളിൽ ഭൂരിഭാഗവും വിശ്വസിച്ചു. പ്രവാസികളായി കഴിഞ്ഞവരും ഈ വിശ്വാസം വച്ചു പുലർത്തി. യഹോയാഖിൻ മടങ്ങിവരുന്നതുവരെയുള്ള ഒരു ഇടക്കാല ഗവൺമെന്റായിട്ടു മാത്രമേ അവർ സെദെക്കിയായുടെ ഭരണത്തെ കരുതിയുള്ളു. ജറുസലെമിലും ബാബിലോൺ പ്രവാസികളുടെ ഇടയിലുമുണ്ടായിരുന്ന അനേകം വ്യാജ പ്രവാചകന്മാർ ഈ പ്രതീക്ഷകൾ ഈതിക്കത്തിച്ചു (ജറ 28,1–4). ബാബിലോണിന്റെ നുകം വലിച്ചെറിയാൻ അവർ അവസരം കാത്തിരുന്നു. അതിരൂക്ഷമായ ഈ പ്രതിസന്ധിയിൽ ജനത്തെ നയിക്കാൻ വേണ്ട കഴിവോ വിശ്വാസമോ ധീരതയോ ആജ്ഞാശക്തിയോ സെദെക്കിയായ്ക്ക് ഉണ്ടായിരുന്നില്ല. അടിസ്ഥാനപരമായി ഒരു നല്ല മനുഷ്യനായിരുന്നു അയാൾ. കർത്താവിനോടു ഭക്തിയും പ്രവാചകനായ ജറെമിയായോട് ആദരവും അയാൾക്ക് ഉണ്ടായിരുന്നു. എന്നാൽ അവിവേകികളും ഹ്രസ്വദൃഷ്ടികളുമായ ഉപദേഷ്ടാക്കളെയും പ്രഭുക്കന്മാരെയും മറികടന്ന് സ്വന്തമായ തീരുമാനങ്ങൾ എടുക്കാൻ അയാൾക്കു കഴിഞ്ഞില്ല. പലപ്പോഴും രഹസ്യത്തിൽ ജറെമിയായുടെ ഉപദേശം തേടിയെങ്കിലും അതു നടപ്പിലാക്കാൻ ധൈര്യപ്പെട്ടില്ല.

ജറെമിയായും ചുരുക്കം ചില നേതാക്കന്മാരും ജനത്തിന്റെ വിമോചന സ്വപ്നങ്ങൾ വ്യർത്ഥമാണെന്ന് തറപ്പിച്ചു പറഞ്ഞു. പ്രവാസം ദീർഘിക്കുമെന്നും ബാബിലോണിനെതിരേ കലാപമുയർത്തുന്നത് ആത്മഹത്യാപരമാണെന്നും ആവർത്തിച്ച് ഉദ്ബോധിപ്പിച്ച ജറെമിയായെ ദേശസ്നേഹമില്ലാത്ത ചാരനായി നേതാക്കൾ മുദ്രകുത്തി (ജറെ 27). ബാബിലോണിൽ സ്ഥിരവാസമുറപ്പിക്കാൻ പ്രവാചകൻ നല്കിയ ഉപദേശത്തെ പ്രവാസികൾ പുച്ഛിച്ചു (ജറെ 29). ബി.സി. 594ൽ ബാബിലോണിൽ ഒരു പട്ടാള വിപ്ലവമുണ്ടായി. നബുക്കദ്നേസറിനെ അട്ടിമറിക്കാൻ ആഗ്രഹിച്ച ചില സേനാനായകന്മാരാണ് കലാപം നയിച്ചത്. ബാബിലോണിൽ പ്രവാസികളായിക്കഴിഞ്ഞിരുന്ന യഹൂദരിൽ പലരും ഈ കലാപത്തിൽ പങ്കുചേർന്നു. പക്ഷേ കലാപം വിജയിച്ചില്ല. അവർക്കു നേതൃത്വം നല്കിയ ചില വ്യാജ പ്രവാചകന്മാരെ നബുക്കദ്നേസർ തൂക്കിലിട്ടു (ജറെ 29,21–22). കലാപത്തിന്റെ അനുരണനങ്ങൾ യൂദായിലുമുണ്ടായി. ആ വർഷം

തന്നെ ഏദോം, മൊവാബ്, അമ്മോൻ, ടയിർ, സീദോൻ എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ സെദെക്കിയായെ സന്ദർശിച്ച് കലാപത്തിനു പ്രേരിപ്പിച്ചു (ജറെ 27,3). ജറെമിയാ പ്രവാചകൻ സമയോചിതവും ശക്തവുമായി ഇടപെട്ടതിനാലാവാം, യൂദാ കലാപത്തിൽ പങ്കു ചേർന്നില്ല.

പല തവണ നബുക്കദ്നേസറിനോടു പൊരുതി പരാജയപ്പെട്ടനെക്കോ പലസ്തീനായുടെ കാര്യങ്ങളിൽ ഇടപെടാതെ മാറിനിന്നു. (2 രാജാ 24,7).ബി.സി. 593ൽ അയാൾ മരിച്ചപ്പോൾ മകൻ സമ്മേത്തിക്കസ് രണ്ടാമൻ (593-588) രാജാവായി. നയതന്ത്രങ്ങളും ഗൂഢാലോചനകളും വഴി ബാബിലോണിനെതിരേ പലസ്തീനായിൽ ഈജിപ്തിന്റെ സ്വാധീനം ഉറപ്പിക്കാൻ അയാൾ ശ്രമം തുടങ്ങി. കലാപജ്വരം യൂദായേയും ബാധിച്ചു. ഈജിപ്തിനോടു സഖ്യം ചെയ്ത് ബാബിലോണിനെ എതിർക്കാൻ ഉപദേഷ്ടാക്കൾ സെദെക്കിയായെ പ്രേരിപ്പിച്ചു. ജറെമിയാ ഈ നീക്കത്തെ ശക്തമായി എതിർത്തു. അയൽരാജ്യങ്ങൾ ബാബിലോണിനെ എതിർക്കുന്നതിൽ നിന്നു വിട്ടു നിന്നു. തീരുമാനം എടുക്കാൻ കഴിയാതെ സെദെക്കിയാ കുഴങ്ങി. അവസാനം ബി.സി. 589ൽ ബാബിലോണിനെതിരേ യൂദായിൽ കലാപം പൊട്ടിപ്പുറപ്പെട്ടു (2 രാജാ 24,20). അത് യൂദായുടെ രാഷ്ട്രീയമായ ആത്മഹത്യയായിരുന്നു. സാവകാശമാണ് ബാബിലോൺ പ്രതികരിച്ചത്.

ബി.സി. 588ൽ സമ്മേത്തിക്കസ് മരിച്ചു. പുത്രൻ ഹോഫ്രാ (ബി.സി. 588-569) ഈജിപ്തിൽ രാജാവായി. ബാബിലോണിനെതിരേ രൂപപ്പെടുത്തിയ ഈജിപ്ത്-യൂദാ സഖ്യത്തെ എതിർത്ത ഏദോം യൂദായ്ക്കെതിരേ തെക്കുനിന്ന് ആക്രമണം ആരംഭിച്ചു. നബുക്കദ്നേസർ സൈന്യസമേതം യൂദായിലേക്കു നീങ്ങി. ചുറ്റുപാടുമുള്ള നഗരങ്ങൾ ഒന്നൊന്നായി കീഴടക്കി നശിപ്പിച്ചതിനുശേഷം ജറുസലെമിന് ഉപരോധം ഏർപ്പെടുത്തി. കീഴടങ്ങാതെ യൂദായിൽ അവശേഷിച്ച ലാഖിഷ്, അസേക്കാ എന്നീ നഗരങ്ങളെയും ബാബിലോൺ സൈന്യം വളഞ്ഞു. (ജറെ 34,6-7). യൂദായെ സഹായിക്കാനായി ഈജിപ്തു സൈന്യം പലസ്തീനായിലേക്കു നീങ്ങി. ഇതറിഞ്ഞ നബുക്കദ്നേസർ ഉപരോധം നിർത്തിവച്ച് ഫറവോയുടെ സൈന്യത്തെ നേരിടാൻ വേണ്ടി ജറുസലെമിൽ നിന്നു പിൻവാങ്ങി (ജറെ 37,5).

ഏശയ്യായുടെ കാലത്ത് സെന്നാക്കെരീബിന്റെ ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടതുപോലെ തങ്ങളും രക്ഷപ്പെട്ടുവെന്ന് ജറുസലെം നിവാസികൾ കരുതി. വ്യാജ പ്രവാചകന്മാർ ഈ വിശ്വാസത്തിനു കരുത്തു പകർന്നു. തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്ത ജറുസലെം നഗരവും



തന്റെ ഭവനമായ ദേവാലയവും നശിപ്പിക്കപ്പെടാൻ കർത്താവ് അനുവദിക്കുകയില്ല എന്ന് അവർ ദാവീദുമായുള്ള ഉടമ്പടിയുടെയും പൂർവ്വകാല അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ വാദിച്ചു. എന്നാൽ ഉടമ്പടി നിരുപാധികമല്ലെന്നും ബാബിലോണിനെ എതിർക്കുന്നതു മൗഢ്യമാണെന്നും ജറെമിയാ തറപ്പിച്ചു പറഞ്ഞു. പ്രവാചക വചനം സ്വീകരിക്കാൻ ആരും തയ്യാറായില്ല.

ഈജിപ്തുസൈന്യത്തെ തോല്പിച്ചതിനുശേഷം ബാബിലോൺ സൈന്യം ഉപരോധം പുനരാരംഭിച്ചു. ലാഖിഷും അസേക്കായും നിലംപതിച്ചു. ജറുസലെമിൽ ക്ഷാമം രൂക്ഷമായി. ഭക്ഷണം കിട്ടാതെ മനുഷ്യർ വലഞ്ഞു. മരിച്ചവരുടെ മാംസം ജീവിച്ചിരുന്നവർ ഭക്ഷിച്ചു. അമ്മമാർ തങ്ങളുടെ മരിച്ച കുഞ്ഞുങ്ങളെ തിന്ന് വിശപ്പടക്കാൻ ശ്രമിച്ചു. (വിലാപങ്ങൾ 2,20). നഗരത്തെയും ജനത്തെയും സമൂലനാശത്തിൽ നിന്നു രക്ഷിക്കാൻ കീഴടങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്ന് ജറെമിയാ ആവർത്തിച്ചു പറഞ്ഞു. ഇതു സൈന്യത്തെ നിർവീര്യമാക്കുന്ന രാജദ്രോഹവും ചാരവൃത്തിയുമായി മുദ്രകുത്തി ജറെമിയായെ നേതാക്കന്മാർ തുറങ്കിലടച്ചു (ജറെ 37,6-21). പ്രവാചകനെ രഹസ്യത്തിൽ വിളിച്ചു വരുത്തി സെദെക്കിയാ ഉപദേശം തേടി. കീഴടങ്ങാനുള്ള ആഹ്വാനം ജറെമിയ ആവർത്തിച്ചു (ജറെ 38,14-28). പക്ഷേ വിഡ്ഢികളും വിപ്ലവകാരികളുമായ നേതാക്കന്മാരുടെ സമ്മർദ്ദത്താൽ കീഴടങ്ങാൻ സെദെക്കിയായ്ക്കു സാധിച്ചില്ല.

അനിവാര്യമായത് ബി.സി. 587 ജൂലായ് മാസത്തിൽ സംഭവിച്ചു. ബാബിലോൺ സൈന്യം നഗരഭിത്തിയിൽ പിളർപ്പുണ്ടാക്കി. ജറുസലെം കീഴടങ്ങാൻ പോകുന്നു എന്നു ബോധ്യമായപ്പോൾ രാത്രിയുടെ മറവിൽ ചുരുക്കം അനുചരന്മാരോടുകൂടെ സെദെക്കിയാ രാജാവ് പട്ടണത്തിൽ നിന്നു പുറത്തു കടന്ന്, കിഴക്കുള്ള മരുഭൂമിയെ ലക്ഷ്യം വച്ചു പലായനം ചെയ്തു. ബാബിലോൺ സൈന്യം അവരെ പിൻതുടർന്ന് ജെറീക്കോ സമതലത്തിൽ വച്ചു പിടികൂടി. നബുക്കദ് നേസർ അപ്പോൾ സിറിയായുടെ വടക്കുള്ള റിബ്ലായിലെ സൈനിക തലസ്ഥാനത്തായിരുന്നു. അവിടേയ്ക്കു തടവുകാരനായി കൊണ്ടുവന്ന സെദെക്കിയായുടെമേൽ അയാൾ വിധി പ്രസ്താവിച്ചു. പുത്രന്മാരെ കൺമുമ്പിൽ വച്ച് കൊന്നതിനുശേഷം കണ്ണുകൾ ചുഴന്നെടുത്ത്, കഴുത്തിൽ ചങ്ങലയിട്ട് അടിമയാക്കി, രണ്ടായിരത്തിൽ പരം കിലോമീറ്റർ അകലെയുള്ള ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ 25,1-7; ജറെ 39,1-7).

## 5. ജറുസലെമിന്റെ നാശം 2 രാജാ 25,8–17; 2 ദിന 36,17–21

ബി.സി. 587 ആഗസ്റ്റുമാസത്തിൽ ബാബിലോൺ സൈന്യം ജറുസലെമിന്റെ കോട്ട തകർത്ത് നഗരത്തിൽ പ്രവേശിച്ചു. നബുക്കദ്നേസറിന്റെ സേനാധിപനായ നബുസരദാൻ നേതൃത്വം നല്കി. സ്ത്രീ പുരുഷ ഭേദമെന്യേ, ആബാലവൃദ്ധം, ആയിരക്കണക്കിന് ജറുസലെം നിവാസികളെ വാളിനിരയാക്കി. രാജകൊട്ടാരങ്ങളും പ്രഭുക്കന്മാരുടെ മാളികകളും ദേവാലയവും കൊള്ളയടിച്ചു. വിലപിടിപ്പുള്ള സകലതും എടുത്തതിനുശേഷം കെട്ടിടങ്ങൾ തീവച്ചു നശിപ്പിച്ചു. ദേവാലയത്തിൽ നിന്ന് ബാബിലോൺകാർ കൊള്ളയടിച്ച വിശുദ്ധ വസ്തുക്കൾ ഒന്നൊന്നായി എണ്ണിപ്പറയുമ്പോൾ വിങ്ങുന്ന വേദനയാൽ നീറുന്ന ജനഹൃദയത്തിന്റെ വിലാപമാണ് ഉയരുന്നത്. 74-ാം സങ്കീർത്തനത്തിലും വിലാപങ്ങൾ എന്ന പുസ്തകത്തിലും ഈ വേദനയും ദുഃഖവും നിറഞ്ഞു നില്ക്കുന്നു. “അവർ കൊണ്ടുപോയി” എന്ന പല്ലവി 2 രാജാ 25,11-17ൽ അനേക തവണ ആവർത്തിക്കുന്നുണ്ട്. ജറുസലെം നഗരത്തിലും യൂദാദേശത്തും നിന്ന് അനേകായിരങ്ങളെ അടിമകളാക്കി വിദൂരസ്ഥമായ ബാബിലോണിലേക്കു കൊണ്ടുപോയി.

ഇസ്രായേൽ ജനം ഏറ്റം വിശുദ്ധമായി കരുതിയിരുന്ന ഉടമ്പടിയുടെ പേടകത്തിന് എന്തു സംഭവിച്ചു എന്ന ചോദ്യം യഹൂദജനതയുടെ ഇടയിൽ എന്നും ഉന്നയിക്കപ്പെട്ടിരുന്നു. ആ ചോദ്യം ഇന്നും ചോദിക്കുന്നവരുണ്ട്. ബാബിലോൺ സൈന്യം തകർത്തും അല്ലാതെയും കൊള്ളയടിച്ച വസ്തുക്കളുടെ പട്ടികയിൽ പേടകത്തെക്കുറിച്ചു പറയുന്നില്ല. ഏറ്റം വിശുദ്ധ വസ്തുവായ, ഉടമ്പടിയുടെ പ്രമാണങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്ന കല്പലകകൾ ഉള്ളടക്കം ചെയ്ത, പേടകം വിജാതീയർ മലിനമാക്കി എന്നു പറയുന്നതിലുള്ള മനഃക്ലേശം കൊണ്ട് അത് ഒഴിവാക്കിയതാവാം. എന്നാൽ പേടകത്തിന്റെ തിരോധാനത്തെക്കുറിച്ച് പിൽക്കാലത്ത് യഹൂദരുടെ ഇടയിൽ ഒരു ഐതിഹ്യം നിലവിൽ വന്നു. ദേവാലയം കൊള്ളയടിക്കപ്പെടുന്നതിനുമുമ്പേ ജറെമിയാ പ്രവാചകൻ അനുയായികളുടെ സഹായത്തോടെ വിശുദ്ധപേടകം ജറുസലെമിനു പുറത്തു കടത്തി, നേബോ മലയിലേക്കുകൊണ്ടുപോയി, ഒരു ഗുഹയിൽ ഒളിച്ചു വച്ച് ഗുഹയടച്ചു. അങ്ങോട്ടുള്ള വഴി അടയാളപ്പെടുത്താൻ ശ്രമിച്ച ശിഷ്യന്മാരെ പ്രവാചകൻ തടഞ്ഞു. ചിതറിപ്പോയ ഇസ്രായേൽ ജനങ്ങളെ മുഴുവൻ ദൈവം വീണ്ടും ഒരുമിച്ചു കൂട്ടുമ്പോൾ പേടകവും പ്രത്യക്ഷപ്പെടും (2 മിക്ക 2,4-8). യുഗാന്ത്യത്തിൽ ജറെമിയ വീണ്ടും വന്ന് പേടകം ജനത്തിനു കാണിച്ചു കൊടുക്കും എന്ന വിശ്വാസം ഇന്നും യഹൂദരുടെ ഇട



യിൽ നിലവിലുണ്ട്. പേടകത്തെക്കുറിച്ച് അന്വേഷിക്കേണ്ടതില്ല എന്ന ജറെമിയായുടെ പ്രസ്താവനയിൽ നിന്നാണ് (ജറെ 3,16) ഈ ഐതിഹ്യം രൂപപ്പെട്ടത് എന്ന് അനുമാനിക്കാം.

## 6. ബാബിലോൺ പ്രവാസം 2 രാജാ 25,18–30; 2 ദിന 36,21–23

ജറുസലെമിൽ നിന്ന് തടവുകാരാക്കിയ പൗരപ്രമുഖന്മാരിൽ ചിലരെ റിബ്ലായിൽ നബുക്കദ് നേസറിന്റെ മുമ്പിൽ വച്ച് വധിച്ചു (2 രാജാ 25,18-21). അവരിൽ മുഖ്യപുരോഹിതന്റെയും സഹപുരോഹിതന്റെയും പേരുകളാണ് എടുത്തു പറയുന്നത്. തുടർന്ന് ദേവാലയത്തിന്റെ വാതിൽ സൂക്ഷിപ്പുകാരായ മൂന്നു ലേവ്യരെയും സേനാധിപനെയും രാജ്യസഭാംഗങ്ങളെയും കുറിച്ചു പരാമർശിക്കുന്നു. നഗരത്തിന്റെയും ജനത്തിന്റെയും നാശത്തിനു മുഖ്യകാരണക്കാരായവരുടെ പ്രതിനിധികളായിരുന്നു അവർ എന്ന പ്രതീതിയാണ് ഈ പരാമർശത്തിൽ നിന്നു ലഭിക്കുക. കൂട്ടക്കൊലയ്ക്കും നാടുകടത്തലിനും ശേഷം ഏകദേശം പതിനയ്യായിരം ആളുകൾ മാത്രമേ യൂദായിൽ അവശേഷിച്ചുള്ളു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലുള്ള ദരിദ്രരായുന്നു അവർ. തുടർന്നുള്ള ചരിത്രം ജറെ 40-42ൽ വിശദമായ പ്രതിപാദിക്കുന്നുണ്ട്.

ദേശത്ത് അവശേഷിച്ചവരെ ഭരിക്കാൻ നബുക്കദ്നേസർ തന്റെ പ്രതിനിധിയായി ഗദാലിയായെ നിയമിച്ചു. വലിയ പ്രതിസന്ധിയുടെ കാലത്ത് ജറെമിയാ പ്രവാചകന് സംരക്ഷണം നല്കിയ ഷാഫാന്റെ പുത്രനാണ് ഗദാലിയാ (ജറെ 26,24). ബാബിലോണിനോട് ആഭിമുഖ്യമുള്ള ഒരാളായിരുന്നു അയാൾ എന്ന് അനുമാനിക്കാം. അഗ്നിക്കിരയായ ജറുസലെം ജനവാസയോഗ്യമല്ലാഞ്ഞതിനാൽ ഏകദേശം എട്ടുകിലോമീറ്റർ വടക്ക്, ബെഞ്ചമിന്റെ ഗോത്രാതിർത്തിയിലുള്ള മിസ്പായാണ് ഗദാലിയാ തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്തത് (ജറെ 40,10).

ഗദാലിയാ ജനപ്രീതി നേടിയ ഒരു നേതാവായിരുന്നു. യുദ്ധത്തിനിടയിൽ ഒളിച്ചോടിയ യൂദായിലെ ചില പടത്തലവന്മാർ ഒളിപ്പോരിന് ഒരുങ്ങുന്നുണ്ടായിരുന്നു. ഗദാലിയായെ ഗവർണറാക്കിയെന്നറിഞ്ഞപ്പോൾ അവർ മടങ്ങി വന്ന് ആയുധം വച്ചു കീഴടങ്ങി (2 രാജാ 25,23). ഗദാലിയാ അവർക്ക് സംരക്ഷണം വാഗ്ദാനം ചെയ്തു. എന്നാൽ ഇതെല്ലാമായിട്ടും പാഠം പഠിക്കാത്ത ചിലർ ഇസ്മായേൽ എന്ന ഒരു രാജകുടുംബാംഗത്തിന്റെ നേതൃത്വത്തിൽ മിസ്പായിൽ വന്ന്, ഗദാലിയായെ വധിച്ച്, ബാബിലോണിനോടു പ്രതികാരം ചെയ്തു (2 രാജാ 25,24-25). ശിക്ഷയുണ്ടാകുമെന്നു ഭയന്ന അവർ ഈജിപ്തു ലക്ഷ്യം വച്ച് പലായനം ചെയ്തു.

കുറേപേരെ ബന്ദികളായി കൂടെ കൊണ്ടുപോയി.

നാട്ടിൽ അവശേഷിച്ച ചില നേതാക്കന്മാർ ഇസ്മായേലിനെ അനുധാവനം ചെയ്ത്, ഗിബയോനിൽ വച്ച് അവനുമായി ഏറ്റു മുട്ടി. ഇസ്മായേൽ വീണ്ടും ഒളിച്ചോടി. ഗവർണർക്കും അംഗരക്ഷക സൈന്യത്തിനും എതിരെ ഉണ്ടായ ആക്രമണത്തിന് പ്രതികാരം ചെയ്യാൻ ബാബിലോൺ സൈന്യം വരും എന്നു ഭയന്ന നേതാക്കന്മാർ ജറെമിയായുടെ ഉപദേശം തേടി. എന്നാൽ കിട്ടിയ ഉപദേശം അവർക്കു സ്വീകാര്യമായിരുന്നില്ല. അവർ ഒരു സംഘമായി ഈജിപ്തിലേക്കു പലായനം ചെയ്തു. ജറെമിയായെയും ബലമായി പിടിച്ചുകൊണ്ടുപോയി (ജറെ 42-43). അങ്ങനെ ജനത്തിൽ ഭൂരിഭാഗവും ബാബിലോണിലും ഒരു ചെറിയ ഭാഗം ഈജിപ്തിലും പ്രവാസികളായിത്തീർന്നു.

പ്രവാസികളുടെ അവസ്ഥയെക്കുറിച്ച് പഠനവിഷയമായ രണ്ടു പുസ്തകങ്ങളിലും ഒന്നും തന്നെ പറയുന്നില്ല. സുദീർഘമായ 43 വർഷത്തെ ഭരണത്തിനുശേഷം ബി.സി. 562ൽ നബുക്കദ്നേസർ മരിച്ചു. മകൻ അമെൽ മർദ്ദുക്ക് (ബി.സി. 562-560) ബാബിലോണിൽ രാജാവായി. എവിൽ മെരൊദാക്ക് എന്നാണ് ബൈബിളിൽ അയാൾ അറിയപ്പെടുന്നത് (2 രാജാ 25,27). അയാൾ പ്രവാസിയായി തടവിൽ കഴിഞ്ഞിരുന്ന യഹോയാഖിനെ മോചിപ്പിച്ചു. പ്രവാസികളായിരുന്ന മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ ഉയർന്ന സ്ഥാനവും നല്കി. അയാൾക്ക് ആവശ്യമായവയെല്ലാം രാജകൊട്ടാരത്തിൽ നിന്നു കൊടുത്തു (2 രാജാ 25,28-30). സെദെക്കിയായ്ക്ക് എന്തു സംഭവിച്ചു എന്നു പറയാത്തതിനാൽ അയാളെ യഥാർത്ഥത്തിൽ യൂദാരാജാവായി വി.ഗ്രന്ഥകാരൻ അംഗീകരിക്കുന്നില്ല എന്ന് അനുമാനിക്കാം.

പ്രവാസത്തിന്റെ അന്ത്യംകുറിച്ചുകൊണ്ടാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ രാജാക്കന്മാരുടെ ചരിത്രം അവസാനിപ്പിക്കുന്നത്. പേർഷ്യൻ രാജാവായ സൈറസ് (ബി.സി. 551-530) ബി.സി. 539 ൽ ബാബിലോൺ കീഴടക്കി. അസ്സീറിയായും ബാബിലോണും സ്വീകരിച്ചതിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാടാണ് പേർഷ്യൻ ചക്രവർത്തി സ്വീകരിച്ചത്. കീഴടക്കിയ രാജ്യങ്ങളുടെ മതവിശ്വാസവും സംസ്കാരവും നശിപ്പിക്കുന്നതിനു പകരം അവയെ പ്രോത്സാഹിപ്പിച്ചു. ബലമായി നാടുകടത്തിയവരെ സ്വന്തം നാടുകളിലേക്കു മടങ്ങിപ്പോകാൻ അനുവദിച്ചു. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ യഹൂദ ജനത്തിനും ബി.സി. 538ൽ സ്വാതന്ത്ര്യം നല്കി. മാത്രമല്ല, ജറുസലെമിലേക്കു മടങ്ങിച്ചെന്ന് ദേവാലയം പണിയാൻ കല്പിക്കുകയും ചെയ്തു (2 ദിന 36,22-23). അങ്ങനെ ഒരു പുതുയുഗപ്പിറവിയുടെ ചിത്രം വരച്ചുകൊണ്ട് രാജവാഴ്ചയുടെ ചരിത്രം അവസാനിപ്പിക്കുന്നു. ഇസ്രായേൽ ചരിത്രത്തിന്റെ തുടർച്ച എസ്രാ, നെഹെമിയാ എന്നീ ഗ്രന്ഥങ്ങളിൽ കാണാം.



**വിചിന്തനം:** വലിയ രണ്ടു സാമ്രാജ്യശക്തികൾക്കിടയിൽപ്പെട്ട് ഞെരിഞ്ഞമരുന്ന ഒരു കൊച്ചു രാജ്യത്തിന്റെ ദുരന്ത കഥയാണ് ഇസ്രായേലിലെ രാജവാഴ്ചയുടെ അവസാന അധ്യായങ്ങളിൽ നാം കണ്ടത്. ആത്മാഭിമാനവും സ്വതന്ത്രമായ അസ്തിത്വവും നാമമാത്രമായെങ്കിലും കാത്തുസൂക്ഷിക്കാൻ അവർ ശ്രമിച്ചു. ഇരു സാമ്രാജ്യങ്ങളെയും മാറി മാറി ശുശ്രൂഷിച്ചു. എന്നാൽ ആശ്രയം നല്കും എന്നു കരുതിയവർ തന്നെ അടിച്ചമർത്തുകയും തല്ലിത്തകർക്കുകയുമാണ് ചെയ്തത്. തങ്ങളുടെമേൽ മരണത്തിന്റെ നിഴൽ വിരിച്ച് ഉയർന്ന് നില്ക്കുന്ന സാമ്രാജ്യശക്തികളുടെ അപ്പുറത്തേക്കു കാണാൻ യൂദായിലെ നേതാക്കന്മാർക്കും ജനത്തിനും കഴിഞ്ഞില്ല. രാഷ്ട്രീയ കൂട്ടുകെട്ടുകളിലും സൈനിക സഖ്യങ്ങളും വഴി സ്വാതന്ത്ര്യവും സമാധാനവും ഉറപ്പുവരുത്താൻ കഴിയും എന്നു കരുതിയവർക്കു കണക്കുതെറ്റി. കർത്താവിൽ മാത്രം ആശ്രയിക്കാൻ പ്രേരിപ്പിച്ച പ്രവാചകന്മാരെക്കാൾ ഭൗതിക പദ്ധതികൾ ആവിഷ്കരിക്കുകയും മോചനത്തിനുള്ള എളുപ്പ മാർഗ്ഗങ്ങൾ ഉപദേശിക്കുകയും ചെയ്ത വ്യാജപ്രവാചകന്മാർ കൂടുതൽ ആകർഷണീയരായിരുന്നു. അവരെ വിശ്വസിച്ചവർ കനത്ത വിലകൊടുക്കേണ്ടിവന്നു.

ജനം വിലപ്പെട്ടതായി കരുതിയതെല്ലാം ഒറ്റയടിക്കു നഷ്ടപ്പെട്ടു. കർത്താവ് തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്ത ജറുസലെം നാശക്കൂമ്പാരമായി. ദേവാലയം കത്തിച്ചാമ്പലായി. രാജാവ് നാടുകടത്തപ്പെട്ടു. പുരോഹിതന്മാർ വാളിനിരയായി. ജനത്തിലെ പ്രമുഖന്മാർ എന്നു കരുതപ്പെട്ടവരായിരുന്നു പ്രവാസത്തിലേക്കു നീങ്ങിയ അടിമകളുടെ മുൻ നിരയിൽ. ഈജിപ്തിൽ നിന്നുള്ള മോചനത്തിൽ ആരംഭിച്ച ദൈവജനത്തിന്റെ ചരിത്രം ഒരു വട്ടമെത്തി. എല്ലാം അവസാനിച്ചു എന്ന പ്രതീതിയാണ് ഈ ചരിത്ര വിവരണത്തിൽ നിന്നു ലഭിക്കുക. എന്നാൽ യാഥാർത്ഥ്യം നേരെ മറിച്ചായിരുന്നു.

പ്രവാസത്തിൽ വച്ചാണ് ഇസ്രായേൽ ജനം തങ്ങളുടെ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച യഥാർത്ഥമായ അവബോധത്തിലെത്തിയത്. നഷ്ടപ്പെട്ട സംവിധാനങ്ങളെല്ലാം മാനുഷികം മാത്രമായിരുന്നെന്നും അവയൊന്നും കൂടാതെ തന്നെ ദൈവജനമായി തുടരാൻ തങ്ങൾക്കു കഴിയുമെന്നും അവരെ പഠിപ്പിച്ചത് പ്രവാസമാണ്. തങ്ങൾ കീഴടക്കിയ രാജ്യത്തിന്റെ വിസ്തൃതിയോ, പടുത്തുയർത്തിയ മാളികക

ളുടെ മനോഹാരിതയോ, രൂപം കൊടുത്ത സംവിധാനങ്ങളുടെ കെട്ടുറപ്പോ, ആഘോഷിച്ച ഉത്സവങ്ങളുടെ നിറപ്പകിട്ടോ ഒന്നുമല്ല, ഉടമ്പടിയുടെ പ്രമാണങ്ങളനുസരിച്ചുള്ള ജീവിതമാണ് ദൈവം വിലമതിക്കുന്നത് എന്നും അവർ പഠിപ്പിച്ചു.

ചില നേതാക്കന്മാരുടെ തെറ്റായ തീരുമാനങ്ങളാണ് പ്രത്യക്ഷത്തിൽ പ്രവാസത്തിനു കാരണമായത്. എന്നാൽ അടുത്ത പരിശോധിച്ചാൽ ആരും കുറ്റവിമുക്തരല്ല എന്നു കാണാം. നേതാക്കന്മാരും അവരെ അനുഗമിച്ച ജനവും തലമുറതലമുറകളായി ചെയ്തു കൂട്ടിയ പാപങ്ങളുടെ, ഉടമ്പടി ലംഘനത്തിന്റെ അനിവാര്യമായ ദുരന്തഫലമായിരുന്നു ജറുസലേമിന്റെ പതനവും പ്രവാസവും. പ്രവാചകന്മാർ വഴി നിരന്തരമായി കർത്താവു നൽകിക്കൊണ്ടിരുന്ന താക്കീതുകൾ അവർ വകവച്ചില്ല. തങ്ങൾക്കു കേൾക്കാനിഷ്ടമില്ലാത്തതു പറയുന്ന പ്രവാചകന്മാരെ നിശബ്ദരാക്കാനും ഉന്മൂലനം ചെയ്യാനും ശ്രമിച്ചവർക്ക് അവസാനം എല്ലാം നഷ്ടപ്പെട്ടു. ദൈവത്തിന്റെ തിരഞ്ഞെടുപ്പും വാഗ്ദാനങ്ങളും നിരുപാധികമാണെന്നും ദൈവജനമായ തങ്ങൾക്ക് ഒരാപത്തും വരാൻ ദൈവം അനുവദിക്കുകയില്ലെന്നും ധരിച്ചു വശായവർ ഉടമ്പടിയുടെ നിബന്ധനകളനുസരിച്ചു ശിക്ഷിക്കപ്പെട്ടു.

ജറുസലേമിന്റെ പതനം എക്കാലത്തും പ്രസക്തമായ ഒരു പാഠമാണ്. ദൈവം സൗജന്യമായി നല്കിയ ദാനങ്ങൾ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന ബോധ്യത്തിൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിക്കും. പ്രത്യക്ഷത്തിൽ നിസ്സാരമെന്നു തോന്നുന്ന തെറ്റായ തീരുമാനങ്ങൾ ഒന്നിനു പിറകെ ഒന്നായെടുക്കുന്നവർക്ക് സാവധാനം തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാതെ വരും. ഭീകരമായ അത്യാഹിതങ്ങൾ വഴിയായിരിക്കും അപ്പോൾ ദൈവം അവരുടെ കണ്ണു തുറപ്പിക്കുക. ജനത്തെ ദൈവോന്മുഖമായി നയിക്കാൻ നിയുക്തരായ പുരോഹിതന്മാരും രാജാക്കന്മാരുമാണ് അവരെ വഴിതെറ്റിച്ചത്. അതിനാൽ വധിക്കപ്പെട്ടവരുടേയും പ്രവാസത്തിലേക്കു നീങ്ങിയവരുടേയും മുൻ നിരയിൽ അവരായിരുന്നു നയിക്കാൻ നിയുക്തരായവർ വഴിതെറ്റിക്കുന്നത് ഭീകരമായ ശിക്ഷയ്ക്ക് കാരണമാകും.

ഇസ്രായേലിന്റെ ചരിത്രം ഓരോ വ്യക്തിയുടേയും ചരിത്രവുമാണ്. സൗജന്യ ദാനമായി ദൈവം നല്കിയതു മാത്രമേ നമുക്കുള്ളു. എന്നാൽ അവയെല്ലാം സ്വന്തമെന്നു കരുതി പലപ്പോഴും നാം അഹങ്കരിക്കുന്നു. നമ്മെ ഏല്പിച്ച ദൗത്യം നാം മറക്കുന്നു. ശിക്ഷ ലഭിക്കുമ്പോഴാണ് യാഥാർത്ഥ്യ ബോധത്തിലേക്ക് നാം കണ്ണു തുറക്കുക. നശിപ്പിക്കാൻ വേണ്ടിയില്ല, മാനസാന്തരത്തിലേക്കു നയിക്കാൻ വേണ്ടിയാണ് ദൈവം ശിക്ഷകളയയ്ക്കുന്നത്. അതിനാൽ ശിക്ഷ ലഭിക്കുമ്പോൾ നിരാശരാകാതെ, അനുതാപത്തോടെ കർത്താവിലേക്കു തിരിയാനും കൂടുതൽ വിശ്വാസ തീക്ഷ്ണതയോടെ അവിടുത്തെ പ്രമാണങ്ങൾ അനുസരിക്കാനും തയ്യാറാകണം. ബാബിലോൺ പ്രവാസികളെ തിരിച്ചു കൊണ്ടുവന്ന കർത്താവ് അനുതാപികളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല.

### ചോദ്യങ്ങൾ

1. യൂദായെ ഭരിച്ച അവസാനത്തെ നാലു രാജാക്കന്മാർ ആരെല്ലാം? ജോസിയാ രാജാവുമായി അവർ എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു?
2. ജറുസലേമിന്റെ പതനത്തിനു വഴിയൊരുക്കിയ ചരിത്ര പശ്ചാത്തലം വ്യക്തമാക്കുക.
3. ഈ കാലഘട്ടത്തിലെ ജറെമിയാ പ്രവാചകന്റെ പങ്കു വിശദീകരിക്കുക. എന്തുകൊണ്ടാണ് രാജാക്കന്മാരും ജനവും പ്രവാചകനെ ശ്രവിക്കാൻ തയ്യാറാകാതിരുന്നത്?
4. രാജാക്കന്മാരുടെ പുസ്തകവും ദിനവൃത്താന്ത ഗ്രന്ഥവും എപ്രകാരമാണ് സമാപിക്കുന്നത്? എന്തു സന്ദേശമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** ജറുസലേമിന്റെ പതനത്തിന്റേയും അതിലേക്കു നയിച്ച സാഹചര്യങ്ങളുടേയും വെളിച്ചത്തിൽ നമ്മുടെ നാട്ടിലെ മതാത്മകവും രാഷ്ട്രീയവുമായ മേഖലകളിൽ നടക്കുന്ന സംഭവ വികാസങ്ങളേയും പ്രകടമാകുന്ന മനോഭാവങ്ങളെയും വിലയിരുത്തുക. എന്തു പ്രായോഗിക പാഠമാണ് ലഭിക്കുന്നത് എന്നു കണ്ടെത്തുക.

**പ്രാർത്ഥന :** "വിലാപങ്ങൾ" എന്ന പുസ്തകം ധ്യാനാത്മകമായി വായിച്ചു പ്രാർത്ഥിക്കുക.

ബൈബിൾ തീർത്ഥാടനം 12

# പ്രതാപത്തിൽ നിന്ന് പ്രവാസത്തിലേക്ക്

## 1-2 രാജാക്കന്മാർ - 2 ദിനവൃത്താന്തങ്ങൾ

മൈക്കിൾ കാരിമറ്റം

BIBLE PILGRIMAGE 12.1-2 Kings, 2 Chronicles
PRATHAPATHILNINNU PRAVASATHILEKKU (Malayalam)
Michael Karimattam

Published by
Divine Retreat Centre,
Muringoor, Chalakudy.

Printed at :
Divine Printers & Publishers
Muringoor, Chalakudy.

First Published : December, 1996

All Rights Reserved with the Author.

No part of this book may be reproduced in any manner
without the written permission permission of the Author

Price Rs. 55.00

# ഉള്ളടക്കം

ആമുഖം — പേജ്

**ഭാഗം ഒന്ന്**

**അവിഭക്ത ഇസ്രായേൽ രാജ്യം**

**സോളമൻ 1 രാജാ 11–11; 2 ദിന 1–9**

**1. ദാവീദിന്റെ പിൻഗാമി 1 രാജാ 1, 12,46**

***a. സോളമന്റെ സ്ഥാനാരോഹണം 1 രാജാ1,1–53***

*i. രാജാവിന്റെ വാർദ്ധക്യം 1 രാജാ 1,1–4*
*ii. അദോനിയായുടെ ഉപജാപം 1 രാജാ 1, 5–10*
*iii. സോളമന്റെ രാജാഭിഷേകം 1 രാജാ 1,11–40*
*iv. അദോനിയായുടെ പ്രതികരണം 1 രാജാ 1, 41–53*

***b. ദാവീദിന്റെ അന്തിമോപദേശവും മരണവും 1 രാജാ2,1–12***

***c. ശത്രുസംഹാരം 1 രാജാ 2,13–46***

*i. അദോനിയാ 1 രാജാ 2, 13–25*
*ii. അബിയാഥർ 1 രാജാ 2, 26–27*
*iii. യൊവാബ് 1 രാജാ 2, 28–35*
*iv. ഷിമേയി 1 രാജാ 2, 36–46*

**2. സോളമന്റെ ജ്ഞാനം 1രാജാ 3,1–4,34;2ദിന1,1–12**

*a. ഫറവോയുടെ മകൾ 1 രാജാ3,2–3*
*b. പൂജാഗിരിയിൽ ബലിയർപ്പണം1 രാജാ3,2–3*
*c. ജ്ഞാനം ദൈവത്തിന്റെ ദാനം 1രാജാ 3,4–15;12ദിന1,1–12*
*d. വിവേകപൂർണ്ണമായ വിധിപ്രസ്താവം 1രാജാ3, 16–28*
*e. ഭരണസംവിധാനം 1 രാജാ 4, 1–19*
*f. സമ്പൽ സമൃദ്ധി 1 രാജാ 4, 20–28*
*g. ജ്ഞാനം 1 രാജാ 4, 29–34*

3. ദേവാലയം 1രാജാ 5,1-9,9;2ദിന2,1-7,22

***a.* ദേവാലയ നിർമ്മാണത്തിന് ഒരുക്കം**

***1 രാജാ 5,1-18; 2 ദിന 2,1-18***

***b.* ദേവാലയ നിർമ്മാണം 1 രാജാ 6,1-7,51; 2ദിന3,1-5,1**

*i.* ദേവാലയനിർമ്മാണത്തിന്റെ തുടക്കം 1 രാജാ 6,1

*ii.* ദേവാലയ ഘടന 1 രാജാ 6,2-10; 2ദിന3,1-14

*iii.* വാഗ്ദാനം-താക്കീത് 1 രാജാ 6,11-14

*iv.* അലങ്കാരങ്ങൾ-സംവിധാനങ്ങൾ 1 രാജാ 6,15-38

*v.* രാജകൊട്ടാരം 1 രാജാ 7,1-12

*vi.* ഇതര സജ്ജീകരണങ്ങൾ 1 രാജാ 7,13-51; 2 ദിന 3,15-5,1

***c.* ദേവാലയ പ്രതിഷ്ഠ 1 രാജാ 8,1-66; 2 ദിന 5,2-7,10**

*i.* പേടകം ദേവാലയത്തിൽ 1 രാജാ 8,1-13; 2ദിന 5,2-14

*ii.* സോളമന്റെ ആശീർവാദം 1 രാജാ 8,14-21; 2 ദിന 6,1-11

*iii.* യാചനാപ്രാർത്ഥന 1 രാജാ 8,22-53; 2 ദിന 6,12-42

*iv.* സമീപനാശീർവ്വാദം 1 രാജാ 8,54-61

*v.* പ്രതിഷ്ഠാബലിയും ഉത്സവാഘോഷവും

1 രാജാ 8,62-66; 2 ദിന 7,1-10

***d.* വാഗ്ദാനവും താക്കീതും 1 രാജാ 9,1-9; 2ദിന 7,11-22**

***e.* ദേവാലയം ഒരു ചരിത്രാവലോകനം**

***4.* നേട്ടങ്ങളും കോട്ടങ്ങളും 1 രാജാ 9,10-11,43;2 ദിന 8,1-9,31**

***a.* നേട്ടങ്ങൾ 1 രാജാ 9,10-10,29; 2 ദിന 8,1-9,28**

*i.* നാട് വിറ്റ് വീടു പണിയാൻ 1 രാജാ 9,10-14; 2ദിന 8,1-2

*ii.* രാജ്യരക്ഷാ സംവിധാനങ്ങൾ 1 രാജാ 9,15-23; 2 ദിന 8,3-7

*iii.* വാണിജ്യം 1 രാജാ 9,26-27;10,11-29; 2 ദിന 8,17-18; 9,28

*iv.* ഷേബാരാജ്ഞിയുടെ സന്ദർശനം

1 രാജാ 10,1-10.13; 2ദിന 9,19.12

***b.* പാളിച്ചകൾ-പതനങ്ങൾ 1 രാജാ 11,1-43**

*i.* നിഷിദ്ധവിവാഹങ്ങൾ-അവിശ്വസ്തത 1 രാജാ11,1-13

*ii.* കലാപത്തിന്റെ കാർമേഘങ്ങൾ 1 രാജാ 11,14-40



## ഭാഗം രണ്ട്

## വിഭക്ത രാജ്യം

1 രാജാ 12-2 രാജാ 17; 2ദിന 10-28

**1. വിഭജനം മുതൽ ആഹാബുവരെ 1 രാജാ 12-16; 2 ദിന 11-16**

***a.* രാജ്യം പിളരുന്നു 1 രാജാ 12,1-24; 2ദിന 10,1-11,4**

***b.* ജെറൊബൊവാം 1 രാജാ 12,25-14,20**

*i.* തലസ്ഥാനവും ആരാധനാലയങ്ങളും 1 രാജാ 12,25-33

*ii.* ഒരു ബലിപീഠവും രണ്ട് പ്രവാചകന്മാരും 1 രാജാ 13,1-34

*iii.* ജെറൊബൊവാമിനു ശിക്ഷ 1 രാജാ 14,1-20

***c.* റെഹെബൊവാം 1 രാജാ 14,21-31; 2ദിന 11,5-12,16**

***d.* യൂദായിലെ രണ്ടു രാജാക്കന്മാർ**

*i.* അബിയാ 1 രാജാ 15,1-8; 2 ദിന 13,1-22

*ii.* ആസാ 1 രാജാ 15,9-24; 2 ദിന 14,1-16,14

***c.* ഇസ്രായേലിലെ ആറു രാജാക്കന്മാർ 1 രാജാ 15,25-16,34**

*i.* നാദാബ് 1 രാജാ 15,25-32

*ii.* ബാഷാ 1 രാജാ 15,33-16,7

*iii.* ഏലാ 1 രാജാ 16,8-14

*iv.* സിമ്രി 1 രാജാ 16,15-20

*v.* ഓമ്രി 1 രാജാ 16,21-28

*vi.* ആഹാബ് 1 രാജാ 16,29-34

**2. ഏലിയാ പ്രവാചകൻ**

1 രാജ 17,1-2 രാജാ 2,12; 2 ദിന 17-20

ചരിത്ര പശ്ചാത്തലം

**1. ആരാണ് ദൈവം 1 രാജാ 17,1-18,46**

*a.* ഏലിയായും വരൾച്ചയും 1 രാജാ 17,1-7

*b.* വിധവയുടെ ആതിഥ്യം 1 രാജാ 17,8-24

*c.* അഗ്നി പരീക്ഷണം 1 രാജാ 18,1-46

**2. പുതിയ ദൈവാനുഭവം 1 രാജാ 19,1-21**

*a.* ഹെറെബിലേക്കുള്ള യാത്ര 1 രാജാ 19,1-8

*b.* ദൈവാനുഭവം 1 രാജാ 19,9-18

*c. പിൻഗാമിയുടെ അഭിഷേകം 1 രാജാ 19,19-21*

**3. വിജയം കർത്താവിന്റെ ദാനം 1 രാജാ 20,1-43**

**4. നിഷ്ക്കളങ്ക രക്തത്തിന്റെ നിലവിളി 1 രാജാ 21,1-29**

**5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം**

**1 രാജാ 22,1-50; 2 ദിന17-20**

**6. യഹോഷാഫാത്ത് 1 രാജാ 22,41-5; 2 ദിന 17-20**

**7. അഗ്നിപ്രവാചകൻ 1 രാജാ 22,51-2 രാജാ 2,12**

*a. വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി*

*1 രാജാ 22,51-2 രാജാ 1,18*

*b. അഗ്നി രഥം 2 രാജാ 2,1-12*

**3. ഏലീഷായും പ്രവാചകഗണങ്ങളും**

2 രാജാ 2,13-8,29; 2 ദിന 21,1-22,6

**1. ഏലീയായുടെ പിൻഗാമി 2 രാജാ 2,13-25**

**2. മൊവാബ്യർക്കെതിരേ യുദ്ധം 2 രാജാ 3,1-27**

**3. കരുണയുടെ പ്രവാചകൻ 2 രാജാ 4,1-6,7**

*a. വിധവയ്ക്കും മക്കൾക്കും സംരക്ഷണം 2 രാജാ 4,1-7*

*b. ഷൂനേംകാരിയുടെ മകൻ 2രാജാ 4,8-37*

*c. കലത്തിൽ പതിയിരുന്ന മരണം 2 രാജാ 4,38-41*

*d. അപ്പം വർദ്ധിപ്പിക്കുന്നു 2 രാജ 4,42-44*

*e. നാമാന്റെ കുഷ്ഠം ഗഹസിക്ക് 2 രാജാ 5,1-27*

*f. വെള്ളത്തിൽ പൊങ്ങിയ കോടാലി 2 രാജാ 6,1-7*

**4. രാഷ്ട്രീയ നേതൃത്വം 2 രാജാ 6,8-8,29**

*a. യുദ്ധത്തിൽ സംരക്ഷണം 2 രാജാ 6,8-7,20*

*b. ഷൂനേംകാരി വീണ്ടും 2 രാജാ 8,1-6*

*c. സിറിയായിൽ പുതിയ രാജാവ് 2 രാജാ 8,7-15*

*d. യഹോറാം 2 രാജാ 8,16-24; 2 ദിന 21,1-20*

*e. അഹസിയാ 2 രാജാ 8,25-29; 2 ദിന 22,1-9*

**4. യേഹു മുതൽ സമറിയായുടെ പതനം വരെ**

2 രാജാ 9-17; 2 ദിന 22-28

**1. യേഹുവിന്റെ നരവേട്ട 2 രാജാ 9,1-10,36**



*a. യേഹുവിന്റെ രാജാഭിഷേകം 2 രാജാ 9,1-13*

*b. രാജാക്കന്മാർ കൊല്ലപ്പെടുന്നു 2 രാജാ 9,14-29*

*c. ജെസബെൽ നായ്ക്കൾക്ക് ഭക്ഷണം 2 രാജാ 9,30-37*

*d. കൂട്ടക്കുരുതി 2 രാജാ 10,1-17*

*e. ബാലിന്റെ ആരാധകരെ വധിക്കുന്നു 2 രാജാ 10,18-28*

*f. യേഹുവിന്റെ അന്ത്യം 2 രാജാ 10,29-36*

**2. തളർച്ചയുടെ കാലഘട്ടം 2 രാജാ 11-3; 2 ദിന 22-24**

*a. അത്താലിയാ 2 രാജാ 11,1-21; 2 ദിന 22,10-23,21*

*b. യോവാഷ് 2 രാജാ 12;2 ദിന 24*

*c. യഹോവാഹാസ് 2 രാജാ 13,1-9*

*d. യഹോവാഷ് 2 രാജാ 13,10-25*

*e. എലീഷായുടെ അന്തിമ ചെയ്തികൾ 2 രാജാ 13,14-21*

**3. നവോത്ഥാനം 2 രാജാ 14,1-15,7; 2ദിന 25-26**

*a. അമാസിയാ 2 രാജാ 14,1-22; 2 ദിന 25,1-28*

*b. ജെറൊബൊവാം 2 രാജാ 14,23-29*

*c. അസറിയാ 2 രാജാ 15,1-7; 2 ദിന 26,1-23*

**4. ഇസ്രായേലിന്റെ പതനം 2 രാജാ 15,8-17,41; 2 ദിന 27-28**

***a. ഇസ്രായേലിലെ അഞ്ചു രാജാക്കന്മാർ 2 രാജാ 15,8-31***

*i. സഖറിയ 2 രാജാ 15,8-12*

*ii. ഷല്ലും 2 രാജാ 15,13-15*

*iii. മെനാഹെം 2 രാജാ, 15,16-22*

*iv. പെക്കാഹിയാ 2 രാജാ 15,23-26*

*v. പെക്കാഹ് 2 രാജാ 15,27-31*

***b. യൂദായിലെ രണ്ടു രാജാക്കന്മാർ***

*i. യോഥാം 2രാജ 15,32-38; 2ദിന 27,1-9*

*ii. ആഹാസ് 2 രാജാ 16,1-20; 2ദിന 28,1-27*

***c. ഇസ്രായേലിലെ അവസാനത്തെ രാജാവ്-ഹോസിയാ***

***2 രാജാ 17,1-4***

***d. സമറിയായുടെ പതനം 2 രാജാ 17,5-23***

***e. സമറിയാക്കാരുടെ ഉത്ഭവം 2 രാജാ 17,24-41***

ഭാഗം മൂന്ന്

**യൂദായിലെ അവസാനത്തെ രാജാക്കന്മാർ**

**2 രാജാ 18-25; 2ദിന 29-36**

**1. അസ്സീറിയൻ ആധിപത്യം 2 രാജാ 18-21; 2 ദിന 29-33**

**1. ഹെസക്കിയാ 2 രാജാ 18-20; 2 ദിന 29-32**

***a. മതനവീകരണം 2 രാജാ 18,1-12; 2 ദിന 29,1-31,21***

*i. ദേവാലയ ശുദ്ധീകരണം 2 ദിന 29,3-36*

*ii. പെസഹാ ആഘോഷം 2 ദിന 30,1-27*

*iii. ദേവാലയ ശുശ്രൂഷകർ 2 ദിന 31,1-21*

***b. അസ്സീറിയായ്ക്കെതിരേ ചെറുത്തുനില്പ്***

***2 രാജാ 18,13-19,37; 2 ദിന 32,1-33***

***c. അത്ഭുതകരമായ രോഗശാന്തിയും ബാബിലോൺ ദൂതന്മാരും 2 രാജാ 20; 2 ദിന 32,24***

***2. മനാസ്സെ 2 രാജാ 21,1-18; 2 ദിന 33,1-20***

***3. ആമോൻ 2 രാജാ 21,19-26; 2 ദിന 33,21-25***

**2.. ഇടവേള**

**ജോസിയാ 2 രാജാ 22,1-23,30; 2 ദിന 34-35**

1. മതനവീകരണത്തിന്റെ തുടക്കം 2 രാജാ 22,1-7; 2 ദിന 34,1-7
2. നിയമഗ്രന്ഥം 2 രാജാ 22,8-20; 2 ദിന 34,8-28
3. ഉടമ്പടി നവീകരണം 2 രാജാ 23,1-3; 2 ദിന 34,29-33
4. മവീകരണത്തിന്റെ തുടർച്ച 2 രാജാ 23,4-20
5. പെസഹാ ആഘോഷം 2 രാജാ 23,21-223; 2 ദിന 35,1-19
6. ജോസിയായുടെ മരണം 2 രാജാ 23,24-30, 30; 2 ദിന 35,20-27

**3. പ്രവാസത്തിലേക്ക് 2 രാജാ 23,31-25, 30; 2 ദിന 36**

1. യഹോവാഹാസ് 2 രാജാ 23,31-34; 2 ദിന 36,14
2. യഹൊയാക്കിം 2 രാജാ 23,35-24, 7; 2 ദിന 36,5-8
3. യഹോയാഖിൻ 2 രാജാ 24,8-17; 2 ദിന 36,9-10
4. സെദെക്കിയാ 2 രാജാ 24,18-25,7; 2 ദിന 36,11-21
5. ജറുസലെമിന്റെ നാശം 2 രാജാ 25,8-17; 2 ദിന 36,17-21
6. ബാബിലോൺ പ്രവാസം 2 രാജാ 25,18-30; 2ദിന 36,21-23

# പ്രതാപത്തിൽ നിന്നു പ്രവാസത്തിലേക്ക്

## ആമുഖം

കാനാൻ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ വാസമുറപ്പിച്ച ഇസ്രായേൽ ഗോത്രങ്ങൾ ഒത്തൊരുമിച്ച് ശക്തമായ ഒരു സാമ്രാജ്യമായി ത്തീർന്നതിന്റെ ചരിത്രമാണ് ബൈബിൾ തീർത്ഥാടനത്തിന്റെ 11-ാം ലക്കത്തിൽ വിവരിച്ചത്. ദാവീദിനുശേഷം രാജാവായ സോളമൻ ഇസ്രായേലിനെ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചു. എന്നാൽ സോളമന്റെ മരണത്തെത്തുടർന്ന് 931ൽ രാജ്യം രണ്ടായി പിളർന്നു. യൂദാ, ബെഞ്ചമിൻ ഗോത്രങ്ങൾ ദാവീദിന്റെ കുടുംബത്തോട് കൂറു പുലർത്തിയപ്പോൾ മറ്റു പത്തു ഗോത്രങ്ങൾ തങ്ങൾക്കായി വേറൊരു രാജാവിനെ വാഴിച്ചു. ദൈവജനം ഇസ്രായേൽ, യൂദാ എന്നീ രണ്ടു രാജ്യങ്ങളായി പരസ്പരം കലഹിച്ചും ചുരുക്കമായി മാത്രം സഹകരിച്ചും ഏകദേശം രണ്ടു നൂറ്റാണ്ടു കാലം നിലനിന്നു. യൂദായുടെ തലസ്ഥാനം ജറുസലെമും, ഇസ്രായേലിന്റെ തലസ്ഥാനം സമറിയായും ആയിരുന്നു. ബി. സി. 721ൽ വടക്കൻ രാജ്യമായ ഇസ്രായേൽ അസീറിയായ്ക്കു കീഴടങ്ങി, ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി. ബി. സി.587ൽ ബാബിലോൺ ചക്രവർത്തി കീഴടക്കുന്നതുവരെ, ഏകദേശം ഒന്നരനൂറ്റാണ്ടുകാലത്തേക്കുകൂടി യൂദാരാജ്യം പിടിച്ചുനിന്നു.

സോളമന്റെ സ്ഥാനാരോഹണം മുതൽ (970) ബാബിലോൺ പ്രവാസം വരെയുള്ള ഏകദേശം നാലുനൂറ്റാണ്ടുകാലത്തെ ഇസ്രായേൽ ജനതയുടെ ചരിത്രമാണ് ബൈബിൾ തീർത്ഥാടനത്തിന്റെ ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്. ഈ കാലഘട്ടത്തിന്റെ ഒരു രൂപരേഖയും ഇസ്രായേൽ യൂദാരാജ്യങ്ങളെ ഭരിച്ച രാജാക്കന്മാരുടെ പട്ടികയും മുൻലക്കത്തിന്റെ ആമുഖത്തിൽ നല്കിയിട്ടുണ്ട്. (ബൈ. തീ 11, PP 7-14). 1,2 രാജാക്കന്മാർ, 2 ദിനവൃത്താന്തങ്ങൾ എന്നീ മൂന്ന് പുസ്തകങ്ങളിൽ ഈ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന ചില കാര്യങ്ങൾ ദിനവൃത്താന്തങ്ങൾ രണ്ടാം പുസ്തകത്തിൽ വ്യത്യസ്ത ഊന്നലുകളോടെ അവതരിപ്പിക്കുന്നു. രാജ്യം രണ്ടായി പിളർന്നതിനുശേഷമുള്ള ചരിത്രം രാജാക്കന്മാരുടെ പുസ്തകത്തിൽ രണ്ടു രാജ്യങ്ങൾക്കും തുല്യപ്രാധാന്യം നല്കിക്കൊണ്ട് സമാന്തരമായി അവതരിപ്പിക്കുമ്പോൾ ദിനവൃത്താന്തഗ്രന്ഥം യൂദായ്ക്കു മാത്രം പ്രാധാന്യം നല്കികൊണ്ടാണ് വിവരിക്കുന്നത്.

നാലുനൂറ്റാണ്ടുകാലത്തെ ചരിത്രം വളരെ ചുരുക്കിയാണ് ഈ മൂന്നു പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നത്. സോളമൻ രാജാവിന്റെ പ്രവർത്തനങ്ങൾ സുദീർഘമായി വിവരിച്ചിട്ടുണ്ട്. എന്നാൽ മറ്റ പല രാജാക്കന്മാരെക്കുറിച്ചും അവരുടെ പേരും അവർ ഭരിച്ച കാലയളവും ഒഴികെ മറ്റൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. മതനവീകരണത്തിനുവേണ്ടി യത്നിച്ച ഹെസെക്കിയ, ജോസിയാ, എന്നീ രണ്ടു രാജാക്കന്മാരെക്കുറിച്ചു സാമാന്യം ദീർഘമായി പ്രതിപാദിക്കുന്നുണ്ട്.രാജാക്കന്മാരുടെ ചരിത്രം എന്നാണ് ഈ രണ്ടുപുസ്തകങ്ങൾ അറിയപ്പെടുന്നതെങ്കിലും സോളമൻ ഒഴികെ മറ്റ് ഏതൊരു രാജാവിനെയുംകാൾ കൂടുതൽ ഏലിയ, എലീഷാ എന്നീ പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നു. ഇവർക്കു പുറമെ മറ്റ് അനേകം പ്രവാചകന്മാരും അവരുടെ ചെയ്തികളും ഈ പുസ്തകത്തിൽ പ്രതിപാദ്യവിഷയമാകുന്നുണ്ട്. രാജാക്കന്മാരെക്കുറിച്ചു വിവരിക്കുന്ന കാര്യങ്ങളാകട്ടെ അവയുടെ രാഷ്ട്രീയവും അന്തർദ്ദേശീയവുമായ പ്രാധാന്യത്തെ പരിഗണിച്ചല്ല, മതാത്മക സ്വാധീനത്തിന്റെ വെളിച്ചത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഇവയിൽ നിന്നൊക്കെ ഒരു കാര്യം വ്യക്തമാകുന്നു. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രമല്ല ഈ ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യപ്പെട്ട ഇസ്രായേൽ ചരിത്രമാണിത്. അതിനാൽ സ്വാഭാവികമായും ഈ കാലഘട്ടത്തെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഈ വിവരണങ്ങളിൽ കാണില്ല. ഇസ്രായേൽ ജനവും അവരെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ദൈവവും തമ്മിലുള്ള ബന്ധമാണ് ഈ ചരിത്രത്തിന്റെ ഊടും പാവുമായി നിലകൊള്ളുന്നത്. ഇതു രക്ഷാചരിത്രമാണ്.

താൻ തിരഞ്ഞെടുത്ത്, ഉടമ്പടിയിലൂടെ സ്വന്തം ജനമായി സ്വീകരിച്ച ഇസ്രായേൽ ജനത്തോട് ദൈവം എപ്രകാരമാണ് വർത്തിച്ചത്? തങ്ങളെ സ്വന്തം ജനമായി സ്വീകരിച്ച്, വാഗ്ദത്ത ഭൂമിയിൽ അധിവസിപ്പിച്ച ദൈവത്തിന് ജനം എന്തു മറുപടിയാണ് നല്കിയത്? ഈ രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളാണ് ഇസ്രായേൽ ചരിത്രം വിവരിക്കുന്നതിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്നത്. കർത്താവായ ദൈവം വിശ്വസ്തനാണ്. തന്റെ വാഗ്ദാനങ്ങളെല്ലാം അവിടുന്ന് പാലിച്ചു. വാഗ്ദാനങ്ങളിൽ ഒന്നുപോലും നിറവേറാതെ പോയില്ല.എന്നാൽ ജനം വിശ്വസ്തത പാലിച്ചില്ല. ജനത്തിന്റെയും പ്രത്യേകിച്ച് ജനനേതാക്കന്മാരുടെയും നിരന്തരമായ അവിശ്വസ്തത ദൈവകോപം വിളിച്ചുവരുത്തി. ഉടമ്പടി ലംഘിച്ചവരെ ഉടമ്പടിയുടെ നിബന്ധനകൾക്കനുസരിച്ച് തന്നെ ദൈവം ശിക്ഷി



ച്ചു. ഇസ്രായേൽ ജനത്തിനുണ്ടായ നിരവധി പരാജയങ്ങളുടെയും നഷ്ടങ്ങളുടെയും, അവസാനമായി പ്രവാസത്തിന്റെയും കാരണം അവരുടെ അവിശ്വസ്തതയാണെന്ന് ചരിത്രവസ്തുക്കൾ നിരത്തിവച്ചുകൊണ്ട് വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

ഓരോ രാജാവിന്റെയും ചരിത്രം കർത്താവിനോടുള്ള വിശ്വസ്തതയുടെ വെളിച്ചത്തിൽ വിലയിരുത്തിക്കൊണ്ടാണ് അവതരിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടിൽ വടക്കൻ രാജ്യമായ ഇസ്രായേലിനെ 19 രാജാക്കന്മാരിൽ ആരും കുറ്റമറ്റവരായി പ്രത്യക്ഷപ്പെടുന്നില്ല. യൂദാ രാജാക്കന്മാരിൽ എട്ടു പേർ പ്രശംസിക്കപ്പെടുന്നുണ്ടെങ്കിലും അവരിൽ രണ്ടുപേർ മാത്രമേ പൂർണ്ണമായും കർത്താവിനു സ്വീകാര്യരായി പരിഗണിക്കപ്പെടുന്നുള്ളൂ. ഇസ്രായേൽ രാജാക്കന്മാരെ ആ രാജ്യത്തെ ആദ്യ രാജാവായ ജെറോബോവാം ഒന്നാമനോടാണ് വി. ഗ്രന്ഥകാരൻ താരതമ്യം ചെയ്യുന്നത്. ബെഥേലിലും ദാനിലും വിഗ്രഹങ്ങൾ സ്ഥാപിച്ച് ഇസ്രായേലിനെ വഴിതെറ്റിച്ചവനാണ്ജെറോബോവാം. തുടർന്നുള്ള രാജാക്കന്മാരെല്ലാം അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചതായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു. യൂദാ രാജാക്കന്മാരെയാകട്ടെ ദാവീദിനോടാണ് തുലനം ചെയ്യുന്നത്. കർത്താവിനു പൂർണ്ണമായും സ്വീകാര്യനായ രാജാവായിരുന്നു ദാവീദ്. പിൻഗാമികൾ എത്രത്തോളം അദ്ദേഹത്തോട് അനുരൂപനായി എന്ന മാനദണ്ഡം വച്ച് വിലയിരുത്തുമ്പോൾ ചുരുക്കം പേർ മാത്രമേ പ്രശംസാർഹരായി പ്രത്യക്ഷപ്പെടുന്നുള്ളൂ.

വിഗ്രഹങ്ങളെ ആരാധിച്ചു, ജറുസലെമിലല്ലാതെ മറ്റു സ്ഥലങ്ങളിൽ ആരാധനയർപ്പിച്ചു, എന്നീ രണ്ടു പ്രധാന കുറ്റങ്ങളാണ് രാജാക്കന്മാരുടെ മേൽ ചുമത്തുന്നത്. വിഗ്രഹങ്ങളെ നശിപ്പിക്കുകയും ജറുസലെമിൽ മാത്രം ആരാധനയർപ്പിക്കുകയും ചെയ്തവർ പ്രശംസിക്കപ്പെടുന്നു. പാവപ്പെട്ടവരോടുള്ള പരിഗണനന പ്രശംസയുടെയും ശാസനയുടെയും മാനദണ്ഡമായി വി.ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുണ്ട്. നിയമാവർത്തന പുസ്തകത്തിൽ ഊന്നിപ്പറയുന്ന ആശയങ്ങളാണിവ. ഇസ്രായേൽ ജനത്തിന്റെ ഈ അവലോകനത്തെ ആധുനിക ബൈബിൾ വ്യാഖ്യാതാക്കൾ " നിയമാവർത്തനാത്മക ചരിത്രം" എന്നാണു വിളിക്കുന്നത് (ബൈ.തീ.10P 11-13). നിയമാവർത്തന പുസ്തകത്തിൽ മുൻകൂട്ടി അറിയിച്ചിരുന്ന അനുഗ്രഹങ്ങളും ശാപങ്ങളും എപ്രകാരം യാഥാർത്ഥ്യമായിത്തീർന്നുവെന്ന് ഇസ്രായേൽ ചരിത്രം വ്യക്തമാക്കുന്നു.

എല്ലാം നഷ്ടപ്പെട്ട് വാഗ്ദത്തഭൂമിയിൽ നിന്നകലെ, വിദേശത്ത് അടിമകളായി കഴിയുന്ന ജനത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് രാജ

വാഴ്ചയുടെ ചരിത്രം സമാപിക്കുന്നതെങ്കിലും തികച്ചും നിരാശാജനകമല്ല ഈ ചിത്രം. ബാബിലോണിൽ നബുക്കദ്നേസറിന്റെ പിൻഗാമിയായി ഭരണമേറ്റ എവിൽ മെറോദാക്ക് യൂദാരാജാവായ യഹോയാക്കിനെ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിച്ച് മറ്റ് രാജാക്കന്മാരെക്കാൾ ഉന്നതമായ സ്ഥാനം നല്കി എന്ന അറിവു നല്കിക്കൊണ്ടാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകം അവസാനിക്കുന്നത്. ഇസ്രായേൽ ജനത്തെ സംബന്ധിച്ച ദൈവത്തിന്റെ അവസാന വാക്ക് ശിക്ഷയുടെയും പ്രവാസത്തിന്റേതുമല്ല, രക്ഷയുടെയും വിമോചനത്തിന്റേതുമാണ് എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുന്നത്. ബാബിലോണിനെ കീഴടക്കിയ പേർഷ്യൻ രാജാവായ സൈറസ് പ്രവാസികളായിക്കഴിഞ്ഞിരുന്ന ഇസ്രായേൽക്കാരെ മോചിപ്പിക്കുകയും സ്വദേശത്തേക്കു തിരിച്ചുപോകാൻ അനുവദിക്കുകയും ചെയ്ത കല്പന അവതരിപ്പിച്ചുകൊണ്ട് ദിനവൃത്താന്തം രണ്ടാം പുസ്തകം സമാപിക്കുമ്പോൾ ഈ സന്ദേശം കൂടുതൽ വ്യക്തമാകുന്നു.

അവിശ്വസ്തതയ്ക്കു ശിക്ഷിക്കുമെങ്കിലും ദൈവം തന്റെ ജനത്തെ എന്നേക്കുമായി കൈവെടിയുകയില്ല. ജനത്തെ മാനസാന്തരത്തിലേക്കു നയിക്കുകയാണ് ശിക്ഷയുടെ ലക്ഷ്യം. അനുതപിക്കുന്ന പാപികളെ അവരുടെ കുറ്റങ്ങൾ ക്ഷമിച്ച്, ദൈവം വീണ്ടും തന്റെ ജനമായി സ്വീകരിക്കും എന്ന സന്ദേശം പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽ ജനത്തിനു മാത്രമല്ല, എന്നും എല്ലാവർക്കും പ്രസക്തമായ പ്രത്യാശയുടെ സന്ദേശമാണ്.

## പുസ്തകത്തിന്റെ ഘടന

രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങൾ യഥാർത്ഥത്തിൽ ഒറ്റ പുസ്തകമായിരുന്നുവെന്നും ചുരുളിൽ എഴുതാനുള്ള സൗകര്യം പ്രമാണിച്ചു മാത്രമാണ് പുസ്തകം രണ്ടായി തിരിച്ചതെന്നും 11-ാം ലക്കത്തിന്റെ ആമുഖത്തിൽ (തീ.11, P,15) നാം കണ്ടു കഴിഞ്ഞു. പുസ്തകങ്ങൾ രണ്ടായിതിരിച്ചിരിക്കുന്നത് അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലല്ല. ഒന്നാം പുസ്തകത്തിന്റെ അവസാനത്തിലും രണ്ടാം പുസ്തകത്തിന്റെ ആരംഭത്തിലും ഏലിയാപ്രവാചകന്റെ ചെയ്തികളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ തന്നെയാണ് ദിനവൃത്താന്തം രണ്ടാം പുസ്തകത്തിലും വിവരിച്ചിരിക്കുന്നത്.

സോളമന്റെ സ്ഥാനാരോഹണം മുതൽ ബാബിലോൺപ്രവാസം വരെയുള്ള കാലത്തെ മൂന്നുഭാഗങ്ങളായി തിരിക്കാം. സോളമന്റെ സ്ഥാനാരോഹണം മുതൽ മരണം വരെ ഇസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും ഒരുമിച്ച് ഒറ്റ രാജ്യമായി നിലനിന്ന കാലഘട്ടമാണ് ഒന്നാം ഭാഗം (1



രാജാ1-11; 2ദിന1-9). സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ ജനം രണ്ടു രാജ്യങ്ങളായി കഴിഞ്ഞ കാലഘട്ടം രണ്ടാം ഭാഗമാണ് (1 രാജാ 12-2 രാജാ 17;2 ദിന 10-28). സമറിയായുടെ പതനം മുതൽ ജറുസലെമിന്റെ നാശവും ബാബിലോൺ പ്രവാസവും വരെയുള്ള കാലം മൂന്നാം ഭാഗം (2 രാജാ18-25; 2ദിന 29-36).

**ഭാഗം ഒന്ന്: അവിഭക്ത രാജ്യം: 1 രാജാ1-11**
**ഭാഗം രണ്ട്: വിഭക്ത രാജ്യം 1 രാജാ 12-2 രാജാ 17**
**ഭാഗം മൂന്ന്: യൂദായിലെ അവസാനത്തെ രാജാക്കന്മാർ 2 രാജാ 18-25**

ഇസ്രായേൽ, യൂദാ എന്നീ രണ്ടു രാജ്യങ്ങളുടെ ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നതിനു നടുവിൽ ഏലിയാ, ഏലീഷാ എന്നീ രണ്ടു പ്രവാചകന്മാരുടെ ചെയ്തികൾ സുദീർഘമായി വിവരിച്ചിരിക്കുന്നു. ഈ വിവരണം ചരിത്രത്തിന്റെ രണ്ടാം ഭാഗത്തെ നാലായി തിരിക്കുന്നു.

1. **യൂദാ - ഇസ്രായേൽ ചരിത്രം 1 രാജാ 12-16**
2. **ഏലിയാ 1 രാജാ 17-2 രാജാ 2**
3. **ഏലീഷ 2 രാജാ 2-10**
4. **ഇസ്രായേൽ 2 രാജാ 11-17**

ഈ ആറു ഭാഗങ്ങൾ തമ്മിൽ ഏക കേന്ദ്രീകൃതമായ ഒരു സമാന്തരത (Concentric Parallelism) കാണാം. ഒന്നും (1 രാജാ 1-11) ആറും (2 രാജാ 18-25) ഭാഗങ്ങൾ ഒരു രാജ്യത്തിന്റെ മാത്രം ചരിത്രം അവതരിപ്പിക്കുന്നു. ഒന്നാം ഭാഗത്ത് ദേവാലയത്തിന്റെ നിർമ്മാണത്തിനും ആറാം ഭാഗത്ത് ദേവാലയത്തിന്റെ നാശത്തിനും ഊന്നൽ നല്കിയിരിക്കുന്നു. രണ്ടും (1 രാജാ 12-16) അഞ്ചും ഭാഗങ്ങൾ (2 രാജാ 11-17) വിഭക്ത രാജ്യങ്ങളുടെ ചരിത്രമാണ് വിവരിക്കുന്നത്. ഇവിടെ ഇസ്രായേലിന്റെയും യൂദായുടെയും ചരിത്രം ഒന്നിടവിട്ട് സമാന്തരമായി അവതരിപ്പിക്കുന്നു. മൂന്നും (1 രാജാ 17- 2 രാജാ 2) നാലും (2 രാജാ 2-10) ഭാഗങ്ങൾ ഏലിയായുടെയും ഏലീഷായുടെയും ചെയ്തികൾ വിവരിക്കുന്നു.

**1. A. 1രാജാ 1-11 = 6. A¹ 2 രാജാ 18-25**
**2. B. 1രാജാ 12-16 = 5. B¹ 2 രാജാ 11-17**
**3. C. 1 രാജാ 17-2 = 4. C¹ 2 രാജാ 2-10**

ഈ ഘടനയിൽ രണ്ടു കാര്യങ്ങൾ പ്രത്യക ശ്രദ്ധയർഹിക്കുന്നു. 1. രാജാക്കന്മാരുടെ ചരിത്രത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നത് പ്രവാ

ചകന്മാരുടെ പ്രവർത്തികളാണ്. 2 രാജാക്കന്മാരുടെ പുസ്തകങ്ങളിൽ ഏതാണ്ട് മൂന്നിൽ ഒരു ഭാഗം രണ്ടു പ്രവാചകന്മാരുടെ ചെയ്തികൾ വിവരിക്കുന്നതിനു വേണ്ടി മാറ്റി വച്ചിരിക്കുന്നു. ഇതിനും പുറമെ മറ്റ് അനേകം പ്രവാചകന്മാരും അവരുടെ പ്രവർത്തികളും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഇസ്രായേൽ ജനത്തെ നയിക്കാനായി ദൈവം നിയോഗിച്ച രണ്ടു ഘടകങ്ങളാണ് രാജാക്കന്മാരും പ്രവാചകന്മാരും. ദൈവജനത്തിന്റെ ചരിത്രത്തിൽ ഈ രണ്ടു ഘടകങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ജനത്തിനു സംരക്ഷണം നല്കാനും നീതിയും ന്യായവും നടത്തിക്കൊടുക്കാനും വേണ്ടി നിയോഗിക്കപ്പെട്ടവരാണ് രാജാക്കന്മാർ. ജനത്തെയും രാജാക്കന്മാരയും ദൈവോന്മുഖമായി നയിക്കാനും വഴി തെറ്റുമ്പോൾ തിരുത്താനും വേണ്ടി അയക്കപ്പെട്ടവരാണ് പ്രവാചകന്മാർ. “രാജാക്കന്മാർ” എന്ന പേരിലാണ് ഈ പുസ്തകങ്ങൾ അറിയപ്പെടുന്നതെങ്കിലും പുസ്തകങ്ങളുടെ ഉള്ളടക്കത്തെ പൂർണ്ണമായി പ്രകടമാക്കാൻ ഈ പേര് അപര്യാപ്തമാണന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. “രാജ്യത്തിന്റെ പുസ്തകങ്ങൾ” (Books of the Kingdom) എന്നാണ് ഗ്രീക്കു വിവർത്തനത്തിൽ ഈ പുസ്തകങ്ങളെ വിളിക്കുന്നത്. ആദികാല പ്രവാചകന്മാർ (Former Prophets) എന്ന ഗണത്തിൽ യഹൂദർ ഈ പുസ്തകങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതും ശ്രദ്ധേയമത്രെ.



# ഭാഗം ഒന്ന്
# അവിഭക്ത ഇസ്രായേൽ സാമ്രാജ്യം

## സോളമൻ: 1 രാജാ 1–11; 2 ദിന 1–9

ഇസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും ഒരുമിച്ച് ശക്തമായ ഒരു സാമ്രാജ്യമായി നിലനിന്ന കാലഘട്ടത്തിന്റെ ചരിത്രമാണ് ആദ്യഭാഗത്തു വിവരിക്കുന്നത്. സോളമന്റെ സ്ഥാനാരോഹണം മുതൽ മരണം വരെയുള്ള നാല്പതു വർഷത്തെ ചരിത്രം (ബി.സി. 970–931) ഈ ഭാഗത്തു സവിസ്തരം പ്രതിപാദിക്കുന്നു.. ഇസ്രായേൽ ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവിലാണ് സോളമൻ രാജാവ് നിലകൊള്ളുന്നത്. അദ്ദേഹത്തിന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ സാമ്രാജ്യം അദ്ദേഹത്തിന്റെ മരണത്തോടെ രണ്ടായി പിളർന്ന് ദുർബ്ബലമായിത്തീർന്നു. പ്രതാപവാൻ, ജ്ഞാനി എന്ന രണ്ടു ബഹുമതികളാണ് സോളമനു ബൈബിളിൽ പൊതുവെ നല്കപ്പെടുന്നത്. സോളമന്റെ പ്രതാപത്തെയും ജ്ഞാനത്തെയും കുറിച്ച് യേശുക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (മത്താ 6, 29; 12, 42). നഗരങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൊത്തളങ്ങൾ മുതലായവയുടെയും സർവ്വോപരി ജറുസലേം ദേവാലയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിലാണ് സോളമന്റെ പ്രൗഢിയും പ്രതാപവും ഏറ്റം കൂടുതൽ പ്രകടമായത്. രാജ്യത്തെ ഭരണസംവിധാനം, നീതിന്യായപാലനം, അന്താരാഷ്ട്രബന്ധങ്ങൾ, വാണിജ്യം, വ്യവസായം, സൈന്യസംവിധാനം, കല, സാഹിത്യം, ശാസ്ത്രം മുതലായവയിലെ വൈദഗ്ദ്ധ്യം തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹത്തിന്റെ ജ്ഞാനം ദൃശ്യമാകുന്നു. സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം എന്നീ നാലു ബൈബിൾ ഗ്രന്ഥങ്ങൾ സോളമന്റെ പേരിലാണ് അറിയപ്പെടുന്നത്.

“ശ്ലോമോ” എന്നാണ് സോളമൻ എന്ന പേരിന്റെ ഹീബ്രുമൂലം. “സമാധാനം” എന്ന് അർത്ഥമുള്ള “ശാലോം' എന്ന വാക്കുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. പേര് അർത്ഥമാക്കുന്നതുപോലെ തന്നെ, സോളമന്റെ ഭരണകാലം ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം സമാ

ധാനത്തിന്റെ സുവർണ്ണദശയായിരുന്നു. ബാഹ്യശത്രുക്കളിൽ നിന്ന് ഒരാക്രമണവും ജനത്തിനു നേരിടേണ്ടിവന്നില്ല. തന്നെയുമല്ല, അതിനു മുമ്പോ, അതിനു ശേഷമോ, ഉണ്ടായിട്ടില്ലാത്തത്ര സമ്പൽസമൃദ്ധിയും ഇസ്രായേൽജനത്തിന് സോളമന്റെ ഭരണകാലത്തു കൈവന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിലെ ആദ്യത്തെ 11 അദ്ധ്യായങ്ങളും ദിനവൃത്താന്തം രണ്ടാം പുസ്തകത്തിലെ ആദ്യത്തെ 9 അദ്ധ്യായങ്ങളും സോളമന്റെ ചരിത്രം വിവരിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു. എന്നാൽ സോളമന്റെ ജീവിതവും ഭരണവും സംബന്ധിച്ച കാര്യങ്ങൾ കാലക്രമമനുസരിച്ചല്ല രേഖപ്പെടുത്തിയിരിക്കുന്നത്. തന്നെയുമല്ല, സോളമന്റെ വ്യക്തിത്വത്തെ സംബന്ധിച്ച പരസ്പര വിരുദ്ധമായ രണ്ടു കാഴ്ചപ്പാടുകൾ ഈ വിവരണങ്ങളിൽ പ്രതിഫലിക്കുന്നുമുണ്ട്. ഒരു ഭാഗത്ത് സോളമൻ മഹാജ്ഞാനിയും ദൈവഭക്തനും, കർത്താവിനോടും ജനത്തോടും വിശ്വസ്തനും നീതിമാനുമായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ മറുഭാഗത്ത് അന്യദൈവങ്ങളെ ആരാധിക്കുകയും വിഗ്രഹാരാധനയ്ക്കു വഴിതെളിക്കുകയും ജനത്തെ കഠിനമായ മർദ്ദനത്തിനും ചൂഷണത്തിനും ഇരയാക്കുകയും ചെയ്ത അവിശ്വസ്തനും നീതിരഹിതനുമായ ഒരു രാജാവായി അദ്ദേഹത്തെ ചിത്രീകരിക്കുന്നു.

സോളമന്റെ തന്നെ വ്യക്തിത്വത്തിലെ വൈവിധ്യങ്ങളും വൈരുധ്യങ്ങളും വി. ഗ്രന്ഥകാരൻ ഉപയോഗിച്ച സ്രോതസുകളും ഈ വൈരുധ്യത്തിനു കാരണമാണ്. രാജാവിന്റെ ചെയ്തികൾ ഔദ്യോഗികമായി എഴുതി സൂക്ഷിച്ചിരുന്ന രേഖകൾ, ദേവാലയ നിർമ്മാണത്തെയും സംവിധാനങ്ങളെയും സംബന്ധിച്ച രേഖകൾ, സോളമന്റെ ജ്ഞാനത്തെയും പ്രതാപത്തെയും കുറിച്ച് ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഐതിഹ്യങ്ങൾ മുതലായവ വി. ഗ്രന്ഥകാരൻ ഉപയോഗിച്ച സ്രോതസ്സുകളിൽപെടുന്നു. പ്രവാസകാലത്ത് ഇസ്രായേൽ ചരിത്രത്തെ മൊത്തമായി കണ്ടു വിലയിരുത്തുന്ന വി. ഗ്രന്ഥകാരൻ ഈ വൈരുധ്യങ്ങൾക്ക് ഒരു വിശദീകരണം നല്കുന്നുണ്ട്. ഭരണത്തിന്റെ ആരംഭകാലത്ത് അതീവഭക്തനും വിശ്വസ്തനുമായ സോളമൻ വാർദ്ധക്യമായപ്പോഴാണ് വഴിതെറ്റിപ്പോയത് (1 രാജാ 11,4) എന്ന വിശദീകരണം ഈ വൈരുദ്ധ്യങ്ങളുടെ കാരണം വ്യക്തമാക്കാനുള്ള ഒരു ശ്രമമാണ്. എന്നാൽ വിജാതീയ വനിതകളെ പ്രേമിക്കുകയും വിവാഹം കഴിക്കുകയും ചെയ്തത് വാർദ്ധക്യത്തിലല്ല എന്ന് വി.ഗ്രന്ഥകാരൻ സമ്മതിക്കുന്നുണ്ട്(1 രാജാ 11,3).

മറ്റേതൊരു വ്യക്തിയുടേതുമെന്നപോലെ നന്മയും തിന്മയും ഇടകലർന്നതായിരുന്നു സോളമന്റെയും ജീവിതം. എന്നാൽ ബൈബിളിലെ



മറ്റേതൊരു നേതാവിന്റേതിൽ നിന്നും സോളമന്റെ ജീവിതത്തിന് ഒരു വ്യത്യാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചെയ്തികളെല്ലാം, വിജയങ്ങളും വീഴ്ചകളും, പ്രൗഢോജ്വലമായിരുന്നു. സോളമൻ പടുത്തുയർത്തിയ സൗധങ്ങളും കരുപ്പിടുപ്പിച്ച ഭരണസംവിധാനങ്ങളും സ്വരുക്കൂട്ടിയ സമ്പത്തും എല്ലാം ഈ പ്രൗഢിയുടെ പ്രതീകങ്ങളാണ്. എന്നാൽ തീർത്തും ദുർബ്ബലമായ അടിത്തറയിന്മേലാണ് സോളമൻ തന്റെ സാമ്രാജ്യം കെട്ടിപ്പടുത്തത്. അതിനാൽത്തന്നെ സാമ്രാജ്യത്തിന്റെ പതനവും പ്രൗഢോജ്വലമായിരുന്നു.

ബൈബിളിലെ വിവരണങ്ങൾ പൊതുവെ സോളമന്റെ നേട്ടങ്ങളാണ് ഉയർത്തിക്കാണിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിൽ അദ്ദേഹത്തിന്റെ വീഴ്ചകളും പാളിച്ചകളും സാമ്രാജ്യ സ്ഥാപനത്തിനുവേണ്ടി കൊടുക്കേണ്ടിവന്ന വലിയ വിലയും ചുരുക്കമായെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ ദിനവൃത്താന്തത്തിൽ നിഷേധാത്മകമായ സൂചനകൾ എല്ലാം തന്നെ ഒഴിവാക്കിയിരിക്കുന്നു. രണ്ടു വിവരണങ്ങളിലും ദേവാലയവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അതുല്യ പ്രാധാന്യം നല്കിയിട്ടുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിൽ സോളമന്റെ ചരിത്രത്തിന്റെ 51%വും ദിനവൃത്താന്തഗ്രന്ഥത്തിൽ 63%വും ദേവാലയുമായി ബന്ധപ്പെട്ട വിവരണങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു. സോളമന്റെ ഏറ്റം വലിയ നേട്ടമായിട്ടാണ് ദേവാലയ നിർമ്മാണത്തെ വി.ഗ്രന്ഥം കാണുന്നതെന്ന് ഇതിൽനിന്നു വ്യക്തമാക്കുന്നു. അതിനുപുറമേ, ജറുസലെം ദേവാലയത്തിന് രക്ഷാചരിത്രത്തിലുള്ള വലിയ പ്രാധാന്യത്തിലേക്കും ഇതു വിരൽചൂണ്ടുന്നു.

ഇസ്രായേൽ ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവിലാണ് സോളമൻ നിലകൊള്ളുന്നത് എന്ന് ആരംഭത്തിൽ പറഞ്ഞുവച്ചു. സോളമന്റെ മരണത്തോടെ സാമ്രാജ്യം പിളർന്നു തകർന്നതുകൊണ്ടു മാത്രമല്ല ഇപ്രകാരമൊരു വിലയിരുത്തൽ നടത്തുന്നത്. ഇസ്രായേൽ ജനത്തിന്റെ സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവും മതപരവുമായ സകലമേഖലകളിലും സോളമന്റെ ഭരണം കാതലായ പരിവർത്തനങ്ങൾ വരുത്തിയെന്നതാണ് ഈ വിലയിരുത്തലിന്റെ മുഖ്യകാരണം. എന്തൊക്കെയാണ് ആ പരിവർത്തനങ്ങൾ എന്ന് തുടർന്നുവരുന്ന വ്യഖ്യാനത്തിൽ വ്യക്തമാക്കാൻ ശ്രമിക്കുന്നതാണ്.

സോളമന്റെ ചരിത്രം പഠനസൗകര്യാർത്ഥം നാലു ഭാഗങ്ങളായി തിരിക്കാം. **1. ദാവീദിന്റെ പിൻഗാമി, 2. ജ്ഞാനവും ഭരണസംവിധാനവും, 3. ദേവാലയ നിർമ്മാണം, 4. നേട്ടവും കോട്ടങ്ങളും.**

# 1. സോളമൻ ദാവീദിന്റെ പിൻഗാമി
## 1 രാജാ 1, 1–2, 46

ആരായിരിക്കും തന്റെ അനന്തരാവകാശി എന്നതിനെക്കുറിച്ച് ദാവീദു രാജാവ് വ്യക്തമായ ഒരു നിർദ്ദേശവും നല്കിയിരുന്നില്ല. പല ഭാര്യമാരിൽ നിന്നു ദാവീദിനു ജനിച്ച പുത്രന്മാരിൽ പലർക്കും സിംഹാസനത്തിൽ കണ്ണുണ്ടായിരുന്നു. ആദ്യജാതനായ അമ്നോനെ വധിച്ചതിനുശേഷം പട്ടാളവിപ്ലവത്തിലൂടെ അംബ്ശലോം രാജഭരണം പടിച്ചെടുക്കാൻ നടത്തിയ വിഫല ശ്രമം 2 സാമു 13–18ൽ വിശദമായി വിവരിച്ചുകഴിഞ്ഞു. അബ്ശലോമിന്റെ അകാലമരണം അടുത്ത അവകാശിയായ അദോനിയായ്ക്ക് സിംഹാസനത്തിലേക്കുള്ള വഴി തെളിച്ചു. വാർദ്ധക്യം മൂലം ശയ്യാവലംബിയായ ദാവീദിന്റെ അറിവോ അംഗീകാരമോ കൂടാതെ അയാൾ കിരീടം കരസ്ഥമാക്കാൻ ശ്രമിച്ചു. രാജസേവകരിൽ ശക്തന്മാരായ പലരുടെയും പിന്തുണ അയാൾക്കു ലഭിച്ചു. അതികോമളനും അവശേഷിച്ചിരുന്ന പുത്രന്മാരിൽ മൂത്തവനുമായ അദോനിയായെ രാജാവായി സ്വീകരിക്കാൻ ജനം തയ്യാറായിരുന്നു.

ഈ സാഹചര്യത്തിൽ നാഥാൻ പ്രവാചകന്റെ സമയോചിതവും തന്ത്രപരവുമായ ഇടപെടലാണ് സംഭവങ്ങളുടെ ഗതി മറ്റൊരു ദിശയിലേക്ക് തിരിച്ചുവിട്ടത്. ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ദാവീദിന്റെ ഒരു വാഗ്ദാനത്തെ അനുസ്മരിപ്പിച്ചുകൊണ്ട്, നാഥാന്റെ ഉപദേശപ്രകാരം , ബത്ഷേബാ തന്റെ പുത്രനായ സോളമനുവേണ്ടി വാദിച്ചു. നാഥാൻ അവളെ പിന്താങ്ങി. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ദാവീദ് ആലസ്യത്തിൽ നിന്നുണർന്ന് ഭരണചക്രത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു; തന്റെ വിശ്വസ്ത സേവകർക്കും അംഗരക്ഷക സേനയ്ക്കും അടിയന്തരമായ നിർദ്ദേശങ്ങൾ നല്കി. അദോനിയായും അനുയായികളും ആഘോഷലഹരിയിൽ ആമഗ്നരായിരുന്നപ്പോൾ സോളമൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ജനം ആഹ്ലാദാരവമുയർത്തി. അദോനിയായുടെ സ്വപ്നങ്ങൾ പൊലിഞ്ഞു. അനുയായികൾ അയാളെ വിട്ടുപോയി. പിതാവിന്റെ ഉപദേശവും സ്വന്തം കണക്കുകൂട്ടലുകളും അനുസരിച്ച് സോളമൻ തന്റെ എതിരാളികളെ തന്ത്രപൂർവ്വം ഉന്മൂലനം ചെയ്തു. ഈ സംഭവപരമ്പരകളാണ് തികച്ചും നാടകീയമായ വിധത്തിൽ രാജാക്കന്മാരുടെ ഒന്നാം



പുസ്തകത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്. ഈ വിവരണങ്ങളെ മൂന്നായി തിരിക്കാം. **a. സ്ഥാനാരോഹണം, b. ദാവീദിന്റെ അന്ത്യോപദേശം, c. ശത്രുസംഹാരം.**

### a. സോളമന്റെ സ്ഥാനാരോഹണം 1 രാജാ 1, 1–53

#### i. രാജാവിന്റെ വാർദ്ധക്യം 1 രാജാ 1, 1–4.

ദാവീദു രാജാവിന്റെ വാർദ്ധക്യത്തെക്കുറിച്ചുള്ള ഒരു പരാമർശത്തോടെയാണ് വിവരണം ആരംഭിക്കുന്നത് (1 രാജാ1,1–4). കരിമ്പടം പുതച്ചിട്ടും കുളിർ മാറാതെ കിടക്കയിൽ ചുരുണ്ടുകൂടി കിടക്കുന്ന രാജാവിന്റെ ചിത്രം ഇതുവരെ കണ്ട യോദ്ധാവിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. 2 സാമു5, 5; 1 രാജാ 2, 11 ൽ നല്കിയിരിക്കുന്ന കണക്കനുസരിച്ച് രാജാവിന് ഏകദേശം എഴുപതുവയസ്സായി. വൃദ്ധനായ ദാവീദിനെ പരിചരിക്കാനും കൂടെ കിടന്നു ചൂടുപകരാനുമായി സുന്ദരിയും കന്യകയുമായ അഭിഷാഗിനെ സേവകന്മാർ തിരഞ്ഞെടുത്തത് അന്ന് നിലവിലിരുന്ന വൈദ്യവിധികൾ അനുസരിച്ചായിരുന്നു എന്ന് യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജൊസേഫൂസിന്റെ ഒരു വിശദീകരണത്തെ അടിസ്ഥാനമാക്കി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. എന്നാൽ വാർദ്ധക്യസഹജമായ ദൗർബല്യവും അതിനു വൈദ്യന്മാർ വിധിച്ച ചികിത്സയും മാത്രമല്ല ഈ നാലു വാക്യങ്ങൾ അവതരിപ്പിക്കുന്നത്.

ഭരണകാര്യത്തിലെന്നല്ല, സ്വന്തം കാര്യങ്ങളിൽ പോലും ശ്രദ്ധിക്കാൻ കഴിയാത്ത വിധം ദാവീദു ദുർബ്ബലനായിത്തീർന്നു. യുവസുന്ദരിയായ അബിഷാഗിനെക്കുറിച്ചുള്ള പരാമർശത്തിനു വ്യാഖ്യാതാക്കൾ രണ്ടു ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ദാവീദിന്റെ പൗരുഷവും ലൈംഗികശക്തിയും തീർത്തും അസ്തമിച്ചു എന്ന് എടുത്തുകാട്ടുകയാണ് ഒരു ലക്ഷ്യം. അന്യന്റെ ഭാര്യയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായതോടെ ആരംഭിച്ചതാണ് ദാവീദിന്റെ അനർത്ഥങ്ങൾ. ജീവിതാന്ത്യത്തിൽ ഇസ്രായേലിലെ ഏറ്റം സുന്ദരിയായ യുവതിയെ ഭാര്യയായി കിട്ടിയിട്ടും ഒന്നും ചെയ്യാൻ കഴിയാത്തവിധം ദാവീദ് അശക്തനായിത്തീർന്നിരിക്കുന്നു. ബത്ഷേബായും അബിഷാഗും ദാവീദിന്റെ ജീവിതത്തിന്റെ രണ്ടറ്റങ്ങളിലായി നിലകൊള്ളുന്നു-ദാവീദിന്റെ തന്നെ ജീവിതത്തിലെ വൈരുധ്യങ്ങളുടെ പ്രതീകങ്ങൾ പോലെ. അദോനിയായുടെ മരണത്തിനു കളമൊരുക്കുകയാണ് അബിഷാഗിനെക്കുറിച്ചുള്ള പരാമർശത്തിന്റെ രണ്ടാമത്തെ ലക്ഷ്യം (1 രാജാ 2, 13–25).

ഇവയ്ക്കുപുറമേ ചില വ്യാഖ്യാതാക്കൾ മറ്റൊരു കാരണം കൂടി ഈ വിവരണത്തിൽ കാണുന്നുണ്ട്. കാനാൻദേശത്തു നിലവിലിരുന്ന വിശ്വാസപ്രകാരം രാജ്യത്തിന്റെ ഫലപുഷ്ടിയും മനുഷ്യരുടെയും മൃഗങ്ങളുടെയും സന്താനപുഷ്ടിയും രാജാവിന്റെ പൗരുഷത്തെ ആശ്രയിച്ചിരുന്നു. ലൈംഗികശക്തി നഷ്ടപ്പെട്ട രാജാവ് ജനത്തെ ഭരിക്കാൻ പ്രാപ്തനല്ല. അതിനാൽ സ്ഥാനമൊഴിയാൻ കാലമായി എന്ന സൂചനയാണത്രേ ഈ വിവരണത്തിലൂടെ നല്കുന്നത്. ദാവീദ് അവളെ അറിഞ്ഞില്ല എന്ന പ്രസ്താവന (1 രാജാ 1,4) അവളുമായി ലൈംഗികബന്ധത്തിലേർപ്പെട്ടില്ല എന്നാണ് അർത്ഥമാക്കുന്നത്. എന്നാൽ അതോടൊപ്പം രാജ്യത്ത് സംഭവിക്കുന്നതൊന്നും ദാവീദ് അറിയുന്നില്ല എന്ന ബത്ഷേബായുടെ പരിദേവനത്തിലേയ്ക്കും (1 രാജാ1,18) ഇതു വിരൽചൂണ്ടന്നു. പിൻഗാമിക്ക് അധികാരം കൈമാറാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന സൂചനയാണ് ഇതിൽനിന്നെല്ലാം ലഭിക്കുന്നത്.

### ii. അദോനിയായുടെ ഉപജാപം 1, 5-10

വൃദ്ധനായ പിതാവിന്റെ ദൗർബല്യത്തെ ചൂഷണം ചെയ്ത് അദോനിയാ സ്വയം രാജാവാകാൻ വേണ്ടി തന്ത്രപൂർവ്വം കരുക്കൾ നീക്കി. മുൻമ്പ് അബ്ശലോം എടുത്ത അതേ നടപടികളാണ് (2സാമു15) അദോനിയായും സ്വീകരിച്ചത്. അവശേഷിച്ച പുത്രന്മാരിൽ മൂത്തവൻ ആയതിനാലാവാം ഈ നടപടികളെക്കുറിച്ച് അയാളെ ദാവീദ് ശാസിക്കാതിരുന്നത്. ഉപജാപത്തിലും സൗന്ദര്യത്തിലും ബുദ്ധിശൂന്യതയിലും അബ്ശലോമിന്റെ സാക്ഷാൽ അനുജനായിരുന്നു അദോനിയാ.

ദാവീദിന് രണ്ടുതരം സൈന്യങ്ങളുണ്ടായിരുന്നു. ആവശ്യാനുസരണം ഇസ്രായേൽ ജനത്തിൽ നിന്ന് തിരഞ്ഞെടുത്തു വിളിച്ചുകൂട്ടുന്നതായിരുന്നു മുഖ്യ സൈന്യം. ആ സൈന്യത്തിന്റെ നയകനായിരുന്നു ദാവീദിന്റെ സഹോദരിപുത്രനായ യൊവാബ്. കൂലിക്കെടുത്ത വിദേശിയരായിരുന്നു സൈന്യത്തിന്റെ മറ്റൊരു വിഭാഗം. ഇവർ എണ്ണത്തിൽ കുറവായിരുന്നെങ്കിലും ഒരു സ്ഥിര സൈന്യമായിരുന്നു. ദാവീദിന്റെ അംഗരക്ഷകസേനയായ ഇവർ എപ്പോഴും യുദ്ധസന്നദ്ധരായിരുന്നു. ബെനായ ആയിരുന്നു ഇവരുടെ അധിപൻ.

സാവൂൾ നടത്തിയ കൂട്ടക്കുരുതിയെ അതിജീവിച്ച ഏലി കുടുംബത്തിലെ ഏകപുരോഹിതനായിരുന്നു അബിയാഥർ. ഒളിവിൽ കഴിഞ്ഞിരുന്ന ദാവീദിന്റെ കൂടെ ചേർന്ന അയാൾ എന്നും ദാവീദിനോടു വിശ്വ



സ്ഥനായിരുന്നു. ദാവീദു രാജാവായി ജറുസലെമിൽ വാസമുറപ്പിച്ചതിനു ശേഷമാണ് സാദോക്ക് പുരോഹിതനായത്. ചെറുപ്പം മുതലേ ദാവീദിനോട് കൂറു പുലർത്തിയിരുന്നവരുടെ പിന്തുണ ലഭിച്ചത് അദോനിയായ്ക്ക് വലിയ നേട്ടമായിരുന്നു. രാജസേവകരിൽ ചിലരെ അയാൾ മനഃപൂർവ്വം ഒഴിവാക്കിയത് അവരുടെ പിന്തുണ ലഭിക്കുകയില്ല എന്നു കരുതിയാവണം. സേവകരുടെ ഇടയിൽ തന്നെ ഭിന്നിപ്പുണ്ടായിരുന്നു എന്ന് ഇതിൽ നിന്നു അനുമാനിക്കാം. സോളമൻ ഒഴികെ മറ്റ് രാജകുമാരന്മാരെയെല്ലാം വിരുന്നിനു വിളിച്ചത് ഈ അനുമാനത്തിനു കൂടുതൽ ശക്തി പകരുന്നു. രാജാവാകാനുള്ള ശ്രമത്തിൽ സോളമനെ മാത്രമാണ് അദോനിയാ എതിരാളിയായി കണ്ടത്.

ജറുസലെമിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ വടക്കായിട്ടാണ് എൻറോഗെൽ. "ചാരന്മാരുടെ ഉറവ" എന്നാണ് പേരിന്റെ അർത്ഥം. തന്റെ അനുഭാവികളെയെല്ലാം ബലിവിരുന്നിനു ക്ഷണിച്ചത് സ്വയംരാജാവായി പ്രഖ്യാപിക്കാനുള്ള ഉദ്ദേശത്തോടെയായിരുന്നു. ഇവിടെയും അദോനിയ അബ്ശലോമിനെ അനുകരിക്കുകയാണ് (2 സാമു 15, 7-12). എന്നാൽ താൻ ഒഴിവാക്കിയവരുടെ കഴിവുകളും ദാവീദുരാജാവിനു മേൽ അവർക്കുള്ള സ്വാധീനവും വൃദ്ധനായ രാജാവിന്റെ പ്രതികരണശേഷിയും അയാൾ വേണ്ടത്ര കണക്കിലെടുത്തില്ല.

### iii സോളമന്റെ രാജാഭിഷേകം 1 രാജാ 1,11-40

രണ്ടു തവണ ദാവീദിനെ ദൈവഹിതം അറിയിച്ച നാഥാൻ പ്രവാചകൻ വീണ്ടും ഒരിക്കൽക്കൂടി നിർണ്ണായകമായ വിധത്തിൽ ഇടപെട്ട് ഇസ്രായേൽ ചരിത്രത്തിന്റെ ഗതി നിർണ്ണയിച്ചു. അദോനിയായുടെ ഉപജാപത്തെ പരാജയപ്പെടുത്തിയത് നാഥാൻ രൂപം കൊടുത്ത ഗൂഢാലോചനയാണ്. വൃദ്ധനായ ദാവീദിനെ ആലസ്യത്തിൽ നിന്നുണർത്തിരാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ച അതിപ്രധാനമായ തീരുമാനമെടുക്കാൻ പ്രേരിപ്പിക്കുകയാണ് നാഥാൻ ചെയ്തത്. അതിനായി ആദ്യമേ ബത്ഷേബായെ കാര്യത്തിന്റെ ഗൗരവം പറഞ്ഞു മനസ്സിലാക്കി (1 രാജാ1,11-12). ഇഷ്ടഭാര്യ എന്ന നിലയിൽ ബത്ഷേബായ്ക്ക് ദാവീദിന്റെ അടുക്കൽ കടന്നു ചെല്ലുക എളുപ്പമായിരുന്നു. ദാവീദിനോടു പറയേണ്ട കാര്യങ്ങൾ ബത്ഷേബാക്ക് നാഥാൻ തന്നെ പറഞ്ഞുകൊടുത്തു (1 രാജാ1,13.)

നാഥാന്റെ ഉപദേശം സ്വീകരിച്ച് രാജസന്നിധിയിലെത്തിയ ബത്ഷേബാ തന്റേതായ വിധത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചു (1 രാജാ

1,15-21). നാലു കാര്യങ്ങളാണ് അവൾ രാജാവിന്റെ ശ്രദ്ധയിൽ പ്പെടുത്തിയത്. 1. തനിക്കുശേഷം സോളമനെ രാജാവാക്കാമെന്ന് ദാവീദ് വാഗ്ദാനം ചെയ്തിരുന്നു. 2. ദാവീദിന്റെ അറിവുകൂടാതെ അദോനിയ രാജാവായിരിക്കുന്നു. 3. തന്റെ പിൻഗാമിയെക്കുറിച്ചുള്ള രാജാവിന്റെ തീരുമാനം അറിയാൻ ജനം കാത്തിരിക്കുന്നു. 4. ബത്ഷേബായുടെയും സോളമന്റെയും ജീവൻ അപകടത്തിലായിരിക്കുന്നു. അടിയന്തിരമായി തീരുമാനമെടുക്കാനും ശക്തമായി പ്രവർത്തിക്കാനും ദാവിദിനെ പ്രരിപ്പിക്കുകയാണ് ഈ നിവേദനത്തിന്റെ ലക്ഷ്യം. തന്റെ അന്തസ്സും അഭിമാനവും രാജ്യത്തിന്റെ ഭാവിയും മാത്രമല്ല, താൻ പ്രാണതുല്ല്യം സ്നേഹിക്കുന്ന ഭാര്യയുടെയും മകന്റെയും ജീവൻ തന്നെയും അപകടത്തിലായിരിക്കുന്നു എന്ന അവബോധം ദാവീദിനെ വീണ്ടും കർമ്മനിരതനാകാൻ പര്യാപ്തമായിരുന്നു.

പിറകേ വന്ന നാഥാൻ ബത്ഷേബായുടെ വാക്കുകൾക്ക് ശക്തി പകർന്നു; ദാവീദിനെ തന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ബോധവാനാക്കി. അദോനിയായുടെ വിരുന്നിനു ക്ഷണിക്കപ്പെടാതിരുന്നിവർ ദാവീദിന്റെ പ്രിയപുത്രനും ഏറ്റം അടുത്ത സേവകരുമായിരുന്നു. അവരുടെയെല്ലാം ജീവൻ അപകടത്തിലായിരിക്കുന്നു എന്ന് നാഥാനും സൂചിപ്പിച്ചു. ഒരാൾ രാജാവായി ഭരണമേല്ക്കുമ്പോൾ എതിരാളികളെയല്ലാം ഉന്മൂലനം ചെയ്യുക പതിവായിരുന്നു. അദോനിയായുടെ വിരുന്നിനു ക്ഷണിക്കപ്പെടാതിരുന്നവർക്ക് സംരക്ഷണം ലഭിക്കുകയില്ല എന്നത് ഉറപ്പായിരുന്നു.

സോളമനെ രാജാവാക്കും എന്നു ദാവീദ് നല്കിയതായി ബത്ഷേബായും നാഥാനും ആവർത്തിച്ച് അനുസ്മരിപ്പിക്കുന്ന വാഗ്ദാനം മറ്റാരും അറിഞ്ഞിരുന്നില്ല. വൃദ്ധനായ ദാവീദിനെ കർമ്മോദ്യുക്തനാക്കാൻ വേണ്ടി നാഥാൻ കണ്ടുപിടിച്ച ഒരു മാർഗ്ഗമാണ് ഇത് എന്ന് കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. 1ദിന 22, 9-10; 28,47ൽ ദാവീദ് നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന സൂചനകൾ പിൽക്കാലത്ത് കൂട്ടിച്ചേർത്തതായും കരുതപ്പെടുന്നു. എന്നാൽ സോളമന്റെ ജനനവുമായി ബന്ധപ്പെടുത്തി " കർത്താവ് അവനെ സ്നേഹിച്ചു" എന്ന വി. ഗ്രന്ഥകാരന്റെ പ്രസ്താവനയും നാഥാൻ അവനു നല്കിയ "യദീദിയാ" എന്ന പേരും (2 സാമു 12,25) ദാവീദിന്റെ പുത്രന്മാരിൽ സോളമനു നല്കപ്പെട്ട പ്രത്യേകസ്ഥാനത്തെ സൂചിപ്പിക്കുന്നുണ്ട്. പക്ഷേ കർത്താവിന്റെ നിർദ്ദേശമനുസരിച്ചാണ് നാഥാൻ ഇവിടെ പ്രവർത്തിച്ചത് എന്നു വി. ഗ്രന്ഥകാരൻ പറയാത്തതിനാൽ അന്തഃപുരത്തിൽ നടന്ന ഗൂഢാലോചനയിലൂടെയാണ് സോളമൻ രാജാവായത് എന്ന ധ്വനി ഈ വിവരണത്തിലുണ്ട്.



ബത്ഷേബായുടെയും നാഥാന്റെയും വാക്കുകൾ ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചു. ദാവീദ് തന്റെ വാഗ്ദാനം നിറവേറ്റാൻ ഉടനടി നടപടികൾ സ്വീകരിച്ചു (1 രാജാ1,28-35). തന്റെ വിശ്വസ്ഥരായ നാഥാൻ, സാദോക്ക്, ബെ നായ എന്നിവരെ വിളിപ്പിച്ച് സോളമനെ രാജാവായി വാഴിക്കാനുള്ള നിർദ്ദേശങ്ങൾ നല്കി. പുരോഹിതനും പ്രവാചകനും സൈന്യാധിപനും രാജ്യത്തെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്. രാജാവിന്റെ അംഗരക്ഷക സേനയാണ് കെറേത്യരും പെലേത്യരും എന്നറിയപ്പെടുന്ന സേവകർ (1 രാജാ1, 33-38). കോവർ കഴുത രാജാവ് സവാരി ചെയ്യുന്ന മൃഗമായിരുന്നു. ജറുസലെമിൽ നിന്ന് ഏകദേശം 500 മീറ്റർ വടക്കായി കെദ്രോൻ താഴ്വരയിലുള്ള വലിയൊരു ഉറവയാണ് ഗീഹോൻ. നിർഗ്ഗളിക്കുക എന്നാണ് പേരിന്റെ അർത്ഥം. ഭൂഗർഭത്തിലുള്ള ഒരു ഗുഹയിൽ നിന്ന് ദിവസത്തിൽ പലതവണ ശക്തമായി വെള്ളം പുറത്തേക്കു തള്ളി വരുക ഈ ഉറവയുടെ പ്രത്യേകതയാണ്. അതിനാൽ ആയിരിക്കും ഈ പേർ ലഭിച്ചത്.

ദാവീദിന്റെ നിർദ്ദേശത്തെ സൈന്യാധിപൻ സർവ്വാത്മനാ പിൻതാങ്ങി (1 രാജാ1, 36-37). അതോടൊപ്പം ദാവീദിന്റെ തീരുമാനത്തെ ദൈവവും അംഗീകരിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. ആ ആശംസ ഒരു പ്രാർത്ഥന ആയിരുന്നു. ഈ വിവരണത്തിൽ ദൈവഹിതത്തെക്കുറിച്ച് ആദ്യമായിട്ടാണ് പരാമർശിക്കുന്നത് എന്നത് ശ്രദ്ധേയമത്രെ. അത് പ്രവാചകനോ പുരോഹിതനോ  രാജാവോ അല്ല, സൈന്യാധിപനാണ് പറയുന്നത് എന്നതും പ്രത്യകം ശ്രദ്ധയർഹിക്കുന്നു. ഇക്കാര്യത്തിൽ ദൈവഹിതം എന്താണന്ന് ആരും അന്വേഷിച്ചില്ല. പ്രതിസന്ധിയിൽ തങ്ങൾക്ക് ഏറ്റം യുക്തമെന്ന് തോന്നിയത് ഓരോരുത്തരും ചെയ്തു. ദൈവം അത് അംഗീകരിക്കും എന്നു പ്രതീക്ഷിച്ചു. സോളമന്റെ രാജാഭിഷേകത്തെക്കുറിച്ച് സന്നിഗ്ദ്ധമായ ഒരു നിലപാടാണ് വി.ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്

രാജകല്പന തത്ക്ഷണം അനുവർത്തിക്കപ്പെട്ടു (1 രാജാ1, 38-40). പുരോഹിതനും പ്രവാചകനും ചേർന്ന് സോളമനെ രാജാവായി അഭിഷേചിച്ചു. രാജാവിന്റെ അനന്തരാവകാശിയെക്കുറിച്ചുള്ള സംശയങ്ങൾ അവസാനിച്ചതിനാൽ ജനം ആഹ്ലാദാരവം മുഴക്കി. ഇവിടെയെല്ലാം സോളമൻ നിഷ്ക്രിയനായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. സ്വന്തമായി ഒരു

കാര്യത്തിലും മുൻകൈ എടുക്കുന്നില്ല. എല്ലാം അയാൾക്കുവേണ്ടി ചെയ്തുകൊടുക്കപ്പെടുന്നു. എല്ലാറ്റിനും അയാൾ സ്വയം വിട്ടുകൊടുക്കുന്നു. സാവൂളും ദാവീദും രാജാവായതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഈ നടപടികൾ .

### iv അദോനിയായുടെ പ്രതികരണം 1രാജാ 1, 41–53

ഗീഹോനിൽ നിന്നു മുഴങ്ങിയ കാഹളധ്വനിയും ആർപ്പുവിളിയും എന്റോഗെലിൽ എത്തി. രണ്ടും തമ്മിൽ ഏകദേശം 500 മീറ്റർ അകലമേയുള്ളു. ആദ്യമേ അപകടം മണത്തറിഞ്ഞത് പരിചയസമ്പന്നനായ യോദ്ധാവായ യോവാബാണ്. സോളമൻ രാജാവായിരിക്കുന്നു എന്നറിഞ്ഞ അദോനിയായുടെ അതിഥികൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. കാരണം അയാളുടെ കൂടെ നില്ക്കുന്നത് രാജദ്രോഹമായി പരിഗണിക്കപ്പെടും എന്ന് അവർക്ക് അറിയാമായിരുന്നു. തന്റെ ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ അദോനിയാ കർത്താവിന്റെ കൂടാരത്തിൽ അഭയം പ്രാപിച്ചു. ബലിമൃഗങ്ങളുടെ രക്തം പുരട്ടുന്നതിനുവേണ്ടി ബലിപീഠത്തിന്റെ നാലുകോണുകളിലും കൊമ്പുപോലെ ഉയർന്നു നില്ക്കുന്ന ഭാഗമാണ് "വളർ കോൺ". "കൊമ്പ്" എന്നാണു മൂലം. അതിൽ പിടിച്ചു നില്ക്കുന്നവർക്ക് സംരക്ഷണം നല്കണം എന്ന പൊതുധാരണയുണ്ടായിരുന്നു.

സോളമന്റെ ജ്ഞാനവും നയതന്ത്രപാടവും വ്യക്തമാക്കുന്നതാണ് അദോനിയായ്ക്കു ദൂതന്മാർ വഴി നല്കുന്ന മറുപടി (1 രാജാ 1,52). അദോനിയാ ആവശ്യപ്പെട്ട സംരക്ഷണം നല്കുമോ ഇല്ലയോ എന്നു വ്യക്തമാക്കുന്നില്ല. മരിക്കുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും അദോനിയായുടേതു തന്നെ ആയിരിക്കും എന്ന വ്യക്തമായ സൂചന ഈ മറുപടിയിലുണ്ട്. ബലിപീഠത്തിൽ നിന്ന് ബലമായി പിടിച്ചു കൊണ്ടുവന്ന അദോനിയായോട് "നിന്റെ വീട്ടിലേക്കു പോവുക" എന്ന കല്പനയല്ലാതെ ഒറ്റ വാക്കുപോലും സോളമൻ പറയുന്നില്ല. അധികാരം മുഴുവൻ കൈപ്പിടിയിൽ ഒതുക്കിയ രാജാവിന്റെ ആജ്ഞാസ്വരം ഈ കല്പനയിൽ പ്രതിധ്വനിക്കുന്നു.

**വിചിന്തനം:** സോളമന്റെ രാജാഭിഷേകത്തോടെ ഇസ്രായേലിൽ ഒരു പുതിയ സംവിധാനം നിലവിൽ വന്നു. സാവൂളും ദാവീദും രാജാവായത് സുദീർഘമായ ഒരു പ്രക്രിയയിലൂടെ ആയിരുന്നു. കർത്താവിന്റെ തിരഞ്ഞെടുപ്പ്, പുരോഹിതൻ വഴിയുള്ള അഭിഷേകം, ശക്തിതെളിയിക്കൽ, ജനത്തിന്റെ അംഗീകാരം എന്നിങ്ങനെ നാല് പ്രധാന ഘടകങ്ങൾ ആ പ്രക്രിയയിൽ ഉണ്ടായിരുന്നു. എന്നാൽ സോളമനെ സംബന്ധിച്ച് അഭിഷേകം ഒഴികെ മറ്റൊന്നും പ്രസക്തമാകുന്നില്ല. ദാവീദാണ് സോളമനെ രാജാവായി നിശ്ചയിക്കുന്നത്. ദൈവഹിതമോ ജന താൽപര്യമോ അന്വേഷിക്കുന്നില്ല. ഏല്പിക്കുന്ന ജോലി നിർവ്വഹിക്കാൻ പര്യാപ്തനാണെന്ന് മുൻകൂർ തെളിയിക്കേണ്ട ഉത്തരവാദിത്വവും സോളമനില്ല.

രാജാവംശം സ്ഥാപിക്കപ്പെടുകയായി. ഭരിക്കുന്ന രാജാവിന്റെ പുത്രൻ പിതാവിനുശേഷം രാജാവാകുന്നു. അതിനാൽ രാജാവിന് ആരോടും ഉത്തരവാദിത്വമില്ല എന്ന അവസ്ഥ സംജാതമായി. സോളമന്റെ അഭിഷേകത്തിനുശേഷം ജനം ആർത്തു വിളിച്ചെങ്കിലും അത് ചുരുക്കം പേർ മാത്രമായിരുന്നു. നടപ്പാക്കിയ തീരുമാനത്തിന് "എറാൻ" മൂളുകയല്ലാതെ തീരുമാനം എടുക്കുന്ന പ്രക്രിയയിൽ ജനത്തിനു പങ്കുണ്ടായിരുന്നില്ല. തങ്ങളുടെ ഭാഗധേയം നിർണ്ണയിക്കാനുള്ള അവകാശം അവരിൽ നിന്നും പൂർണ്ണമായും എടുത്തുമാറ്റപ്പെട്ടു. തങ്ങളെ ആരു ഭരിക്കണമെന്നോ എങ്ങനെ ഭരിക്കണമെന്നോ നിശ്ചയിക്കാൻ അവർക്കിനി അവകാശമില്ല. ഇസ്രായേൽ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം ആരംഭിക്കുകയായി.

## b. ദാവീദിന്റെ അന്തിമോപദേശവും മരണവും

**1 രാജാ 2,1–12**

തന്റെ മരണത്തിനു തൊട്ട് മുമ്പ് ദാവീദ് സോളമനു നല്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. സോളമന് ഉണ്ടായിരിക്കേണ്ട മനോഭാവത്തേയും അടിയന്തരമായി നിറവേറ്റേണ്ട ചില രാഷ്ട്രീയ കടമകളേയും സംബന്ധിക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. കർത്താവിനോടും അവിടുത്തെ നിയമങ്ങളോടും പരിപൂർണ്ണ വിശ്വസ്തത പാലിക്കാൻ മകനെ ഉപദേശിക്കുകയാണ് ദാവീദ് ആദ്യമേ ചെയ്യുന്നത് (1 രാജാ 2,2–4). ഇതിനെ ദാവീദിന്റെ "ആത്മീയ ഒസ്യത്ത്" എന്നു വിശേഷിപ്പിക്കാവുന്നതാണ്. കർത്താവ് ജോഷ്വായ്ക്ക് നല്കുന്ന ഉപദേശവുമായി ഇതിന് അടുത്ത സാമ്യമുണ്ട് (ജോഷ്വാ 1,6–9; നിയ 31, 7–8.23).

കർത്താവിനെ അനുസരിച്ചാൽ എല്ലാ ഉദ്യമങ്ങളിലും വിജയിക്കും എന്ന വാഗ്ദാനത്തിന് ഒരു മറു വശമുണ്ട്. അനുസരണക്കേട് ശിക്ഷയും നാശവും വരുത്തിവയ്ക്കും. രാജ്യം നഷ്ടപ്പെട്ട് പ്രവാസികളായി കഴി

യുന്ന ജനത്തിന് തങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ സഹായകമാണ് ഈ ഉപദേശം. ഈ രണ്ടു വാക്യങ്ങൾ (1 രാജാ 2,3-4) നിയമാവർത്തന ഗ്രന്ഥത്തിന്റെ ശൈലിയിൽ രചിക്കുന്നതിനാൽ ഇതിനെ നിയമാവർത്ത നാത്മക ചരിത്രകാരന്റെ രചനയായി വ്യാഖ്യാതാക്കൾ കരുതുന്നു. ദാവീദിന്റെ അന്തിമോപദേശം വി.ഗ്രന്ഥകാരൻ തന്റേതായ വാക്കുകളിൽ അവതരിപ്പിക്കുകയാണിവിടെ. ഈ ഉപദേശം സോളമന്റെ വിജയങ്ങൾക്കും പരാജയങ്ങൾക്കും വിശദീകരണം നല്കുന്നു.

അടുത്തതായി രാജഭരണത്തിന്റെ ചില പ്രായോഗിക വശങ്ങളിലേക്ക് ദാവീദ് ശ്രദ്ധ തിരിക്കുന്നു. പല കാരണങ്ങളാൽ തനിക്കു നിറവേറ്റാൻ കഴിയാതെ അവശേഷിച്ച ചില കടമകൾ പൂർത്തിയാക്കാനാണ് ദാവീദ് സോളമനോട് ആവശ്യപ്പെടുന്നത്. യൊവാബ്, ബെർസില്ലായുടെ മക്കൾ, ഷിമേയി എന്നിവരോട് അനുവർത്തിക്കേണ്ട നയമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം (1 രാജാ 2,5-9). യൊവാബിനെയും ഷിമെയിയെയും വധിക്കാൻ ആവശ്യപ്പെടുന്നത് പ്രത്യക്ഷത്തിൽ പ്രതികാരചിന്തയായി തോന്നിയേക്കാം. എന്നാൽ മതാത്മകവും രാഷ്ട്രീയവുമായ ഒരു കടമയാണിതെന്ന് അന്നു നിലവിലിരുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഈ നിർദ്ദേശങ്ങളെ അപഗ്രഥിച്ചാൽ മനസ്സിലാക്കാൻ കഴിയും.

ദാവീദിന്റെ വിശ്വസ്ത സേവകനും ശക്തനായ സൈനാധിപനുമായിരുന്നു യൊവാബ്. സകല അപകടങ്ങളിലും ദാവീദിനോടു ചേർന്നു നിന്ന അയാളെ വധിക്കാൻ ആവശ്യപ്പെടുന്നത് ക്രൂരമായി തോന്നാം. യൊവാബു നടത്തിയ രണ്ടു കൊലപാതകങ്ങളാണ് ഇപ്രകാരമൊരു നിർദ്ദേശത്തിനു കാരണമായി നില്ക്കുന്നത്. ഇസ്രായേൽ ഗോത്രങ്ങളെ മുഴുവൻ ദാവീദുമായി രമ്യതയിലെത്തിക്കാൻ വേണ്ടി ചർച്ചയ്ക്കു വന്ന അബ്നേറിനെ മുൻവിരോധത്തിന്റെ പേരിൽ യൊവാബ് ചതിയിൽ കൊന്നു (2 സാമു 3). അബ്ശലോമിനോട് കൂറുപുലർത്തിയെങ്കിലും അയാളുടെ മരണത്തിനുശേഷം ദാവീദിന്റെ പക്ഷം ചേർന്ന അമാസയെയും അതുപോലെ തന്നെ യൊവാബ് വധിച്ചു (2 സാമു 20,8-10). ഈ രണ്ടു കൊലപാതകങ്ങളും ദാവീദിന് താത്കാലികമായ വിഷമങ്ങൾ സൃഷ്ടിച്ചെങ്കിലും ആത്യന്തികമായി അത് ദാവീദിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി ഭവിച്ചു. എന്നാൽ ഈ രണ്ടു സേനാധിപന്മാരെ ഉന്മൂലനം ചെയ്യുന്നതിൽ യൊവാബിന് സ്വാർത്ഥപരമായ ലക്ഷ്യങ്ങളും ഉണ്ടായിരുന്നു (ബൈ. തീ 11 p99,189).



നിരപരാധിയെ മനഃപൂർവ്വം വധിക്കുന്നവന് ജീവിക്കാൻ അവകാശമില്ല; അവനെ കൊന്ന്, കൊല്ലപ്പെട്ടവനുവേണ്ടി പ്രതികാരം ചെയ്യാൻ ഉറ്റബന്ധുവിന് കടമയുണ്ട് (ഉൽപ 9,6; സംഖ്യ 35,12.19). മരിച്ചവനുവേണ്ടി പ്രതികാരം ചെയ്യാത്തിടത്തോളം കാലം അതിന് ഉത്തരവാദപ്പെട്ടവന്റെ മേൽ രക്തത്തിന്റെ കറയും ശാപവും ഉണ്ടായിരിക്കും. "എന്റെ പാദുകങ്ങളും അരപ്പട്ടയും രക്തം പുരണ്ടിരിക്കുന്നു" (1 രാജാ 2,5) എന്നു ദാവീദ് പറയുന്നത് അവർക്കുവേണ്ടി പ്രതികാരം ചെയ്യാനുള്ള കടമ ഇനിയും നിറവേറ്റിയിട്ടില്ല എന്നു സൂചിപ്പിക്കുന്നു. ഈ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ വേണം യൊവാബിനെ വധിക്കാനുള്ള നിർദ്ദേശം മനസിലാക്കാൻ.

അബ്നേറിനെയും അമാസയെയും മനഃപൂർവ്വം ചതിയിൽ കൊന്നതിന്റെപേരിൽ വധശിക്ഷയർഹിക്കുന്നവനാണ് യൊവാബ്. എന്നാൽ അയാൾക്കെതിരേ ദാവീദിന് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. കാരണം അയാൾ അത്രമാത്രം ശക്തനായിരുന്നു. തന്നെയുമല്ല, ദാവീദിന് അയാളെ അത്രമേൽ ആശ്രയിക്കേണ്ടതുമുണ്ടായിരുന്നു. ഊറിയായുടെ വധം (2 സാമു 11,14-21) ഒരുദാഹരണമാണ്. തന്റെ കല്പന മനഃപൂർവ്വം മറികടന്ന് അബ്ശലോമിനെ വധിച്ചിട്ടും ദാവീദിന് യൊവാബിനെതിരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല (2 സാമു 18,9-15). തനിക്കു ചെയ്യാൻ കഴിയാതിരുന്ന കാര്യം സോളമനെ ഏല്പിക്കുമ്പോൾ നീതിനടപ്പിലാക്കി, തന്റെ കുടുംബത്തിൽ നിന്ന് രക്തപാതകം അകറ്റിക്കളയാനാണ് ദാവീദ് ആവശ്യപ്പെടുന്നത്.

അബ്ശലോമിൽ നിന്ന് ഒളിച്ചോടിയപ്പോൾ ദാവീദിനെ സഹായിച്ചിട്ടുള്ളവനാണ് ഗിലയാദുകാരനായ ബർസില്ലായി (2 സാമു 17,28; 19, 31-39). അതിനുള്ള കൃതജ്ഞതയാണ് അയാളുടെ മക്കളോടു കാരുണ്യം കാണിക്കാനുള്ള നിർദ്ദേശത്തിലൂടെ (1 രാജാ 2,7) ദാവീദു പ്രകടിപ്പിക്കുന്നത്. രാജാവിന്റെ ഭക്ഷണമേശയിൽ പങ്കുചേരുക എന്നതുകൊണ്ട് അയാളുടെ മക്കളെ എന്നും തന്നോടൊപ്പമിരുത്തി വിരുന്നു നല്കണം എന്ന് അർത്ഥമാക്കുന്നില്ല. അവർക്ക് ആവശ്യമായവ രാജാവു നല്കണം എന്നേ ഇതിനർത്ഥമുള്ളൂ-പെൻഷൻ കൊടുക്കുന്നതുപോലെ.

ആപത്തുകാലത്ത് തന്നെ ശപിച്ച ഷിമെയിയെ (2 സാമു 16,5-13) വധിച്ച് അയാളുടെ ശാപത്തെ തന്റെ കുടുംബത്തിൽ നിന്നും അകറ്റിക്കളയണം എന്ന് ദാവീദിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും മറ്റു ചില പ്രായോഗിക പരിഗണനകൾ മൂലം അയാൾക്കു നല്കിയ വാഗ്ദാനത്തെ (2 സാമു

19,16-23) മറികടക്കാൻ കഴിയുമായിരുന്നില്ല. ബെഞ്ചമിൻ ഗോത്രജനായ അയാൾ തന്റെ കുടുംബത്തിനെതിരേ വീണ്ടും കലാപമുണ്ടാക്കിയേക്കുമെന്നും ദാവീദ് ഭയന്നു. അയാളുടെ കുറ്റം അർഹിക്കുന്ന വിധത്തിൽ ശിക്ഷിക്കാനണു സോളമനു നിർദ്ദേശം നല്കുന്നത്. ഇവിടെയും പ്രതികാരചിന്തയെക്കാൾ നീതിപാലനവും ഭരണത്തിന്റെ സുരക്ഷിതത്വവുമാണ് മുൻപന്തിയിൽ നില്ക്കുന്നത്.

സുദീർഘമായ നാല്പതു വർഷത്തെ ഭരണത്തിനുശേഷം ദാവീദു മരിച്ചു. നാല്പതുവർഷമെന്നത് അക്ഷരാർത്ഥത്തിലും പ്രതീകാത്മകമായ അർത്ഥത്തിലും മനസിലാക്കണം. നാല്പത് പൂർണ്ണസംഖ്യയാണ്. നാല്പതുവർഷം ഭരിക്കുകയും എഴുപതാം വയസ്സിൽ മരിക്കുകയും ചെയ്ത ദാവീദ് എല്ലാത്തരത്തിലും പൂർണ്ണതയിലെത്തിയ മനുഷ്യനായിരുന്നു. ദാവീദിന്റെ മരണത്തെക്കുറിച്ചു നല്കിയിരിക്കുന്ന വിവരണത്തിന്റെ ശൈലി (1 രാജാ 2,10-12) മറ്റു രാജാക്കന്മാരുടെ മരണത്തിന്റെ വിവരണത്തിലും അനേകം ആവർത്തിക്കുന്നതായി കാണാം.

## c. ശത്രുസംഹാരം 1 രാജാ 2,13-46

ദാവീദിന്റെ മരണത്തെ തുടർന്ന് സോളമൻ തന്റെ എതിരാളികളെ ഒന്നൊന്നായി ഉന്മൂലനം ചെയ്തുകൊണ്ട് പിതാവിന്റെ അന്ത്യശാസനം നടപ്പിലാക്കുകയും തന്റെ സിംഹാസനം ഉറപ്പിക്കുകയും ചെയ്തതിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. സോളമന്റെ ഭരണത്തിൻ കീഴിൽ രാജ്യം സുസ്ഥാപിതമായി എന്ന പ്രസ്താവന ആരംഭത്തിലും (1 രാജാ 2,12) അവസാനത്തിലും (1 രാജാ 2,46) ചേർത്തുകൊണ്ട് രാജ്യഭരണം ഉറപ്പിച്ചതിന്റെ ചരിത്രമാണ് ഇവിടെ വിവരിക്കുന്നത് എന്നു വി. ഗ്രന്ഥകാരൻ തന്നെ സൂചിപ്പിക്കുന്നു. അദോനിയാ, അബിയാഥർ എന്നിവരെക്കുറിച്ച് ദാവീദ് ഒരു നിർദ്ദേശവും നല്കിയിരുന്നില്ല. എന്നാൽ അവർ തനിക്ക് അപകടകാരികളായിരിക്കും എന്നു മനസിലാക്കിയ സോളമൻ അദോനിയായെ വധിക്കുകയും അബിയാഥറിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ബർസില്ലായുടെ മക്കളോടു കാരുണ്യം കാണിക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടോ എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. എതിരാളികളെ നശിപ്പിച്ച് രാജ്യം സുരക്ഷിതവും ഭരണം സുസ്ഥിരവുമാക്കിയതു മാത്രമാണ് ഇവിടെ ശ്രദ്ധാവിഷയം.

സംഭവങ്ങൾ വിവരിക്കുമ്പോൾ അവയുടെ ധാർമ്മികതയെക്കുറിച്ച് വി.ഗ്രന്ഥകാരൻ വിലയിരുത്തുന്നില്ല, ഓരോ വ്യക്തിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്നതുമില്ല. അദോനിയായുടെ അഭ്യർത്ഥനയുടെ പിന്നിൽ ദുരുദ്ദേശമുണ്ടായിരുന്നോ? ബത്ഷേബാ അഭ്യർത്ഥനയുമായി സോളമനെ സമീപിക്കുന്നത് അഭ്യർത്ഥനയുടെ യഥാർത്ഥ സ്വഭാവം മനസിലാക്കാതെയാണോ? ബലിപീഠത്തിനരികിൽ വച്ച് യൊവാബിനെ വധിച്ചത് ന്യായീകരിക്കാനാവുമോ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾക്കുള്ള ഉത്തരം അനുവാചകർ തന്നെ കണ്ടെത്തണം.

### i അദോനിയാ 1 രാജാ 2,13-25

പ്രത്യക്ഷത്തിൽ നിരുപദ്രവകരമെന്നു തോന്നാവുന്ന അദോനിയായുടെ ഒരഭ്യർത്ഥന അയാളെ വധിക്കുന്നതിന് സോളമനു സാഹചര്യം നല്കി. അബിഷാഗിനെ തനിക്കു ഭാര്യയായി നല്കണം എന്ന അഭ്യർത്ഥനയുമായി അദോനിയാ ബത്ഷേബായെ സമീപിച്ചതിന്റെ അർത്ഥവും ഗൗരവവും മനസിലാക്കാൻ രണ്ടു കാര്യങ്ങൾ പരിഗണിക്കണം. 1. ബത്ഷേബായുടെ സ്ഥാനം, 2. അഭിഷാഗിന്റെ പ്രാധാന്യം.

രാജാവിന്റെ അന്തഃപുരത്തിൽ അനേകം സ്ത്രീകൾ ഉണ്ടായിരിക്കുക പതിവായിരുന്നു. രാജാവിന്റെ ഭാര്യമാരും ഉപനാരികളും അവരിൽ പെടും. എന്നാൽ അന്തഃപുരത്തിലെ ഏറ്റം പ്രധാനപ്പെട്ട വ്യക്തിയെ "ഗെബീറാ" എന്നാണ് വിളിക്കുക. ശക്ത, മഹതി എന്നൊക്കെയാണ് ഈ സ്ഥാനപേരിന്റെ അർത്ഥം. രാജമാതാവിനാണ് പൊതുവേ ഈ സ്ഥാനം നല്കപ്പെടുക. രാജാവിന്റെമേൽ ഏറ്റം കൂടുതൽ സ്വാധീനമുള്ള സ്ത്രീയാണ് ഗെബീറാ. അവളുടെ ആഗ്രഹങ്ങളും അഭ്യർത്ഥനകളും രാജാവു നിരസിക്കാറില്ല. പലപ്പോഴും അവളുടെ നിർദ്ദേശങ്ങൾ രാജകല്പനയ്ക്കു തുല്യമായിരുന്നു. ഈ അധികാരസ്ഥാനം മനസിലാക്കിക്കൊണ്ടാണ് അദോനിയാ ബത്ഷേബായെ സമീപിക്കുന്നത്.

രാജാവിന്റെ മരണത്തിനുശേഷം അയാളുടെ അന്തഃപുരം മുഴുവൻ തുടർന്നുവരുന്ന രാജാവിന് അധീനമാവുക പതിവായിരുന്നു. മരിച്ച രാജാവിന്റെ ഭാര്യമാരെയും ഉപനാരികളെയും സ്വന്തമാക്കുന്നത് രാജാവകാശത്തിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു. തന്റെ പിതാവിന്റെ ഉപനാരിയെ അബ്നേർ സ്വന്തമാക്കിയതിന്റെ പേരിൽ ഇഷ്ബോഷെത്ത് അയാളുമായി കലഹിച്ചതും (2 സാമു 3,7) അബ്ശലോം ദാവീദിന്റെ ഉപനാരികളുമൊത്തു പരസ്യമായി ശയിച്ചതും (2 സാമു 16,21-22) ഉദാഹരണങ്ങളാണ്. സാവൂളിന്റെ ഭാര്യമാരെ ദാവീദിനു നല്കി എന്ന പ്രസ്താവനയും (2 സാമു 12,8) ഇതേ ആചാരത്തിലേക്കു വിരൽചൂണ്ടുന്നു. രാജാവിന്റെ

ഉപനാരിയെ ഭാര്യയായി ലഭിക്കുന്നത് രാജാവാകാനുള്ള തന്റെ അവകാശത്തെ ഉറപ്പിക്കാൻ സഹായിക്കും എന്ന് അദോനിയാ കരുതിയിട്ടുണ്ടാവണം. സോളമൻ ഈ അർത്ഥത്തിലാണ് അയാളുടെ അഭ്യർത്ഥനയെ വ്യാഖ്യാനിച്ചത് ( 1 രാജാ 2,22).

ബത്ഷേബ എന്തുകൊണ്ട് ഈ അഭ്യർത്ഥനയ്ക്കു വഴങ്ങി എന്നു ന്യായമായും ചോദിക്കാം. രാജ്യം തനിക്ക് അവകാശപ്പെട്ടതായിരുന്നെങ്കിലും ദൈവഹിതം അനുസരിച്ച് സോളമൻ രാജാവായി എന്ന് അദോനിയാ അംഗീകരിക്കുന്നതിനാൽ (1 രാജാ 2,15) അദോനിയായ്ക്ക് സുന്ദരിയായ അബിഷാഗിനെ ഭാര്യയായി ലഭിക്കുക എന്നതിൽ കവിഞ്ഞ് മറ്റു ലക്ഷ്യമൊന്നും ഇല്ല എന്നു കരുതിയിട്ടാവാം. അല്ലെങ്കിൽ അയാളുടെ അധികാരമോഹത്തിനു തക്ക ശിക്ഷ ലഭിച്ചുകൊള്ളട്ടെ എന്ന് ബത്ഷേബായും വിചാരിച്ചിരിക്കാം.

അദോനിയായുടെയും ബത്ഷേബായുടെയും ലക്ഷ്യങ്ങൾ എന്തുതന്നെയായിരുന്നാലും ഈ അഭ്യർത്ഥനയെ രാജദ്രോഹമായിട്ടാണ് സോളമൻ പരിഗണിച്ചത്. അതിന് അർഹിക്കുന്ന ശിക്ഷയും ഉടനെ നല്കി. അങ്ങനെ രാജസിംഹാസനത്തിൻമേൽ അവകാശവാദം ഉന്നയിക്കാൻ കഴിയുമായിരുന്ന എതിരാളിയെ ആദ്യമേ ഉന്മൂലനം ചെയ്തു.

**വിചിന്തനം:** സ്വന്തം ആഗ്രഹങ്ങളെ അടക്കി നിർത്താൻ കഴിയാഞ്ഞതാണ് അദോനിയായുടെ മരണത്തിനു കാരണമായത്. തനിക്ക് അർഹമല്ലാത്ത അവകാശങ്ങളും ആനുകൂല്യങ്ങളും വളഞ്ഞവഴിയിലൂടെ നേടിയെടുക്കാൻ ശ്രമിക്കുന്നത് അനീതിയാണ്; ആത്യന്തികമായി അതു സ്വന്തം നാശത്തിനു തന്നെ വഴിയൊരുക്കും.

അധികാരത്തിനുവേണ്ടിയുള്ള ചതുരംഗക്കളിയിലെ ഒരു കരുവായിത്തീരുകയാണ് അബിഷാഗ്. അവളുടെ വ്യക്തിത്വമോ താല്പര്യങ്ങളോ അവകാശങ്ങളോ ഒന്നും പരിഗണിക്കപ്പെടുന്നില്ല. മരണാസന്നനായ വൃദ്ധരാജാവിന്റെ കൂടെ കിടക്കാൻ അവൾ നിർബന്ധിതയാകുന്നു. അധികാരത്തിലേക്കുള്ള ചവിട്ടുപടിയായി അവളെ ഉപയോഗിക്കാൻ അദോനിയാ ശ്രമിക്കുന്നു. തന്റെ അധികാരം ഉറപ്പിക്കാൻ സോളമൻ ഇത് അവസരമാക്കി മാറ്റുന്നു. ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ആഗമനം വരെ കാത്തിരിക്കേണ്ടിവന്നു സ്ത്രീക്ക് തന്റെ ന്യായമായ മഹത്വവും അവകാശങ്ങളും അംഗീകരിച്ചുകിട്ടാൻ. എന്നാൽ യേശു നല്കിയ മഹത്വവും മൂല്യവും സ്ത്രീത്വത്തിന് ഇന്നും ലഭ്യമായിട്ടുണ്ട് എന്നു പറയാനാവുമോ?



## ii അബിയാഥർ 1 രാജാ 2,26-27

ഒളിച്ചോടിയ ദാവീദിന് അപ്പവും ആയുധവും കൊടുത്തതിന്റെ പേരിൽ സാവൂൾ നടത്തിയ കൂട്ടക്കുരുതിയിൽ നിന്ന് ഓടിരക്ഷപ്പെട്ട് ദാവീദിന്റെയടുക്കൽ അഭയം പ്രാപിച്ച പുരോഹിതനാണ് അബിയാഥർ ( 1 സാമു 22,20-23). അന്നുമുതൽ അയാൾ ദാവീദിനോടു വിശ്വസ്തനായിരുന്നു. അബ്ശലോമിന്റെ കലാപകാലത്ത് സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുപോലും അയാൾ ദാവീദിനെ സഹായിച്ചു (2 സാമു 15,24-29; 17,15). എന്നാൽ അദോനിയായുടെ പക്ഷം ചേർന്നത് മരണശിക്ഷയർഹിക്കുന്ന രാജദ്രോഹമായിട്ടാണ് സോളമൻ വ്യാഖ്യാനിച്ചത്. എങ്കിലും വധിക്കുന്നതിനു പകരം പുരോഹിതസ്ഥാനത്തു നിന്നുമാറ്റി, സ്വന്തം നാട്ടിലേക്കു പറഞ്ഞയച്ച് വീട്ടുതടങ്കലിലെന്നപോലെ കഴിയാൻ വിധിച്ചു. അയാൾ തനിക്കെതിരേ ഉപജാപത്തിനു മുതിരാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്. കർത്താവിന്റെ ഹിതമനുസരിച്ചാണ് ഇതു സംഭവിച്ചത് എന്ന് വി.ഗ്രന്ഥകാരൻ എടുത്തു പറയുന്നു ( 1രാജാ 2,27). ഏലിക്കുടുബത്തിനെതിരേ സാമുവേലിലൂടെ കർത്താവ് അരുളിച്ചെയ്തത് (1 സാമു 3,11-18) നിറവേറാൻ വേണ്ടിയാണത്രേ ഇതു സംഭവിച്ചത്.

## iii യൊവാബ് 1 രാജാ 2,28-35

അദോനിയായ്ക്കും അബിയാഥറിനും സംഭവിച്ചത് അറിഞ്ഞ യൊവാബ് അടുത്ത ഊഴം തന്റേതായിരിക്കുമെന്ന് ന്യായമായും ഭയന്നു. കർത്താവിന്റെ കൂടാരത്തിൽ തനിക്കു സംരക്ഷണം ലഭിക്കും എന്നു കരുതിയാവണം അയാൾ ബലിപീഠത്തിന്റെ വളർകോണിൽ പിടിച്ചു നിന്നത്. അദോനിയാ ഇങ്ങനെ ഒരിക്കൽ രക്ഷപെടുകയുണ്ടായല്ലോ (1 രാജാ 1,50). എന്നാൽ നിരപരാധർക്കുമാത്രമേ ദേവാലയത്തിൽ സംരക്ഷണം നല്കേണ്ടതുള്ളു. അയല്ക്കാരനെ ചതിയിൽ കൊന്നവനെ ബലിപീഠത്തിൽ നിന്നുപോലും പിടിച്ചുകൊണ്ടുപോയി വധിക്കണം (പുറ 21,14) എന്ന നിയമം സോളമൻ നടപ്പിലാക്കി. അതുവഴി തന്റെ കുടുംബത്തിൽ നിന്നു രക്തക്കറ തുടച്ചുമാറ്റുക മാത്രമല്ല, തന്റെ ശക്തനായ ഒരു എതിരാളിയെ ഉന്മൂലനം ചെയ്യുകയുമാണ് സോളമൻ ചെയ്തത്.

**വിചിന്തനം:** ഹതഭാഗ്യനായ ഒരു ദുരന്തകഥാപാത്രമാണ് യൊവാബ്. അയാളുടെ ജീവിതത്തിൽ നിന്ന് സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു. യുദ്ധത്തിന്റെ നിയമങ്ങൾ മറികടന്ന് അയാൾ നടത്തിയ കൊലപാതകങ്ങൾ നാലും യഥാർത്ഥത്തിൽ ദാവീദിനു ഗുണകരമായിട്ടാണ് ഭവി

ച്ചത്. അതുതന്നെ ആയിരുന്നിരിക്കണം അയാളുടെ ലക്ഷ്യവും. ആദ്യന്തം ദാവീദിനോട് അയാൾ വിശ്വസ്തത പുലർത്തി. ദാവീദിന്റെ സുരക്ഷിതത്വത്തിലാണ് അയാൾ തന്റെയും സുരക്ഷിതത്വം കണ്ടത്. എന്നാൽ ദാവീദിന്റെ കാലം കഴിഞ്ഞു എന്നു കരുതിയ അയാൾക്കു കണക്കു തെറ്റി. ദാവീദുതന്നെ അയാളെ തള്ളിപ്പറഞ്ഞു. കൊല്ലാൻ മകന് നിർദ്ദേശവും നല്കി.

അനീതിയും അക്രമവും വഴി അധികാരികളെ പ്രീതിപ്പെടുത്താനും സംരക്ഷിക്കാനും ശ്രമിക്കുന്നവർക്കെല്ലാം വലിയൊരു താക്കീതാണ് യൊവാബിന്റെ അന്ത്യം. അനീതിയും അക്രമവും ശിക്ഷിക്കപ്പെടാതെ പോവുകയില്ല. നീതിമാനായ ദൈവം എല്ലാം കാണുന്നവനാണ്. തന്റേതായ സമയത്ത് തക്കപ്രതിഫലം നല്കുക തന്നെ ചെയ്യും. ഉപജാപങ്ങൾ വെളിച്ചത്തുവരുന്നതും അവിഹിതമായ രാഷ്ട്രീയ കൂട്ടുകെട്ടുകൾ തകരുന്നതും ഇന്നത്തെ നമ്മുടെ രാഷ്ട്രീയ രംഗത്ത് സാധാരണ സംഭവമായിരിക്കുന്നത് ഇതിനു തെളിവാണല്ലോ. അധികാരികൾ അറിഞ്ഞും അറിയാതെയും അവരെ സംരക്ഷിക്കാനെന്ന ഭാവേന അവരുടെ അനുയായികൾ ചെയ്തു കൂട്ടുന്ന അക്രമങ്ങൾക്ക് രാഷ്ട്രീയത്തിൽ മാത്രമല്ല മതരംഗത്തും ഉദാഹരണങ്ങൾ ഏറെയുണ്ട്. താൽക്കാലികമായ നേട്ടങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചാലും ആത്യന്തികമായി അവർ ശിക്ഷയേല്ക്കേണ്ടിവരും ബലിപീഠത്തിനരുകിൽ വച്ചാണ് യൊവാബ് വധിക്കപ്പെട്ടത്. അയാളുടെ മരണത്തെ ബലിയായി കാണാൻ കഴിയുമോ? ബലിപീഠത്തിനു ചുവട്ടിൽ ചിന്തപ്പെട്ടരക്തം അയാളുടെ പാപങ്ങൾക്കു പരിഹാരമായി പരിഗണിക്കപ്പെടുമോ?

### iv. ഷിമെയി 2,36-46

ദാവീദിന്റെമേൽ ശാപവർഷം ചൊരിഞ്ഞ ഷിമെയിയെ ശിക്ഷിക്കുന്നതിൽ സ്വീകരിച്ച നടപടിയിൽ സോളമന്റെ നയതന്ത്രപാടവം പ്രകടമാകുന്നു. വീട്ടുതടങ്കലിൽ പാർപ്പിച്ചതിനു രണ്ടുലക്ഷ്യമുണ്ടായിരുന്നു. അയാൾ തനിക്കെതിരേ ഉപജാപത്തിനു തുനിയാതിരിക്കുകയാണ് സോളമന്റെ ഒരു ലക്ഷ്യം. കല്പന ലംഘിച്ചാൽ അയാളെ വധിക്കാൻ കാരണമാകും എന്നത് രണ്ടാമത്തെ ലക്ഷ്യം. മൂന്നു വർഷം ക്ഷമയോടെ കാത്തിരുന്നതിനുശേഷമാണ് രണ്ടാമത്തെ ലക്ഷ്യം സാധിച്ചത്. ദാവീദു നല്കിയ സംരക്ഷണ വാഗ്ദാനം ലംഘിക്കാതെ, അയാളുടെ തന്നെ കുറ്റത്തിന്റെ പേരിൽ ഷിമെയിയെ വധിക്കാൻ സോളമനു സാധിച്ചു.



**വിചിന്തനം:** പരാജിതനും നിന്ദിതനുമായ ദാവീദിനെ അവഹേളിച്ചതാണ് ഷിമേയി ചെയ്ത കുറ്റം. അതിനു തക്കശിക്ഷ അയാൾക്കു ലഭിച്ചു. ഇത് ഏവർക്കും വലിയൊരു പാഠമാണ്. ബലഹീനരെയും പരാജിതരെയും നിന്ദിക്കരുത്. അവർക്കു സംരക്ഷകനായി ദൈവമുണ്ട് എന്ന് ഓർക്കണം.

### ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് ദാവീദിന്റെ വാർദ്ധക്യത്തെയും അബിഷാഗിനെയുംക്കുറിച്ച് വിവരിക്കുന്നത്?
2. അദോനിയായുടെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും അബ്ശലോമിന്റേതുമായി താരതമ്യം ചെയ്യുക.
3. അന്തഃപുരത്തിലെ ഉപജാപങ്ങളുടെ ഫലമായാണ് സോളമൻ രാജാവായത്. ഈ പ്രസ്താവന വിലയിരുത്തുക.
4. ബത്ഷേബായും നാഥാനും എപ്രകാരമാണ് ദാവീദിനെ പ്രവർത്തനത്തിനു പ്രേരിപ്പിച്ചത്?
5. സോളമന്റെ രാജാഭിഷേകം സാവൂളിന്റെയും ദാവീദിന്റെയും രാജാഭിഷേകത്തിൽ നിന്നു വ്യത്യസ്തമായിരുന്നു. വിശദീകരിക്കുക.
6. ദാവീദ് സോളമനു നല്കിയ അന്തിമോപദേശമെന്ത്?
7. യൊവാബിനെയും ഷിമേയിയെയും വധിക്കാൻ ദാവീദ് നിർദ്ദേശിച്ചതിന്റെ കാരണമെന്താണ്?
8. അദോനിയാ ബത്ഷേബായോടു നടത്തിയ അഭ്യർത്ഥനയുടെ യഥാർത്ഥ ഉദ്ദേശ്യം എന്തായിരുന്നു?
9. എപ്രകാരമാണ് സോളമൻ തന്റെ ഭരണം ഉറപ്പിച്ചത്?

**ചർച്ചയ്ക്ക്:** യൊവാബിന്റെ ജീവിതം അപഗ്രഥിച്ച് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

**പ്രാർത്ഥന:** 12-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# 2. സോളമന്റെ ജ്ഞാനം
## 1 രാജാ 3,1-4, 34; 2 ദിന 1,1-12

സോളമന്റെ കൈകളിൽ ഇസ്രായേലിന്റെ ഭരണം സുസ്ഥിരമായതിന്റെ ചരിത്രമാണ് ഇതുവരെ വിവരിച്ചത്. ദാവീദിന്റെ പിൻഗാമിയെയും രാജവംശത്തെയും സംബന്ധിച്ച് നാഥാൻ പ്രവാചകനിലൂടെ ദൈവം നല്കിയ വാഗ്ദാനം (2 സാമു 7,11-12) പൂർത്തിയായി. ദാവീദിന്റെ ഒരു പുത്രൻ സിംഹാസനാരൂഢനായി ഭരണം ആരംഭിച്ചു. ദാവീദു രൂപപ്പെടുത്തിയ സാമ്രാജ്യത്തെ എപ്രകാരമാണ് മകൻ സോളമൻ മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ചതെന്ന് തുടർന്നു വിവരിക്കുന്നു. ഈ വിവരണങ്ങളിലെല്ലാം സോളമന്റെ ജ്ഞാനത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു.

സോളമന്റെ സകലപ്രവർത്തനങ്ങളിലും പ്രതിഫലിച്ചത് അദ്ദേഹത്തിന്റെ അതുല്യമായ ജ്ഞാനമായിരുന്നു. സോളമന്റെ പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം തന്നെ നല്കിയതാണ് ഈ മഹാജ്ഞാനം എന്നു വി. ഗ്രന്ഥകാരൻ പ്രത്യേകം എടുത്തുകാട്ടുന്നു. 'ജ്ഞാനം' (ഹീബ്രു:ഹോക്മാ) എന്ന പദത്തിന് ബൈബിളിൽ പല അർത്ഥസൂചനകളുണ്ട്. ജീവിതവിജയം കൈവരിക്കാൻ ആവശ്യമായ ഒരു ഗുണമാണ് ജ്ഞാനം. ഏതെങ്കിലും തൊഴിലിലുള്ള നൈപുണ്യം. വ്യക്തികളുടെ സ്വഭാവ സവിശേഷതകൾ മനസിലാക്കി വേണ്ട വിധത്തിൽ ഇടപെടാനുള്ള കഴിവ് മുതലായവ ജ്ഞാനത്തിന്റെ ഫലമാണ്. യഥാർത്ഥ ജ്ഞാനിയായ മനുഷ്യൻ പ്രപഞ്ചത്തോടും സഹജീവികളോടും സർവ്വോപരി ദൈവത്തോടും ശരിയായ ബന്ധം പുലർത്തുന്നു. തദ്ഫലമായി അയാൾക്കു സമാധാനവും സമൃദ്ധിയും സംലഭ്യമാകുന്നു. സമാധാനം എന്നർത്ഥമുള്ള ശാലോം എന്ന പദവുമായി ബന്ധപ്പെട്ടതാണ് സോളമൻ (ഹിബ്രു: ശ്ലോമോ) എന്ന പേര്. സോളമന്റെ കാലത്ത് രാജ്യത്ത് സമാധാനവും സമൃദ്ധിയുമുണ്ടായി. കാരണം അദ്ദേഹം മഹാജ്ഞാനിയായിരുന്നു. ജ്ഞാനത്തോടെ കാര്യങ്ങൾ നടത്തുകയും ചെയ്തു.

രാജ്യഭരണം, നിർമ്മാണ പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര ബന്ധങ്ങൾ, വാണിജ്യം, വ്യവസായം, ശാസ്ത്രം, സാഹിത്യം, സൈന്യസംവിധാനം മുതലായ അനേകം മേഖലകളിൽ സോളമന്റെ ജ്ഞാനം പ്രകടമായി. അതിനാൽ സോളമന്റെ പ്രവൃത്തികളെക്കുറിച്ചുള്ള വിവരണം മുഴുവൻ തന്നെ അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ തെളിവാണ്. എപ്രകാരമാണ് സോളമന് ഇത്രവലിയ ജ്ഞാനം ലഭിച്ചതെന്നും എങ്ങിനെ ആ ജ്ഞാനം പ്രകടമായെന്നും തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്നു.



### a ഫറവോയുടെ മകൾ 1 രാജാ 3,1

സോളമന്റെ ശക്തിയും മഹത്വവും സർവ്വോപരി നയതന്ത്ര ചാതുരിയും പ്രകടമാക്കുന്നതാണ് ഫറവോയുടെ മകളുമായുള്ള വിവാഹം. ഒരു കാലത്ത് ഈജിപ്തിൽ അടിമകളായിരുന്നവരിൽ നിന്ന് ഒരുവൻ ഈജിപ്തു രാജാവിന്റെ മകളെ വിവാഹം ചെയ്തു എന്നത് ഇസ്രായേൽ ജനത്തിനു മുഴുവൻ അഭിമാനകരമായി കരുതാവുന്നതാണ്. അന്ന് അറിയപ്പെട്ടിരുന്ന ലോകത്തെ ഏറ്റം ശക്തമായ ഒരു രാജ്യമായിരുന്നു ഈജിപ്ത്. ഈജിപ്തു രാജാക്കന്മാർ തങ്ങളുടെ പുത്രിമാരെ വിദേശ രാജാക്കന്മാർക്കു ഭാര്യമാരായി നല്കാറില്ലായിരുന്നു, നേരെമറിച്ചായിരുന്നു സംഭവിക്കുക. ഇസ്രായേൽ ഈജിപ്തിന് ഒപ്പമെത്തുക മാത്രമല്ല, ഒരുപടി മുന്നിലെത്തിയിരിക്കുന്നു എന്ന സൂചനയാണ് ഈ വിവാഹബന്ധത്തിൽ നിന്നു ലഭിക്കുക.

ഇത് ഒരു സാധാരണ വിവാഹമായിരുന്നില്ല. "സോളമൻ ഈജിപ്തിലെ രാജാവായ ഫറവോയുമായി ഒരു ഉടമ്പടി ചെയ്തു; അയാളുടെ മകളെ വിവാഹം ചെയ്തു.' എന്നാണ് ഹീബ്രുമൂലം. രാഷ്ട്രീയ ഉടമ്പടിയുടെ ഭാഗമായിരുന്നു ഈ വിവാഹം. സോളമന്റെ മഹത്വം മാത്രമല്ല, ഈജിപ്തിന്റെ ദൗർബല്യവും വിളിച്ചറിയിക്കുന്നതാണ് ഈ ഉടമ്പടി. ഈജിപ്ത് ഏറ്റം ബലഹീനമായിത്തീർന്ന ഒരു കാലഘട്ടമായിരുന്നു ഇത്. അതിനാൽ സോളമനുമായുള്ള ഉടമ്പടി ഈജിപ്തിനും ഗുണകരമായി. മറ്റു രാജ്യങ്ങളുമായി സോളമൻ ഇപ്രകാരമുള്ള വിവാഹ ഉടമ്പടികൾ സ്ഥാപിച്ചതായികാണാം. ദാവീദ് യുദ്ധം ചെയ്ത് രാജ്യങ്ങൾ കീഴടക്കിയപ്പോൾ സോളമൻ വിവാഹം ചെയ്ത് അയൽ രാജ്യങ്ങളുമായി സൗഹൃദം നിലനിർത്തി. ഇതും സോളമന്റെ ജ്ഞാനത്തിന്റെ അഥവാ നയതന്ത്രപാടവത്തിന്റെ തെളിവായി കാണാവുന്നതാണ്.

**വിചിന്തനം:** രഷ്ട്രീയമായ പ്രായോഗിക ബുദ്ധിയാണ് സോളമനെ ഈ വിവാഹത്തിനു പ്രേരിപ്പിച്ചത്. സ്ത്രീധനമായി ഒരു നഗരവും ശക്തമായ ഒരു രാജ്യത്തിന്റെ പിന്തുണയും അതുവഴി അയാൾക്കു ലഭിച്ചു. എന്നാൽ ദൂരവ്യാപകമായ ഭവിഷ്യത്തുകൾ വരുത്തിവച്ച ഒരു പ്രക്രിയയുടെ തുടക്കമായിരുന്നു അത്. വിജാതീയ വനിതകളെ വിവാഹം കഴിക്കുക വഴി തന്റെയും ജനത്തിന്റെയും വിശ്വാസത്തെ അപകടത്തിലാക്കുകയാണ് സോളമൻ ചെയ്തത്. സോളമൻ കർത്താവിൽ നിന്ന അകലാൻ ഈ

വിവാഹ ബന്ധങ്ങളും കാരണമായി. താൽക്കാലിക നേട്ടങ്ങൾക്കു വേണ്ടി യുള്ള ബന്ധങ്ങളും കരാറുകളും എപ്രകാരമാണ് ജീവിതത്തെ സ്വാധീ നിക്കുന്നത് എന്നു ശ്രദ്ധിക്കണം. സ്ത്രീധനവും സ്ഥാനമാനങ്ങളും മറ്റും മോഹിച്ചു നടത്തുന്ന വിവാഹങ്ങൾ ദമ്പതികളെ നാശത്തിലേക്കു നയി ക്കുന്നതിന്റെ ദുരന്ത കഥകൾ അനുദിനം കേൾക്കുന്നുണ്ടല്ലോ?

## b. പൂജാഗിരിയിൽ ബലിയർപ്പണം 1 രാജാ 3,2-3

പിതാവിന്റെ അനുശാസനങ്ങൾ അനുസരിച്ച് സോളമൻ കർത്താ വിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്തു. ഇത് അയാൾക്ക് വി.ഗ്രന്ഥകാരൻ നല്കുന്ന വലിയ പ്രശംസയാണ്. എന്നാൽ ഈ പ്രശംസയും അംഗീകാരവും പൂർണ്ണമല്ല. "പൂജാഗിരികളിൽ ബലിയർപ്പിച്ചു" എന്ന പ്രസ്താവന നിഷേധാത്മക മാണ്. കാനാൻകാർ ബലിയർപ്പണം നടത്തിയിരുന്ന വേദികളാണ് പൂജാ ഗിരികൾ. ഏറ്റം ഉയർന്ന മലയിലാണ് ദൈവം വസിക്കുന്നത് എന്ന് കാനാൻകാർ വിശ്വസിച്ചിരുന്നു. ആ മലയുടെ പ്രതീകങ്ങളായി സകല കുന്നുകളെയും അവർ കണ്ടു. ദൈവാരാധനയ്ക്കായി കുന്നുകളിലും മല കളിലും ബലിപീഠങ്ങൾ സ്ഥാപിച്ചു. അവിടെ അർപ്പിച്ചിരുന്ന ബലികളും ഉത്സവാഘോഷങ്ങളും പലപ്പോഴും മദ്യപാനത്തിന്റെയും ലൈംഗിക കേളി കളുടെയും അകമ്പടിയോടെയാണ് നടത്തപ്പെട്ടിരുന്നത്.

മരുഭൂമിയിൽ നിന്നു വന്ന് ഇസ്രായേൽക്കാരുടെ ബലികളും ആഘോഷങ്ങളും വളരെ ലളിതവും അനാർഭാടവുമായിരുന്നു. കാനാ നിൽ വാസമുറപ്പിച്ചപ്പോൾ തദ്ദേശവാസികളുടെ ആരാധനയും ആചാര ങ്ങളും അവർക്കു കൂടുതൽ ആകർഷകമായി തോന്നി. കാനാൻകാരെ യുദ്ധത്തിൽ കീഴടക്കിയ ഇസ്രായേൽക്കാർ അവരുടെ ആരാധനാ സ്ഥല ങ്ങൾ സ്വന്തമാക്കി; അവരുടെ ആരാധനാ രീതികളും സ്വീകരിച്ചു കാനാൻകാരുടെ അനുഷ്ഠാനങ്ങൾ ഉപയോഗിച്ചുകൊണ്ട് കർത്താവായ ദൈവത്തിന് അവർ ആരാധനയർപ്പിച്ചു. ഇപ്രകാരമൊരു പശ്ചാത്തലമാണ് സോളമന്റെ ബലിയർപ്പണത്തെക്കുറിച്ചുള്ള പരാമർശത്തിന്റെ പിന്നിലു ള്ളത്.

മലമുകളിൽ അർപ്പിക്കപ്പെടുന്ന ബലികളെല്ലാം അനാചാരങ്ങൾ നിറഞ്ഞതാകണമെന്നില്ല. സോളമൻ ദേവാലയം പണിതതിനുശേഷവും ഇസ്രായേൽ ജനം അനേകം മലകളിൽ ബലിയർപ്പണം തുടർന്നു. കർമ്മല മലയിലെ ഏലിയയുടെ ബലി ( 1 രാജാ 18,20-40) ഉദാഹരണമാ ണ്. ബി.സി. ഏഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജോസിയാ രാജാ



വിന്റെ മതനവീകരണകാലത്തും മാത്രമാണ് ജറുസലെമിലല്ലാതെ മറ്റൊ രിടത്തും ബലിയർപ്പണം പാടില്ല എന്ന നിലപാട് ശക്തിപ്പെട്ടത്. നിയമാ വർത്തനപുസ്തകത്തിന്റെ സ്വാധീനം ഈ തീരുമാനത്തിൽ വ്യക്തമാ ണ്. ബാബിലോൺ പ്രവാസികളെ മുന്നിൽ കണ്ടുകൊണ്ട് ചരിത്രമെഴു തുന്ന വി.ഗ്രന്ഥകാരൻ സോളമന്റെ ബലിയർപ്പണത്തെ പൂർണ്ണമായി അംഗീകരിക്കുന്നില്ല എന്ന സൂചനയാണ്. "കർത്താവിനെ സ്നേഹിച്ചു; എന്നാൽ പൂജാഗിരിയിൽ ബലിയർപ്പിച്ചു" എന്ന പ്രസ്താവനയിലുള്ള ത്. ജറുസലെമിൽ ദേവാലയം പണിയപ്പെട്ടിരിന്നില്ല എന്ന വസ്തുത ഇതിന്റെ ന്യായീകരണമായി എടുത്തുകാട്ടുന്നു.

**വിചിന്തനം:** സോളമന്റെ ബലിയർപ്പണങ്ങളിൽ ദൈവഭക്തിയോടൊപ്പം രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നതായി അനുമാനിക്കാം. അബ്രാഹാ ത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ട ഇസ്രായേൽക്കാർ മാത്രമായിരുന്നില്ല സോളമന്റെ പ്രജകൾ. തദ്ദേശവാസികളായ കാനാൻകാരും രാജ്യത്തെ പൗരന്മാരായിരുന്നു. നൂറ്റാണ്ടുകളായി നടന്ന മിശ്രവിവാഹങ്ങളിലൂടെ തദ്ദേ ശവാസികളും ഇസ്രായേൽക്കാരും ഒറ്റ ജനമായി തീർന്നിരുന്നു. ജന ത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളും മാനിക്കുക രാജാവിന്റെ കടമ യായി കണ്ടതിനിലാവാം സോളമൻ പൂജാഗിരികളിലെ ബലിയർപ്പണ ങ്ങളിൽ പങ്കുചേർന്നത് - ഇന്ന് രാഷ്ട്രങ്ങളിലെ ഭരണാധികാരികൾ തങ്ങ ളുടെ വിശ്വാസങ്ങൾ അവഗണിക്കാതെ തന്നെ, എല്ലാം മതസ്ഥരുടെയും ഉത്സവഘോഷങ്ങളിൽ പങ്കെടുക്കുന്നതുപോലെ.

വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും സംസ്കാരികാനു രൂപണങ്ങൾ നടത്താൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാന സത്യം ഇവിടെ പ്രകടമാകുന്നു. കാനാൻകാരുടെ ആചാരങ്ങൾ സ്വീക രിച്ച രാജാവും ജനവും സാവധാനം അവരുടെ വിശ്വാസങ്ങളും സ്വന്തമാ ക്കി; തങ്ങളുടെ വിശ്വാസത്തനിമ നഷ്ടപ്പെടുത്തുകയും ചെയ്തു. വേണ്ടത്ര അറിവും വിവേകവും കൂടാതെ അന്യമതസ്ഥരുടെ ആചാര ങ്ങൾ സ്വീകരിക്കുന്നവർ അവരുടെ വിശ്വാസങ്ങളും സ്വീകരിച്ച് സ്വന്തം വിശ്വാസം നഷ്ടപ്പെടാൻ ഇടയായെന്നു വരും.

## c. ജ്ഞാനം ദൈവത്തിന്റെ ദാനം 1 രാജാ 3,4-15; 2 ദിന 1,1-12

ഗിബയോനിൽ വച്ചു സോളമനുണ്ടായ ദൈവിക ദർശനത്തെ രണ്ടു പുസ്തകങ്ങളിലും ഏതാണ്ട് ഒരേ വിധത്തിൽ വിവരിക്കുന്നു. ദിനവൃ ത്താന്തം രണ്ടാം പുസ്തകം ഈ ദർശനത്തിന്റെ വിവരണത്തോടെയാണ് ആരംഭിക്കുന്നത്. ജറുസലെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ

വടക്കു സ്ഥിതിചെയ്യുന്ന ഒരു കൊച്ചു പട്ടണമാണ് ഗിബയോൻ. ജെറീക്കോയുടെ പതനത്തെ തുടർന്ന് ജോഷ്വായെ കബളിപ്പിച്ച് സന്ധിയുണ്ടാക്കിയവരാണ് അവിടുത്തെ നിവാസികൾ. (ജോഷ്വാ 9). ഏകദേശം ഇരുനൂറടി മാത്രം ഉയരമുള്ള ഒരു ചെറിയ കുന്നിൽ മുകളിലായിരുന്നു ഗിബയോൻ പട്ടണം സ്ഥിതി ചെയ്തിരുന്നത്. കർത്താവിന്റെ പേടകം കുറെ കാലത്തേക്ക് അവിടെ സ്ഥാപിച്ചിരിന്നു എന്നും പേടകം അവിടെ നിന്നും മാറ്റിയിട്ട് പേടകം സൂക്ഷിച്ചിരുന്ന കൂടാരവും ഓടുകൊണ്ടുള്ള ബലിപീഠവും അവിടെ തന്നെ നിലനിന്നു എന്നും 2 ദിന 1,35 പ്രസ്താവിക്കുന്നു. ഇസ്രായേൽക്കാരുമായി സന്ധി ചെയ്ത ഗിബയോൻകാർ ഇസ്രായേല്യരുടെ വിശ്വാസം സ്വീകരിച്ചു. തങ്ങളുടെ പൂജാഗിരിയിൽ ഇസ്രായേല്യരുടെ ദൈവത്തെ ആരാധിച്ചു. ഇസ്രായേൽക്കാർക്കും വളരെ പ്രധാനപ്പെട്ട ഒരു ആരാധന സ്ഥലമായിത്തീർന്നു ഗിബയോൻ.

സോളമൻ ഗിബയോനിൻ ആയിരം ദഹനബലികൾ അർപ്പിച്ചിട്ടുണ്ടായിരുന്നു (1 രാജാ 3,4) എന്ന പ്രസ്താവന രണ്ടുവിധത്തിൽ മനസ്സിലാക്കാം. ഒന്നുങ്കിൽ പലപ്പോഴായി സോളമൻ അവിടെ അർപ്പിച്ച ബലികളെ സൂചിപ്പിക്കുന്നതാവാം ഈ പ്രസ്താവന. അങ്ങിനെയെങ്കിൽ സോളമൻ ഗിബയോനിൻ ബലിയർപ്പിക്കുക പതിവായിരുന്നു എന്നു കരുതാം. അല്ലെങ്കിൽ ഒറ്റ തവണ ആയിരം മൃഗങ്ങളെ ബലിയർപ്പിച്ചതിനെ ആയിരിക്കാം ഇത് സൂചിപ്പിക്കുക. തന്റെ സ്ഥാനാരോഹണത്തിനുശേഷം വലിയ അകമ്പടിയോടെ ഗിബയോനിലെത്തിയ സോളമൻ അവിടെ ആയിരം ദഹനബലിയർപ്പിച്ചു. എന്നും 2 ദിന 1,3.6ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ അർത്ഥത്തിലാണ് രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. ഏതു കാലഘട്ടത്തിലാണ് ഈ സംഭവം നടന്നതെന്ന് വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ലെങ്കിലും രാജഭരണത്തിന്റെ ആരംഭത്തിൽ തന്നെയാണ് ഇത് നടന്നതെന്ന് അനുമാനിക്കാം. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ അഭിപ്രായമാണ് സ്വീകരിച്ചിരിക്കുന്നത്.

രാത്രിയിൽ സോളമൻ ഉണ്ടായ ദർശനവും ദർശനത്തിലൂടെ ലഭിച്ച പ്രത്യേക വരവുമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. അതിനു മുമ്പും (1 രാജാ 3,4) പിമ്പും (3,15) ബലിയർപ്പണത്തെക്കുറിച്ചും പരാമർശിക്കുന്നു. സ്വപ്നത്തെ ദൈവം തന്റെ ഹിതം വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന ഒരു മാധ്യമമായി ബൈബിൾ പരിഗണിക്കുന്നുണ്ട് - സ്വപ്നങ്ങളെല്ലാം ദൈവിക വെളിപാടായി വ്യാഖ്യാനിക്കാൻ പാടില്ലെങ്കിലും ദാവീദിനോട് പ്രവാചകൻ വഴി സംസാരിച്ച ദൈവം സോളമനോട് നേരിട്ട് ഒരു സ്വപ്നത്തിൽ സംസാരിക്കുന്നു. "എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക"



എന്ന പരിധിയില്ലാത്ത നിർദ്ദേശം സോളമനോടുള്ള ദൈവത്തിന്റെ നിസ്സീമമായ സ്നേഹം പ്രകടമാക്കുന്നു. ഒപ്പം അത് ഒരു പരീക്ഷണവും ആയിരുന്നു.

ഒരു നന്ദിപ്രകടനത്തോടെയാണ് സോളമൻ തന്റെ യാചന ആരംഭിക്കുന്നത്. ഈ യാചനയിൽ ഉടനീളം നിയമാവർത്തന ഗ്രന്ഥത്തിന്റെ ശൈലി ദൃശ്യമാണ്. അതിനാൽ നിയമാവർത്താനാത്മക ചരിത്രകാരൻ തന്റേതായ ശൈലിയിൽ എഴുതിയതാണ് സോളമന്റെ യാചനയും ദൈവത്തിന്റെ മറുപടിയും എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ശൈലി മാത്രമാണ് നിയമവാർത്താത്മക ചരിത്രകാരന്റേത്. സംഭവത്തിന്റെ ചരിത്രപരത നിഷേധിക്കപ്പെടുന്നില്ല . ദാവീദിനും നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമായി തന്നെ രാജാവാക്കിയതിനു നന്ദി പ്രകടിപ്പിക്കുന്നതോടോപ്പം തന്റെ കഴിവില്ലായ്മയെക്കുറിച്ചുള്ള അവബോധം തികഞ്ഞ എളിമയോടെ സോളമൻ ഏറ്റു പറയുന്നു (1 രാജാ 3,6-8). "ഭരണപരിചയമില്ലാത്ത ബാലൻ" എന്ന വിശേഷണം സോളമന്റെ പ്രായത്തെയല്ല, തന്നെ ഏല്പിക്കുന്ന ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള തന്റെ അപര്യാപ്തതയെയാണ് സൂചിപ്പിക്കുന്നത്. ദൈവവിളി ലഭിക്കുന്ന പല വ്യക്തികളും ഇപ്രകാരം പ്രതികരിക്കുന്നതായി കാണാം. (ജറെ 1,6; ഏശ 6,5).

വിനയാന്വിതമായ കൃതജ്ഞത പ്രകടനത്തിനുശേഷം സോളമൻ തന്റെ യാചന അവതരിപ്പിക്കുന്നു. "നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നൽകിയാലും". തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം വിശ്വാസതതയോടെ നിറവേറ്റാനുള്ള കഴിവും മാത്രമാണ് സോളമൻ യാചിക്കുന്നത്. "വിവേകം" എന്ന വിവർത്തനം ചെയ്യുന്ന മൂലപദത്തിന്റെയർത്ഥം "ശ്രവിക്കുന്ന ഒരു ഹൃദയം" എന്നത്രെ. വികാരങ്ങളുടെ മാത്രമല്ല, ചിന്തയുടെയും തീരുമാനങ്ങളുടെയും ഉറവിടമാണ് ഹൃദയം. ബൈബിളിൽ. ബുദ്ധികൊണ്ടു ഗ്രഹിക്കാൻ കഴിയുന്നതിനേക്കാൾ ആഴത്തിൽ ഹൃദയത്തിനു കടന്നു ചെല്ലാനാവും. ഒരു യഥാർത്ഥ ഭരണാധിപനു ഉണ്ടായിരിക്കേണ്ട ഏറ്റം പ്രധാനപ്പെട്ട കഴിവാണ് ഇവിടെ സോളമൻ യാചിക്കുന്നത്. പ്രത്യക്ഷത്തിൽ കാണുകയും തെളിവുകൾ നിരത്തുകയും ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയുകയും ചെയ്യുന്നതിലുപരി കാണാൻ ഭരണാധിപനു കഴിയണം. തന്റെ പ്രജകളിൽ ഓരോരുത്തരുടെയും പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും എല്ലാം പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാൻ ഈ ഹൃദയഭാവം ആവശ്യമാണ്. അതിലുപരി, ദൈവത്തെയും അവിടുത്തെ പദ്ധതികളെയും അറിയാനും ഹൃദയം തന്നെയാണ് ആവ

ശ്യം. ദൈവത്തിന്റെ സ്വരത്തിനും സഹജീവികളുടെ ശബ്ദങ്ങൾക്കും കാതോർക്കുന്ന ഒരു ഹൃദയത്തിനുവേണ്ടി സോളമൻ യാചിച്ചു.

ഈ യാചന ദൈവത്തിന് പ്രീതികരമായി. ദീർഘായുസ്സ്, സമ്പത്ത്, ശത്രുസംഹാരം തുടങ്ങിയവ ആവശ്യപ്പെട്ടിട്ടില്ല എന്ന പ്രസ്താവന ഇത് ഒരു പരീക്ഷണം കൂടെ ആയിരുന്നുവെന്നും തെളിയുന്നു. ചോദിച്ചതും ചോദിക്കാത്തതുംമെല്ലാം ദൈവം സോളമനു നൽകി. "ജ്ഞാനവും വിവേകവും ഞാൻ നിനക്ക് തരും"(1 രാജാ 3,12) എന്ന് വിവർത്തനം ചെയ്യുന്നതിന്റെ മൂലാർത്ഥം "ജ്ഞാനവും വിവേചന ശക്തിയുമുള്ള ഹൃദയം നിനക്കു ഞാൻ തരും" എന്നാണ്. കർത്താവ് തന്റെ ദാനങ്ങൾ സോളമന്റെ മേൽ സമൃദ്ധമായി ചൊരിയുമ്പോൾ ഒരു നിബന്ധന വയ്ക്കുന്നുണ്ട്; "എന്റെ നിയമങ്ങളും കല്പനകളും പാലിക്കുകയും എന്റെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്താൽ" മാത്രമേ ഈ അനുഗ്രഹങ്ങൾ ശാശ്വതമായി ഇരിക്കുകയുള്ളു. കർത്താവിന്റെ വാഗ്ദാനങ്ങൾ നിരുപാധികങ്ങളല്ലെന്നും അവിടുത്തോടു വിശ്വസ്തത പാലിച്ചാൽ മാത്രമേ അവിടുത്തെ സ്നേഹം അനുഭവിക്കാൻ കഴിയുകയുള്ളു എന്നും ഇതിലൂടെ വ്യക്തമാക്കുന്നു.

സ്വപ്നത്തിൽ തനിക്കു ലഭിച്ച വാഗ്ദാനം കർത്താവു തന്നെ നൽകിയതാണെന്നും സോളമന് വിശ്വസിച്ചു. പിന്നീടുള്ള അയാളുടെ പ്രവർത്തനങ്ങൾ പ്രതിഫലിച്ച മഹത്തായ ജ്ഞാനവും വിവേകവും ഈ സത്യത്തിനു സാക്ഷ്യമാകും. ജറുസലോമിൽ മടങ്ങിയെത്തിയശേഷം കർത്താവിനു കൃതജ്ഞതാ സൂചകമായി ദഹനബലികളും സമാധാന ബലികളും അർപ്പിച്ചു. സേവകന്മാർക്കും നൽകിയ വിരുന്ന് (1 രാജാ 3,15) ഈ ബലിയർപ്പണത്തിന്റെ ഭാഗമായിരുന്നു.

**വിചിന്തനം:** എന്തു ചോദിച്ചാലും ലഭിക്കുമെന്ന് അറിയാമായിരുന്നിട്ടും തന്റെ ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ കാര്യം മാത്രമാണ് സോളമൻ ദൈവത്തോട് ചോദിച്ചത്. യേശുനാഥൻ നമുക്കു ഒരു വാഗ്ദാനം നൽകിയിട്ടുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും" (യോഹ 15,16). എന്തൊക്കെയാണ് നാം ദൈവത്തോട് ചോദിക്കുന്നത്? എന്താണ് ചോദിക്കേണ്ടത്? നമുക്കു ആവശ്യമുള്ള ഭൗതികകാര്യങ്ങളുടെ ഒരു പട്ടിക മാത്രമായി നമ്മുടെ പ്രാർത്ഥനകൾ അവസാനിക്കാറുണ്ടോ? ശ്രവിക്കുന്ന ഒരു ഹൃദയത്തിനുവേണ്ടി സോളമൻ യാചിച്ചു. ഹൃദയംകൊണ്ടു ശ്രവിക്കാൻ തുടങ്ങുമ്പോഴെ നമുക്ക് ദൈവത്തിന്റെ സ്വരം തിരിച്ചറിയാനും സഹജീവികളെ സഹോദരങ്ങളായി കാണാനും കഴിയും. നിശബ്ദതയിൽ ദൈവ



ത്തിന്റെ സ്വരത്തിനും കാതോർക്കലായി നമുക്കു പ്രാർത്ഥനയെ കാണാൻ കഴിയുന്നുണ്ടോ? മറ്റുള്ളവരെക്കുറിച്ചും വിധി പറയുന്നതിനു മുമ്പേ അവരെ ഹൃദയംകൊണ്ടു മനസ്സിലാക്കാൻ ശ്രമിക്കണം. ബുദ്ധിക്ക് അതീതമായ സത്യം ഹൃദയംകൊണ്ടു ഗ്രഹിക്കാൻ കഴിയും.

## d. വിവേകപൂർണ്ണമായ വിധിപ്രസ്താവന 1 രാജാ 3,16-28

സോളമനു ലഭിച്ച ജ്ഞാനത്തിന്റെ വ്യക്തമായ ഒരു ഉദാഹരണമാണിത്. രാജ്യത്തെ ഏറ്റം ഉന്നതനായ ന്യായാധിപനാണ് രാജാവ്. അയാളുടെ വിധികൾ അന്തിമമാണ് .തീരുമാനം എടുക്കാൻ വളരെ പ്രയാസമുള്ള ഒരു വ്യവഹാരവുമായിട്ടാണ് രണ്ടു സ്ത്രീകൾ രാജാവിനെ സമീപിക്കുന്നത്. ജനിതകശാസ്ത്രം വികസിച്ചിട്ടില്ലാതിരുന്ന അക്കാലത്ത്, സാക്ഷികളുടെ അഭാവത്തിൽ, കുഞ്ഞിന്റെ മാതൃത്വം തെളിയിക്കുക ഭൗതികമായി അസാധ്യമായിരുന്നു. എന്നാൽ ഹൃദയംകൊണ്ടു ശ്രവിക്കാൻ കഴിവു ലഭിച്ച സോളമൻ തന്റെ പരീക്ഷണം വഴി യഥാർത്ഥ മാതാവിനെ കണ്ടുപിടിച്ചു. വാക്കുകൾക്കും വാദമുഖങ്ങൾക്കും ഉപരി ഹൃദയഭാഗത്തെ ശ്രവിക്കാൻ രാജാവിനു കഴിഞ്ഞു. ഇത് ദൈവത്തിന്റെ പ്രത്യേക ദാനമാണെന്ന് ജനം ഏറ്റുപറഞ്ഞു. "നീതി നടത്തുന്നതിൽ ദൈവിക ജ്ഞാനം രാജാവിനുണ്ട്" (1 രാജാ 3,28) എന്ന ജനത്തിന്റെ ബോധം സോളമന് ഉത്തമനായ രാജാവായി ചിത്രീകരിക്കുന്നു. (സങ്കീ 72,1-2).

**വിചിന്തനം:** സമൂഹത്തിൽ സ്ഥാനമോ സൽപേരോ ഇല്ലാതിരുന്ന രണ്ടു വേശ്യകൾക്കുപോലും പരമോന്നത ന്യായപീഠത്തെ സമീപിക്കാനും നീതി ലഭിക്കാനും കഴിഞ്ഞു. ഇന്നത്തെ നമ്മുടെ നീതിന്യായ കോടതികൾക്ക് ഇപ്രകാരമൊരു ബഹുമതി അവകാശപ്പെടാൻ കഴിയുമോ? രാഷ്ട്രീയ തലത്തിലല്ല, സഭാതലത്തിൽ പോലും ഹൃദയംകൊണ്ടു ശ്രവിക്കുന്ന ന്യായാധിപന്മാരാണ് വിധി പ്രസ്താവിക്കുന്നത് എന്നു പറയാനാവുമോ? അനുദിന ജീവിതത്തിൽ നാം എപ്രകാരമാണ് മറ്റുള്ളവരുടെ പരസ്പര വിരുദ്ധമായ അവകാശവാദങ്ങൾ വിലയിരുത്തുന്നത്?

## e ഭരണസംവിധാനം 1 രാജാ 4,1-19

ദാവീദും പാകിയ അടിത്തറയിന്മേലാണ് സോളമൻ തന്റെ സാമ്രാജ്യം പടുത്തുയർത്തിയത്. അധിക സമയവും യുദ്ധങ്ങൾക്കുവേണ്ടി ചിലവഴിച്ച ദാവീദിന് രാജ്യത്തിന്റെ അഭ്യന്തരകാര്യങ്ങളിൽ ശ്രദ്ധിക്കാൻ സമയം കുറവായിരുന്നു. തന്നെയുമല്ല, ജീവിതത്തിന്റെ രണ്ടാം പകുതിയിൽ കുടുംബപ്രശ്നങ്ങളും ആഭ്യന്തരകലാപങ്ങളും മറ്റു അനർത്ഥങ്ങളും അദ്ദേഹത്തെ ഏറെ അലട്ടുകയും ചെയ്തിരുന്നു. എന്നാലും രാജഭരണ

ത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരു പരിധിവരെ ദാവീദ് ക്രമപ്പെടുത്തിയിരുന്നു. (2 സാമു 8,15-18; 20,23-26). സോളമൻ ഈ സംവിധാനങ്ങൾ അതേപടി സ്വീകരിച്ചു. പല പ്രധാന ഉദ്യോഗസ്ഥന്മാരെയും തന്റെ സംവിധാനത്തിൽ തുടർന്നു നിയമിച്ചു. ദാവീദിന്റെ അംഗരക്ഷസേനയുടെ തലവനായിരുന്ന ബെനായായെ സോളമൻ സർവ്വ സൈന്യാധിപനാക്കി. നടപടി എഴുത്തുക്കാരനായ യഹോഷാഫാത്തിനെ അതേ താസ്തിക തന്നെ ഏല്പിച്ചു. സാദോക്കിനെയും അബിയാഥറിനെയും പുരോഹിതന്മാരായി തുടർന്ന് സ്വീകരിച്ചു. അബിയാഥറിനെ പിന്നീടു സ്ഥാനഭ്രഷ്ടനാക്കിയതും നാം കണ്ടുകഴിഞ്ഞു. (1 രാജാ 2,27).

ദാവീദിന്റേതിനേക്കാൾ വളരെയേറെ വിപുലമായിരുന്നു സോളമന്റെ ഭരണസംവിധാനം. കേന്ദ്രഭരണത്തിലും പ്രവിശ്യകളുടെ ഭരണസംവിധാനത്തിലും അദ്ദേഹം ഗണ്യമായ പരിഷ്കാരങ്ങൾ നടത്തി. രാജകൊട്ടാരത്തിൽ കേന്ദ്രമാക്കിയുള്ള ഭരണസംവിധാനത്തിൽ ഈജിപ്തിന്റെ മാതൃക വളരെയേറെ അനുകരിച്ചതായി കാണാം. കാര്യ വിചാരകന്മാരിൽ ഒരുവനായ ഷിഷായുടെ പുത്രൻ എലിഹോറെഫ് ഈജിപ്തുകാരനായിരുന്നു എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. അയൽ രാജ്യങ്ങളുമായി സഖ്യങ്ങളിലേർപ്പെട്ട സോളമൻ അവരുടെ ഭരണ സംവിധാനങ്ങളിൽ നല്ലെതെന്നു തോന്നിയവ സ്വീകരിക്കുക തികച്ചും സ്വാഭാവികമായിരുന്നു.

1 രാജാ 4, 1-6ൽ നല്കിയിരിക്കുന്നത് രാജാവിന്റെ ഒദ്യോഗിക രേഖകളിൽ നിന്നെടുത്ത ഒരു പട്ടികയാണ്. രാജ്യത്തെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും തസ്തികകളും മാത്രമാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. "രാജാവിന്റെ പ്രധാന സേവകന്മാർ" എന്നത് ഇന്നത്തെ ഭാഷയിൽ മന്ത്രിമാരെന്നോ, വകുപ്പു മേധാവികൾ എന്നോ വിവർത്തനം ചെയ്യാവുന്നതാണ്. ഓരോരുത്തരും കൈകാര്യം ചെയ്ത തസ്തികകൾ ഏവ എന്നു വ്യക്തമല്ല; മലയാള വിവർത്തനം ആ വകുപ്പുകളെക്കുറിച്ച് കാര്യമായ ഒരറിവും പ്രദാനം ചെയ്യുന്നുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രവുമായ സകല കത്തിടപാടുകളുടെയും ഉത്തരവാദിത്വം വഹിക്കുന്നവരെയാണ് കാര്യവിചാരകന്മാർ (Secretary - ഹീബ്രു: സോഫെറിം) എന്നു വിളിക്കുന്നത്. രാജാവിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെയും സ്റ്റേറ്റ് സെക്രട്ടറി അഥവാ വിദേശകാര്യമന്ത്രിയുടെയും സ്ഥാനമാണ് അവർക്കുള്ളത്. രാജാവിന്റെ ഒദ്യോഗിക വക്താവിനെയാണ് നടപടിയെഴുത്തുകാരൻ (Royal herald - ഹീബ്രു: മസ്ക്കീർ എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത്. രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളും വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങളും രാജാവിനെ അറിയിക്കുകയും രാജാ



വിന്റെ തീരുമാനങ്ങൾ ഒദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് ഈ ഉദ്യോഗസ്ഥനാണ്. പ്രവിശ്യകളുടെ ഗവർണ്ണർമാരുടെയെല്ലാം മേൽനോട്ടത്തിന് ഉത്തരവാദപ്പെട്ട ഉന്നതോദ്യോഗസ്ഥനാണ് മേൽവിചാരകൻ. രാജാവിന്റെ ഉപദേഷ്ടാവിനെ തോഴൻ എന്നു വിളിക്കുന്നു.

രാജാവു കഴിഞ്ഞാൽ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥനാണ് കൊട്ടാര വിചാരിപ്പുകാരൻ. പ്രധാനമന്ത്രിയുടെ സ്ഥാനമാണ് അയാൾക്കുള്ളത്. രാജാവിന്റെ പ്രതിനിധിയായി അയാളെ കരുതാം. ഭരണ സംബന്ധമായ സകല കാര്യങ്ങളുടെയും പരമമായ ഉത്തരവാദിത്വം അയാൾക്കായിരുന്നു. കൊട്ടാരത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരൻ എന്നും അയാൾ അറിയപ്പെട്ടിരുന്നു. രാവിലെ കൊട്ടാരത്തിന്റെ പ്രധാന വാതിൽ തുറക്കുകയും വൈകുന്നേരം പൂട്ടുകയും ചെയ്യുക അയാളുടെ ചുമതലയാണ്. അയാൾ വാതിൽ തുറന്നാലേ ഭരണകൂടം പ്രവർത്തനമാരംഭിക്കൂ (ഏശ 22,22). ഈ അർത്ഥത്തിലാണ് യേശുനാഥൻ പത്രോസിനു താക്കോൽ വാഗ്ദാനം ചെയ്തത് (മത്താ 16,19). ഈജിപ്തിൽ ജോസഫിനുണ്ടായിരുന്ന സ്ഥാനവും ഇതായിരുന്നു (ഉൽപ 41,40).

രാജ്യം പന്ത്രണ്ടു പ്രവിശ്യകളായി തിരിച്ച് ഓരോന്നിനും പ്രത്യേകം പ്രത്യേകം അധിപന്മാരെ നിശ്ചയിച്ചതാണ് (1 രാജാ 4,7-18) സോളമന്റെ ഏറ്റം വലിയ ഭരണ പരിഷ്കാരം. ഭരണ കാര്യങ്ങൾക്ക് ആവശ്യമായ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്. ഇതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടായി. പന്ത്രണ്ടു ഗോത്രങ്ങൾ എന്ന ഇസ്രായേൽ ജനത്തിന്റെ അടിസ്ഥാന സംവിധാനം ഇതോടെ തകർന്നു. ഗോത്രാതിർത്തികൾക്ക് യാതൊരു പ്രാധാന്യവും നല്കാതെയാണ് പുതിയ പ്രവിശ്യകൾ രൂപപ്പെടുത്തിയത്. യൂദായും മറ്റു ഗോത്രങ്ങളും തമ്മിൽ പ്രത്യക്ഷമായ ഒരു വിവേചനവും ഈ വിഭജനത്തിൽ കാണാം. യൂദാഗോത്രത്തെ അതേപടി നിലനിർത്തി, ഒരു മേലാധികാരിയെയും നിശ്ചയിച്ചപ്പോൾ മറ്റു ഗോത്രങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം ഉന്മൂലനം ചെയ്യുന്നതായിരുന്നു പുതിയ വിഭജനം. ഗോത്രങ്ങളുടെ സ്വാതന്ത്ര്യം തന്റെ ഭരണത്തിനു ഭീഷണിയാവാതിരിക്കണം എന്നതും സോളമന്റെ ലക്ഷ്യമായിരുന്നു എന്നു തോന്നും. തന്നെയുമല്ല, വടക്കൻ ഗോത്രങ്ങളിൽ നിന്നു മാത്രമേ നികുതി പിരിച്ചതായി പറയുന്നുള്ളു (1 രാജാ 4,7). ആ ഗോത്രങ്ങൾക്ക് രാജഭരണത്തോട് അമർഷമുണ്ടാകാനും സോളമന്റെ മരണത്തിനുശേഷം അവ ഒന്നടങ്കം ദാവീദിന്റെ ഭവനത്തിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കാനും ഇതു കാരണമാവുകയും ചെയ്തു.

## f. സമ്പൽ സമൃദ്ധി 1 രാജാ 4,20-28

സോളമന്റെ ഭരണകാലത്ത് ജനത്തിനുണ്ടായ സമ്പൽസമൃദ്ധിയും ലഭിച്ച സുരക്ഷിതത്വവും വലുതായിരുന്നു. അസംഖ്യമായ സന്തതികളെയും ദേശത്തെയുംക്കുറിച്ച് ദൈവം അബ്രഹാമിനു നല്കിയ വാഗ്ദാനം (ഉൽപ 13,16; 15,5.18) പൂർത്തിയായി എന്ന് 1 രാജാ 4,20-21ൽ സൂചിപ്പിക്കുന്നു. യൂദാ, ഇസ്രായേൽ എന്ന് വേർതിരിച്ചു പറയുന്നത് രാജ്യം പിളർന്നതിനുശേഷമുള്ള പശ്ചാത്തലത്തിൽ നിന്ന് എഴുതുന്നതുകൊണ്ടാണ്. യൂദാ ഒഴികെ മറ്റു ഗോത്രങ്ങളെല്ലാം എന്നാണ് ഇവിടെ 'ഇസ്രായേൽ" എന്ന പേരുകൊണ്ടു വിവക്ഷിക്കുന്നത്. സോളമൻ അയൽ രാജ്യങ്ങളുമായി സമാധാനത്തിൽ കഴിഞ്ഞു എന്നും ജനത്തിനു സുരക്ഷിതത്വം ലഭിച്ചു എന്നും പ്രത്യേകം എടുത്തു പറയുന്നു ( 1 രാജാ 4,24-25). മുന്തിരിയും അത്തിയും കൃഷിചെയ്തു (1 രാജാ 4,25) എന്നതു വ്യാഖ്യാനമാണ്. ഓരോരുത്തരും താന്താങ്ങളുടെ മുന്തിരിയുടെയും അത്തിയുടെയും തണലിൽ സുരക്ഷിതരായി കഴിഞ്ഞു എന്നാണ് ഹീബ്രുമൂലം. ക്ലേശരഹിതവും സമ്പൽസമൃദ്ധവും സമാധാനപൂർണ്ണവുമായ ഒരു ജീവിതത്തിന്റെ ചിത്രമാണിത്.

സോളമന്റെ അനുദിനച്ചിലവ് രാജകൊട്ടാരവുമായി ബന്ധപ്പെട്ട സകല ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന വലിയ ഭരണകൂടത്തിന്റെ ചിലവാണ്. 450 ലിറ്ററാണ് ഒരു കോർ. ഏകദേശം 40 ടൺ ധാന്യം വേണ്ടിവരും ഒരു ദിവസത്തെ കൊട്ടാരച്ചിലവിന്. തേരും കുതിരയും സോളമനു പ്രത്യേക താല്പര്യമുള്ള വിഷയമായിരുന്നു. ദാവീദ് അവയെ യുദ്ധത്തിന് ഉപയോഗിച്ചിരുന്നില്ല. എന്നാൽ സോളമൻ ശക്തമായ കുതുരപ്പടയും തേർപ്പടയും രാജ്യത്തിന്റെ പല ഭാഗത്തായി ഒരുക്കി നിർത്തിയിരുന്നു. സോളമന്റെ കുതിരവ്യാപാരത്തെയും അശ്വസൈന്യത്തെയുംക്കുറിച്ച് വിശദമായി പിന്നീട് പ്രതിപാദിക്കുന്നതാണ് (1 രാജാ 10,26-29; 2 ദിന 1,16-17).

വിശാലമായ ഭരണകൂടത്തിന്റെയും വിപുലമായ സൈന്യ സന്നാഹങ്ങളുടെയും എല്ലാം ഭാരം താങ്ങേണ്ടിവന്നത് സാധാരണ ജനമാണ്; അതും വടക്കൻ ഗോത്രങ്ങൾ. ജനം സന്തുഷ്ടരായി കഴിഞ്ഞു എന്നു പറയുമ്പോഴും 1 രാജാ 4,21ൽ നല്കുന്ന രണ്ടു സൂചനകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. സോളമന്റെ ജീവിത കാലം മുഴുവൻ ജനം അവന് കാഴ്ചകളർപ്പിച്ചു. 2. ജനം അവനെ സേവിച്ചു. ജനത്തെ സേവിക്കാനായി നിയോഗിക്കപ്പെട്ടവനാണ് രാജാവ്. എന്നാൽ ജനം അവനെ സേവിക്കേണ്ടിവന്നിരിക്കുന്നു. സാമുവേൽ വഴി കർത്താവു നല്കിയ താക്കീതുകൾ ( 1സാമു 8,10-17) ഒന്നൊന്നായി നിറവേറുന്നതിന്റെ സൂചനയാണ് വി.ഗ്രന്ഥകാരൻ ഇവിടെ നല്കുന്നത്.



## g. ജ്ഞാനം 1 രാജാ 4,29-34

അതിശയോക്തി കലർന്ന ഒരു വിവരണത്തോടെയാണ് സോളമന്റെ ജ്ഞാനത്തെക്കുറിച്ചുള്ള പ്രതിപാദനം ഇവിടെ ഉപസംഹാരിക്കുന്നത്. ഈ വിഷയം വീണ്ടും 1 രാജാ 10-11 അധ്യായങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. ഗിബയോനിൽ വച്ചു കർത്താവു നല്കിയ വാഗ്ദാനം പ്രതീക്ഷയെ മറികടക്കുന്ന വിധത്തിൽ നിറവേറി. "കടൽത്തീരം പോലെ വിശാലമായ ഹൃദയം" (1 രാജാ 4,29) അതി വിശാലമായ ജ്ഞാനത്തെ സൂചിപ്പിക്കുന്നു. അതിന്റെ ഉദാഹരണമാണ് 1 രാജാ 4,33ൽ നല്കിയിരിക്കുന്നത്. അന്ന് അറിയപ്പെട്ടിരുന്ന സകല ജ്ഞാനികളെയുംകാൾ ഉന്നതനായിരുന്നു സോളമൻ. അയാളുടെ ജ്ഞാനം അനുഭവിച്ചറിയാൻ വിദൂര ദേശങ്ങളിൽ നിന്നുപോലും ആളുകൾ ജെറുസലേമിലേക്കു വന്നു. സസ്യങ്ങളെയും ജന്തുക്കളെയുംക്കുറിച്ചുള്ള സോളമന്റെ ജ്ഞാനം പ്രത്യേകം എടുത്തു പറയുന്നു. പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിച്ച് അറിവു സമ്പാദിക്കുകയും പ്രായോഗിക പാഠങ്ങൾ പഠിക്കുകയും ജ്ഞാനികളുടെ സ്വഭാവ സവിശേഷതയായിരുന്നു. സുഭാ 30 ഉദാഹരണമാണ്. സസ്യങ്ങളെ കഥാപാത്രങ്ങളാക്കി അന്യാപദേശങ്ങൾ രചിക്കുന്നതിന്റെ ഉദാഹരണങ്ങളും ബൈബിളിൽ കാണാം (ന്യായാ 9,8-15; 2 രാജാ 14,9).

കല, സാഹിത്യം, ശാസ്ത്രം മുതലായവയെ പ്രോത്സാഹിപ്പിക്കുക രാജാക്കന്മാർക്കു പതിവായിരുന്നു. മഹാജ്ഞാനിയായ സോളമൻ ഇവയ്ക്കെല്ലാം വലിയ പ്രാധാന്യം നല്കി. അളവറ്റ സമ്പത്തും അനേകം രാജ്യങ്ങളുമായി നയതന്ത്ര ബന്ധങ്ങളും ഉണ്ടായിരുന്ന സോളമന് അന്നു ലഭ്യമായ സകല അറിവുകളും ശേഖരിക്കുക പ്രായേണ എളുപ്പമായിരുന്നു. വിവിധഭാഷകളിലും വിവിധ ജനതകളുടെ ജ്ഞാനശേഖരങ്ങളിലും പ്രാവീണ്യം നേടാൻ ഉപയുക്തമായ ഗ്രന്ഥപ്പുരകളും മൃഗശാലകളും പഠനകേന്ദ്രങ്ങളും സോളമൻ സ്ഥാപിച്ചു എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. വിവിധ ദേശങ്ങളിൽ നിന്നുള്ള ജ്ഞാനികൾ സോളമന്റെ സദസിനെ അലങ്കരിച്ചു. അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാർ ജ്ഞാനത്തിന്റെ വിവിധ മേഘലകളിൽ പ്രാവീണ്യം നേടിയിരുന്നു. ഇതെല്ലാം സോളമന്റെ ജ്ഞാനത്തിന്റെ പ്രകടനമായി കരുതുന്നു. ഇവരുടെയെല്ലാം പ്രയത്നഫലങ്ങൾ സോളമന്റെ നേട്ടമായി പരിഗണിക്കപ്പെട്ടു. അങ്ങനെ സോളമന്റെ ഭരണകാലത്ത് ജറുസലെം ലോകത്തിലെ ഒരു പ്രധാന സാംസ്കാരിക കേന്ദ്രമായി മാറി.

## ചോദ്യങ്ങൾ

1. സോളമന്റേതായി ബൈബിൾ എടുത്തുകാട്ടുന്ന ഏറ്റം വലിയ ഗുണ വിശേഷം എന്ത്?
2. ജ്ഞാനം എന്നതുകൊണ്ട് ബൈബിളിൽ എന്താണ് അർത്ഥമാക്കുന്നത്?
3. സോളമൻ ഫറവോയുടെ മകളെ വിവാഹം ചെയ്തു. എന്തായിരുന്നു ഈ വിവാഹത്തിന്റെ ലക്ഷ്യം? ഈജിപ്തിന്റെയും ഇസ്രായേലിന്റെയും അവസ്ഥയെക്കുറിച്ച് എന്തറിവാണ് ഈ സംഭവത്തിൽ നിന്നും ലഭിക്കുക?
4. എന്താണ് പൂജാഗിരി? സോളമൻ പൂജാഗിരിയിൽ ബലിയർപ്പിച്ചു എന്ന് എടുത്തു പറയുന്നതെന്തുകൊണ്ട്?
5. സോളമന്റെ യാചന ദൈവത്തിനു പ്രീതികരമായത് എന്തുകൊണ്ട്?
6. സോളമനു നല്കിയ ദാനങ്ങളോടൊപ്പം കർത്താവു വച്ച നിബന്ധനകൾ എന്തായിരുന്നു? അതിൽ നിന്ന് എന്തു പാഠമാണ് നമുക്കു ലഭിക്കുക?
7. ഏതെല്ലാം മേഖലകളിലാണ് സോളമന്റെ ജ്ഞാനം പ്രകടമായത്? ഉദാഹരണസഹിതം വിശദീകരിക്കുക.
8. സോളമന്റെ ഭരണപരിഷ്കാരങ്ങൾ ഇസ്രായേൽ ജനത്തിന്റെ സാമൂഹിക ഘടനയെ എപ്രകാരം സ്വാധീനിച്ചു? വ്യക്തമാക്കുക.

**ചർച്ചയ്ക്ക്:** സോളമന്റെ സമ്പൽസമൃദ്ധിയെക്കുറിച്ചുള്ള പരാമർശത്തിൽ നിന്ന് സാമാന്യജനത്തിന്റെ ജീവിതത്തെക്കുറിച്ച് എന്ത് ഉൾക്കാഴ്ചയാണ് ലഭിക്കുന്നത്? സോളമന്റെ സാമ്പത്തിക നയങ്ങളെ നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന സാമ്പത്തിക നയങ്ങളും അവയുടെ പരിണിത ഫലങ്ങളുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** യഥാർത്ഥ ജ്ഞാനത്തിനുവേണ്ടി ജ്ഞാനം 9 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 3. ദേവാലയം
## 1 രാജാ 5,1-9, 9; 2 ദിന 2,1-7,22

നീതിപാലനം, ഭരണസംവിധാനം, സാഹിത്യം, ശാസ്ത്രം മുതലായ മേഖലകളിൽ പ്രകടമായ സോളമന്റെ ജ്ഞാനത്തെക്കുറിച്ചാണ് 1 രാജാ 3-4ൽ വിവരിച്ചത്. നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ദൃശ്യമായ ജ്ഞാനത്തെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുന്നു. രാജാക്കന്മാരുടെയും ഭരണാധിപന്മാരുടെയും ജ്ഞാനവും മഹത്വവും പ്രശസ്തിയും നൂറ്റാണ്ടുകളിലൂടെ വിളിച്ചറിയിക്കുന്ന സ്മാരകങ്ങളാണ് അവർ പണികഴിപ്പിച്ച കെട്ടിടങ്ങൾ. ഇക്കാര്യത്തിലും സോളമൻ മറ്റാരുടെയും പിന്നിലായിരുന്നില്ല. ഇസ്രായേൽ ജനം സോളമൻ രാജാവിനെ ഏറ്റം അധികം പ്രശംസിക്കുന്നതും നന്ദിയോടെ സ്മരിക്കുന്നതും അദ്ദേഹം പണികഴിപ്പിച്ച ദേവാലയത്തിന്റെ പേരിലാണ്. അദ്ദേഹത്തിന്റെ ചെയ്തികളെക്കുറിച്ചുള്ള വിവരണത്തിൽ പകുതിയിലേറെ സ്ഥലം ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകത്തിൽ ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തിനു മധ്യത്തിൽ കൊട്ടാരങ്ങളെക്കുറിച്ച് ചെറിയ ഒരു വിവരണം നല്കിയിട്ടുണ്ട് (1 രാജാ 7,1-12). ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഈ വിവരണം കാണുന്നില്ല. ഇതൊഴിച്ചാൽ രണ്ടു പുസ്തകങ്ങളിലും കാര്യമായ വ്യത്യാസങ്ങൾ കൂടാതെ ഒരേ തരത്തിലുള്ള വിവരണമാണ് നല്കിയിരിക്കുന്നത്. ചുരുക്കമായി പ്രത്യക്ഷപ്പെടുന്ന വ്യത്യാസങ്ങൾ അതതിടത്ത് എടുത്തുകാണിക്കുന്നതാണ്.

ദേവാലയ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണം മൂന്നു ഭാഗങ്ങളായി തിരിക്കാം. a. ദേവാലയ നിർമ്മാണത്തിന് ഒരുക്കം. b. ദേവാലയ നിർമ്മാണം. c. ദേവലായ പ്രതിഷ്ഠ. ദേവാലയത്തിന്റെയും രാജകൊട്ടാരത്തിന്റെയും പ്രൗഢിയെയും മനോഹാരിതയെയുംക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിനു നല്കേണ്ടിവന്ന വിലയെയും അതു ജനത്തിലുളവാക്കിയ പ്രതികരണത്തെയുംക്കുറിച്ച് വി.ഗ്രന്ഥകാരൻ അങ്ങിങ്ങായി ചില സൂചനകൾ നല്കുന്നുണ്ട്. ആദ്യ വായനയിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന ഈ സൂചനകൾ ദേവാലയത്തെയും സോളമന്റെ ഇതര പ്രവർത്തനങ്ങളെയും അവയുടെ പ്രത്യാഘാതങ്ങളെയുംക്കുറിച്ച് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലിന് സഹായിക്കും.

**a. ദേവാലയ നിർമ്മാണത്തിന് ഒരുക്കം 1 രാജാ 5,1-18; 2 ദിന 2, 1-18**

ദേവാലയവും കൊട്ടാരവും നിർമ്മിക്കാൻ ആവശ്യമായ വസ്തുക്കളും മനുഷ്യശക്തിയും സമാഹരിച്ചതിന്റെ വിവരണത്തോടെയാണ് ദേവാലയത്തെക്കുറിച്ചുള്ള പ്രതിപാദനം ആരംഭിക്കുന്നത്. രണ്ടു പുസ്തകങ്ങളുടെയും വിവരണങ്ങളിൽ പൊതുവെ ഐക്യമുണ്ടെങ്കിലും വിശദാംശങ്ങളിലും ഊന്നലുകളിലും വ്യത്യാസം കാണാം. ദാവീദുരാജാവ് തന്റെ മരണത്തിനുമുമ്പേ ദേവാലയ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾ ശേഖരിച്ചു വച്ചു എന്ന് 1 ദിന 22,5.14-15ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെക്കുറിച്ചു യാതൊരു സൂചനയും നല്കാതെയാണ് ഇവിടെ വസ്തുസമാഹരണം വിവരിക്കുന്നത്. ദിനവൃത്താന്തഗ്രന്ഥത്തിലെ പരാമർശം അതിശയോക്തി കലർന്നതാണ്. ദാവീദു സംഭരിച്ചവ അപര്യപ്തമായതിനാണല്ലോ സോളമൻ വിപുലമായ വസ്തുസമാഹാരണത്തിനു തുനിഞ്ഞത്.

കെട്ടിട നിർമ്മാണത്തിന് അന്നു ലഭ്യമായ ഏറ്റം വിശിഷ്ട മരമായിരുന്നു ദേവദാരുവാണ് സോളമൻ ഉപയോഗിച്ചത്. ഈട്ടിയുടെ നിറവും തേക്കിന്റെ ഉറപ്പും ചന്ദനത്തിന്റേതുപോലുള്ള സുഗന്ധവും ഉള്ള മരമാണ് ദേവദാരു (Cedar). ലെബനോൺ മലകളിൽ സമൃദ്ധമായി വളർന്നിരുന്ന ഈ മരം മധ്യധരണ്യാഴിയുടെ ചുറ്റുപാടുമുള്ള രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നത് തുറമുഖ നഗരമായ ടയിറിൽ നിന്നാണ്. ലെബനോൺ പർവ്വത നിരകളും വനങ്ങളും ടയിറിന്റെ ആധിപത്യത്തിൽ കീഴിലായിരുന്നു. ദേവദാരു കയറ്റി അയയ്ക്കുന്നതിൽ മാത്രമല്ല, കെട്ടിട നിർമ്മാണം, കപ്പൽ നിർമ്മാണം, മരംകൊണ്ടും വിവിധയിനം ലോഹങ്ങൾ കൊണ്ടുമുള്ള ശില്പവേല മുതലായവയിൽ അതി സമർത്ഥരായ ശില്പികളുടെ കാര്യത്തിലും ടയിർ ലോകപ്രശസ്തിയാർജിച്ചിരുന്നു. അതിനാൽ ടയിർ രാജാവുമായി ഒരു കരാർ ഉണ്ടാക്കുകയാണ് സോളമൻ ആദ്യമേ ചെയ്തത്.

സോളമന്റെ അന്താരാഷ്ട്ര നയതന്ത്ര ബന്ധങ്ങളുടെയും അദ്ദേഹം ഏർപ്പെട്ട ഉടമ്പടികളുടെയും ഒരു ഉദാഹരണമാണ് ടയിർ രാജാവായ ഹീരാമുമായി ചെയ്ത ഉടമ്പടി. രണ്ടു പുസ്തകങ്ങളും ഇതിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം കൂടുതൽ വസ്തു നിഷ്ഠവും കാര്യമാത്ര പ്രസക്തവുമാണ്. ദൈവശാസ്ത്ര പരമായ വിചിന്തനങ്ങൾ ചുരുക്കമായേ നല്കുന്നുള്ളൂ. ദിനവൃത്താന്ത്ര ഗ്രന്ഥത്തിലെ വിവരണത്തിൽ ദേവാലയത്തെ സംബന്ധിച്ച് സാമാന്യം



ദീർഘമായ ഒരു വിചിന്തനം ഉൾക്കൊള്ളിച്ചിരിക്കുന്നു (2 ദിന 2,4-6).

ദാവീദുമായുണ്ടായിരുന്ന നയതന്ത്ര ബന്ധം (2 സാമു 5,11) സോളമനുമായി തുടരാനുള്ള താല്പര്യം പ്രകടമാക്കുന്നതാണ് ഹീരാം അയച്ച അനുമോദന സന്ദേശം (1 രാജാ 5,1). ഈ അവസരം ഉപയോഗിച്ചു കൊണ്ട് സോളമൻ തന്റെ താല്പര്യങ്ങൾ ഹീരാമിനെ അറിയിച്ചു (1 രാജാ 5,2-6). "എനിക്കു പ്രതിയോഗിയില്ല" ദൗർഭാഗ്യവുമില്ല. കർത്താവ് എനിക്കു സമാധാനം നല്കിയിരിക്കുന്നു" (1 രാജാ 5,4) എന്ന ആമുഖവാക്യം സോളമന് അനുകൂലമായ അന്താരാഷ്ട്ര സാഹചര്യങ്ങളെ സൂചിപ്പിക്കുന്നു. ഈജിപ്തും മെസൊപൊട്ടാമിയായും ദുർബലമായിരുന്നു. ചുറ്റുപാടുമുള്ള കൊച്ചു രാജ്യങ്ങളുടെമേൽ ദാവീദ് ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഈജിപ്തിനും മെസൊപൊട്ടാമിയായ്ക്കും മധ്യേയുള്ള അതിവിശാലമായ ഭൂപ്രദേശം മുഴുവൻ സോളമന്റെ നിയന്ത്രണത്തിലായി. ആ പ്രദേശത്തുകൂടെ കടന്നുപോകുന്ന വാണിജ്യപാതകളുടെ പരിപൂർണ്ണ നിയന്ത്രണം സോളമനുണ്ടായിരുന്നു. ദേവാലയ നിർമ്മാണത്തിനാവശ്യമായ തടിയെക്കുറിച്ചു മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

ദേവാലയത്തോടൊപ്പം രാജകൊട്ടാരവും പണിയാൻ സോളമൻ തീരുമാനിച്ചതായും അവയ്ക്കെല്ലാം ആവശ്യമായ മരം മാത്രമല്ല, ശില്പവേലകൾക്കു നേതൃത്വം നല്കാൻ കഴിവുള്ള വിദഗ്ദ്ധ ശില്പികളെയും ടയിറിൽ നിന്നും ഇറക്കുമതി ചെയ്യാൻ ആഗ്രഹിച്ചുവെന്നും ദിനവൃത്താന്ത ഗ്രന്ഥത്തിൽ എടുത്തുപറയുന്നു (2 ദിന 2,1.7). തടിക്കുപുറമേ സ്വർണ്ണവും സോളമൻ ഹീരാമിൽ നിന്നു വാങ്ങിയതായി 1 രാജാ 9,14ൽ സൂചിപ്പിക്കുന്നുണ്ട്. തനിക്ക് ആവശ്യമായ വിഭവങ്ങളുടെയും സേവനങ്ങളുടെയും വിലയായി ടയിർ രാജാവിനു പ്രതിവർഷം ഇരുപതിനായിരം കോർ (ഏകദേശം പതിനായിരം ടൺ) ഗോതമ്പും ഇരുപതിനായിരം ബത് (ഏകദേശം പത്തുലക്ഷം ലിറ്റർ) ഒലിവെണ്ണയും നല്കാമെന്ന് സോളമൻ വാഗ്ദാനം ചെയ്തു (1 രാജാ 5,11). ഇത് ഹീരാമിന്റെ ഗാർഹികാവശ്യങ്ങൾക്കാണെന്ന പരാമർശം ടയിർ രാജാവിന്റെയും സോളമന്റെയും ഭരണച്ചിലവ് ഏതാണ്ട് തുല്യമായിരുന്നു എന്നു സൂചിപ്പിക്കുന്നു. ഇതിനു പുറമെ ഇരുപതിനായിരം കോർ ബാർലിയം ഇരുപതിനായിരം ബത് വീഞ്ഞും കരാറിന്റെ ഭാഗമായിരുന്നെന്ന് 2 ദിന 2,10ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ലെബനോൺ മലകളിൽ നിന്നു മുറിക്കുന്ന മരം ഏകദേശം അമ്പതു കിലോമീറ്ററോളം അകലെയുള്ള ടയിർ തുറമുഖത്ത് എത്തിക്കണം. അവിടെനിന്ന് ചങ്ങാടങ്ങളാക്കി ഏകദേശം ഇരുന്നൂറു കിലോമീറ്റർ

തെക്കുള്ള യോപ്പാ തുറമുഖത്തേക്കു കടൽ മാർഗ്ഗം കൊണ്ടുവരണം. ഇന്ന് ഈ തുറമുഖം ജാഫാ എന്ന പേരിൽ അറിയപ്പെടുന്നു. പിന്നീട് കുന്നും മലയും കടന്ന് അറുപതോളം കിലോമീറ്റർ അകലെയുള്ള ജറുസലെമിൽ എത്തിക്കണം. മരം മുറിച്ച് ടയിറിൽ എത്തിക്കുന്നതിനുമാത്രം ടയിർ രാജാവിന്റെ വേലക്കാരോടൊപ്പം പതിനായിരം പേർ വീതമുള്ള മൂന്നു സംഘങ്ങളെ സോളമൻ അയച്ചുകൊണ്ടിരുന്നു. തടിക്കുവേണ്ടി നിയോഗിച്ചതിനേക്കാൾ അനേകമടങ്ങ് ആളുകളെ കല്ലുവെട്ടാനും ചുമക്കാനുമായി നിയോഗിക്കേണ്ടിവന്നു. ഒരു ലക്ഷത്തി അമ്പതിനായിരം തൊഴിലാളികളാണ് ഇതിനായി നിയോഗിക്കപ്പെട്ടത്. (1 രാജാ 5,15). പതിനഞ്ചടിയിൽ കൂടുതൽ നീളവും അഞ്ചു ടൺ മുതൽ പത്തുടൺവരെ ഭാരവുമുള്ള വലിയ കല്ലുകളാണ് ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും അടിത്തറ പണിയാൻ ഉപയോഗിച്ചത് (1 രാജാ 5,17-18). ആധുനിക യന്ത്ര സാമഗ്രികളൊന്നും ഇല്ലാതിരുന്ന അക്കാലത്ത് ഇത്രമാത്രം ഭാരം വഹിക്കുന്നതിനുവേണ്ടി വന്ന മനുഷ്യശേഷി എത്രയെന്ന് കണക്കാക്കുക പ്രയാസം. ദേവാലയത്തിനും രാജകൊട്ടാരത്തിനും പുറമെ ദേശത്ത് ഉടനീളം സംഭരണ ശാലകൾ, കോട്ടകൾ, ഖനികൾ, വ്യവസായ ശാലകൾ, കപ്പൽ നിർമ്മാണ ശാലകൾ തുടങ്ങി അനേകം നിർമ്മാണ പ്രവർത്തനങ്ങളിലും സോളമൻ ഏർപ്പെട്ടു (1 രാജാ 9,15-19.26).

അതിബൃഹത്തായ ഈ നിർമ്മണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വേലക്കാരെ കണ്ടെത്തിയ വിധവും വി.ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. ലെബനോണിലേക്ക് അയച്ച് മുപ്പതിനായിരം പേർ ഇസ്രായേൽക്കാരായിരുന്നു (1 രാജാ 5,14). "ഇസ്രായേലിന്റെ എല്ലാ ഭാഗത്തു നിന്നും" എന്നുള്ള വിശദീകരണം യൂദാ ഒഴികെയുള്ള ഇസ്രായേൽ ഗോത്രങ്ങളെയാണ് സൂചിപ്പിക്കുന്നത്. പതിനായിരം പേർ അടങ്ങുന്ന ഓരോ സംഘത്തെ മാസം തോറും ലബനോണിലേയ്ക്ക് അയയ്ക്കും. അവർ ഒരു മാസം മരം മുറിക്കണം. രണ്ടു മാസം സ്വന്തം വീടുകളിൽ അവർക്കു കഴിയാം. അതിനുശേഷം വീണ്ടും ലെബനോണിലേക്ക്. അങ്ങനെ ആണ്ടിൽ നാലു മാസം രാജാവിനുവേണ്ടി ഭക്ഷണം മാത്രം കൂലിയായി സ്വീകരിച്ച് വേല ചെയ്യണം. ലെബനോൺ മലകളിലേക്കും അവിടെനിന്നു തിരിച്ചു സ്വന്തം വീടുകളിലേക്കും കാൽ നടയായി അഞ്ഞൂറിൽപരം കിലേമീറ്റർ യാത്രചെയ്യാൻ വേണ്ടിവരുന്ന സമയം ഇതിൽ പെടുന്നില്ല. പ്രയോഗത്തിൽ സ്വന്തം കുടുംബകാര്യങ്ങൾക്കായി മാറ്റിവയ്ക്കാൻ അവർക്കു സമയം ലഭിച്ചിരുന്നില്ല. ഇതിനെ നിർബന്ധിത രാജസേവനമായി കരുതുന്നു. ഇസ്രായേൽക്കാരെ അടിമകളാക്കിയില്ല (1 രാജാ 9,22) എന്നു



പറയുന്നുണ്ടെങ്കിലും അടിമകളുടേതിനേക്കാൾ ഒട്ടും മെച്ചമായിരുന്നില്ല ഇവരുടെ അവസ്ഥ.

ഇസായേൽ രാജ്യാതിർത്തിക്കുള്ളിൽ വാസമുറപ്പിച്ചിരുന്ന സകല വിദേശീയരേയും സോളമൻ അടിമകളാക്കി (2 ദിന 2,17-18),. വേലക്കാരുടെ മേൽനോട്ടം വഹിച്ചിരുന്നവരുടെ എണ്ണത്തിൽ രണ്ടു പുസ്തകങ്ങളും തമ്മിൽ അന്തരമുണ്ട്. മൂവായിരത്തി മുന്നൂറ് എന്ന് 1 രാജാ 5,16 ലും മൂവായിരത്തി അറുനൂറ് എന്ന് 2 ദിന 2,2.18ലും രേഖപ്പെടുത്തിയിരിക്കുന്നു. അടിമവേലയുടെ മുഴുവൻ ഉത്തരവാദിത്വം വഹിച്ച മന്ത്രിയായിരുന്നു അദോനിറാം. സോളമന്റെ മരണത്തിനു ശേഷമുണ്ടായ കലാപത്തിൽ വടക്കൻ ഗോത്രങ്ങൾ ഇയാളെ കല്ലെറിഞ്ഞു കൊന്നതിൽ നിന്ന് (1 രാജാ 12,18) ഈ സംവിധാനത്തെയും ഇതിന്റെ മേലാളന്മാരെയിം ജനം എത്രമാത്രം വെറുത്തിരുന്നു എന്ന് വ്യക്തമാകുന്നു. ദേശം വിഭജിക്കപ്പെടാനുണ്ടായ മുഖ്യകാരണവും ഈ അടിമവേലയായിരുന്നു ( 1രാജാ 12,3-4).

ദേവാലയ നിർമ്മാണത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണം (2 ദിന 2,4-6) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജറുസലെം ദേവാലയം ദൈവത്തിന്റെ വാസസ്ഥലമാണെന്ന ഒരു ധാരണ ജനമധ്യത്തിൽ പ്രചരിച്ചിരുന്നു. എന്നാൽ സ്വർഗ്ഗത്തിനുപോലും ഉൾക്കൊള്ളാൻ കഴിയാത്തവനാണ് ദൈവം. സർവ്വ വ്യാപിയും അതേ സമയം സർവ്വത്തിനും അതീതനുമായ ദൈവത്തിനുവേണ്ടി ഒരാലയം പണിയാനോ അവിടുത്തെ സാന്നിധ്യം ഒരു ആലയത്തിൽ ഒതുക്കി നിർത്താനോ കഴിയുകയില്ല. കർത്താവിനു ബലിയർപ്പിക്കാനുള്ള ഒരു സ്ഥലം മാത്രമാണ് ദേവാലയം എന്ന് പ്രത്യേകം എടുത്തു പറയുന്നതിലൂടെ ദേവാലയത്തെ സംബന്ധിച്ച അന്ധവിശ്വാസത്തിനു തടയിടുന്നു. ഈ ആശയം സോളമന്റെ പ്രാർത്ഥനയിൽ ആവർത്തിക്കുന്നുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ചയാളെ ഹീരാം എന്ന് 2 രാജാ 7,14ലും ഹൂരാം അബി എന്ന് 2 ദിന 2,13ലും വിളിക്കുന്നു. അയാളുടെ മാതാവ് നഫ്താലി ഗോത്രത്തിലെ ഒരു വിധവ ആയിരുന്നു എന്ന് രാജാക്കന്മാരുടെ പുസ്തകത്തിലും ദൻ ഗോത്രജയെന്ന് ദിനവൃത്താന്ത ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. സോളമൻ നടപ്പാക്കിയ ദേശത്തിന്റെ പുതിയ വിഭജനത്തിനുശേഷം ദാൻ ഗോത്രത്തിന്റെ ഭൂപ്രദേശങ്ങൾ "നഫ്താലി പ്രദേശം" എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനാലാവാം ഈ വ്യത്യാസം. ഹൂരാം അബിക്കു നല്കിയിരിക്കുന്ന വിശേഷണങ്ങൾ (2 ദിന 2,7.14; 1 രാജാ 7,14) കൂടാരശില്പിയായ ബസാലേലിനെ (പുറ 31,25) അനുസ്മരിപ്പിക്കുന്നു.

## b. ദേവാലയ നിർമ്മാണം 1 രാജാ 6,1-7, 51; 2 ദിന 3,1-5,1

ദേവാലയത്തിന്റെയും ദേവാലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും നിർമ്മാണത്തെക്കുറിച്ച് രണ്ടു പുസ്തകങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിലേതിനേക്കാൾ ഹ്രസ്വമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. ദേവാലയ നിർമ്മാണത്തിന്റെ വിവരണത്തിനിടയിൽ രാജകൊട്ടാരത്തിന്റെ നിർമ്മാണത്തെക്കുറിച്ചും രാജാക്കന്മാരുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട് (1 രാജാ 7,1-12). ഈ വിവരണം ദിനവൃത്താന്ത ഗ്രന്ഥകാരൻ മുഴുവനായി ഉപേക്ഷിച്ചിരിക്കുന്നു.

ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും ഘടനയെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതുപോലൊന്നു പണിയാനോ ആ കെട്ടിടങ്ങളെ വ്യക്തമായി വിഭാവനം ചെയ്യാനോ കഴിയുന്നത്ര വിശദാംശങ്ങൾ ഈ വിവരണങ്ങളിലില്ല. ഒരേവളപ്പിൽത്തന്നെയാണ് കെട്ടിടങ്ങളെല്ലാം പണിതത്. ദൈവാരാധനയും രാജഭരണവും പരസ്പരം അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഈ സാമീപ്യവും ഇവയുടെ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണവും. ദേവാലയത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും രാജകൊട്ടാരത്തിന്റെയും മനോഹാരിതയും അതിനുവേണ്ടി ചിലവഴിച്ച ധനവും അദ്ധ്വാനവും വിവരിക്കുമ്പോൾ ഇവയെല്ലാം നഷ്ടപ്പെട്ട് പ്രവാസത്തിൽ കഴിയുന്ന ജനത്തിനു തങ്ങളുടെ ഗതകാല മഹത്വത്തെക്കുറിച്ച് വി.ഗ്രന്ഥകാരൻ ആത്മാഭിമാനം പകരുന്നു. തങ്ങൾക്കു സംഭവിച്ച നഷ്ടത്തിന്റെ മധ്യേ ചേർത്തിട്ടുണ്ട് (1 രാജാ 6,11-14). സോളമന്റെ കാലത്തു തന്നെ എഴുതി സൂക്ഷിച്ചിരുന്ന രേഖകളെ അടിസ്ഥാനമാക്കിയാണ് ഈ വിവരണം രചിച്ചിരിക്കുന്നത്. എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ ഐക്യമുണ്ട്.

### i. ദേവാലയ നിർമ്മാണത്തിന്റെ തുടക്കം 1 രാജാ 6,1

ഇസ്രായേലിനെ ദൈവജനമായി രൂപപ്പെടുത്തിയ പുറപ്പാടു സംഭവത്തോടു ബന്ധിപ്പിച്ചുകൊണ്ടാണ് ദേവാലയ നിർമ്മാണത്തിന്റെ വിവരണം ആരംഭിക്കുന്നത്. നാനൂറ്റി എൺപതാം വർഷം എന്നത് അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടതെന്നു ഭൂരിഭാഗം വ്യാഖ്യാതാക്കളും കരുതുന്നു. നാല്പതു വർഷമാണ് ഒരു തലമുറയായി കണക്കാക്കുക. അങ്ങനെ പന്ത്രണ്ടു തലമറകൾക്കുശേഷം ദേവാലയ നിർമ്മാണം തുടങ്ങുന്നു. ഇവിടെ നിന്ന് മുന്നോട്ട് പന്ത്രണ്ടു തലമുറകൾ കഴിയുമ്പോൾ



ബാബിലോൺ പ്രവാസം ആരംഭിക്കുന്നു. അങ്ങനെ പുറപ്പാടിനും പ്രവാസത്തിനും മധ്യത്തിലാണ് ദേവാലയ നിർമ്മാണം നടക്കുക. കൃത്യമായ കാലനിർണ്ണയം എന്നതിനേക്കാൾ ദൈവശാസ്ത്രപരമായ ഒരു വിശദീകരണം നല്കുന്ന ഈ വാക്യം നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി കരുതപ്പെടുന്നു. പുറപ്പാട് സംഭവത്തിൽ ആരംഭിച്ച ദൈവജനത്തിന്റെ രൂപീകരണം ദേവാലയ നിർമ്മാണത്തോടെയാണ് പൂർത്തിയായത്. അതിനു പന്ത്രണ്ടു തലമുറകൾ കാത്തിരിക്കേണ്ടിവന്നു.

സോളമന്റെ ഭരണം തുടങ്ങിയിട്ടു നാലാം വർഷം രണ്ടാം മാസമാണ് ദേവാലയ നിർമ്മാണം ആരംഭിച്ചത് (ബി.സി.966). സീവ്, ബുൽ (1 രാജാ 6,1.38) എന്നീ മാസപ്പേരുകൾ കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്നതാണ്. പൂക്കാലം (ഏപ്രിൽ, മെയ്) എന്ന് ആദ്യത്തേതിനും മഴക്കാലം (ഒക്ടോബർ-നവംബർ) എന്നു രണ്ടാമത്തേതിനും അർത്ഥം.

### ii. ദേവാലയ ഘടന 1 രാജാ 6,2-10; 2 ദിന 3,1-14

ദാവീദു നിശ്ചയിച്ച സ്ഥലത്തു തന്നെയാണ് സോളമൻ ദേവാലയം പണിതത് (2 ദിന 3,1). അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാനായി ബലിപീഠം പണിത മോറിയാ മലയിൽ സോളമൻ ദേവാലയം പണിയുമ്പോൾ അബ്രാഹത്തിന്റെ വിളിയിൽ തുടങ്ങിയ രക്ഷാ ചരിത്രം ഒരു നിർണ്ണായക ഘട്ടത്തിലെത്തി നില്ക്കുന്നു. അബ്രാഹത്തെ വിളിച്ചു നയിച്ച ദൈവവുമായി അബ്രാഹത്തിന്റെ സന്തതികൾക്കു കണ്ടുമുട്ടാനുള്ള വേദിയാണത്. 105 അടി നീളവും 30 അടി വീതിയും 45 അടി ഉയരവുമുള്ള, താരതമ്യേന ഒരു ചെറിയ കെട്ടിടമായിരുന്നു ദേവാലയം. കെട്ടിടത്തിന്റെ വലുപ്പമല്ല, അതിനുപയോഗിച്ച വസ്തുക്കളുടെ വിലയും അതിൽ പ്രകടമായ ശില്പ ചാതുരിയുമാണ് സോളമന്റെ ദേവാലയത്തെ ലോകപ്രസിദ്ധമാക്കിയത്. ബി.സി. 587ൽ ബാബിലോൺ ചക്രവർത്തി നബുക്കദ്നേസർ നശിപ്പിക്കുന്നതുവരെ ഏകദേശം നാനൂറ് വർഷക്കാലം ദേവാലയം യാതൊരു കേടും കൂടാതെ നിലനിന്നു എന്നത് കെട്ടിടത്തിന്റെ ഉറപ്പിനു തെളിവാണ്. ദേവാലയത്തിന് വലുപ്പം ആവശ്യമായിരുന്നില്ല; കാരണം ജനങ്ങൾക്ക് അതിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. രാജാവും പുരോഹിതന്മാരും മാത്രമേ ദേവാലയത്തിനകത്തു പ്രവശിച്ചിരുന്നുള്ളൂ. ജനം അങ്കണത്തിലാണ് നില്ക്കുക. പ്രധാന ബലിപീഠം ദേവാലയത്തിനു പുറത്തായിരുന്നു.

പൂമുഖം, ആലയം, ശ്രീകോവിൽ എന്നിങ്ങനെ ദേവാലയത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്നു. കിഴക്കോട്ടു ദർശനമായുള്ള ദേവാല

യത്തിന്റെ പ്രവേശന കവാടത്തോടനുബന്ധിച്ചുള്ള സ്ഥലമാണ് പൂമുഖം (portico, ഹീബ്രുവിൽ : ഉലാം). അതിനു പതിനഞ്ചടി (പത്തുമുഴം) നീളവും മുപ്പതടി വീതിയും ഉണ്ടായിരുന്നു. നൂറ്റിയിരുപതു മുഴം ഉയരം (2 ദി 3,4) എന്ന് ഹീബ്രു ബൈബിളിൽ നല്കിയിരിക്കുന്ന അളവ് അക്ഷരപിശകായി വ്യാഖ്യാതാക്കൾ കരുതുന്നു. സപ്തതിയിൽ ഇരുപതു മുഴം എന്നാണ്. അറുപത് അടി നീളമുള്ള മധ്യഭാഗത്തെ ആലയം (sanctuary ഹീബ്രുവിൽ - ഹെക്കാൻ) എന്നു വിളിക്കുന്നു. ഏറ്റം പിന്നിൽ മുപ്പതടി നീളവും വീതിയുമുള്ള ഭാഗം ശ്രീകോവിൽ (Holy of holies ദെബീർ) എന്നറിയപ്പെടുന്നു. (ദേവാലയത്തിന്റെ പടം കാണുക). ദേവാലയത്തിനു ചുറ്റിലും പൂമുഖം ഒഴിച്ചുള്ള മൂന്നു ഭാഗത്തും ദേവാലയ ഭിത്തിയോട് ചേർത്ത് മൂന്നു നിലകളായി മുറികൾ നിർമ്മിച്ചിരിക്കുന്നു. ദേവാലയത്തിലെ ഉപകരണങ്ങൾ, നേർച്ച വസ്തുകൾ മുതലായവ സൂക്ഷിക്കാനും ദേവാലയ ശുശ്രൂഷകൾക്കും വിശ്രമിക്കാനും മറ്റുമായി ഈ മുറികൾ ഉപയോഗിച്ചിരിക്കുന്നു.

### iii. വാഗ്ദാനം, താക്കീത് 1 രാജാ 6,11-14

ദേവാലയ നിർമ്മാണത്തിനിടയിൽ സോളമനുണ്ടായ ദൈവിക അരുളപ്പാട് വലിയൊരു താക്കീതാണ്. ദൈവത്തിനുവേണ്ടി മനോഹരമായ ആലയം പണിതതുകൊണ്ടുമാത്രം ദൈവം സംപ്രീതനാവുകയില്ല. അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ ദേവാലയത്തിൽ ദൈവിക സാന്നിധ്യം ജനത്തിന് അനുഭവവേദ്യമാവുകയും ദാവീദിന്റെ രാജവംശവും ഇസ്രായേൽ ജനവും നിലനിൽക്കുകയും ചെയ്യുകയുള്ളൂ. രാജവംശം അവസാനിക്കുകയും ദേവാലയം നശിപ്പിക്കപ്പെടുകയും ജനം പ്രവാസികളായി കഴിയുകയും ചെയ്തത് എന്തുകൊണ്ടാണെന്നതിന്റെ വിശദീകരണമാണ് ഈ അരുളപ്പാട്.

### iv. അലങ്കാരങ്ങൾ, സംവിധാനങ്ങൾ 1 രാജാ 6,15-38

ചെത്തി മിനുക്കിയ കല്ലുകൊണ്ടു പണിത ദേവാലയം മുഴുവൻ ആദ്യം ഏറ്റം വിലപിടിച്ച ദേവദാരുവിന്റെയും സരളമരത്തിന്റെയും പലകകൾകൊണ്ടും പിന്നെ തനി തങ്കത്തകിടുകൾ കൊണ്ടും പൊതിഞ്ഞ കെരൂബുകൾ, ഈന്തപ്പനകൾ, പുഷ്പങ്ങൾ എന്നിവ കൊത്തിവച്ച് ഭിത്തികൾ അലങ്കരിച്ചു. ശ്രീകോവിലിനു പുറത്താണ് സ്വർണ്ണബലിപീഠം. സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കാനുള്ള ബലിപീഠമാണിത് (1 രാജാ 6,20). ശ്രീകോവിലും ആലയവും തമ്മിൽ വേർതിരിക്കാൻ കനത്ത തിരശ്ശീലയും സ്വർണ്ണച്ചങ്ങലയും ഉണ്ടായിരുന്നു. ശ്രീകോവിലിനകത്ത് ഉടമ്പടിയുടെ പേടകവും അതിനു കാവൽക്കാരെന്നപോലെ കെരൂബുകളുടെ രണ്ടു



പ്രതിമകളും മാത്രമാണുണ്ടായിരുന്നത്.

ഉടമ്പടിയുടെ പ്രമാണങ്ങൾ കൊത്തിയ കല്പലകകൾ സൂക്ഷിച്ചിരുന്ന പേടകമായിരുന്നു ദേവാലയത്തിന്റെ കേന്ദ്രം. കർത്താവ് തന്റെ ഉടമ്പടിയും പ്രമാണങ്ങളും വഴി ജനമധ്യത്തിൽ സന്നിഹിതനാകുന്നുവെന്നും പ്രമാണങ്ങൾ പാലിച്ചാൽ മാത്രമേ അവിടുത്തെ സാന്നിധ്യം അനുഭവിക്കാൻ കഴിയൂ എന്നും അനുസ്മരിപ്പിക്കുന്നതാണ് പേടകം. മനുഷ്യന്റെ മുഖവും സിംഹത്തിന്റെ ഉടലും കാളയുടെ കാലുകളും കഴുകന്റെ ചിറകുകളും ഉള്ള രൂപങ്ങളാണ് കെരൂബുകൾ. മെസോപ്പൊട്ടാമിയായിലെ ക്ഷേത്രങ്ങളുടെയും രാജകൊട്ടാരങ്ങളുടെയും പ്രധാന കവാടങ്ങളിൽ ദ്വാരപാലകരെന്നോണം ഇപ്രകാരമുള്ള പ്രതിമകൾ സ്ഥാപിച്ചിരുന്നു. കർത്താവിനു നിരന്തരം സേവനം അനുഷ്ഠിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്ന മാലാഖമാരുടെ ഒരു ഗണമായി കെരൂബുകൾ പിന്നീട് വിശദീകരിക്കപ്പെട്ടു. ക്രോവേന്മാർ എന്ന് ഇന്ന് അറിയപ്പെടുന്നത് ഈ കെരൂബുകളാണ് (ബൈ. തീ 1-2. p. 76-77).

### v. രാജകൊട്ടാരം 1 രാജാ 7,1-12

രാജാവിന്റെ വസതി മാത്രമല്ല, ഭരണപരമായ സകല കാര്യങ്ങൾക്കും വേണ്ടിയുള്ള മന്ദിരങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. അതിബൃഹത്തായ ഈ കെട്ടിട സമുച്ചയത്തിലെ അഞ്ചു മന്ദിരങ്ങളെക്കുറിച്ച് എടുത്തുപറയുന്നു. 1. ലെബനോൻ കാനന മന്ദിരം - ഇതു മുഖ്യമായും ആയുധ പുരയും രാജഭണ്ഡാരശാലയും ആയിരുന്നു (1 രാജാ 10,16-17). പതിനഞ്ചു വീതം മൂന്നു നിരയായി 45 അടി ഉയരമുള്ള ദേവദാരുവിന്റെ തൂണുകൾ നിരന്നു നിന്ന ഈ ശാല ലെബനോൻ വനത്തിന്റെ പ്രതീതി ഉളവാക്കുന്നതിനാലാണ് ഈ പേരു ലഭിച്ചത്. 2. സ്തംഭസാല രാജാവിനെ കാണാൻ വരുന്നവർക്കു കാത്തു നില്ക്കാനുള്ള സ്ഥലമാണിത്. മനോഹരമായ അനേകം തൂണുകളാൽ അലംകൃതമായിരുന്നതിനാൽ സ്തംഭശാല എന്നു വിളിക്കപ്പെട്ടു. 3. ന്യായാസന മണ്ഡപം - അവിടെയാണ് രാജസിംഹാസനം (1 രാജാ 10,18-20) സ്ഥാപിച്ചത്. രാജാവ് ഭരണകാര്യങ്ങൾ നടത്തുകയും വിധി പ്രസ്താവിക്കുകയും ചെയ്തിരുന്ന ഏറ്റം പ്രധാനപ്പെട്ട ശാലയാണിത്. 4. സോളമന്റെ വസതി. 5. ഫറവോയുടെ മകൾക്കു വേണ്ടി നിർമ്മിച്ച വസതി.

ദേവാലയ നിർമ്മാണത്തിന് ഏഴുവർഷവും (1 രാജാ 6,38) കൊട്ടാരം പണിയാൻ പതിമൂന്നു വർഷവും (1 രാജാ 7,1) എടുത്തു എന്നത് മൊത്തം ഇരുപതു വർഷം എന്ന് 9,10ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദേവാലയത്തിന്റെയും കൊട്ടാരത്തിന്റെയും പണികൾ ഒരുമിച്ചാണ് നടന്ന

തെന്നും പതിമൂന്നുവർഷം കൊണ്ട് പണികൾ പൂർത്തിയായി എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്.

### vi. ഇതര സജ്ജീകരണങ്ങൾ 1 രാജാ 7,13-51; 2 ദിന 3,15-5,1

ടയിറിൽ നിന്നു വന്ന വിദഗ്ദ്ധ ശില്പിയായ ഹീരാമിന്റെ നേതൃത്വത്തിൽ ദേവാലയത്തിനാവശ്യമായ ഉപകരണങ്ങളെല്ലാം വാർത്തെടുത്തു. ദേവാലയ വാതില്ക്കൽ പ്രതിഷ്ഠിച്ച ഓടുകൊണ്ടുള്ള രണ്ടു സ്തംഭങ്ങളെക്കുറിച്ചാണ് ആദ്യമേ പ്രതിപാദിക്കുന്നത് (1 രാജാ 7,13-22; 2 ദിന 3, 15 -17). 27 അടി ഉയരവും 18 അടി ചുറ്റളവും മൂന്നിഞ്ചു കനവുമുള്ള പൊള്ളയായ തൂണുകളായിരുന്നു അവ. 52½ അടി (35 മുഴം) എന്നാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ കാണുന്നത്. ഉയരവും വണ്ണവും തമ്മിലുള്ള അനുപാതത്തിൽ അപാകത തോന്നിയതിനാൽ ആ സ്തംഭങ്ങൾ കണ്ടിട്ടില്ലാത്തെ ദിനവൃത്താന്ത ഗ്രന്ഥകാരൻ ഉയരം കൂട്ടിയതാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു.

എന്താണ് ഈ സ്തംഭങ്ങളുടെ ലക്ഷ്യം എന്നു വ്യക്തമല്ല. പ്രായോഗികമായ ഒരു ഉപകാരം അവയ്ക്കില്ല. സ്തംഭങ്ങൾക്കു മുകളിൽ ദീപങ്ങൾ തെളിയിച്ചിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നു. സ്തംഭങ്ങൾക്കടിയിൽ തീ കത്തിക്കുകയും പൊള്ളയായ സ്തംഭങ്ങളുടെ മുകളിൽ നിന്നു പുകയും തീയും പുറത്തേക്കു വരുകയും ചെയ്തിരുന്നു എന്ന് മറ്റു ചില വ്യാഖ്യാതാക്കൾ കരുതുന്നു. മരുഭൂമിയിലൂടെ ജനത്തെ നയിച്ച അഗ്നിസ്തംഭത്തിന്റെയും മേഘസ്തംഭത്തിന്റെയും പ്രതീകങ്ങളായിരുന്നു ഇവയെന്ന് ഈ വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

കാനാൻകാരുടെ ക്ഷേത്രങ്ങൾക്കു മുമ്പിൽ ഇപ്രകാരമുള്ള സ്തംഭങ്ങൾ പ്രതിഷ്ഠിക്കുക പതിവായിരുന്നു. 27½ അടി നീളമുള്ള സ്തംഭം വാർത്തെടുക്കാൻ വേണ്ടി നിർമ്മിച്ച ഒരു അച്ച് ടയിറിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. പഠന വിഷയമായ സ്തംഭത്തിന്റെ ഉയരവും ഇതു തന്നെയാണല്ലോ. ടയിർകാരനായ ഹീരാമാണ് ഈ സ്തംഭ വാർത്തെടുത്തതെന്നതും ശ്രദ്ധേയമത്രേ. ഫലപുഷ്ടിയുടെ ദേവതകളായ ബാലിന്റെയും അഷേറായുടെയും പ്രതീകങ്ങളായിരുന്നു കാനാൻകാരുടെ സ്തംഭങ്ങൾ എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഈ ആശയം അതേപടി സോളമൻ സ്വീകരിച്ചതായി കരുതാനാവില്ല.

അലങ്കാരം, പ്രതീകം, അനുസ്മരണം എന്നീ മൂന്നു ലക്ഷ്യങ്ങളാണ് ദേവാലയത്തിനുമുമ്പിലെ രണ്ടു സ്തംഭങ്ങൾക്കുള്ളത് എന്ന് പല



വ്യാഖ്യാതാക്കളും കരുതുന്നു. ഇസ്രായേൽ സാമ്രാജ്യത്തിന്റെ നെടുന്തുണുകളായ ദാവീദിന്റെയും സോളമന്റെയും പ്രതീകങ്ങളാണ് ഈ സ്തംഭങ്ങളെന്ന് കരുതുന്നവരുണ്ട്. സ്തംഭത്തിന്റെ പേരുകൾ മറ്റൊരു വ്യാഖ്യാനത്തിനു സാധ്യത നല്കുന്നു. വലത്തെ സ്തംഭത്തിന് യാഖിൻ എന്നു ഇടത്തേതിന് ബൊവാസ് എന്നുമായിരുന്നു പേരുകൾ. ബൊവാസ് ദാവീദിന്റെ മുത്തശ്ശനാണെന്നും അതിനാൽ ദാവീദിന്റെ രാജവംശത്തെയാണ് ഇതു സൂചിപ്പിക്കുന്നതെന്നും കരുതുന്നവരുണ്ട്. എന്നാൽ 'യാഖിൻ' ആരെ സൂചിപ്പിക്കുന്നു എന്നു വ്യക്തമല്ല. അതിനാൽ പേരുകളുടെ അർത്ഥത്തിലേക്കു ശ്രദ്ധ തിരിച്ചാൽ കൂടുതൽ വെളിച്ചം ലഭിക്കും. "അവൻ ഉറപ്പിക്കും" എന്നാണ് യാഖീൻ എന്ന വാക്കിന്റെ അർത്ഥം. "അവന്റെ രാജപ്പിക്കും" എന്നാണ് യാഖീൻ എന്ന വാക്കിന്റെ അർത്ഥം. "അവന്റെ രാജ സിംഹാസനം ഞാൻ എന്നേക്കും സ്ഥാപിക്കും (ഉറപ്പിക്കും)" (2 സാമു 7,12-13) എന്ന പ്രവചനത്തെ സൂചിപ്പിക്കുന്നതാവാം ഈ വാക്ക്. ബൊവാസ് എന്ന പേരിന് "ശക്തിയിൽ" എന്ന അർത്ഥമുണ്ട്. "കർത്താവേ രാജാവ് അങ്ങയുടെ ശക്തിയിൽ സന്തോഷിക്കും" (സങ്കീ 21,1) എന്ന സങ്കിർത്തനത്തിൽ നിന്നെടുത്തതാണ് ഈ വാക്ക് (പേര്) എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. മേലുദ്ധരിച്ച ഓരോ വാകൃവും യഥാക്രമം ഓരോ സ്തംഭത്തിലും എഴുതിയിരുന്നെന്നും അതിൽ പ്രസക്തമായ വാക്ക് സ്തംഭത്തിന്റെ പേരായി പരിഗണിക്കപ്പെട്ടു എന്നും കരുതാം.

ഈ നിഗമനം ശരിയാണെങ്കിൽ കർത്താവ് നല്കുന്ന സംരക്ഷണത്തിന്റെയും കർത്താവിന് അർപ്പിക്കുന്ന കൃതജ്ഞതാ നിർഭരവും സന്തോഷപൂർണ്ണവുമായ സ്തുതിയുടെയും പ്രതീകങ്ങളാണ് ദേവാലയ മുറ്റത്തെ രണ്ടു സ്തംഭങ്ങൾ. ഇസ്രായേൽ ജനത്തെയും ദാവീദിന്റെ രാജവംശത്തെയും കർത്താവ് എന്നും കാത്തുരക്ഷിക്കും എന്ന ഉറപ്പും അതിൽ നിന്നുയരുന്ന ജനത്തിന്റെ സന്തോഷവും വിളിച്ചറിയിക്കുന്ന പ്രതീകങ്ങളാണ് ഇവ.

ദോവാലയോപകരണങ്ങളിൽ ഏറ്റം ശ്രദ്ധേയമായതാണ് ഓടുകൊണ്ടു വാർത്തെടുത്ത ജലസംഭരണി (1 രാജാ 7,23-26; 2 ദിന 4,25) "ഓട്ടുകടൽ" എന്നാണ് ഇതിന്റെ ഹീബ്രു മൂലം. 45 അടി ചുറ്റളവും 15 അടി വ്യാസവും 7½അടി ഉയരവുമുള്ള ഭീമാകരമായ ഈ ഓട്ടുപാത്രം ദേവാലയ വാതില്ക്കൽ ഓട്ടുബലിപീഠത്തിനടുത്താണ് പ്രതിഷ്ഠിച്ചത് (7,39). ബലിയർപ്പണത്തിനു വരുന്ന പുരോഹിതന്മാർക്കു ദേഹശുദ്ധിവരുത്താനുള്ള വെള്ളത്തെക്കുറിച്ചു വ്യത്യസ്ത കണക്കുകളാണ് രണ്ടു പുസ്തകത്തിലുമുള്ളത്. 1 രാജാ 7,26ൽ രണ്ടായിരം ബത്ത് എന്നും 2

ദിന 4,5ൽ മൂവായിരം ബത്ത് എന്നും കാണുന്നു. പാത്രത്തിന്റെ ആകൃതിയെക്കുറിച്ചുള്ള ഭിന്നമായ കാഴ്ചപ്പാടാണ് ഈ വ്യത്യാസത്തിനു കാരണം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അർദ്ധഗോളാകൃതിയായി കരുതിയാൽ 2000; വൃത്തദണ്ഡാകൃതി (സിലിണ്ടർ)യെങ്കിൽ 3000. സ്തംഭത്തിന്റെ കാര്യത്തിലെന്നതുപോലെ ഇവിടെയും ദിനവൃത്താന്ത ഗ്രന്ഥകാരൻ അളവു തിരുത്തിയതായി കരുതപ്പെടുന്നു. ഇതിനു പുറമെ ബലിമൃഗങ്ങളെ കഴുകാൻവേണ്ടി വെള്ളം സൂക്ഷിക്കാനായി പത്തു പാത്രങ്ങൾ കൂടി വാർത്തെടുത്തു (7,27-39; 2 ദിന 4,6).

വലിയ ജലസംഭരണിയുടെ ഉപയോഗം വ്യക്തമാണെങ്കിലും അതിന്റെ പ്രതീകാത്മകമായ അർത്ഥത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. "കടൽ" എന്ന പേരും പീഠമായി നില്ക്കുന്ന കാളകളും ഇതരമതങ്ങളിൽ നിന്നു കടമെടുത്തതായി കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എനുമാ എലീഷ് എന്ന ബാബിലോണിയൻ ഇതിഹാസത്തിൽ അപ്സു, തിയാമത്ത് എന്നീ രണ്ട് ആദിശക്തികളിൽ നിന്നാണ് സകല സൃഷ്ടികളും രൂപപ്പെട്ടത്. ഭൂമിക്കടിയിലുള്ള ശുദ്ധജലക്കടലാണ് അപ്സു; ഉപ്പുവെള്ളം ഉൾക്കൊള്ളുന്ന സമുദ്രമാണ് തിയാമത്. ഹീരാം വാർത്തെടുത്ത ഓട്ടുകടൽ അപ്സുവിന്റെ പ്രതീകമായി വ്യഖ്യാനിക്കാറുണ്ട്. കാനാൻകാർ ജീവന്റെയും ഫലപുഷ്ടിയുടെയും ദൈവമായി കരുതിയിരുന്ന ബാലിനെ കാളയുടെ രൂപത്തിൽ സങ്കല്പിച്ചിരുന്നു. ചിലപ്പോൾ കാളയെ ബാലിന്റെ വാഹനമോ സിംഹാസനമോ ആയും പരിഗണിച്ചിരുന്നു.

ഇതര ജനതകളും അവരുടെ മതാചാരങ്ങളുമായി സൗഹൃദത്തിൽ കഴിഞ്ഞ സോളമൻ ഈ പ്രതീകങ്ങളെ സ്വന്തമായ വ്യാഖ്യാനങ്ങൾ നല്കി സ്വീകരിച്ചതാവാം. ജീവന്റെ ഉറവിടമായ കടൽ ജീവദാതാവായ ദൈവത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അവിടുത്തെ സന്നിധിയിൽ വരുന്നവർ പരിശുദ്ധരായിരിക്കണം എന്നു സൂചിപ്പിക്കുന്നതാണ് ശുദ്ധീകരണ ജലവും അതുൾക്കൊള്ളുന്ന ഭീമികാരമായ പാത്രവും. എന്നാൽ ഈ ജലത്തിന് ശരീരം മാത്രമേ ശുദ്ധീകരിക്കാൻ കഴിയൂ. യഥാർത്ഥ ശുദ്ധീകരണ ജലം ദൈവം തന്നെയാണ് നല്കുക (എസെ 36,25-28). ആത്യന്തികമായി യേശുവിലൂടെ ലഭ്യമായ ശുദ്ധീകരണത്തിലേക്കും അത് ഇന്നു നമുക്കു പ്രാപ്യമാക്കുന്ന മാമ്മോദീസായിലേക്കും വിരൽ ചൂണ്ടുന്ന ഈ ജലസംഭരണി "മാമ്മോദീസാത്തൊട്ടിയുടെ ഒരു മുന്നോടിയാണ്.

### c. ദേവാലയ പ്രതിഷ്ഠ 1 രാജാ 8,1-66; 2 ദിന 5,2-7,10

സുദീർഘമായ ഏഴുവർഷംകൊണ്ട് അതിമനോഹരമായ



ദേവാലയവും അതുമായി ബന്ധപ്പെട്ട സകല ഉപകരണങ്ങളും നിർമ്മിച്ചതിന്റെ വിവരണത്തിനുശേഷം ദേവാലയ പ്രതിഷ്ഠയിലേക്കു വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ദാവീദു നിർമ്മിച്ച കൂടാരത്തിൽ നിന്ന് സാക്ഷ്യപേടകം ഇസ്രായേൽ ജനത്തിന്റെ പ്രതിനിധികളുടെ അകമ്പടിയോടെ ദേവാലയത്തിലേക്കു കൊണ്ടുവന്ന് അതിവിശുദ്ധസ്ഥലമായ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു. തുടർന്ന് സുദീർഘമായ ഒരു പ്രാർത്ഥനയിലൂടെ സോളമൻ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും യാചനകൾ തിരുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. ഏഴു ദിവസം ദീർഘിച്ച ഉത്സവാഘോഷങ്ങൾക്കുശേഷം എട്ടാം ദിവസം ജനം ആഹ്ലാദഭരിതരായി സോളമനെ പുകഴ്ത്തുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തുകൊണ്ട് സ്വഭവനങ്ങളിലേക്കു മടങ്ങി. രണ്ടു പുസ്തകങ്ങളിലും ഏതാണ്ട് ഒരേ വിധത്തിൽ ദേവാലയ പ്രതിഷ്ഠ വിവരിച്ചിരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ പുരോഹിതന്മാർക്കു കൂടുതൽ പ്രാധാന്യം നല്കിയിട്ടുണ്ട്.

സോളമന്റെ പ്രവർത്തനങ്ങൾ എഴുതി സൂക്ഷിച്ചിരുന്ന ഔദ്യോഗിക രേഖകളുടെ അടിസ്ഥാനത്തിലാണ് സംഭവങ്ങൾ വിവരിക്കുന്നത്. എന്നാൽ സോളമന്റെ പ്രാർത്ഥനയിൽ നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനാ ശൈലി വ്യക്തമായി കാണാം. പ്രാർത്ഥനയിലെ പല ഭാഗങ്ങളും, പ്രത്യേകിച്ചും പ്രവാസത്തക്കുറിച്ചുള്ള പരാമർശങ്ങൾ, പ്രവാസകാലത്തു രചിക്കപ്പെട്ടതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. സുദീർഘമായ ഈ വിവരണത്തിൽ ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യമാണ്.

a. പേടകം ദേവാലയത്തിൽ 1 രാജാ 8,1-13; 2 ദിന 5,2-14
b. സോളമന്റെ ആശീർവ്വാദം 1 രാജാ 8,14-21; 2 ദിന 6,1-11
c. സോളമന്റെ യാചനാ പ്രാർത്ഥന 1 രാജാ 8,22-53; 2 ദിന 6,12-42
b. സോളമന്റെ ആശീർവ്വാദം 1 രാജാ 8,54-61
a. പ്രതിഷ്ഠാബലി 1 രാജാ 8,62-66; 2 ദിന 7,1-10

പേടകം ദേവാലയത്തിലേക്കു കൊണ്ടുവന്നതിന്റെ വിവരണത്തിനു സമാന്തരമായിട്ടാണ് (a) ദേവാലയ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട ആഘോഷങ്ങളുടെ വിവരണം ($a^1$) നല്കിയിരിക്കുന്നത്. രണ്ടു ഭാഗത്തും ബലിയർപ്പണത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവയ്ക്കു മദ്ധ്യേ സോളമന്റെ സുദീർഘമായ ഒരു പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥനയുടെ ആരംഭത്തിലും അവസാനത്തിലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ജനത്തെ ആശീർവ്വദിക്കുന്നു ($b$-$b^1$) .ഇതിൽ രണ്ടാമത്തെ ആശീർവ്വാദം

ദിനവൃത്താന്തഗ്രന്ഥത്തിലില്ല. രണ്ട് ആശീർവ്വാദങ്ങളുടെയും നടുവിൽ സുദീർഘമായ ഒരു യാചനാ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്ന (c).

**i പേടകം ദേവാലയത്തിൽ 1 രാജാ 8,1-13; 2 ദിന 5,2-14**

ഉടമ്പടിയുടെ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നതോടെ ഇസ്രായേൽ ചരിത്രത്തിലെ ഒരു കാലഘട്ടം അവസാനിക്കുകയായി. സീനായ് മലയുടെ അടിവാരത്തുവച്ചു നിർമ്മിച്ച പേടകം ജനത്തിന്റെ കൂടെ അവർക്കു മുമ്പേ വഴികാട്ടിയായി നീങ്ങുന്ന ദൈവിക സാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു. വാഗ്ദത്ത ഭൂമിയിലേക്കു യാത്രചെയ്യുന്ന തീർത്ഥാടക സമൂഹമാണ് തങ്ങളെന്നും ദൈവമാണ് തങ്ങളെ വഴിനയിക്കുന്നതെന്നും പേടകം അവരെ അനുസ്മരിപ്പിക്കും. വാഗ്ദത്ത ഭൂമിയിൽ എത്തിയിട്ടും പേടകം കൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. തീർത്ഥാടകരുടെ തൽക്കാല വസതിയാണ് കൂടാരം. തങ്ങൾക്ക് ഇവിടെ സ്ഥിരമായ ഒരു വാസസ്ഥലമില്ലെന്നും ദൈവം നയിക്കുന്ന വഴിയെ എന്നും യാത്ര ചെയ്യേണ്ടവരാണ് തങ്ങളെന്നും കൂടാരവും പേടകവും അവരെ നിരന്തരം ഉദ്ബോധിപ്പിക്കുന്നു.

ദേവാലയ നിർമ്മാണത്തോടെ പേടകത്തിനും സ്ഥിരമായ ഒരു വാസസ്ഥലമുണ്ടായി. ഇത് ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ജനത്തിന്റെ കാഴ്ചപ്പാടിൽ കാതലായ വ്യതിയാനങ്ങൾ വരുത്തി. തീർത്ഥാടക സമൂഹം എന്ന അവസ്ഥയിൽ നിന്ന് സ്ഥിരവാസക്കാരുടെ അവസ്ഥയിലേക്കു ജനം മാറിയതിന്റെ ഒരു സ്ഥിരീകരണമാണ് ദേവാലയത്തിലെ പേടകം. ദൈവം എന്നേക്കും തങ്ങളുടെ മദ്ധ്യേ സ്ഥിരവാസമാക്കിയെന്നു കരുതാൻ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിച്ചതു കാരണമായി. പേടകം പ്രതിഷ്ഠിച്ചെങ്കിലും അതിന്റെ ഇരുവശത്തും തണ്ടുകൾ സൂക്ഷിച്ചിരുന്നു എന്നും ഈ തണ്ടുകൾ ദോവാലയത്തിന്റെ ഉൾഭാഗത്തു നിന്നു കാണാമായിരുന്നു എന്നും എടുത്തുപറയുന്നതിലൂടെ (1 രാജാ 8,8) തീർത്ഥാടക സ്വഭാവത്തിലേക്ക് ഒരു സൂചന നല്കുന്നു. ദൈവിക സാന്നിദ്ധ്യത്തിന്റെ അടയാളമാണ് പേടകമെങ്കിലും ഏതവസരത്തിലും അത് എടുത്തു മാറ്റപ്പെടാം എന്ന സൂചനയും തണ്ടുകളെക്കുറിച്ചുള്ള പരാമർശത്തിലൂടെ നല്കുന്നുണ്ട്.

ദാവീദു സജ്ജമാക്കിയ കൂടാരത്തിൽ നിന്ന് പേടകം സോളമൻ പണിയിച്ച ദേവാലയത്തിലേക്കു മാറ്റി പ്രതിഷ്ഠിക്കുന്നതിനുവേണ്ടി മുഴുവൻ ഇസ്രായേൽ സമൂഹത്തിന്റെയും പ്രതിനിധികളെ ക്ഷണിച്ചത് ഗോത്രാടിസ്ഥാനത്തിലാണ്. രാജ്യം പുതിയ പ്രവിശ്യകളായി വിഭജിച്ചെങ്കിലും പഴയ ഗോത്രസംവിധാനം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടില്ല എന്നും ഇതു സൂചിപ്പിക്കുന്നു. ഏഴാം മാസമായ എത്താനിമിൽ, തിരുനാൾ ദിവസമാണ് പേടകം മാറ്റി പ്രതിഷ്ഠിച്ചത്. ഇസ്രായേൽ ജനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട മൂന്നു തിരുനാളുകളിൽ ഒന്നായിരുന്നു ഏഴാം മാസം ആഘോഷിച്ചിരുന്ന കൂടാരത്തിരുനാൾ. ഇതു സംഭരണത്തിരുനാൾ എന്നും അറിയപ്പെടുന്നു. വിളവുകളെല്ലാം ശേഖരിച്ചുകഴിയുമ്പോഴാണ് സംഭരണത്തിരുനാൾ ആഘോഷിക്കുക (ലേവ്യർ 23,33-43). വാഗ്ദത്ത ഭൂമിയും വിളവുകളും നല്കിയ ദൈവത്തിനു നന്ദിപറയുകയും മരുഭൂമിയിലൂടെ നടത്തിയ തീർത്ഥാടനത്തെ അനുസ്മരിക്കുകയും ചെയ്യുന്ന അവസരമായിരുന്നു അത്. കൂടാരത്തിരുനാളിൽ ദേവാലയ പ്രതിഷ്ഠ നടത്തുന്നതിലൂടെ തീർത്ഥാടനത്തിൽ നിന്നു സ്ഥിരവാസത്തിലേക്കുള്ള കടന്നുവരവിന് ഊന്നൽ നല്കുന്നു. മരുഭൂമിയിലൂടെ തങ്ങളെ നയിച്ച ദൈവം തങ്ങൾക്ക് സ്ഥിരമായ വാസസ്ഥലം നല്കിയിരിക്കുന്നു എന്നും അവിടുന്നു തങ്ങളുടെ മദ്ധ്യേ വസിക്കുന്നു എന്നും ഏറ്റുപറയുന്നതാണ് ഈ പ്രതിഷ്ഠാമഹോത്സവം.

എട്ടാം മാസം ദേവാലയ നിർമ്മാണം പൂർത്തിയായി (1 രാജാ 6,38) എന്ന കാലസൂചന ഇവിടെ ശ്രദ്ധേയമാണ്. എന്തുകൊണ്ട് ഏഴാം മാസം പ്രതിഷ്ഠ നടത്തി എന്ന ചോദ്യം ഉയർന്നുവരുന്നു. കൂടാരത്തിരുനാളിൽ പ്രതിഷ്ഠ നടത്താൻ വേണ്ടി ദേവാലയത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പേ പേടകം പ്രതിഷ്ഠിച്ചു എന്നു കരുതുന്നവരുണ്ട്. എന്നാൽ ദേവാലയത്തിന്റെ പണി ഏഴാം വർഷം എട്ടാം മാസം പൂർത്തിയായെങ്കിലും ദേവാലയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം പിന്നീടാണ് പൂർത്തിയായതെന്നും അതിനാൽ എട്ടാം വർഷം ഏഴാം മാസമാണ് പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചതെന്നുമുള്ള വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം.

ദാവീദ് ജബൂസ്യരിൽ നിന്നു പിടിച്ചെടുത്ത നഗരഭാഗമാണ് ദാവീദിന്റെ നഗരം. അതിനെ സീയോൻ എന്നും വിളിക്കുന്നു. അവിടെ നിന്നും ഏകദേശം ഒരു കിലോമീറ്റർ അകലത്തിലാണ് സോളമൻ ദേവാലയം നിർമ്മിച്ചത്. പേടകം അങ്ങോട്ടു കൊണ്ടുപോയതിന്റെ വിവരണം ദാവീദു പേടകം ജറുസലെമിലേക്കു കൊണ്ടു വന്നതിനെ (2 സാമു 6) അനുസ്മരിപ്പിക്കുന്നു. ദേവാലയത്തിൽ അതി വിശുദ്ധ സ്ഥലത്ത് കെരൂബുകളുടെ ചിറകിൽ കീഴിൽ പേടകം പ്രതിഷ്ഠിച്ചു (1 രാജാ 8,6). കർത്താവു നല്കുന്ന സംരക്ഷണത്തിന്റെ അടയാളമാണ് പേടകത്തിനു മുകളിലും അതി വിശുദ്ധസ്ഥലത്തും വിരിഞ്ഞു നിന്ന കെരൂബുകളുടെ ചിറകുകൾ. അഭയം നല്കുന്ന കർത്താവിന്റെ ചിറകുകളെക്കുറിച്ചുള്ള പരാമർശങ്ങൾ (സങ്കീ 17,8;36,7;57,1;61,4;63,7;91,4) ഈ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമാകുന്നു. ചിറകുകൾ വേഗതയുടെ പ്രതീകമാണ്. അപകടത്തിൽ പെടുന്ന

ഭക്തരെ രക്ഷിക്കുവാൻ അതിവേഗം അവിടുന്നു വരും എന്ന് കെരൂബിന്റെ ചിറകുകൾ സൂചിപ്പിക്കുന്നു (സങ്കീ 18,10; 104,3). പേടകത്തോടൊപ്പം കൊണ്ടുവന്ന സമാഗമ കൂടാരം ഗിബയോനിൽ സ്ഥാപിച്ചിരുന്നതായിരുന്നു എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അതും മറ്റു സാമഗ്രികളും ദേവാലയത്തോടനുബന്ധിച്ചുള്ള സംഭരണ മുറികളിൽ, ദാവീദു കാഴ്ചയായി സമർപ്പിച്ച വസ്തുക്കളോടൊപ്പം, സൂക്ഷിക്കുകയാണ് ചെയ്തത്. അതിനാൽ തീർത്ഥാടന കാലത്തെ ആരാധനയുമായി ബന്ധപ്പെട്ട യാതൊന്നും ജറുസലെം ദേവാലയത്തിനു പുറത്ത് അവശേഷിച്ചില്ല.

സീനായ് മലയിൽ വച്ചു ദൈവം നല്കിയ പ്രമാണപ്പലകകൾ മാത്രമേ പേടകത്തിലുണ്ടായിരുന്നുള്ളൂ (1 രാജാ 8,9). തങ്ങൾ ആരാണെന്നും എന്താണ് തങ്ങളുടെ കടമയെന്നും ജനത്തെ നിരന്തരം അനുസ്മരിപ്പിക്കുന്ന അടയാളമാണ് ഉടമ്പടിയുടെ നിബന്ധനകൾ എഴുതിയ കല്പലകകൾ. തിരുഹിതം അറിയിക്കുന്ന പ്രമാണങ്ങളിലൂടെയാണ് ദൈവം ജനമധ്യേ സന്നിഹിതനായിരിക്കുന്നത്. ആ പ്രമാണങ്ങൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ ഇസ്രായേൽ ദൈവ ജനമായി തുടരൂ, ദൈവിക സാന്നിധ്യം അവർക്ക് സംരക്ഷണം നല്കൂ. തിരഞ്ഞെടുപ്പും പേടകവും യാന്ത്രികമായ സംരക്ഷണം നല്കുന്ന മാന്ത്രികോപകരണങ്ങളല്ല; ഉടമ്പടിയിൽ നിന്ന് ഉരുത്തിരിയുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന ഉപകരണങ്ങളാണ് അവ.

ശ്രീകോവിലിൽ പേടകം പ്രതിഷ്ഠിച്ചതിനുശേഷം പുരോഹിതന്മാർ പുറത്തിറങ്ങിയപ്പോൾ ദേവാലയത്തിൽ മേഘം നിറഞ്ഞത് (1 രാജാ 8,10; 2 ദിന 5,14). മരുഭൂമിയിൽ വച്ചു നടന്ന കൂടാരപ്രതിഷ്ഠയെ (പുറ 40,34) അനുസ്മരിപ്പിക്കുന്നു. ദൈവിക സാന്നിധ്യത്തിന്റെ അടയാളമാണ് മേഘം. മരുഭൂമിയിലൂടെ വഴി നയിക്കുകയും (സംഖ്യ 9,15-23) കൂടാരത്തെ ആവരണം ചെയ്യുകയും ചെയ്ത മേഘം ഇപ്പോൾ ദേവാലയത്തിൽ നിറഞ്ഞു നില്ക്കുന്നതിലൂടെ സോളമൻ പണിയിച്ച ആലയത്തെ ദൈവം സ്വന്തമായി സ്വീകരിച്ചിരിക്കുന്നു എന്ന സൂചന ലഭിക്കുന്നു. മേഘം ദൃശ്യമാണെങ്കിലും മേഘത്തിൽ മറ്റൊന്നും കാണാനാവില്ല എന്നതും ശ്രദ്ധേയമത്രെ. അദൃശ്യനും രൂപ രഹിതനുമാണ് ദൈവം. അവിടുത്തെ കാണാനോ പൂർണ്ണമായി മനസ്സിലാക്കാനോ ആർക്കും കഴിയില്ല. ഭൂമിയിൽ പ്രകാശം ചൊരിയുന്ന സൂര്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്. ആകാശത്തു സ്ഥാപിതമായിരിക്കുന്ന സൂര്യനെ എല്ലാവർക്കും കാണാം. എന്നാൽ സൂര്യനെ സൃഷ്ടിച്ച ദൈവത്തെ ആർക്കും കാണാൻ കഴിയുകയില്ല. "നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക" (1 രാജാ 8,12) എന്ന പ്രസ്താവന ദൈവത്തിന്റെ അജ്ഞേയതയിലേക്കും രഹസ്യാത്മകതയിലേക്കും ശ്രദ്ധ



തിരിക്കുന്നു. ജാലകങ്ങളില്ലാത്ത, കനത്ത തിരശീലകൊണ്ടു മറച്ച്, ഒരു വാതിൽ മാത്രമുള്ള, അന്ധകാരാവൃതമായ അതിവിശുദ്ധ സ്ഥലം ഈ സത്യത്തിന്റെ അടയാളമാണ്.

### ii. സോളമന്റെ ആശീർവ്വാദം 1 രാജാ 8,14-21; 2 ദിന 6,1-11

ദേവാലയ പ്രതിഷ്ഠയോടനുബന്ധിച്ച് സോളമൻ നടത്തിയ സുദീർഘമായ യാചനാ പ്രാർത്ഥനയുടെ ആരംഭത്തിലും അവസാനത്തിലും അദ്ദേഹം ജനങ്ങളെ ആശീർവ്വദിച്ചു. ആദ്യത്തെ ആശീർവ്വാദത്തിൽ ജനത്തിനു നന്മ നേരുകയും വാഗ്ദാനങ്ങൾ പൂർത്തീകരിച്ചതിന്റെ പേരിൽ കർത്താവിനെ വാഴ്ത്തുകയുമാണ് ചെയ്യുന്നത്. രണ്ടു പുസ്തകങ്ങളിലും ഈ ആശീർവ്വാദം കാര്യമായ വ്യത്യാസങ്ങൾ ഒന്നും തന്നെ കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ആശീർവ്വാദത്തിന്റെ ആരംഭത്തിലും അവസാനത്തിലും (1 രാജാ 8,16-21) ഈജിപ്തിൽ നിന്നുള്ള മോചനത്തെയും സീനായ് ഉടമ്പടിയെയും അനുസ്മരിപ്പിക്കുന്നു. പുറപ്പാട് സംഭവത്തിൽ തുടങ്ങിയ വിമോചന പ്രവൃത്തിയുടെ ലക്ഷ്യം ദേവാലയ പ്രതിഷ്ഠയോടെ പൂർത്തിയായി എന്ന് ഇതിലൂടെ എടുത്തു കാട്ടുന്നു. ദാവീദിനു നല്കിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ഈ ഭാഗത്തിന്റെ കേന്ദ്രം. രാജവംശത്തിന്റെ തുടർച്ചയെയും ദേവാലയ നിർമ്മാണത്തെയും സംബന്ധിച്ച് നാഥാൻ വഴി നല്കിയ വാഗ്ദാനങ്ങളാണ് പൂർത്തീകരിക്കപ്പെട്ടതായി ഇവിടെ എടുത്തു പറയുന്നത്. ഈജിപ്തിൽ നിന്നുള്ള വിമോചനം, സീനായ് ഉടമ്പടി, ദാവീദിന്റെ രാജവംശത്തിന്റെ സ്ഥാപനം, ജറുസലെം നഗരത്തിന്റെ തിരഞ്ഞെടുപ്പ്, ദേവാലയ നിർമ്മാണം ഇവയെല്ലാം ഒരേ രക്ഷാ ചരിത്രത്തിന്റെ ഭാഗങ്ങളായി കാണുന്നു.

ദേവാലയത്തെ സംബന്ധിച്ച വ്യക്തമായ ഒരു കാഴ്ചപ്പാട് ഇവിടെ അവതരിപ്പിക്കുന്നുണ്ട്. "കർത്താവിന് ഒരു ആലയം" (1 രാജാ 8,16.21) എന്നാണ് പി.ഒ.സി ബൈബിളിൽ വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ഹീബ്രു മൂലത്തിൽ "കർത്താവിന്റെ നാമത്തിന് ഒരാലയം" എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. നാമം വ്യക്തിയെ സൂചിപ്പിക്കുന്നതിനാൽ ഈ വിവർത്തനം തെറ്റല്ല എങ്കിലും ദൈവശാസ്ത്രപരമായി നോക്കുമ്പോൾ രണ്ടിനും വ്യത്യസ്തമായ ഊന്നലുകളാണുള്ളത്. കർത്താവിന് ആലയം എന്നു പറയുമ്പോൾ കർത്താവ് ദേവാലയത്തിൽ വസിക്കുന്നു എന്ന ധാരണ ഉണ്ടാകാം. സ്വർഗ്ഗത്തിനു പോലും ഉൾക്കൊള്ളാൻ കഴിയാത്ത ദൈവത്തിന്റെ സാന്നിധ്യം മനുഷ്യ നിർമ്മിതമായ ഒരു ആലയത്തിൽ ഒതുങ്ങി നില്ക്കുന്നു എന്ന തെറ്റായ ധാരണയ്ക്ക് ഇതു വഴി തെളിക്കാം. പില്ക്കാലത്ത് ഇപ്രകാരമൊരു വിശ്വാസം ഇസ്രായേ

ലിൽ പ്രചാരത്തിൽ വരുകയുണ്ടായി. അതിനാലാണ് "കർത്താവിന്റെ നാമത്തിന് ഒരാലയം" എന്നു വ്യക്തമാക്കുന്നത്.

കർത്താവ് ദേവാലയത്തിൽ മാത്രമായി വസിക്കുന്നില്ല, അവിടുത്തെ സാന്നിധ്യം ജനത്തിനു അനുഭവഭേദ്യമാക്കുന്നതേയുള്ളു. കർത്താവ് തന്റെ നാമം സ്ഥാപിക്കാനായി തിരഞ്ഞെടുത്ത നഗരം എന്ന വിശദീകരണം നിയമാവർത്തനാത്മക ദൈവശാസ്ത്രത്തിന്റെ ഭാഗമാണ് (നിയ 12,5.11.21). പ്രമാണ പലകകൾ ഉൾക്കൊള്ളുന്ന ഉടമ്പടിയുടെ പേടകം സ്ഥാപിക്കാൻ വേണ്ടി സ്ഥലം ഒരുക്കി (1 രാജാ 8,2) എന്ന വിശദീകരണവും ദേവാലയത്തെ ദൈവത്തിന്റെ വാസസ്ഥലം എന്നതിനെക്കാൾ ദൈവമനുഷ്യ സമാഗമത്തിന്റെ വേദിയായി കാണുന്നു. ജനം ദൈവ തിരുമ്പിൽ ബലികളും പ്രാർത്ഥനകളും അർപ്പിക്കുകയും ദൈവം തന്റെ ഹിതം ജനത്തെ അറിയിക്കുകയും അവരുടെമേൽ അനുഗ്രഹം വർഷിക്കുകയും ചെയ്യുന്ന വേദിയാണ് ദേവാലയം.

### iii. സോളമന്റെ യാചനാ പ്രാർത്ഥന

**1 രാജാ 8,22-53; 2 ദിന 6,12-42**

മുട്ടു കുത്തി, കരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിക്കൊണ്ടാണ് സോളമൻ പ്രാർത്ഥിച്ചത്. 1 രാജാ 8,14ൽ രാജാവ് ജനങ്ങൾക്കുനേരെ തിരിഞ്ഞു എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. 1 രാജാ 8,55ൽ ജനത്തെ ആശീർവ്വദിക്കാനായി ജനത്തിനുനേരെ തിരിഞ്ഞു എന്ന് ആവർത്തിക്കുന്നില്ല. അതിനാൽ ആശീർവ്വാദവും യാചനയും എല്ലാം ജനാഭിമുഖമായാണ് നടത്തിയതെന്ന് അനുമാനിക്കാം. കർത്താവിനെ സ്തുതിക്കാനും ജനത്തെ ആശീർവ്വദിക്കാനും നില്ക്കുകയും യാചനകൾ അർപ്പിക്കാൻ മുട്ടു കുത്തുകയും ചെയ്തത് പ്രാർത്ഥനാ സമയത്തു സ്വീകരിക്കുന്ന വ്യത്യസ്ത നിലപാടുകളെ സൂചിപ്പിക്കുന്നു. പ്രാർത്ഥിക്കുന്ന ആളിന്റെ മാനസിക ഭാവങ്ങളെ പ്രകടിപ്പിക്കുന്നതാണ് അയാൾ സ്വീകരിക്കുന്ന നിലപാട്. സന്തോഷസൂചകമായി നില്ക്കുന്നു. മുട്ടുകുത്തുന്നവർ അഗാധമായ വിനയവും ആഴമേറിയ വിശ്വാസവും പ്രകടമാക്കുന്നു. സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമാണ് സാഷ്ടാംഗ പ്രണാമം. അഗാധ ദുഃഖത്തിലാണ്ടവർ കമിഴ്ന്നു കിടന്ന് പ്രാർത്ഥിക്കുന്നു. എന്നാൽ ശാരീരികമായ ഈ നിലപാടുകൾക്കെല്ലാം സാർവ്വത്രിക സാധുതയുണ്ടെന്നു പറയാനാവില്ല. ഓരോ സംസ്കാരത്തിന്റെയും പ്രത്യേകതകളും വ്യക്തികളുടെ മനോഭാവങ്ങളും ബോധ്യങ്ങളും ഇതിനെ സ്വാധീനിക്കുന്നുണ്ട്.

അടുത്തതായി ഏഴു യാചനകൾ കർതൃ സന്നിധിയിൽ അവതരിപ്പിക്കുന്നു. കർത്താവിന്റെ സ്നേഹവും വിശ്വസ്തതയും ഏറ്റു പറയുന്ന ഒരു



വിശ്വാസ പ്രഖ്യാപനത്തോടെയാണ് യാചനാ പ്രാർത്ഥന ആരംഭിക്കുന്നത്. "ഹെസെദ്" എന്ന ഹീബ്രു വാക്കാണ് "അനന്ത സ്നേഹം" എന്നു വിവർത്തനം ചെയ്യുന്നത്. തന്റെ സൃഷ്ടികളോടും, പ്രത്യേകിച്ച് താൻ സ്വന്ത ജനമായി തിരഞ്ഞെടുത്ത ഇസ്രായേലിനോടും, ദൈവം പ്രകടമാക്കുന്ന കരുണാമസൃണവും അചഞ്ചലവുമായ സ്നേഹത്തെ സൂചിപ്പിക്കുന്ന പദമാണ് ഹെസെദ്, ഇതിനെ ദയ, അനുകമ്പ, വാത്സല്യം, സ്ഥിര സ്നേഹം, അചഞ്ചല സ്നേഹം, എന്നൊക്കെ വിവർത്തനം ചെയ്യാം. ഉടമ്പടിയിലൂടെ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള വിശ്വസ്തതയെയാണ് ഇവിടെ അനന്തസ്നേഹമായി വ്യാഖ്യാനിക്കുന്നത്. നാഥാൻ വഴി ദാവീദിനു നല്കിയ വാഗ്ദാനങ്ങൾ ദൈവം നിറവേറ്റിയിരിക്കുന്നു എന്ന് സോളമൻ ആദ്യമേ ഏറ്റു പറയുന്നു (1 രാജാ 8,23-24).

ഈ വാഗ്ദാനങ്ങൾ തുടർന്നും നിറവേറ്റണമേ എന്ന യാചനയാണ് ഏഴു യാചനകളിൽ ആദ്യത്തേത് (1 രാജാ 8,25-31; 2 ദിന 6,16-17). വാഗ്ദാന പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുമ്പോഴും വാഗ്ദാനങ്ങൾ നിരുപാധികമല്ല എന്ന് അനുസ്മരിക്കുന്നുണ്ട്. ദാവീദിന്റെ മക്കൾ നേരായ മാർഗ്ഗത്തിലൂടെ ചരിച്ചാലേ ദൈവം വാഗ്ദാനങ്ങൾ നിറവേറ്റുകയുള്ളൂ എന്ന അവബോധം കർത്താവിന്റെ മാർഗ്ഗത്തിലൂടെ ചരിക്കാൻ സഹായിക്കണമേ എന്ന യാചനയുടെ മറ്റൊരു രൂപമാണ്. തന്റെ കഴിവിന്റെ പരമാവധി പരിശ്രമിച്ചാണ് സോളമൻ കർത്താവിനുവേണ്ടി ആലയം നിർമ്മിച്ചത്. എന്നാൽ സർവ്വ ലോക സ്രഷ്ടാവായ ദൈവത്തിന്റെ മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഈ ആലയം എത്ര നിസ്സാരമെന്ന് സോളമൻ തന്നെ മനസ്സിലാക്കുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തിന്റെ തിരുമുമ്പിൽ യാചനകൾ അർപ്പിക്കാനുള്ള ഒരു വേദി മാത്രമാണ് ദേവാലയം എന്ന സത്യം അദ്ദേഹം ഏറ്റു പറയുന്നു (1 രാജാ 8,27-30; 2 ദിന 6,18-21).

രാജവംശത്തിനുവേണ്ടി നടത്തിയ യാചനയ്ക്കുശേഷം ഇസ്രായേൽ ജനത്തിനു മുഴുവൻ വേണ്ടി യാചനകൾ അർപ്പിക്കുന്നു. ദേവാലയത്തിൽ വച്ചോ, വിദൂരത്തെങ്കിൽ ദേവാലയത്തിന്റെ നേർക്കു തിരിഞ്ഞോ പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥനകൾ കർത്താവു കേൾക്കണം എന്ന് എല്ലാ യാചനകളിലും ഒരു പല്ലവി പോലെ ആവർത്തിക്കുന്നുണ്ട്. ഭാവിയിൽ ഉണ്ടാകാവുന്ന വ്യത്യസ്ത സാഹചര്യങ്ങളെ വിഭാവനം ചെയ്തുകൊണ്ടാന് ഈ യാചനകൾ നടത്തുന്നത്.

കുറ്റവാളി ആരെന്നു വ്യക്തമല്ലാത്ത സാഹചര്യത്തിൽ കുറ്റം തെളിയിക്കാനും നിരപരാധനു നീതി നടത്തിക്കൊടുക്കാനും ദൈവം തന്നെ തിരുമനസ്സാകണം എന്നതാണ്, സത്യം ചെയ്യല്ലിനെ സംബന്ധിച്ച, രണ്ടാമത്തെ യാചനയുടെ ലക്ഷ്യം (1 രാജാ 8,31-32; 2 ദിന 6, 22-23). ഇപ്രകാ

രമുള്ള സത്യം ചെയ്യലിനെക്കുറിച്ച് ഇസ്രയേലിൽ വ്യക്തമായ നിയമമുണ്ട് (പുറ 22,10-11; സംഖ്യ 5,19). ജനത്തിനു നീതിയും ന്യായവും നടത്തിക്കൊടുക്കുക രാജാവിന്റെ ധർമ്മമാണ്. അതിനു കർത്താവിന്റെ സഹായം തേടുകയാണ് ഈ യാചനയിലൂടെ ചെയ്യുന്നത്. ഇതുവഴി ദേവാലയത്തെ പരമോന്നത ന്യായപീഠമായി ചിത്രീകരിക്കുന്നു. കർത്താവിനെ വിധിയാളനായി ഏറ്റുപറയുകയും ചെയ്യുന്നു.

ജനത്തിന്റെ അവിശ്വസ്തതയും പാപവും മൂലം ഉണ്ടാകാവുന്ന പരാജയത്തെയും പ്രവാസത്തെയും മുന്നിൽ കണ്ടുകൊണ്ടാണ് മൂന്നും (1 രാജാ 8,33-34; 2 ദിന 6,24-25) ഏഴും (1 രാജാ 8,46-53; 2ദിന6,36-40) യാചനകൾ രൂപപ്പെടുത്തിയിരിക്കുന്നത്. അതിനാൽത്തന്നെ ഇവ പ്രവാസകാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി വ്യഖ്യാതാക്കൾ കരുതുന്നു. വാഗ്ദത്ത ഭൂമിയിലേക്കു തിരികെ കൊണ്ടുവരണമേ എന്ന യാചന ജനം വാഗ്ദത്ത ഭൂമിയിൽ നിന്നും നിഷ്ക്കാസിതരാകുന്ന സാഹചര്യത്തെയാണ് വിഭാവനം ചെയ്യുന്നത്. ഏഴാം യാചനയിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

ദേശത്തിന്റെ ഫലപുഷ്ടി ഉടമ്പടിയോടുള്ള ജനത്തിന്റെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു എന്ന വിശ്വാസത്തിൽ നിന്നാണ് നാലാമത്തെ യാചന (1 രാജാ 8,35-0; 2 ദിന 6,26-31) രൂപം കൊള്ളുന്നത്. ജനത്തിന്റെ പാപം ഭൂമിയുടെമേൽ അനർത്ഥങ്ങൾ വിളിച്ചു വരുത്തും എന്ന് പല തവണ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (ഉൽപ 3,17-18; ലേവ്യ 26,18-20; നിയ 28,20-24). പ്രകൃതിക്ഷോഭങ്ങൾക്കു പുറമേ ശത്രുക്കളുടെ ആക്രമണം, സാംക്രമിക രോഗങ്ങൾ മുതലായവയും പാപത്തിനുള്ള ശിക്ഷയായി പരിഗണിക്കുന്നു. ഇവയിൽ നിന്നു മോചനം ലഭിക്കാൻ മൂന്നു നിബന്ധനകളാണ് സോളമൻ തന്നെ മുന്നോട്ടു വയ്ക്കുന്നത്. 1. പാപത്തിൽ നിന്നു പിന്തിരിയുക. 2. കർത്താവിന്റെ നാമം ഏറ്റുപറയുക. 3. ദേവാലയത്തിൽ വന്നു പ്രാർത്ഥിക്കുക. ജനം ഈ നിബന്ധനകൾ പാലിച്ചാൽ അവരോടു ക്ഷമിച്ച്, ഭൂമിക്കു ഫലപുഷ്ടിയും ജനത്തിനു സംരക്ഷണവും നല്കണം എന്നു പ്രാർത്ഥിക്കുന്നു. ശിക്ഷയും അനുഗ്രഹവും ഒരുപോലെ ദൈവത്തെ ഭയപ്പെടുന്നതിനും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നതിനും ജനത്തെ പ്രേരിപ്പിക്കുമെന്നും ഈ യാചനയിൽ എടുത്തു പറയുന്നു. മനുഷ്യന്റെ ഹൃദയങ്ങൾ അറിയുന്നവനാണ് ദൈവം എന്ന വിശ്വാസം ദൈവഭയത്തിനും അതേസമയം പ്രത്യാശയ്ക്കും വഴി തെളിക്കും.

ദേവാലയത്തിനു നേരെ തിരിഞ്ഞു പ്രാർത്ഥിക്കുന്ന വിജാതീയർക്കു വേണ്ടിയാണ് അഞ്ചാമത്തെ യാചന (1 രാജാ 8,41-43; 2 ദിന 6,32-33). "ദേവാലയത്തിൽ വന്നു പ്രാർത്ഥിച്ചാൽ" എന്നാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യാഹ്വേ ഇസ്രായേലിന്റെ മാത്രമല്ല, വിജാതീയരുടെയും ദൈവമാണെന്നും അവിടുന്ന് അവർക്കും രക്ഷ നല്കും എന്നുമുള്ള വിശ്വാസം പ്രവാസകാലത്താണ് ശക്തിപ്പെട്ടത്. യുദ്ധത്തിലുള്ള വിജയത്തിനുവേണ്ടിയാണ് ആറാമത്തെ യാചന (1 രാജാ 8,44-45; 2 ദിന 6,34-35).

പ്രവാസത്തെ മുന്നിൽ കണ്ടുകൊണ്ടുനടത്തുന്ന ഏഴാമത്തെ യാചന മറ്റ് ആറു യാചനകളെക്കാളും ദീർഘമാണ് (1 രാജാ 8,46-52; 2 ദിന 6,36-40). ജനത്തിന്റെ പാപം മൂലമാണ് അവർ വാഗ്ദത്ത ഭൂമിയിൽ നിന്നു പുറന്തള്ളപ്പെടുന്നത് എന്ന് മൂന്നാമത്തെ യാചനയിലേതിനേക്കാൾ കൂടുതൽ വ്യക്തമായി ഇവിടെ ഏറ്റുപറയുന്നു. ഈജിപ്തിലെ അടിമത്തെത്തെയും അവിടെ നിന്നു ലഭിച്ച മോചനത്തെയുംക്കുറിച്ചു രണ്ടു തവണ പരാമർശിക്കുന്നതിലൂടെ പ്രവാസത്തെ ആദ്യത്തെ അടിമത്തത്തോടും വിമോചനത്തെ പുറപ്പാടിനോടും താരതമ്യം ചെയ്യുന്നു. ഈജിപ്തുമായുള്ള താരതമ്യം ദിനവൃത്താന്ത ഗ്രന്ഥത്തിലില്ല. പശ്ചാത്താപം, പാപം ഏറ്റുപറയൽ, ദേവാലയത്തിന് അഭിമുഖമായി നിന്നുള്ള പ്രാർത്ഥന എന്ന മൂന്നു നിബന്ധനകളാണ് ഇവിടെയും നിർദ്ദേശിക്കുന്നത്. ജറുസലെമിനു നേരെ തിരിഞ്ഞു പ്രാർത്ഥിക്കുക പ്രവാസികൾക്കു പതിവായിരുന്നു (ദാനി 6,10). യാചനകളുടെ ആരംഭത്തിൽ പരാമർശവിഷയമായ ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിലാണ് ഇവിടെയും പ്രത്യാശ വയ്ക്കുന്നത്. ഈജിപ്തിൽ നിന്നുള്ള മോചനം, തിരഞ്ഞെടുപ്പ്, ഉടമ്പടി എന്നിവയിലൂടെ പ്രകടമായതാണ് ഈ സ്നേഹം. ജനം അവിശ്വസ്തരായിത്തീർന്നാലും കർത്താവ് അവരെ എന്നേക്കുമായി പരിത്യജിക്കുകയില്ലെന്നും പശ്ചാത്തപിക്കുന്നവരോടു കരുണതോന്നി ക്ഷമിക്കും എന്നുമുള്ള വിശ്വാസം ഈ യാചനയിൽ പ്രതിഫലിക്കുന്നു.

പുറപ്പാടു സംഭവത്തെ അനുസ്മരിച്ചുകൊണ്ട് സോളമന്റെ പ്രാർത്ഥന സമാപിക്കുന്നതായി രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുമ്പോൾ (1 രാജാ 8,53) ദിന വൃത്താന്ത ഗ്രന്ഥകാരൻ സങ്കീ 132,8-10 സ്വതന്ത്രമായി ഉദ്ധരിച്ചുകൊണ്ടാണ് പ്രാർത്ഥന അവസാനിപ്പിക്കുന്നത് (2 ദിന 6,41-42). പേടകം ദേവാലയത്തിലേക്കു കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടതാണ് ഈ സങ്കീർത്തനം ആരോഹണ ഗീതം (തീർത്ഥാടകരുടെ സങ്കീർത്തനം) എന്നാണ് ഈ സങ്കീർത്തനം അറിയപ്പെടുന്നത്. ദാവീദുമായി ദൈവം ചെയ്ത ഉടമ്പടിയും അതുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങളുമാണ് ഇതിലെ മുഖ്യപ്രതിപാദ്യം. ഈ വാഗ്ദാനത്തെ അനുസ്മരിപ്പിച്ചുകൊണ്ട് പ്രാർത്ഥന സമാപിക്കുമ്പോൾ കർത്താവിനുവേണ്ടി ആലയം പണിയാനുള്ള ദാവീദിന്റെ ആഗ്രഹവും ദാവീദിനു ദൈവം

നല്കിയ വാഗ്ദാനവും പൂർത്തിയായിരിക്കുന്നു എന്ന് ഏറ്റുപറയുന്നു. പുറപ്പാടിൽ നിന്നു സ്ഥിരവാസത്തിലേക്കു ശ്രദ്ധതിരിക്കുന്നതാണ് ഈ സമാപനം.

### iv സമാപനാശീർവ്വാദം 1 രാജാ 8,54-61

സുദീർഘമായ യാചനാ പ്രാർത്ഥനയ്ക്കുശേഷം സോളമൻ ജനത്തെ ആരംഭത്തിലെന്നതുപോലെ വീണ്ടും ആശീർവ്വദിച്ചു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഈ ആശീർവ്വാദം രേഖപ്പെടുത്തിയിട്ടില്ല. നിയമാവർത്തന ഗ്രന്ഥത്തിലെ പദപ്രയോഗങ്ങളും ദൈവശാസ്ത്ര വീക്ഷണവും ഈ ആശീർവ്വാദത്തിൽ ഉടനീളം ദൃശ്യമാണ്. അതിനാൽ ഈ ഭാഗം മുഴുവനായും നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി വ്യഖ്യാതാക്കൾ കരുതുന്നു.

ജനത്തിനു വിശ്രമം നല്കിയതിന്റെ പേരിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് സമാപനാശീർവ്വാദം ആരംഭിക്കുന്നു. (1 രാജാ 8,56). "ശാന്തി" എന്നു പി.ഒ.സി. ബൈബിളിൽ വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രു വാക്കിന്റെ അർത്ഥം വിശ്രമം എന്നത്രെ. വാഗ്ദത്ത ഭൂമിയിലെ സമാധാനപൂർണ്ണമായ വാസത്തെയാണ് "വിശ്രമം" എന്നതുകൊണ്ട് പ്രത്യക്ഷത്തിൽ അർത്ഥമാക്കുക. നിയ, 12,9-10ൽ സൂചിപ്പിച്ച വിശ്രമം ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു എന്ന് ഇവിടെ ഏറ്റുപറയുന്നു. എന്നാൽ "വിശ്രമം" എന്ന പദത്തിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്. സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിവസം വിശ്രമിച്ച ദൈവത്തിന്റെ വിശ്രമത്തിന്റെ പങ്കുചേരലിലേക്കാണ് ഈ പദം വിരൽചൂണ്ടുന്നത് (സങ്കീ 95,11). ഹെബ്രാ 3,7-4,11ൽ ഈ വിഷയം വിശദമായി അപഗ്രഥിക്കുന്നുണ്ട്. വാഗ്ദത്ത ഭൂമിയിലെ വിശ്രമം ദൈവത്തോടൊന്നിച്ചുള്ള വാസത്തിന്റെ പ്രതീകവും മുന്നോടിയുമാണ്. യേശുക്രിസ്തുവിലൂടെയാണ് ആത്യന്തികമായി ഈ വിശ്രമം ലഭ്യമായത്.

വാഗ്ദത്ത ഭൂമിയിൽ വിശ്രമം നല്കിയ കർത്താവിനെ സ്തുതിച്ചതിനുശേഷം വീണ്ടും യാചനാ പ്രാർത്ഥനകൾ ആശംസ രൂപത്തിൽ അവതരിപ്പിക്കുന്നു. "ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ" എന്നതാണ് ആദ്യത്തെ ആശംസ (1 രാജ 8,57). ദൈവിക സാന്നിധ്യമാണ് ജനത്തിനു ശക്തിയും പ്രത്യാശയും നൽകുക. ജനമധ്യത്തിലുള്ള വൈദിക സാന്നിധ്യത്തിന്റെ അടയാളമാണ് ദേവാലയം. എന്നാൽ അതിലുപരി മറ്റൊരു സാന്നിധ്യത്തെക്കുറിച്ച് പ്രവാചകന്മാർ അറിയിച്ചു (ഏശ 7,14). "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന നാമധാരിയായ യേശുക്രിസ്തുവിലാണ് ഈ ആഗ്രഹവും ആശംസയും പൂർത്തിയായത്. മനുഷ്യ ഹൃദയം തിന്മയിലേക്ക് ചാഞ്ഞിരിഞ്ഞിരിക്കുന്നുവെന്നും



കർത്താവിനു മാത്രമേ ഹൃദയത്തെ നവീകരിക്കാനും നന്മയിലേക്കു തിരിക്കാനും കഴിയൂ എന്നുമുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ടാണ് പ്രമാണങ്ങൾ പാലിക്കാനുള്ള കൃപയ്ക്കുവേണ്ടി യാചിക്കുന്നത് (1 രാജാ 8,58). രാജാവിനും ജനത്തിനും നൽകുന്ന സംരക്ഷണം കർത്താവിനെ ഏക ദൈവമായി സകല ജനതകളും അംഗീകരിക്കാനും ഏറ്റുപറയാനും കാരണമാകണം (1 രാജാ 8,59-60). പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ അനുസരിക്കാൻ ജനത്തെ ആഹ്വാനം ചെയ്തുകൊണ്ട് പ്രാർത്ഥനയും ആശീർവ്വാദവും സമാപിക്കുമ്പോൾ (1 രാജാ 8,61). വാഗ്ദത്ത ഭൂമിയുടെ പടിവാതില്ക്കൽ വച്ചു ജനത്തെ അനുസരണത്തിന് ആഹ്വാനം ചെയ്ത മോശയുടെ യഥാർത്ഥ പിൻഗാമിയായി മാറുന്നു സോളമൻ.

ദൈവിക സാന്നിധ്യത്തിനു വേണ്ടിയുള്ള തീവ്രമായ ദാഹവും അത് നഷ്ടപ്പെട്ടേക്കുമോ എന്ന ഉൽക്കടമായ ഭയവും ഈ പ്രാർത്ഥനയിൽ നിറഞ്ഞു നിൽക്കുന്നു. ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ കാണുമ്പോൾ ഈ പ്രാർത്ഥനയുടെ പ്രാധാന്യവും പ്രസക്തിയും കൂടുതൽ വ്യക്തമാകും. രാജവംശത്തിനും ജനത്തിനും വേണ്ടി സോളമൻ നടത്തിയ മധ്യസ്ഥ പ്രാർത്ഥന രാജ്യവും ദേവാലയവും നഷ്ടപ്പെട്ട് പ്രവാസത്തിൽ കഴിഞ്ഞവർക്കു പ്രത്യാശയുടെ ഉറവിടമായിത്തീരുന്നു. ദൈവരാജ്യമെന്ന വാഗ്ദത്ത ഭൂമിയിൽ നിന്ന് ഇന്നും അകലെ കഴിയുന്ന സകലർക്കും ഈ പ്രാർത്ഥന പ്രത്യാശ നൽകുന്നു. സോളമൻ അതിനു വേണ്ടിയല്ല, ജനത്തിനു മുഴുവനും വേണ്ടിയാണ് പ്രാർത്ഥിച്ചത്. ജനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ജനത്തെ ആശീർവ്വദിക്കുകയും ചെയ്യുന്ന സോളമൻ രാജാവ് നിത്യപുരോഹിതനും നല്ല ഇടയനുമായ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമായി പ്രത്യക്ഷപ്പെടുന്നു. സോളമന്റെ പ്രാർത്ഥന യഥാർത്ഥ മധ്യസ്ഥ പ്രാർത്ഥനയുടെ മാതൃകയാണ്.

### v. പ്രതിഷ്ഠാബലിയും ഉത്സവഘോഷവും 1 രാജാ 8,62-66; 2 ദിന 7,1-10

ദേവാലയ പ്രതിഷ്ഠയ്ക്കായി രാജാവും ജനവും ചേർന്ന് വളരെ വിപുലമായ ബലിയർപ്പണങ്ങൾ നടത്തി. ബലിമൃഗങ്ങളുടെ എണ്ണത്തിൽ അതിശയോക്തിയുണ്ട്. ബലിമൃഗത്തെ പൂർണ്ണമായി ദഹിപ്പിക്കുന്നതാണ് ദഹനബലി. സമാധാന ബലിയിൽ മൃഗത്തിന്റെ കൊഴുപ്പും ഉദരകോശങ്ങളും മാത്രമേ ദഹിപ്പിക്കുന്നുള്ളൂ. മാംസം ബലിയർപ്പകർ ഭക്ഷിക്കുന്നു. ഇതിനെ ഭോജനബലിയെന്നും സമാധാനബലിയെന്നും വിളിക്കുന്നു. ദൈവവും ജനവും ഒരേ ഭക്ഷണത്തിൽ പങ്കുചേരുന്നതിന്റെ പ്രതീകമാണിത്. ഒരേ മേശയിൽ നിന്നും ഭക്ഷിക്കുന്നവർ പരസ്പരം ഐക്യത്തിൽ

കഴിയുന്നു എന്നതിനാലാണ് ഇതിനെ "സമാധാനബലി" എന്നു വിളിക്കുന്നത്. ഉത്സവ ദിവസങ്ങളിൽ ജനം ഭക്ഷിച്ചത് സമാധാനബലിയുടെ മാംസമായിരുന്നു. തങ്ങൾ ദൈവത്തോടും രമ്യതയിലാണ് എന്ന അവബോധം അവരിൽ ഉണർത്താൻ ഇതു സഹായിച്ചു. "ഹാമാത്തിന്റെ കവാടം" ഇസ്രായേലിന്റെ വടക്കേ അതിർത്തിയാണ്; ഈജിപ്തുനോട്തെക്കെ അതിർത്തിയും (1 രാജാ 8,65). ഏഴു ദിവസം ദീർഘിച്ച ഉത്സവാഘോഷങ്ങൾക്കു ശേഷം ജനം ആഹ്ലാദഭരിതരായി തിരിച്ചുപോയി.

രാജാക്കന്മാരുടെ പുസ്തകത്തിലെ ഈ വിവരണത്തേക്കാൾ കൂടുതൽ ദീർഘമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി ബലിവസ്തുക്കൾ ദഹിപ്പിച്ചു എന്ന പ്രസ്താവനയോടെയാണ് വിവരണം ആരംഭിക്കുന്നത്. കർത്താവ് ബലി സ്വീകരിച്ചതിന്റെ അടയാളമാണിത് (ലേവ്യ 9,24; 1 ദിന 21,26; 1 രാജാ 18,38). ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണത്തിൽ പുരോഹിതന്മാർക്കും ലേവ്യർക്കും പ്രത്യേകം പ്രാധാന്യം നല്കിയിരുന്നു. അവരാണ് പ്രാർത്ഥനയിൽ ജനത്തെ നയിക്കുന്നത്. "കർത്താവിന്റെ സ്നേഹം ശാശ്വതമാണ് എന്ന പല്ലവി 136-ാം സങ്കീർത്തനത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. "സ്നേഹം" (2 ദിന 7,3) "കൃപ" (1 രാജാ 7,6) എന്നു രണ്ടു തരത്തിൽ വിവർത്തനം ചെയ്യുന്നത് "ഹെസെദ്" എന്ന ഹീബ്രു പദം തന്നെയാണ്.

രാജാവും ജനവും ഒന്നുചേർന്നു ബലിയർപ്പിക്കുകയും പുരോഹിതരും ലേവ്യരും ജനവും ഒത്തൊരുമിച്ചു കർത്താവിനു സ്തുതി പാടുകയും ചെയ്യുന്നത് ദൈവജനത്തിന്റെ മുഴുവൻ ഐക്യത്തെ വെളിപ്പെടുത്തുന്നു. കർത്താവിന്റെ അചഞ്ചലവും കരുണാർദ്രവുമായ സ്നേഹം ആസ്വദിച്ച് ആഹ്ലാദത്തോടെ വീടുകളിലേക്കു മടങ്ങുന്ന ജനം ഇസ്രായേൽ സമൂഹത്തിന്റെ ഒരു മാതൃകാ ചിത്രം അവതരിപ്പിക്കുന്നു. തന്നെ ആരാധിക്കാൻ വേണ്ടി ദൈവം തിരഞ്ഞെടുത്ത ജനം എപ്രകാരമുള്ളതായിരിക്കണം എന്ന് ഈ ചിത്രത്തിൽ വ്യക്തമായി കാണാം.

### d. വാഗ്ദാനവും താക്കീതും 1 രാജാ 9,1-9; 2 ദിന 7,11-22

രാജഭരണത്തിന്റെ ആരഭത്തിൽ ഗിബയോണിൽ വച്ചെന്നതുപോലെ (1 രാജാ 3,4-15), നിർമ്മാണപ്രവർത്തനങ്ങളെല്ലാം പൂർത്തിയായപ്പോൾ സോളമനു വീണ്ടും ദൈവത്തിന്റെ ദർശനമുണ്ടായി. ഗിബയോണിൽ വച്ച് വാഗ്ദാനങ്ങൾ മാത്രമേ നല്കിയുള്ളൂ. എന്നാൽ ഇവിടെ വാഗ്ദാനങ്ങളോടൊപ്പം കർശനമായ ചില താക്കീതുകളും നല്കുന്നു. ഈ ദർശനത്തിന്റെ വിവരണം രണ്ടു പുസ്തകങ്ങളിലും വലിയ വ്യത്യാസമില്ലാതെ അവതരിപ്പിച്ചിരിക്കുന്നു. സോളമന്റെ പ്രാർത്ഥനയ്ക്കുള്ള മറുപടി എന്ന വിധത്തിലാണ് ദൈവിക സന്ദേശം അവതരിപ്പിക്കുന്നത്.



സോളമൻ പ്രതിഷ്ഠ ദേവാലയവും സമർപ്പിച്ച പ്രാർത്ഥനകളും ദൈവം സ്വീകരിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെ സന്ദേശം ആരംഭിക്കുന്നു. ദേവാലയവും ദാവീദിന്റെ രാജവംശവും ദൈവം കാത്തുപാലിക്കും എന്ന വാഗ്ദാനമാണ് അടുത്തതായി നല്കുന്നത്. മാനസാന്തരപ്പെട്ട ജനത്തിന്റെ പ്രാർത്ഥനകേട്ട് പ്രകൃതിക്ഷോഭങ്ങൾക്ക് അറുതിവരുത്തും എന്ന വാഗ്ദാനം ദിനവൃത്താന്ത ഗ്രന്ഥത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ (2 ദിന 7,13-14). സോളമൻ ഹൃദയ നൈർമ്മല്യത്തോടെ കർത്താവിന്റെ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ വാഗ്ദാനങ്ങൾ നിറവേറുകയുള്ളു. രാജാവിന്റെ വിശുദ്ധി ജനത്തിന് അനുഗ്രഹപ്രദമാകുന്നതുപോലെ, അയാളുടെ വീഴ്ചകൾ ജനത്തിനു നാശകരമായിത്തീരും.

രാജാവ് അവിശ്വസ്തനായിത്തീർന്നാൽ ഉണ്ടാകാൻ പോകുന്ന ശിക്ഷകളാണ് അടുത്തതായി വിവരിക്കുന്നത് (1 രാജാ 9,69; 2 ദിന 7,19-22). കർത്താവിനെ ഉപേക്ഷിക്കുക, കല്പന ലംഘിക്കുക, അന്യദേവന്മാരെ ആരാധിക്കുക എന്നിങ്ങനെ അവിശ്വസ്തതയുടെ മൂന്നുഘടകങ്ങൾ എടുത്തുകാട്ടുന്നു. ഇസ്രായേലിനെ മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകരെല്ലാം അവർക്കെതിരേ ആരോപിക്കുന്നവയാണ് ഈ കുറ്റങ്ങൾ. ജനത്തെയും ദേവാലയത്തെയും ബാധിക്കുന്നതാണ് ശിക്ഷകൾ. "ദേശത്തുനിന്നു വിഛേദിക്കും" എന്നത് അതി കഠിനമായ ഒരു ശിക്ഷയാണ്. ദൈവവുമായുള്ള സ്നേഹ ബന്ധത്തിന്റെ പ്രത്യക്ഷമായ അടയാളമാണ് വാഗ്ദത്ത ഭൂമി. അവിടെ നിന്നു ബഹിഷ്കരിക്കപ്പെടുന്നത് ദൈവവുമായുള്ള ബന്ധം പൂർണ്ണമായും വിഛേദിക്കപ്പെടുന്നതിനു തുല്യമാണ്. ഉടമ്പടി ലംഘിക്കുന്നവരെ ദൈവം കൈവെടിയും എന്ന ഭീകരമായ താക്കീതാണ് ഇതിലൂടെ നല്കുന്നത്. "ആലയം എന്റെ മുമ്പിൽ നിന്നു നീക്കിക്കളയും" എന്നതിനും ആഴമേറിയ ധ്വനികളുണ്ട്. ദേവാലയം നശിപ്പിക്കും എന്നു മാത്രമല്ല ഇതിന്റെ അർത്ഥം. അവിശ്വസ്തയായ ഭാര്യയെ ഉപേക്ഷിക്കുന്നതിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് ഇവിടെ നീക്കിക്കളയും എന്നു വിവർത്തനം ചെയ്യുന്നത്. ജനത്തിന്റെയും ദേവാലയത്തിന്റെയും ഗതി ഒന്നുതന്നെയായിരിക്കും. കർത്താവ് ഉപേക്ഷിച്ച ആലയത്തിനും ജനത്തിനും നിലനില്പുണ്ടാവുകയില്ല. കർത്താവിന്റെ മഹത്വം ദേവാലയം വിട്ട് ഇറങ്ങിപ്പോകുന്നതിന്റെ ചിത്രം എസക്കിയേൽ പ്രവാചകൻ നാടകീയമായി വിവരിക്കുന്നതിൽ നിന്ന് (എസെ 10) ഈ ആശയം വ്യക്തമാകുന്നു.

ഈ ശിക്ഷകളുടെ ഫലമായി ഇസ്രായേൽ ജനം ഇതര ജന

ങ്ങൾക്കിടയിൽ പരിഹാസത്തിനു വിഷയമാകും. തന്നോട് അവിശ്വസ്തത കാട്ടുന്നവർക്ക് ദൈവം നല്കുന്ന ശിക്ഷയുടെ മാതൃകയായി ഇസ്രായേൽ പരിഗണിക്കപ്പെടും എന്നതാണ് 'പഴമൊഴിയാകും' എന്ന താക്കീതു കൊണ്ട് അർത്ഥമാക്കുന്നത്. അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തിനു (ഉൽപ 12,3) കടക വിരുദ്ധമായിരിക്കും ഈ ശിക്ഷ. അനുഗ്രഹത്തിന്റെ ഉറവിടവും മാതൃകയും ആകേണ്ടവർ ശിക്ഷയുടെയും ശാപത്തിന്റെയും മാതൃകയും അടയാളവുമായി അവശേഷിക്കും. തകർന്നു കിടക്കുന്ന ദേവാലയത്തിന്റെ നാശക്കൂമ്പാരം അവിശ്വസ്തതയും വിഗ്രഹാരാധനയും വിളിച്ചുവരുത്തുന്ന ശിക്ഷയുടെ പ്രത്യക്ഷമായ ഉദാഹരണമായിരിക്കും. ഇപ്രകാരം മനോഹരമായ വാഗ്ദാനവും ഭീകരമായ താക്കീതും നല്കുന്നതു വഴി വിശ്വസ്തതയ്ക്കു പ്രേരിപ്പിക്കുന്നതാണ് സോളമനു ലഭിച്ച ദർശനവും സന്ദേശവും

ഈ ഭാഗം മുഴുവനായും നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി വ്യാഖ്യാതാക്കൾ പരിഗണിക്കുന്നു. ഇസ്രായേൽ ജനത്തിനു സംഭവിച്ച പരാജയങ്ങളും നാശങ്ങളും അവർ അനുഭവിക്കേണ്ടിവന്ന പ്രവാസവും ദൈവശാസ്ത്രപരമായി വിശദീകരിക്കുകയും പൂർണ്ണഹൃദയത്തോടെ അനുതപിച്ചു. കർത്താവിലേക്കു തിരിയാൻ പ്രേരിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. പ്രാർത്ഥനകൾ, അരുളപ്പാടുകൾ, പ്രവാചക വചനങ്ങൾ, വാഗ്ദാനങ്ങൾ, താക്കീതുകൾ മുതലായവ വ്യത്യസ്ത സാഹിത്യരൂപങ്ങളിലൂടെ ഈ പ്രമേയം രാജാക്കന്മാരുടെ പുസ്തകത്തിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട് (1 രാജാ 8,14-53; 11,11-13; 11,31-39; 14,6-10; 2 രാജാ 19,15-19; 20,17-19; 21,7-9; 21,10-15; 22,15-20). സമിറിയായുടെ പതനത്തിന് വി.ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണത്തിൽ ഈ ആശയം ഏറ്റം വ്യക്തമാകുന്നു (2 രാജാ 17,5-23).

### e. ദേവാലയം ഒരു ചരിത്രാവലോകനം

ദൈവജനത്തിന്റെ രൂപീകരണത്തിലെ ഒരു നിർണ്ണായക മുഹൂർത്തമാണ് ജറുസലെമിലെ ദേവാലയ നിർമ്മാണവും പ്രതിഷ്ഠയും. പൂർവ്വ പിതാക്കന്മാരുടെ കാലത്ത് ദൈവിക സാന്നിധ്യം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലമോ വസ്തുവോ ആയി ബന്ധപ്പെട്ടിരുന്നില്ല. ഹാരാനിൽ വച്ച് അബ്രാഹത്തെ വിളിച്ച ദൈവം കാനാനിലും ഈജിപ്തിലും അദ്ദേഹത്തിനു പ്രത്യക്ഷനായി. തങ്ങൾക്കു പ്രത്യേക ദൈവാനുഭവമുണ്ടായ സ്ഥലങ്ങളിൽ പൂർവ്വ പിതാക്കന്മാർ ബലിപീഠം നിർമ്മിച്ചു ബലിയർപ്പിച്ചെങ്കിലും ദൈവിക സാന്നിധ്യം അവിടെമാത്രം ഒതുങ്ങിനിൽക്കുന്നതായി അവർ കരുതിയില്ല. ഈജിപ്തിലെ അടിമത്ത കാലത്ത് അബ്രാഹത്തിന്റെ മക്കൾ ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ ദൈവം അവരുടെ നിലവിളി



കേട്ട് വിമോചകനായി മോശയെ അയച്ചു. സീനായ് മലയിലും ഈജിപ്തിലും മരുഭൂമിയിലും ദൈവം അവർക്കു സമീപസ്ഥനായിരുന്നു.

സീനായ് ഉടമ്പടിയോടു ദൈവികസാന്നിധ്യ പേടകം എന്ന ഒരു പ്രത്യേക വസ്തുവുമായി ബന്ധപ്പെട്ടു. പ്രമാണപ്പലകകൾ ഉള്ളടക്കം ചെയ്ത പേടകം ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി. എന്നാൽ പേടകം ഒരു പ്രത്യേക സ്ഥലത്തു സ്ഥിരമായി സ്ഥാപിക്കുകയല്ല, തീർത്ഥാടക സമൂഹത്തിനു മുമ്പേ മരുഭൂമിയിലൂടെ വഹിച്ചുകൊണ്ടുപോവുകയായിരുന്നു ചെയ്തത്. വാഗ്ദത്ത ഭൂമിയെ ലക്ഷ്യംവച്ചു യാത്ര ചെയ്യുന്ന ജനത്തിന്റെ മുമ്പിലും അവരുടെ പാളയത്തിന്റെ നടുവിലുമായിരുന്നു പേടകം. ദൈവിക സാന്നിധ്യം ചലനാത്മകമായിരുന്നു.

വാഗ്ദത്തഭൂമിയിൽ ജനം വാസമുറപ്പിച്ചപ്പോൾ പേടകവും ഏതെങ്കിലും ഒരു നഗരത്തിൽ പ്രതിഷ്ഠിച്ചു. ദാവീദ് ജറുസലെമിലേക്കു കൊണ്ടുവരുന്നതുവരെ പേടകം പല പട്ടണങ്ങളിലും സൂക്ഷിച്ചിരുന്നു. പേടകം സ്ഥിതിചെയ്തിരുന്ന നഗരത്തിലേക്ക് ജനം തീർത്ഥാടനം നടത്തുമായിരുന്നു. സോളമൻ ദേവാലയം നിർമ്മിക്കുന്നതുവരെ പേടകം കൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. ജനത്തോടൊന്നിച്ച് യാത്ര ചെയ്യുന്നവനാണ് ദൈവം എന്ന് കൂടാരത്തിന്റെ പ്രതീകം അനുസ്മരിപ്പിച്ചിരുന്നു.

ദേവാലയ നിർമ്മാണത്തോടെ കൂടാരം അപ്രസ്ക്തമായിത്തീർന്നു. ദേവാലയത്തിന്റെ അന്ധകാരാവൃതമായ ഉള്ളറയിലാണ് ദൈവം വസിക്കുന്നത് എന്ന ധാരണ ജനമധ്യത്തിൽ പ്രചരിച്ചു. ദേവാലയം തന്നെ രാജകൊട്ടാര സമുച്ചയത്തിന്റെ ഒരു ഭാഗമായിരുന്നു. അങ്ങനെ കാലക്രമത്തിൽ ദൈവം രാജാവിന്റെ ഒരു കുടികിടപ്പുകാരനെപ്പോലെ പരിഗണിക്കപ്പെടാൻ തുടങ്ങി. ദൈവിക സാന്നിധ്യം തേടുന്നവർ നേർച്ച കാഴ്ചകളുമായി ജറുസലെമിലേക്കു വരണം എന്നായി. ദൈവം സ്വർഗ്ഗത്തിലാണ് വസിക്കുന്നതെന്നും ദേവാലയം പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനും വേണ്ടിയുള്ള സ്ഥലം മാത്രമാണെന്നും ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും ജനങ്ങളുടെ മനസിൽ ജറുസലെം ദേവാലയം ദൈവത്തിന്റെ വാസസ്ഥലം തന്നെ ആയിരുന്നു. ഈ കാഴ്ചപ്പാട് വലിയൊരു അന്ധവിശ്വാസത്തിനു വഴിതെളിച്ചു.

കർത്താവ് തന്റെ വാസസ്ഥലം സംരക്ഷിക്കുമെന്നും അതിനാൽ ദേവാലയം സ്ഥിതിചെയ്യുന്ന ജറുസലെം നഗരം എപ്പോഴും സുരക്ഷിതമായിരിക്കുമെന്നുള്ള വിശ്വാസം വ്യാപകമായി. ദേവാലയത്തിന്റെ സാന്നിധ്യം തലസ്ഥാന നഗരത്തിന് പ്രൗഢിയും സുരക്ഷിതത്വവും ഉറപ്പുവരുത്തി. കാലക്രമത്തിൽ ഉടമ്പടിയുടെ പ്രമാണങ്ങൾ വിസ്മരിക്കപ്പെട്ടു. തിരുനാളുകൾ വെറും ബാഹ്യമായ ആഘോഷങ്ങൾ മാത്രമായി

അധഃപതിച്ചു. ജനത്തെ നീതിയുടെ പാതയിൽ നടത്തുന്നതിന് ദേവാലയം ഒരു പങ്കും വഹിക്കാതെയായി. എന്നാലും ദേവാലയം ഉള്ളിടത്തോളം കാലം തങ്ങൾ സുരക്ഷിതരായിരിക്കുമെന്ന് ജനം വിശ്വസിച്ചു. അന്തഃസത്ത നഷ്ടപ്പെട്ട അനുഷ്ഠാനങ്ങൾ ജനത്തെ അനീതിയിൽ തളച്ചിടുന്നതിന് കാരണമായി. ഈ സാഹചര്യത്തിലാണ് പ്രവാചകന്മാർ അതിശക്തമായ വിമർശനങ്ങളുമായി രംഗപ്രവേശം ചെയ്തത്. "നിങ്ങൾ നിമിത്തം സീയോൻ വയൽ പോലെ ഉഴുതുമറിക്കപ്പെടും. ജറുസലെം നാശക്കൂമ്പാരമാകും, ദേവാലയഗിരി വനമായിത്തീരും" എന്ന് എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മിക്കാപ്രവാചകൻ മുന്നറിയിപ്പു നൽകി (മിക്കാ 3,12). ഒരു നൂറ്റാണ്ടിനുശേഷം ജറെമിയാ ഈ താക്കീതുകൾ കൂടുതൽ ശക്തമായി ആവർത്തിച്ചു (ജറെ 7,1-15; 21,1-10; 26,1-6). എന്നാൽ പ്രവചനം കേട്ടു മനസ്സു തിരിയുന്നതിനു പകരം പ്രവാചകന്മാരെ നിശ്ശബ്ദരാക്കാനാണ് ജനനേതാക്കളും ജനവും ശ്രമിച്ചത്. സോളമൻ നിർമ്മിച്ച മനോഹരമായ ദേവാലയം ബി.സി. 587ൽ ബാബിലോൺ ചക്രവർത്തി നശിപ്പിച്ചു.

പ്രവാസത്തിൽ നിന്നു മടങ്ങി വന്ന ജനം ബി.സി. 515ൽ ദേവാലയം വീണ്ടും പണിതു. ബലിയർപ്പണങ്ങൾ കൂടുതൽ സജീവവും ആഘോഷപൂർണ്ണവും വ്യവസ്ഥാപിതവുമാക്കി. ബി.സി. 167ൽ സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ ദേവാലയത്തിൽ സിയൂസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ചപ്പോൾ ജനം ദുഃഖത്തിലാണ്ടുപോയി. മൂന്നര വർഷത്തെ ഒളിപ്പോരിനുശേഷം യൂദാസ് മക്കബേയൂസ് ബി.സി. 164ൽ സിറിയാക്കാരെ തുരത്തി ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠിച്ചു. അതിനുശേഷം ആണ്ടുതോറും ജനം ദേവാലയത്തിന്റെ പ്രതിഷ്ഠാമഹോത്സവം ആഘോഷിച്ചു.

ഏകദേശം അഞ്ചു നൂറ്റാണ്ടു നിലനിന്ന ഈ ദേവാലയം ഹേറോദേസ് മഹാരാജാവ് പൊളിച്ചു മാറ്റി തൽസ്ഥാനത്ത് കൂടുതൽ ബൃഹത്തും മനോഹരവുമായ ഒന്ന് പണികഴിപ്പിച്ചു. ബി.സി. 20ൽ ആരംഭിച്ച ദേവാലയത്തിന്റെ പ്രധാന ഭാഗങ്ങൾ ഏതാണ്ട് ഒന്നര വർഷം കൊണ്ട് പൂർത്തിയാക്കിയെങ്കിലും യേശുവിന്റെ കാലത്തും ദേവാലയത്തിന്റെ പണി തുടരുകയായിരുന്നു. ഇതിന്റെ നാശത്തെക്കുറിച്ചാണ് യേശു പ്രവചിച്ചത് (മത്താ 24,2). ഏ.ഡി. 66ൽ നിർമ്മാണം പൂർണ്ണമായി. നാലുവർഷം കഴിഞ്ഞപ്പോൾ ടൈറ്റസ് നയിച്ച റോമൻ സൈന്യം ആ ദേവാലയം അഗ്നിക്കിരയാക്കി. ഏ.ഡി. 135ൽ ബർകോക്ക്ബായുടെ വിപ്ലവത്തെത്തുടർന്ന് റോമൻ സൈന്യം വീണ്ടും ജറുസലെം ആക്രമിച്ചു കീഴടക്കി. ഹഡ്രിയാൻ ചക്രവർത്തിയുടെ കല്പന പ്രകാരം നഗരത്തിലെ സകല



കെട്ടിടങ്ങളും നിലം പരിശാക്കി. നഗരം ഉഴുതുമറിച്ച്, തൽസ്ഥാനത്ത് വളരെ ചെറിയ പുതിയൊരു നഗരം പണിതു. അതിന് "ഏലിയാ കപ്പിതൊളീന" എന്ന പേരും നല്കി. ദേവാലയത്തിന്റെ സ്ഥാനത്ത് റോമൻ ദേവനായ ജൂപ്പിറ്ററിന്റെ നാമത്തിൽ ഒരു ക്ഷേത്രം പണിതു.

കോൺസ്റ്റന്റയിൻ ചക്രവർത്തി ഏ.ഡി. 313ൽ മിലാൻ വിളംബരത്തിലൂടെ ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമാക്കിയതിനെ തുടർന്ന് ജറുസലെമിലെ ജൂപ്പിറ്റർ ക്ഷേത്രം അവഗണിക്കപ്പെട്ടു. ഏ.ഡി. 638 ൽ ജറുസലെം മുസ്ലീം ആധിപത്യത്തിൽ കീഴിലായി. 691ൽ ഖലീഫ് അബ്ദ് എൽ മാലിക് ജറുസലെം ദേവാലയത്തിന്റെ സ്ഥാനത്ത് സ്വർണ്ണത്താഴികക്കുടത്തോടുകൂടിയ അതിമനോഹരമായ ഒരു മോസ്ക് നിർമ്മിച്ചു. പതിമൂന്നു നൂറ്റാണ്ടുകളായി ആ മോസ്ക് നിലനിൽക്കുന്നു. ദേവാലയത്തിന് അടിത്തറ ഉറപ്പിക്കാൻ വേണ്ടി ഹേറോദേസ് മഹാരാജാവു പണിയിച്ച മതിലിന്റെ ഒരു ഭാഗം മാത്രമാണ് ജറുസലെം ദേവാലയത്തിന്റെ അവശിഷ്ടമായി ഇന്ന് അവശേഷിച്ചിരിക്കുന്നത്. ഇതിനെ പടിഞ്ഞാറെമതിൽ എന്നും കണ്ണീരിന്റെ മതിൽ എന്നും വിളിക്കുന്നു. തകർന്നുപോയ ദേവാലയത്തെയും തങ്ങളുടെ ഗതകാല ചരിത്രത്തെയും ഓർത്ത് യഹൂദർ ആ മതിലിനു മുമ്പിൽ നിന്നു വിലപിക്കുന്നതിനാലാണ് ഈ പേരുണ്ടായത്.

ദേവാലയമല്ല, അതിൽ വസിക്കുന്നവനാണ് (മത്താ 23,21) പ്രധാനം. മനുഷ്യനിർമ്മിമായ ജറുസലെം ദേവാലയത്തിന്റെ സ്ഥാനത്ത് മനുഷ്യ നിർമ്മിതമല്ലാത്ത മറ്റൊരു ദേവാലയം പണിയപ്പെട്ടു (യോഹ 2,19). യേശുവിന്റെ ശരീരമാണ് പുതിയ ദേവാലയം. ഇന്ന് പൂർണ്ണമായ അർത്ഥത്തിൽ യേശുവിന്റെ ഭൗതിക ശരീരമായ സഭയാണ് ദേവാലയം. അതേസമയം ഓരോ മനുഷ്യവ്യക്തിയും ദേവാലയമായി പരിഗണിക്കപ്പെടുന്നു (1 കോറി 6,19). സോളമൻ പണിയിച്ച ദേവാലയം ഈ പുതിയ ദേവാലയത്തിന്റെ പ്രതീകം മാത്രമായിരുന്നു. യാഥാർത്ഥ്യം രംഗപ്രവേശം ചെയ്തപ്പോൾ പ്രതീകം തിരോധാനം ചെയ്തു.

### ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് സോളമൻ ടയിർ രാജാവുമായി ഉടമ്പടി ചെയ്തത്? എന്തായിരുന്നു ഉടമ്പടിയുടെ നിബന്ധനകൾ?
2. സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനവീവിതത്തെ എപ്രകാരമാണ് ബാധിച്ചത്?
3. ദേവാലയം പണിത സ്ഥലത്തിന്റെ പ്രത്യേകതയെന്ത്?

4. സോളമൻ പണിയിച്ച ദേവാലയത്തിന്റെ പൊതു ഘടന വിശദമാക്കുക. അതിനെ ഇന്നത്തെ ക്രിസ്തീയ ദേവാലയങ്ങളുമായി താരതമ്യം ചെയ്യുക.
5. എന്തായിരുന്നു ദേവാലയത്തിന്റെ കേന്ദ്രം? എന്തു സന്ദേശമാണ് അതു ജനങ്ങൾക്കു നല്കിയിരുന്നത്?
6. കെരൂബുകൾ എന്നാൽ എന്ത്? ദേവാലയത്തിൽ അവയുടെ സ്ഥാനവും പ്രസക്തിയും വ്യക്തമാക്കുക.
7. ലെബനോൻ കാനന മന്ദിരം എന്നാൽ എന്ത്? എങ്ങിനെയാണ് ഈ പേരുണ്ടായത്?
8. ദേവാലയത്തിനു മുമ്പിൽ സ്ഥാപിച്ച സ്തംഭങ്ങളുടെ പേരും ലക്ഷ്യവും വിശദീകരിക്കുക?
9. ജലസംഭരണി എന്തിന്റെ പ്രതീകമായിരുന്നു? വിശദീകരിക്കുക.
10. പേടകം കൂടാരത്തിൽ നിന്നെടുത്ത് ദേവാലയത്തിൽ പ്രതിഷ്ഠിച്ചതിന് പ്രതീകാത്മകമായ എന്തു പ്രാധാന്യമാണുള്ളത്?
11. “കർത്താവിന്റെ നാമത്തിന് ഒരാലയം” എന്ന വിശേഷണത്തിലൂടെ ദേവാലയത്തെ സംബന്ധിച്ച് നല്കുന്ന കാഴ്ചപ്പാട് വിശദമാക്കുക.
12. സോളമന്റെ പ്രാർത്ഥനയുടെ ഘടനയും ഉള്ളടക്കവും വിശദീകരിക്കുക.
13. കർത്താവു പ്രാർത്ഥന ശ്രവിക്കുന്നതിന് എന്തു നിബന്ധനകളാണ് സോളമൻ വയ്ക്കുന്നത്?
14. ദേവാലയ പ്രതിഷ്ഠയ്ക്കുശേഷം സോളമനു കർത്താവു നല്കിയ താക്കീതുകൾ വിശദമാക്കുക.
15. എന്തായിരുന്നു ദേവാലയത്തെ സംബന്ധിച്ചുണ്ടായ അന്ധവിശ്വാസം? എപ്രകാരമാണ് ഈ വിവരണങ്ങളിൽ അതിനെ മറികടക്കാൻ ശ്രമിക്കുന്നത്?

**ചർച്ചയ്ക്ക്:** ദേവാലയത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് പങ്കുവയ്ക്കുക. കെട്ടിടം, ക്രിസ്തുവിന്റെ ശരീരം, സഭ, വ്യക്തികൾ എന്നീ തലങ്ങളിൽ ദേവാലയത്തിന് നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രാധാന്യമുണ്ട്?

**പ്രാർത്ഥന : 122-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.**



# 4. നേട്ടങ്ങളും കോട്ടങ്ങളും

## 1 രാജാ 9,10-11, 43; 2 ദിന 8,1-9,31

ദേവാലയ നിർമ്മാണത്തെയും പ്രതിഷ്ഠയെയുംക്കുറിച്ച് സുദീർഘമായി പ്രതിപാദിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ സോളമന്റെ മറ്റു പ്രവർത്തനങ്ങളെ വളരെ ചുരുക്കമായി അവതരിപ്പിക്കുന്നു. 1 രാജാ 9,10 -10, 29ൽ മുഖ്യമായും സോളമന്റെ നേട്ടങ്ങളാണ് വിവരിക്കുന്നത്. ഈ വിവരണത്തിന്റെ നടുവിൽ ഷേബാരാജ്ഞിയുടെ സന്ദർശനത്തെക്കുറിച്ച് സാമാന്യം ദീർഘമായി പ്രതിപാദിക്കുന്നു. 11-ാം അദ്ധ്യായം സോളമന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വി.ഗ്രന്ഥകാരന്റെ ഒരു വിലയിരുത്തലാണ് അവിശ്വസ്തതയുടെയും സാമ്രാജ്യത്തിന്റെ ഭദ്രതയ്ക്കു ഭീഷണിയാകുന്ന കലാപങ്ങളുടെയും ഹ്രസ്വമായ ഒരു ചിത്രീകരണം ഈ അധ്യായത്തിൽ കാണാം. ദിനവൃത്താന്ത ഗ്രന്ഥകാരൻ സോളമന്റെ നേട്ടങ്ങളെ കാര്യമായ വ്യത്യാസങ്ങളൊന്നും കൂടാതെ അവതരിപ്പിക്കുന്നു. എന്നാൽ പരാജയത്തെക്കുറിച്ചുള്ള സൂചനകൾ എല്ലാം തന്നെ വിട്ടുകളഞ്ഞിരിക്കുന്നു. സോളമന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് രണ്ടു പുസ്തകങ്ങളും അദ്ദേഹത്തിന്റെ ചരിത്രം അവസാനിപ്പിക്കുന്നത്.

### a. നേട്ടങ്ങൾ 1 രാജാ 9,10-10, 29; 2 ദിന 8,1-9,28

സോളമൻ രാജാവിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പ്രത്യേകക്രമം ഒന്നും കൂടാതെയാണ് വിവരിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ, രാജ്യ രക്ഷാ സംവിധാനം, നയതന്ത്രബന്ധങ്ങൾ, കപ്പൽനിർമ്മാണം, കരയും കടലും വഴിയുള്ള വാണിജ്യം, അതുവഴി സ്വരുക്കൂട്ടിയ വലിയ സമ്പത്ത്, രാജാവിനുണ്ടായ പ്രശസ്തി മുതലായ കാര്യങ്ങൾ ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. രാജാവിന്റെ പ്രവർത്തനങ്ങൾ എഴുതിസൂക്ഷിച്ചിരുന്ന ഔദ്യോഗിക രേഖകളെ അടിസ്ഥാനമാക്കിയാണ് ഈ ഭാഗം രചിച്ചിരിക്കുന്നത് എന്ന് പ്രത്യേകം എടുത്തു പറയുന്നുണ്ട് (1 രാജാ 11,41). സോളമന്റെ നേട്ടങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നതെങ്കിലും അതിനു കൊടുക്കേണ്ടിവന്ന വലിയ വിലയെക്കുറിച്ചുള്ള സൂചനകളും അങ്ങിങ്ങായി കാണാം.

### i. നാടുവിറ്റ് വീടു പണിയൽ 1 രാജാ 9,10-14; 2ദിന 8,1-2

ദേവാലയവും രാജകൊട്ടാരങ്ങളും പണിയാൻ ഇരുപതുവർഷം വേണ്ടി വന്നു. ഹീരാമിനു കടപ്പെട്ടിരുന്ന 120 താലന്ത് (ഏകദേശം 45 ടൺ) സ്വർണ്ണം കൊടുത്തുവീട്ടാൻ കഴിയാതെ വന്നതിനാലാവാം രാജ്യത്തിന്റെ വടക്കു പടിഞ്ഞാറെ അതിർത്തി പ്രദേശത്തുള്ള ഇരുപതു പട്ട

ണങ്ങൾ അയാൾക്ക് ഏല്പിച്ചുകൊടുത്തത്. ഈ പട്ടണങ്ങൾ ടയിർ രാജാവിനു തൃപ്തികരമായില്ല. അതിനാൽ ആ പ്രദേശത്തിന് "കാബൂൽ" എന്ന പേരു ലഭിച്ചത്രെ. "വിലകെട്ടത്", "തരിശ്" എന്നൊക്കെയാണ് കാബൂൽ എന്ന പേരിന് അർത്ഥം. ദേശം പണയപ്പെടുത്തി കൊട്ടാരം പണിത രാജാവിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. ഹീരാമിൽ നിന്നു സോളമനു ലഭിച്ച നഗരങ്ങളെക്കുറിച്ച് 2 ദിന 8,1ൽ നല്കുന്ന സൂചന രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണത്തിനു വിരുദ്ധമായിതോന്നാം. തനിക്കു ലഭിച്ച നഗരങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ഹീരാം അവ തിരിച്ചേല്പിച്ചതാണ് ഈ വൈരുദ്ധ്യത്തിനു കാരണം എന്നു വ്യഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

### ii. രാജ്യരക്ഷാ സംവിധാനങ്ങൾ 1 രാജാ 9,15-23; 2 ദിന 8,3-7

സോളമൻ രാജാവിന് കാര്യമായ ഒരു യുദ്ധവും നയിക്കേണ്ടി വന്നില്ല. ഹമാത്ത്സോബാ പിടിച്ചടക്കിയതു മാത്രമേ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളൂ (2 ദിന 8,3). വാഗ്ദത്ത ഭൂമിയുടെ വടക്ക് ലെബനോന്റെ അതിർത്തിയിലുള്ള സോബാ രാജ്യത്തിന്റെ തലസ്ഥാനമാണ് ഹമാത്ത് സോബാ. ദാവീദ് ആ രാജ്യം ആക്രമിച്ചു കീഴടക്കിയിരുന്നു. (2 സാമു 8,3-5). എങ്കിലും പിന്നീട് അവിടെ കലാപമുണ്ടായതിനാലാവാം സോളമൻ അതു കീഴടക്കിയത്. അവിടെ നിന്നുള്ള റസോൺ എന്ന സൈന്യാധിപൻ സോളമനു ശല്യമായിത്തീർന്നത് 1 രാജാ 11,23-25ൽ വിവരിക്കുന്നുണ്ട്.

യുദ്ധങ്ങൾ നയിച്ചില്ലെങ്കിലും വളരെ ശക്തമായ സൈന്യസംവിധാനം സോളമനുണ്ടായിരുന്നു. രാജ്യത്തിന്റെ അതിർത്തികളിലും തന്ത്രപ്രധാനമായ കേന്ദ്രങ്ങളിലും നിർമ്മിച്ച ശക്തമായ കോട്ടകൾ ഈ സംവിധാനത്തിന്റെ ഭാഗമായിരുന്നു (1 രാജാ 9,15-19; 2 ദിന 8,3-6). ജറുസലെം നഗരത്തിന്റെ വടക്കുഭാഗത്തു പണിയിച്ച സുരക്ഷാ മതിലാണ് "മില്ലോ" എന്ന പേരിൽ അറിയപ്പെടുന്നത്. കാനാൻ ദേശത്തിന്റെ വടക്കെ അതിർത്തിയിൽ ജോഷ്വാ നശിപ്പിച്ച പട്ടണമാണ് ഹസേൻ (ജോഷ്വാ 11,10-11). സോളമൻ ആ നഗരം പുതുക്കി പണിത് ഒരു വലിയ സൈനികതാവളമാക്കി മാറ്റി. കർമ്മല മലനിരകളിലൂടെ മധ്യധരണ്യാഴിയിലേക്കുള്ള വഴിയിലെ തന്ത്ര പ്രധാനമായ നഗരമാണ് മെഗിദോ. അനേകം യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച ആ നഗരവും സോളമന്റെ രാജ്യരക്ഷാ സംവിധാനത്തിന്റെ ഭാഗമായിരുന്നു. ജറുസലെമിനു പടിഞ്ഞാറ്, മധ്യധരണ്യാഴിയിലേക്കുള്ള വഴിയിലെ രണ്ടു നഗരങ്ങളാണ് ഗേസറും ബേത്ഹോറോണും. കാനാൻ ദേശത്തിന്റെ തെക്ക്, ഏദോമിന്റെ അതിർത്തിയിലുള്ള ബലാത്ത്, താമാർ എന്നീ നഗരങ്ങളിലെ കോട്ടകൾ ദേശത്തിന്റെ തെക്കെ അതിർത്തിക്കു സംരക്ഷണം നല്കി. ചെങ്കടൽ



തീരത്തെ തുറമുഖനഗരമായ എസിയോൺ ഗേബറിലേക്കുള്ള വഴിയും ഈ കോട്ടകൾ സുരക്ഷിതമാക്കി. ഇവയ്ക്കുപുറമേ ദേശത്തിന്റെ പല ഭാഗങ്ങളിലായി സൈനിക താവളങ്ങളും ആയുധസംഭരണ ശാലകളും പണിത് ഏതു കലാപത്തെയും അടിച്ചമർത്താനും ഏതു ശത്രുവിനെയും എവിടെയും നേരിടാനും രാജ്യത്തെ സുസജ്ജമാക്കി. ദാവീദിന്റെ കാലത്തുപോലും ഇസ്രായേൽ സൈന്യത്തിൽ കാലാൾപ്പട മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സോളമന് ശക്തമായ ഒരു കുതിരപ്പടയും തേർപ്പടയുമുണ്ടായിരുന്നു. അവയെയും ദേശത്തിന്റെ പല ഭാഗങ്ങളിലായി വിന്യസിച്ചിരുന്നു (10,26; 2ദിന 9,25).

### iii. വാണിജ്യം 1 രാജാ 9,26-27; 10,11-29; 2 ദിന 8,17-18; 9,28

ശക്തമായ സൈനിക സംരക്ഷണം ദേശത്ത് സമാധാനം ഉറപ്പുവരുത്തി. കച്ചവടസംഘങ്ങൾക്ക് നിർഭയം യാത്ര ചെയ്യാൻ കഴിഞ്ഞു. ഈജിപ്തിൽ നിന്നു മെസപ്പൊട്ടാമിയായിലേക്കും അറേബ്യയിൽ നിന്നു മധ്യധരണ്യാഴിയിലേക്കുമുള്ള സകല രാജപാതകളും സോളമന്റെ അധീനത്തിലായിരുന്നു. ഏഷ്യാ, ആഫ്രിക്കാ, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങൾ സന്ധിക്കുന്ന സ്ഥാനത്തായിരുന്നു സോളമന്റെ സാമ്രാജ്യം. ഭൂമിശാസ്ത്രപരമായ ഈ പ്രാധാന്യം അദ്ദേഹം ശരിക്കും ചൂഷണം ചെയ്തു. വ്യാപാര സംഘങ്ങളിൽ നിന്ന് ഈടാക്കിയ ചുങ്കം, കച്ചവടത്തിൽ നിന്നു ലഭിച്ച ലാഭം, സമാന്തരന്മാരിൽ നിന്ന് ഈടാക്കിയ കപ്പം ഇവയെല്ലാം സോളമനെ അതീവ സമ്പന്നനാക്കി (1 രാജാ 0,14-15).

കരമാർഗ്ഗമുള്ള വ്യാപാരംകൊണ്ടു തൃപ്തിപ്പെടാതെ ടയിർ രാജാവിന്റെ സഹായത്തോടെ സോളമൻ കടൽ മാർഗ്ഗമുള്ള വാണിജ്യം വികസിപ്പിച്ചു. എസിയോൺ ഗേബറിൽ നിർമ്മിച്ച വ്യാപാരകപ്പലുകൾ ദീർഘദൂര യാത്ര ചെയത് ഓഫീറിൽ നിന്നു സ്വർണ്ണവും (1 രാജാ 9,26-27) വിലപ്പിടിപ്പുള്ള മറ്റു വസ്തുക്കളും (1 രാജാ 10,22) കൊണ്ടുവന്നു. എവിടെയാണ് "ഓഫീർ" നഗരം എന്ന കാര്യത്തിൽ തർക്കമുണ്ട്. ആഫ്രിക്കായുടെ കിഴക്കെ തീരത്താണത് എന്നു ചിലർ അഭിപ്രായപ്പെടുന്നു. അറേബ്യായുടെ പടിഞ്ഞാറേ തീരത്തെന്നു മറ്റു ചിലർ. കേരള തീരത്ത് കോഴിക്കോടിനടുത്തുള്ള ബേപ്പൂർ തുറമുഖമാണ് ഓഫീർ എന്ന അഭിപ്രായം തള്ളിക്കളയാനാവില്ല. ആനക്കൊമ്പ്, മയിൽ, കുരങ്ങ്, ചന്ദനം മുതലായവ കേരളത്തിൽ സുലഭമാണല്ലോ. തീരദേശനഗരങ്ങളുമായി വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നതിനാൽ കപ്പലുകൾ മടങ്ങിയെത്താൻ മൂന്നര വർഷമെടുത്തു.

"താർഷീഷിലെ കപ്പലുകൾ" (1 രാജാ 10,22) എന്ന വിശേഷണത്തിനും പല വ്യാഖ്യാനങ്ങൾ നല്കാറുണ്ട്. താർഷീഷിനെ ഒരു നഗര

മായി കാണുവാൻ ആ നഗരം എവിടെയാണ് എന്നതിനെക്കുറിച്ചു തർക്കിക്കുന്നു. ആഫ്രിക്കായുടെ വടക്കെ തീരം മുതൽ സ്പെയിനിന്റെ തെക്കെ തീരം വരെയുള്ള പല പട്ടണങ്ങളും താർഷിഷായി ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ എസിയോൻ ഗേബറിൽ നിന്നു യാത്രചെയ്യുന്ന കപ്പലുകൾ മധ്യധരണ്യാഴിയിലേക്കല്ലാ, ചെങ്കടൽ വഴി ഇന്ത്യാ സമുദ്രത്തിലേക്കും അറബിക്കടലിലേക്കുമാണ് പോവുക. അതിനാൽ ഈ പേരിന് മറ്റൊരു വ്യാഖ്യാനം നല്കപ്പെടാറുണ്ട്. ചാവുകടലിനും ചെങ്കടലിനും ഇടയിലുള്ള മരുഭൂമിയിൽ സോളമന് ധാരാളം ചെമ്പു ഖനികളുണ്ടായിരുന്നു. ഉരുക്കി ശുദ്ധിചെയ്ത ലോഹം കയറ്റുന്ന കപ്പലുകളെ 'താർഷിഷ് കപ്പലുകൾ' എന്നു വിളിക്കാറുണ്ടായിരുന്നത്രെ. വൻകടലിൽ യാത്ര ചെയ്യാൻ കഴിവുള്ള വലിയ കപ്പലുകളാണ് താർഷീഷ് കപ്പലുകൾ എന്ന അഭിപ്രായം കൂടുതൽ സ്വീകാര്യമാണ്.

സോളമന്റെ വ്യാപാരങ്ങളിൽ തേരും കുതിരയും പ്രത്യേകം എടുത്തു പറയുന്നു (1 രാജാ 10, 26-29). അന്നു ലഭ്യമായിരുന്നതിൽ ഏറ്റവും മെച്ചപ്പെട്ട രഥങ്ങൾ നിർമ്മിച്ചിരുന്നത് ഈജിപ്തിലായിരുന്നു. ഏറ്റം മികച്ച കുതിരകളെ വളർത്തിയിരുന്നത് കുവേയിലും. മധ്യധരണ്യാഴിയുടെ വടക്കു കിഴക്കെ തീരത്തുള്ള കിലിക്കിയാ എന്ന പ്രദേശമാണ് "കുവേ" എന്ന പേരിൽ അറിയപ്പെടുന്നത്. ഏറ്റം മികച്ച തേരും കുതിരയും വാങ്ങി മറ്റു രാജ്യങ്ങൾക്കു വില്ക്കുക സോളമന്റെ പ്രധാന വ്യാപാരമായിരുന്നു.ഇതിന്റെ മേൽ സോളമനു കുത്തകാവകാശമുണ്ടായിരുന്നു. ആധുനിക ലോകത്തെ ബഹുരാഷ്ട്ര കുത്തുകകളുടെയും ആയുധ വ്യാപാരികളുടെയും ഒരു മുന്നോടിയായിരുന്നു സോളമൻ.

ലെബനോൻ കാനനമന്ദിരത്തിൽ സൂക്ഷിച്ച സ്വർണ്ണ പരിചകൾ (1 രാജാ 10,16-17) യുദ്ധോപകരണങ്ങളല്ല, അലങ്കാരവസ്തുക്കളായിരുന്നു. വലിയ പരിചകൾക്ക് ഏകദേശം ആറു കിലോഗ്രാമും ചെറുപരിചകൾക്ക് ഒന്നരകിലോഗ്രാമും തൂക്കമുണ്ടായിരുന്നു. ഇവയും "വിശ്വപ്രസിദ്ധമായ" ദന്തസിംഹാസനവും (1 രാജാ 10,18-21) സോളമന്റെ സമ്പത്തിന്റെയും കലാവിരുതിന്റെയും അടയാളങ്ങളാണ്. രാജാവിന്റെ ഇരിപ്പിടത്തെ അലങ്കരിച്ച സിംഹങ്ങളിൽ നിന്നാണ് 'സിംഹാസനം" എന്ന പേരു തന്നെയുണ്ടായത്.

## iv. ഷേബാ രാജ്ഞിയുടെ സന്ദർശനം

**1 രാജാ 10,1-10.13; 2 ദിന 9,1-9.12**

സോളമനു ലഭിച്ച അന്താരാഷ്ട്ര പ്രസക്തിയുടെ അംഗീകാരവും അടയാളവുമായി രണ്ടു പുസ്തകങ്ങളും ഒരേ വിധത്തിൽ ഷേബാ



രാജ്ഞിയുടെ സന്ദർശനം രേഖപ്പെടുത്തിയിരിക്കുന്നു. സോളമന്റെ വിജ്ഞാനം നേരിട്ടു മനസിലാക്കാൻ ഭൂമിയുടെ അതിർത്തികളിൽ നിന്നു വന്ന ദക്ഷിണദേശത്തെ രാജ്ഞിയായി യേശുക്രിസ്തുവും ഷേബാരാജ്ഞിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (മത്താ 12,42). താൻ കേട്ടതിനേക്കാൾ പതിന്മടങ്ങു മഹത്വമാർന്നതാണ് സോളമന്റെ ജ്ഞാനം എന്നു രാജ്ഞി തന്നെ സാക്ഷ്യപ്പെടുത്തുന്നു. കടങ്കഥകൾക്ക് ഉത്തരം നല്കുന്നതിൽ മാത്രമല്ല, സകല പ്രവർത്തനങ്ങളിലും സോളമന്റെ ജ്ഞാനം പ്രകടമായി.

ഇത്രമാത്രം ജ്ഞാനിയായ ഒരു രാജാവിനെ ഇസ്രായേലിനു നല്കിയതിൽ ദൈവമായ കർത്താവിനെ രാജ്ഞി മഹത്വപ്പെടുത്തിയതായി രേഖപ്പെടുത്തുന്നതു വഴി വി.ഗ്രന്ഥകാരൻ അനുവാചകരുടെ ശ്രദ്ധ സോളമനിൽ നിന്ന് ദൈവത്തിലേക്കു തിരിക്കുന്നു. സോളമന്റെ നേട്ടങ്ങളെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ ദാനമാണ്. സോളമനിലൂടെ ദൈവമായ കർത്താവ് ലോകം മുഴുവൻ അറിയപ്പെട്ടു. ലോകജനതകൾ ദൈവത്തെ മഹത്വപ്പെടുത്താൻ അത് കാരണമായി. ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തതിന്റെ തല ലക്ഷ്യം മറ്റൊന്നുമായിരുന്നില്ല. ജനത്തിനിടയിൽ നീതിയും ന്യായവും നടത്താൻ വേണ്ടിയാണ് സോളമനെ രാജാവാക്കിയത് എന്ന സൂചനയും ഈ ഏറ്റുപറച്ചിലിൽ കാണാം. (1 രാജാ 10,9). ഷേബാരാജ്ഞിയുടെ സന്ദർശനത്തിനു നല്കുന്ന ദൈവശാസ്ത്രപരായ ഈ വ്യാഖ്യാനം നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയായി കരുതപ്പെടുന്നു.

രാജ്ഞിയുടെ സന്ദർശനത്തിന് നയതന്ത്രപരവും വാണിജ്യപരവുമായ മറ്റു ചില ലക്ഷ്യങ്ങളും ഉണ്ടായിരുന്നതായി അനുമാനിക്കാം. ചെങ്കടൽ ഏഡൻ ഉൾക്കടലിലേക്കും തുടർന്ന് അറബിക്കടലിലേക്കും തുറക്കുന്ന കടലിടുക്കിന്റെ കിഴക്കെ തീരത്ത് ഇന്ന് "യമൻ" എന്ന പേരിലറിയപ്പെടുന്ന പ്രദേശമായിരുന്നു ഷേബാരാജ്യം. അതിനു തൊട്ടുപടിഞ്ഞാറ് കടലിടുക്കിനു മറുകരെയാണ് എത്യോപ്യാ. വാണിജ്യകാര്യത്തിൽ തന്ത്രപ്രധാനമായ ഒരു പ്രദേശമാണിത്. ചെങ്കടലിലൂടെ സോളമന്റെ ചരക്കു കപ്പലുകൾ വ്യാപാരം തുടങ്ങിയത് ഷേബാ രാജ്യത്തിന്റെ കുത്തകാവകാശത്തിനു ഭീഷണിയായി. അതേസമയം സോളമനുമായി വ്യാപാരക്കരാറുണ്ടാകുന്നത് ഷേബാരാജ്യത്തിനു ഗുണപ്രദമാവുകയും ചെയ്യും. ഈ പരിഗണനകളാവണം വലിയൊരു കാരവൻ സംഘവുമായി, ആയിരത്തിൽപരം കിലോമീറ്റർ യാത്രചെയ്ത്, ജെറുസലെമിലെത്താൻ ഷേബാ രാജ്ഞിയെ പ്രേരിപ്പിച്ചത്. അവൾ കൊണ്ടുവന്ന സമ്മാനങ്ങളുടെ സ്വഭാ

വവും അളവും (ഏകദേശം 4 ടൺ സ്വർണ്ണം) വിയൊരു വ്യാപാരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സോളമനും ഷേബാരാജ്ഞിയും തമ്മിൽ സമ്മാനങ്ങൾ കൈമാറി എന്ന ഭംഗിവാക്കിനു പിന്നിൽ വലിയൊരു അന്താരാഷ്ട്ര വാണിജ്യക്കരാറിന്റെ രൂപരേഖ ദൃശ്യമാണ്. സോളമൻ മറ്റു രാജ്യങ്ങളുമായി സ്ഥാപിച്ച വ്യാപാര ബന്ധങ്ങളുടെ മാതൃകയായും ഇതിനെ കാണാം.

സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങളെയും വാണിജ്യത്തെയും ക്കുറിച്ചുള്ള വിവരണങ്ങളിൽ ശ്രദ്ധേയമായ രണ്ടു സൂചനകൾ വി.ഗ്രന്ഥകാരൻ നല്കുന്നുണ്ട്. അടിമവേലയെക്കുറിച്ചുള്ളതാണ് ആദ്യത്തെ സൂചന (1 രാജാ 9,20–22). വിദേശികളെ മാത്രമേ അടിമവേലയ്ക്കു നിർബന്ധിച്ചുള്ളൂ എന്ന് എടുത്തുപറയുന്നുണ്ടെങ്കിലും ഇസ്രായേൽ ജനത്തിലെ തന്നെ നല്ലൊരുവിഭാഗത്തിന് നിർബ്ബന്ധിത വേലയിൽ നിന്ന് ഒഴിഞ്ഞു നില്ക്കാൻ സാധിച്ചില്ല എന്ന സൂചന നാം കണ്ടുകഴിഞ്ഞു (1 രാജാ 5,13–14). ദേവാലയ നിർമ്മാണത്തിനുവേണ്ടി മാത്രമല്ല, മറ്റു നിർമ്മാണപ്രവർത്തനങ്ങൾക്കും ആവശ്യമായ തൊഴിലാളികളെ അടിമവേലയിലൂടെയാണ് കണ്ടെത്തിയത്. രാജ്യം സമ്പൽസമൃദ്ധമായി, അതിർത്തികൾ സുരക്ഷിതവും. എന്നാൽ പ്രജകൾ ഭൂരിഭാഗവും രാജാവിന്റെ അടിമകളാക്കപ്പെട്ടു. ഈജിപ്തിലെ ഫറവോയുടെ മകളെ ഭാര്യയായി സേവീകരിച്ച സോളമൻ ഇസ്രായേൽ ജനത്തിൽ നല്ലൊരു പങ്കിനെ ഈജിപ്തിലേതിനു സമാനമായ അടിമത്തത്തിൽ തളച്ചിട്ടു. കനത്ത നികുതിയും കഠിനമായ അടിമത്തവുമാണ് സാധാരണ ജനത്തിനു ലഭിച്ചത്. രാജാവിന്റെ സമ്പത്തിനെക്കുറിച്ചുള്ള വിവരണത്തിനാണ് രണ്ടാമത്തെ സൂചന. “രാജാവു തനിക്കുവേണ്ടി അമിതമായി സ്വത്തു സമ്പാദിക്കരുത്; കുതിരകളുടെ എണ്ണം വർദ്ധിപ്പിക്കരുത്, അതിനായി ജനം ഈജിപ്തിലേക്കു മടങ്ങിപോകാൻ ഇടയാകരുത്” (നിയ 17,16–17) എന്ന നിയമാവർത്തനഗ്രന്ഥത്തിലെ നിർദ്ദേശം സോളമന്റെ ചേതികളെക്കുറിച്ചുള്ള പരോക്ഷമായ ഒരി വിമർശനം ഉൾക്കൊള്ളുന്നു. മഹാജ്ഞാനിയും നയതന്ത്ര വിദഗ്ധനുമായിരുന്നെങ്കിലും സോളമന്റെ പ്രവർത്തനങ്ങൾ എല്ലാം ദൈവിക നിയമങ്ങൾക്ക് അനുസൃതമായിരുന്നില്ല. ജനത്തിന്മേൽ അടിച്ചേല്പിച്ച നികുതിഭാരവും അടിമവേലയുമാണ് രാജ്യത്തിന്റെ തന്നെ പിളർപ്പിന് കാരണമായത്.

## b. പാളിച്ചകൾ– പതനങ്ങൾ 1 രാജാ 11,1–43

സോളമന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദമായി ചിത്രീകരിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ആ ജീവിതത്തെ മൊത്തമായി വിലയിരുത്തകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്. മഹാജ്ഞാനിയായ രാജാവിന് അനേകം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും ജീവിതത്തിന്റെ ബാക്കിപത്രത്തിൽ പരാജയങ്ങൾക്കാണ് മുൻതൂക്കം. മതപരവും രാഷ്ട്രീയവുമായ മേഖലകളിൽ സോളമനുണ്ടായ പരാജയങ്ങളും അത് രാജ്യത്തിന്റെ ഭദ്രതയ്ക്കും നേരെ ഉയർത്തി ഭീഷണികളും ഇവിടെ എടുത്തു കാട്ടുന്നു.



## നിഷിദ്ധ വിവാഹങ്ങൾ – അവിശ്വസ്തത 1 രാജാ 11,1–13

വിവാഹത്തെ സംബന്ധിച്ച നിയമങ്ങൾ ലംഘിച്ചു എന്നതാണ് സോളമനെതിരെ ഉന്നയിക്കുന്ന ആധ്യത്തെ ആരോപണം. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണം വരെ നിലനില്ക്കേണ്ടതാണ് ദൈവിക പദ്ധതിപ്രകാരമുള്ള വിവാഹബന്ധം (ഉല്പ 2.24). എന്നാൽ സോളമൻ അനേകം സ്ത്രീകളെ  ഭാര്യമാരായി സ്വീകരിച്ചു. ബഹുഭാര്യാത്വം ഒരു പരിധിവരെ അംഗീകരിക്കപ്പെട്ടിരുന്നതായി അബ്രാഹം, യാക്കോബ്, ദാവീദ് മുതലായവരുടെ ഉദാഹരണങ്ങളിൽ കാണാം. അന്തഃപുരത്തിലുള്ള ഭാര്യമാരുടെ സംഖ്യാബാഹുല്യം രാജാവിന്റെ ശക്തിപ്രതാപങ്ങളുടെ അടയാളമായി കരുതപ്പെട്ടിരുന്നു. “എഴുനൂറ് ഭാര്യമാരും മുന്നൂറ് ഉപനാരികളും” എന്ന സംഖ്യ (1 രാജാ 11,31) അതിശയോക്തി കലർന്നതാവാം. എന്നാലും “രാജാവിന് അനേകം ഭാര്യമാരുണ്ടായിരിക്കരുത്” (നിയ 17,17) എന്ന വ്യക്തമായ നിയമത്തിന്റെ ലംഘനമാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഈ നിയമത്തിന്റെ കാരണവും നിയമാവർത്തന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ നിയമവും വിശദീകരണവും മുഖ്യമായും സോളമന്റെ അനുഭവത്തിൽ നിന്നു രൂപം കൊണ്ടതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

വിജാതീയ സ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത് എന്ന നിയമം (പുറ 34,12–17; നിയ 7,1–5) ലംഘിച്ചത് കൂടുതൽ ഗൗരവാവഹമായ കുറ്റമായി പരിഗണിക്കുന്നു. സോളമന്റെ വിവാഹത്തിൽ അധികപങ്കും രാഷ്ട്രീയ താത്പര്യങ്ങളാൽ പ്രേരിതമായിരുന്നു. അന്യ ദേവന്മാരെ ആരാധിച്ചിരുന്ന സ്ത്രീകൾ തങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും ജറുസലെമിലും തുടർന്നു. അവർക്കുവേണ്ടി സോളമൻ തലസ്ഥാന നഗരിയിൽ ആരാധനാലയങ്ങൾ നിർമ്മിച്ചു. അവരുടെയെല്ലാം ആരാധനയിൽ പങ്കുചേരുകയും ചെയ്തു. മൂന്നു ദേവതകളുടെ പേരുകൾ എടുത്തുപറയുന്നുണ്ട്.

1. അസ്താർത്തേ: സീദോന്യരുടെ ദേവി എന്ന് വിശേഷിപ്പിച്ചിരി

ക്കുന്ന ഈ ദേവതയെ അഷേറാ. അനാത്ത് എന്ന രണ്ടു ദേവികളോടൊപ്പം ഫലപുഷ്ടിയുടെ കാരണക്കാരായി കാനാൻകാർ ആരാധിച്ചിരുന്നു. ഈ മൂന്നു ദേവതകളുടെയും സ്വഭാവങ്ങൾ തമ്മിൽ സാമ്യമുള്ളതിനാൽ ഒരേ അർത്ഥത്തിൽത്തന്നെ പലപ്പോഴും ഈ പേരുകൾ ഉപയോഗിച്ചിരുന്നു. ഫലപുഷ്ടിയുടെ ദേവനായ ബാലിന്റെ മാതാവായും ചിലപ്പോൾ സഹ ധർമ്മിണിയായും അഷേറാ (അസ്താർത്തെ) ദേവതകൾ പരിഗണിക്ക പ്പെട്ടിരുന്നു. നവഗ്രഹങ്ങളിൽ ഒന്നായ ശുക്രനെ (വെള്ളി) ദൈവമായി സങ്കല്പിച്ച് ആരാധിച്ചിരുന്നവർ നല്കിയതാണ് ഈ പേര് എന്നു കരുത പ്പെടുന്നു. റോമാക്കാർ ഇതിനെ "വീനസ്" എന്നു വിളിച്ചിരുന്നു. രതി ദേവതയായിരുന്നു വീനസ്. ലൈംഗികതയുമായി ബന്ധപ്പെട്ട എന്ന അർത്ഥമുള്ള വെനേറിയൽ (Venereal) എന്ന വാക്ക് വീനസ് എന്ന പേരിൽ നിന്നുണ്ടായതാണ്. ചുരുക്കത്തിൽ ലൈംഗികതയുടെ പ്രതീക മായ നക്ഷത്രദേവതയാണ് അസ്താർത്തേ. അഷേറായ്ക്കും ഇതേ അർത്ഥം തന്നെയാണുള്ളത്.

2. മിൽക്കോം: അമ്മോന്യർ ആരാധിച്ചിരുന്ന ദേവനാണിത്. രാജാവ് എന്ന് അർത്ഥമുള്ള മെലെക്ക് എന്ന പേരിന്റെ മറ്റൊരു രൂപമാ ണിത്. മോളെക്ക് എന്ന പേരിലും ഈ ദേവത അറിയപ്പെട്ടിരുന്നു (ബൈ. തി.7, p.69).

3. ലകെമോഷ് മൊവാബ്യർ ആരാധിച്ചിരുന്ന ദൈവമാണിത്. മോളെക്കും കെമോഷും ഒരേ സങ്കല്പത്തിന്റെ രണ്ടു വ്യത്യസ്ത രൂപ ങ്ങളാണ്. ഈ രണ്ടു ദേവ സങ്കല്പങ്ങളും പുലർകാല നക്ഷത്രത്തെ ദൈവമായി കണ്ട് ആരാധിച്ചിരുന്നവർ രൂപകല്പന ചെയ്തതാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. പുലർകാല നക്ഷത്രത്തിന്റെ ഉദയം രാത്രി യിയുടെ അവസാനത്തെ വിളിച്ചറിയിക്കുന്നു; അഥവാ അന്ധകാരത്തെ അകറ്റുന്നു അതിനാൽ ഈ ദേവതകളെ യുദ്ധ ദേവതകളായി കരുതി ആരാധിക്കുകയും പ്രത്യേക സാഹചര്യങ്ങളിൽ നരബലിയർപ്പിച്ച് അവയെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

ഈ ദേവതകൾക്കെല്ലാം ജറുസലെമിൽ ആരാധനാലയങ്ങളും ബലിപീഠങ്ങളും നിർമ്മിച്ചത് തന്റെ രാജ്ഞിമാരെയും അവരുടെ രാജ്യ ങ്ങളെയും പ്രീതിപ്പെടുത്താൻ വേണ്ടി ആയിരുന്നെങ്കിലും അത് സോള മനെ ത്തന്നെ വിഗ്രഹാരാധനയിലേക്ക് നയിച്ചു. കാലക്രമത്തിൽ ജനം അവയ്ക്ക് നരബലി പോലും അർപ്പിക്കാൻ തുടങ്ങി ഏകദേശം മൂന്നു നൂറ്റാണ്ടുകൾക്കുശേഷം ജോസിയാ രാജാവാണ് ഈ ആരാധനാ സ്ഥല ങ്ങൾ പൂർണ്ണമായി നശിപ്പിച്ചത് (2 രാജാ 23,13).



തന്റെ പിതാവായ ദാവീദിനെപ്പോലെ സോളമൻ പൂർണ്ണ ഹൃദയ ത്തോടെ ദൈവമായ കർത്താവിനോടു വിശ്വസ്തത പുലർത്തിയില്ല എന്നു രണ്ടു തവണ ആവർത്തിച്ചുകൊണ്ട് (1 രാജാ 11,4-6) വി.ഗ്രന്ഥകാരൻ സോളമന്റെ ജീവിതത്തെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ വ്യക്തമാ ക്കുന്നു. ഇതേ വിലയിരുത്തലും അവിശ്വസ്തതയുടെ പേരിൽ ഉണ്ടാകാൻ പോകുന്ന ശിക്ഷയും ദൈവിക അരുളപ്പാടായി വീണ്ടും അവതരിപ്പിക്കുന്നു (1 രാജാ 11,11-13). തന്റെ വിശ്വസ്ത ദാസനായ ദാവീദിനെ പ്രതി മാത്ര മാണ് സോളമന്റെ ജീവിതകാലത്ത് ദൈവം ശിക്ഷ നടപ്പിലാക്കാതിരുന്ന ത്. എന്നാലും അയാളുടെ മരണശേഷം ഒന്നൊഴികെ മറ്റു ഗോത്രങ്ങ ളെല്ലാം വേർപ്പെടുത്തും എന്ന മുന്നറിയിപ്പ് യാഥാർത്ഥ്യമായതിന്റെ വിവരണം അടുത്ത അധ്യായത്തിൽ കാണാം.

എപ്രകാരമാണ് സോളമന് അരുളപ്പാട് ലഭിച്ചത് എന്നു പറയുന്നി ല്ല. മറ്റു രണ്ടു തവണ ദൈവം സോളമനു സ്വപ്നത്തിൽ പ്രത്യക്ഷനായി നേരിട്ട് സംരക്ഷണം വാഗ്ദാനം ചെയ്യുകയായിരുന്നു. ആ രണ്ടു തവ ണയും അയാൾ കൃതജ്ഞതാബലിയർപ്പിച്ച്, കർത്താവിനോടുള്ള വിശ്വ സ്തത ഏറ്റു പറയുകയും ചെയ്തു. എന്നാൽ കുറ്റാരോപണവും ശിക്ഷ യുടെ മുന്നറിയിപ്പും ലഭിച്ചപ്പോൾ യാതൊരു പ്രതികരണവുമുണ്ടായില്ല. പ്രവാചക വചനത്തിലൂടെ തന്റെ തെറ്റിനെക്കുറിച്ചു ബോധവാനായപ്പോൾ അനുതപിച്ചു മാപ്പിരന്ന ദാവീദിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് സോളമന്റെ നിലപാട്. കാരണം, അയാൾ ദൈവത്തിൽ നിന്ന് അകന്നു കഴിഞ്ഞിരുന്നു. തനിക്കു ലഭിച്ച മഹാജ്ഞാനവും കൃപകളും സോളമനെ ദൈവത്തോടുള്ള വിശ്വസ്തതയിൽ നിലനിർത്തിയില്ല. അത് ദേശത്തിന്റെ തന്നെ നാശത്തിനു കാരണമായി.

### ii. കലാപത്തിന്റെ കാർമേഘങ്ങൾ 1 രാജാ 11,14-40

പുറമെ നിന്നു നോക്കുമ്പോൾ പ്രൗഢഗംഭീരവും സുശക്തവും സുരക്ഷിതവുമായിരുന്നു സോളമന്റെ സാമ്രാജ്യം. എങ്കിലും അതിന്റെ അടിത്തറ തകർക്കുന്ന ഛിദ്രശക്തികൾ സാമ്രാജ്യത്തിനുള്ളിൽത്തന്നെ വളർന്നുകൊണ്ടിരുന്നു. സാമ്രാജ്യത്തിനു ഭീഷണിയായിത്തീർന്ന മൂന്നു കലാപകാരികളെക്കുറിച്ച് തുടർന്നു വിവരിക്കുന്നു. ദൈവം തന്നെയാണ് സോളമനെതിരെ ശത്രുക്കളെ തിരിച്ചുവിട്ടത് (1 രാജാ 11,14) എന്ന ആമു ഖത്തോടെ വിവരണം ആരംഭിക്കുന്നു. ദൈവത്തിൽ നിന്ന് അകലുന്ന വന് അവിടുത്തെ സംരക്ഷണം നഷ്ടപ്പെടുമെന്ന പാഠത്തിന്റെ വ്യക്ത മായ ഉദാഹരണമാണ് ഇവിടെ വിവരിക്കുന്നത്. വിഗ്രഹാരാധനയിലും അനീതിയിലും അസ്തിവാരമുറപ്പിക്കുന്ന സാമ്രാജ്യങ്ങൾക്ക് ദീർഘകാലം

നിലനില്ക്കാനാവില്ല. ആഭ്യന്തര കലാപങ്ങളും പുറമെ നിന്നുള്ള ആക്രമണങ്ങളും അതിനെ തകർത്തുകളയും. അതു ദൈവത്തിന്റെ ശിക്ഷാവിധിയായി വിശ്വാസത്തിന്റെ കണ്ണുള്ളവർക്കു കാണാൻ കഴിയും.

ഏദോമ്യനായ ഹദാദാണ് ആദ്യത്തെ എതിരാളി. കൂട്ടക്കൊലയിൽ നിന്ന് രക്ഷപ്പെട്ട വ്യക്തിയാണ് ഹദാദ്. ആറുമാസക്കാലം ദാവീദിന്റെ പട്ടാളം ഏദോമിൽ പാളയമടിച്ച് പുരുഷന്മാരെയെല്ലാം കൊന്നൊടുക്കി, ഏദോമ്യരെ അടിമകളാക്കി എന്ന വിവരണം (2 സാമു 8,13-14; 1 രാജാ 11,15-16) ഏദോമിന്റെ അവസ്ഥയെ ഈജിപ്തിൽ അടിമകളായിരുന്ന ഇസ്രായേല്ക്കാരുടേതിനോടു താരതമ്യം ചെയ്യുന്നു. മോശ ഇസ്രായേല്ക്കാരുടെ വിമോചകനായതുപോലെയാണ് ഹദാദ് ഈജിപ്തിലേക്ക് ഒളിച്ചോടുകയും ദാവീദിന്റെ മരണത്തിനുശേഷം തിരിച്ചു വന്ന് സ്വന്തം ജനത്തിന്റെ മോചനത്തിനായി പ്രവർത്തിക്കുകയും ചെയ്തത്. ഈ പ്രവർത്തനങ്ങൾക്കു പിന്നിലും ദൈവകരം ഉണ്ടായിരുന്നു എന്ന പ്രസ്താവനയിൽ നിന്ന് സകല അടിമകളുടെയും വിമോചകനാണ് ദൈവം എന്ന സത്യവും വെളിപ്പെടുന്നു. സോളമനുള്ള ശിക്ഷ മാത്രമല്ല, അടിമകളായിത്തീർന്ന ഏദോമ്യരുടെ മോചനത്തിനുള്ള വഴി തെളിക്കുന്നതുമാണ് ഹദാദിന്റെ കലാപം.

ഹദാദിന്റെയും മോശയുടെയും ചിത്രങ്ങൾ തമ്മിൽ പല സാമ്യങ്ങളും കാണാം. കൂട്ടക്കുരുതിക്ക് ഉഴിഞ്ഞിട്ട ഒരു ജനത്തിൽ നിന്ന് രക്ഷപ്പെട്ടവരാണ് രണ്ടുപേരും. ഇരുവരും ഒളിച്ചോടി, മോശ മെദിയാനിലേക്കും ഹദാദ് ഈജിപ്തിലേക്കും. ഫറവോയുടെ മരണത്തിനുശേഷം മോശ ഈജിപ്തിലേക്കു മടങ്ങിവന്നതുപോലെയാണ് ദാവീദിന്റെ മരണവാർത്തയറിഞ്ഞപ്പോൾ ഹദാദ് ഏദോമിലേക്കു തിരിച്ചു വന്നത്.

ഹദാദിനും പിന്നീട് ജെറൊബാമിനും സംരക്ഷണം നല്കിയ ഫറവോ സോളമന്റെ സാമ്രാജ്യത്തിനു തുരങ്കം വയ്ക്കുകയായിരുന്നു. വിവാഹ ഉടമ്പടി വഴി സോളമനുമായി സഖ്യത്തിലായിരുന്ന ഫറവോ ഈജിപ്തിലെ 21-ാം രാജവംശത്തിലെ രാജാവായിരുന്നു. അയാളുടെ മരണത്തിനുശേഷം ആരംഭിച്ച 22-ാം രാജവംശത്തിലെ ആദ്യരാജാവായ ഫറവോ ഷീഷാക്കാണ് ഇസ്രയേലിലെ കലാപകാരികൾക്ക് അഭയം നല്കിയത്. സ്വദേശത്തെ പട്ടാളഭരണത്തിൽ നിന്ന് ഒളിച്ചോടിയവർ വിദേശത്തുവച്ചു പരിശീലനം നേടുകയും സൈന്യത്തെ സംഭരിക്കുകയും ചെയ്തതിനുശേഷം മടങ്ങിവന്ന് നാട്ടിൽ അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഭരണം പിടിച്ചെടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്നും നാട്ടിൽ സുലഭമാണല്ലോ. ഇപ്രകാരമുള്ള കലാപകാരികളെ പരിശീലിപ്പിച്ച് സ്വദേശത്തേക്ക് അട്ടിമറി പ്രവർത്തനങ്ങൾക്കായി തിരിച്ചയക്കുന്നത് ഇന്ന് ആഗോളതലത്തിൽ വലിയ കലാപങ്ങൾക്കും പ്രതിസന്ധികൾക്കും കാരണമായിത്തീർന്നിട്ടുണ്ടല്ലോ.



ഏലിയാദായുടെ പുത്രനും സോബാരാജാവിന്റെ സേവകനും ആയ റസോൺ ആണ് രണ്ടാമത്തെ എതിരാളി (1 രാജാ 11,23-25). അയാളെയും ദൈവം തന്നെയാണ് സോളമനെതിരെ ഉയർത്തിയത്. ഹദാദ് എന്നതുപോലെ റസോണും ദാവീദിന്റെ ദിഗ്വിജയങ്ങളുടെ ബാക്കി പത്രത്തിൽപ്പെടുന്നു. ദാവീദ് സോബാ രാജാവിനെ തോല്പിച്ച് ജനത്തെ കൊന്നൊടുക്കിയപ്പോൾ ഓടിരക്ഷപ്പെട്ടയാളാണ് റസോൺ (2 സാമു 8,36). വിദേശത്തേക്ക് ഒളിച്ചോടുന്നതിനു പകരം സ്വന്തം നാട്ടിൽ പിടിച്ചു നിന്ന് ഒളിപ്പോരാളികളെ സംഘടിപ്പിക്കുകയാണ് അയാൾ ചെയ്തത്. ദാവീദിന്റെ മരണത്തിനുശേഷം അയാൾ ദമാസ്കസ് പിടിച്ചടക്കി അവിടെ രാജാവായി. ഹദാദ് ഇസ്രയേലിന്റെ തെക്കുഭാഗത്ത് അസ്വസ്ഥതകൾ സൃഷ്ടിച്ചപ്പോൾ റസോൺ വടക്കു ഭാഗത്ത് ശത്രുവായിക്കഴിഞ്ഞു. ഇവർ ഇസ്രയേൽ സാമ്രാജ്യത്തിന് നിരന്തര ഭീഷണിയായിരുന്നെങ്കിലും സോളമന്റെ ജീവിതകാലത്ത് എത്രമാത്രം ദോഷം ചെയ്തു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല.

മേല്പറഞ്ഞ രണ്ടു പേരേക്കാളും കൂടുതൽ സാമ്രാജ്യത്തിനു ഭീഷണിയായിത്തീർന്ന ജെറൊബൊവാമിനെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത് (1 രാജാ 11,26-40). ഇസ്രയേൽ ഗോത്രങ്ങളിൽ നിന്ന് അടിമവേലയ്ക്ക് നിർബന്ധിതരായവരുടെ മുഴുവൻ മേൽനോട്ടം വഹിച്ചിരുന്ന ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ജെറൊബൊവാം. ദൈവകല്പനയനുസരിച്ച് അഹിയാ പ്രവാചകൻ അയാൾക്കു കീറി പങ്കുവച്ച മേലങ്കിയുടെ പ്രതീകത്തിലൂടെ ഇസ്രയേൽ ഗോത്രങ്ങളിൽ പത്തെണ്ണത്തിന്റെമേൽ രാജത്വം വാഗ്ദാനം ചെയ്തു. നാഥാൻ വഴി ദാവീദിനു ദൈവം നല്കിയ വാഗ്ദാനത്തെ അനുസ്മരിപ്പിക്കുന്നതാണ് ജെറൊബൊവാമിനു നല്കുന്ന വാഗ്ദാനം (1 രാജാ 11,38). വാഗ്ദാനത്തിന്റെ പൂർത്തീകരണം ജെറൊബൊവാമിന്റെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു. രഹസ്യത്തിൽ ലഭിച്ച ഈ വാഗ്ദാനത്തിനുശേഷം എപ്രകാരമാണ് അയാൾ രാജാവിനെതിരെ കരമുയർത്തിയത് (1 രാജാ 11,26) എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ഒരു പക്ഷെ ഈ സംഭവത്തെക്കുറിച്ച് അറിഞ്ഞ സോളമൻ കലാപത്തെ മുളയിൽത്തന്നെ നുള്ളിക്കളയാൻ വേണ്ടിയായിരിക്കാം അയാളെ കൊല്ലാൻ ശ്രമിച്ചത് (1 രാജാ 11,40). ഹദാദിനെപ്പോലെ ജെറൊബൊവാമും ഈജിപ്തിൽ അഭയം തേടി. സോളമന്റെ മരണത്തോടെ പൊട്ടിപ്പുറപ്പെട്ട

കലാപത്തിൽ ഇസ്രയേൽ സാമ്രാജ്യം തകർന്നപ്പോൾ അയാളെയാണ് വടക്കൻ ഗോത്രങ്ങൾ തങ്ങളുടെ രാജാവായി വാഴിച്ചത്.

അഹിയാ പ്രവാചകന്റെ വാക്കും പ്രവൃത്തിയും പ്രത്യേക ശ്രദ്ധ യർഹിക്കുന്നു. ദൈവവചനം ജനത്തെ അറിയിക്കാനായി അയയ്ക്ക പ്പെട്ടവരാണ് പ്രവാചകന്മാർ. വാക്കുകളും പ്രതീകാത്മക പ്രവർത്തന ങ്ങളും വഴി അവർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നു. മർദ്ദിത ജന ത്തിന്റെ നിലവിളികേട്ട ദൈവം മർദ്ദകഭരണത്തിന് അറുതി വരുത്താൻ വേണ്ടിയും പ്രവാചകന്മാരെ നിയോഗിക്കുന്നു. ഇപ്രകാരമുള്ള അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട പ്രവാചകന്മാരുടെ തുടക്കം അഹിയായിൽ കാണാം. ഏലിയായും എലിഷായും വഴി ഇതു തുടരും. അസംതൃപ്ത രായ ജനത്തിന്റെയും അവർക്കു മോചനം നല്കുന്ന ദൈവത്തിന്റെയും വക്താക്കളാണ് ഈ പ്രവാചകന്മാർ.

സോളമന്റെ രാജ്യം സുപ്രതിഷ്ഠിതമായി എന്ന പ്രസ്താവനയോടെ ആരംഭിച്ച (1 രാജാ 2,12) ചരിത്രം അയാളുടെ മരണത്തെക്കുറിച്ചു പ്രതി പാദിച്ചുകൊണ്ട് (1 രാജാ 11,41-43; 2 ദിന 9,29-31) സമാപിക്കുന്നു. പിതാ വായ ദാവീദിനെപ്പോലെ സോളമനും നാല്പതു വർഷം ഭരിച്ചു. ഇസ്ര യേൽ ജനത്തെ മഹത്ത്വത്തിന്റെ ഉച്ചകോടിയിലെത്തിച്ച അദ്ദേഹത്തിന്റെ മരണത്തോടെ ജനത്തിന്റെ തകർച്ചയും ആരംഭിക്കുകയായി.

**വിചിന്തനം:** ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും അസാധാ രണമായ കൃപകൾക്കും പാത്രീഭൂതനായ വ്യക്തിയാണ് സോളമൻ. ലോകം കണ്ട ഏറ്റവും വലിയ ജ്ഞാനിയായി ബൈബിൾ അദ്ദേഹത്തെ ചിത്രീകരിക്കുന്നു. എല്ലാ വിധത്തിലും അനുഗ്രഹീതനായിരുന്നു സോള മൻ. 'വായിൽ സ്വർണ്ണക്കരണ്ടിയുമായി' ജനിച്ചവൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാനാവും. ശക്തവും വിസ്തൃതവുമായ ഒരു സാമ്രാജ്യം പൈതൃകമായി ലഭിച്ചു. അതിനെ കൂടുതൽ ശക്തിപ്പെടുത്താനും ഇസ്രാ യേൽ ജനത്തെ മഹത്ത്വത്തിന്റെ ഉച്ചകോടിയിലെത്തിക്കാനും സോളമനു കഴിഞ്ഞു. ഈജിപ്തിനെയും അസീറിയായെയും പോലെ ലോക ജന തകൾക്കിടയിൽ തല ഉയർത്തിനില്ക്കാൻ പറ്റുന്ന ഒരു സാമ്രാജ്യമായി ഇസ്രയേൽ വളർന്നത് അദ്ദേഹത്തിന്റെ കാലത്താണ്. വെള്ളി വിലക്കെ ട്ടതും ദേവദാരു, അത്തിമരം പോലെ സുലഭവും ആകാൻമാത്രം രാജ്യം സമ്പദ്സമൃദ്ധമായി. കോട്ടകളും, സുശക്തവും സുസജ്ജവുമായ സൈന്യവും ദേശത്തിനു സംരക്ഷണം നല്കി. ജറുസലെം ദേവാലയ ത്തിന്റെ നിർമ്മാണത്തോടെ ജനത്തിന് മതപരമായ ഒരു കേന്ദ്രമുണ്ടാ യി. ദേവാലയത്തിന്റെ മനോഹാരിതയും ആരാധനാനുഷ്ഠാനങ്ങളുടെ



പ്രൗഢിയും ജനത്തിന് അന്തസും അഭിമാനവും സന്തോഷവും പ്രദാനം ചെയ്തു. രാജകൊട്ടാരങ്ങളും ഭരണ സംവിധാനങ്ങളും സുരക്ഷാ സന്നാ ഹങ്ങളും സോളമനും ഇസ്രയേൽ ജനത്തിനും അന്തർദ്ദേശീയ പ്രശസ്തി നേടിക്കൊടുത്തു. ഒരു കാലത്ത് ഒളിച്ചോടിയ അടിമകൾ ഒരു സാമ്രാജ്യ മായി വളർന്നു. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് എന്ന തിന്റെ വ്യക്തമായ തെളിവാണിതെല്ലാം.

രാജഭരണം വഴി ഇസ്രയേൽ ജനത്തിന് ഗണ്യമായ അനേകം നേട്ട ങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും അതുവഴി സംജാതമായ ദോഷ ഫലങ്ങളും കുറവായിരുന്നില്ല. സാമൂഹികവും സാമ്പത്തികവും മതപര വുമായ തലങ്ങളിൽ ഈ ദോഷഫലങ്ങൾ പ്രകടമായി. തുല്യമായ അവ കാശങ്ങളും മഹത്വവുമുള്ള പന്ത്രണ്ടു ഗോത്രങ്ങളുടെ ഒരു കൂട്ടായ്മയാ യിരുന്നു ദൈവജനമായ ഇസ്രായേൽ. ജനത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും ഗോത്രത്തലവന്മാർ കൂട്ടായ തീരുമാനം എടുത്തിരുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നിയമങ്ങളായിരുന്നു ജനജീവിതത്തെ നിയന്ത്രിച്ചിരുന്നത്. എന്നാൽ സോളമന്റെ ഭരണകാലത്ത് ഇതിനെല്ലാം മാറ്റം വന്നു.

പഴയ ഗോത്രങ്ങളുടെ സ്ഥാനത്ത് പുതിയ പ്രവിശ്യകൾ രൂപം കൊണ്ടു. ദൈവത്തിന്റെ പ്രത്യേക വിളി ലഭിച്ചു. കഴിവുള്ള കരിസ്മാ റ്റിക്ക് നേതൃത്വത്തിനു പകരം രാജകുടുംബത്തിന്റെ പിന്തുടർച്ച ഇസ്ര യേൽ നേതൃത്വത്തിന്റെ മാനദണ്ഡമായിത്തീർന്നു. അതുവഴി രാജാവിനു ജനത്തോടും ദൈവത്തോടും ഉത്തരവാദിത്വമില്ല എന്ന ഒരവസ്ഥ സംജാ തമായി. തങ്ങളെ ആര് എങ്ങിനെ ഭരിക്കണം എന്നു തീരുമാനിക്കാൻ ജനത്തിന് അവകാശമില്ലാതായി. "നേതാവ് ജനത്തിനു വേണ്ടി" എന്ന തിനേക്കാൾ "ജനം രാജാവിനു വേണ്ടി" എന്ന കാഴ്ചപ്പാട് രൂപംകൊണ്ടു ഇസ്രയേൽ സമൂഹത്തിന്റെ അടിത്തറ തകർക്കുന്നതായിരുന്നു ഈ പ്രവ ണത.

രാജഭരണം ജനത്തിനു താങ്ങാനാവാത്ത വലിയ ഭാരമായി ത്തീർന്നു. ഭരണകൂടത്തിന്റെ ഭാരിച്ച ചിലവുകൾ സാധാരണ ജനത്തിന്റെ ചുമലിലാണ് വന്നു വീണത്. കനത്ത നികുതിയും നിർബന്ധിത സൈന്യ സേവനവും അടിമവേലയും രാജഭരണം ജനത്തിനു നല്കിയ സമ്മാന ങ്ങളാണ്. ജനത്തിനിടയിൽത്തന്നെ ഉച്ചനീചത്വം ഉടലെടുത്തു. രാജാവും രാജസേവകന്മാരും സമൂഹത്തിലെ ഏറ്റം ഉന്നതന്മാരായിത്തീർന്നപ്പോൾ ബഹുഭൂരിഭാഗം ജനങ്ങളും അവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട അടി മകളുടെ നിലയിലേക്ക് അധഃപതിച്ചു.

സോളമന്റെ ഭരണകാലത്ത് ദേശം സമ്പൽസമൃദ്ധമായി. പക്ഷേ അതുവഴി ദേശത്തിന്റെ സമ്പദ്ഘടന പൂർണ്ണമായി മാറിമറിഞ്ഞു. മുഖ്യമായും കർഷകരുടെയും ഇടയന്മാരുടെയും ഒരു സമൂഹമായിരുന്നു. രാജഭരണത്തിനു മുമ്പുള്ള ഇസ്രയേൽ ജനം. സോളമന്റെ വ്യവസായ സംരംഭങ്ങളും അന്താരാഷ്ട്ര വാണിജ്യവും ജനജീവിതത്തിൽ കാതലായ വ്യതിയാനങ്ങൾ വരുത്തി. പുതുതായി പണിയപ്പെട്ട പട്ടാളത്താവളങ്ങളെയും വ്യവസായ സ്ഥാപനങ്ങളെയും ചുറ്റിപ്പറ്റി നഗരങ്ങൾ വളർന്നു. ഗ്രാമീണരിൽ പലരും കൃഷി ഉപേക്ഷിച്ച് ഈ നഗരങ്ങളിലേക്ക് ചേക്കേറി. നഗരവൽക്കരണം അതിന്റേതായ ഭവിഷ്യത്തുകൾക്കു വഴിതെളിച്ചു. കാർഷികോല്പന്നങ്ങൾ കയറ്റുമതിയുടെ ഒരു മുഖ്യഘടകമായതോടെ കൃഷിയുടെ ലക്ഷ്യങ്ങളിലും മാറ്റം വന്നു. സ്വന്തം ഉപജീവനത്തിനുവേണ്ടി എന്നതിനേക്കാൾ വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ വേണ്ടിയുള്ള കൃഷികൾക്ക് കൂടുതൽ പ്രാധാന്യം നല്കപ്പെട്ടു. പണവും ലാഭവും എല്ലാ മേഖലകളിലും മുഖ്യ ലക്ഷ്യമായിത്തീർന്നു. മാറി വന്ന സാഹചര്യത്തിൽ ചുരുക്കം ധനികരും ഒട്ടേറെ ദരിദ്രരും ഉണ്ടായി.

മത മേഖലയിലും കാതലായ വ്യതിയാനങ്ങൾ വന്നു. ദൈവിക സാന്നിധ്യം ജറുസലേമിലെ ദേവാലയത്തിൽ ഒതുങ്ങി നില്ക്കുന്നു എന്ന കാഴ്ചപ്പാട് വളർന്നു. തീർത്ഥാടനങ്ങളിലും ഉത്സവാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും മാത്രം പ്രകടമാകുന്ന ഒന്നായി മത ജീവിതം ചുരുങ്ങി അനുഷ്ഠാന പ്രധാനമായ ഈ മതാത്മകതയ്ക്ക് ജനജീവിതത്തിന്റെ മറ്റു മേഖലകളിൽ സ്വാധീനം ചെലുത്താനായില്ല. ഉടമ്പടിയുടെ പ്രമാണങ്ങൾ വിസ്മൃതിയിലാണ്ടു. തൽസ്ഥാനത്ത് പുതിയ രാജനിയമങ്ങൾ രൂപംകൊണ്ടു. അവയാകട്ടെ, സാമാന്യജനത്തിന് നീതിയും ന്യായവും നടത്തിക്കൊടുക്കാൻ പര്യാപ്തമായിരുന്നില്ല. കൊട്ടാര സമുച്ചയത്തിന്റെ ഭാഗമായ ദേവാലയത്തിൽ മാത്രം ദൈവം വസിക്കുന്നു എന്ന ചിന്ത മതത്തെ രാഷ്ട്രത്തിന്റെ ഒരു ചട്ടുകമാക്കിമാറ്റി. ജനത്തെ തലസ്ഥാന നഗരിയിലേക്ക് ആകർഷിക്കാനും ദാവീദിന്റെ രാജവംശത്തോട് വിശ്വസ്തരായി നിലനിർത്താനും ദേവാലയം സഹായിച്ചു. പുറപ്പാട് നയിച്ച ജീവിക്കുന്ന ദൈവമായ യാഹ്വേയും മനുഷ്യന്റെ സങ്കല്പ സൃഷ്ടികളായ ദേവന്മാരും തമ്മിൽ ജനമനസ്സിൽ വ്യത്യാസമില്ലാതായി. ദൈവാരാധന വിഗ്രഹാരാധനയായിത്തീർന്നു.

ഇസ്രയേൽ രാജാവ് ഇതര ജനതകളുടെ രാജാക്കന്മാരെ അനുകരിച്ച് അന്തഃപുരം വികസിപ്പിച്ചു. സമ്പത്തു വർദ്ധിപ്പിച്ചു. സാമുവേൽ മുൻകൂട്ടി അറിയിച്ച നിനകളെല്ലാം (1 സാമു 8,10-18) സോളമന്റെ കാലത്ത് ഒരു യാഥാർത്ഥ്യമായിത്തീർന്നു. തുടർന്നു വന്ന രാജാക്കന്മാരുടെ കാലത്ത് ഇത് കൂടുതൽ ഭീകരമായി. മറ്റ് ജനങ്ങൾക്കുള്ളതുപോലെ തങ്ങൾക്കുമൊരു രാജാവിനെ വേണമെന്നു ശഠിച്ചവർ രാജഭരണത്തിന്റെ ഭാരമറിഞ്ഞു. പക്ഷേ ആ ഭാരത്തിൽ നിന്ന് അവർക്കു മോചനമുണ്ടായിരുന്നില്ല. ഒരു രാജാവിനെ ഉപേക്ഷിച്ചവർ വേറൊരു രാജാവിന്റെ നുകം ചുമലിലേറ്റി. രാജഭരണത്തിനു പൂർണ്ണ വിരാമമിട്ട ബാബിലോൺ പ്രവാസം വരെ ഈ അവസ്ഥ തുടർന്നു. രാജാക്കന്മാരുടെ പരാജയങ്ങൾ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾക്ക് ആക്കം കൂട്ടുന്നു. ദൈവം രാജാവായി അംഗീകരിക്കപ്പെടുന്ന കാലത്തു മാത്രമേ സത്യവും നീതിയും യാഥാർത്ഥ്യമാവൂ. മനുഷ്യരെ രക്ഷകരായിക്കണ്ട് തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അടിയറവയ്ക്കുന്നവർക്ക് അടിമത്തമായിരിക്കും പ്രതിഫലമായി ലഭിക്കുക.

### ചോദ്യങ്ങൾ

1. സോളമന്റെ നേട്ടങ്ങൾ ചുരുക്കി വിവരിക്കുക.
2. സൈനിക സംവിധാനത്തിലും അന്താരാഷ്ട്ര വാണിജ്യത്തിലും സോളമൻ നടപ്പിലാക്കിയ നവീകരണങ്ങൾ ഏവ?
3. ഓഫീർ, താർഷീഷ് എന്നീ പേരികൾ എന്തിനെ സൂചിപ്പിക്കുന്നു?
4. എന്താണ് സോളമന്റെ പരാജയങ്ങൾക്കു മുഖ്യ കാരണം? ഏതെല്ലാം മേഖലകളിലാണ് സോളമന്റെ പരാജയം പ്രകടമായത്?
5. "ദൈവം സോളമന് എതിരാളികളെ ഉയർത്തി" എന്ന പ്രസ്താവന വിശകലനം ചെയ്യുക. ആരായിരുന്നു ആ എതിരാളികൾ? എന്തായിരുന്നു അവരുടെ എതിർപ്പിന്റെ കാരണം?
6. സോളമന്റെ ജീവിതത്തിൽ നിന്ന് എന്ത് പ്രായോഗിക പാഠങ്ങളാണ് നിങ്ങൾക്കു ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** സോളമന്റെ ഭരണ വാണിജ്യ സംവിധാനങ്ങളെ ആധുനിക സാമ്രാജ്യ ശക്തികളുടെയും ബഹുരാഷ്ട്ര കുത്തകകളുടെയും പ്രവർത്തന ശൈലികളുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** 49-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# ഭാഗം രണ്ട്

# വിഭക്ത രാജ്യം

### 1 രാജാ 12–2 രാജാ 17;2 ദിന 10–28

സോളമന്റെ മരണം മുതൽ (ബി.സി 931) സമറിയായുടെ പതനം വരെ (ബി.സി. 721) യുള്ള രണ്ടു നൂറ്റാണ്ടു കാലത്തെ ചരിത്രമാണ് ഈ ഭാഗത്തു വിവരിക്കുന്നത്. സോളമനു ശേഷം രാജാവായ മകൻ റെഹോബാവാമിന്റെ മർക്കമുഷ്ടിയും ഭോഷത്തവും രാജ്യത്തിന്റെ വിഭജനത്തിനു കാരണമായി. യൂദാ, ഇസ്രായേൽ എന്ന പേരിൽ രണ്ടു രാജ്യങ്ങൾ നിലവിൽ വന്നു. ഈ രണ്ടു രാജ്യങ്ങളുടെ ചരിത്രം സമാന്തരമായി രാജാക്കന്മാരുടെ പുസ്തകങ്ങളിൽ വിവരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥം ഇസ്രായേൽ രാജ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും മുഖ്യമായും യൂദായുടെ ചരിത്രമാണ് അവതരിപ്പിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകങ്ങളിൽ രാജാക്കന്മാരായ ചരിത്രം അവതരിപ്പിക്കുന്നതൊടൊപ്പം പ്രവാചകന്മാരുടെ പ്രവർത്തനങ്ങൾക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. വിവരണത്തിൽ പകുതിയോളം ഏലിയാ, എലീഷാ എന്നീ രണ്ടു വലിയ പ്രവാചകന്മാരുമായി ബന്ധപ്പെട്ടതാണ്. അതിനു പുറമെ മറ്റു പല പ്രവാചകന്മാരെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ആമോസ്, ഹോസിയാ, മിക്കാ, ഏശയ്യാ എന്നീ നാലു പ്രവാചകന്മാർ പഠനവിഷയമായ കാലഘട്ടത്തിന്റെ അവസാന ഭാഗത്താണ് (ബി. സി. 750–700) പ്രവർത്തിച്ചിരുന്നത്. പ്രവചനങ്ങളും അവയുടെ പൂർത്തീകരണവും രാജാക്കന്മാരുടെ പുസ്തകത്തിലെ ഒരു മുഖ്യ വിഷയമാണ്. ദിനവൃത്താന്ത ഗ്രന്ഥത്തിലും പ്രവാചക വചനത്തിനു പ്രാധാന്യം നല്കിയിട്ടുണ്ട്. രാജാക്കന്മാരുടെ പുസ്തകങ്ങളിലെ ചുരുക്കമായേ നല്കുന്നുള്ളൂ. ദിവൃത്താന്ത ഗ്രന്ഥത്തിലാകട്ടെ, കൂടുതൽ ദീർഘമായ വിവരണങ്ങളും ദൈവശാസ്ത്രപരമായ വിശദീകരണങ്ങളും നല്കിയിരിക്കുന്നു.

രാജാക്കന്മാരുടെ പുസ്തകത്തിൽ എല്ലാ രാജാക്കന്മാരെയും ക്കുറിച്ചുള്ള വിവരണം ഒരേ നിശ്ചിത ഘടന അനുസരിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജാവിന്റെ സ്ഥാനോരോഹണം, രാജവാഴ്ചയുടെ ദൈർഘ്യം, രാജമാതാവിന്റെ പേര്, രാജാവിന്റെ ചെയ്തികളെക്കുറിച്ചുള്ള വിലയിരുത്തൽ, കൂടുതൽ വിവരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന രേഖകൾ, രാജാവിന്റെ മരണം, പിൻഗാമി എന്നീ വിവരങ്ങൾ എല്ലാ രാജാക്കന്മാരെയുംക്കുറിച്ചുള്ള വിവരണങ്ങളിൽ ദൃശ്യമാണ്. യൂദാ രാജാക്കന്മാരുടെ സ്ഥാനാരോഹണത്തെക്കുറിച്ചു പറയുമ്പോൾ ഇസ്രായേലിലെ



ഏതു രാജാവിന്റെ എത്രാം ഭരണ വർഷത്തിലാണ് അതു സംഭവിച്ചതെന്നും ഇസ്രായേൽ രാജാക്കന്മാരുടെ സ്ഥാനാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ യൂദായിലെ ഏതു രാജാവിന്റെ എത്രാം ഭരണ വർഷമാണ് അതു നടന്നത് എന്നും എടുത്തുപറയുന്നുണ്ട്. അങ്ങനെ ഇരു രാജ്യങ്ങളുടെയും ചരിത്രം പരസ്പരം ബന്ധപ്പെടുത്തിയും സമാന്തരമായും അവതരിപ്പിക്കുന്നു.

രാജാക്കന്മാരുടെ ചെയ്തികളെ വിലയിരുത്തുമ്പോൾ യൂദാ രാജാക്കന്മാരെ ദാവീദിനോടും ഇസ്രായേൽ രാജാക്കന്മാരെ ജെറോബൊവാമിനോടും താരതമ്യം ചെയ്യുന്നു. ആദ്യത്തേത് വിശ്വസ്തതയുടെയും രണ്ടാമത്തേത് അവിശ്വസ്തതയുടെയും മാതൃകയായി പരിഗണിക്കപ്പെടുന്നു. യൂദായിലെ ചില രാജാക്കന്മാർ നിരുപാധികമായി പ്രശംസിക്കപ്പെടുന്നുണ്ട്. ഇസ്രായേലിലെ ഒറ്റ രാജാവിനുപോലും പ്രശംസ നല്കുന്നില്ല. അവരെല്ലാം ജെറൊബൊവാമിന്റെ വഴിയിലൂടെ ചരിച്ചു എന്ന നിഷേധാത്മകമായ വിധിക്ക് ഇരയാകുന്നു. ഓരോ രാജവും കർത്താവായ ദൈവത്തോടും അവിടുത്തെ ഉടമ്പടിയോടും എപ്രകാരം വിശ്വസ്തത പുലർത്തി എന്ന ഏക മാനദണ്ഡമാണ് വിലയിരുത്തലിന് മാർഗ്ഗ ദർശകമായി ഉപയോഗിക്കുന്നത്. അവരുടെ മറ്റു നേട്ടങ്ങൾക്കൊന്നും യാതൊരു പ്രസക്തിയും നല്കുന്നില്ല.

സോളമന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ഇസ്രായേൽ ജനം പടിപടിയായി തളർന്നു തകർന്ന് നാശത്തിന്റെ പടുകുഴിയിൽ എത്തിയതിന്റെ ചിത്രീകരണമാണ് ഈ ചരിത്രാഖ്യാനം. ജനത്തിനുണ്ടായ പരാജയങ്ങളുടെയെല്ലാം കാരണം കർത്താവിനോടു വിശ്വസ്തത പാലിക്കാതിരുന്നതാണെന്ന് ഈ വിവരണത്തിലൂടെ സമർത്ഥിക്കുന്നു. പ്രവാസികളായി കഴിയുന്ന ഇസ്രായേൽ ജനത്തിന് തങ്ങളുടെ അവസ്ഥയെക്കുറിച്ചും അതിനുണ്ടായ കാരണങ്ങളെക്കുറിച്ചും ബോധവാന്മരാകാനും പൂർണ്ണ ഹൃദയത്തോടെ അനുതപിച്ച് കർത്താവിലേക്കു തിരിയാനും ഈ ചരിത്രാവലോകനം സഹായകമാകുന്നു. സമറിയായുടെ പതനത്തെക്കുറിച്ച് നല്കുന്ന വിശദീകരണത്തിൽ നിന്ന് (2 രാജാ 17) ഈ ലക്ഷ്യം വ്യക്തമാകുന്നു. ബാബിലോൺ പ്രവാസികൾക്കു മാത്രമല്ല, സകല മനുഷ്യർക്കും പ്രസക്തമാണ് ചരിത്രം നല്കുന്ന ഈ പാഠം.

പഠന സൗകര്യാർത്ഥം ഈ അധ്യായങ്ങളെ നാലു ഭാഗങ്ങളായി തിരിക്കാം. **1. വിഭജനം മുതൽ ആഹാബുവരെ 2. ഏലിയാപ്രവാചകൻ 3. ഏലീഷായും ശിഷ്യഗണവും 4. ഇസ്രായേൽ നാശത്തിലേക്ക്.**

# വിഭജനം മുതൽ ആഹാബുവരെ

## 1 രാജാ 12-16; 2 ദിന 11-16

ഇസ്രായേൽ ജനം പിളർന്ന് രണ്ടു രാജ്യങ്ങളായി തീർന്നതു മുതൽ ഏലിയാ പ്രവാചകന്റെ രംഗപ്രവേശം വരെയുള്ള ഏകദേശം അരനൂറ്റാണ്ടുകാലത്തെ ചരിത്രമാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്. ദേശം വിഭജിക്കാനുണ്ടായ കാരണം വിശദമായി ചിത്രീകരിച്ചതിനുശേഷം ഇരുരാജ്യങ്ങളുടെയും ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ തെക്കൻ രാജ്യമായ യൂദായിൽ മൂന്നും വടക്കൻ രാജ്യമായ ഇസ്രായേലിൽ ഏഴും രാജാക്കന്മാർ ഭരണം നടത്തി. ഇരുരാജ്യങ്ങളും തമ്മിൽ അതിർത്തിപ്രദേശത്ത് നിരന്തരം യുദ്ധം നടത്തി. ദേശത്തിന്റെ വിഭജനവും ഇരുരാജ്യങ്ങളും തമ്മിൽ നടന്ന യുദ്ധങ്ങളും ഇരുരാജ്യാങ്ങളെയും വളരെ ദുർബ്ബലമാക്കി. ദാവീദിന്റെയും സോളമന്റെയും കാലത്ത് കപ്പം നല്കിയിരുന്ന സാമന്തരാജ്യങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ദേശത്തെ ആഭ്യന്തര കലാപങ്ങൾ സമ്പൽ സമൃദ്ധി ഒരു പഴങ്കഥയായി ത്തീർന്നു. ഇസ്രായേൽ ജനത്തിന്റെ ആഭ്യന്തര ദൗർബ്ബല്യം അയൽരാജ്യങ്ങളുടെ കടന്നാക്രമണത്തിനു വഴിതെളിച്ചു. സാവകാശം തകരുന്ന ഒരു ജനതയുടെ ചിത്രമാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്.

ഇസ്രായേലിനെ അപേക്ഷിച്ച് യൂദാ ചെറുതും ദുർബ്ബലവുമായിരുന്നെങ്കിലും ഭരണകാര്യത്തിൽ സ്ഥിരതയുണ്ടായിരുന്നു. ദാവീദിന്റെ രാജവംശം ഭരണം തുടർന്നു. എന്നാൽ ഇസ്രായേലിൽ ഒന്നിനു പിറകെ ഒന്നായി കലാപങ്ങൾ അരങ്ങേറി. മൂന്നു രാജാക്കന്മാർ ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടു. കലാപങ്ങൾക്ക് അറുതി വരുത്തി രാജ്യത്ത് സമാധാനം സ്ഥാപിച്ചത് മൂന്നാമത്തെ രാജകുടുംബത്തിന്റെ സ്ഥാപകനായ ഓമ്രിയാണ്. അദ്ദേഹത്തിന്റെ പുത്രനായ ആഹാബിന്റെ ഭരണകാലത്താണ് ഏലിയാ പ്രവാചകൻ രംഗപ്രവേശം ചെയ്യുന്നത്.

രാജാക്കന്മാരുടെ പുസ്തകത്തിൽ വിശദമായി ചിത്രീകരിക്കുന്ന രണ്ടു പ്രവാചകന്മാരാണ് ഏലിയായും എലീഷായും. എന്നാൽ അവരുടെ രംഗപ്രവേശത്തിനു മുമ്പുതന്നെ അനേകം പ്രവാചകന്മാർ ഇരു രാജ്യങ്ങളിലും പ്രവർത്തിച്ചിരുന്നു. പഠനവിഷയമായ ഭാഗത്ത് ഏഴു പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈ പ്രാചകന്മാരുടെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും അവതരിപ്പിക്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ ഇസ്രായേൽ ചരിത്രത്തിന് ദൈവശാസ്ത്രപരമായ ഒരു വ്യാഖ്യാനം



നല്കുന്നു.

### a. രാജ്യം പിളരുന്നു 1 രാജാ 12,1-24; 2 ദിന 10,1-11,4

വളരെ ദുർബ്ബലമായ അടിത്തറയിന്മേലാണ് ഇസ്രായേൽ സാമ്രാജ്യം പടുത്തുയർത്തപ്പെട്ടത്. വടക്കൻ ഗോത്രങ്ങളും യൂദായും തമ്മിലുണ്ടായ ഐക്യം പൂർണ്ണമായിരുന്നുല്ല. ദാവീദിന്റെ ശക്തമായ നേതൃത്വവും സോളമന്റെ നയതന്ത്രവും ആയുധശക്തിയുമാണ് അവരെ ഒരു സാമ്രാജ്യമായി പിടിച്ചുനിർത്തിയത്. ദാവീദിന്റെ കാലത്തുതന്നെ വടക്കൻ ഗോത്രങ്ങളിൽ അസംതൃപ്തിയും വിഭാഗീയ ചിന്തകളും തലപൊക്കിയിരുന്നു (2 സാമു20,1). സോളമന്റെ അവസാന കാലമായപ്പോഴേക്കും അന്തഃഛിദ്രത്തിന്റെ വ്യക്തമായ അടയാളങ്ങൾ കണ്ടുതുടങ്ങി. ദാവീദിന്റെ നേതൃത്വവാസനയോ സോളമന്റെ ബുദ്ധിവൈഭവമോ ഇല്ലാതിരുന്ന റെഹൊബൊവാമിന്റെ ഭോഷത്വവും ധിക്കാരപരമായ പെരുമാറ്റവും വലിയൊരു കലാപത്തിലേക്കു നയിച്ചു. കനത്ത കരത്താൽ അടിച്ചൊതുക്കി വച്ചിരുന്ന ജനവികാരം പൊട്ടിത്തെറിച്ചു. ആ വിസ്ഫോടനത്തിൽ ഇസ്രായേൽ സാമ്രാജ്യം തകർന്നുവീണു.

സാമ്രാജ്യം പിളർന്നതിന്റെ ചരിത്രം രണ്ടു പുസ്തകങ്ങളിലും കാര്യമായ വ്യത്യാസമൊന്നും കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നു. സോളമന്റെ മരണത്തെത്തുടർന്ന് മകൻ റെഹൊബൊവാം ജറുസലെമിൽ ഭരണമേറ്റു. 'ജനം വളരട്ടെ' എന്നാണ് പേരിന്റെ അർത്ഥം. സ്ഥാനാരോഹണ സമയത്തു രാജാവു സ്വീകിരിച്ച പേരാണിത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. രാജവംശത്തിന്റെ പിന്തുടർച്ച അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമായി ഇവിടെ ചിത്രീകരിക്കുന്നു. സോളമന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ടുണ്ടായതുപോലുള്ള ഉപജാപങ്ങളോ സംഘർഷങ്ങളോ ഇവിടെ ഇല്ല. സോളമന്റെ മറ്റു മക്കളെക്കുറിച്ച് ഒരു പരാമർശവുമില്ല. അമ്മോന്യ സ്ത്രീയായ നാമാ ആയിരുന്നു റെഹൊബൊവാമിന്റെ മാതാവ് (1 രാജാ 14,21). ഫറവോയുടെ മകളായിരുന്നു സോളമന്റെ ഇഷ്ടഭാര്യയെങ്കിലും പിൻതുടർച്ചാവകാശത്തിന്റെ കാര്യത്തിൽ അവളെയൊ മക്കളെയൊക്കുറിച്ച് സൂചിപ്പിക്കുന്നതുപോലുമില്ല.

ജറുസലെമിൽ ഭരണമാരംഭിച്ച റെഹൊബൊവാമിനെ യൂദാഗോത്രം മാത്രമേ അംഗീകരിച്ചുള്ളു എന്നും ഇതര ഗോത്രങ്ങളുടെ അംഗീകാരവും പിന്തുണയും അയാൾക്കു ലഭിക്കേണ്ടിയിരുന്നു എന്നുമുള്ള സൂചനയാണ് ഷെക്കെമിലെ സമ്മേളനത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്നു (1 രാജാ 12,1) ലഭിക്കുക. തന്റെ രാജത്വം അംഗീകരിച്ചു കിട്ടാൻ വേണ്ടി റെഹൊബൊവാം ജറുസലെമിൽ നിന്ന് ഏകദേശം 65 കിലോമീറ്റർ വടക്കുള്ള

ഷെക്കെമിലേക്കു ചെന്നു. എന്നാൽ അയാൾ പ്രതീക്ഷിച്ചത് എളുപ്പമായിരുന്നില്ല കാര്യങ്ങൾ.

സോളമനെ ഭയന്ന് ഈജിപ്തിലേക്ക് ഒളിച്ചോടിയ ജെറൊബൊവാം തിരിച്ചെത്തിയത് സമ്മേളനത്തിന്റെ സ്വഭാവത്തെ കൂടുതൽ ഭീഷണമാക്കി (1 രാജാ 12,2). റെഹൊബൊവാമിനെ രാജാവായി അംഗീകരിക്കാൻ സമ്മേളനം തയ്യാറായിരുന്നു. എന്നാൽ അതിനായി അവർ ചില നിബന്ധനകൾ മുന്നോട്ടു വച്ചു (1 രാജാ 12,3-4). വേലയുടെ കാഠിന്യവും നികുതി ഭാരവും കുറച്ചുകിട്ടണം എന്നതായിരുന്നു അവരുടെ ആവശ്യം. ഇതിനു സമ്മതിച്ചാൽ തങ്ങൾ രാജാവിനെ സേവിക്കാം എന്ന് അവർ വാഗ്ദാനം ചെയ്തു. അവരുടെ ആവശ്യങ്ങൾ തികച്ചും നീതിയുക്തമാണെന്നും അത് അംഗീകരിച്ചു കൊടുക്കണം എന്നും പരിചയസമ്പന്നരും പക്വമതികളുമായ ഉപദേഷ്ടാക്കൾ പറഞ്ഞെങ്കിലും ജനത്തെ കനത്ത കരത്താൽ അടിച്ചമർത്താനും അടക്കി ഭരിക്കാനും ഉപദേശിച്ച യുവാക്കളുടെ നിർദ്ദേശമാണ് റെഹൊബൊവാമിന് സ്വീകാര്യമായി തോന്നിയത് ( 1 രാജാ 12,6-11). 'സേവിക്കുക', 'ദാസന്മാരായിരിക്കുക' എന്ന പദങ്ങൾ ഈ സംഭാഷണത്തിൽ പല തവണ ഉപയോഗിക്കുന്നതു ശ്രദ്ധേയമത്രെ. ജനം രാജാവിനെ സേവിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. താൻ ജനസേവകനാണെന്ന സത്യം പ്രായമായ ഉപദേഷ്ടാക്കൾ രാജാവിനെ അനുസ്മരിപ്പിച്ചു. ജനത്തെ സേവിക്കാൻ തയ്യാറാകുന്ന രാജാവിനെ ജനവും സേവിക്കും എന്ന് അവർ ഉറപ്പുകൊടുത്തു. എന്നാൽ സേവനത്തിന്റെ ഭാഷ യുവരാജാവിനു സ്വീകാര്യമായില്ല.

മൂന്നാം ദിവസം മടങ്ങി വന്ന ജനത്തിനു രാജാവു നല്കിയ മറുപടി വിവേക രഹിതവും ധിക്കാരപൂർണ്ണവുമായിരുന്നു (1 രാജാ 12,12-14). ആരംഭത്തിലെ വിട്ടുവീഴ്ചയ്ക്കു തയ്യാറായാൽ അതു ബലഹീനതയായി ജനം തെറ്റിദ്ധരിക്കുമെന്നും തന്റെ അധികാരം നഷ്ടപ്പെട്ടേക്കുമെന്നും അയാൾ ഭയന്നു. അതിനാൽ ഭാരം ലഘൂകരിക്കുന്നതിനു പകരം വർദ്ധിപ്പിക്കും എന്ന ഭീഷണിയാണ് രാജാവു നല്കിയത്. 'എന്റെ പിതാവു നിങ്ങളെ ചാട്ടകൊണ്ടടിച്ചു. ഞാൻ നിങ്ങളെ മുൾച്ചാട്ടകൊണ്ടടിക്കും' എന്ന ഭീഷണിയിൽ സോളമന്റെ കാലത്ത് ജനജീവിതം എത്ര ദുഃസഹമായിരുന്നു എന്ന സൂചനയുണ്ട്. ജനം മോലാളന്മാരുടെ ചാട്ടവാറടിയേറ്റ് വേല ചെയ്യുന്ന അടിമകളായിത്തീർന്നു. ഈജിപ്തിലെ അടിമത്തത്തിനു തുല്യമായിരുന്നു അവരുടെ അവസ്ഥ. "മുൾച്ചാട്ട" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന്റെ അർത്ഥം "തേൾ" എന്നാണ്. ചൂണ്ടപോലുള്ള കൊളുത്തുകൾ കെട്ടിയ ചാട്ടയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഓരോ അടിയിലും തൊലിയും മാംസവും പറിച്ചെടുക്കുന്ന ചാട്ട. പരിധികളില്ലാത്ത അധികാരത്തിന്റെയും ധിക്കാരത്തിന്റെയും സ്വരമായിരുന്നു രാജാവിന്റേത്.



സംഭാഷണം അവിടെ അവസാനിച്ചു. അടികൊള്ളാനായി തങ്ങളുടെ മുതുക് കുനിച്ചു കൊടുക്കാൻ ജനം തയ്യാറായില്ല. വർഷങ്ങൾക്കു മുൻപ് ഷേബാ ഉയർത്തിയ കലാപത്തിന്റെ മുദ്രാവാക്യം (2 സാമു 20,1) അവർ ആവർത്തിച്ചു (1 രാജാ 12,16). യൂദാ ഒഴികെ മറ്റു ഗോത്രങ്ങളെല്ലാം ദാവീദിന്റെ രാജവംശത്തെ തള്ളിപ്പറഞ്ഞു. രാജാവു ചുമത്തിയ ഭാരിച്ച നുകം വലിച്ചെറിഞ്ഞു. വടക്കൻ ഗോത്രങ്ങളെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായി രാജാവ് അടിമവേലയുടെ മേലുദ്യോഗസ്ഥനായ അദോറാമിനെ അയച്ചെങ്കിലും അവർ അയാളെ കല്ലെറിഞ്ഞു കൊല്ലുകയാണു ചെയ്തത്. തന്റെ ജീവൻ അപകടത്തിലാണെന്നു മനസിലാക്കിയ റെഹൊബൊവാം രഥത്തിൽ കയറി രക്ഷപ്പെട്ടു (1 രാജാ 12,17-18).

ദാവീദിന്റെ ഭവനത്തെ തള്ളിപ്പറഞ്ഞെങ്കിലും വടക്കൻ ഗോത്രങ്ങൾ മറ്റൊരു നുകം എടുത്തു ചുമലിൽ വച്ചു. ജെറൊബൊവാമിനെ തങ്ങളുടെ രാജാവായി വാഴിച്ചു (1 രാജാ 12,20). എപ്പോഴാണ് അയാൾ ഈജിപ്തിൽ നിന്നു തിരിച്ചെത്തിയത് എന്ന കാര്യത്തിൽ ഈ വിവരണത്തിൽ ത്തന്നെ അവ്യക്തതയുണ്ട്. അയാളുടെ നേതൃത്വത്തിലാണ് ഷെക്കെമിൽ വച്ചു ജനം തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ചത് എന്ന് 12,3ൽ പറയുന്നു. എന്നാൽ കലാപത്തിനുശേഷമാണ് അയാളെ ഈജിപ്തിൽ നിന്നു വരുത്തിയത് എന്നു 12,20ൽ കാണുന്നു. ഇതിൽ ആദ്യത്തെ അഭിപ്രായമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ജറുസലെമിൽ മടങ്ങിയെത്തിയ റെഹൊബൊവാം കലാപകാരികളെ അടിച്ചമർത്താനായി യൂദാ ഗോത്രത്തിൽ നിന്നു സൈന്യത്തെ ശേഖരിച്ചു. എന്നാൽ കർത്താവയച്ച ഷെമായാ പ്രവാചകന്റെ അവസരോചിതമായ ഇടപെടൽ മൂലം ആഭ്യന്തരയുദ്ധം ഒഴിവായി. റെഹൊബൊവാം ശേഖരിച്ച് എന്ന് പറയുന്ന സൈന്യത്തിന്റെ സംഖ്യയിൽ (1 രാജാ 12,21) അതിശയോക്തിയുണ്ട്. വിഭജനത്തിനുശേഷം ബെഞ്ചമിൻ ഗോത്രത്തിന്റെ പ്രദേശം. ജറുസലേം നഗരം ബെഞ്ചമിൻ ഗോത്രത്തിന്റെ തെക്കെ അതിർത്തിയിലായിരുന്നു. തലസ്ഥാനത്തിന്റെ അതിർത്തിയിൽ ശത്രുസാന്നിധ്യം ഒരു തരത്തിലും യൂദാക്കും സ്വീകാര്യമായിരുന്നില്ല. അതിനാൽ പ്രീണനത്താലോ ബലപ്രയോഗത്താലോ ബെഞ്ചമിൻ ഗോത്രത്തെ യൂദാ തന്റെ പക്ഷത്താക്കി എന്നു വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഇനി അങ്ങോട്ടുള്ള ചരിത്രത്തിൽ യൂദായും ബെഞ്ചമിനും ചേർന്ന തെക്കൻ രാജ്യം "യൂദാ" എന്നു മറ്റു വടക്കൻ ഗോത്രങ്ങൾ "ഇസ്രായേൽ" എന്ന

റിയപ്പെടുന്നു. യൂദായുടെ തെക്കുണ്ടായിരുന്ന ശിമയോൻ ഗോത്രം ഇതിനു മുൻപു തന്നെ യൂദായിൽ ജയിച്ച് അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു.

ഈ കാര്യങ്ങളെല്ലാം ദൈവം മുൻകൂട്ടി അറിയിച്ചതിൽ പ്രകാരമാണ് സംഭവിച്ചത് എന്ന് എടുത്തു പറയുന്നുണ്ട് (1 രാജാ 12,15.24;2 ദിന 11,14). സോളമൻ കർത്താവിന്റെ ഉടമ്പടി ലംഘിച്ച് അന്യദേവന്മാരെ ആരാധിക്കുകയും ജനത്തെ കഠിനമായി പീഢിപ്പിക്കുകയും ചെയ്തതിനാൽ രാജ്യം പിളരാൻ കർത്താവ് തന്നെ അനുവദിച്ചു. അവിടുത്തെ വാഗ്ദാനങ്ങളും സംരക്ഷണങ്ങളും നിരുപാധികമല്ല. ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും സ്വീകിരിച്ച് മനസ് തിരിയുന്നില്ലെങ്കിൽ മുൻകൂട്ടി അറിയിച്ച ശിക്ഷ നടപ്പിലാക്കുക തന്നെ ചെയ്യുംമെന്ന് ഈ വിശദീകരണത്തിലൂടെ വി.ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

വിചിന്തനം: ജനത്തിന്റെ മുതുകിലാണ് തങ്ങളുടെ സിംഹാസനം ഉറപ്പിച്ചിരിക്കുന്നത് എന്ന് അധികാരികൾ ഓർക്കണം .അവർ എണീറ്റ് നിന്നാൽ സിംഹാസനങ്ങൾ തകിടം മറിയും. തങ്ങളുടെ അവകാശങ്ങളെയും കഴിവുകളെയുംക്കുറിച്ച് ജനം ബോദ്ധ്യം നേടുമ്പോൾ അനാവശ്യമായ ചുമടുകൾ അവർ താഴെ ഇറക്കി വയ്ക്കും. അധികാരത്തിന്റെ എല്ലാ മേഖലകളിലും ഇത് പ്രസക്തമാണ്. അതിനാൽ ജനത്തെ അജ്ഞതയിൽ തളച്ചിടാൻ അധികാരികൾ ശ്രമിച്ചുകൊണ്ടെയിരിക്കും. റെഹൊബൊവാമു ഈജിപ്തിലെ ഫറവോയും ഇപ്രകാരമുള്ള അധികാര വർഗ്ഗത്തിന്റെ മാതൃകകളാണ്.

തന്റെ പിതാവിന്റെ പക്വമതികളായ ഉപദേഷ്ടാക്കൾ നൽകിയ ഉപദേശം റെഹൊബൊവാം ചെവി കൊണ്ടില്ല. രാജകൊട്ടാരത്തിന്റെ സുഖലോലുപതയിൽ വളർന്ന അയാൾക്ക് ജനത്തിന്റെ ക്ലേശങ്ങൾ അറിയില്ലായിരുന്നു. ജനരോഷത്തിന്റെ ശക്തി ഊഹിക്കാൻ കഴിയില്ല. പിതാവ് നേടിവച്ച സ്വത്തും, സൈന്യവും തനിക്ക് സംരക്ഷണം നൽകും എന്ന് അയാൾ കരുതി. സ്തുതിപാഠകരായ ഉപദേഷ്ടാക്കൾ അയാളുടെ മിഥ്യാധാരണകളെ ഊട്ടിയുറപ്പിച്ചു. ജനസമ്പർക്കവും യാഥാർത്ഥ്യബോധവും നഷ്ടപ്പെടുന്ന അധികാരികൾ തങ്ങളുടെയും ജനത്തിന്റെയും നാശത്തിന് കാരണമാകുന്നതിന്റെ ഉദാഹരണമാണിത്. രാഷ്ട്രത്തിലും സഭയിലും ഇത്തരം അനുഭവങ്ങൾ ഇന്നും വിരളമല്ലല്ലോ.

യേശുവിന്റെ സഭയിലുണ്ടായ അനേകം പിളർപ്പുകൾ അധികാരികളുടെ തെറ്റായ നയങ്ങളുടയും വിവേകശൂന്യവും ധിക്കാരപരവുമായ തീരുമാനങ്ങളുടെ ഫലമാണെന്ന് ചരിത്രം വിളിച്ചറിയിക്കുന്നു. ഇന്നും ജനസ്വരത്തിനും കാതോർക്കാത്ത അധികാരികൾ സഭയ്ക്ക് യാതൊരു



നന്മയും ചെയ്യുന്നില്ല എന്നു മാത്രമല്ല., ലോകത്തിനു മുമ്പിൽ എതിർസാക്ഷ്യത്തിനു കാരണമാവുകയും ചെയ്യുന്നു.

### b. ജെറൊബൊവാം 1 രാജാ 12,25-14,20

ദാവീദു വംശത്തെ തിരസ്കരിച്ച വടക്കൻ ഗോത്രങ്ങൾ രാജഭരണത്തെ മുഴുവനായി തിരസ്കരിക്കുകയായിരുന്നില്ല ചെയ്തത്. കുറച്ചു കൂടി നീതിപൂർവ്വകമായി തങ്ങളെ ഭരിക്കും എന്ന് അവർ പ്രതീക്ഷിച്ച ഒരാളെ തങ്ങൾക്കു രാജാവായി നിശ്ചയിച്ചു. സോളമന്റെ കാലത്ത് അടിമകളുടെ മേൽനോട്ടം വഹിച്ചിരുന്ന ജെറൊബൊവാമിന് രാജഭരണത്തിന്റെ ക്രൂരതയും അടിമകളുടെ ദയനീയാവസ്ഥയും വ്യക്തമായി അറിയാമായിരുന്നു. തന്നെയുമല്ല, ദൈവ നിശ്ചയപ്രകാരം പ്രവാചകൻ അഭിഷേകം ചെയ്യുകയും രാജകോപം ഭയന്ന് ഒളിച്ചോടുകയും ചെയ്ത വ്യക്തിയാണ് ജെറൊബൊവാം. തങ്ങളെ ഭരിക്കാൻ എല്ലാവിധത്തിലും യോഗ്യനാണ് ജെറൊബൊവാം. തങ്ങളെ ഭരിക്കാൻ എല്ലാ വിധത്തിലും യോഗ്യനാണ് അയാൾ എന്ന് വടക്കൻ ഗോത്രങ്ങൾ തീരുമാനിച്ചു. "ജനം വളരട്ടെ" എന്നാണ് ഈ പേരിന്റെയും അർത്ഥം.

തിരഞ്ഞെടുപ്പ്, അഭിഷേകം, ജനങ്ങളുടെ ഭാഗത്തു നിന്ന് അയാൾക്കു ലഭിച്ച അംഗീകാരം, പിന്നീടുണ്ടായ തിരസ്കരണം എന്നിവയിൽ ജെറൊബൊവാമിന് സാവൂളുമായി സാമ്യമുണ്ട്. സാവൂളിനെ രഹസ്യത്തിൽ അഭിഷേകം ചെയ്ത സാമുവേൽ തന്നെ പിന്നീട് അവിശ്വസ്തതയുടെ പേരിൽ അയാളെ തള്ളിപ്പറഞ്ഞതുപോലെ (1 സാമു 15,23) ജെറൊബൊവാമിന് രാജത്വം വാഗ്ദാനം ചെയ്ത അഹിയാ തന്നെ അവസാനം അയാളെ ദൈവം തിരസ്കരിച്ചതായി അറിയിക്കുന്നു.

ഇരുപത്തിരണ്ടുവർഷം (ബി.സി. 931-910) ഇസ്രായേലിനെ ഭരിച്ച ജെറൊബൊവാമിന്റെ പ്രവർത്തനങ്ങൾ വളരെ ചുരുക്കി വിവരിച്ചതിനുശേഷം (1 രാജാ 12,25-33) അയാളുമായി ബന്ധപ്പെട്ട മൂന്നു പ്രവാചകന്മാരുടെ ചെയ്തികൾ വളരെ ദീർഘമായി അവതരിപ്പിക്കുന്നു. ജെറൊബൊവാമിന്റെ പ്രവർത്തനങ്ങൾ വിവരിക്കുമ്പോൾ പോലും അയാളുടെ ഭരണം ജനത്തിന് എപ്രകാരം ദോഷകരമായി എന്ന് എടുത്തു കണിക്കാനാണ് വി.ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നത്. നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ ഒരു വിവരണം എന്നതിനേക്കാൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒരു വിലയിരുത്തലാണ് ഇവിടെ ആരാധനാലയങ്ങൾ നിർമ്മിച്ചത് ജെറൊബൊവാമിന്റെ ഏറ്റം വലിയ തെറ്റായി എടുത്തുകാട്ടുന്നു.

വളരെ ക്ലേശകരമായ ഒരു ദൗത്യമായിരുന്നു ജനം ജെറൊബൊ

വാമിനെ ഏല്പിച്ചത്. രാജാവാകുമ്പോൾ ഒരു തലസ്ഥാന നഗരമോ ഭരണ സംവിധാനമോ സൈന്യമോ രാജ്യത്തിനു പൊതുവായ ആരാധനാലയമോ ഉണ്ടായിരുന്നില്ല. അതേസമയം യൂദായ്ക്ക് ഇതെല്ലാം ഉണ്ടായിരുന്നു. തന്നെയുമല്ല, ശക്തമായ സൈന്യത്തെ ശേഖരിച്ചുകൊണ്ട് റെഹൊബൊവാം ആക്രമണത്തിനു മുതിരുകയും ചെയ്തു. ഇതിനെല്ലാം പുറമെ, ജെറുസലെം ദേവാലയവും അതിന്റെ കേന്ദ്രമായ ഉടമ്പടിയുടെ പേടകവും ജെറുസലെമിലെ തിരുനാളാഘോഷങ്ങളും വടക്കൻ ഗോത്രങ്ങൾക്കും പ്രധാനപ്പെട്ടതായിരുന്നു. ജെറുസലെമിലേക്കുള്ള തീർത്ഥാടനം തുടരുകയാണെങ്കിൽ തൽക്കാലത്തെ എതിർപ്പുകൾ മറന്ന് ജനം വീണ്ടും ദാവീദിന്റെ രാജവംശത്തോടു കൂറുപുലർത്തിയേക്കുമെന്നും ജെറൊബൊവാം വിലയിരുത്താൻ, ഇരുപത്തിരണ്ടു വർഷം ഭരണം നടത്തുകയും സമാധാനത്തിൽ മരിക്കുകയും ചെയ്തെങ്കിൽ അയാളുടെ ഭരണം പ്രഥമ ദൃഷ്ട്യാ തോന്നുന്നത്ര പരാജയമായിരുന്നില്ല എന്ന് അനുമാനിക്കാം.

**i തലസ്ഥാനവും ആരാധനാലയങ്ങളും 1 രാജാ 12,25-33**

തലസ്ഥാന നഗരിയായി ഷെക്കെം തിരഞ്ഞെടുത്തു. കോട്ടകെട്ടി ബലിഷ്ഠമാക്കിയത് തന്ത്രപൂർവ്വമായ ഒരു നീക്കമായിരുന്നു. റെഹൊബൊവാമിനെ രാജാവായി അംഗീകരിക്കാൻ വേണ്ടി വടക്കൻ ഗോത്രങ്ങൾ അവിടെ സമ്മേളിച്ചു എന്നതു തന്നെ ആ പട്ടണത്തിന്റെ പ്രാധാന്യത്തിനുള്ള തെളിവാണ്. ഇസ്രായേൽ ജനത്തിന്റെ ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ട നഗരമാണ് ഷെക്കെം. കാനാൻ ദേശത്തു വച്ച് ദൈവം ആദ്യമായി അബ്രാഹത്തിന് പ്രത്യക്ഷപ്പെട്ടതും അബ്രാഹം ബലിപീഠം പണിതതും ഷെക്കെമിലാണ് (ഉൽപ 12,6-7). യാക്കോബ് അവിടെ കൂടാരമടിച്ചിരുന്നു (ഉൽപ 33,18). "യാക്കോബിന്റെ കിണർ" ഈ പട്ടണത്തിന് അടുത്താണ്. ഇന്നു പട്ടണം നാബ്ളുസ് ( Nablus) എന്ന പേരിൽ അറിയപ്പെടുന്നു. വടക്കൻ ഗോത്രങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട എഫ്രേമിന്റെയും മനാസ്സെയുടെയും പിതാവായ ജോസഫിന്റെ അസ്ഥികൾ അവിടെയാണ് സംസ്കരിച്ചത് (ജോഷ്വാ 24,32). കാനാൻ ദേശം കൈവശപ്പെടുത്തിയതിനുശേഷം പന്ത്രണ്ടു ഗോത്രങ്ങൾ ഒരുമിച്ച് ഉടമ്പടിയുറപ്പിച്ചതും ഷെക്കെമിൽ വച്ചായിരുന്നു. (ജോഷ്വാ 24,32). ഏബാൽ, ഗെരിസിം മലകളുടെ ഇടയിലുള്ള ഈ പട്ടണത്തിന് വാണിജ്യപരമായ പ്രാധാന്യവും ഉണ്ടായിരുന്നു. കാനാൻദേശത്തിന്റെ കിഴക്കുനിന്നു പടിഞ്ഞാറോട്ടും തെക്കുനിന്നു വടക്കോട്ടും പോകുന്ന രണ്ടു വലിയ രാജപാതകൾ സന്ധിക്കുന്ന സ്ഥലമായിരുന്നു ഷെക്കെം. ഈ കാരണങ്ങളാൽ തലസ്ഥാനനഗരിയായി ഷെക്കെമിനെ സ്വീകരിക്കാൻ വടക്കൻ ഗോത്രങ്ങൾ തയ്യാറായിരുന്നു.



ചരിത്രപരവും വാണിജ്യപരവുമായ പ്രാധാന്യമുണ്ടെങ്കിലും താഴ്വരയിലായതിനാൽ ഷെക്കെമിന് ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുത്തുനില്ക്കുക എളുപ്പമായിരുന്നില്ല. അതിനാലായിരിക്കാം ഏറെ താമസിയാതെ ജെറൊബൊവാം തലസ്ഥാനം തിർസായിലേക്കു മാറ്റിയത്. ഷെക്കെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ വടക്കു പടിഞ്ഞാറാണ് തിർസാ. ഇന്ന് തെൽ-എൽ-ഫാരാ എന്ന പേരിൽ ഈ പട്ടണം അറിയപ്പെടുന്നു. ഇസ്രായേൽ ചരിത്രവുമായി ബന്ധമൊന്നും ഇല്ലെങ്കിലും ആക്രമണങ്ങളെ ചെറുത്തു നില്ക്കാൻ പ്രായേണ കൂടുതൽ എളുപ്പമായിരുന്നു കുന്നിൻമുകളിൽ പണിത തിർസാ പട്ടണം. ഏകദേശം നാല്പതുവർഷം ഇതായിരുന്നു വടക്കൻ ഗോത്രങ്ങളുടെ തലസ്ഥാനം. ആഭ്യന്തര കലാപങ്ങൾക്ക് അറുതി വരുത്തിയ ഓമ്രിയാണ് തലസ്ഥാനം സമറിയായിലേക്കു മാറ്റിയത്.

ബെഥേലിലും ദാനിലും രണ്ട് ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചതാണ് ജെറോബാവാമിന്റെ പ്രധാന പ്രവൃത്തിയായി വി.ഗ്രന്ഥകാരൻ വിവരിക്കുന്നത്. ജറുസലെമിലേക്കു ജനം തീർത്ഥാടനം നടത്തുന്നതിനെ തടയുക എന്ന രാഷ്ട്രീയ ലക്ഷ്യമായിരുന്നു ഇതിനു പിന്നിടുണ്ടായിരുന്നത് (1 രാജാ 12,26-30). ഇസ്രായേൽ ജനത്തിന്റെ അതിപുരാതനമായ ഒരു ആരാധനാ കേന്ദ്രമായിരുന്നു ബെഥേൽ. പൂർവ്വ പിതാവായ യാക്കോബിനു ലഭിച്ച ദൈവ ദർശനത്തെ തുടർന്നാണ് "ദൈവഭവനം" എന്നർത്ഥമുള്ള ഈ പേരു തന്നെ ഉണ്ടായത് (ഉൽപ 28,10-20). പഴയ നിയമത്തിൽ ജറുസലെം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന പട്ടണമാണിത്. എഫ്രേം ഗോത്രത്തിന്റെ തെക്കേ അതിർത്തിയിൽ, ജെറുസലെമിലേക്കുള്ള വഴിയിലാണ് ബെഥേൽ. അതിനാൽ ജറുസലെമിനു പകരം തീർത്ഥാടന കേന്ദ്രമായി ഈ പട്ടണം തിരഞ്ഞെടുത്തത് തികച്ചും തന്ത്രപരമായ ഒരു തീരുമാനമായിരുന്നു. ഇസ്രായേലിന്റെ വടക്കെ അതിർത്തിയിലാണ് ദാൻ പട്ടണം. ന്യായാധിപൻമാരുടെ കാലം മുതൽ മോശയുടെ പിൻമുറക്കാർ അവിടെയുള്ള ആരാധനാലയത്തിൽ പുരോഹിത ശുശ്രൂഷ നടത്തിയിരുന്നു (ന്യായാ 18,30). വടക്കൻ ഗോത്രങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ചെന്നെത്താൻ കഴിയുന്നതായിരുന്നു ദാൻ പട്ടണം.

സ്വർണ്ണം കൊണ്ടുണ്ടാക്കി. കാളക്കുട്ടികളെ യാഹ്‌വേയുടെ പ്രതിമകളായിട്ടല്ല, പാദപീഠമോ സിംഹാസനമോ ആയിട്ടാണ് ജെറോബോവാം ചിത്രീകരിച്ചത്. ജറുസലെം ദേവാലയത്തിലെ കെരൂബുകളുടെ സ്ഥാനമായിരുന്നു ഈ കാളക്കുട്ടികൾക്കുണ്ടായിരുന്നത് എന്ന് വ്യാഖ്യാതാക്കൾ

അഭിപ്രായപ്പെടുന്നു. ബാൽ ദേവന്റെ വാഹനമായും ബാലിന്റെ തന്നെ പ്രതീകമായും കാനാൻകാർ വടക്കൻ ഗോത്രങ്ങളിലുണ്ടായിരുന്നു. അവ രെയും പ്രീതിപ്പെടുത്താൻ കാളക്കുട്ടികൾ സഹായകരമായിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ കാളക്കുട്ടികളെ യാഹ്‌വേയുടെ പ്രതിമ കളായി കരുതി ജനം അവയെ ആരാധിക്കുവാൻ തുടങ്ങി. തന്നെയുമല്ല, യാഹ്‌വേയും ബാലും തമ്മിലുള്ള വ്യത്യാസം പോലും ജനഹൃദയങ്ങ ളിൽ നിന്നു മാഞ്ഞുപോകാനും ഈ പ്രതിമകൾ കാരണമായിത്തീർന്നു. ഇതിനും പുറമേ രാജ്യത്തിന്റെ പല ഭാഗത്തും നിർമ്മിച്ച പൂജാഗിരികളും ബലിപീഠങ്ങളും ജനത്തെ വിഗ്രഹാരാധനയിലേക്കു നയിച്ചു. ജറുസലെ മിൽ ആഘോഷിച്ചിരുന്ന കൂടാരത്തിരുനാളിനു സമാന്തരമായി തീർത്ഥാ ടനോത്സവം ഏർപ്പെടുത്തിയത് (1 രാജാ 12,33) കർത്താവിനെ ആരാധി ക്കുക എന്നതിനെക്കാൾ ജനത്തെ ആകർഷിക്കുക എന്ന ലക്ഷ്യത്തോ ടെയായിരുന്നു.

വിചിന്തനം: ആരാധനയും ഉത്സവാഘോഷങ്ങളും അടക്കം സകല മത കർമ്മങ്ങളും രാഷ്ട്രീയവത്ക്കരിക്കപ്പെടുന്നതിന്റെ ഉദാഹരണങ്ങളാണ് ജെറോബോവാമിന്റെ ചെയ്തികൾ. തീർത്ഥാടകരെ ആകർഷിക്കാനും അതുവഴി സമ്പത്തും പ്രശസ്തിയും സ്വാധീനവും വർദ്ധിപ്പിക്കാനും തീർത്ഥാടന കേന്ദ്രങ്ങൾ മത്സരിക്കുക ഇന്നും വിരളമല്ലല്ലോ. ദൈവിക സാന്നിധ്യം പ്രത്യേകമാം വിധം പ്രകടമായ സ്ഥലങ്ങളിലേക്കു തീർത്ഥാ ടനം നടത്തുന്നതും അവിടെ നേർച്ച കാഴ്ചകൾ അർപ്പിക്കുന്നതും വിശ്വാസം വർദ്ധിപ്പിക്കാനും പ്രകടിപ്പിക്കാനും ഉപകരിക്കുമെങ്കിലും അത് അന്ധവിശ്വാസങ്ങൾക്കും വഴി തുറക്കുമെന്ന കാര്യം അനുസ്മരിക്കണം. തന്നെയുമല്ല, പല തീർത്ഥാടന കേന്ദ്രങ്ങളിലും നടക്കുന്ന സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ഭക്ത ജനങ്ങൾ ബോധവാന്മാരാകണം. "ദൈവത്തിനായി" തങ്ങൾ അർപ്പിക്കുന്ന നേർച്ചകൾ എന്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു എന്ന് അന്വേഷിക്കുന്നതും ഉപകാരപ്രദമാണ്.

### ii. ഒരു ബലിപീഠവും രണ്ട് പ്രവാചകന്മാരും 1 രാജാ 13,1-34

രാജ്യം പിളർന്നതും ജെറോബൊവാം രാജാവായതും ദൈവ നിശ്ച യപ്രകാരമായിരുന്നു. പ്രവാചകന്മാർ അതിനെ പിന്തുണയ്ക്കുകയും ചെയ്തു. എന്നാൽ ആരാധനയിൽ വരുത്തിയ പരിഷ്കരണം ദൈവഹി തത്തിനു വിരുദ്ധമായിരുന്നതിനാൽ പ്രവാചകന്മാർ അതിനെ എതിർത്തു. ജെറോബോവാമിന്റെ മത പരിഷ്കരണത്തെ തള്ളിപ്പറയുകയും പ്രവാ ചക ധർമ്മത്തിന്റെ ചില പ്രധാന വശങ്ങൾ എടുത്തു കാട്ടുകയും ചെയ്ത രണ്ടു സംഭവങ്ങൾ തുടർന്നു വിവരിക്കുന്നു.



ബെഥേലിലെ ബലിപീഠത്തിനെതിരേ പ്രവചിക്കാൻ കർത്താവ് യൂദായിൽ നിന്ന് ഒരു പ്രവാചകനെ അയച്ചു. രണ്ടു നൂറ്റാണ്ടുകൾക്കു ശേഷംതെക്കോവായിൽ നിന്നു ബെഥേലിൽ വന്ന് ആരാധനാ വൈകൃ തങ്ങൾക്കും അനീതിയ്ക്കും എതിരേ പ്രസംഗിച്ച ആമോസിന്റെ ഒരു മുന്നോടിയായി (ആമോ 7,10-17) ഈ പ്രവാചകനെ കാണാം. ജെറോ ബോവാം ബലിയർപ്പണത്തിനു നേതൃത്വം നല്കിയതിനെയല്ല, ബെഥേ ലിൽ ബലിപീഠം പണിതതിനെയാണ് ഇവിടെ എതിർക്കുന്നത്. ജെറൊ ബൊവാം പണിത ബലിപീഠവും അർപ്പിച്ച ബലിയും കർത്താവിനു സ്വീകാര്യമല്ല എന്നും കർത്താവണ് പ്രവാചകൻ വഴി സംസാരി ക്കുന്നതെന്നും വ്യക്തമാക്കുന്നതാണ് ഉടനെ സംഭവിക്കുന്ന രണ്ട് അട യാളങ്ങൾ (1 രാജാ 3,1-6).

ദാവീദു ഭവനത്തിൽ നിന്നു വരുന്ന ജോസിയ രാജാവ് ബലിപീ ഠത്തെ അശുദ്ധമാക്കും എന്ന പ്രവചനം മൂന്നു നൂറ്റാണ്ടുകൾക്കുശേഷം പൂർത്തിയായി (2 രാജാ 23,15-20). വിദൂര ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ പ്രവചിക്കുമ്പോൾ കൃത്യമായി ആളിന്റെ പേരുപ റയുക സാധാരണമല്ലാത്തതിനാൽ "ജോസിയാ" എന്ന പേര് സംഭവ ത്തിനുശേഷം കൂട്ടിച്ചേർത്തതായി വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മൃതശരീരത്തെ സ്പർശിക്കുമ്പോൾ അശുദ്ധരാകും എന്ന കാഴ്ചപ്പാടി ലാണ് ബലിപീഠത്തിൽ വച്ചു മനുഷ്യാസ്ഥികൾ കത്തിക്കുന്നതിനെക്കു റിച്ചു പരാമർശിക്കുന്നത്. വിഗ്രഹാരാധനയിലേക്കു ജനത്തെ നയിച്ചതി നുള്ള ശിക്ഷയാണ് പുരോഹിതന്മാരെത്തന്നെ ബലിപീഠത്തിൽ ബലി യർപ്പിക്കുന്നത്. കർത്താവിന്റെ വചനമാണ് താൻ അറിയിക്കുന്നത് എന്ന തിന് പ്രവാചകൻ നല്കിയ അടയാളം ഉടനെ നിറവേറി. ബലിപീഠം പിളർന്ന് ചാരം ഊർന്നു വീണു. പ്രവാചകനം പിടിക്കാൻ കൈചൂണ്ടി ആജ്ഞാപിച്ച രാജാവിന്റെ കൈ മരവിച്ചുപോയതും പ്രവാചകന്റെ പ്രാർത്ഥനയാൽ അതു സുഖപ്പെട്ടതും മറ്റൊരു അടയാളമാണ്.

ജെറൊബൊവാമിന്റെ കുടുംബത്തിനും ഇസ്രായേൽ രാജ്യത്തിനും സംഭവിക്കാൻ പോകുന്ന നാശത്തിന്റെ സൂചനയാണ് അയാളുടെ കൈ മരവിച്ചുപോയത്. രാജാവും രാജ്യവും കർത്താവിന്റെ പരിപാലനയാൽ മാത്രമാണ് നിലനില്ക്കുന്നതെന്നും അവിടുത്തെ തള്ളിപ്പറഞ്ഞാൽ രണ്ടും നശിച്ചുപോകുമെന്നും ഈ അടയാളം സൂചിപ്പിക്കുന്നു.

ദൈവഹിതം പൂർണ്ണമായി അനുസരിക്കാൻ കടപ്പെട്ടവനാണ് പ്രവാ ചകൻ എന്നു പഠിപ്പിക്കുന്നതാണ് അടുത്ത രണ്ടു സംഭവങ്ങൾ. അത്ഭുതം കണ്ട ജെറൊബൊവാം തന്റെ മനോഭാവത്തിലും പ്രവർത്തനങ്ങളിലും

മാറ്റം വരുത്തിയില്ലെങ്കിലും പ്രവാചകനം സൽക്കരിക്കാൻ ആഗ്രഹിച്ചു. സമ്മാനങ്ങൾ നല്കി പ്രവാചകനെ പ്രസാദിപ്പിക്കാമെന്നും അങ്ങനെ അയാൾ പ്രവചിച്ച ദുരന്തങ്ങൾ ഒഴിവാക്കാമെന്നും രാജാവ് കരുതിയിട്ടുണ്ടാവും. എന്നാൽ തനിക്കു ലഭിച്ച കല്പനയിൽ നിന്ന് അണുവിട വ്യതിചലിക്കാൻ പ്രവാചകൻ തയ്യാറായില്ല (1 രാജാ 13,7-10). സമ്മാനങ്ങൾക്കു പിന്നാലെ പോയി ദൗത്യം പരാജയപ്പെടുത്തുന്നവനല്ല പ്രവാചകൻ.

എന്നാൽ രണ്ടാമത്തെ സംഭവത്തിൽ പ്രാവാചകൻ പതറി. ബെഥേലിലെ വൃദ്ധപ്രവാചകന്റെ വാക്ക് അയാൾ വിശ്വസിച്ചു (1 രാജാ 13,11-19). കർത്താവിൽ നിന്നു ലഭിച്ച കല്പനയെ മറികടന്ന്, വൃദ്ധന്റെ വാക്കുകേട്ട് വിരുന്ന് സ്വീകരിച്ച അയാൾ കഠിനമായി ശിക്ഷിക്കപ്പെട്ടു. വഴിതെറ്റിച്ച വൃദ്ധൻ തന്നെയാണ് യഥാർത്ഥ ദൈവവചനം വിരുന്നിനിടയിൽ അയാളെ അറിയിച്ചത് (1 രാജാ 13,20-22). അയാൾ അറിയിച്ച ദൈവവചനം സകല ഭീകരതയോടും കൂടെ നിറവേറുകയും ചെയ്തു (ആ രാജാ 13,24-28). ഒരു പ്രവാചകൻ മറ്റൊരു പ്രവാചകനെ വഞ്ചിച്ചതിന്റെ ഈ വിവരണം ശ്രദ്ധേയമായ ചില പാഠങ്ങൾ ഉൾക്കൊള്ളുന്നു.

ദൂതൻ വഴി തനിക്കു ദൈവവചനം ലഭിച്ചു എന്ന് അവകാശപ്പെട്ട വൃദ്ധ പ്രവാചകന്റെ വാക്കുകൾ വിശ്വസിച്ചതാണ് യൂദായിൽ നിന്നു വന്ന പ്രവാചകനു നാശകാരണമായത്. യഥാർത്ഥ പ്രവാചകനെ വ്യാജപ്രവാചകന്മാരിൽ നിന്ന് എങ്ങനെയാണ് തിരിച്ചറിയുക? തനിക്കു കർത്താവിന്റെ അരുളപ്പാടുണ്ടായി എന്ന് ഒരാൾ അവകാശപ്പെട്ടതുകൊണ്ടു കഴിയുകയില്ല എന്ന് ഈ സംഭവം പഠിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിനു മാത്രമല്ല, ഇന്നു നമുക്കും നേരിടേണ്ടിവരുന്ന വലിയൊരു പ്രശ്നമാണ് വ്യാജ പ്രവാചകന്മാർ.

ഈ പ്രശ്നത്തിന് നിയമാവർത്തന പുസ്തകത്തിൽ വ്യക്തമായൊരു പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട് (നിയ 13,1-3). ദൈവത്തിൽ നിന്നു ലഭിച്ചിട്ടുള്ള സംശയാതീതമായ പ്രബോധനത്തിനു വിരുദ്ധമായി ആരെങ്കിലും പഠിപ്പിക്കുകയാണെങ്കിൽ അയാളെ വ്യാജപ്രവാചകനായി കരുതണം. മോശയിലൂടെ ലഭിച്ച പ്രബോധനങ്ങളും നിയമങ്ങളുമാണ് പഴയ നിയമത്തിൽ പ്രാമാണികമായി അവതരിപ്പിച്ചിരിക്കുന്നത്. മാറ്റമില്ലാത്തവനായ ദൈവത്തിന്റെ വചനത്തിനും മാറ്റമില്ല. ഒരിക്കൽ വെളിപ്പെടുത്തിയ തിരുഹിതം പിന്നീടു കൂടുതൽ വ്യക്തമാക്കിയെന്നുവരും, പക്ഷേ അതു റദ്ദാക്കപ്പെടുകയില്ല (മത്താ 5,17-18).



അത്ഭുതങ്ങളും അടയാളങ്ങളും നല്കുകയും പറയുന്ന കാര്യങ്ങൾ നിറവേറുകയും ചെയ്താലും സഭാ സമൂഹത്തിന്റെ പരമ്പരാഗതവും വ്യക്തമായ വെളിപാടിൽ അടിയുറച്ചുതുമായ വിശ്വാസത്തിനെതിരേ പഠിപ്പിക്കുന്നവർ വ്യാജപ്രവാചകന്മാരാണ്. ഈ കാഴ്ചപ്പാടിലാണ് സാൻഹെദ്രിൻ സംഘം യേശുവിനെ മരണത്തിനു വിധിച്ചത്. കാരണം യേശുവിന്റെ പ്രബോധനങ്ങൾ തങ്ങളുടെ പരമ്പരാഗതമായ ഏക ദൈവവിശ്വാസത്തിനു വിരുദ്ധമാണെന്ന് അവർ കരുതി. എന്നാൽ യഥാർത്ഥത്തിൽ പഴയ നിയമത്തിലെ വെളിപ്പെടുത്തലുകളെ ലംഘിക്കുകയോ റദ്ദാക്കുകയോ അല്ല, പൂർത്തീകരിക്കുകയാണ് യേശു ചെയ്തതെന്ന് അവർ മനസിലാക്കിയില്ല.

ചർച്ചാവിഷയമായ കാര്യത്തിൽ യൂദായിൽ നിന്നുള്ള പ്രവാചകൻ ബെഥേലിലെ വൃദ്ധന്റെ വാക്കുകൾക്ക് തനിക്കു ലഭിച്ച ദൈവിക കല്പനയെക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചു. അതുവഴി അയാൾ വഞ്ചിക്കപ്പെട്ടു. ആദ്യമേ തനിക്കു ലഭിച്ചത് ദൈവ വചനമായിരുന്നു എന്ന് ബെഥേലിലെ രണ്ടു സംഭവങ്ങൾ അയാളെ ബോധ്യപ്പെടുത്തിയതാണ്. പിന്നീടു വന്ന വൃദ്ധൻ യഥാർത്ഥ പ്രവാചകനാണെന്നോ അയാൾ അറിയിച്ചതു ദൈവ വചനമാണെന്നോ വിശ്വസിക്കാൻ തക്ക കാരണമുണ്ടായിരുന്നില്ല. ദൈവം തന്റെ തന്നെ വാക്കുകൾ നിഷേധിക്കുകയില്ല. അതിനെതിരായി ഒരു ദൂതൻ തന്നെ വന്നു സംസാരിച്ചാലും വിശ്വസിക്കരുത് (ഗലാ 1,7-9). വൃദ്ധന്റെ വാക്കുകേട്ട പ്രവാചകൻ വ്യാജപ്രാചകന്മാരാൽ വഞ്ചിതരായ ഇസ്രായേൽ ജനത്തിന്റെ തന്നെ പ്രതീകമാണ്. അയാളെ സിംഹം ആക്രമിച്ചു കൊന്നതുപോലെ ഇസ്രായേൽ ജനത്തിനു വാഗ്ദത്ത ഭൂമി നഷ്ടപ്പെടാൻ കാരണം തങ്ങൾക്കു ലഭിച്ച യഥാർത്ഥ ദൈവവചനം അവർ തിരസ്കരിച്ചതാണ്. ദൈവ സ്വരത്തിനു നിരന്തരം കാതോർക്കാനും ദൈവവചനത്തെ മനുഷ്യവചനങ്ങളിൽ നിന്നു വേർതിരിച്ചറിയാനും എത്രമാത്രം ജാഗ്രത പുലർത്തണം എന്നു പഠിപ്പിക്കുന്നതാണ് ഈ സംഭവം.

യൂദായിൽ നിന്നു വന്നവനെ "ദൈവത്തിന്റെ മനുഷ്യൻ" എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. ബെഥേലിലെ വൃദ്ധനെ "പ്രവാചകൻ" എന്നും, പ്രവാചകത്വം അവകാശപ്പെടുന്നവരെല്ലാം യഥാർത്ഥത്തിൽ ദൈവത്താൽ അയക്കപ്പെട്ടവരായിരിക്കണമെന്നില്ല. അവരുടെ ജീവിതവും സന്ദേശവും പഠിച്ച് വിവേക പൂർവ്വം തീരുമാനമെടുക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നതാണ് ഇരുവർക്കും ഉപയോഗിക്കുന്ന പേരുകളിലെ വ്യത്യാസം. വ്യാജ പ്രവാചകന്മാരാൽ അനേകം തവണ വഴിതെറ്റിക്കപ്പെട്ടതിന്റെ

അനുഭവം ഇസ്രായേൽ ജനത്തിനുള്ളതിനാൽ പ്രവാസികൾക്കും പിന്നീടിവരുന്ന സകല തലമുറകൾക്കും ഈ പ്രബോധനം പ്രസക്തമാണ്.

പ്രവാചകന്മാരെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം ജെറൊബൊവാം പ്രവർത്തിച്ച മറ്റൊരു അധർമ്മം വിവരിക്കുന്നു (1 രാജാ 13,33-34). താൻ നിർമ്മിച്ച പൂജാഗിരികളിൽ പുരോഹിത ശുശ്രൂഷ ചെയ്യുന്നതിനായി തനിക്കിഷ്ടപ്പെട്ടവരെ അയാൾ നിയോഗിച്ചു. ലേവീ പൗരോഹിത്യത്തിന്മേലുള്ള ഈ കടന്നാക്രമണം കൂടുതൽ ശിക്ഷാർഹമായ കുറ്റമായി ഇവിടെ അവതരിപ്പിക്കുന്നു. തനിക്കു പുരോഹിത ശുശ്രൂഷ അർപ്പിക്കേണ്ടത് ആരെന്ന് ദൈവമാണ് നിശ്ചയിക്കുക. പഴയ നിയമത്തിൽ ലേവിയുടെ ഗോത്രമായിരുന്നു അതിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടത്. അതിനെ മറികടന്ന് ജെറൊബൊവാം പുരോഹിതന്മാരെ വെറും രാജസേവകന്മാരാക്കി. ഇതിൽ പ്രതിഷേധിക്കുകയും ജോലി നഷ്ടപ്പെടുകയും ചെയ്ത ലേവീ പുരോഹിതന്മാർ യൂദായിലേക്കു പലായനം ചെയ്തതായി 2 ദിന 11,13-16ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### iii ജെറൊബൊവാമിനു ശിക്ഷ 1 രാജാ 14,1-20

ജെറൊബൊവാമിനു രാജത്വം വാഗ്ദാനം ചെയ്ത അഹിയാ പ്രവാചകൻ തന്നെ അയാളുടെ തിരസ്കരണവും അന്ത്യവും അറിയച്ചതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. രോഗിയായ മകന് എന്തു സംഭവിക്കുമെന്ന് അറിയാൻ ജെറൊബൊവാം തന്റെ ഭാര്യയെ സമ്മാനങ്ങളുമായി അഹിയായുടെ അടുത്തേക്ക് അയച്ചു. വാർദ്ധക്യത്താൽ അന്ധനായിത്തീർന്ന പ്രവാചകനെ കബളിപ്പിക്കാം എന്നു കരുതി വേഷപ്രച്ഛന്നയായിട്ടാണ് അവൾ ചെന്നതെങ്കിലും കർത്താവിൽ നിന്ന് ഉൾക്കാഴ്ച ലഭിച്ച പ്രവാചകൻ അവളെ തിരിച്ചറിഞ്ഞു. മകന്റെ ഭാവിയെക്കുറിച്ചറിയാൻ ചെന്നവളോട് ജെറൊബൊവാമിന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിലയിരുത്തലും ശിക്ഷാവിധിയുമാണ് പ്രവാചകൻ ആദ്യമേ അറിയിച്ചത്. അവസാനമായി മകന്റെ അന്ത്യത്തെക്കുറിച്ചും പ്രവാചകൻ പറഞ്ഞതെല്ലാം അതുപോലെ നിറവേറി. പ്രവചനവും പൂർത്തീകരണവും ഇവിടേയും ഒരു മുഖ്യവിഷയമാണ്. എന്നാൽ അതിലുപരി, നിയമാവർത്തനാത്മക ചരിത്ര വീക്ഷണം അവതരിപ്പിക്കുന്ന ഒരു വിശദീകരണവും ഇവിടെ കാണാം. ഈ വിവരണത്തിൽ ഏകകേന്ദ്രീകൃതമായ ഒരു ഘടന ദൃശ്യമാണ്.

A. മകന്റെ രോഗം 14,1

B. ഭാര്യയുടെ യാത്ര 14,2-5



C. പ്രവാചക വചനം 14,6-16

B1 ഭാര്യയുടെ മടക്കയാത്ര 14,17

A മകന്റെ മരണം 14,17-18

പ്രവാചക വചനത്തിലും വ്യക്തമായ ഒരു ഘടനയുണ്ട്.

A ജെറൊബൊവാമിനുവേണ്ടി കർത്താവു ചെയ്തത് 14,7-8

A ജെറൊബൊവാമിന്റെ അവിശ്വസ്തത 14,9

A ശിക്ഷാ വിധി, തിരസ്കരണം 14,10-16

അഹിയാ ജെറൊബൊവാമിനെ അറിയിക്കുന്ന ശിക്ഷാവിധിക്ക് സാമുവേൽ സാവൂളിനെയും (1 സാമു 15,1-23). നാഥാൻ ദാവീദിനെയും (2 സാമു 12,7-12) അറിയിച്ച ശിക്ഷാവിധിയോടു സാമ്യമുണ്ട്. കർത്താവ് ചെയ്ത വലിയ കാര്യങ്ങൾ, അതിനു പ്രതികരണമായുണ്ടാകുന്ന അവിശ്വസ്തത, തദ്ഫലമായുണ്ടാകുന്ന കർത്താവിന്റെ ശിക്ഷാവിധി ഈ ചട്ടക്കൂട്ടിലാണ് ഇസ്രായേൽ ചരിത്രം മുഴുവൻ അവതരിപ്പിച്ചിരിക്കുന്നത്.

കർത്താവ് സൗജന്യമായി ജെറൊബൊവാമിനെ തിരഞ്ഞെടുത്തു. രാജത്വവും നല്കി. വിഗ്രഹങ്ങൾ ഉണ്ടാക്കിയും അന്യദേവന്മാരെ ആരാധിച്ചും അയാൾ കർത്താവിനെ തിരസ്കരിച്ചു. അതിനാൽ കർത്താവും അയാളെ തിരസ്കരിക്കും. രോഗിയായ അബിയാ മാത്രമേ മാന്യമായി സംസ്കരിക്കപ്പെടുകയുള്ളു. ബാക്കി മക്കളെല്ലാം ശത്രുക്കളിൽ വധിക്കപ്പെടും. ഈ ശിക്ഷാവിധിക്കുശേഷം ഭാവിയിൽ സംഭവിക്കാൻ പോകുന്ന അസീറിയാക്കാരുടെ ആക്രമണത്തിനും ഇസ്രായേലിന്റെ നാശത്തെയുംക്കുറിച്ച് ഒരു സൂചനയും നല്കുന്നു (1 രാജാ 14,15-16). ജെറൊബൊവാമിന്റെ പാപമാണ് ഇതിനെല്ലാം കാരണം എന്ന് എടുത്തു പറയുന്നു.

പ്രവാചകന്റെ വാക്കുകൾ ഒന്നൊഴിയാതെ എല്ലാം നിറവേറിയതായി വി.ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നുണ്ട്. രോഗിയായ അബിയാ മരിച്ചു സംസ്കരിക്കപ്പെട്ടു (1 രാജാ 14,17-18) ജെറൊബൊവാമിന്റെ കുടുംബം ഉന്മൂലനം ചെയ്യപ്പെട്ടു (1 രാജാ 15,27-29). ഇസ്രായേൽ ജനത്തെ അസീറിയാ നശിപ്പിച്ചു (2 രാജാ 17,5-18). ജെറൊബൊവാമിന്റെ മരണത്തെയും മകൻ നാദാബിന്റെ സ്ഥാനാരോഹണത്തെയുംക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരിത്രം അവസാനിക്കുന്നത് (1 രാജാ 14,19-20).

**വിചിന്തനം:** പുതുതായി രൂപംകൊണ്ട രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാൻ വേണ്ടിയാണ് ജെറൊബൊവാം ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചതും തീർത്ഥാടനോത്സവങ്ങൾ ഏർപ്പെടുത്തിയതും. രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി അയാൾ മതത്തെ കരുവാ

ക്കി. അത് അയാളുടെയും ജനത്തിന്റെയും നാശത്തിനു കാരണമായി. ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മതത്തെ ഉപകരണമാക്കാനുള്ള പ്രവണത ശക്തിപ്പെട്ടുവരുന്ന ഇക്കാലത്ത് ജെറൊബൊവാമിന്റെ അനുഭവം വലിയൊരു പാഠമാണ്. എന്തുമാത്രം ഭൗതിക നേട്ടങ്ങൾ കൈവരിച്ചു എന്നതിനേക്കാൾ കർത്താവിനോടും അവിടുത്തെ വചനത്തോടും എത്രമാത്രം വിശ്വസ്തത പുലർത്തി എന്ന മാനദണ്ഡം അനുസരിച്ചായിരിക്കും ഓരോരുത്തരുടെയും ജീവിതം കർത്താവു വിലയിരുത്തുക. ദൈവത്തെ മറന്നും വിഗ്രഹങ്ങളെ ആരാധിച്ചും വരിക്കുന്ന ഭൗതിക നേട്ടങ്ങൾ ആത്യന്തികമായി നാശത്തിലേക്കേ നയിക്കൂ എന്ന് ചരിത്രം നല്കുന്ന പാഠം അതിന്റെ സകല ഭീകരതയോടും കൂടെ ആധുനിക മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

## C. റെഹൊബൊവാം 1 രാജാ 14,21-31; 2 ദിന 11,5-12,16

പതിനേഴാം വർഷം (ബി.സി. 931-913) യൂദാ ഭരിച്ച റെഹൊബൊവാമിന്റെ കാലത്ത് മതമേഖലയിൽ ജനത്തിനുണ്ടായ അപചയവും ഈജിപ്തു രാജാവിന്റെ ആക്രമണത്തോടു ബന്ധപ്പെട്ട ചില കാര്യങ്ങളും മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ രാജാവിന്റെ നേട്ടങ്ങളും കോട്ടങ്ങളും കൂടുതൽ വിശദമായി വിവരിക്കുന്നുണ്ട്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുപോകുന്ന ഒരു ജനത്തിന്റെ ചരിത്രമാണ് 1 രാജാ 14,22-24ൽ വരച്ചുകാട്ടുന്നത്. ഈ അധഃപതനത്തിൽ റെഹൊബൊവാമിന് എന്തു പങ്കുണ്ടായിരുന്നു എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. വടക്കൻ രാജ്യമായ ഇസ്രായേലിൽ എന്നതുപോലെ യൂദായിലും മലകളിലും കുന്നുകളിലും ബലിപീഠങ്ങളും ആരാധനാലയങ്ങളും ഉയർന്നു. മതമേഖലയിൽ സോളമൻ തുടങ്ങിവച്ച പ്രക്രിയകൾ മകൻ തുടർന്നു എന്നാണ് ധ്വനി. രതിദേവതയായ അഷേറായുടെ ബഹുമാനാർത്ഥം ഉയർത്തിയതാണ് സ്തംഭങ്ങൾ. പൂർണ്ണ നഗ്നമായ സ്ത്രീരൂപങ്ങളാണ് അഷേറാ പ്രതിഷ്ഠകൾ. മലമുകളിലെ ബലിപീഠങ്ങൾക്കു ചുറ്റിലും മരങ്ങൾ നട്ടുവളർത്തിയിരുന്നു. ബാൽ-അഷേറാ ദേവതകളുടെ സംയോഗമാണ് ഭൂമിയ്ക്കു ഫലപുഷ്ടിയും, മൃഗങ്ങൾക്കും മനുഷ്യർക്കും സന്താനപുഷ്ടിയും നല്കുന്നത് എന്ന വിശ്വാസം കാനാൻകാരുടെ ഇടയിൽ നിലവിലിരുന്നു. ആ ദേവതകളെ പ്രീതിപ്പെടുത്താനായി മലമുകളിലെ ആരാധനാലയങ്ങളിലും കാവുകളിലും ഭക്തർ ലൈംഗികവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ആരാധനാ രീതികൾക്കു നേതൃത്വം നല്കാൻ പുരോഹിതന്മാരും പുരോഹിതരും ഉണ്ടായിരുന്നു. അവരെ വേശ്യകൾ എന്നാണ് ബൈബിൾ വിളിക്കുന്നത്. ജോസിയാ രാജാവിന്റെ കാലത്തുമാത്രമാണ് ഈ ദുരാചാരങ്ങൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടത് (2 രാജാ 23,4-7). യൂദായിൽ അരങ്ങേറിയ ഈ മതവൈകൃതങ്ങളെക്കുറിച്ച് ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഒന്നും തന്നെ പറയുന്നില്ല.



രാജവാഴ്ചയുടെ അഞ്ചാം വർഷം (ബി.സി. 926) ഈജിപ്തു രാജാവായ ഷീഷാക്ക് നടത്തിയ ആക്രമണത്തെക്കുറിച്ച് 1 രാജാ 14,25-26; 2 ദിന 12,3-12 ൽ സൂചിപ്പിച്ചിരിക്കുന്നു. ഈജിപ്തിലെ 21-ാം രാജവംശത്തെ ഉന്മൂലനം ചെയ്ത് 22-ാം രാജവംശം ആരംഭിച്ച രാജാവാണ് ഷീഷാക്ക്. ഈജിപ്തിലെ രേഖകളിൽ അയാളെ ഷെഷോങ്ക് എന്നു വിളിക്കുന്നു. ലിബിയായിൽ നിന്നുള്ള ഒരു സേനാധിപനായിരുന്നു അയാൾ. പരസ്പരം കലഹിച്ചു. കഴിഞ്ഞ പ്രഭു കുടുംബങ്ങളെ ഒരുമിപ്പിച്ച് ഈജിപ്തിനെ വീണ്ടും ശക്തമായ ഒരു സാമ്രാജ്യമാക്കിയ ഷീഷാക്കിന്റെ പടയോട്ടങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ തെബെസിലെ സൂര്യദേവക്ഷേത്രത്തിന്റെ ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ട്. പലസ്തീനായിലെ 150 പട്ടണങ്ങൾ ആക്രമിച്ചു കീഴടക്കിയതായി ഈ രേഖ അവകാശപ്പെടുന്നു. ഈ രേഖയിൽ പേരുപറയുന്ന പല പട്ടണങ്ങളും ആ കാലഘട്ടത്തിൽ നശിപ്പിക്കപ്പെട്ടതായി ഇസ്രായേലിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന മെഗിദോയിൽ ഷീഷോക്കിന്റെ ഒരു ശിലാലിഖിതം കണ്ടെടുത്തിട്ടുണ്ട്.

ഹദാദിനും ജെറൊബൊവാമിനും സംരക്ഷണം നല്കിയ രാജാവാണ് ഷീഷാക്ക്. സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ പിളർന്നു ദുർബ്ബലമായത് തന്റെ സാമ്രാജ്യം വികസിപ്പിക്കാൻ അയാൾ അവസരമാക്കി. ആദ്യം യൂദായെയും പിന്നീട് ഇസ്രായേലിനെയും ആക്രമിച്ചു. അനേകം പട്ടണങ്ങൾ നശിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്തു. യൂദായുടെയും ഇസ്രായേലിന്റെയും സമ്പത്തും സൈനികശേഷിയും ഇതുമൂലം ഗണ്യമായി കുറഞ്ഞു. ജറുസലെം കീഴടക്കിയെങ്കിലും കൊള്ളമുതൽ കൊണ്ടുപോയതല്ലാതെ നഗരം നശിപ്പിച്ചില്ല. ലെബനോൺ കാനനമന്ദിരത്തിൽ സോളമൻ സൂക്ഷിച്ചിരുന്ന സ്വർണ്ണ പരിചകൾ അയാൾ കൊണ്ടുപോയതായി പ്രത്യേകം പറയുന്നു. ഈ ഒരു ആക്രമണത്തിനു ശേഷം ഈജിപ്തു പിൻവാങ്ങി. യുദ്ധത്തിലുണ്ടായ നേട്ടങ്ങൾ നിലനിർത്താൻ ആഭ്യന്തര കലാപങ്ങൾ മൂലം ഈജിപ്തിനു കഴിഞ്ഞില്ല.

റെഹൊബൊവാമിനെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ ഇല്ലാത്ത ചില വിവരങ്ങൾ ദിനവൃത്താന്തഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂദായിലെ പല പട്ടണങ്ങളും കോട്ട കെട്ടി സുരക്ഷിതമാക്കുകയും

അവിടെയെല്ലാം ഭക്ഷണവും ആയുധങ്ങളും ശേഖരിച്ചുവയ്ക്കുകയും ചെയ്തതാണ് അയാളുടെ ആദ്യത്തെ പ്രവൃത്തിയായി എടുത്തു കാട്ടുന്നത്. ഷീഷാക്കിന്റെ ആക്രമണത്തിനു ശേഷമാണ് ഈ സുരക്ഷാ നടപടികൾ സ്വീകരിച്ചതെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു.

ജോലി നഷ്ടപ്പെട്ട പുരോഹിതന്മാരും അവരെ അനുഗമിച്ച ജനവും ജറുസലേമിലേക്കു വന്നുകൊണ്ടിരുന്നതിനെക്കുറിച്ചു തുടർന്നു വിവരിക്കുന്നു (2 ദിന 11,13–17). ഇസ്രായേലിൽ നിന്ന് ജനം വന്നത് യൂദായ്ക്കു ഗുണകരമായി എന്ന് ഇവിടെ എടുത്തുപറയുന്നുണ്ട്. ഈ നീക്കത്തെ തടയാൻ വേണ്ടിയാണ് ജെറൊബൊവാം തീർത്ഥാടന കേന്ദ്രങ്ങൾ പണികഴിച്ചത്. റെഹോബൊവാമിന്റെ ഭാര്യമാരെയും ഉപനാരിമാരെയും മക്കളെയുംക്കുറിച്ചുള്ള പരാമർശം (2 ദിന 11,8–23) അയാളുടെ ശക്തി പ്രഭാവങ്ങളുടെ അടയാളമാണ്. യാതൊരു വിലയിരുത്തലും കൂടാതെയാണ് ഈ വിവരണം നല്കിയിരിക്കുന്നതെങ്കിലും രണ്ടു കാര്യങ്ങൾ ശ്രദ്ധേയമത്രെ. 1. സോളമന്റേതിനേക്കാൾ വളരെ ചെറുതായിരുന്നു അയാളുടെ അന്തഃപുരം. 2. ബഹുഭാര്യാത്വത്തെ വിലക്കുന്ന നിയമത്തെ അയാളും മാനിച്ചില്ല. രാജകുമാരന്മാരെ സകല നഗരങ്ങളിലും ദേശാധിപതികളാക്കുക വഴി ദേശം മുഴുവൻ രാജാവിന്റെ സ്വന്തം എന്ന തത്വം പ്രാവർത്തികമാക്കപ്പെട്ടു.

രാജാവിന്റെ അവിശ്വസ്തതയ്ക്കു കർത്താവു നല്കിയ ശിക്ഷയാണ് ഷീഷാക്കിന്റെ ആക്രമണം എന്ന് എടുത്തുപറയുന്നു (2 ദിന 12,1–3) പ്രവാചകനായ ഷെമായാ വഴി കർത്താവിന്റെ ശിക്ഷാവിധിയെക്കുറിച്ചു കേട്ടപ്പോൾ രാജാവും ജനവും അനുതപിച്ചു മാപ്പിരന്നതിനാൽ ജെറുസലെം നശിപ്പിക്കപ്പെട്ടില്ല എന്ന വ്യാഖ്യാനം (2 ദിന 12,5–7.12) അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ചു പഠിപ്പിക്കുന്നു. 'കർത്താവിനെ സേവിക്കുന്നതും ഭൂമിയിലെ രാജാക്കന്മാരെ സേവിക്കുന്നതും തമ്മിലുള്ള വ്യത്യാസം' (2 ദിന 12,8) അവരെ അറിയിക്കുന്നതിനുവേണ്ടിയാണ് ശത്രുക്കളുടെ മുമ്പിൽ പരാജയപ്പെടാൻ കർത്താവ് അവർക്ക് ഇടവരുത്തിയത് എന്ന വിശദീകരണം എന്നും പ്രസക്തമായ ഒരു പാഠമാണ്. കർത്താവിനെയല്ലാതെ മറ്റാരെയും എന്തിനെയും സേവിച്ചാൽ അടിമത്തമായിരിക്കും ഫലം. ഒന്നാം പ്രമാണം അനുസരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രകടമാകുന്നു.

### d. യൂദായിലെ രാജാക്കന്മാർ 1 രാജാ 15,1–24; 2 ദിന 13–16

റെഹൊബൊവാമിന്റെ മരണത്തിനുശേഷം യൂദാ ഭരിച്ച രണ്ടു രാജാക്കന്മാരെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിലേതിനേക്കാൾ വളരെ ദീർഘമാണ് ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം. ആനുകാലിക രേഖകളെ ആസ്പദമാക്കിയുള്ള വസ്തുനിഷ്ഠമായ വിവരണം എന്നതിനേക്കാൾ ദൈവശാസ്ത്രപരമായ വിശകലനമാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്നത്.

### i. അബിയാ (ബി.സി. 913–911) 1 രാജാ 15,1–8; 2 ദിന 13, 1–22

റെഹൊബാവാമിനുശേഷം ഭരണമേറ്റ പുത്രനെ അബിയാം എന്നു രാജാക്കന്മാരുടെ പുസ്തകത്തിലും അബിയാ എന്നു ദിനവൃത്താന്ത ഗ്രന്ഥത്തിലും വിളിക്കുന്നു. "എന്റെ പിതാവ് യാഹ്വേ" എന്നാണ് രണ്ടിന്റേയും അർത്ഥം. അയാളുടെ മാതാവ് അബ്ശലോമിന്റെ മകൾ 'മാഖാ' ആയിരുന്നു എന്ന് 1 രാജാ 15,2 ദിന 11,22 ലും ഗിബെയായിലെ ഊറിയേലിന്റെ മകൾ മിക്കായാ ആയിരുന്നു എന്ന് 2 ദിന 13,2 ലും കാണുന്നു. രണ്ടു വ്യത്യസ്ത രേഖകളെ ആസ്പദമാക്കി രചിച്ചതിനാലാവാം രണ്ടു പുസ്തകങ്ങളും തമ്മിൽ ഈ വ്യത്യാസമുണ്ടായത്. അബിയായ്ക്കുശേഷം രാജാവായ ആസായുടെ മാതാവ് അബ്ശലോമിന്റെ മകൾ മാഖാ ആയിരുന്നുവെന്ന് 2 രാജാ 15,10 ന്റെ ഹീബ്രുമൂലത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും അമ്മ ഒരാൾ തന്നെ ആയിരിക്കുന്നതിനാൽ അപാകതയുള്ളതിനാൽ മാഖാ ആസായുടെ പിതാവിന്റെ അമ്മയായിരുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് പല ആധുനിക വിവർത്തനങ്ങളും "പിതാമഹി" എന്നു വ്യാഖ്യാനിക്കുന്നത്. അബിയായുടെ സഹോദരനായിരുന്നു ആസാ എന്നു വ്യാഖ്യാനത്തിന് കാര്യമായ അംഗീകാരം ലഭിച്ചിട്ടില്ല. മാഖാ ആസായുടെ പിതാമഹിയായിരുന്നെങ്കിൽ ചെറുപ്പത്തിലേ രാജാവായതിനാൽ വലിയമ്മയെ അമ്മറാണിയായി കരുതുകയും അമ്മയെ അവഗണിക്കുകയും ചെയ്തതാവാം ഇതിനു കാരണം.

കർത്താവിനോടു വിശ്വസ്തത പാലിച്ചില്ല എന്നും ജെറൊബൊവാമുമായി നിരന്തരം യുദ്ധം നടത്തിയെന്നും ചുരുക്കിപ്പറയുന്നതല്ലാതെ അബിയായുടെ പ്രവർത്തനങ്ങളെക്കുറിച്ചു രാജാക്കന്മാരുടെ പുസ്തകത്തിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ദാവീദുമായി താരതമ്യം ചെയ്ത് അബിയായുടെ കുറവുകൾ എടുത്തുകാട്ടുക മാത്രമാണ് വി.ഗ്രന്ഥകാരൻ ചെയ്യുന്നത്. മൂന്നു വർഷം മാത്രം ദീർഘിച്ച അയാളുടെ ഭരണം എന്തുകൊണ്ട് ഇത്രവേഗം അവസാനിച്ചു എന്നതിനും മറുപടിയില്ല.

ദിനവൃത്താന്ത ഗ്രന്ഥകാരൻ അബിയായുടെ അവിശ്വസ്തതയെക്കുറിച്ചു സൂചിപ്പിക്കുന്നതുപോലുമില്ല. മറിച്ച് കർത്താവിലുള്ള അയാളുടെ വിശ്വാസവും കർത്താവിനോടുള്ള വിശ്വസ്തതയും എടുത്തുകാട്ടാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ജെറൊബൊവാമുമായുണ്ടായ യുദ്ധത്തിന്റെ

സുദീർഘമായ ഒരു വിവരണവും ദിനവൃത്താന്ത ഗ്രന്ഥത്തിൽ മാത്രമാണു കാണുന്നത്. സൈന്യത്തിന്റെ സംഖ്യയിൽ (2 ദിന 13,3) അതിശയോക്തിയുണ്ട്. യുദ്ധത്തിനു മുൻപ് അബിയാ നടത്തിയ പ്രസംഗം ഇരുരാജ്യങ്ങളുടെയും ചരിത്രത്തെയും വിശ്വാസ ജീവിതത്തെയും സംബന്ധിച്ച ഒരു ദൈവശാസ്ത്ര വിശകലനം അവതരിപ്പിക്കുന്നു. സാഹചര്യത്തിനനുയോജ്യമായ പ്രസംഗങ്ങൾ കഥാനായകന്റെ വായിൽ വച്ചുകൊടുക്കുക ചരിത്രരചനയുടെ ഭാഗമായിരുന്നു (ന്യായാ 11,12-17; 1 സാമു 17, 45-47).

ബെഥേലിൽ നിന്ന് ഏകദേശം എട്ടുകിലോമീറ്റർ വടക്കുകിഴക്കായിട്ടാണ് സെമറായിം മല സ്ഥിതിചെയ്യുന്നത്. ഇതു സമറിയാ മലയല്ല. ജെറൊബൊവാമിന്റെ രാജ്യാതിർത്തിക്കുള്ളിൽ വച്ചാണ് യുദ്ധം നടന്നത് എന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. അബിയായുടെ പ്രസംഗത്തിൽ ഇസ്രായേലിന്റെ അവിശ്വസ്തതയും യൂദായുടെ വിശ്വസ്തതയും എടുത്തുകാട്ടുന്നു. മുഴുവൻ ഇസ്രായേൽ ജനത്തിന്റെയുംമേൽ രാജാധികാരം ദാവീദു കുടുംബത്തിന് ഉടമ്പടി വഴി ദൈവം നല്കിയിരിക്കുന്നു എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വടക്കൻ രാജ്യത്തിനെതിരേ കുറ്റാരോപണം നടത്തുന്നത്. ബലിഭക്ഷണത്തിലൂടെ ഉറപ്പിച്ച ഉടമ്പടിയാണ് ഉപ്പുകൊണ്ടുള്ള ഉടമ്പടി അഥവാ ലവണയുടമ്പടി (2 ദിന 13,5). ദാവീദിന്റെ ഭവനത്തിൽ നിന്നു തെറ്റിപ്പിരിഞ്ഞു. സ്വന്തം രാജാവിനെ തിരഞ്ഞെടുത്തു. വിഗ്രഹങ്ങൾ നിർമ്മിച്ചു, സ്വന്തം ഇഷ്ടപ്രകാരം പുരോഹിതന്മാരെ നിയമിച്ചു എന്നിവയാണ് ഇസ്രായേലിനെതിരേ ആരോപിക്കുന്ന കുറ്റങ്ങൾ യൂദായുടെ വിശ്വസ്തതയ്ക്ക് അടയാളമായി അഹറോന്റെ ഗോത്രത്തിൽ നിന്നുള്ള പുരോഹിതന്മാർ, അവർ നിരന്തരം അർപ്പിക്കുന്ന നിയമാനുസൃതമായ ബലി എന്നിവ എടുത്തുകാട്ടുന്നു.

“കർത്താവാണ് ഞങ്ങളുടെ ദൈവം” (2 ദിന 13,10) “ദൈവമാണ് ഞങ്ങളുടെ നായകൻ” എന്നീ പ്രസ്താവനകളിലൂടെ കർത്താവിൽ ആശ്രയിച്ചുകൊണ്ടാണ് യൂദാ യുദ്ധത്തിനിറങ്ങിയിരിക്കുന്നത് എന്ന് ഏറ്റുപറയുന്നു. കർത്താവിനോടു വിളിച്ചപേക്ഷിക്കുകയും പുരോഹിതന്മാർ യുദ്ധകാഹളം മുഴക്കുകയും ചെയ്തപ്പോൾ ദൈവം തന്നെ യൂദായ്ക്ക് വിജയം നല്കി (2 ദിന 13,14-16). യുദ്ധത്തിന്റെ വിവരണം മുഴുവൻ കർത്താവിലുള്ള വിശ്വാസ പ്രഖ്യാപനമാണ് അനുവാചകരെ കർത്താവിനോടു വിശ്വസ്തരായിരിക്കാൻ പ്രേരിപ്പിക്കുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. ജെറൊബൊവാമിന്റെ മരണം ദൈവശിക്ഷയായി ഇവിടെ ചിത്രീകരിക്കുന്നു (2 ദിന 13,20). എന്നാൽ അബിയാ മരിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞാണ് ജെറൊബൊവാം മരിച്ചത് എന്ന് 1 രാജാ 15,25ൽ നിന്ന് അനുമാനിക്കാം.



## ii. ആസാ (ബി.സി. 911-870) 1 രാജാ 15,9-24; 2 ദിന 14-16

ദാവീദിനെയും സോളമനെയുംകാൾ ഒരു വർഷം കൂടുതൽ ഭരിച്ച രാജാവാണ് ആസാ. രാജാക്കന്മാരുടെ പുസ്തകത്തിൽ യാതൊരു കുറ്റവും ആരോപിക്കപ്പെടാത്ത ചുരുക്കം രാജാക്കന്മാരിൽ ഒരാളാണ് അയാൾ. പേരിന്റെ അർത്ഥം വ്യക്തമല്ല “ദൈവം നല്കി” എന്നും “സൗഖ്യദായകൻ’ എന്നും അതു വിവർത്തനം ചെയ്യാറുണ്ട്. മതമേഖലയിൽ നടത്തിയ നവീകരണ ശ്രമങ്ങളും (1 രാജാ 15,11-15) ഇസ്രായേൽ രാജാവുമായി നടത്തിയ യുദ്ധവും (15,16-22) രാജാക്കന്മാരുടെ പുസ്തകത്തിൽ ചുരുക്കമായി വിവരിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഇവയ്ക്കു പുറമെ ആസായുടെ മറ്റു പല പ്രവർത്തനങ്ങളും വിശദമായി വിവരിക്കുകയും ദൈവശാസ്ത്രപരമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട് (2 ദിന 14-16).

ദാവീദിനെപ്പോലെ പൂർണ്ണ ഹൃദയത്തോടെ കർത്താവിനോടു വിശ്വസ്തത പുലർത്തിയ ആസാ രാജാവ് തന്റെ മൂന്നു മുൻഗാമികൾ നിർമ്മിച്ച വിഗ്രഹങ്ങൾ തകർക്കുകയും അവർ തുടങ്ങിവച്ച അനാചാരങ്ങൾ നിർത്തലാക്കുകയും ചെയ്തു (1 രാജാ 15,11-15). റെഹൊബൊവാം ആരംഭിച്ച ആൺവേശ്യാ സമ്പ്രദായം നാട്ടിൽ നിരോധിച്ചത് പ്രത്യേകം എടുത്തുപറയുന്നു. നാട്ടിൽ വിഗ്രഹാരാധന പ്രോത്സാഹിപ്പിച്ചതിന്റെ പേരിൽ അമ്മറാണിയായ മാഖായെ സ്ഥാനഭ്രഷ്ടയാക്കിയത് ധീരമായ ഒരു നീക്കമായി എടുത്തു കാട്ടുന്നു. പൂജാഗിരികൾ നശിപ്പിച്ചില്ല എന്നു പറയുന്നെങ്കിലും അത് ഒരു കുറ്റമായി ആരോപിക്കുന്നില്ല.

ജെറൊബൊവാമിന്റെ മകനായ നാദാബിനെ വധിച്ച് ഇസ്രായേലിൽ പുതിയൊരു രാജവംശത്തിന് തുടക്കം കുറിച്ചവനാണ് ബാഷാ. അയാളുടെ ആക്രമണത്തെ ചെറുത്തു നില്ക്കാൻ കഴിയാതെ വന്നതിനാൽ ആസാ സിറിയാക്കാരുടെ സഹായം തേടി. അതിനായി ദേവാലയത്തിലെയും ഭണ്ഡാരത്തിലെയും സ്വർണ്ണവും വെള്ളിയും സിറിയാ രാജാവായ ബെൻ ഹദാദിനു കാഴ്ചയായി അയച്ചുകൊടുത്തു. സമ്മാനം സ്വീകരിച്ച സിറിയാ രാജാവ് ഇസ്രായേലുമായുള്ള സഖ്യം വിഛേദിക്കുക മാത്രമല്ല, ഇസ്രായേലിന്റെ വടക്കൻ പ്രവിശ്യകൾ ആക്രമിച്ചു കീഴടക്കുകയും ചെയ്തു. അതിനാൽ ബാഷാ സൈന്യസമേതം പിൻവാങ്ങി. അബിയാ പിടിച്ചടക്കിയ ഇസ്രായേൽ നഗരങ്ങൾ വീണ്ടെടുക്കുകയും ഇസ്രായേൽ ജനം ജറുസലെമിലേക്കു പോകുന്നതു തടയുകയുമായിരുന്നു ബാഷായുടെ ലക്ഷ്യം. ജെറുസലെമിൽ നിന്ന് എട്ടു കിലോമീറ്റർ വടക്ക് ബെഞ്ചമിൻ ഗോത്രാതിർത്തിക്കുള്ളിലെ റാമായിൽ കോട്ട പണിയാൻ ശ്രമിച്ചത്

രണ്ടാമത്തെ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു. ബെൻ ഹദാദ് ആക്രമിച്ച തിനാൽ ബാഷായ്ക്ക് ഈ സംരംഭം ഉപേക്ഷിക്കേണ്ടിവന്നു. ഇസ്രായേൽ സൈന്യം പിൻമാറിയപ്പോൾ ആസാ ബെഞ്ചമിന്റെ വടക്കേ അതിർത്തി യിൽ ഗേബാ, മിസ്പാ എന്നീ പട്ടണങ്ങൾ കോട്ട കെട്ടി സുരക്ഷിതമാക്കി (1 രാജാ 15,16-22).

ദിനവൃത്താന്ത ഗ്രന്ഥത്തിലെ മൂന്ന് അധ്യായങ്ങൾ (2 ദിന 14-16) ആസായുടെ പ്രവർത്തനങ്ങൾ വിവരിക്കാനായി മാറ്റി വച്ചിരിക്കുന്നു. രാജാ ക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കൂടു തൽ വിശദമായി വിവരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനു പുറമേ പുതിയ പല കാര്യങ്ങളും അവയിൽ അവതരിപ്പിക്കുന്നുമുണ്ട്. 41 വർഷം ദീർഘിച്ച ആസായുടെ രാജഭരണത്തിൽ നിന്ന് 4 കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. 1. ഭരണത്തിന്റെ ആദ്യത്തെ പത്തുവർഷം നടത്തിയ മത നവീകരണം (2 ദിന 14,1-8); 2. എത്യോപ്യക്കാരൻ സേറാ യുടെ ആക്രമണം (14,9-15); 3. രണ്ടാം മത നവീകരണം (15,1-19); 4. ഇസ്രായേലുമായി യുദ്ധം (16,1-10).

രാജാക്കന്മാരുടെ പുസ്തകത്തിൽ ആസായെക്കുറിച്ചു നല്ലതുമാ ത്രമേ പറയാനുള്ളൂ. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ സമ്മിശ്രമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. ആദ്യത്തെ മുപ്പത്തഞ്ചു വർഷ ക്കാലം അയാൾ കർത്താവിനോടു പരിപൂർണ്ണ വിശ്വസ്തത പുലർത്തി. വിഗ്രഹങ്ങളും ആരാധനയിലെ ദുരാചാരങ്ങളും ഉന്മൂലനം ചെയ്യാൻ ശ്ര മിച്ചു. പ്രതിസന്ധികളുണ്ടായപ്പോൾ കർത്താവിനെ വിളിച്ചക്ഷിച്ചു. പക്ഷേ അവസാനത്തെ അഞ്ചു വർഷം കർത്താവിൽ എന്നതിനേക്കാൾ സ്വന്തം യുക്തികളിലും പദ്ധതികളിലും ആണ് ആശ്രയിച്ചത്. നേരിടേണ്ടി വന്ന രണ്ടു യുദ്ധങ്ങളിൽ സ്വീകരിച്ച നിലപാടുകളിൽ ഈ വൈരുദ്ധ്യം പ്രകട മാകുന്നു.

ആദ്യത്തെ പത്തുവർഷം രാജ്യത്തു സമാധാനമുണ്ടായിരുന്നു. രാജാവു കർത്താവിനോടു വിശ്വസ്തത പുലർത്തുകയും വിഗ്രഹാരാധന നിർത്തലാക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സ്വസ്ഥതയും സമാധാനവും ലഭിച്ചത് എന്ന ധ്വനി ഈ വിവരണത്തിലുണ്ട് (2 ദിന 14,1 -8). സൈന്യത്തെക്കുറിച്ചുള്ള വിവരണത്തിൽ 'ആയിരം' എന്നു വിവർത്തനം ചെയ്യുന്നത് ഒരു പട്ടാള വിഭാഗത്തെയോ ധീരനായ പടത്ത ലവനെയോ സൂചിപ്പിക്കാവുന്ന പദമാണ്. അതിനാൽ 'മൂന്നു ലക്ഷം' എന്ന തിനു പകരം മുന്നൂറു നായകന്മാർ എന്ന വിവർത്തനം (1 രാജാ 14,8) കൂടുതൽ സ്വീകാര്യമായി കരുതാം. എതോപ്യൻ സൈന്യത്തെക്കുറിച്ചുള്ള



പരാമർശത്തിലും (1 രാജാ 14,9) സൈന്യ സംഖ്യയെ സംബന്ധിച്ച ഈ വ്യാഖ്യാനമാണ് പൊതുവേ അംഗീകരിക്കുന്നത്.

സേറായുടെ ആക്രമണത്തെ നേരിട്ടപ്പോഴും ആസാ കർത്താവി ലുള്ള തന്റെ വിശ്വാസവും ആശ്രയബോധവും വ്യക്തമാക്കി. റെഹൊബൊ വാമിന്റെ കാലത്ത് പടയോട്ടം നടത്തിയ ഷീഷാക്ക് പലസ്തീനായുടെ തെക്കുപടിഞ്ഞാറുള്ള ഗെരാറിൽ പാർപ്പിച്ച കാവൽ സൈന്യത്തിന്റെ തല വനാണ് സേറാ എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഷീഷാക്കിന്റെ നേട്ടങ്ങൾ ആവർത്തിക്കാൻ ശ്രമിച്ച സേറായെ യൂദായുടെ തെക്കെ അതിർത്തിയിൽ, ജെറുസലെമിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ അതിർത്തിയിൽ, ജെറുസലെമിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ തെക്കു പടിഞ്ഞാറുള്ള മരേഷായിൽ വച്ച് ആസാ നേരിട്ടു. രാജ്യരക്ഷയ്ക്കുവേണ്ടി റെഹൊബൊവാം കോട്ടകെട്ടി സുരക്ഷിതമാക്കിയ ഒരു പട്ടണമാണ് മരേഷാ (2 ദിന 11,8). തന്റേതിനേക്കാൾ ഇരട്ടിയുള്ള ശത്രുസൈന്യത്തെ കണ്ടപ്പോൾ ആസാ നഷ്ടധൈര്യനാകാതെ കർത്താവിനെ വിളിച്ചപേക്ഷിച്ചു. കർത്താവു തന്നെ വിജയം നല്കി. (2 ദിന 14,11-12).

കർത്താവിനോടു വിശ്വസ്തത പാലിക്കുന്നവരെ പ്രോത്സാഹിപ്പി ക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന പ്രവാചക വചനവും അതിനു മറുപടിയായി ആസാ നടത്തിയ മത ശുദ്ധീകരണവുമാണ് അടു ത്തതായി വിവരിക്കുന്നത് (1 രാജാ 15,1-15). "ദൈവത്തിന്റെ ആത്മാവ് ഒദേദിന്റെ മകൻ അസറിയായുടെമേൽ വന്നു' (1 രാജാ 15,1-15) എന്ന പ്രസ്താവന അയാളെ ഒരു പ്രവാചകനായി അവതരിപ്പിക്കുന്നു. ദൈവാ ത്മാവിനാൽ നയിക്കപ്പെടുന്നവരാണ് യഥാർത്ഥ പ്രവാചകന്മാർ. അവർ കർത്താവിനോടു വിശ്വസ്തത പുലർത്താൻ ജനത്തെ ഉദ്ബോധിപ്പിക്കും. ഇസ്രായേൽ ജനത്തിന്റെ പ്രത്യേകിച്ചും ന്യായാധിപന്മാരുടെ കാലത്തെ ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് (ന്യായാ, 2,15; 5,6; 21,25) അസറിയാ ജനത്തിന്റെ അവിശ്വസ്തതയ്ക്കെതിരേ താക്കീതു നല്കുകയും വിശ്വ സ്തതയിൽ തുടരാൻ പ്രേരിപ്പിക്കുകയും ചെയ്തതായി വിവരിക്കുമ്പോൾ പ്രവാസത്തിൽ നിന്നു മടങ്ങിവന്ന ജനത്തിന് ക്ലേശങ്ങളുടെ മദ്ധ്യേ പ്രത്യാ ശയും ധൈര്യവും പകരുകയാണ് വി.ഗ്രന്ഥകാരൻ ചെയ്യുന്നത്.

പ്രവാചക പ്രവചനം ആസായെ കൂടുതൽ നവീകരണശ്രമങ്ങളി ലേക്കു നയിച്ചു. ജനത്തെ മുഴുവൻ ജറുസലെമിൽ ഒരുമിച്ചുകൂട്ടി ഉടമ്പടി നവീകരിച്ചത് കർത്താവിനോടു ചേർന്നു നില്ക്കാനുള്ള തീരുമാനത്തിന്റെ പരസ്യ പ്രഖ്യാപനമായിരുന്നു. വിശ്വസ്തതയുടെ ഫലമായി ദേശത്തു സ്വസ്ഥതയും സമാധാനവും കളിയാടി. പൂജാഗിരികൾ നീക്കം ചെയ്തില്ല

(2 ദിന 15,17) എന്ന പ്രസ്താവന 1 രാജാ 15,14ൽ കണ്ടതു തന്നെയെങ്കിലും 2 ദിന 14,3ൽ പറഞ്ഞതിനു വിരുദ്ധമായി നില്ക്കുന്നു. വിഗ്രഹങ്ങൾ നശിപ്പിച്ചെങ്കിലും നാട്ടിൽ നിന്നു വിഗ്രഹാരാധന പൂർണ്ണമായി തുടച്ചു മാറ്റാൻ സാധിച്ചില്ല എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുക.

ഇസ്രായേൽ രാജാവായ ബാഷായുടെ ആക്രമണമുണ്ടായപ്പോൾ കർത്താവിൽ ആശ്രയിക്കാതെ സിറിയാ രാജാവായ ബെൻ ഹദാദിന്റെ സഹായം തേടിയത് ആസാ രാജാവിന്റെ വലിയൊരു വീഴ്ചയായി എടുത്തുകാട്ടുന്നു (2 ദിന 16,1-6). ഈ തെറ്റു ചൂണ്ടിക്കാട്ടിയ ഹനനിയാ പ്രവാചകന്റെ വാക്കു കേട്ടു പശ്ചാത്തപിക്കുന്നതിനു പകരം കോപിച്ച് അയാളെ തടവിലാക്കുകയാണ് ആസാ ചെയ്തത് (2 ദിന 16,7-10) പ്രവാചകന്മാർക്കെതിരേ രാജാക്കന്മാർ അഴിച്ചുവിട്ട പീഡനങ്ങളുടെ ചരിത്രം ഇവിടെ ആരംഭിക്കുന്നു. യുദ്ധത്തിൽ മാത്രമല്ല, രോഗാവസ്ഥയിലും കർത്താവിനോടു യാചിക്കാതെ വൈദ്യന്മാരിൽ മാത്രം ആശ്രയിച്ചതും ആസായുടെ വിശ്വാസക്കുറവിനു തെളിവായി വ്യാഖ്യാനിക്കുന്നു (2 ദിന 16,12).

**വിചിന്തനം:** തെറ്റു ചെയ്യുന്നവരെ ശകാരിക്കുകയും നന്മ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയും പ്രവാചക ദൗത്യത്തിന്റെ ഭാഗമാണ്. പ്രോത്സാഹനം കൂടുതൽ നന്മ ചെയ്യാൻ പ്രേരിപ്പിക്കും. അതേസമയം പ്രോത്സാഹന വചനങ്ങൾ മാത്രം സ്വീകരിക്കുകയും തെറ്റിന്റെ പേരിൽ ശകാരിക്കുന്നവരെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യാനുള്ള പ്രവണത ഇന്നും വിരളമല്ലല്ലോ. വിമർശനമില്ലാത്തിടത്ത് തെറ്റു പെരുകുന്നു; തെറ്റു ചൂണ്ടിക്കാണിക്കുന്നവരെ വെറുക്കുകയും എതിർക്കുകയും ചെയ്യുന്നവർ തിന്മയിൽ ആണ്ടുപോകുന്നു.

രോഗം മൂർഛിച്ചിട്ടും ആസാ വൈദ്യന്മാരില്ലാതെ കർത്താവിൽ ആശ്രയിച്ചില്ല എന്ന പ്രസ്താവന വലിയൊരു പാഠം ഉൾക്കൊള്ളുന്നു. രോഗം വരുമ്പോൾ ചികിത്സ ചെയ്യേണ്ടതില്ല എന്ന് ഇത് അർത്ഥമാക്കുന്നില്ല. രോഗശാന്തിക്കുതകുന്ന ഔഷധങ്ങൾ സൃഷ്ടിച്ചതും ദൈവമാണ് (പ്രഭാ 38,1-9). എന്നാൽ ആത്യന്തികമായി ദൈവമാണ് സൗഖ്യം നല്കുന്നത് എന്ന കാര്യം മറക്കാതെ, പ്രാർത്ഥന വഴി ദൈവത്തിൽ അഭയം തേടാൻ പ്രേരിപ്പിക്കുകയാണ് ഈ പ്രസ്താവനയുടെ ലക്ഷ്യം. രോഗശാന്തിക്ക് ചികിത്സയും വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയും ആവശ്യമാണ്.

'നിങ്ങൾ അവിടുത്തെ അന്വേഷിച്ചാൽ കണ്ടെത്തും' എന്ന അസറിയാ പ്രവാചകന്റെ ഉപദേശം എന്നും പ്രസക്തമാണ്. പ്രതിസന്ധികളിൽ മാത്രമല്ല, ജീവിതകാലം മുഴുവൻ കർത്താവിനെ അന്വേഷിക്കണം. ഓരോ ദിവസവും പൂർണ്ണ ഹൃദയത്തോടെ കർത്താവിന്റെ തിരുസാന്നിധ്യം



തേടുകയും തിരുഹിതം അറിഞ്ഞ് അനുസരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ അവിടുത്തെ കണ്ടെത്തുക തന്നെ ചെയ്യും.

### e. ഇസ്രായേലിലെ ആറു രാജാക്കന്മാർ 1 രാജാ 15,25-16,34

ദാവീദു രാജവംശത്തിന്റെ കീഴിൽ തെക്കൻ രാജ്യമായ യൂദായ്ക്ക് ഭരണകാര്യത്തിൽ സ്ഥിരതയുണ്ടായിരുന്നു. 41 വർഷം രാജ്യം ഭരിച്ച ആസായുടെ ഭരണകാലത്ത് വടക്കൻ രാജ്യമായ ഇസ്രായേലിൽ മൂന്നു രാജകുടുംബങ്ങളിൽ നിന്നായി ആറുപേർ ഭരണം നടത്തി. അതിൽ മൂന്നുപേർ ആഭ്യന്തര കലാപങ്ങളിൽ കൊല്ലപ്പെട്ടു. ഇസ്രായേൽ രാജാക്കന്മാരുടെ നേട്ടങ്ങളെക്കുറിച്ച് ഒന്നുംതന്നെ വി.ഗ്രന്ഥകാരൻ പറയുന്നില്ല. ആദ്യത്തെ രാജാവായ ജെറൊബൊവാമിനോടു താരതമ്യം ചെയ്ത്, ഓരോരുത്തരും തന്റെ മുൻഗാമിയേക്കാൾ കൂടുതൽ തിന്മ പ്രവർത്തിച്ചു എന്ന വിലയിരുത്തലാണ് ഓരോ രാജാവിനെക്കുറിച്ചും നല്കുന്നത്.

വിഗ്രഹാരാധന വഴി കർത്താവിനോട് അവിശ്വസ്തത കാട്ടിയതാണ് വടക്കൻ രാജ്യത്തിന്റെ അസ്ഥിരതയ്ക്കും അവിടെ നടന്ന കൊലപാതകങ്ങൾക്കും കാരണം എന്ന വി.ഗ്രന്ഥകാരന്റെ വിലയിരുത്തൽ ഓരോ രാജാക്കന്മാരെക്കുറിച്ചും നല്കുന്നുണ്ട്. ഇത് ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരു വിശകലനമാണ്. എന്നാൽ വടക്കൻ രാജ്യത്തിന്റെ അസ്ഥിരതയ്ക്ക് രാഷ്ട്രീയവും സാമൂഹികവുമായ കാരണങ്ങളും ഉണ്ടായിരുന്നു.

യൂദാ ഒറ്റ ഗോത്രം മാത്രമായിരുന്നതിനാൽ ജനങ്ങൾ തമ്മിലുള്ള ഐക്യം പ്രായേണ എളുപ്പമായിരുന്നു. ദാവീദു ഭവനത്തെ രാജകുടുംബമായി സ്വീകരിക്കാൻ അവർ പൊതുവേ സന്നദ്ധരുമായിരുന്നു. എന്നാൽ വടക്കൻ രാജ്യമായ ഇസ്രായേൽ അനേകം ഗോത്രങ്ങളുടെ ഒരു കൂട്ടായ്മയായിരുന്നു. തന്നെയുമല്ല, ഇസ്രായേൽ ഗോത്രത്തിൽ പെടാത്ത കാനാൻകാരും ആ രാജ്യത്തു ധാരാളമുണ്ടായിരുന്നു. രാജഭരണത്തിന്റെ ഗുണവശങ്ങളായ സംരക്ഷണവും സമൃദ്ധിയും സ്വാഗതം ചെയ്തപ്പോഴും തങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും അടിയറ വയ്ക്കാൻ ഗോത്രങ്ങൾ തയ്യാറായിരുന്നില്ല. രാജഭരണവും ഗോത്ര സ്വാതന്ത്ര്യവും തമ്മിലുള്ള സംഘട്ടനം ഇസ്രായേലിന്റെ അസ്ഥിരതയ്ക്ക് ഒരു മുഖ്യകാരണമായിരുന്നു. ഗോത്രങ്ങൾ തമ്മിലുള്ള ഐക്യം യൂദായിലേതുപോലെ ദൃഢമായിരുന്നില്ല. അതിനും പുറമേ ദാവീദിനെപ്പോലെ ഒരു സ്ഥാപക നേതാവ് ഇസ്രായേലിന് അവകാശപ്പെടാനുണ്ടായിരുന്നില്ല.

പ്രതിസന്ധികളിൽ അനുയോജ്യനെന്നു തോന്നിയ ഒരു നേതാ

വിനെ രാജാവാക്കാൻ അവർ സന്നദ്ധരായിരുന്നു. പ്രവാചകന്മാർ അതിനു പിന്തുണ നല്കുകയും ചെയ്തു. എന്നാൽ തങ്ങൾ രാജാവായി തിരഞ്ഞെടുത്ത ആളിന്റെ പുത്രനെ രാജാവായി സ്വീകരിക്കാനോ അയളുടെ രാജവംശത്തെ അംഗീകരിക്കാനോ അവർ തയ്യാറായിരുന്നില്ല. ജെറൊബൊവാമിനെ രാജാവായി സ്വീകരിച്ചവർ അയാളുടെ പുത്രനെ അംഗീകരിച്ചില്ല. ബാഷായെ രാജാവാക്കാൻ പ്രവാചകന്മാർ തന്നെ മുൻകൈ എടുത്തെങ്കിലും അയാളുടെ പുത്രനു പിന്തുണ ലഭിച്ചില്ല. സാഹചര്യത്തിനൊത്തുയരുന്ന കരിസ്മാറ്റിക് നേതൃത്വമാണ് വടക്കൻ ഗോത്രങ്ങൾ സ്വാഗതം ചെയ്തത്. ഈ നിലപാട് അതിരൂക്ഷമായ ആഭ്യന്തര കലാപങ്ങൾക്കു വഴി തെളിച്ചതേയുള്ളൂ. ബാഷായുടെ പുത്രനായ ഏലായെ വധിച്ച സേനാധിപൻ സിമ്രിക്ക് ഏഴു ദിവസമേ ഭരിക്കാൻ കഴിഞ്ഞുള്ളൂ. ഓമ്രി, തിബ്നി എന്ന രണ്ടു സേനാധിപന്മാർ തമ്മിൽ സിംഹാസനത്തിനുവേണ്ടി യുദ്ധം നടന്നു. ആ യുദ്ധത്തിൽ ഓമ്രിയാണ് ഇസ്രായേലിൽ സമാധാനം പുനഃസ്ഥാപിച്ചതും രാജ്യത്തിനു സൈനികവും സാമ്പത്തികവുമായ ഉറച്ച അടിത്തറ പാകിയതും. ഓമ്രി സ്ഥാപിച്ച രാജവംശം മൂന്നു തലമുറയായി ഏകദേശം അരനൂറ്റാണ്ടു നിലനിന്നു.

### i. നാദാബ് (ബി.സി. 910-909) 1രാജാ 15,25-32

ജെറൊബൊവാമിന്റെ പുത്രനായ നാദാബ് രണ്ടു വർഷം മാത്രമാണ് ഇസ്രായേലിൽ ഭരിച്ചത്. ഇസ്രായേലിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിൽ ദാൻ ഗോത്രത്തിനു നല്കപ്പെട്ട ഒരു നഗരമായിരുന്നു ഗിബത്തോൺ (ജോഷ്വാ 19,44). എന്നാൽ പില്ക്കാലത്ത് അത് ഫിലിസ്ത്യരുടെ കീഴിലായി. ആ നഗരം വീണ്ടെടുക്കാൻ വേണ്ടി നടന്ന യുദ്ധത്തിനിടയിൽ നാദാബിനെ സ്വന്തം സൈന്യാധിപനായ ബാഷാ വധിച്ചു (1 രാജാ 15,27). അഹിയാ പ്രവാചകൻ അറിയിച്ച കർത്താവിന്റെ വചനം അനുസരിച്ചാണ് ഇതു സംഭവിച്ചത് എന്നും ജെറോബൊവാമിന്റെ അവിശ്വസ്തതയാണ് ഇതിനു കാരണം എന്നും എടുത്തുപറയുന്നു (1 രാജാ 15,29-30).

### ii. ബാഷാ (ബി.സി. 909-886) 1 രാജാ 15,33-16,7

24 വർഷം ദീർഘിച്ച ബാഷായുടെ ഭരണത്തെക്കുറിച്ച് ഹനനിയായുടെ പുത്രനായ യേഹു പ്രവാചകൻ വഴി അറിയിക്കുന്ന കുറ്റോരോപണവും ശിക്ഷാവിധിയുമല്ലാതെ മറ്റൊന്നും പറയുന്നില്ല. യൂദായ്ക്കെതിരേ അയാൾ നടത്തിയ ആക്രമണത്തെക്കുറിച്ച് ആസായുടെ ചരിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത് നാം കണ്ടുകഴിഞ്ഞു. ബാഷായ്ക്കെതിരേ അവതരിപ്പിക്കുന്ന കുറ്റപത്രത്തിൽ (1 രാജാ 16,2) അയാൾ ജെറൊബൊവാമിനെ അനുകരിച്ചു എന്നല്ലാതെ എന്താണു ചെയ്തതെന്നു വ്യക്തമാക്കുന്നില്ല. അയാളുടെമേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധി (1 രാജാ 16,3-4) പിന്നീട് ഏലിയാ ആഹാബിനെതിരേയുള്ള ശിക്ഷാവിധിയിൽ ഉപയോഗിക്കുന്നതു കണാം( 1 രാജാ 21,24).

### iii. ഏലാ (ബി.സി. 886-885) 1 രാജാ 16,8-14)

ഇസ്രായേൽ സൈന്യം ഫിലിസ്ത്യ നഗരമായ ഗിബത്തോണിനെതിരേ യുദ്ധം ചെയ്തപ്പോൾ രാജാവായ ഏലാ തന്റെ ഒരു ഉദ്യോഗസ്ഥന്റെ ഭവനത്തിൽ മദ്യപിച്ചു ലക്കില്ലാതെ കിടക്കുകയായിരുന്നു. അത് അയാളെ വധിക്കാൻ ഒരു സേനാധിപനു സൗകര്യം നല്കി. ജനത്തെ വിഗ്രഹാരാധനയിലേക്കു നയിച്ചു എന്ന പൊതു ആരോപണം ഏലായ്ക്കെതിരേയും ഉന്നയിക്കുന്നു. ബാഷാ കുടുംബത്തിനെതിരേ യേഹു പ്രവാചകൻ പ്രഖ്യാപിച്ച കർത്താവിന്റെ ശിക്ഷാവിധി നിറവേറി. രണ്ടാമത്തെ രാജകുടുംബവും തുടച്ചുമാറ്റപ്പെട്ടു.

### iv. സിമ്രി (ബി.സി 885) 1 രാജാ 16,15-20

ഏലായുടെ കൊലപാതകത്തെത്തുടർന്ന് ഇസ്രായേൽ ആഭ്യന്തര കലാപത്തിൽ ആണ്ടുപോയി. തലസ്ഥാനമായ തിർസായിൽ സിമ്രി രാജാവായെങ്കിലും അയാൾക്കു പ്രവാചകന്മാരുടെയോ ജനത്തിന്റെയോ സൈന്യത്തിന്റെയോ പോലുമോ പിന്തുണ ലഭിച്ചില്ല. ഗിബത്തോണിലെ രണഭൂമിയിൽ വച്ച് സൈന്യം തങ്ങളുടെ നായകനായ ഓമ്രിയെ രാജാവായി പ്രഖ്യാപിച്ചു. തന്റെ നില അപകടത്തിലാണെന്നു മനസിലാക്കിയ സിമ്രി വെറും ഏഴു ദിവസം ദീർഘിച്ച രാജഭരണത്തിന് ആത്മഹത്യയിലൂടെ അന്ത്യം കുറിച്ചു.

### v. ഓമ്രി (ബി.സി. 885-874) 1 രാജാ 16,21-28)

തലസ്ഥാനം കീഴടക്കിയെങ്കിലും നാലുവർഷത്തെ ആഭ്യന്തര യുദ്ധത്തിനുശേഷമാണ് ഓമ്രിക്കു വടക്കൻ ഗോത്രങ്ങളുടെ മുഴുവൻ രാജാവാകാൻ കഴിഞ്ഞത്. തലസ്ഥാനം സമറിയായിലേക്കു മാറ്റി എന്നു മാത്രമേ വി.ഗ്രന്ഥകാരൻ ഓമ്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പറയുന്നുള്ളൂ. എന്നാൽ ഇസായേലിനെ ഭരിച്ച വലിയ രാജാക്കന്മാരിൽ ഒരാളായിരുന്നു ഓമ്രി എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. സമകാലിക അസീറിയൻ രേഖകളിൽ "ഓമ്രിയുടെ ഭവനം" എന്നാണ് ഇസ്രായേൽ രാജ്യത്തെ വിശേഷിപ്പിക്കുന്നത്.

ദാവീദിന്റെ ധീരതയും യുദ്ധനൈപുണ്യവും ദീർഘവീക്ഷണവും, സോളമന്റെ നയതന്ത്ര പാടവവും ഒത്തിണങ്ങിയ ഒരു വലിയ നേതാവാ

യിരുന്നു ഓമ്രി. ദാവീദ് ജെറുസലെം കീഴടക്കി തലസ്ഥാനമാക്കിയതു പോലെയാണ് ഓമ്രി സമറിയാമല വിലയ്ക്കു വാങ്ങി ഇസ്രായേലിന്റെ തലസ്ഥാന നഗരം പണിതത്. ഷെക്കെമിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ വടക്ക്, രാജപാതയുടെ സമീപം ഉയർന്നു നില്ക്കുന്ന വലിയ മലയാണ് സമറിയാ. ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കാനും ദേശത്തിന്റെ തെക്കുവടക്കുള്ള ഗതാഗതത്തെ നിയന്ത്രിക്കാനും ഏറ്റം ഉചിതമായ സ്ഥലമാണിത്. ഓമ്രിയും മകൻ ആഹാബും അവിടെ പണിയിച്ച കോട്ട ഏറ്റം ബലവത്തായ കോട്ടയായിരുന്നു. ഏതാണ്ട് ഒന്നര നൂറ്റാണ്ടിനുശേഷം ഇസ്രായേലിനെ ആക്രമിച്ച അസീറിയൻ സൈന്യത്തിന് രണ്ടു വർഷത്തെ ഉപരോധത്തിനു ശേഷമേ സമറിയാ കീഴടക്കാൻ കഴിഞ്ഞുള്ളൂ എന്നത് കോട്ടയുടെ ബലത്തിനും സംരക്ഷണ ക്ഷമതയ്ക്കും തെളിവാണ്. ഇസ്രായേലിലെ ഒരു ഗോത്രത്തിനും സ്വന്തമെന്ന് അവകാശപ്പെടാൻ കഴിയാത്ത സമറിയാ തലസ്ഥാനമാക്കിയത് എല്ലാ ഗോത്രങ്ങളോടും തുല്യഅകലം പാലിക്കാൻ സഹായിച്ചു.

അയൽ രാജ്യങ്ങളുമായി പുലർത്തിയ ബന്ധത്തിൽ ഓമ്രിയുടെ നയതന്ത്ര പാടവും പ്രകടമാകുന്നു. മധ്യധരണ്യാഴി തീരത്തെ ടയിർ വലിയൊരു അന്താരാഷ്ട്ര ശക്തിയായി വളർന്നു കഴിഞ്ഞിരുന്നു. ടയിർ രാജാവായ ഇത്തോബാലിന്റെ മകളെ തന്റെ മകനു ഭാര്യയായി നല്കിക്കൊണ്ട് ഇരു രാജ്യങ്ങളും തമ്മിൽ ഉടമ്പടി ഉണ്ടാക്കിയത് സോളമന്റെ നയതന്ത്രത്തെ അനുസ്മരിപ്പിക്കുന്നു. അമ്പതു വർഷത്തിലേറെ ഇസ്രായേലും യൂദായും തമ്മിൽ നിരന്തരയുദ്ധം നടന്നത് നാം കണ്ടുകഴിഞ്ഞു. സഹോദര രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം ഇരുകൂട്ടർക്കും കനത്ത നാശനഷ്ടങ്ങൾ വരുത്തിവച്ചു. ഒരു കക്ഷിക്കും വിജയം ലഭിക്കാത്തതും ഇരുകൂട്ടരെയും നശിപ്പിക്കുന്നതുമായ ഈ യുദ്ധങ്ങൾക്ക് അവസാനംക്കുറിച്ചത് ഓമ്രിയാണ്. യൂദായുമായി അയാൾ തുടങ്ങിവച്ച സഖ്യം പുത്രൻ ആഹാബ് ഒരു വിവാഹ ഉടമ്പടിയിലൂടെ കൂടുതൽ ബലപ്പെടുത്തി (2 രാജാ 8,18).

തെക്കും പടിഞ്ഞാറും അതിർത്തികൾ സഖ്യങ്ങളിലൂടെ സുരക്ഷിതമാക്കിയതിനുശേഷം ഓമ്രി വടക്കും കിഴക്കുമുള്ള അതിർത്തികളിലേക്ക് ശ്രദ്ധ തിരിച്ചു. സിറിയായുടെ ആധിപത്യത്തെ ഒതുക്കി നിർത്താനും ജോർദ്ദാന് കിഴക്ക് ഇസ്രായേലിനു നഷ്ടപ്പെട്ട പ്രദേശങ്ങളിൽ അമ്മോന്യരാജ്യം ഒഴികെ ബാക്കി മുഴുവൻ തിരിച്ചു പിടിക്കാനും അയാൾക്ക് കഴിഞ്ഞു. ഓമ്രി മൊവാബ്യരെ കീഴടക്കി സാമന്തരാക്കിയെന്നും ആഹാബിന്റെ കാലത്തും ഈ നില തുടർന്നുവെന്നും മൊവാബ്യ രാജവായുടെ



മെഷായുടെ ഒരു ശിലാലിഖിതത്തിൽ കാണുന്നു. ബി.സി. 840 നും 820 നും ഇടയ്ക്കാണ് ഇതെഴുതപ്പെട്ടത്. സാമാന്യം കെട്ടുറപ്പുള്ളതും ശക്തവുമായ ഒരു രാജ്യമാണ് ഓമ്രി പുത്രനു കൈമാറിയത്.

### iv. ആഹാബ് (ബി.സി. 874-853) 1 രാജാ 16,29-34

ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്ന വ്യക്തിയാണ് ഓമ്രിയുടെ മകൻ ആഹാബ്. രാജാക്കന്മാരുടെ പുസ്തകത്തിലെ അടുത്ത ഏഴ് അധ്യായങ്ങൾ അയാളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവരണത്തിനായി മാറ്റി വച്ചിരിക്കുന്നു. പ്രവാചകന്മാരിൽ അഗ്രഗണ്യനായ ഏലിയായുടെ രംഗ പ്രവേശനമാണ് ആഹാബിനെ പ്രശസ്തനാക്കിയത്. ആഹാബ് ടയിർ രാജാവിന്റെ മകളെ വിവാഹം ചെയ്തത് മറ്റെല്ലാ അതിക്രമങ്ങളെയുംകാൾ ഹീനമായ കുറ്റമായി ഇവിടെ എടുത്തുകാട്ടുന്നു (1 രാജാ 16,31). 'പിതാവിന്റെ സഹോദരൻ', 'പിതാവിനെപ്പോലുള്ളവൻ' എന്നാണ് ആഹാബ് എന്ന പേരിന്റെ അർത്ഥം. 'ബാൽ ഉണ്ട് എന്ന അർത്ഥമാണ് 'എത്ബാൽ' എന്ന പേരിനുള്ളത്. 'എവിടെയാണ് ബാൽ എന്ന ചോദ്യമാണ് 'ജെസബെൽ' എന്ന പേര്. അപ്രത്യക്ഷനായ ബാലിനെ അന്വേഷിക്കുന്നതായി കാനാൻകാർ നടത്തിയിരുന്ന ആരാധനോത്സവത്തിൽ നിന്നാണ് ഈ പേരുണ്ടായത്.

ജെസബെലിന്റെ സ്വാധീനത്തിലായ ആഹാബ് തലസ്ഥാന നഗരിയായി സമറിയായിൽ ബാൽ ക്ഷേത്രം പണിയുകയും അവിടെ ആരാധനയർപ്പിക്കുകയും ചെയ്തത് പ്രത്യക്ഷമായ വിശ്വാസ ത്യാഗമായിരുന്നു ജറോബൊവാം കാളക്കുട്ടികളെ പ്രതിഷ്ഠിച്ചപ്പോഴും അത് യാഹ്വേയുടെ സാന്നിധ്യത്തിന്റെ അടയാളമായിട്ടാണ് കണ്ടത്. ആഹാബാകട്ടെ ബാലിനും അഷേറായ്ക്കും ആരാധനയർപ്പിക്കാൻ തുടങ്ങി. ഏറെ താമസിയാതെ, ബാൽ ആരാധന ഒരു ദേശീയ നയമായി അവതരിപ്പിക്കുകയും യാഹ്വേയ്ക്ക് ആരാധന അർപ്പിക്കുന്നതു തന്നെ കുറ്റകരമായി പ്രഖ്യാപിക്കുകയും ചെയ്തു. ബെഥേലിലെ ഹിയേൽ ജെറീക്കോ പുതുക്കി പണിതതും കർത്താവിനോടുള്ള ആഹാബിന്റെ അവിശ്വസ്തതയുടെ അടയാളമായി ചിത്രീകരിച്ചിരിക്കുന്നു (1 രാജാ 16,34). ശാപത്തോടെ ജോഷ്വാ വിലക്കു കല്പിച്ചിരുന്ന ജെറീക്കോയുടെ പുനർനിർമ്മാണം (ജോഷ്വാ 6,26) ആഹാബിന്റെ അംഗീകാരത്തോടെയാണ് നടന്നത് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ജോഷ്വായുടെ ശാപം നിറവേറിയെന്ന് എടുത്തു പറയുകയും ചെയ്യുന്നു. ആഹാബിന്റെ പ്രവർത്തനങ്ങൾ അടുത്ത അധ്യായത്തിൽ കൂടുതൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

### ചോദ്യങ്ങൾ

1. ഇസ്രായേൽ സാമ്രാജ്യം പിളരാനുണ്ടായ കാരണങ്ങൾ ഏവ?
2. ജെറൊബൊവാമിനെതിരേ വി.ഗ്രന്ഥകാരൻ നിരത്തുന്ന ആരോപണങ്ങൾ ഏവ?
3. യൂദാ രാജാക്കന്മാരെ ദാവീദിനോടും ഇസ്രായേൽ രാജാക്കന്മാരെ ജെറൊബൊവാമിനോടും താരതമ്യം ചെയ്യുന്നതിനു കാരണമെന്ത്?
4. പഠന വിഷയമായ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട പ്രവാചകന്മാർ ആരെല്ലാം?
5. ബെഥേലിലേക്കു വന്ന പ്രവാചകന്റെ അനുഭവങ്ങളിൽ നിന്ന് പ്രവാചക ദൗത്യത്തെക്കുറിച്ച് എന്തുപാഠമാണ് ലഭിക്കുന്നത്?
6. ജെറൊബൊവാമിന്റെയും സാവൂളിന്റെയും ജീവിതങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
7. ആരാണ് അഷേറാ? എന്താണ് അഷേറാ പ്രതിഷ്ഠകൾ?
8. വിഗ്രഹാരാധനയെ വേശ്യാവൃത്തിയായി ചിത്രീകരിക്കുന്നതെന്തുകൊണ്ട്?
9. വടക്കൻ രാജ്യമായ ഇസ്രായേലിൽ ഭരണകാര്യത്തിലെ അസ്ഥിരതയ്ക്കുണ്ടായ കാരണങ്ങൾ വിശകലനം ചെയ്യുക.
10. ആസാ രാജാവിനെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത പുസ്തകത്തിലും നല്കിയിരിക്കുന്ന വിവരണങ്ങൾ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടുക.

**ചർച്ചയ്ക്ക്:** നേതൃത്വത്തിന്റെ നിഷേധാത്മകമായ ഒരു മാതൃകയാണ് റെഹൊബൊവാം. അയാളുടെ പ്രവർത്തന ശൈലിയും തീരുമാനങ്ങളും അപഗ്രഥിച്ച് പാളിച്ചകൾ കണ്ടുപിടിക്കുക. ഇപ്രകാരമുള്ള നേതാക്കന്മാർ ഇന്ന് സഭയിലും രാഷ്ട്രത്തിലും ഉണ്ടോ? നിങ്ങളുടെ തന്നെ ജീവിതത്തിൽ റെഹൊബൊവാമിന്റെ ശൈലി സ്വീകരിക്കാറുണ്ടോ?

2. എന്തിനു വേണ്ടിയാണ് ജെറൊബൊവാം തീർത്ഥാടന കേന്ദ്രങ്ങൾ നിർമ്മിച്ചത്? അയാളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇന്നത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്രതിഫലിക്കുന്നുണ്ടോ? തീർത്ഥാടങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

**പ്രാർത്ഥന: 89-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.**



# 2. ഏലിയാ പ്രവാചകൻ

## 1 രാജാ 17,1-2 രാജാ 2,12; 2 ദിന 17-20

ബൈബിളിലെ അടുത്ത എട്ട് അധ്യായങ്ങൾ മുഖ്യമായും എലിയാ പ്രവാചകനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിക്കുന്നത്. തികച്ചും ആകസ്മികവും നാടകീയവുമായ വിധത്തിലുള്ള പ്രവാചകന്റെ രംഗപ്രവേശത്തോടെ ആരംഭിക്കുന്ന വിവരണം അദ്ദേഹത്തിന്റെ അത്ഭുതകരമായ തിരോധാനത്തോടെ സമാപിക്കുന്നു. ആഹാബ് രാജാവിന്റെ ഭരണ പശ്ചാത്തലത്തിലാണ് ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്നത്. ആഹാബിന്റെ സമകാലികനായ യൂദാ രാജാവ് യഹോഷാഫാത്തിനെയും ആഹാബിന്റെ പുത്രൻ അഹസിയായെയുംക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ ചുരുക്കമായി പ്രതിപാദിക്കുന്നുണ്ട്. മിക്കായാ, യേഹു, യെഹസിയേൽ, ഏലീഷാ, പേരു പറയാത്ത മറ്റു മൂന്നു പ്രവാചകന്മാർ എന്നിവരും ഈ ഭാഗത്ത് പരാമർശവിഷയമാകുന്നുണ്ടെങ്കിലും രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണത്തിൽ നിറഞ്ഞു നില്ക്കുന്നത് ഏലിയാ പ്രവാചകനാണ്. ഈ കാലഘട്ടത്തിന്റെ ചരിത്രം വിവരിക്കുന്ന ദിന വൃത്താന്ത ഗ്രന്ഥത്തിൽ യഹോഷാഫാത്തിന്റെ പ്രവർത്തനങ്ങളാണ് എടുത്തു കാട്ടുന്നത്. ഏലിയായെക്കുറിച്ച് ഒരു സൂചനപോലും നല്കുന്നില്ല. ഏലിയായുടെ പ്രവർത്തനങ്ങളും അതുവഴി നല്കപ്പെടുന്ന സന്ദേശവും ഗ്രഹിക്കാൻ ആ കാലഘട്ടത്തിന്റെ പ്രത്യേകതകൾ മനസിലാക്കുന്നതു സഹായകമായിരിക്കും.

### ചരിത്രപശ്ചാത്തലം

ഇസ്രയേലിൽ നടമാടിയിരുന്ന ആഭ്യന്തര കലാപങ്ങൾക്ക് അറുതി വരുത്തി സൈന്യാധിപനായ ഓമ്രി രാജഭരണം തുടങ്ങിയതും അദ്ദേഹം ഗണ്യമായ ചില നേട്ടങ്ങൾ കൈവരിച്ചതും കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. ഓമ്രി കുടുംബത്തിന്റെ ഭരണം ഏകദേശം അമ്പതു വർഷം നീണ്ടുനിന്നു. യൂദായുടെ ടയിറുമായി സമാധാനം സ്ഥാപിച്ചത് ദേശത്തിനു സമാധാനവും സമൃദ്ധിയും സംഭാവന ചെയ്തു. ആഹാബിന്റെ കാലത്തു രാജാവിന് തലസ്ഥാന നഗരമായ സമരിയായ്ക്കു പുറമേ ജെസ്രേലിൽ ഒരു വേനൽക്കാല വസതിയുമുണ്ടായിരുന്നു. രണ്ടു കൊട്ടാരങ്ങൾ രാജാവിന്റെ സമ്പത്തിനുള്ള സാക്ഷ്യമാണ്. പലസ്തീനായിലെ ഏറ്റം ശക്തവും മനോഹരവുമായ കോട്ടയായിരുന്നു സമരിയാ.

രാജകൊട്ടാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ ആനക്കൊമ്പു പതിച്ച ഗൃഹഭാഗങ്ങൾ പുരാവസ്തു ഗവേഷകവന്മാർ കണ്ടെത്തിയിട്ടുണ്ട്. ആഹാബിന്റെ "ദന്തഗൃഹ'ത്തെക്കുറിച്ചുള്ള ബൈബിളിലെ പരാമർശം (1 രാജാ 22,39 ഒരു സങ്കല്പ സൃഷ്ടിയല്ലെന്ന് ഇതുതെളിയിക്കുന്നു. സമ്പത്തിലും പ്രൗഢിയിയലും സോളമന്റെ ഒപ്പം എത്താൻ കഴിഞ്ഞില്ലെങ്കിലും ആഹാബിന്റെ കൊട്ടാരം അക്കാര്യത്തിൽ ഏറെ പിന്നിലായിരുന്നില്ല.

രാജാവ് ദന്തഗോപുരത്തിൽ വസിച്ചപ്പോൾ ജനത്തിൽ ഭൂരിഭാഗവും കടുത്ത ദാരിദ്ര്യത്തിലായിരുന്നു. തുടർച്ചയായ വരൾച്ചമൂലം നാട്ടിൽ കടുത്ത ക്ഷാമമുണ്ടായി (1 രാജാ 17,12). ക്ഷാമവും പട്ടിണിയും ദരിദ്രരെയാണല്ലോ ഏറ്റവും കൂടുതൽ ബാധിക്കുക. കൃഷിനാശം മൂലം കടം വാങ്ങാൻ നിർബന്ധിതരായ ചെറുകിട കർഷകർക്ക് വളരെവേഗം തങ്ങളുടെ കൃഷി ഭൂമിതന്നെ നഷ്ടപ്പെട്ടു. വീട്ടാൻ കഴിയാത്ത കടത്തിന്റെ പേരിൽ പലരും അടിമകളാക്കപ്പെട്ടു (2 രാജാ 4,1). പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും സമ്പന്നർക്കു തങ്ങളുടെ ആസ്തികൾ വർദ്ധിപ്പിക്കാനുള്ള അവസരങ്ങളായി. ഇതിനും പുറമെ രാജാവ് തനിക്ക് ഇഷ്ടപ്പെട്ട സ്ഥലങ്ങൾ ജപ്തിചെയ്യാനും വേണ്ടി വന്നാൽ അതിനായി ഭൂവുടമയെ കൊല്ലാനും മടിച്ചില്ല. നാബോത്തിന്റെ അനുഭവം ഒറ്റപ്പെട്ട സംഭവമായിരുന്നിരിക്കില്ല. രാജാവിന്റെ മാതൃക ഉയർന്ന രാജകീയോദ്യോഗസ്ഥന്മാരും നാട്ടിലെ സമ്പന്നരും അനുകരിച്ചു. സാമ്പത്തികവും സാമൂഹികവുമായ തലത്തിൽ സോളമന്റെ കാലത്തു തുടങ്ങിയ ഉച്ചനീചത്വം കൂടുതൽ രൂക്ഷമായി. ആമോസ് പ്രവാചകൻ അപലപിക്കുന്ന അനീതികൾ ആഹാബിന്റെ കാലത്തുതന്നെ ഗൗരവാവഹമായിത്തീർന്നിരുന്നു.

ജെസബെലിന്റെ സ്വാധീനത്താൽ മതമേഖലയിൽ വന്ന മാറ്റങ്ങൾ ഈ ഉച്ച നീചത്വങ്ങൾക്ക് ആക്കം കൂട്ടി. ഫലപുഷ്ടിയുടെ ദേവതകളായ ബാലിനെയും അഷേറായെയും ആരാധിക്കുന്നവളായിരുന്നു ജെസബെൽ ആഘോഷങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനിന്ന അവളുടെ മതാത്മകകതയിൽ സാമൂഹിക നീതിക്കു സ്ഥാനമുണ്ടായിരുന്നില്ല. കാഴ്ചകൾ സ്വീകരിച്ച് അനുഗ്രഹങ്ങൾ വർഷിക്കുന്നവരാണ് അവൾ അവൾ ആരാധിച്ചിരുന്ന ദേവന്മാർ. ജനത്തിനു നീതി നടത്തിക്കൊടുക്കുക എന്നത് അവളുടെ ദൈവങ്ങളുടെയോ മതത്തിന്റെയോ കടമയായിരുന്നില്ല. അടിമകൾക്കു വിടുതലും പാവങ്ങൾക്കു നീതിയും നല്കുന്ന യാഹ്വേയിൽ നിന്നു തികച്ചും വ്യത്യസ്തരായിരുന്നു ആ ദൈവങ്ങൾ. യാഹ്വേയുടെ ഉടമ്പടിയോ ഉടമ്പടിയുടെ നിയമങ്ങളോ സ്വീകരിക്കാൻ ജെസബെൽ തയ്യാറായിരുന്നില്ല.

ശക്തനായ ടയിർ രാജാവിന്റെ മകളെ പ്രീതിപ്പെടുത്താൻവേണ്ടി



നട്ടെല്ലു വളച്ചുകൊടുത്ത ആഹാബ് തലസ്ഥാന നഗരിയിൽ ബാൽ ക്ഷേത്രം പണിതു. മരുഭൂമിയുടെ കാർക്കശ്യം നിറഞ്ഞുനിന്ന യാഹ്വേ ആരാധനയേക്കാൾ മേളക്കൊഴുപ്പുള്ള ബാൽ ആരാധനയും ഉത്സവാഘോഷങ്ങളും ഇസ്രയേലിൽ പലർക്കും കൂടുതൽ ആകർഷകമായി അനുഭവപ്പെട്ടു. ദേശത്തുണ്ടായിരുന്ന കാനാൻകാർ ഈ ആരാധനയെ പ്രോത്സാഹിപ്പിച്ചു. സാവകാശം നാടുമുഴുവൻ ബാൽ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും കൊണ്ടു നിറഞ്ഞു.

സാമൂഹികവും സാമ്പത്തികവും സർവ്വോപരി മതാത്മകവുമായ മേഖലയിൽ വന്ന ഈ മാറ്റങ്ങളെ ജനം ഒന്നടങ്കം അതേപടി അംഗീകരിക്കാൻ തയ്യാറായില്ല. യാഹ്വേയിലുള്ള വിശ്വാസത്തെ മുറുകെപ്പിടിച്ചവർ തങ്ങളുടെ വിശ്വാസത്തിന്മേലുള്ള ഈ കടന്നാക്രമണത്തെ ചെറുത്തു. രാജഭരണത്തിനെതിരേ പ്രതിരോധനിരകൾ ഉയർന്നു. പ്രവാചകന്മാർ എന്ന പേരിൽ അറിയപ്പെടുന്ന തീക്ഷ്ണമതികളായ യാഹ്വേ വിശ്വാസികൾ ഈ പ്രതിരോധത്തിന് നേതൃത്വം നല്കി. ഇത് ശക്തമായ അടിച്ചമർത്തലിനു വഴിയൊരുക്കി. ബാൽ രാജ്യത്തിന്റെ ദൈവമായി പ്രഖ്യാപിക്കപ്പെട്ടു. ബാൽ ആരാധന നിർബന്ധമാക്കി. യാഹ്വേയെ ആരാധിക്കുന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായിത്തീർന്നു. എതിർത്തവർ നിഷ്കരുണം വധിക്കപ്പെട്ടു. യാഹ്വേയുടെ ബലിപീഠങ്ങൾ തകർക്കപ്പെട്ടു.

ഇതു ജനത്തിനിടയിൽ വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചു. ഭരണകൂടത്തിന്റെ സകല സംവിധാനങ്ങളും തന്ത്രങ്ങളും ഉപയോഗിച്ചു നടത്തപ്പെട്ട ബാൽ ആരാധനയുടെ പ്രചരണവും യാഹ്വേ വിശ്വാസികൾക്കെതിരേയുള്ള അടിച്ചമർത്തലും അനേകരുടെ വിശ്വാസത്യാഗത്തിനു കാരണമായി. ജെസബെലിന്റെ ശമ്പളം പറ്റുന്ന പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും സംഖ്യ അനുദിനം പെരുകി. യാഹ്വേയിലുള്ള വിശ്വാസം കാത്തുസൂക്ഷിച്ച പ്രവാചകർ ഒളിവിലായി. രാജാവിന്റെ നീക്കങ്ങൾക്കെതിരേ നാവനക്കാർ ആരും ധൈര്യപ്പെട്ടില്ല. ഈ സാഹചര്യത്തിലാണ് തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ ഏലിയാ പ്രവാചകൻ രംഗപ്രവേശം ചെയ്തത്.

പഴയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ഏറ്റം വലിയ പ്രവാചകനാണ് ഏലിയാ. പ്രവാചകന്മാരുടെ മുഴുവൻ പ്രതീകവും പ്രതിനിധിയുമായി അദ്ദേഹം നിലകൊള്ളുന്നു. യാഹ്വേയിലുള്ള അടിപതറാത്ത വിശ്വാസവും സീനായ് ഉടമ്പടിയോടുള്ള വിട്ടുവീഴ്ചയില്ലാത്ത വിശ്വസ്തതയും ഏലിയായുടെ മുഖമുദ്രയായിരുന്നു. മോശ തുടങ്ങിവച്ച വിശ്വാസ പാരമ്പര്യം പൂർണ്ണമായി ഏറ്റുവാങ്ങി സർവ്വ ശക്തിയോടും കൂടെ പ്രഘോഷിച്ച പ്രവാചകനാണ് ഏലിയാ. കർത്താവിനു വേണ്ടി വിശ്വാസത്തിന്റെ

യുദ്ധങ്ങൾ നയിക്കാൻ ഏതു നിമിഷവും അരയും തലയും മുറുക്കി തയ്യാറായി നിന്ന ഒരു നാസീർ വ്രതസ്തനായിരുന്നു അദ്ദേഹം. അടിമകളുടെ നിലവിളി കേട്ട് അവരെ മോചിപ്പിക്കാനായി ഇറങ്ങി വന്ന, പുറപ്പാടു നയിച്ച, യാഹ്‌വേയാണ് ഏലിയാ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്ത ദൈവം.

വിഗ്രഹാരാധനയിലും അനീതിയിലും അസ്ഥിവാരമുറപ്പിച്ച രാജാവിനും രാജകീയ സംവിധാനങ്ങൾക്കും എതിരേ അദ്ദേഹം സന്ധിയില്ലാത്ത യുദ്ധം പ്രഖ്യാപിച്ചു. അനീതിയുടെ താവളമായിത്തീർന്ന രാജകൊട്ടാരത്തിലും വിഗ്രഹാരാധന നടമാടിയിരുന്ന ആരാധനാലയങ്ങളിലും നിഷ്കളങ്ക രക്തം തളം കെട്ടി കിടന്ന മുന്തിരിത്തോട്ടങ്ങളിലും ആ പ്രവാചകന്റെ ശബ്ദം പ്രതിധ്വനിച്ചു. അനീതി നിറഞ്ഞ ഭരണകൂടങ്ങളെ തകിടം മറിക്കാൻ ധൈര്യപൂർവ്വം അദ്ദേഹം കരുക്കൾ നീക്കി. പൂർത്തിയാക്കാൻ കഴിയാതെപോയ ദൗത്യം തുടർന്നു നിർവ്വഹിക്കാൻ പിൻഗാമിയെ ഏല്പിച്ചശേഷമാണ് ഏലിയാ ചരിത്രത്തിൽ നിന്നും പിൻ വാങ്ങിയത്. യുഗാന്ത്യത്തിൽ അദ്ദേഹം വീണ്ടും വരും എന്ന വിശ്വാസം പഴയ നിയമത്തിൽ രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ട് (മലാ 4,5; പ്രഭാ 48,10). ഈ പ്രതീക്ഷ സ്നാപക യോഹന്നാനിൽ പൂർത്തികരിക്കപ്പെട്ടു എന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തി (മർക്കോ 9,13). യേശുക്രിസ്തുവിനെ മടങ്ങി വന്ന ഏലിയാ പ്രവാചകനായിട്ടാണ് സമകാലികരിൽ പലരും കണ്ടത് (മർക്കോ 6,15).

ഏലിയായുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അനേകം കഥകൾ ജനമധ്യത്തിൽ പ്രചാരത്തിലിരുന്നു. അവയിൽ ചിലതാണ് രാജാക്കന്മാരുടെ പുസ്തകങ്ങളിലെ അടുത്ത അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. അവതരണത്തിൽ കാലക്രമം കൃത്യമായി പാലിച്ചിട്ടുണ്ടെന്നു പറയാനാവില്ല. ഏലിയായുടെ ജീവചരിത്രം വിവരിക്കുകയല്ല ആ വലിയ പ്രവാചകനിലൂടെ പ്രഘോഷിക്കപ്പെട്ട രക്ഷാ സന്ദേശം അവതരിപ്പിക്കുകയാണ് വി.ഗ്രന്ഥകാരന്റെ ലക്ഷ്യം. മുൻ അധ്യായങ്ങളിൽ കണ്ടതുപോലെ ഇവിടെയും പ്രവചനവും അതിന്റെ പൂർത്തീകരണവും ഒരു മുഖ്യ പ്രമേയമാണ്. യാഹ്‌വേയുടെ നാമത്തിൽ എലിയാ മുൻകൂട്ടി അറിയിക്കുന്ന കാര്യങ്ങൾ അതേപടി സംഭവിക്കുന്നു. യാഹ്‌വേ മാത്രമാണ് ദൈവമെന്നും ഏലിയാ അവിടുത്തെ പ്രവാചകനാണെന്നും തെളിയിക്കുന്നതാണ് പ്രവചനങ്ങളുടെ പൂർത്തീകരണം. അതോടൊപ്പം കർത്താവിന്റെ കരുണയും നീതിയും ശക്തിയും വെളിപ്പെടുത്തുന്ന അനേകം അത്ഭുതങ്ങളും ഏലിയാ വഴി സംഭവിക്കുന്നതായി വി. ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നുണ്ട്. വിഗ്രഹങ്ങൾ ഉപേക്ഷിച്ച് പൂർണ്ണ ഹൃദയത്തോടെ കർത്താവിലേക്കു



തിരിയാനും നീതിയും ന്യായവും പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് ഈ വിവരണങ്ങളിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്നത്.

ഏലിയായുടെ രംഗപ്രവേശം മുതൽ തിരോധാനം വരെയുള്ള ചരിത്രം വിവരിക്കുന്ന എട്ട് അധ്യായങ്ങളെ പഠന സൗകര്യാർത്ഥം ഏഴു ഭാഗങ്ങളായി തിരിക്കാം. 1. ആരാണ് ദൈവം? 2. പുതിയ ദൈവാനുഭവം – പുതിയ ദൗത്യം. 3. വിജയം കർത്താവിന്റെ ദാനം. 4. നിഷ്കളങ്ക രക്തത്തിന്റെ നിലവിളി. 5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം. 6. യഹോഷാഫാത്ത് 7. അഗ്നിപ്രവാചകൻ.

### 1. ആരാണ് ദൈവം 1 രാജാ 17,1–18,46

തങ്ങളുടെ പിതാക്കന്മാർക്കു സ്വയം വെളിപ്പെടുത്തിയ ദൈവമായ കർത്താവിനെ പ്രലോഭനങ്ങൾക്കു വഴങ്ങിയും രാജ ശിക്ഷയെ ഭയന്നും ഇസ്രായേൽ ജനത്തിന്റെ ഭൂരിഭാഗവും ഉപേക്ഷിച്ച് ബാൽ ദേവനെ ആരാധിക്കാൻ തയ്യാറായ സാഹചര്യത്തിൽ ആരാണ് യഥാർത്ഥ ദൈവം എന്നു തെളിയിക്കുന്ന ചില സംഭവങ്ങളാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്.

### a. ഏലിയായും വരൾച്ചയും 1 രാജാ 17,1–7

യാതൊരു മുന്നറിയിപ്പും കൂടാതെയാണ് വി.ഗ്രന്ഥകാരൻ ഏലിയാ പ്രവാചകനെ രംഗത്ത് അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെക്കുറിച്ചോ, പ്രായത്തെക്കുറിച്ചോ യാതൊരു വിവരവും നല്കുന്നില്ല. "ഗിലയാദിലെ തീഷ്ബെയിൽ നിന്നുള്ള തീഷ്ബ്യനായ ഏലിയാഹു" (1 രാജാ 17,1) എന്നാണ് ഹീബ്രുമൂലത്തിൽ ഏലിയായെ വിശേഷിപ്പിച്ചിരിക്കുന്നത്. ജോർദ്ദാൻ നദിക്കു കിഴക്കുള്ള പ്രദേശമായ ഗിലയാദിന്റെ കിഴക്ക്, മരുഭൂമിയുടെ അതിർത്തിയിലുള്ള ഒരു ഗ്രാമമാണ് തിഷ്ബേ എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. "ഏലിയാഹു" എന്നാണ് ഹീബ്രുവിൽ പ്രവാചകന്റെ പേര്. "ഏലിയാ" എന്നത് ഗ്രീക്കു വിവർത്തനത്തിൽ നിന്നു വന്നതാണ്. "പ്രവാചകൻ" എന്ന വിശേഷണവും ഗ്രീക്കു വിവർത്തനത്തിലേ ഉള്ളൂ. "എന്റെ ദൈവം യാഹ്വേ" എന്നാണ് "ഏലിയാഹു" എന്ന പേരിന്റെ അർത്ഥം. പേരുതന്നെ ഒരു വിശ്വാസപ്രഖ്യാപനമാണ്.

''ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണേ" എന്ന വിശേഷണത്തിൽ പ്രവാചകൻ തന്നെയും ദൈവത്തെയുംക്കുറിച്ച് വ്യക്തമായ ഒരു വിശദീകരണം നല്കുന്നു. "ഇസ്രായേലിന്റെ ദൈവം" എന്ന പദപ്രയോഗം ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ചരിത്രത്തെയും ഒറ്റവാക്കിൽ ഒതുക്കുന്നു. അബ്രാഹത്തിന്റെ വിളിയും ഈജിപ്തിലെ മോചനവും എല്ലാം അനുസ്മരിപ്പിക്കുന്നതാണ് ഈ വിശേഷ

ണം. ഇസ്രായേലിലെ ഒരു ജനമാക്കിയത് യാഹ്‌വേ ആണെന്നും ഇസ്രായേലിന് മറ്റൊരു ദൈവമില്ലെന്നും ഇതിലൂടെ ഏറ്റുപറയുന്നു. ആഹാബും ജെസബെലും ആരാധിക്കുന്ന ബാൽ ഇസ്രായേലിന്റെ ദൈവമല്ല എന്ന ധ്വനിയും ഈ വിശേഷണത്തിലുണ്ട്. "ഞാൻ ആരുടെ മുമ്പിൽ നില്ക്കുന്നുവോ ആ ദൈവമായ.........." എന്നാണ് "ഞാൻ ശുശ്രൂഷിക്കുന്ന" എന്ന വിശേഷണത്തിന്റെ ഹീബ്രുമൂലം. രാജാവിന്റെ മുമ്പിൽ നിൽക്കുന്ന പ്രധാന മന്ത്രിയെപ്പോലെയാണ് യാഹ്‌വേയുടെ മുമ്പിൽ നിൽക്കുന്ന ഏലിയാ കർത്താവായ ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് ഏലിയാ ആഹാബിനെ നേരിടുന്നത്. "കർത്താവാണേ" എന്ന പ്രയോഗത്തിന്റെ ഹീബ്രുമൂലം "യാഹ്‌വേയുടെ ജീവനാണേ" എന്നത്രെ. കർത്താവിന്റെ ജീവനെ പണയം വച്ചുകൊണ്ടാണ് പ്രവാചകൻ സംസാരിക്കുന്നത്. താൻ പറയുന്നത് സംഭവിച്ചില്ലെങ്കിൽ കർത്താവിനു ജീവനില്ല എന്നാണ് ഈ ആണയിടലിന്റെ ധ്വനി.

ഫലപുഷ്ടിയുടെ ദേവനായിട്ടാണ് ബാൽ അറിയപ്പെട്ടിരുന്നത്. മഴയും മഞ്ഞും ബാലിന്റെ ദാനമായി കരുതപ്പെട്ടിരുന്നു. ബാൽ ആരാധനയുടെ കേന്ദ്രത്തിൽ തന്നെയാണ് പ്രവാചകൻ വെല്ലുവിളി ഉയർത്തുന്നത്. താൻ പറഞ്ഞിട്ടല്ലാതെ ഇനി മഴയോ മഞ്ഞോ ഉണ്ടായാൽ യാഹ്‌വേ ദൈവമല്ല എന്ന പ്രഖ്യാപനം ആരാണ് യഥാർത്ഥത്തിൽ ദൈവമെന്നു തെളിയിക്കാൻ പോന്നതാണ്. ദൈവമായ കർത്താവ് വെറും ഒരു ആശയമോ സങ്കല്പ സൃഷ്ടിയോ അല്ലെന്നും പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നുവനാണെന്നും ഈ പ്രഖ്യാപനത്തിലൂടെ ഏലിയാ അവകാശപ്പെടുന്നു. ബാൽ ആണ് ഫലപുഷ്ടിയിലൂടെ ദൈവമെങ്കിൽ മഴ പെയ്യിച്ച് അതു തെളിയിക്കട്ടെ എന്നതാണ് വെല്ലുവിളി. രാജാവിനെയും രാജാവ് ആരാധിക്കുന്ന ബാലിനെയും വെല്ലുവിളിച്ചതിനുശേഷം കർത്താവിന്റെ കല്പനയനുസരിച്ച് ഏലിയാ പോയി ജോർദ്ദാൻ നദിയുടെ കിഴക്ക് പാറക്കെട്ടുകൾക്കടിയിലുള്ള കെറീത്ത് അരുവിക്കു സമീപം ഒളിവിൽ കഴിഞ്ഞു (1 രാജാ 17,3-7). അരുവിയിലെ ജലവും കാക്കകൾ കൊണ്ടുവന്നുകൊടുത്ത അപ്പവും മാംസവുമായിരുന്നു ഏകനായി കഴിഞ്ഞ ഏലിയായുടെ ആഹാരം. അടുത്ത വചനത്തിനുവേണ്ടി അവിടെ അദ്ദേഹം ഏകാഗ്രചിത്തനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു.

**വിചിന്തനം:** വറ്റിക്കൊണ്ടിരിക്കുന്ന അരുവിയിലെ ജലവും കാക്കകൾ കൊണ്ടുവരുന്ന ആഹാരവും ഉറപ്പുള്ള സംരക്ഷണമല്ല. ഓരോ ദിവസവും അതിനായി കാത്തിരിക്കണം. കർത്താവു തന്നെ സംരക്ഷിച്ചുകൊള്ളും എന്ന വിശ്വാസമാണ് കാട്ടരുവിക്കരയിൽ ഏകനായി വസിക്കുന്ന ഏലിയാ പ്രകടമാക്കുന്നത്. നാളയെക്കുറിച്ചു വ്യഗ്രതപ്പെടാതെ, യാതൊരു കണക്കുകൂട്ടലുകളും കൂടാതെ, കർത്താവിന്റെ കരങ്ങളിൽ പൂർണ്ണമായി വിട്ടുകൊടുത്ത ജീവിതമായിരുന്നു ഏലിയായുടേത്. സമർപ്പിത ജീവിതത്തിന്റെ ഉത്തമ മാതൃക ഇവിടെ പ്രത്യക്ഷമാകുന്നു.



### b. വിധവയുടെ ആതിഥ്യം 1 രാജാ 17,8-24

കർത്താവു മാത്രമാണ് ദൈവമെന്നും ഏലിയാ അവിടുത്തെ യഥാർത്ഥ പ്രവാചകനാണെന്നും ഒരു വിജാതീയ സ്ത്രീയുടെ അനുഭവ സാക്ഷ്യത്തിലൂടെ തെളിയിക്കുന്ന ഒരു സംഭവം അടുത്തതായി വിവരിക്കുന്നു. അരുവിയിലെ വെള്ളം വറ്റിയപ്പോൾ കർത്താവിന്റെ കല്പനയനുസരിച്ച് ഏലിയാ സറെഫ്ത്തായിലേക്കു പോയി. സീദോൻ നഗരത്തിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ തെക്കുള്ള ഒരു ചെറിയ പട്ടണമാണ് സറേഫ്ത്താ. ആഹാബിന്റെ രാജ്യാതിർത്തിക്കു പുറത്താണ് ഈ പട്ടണം. അതേ സമയം ജെസബെലിന്റെ പിതൃദേശത്താണത്. കലത്തിൽ അവശേഷിച്ചിരുന്ന ഒരുപിടി മാവുകൊണ്ട് അപ്പം ഉണ്ടാക്കി. തിന്നതിനു ശേഷം മരിക്കാൻ ഒരുങ്ങുന്ന വിധവയുടെയും മകന്റെയും അടുക്കലേക്ക് ദൈവം ഏലിയായെ അയച്ചു. ഒരു നേരത്തെ വിശപ്പടക്കാൻ പോലും തികയാത്ത ഭക്ഷണത്തിന്റെ ഒരുപങ്ക് അപരിചിതനായ യാത്രക്കാരനു നല്കാൻ തയ്യാറായ വിധവ സ്വയം മറക്കുന്ന ആതിഥ്യമര്യാദയുടെ മാതൃകയായി പ്രശോഭിക്കുന്നു. അവളുടെ വിശ്വാസവും ത്യാഗവും അത്ഭുതത്തിനു വഴിതെളിച്ചു. വരൾച്ച അവസാനിക്കുന്നതുവരെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും തീർന്നുപോയില്ല. അവളുടെ ത്യാഗ സന്നദ്ധത അവൾക്കും പുത്രനും പ്രവാചകനും ജീവൻ നിലനിർത്താൻ സഹായകമായി.

പ്രവാചകന്മാരെ സ്വീകരിക്കാൻ വിജാതീയരാണ് സന്നദ്ധരായതെന്നും പ്രവാചകന്മാരുടെ പ്രവർത്തനം വിജാതീയർക്കാണ് രക്ഷാകരമായതെന്നും ഈ സംഭവത്തെ ഉദ്ധരിച്ചുകൊണ്ട് യേശു നസ്രത്തിലെ സിനഗോഗിൽ വച്ചു പ്രസ്താവിച്ചു (ലൂക്കാ 4,25-26). തന്റെ പ്രവർത്തനത്തിന്റെയും തനിക്കു ലഭിച്ച സ്വീകരണത്തിന്റെയും ഒരു മുന്നോടിയായിട്ടാണ് ഏലിയായുടെയും വിധവയുടെയും അനുഭവത്തെ അവിടുന്ന് എടുത്തുകാട്ടിയത്. രൂക്ഷമായ ക്ഷാമമുണ്ടായപ്പോൾ ഇസ്രായേലിൽ അനേകം വിധവകളുണ്ടായിരുന്നിട്ടും ഒരു വിജാതീയ വിധവയുടെ അടുക്കലേക്ക് ദൈവം പ്രവാചകനെ അയച്ചത് ദൈവിക പരിപാലനയുടെ അഗ്രാഹ്യമായ ഒരു രഹസ്യമായി അവശേഷിക്കുന്നു. ദൈവത്തിന്റെ കാരുണ്യത്തിന് അതിരുകളില്ല; അതിന്മേൽ ആർക്കും അവകാശവാദം ഉന്നയിക്കാൻ കഴിയുകയുമില്ല. ബാലിന്റെ ദേശമെന്നു കരുതപ്പെട്ടിരുന്ന സീദോന്യരുടെ നാട്ടിലും കർത്താവിന്റെ ശക്തി പ്രകടമാകുന്നതിലൂടെ അവി

ടുന്നു മാത്രമാണ് ദൈവം എന്നു വെളിപ്പെടുകയും ചെയ്യുന്നു.

വിധവയുമായി ബന്ധപ്പെട്ട അടുത്ത സംഭവത്തിൽ (1 രാജാ 17,17 –24) ദൈവമായ കർത്താവ് ജീവന്റെ നാഥനായി പ്രത്യക്ഷപ്പെടുന്നു. മകൻ മരിച്ചതിന്റെ ദുഃഖത്തിൽ വിധവ ഏലിയായോടു ചോദിക്കുന്ന ചോദ്യം (1 രാജാ 17,18) ജനമധ്യേ നിലവിലിരുന്ന ഒരു വിശ്വാസം പ്രകടമാക്കുന്നതാണ്. ദൈവത്തിന്റെ അടുത്തു നില്ക്കുമ്പോൾ മനുഷ്യനിലെ ഏറ്റം നിസ്സാരമായ പാപങ്ങൾ പോലും വെളിപ്പെടും. ദൈവം അതിനു ശിക്ഷ നല്കുകയും ചെയ്യും. പ്രവാചകനിലൂടെ ദൈവം തന്റെ ഭവനത്തിലേക്കു വന്നു എന്നും അതു തന്റെ കുറ്റങ്ങൾ കണ്ടുപിടിച്ചു ശിക്ഷിക്കാൻവേണ്ടി ആയിരുന്നു എന്നുമാണ് വിധവ പറയുന്നത്. തനിക്കു സംഭവിച്ച അത്യാഹിതം ദൈവശിക്ഷയായി അവൾ വ്യാഖ്യാനിച്ചു. ഏതാണ്ട് ഇതേ മനോഭാവം തന്നെയാണ് ഏലിയായ്ക്കും ഉണ്ടായിരുന്നതെന്ന് ദൈവത്തിന്റെ മുമ്പിൽ അയാൾ ഉന്നയിക്കുന്ന പരാതിയിൽ നിന്ന് (1 രാജാ 17,20) കാണാം.

ഈ മനോഭാവത്തെ തിരുത്തിക്കുറിക്കുന്നതാണ് തുടർന്നു നടക്കുന്ന സംഭവം. അത്യാഹിതം എന്നു തോന്നുന്നതെല്ലാം ദൈവശിക്ഷ ആയിരിക്കണമെന്നില്ല. ദൈവിക പദ്ധതിയിൽ അത്യാഹിതങ്ങൾക്കും പ്രത്യേക ലക്ഷ്യവും സ്ഥാനവുമുണ്ട്. പുത്രന്റെ മരണം മാതാവിന്റെ പാപത്തിനുള്ള ശിക്ഷയല്ല, ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താനും മാതാവിനെയും പുത്രനെയും സത്യദൈവത്തിലേക്കു നയിക്കാനും വേണ്ടി ദൈവം തന്നെ അനുവദിച്ച ഒരു അവസരമായിരുന്നു. ഏലിയായുടെയും തീക്ഷ്ണമായ പ്രാർത്ഥനയ്ക്ക് ഉത്തരം എന്നോണം ദൈവം ബാലനു വീണ്ടും ജീവൻ നല്കി.

"അങ്ങ് ദൈവത്തിന്റെ മനുഷ്യനാണെന്നും അങ്ങയുടെ വാക്ക് സത്യമായും കർത്താവിന്റെ വചനമാണെന്നും ഇപ്പോൾ എനിക്കുറപ്പായി" (1 രാജാ 17,24) എന്ന വിശ്വാസ പ്രഖ്യാപനം സംഭവത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്നു. കർത്താവിനെയും അവിടുത്തെ പ്രവാചകനെയും ഏറ്റു പറയാൻ ഒരു വിജാതീയ വിധവ തയ്യാറായി. ജീവന്റെ നാഥൻ ബാൽ ദേവനല്ല, ദൈവമായ കർത്താവു തന്നെയാണ് എന്ന് വീണ്ടും തെളിയിക്കപ്പെട്ടു. ഇസ്രായേൽ ജനത്തെ ഒന്നടങ്കം ഈ വിശ്വാസത്തിലേക്കു നയിക്കുന്നതാണ് അടുത്ത സംഭവം.

**വിചിന്തനം:** സറേഫ്ത്തായിലെ വിധവ കഠിനമായി പരീക്ഷിക്കപ്പെട്ടു. തന്റെ ജീവൻ നിലനിർത്താൻ ആവശ്യമായ ആഹാരത്തിന്റെ പങ്ക് വഴിപോക്കനു നല്കാൻ ആവശ്യപ്പെട്ടതായിരുന്നു ആദ്യത്തെ പരീക്ഷണം. അപരിചിതനു സ്വന്തം വീട്ടിൽ അഭയം നല്കാനും തന്റെ ആഹാരത്തിന്റെ പങ്കു തുടർന്നും നല്കാനും അവൾ തയ്യാറായി. പുത്രന്റെ മരണം



അതിലും വലിയ പരീക്ഷണമായിരുന്നു. എന്നാൽ അവളുടെ ത്യാഗസന്നദ്ധതയും വിശ്വാസവും അവിടെയും വിജയിച്ചു. പ്രതിസന്ധികളിൽ പതറാതെ കർത്താവിൽ ആശ്രയിക്കാൻ പഠിപ്പിക്കുന്നതാണ് ഈ സംഭവം. നമുക്കുണ്ടാകുന്ന ഏത് അത്യാഹിതവും ദൈവത്തിന്റെ അറിവോടെയാണ് സംഭവിക്കുന്നതെന്നും ആത്യന്തികമായി അതു നമ്മുടെ നന്മയ്ക്കു വേണ്ടിയാണെന്നും വിശ്വസിക്കണം.

ആദ്യം കാക്കയും പിന്നെ ദരിദ്രയായ വിധവയും ഏലിയായ്ക്ക് ആഹാരം നല്കി. തന്നിൽ പൂർണ്ണമായി ആശ്രയിക്കുന്ന ദാസരെ കർത്താവ് അത്ഭുതകരമായ വിധത്തിൽ പരിപാലിക്കുന്നു. ഒട്ടും പ്രതീക്ഷിക്കാത്ത മേഖലകളിൽ നിന്നായിരിക്കും അവർക്കു സഹായം ലഭിക്കുന്നത്. മരിച്ച ബാലന്റെ ജീവൻ തിരിച്ചുകിട്ടാൻ വേണ്ടി ഏലിയാ നടത്തുന്ന പ്രാർത്ഥന കർത്താവിലുള്ള അടിപതറാത്ത വിശ്വാസത്തിന്റെ മാതൃകയാണ്. പ്രതിസന്ധികളിൽ പ്രത്യാശ കൈവെടിയാതെ പ്രാർത്ഥിക്കണം. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. വിധവയുടെ മകനെ പ്രാർത്ഥനയിലൂടെ പുനരുജ്ജീവിപ്പിച്ച ഏലിയാ നായിനിലെ വിധവയുടെ മകനു ജീവൻ നല്കിയ (ലൂക്കാ 7,11–17) യേശുവിന്റെ മുന്നോടിയാണ്. ഈ രണ്ടു സംഭവങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. രണ്ടിടത്തും ഒരു വിധവയുടെ ഏകമകനാണ് ജീവൻ വീണ്ടുകിട്ടുന്നത്. പുനരുജ്ജീവനത്തിനുശേഷം ഏലിയായെ വിധവയും യേശുവിനെ ജനവും കർത്താവിന്റെ പ്രവാചകനായി ഏറ്റുപറയുകയും ചെയ്യുന്നു. പ്രാർത്ഥന സാധിച്ചു കഴിയുമ്പോൾ നന്ദിയോടെ കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ കാരുണ്യം ഏറ്റുപറയുകയും ചെയ്യണം എന്നും ഈ സംഭവങ്ങൾ പഠിപ്പിക്കുന്നു.

### c. അഗ്നി പരീക്ഷണം 1 രാജാ 18,1–46

ആഹാബിന്റെ മുമ്പിൽ ഏലിയാ ഉയർത്തിയ വെല്ലുവിളിയിൽ ഏലിയാ വിജയിച്ചു. മൂന്നു വർഷത്തേക്കു മഴ പെയ്തില്ല. ഇത് യാഹ്‌വേയുടെ വിജയവും ബാലിന്റെ പരാജയവുമായിരുന്നു. അടുത്ത സംഭവത്തിൽ രാജാവിനെയും ജനം മുഴുവനെയും സാക്ഷിയാക്കിക്കൊണ്ടാണ് ബാലിന്റെയും അഷേറായുടെയും പ്രവാചകന്മാരെ ഏലിയാ വെല്ലുവിളിക്കുന്നത്. സ്വന്തം ജീവൻ പണയം വച്ചുകൊണ്ടു നടത്തുന്ന വെല്ലുവിളി ജനത്തെ ഒന്നടങ്കം കർത്താവിലേക്കു തിരിയെ കൊണ്ടുവരാൻ വേണ്ടിയാണ്. ആരാണ് യഥാർത്ഥ ദൈവമെന്ന് കണ്ടെറിയാനും തീരുമാനമെടുക്കാനും ഈ സംഭവം ജനത്തിന് അവസരം നല്കുന്നു.

ആഹാബുമായി നടന്ന ആദ്യത്തെ കണ്ടുമുട്ടലിനുശേഷം മൂന്നാം

വർഷം കർത്താവ് ഏലിയായെ വീണ്ടും അയാളുടെ അടുക്കലേയ്ക്ക് അയച്ചു (1 രാജാ 18,1). ആദ്യത്തേത് വരൾച്ച വരുത്തും എന്ന സന്ദശവു മായിട്ടായിരുന്നു. രണ്ടാമത്തേത് വരൾച്ച അവസാനിപ്പിക്കാൻ പോകുന്നു എന്നറിയിക്കാനത്രെ. തന്റെ ജീവൻ വേട്ടയാടുന്ന ആഹാബു രാജാ വിന്റെയടുക്കലേക്കു പോകാൻ കല്പന കിട്ടിയ ഏലിയാ ഒട്ടും മടിക്കാതെ ഇറങ്ങിപ്പുറപ്പെട്ടു. (1 രാജാ 18,2). കർത്താവിന്റെ പ്രവാചകൻ നിർഭയനാ ണ്. ഏലിയായുടെ കാലത്തെ വരൾച്ച മൂന്നര വർഷം നീണ്ടുനിന്നു എന്ന യേശുവചനത്തിന് (ലൂക്കാ 4,25) പ്രതീകാത്മകമായ അർത്ഥമുണ്ട്. ക്ലേശ ങ്ങളുടെ കാലമാണ് മൂന്നര വർഷം. അത് കൃത്യമായ ഒരു കാലയളവ് ആയിരിക്കണമെന്നില്ല.

ഏലിയായും ആഹാബും തമ്മിലുള്ള കണ്ടുമുട്ടൽ വിവരിക്കുന്ന തിനുമുമ്പേ, ഒരു ഉപകഥയെന്നോണം ഒമ്പാദിയായുമായുള്ള സംഭാഷണം അവതരിപ്പിക്കുന്നു (1 രാജാ 18,3-16). രാജാവും പ്രധാനമന്ത്രിയും കുതി രകൾക്കു പുല്ലുതേടി പുറപ്പെടുന്നത് (1 രാജാ 18,5-6) ക്ഷാമത്തിന്റെ രൂക്ഷ തയ്ക്കു തെളിവാണ്. "യാഹ്‌വേയുടെ ദാസൻ" എന്നാണ് ഒബാദിയാ എന്ന പേരിന്റെ അർത്ഥം. പേരു സൂചിപ്പിക്കുന്നതുപോലെതന്നെ യാഹ്‌വേയുടെ വിശ്വസ്ത ദാസനായിരുന്നു ബാദിയാ. സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുതന്നെ അയാൾ യാഹ്‌വേയുടെ നൂറു പ്രവാ ചകന്മാരെ ഒളിവിൽ പാർപ്പിക്കുകയും ഭക്ഷണം കൊടുത്തു സംരക്ഷി ക്കുകയും ചെയ്തത് രണ്ടു തവണ എടുത്തു പറയുന്നു (1 രാജാ 18,4.13). ജെസബെൽ അഴിച്ചുവിട്ട മതപീഡനം എത്ര രൂക്ഷമായിരുന്നു എന്നു വ്യക്തമാക്കുന്നതൊടൊപ്പം അതിനെ ചെറുത്തുനിന്നവർ രാജകൊട്ടാര ത്തിൽ പോലും ഉണ്ടായിരുന്നു എന്ന സൂചനയും ഇതിലുണ്ട്. ബാലിനു മുമ്പിൽ മുട്ടു മടക്കാത്ത ഏഴായിരം പേരെക്കുറിച്ച് കർത്താവ് ഏലിയാ യോടു പറയുന്നത് (1 രാജാ 19,18) ഒമ്പാദിയായെപ്പോലുള്ളവരെ അനു സ്മരിപ്പിക്കുന്നു.

നേരിട്ട് ആഹാബിന്റെ മുമ്പിലേക്കു ചെല്ലുന്നതിനു പകരം താൻ എവിടെയുണ്ടെന്ന് അറിയിക്കാൻ ഓബാദിയായെ ചുമതലപ്പെടുത്തുക യാണ് ഏലിയാ ചെയ്യുന്നത് (1 രാജാ 18,9). ഇസ്രായേലിലും അയൽരാ ജ്യങ്ങളിലും മൂന്നുവർഷം അന്വേഷിച്ചിട്ടും കണ്ടെത്താത്ത ഏലിയായെ താൻ കണ്ടു എന്നു പറയുകയും എന്നാൽ രാജാവിനെയും കൂട്ടി വരു മ്പോൾ ഏലിയാ അപ്രത്യക്ഷനാവുകയും ചെയ്താൽ തന്റെ ജീവൻ നഷ്ട പ്പെടും എന്ന ഭയം ഒബാദിയാ തുറന്നു പറഞ്ഞു. "കർത്താവിന്റെ ആത്മാവ് ഞാൻ അറിയാത്ത ഏതെങ്കിലും സ്ഥലത്തേക്കു അങ്ങയെ കൊണ്ടുപോകും" (1 രാജാ 18,12) എന്ന പ്രസ്താവന ഏലിയായുടെ



പ്രവർത്തന ശൈലിയിലേക്കു വിരൽചൂണ്ടുന്നു. കർത്താവിന്റെ ആത്മാ വണ് അയാളെ നയിക്കുന്നത്. എപ്പോൾ എവിടെ പ്രത്യക്ഷപ്പെടണം എന്ന് ഏലിയാ അല്ല, ദൈവമാണു നിശ്ചയിക്കുക. ഏലിയായുടെ ജീവിതാ ന്ത്യവും ഇപ്രകാരം ഒരു കൊണ്ടുപോകലായിട്ടാണ് ചിത്രീകരിച്ചിരിക്കു ന്നത് (2 രാജാ 2,11). കർത്താവിന്റെ ജീവനെ സാക്ഷി നിർത്തി എലിയാ സത്യം ചെയ്തപ്പോൾ മാത്രമേ ഒബാദിയാ ആഹാബിനെ വിവരമറിയി ക്കാൻ തയ്യാറായുള്ളു.

കണ്ടുപിടിച്ചു വധിക്കാനായി മൂന്നു വർഷം താൻ അന്വേഷിച്ച ഏലി യായുടെ മുന്നിലെത്തുമ്പോൾ ആഹാബ് നിസ്സഹായനായിത്തീരുന്നു. 'ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്ന നീ തന്നെയോ ഇത്?" (1 രാജാ 18,17) എന്ന ചോദ്യത്തിൽ മരണശിക്ഷ വിധിക്കാൻ അധികാരമുള്ള രാജാവി ന്റേയല്ല, ശിക്ഷ പിൻവലിക്കാൻ യാചിക്കുന്ന പരാജിതന്റെ സ്വരമാണ് മുഴങ്ങുന്നത്. ഇസ്രായേൽ ജനം മുഴുവൻ കഷ്ടതയനുഭവിക്കുന്നെന്നും ഏലിയായാണ് അതിനു കാരണക്കാരൻ എന്നും പറയുന്നെങ്കിലും താൻ ആശ്രയിച്ച ബാലിനു തന്നെ രക്ഷിക്കാനായില്ല എന്നും പരോക്ഷമായി അയാൾ സമ്മതിക്കുന്നു. കർത്താവിന്റെ കല്പന ധിക്കരിച്ച് ബാൽ ദേവനെ സേവിച്ചതാണ് വരൾച്ചയുടെ കാരണം എന്ന് ഏലിയാ വിശദീ കരിക്കുന്നു (1 രാജാ 18,18). തുടർന്ന് രാജാവിനോടു കല്പിക്കുന്ന പ്രവാ ചകന്റെ ചിത്രമാണ് നാം കാണുന്നത്. എന്തിനുവേണ്ടിയാണ് ജന ത്തെയും ബാലിന്റെയും അഷേറായുടെയും പ്രവാചകന്മാരെയും കാർമ്മൽ മലയിൽ വിളിച്ചുകൂട്ടുന്നത് എന്ന് ഏലിയാ പറയുന്നില്ല. ഒരു ചോദ്യവും കൂടാതെ അനുസരിക്കാൻ ആഹാബ് നിർബന്ധിതനായി. "ജെസബെൽ പോറ്റുന്ന" എന്ന വിശേഷണം ബാൽ-അഷേറാ ദേവത കളുടെ ആരാധനയ്ക്ക് അവൾ നല്കിയ പ്രോത്സാഹനവും പിന്തുണയും എടുത്തുകാട്ടുന്നു.

മധ്യധരണ്യാഴിയുടെ തീരത്ത്, സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1800 അടി ഉയർന്നു നില്ക്കുന്ന മലയാണ് കാർമ്മൽ. അവിടെ സമ്മേ ളിച്ച ജനത്തെ ഉറച്ച ഒരു തീരുമാനമെടുക്കാൻ ഏലിയാ പ്രേരിപ്പിച്ചു (1 രാജാ 18,20-21). ബാലിനും യാഹ്‌വേയ്ക്കും ഇടയിൽ വ്യക്തമായി ഏതെ ങ്കിലും പക്ഷം ചേരാൻ ആവശ്യപ്പെട്ടെങ്കിലും ജനം നിശബ്ദരായിരുന്ന തേയുള്ളൂ. രാജാവിനോടുള്ള ഭയവും അവരുടെ തന്നെ മനസിലെ അവ്യ ക്തതയും ഇതിനു കാരണമായിട്ടുണ്ടാവാം. അതിനാൽ ഏലിയാ അടുത്ത പടിയായി ഒരു പരീക്ഷണം നിർദ്ദേശിച്ചു-ബാലിനും യാഹ്‌വേയ്ക്കും ഇട യിൽ ഒരു അഗ്നി പരീക്ഷണം നിർദ്ദേശിച്ചു-ബാലിനും യാഹ്‌വേയ്ക്കും ഇടയിൽ ഒരു അഗ്നിപരീക്ഷണം. സീറോഫെനീഷ്യൻ ജനത ആരാധി

ച്ചിരുന്ന ബാൽ ദേവൻ 'ബാൽ ഹദാദ്' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കൊടുങ്കാറ്റിന്റെയും മഴയുടെയും ദൈവമായിട്ടാണ് അവൻ പരിഗണിക്കപ്പെട്ടിരുന്നത്. ഇടിമിന്നലാണ് അവന്റെ ആയുധം. ഈ വിശ്വാസം ശരിയാണെങ്കിൽ ബാൽ അഗ്നി അയച്ച് ബലി സ്വീകരിക്കട്ടെ എന്ന് ഏലിയാ വീണ്ടും വെല്ലുവിളിച്ചു. ബാൽ ആരാധകരുടെ വിശ്വാസത്തിന്റെ തായവേരിനാണ് ഏലിയാ കത്തിവച്ചത്. അഗ്നി അയച്ചു ബലി സ്വീകരിക്കുന്നവനായിരിക്കും ദൈവം എന്ന പരീക്ഷണം ജനത്തിനു സ്വീകാര്യമായി. നൂറുകണക്കിന് ബാൽ പ്രവാചകന്മാരുടെയും ആയിരക്കണക്കിന് ജനങ്ങളുടെയും മുമ്പിൽ വച്ച് ഏലിയാ കർത്താവിന്റെ പേരിൽ തന്റെ ജീവൻ അപകടപ്പെടുത്തുകയായിരുന്നു.

ആകാശത്തിൽ നിന്ന് അഗ്നിയിറക്കാൻ ബാലിന്റെ പ്രവാചകന്മാർ നടത്തിയ വിഫലശ്രമമാണ് തുടർന്നു വിവരിക്കുന്നത് (1 രാജാ 18,25-29). സായാഹ്നം വരെ നീണ്ട അവരുടെ പ്രാർത്ഥനയും നിലവിളികളും ആത്മപീഢനവും ഒരു ഫലവും പുറപ്പെടുവിച്ചില്ല. ബാൽ വെറും ഒരു മിഥ്യാ സങ്കല്പമാണെന്ന് അവന്റെ പ്രവാചകന്മാരെയും ജനത്തെയും ബോധ്യപ്പെടുത്താൻവേണ്ടി ഏലിയാ ബാലിനെയും അവന്റെ ആരാധകരെയും പരിഹസിച്ചു. പ്രാർത്ഥന ഫലവത്താകാൻ വേണ്ടി പ്രവാചകർ കൂടുതൽ ഉച്ചത്തിൽ വിളിച്ചു. ബലിപീഠത്തിനു ചുറ്റും ഉറഞ്ഞുതുള്ളി. തങ്ങളെത്തന്നെ മുറിവേല്പിച്ചു. നമ്മുടെ നാട്ടിലെ "വെളിച്ചപ്പാടന്മാർ" നടത്തുന്ന തുള്ളലിനെ അനുസ്മരിപ്പിക്കുന്നതാണ് ബാൽ പ്രവാചകന്മാരുടെ പ്രാർത്ഥനാ ശൈലി. "ആരും ഉത്തരം നല്കിയില്ല" എന്ന് രണ്ടു തവണ ആവർത്തിച്ചുകൊണ്ട് (1 രാജാ 18,26-29) വിഗ്രഹാരാധനയുടെ വ്യർത്ഥത എടുത്തു കാട്ടുന്നു. പ്രാർത്ഥന കേൾക്കാനോ ഉത്തരം നല്കാനോ വിഗ്രഹങ്ങൾക്കു കഴിയുകയില്ല. ബാൽ ഒരു മിഥ്യാ സങ്കല്പം മാത്രമാണെന്നു തെളിഞ്ഞു.

ബാലിന്റെ പ്രവാചകന്മാരുടേതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഏലിയായുടെ പ്രവൃത്തിയും പ്രാർത്ഥനയും. യാഹ്വേയുടെ തകർന്നു കിടന്ന ബലിപീഠം ജനം കാൺകെ പുനരുദ്ധരിക്കുകയാണ് ഏലിയാ ആദ്യമേ ചെയ്തത് (1 രാജാ 18,30-31). കാർമ്മൽ മലയിൽ യാഹ്വേയ്ക്ക് ഒരു ബലിപീഠമുണ്ടായിരുന്നെന്നും ജെസബലിന്റെ കല്പനപ്രകാരം അതു തകർത്തുകളഞ്ഞിരുന്നെന്നും ഇവിടെ സൂചനയുണ്ട്. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പ്രതീകമായി പന്ത്രണ്ട് കല്ലുകൾകൊണ്ടു ബലിപീഠം പണിയുന്നത് ദൈവമായ കർത്താവ് അവരുമായി ചെയ്ത ഉടമ്പടിയിലേക്കും പന്ത്രണ്ടു ഗോത്രങ്ങളും തമ്മിൽ നിലനില്ക്കേണ്ട ഐക്യത്തിലേക്കും ശ്രദ്ധക്ഷണിക്കുന്നു. ബലിപീഠത്തോടൊപ്പം തകർന്നു



പോയിരുന്ന ഇവ രണ്ടും പുനരുദ്ധരിക്കാനാണ് ഏലിയാ ശ്രമിക്കുന്നത്. ബലിപീഠത്തിനു ചുറ്റും ചാലു കീറുകയും ബലി വസ്തുവിന്മേൽ വെള്ളം ഒഴിക്കുകയും ചെയ്തത് (1 രാജാ 18,32-35) സംഭവിക്കാൻ പോകുന്ന അത്ഭുതത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. മഴ പെയ്യിക്കാനുള്ള ഒരു മാന്ത്രിക വിദ്യയാണിതെന്ന ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം സ്വീകാര്യമല്ല. പത്തുലിറ്ററാണ് "ഒരളവ്" അതിനാൽ ആഴമുള്ള കാന കീറുകയല്ല. ബലിപീഠത്തിനു ചുറ്റും വെള്ളം കെട്ടിനില്ക്കത്തക്കവിധം ചെറിയൊരു തടമുണ്ടാക്കുകയാണ് ചെയ്തത് എന്ന് അനുമാനിക്കാം.

ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു ശേഷമാണ് ജറുസലെം ദേവാലയത്തിൽ സായാഹ്ന ബലിയർപ്പിക്കുക. ആ സമയമാണ് ഏലിയാ തന്റെ പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനുമായി തിരഞ്ഞെടുത്തത്. ഏലിയായുടെ പ്രാർത്ഥനയിൽ അഗാധമായ എളിമയും അടിപതറാത്ത വിശ്വാസവും പ്രകടമാകുന്നു (1 രാജാ 18,36-37). "അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രയേലിന്റേയും ദൈവമായ കർത്താവേ" എന്ന അബിസംബോധന രക്ഷാ ചരിത്രത്തെ മുഴുവൻ അനുസ്മരിക്കുന്നതാണ്. ലളിതവും കാര്യമാത്ര പ്രസക്തവുമായ പ്രാർത്ഥനയിൽ അഗ്നിയിറക്കാനോ മഴ പെയ്യിക്കാനോ ഏലിയാ യാചിക്കുന്നില്ല. യാഹ്വേ മാത്രമാണ് ദൈവം എന്നു ജനത്തിനു ബോധ്യമാകണം. പ്രാർത്ഥന തീരുന്നതിനു മുമ്പേ മറുപടിയുണ്ടായി, ചുറ്റിലും നിന്നവർക്ക് അപകടമുണ്ടാക്കാതെ ബലിവസ്തു മാത്രം ദഹിപ്പിച്ചു. ജനത്തിന്റെ ഭാഗത്തു നിന്ന് ഏലിയാ പ്രതീക്ഷിച്ച പ്രതികരണമുണ്ടായി. കർത്താവു തന്നെയാണ് ദൈവം എന്ന് അവർ ഏറ്റു പറഞ്ഞു (1 രാജാ 18,39).

ബാലിന്റെ പ്രവാചകന്മാരെ പിടികൂടി വധിക്കുന്നത് ക്രൂരമായി തോന്നാം. ജനത്തെ വഴിതെറ്റിക്കുന്ന വ്യാജ പ്രവാചകർക്കെതിരേ നിശ്ചയിച്ചിട്ടുള്ള ശിക്ഷാവിധി (നിയ 13,5) നടപ്പിലാക്കിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. വ്യക്തിപരമായ പ്രതികാരം എന്നതിനേക്കാൾ തിന്മയെ ദേശത്തു നിന്ന് ഉന്മൂലനം ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. കാർമ്മൽ മലയിൽ നടന്നത് ബാൽ ദേവനും യാഹ്വേയും തമ്മിലുള്ള ഒരു യുദ്ധമായി പരിഗണിക്കാമെങ്കിൽ പരാജിതരെ ഒന്നടങ്കം ജേതാവായ ദൈവത്തിനു ബലിയർപ്പിക്കുന്നതായും (ജോഷ്വാ 6,17) കരുതാവുന്നതാണ്.

യാഹ്വേ മാത്രമാണ് ദൈവമെന്ന് രാജാവിനെയും ജനത്തെയും ബോധ്യപ്പെടുത്തുകയും അവരെ മാനസാന്തരത്തിലേക്കു നയിക്കുകയുംമായിരുന്നു വരൾച്ചയുടെയും കാർമ്മൽ മലയിലെ ബലിയുടെയും ലക്ഷ്യം. അതു നിറവേറിക്കഴിഞ്ഞപ്പോൾ ആഹാബ് കേൾക്കാൻ ആഗ്രഹിച്ച

വചനം ഏലിയാ അറിയിച്ചു: “വലിയമഴയിരുമ്പുന്നു” (1 രാജാ 18,41). ഒരു തുണ്ടു മേഘം പോലും ആകാശത്തെങ്ങും കാണാനില്ല, ഇടിമുഴക്കത്തിന്റെ സ്വരം ഒരു കാതിനും കേൾക്കാനും കഴിഞ്ഞില്ല. എന്നാലും മഴ വരുന്നെന്ന് പ്രവാചകൻ ഉറച്ചു വിശ്വസിച്ചു. മറ്റാർക്കും കേൾക്കാൻ കഴിയാത്തത് ദൈവസ്വരത്തിനു കാതോർക്കുന്ന പ്രവാചകന് കേൾക്കാൻ കഴിഞ്ഞു.

കാൽമുട്ടുകൾക്കിടയിൽ മുഖം അമർത്തി, നിലം പറ്റെ കുനിഞ്ഞിരിക്കുന്ന ഏലിയാ (1 രാജാ 18,42) ഏകാഗ്രവും വിനയാന്വിതവുമായ പ്രാർത്ഥനയുടെ മാതൃകയാണ്. ആറു തവണയും നിഷേധാത്മക മറുപടിയുമായി സേവകൻ മടങ്ങി വന്നിട്ടും ഏലിയാ സംശയിക്കുകയോ നിരാശനാവുകയോ ചെയ്തില്ല. ഏഴാം തവണ ദൂതൻ മടങ്ങി വന്നത് സന്തോഷവാർത്തയുമായിട്ടാണ് (1 രാജാ 18,43-44). മനുഷ്യകരത്തിന്റെ വലുപ്പമുള്ള ചെറിയ മേഘം മധ്യധരണ്യാഴിയിൽ നിന്ന് ഉയർന്നു വരുന്നു എന്നു കേട്ടപ്പോൾ ഏലിയാ എഴുന്നേറ്റ് ആഹാബിനു മുന്നറിയിപ്പു നല്കി. കാർമ്മൽ മലയിൽ നിന്ന് ഏകദേശം 24 കിലോമീറ്റർ അകലെയാണ് ജെസ്രേൽ. മഴമൂലം വഴിയിലുണ്ടാകുന്ന ചളിയിൽ രഥചക്രങ്ങൾ താണുപോകാതിരിക്കാൻ വേണ്ടിയാണ് വേഗം പുറപ്പെടാൻ രാജാവിനോട് പറഞ്ഞത്. രഥത്തിനു മുമ്പേ ഓടുന്ന ഏലിയാ അമാനുഷ ശക്തി പ്രകടമാക്കുന്നു. കർത്താവിന്റെ കരം ‘ഏലിയായുടെ മേൽ വന്നു’ (1 രാജാ 18,46) എന്ന വിശദീകരണം അദ്ദേഹത്തിന്റെ ശക്തിയുടെ ഉറവിടം എന്തെന്ന് വെളിവാക്കുന്നു.

**വിചിന്തനം:** തിന്മ തേർവാഴ്ച നടത്തുന്ന ഒരു സമൂഹത്തിൽ നന്മയെ മുറുകെ പിടിക്കുന്നവർക്ക് എന്തു ചെയ്യാനാവും എന്നതിന്റെ ഒരുദാഹരണമാണ് ഒബാദിയാ. അയാൾ ഒളിച്ചോടിയില്ല. ജീവൻ അപകടപ്പെടുത്തിക്കൊണ്ടും തന്റെ വിശ്വാസം കഴിയുന്നത്ര കാത്തു സൂക്ഷിക്കാനും യാഹ്‌വേ വിശ്വാസികൾക്കു സംരക്ഷണം നല്കാനും ശ്രമിച്ചു. അഴിമതിയും അക്രമവും നടമാടുന്ന സമൂഹത്തിൽ നീതിബോധമുള്ളവർക്ക് ഇത്രയെങ്കിലും ചെയ്യാനാവും. സർക്കാരാപ്പീസുകളിലും രാഷ്ട്രീയപാർട്ടികളിലും സമൂഹത്തിന്റെ മറ്റു തുറകളിലും ഈ ഉദാഹരണം പ്രസക്തമാണ്. തിന്മ നിറഞ്ഞ സമൂഹത്തിൽ നിന്ന് ഒളിച്ചോടാനല്ല, നന്മയുടെ ഉപ്പും പുളിമാവുമായി വർത്തിക്കാനാണ് യേശുനാഥൻ പഠിപ്പിച്ചത്. ആദർശങ്ങൾ ബലി കഴിക്കാതെ, ഉറച്ച ബോധ്യത്തോടെ നിലനില്ക്കുന്നവർക്കു സമൂഹത്തെ നന്മയിലേക്കു നയിക്കാൻ കഴിയും.

ഏലിയായുടെ പ്രവർത്തനങ്ങൾ ആഹാബിനെ അസ്വസ്ഥനാക്കി. പ്രവാചകന്മാർ അസ്വസ്ഥത സൃഷ്ടിക്കുന്നവരാണ്. ദനം, ഭോഗാസക്തി



മുതലായ വിഗ്രഹങ്ങളെ വച്ചു പൂജിക്കുകയും അനീതിയിൽ അടിയുറച്ചിരിക്കുകയും ചെയ്യുന്നവർക്ക് പ്രവാചകന്മാരുടെ സാന്നിധ്യം ഭീഷണിയായിത്തീരുന്നു. യാഥാർത്ഥ പ്രവാചകന്മാരെ കലാപകാരികളും സമാധാന ഭഞ്ജകരുമായി അവർ ചിത്രീകരിക്കും. യേശുവിന്റെ മുമ്പിൽ പൈശാചിക ശക്തി ഉന്നയിച്ചതും ഇതേ ആരോപണമാണ് (മർക്കോ 1,24). ദൈവവചനം നമ്മുടെ മനസിൽ അസ്വസ്ഥത സൃഷ്ടിക്കുന്നുണ്ടോ? നമ്മുടെ സുവിശേഷ പ്രഘോഷണം നിലവിലിരിക്കുന്ന അനീതി നിറഞ്ഞ സംവിധാനങ്ങളെ ചോദ്യം ചെയ്യാനും തിരുത്താനും സഹായിക്കുന്നതാണോ? അതോ ഈ ലോകവുമായി ബന്ധപ്പെടാത്ത വെറും വ്യർത്ഥ വാഗ്ദാനങ്ങളും ഉപദേശങ്ങളും മാത്രമായിത്തീരുന്നുണ്ടോ? ഏറെ നാൾ ഇരുട്ടിൽ കഴിഞ്ഞവർക്ക് പ്രകാശം കാണുമ്പോൾ കണ്ണു വേദനിക്കും. അപ്പോൾ വെളിച്ചത്തേക്കാൾ ഇരുട്ടു മെച്ചമായി തോന്നും പക്ഷേ പ്രകാശത്തിലേക്കു നയിക്കുന്ന വേദന ഒഴിവാക്കുകയല്ല പ്രവാചകധർമ്മം. ആശ്വസിപ്പിക്കുകയല്ല, സുഖപ്പെടുത്തുകയാണ് പ്രവാചകന്റെ കടമ-സുഖപ്പെടുത്തൽ പലപ്പോഴും വേദനാജനകമാണെങ്കിൽ പോലും.

രണ്ടു വഞ്ചിയിൽ കാലു വച്ചു നീങ്ങാതെ വ്യക്തമായ ഒരു തീരുമാനമെടുക്കാൻ ഏലിയാ ജനത്തെ പ്രേരിപ്പിച്ചു. ഇന്നു സമൂഹത്തിന്റെ എല്ലാ തലത്തിലും, രാഷ്ട്രീയത്തിലും മതമേഖലയിലും, ഈ തീരുമാനം അത്യാവശ്യമായിരുന്നു. മാമോനെയും ദൈവത്തെയും ഒരുമിച്ചു സേവിക്കാനുള്ള പ്രലോഭനം ക്രൈസ്തവസന്യാസ സഭകളെയും സഭാനേതൃത്വത്തെയും പോലും ബാധിച്ചിരിക്കുന്നതായി തോന്നും. ഏലിയാ നടത്തിയ ആഹ്വാനം കൂടുതൽ ശക്തവും വ്യക്തവുമായി യേശു ആവർത്തിച്ചു (മത്താ 6,24), മാമ്മോനെതിരേ ദൈവത്തിന്റെ പക്ഷം ചേരുക ഇന്ന് വലിയ നഷ്ടങ്ങൾക്കും പ്രശ്നങ്ങൾക്കും ഇടയാക്കും എന്നതിൽ സംശയമില്ല. ആ നഷ്ടം സഹിക്കാൻ തയ്യാറാകുന്നവർക്കേ യേശുവിന്റെ അനുയായികളാണ് തങ്ങൾ എന്ന് അവകാശപ്പെടാൻ കഴിയൂ. അവർ മാത്രമേ യേശുവിന്റെ വിശ്വസനീയ സാക്ഷികളാകൂ. ഈ സാക്ഷ്യത്തിന്റെ അഭാവമല്ലേ ഇന്നു നമ്മുടെ സമൂഹത്തിൽ ഇത്രമാത്രം അഴിമതിയും ധനമോഹവും സുഖാസക്തിയും വർദ്ധിക്കാൻ കാരണം?

എണ്ണൂറ്റമ്പതു പ്രവാചകന്മാർക്കെതിരെ ഭൗതികമായ യാതൊരു സംവിധാനങ്ങളുടെയും പിന്തുണയില്ലാതെ, ഏലിയാ ഒറ്റയ്ക്കു നിന്നു. മാനവസമൂഹത്തിന്റെമേൽ സമൂല നാശത്തിന്റെ കരിനിഴൽ പടർത്തുന്ന മരണ സംസ്കാരത്തിനെതിരേ ഉറച്ച നിലപാടു സ്വീകരിക്കാൻ ഏലിയായുടേതുപോലുള്ള പതറാത്ത വിശ്വാസവും അടങ്ങാത്ത തീക്ഷ്ണതയും തീവ്രമായ പ്രാർത്ഥനയും കൈമുതലാക്കിയ പ്രവാചകന്മാർ ഇന്നിന്റെ

ആവശ്യമാണ്.

### 2. പുതിയ ദൈവാനുഭവം - പുതിയ ദൗത്യം 1 രാജാ 19,1-21

കാർമ്മൽ മലയിലെ വിജയം താൽക്കാലികമായിരുന്നു. ബാൽ ദേവന്റെമേൽ കർത്താവ് വിജയം വരിച്ച സദ്വാർത്ത അറിയിക്കാനെന്നോണം രാജരഥത്തിനു മുമ്പേ, അതിനുമാനുഷ ശക്തിയോടെ ജെസ്രേലിലേക്ക് ഓടി വന്ന ഏലിയായ്ക്കു ലഭിച്ചത് ജെസബെലിന്റെ വധഭീഷണിയാണ്. തുടർന്നു വിവരിക്കുന്ന സംഭവങ്ങൾ പ്രവാചകന്റെ വ്യത്യസ്തമായൊരു ചിത്രം അവതരിപ്പിക്കുന്നു. ദൈവത്തെയും തന്റെ ദൗത്യത്തെയുംക്കുറിച്ച് ഏലിയായ്ക്ക് പുതിയ അവബോധം നല്കുന്നതാണ് ജെസ്രേലിൽ നിന്നുള്ള പലായനവും ഹോറെബിലെ ദൈവാനുഭവവും ഈ അധ്യായത്തെ മൂന്നു ഭാഗമായി തിരിക്കാം. *a. ഹോറെബിലേക്കുള്ള യാത്ര, b. പുതിയ ദൈവാനുഭവം, c. പിൻഗാമി.*

### a. ഹോറെബിലേക്കുള്ള യാത്ര 1 രാജാ 19,1-8

ബലിപീഠത്തിലിറങ്ങിയ അഗ്നിയും തുടർന്നുണ്ടായ കനത്ത മഴയും ആഹാബിനെ യഥാർത്ഥമായ മാനസാന്തരത്തിലേക്കു നയിച്ചില്ല. അത്ഭുതം കാണുന്നവരെല്ലാം വിശ്വസിക്കണമെന്നില്ലല്ലോ? സംഭവിച്ച കാര്യങ്ങൾ ആഹാബിൽ നിന്ന് അറിഞ്ഞ ജെസബെൽ ഏലിയായ്ക്കെതിരേ വധഭീഷണി മുഴക്കി (1 രാജാ 19,1-2). ഏലിയായെ വധിക്കാനായിരുന്നെങ്കിൽ അവൾ ദൂതനെ അയച്ചു മുന്നറിയിപ്പ് നല്കുകയില്ലായിരുന്നു. തനിക്കും താൻ പ്രചരിപ്പിക്കുന്ന ബാൽ വിശ്വാസത്തിനും ഭീഷണിയായ യാഹ്‌വേയുടെ പ്രവാചകനെ നാട്ടിൽ നിന്ന് ഓടിക്കുകയായിരുന്നു അവളുടെ ലക്ഷ്യം. ഏലിയാ നാടുവിട്ടാൽ കാർമ്മൽ മലയിൽ വച്ചു വിശ്വാസപ്രഖ്യാപനം നടത്തിയ ജനം വീണ്ടും തന്റെ വഴിക്കു വരും എന്ന് ജെസബെൽ കരുതി. യേശുവിനെതിരേ ഹേറോദേസേ ഉയർത്തിയ ഭീഷണിയുമായി (ലൂക്കാ 13,31) ഇതിനു സാമ്യമുണ്ട്.

ജെസബെൽ പ്രതീക്ഷിച്ചപോലെ സംഭവിച്ചു. ഏലിയാ ഭയന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്തു (1 രാജാ 19,3). യൂദായുടെ തെക്കെ അതിർത്തിയിൽ, ജെസ്രേലിൽ നിന്ന് ഏകദേശം 150 കിലോമീറ്റർ തെക്കാണ് ബേർഷെബാ. യൂദാ ഇസ്രായേലുമായി സഖ്യത്തിലായിരുന്നതിനാൽ അവിടെയും തനിക്ക് സുരക്ഷിതത്വമില്ലെന്നു കരുതി ഏലിയാ സേവകനെ പറഞ്ഞയച്ചതിനുശേഷം തനിയേ മരുഭൂമിയിലേക്കു പോയി. പരാജിതനും ക്ഷീണിതനുമായ അയാൾ മരിക്കാൻ ആഗ്രഹിച്ച് ഒരു വാടാമുൾച്ചെടിയുടെ പരിമിതമായ തണലിൽ കിടന്നു (1 രാജാ 19,4-5). ചുള്ളിക്കമ്പുകളായി ഏകദേശം പത്തടി ഉയരത്തിൽ മരുഭൂമിയിൽ വളരുന്ന ഒരിനം കുറ്റിച്ചെടിയാണ് വാടാമുൾച്ചെടി. ഏലിയായുടെ പ്രാർത്ഥനയിൽ



പരാജയ ബോധവും ഭയവും ആഴമേറിയ ദുഃഖവും പ്രതിധ്വനിക്കുന്നു. ജീവിതത്തിന്റെ അവസാനത്തിലെത്തിയ, നിരാശയ്ക്ക് അടിപ്പെട്ടുപോയ ഒരു സാധാരണ മനുഷ്യന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. കാർമ്മലിലെ ധീരതയും ലക്ഷ്യബോധവും പൂർണ്ണമായും നഷ്ടപ്പെട്ടതുപോലെ തോന്നും. മരിക്കുക എന്ന ഒറ്റ ആഗ്രഹമേ ഇനി അവശേഷിച്ചിട്ടുള്ളു. എന്നാൽ സ്വയം ജീവൻ ഒടുക്കുകയല്ല, തന്റെ ജീവൻ എടുക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുകയാണ് ഏലിയാ ചെയ്യുന്നത്.

മനസും ശരീരവും തളർന്ന പ്രവാചകനെ കർത്താവ് കൈവെടിയുന്നില്ല. മരുഭൂമിയിലെ മുൾച്ചെടിയുടെ ചുവട്ടിൽ ഏകനായി തളർന്നു കിടന്നുറങ്ങിയ ഏലിയായെ കർത്താവിന്റെ ദൂതൻ രണ്ടു തവണ തട്ടിയുണർത്തി, അപ്പവും വെള്ളവും കൊടുത്തു ശക്തിപ്പെടുത്തി. അയാളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഇനിയും പൂർത്തിയായിട്ടില്ല എന്ന സൂചനയാണ് "അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും" (1 രാജാ 19,7) എന്ന മുന്നറിയിപ്പിലുള്ളത്. ഹോറെബിലേക്കുള്ള യാത്രയെ മാത്രമല്ല, കർത്താവ് ഏൽപിക്കുന്ന മുഴുവൻ ദൗത്യത്തെയുമാണ് "യാത്ര" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

ബേർഷെബായിൽ നിന്ന് ഏകദേശം 500 കി.മീ തെക്കാണ് ഹോറെബ് മല. ഇത് സീനായ് മല എന്നും അറിയപ്പെടുന്നു. മോശയ്ക്ക് ദൈവം ആദ്യമായി പ്രത്യക്ഷപ്പെട്ടതും (പുറ 3,1) ഇസ്രായേൽ ജനവുമായി ഉടമ്പടി ചെയ്തതും (പുറ 19) ഈ മലയിൽ വച്ചാണ്. തന്റെ വലിയ പ്രതിസന്ധിയിൽ വിശ്വാസത്തിന്റെ ഉറവിടത്തിലേക്കാണ് ഏലിയാ തീർത്ഥാടനം നടത്തുന്നത്. തന്റെ പരാതികൾ ദൈവസന്നിധിയിൽ സമർപ്പിക്കാനും തന്റെയും ജനത്തിന്റെയും ഭാവിയെ സംബന്ധിച്ച് കൂടുതൽ വ്യക്തമായ ഉൾക്കാഴ്ച ലഭിക്കാനും വേണ്ടിയായിരുന്നു ഈ തീർത്ഥാടനം എന്ന് അനുമാനിക്കാം. നാല്പതു രാവും നാല്പതു പകലും മരുഭൂമിയിലൂടെ നടന്നത് ഇസ്രയേൽ ജനം മരുഭൂമിയിലൂടെ നടത്തിയ നാല്പതു വർഷത്തെ തീർത്ഥാടനത്തെ അനുസ്മരിപ്പിക്കുന്നു. ഇസ്രയേലിനെപ്പോലെ ഏലിയായും പരിക്ഷീണവും പ്രലോഭിതനുമായിരുന്നു. ഇസ്രായേലിന്റെ ചരിത്രം പ്രവാചകൻ സ്വന്തം ജീവിതത്തിൽ ആവർത്തിക്കുകയാണ്.

**വിചിന്തനം:** മരിക്കാൻ ആഗ്രഹിച്ചു മരുഭൂമിയിൽ തളർന്നു കിടക്കുന്ന ഏലിയാ വലിയൊരു പാഠം നല്കുന്നു. കർത്താവിനുവേണ്ടി സ്വയം സമർപ്പിച്ച്, പൂർണ്ണമായ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരുടെ ജീവിതത്തിലും ഇതുപോലുള്ള നിമിഷങ്ങൾ ഉണ്ടാകാം. തന്റെ നാളിതുവരെയുള്ള സകല പ്രവർത്തനങ്ങളും തികച്ചും ഫലശൂന്യമായിരു

ന്നെന്നും ജീവിതം തന്നെ പരാജയമായി എന്നുമുള്ള തോന്നലുകൾ സകല ശക്തിയും പ്രചോദനവും ചോർത്തിക്കളഞ്ഞെന്നും വരാം. ഇതു കഠിനമായൊരു പരീക്ഷണമാണ്. യേശു ഗദ്സെമെനിയിൽ നേരിട്ടതും ഇതുപോലൊരു പരീക്ഷണമാണ്. നിരാശയിൽ ആണ്ടുപോകുന്നു എന്നു തോന്നുമ്പോഴും കർത്താവിൽ ആശ്രയിക്കാനും പ്രാർത്ഥനയിലൂടെ അവിടുത്തെ സാന്നിധ്യം തേടാനും കഴിയണം.

ഉറങ്ങിക്കിടന്ന പ്രവാചകനം തട്ടിയുണർത്തിയ ദൈവം അയാൾക്കു നല്കിയ അപ്പം വിശുദ്ധ കുർബ്ബാനയുടെ പ്രതീകമാണ്. ദൈവ രാജ്യത്തെ ലക്ഷ്യം വച്ചുള്ള ജീവിത യാത്രയിൽ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും കൂജയിലെ വെള്ളവുമല്ല, യേശുവിന്റെ ശരീര രക്തങ്ങളാണ് നമുക്ക് ശക്തി പകരാനായി ദൈവം നല്കുന്നത്.

### b. ദൈവാനുഭവം 1 രാജാ 19,9-18

ഹോറെബിൽ വച്ച് ഏലിയായ്ക്കുണ്ടായ ദൈവാനുഭവം രണ്ടാം തവണ പ്രമാണപ്പലകകൾ സ്വീകരിക്കാനായി മലയിലെത്തിയ മോശയ്ക്കുണ്ടായ അനുഭവത്തോട് (പുറ 33,18-23) സദൃശ്യമാണ്. അവിശ്വസ്തരായിത്തീർന്ന ജനത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് ഇരുവരും കർത്തൃസന്നിധിയിലെത്തിയത്. മലമുകളിലെ ഗുഹയിലാണ് ഇരുവരും നിന്നത്. ഇരുവരും ദൈവത്തിന്റെ സ്വരം ശ്രവിക്കുകയും മഹത്വം ദർശിക്കുകയും പുതിയ ദൗത്യം സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇരുവരുടെയും അനുഭവങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങളുമുണ്ട്. ജനത്തിന്റെ പാപത്തിനു മാപ്പിരക്കാനാണ് മോശ മലയിലെത്തിയതെങ്കിൽ ജനത്തിനെതിരേയുള്ള പരാതിയും തന്റെ നിഷ്കളങ്കതയും നിസ്സഹായതയുമാണ് ഏലിയാ കർത്താവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. മോശയുടെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ഉണ്ടായ പ്രതിഭാസങ്ങൾ ഏലിയായുടെ മുമ്പിലും ആവർത്തിച്ചെങ്കിലും അവയിലൊന്നും ദൈവമില്ലായുരുന്നു എന്ന പ്രസ്താവന ഒരു പല്ലവി പോലെ പലതവണ ആവർത്തിക്കുന്നു. ദൈവത്തെ സംബന്ധിച്ച പുതിയൊരു യാഥാർത്ഥ്യം ഇവിടെ വെളിപ്പെടുന്നു.

കർത്താവിന്റെ മലയിലെ ഗുഹയിൽ രാത്രി ചിലവഴിച്ച ഏലിയാ ദൈവത്തിന്റെ വചനം ശ്രവിച്ചു. അതൊരു ആശ്വാസവചനമോ ദൗത്യം ഏല്പിക്കുന്ന കല്പനയോ പുതിയ ദൈവിക വെളിപാടോ ആയിരുന്നില്ല. 'ഏലിയാ, നീ ഇവിടെ എന്തുചെയ്യുന്നു?" എന്ന ചോദ്യം (1 രാജാ 19,10) പ്രവാചകന്റെ അന്തരാത്മാവിലേക്ക് ചുഴിഞ്ഞിറങ്ങുന്നതാണ്. ഏലിയായെ നിശിതമായൊരു ആത്മ പരിശോധനയ്ക്ക് പ്രേരിപ്പിക്കുകയാണ് ദൈവം ആദ്യമേ ചെയ്യുന്നത്. "ഇവിടെ" എന്ന പദത്തിനു പ്രത്യേക ഊന്നലുണ്ട്. ജനമധ്യത്തിൽ യാഹ്‌വേയുടെ സാക്ഷിയാകാൻ വിളിക്കപ്പെട്ടവൻ എന്തുകൊണ്ട് മലയിലെ ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്ന ധ്വനി ചോദ്യത്തിലുണ്ട്. ജനത്തിന്റെ പാപങ്ങൾ എടുത്തു കാട്ടുകയും സ്വയം ന്യായീകരിക്കുകയും ചെയ്യുന്ന ഒരു മറുപടിയാണ് ഏലിയാ നല്കുന്നത് (1 രാജാ 19,10). താൻ മാത്രം കർത്താവിനോടു വിശ്വസ്തത പാലിക്കുന്നുവെന്ന ബോധ്യവും തന്റെ ജീവൻ അപകടത്തിലായിരിക്കുന്നതിലുള്ള ഭയവും ഈ മറുപടിയിൽ നിറഞ്ഞു നില്ക്കുന്നു.

പ്രവാചകന്റെ പരിദേവനത്തിനു മറുപടി പറയാതെ പകരം ഒരു കല്പനയാണ് കർത്താവു നല്കുന്നത്. "നീ ചെന്ന് മലയിൽ കർത്താവിന്റെ മുമ്പിൽ നില്ക്കുക''. തന്നെയും തന്റെ പദ്ധതികളെയുംക്കുറിച്ച് ദൈവം ഏലിയായ്ക്ക് പുതിയൊരു വെളിപാടു നല്കാൻ പോകുന്നു. കൊടുങ്കാറ്റും ഭൂകമ്പവും അഗ്നിയും ദൈവിക സാന്നിധ്യം വിളിച്ചറിയിക്കുന്ന പ്രതിഭാസങ്ങളായിരുന്നു. (പുറ 19,16-19; ന്യായാ 5.4-5; 2 സാമു 22, 8-16; സങ്കീ 18,7-15; 68,8). എന്നാൽ ഇവയിലൊന്നും കർത്താവില്ലായിരുന്നു എന്ന് ഏലിയ അറിഞ്ഞു. അവസാനമുണ്ടായ മൃദുല സ്വരം കേട്ടപ്പോൾ കർത്താവിന്റെ സാന്നിധ്യം പ്രവാചകന് അനുഭവവേദ്യമായി. അസാധാരണ പ്രതിഭാസങ്ങളിൽ ദൈവത്തെ അന്വേഷിക്കാതെ, അനുദിന ജീവിതത്തിലെ സാധാരണ സംഭവങ്ങളിൽ ദൈവത്തെ കണ്ടെത്താൻ പ്രവാചകനെ പ്രേരിപ്പിക്കുന്നതാണ് ഈ പുതിയ അനുഭവം.

കർത്താവ് ആദ്യത്തെ ചോദ്യം വീണ്ടും ആവർത്തിച്ചു. ഏലിയായുടെ മറുപടിയിൽ യാതൊരു മാറ്റവും ഉണ്ടായില്ല (1 രാജാ 19,13-14). മലയിലെ പ്രത്യക്ഷീകരണത്തിന്റെ അർത്ഥം ഇനിയും പ്രവാചകൻ ഗ്രഹിച്ചില്ല എന്നു തോന്നും. തന്റെ സ്വകാര്യ ദുഃഖത്തിൽ നിന്നു വിടുതി നേടാനോ സ്വയം ന്യായീകരണവും ആത്മ വിലാപവും അവസാനിപ്പിക്കാനോ അയാൾക്ക് ഇനിയും കഴിഞ്ഞില്ല. തന്നിൽത്തന്നെ ഒതുങ്ങിക്കൂടുന്ന പ്രവാചകനോട് കർത്താവ് ഒരാശ്വാസ വാക്കുപോലും പറയുന്നില്ല. മറിച്ച് കൂടുതൽ അപകടകരമായ ദൗത്യം ഏല്പിച്ച്, വിട്ടുപോന്ന കർമ്മരംഗത്തേക്കു തിരിച്ചയ്ക്കുകയാണ് ചെയ്യുന്നത്.

ഇസ്രായേലിലും അയൽ രാജ്യമായ സിറിയായിലും പുതിയ രണ്ടു രാജാക്കന്മാരെയും തനിക്കു പിൻഗാമിയായി ഒരു പ്രവാചകനെയും അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയായോട് ആജ്ഞാപിച്ചു (1 രാജാ 19,15-17). വിഗ്രഹാരാധനയിലും അനീതിയിലും അടിയുറച്ച ഭരണ സംവിധാനങ്ങളെ തകിടം മറിച്ച്, കൂടുതൽ നീതി നിഷ്ഠമായവയ്ക്കു രൂപം കൊടുക്കാനുള്ള പ്രയത്നം പ്രവാചക ദൗത്യത്തിന്റെ ഭാഗമായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഏലിയായുടെ ദൗത്യം അതിന്റെ അന്ത്യത്തോടടുക്കുന്നു

എന്ന സൂചനയാണ് പിൻഗാമിയെ അഭിഷേകം ചെയ്യാനുള്ള കല്പന യിൽ നിന്നു ലഭിക്കുന്നത്. ദൗത്യം ഏല്പിച്ചതിനുശേഷം ഏലിയായുടെ പരാതിക്കു വ്യംഗ്യമായ ഒരു മറുപടിയും നല്കുന്നു. ബാലിനു മുമ്പിൽ മുട്ടുമടക്കാത്ത ഏഴായിരം പേരെ ഇസ്രായേലിൽ അവശേഷിപ്പിക്കും (1 രാജാ 19,18) എന്ന കർത്താവിന്റെ വാക്കുകൾ ഏലിയായെ യാഥാർത്ഥ്യ ബോധത്തിലേക്കു നയിക്കുന്നതാണ്. താൻ മാത്രം വിശ്വസ്തനായി അവ ശേഷിച്ചിരിക്കുന്നു എന്ന മിഥ്യാധാരണ ഏലിയിലാണെങ്കിലും അഹങ്കാ രത്തിന്റെ പ്രകടനമാകാം. തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർണ്ണ വിശ്വ സ്തതയോടെ നിറവേറ്റുക, ദൈവം നിശ്ചയിച്ച സമയമാകുമ്പോൾ ദൗത്യം പിൻഗാമിയെ ഏല്പിച്ച് തിരോധാനം ചെയ്യാൻ ഒരുങ്ങിയിരിക്കുക, ഇതു മാത്രമേ ഏലിയായും ചെയ്യേണ്ടതുള്ളു.

**വിചിന്തനം:** മരുഭൂമിയിൽ മരണം കാത്തു മയങ്ങിക്കിടന്ന പ്രവാചകനോടു കർത്താവു പറഞ്ഞു: എണീറ്റു ഭക്ഷിക്കുക. മലമുകളിലെ ഗുഹയിൽ ഒളി ച്ചിരുന്നവനോടു പറഞ്ഞു: എണീറ്റു പുറത്തു കടന്ന് കർത്താവിന്റെ മുമ്പിൽ നില്ക്കുക. നാട്ടിൽ അനീതി നടമാടുമ്പോൾ, ജനം ഒന്നടങ്കം വിശ്വാസ പ്രതിസന്ധി നേരിടുമ്പോൾ, കർത്താവിന്റെ പ്രവാചകന് നിരാശയും ആല സ്യവും നിഷിദ്ധമാണ്. ആത്മ വിലാപം അവസാനിപ്പിച്ച്, സധൈര്യം തന്റെ ദൗത്യം നിർവ്വഹിക്കണം. “നീ ഇവിടെ എന്തെടുക്കുന്നു?” എന്ന കർത്താ വിന്റെ ചോദ്യം ഓരോ വ്യക്തിയോടും ഇന്നും ആവർത്തിക്കുന്നു. കർത്താവ് നിന്നെ ഏല്പിച്ചിരിക്കുന്ന ജോലിയാണോ നീ ചെയ്യുന്നത്?

അസാധാരണ പ്രതിഭാസങ്ങളിലല്ല കർത്താവിനെ അന്വേഷിക്കേ ണ്ടത്. അത്ഭുതങ്ങൾക്കുവേണ്ടി കാത്തു നില്ക്കാതെ, അനുദിന ജീവി താനുഭവങ്ങളിൽ ദൈവിക സാന്നിധ്യം കണ്ടെത്താൻ ഓരോരുത്തരും പഠിക്കണം. അന്തരാത്മാവിൽ നിയന്ത്രിക്കുന്ന കർത്താവിന്റെ സ്വരം ശ്രവി ക്കാൻ ഏകാഗ്രവും നിശബ്ദവുമായ പ്രാർത്ഥനയിൽ കാതോർക്കണം. “ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്” (1 കോറി 14,33).

കർത്താവിനു വേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ച പ്രവാചക നാണ് ഏലിയാ. എന്നാൽ തീക്ഷ്ണതയുടെ ആധിക്യത്താൽ താൻ മാത്രമേ കർത്താവിനോടു വിശ്വസ്തത പാലിക്കുന്നുള്ളു എന്ന് അദ്ദേഹം തെറ്റിദ്ധരിച്ചു. ഇന്നും തീക്ഷ്ണമതികളായ പല വിശ്വാസികളും പരദൂ ഷണ പ്രിയരും അഹങ്കാരികളുമായിത്തീരുന്ന കാര്യം അവർ തന്നെ അറി യുന്നില്ല. തീക്ഷ്ണത നല്ലതെങ്കിലും, അത് അഹങ്കാരത്തിലേക്കു നയി ക്കുമ്പോൾ അപകടകരമായിത്തീരുന്നു.



### c. പിൻഗാമിയുടെ അഭിഷേകം 1 രാജാ 19,19-21

രണ്ടുപേരെ രാജാവായും ഒരാളെ പ്രവാചകനായും അഭിഷേകം ചെയ്യാൻ ഏലിയായോട് കർത്താവ് ആജ്ഞാപിച്ചെങ്കിലും പ്രവാചകന്റെ തിരഞ്ഞെടുപ്പു മാത്രമേ ഏലിയാ നടത്തുന്നുള്ളൂ. രാജാക്കന്മാരെ അഭി ഷേകം ചെയ്യാനുള്ള ദൗത്യം തന്റെ പിൻഗാമിക്കു വിട്ടുകൊടുക്കുകയാ ണ്. എലീഷാ അതു നിർവ്വഹിച്ചതായി പിന്നീട് വിവരിക്കുന്നുണ്ട് (2 രാജാ 8,11-13;9, 1-10). സാമാന്യം സാമ്പത്തികശേഷിയുള്ള ഒരു കർഷകനായി രുന്നു പന്ത്രണ്ട് ഏർകാളയുടെ ഉടമയായ എലീഷാ. “ദൈവം രക്ഷിച്ചു” എന്നാണ് എലീഷാ എന്ന പേരിന്റെ അർത്ഥം. കടന്നുപോയ ഏലിയാ അയാളുടെമേൽ തന്റെ മേലങ്കി ഇട്ടത് പ്രവാചകനായി തന്നെ അനുഗമി ക്കാനുള്ള വിളിയുടെ അടയാളമായിരുന്നു. പ്രവാചകന്മാരെ തിരിച്ചറിയാൻ സഹായിക്കുന്നതായിരുന്നു അവർ ധരിച്ചിരുന്ന രോമക്കുപ്പായം (സഖ റിയാ 13,4).

അടയാളം മനസിലാക്കിയ എലീഷാ തന്റെ ദൗത്യം ഏറ്റെടുക്കു ന്നതിനു മുമ്പേ മാതാപിതാക്കന്മാരോടു വിട പറയാൻ അനുവാദം ചോദി ച്ചു. ഏലിയായുടെ മറുപടി വ്യക്തമല്ല. അനുവാദം നല്കി എന്നതാണ് പൊതുവേ സ്വീകരിച്ചിരിക്കുന്ന വ്യാഖ്യാനം. എന്നാൽ എലീഷാ വീട്ടി ലേക്കു പോയില്ല. കലപ്പ കത്തിച്ച് കാളയെ വേവിച്ചു പങ്കുവച്ചതിനുശേഷം വെറുംകൈയോടെ ഏലിയായെ അനുഗമിച്ചു. വിട്ടുപോന്നതിലേക്കു പിന്തി രിഞ്ഞുനോക്കാത്ത ഒരു ശിഷ്യത്വമായിരുന്നു അത്.

**വിചിന്തനം:** വിളി ലഭിക്കുമ്പോൾ കർത്താവിനു വേണ്ടി എല്ലാം ത്യജി ക്കാൻ തയ്യാറാകുന്നവർക്കേ യഥാർത്ഥ പ്രവാചകരും യേശുശിഷ്യരും ആകാൻ കഴിയൂ. “കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്ന ഒരു വനും സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല” (ലൂക്കാ 9,62) എന്ന യേശുവ ചനം എലീഷായുടെ പ്രവർത്തനത്തെ മാതൃകയായി എടുത്തുകാട്ടുന്നു. കർത്താവിന്റെ വിളി സ്വീകരിക്കുന്നതിൽ നിന്ന് തന്നെ തടയുന്ന എന്തെ ങ്കിലും ജീവിതത്തിലുണ്ടോ എന്ന് ഓരോരുത്തരും ആത്മശോധന ചെയ്യ ണം. കലപ്പ കത്തിക്കുന്നത് കഴിഞ്ഞ ജീവിതത്തോടും ജീവിതത്തിലെ സകല സുരക്ഷിതത്വത്തോടുമുള്ള വിടപറയലാണ്. കർത്താവിന്റെ ശിഷ്യർ കർത്താവിൽ മാത്രം സുരക്ഷിതത്വം കണ്ടെത്തണം. ഇന്ന് എത്ര പേർക്ക് ഇതു സാധിക്കുന്നുണ്ട്?

## 3. വിജയം കർത്താവിന്റെ ദാനം 1 രാജാ 20,1-43

ഏലിയാ പ്രവാചകന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം തൽക്കാലത്തേക്കു നിർത്തിവച്ചിട്ട് ഇസ്രായേലും സിറിയായും തമ്മിൽ നടന്ന ചില യുദ്ധങ്ങളിലേക്കു വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ദാവീ

ദിന്റെ കാലത്ത് ഇസ്രായേലിന്റെ ആധിപത്യത്തിൽ കീഴിലായിരുന്ന സിറിയാ ഇന്ന് ഇസ്രായേലിന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ പോന്ന ഒരു ശക്തിയായിത്തീർന്നിരിക്കുന്നു. സിറിയായുടെ ഔദ്ധത്യവും ഇസ്രായേലിന്റെ ദൗർലബ്ബല്യവും എടുത്തുകാട്ടിക്കൊണ്ടാണ് യുദ്ധത്തിന്റെ വിവരണം ആരംഭിക്കുന്നത് (20,1-6). കർത്താവിന്റെ സഹായത്താൽ വിവരണം ആരംഭിക്കുന്നത് (20,1-6). കർത്താവിന്റെ സഹായത്താൽ രണ്ടു തവണ സിറിയായെ പരാജയപ്പെടുത്തുകയും അവരുമായി തങ്ങൾക്കു ലാഭകരമായ നിബന്ധനകൾ വച്ചുള്ള ഒരു ഉടമ്പടി ഉണ്ടാക്കുകയും ചെയ്തതായി രേഖപ്പെടുത്തിക്കൊണ്ട് വിവരണം സമാപിക്കുന്നു. കർത്താവാണ് വിജയം നല്കുന്നതെന്നും അവിടുന്ന് എപ്പോഴും പാവങ്ങളുടെ പക്ഷത്താണെന്നും എടുത്തുകാട്ടുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. അതോടൊപ്പം കർത്താവിന്റെ ഹിതം പൂർണ്ണമായി അനുസരിക്കാൻ കടമയുണ്ടെന്നും അവിശ്വസ്തത നാശത്തിനു വഴിയൊരുക്കുമെന്നും പഠിപ്പിക്കുകയും ചെയ്യുന്നു.

ഇസ്രായേൽ രാജാവായ ബാഷായുടെ ആക്രമണത്തിൽ നിന്നു രക്ഷ നേടാൻ വേണ്ടി യൂദാരാജാവായ ആസാ കാഴ്ചകളുമായി സമീപിച്ച സിറിയാ രാജാവായ ബെൻഹാദ് തന്നെയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മുപ്പത്തിരണ്ടു നാടുവാഴികളുടെ നേതൃത്വത്തിൽ വലിയൊരു സൈന്യവുമായി വന്ന് ബെൻ ഹദാദ് സമരിയായെ വളഞ്ഞു. സിറിയായുടെ മേൽക്കോയ്മ സ്വീകരിക്കാൻ ആഹാബു തയ്യാറായെങ്കിലും നഗരം കൊള്ളയടിക്കാനായി ശത്രുസൈന്യത്തിനു വിട്ടുകൊടുക്കാൻ അയാൾക്കു മനസുവന്നില്ല (1 രാജാ 20,1-6). ഇസ്രായേലിലെ ശ്രേഷ്ഠന്മാരുടെ പിന്തുണ ലഭിച്ച ആഹാബ് ബെൻഹദാദിന്റെ ഭീഷണിയെ തൃണവൽഗണിച്ചു. സിറിയൻ സൈന്യം ആക്രമണത്തിനൊരുങ്ങി (1 രാജാ 20,7-12).

കർത്താവിന്റെ വചനവുമായി വന്ന പ്രവാചകൻ ഇസ്രായേൽ സൈന്യത്തിനു വിജയം വാഗ്ദാനം ചെയ്യുക മാത്രമല്ല, സ്വീകരിക്കേണ്ട യുദ്ധ തന്ത്രങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു (20,13-14). "ഞാനാണ് കർത്താവ് എന്നു നീ അറിയും എന്ന പ്രവാചക വചനമാണ് ഇവിടെ ഏറ്റം ശ്രദ്ധേയം. മാനുഷികമായ വിധത്തിൽ അസാധ്യമായ വിജയം ലഭിച്ചു കഴിയുമ്പോൾ കർത്താവാണ് തങ്ങൾക്ക് വിജയം നല്കിയതെന്ന് ആഹാബും സൈന്യവും ഇസ്രയേൽ ജനം മുഴുവനും മനസിലാക്കണം. ഇസ്രായേൽ സൈന്യത്തെ നിഷ്പ്രയാസം കീഴടക്കാം എന്ന ഔദ്ധത്യമാണ് നട്ടുച്ചയ്ക്ക് കുടിച്ചുന്മത്തരാകുന്ന സിറിയൻ സൈന്യം പ്രകടമാകുന്നത് (1 രാജാ 20,16). കർത്താവിന്റെ നിർദ്ദേശങ്ങളനുസരിച്ച് യുദ്ധം ചെയ്ത ഇസ്രായേൽ സൈന്യം നിഷ്പ്രയാസം വിജയം വരിച്ചു )1 രാജാ 20,14-21).

അടുത്ത വർഷം സിറിയാ രാജാവ് കൂടുതൽ സൈന്യവുമായി മടങ്ങിവരും എന്ന് പ്രവാചകന്മാർ നലികയ മുന്നറിയിപ്പു സ്വീകരിച്ച് ആഹാബു കൂടുതൽ ശക്തി സംഭരിച്ചു (1 രാജാ 20,22). ബെൻ ഹദാദിന്റെ സേവകന്മാർ രണ്ട് ഉപദേശങ്ങൾ നൽകി (1 രാജാ 20,23-25). രണ്ടും തന്ത്രപ്രധാനമായിരുന്നു. തേരും കുതിരയും ഉപയോഗിച്ച് മലയിൽ യുദ്ധം ചെയ്യുക എളുപ്പമല്ല. അതിനാൽ അടുത്ത യുദ്ധം സമതലത്തു വച്ചായിരിക്കണം. യുദ്ധ പരിചയമില്ലാത്ത നാടുവാഴികൾക്ക് കുടിച്ചു മദിക്കാനല്ലാതെ സൈന്യത്തെ നയിക്കാൻ അറിയില്ല. അതിനാൽ കഴിവുള്ള സേനാധിപന്മാരെ നിയമിക്കണം.

യുക്തിസഹമായ ഈ നിർദ്ദേശങ്ങൾക്ക് വി.ഗ്രന്ഥകാരൻ ദൈവശാസ്ത്രപരമായി നല്കുന്ന വ്യാഖ്യാനമാണ് '"ഇസ്രേയലിന്റെ ദേവന്മാർ ഗിരിദേവന്മാരാണ്" എന്ന സിറിയൻ ഉപേദേഷ്ടാക്കളുടെ പ്രസ്താവന. ഇസ്രായേൽ അധിവസിച്ചിരുന്നത് ഭൂരിഭാഗവും മലമ്പ്രദേശമായിരുന്നതിനാലാവാം ഇങ്ങനെ ഒരു ധാരണയുണ്ടായത്. സീനായ് ഉടമ്പടിയെക്കുറിച്ചുള്ള ഒരു സൂചനയും ഇതിൽ കാണാം. എന്നാൽ കർത്താവ് മലയിൽ മാത്രമല്ല, സമതലത്തിലും ശക്തനാണെന്നു തെളിയിക്കുന്നതാണ് അടുത്ത അധ്യായം" എന്ന പ്രസ്താവന വീണ്ടും ആവർത്തിക്കുന്നു. ഒറ്റ ദിവസ്സത്തെ യുദ്ധം കൊണ്ട് സിറിയൻ സൈന്യം തറപറ്റി (1 രാജാ 20,29-30).

പരാജിതനായ ബെൻഹദാദിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി സേവകർ ആഹാബിനെ സമീപിച്ചു. "ഇസ്രയേൽ രാജാവ് ദയയുള്ളവനാണ്" (1 രാജാ 20,31) എന്ന അവരുടെ പ്രസ്താവനയിൽ "ഹെസെദ്" എന്ന ഹീബ്രുവാക്കാണ് "ദയ" എന്നു വിവർത്തനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കരുണ എന്നതിനേക്കാൽ "വാക്കു പാലിക്കുന്നവൻ" എന്ന അർത്ഥമാണ് ഈ പദത്തിനുള്ളത്. ഉടമ്പടിയോടുള്ള വിശ്വസ്തതയെ ഇതു സൂചിപ്പിക്കുന്നു. ആഹാബിൽ നിന്ന് അനുകൂലമായ ഒരു വാക്കു കിട്ടിയാൽ അതു വിശ്വാസിക്കാം എന്നാണ് ധ്വനി. തലയിൽ കയറു ചുറ്റിയത് (1 രാജാ 20,32) വിധേയത്വത്തിന്റെ അടയാളമായിരുന്നു. മുതുകിൽ ഭാരം ചുമക്കുന്നത് എളുപ്പമാക്കാൻ വേണ്ടി നെറ്റിയിൽ കയർ ചുറ്റി ഭാരം പുറത്തു തൂക്കിയിടുന്നതിൽ നിന്നാണ് ഈ പ്രതീകമുണ്ടായത്. ആഹാബിന്റെ ആധിപത്യം സ്വീകരിക്കാൻ തങ്ങൾ തയ്യാറാണെന്ന് ഇതു സൂചിപ്പിക്കുന്നു.

അവർ പ്രതീക്ഷിച്ച പ്രതികരണമുണ്ടായി. ബെൻഹദാദിനെ ആഹാബ് സഹോദരനായി സ്വീകരിച്ചു. സമാധാന ഉടമ്പടിയുണ്ടാക്കിയ

തിനുശേഷം വിട്ടയ്ക്കുകയും ചെയ്തു. യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഇസ്രയേലിന്റെയും സിറിയായുടെയും അവസ്ഥ കീഴ്മേൽ മറിക്കുന്നതായിരുന്നു ഉടമ്പടി. സിറിയാ പിടിച്ചടക്കിയിരുന്ന നഗരങ്ങൾ ഇസ്രായേലിനു തിരിച്ചു കിട്ടി. ഡമാസ്ക്കസിൽ വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള അവകാശവും ലഭിച്ചു (1 രാജാ 20,33–34).

സിറിയായുമായി ഉടമ്പടി ചെയ്തത് രാഷ്ട്രീയമായ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്നു. യൂഫ്രട്ടീസിനു കിഴക്ക് അസീറിയൻ ചക്രവർത്തിയായ അസൂർ നസീർ പാൽ (ബി.സി. 883–859) ചുറ്റുപാടുമുള്ള രാജ്യങ്ങളെ കീഴടക്കി തന്റെ സാമ്രാജ്യം യൂഫ്രട്ടീസ് നദിയുടെ പടിഞ്ഞാറോട്ട് വ്യാപിപ്പിക്കാൻ ശ്രമിച്ചു. തുടർന്നു വന്ന ഷൽമനേസർ മൂന്നാമൻ (858–824) മധ്യധരണ്യാഴിവരെ രണ്ടു പടയോട്ടങ്ങൾ നടത്തി. ചെറു രാജ്യങ്ങൾ ഒന്നിനും പിടിച്ചു നിൽക്കാൻ കഴിയാതെ വന്നു. ഈ സാഹചര്യത്തിലാണ് സിറിയായുടെ നേതൃത്വത്തിൽ പന്ത്രണ്ടു രാജ്യങ്ങൾ ഒത്തുചേർന്ന് ഒരു സഖ്യമുണ്ടാക്കിയത്. ഓരോന്തസ് നദീതീരത്തുള്ള ഖർഖാരിൽ വച്ച് ബി.സി. 853ൽ ഈ സഖ്യ സൈന്യം ഷൽമനേസറിനെ നേരിട്ടു. ഇസ്രയേൽ രാജാവായ ആഹാബിന്റെ രണ്ടായിരം തേരും പതിനായിരം പടയാളികളും സിറിയായുടെ 1200 തേരും പതിനായിരം പടയാളികളും സഖ്യ സൈന്യത്തിലുണ്ടായിരുന്നുവെന്ന് ഷൽമനേസറിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള കളിമൺ ഫലകകളിൽ നിന്ന് പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്. ആ യുദ്ധത്തിൽ സഖ്യകക്ഷികളെ തോൽപിച്ചു എന്ന് അസീറിയാ രാജാവ് അവകാശപ്പെടുന്നുണ്ടെങ്കിലും കുറേക്കാലത്തേക്ക് അസീറിയാ യൂഫ്രട്ടീസിനു പടിഞ്ഞാറു ഭാഗത്തേയ്ക്കു പടനീക്കം നടത്തിയില്ല. ആഹാബ് സിറിയായുമായി ചെയ്ത ഉടമ്പടി ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

അന്താരാഷ്ട്ര പശ്ചാത്തലത്തിൽ ഈ ഉടമ്പടി ഇസ്രയേലിന് ഉപകാരപ്രദമായി തോന്നാമെങ്കിലും കർത്താവിനോടു കാട്ടിയ അവിശ്വസ്തതയായിട്ടാണ് പ്രവാചകന്മാർ അതിനെ വ്യാഖ്യാനിച്ചത്. (1 രാജാ 20,35–43). നാഥാൻ ദാവീദിനെയെന്നപ്പോലെ പേരു പറയാത്ത ഒരു പ്രവാചകൻ ആഹാബിനെ നേരിട്ടു, ഒരു ഉപമയിലൂടെ തന്റെ മേൽത്തന്നെ വിധി പ്രസ്താവിക്കാൻ പ്രേരിപ്പിച്ചു. സിറിയായ്ക്കെതിരെയുള്ള യുദ്ധം നയിച്ചത് യാഹ്വേ ആയിരുന്നു. അതിനാൽ തടവുകാരും കൊള്ളമുതലും യാഹ്വേയ്ക്കുള്ളതാണ്. വിശുദ്ധ യുദ്ധത്തിന്റെ നിയമം (നിയമ 20,13–18) നടപ്പിലാക്കാത്തതിന്റെ പേരിലാണ് പ്രവാചകൻ ആഹാബിനെ കുറ്റപ്പെടുത്തുന്നത്. കർത്താവിനു ബലിയെന്നവണ്ണം സമൂലം നശിപ്പിക്കേണ്ടിയിരുന്ന ശത്രുവിനെ വെറുതെ വിട്ടത് കർത്താവിനെതിരേ ചെയ്ത കുറ്റമായി എടുത്തുകാട്ടി പ്രവാചകൻ ആഹാബിന്റെ മേൽ വിധി പ്രസ്താവിച്ചു (1 രാജാ 20,42). സാമുവേൽ സാവൂളിനെതിരെ പ്രഖ്യാപിച്ച ശിക്ഷാവിധിയോട് ഇതിനു സാമ്യമുണ്ട് (1 സാമു 15,26).



**4. നിഷ്ക്കളങ്ക രക്തത്തിന്റെ നിലവിളി 1 രാജാ 21,1–19**

പ്രവാചകന്മാരുടെ ചരിത്രത്തിൽ നിന്ന് ഏറ്റം കൂടുതൽ അറിയപ്പെടുന്നതും ഉദ്ധരിക്കപ്പെടുന്നതുമായ സംഭവമാണ് നാബോത്തിന്റെ കൊലപാതകം. നിരപരാധനും നിസ്സഹായനുമായ ഒരു സാധു കർഷകനെതിരേ ഭരണകൂടത്തിന്റെ സകല സംവിധാനങ്ങളും നിർലജ്ജം പ്രയോഗിക്കപ്പെട്ടു. മനുഷ്യന്റെ ജീവനും സ്വത്തിനപം സൽപ്പേരിനും സംരക്ഷണം നല്കുന്ന ഉടമ്പടിയുടെ പ്രമാണങ്ങൾ ഭരണാധിപന്റെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി കാറ്റിൽ പറത്തി. നീതിപീഠം മലിനമാക്കി; സത്യം വളച്ചൊടിച്ചു. പച്ചയായ മോഷണവും കൊലപാതകവും നീതിന്യായത്തിന്റെ മുഖാവരണത്തിൽ പൊതിഞ്ഞു. ന്യായധിപന്മാർ അന്യായം വിധിച്ചു. നീതിയുടെ കഴുത്തറുത്തു. സത്യം പൊതുസ്ഥലത്തു വീണു പിടഞ്ഞു. നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ നിഷ്ക്കളങ്ക രക്തം കെട്ടി. ജനം നിശ്ശബ്ദത പാലിച്ചു. പ്രവാചകനായ ഏലിയാ കർത്താവിന്റെ വിധിവാചകവുമായി ആഹാബിനെ വീണ്ടും നേരിട്ട പശ്ചാത്തലമിതാണ്.

സമരിയായിലെ കൊട്ടാരത്തിലും കാർമ്മൽ മലയിലും ആഹാബിന്റെ മുമ്പിൽ ഏലിയാ പ്രത്യക്ഷപ്പെട്ടത് വിഗ്രഹാരാധനയ്ക്കെതിരേ അയാളെ ശാസിക്കാനും കർത്താവിലേക്ക് പിന്തിരിയുന്നതിനായി പ്രേരിപ്പിക്കാനും വേണ്ടിയായിരുന്നു. കർത്താവായ ദൈവത്തെ ഉപേക്ഷിച്ചു വിഗ്രഹാരാധനയിൽ മുഴുകുന്നതിന്റെ പരിണിതഫലം എന്തെന്ന് വ്യക്തമാക്കുന്നതാണ് നാബോത്തിനെതിരേ നടന്ന കൈയേറ്റം. കർത്താവിനെ മറക്കുന്നവൻ അനീതിയിൽ ആണ്ടു പോകുന്നു. അതു രാജാവാണെങ്കിൽ രാജ്യം മുഴുവൻ അക്രമത്തിനിരയാകുന്നു.

തന്റെ വേനൽക്കാല വസന്തിയോടടുത്തുള്ള നാബോത്തിന്റെ മുന്തിരിത്തോട്ടം വില്യ്ക്കുവാങ്ങാൻ ആഹാബ് ആഗ്രഹിച്ചത് അതിൽത്തന്നെ തെറ്റല്ലെന്നു തോന്നാം. തോട്ടം വില്ക്കാനോ കൂടുതൽ മെച്ചപ്പെട്ട ഒന്നുമായി വച്ചു മാറാനോ നാബോത്തു തയ്യാറാകാതിരുന്നത് ഭോഷത്തവും ഔദ്ധത്യവുമായി പ്രത്യക്ഷപ്പെട്ടെന്നും വരാം. പിതൃസ്വത്തിനെക്കുറിച്ച് ഇസ്രായേലിൽ നിലവിലിരുന്ന മനോഭാവം മനസിലാക്കിയാലേ എന്തുകൊണ്ടാണ് നാബോത്ത് അപകടകരമായ ഈ നിലപാട് സ്വീകരിച്ചതെന്ന് ഗ്രഹിക്കാനാവൂ.

ഇസ്രയേൽക്കാരന് വില്ക്കുകയും വാങ്ങുകയും ചെയ്യാവുന്ന ഒരു വസ്തുവല്ല, ഉടമ്പടിയുടെ വാഗ്ദാനങ്ങളിൽ പങ്കുചേരുന്നതിന് ആവശ്യമായ ഉപാധിയാണ് ഭൂമി. ഓരോ ഗോത്രത്തിനും കുടുംബത്തിനുമായി കർത്താവു വീതിച്ചുകൊടുത്തതാണ് വാഗ്ദത്ത ഭൂമി. തലമുറ തലമുറയായി അതു കൈമാറി അനുഭവിക്കാം. പിതാക്കന്മാരുടെ ശവകുടീരം ഈ പിതൃഭൂമിയിലാണുള്ളത്. അവിടെയാണ് ഓരോരുത്തരും മരണാനന്തര പിതാക്കന്മാരോടൊത്തു ശയിക്കുന്നത്. പിതൃസ്വത്തിലുള്ള അവകാശം ദൈവിക വാഗ്ദാനത്തിലുള്ള അവകാശമാണ്. അതു നഷ്ടപ്പെടുത്തുന്നത് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നിന്നും വാഗ്ദാനങ്ങളിൽ നിന്നും പുറന്തള്ളപ്പെടലാണ്. അതിനാലാണ് “നിങ്ങൾ ഭൂമി എന്നേക്കുമായി വില്ക്കരുത്” (ലേവ്യ 25,23) എന്നു കല്പിക്കുന്നത്. ഏതെങ്കിലും വിധത്തിൽ അന്യാധീനപ്പെട്ടുപോയാലും ജൂബിലി വർഷത്തിൽ ഭൂമി ആദ്യ ഉടമയ്ക്ക് തിരിച്ചു നല്കണം എന്ന നിയമമുണ്ടായിരുന്നു (ലേവ്യ 25,13). നാബോത്തിന്റെ നിലപാടിനെ ആഹാബു മാനിച്ചു, എന്നാലും തികച്ചും അസന്തുഷ്ടനായിത്തീർന്നു (1 രാജാ 21,1-4).

കർത്താവിനെയും അവിടുത്തെ നിയമങ്ങളെയും മാനിക്കാതിരുന്ന ജെസബെൽ പുഛത്തോടെയാണ് ആഹാബിന്റെ ആവലാതികൾ ശ്രവിച്ചത്. (1 രാജാ 21.5-7). രാജാധികാരം എന്തെന്നറിയാതെ വിഡ്ഢിയും അധികാരം പ്രയോഗിക്കാൻ കഴിവില്ലാത്ത ഭീരുവും ആയി അയാളെ ചിത്രീകരിക്കുന്നതാണ് “അങ്ങാണോ ഇസ്രയേൽ ഭരിക്കുന്നത്?” എന്ന അവളുടെ ചോദ്യം. നാബോത്തിന്റെ മുന്തിരിത്തോട്ടം പിടിച്ചെടുക്കാൻ അവൾ തന്ത്രപൂർവ്വം കരുക്കൾ നീക്കി. രാജാവിന്റെ മുദ്രപതിച്ച കല്പന ജെസ്രേലിലെ ശ്രേഷ്ഠന്മാർക്കും പ്രഭുക്കന്മാർക്കും അയച്ചു (1 രാജാ 21,8-10). കുടുംബത്തലവന്മാരാണ് പ്രഭുക്കന്മാർ.

ദേശീയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനം ഒന്നടങ്കം ഉപവസിക്കുകയും പൊതുസമ്മേളനം വിളിച്ചുകൂട്ടുകയും ഇസ്രയേലിൽ പതിവായിരുന്നു (ജോയേൽ 1,13-14; 1 സാമു 7,6). നാബോത്തിനെതിരേ ആരോപിക്കാൻ ആവശ്യപ്പെടുന്ന ദൈവദൂഷണവും രാജദ്രോഹവും വധശിക്ഷയർഹിക്കുന്ന കുറ്റങ്ങളാണ് (ലേവ്യർ 24,14). കുറ്റവാളി ശിക്ഷിക്കപ്പെടുന്നതുവരെ കുറ്റം ജനം മുഴുവന്റെയും മേൽ ശാപമായി നില്ക്കും. അതിനാലാണ് ഉപവാസവും പൊതു സമ്മേളനവും പ്രഖ്യാപിച്ചത്. ഒരു കാര്യം സത്യമെന്നു തെളിയാൻ രണ്ടുപേരുടെയെങ്കിലും സാക്ഷ്യം ആവശ്യമാണ്. സാക്ഷ്യം നല്കുന്നയാൾ തന്നെ ആദ്യത്തെ കല്ലെറിയണം (നിയ 17,5-7).

ജെസബെലിന്റെ കല്പന അക്ഷരം പ്രതി അനുവർത്തിക്കപ്പെട്ടു



(1 രാജാ 21,11-13). കേട്ടതു കള്ള സാക്ഷ്യമാണെന്നറിഞ്ഞുകൊണ്ടുതന്നെ ന്യായാധിപന്മാർ വധശിക്ഷ പ്രഖ്യാപിച്ചു. ജനം നിരപരാധനെ കല്ലെറിഞ്ഞു കൊന്നു. നാബോത്തിനെ മാത്രമല്ല, അയാളുടെ പുത്രന്മാരെയും കല്ലെറിഞ്ഞു കൊന്നുവെന്ന് 2 രാജാ 9,26ൽ സൂചിപ്പിക്കുന്നുണ്ട്. കുറ്റവാളിയെ കുടുംബസമേതം ഉന്മൂലനം ചെയ്യുക പതിവായിരുന്നു (ജോഷ്വാ 7,25). ജെസബെലിന്റെ പദ്ധതി വിജയിക്കാൻ ഇതാവശ്യമായിരുന്നുതാനും. അവകാശികളില്ലാതായിത്തീർന്ന ഭൂമി കണ്ടുകെട്ടാൻ രാജാവിന് എളുപ്പമായിരുന്നു. നാബോത്ത് മരിച്ചു എന്നറിഞ്ഞ ആഹാബ്, മരണകാരണം ആരായുകയോ അതിന്റെ പിന്നിലെ അനീതിയെക്കുറിച്ചു ചിന്തിക്കുകയോ ചെയ്യാതെ മുന്തിരിത്തോട്ടം കൈവശപ്പെടുത്താൻ പുറപ്പെട്ടു. ഉടമസ്ഥൻ സ്ഥലത്തു പ്രവേശിച്ചാണ് അവകാശം സ്ഥാപിക്കുക.

നിരപരാധന്റെ രക്തം നീതിക്കുവേണ്ടി നിലവിളിച്ചു. രാജകോപത്തെ ഭയന്ന് ജനം നിശ്ശബ്ദത പാലിച്ചപ്പോൾ ജീവന്റെ നാഥനായ ദൈവം നിലവിളികേട്ടു. ഉത്തരം അരുളാനായി പ്രവാചകൻ ഏലിയായെ വിളിച്ചു; അപകടകരമായ ദൗത്യമേല്പിച്ച് ആഹാബിന്റെയടുക്കലേക്ക് അയച്ചു (1 രാജാ 21,17-19). നാബോത്തിനെതിരേ രണ്ടു കുറ്റങ്ങളായിരുന്നു ആരോപിച്ചത്. അതു വ്യാജാരോപണമായിരുന്നു. ഇവിടെ ആഹാബിനെതിരെ കഠിനമായ രണ്ടു കുറ്റങ്ങൾ ആരോപിക്കുന്നു കൊലപാതകവും മോഷണവും. കുറ്റം നിഷേധിക്കാനോ ന്യായീകരിക്കാനോ കഴിയാത്തവിധം സംഭവസ്ഥലത്തു വച്ചുതന്നെ കുറ്റവാളിയെ നേരിടാനാണ് ഏലിയായോട് കർത്താവു കല്പിച്ചത്.

അപ്രതീക്ഷിതമായി ഏലിയായെ കണ്ടുമുട്ടിയ ആഹാബു ഞെട്ടി. ഉള്ളിൽ നിറഞ്ഞ കുറ്റബോധം വെളിവാക്കുന്നതാണ് “എന്റെ ശത്രുവായ നീ എന്നെ കണ്ടെത്തിയോ?” എന്ന ചോദ്യം (1 രാജാ 21,20). ജനങ്ങളുടെ മുമ്പിൽ കുറ്റം മറച്ചു വച്ച് നീതിമാനായി ചമയാൻ കഴിഞ്ഞെങ്കിലും ദൈവത്തിന്റെയും അവിടുത്തെ പ്രവാചകന്റെയും കണ്ണിൽ നിന്ന് ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയില്ല എന്ന ബോധ്യം അയാളെ തളർത്തി. കൊലപാതകത്തിലൂടെ സ്വന്തമാക്കിയ വസ്തു കയ്യേറ്റാൻ പുറപ്പെട്ടപ്പോൾ അയാൾ കണക്കിലെടുക്കാതിരുന്ന ഒരു യാഥാർത്ഥ്യമാണിത്. യാതൊരു മുഖവുരയും കൂടാതെ, അതിനിശിതമായ ഭാഷയിൽ ഏലിയാ ആഹാബിന്റെ മുമ്പിൽ കുറ്റപത്രം നിവർത്തി, വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി പ്രഖ്യാപിച്ചു (1 രാജാ 21,20-24). നാബോത്തിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്ത ആഹാബിനെയും കുടുംബത്തെയും കർത്താവു ഭൂമുഖത്തു നിന്നു തുടച്ചുമാറ്റും. നായ്ക്കൾക്കും വന്യമൃഗങ്ങൾക്കും ആകാശപ്പറവകൾക്കും ഇരയാകത്തക്കവിധം മൃതശരീരം സംസ്ക്കരിക്കാതെ

യിടുന്നത് മരിച്ചവനോടു ചെയ്യുന്ന വലിയ അവഹേളനമാണ്. കഠിനമായ ഈ ശിക്ഷാവിധി നടപ്പിലാകുന്നതിന്റെ ചരിത്രം തുടർന്നു വിവരിക്കുന്നുണ്ട് (1 രാജാ 22,37-38; 2 രാജാ 9).

നാബോത്തിന്റെ കൊലപാതകം മാത്രമല്ല, ജെസബെലിന്റെ പ്രേരണയ്ക്കുവഴങ്ങി ആഹാബു ചെയ്ത സകല പാതകങ്ങളും മൂലമാണ് ഈ ശിക്ഷാവിധിയുണ്ടായതെന്ന് വി.ഗ്രന്ഥകാരൻ വിശദീകരിക്കുന്നു (1 രാജാ 21,25-26). ശിക്ഷാവിധികേട്ട ആഹാബ് പശ്ചാത്തപിച്ചു. അതിനാൽ കർത്താവ് ശിക്ഷ തൽക്കാലത്തേക്കു മാറ്റിവച്ചു (1 രാജാ 21,27-29). പക്ഷേ ആഹാബിന്റെ മനസ്താപം ഉപരിവിപ്ലവവും താൽക്കാലികവും മാത്രമായിരുന്നു. തന്റെയും കുടുംബത്തിന്റെയും മേൽ പതിച്ച ശിക്ഷാവിധിയിൽ നിന്ന് ഒഴിവാക്കാൻ അതു പര്യാപ്തമായില്ല.

**വിചിന്തനം:** രാജാവിനു പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ വേണ്ടി സാധു കർഷകനെ കൊലചെയ്ത് അയാളുടെ മുന്തിരിത്തോട്ടം കയ്യേറിയത് ഇന്നും നടക്കുന്ന അസംഖ്യം കയ്യേറ്റങ്ങളുടെ ഒരു പ്രതീകമാണ്. വ്യവസായവൽക്കരണം, ടൂറിസവികസനം മുതലായ വിവിധ ന്യായങ്ങൾ പറഞ്ഞ് ഭരണക്കൂടം തന്നെ പാവപ്പെട്ടവരുടെ വസ്തു പിടിച്ചെടുക്കുന്നു. ചെറുത്തു നില്ക്കാൻ ശ്രമിക്കുന്നവരെ നിയമസഭകൾ പാസ്സാക്കുന്ന അനീതി നിറഞ്ഞ നിയമങ്ങളും കോടതികൾ പ്രസ്താവിക്കുന്ന അന്യായവിധികളും ഉപയോഗിച്ച്, പോലീസിന്റെയും പട്ടാളത്തിന്റെയും സഹായത്തോടെ നിർലജ്ജം അടിച്ചമർത്തുന്നു. വിദേശക്കപ്പലുകൾക്ക് ആഴക്കലടലും വ്യവസായ ഉടമകൾക്ക് കരഭൂമിയും തീറെഴുതിക്കൊടുത്ത് മത്സ്യത്തൊഴിലാളികളെയും ആദിവാസികളെയും കർഷകരെയും പട്ടിണിയിലാഴ്ത്തുന്ന ഭരണക്കൂടങ്ങൾ ആഹാബിന്റെ പ്രവൃത്തി ആയിരം മടങ്ങു ഭീകരതയോടെ ആവർത്തിക്കുന്നു. ആഗ്രഹിക്കുന്നതെല്ലാം സ്വന്തമാക്കാൻ ഏതു നീചമാർഗ്ഗവും ഉപയോഗിക്കാൻ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ സമ്പന്നർക്കു യാതൊരു മടിയുമില്ലാതായി ത്തീർന്നിരിക്കുന്നു.

നീതി നിലത്തെറിയപ്പെടുകയും നിഷ്ക്കളങ്കരക്തം പ്രതികാരത്തിനായി നിലവിളിക്കുകയും ചെയ്യുമ്പോൾ ആ നിലവിളി ഏറ്റുവാങ്ങാൻ കർത്താവിന്റെയും അവിടുത്തെ പ്രമാണങ്ങളുടെയും നാമത്തിൽ അക്രമികളെ നേരിടാൻ, പുതിയ ഏലിയാമാരെ ദൈവം അന്വേഷിക്കുന്നു. നിയമനിർമ്മാതാക്കളും ഭരണാധികാരികളും അസത്യത്തെയും അനീതിയെയും പൊതിഞ്ഞുവയ്ക്കുന്ന മുഖാവരണങ്ങൾ തുറന്നു കാട്ടാൻ കരുത്തും ഹൃദയശുദ്ധിയും ആഴമേറിയ ഉൾക്കാഴ്ചയുള്ള പ്രവാചകന്മാർ ഇന്നിന്റെ ആവശ്യമാണ്. കർത്താവിന്റെ വിളി കേൾക്കുന്നവർ നിർഭയം



ഇറങ്ങിപുറപ്പെടണം.

ഏലിയായുടെ കുറ്റാരോപണം ആഹാബിന്റെ കണ്ണുതുറപ്പിച്ചു; അയാളെ പശ്ചാത്താപത്തിലേക്കു നയിച്ചു. വസ്തുനിഷ്ഠവും സത്യസന്ധവും വിട്ടുവീഴ്ചയില്ലാത്തതുമായ വിമർശനം ഏതു ഭരണകൂടത്തെയും വ്യക്തിയെയും നേർവഴിക്കു നയിക്കാൻ ആവശ്യമാണ്. പ്രത്യാഘാതങ്ങളെ ഭയന്ന് പ്രവാചകൻ മൗനം ഭജിച്ചാൽ അതു കുറ്റകരമായിത്തീരും. സമൂഹത്തിന്റെ അധഃപതനത്തിനും നാശത്തിനും അയാളും ഉത്തരം പറയേണ്ടിവരും. സഭയിലും രാഷ്ട്രത്തിലും ഒരുപോലെ ഈ വിമർശനം ആവശ്യമാണ്.

## 5. നട്ടെല്ലു നഷ്ടപ്പെടാത്ത പ്രവാചകത്വം

**1 രാജാ 22,1-50; 2 ദിന 17-20**

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ ആഹാബിന്റെ അവസാനത്തെ യുദ്ധവും മരണവും സുദീർഘമായി വിവരിച്ചതിനുശേഷം (1 രാജാ 22,1-40) യൂദാ രാജാവായ യഹോഷാഫാത്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു (1 രാജാ 22,41-50). ആഹാബിന്റെ യുദ്ധം കാര്യമായ വ്യത്യാസങ്ങളൊന്നും കൂടാതെ തന്നെ ദിനവൃത്താന്തഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട് (2 ദിന 18). അതിനുപുറമേ യഹോഷാഫാത്തിന്റെ ഭരണവും നേട്ടങ്ങളും വളരെ വിശദമായി വിവരിക്കുന്നു (2 ദിന 17; 19-20). യുദ്ധത്തിന്റെ വിവരണമാണ് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ നിറഞ്ഞു നില്ക്കുന്നത്. രാജഹിതം അനുസരിച്ചു പ്രവചിക്കുന്ന നാനൂറു പ്രവാചകന്മാരും തന്റെ ജീവൻ പണയം വച്ചുകൊണ്ട്, ദൈവഹിതം നിർഭയം അറിയിക്കുന്ന ഒരു പ്രവാചകനും തമ്മിലുള്ള സംഘട്ടനമാണ് ഈ വിവരണത്തിന്റെ കേന്ദ്രം. ശിക്ഷയെ ഭയന്നും ആനുകൂല്യങ്ങൾ ആഗ്രഹിച്ചും നട്ടെല്ലു നഷ്ടപ്പെടുത്താത്ത മിക്കായാ പ്രവാചകൻ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പ്രവചനവും പൂർത്തീകരണവും ഇവിടെയും ഒരു മുഖ്യപ്രമേയമാണ്.

അസീറിയായ്ക്കെതിരേ ഇസ്രായേലും സിറിയായും ഒരുമിച്ച് ഖർഖാറിൽ വച്ച് ബി.സി. 853ൽ നടത്തിയ യുദ്ധത്തിനുശേഷമാണ് ഇവിടെ വിവരിക്കുന്ന യുദ്ധം നടന്നത്. 20-ാം അധ്യായത്തിൽ വിവരിച്ച കരാർ സിറിയാ പാലിച്ചില്ല. ഖാർഖാർ യുദ്ധത്തിൽ രണ്ടായിരം തേരും പതിനായിരം കാലാളും അണിനിരത്തിയ ഇസ്രായേൽ ആയിരത്തിയിരുന്നൂറു തേരും പതിനായിരം കാലാളുമായി യുദ്ധത്തിനിറങ്ങിയ സിറിയായേക്കാൾ ശക്തമായിരുന്നു. ആഹാബിന്റെ മകൾ അത്താലിയായെ യൂദാരാജാവായ

യഹോഷാഫാത്തിന്റെ മകൻ യഹോവാമിനു ഭാര്യയായി നല്കി കൊണ്ട് ഇരുരാജ്യങ്ങളും തമ്മിൽ ഉടമ്പടിയുണ്ടാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ആഹാബ് സിറായ്യ്ക്കെതിരേ യുദ്ധത്തിനൊരുങ്ങിയത്. ഡമാസ്കസിൽ നിന്ന് അറേബിയായിലേക്കു പോകുന്ന വാണിജ്യപാതയിലുള്ള പ്രധാന നഗരമായ റാമോത്ത് ഗിലയാദ് തിരിച്ചുപിടിക്കുകയായിരുന്നു യുദ്ധത്തിന്റെ ലക്ഷ്യം.

ഇസ്രായേൽ ജനത്തിന് ജോർദ്ദാൻ നദിക്കു കിഴക്കുള്ള ഒരു അഭയനഗരവും സോളമന്റെ ഒരു പ്രവിശ്യയുടെ തലസ്ഥാനവുമായിരുന്നു ഗിലായാദിലെ റാമോത്ത് (ജോഷ്വാ 20,8.1 രാജാ 4,13). ബാഷായുടെ കാലത്ത് ബെൻഹദാദ് പിടിച്ചടക്കിയ ഈ നഗരം ആഹാബുമായുണ്ടാക്കിയ സമാധാന ഉടമ്പടിയനുസരിച്ചു തിരിച്ചു നല്കാൻ ബാധ്യസ്ഥനായിരുന്നെങ്കിലും സിറിയാ രാജാവ് അതുചെയ്തില്ല. അതിനാൽ യഹോഷാഫാത്തിന്റെ പിന്തുണയോടെ ആഹാബ് യുദ്ധത്തിനൊരുങ്ങി (1 രാജാ 22,1-4). യഹോഷാഫാത്ത് സമറിയായിൽ ആഹാബിനെ സന്ദർശിക്കാൻ വന്നപ്പോഴാണ് ഈ തീരുമാനം ഉണ്ടായതെന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ എടുത്തു പറയുന്നു (2 ദിന 18,1-3).

തികഞ്ഞ യാഹ്‌വേ ഭക്തനായ യഹോഷാഫാത്ത് തത്വത്തിൽ യുദ്ധത്തിനു സഹായം വാഗ്ദാനം ചെയ്തെങ്കിലും, പുറപ്പെടുന്നതിനു മുമ്പേ കർത്താവിന്റെ ഹിതം ആരായാൽ ആവശ്യപ്പെട്ടു. ആഹാബ് തന്റെ പ്രവാചകന്മാരെ വിളിച്ചു കൂട്ടി. അവർ കർത്താവിന്റെ പ്രവാചകന്മാരായി ത്തന്നെയാണ് പരിഗണിക്കപ്പെടുന്നത്. ബാലിന്റെ പ്രവാചകന്മാരായിരുന്നു എന്ന സൂചന പോലും നല്കുന്നില്ല. എങ്കിലും രാജാവിനു കേൾക്കാൻ താല്പര്യമുള്ള കാര്യം അവർ കർത്താവിന്റെ വചനമായി അറിയിച്ചു (1 രാജാ 22,6-7; 2 ദിന 18,5). നഗരകവാടത്തിൽ ഉപവിഷ്ടരായ രാജാക്കന്മാരുടെ മുമ്പിൽ പ്രവാചക സംഘം ഉന്മാദാവസ്ഥയിൽ പ്രവചനങ്ങൾ തുടർന്നു. സെദെക്കിയാ എന്നൊരുവൻ തലയിൽ വച്ചുകെട്ടിയ ഇരുമ്പു കൊമ്പിന്റെ പ്രതീകത്തിലൂടെ യുദ്ധത്തിൽ വിജയം ഉറപ്പുനല്കി (1 രാജാ 22,10-12; 2 ദിന 18,9-11). അവരുടെ ഏകകണ്ഠമായ പ്രവചനത്തിൽ സംശയം തോന്നിയ യഹോഷാഫാത്ത് മറ്റൊരു പ്രവാചകനെ ആവശ്യപ്പെട്ടു. തനിക്കു തിന്മമാത്രം പ്രവചിക്കുന്നു. എന്നതിനാൽ മാറ്റി നിർത്തിയിരുന്ന മിക്കായാ പ്രവാചകനെ വിളിക്കാൻ ആഹാബു നിർബന്ധിതനായി (1 രാജാ 22,7-10; 2 ദിന 18,6-8).

ഇംലായുടെ പുത്രനായ മിക്കായാ പ്രവാചകനോട് മറ്റു പ്രവാചകന്മാരെ അനുകരിച്ച് രാജാവിന് അനുകൂലമായി പ്രവചിക്കാൻ ദൂതന്മാർ നിർദ്ദേശിച്ചു (22,13; 2 ദിന 18,16-12). "യാഹ്‌വേയ്ക്കു തുല്യൻ ആര്?" എന്നാണ് മിക്കായാ എന്ന പേരിന്റെ അർത്ഥം. (എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മിക്കാ അല്ല ഇത്). തന്റെ പേരിനോടു നീതി പുലർത്തുന്നതാണ് മിക്കായുടെ മറുപടി: "കർത്താവാണേ, അവിടുന്ന് അരുളിചെയ്യുന്നതു ഞാൻ പറയും" (1 രാജാ 22,14; 2 ദിന 18,13). രാജസന്നിധിയിൽ എത്തിയ മിക്കായാ പരിഹാസദ്യോതകമായി മറ്റു പ്രവാചകന്മാരെ അനുകരിച്ച് വിജയം ആശംസിച്ചു. എന്നാൽ കർത്താവിന്റെ നാമത്തിൽ സത്യം പറയാൻ ആവശ്യപ്പെട്ടപ്പോൾ യഥാർത്ഥത്തിൽ തനിക്കു ലഭിച്ച ദർശനവും ദൈവ വചനവും മിക്കായാ അറിയിച്ചു (1 രാജാ 22,15-17; 2 ദിന 18,14-17). ഇടയനില്ലാതെ മലകളിൽ അലയുന്ന ആടുകളുടെ ചിത്രം യുദ്ധത്തിൽ സംഭവിക്കാൻ പോകുന്ന പരാജയത്തിന്റെയും  രാജാവിന്റെ മരണത്തിനേയും ഒരു പ്രതീകമായിരുന്നു ആഹാബിന്റെ കുറ്റോരോപണത്തെ തുടർന്ന് മിഖായാ കാര്യങ്ങൾ കൂടുതൽ വ്യക്തമായി അവതരിപ്പിച്ചു (1 രാജാ 22,18-23; 2 ദിന 18,18-22). കർത്താവ് ആഹാബിനു മരണശിക്ഷ വിധിച്ചിരിക്കുന്നെന്നും അതു നടപ്പിലാക്കാനായി നുണയുടെ ആത്മാവിനെ അയാളുടെ പ്രവാചകന്മാരുടെ അധരങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നെന്നും മിക്കായാ പറഞ്ഞത് തികച്ചും പ്രകോപനപരവും അപകടകരവുമായിരുന്നു. നാനൂറു കൊട്ടാരം പ്രവാചകന്മാർക്കും രാജാവിനും എതിരേ, കർത്താവിന്റെ യഥാർത്ഥ പ്രവാചകനായി അയാൾ ഒറ്റയ്ക്കു നിന്നു.

തങ്ങളെ നുണയന്മാരായി ചിത്രീകരിച്ചതിൽ കൊട്ടാരം പ്രവാചകന്മാർ കുപിതരായി. സെദെക്കിയാ മിക്കയായുടെ കരണത്തടിച്ചു."എന്റെ നീതിയാഹ്‌വേ" എന്നാണ് അയാളുടെ പേരിന് അർത്ഥം. മിക്കയായും മറ്റു പ്രവാചകന്മാരും കർത്താവിന്റെ നാമത്തിലാണ് പ്രവചനം നടത്തിയത്. ഇരുകൂട്ടരും കർത്താവിന്റെ ആത്മാവ് തങ്ങളെ പ്രചോദിപ്പിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്തു. ആരു പറഞ്ഞതാണ് സത്യം എന്നറിയാൻ പ്രവചനം നിറവേറുന്നതുവരെ കാത്തിരിക്കുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളു. അതുവരെ മിക്കായായെ തടവിലാക്കാൻ ആഹാബു കല്പിച്ചു. മിക്കായാ തന്റെ വചനത്തിൽ ഉറച്ചുനിന്നു (1 രാജാ 22,26-28; 2 ദിന 18,23-27).

പ്രവാചകനെ തടവറയിൽ അടച്ചെങ്കിലും അയാളുടെ വചനം ആഹാബിനെ ഭയചകിതനാക്കി. സാമുവേലിലൂടെ കർത്താവിന്റെ ശിക്ഷാവിധി അറിഞ്ഞതിനുശേഷം പടക്കളത്തിലേയ്ക്കു പോയ സാവൂളിനെപ്പോലെ (1 സാമു 28,31) ആഹാബ് സിറിയായുമായി യുദ്ധത്തിനുപോയി. പ്രവാചക വചനം നിറവേറാതിരിക്കാൻ മുൻകരുതലായി വേഷം മാറിയാണ് ആഹാബ് പടക്കളത്തിലേക്കു നീങ്ങിയത്. ഇസ്രായേൽ രാജാവിനെതിരേ മാത്രം പടവെട്ടിയാൽ മതി എന്ന് തന്റെ പടനായകന്മാർക്കു

സിറിയാ രാജാവ് നല്കിയിരുന്ന കല്പനയുടെ വെളിച്ചത്തിൽ ഈ ആൾമാറാട്ടത്തിന്റെ ലക്ഷ്യം വ്യക്തമാകുന്നു. (1 രാജാ 22,29-31; 2 ദിന 18,28-30). രാജാവു മരിച്ചാൽ യുദ്ധം അവസാനിക്കുമെന്നും ഇസ്രായേൽ ജനവുമായി അസീറിയയ്ക്കെതിരേ വീണ്ടും സഖ്യം ഉണ്ടാക്കാൻ കഴിയുമെന്നും സിറിയാ രാജാവു കരുതിയിരിക്കും. ആഹാബിന്റെ തന്ത്രം ഫലിച്ചില്ല. അശ്രദ്ധമായിഒരു സിറിയൻ പടയാളി എയ്ത അസ്ത്രം കർത്താവ് ആഹാബിനു നേരെ തിരിച്ചു വിട്ടു. അയാൾക്കു മാരകമായ മുറിവേറ്റു. സിറിയാക്കാർക്ക് അഭിമുഖമായി അയാളെ രഥത്തിൽ ഇരുത്തിയത് അയാൾക്കു മുറിവേറ്റതറിഞ്ഞ് ഇസ്രായേൽ ജനം നഷ്ടധൈര്യരായി പിന്തിരിഞ്ഞോടാതിരിക്കാൻ വേണ്ടിയാണ്. രഥത്തിലിരുന്ന് രക്തം വാർന്നു പോയ ആഹാബ് സന്ധ്യയായപ്പോൾ മരിച്ചു. ആദ്യം ഏലിയായും പിന്നെ മിക്കായായും അറിയിച്ച ശിക്ഷാവിധി അങ്ങനെ നിറവേറി (2 രാജാ 22,32-40; 2 ദിന 18,31-34).

**വിചിന്തനം:** യഥാർത്ഥ ദൈവവചനത്തെ വ്യാജ പ്രവാചകന്മാരുടെ മുഖസ്തുതിയിൽ നിന്ന് തിരിച്ചറിയാൻ കഴിയാതെ പോയതാണ് ആഹാബിനു പറ്റിയ അവസാനത്തെ അബദ്ധം. അതു മാരകമായിരുന്നു. ഇന്നും അരുചികരമായ സത്യത്തേക്കാൾ വ്യാജ പ്രശംസകൾ കേൾക്കാനാണല്ലോ അധികം പേരും താൽപര്യപ്പെടുക. നീതിമാന്റെ ശാസനയേക്കാൾ ദുഷ്ടന്മാരുടെ തൈലം (സങ്കീ 141,5) അഭിലഷണീയമായി കരുതുന്നത് അപകടകരമായിരിക്കും എന്ന് പലരും സൗകര്യപൂർവ്വം മറക്കുന്നു. പ്രശംസകൾ മാത്രം നല്കുന്നവർ വ്യാജ പ്രവാചകന്മാരാകാനാണ് കൂടുതൽ സാധ്യത. നാം കേൾക്കാൻ ഇഷ്ടപ്പെടാത്തതു നമ്മോട് പറയുമ്പോൾ ശത്രുക്കളാകണമെന്നില്ല. സ്നേഹമുള്ളവരേ സത്യം പറയൂ, അത് അനിഷ്ടത്തിനിടയാക്കുമെങ്കിൽത്തന്നെ. താൽക്കാലിക ലാഭങ്ങൾ ആഗ്രഹിക്കുകയോ എതിർപ്പും പീഢനവും ഭയപ്പെടുകയോ ചെയ്യാത്തവർക്കേ യഥാർത്ഥ പ്രവാചകന്മാരാകാൻ കഴിയൂ. നട്ടെല്ലു പണയം വച്ചു പ്രവാചക വേഷം കെട്ടുന്ന വ്യാജന്മാർ എന്നും സമൂഹത്തിനു നാശമേ വരുത്തൂ!

**6. യഹോഷാഫാത്ത് 1 രാജാ 22,41-50; 2ദിന 17-20**

ഇരുപത്തഞ്ചു വർഷം (ബി.സി. 870-848) യൂദാ ഭരിച്ച യഹോഷാഫാത്ത് രാജാവിനെക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങളേ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പിതാവായ ആസാ രോഗിയായിത്തീർന്നതിനാൽ രണ്ടു വർഷത്തിലേറെ അയാൾക്കു പകരം പുത്രൻ രാജ്യം ഭരിച്ചുവെന്നും അതുകൂടി കണക്കിലെടുത്താണ് ഇരുപത്തഞ്ചു വർഷം എന്നു വി.ഗ്രന്ഥകാരൻ പറയുന്നതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു ന്യൂനത ഒഴികെ



ഒരു കുറ്റവും ആരോപിക്കപ്പെടാത്ത ചുരുക്കം രാജാക്കന്മാരിൽ ഒരുവനാണ് യഹോഷാഫാത്ത്. പുരുഷ വേശ്യാവൃത്തി ആസായുടെ കാലത്തും തുടർന്നുപോന്നു എന്നും യഹോഷാഫാത്താണ് അതു നിർത്തലാക്കിയതെന്നും ഉള്ള പ്രസ്താവന (1 രാജാ 22,46) 15,12ൽ പറഞ്ഞതുമായി പൊരുത്തപ്പെടുന്നില്ല. ഒരിക്കൽ നിർത്തലാക്കിയത് വീണ്ടും തുടങ്ങിയതാവാം ഈ പൊരുത്തക്കേടിനു കാരണം.

സോളമന്റെ കാലത്തെ കപ്പൽവ്യാപാരം വീണ്ടും ആരംഭിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല (1 രാജാ 22,48). ഇസ്രായേൽ രാജാവായ അഹസിയാ ഈ സംരംഭത്തിൽ പങ്കുചേരാൻ വിസമ്മതിച്ചു എന്ന് 1 രാജാ 22,49ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇരുവരും ഒരുമിച്ചാണ് കപ്പൽ നിർമ്മാണം നടത്തിയതെന്ന് 2 ദിന 20,36ൽ കാണുന്നു. ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് സമ്മതിച്ചതായിരിക്കാം ഈ വൈരുദ്ധ്യത്തിനു കാരണം. ഏതായാലും തുറമുഖത്തുവച്ചു തന്നെ കപ്പലുകൾ തകർന്നതിനാൽ സംരംഭം പരാജയപ്പെട്ടു. പരിചയ സമ്പന്നരായ ടയിർ നാവികരാണ് സോളമന്റെ കപ്പലുകൾ ഉണ്ടാക്കിയതും ഓടിച്ചതും. അതു പോലുള്ളവരുടെ അഭാവമാകാം കപ്പൽ നാശത്തിനു കാരണം. കർത്താവിനെ പരിത്യജിച്ച ഇസ്രയേൽ രാജാവുമായി സഖ്യം ചെയ്തതാണ് ഈ പരാജയത്തിനു കാരണം എന്ന് 2 ദിന 20,37ൽ ദൈവശാസ്ത്രപരമായ വിശദീകരണം നല്കുന്നുണ്ട്.

ദിനവൃത്താന്ത ഗ്രന്ഥകാരൻ യഹോഷാഫാത്തിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആസാ രാജാവിന്റെ പ്രവർത്തനങ്ങളെ വിവരിച്ച അതേ ശൈലിയിലാണ് യഹോഷാഫാത്തിന്റെ പ്രവർത്തനങ്ങളും വിവരിക്കുന്നത്. ഇരുവരും കർത്താവിനോടു വിശ്വസ്തരായിരുന്നു. മതമേഖലയിൽ നവീകരണങ്ങൾ വരുത്തി. എന്നാൽ ജീവിതാന്ത്യത്തിൽ ചെറിയ അവിശ്വസ്തതകൾ കാട്ടി. ഇരുവരും രണ്ടു യുദ്ധങ്ങൾ നേരിടേണ്ടി വന്നു. ഒന്നിൽ ഇരുവരും കർത്താവിലാശ്രയിച്ചു വിജയം വരിച്ചു; മറ്റൊന്നിൽ രാഷ്ട്രീയ സഖ്യം ചേർന്നു. ഇരുവരെയും പ്രവാചകന്മാർ പ്രോത്സാഹിപ്പിക്കുകയും ശാസിക്കുകയും ചെയ്തു. എന്നാൽ തന്നെ ശാസിച്ച പ്രവാചകനെ ആസാ പീഢീപ്പിച്ചപ്പോൾ യഹോഷാഫാത്ത് ശാസന സ്വീകരിച്ച് കർത്താവിനോടു കൂടുതൽ തീക്ഷ്ണതയോടെ വിശ്വസ്തത പുലർത്തി.

രാജാവ് കർത്താവിനോട് പൂർണ്ണമായ വിശ്വസ്തത പാലിച്ചതിനാൽ ദേശത്തു സമാധാനവും സമൃദ്ധിയുമുണ്ടായി എന്ന് എടുത്തു പറഞ്ഞുകൊണ്ടാണ് യഹോഷാഫാത്തിനെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത് (2 ദിന 17,1-6). പട്ടണങ്ങൾതോറും ചെന്ന് ദൈവത്തിന്റെ നിയമം

ജനങ്ങളെ പഠിപ്പിക്കാനായി ഉപദേഷ്ടാക്കളെ നിയമിച്ചത് യഹോഷാഫാത്ത് മതരംഗത്ത് നടത്തിയ പുതിയൊരു സംരംഭമാണ് (2 ദിന 17,7-9). അഞ്ച് അത്മായരും ഒമ്പത് ലേവ്യരും രണ്ടു പുരോഹിതരും അടങ്ങുന്നതായിരുന്നു ഈ സംഘം എന്ന വിശദീകരണത്തിൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ നൽകുന്ന പ്രാധാന്യം മാകുന്നു പ്രവാസത്തിനുശേഷം ഇസ്രായേലിൽ പ്രചാരത്തിൽ വന്നതാണ് ഈ മത ബോധന സംവിധാനം എന്നും തന്റെ കാലത്ത് നിലവിലിരുന്ന സംവിധാനങ്ങൾ പണ്ടു മുതലേ തുടങ്ങിയതാണെന്നു കാണിക്കാൻ വേണ്ടി വി.ഗ്രന്ഥകാരൻ അതിന്റെ തുടക്കം യഹോഷാഫാത്ത് ആരോപിക്കുന്നതാണെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. നിയമഗ്രന്ഥം വായിക്കാനും പഠിപ്പിക്കാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നിയമാവർത്തന പുസ്തകത്തിൽ അനുശാസിക്കുന്നുണ്ട് (നിയ 6,6-9; 31,11). രാജ്യത്തു സമാധാനം നിലനിന്നെങ്കിലും ഏതു പ്രതിസന്ധിയെയും നേരിടാൻ വേണ്ടി യഹോഷാഫാത്തു കോട്ടകളും സംഭരണ നഗരങ്ങളും പണിയുകയും ശക്തമായൊരു സൈന്യത്തെ ഒരുക്കി നിർത്തുകയും ചെയ്തു (2 ദിന 17,10-19). ഒരു ഗണം അഥവാ ഒരു നായകന്റെ കീഴിലുള്ള വിഭാഗം എന്ന് അർത്ഥമുള്ള ഏലെഫ് എന്ന ഹീബ്രുവാക്ക് ആയിരം എന്നു വിവർത്തനം ചെയ്തതാണ് സൈന്യസംഖ്യയിലെ അതിശയോക്തിക്കു കാരണം.

ആഹാബ് രാജാവിന്റെ ക്ഷണം സ്വീകരിച്ച് സിറിയായ്ക്കെതിരേ യഹോഷാഫാത്ത് യുദ്ധത്തിനു പോയത് (2 ദിന 18) പ്രവാചകന്റെ വിമർശനത്തിനു കാരണമായി (2 ദിന 19,1-3). ശകാരം കേട്ട രാജാവ് തന്റെ പിതാവു ചെയ്തതുപോലെ പ്രവാചകനെ ശിക്ഷിക്കുകയല്ല, കൂടുതൽ തീക്ഷ്ണതയോടെ മതനവീകരണത്തിൽ ശ്രദ്ധിക്കുകയാണ് ചെയ്തത്. നീതി നിർവ്വഹണ രംഗത്തു നടത്തിയതാണ് എടുത്തു പറയുന്ന ഏറ്റം പ്രധാനപ്പെട്ട നവീകരണം (2 ദിന 19,4-11). "യാഹ്‌വേ വിധിച്ചു" എന്നാണ് യഹോഷാഫാത്ത് എന്ന പേരിന്റെ അർത്ഥം. പേര് അന്വർത്ഥമാക്കത്തക്കവിധത്തിൽ ദേശത്തുടനീളം നീതി പാലനത്തിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തി. പ്രാദേശിക കോടതികൾക്കു പുറമേ ജറുസലെമിൽ ഒരു സമുന്നത കോടതിയും സ്ഥാപിച്ചു. മതകാര്യങ്ങൾക്കും രാഷ്ട്രീയ കാര്യങ്ങൾക്കുമായി രണ്ടു വ്യത്യസ്ത ന്യായാധിപന്മാരെയും നിയമിച്ചു ജെത്രോയുടെ ഉപദേശപ്രകാരം മോശയും (പുറ 18,13-27) പിന്നീട് ദാവീദും (1 ദിന 23,4) നടപ്പിലാക്കിയ നീതിപാലനത്തിന്റെ നവീകരണമാണിത് ന്യായാധിപന്മാർക്കു നല്കുന്ന നിർദ്ദേശത്തിൽ (2 ദിന 19,6-7) മോശയുടെ ഉപദേശം (നിയ 16,18-19) പ്രതിധ്വനിക്കുന്നുണ്ട്. ന്യായാധിപന്മാർ കർത്താവിന്റെ പ്രതിനിധികളാണ്.



ഏദോമിൽ രാജാവില്ലായിരുന്നു എന്ന 1 രാജാ 22,44ലെ പരാമർശത്തിന്റെ സ്ഥാനത്ത് ദിനവൃത്താന്ത ഗ്രന്ഥകാരൻ വലിയൊരു യുദ്ധത്തിന്റെ കഥ വിവരിക്കുന്നു (2 ദിന 20,1-30). മൊവാബ്യരോടും അമ്മോന്യരോടും ചേർന്ന് യുദ്ധത്തിനു വന്ന മെയൂന്യർ ചെങ്കടലിന്റെ തെക്കു കിഴക്കു വസിച്ചിരുന്ന ഏദോമ്യർ ആണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ശക്തമായ ശത്രുസൈന്യത്തിന്റെ വരവിനെക്കുറിച്ചു കേട്ട യഹോഷാഫാത്ത് ഉപവാസവും പ്രാർത്ഥനയും വഴി കർത്താവിന്റെ സഹായം തേടി (2 ദിന 20,3-5). യുദ്ധത്തിനൊരുക്കമായി നടത്തുന്ന പ്രാർത്ഥനയും പ്രസംഗവും രചിക്കുന്നതിലുള്ള ഗ്രന്ഥകാരന്റെ പങ്ക് നാം കണ്ടുകഴിഞ്ഞതാണ്. രക്ഷാചരിത്രത്തെ സംഗ്രഹിക്കുകയും (2 ദിന 20,6-8) സോളമന്റെ പ്രാർത്ഥനയിലെ ചില ഭാഗങ്ങൾ അനുസ്മരിക്കുകയും (2 ദിന 20, 9=2ദിന 6,28-29) ചെയ്തുകൊണ്ടാണ് രാജാവു പ്രാർത്ഥിക്കുന്നത്. ഏദോമ്യർ, മൊവാബ്യർ, അമ്മോന്യർ എന്നിവർക്കെതിരെ യുദ്ധം ചെയ്യാതെ കടന്നുപോന്നതിനെക്കുറിച്ചുള്ള പരാമർശം (2 ദിന 20,10-11) പുറപ്പാടു ചരിത്രത്തിലേക്ക് (നിയ 2,4-19) ശ്രദ്ധതിരിക്കുന്നു. യഹസിയേൽ പ്രവാചകൻ വഴി കർത്താവ് പ്രാർത്ഥനയ്ക്ക് നല്കിയ ഉത്തരം (2 ദിന 20,13-18) ചെങ്കടൽ തീരത്ത് വച്ച് മോശ ജനത്തിന് നല്കിയ മറുപടിയെ (പുറ 14,13-14) അനുസ്മരിപ്പിക്കുന്നു. കർത്താവു തന്നെ തങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും എന്നുകേട്ട രാജാവും ജനവും കർത്താവിനെ സ്തുതിച്ചു ( 2 ദിന 20,18-19).

ഈ യുദ്ധം മുഴുവൻ ഒരു ലിറ്റർജിയുടെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജാവിന്റെ ആഹ്വാനമനുസരിച്ച്, ഗായകരുടെ നേതൃത്വത്തിൽ ജനം കർത്താവിനെ പാടിസ്തുതിച്ചപ്പോൾ ശത്രുക്കൾ പരസ്പരം പടവെട്ടി മരിച്ചു (2 ദിന 20,20-23). ആഹ്ലാദചിത്തരായ ജനം ശത്രുപാളയം കൊള്ളയടിച്ചു (2 ദിന 20,24-25). ലഭിച്ച വിജയത്തിന്റെ പേരിൽ അവർ കർത്താവിനെ വാഴ്ത്തിയതിനാൽ ബറാക്കാ എന്ന് ആ സ്ഥലത്തിനു പേരുണ്ടായി (2 ദിന 20,26). വാഴ്ത്തൽ, സ്തുതി, അനുഗ്രഹം എന്നൊക്കെയാണ് ബാറാക്കാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. യുദ്ധഭൂമിയിലേക്കും തിരിച്ചു തലസ്ഥാന നഗരിയിലേക്കും നടത്തിയ യാത്ര ഒരു പ്രദക്ഷിണത്തിന്റെ പ്രതീതി ഉളവാക്കുന്നു. ജോർദ്ദാൻ കടന്ന് ഇസ്രയേൽ ജനം ജെറീക്കോയിലേക്കി നീങ്ങിയതിനെ (ജോഷ്വാ 6,9) അനുസ്മരിപ്പിക്കുന്നതാണ് ഈ ഘോഷയാത്ര. തന്നിൽ വിശ്വാസമർപ്പിക്കുന്നവരെ ഏതു പ്രതിസന്ധിയിലും കർത്താവു രക്ഷിക്കും എന്ന പാഠമാണ് ഈ യുദ്ധത്തിന്റെ വിവരണത്തിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്നത്.

**വിചിന്തനം:** ജനത്തെ വിഗ്രഹാരാധനയിലും അനീതിയിലും നിന്നു പിന്തി

രിപ്പിക്കാൻ വേണ്ടിയാണ് യഹോഷാഫാത്ത് ദേശത്തുടനീളം വചന പ്രഘോഷകരെ നിയമിച്ചത്. ദൈവവചനത്തിന്റെ ശക്തിയും അതിനു മനുഷ്യജീവിതത്തിൽ വരുത്താൻ കഴിയുന്ന പരിവർത്തനവും വേണ്ടത്ര നാം മനസിലാക്കുന്നുണ്ട്? നമ്മുടെ മതാത്മക പ്രവർത്തനങ്ങളിൽ സ്ഥാന മാണ് നാം നല്കുന്നത്?

തങ്ങളേക്കാൾ അനേകം മടങ്ങു ശക്തരായ ശത്രുക്കളുടെ ആക്ര മണമുണ്ടായപ്പോൾ രാജാവും ജനവും ഉപവാസവും പ്രാർത്ഥനയും വഴി കർത്താവിൽ അഭയം തേടി. യുദ്ധം തുടങ്ങുന്നതിനു മുമ്പേ തങ്ങൾ വിജ യിച്ചു കഴിഞ്ഞു എന്ന ഉറച്ച ബോധ്യത്തോടെ അവർ കർത്താവിനെ സ്തുതിച്ചു. കർത്താവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലും ഇന്നും അനവധി അത്ഭുതങ്ങൾ നടക്കുന്നു. കർത്താ വിനു സ്തുതികൾ അർപ്പിക്കുന്നതിന് എന്തു സ്ഥാനമാണ് നാം പ്രാർത്ഥ നയിൽ നല്കുക? (എഫേ 5,19-20).

## 7. അഗ്നിപ്രവാചകൻ 1 രാജാ 22,51-2 രാജാ 2,12.

ഇസ്രായേൽ രാജാവായ അഹസിയായെ കർത്താവിന്റെ ശിക്ഷാ വിധി അറിയിച്ചതാണ് ഏലിയാ അവസാനമായി നിറവേറ്റിയ പ്രവാചക ദൗത്യം. അതിനുശേഷം അത്ഭുതകരമായ വിധത്തിൽ അദ്ദേഹം അപ്ര ത്യക്ഷനായി. ഈ രണ്ടു സംഭവങ്ങളിലും അഗ്നിക്കു വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. കാർമ്മൽ മലയിൽ അഗ്നിയിറക്കി കർത്താവു ബലി സ്വീകരിച്ചതും പ്രവാചകന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായിട്ടാണ്. അനീ തിയുടെ കോട്ടകൾ തകർക്കുകയും അക്രമത്തിന്റെ വേരുകൾ ദഹിപ്പി ക്കുകയും ചെയ്യുന്ന അഗ്നിയായിരുന്നു അദ്ദേഹത്തിലൂടെ പ്രവഹിച്ച ദൈവവചനം (പ്രഭാ 48,1). കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു നിന്ന ഏലിയായ്ക്കു നല്കാവുന്ന ഉത്തമമായ വിശേഷണമാണ് "അഗ്നി പ്രവാചകൻ".

### a. വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി 1 രാജാ 22,51-1 രാജാ 1,18

രാജാക്കൻമാരുടെ പുസ്തകം രണ്ടായി തിരിച്ചത് തികച്ചും യാന്ത്രി കമായിട്ടാണെന്ന് ഒന്നാം പുസ്തകത്തിന്റെ അവസാനവും രണ്ടാം പുസ്ത കത്തിന്റെ ആരംഭവും പരിശോധിച്ചാൽ വ്യക്തമാകും. അഹസിയാ രാജാ വിനെക്കുറിച്ചുള്ള വിവരണം ഇടയ്ക്കു വച്ചു മുറിച്ചിരിക്കുന്നു. ആഹാ ബിനറെ മരണത്തെ തുടർന്ന് രാജാവായ പുത്രൻ അഹസിയായുടെ ഭരണം രണ്ടു വർഷത്തിൽ താഴെയേ ദീർഘിച്ചുള്ളൂ. എന്നാലും "കർത്താ വിനെ എല്ലാവിധത്തിലും പ്രകോപിപ്പിച്ചു" എന്ന വിലയിരുത്തലാണ് വി. ഗ്രന്ഥകാരൻ അയാളെക്കുറിച്ചു നടത്തുന്നത്. പിതാവിന്റേയും മാതാവി



ന്റെയും മാതൃക പിൻതുടർന്ന് ബാലിനെ സേവിച്ചതാണ് പ്രധാന കുറ്റം "മാതാവിന്റെ" എന്നതു പി.ഒ.സി. വിവർത്തനത്തിൽ വിട്ടു പോയിരിക്കു ന്നു. (2 രാജാ 22,51-53).

കർത്താവിനോടുകാട്ടിയ അവിശ്വസ്തത വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി വിളിച്ചുവരുത്തി. മൊവാബ്യരുടെ കലാപമായിരുന്നു ആദ്യത്തെ ശിക്ഷ (2 രാജ 1,1). മട്ടുപ്പാവിൽ നിന്നു വീണ് മാരകമായ പരി ക്കേറ്റത് രണ്ടാമത്തെ ശിക്ഷ. അപ്രതീക്ഷിതമായി ഉണ്ടായ കലാപത്തി നെതിരേ ഒന്നും ചെയ്യാൻ അഹസിയായ്ക്കു കഴിഞ്ഞില്ല. തുടർന്നു രാജാ വായ യോറാം മൊവാബ്യർക്കെതിരേ നടത്തിയ യുദ്ധത്തെക്കുറിച്ച് 3-ാം അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നുണ്ട്. വീഴ്ചയിൽ പരിക്കേറ്റു കിടപ്പിലായ താൻ രക്ഷപ്പെടുമോ എന്നറിയാൻ വേണ്ടി അഹസിയാ ദൂതൻമാരെ സമറിയായിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ തെക്കുപ ടിഞ്ഞാറുള്ള ഫിലിസ്ത്യ നഗരമായ എക്രോണിലെ ബാൽ ദേവ ക്ഷേത്ര ത്തിലേക്കു പറഞ്ഞയച്ചു (2 രാജാ 1,2). ബാൽസെബൂബ് എന്നത് ഇസ്രാ യേൽക്കാർ നല്കിയ ഒരു പരിഹാസപേരാണ്. ഈച്ചകളുടെ നാഥൻ എന്നാണ് പേരിന് അർത്ഥം. ഉയരങ്ങളുടെ നാഥൻ അഥവാ അത്യുന്നത നായ പ്രഭു എന്നർത്ഥമുള്ള ബാൽസെബൂൽ എന്നതായിരുന്നു യഥാർത്ഥ നാമം. എക്രോണിൽ മാത്രം ആരാധിക്കപ്പെട്ടിരുന്ന ഒരു പ്രാദേശിക ദേവ തയല്ല, കാനാൻകാരും സിറിയാക്കാരും ജീവന്റെ നാഥനായി ആരാധിച്ചി രുന്ന ബാൽദേവൻ തന്നെയാണിത്. ഭാവി അറിയുക മാത്രമല്ല, സുഖ പ്രാപ്തിയും ഈ സന്ദർശനത്തിന്റെ ലക്ഷ്യമായിരുന്നു എന്ന് അനുമാ നിക്കാം.

കർത്താവിന്റെ കല്പനപ്രകാരം രാജദൂതന്മാരെ വഴിക്കുവച്ചു കണ്ടു മുട്ടിയ ഏലിയാ രാജാവിനുള്ള മറുപടി അവരെ അറിയിച്ചു. അതു മരണ ശിക്ഷയായിരുന്നു (2 രാജാ 1,3-8). നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ വച്ച് ആഹാബിനെ കണ്ടു ശിക്ഷാവിധി അറിയിച്ചതിനോട് ഇതിനുള്ള സാമ്യം ശ്രദ്ധേയമത്രെ. രോമക്കുപ്പായവും തോൽപ്പട്ടയും ഏലിയായെ തിരിച്ചറിയാനുള്ള പ്രത്യേക വേഷമായി ഇവിടെ അവതരിപ്പിക്കുന്നു. ഈ വേഷമണിഞ്ഞ് സ്നാപകൻ പ്രത്യക്ഷപ്പെട്ടപ്പോൾ ഏലിയാ മടങ്ങിവന്നു ജനം കരുതി (മർക്കോ 1,6; 6,15).

കർത്താവിന്റെ ശിക്ഷാവിധി കേട്ടപ്പോൾ അനുതപിച്ച് മാപ്പിരക്കാ നല്ല, വിധിവാചകം അറിയിച്ച പ്രവാചകനെ ബന്ധിക്കാനാണ് രാജാവു തീരുമാനിച്ചത്. അതിനായി ഒരു സേനാ നായകന്റെ കീഴിൽ 50 പടയാളി കളെ വീതം മൂന്നു തവണ അയച്ചു (2 രാജാ 1,9-14). ആദ്യത്തെ രണ്ടു സേനാ നായകന്മാരും അധികാരസ്വരത്തിൽ ഏലിയായോട് മലയിൽ നിന്നി

റങ്ങിവരാൻ ആജ്ഞാപിച്ചു. "ദൈവപുരുഷൻ" എന്ന വിശേഷണമാണ് ഇരുവരും ഉപയോഗിച്ചത്. ഏലിയായുടെ വാക്കനുസരിച്ച് ആകാശത്തു നിന്ന് അഗ്നി ഇറങ്ങി അവരെയും സൈന്യത്തെയും നശിപ്പിച്ചപ്പോൾ ഏലിയാ യഥാർത്ഥത്തിൽ ദൈവത്താൽ അയക്കപ്പെട്ട മനുഷ്യനാണെന്നു തെളിഞ്ഞു. മൂന്നാമത്തെ ആൾ തികഞ്ഞ വിനയത്തോടെ ഏലിയായോട് അപേക്ഷിച്ചു. അവനോടുകൂടെ രാജസന്നിധിയിലെത്തിയ ഏലിയാ ശിക്ഷാവിധി രാജാവിനെ നേരിട്ട് അറിയിച്ചു. അതു നിറവേറുകയും ചെയ്തു (2 രാജാ 1,15-18). ആഹാബുകുടുംബത്തിനെതിരേ നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ വച്ചു പ്രഖ്യാപിച്ച ശിക്ഷാവിധി (1 രാജ 21,21) നിറവേറുന്നതിന്റെ ഭാഗമാണിത്.

**വിചിന്തനം:** രാജകല്പന അനുസരിക്കുക മാത്രം ചെയ്ത പടയാളികളെ ആകാശത്തിൽ നിന്ന് അഗ്നിയിറക്കി ദഹിപ്പിച്ചത് തികച്ചും ക്രൂരമായി തോന്നാം. മൂന്നു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ഇത് ഒരു ചരിത്ര സംഭവം ആണോ എന്ന കാര്യത്തിൽ സംശയമുണ്ട്. വലിയൊരു പാഠം നല്കുന്നതിനുവേണ്ടി ഏലിയായുടെ ജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്ന ഒരു കഥയായിട്ടാണ് ഇതിനെ ഭൂരിഭാഗം വ്യാഖ്യാതാക്കളും പരിഗണിക്കുന്നത്. മിദ്രാഷ് എന്നാണ് ഈ സാഹിത്യ രൂപം അറിയപ്പെടുക. എലീഷായെ പരിഹസിച്ച ബാലന്മാരെ കരടികൊന്നതും (2 രാജ 2,23-24) ഇതേ സാഹിത്യ രൂപത്തിൽപ്പെടുന്നു. 2. സംഭവത്തിന്റെ ചരിത്രപരതയെക്കാൾ അതു വിവരിക്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ നല്കുന്ന സന്ദേശമാണ് പ്രധാനം. കർത്താവിനെയും അവിടുത്തെ പ്രവാചകനെയും ആദരിക്കണം. രക്ഷണീയമായ ദൈവഭയം ജനങ്ങളിൽ ഉളവാക്കുകയാണ് ഈ വിവരണത്തിന്റെ മുഖ്യ ലക്ഷ്യം കേൾക്കുന്ന ദൈവവചനം ഹിതകരമല്ലെങ്കിൽ വചനം അറിയിച്ച ആളെ നശിപ്പിക്കാൻ ശ്രമിക്കുകയില്ല, വചനം അനുസരിച്ചു മാനസാന്തരപ്പെടുകയാണ് വേണ്ടത്. 3. മൂവായിരം വർഷം മുമ്പു നിലവിലിരുന്ന മനോഭാവങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഇപ്രകാരമുള്ള വിവരണങ്ങൾ മനസ്സിലാക്കാൻ. ഈ മനോഭാവം വച്ചു പുലർത്തിയിരുന്ന ശിഷ്യന്മാരെ ശകാരിച്ചുകൊണ്ട് യേശുക്രിസ്തു പുതിയൊരു കാഴ്ചപ്പാടും ജീവിതശൈലിയും അവതരിപ്പിക്കുന്നുണ്ട് (ലൂക്കാ 9,54-56).

മാതാപിതാക്കന്മാരെ അനുകരിച്ചതാണ് അഹസിയായ്ക്കു പറ്റിയ വലിയ തെറ്റ്. തങ്ങളുടെ മാതൃക മക്കളെ സ്വാധീനിക്കുന്നതിനാൽ മക്കൾക്കു നല്ല മാതൃകയും നല്ല ശിക്ഷണവും നല്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. വാക്കിലും പ്രവൃത്തിയിലും പ്രകടമാകുന്ന മനോഭാവമാണ് ഏറ്റം കൂടുതൽ സ്വാധീനിക്കുക. മക്കളുടെ വിശ്വാസരാഹിത്യത്തെയും ദുഃസ്വഭാവത്തെയുംക്കുറിച്ച് ആകുലപ്പെടുന്ന മാതാപിതാക്കൾ അവർക്കു തങ്ങൾ നല്കുന്ന മാതൃക എന്തെന്നു പരിശോധിക്കണം.



## b. അഗ്നി രഥം 2 രാജാ 2,1-12

ഏലിയായുടെ പ്രവർത്തനം അവസാനിക്കുന്നതും എലീഷാ പിൻഗാമിയായി നിയുക്തനാകുന്നതുമാണ് തികച്ചും നാടകീയവും ഐതിഹ്യസമാനവുമായ ശൈലിയിൽ വിവരിക്കുന്നത്. കർത്താവ് ഏലിയായെ ചുഴലിക്കാറ്റിലൂടെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കാൻ സമയമായി (2 രാജാ 2,1) എന്ന പ്രസ്താവനയോടെ ആരംഭിക്കുന്ന വിവരണം ഏലിയാ അഗ്നിരഥത്തിൽ അപ്രത്യക്ഷനായി (2 രാജാ 2,12) എന്നു പറഞ്ഞുകൊണ്ട് അവസാനിക്കുന്നു. ഗുരുവിനെ വിട്ടു മാറാതെ അനുഗമിക്കുന്ന ശിഷ്യന്റെ വിശ്വസ്തത മൂന്നു തവണ പരീക്ഷിക്കപ്പെട്ടു. മൂന്നു തവണയും ശിഷ്യൻ വിജയിച്ചു. അവസാനമായി വച്ച നിബന്ധനയും പാലിച്ചപ്പോൾ എലീഷാ ഏലിയായുടെ പിൻഗാമിയായി സ്വീകരിക്കപ്പെട്ടു.

ഇസ്രായേൽ ജനം മരുഭൂമിയിൽ നിന്നു കാനാൻ ദേശത്തേയ്ക്കു നടത്തിയ തീർത്ഥാടനത്തെ വിപരീതക്രമത്തിൽ ആവർത്തിക്കുന്നതാണ് ഏലിയ ഗിൽഗാലിൽ നിന്നു മരുഭൂമിയിലേക്കു നടത്തിയ യാത്ര (2 രാജാ 2,1-9). യാത്ര തുടങ്ങുന്ന ഗിൽഗാൽ ജോർദ്ദാൻ നദീ തടത്തിൽ ഇസ്രായേൽക്കാർ ആദ്യമായി പാളയമടിച്ച സ്ഥലമല്ല ജോഷ്വാ (5,10) ബെഥേലിൽ നിന്നു ഏകദേശം 12 കിലോ മീറ്റർ വടക്കുള്ള ഒരു ചെറിയ നഗരമാണ്. ഗില്ഡ ഗാലിലും ബെഥേലിലും ജെറീക്കോയിലും വച്ച് ഏലിയാ എലീഷായെ വിട്ടുപോകാൻ താല്പര്യം കാണിച്ചു. ശിഷ്യന്റെ വിശ്വസ്തതയെയും ദൃഢനിശ്ചയത്തെയും പരീക്ഷിക്കുന്നതായിരുന്നു 'ഇവിടെ നില്ക്കുക" എന്ന് ആവർത്തിച്ചു നല്കുന്ന ആഹ്വാനം (2 രാജാ 2,2.4.6). അത് ഒരു കല്പനയല്ല, വേണമെങ്കിൽ നിനക്കു തിരിച്ചു പോകാം എന്ന സൂചനയായിരുന്നു. എന്നാൽ ഗുരുവിനെ കർത്താവ് എങ്ങോട്ട് നയിക്കുന്നുവോ അങ്ങോട്ട് താനും ഉണ്ടായിരിക്കും എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട് എലീഷാ യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയായിതീരുന്നു.

ബെഥേലിലും ജെറിക്കോയിലും വസിച്ചിരുന്ന പ്രവാചകഗണം ഏലിയായുടെ ശിഷ്യ സമൂഹത്തിൽ പെട്ടവരായിരിക്കാം. തന്റെ തിരോധാനത്തിനു മുമ്പ് ഒരിക്കൽകൂടി അവരെയെല്ലാം വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും വേണ്ടി ആയിരിക്കാം ഏലിയാ അവരെ സന്ദർശിച്ചത്. അദ്ദേഹം എടുക്കപ്പെടാൻ പോകുന്നു എന്ന് അവർക്കെല്ലാം അറിയാമായിരുന്നു. എന്നാൽ ഏതെങ്കിലും ആഘോഷത്തോടുകൂടിയ ഒരു യാത്ര അയയ്ക്കലോവിടപറയലോ നടക്കുന്നില്ല. നിശ

ബ്ദരായിരിക്കാനണ് എലീഷാ എല്ലാവരോടും ആവശ്യപ്പെടുന്നത് (2,3.5). ജോർദ്ദാൻ കരയിൽ എത്തിയ ഏലിയാ മേലങ്കി ചുരുട്ടി വെള്ളത്തിൽ അടിച്ചപ്പോൾ നദി വിഭജിച്ചു (2 രാജാ 2,8). പുറപ്പാടിൽ ചെങ്കടലും ജോർദ്ദാനും വിഭജിച്ച് ജനം വരണ്ട നിലത്തുകൂടി കടന്നു പോയതിനെ അനുസ്മരിപ്പിക്കുന്നതാണ് ഈ സംഭവം.

ഏലിയായുടെ ചോദ്യത്തിനു മറുപടിയായി എലീഷാ മുന്നോട്ടു വയ്ക്കുന്ന അഭ്യർത്ഥന (2 രാജാ 2,9) അതിരു കടന്നതാണെന്നു തോന്നാം. "അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക്" ഏലിയായുടെ ഇരട്ടി ശക്തിയെ അല്ല, ആദ്യജാതന്റെ അവകാശത്തെയാണ് (നിയ 21,17) സൂചിപ്പിക്കുന്നത്. ഏലിയാ തന്റെ പിൻഗാമിയായി എലീഷായെ തിരഞ്ഞെടുത്തു കഴിഞ്ഞിരുന്നു. പ്രവാചക ഗണമെല്ലാം അത് അംഗീകരിക്കുകയും ചെയ്തിരുന്നു. ഗുരു തിരോധാനം ചെയ്തു കഴിയുമ്പോൾ അദ്ദേഹത്തിന്റെ ഭാരിച്ച ഉത്തരവാദിത്വം ഉചിതമായ വിധത്തിൽ നിറവേറ്റാൻ ആവശ്യമായ ശക്തി തനിക്കു ലഭിക്കണെ എന്ന ആഗ്രഹവും ഇരട്ടി പങ്കിനുവേണ്ടിയുള്ള പ്രാർത്ഥനയിലുണ്ട്. താൻ എടുക്കപ്പെടുന്നത് കാണുകയാണെങ്കിൽ ഈ ആഗ്രഹം നിറവേറും എന്ന് ഏലിയാ ശിഷ്യന് വാക്ക് കൊടുത്തു. ശിഷ്യത്വത്തിന്റെ പാതയിൽ മറ്റു വ്യഗ്രതകളൊന്നും കൂടാതെ ഏകാഗ്രമായി ഗുരുവിനെ അവസാനം വരെ പിൻതുടർന്നാലേ യഥാർത്ഥ പിൻഗാമിയാകാൻ കഴിയൂ. ഈ പരീക്ഷണത്തിലും എലീഷാ വിജയിച്ചു. സ്ഥാനത്തിന്റെ സ്ഥിരീകരണത്തിന് അടയാളമെന്നോണം ഗുരുവിന്റെ മേലങ്കി അയാൾക്കു ലഭിച്ചു (2 രാജാ 2,13).

ഏലിയായുടെ സ്വർഗ്ഗാരോഹണം കാവ്യാത്മകമായ ഭാഷയിലാണ് വിവരിക്കുന്നത്. എന്താണ് സംഭവിച്ചതെന്ന് കൃത്യമായി ആർക്കും അറിയില്ല. ഒരുമിച്ചു യാത്രചെയ്തിരുന്ന ഗുരു ഒരു നിമിഷത്തിൽ അപ്രത്യക്ഷനായി. ദൈവം തന്റെ പ്രവാചകനെ സ്വീകരിക്കാൻ വാഹനമായി തീക്കുതിരകളെ പൂട്ടിയ അഗ്നിരഥവും ചുഴലിക്കാറ്റും അയച്ചു എന്ന്. ആലങ്കാരിക ഭാഷയിൽ വിവരിക്കുന്നു. അഗ്നിയും കാറ്റും ദൈവിക സാന്നിധ്യത്തിന്റെ അടയാളങ്ങളാണ്. കർത്താവ് എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നതിന്റെ ചിത്രീകരണം (സങ്കീ 18,19,104,3: എസെ 1,4). ആകസ്മികമായി കടന്നു വന്ന ഏലിയാ പ്രവാചകൻ അതുപോലെ തന്നെ അപ്രത്യക്ഷനായി. ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയ പ്രവാചകനെ കർത്താവു തന്റെ അടുക്കലേയ്ക്കു സ്വീകരിച്ചു. ദൈവത്തിന്റെ രഹസ്യാത്മകത പ്രവാചകന്റെ ജീവിതത്തിലും മുറ്റി നിൽക്കുന്നു. അയാൾ എവിടെ നിന്നു വന്നെന്നോ എങ്ങോട്ട് പോയെന്നോ ആർക്കും അറിയില്ല. ദൈവ



ത്തിന്റെ വാസസ്ഥലത്തെയാണ് ബൈബിളിൽ സ്വർഗ്ഗം എന്നു വിളിക്കുന്നത്. അത് ദൈവത്തിന്റെ തന്നെ പര്യായവുമാണ്. ദൈവം എവിടെയോ അവിടെയാണാ സ്വർഗ്ഗം. അത് ആകാശ വിതാനത്തിനു മുകളിലുള്ള ഏതെങ്കിലും ഒരു പ്രത്യേക സ്ഥലമല്ല. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാൽ ദൈവം തന്നിലേക്കു സ്വീകരിച്ചു എന്നാണ് അർത്ഥമാക്കുന്നത്. ദൃശ്യമായ രീതിയിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് മുകളിലേക്കുപോയതായി ചിത്രീകരിക്കുന്നത്.

ഏലിയാ മരിച്ചോ ഇല്ലയോ എന്ന് ഈ വിവരണത്തിൽ നിന്നു വ്യക്തമല്ല. എന്നാൽ അദ്ദേഹം ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് യഹൂദരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തിന്റെ അടിസ്ഥാനം ഈ വിവരണമാണ്. അഗതികളും പീഡിതരുമായവർ വിളിച്ചപേക്ഷിക്കുമ്പോൾ സഹായിക്കാനായി ഏലിയാ വരും എന്ന വിശ്വാസവും യഹൂദരുടെ ഇടയിൽ നിലവിലിരുന്നു (മത്താ 27,47-49). ലോകാവസാനത്തിനു തൊട്ടുമുമ്പ് ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാനായി കർത്താവു തന്നെ ഏലിയായെ വീണ്ടും അയയ്ക്കും എന്ന വിശ്വാസം പഴയ നിയമത്തിൽ രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ട്. (പ്രഭാ 48,9-10; മലാ 4,5). സ്നാപകനെയും യേശുവിനെയും മടങ്ങിവന്ന ഏലിയാ ആയി കണ്ടവർ ഈ വിശ്വാസമാണ് പ്രകടമാക്കുന്നത്.

**വിചിന്തനം:** കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു നിന്ന ഒരു ജീവിതമായിരുന്നു ഏലിയായുടേത്. കർത്താവിനു പൂർണ്ണമായി സ്വയം സമർപ്പിച്ച, സ്വന്തം ജീവനേക്കാൾ ഉപരി കർത്താവിനെയും അവിടുന്ന് ഏല്പ്പിച്ച ദൈത്യത്തെയും വിലമതിച്ച, പ്രവാചകനെ ദൗത്യ നിർവ്വഹണത്തനിടയിൽ പരാജയവും നിരാശയും തളർത്തിയപ്പോൾ ആഹാരവും ആശ്വാസവും നല്കി കർത്താവു തന്നെ ശക്തിപ്പെടുത്തി. ദൗത്യം പൂർത്തിയാക്കിയപ്പോൾ തന്നിലേയ്ക്കു സ്വീകരിച്ചു. ഏലിയായുടെ പ്രവർത്തനം കൊണ്ടു മാത്രം ഇസ്രായേലിന്റെ മാനസാന്തരം പൂർണ്ണമായില്ല. അതിനുവേണ്ടി ദൈവം പുതിയ പ്രവാചകന്മാരെ അയച്ചു. ഏലിയായ്ക്കുശേഷം എലീഷാ, തുടർന്നു പുതിയ പുതിയ പ്രവാചകന്മാർ, ഓരോ വ്യക്തിക്കും പരിമിതമായ ഒരു ദൗത്യമേ നിർവ്വഹിക്കാനുള്ളു. അതു പരിപൂർണ്ണ വിശ്വസ്തതയോടെ നിറവേറ്റുക. സമയമാകുമ്പോൾ സസന്തോഷം വിടവാങ്ങുക. പ്രവാചകന്റെ ദൗത്യത്തിനു സ്ഥലകാല പരിമിതികളുണ്ടെങ്കിലും കർത്താവിന്റെ വചനത്തിന് പരിമിതികളില്ല. അത് എല്ലായിടത്തും എല്ലാകാലത്തും പ്രഘോഷിക്കപ്പെടണം. ദൈവം അതിനായി എന്നും പുതിയ പ്രവാചകന്മാരെ തിരഞ്ഞെടുത്ത് അയച്ചു കൊണ്ടിരിക്കും. എന്താണ് അവിടുന്ന തന്നെ ഏല്പിക്കുന്ന ദൗത്യം എന്ന് ഓരോരുത്തരും കണ്ടെത്താൻ ശ്രമിക്കണം.

## ചോദ്യങ്ങൾ

1. ഏലിയാ രംഗപ്രവേശം ചെയ്ത ചരിത്ര പശ്ചാത്തലം വിവരിക്കുക.
2. ഏലിയാ എന്ന പേരിന്റെ അർത്ഥം എന്ത്? പേര് എപ്രകാരമാണ് പ്രവാചകന്റെ ജീവിതത്തിൽ അന്വർത്ഥമായത്?
3. ഏലിയായെ 'അഗ്നിപ്രവാചകൻ" എന്നു വിശേഷിപ്പിക്കുന്നതിനു കാരണമെന്ത്?
4. ബാൽ ആരാധനയുടെ കേന്ദ്രത്തിലാണ് ഏലിയാ വെല്ലുവിളി ഉയർത്തിയത്. വിശദീകരിക്കുക.
5. പാവങ്ങൾക്കും മർദ്ദിതർക്കും ദൈവം നല്കുന്ന സംരക്ഷണത്തിന്റെ പ്രതീകമാണ് ഏലിയാ. ഉദാഹരണ സഹിതം സമർത്ഥിക്കുക.
6. സറെഫ്തായിലെ വിധവ ഏറ്റുപറഞ്ഞ വിശ്വാസം എന്ത്? എങ്ങനെയാണ് അവൾ ആ വിശ്വാസ പ്രഖ്യാപനത്തിലെത്തിയത്?
7. കാർമ്മൽ മലയിൽ നടന്നത് ഒരു അഗ്നിപരീക്ഷണമായിരുന്നു. എന്താണ് ഈ പരീക്ഷണത്തിലൂടെ തെളിഞ്ഞത്?
8. എന്തിനുവേണ്ടിയാണ് ഏലിയാ ഹോറെബിലേക്കു പോയത്? മാർഗ്ഗമധ്യേ ലഭിച്ച അപ്പം എന്തിന്റെ പ്രതീകമായിരുന്നു?
9. ഹോറെബിൽ വച്ച് ദൈവത്തെയും തന്റെ ദൗത്യത്തെയുംക്കുറിച്ച് എന്തു പുതിയ ഉൾക്കാഴ്ചയാണ് പ്രവാചകനു ലഭിച്ചത്?
10. "ഞാനാണ് കർത്താവ് എന്നു നീ അറിയും." പ്രവാചകൻ ആഹാബിനോട് പറഞ്ഞ സാഹചര്യം വിശദമാക്കുക.
11. നാബോത്തിന്റെ കഥയിൽ നിന്ന് പ്രവാചകത്വത്തെ സംബന്ധിച്ച എന്തുപാഠമാണ് ലഭിക്കുന്നത്?
12. "കർത്താവാണേ, അവിടുന്ന് അരുളിച്ചെയ്യുന്നതു ഞാൻ പറയും". സാഹചര്യം വിവരിച്ച് അർത്ഥം വിശദമാക്കുക.
13. യഹോഷാഫാത്ത് നടപ്പിൽ വരുത്തിയ രണ്ടു പ്രധാന നവീകരണങ്ങൾ വിശദീകരിക്കുക.
14. സഖ്യ ശക്തികൾക്കെതിരേ യഹോഷാഫാത്ത് നയിച്ച യുദ്ധത്തെ ഒരു ലിറ്റർജിയുടെ ശൈലിയിലാണ് വിവരിച്ചിരിക്കുന്നത്. സമർത്ഥിക്കുക.
15. ആരാണ് എക്രോണിലെ ബാൽ? എന്തിനുവേണ്ടിയാണ് അഹസിയാ രാജാവ് അയാളുടെ അടുക്കലേക്ക് ദൂതന്മാരെ അയച്ചത്?



16. ആകാശത്തിൽ നിന്ന് അഗ്നിയിറക്കി സൈനികരെ നശിപ്പിച്ചതിന്റെ വിവരണത്തിലൂടെ വി.ഗ്രന്ഥകരൻ എന്താണ് പഠിപ്പിക്കുന്നത്?
17. 'അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക്" എന്തിനെ സൂചിപ്പിക്കുന്നു?
18. ഏലിയായുടെ തിരോധാനം നല്കുന്ന സന്ദേശമെന്ത്?

**ചർച്ചയ്ക്ക്:** 1. സറെഫ്തായിലെ വിധവ, ആഹാബ്, നാബോത്ത് എന്നിവരോടുള്ള ഏലിയായുടെ വ്യത്യസ്ത സമീപനങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക തീരുമാനങ്ങൾ എടുക്കുക.

2. കാർമ്മൽ മലയിൽ വച്ച് ഉറച്ച തീരുമാനം എടുക്കാൻ ഏലിയാ ജനത്തെ പ്രേരിപ്പിച്ചു. ഇന്നും നാമും രണ്ടു വഞ്ചിയിൽ കാൽ വച്ചാണോ നീങ്ങുന്നത്? എന്തു തീരുമാനം എടുക്കാനാണ് ദൈവം ആവശ്യപ്പെടുന്നത്?

### പ്രാർത്ഥന

മരുഭൂമിയിലെ വാടാമുൾച്ചെടിയുടെ ചുട്ടിൽ മരണം പ്രതീക്ഷിച്ചു മയങ്ങിക്കിടന്ന ഏലിയായുടെ മനോഭാവം സ്വാംശീകരിച്ചുകൊണ്ട് ഒരു പ്രാർത്ഥന രചിക്കുക.

# 3. എലീഷായും പ്രവാചകഗണങ്ങളും

## 2 രാജാ 2,13–8,29; 2 ദിന 21,1–22,6

ഏലിയായുടെ ശിഷ്യനും പിൻഗാമിയുമായ എലീഷാ പ്രവാചകനാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിന്റെ ഒന്നാം പകുതിയിൽ നിറഞ്ഞു നില്ക്കുന്നത്. വയലിൽ വച്ചു വിളിലഭിച്ച അയാൾ കല്പ കത്തിച്ച് കാളയെ വേവിച്ചു വിരുന്നു നല്കിയതിനുശേഷം ഗുരുവിനെ വിടാതെ അനുഗമിച്ചു. ഏലിയാ ചുഴലിക്കാറ്റിൽ അപ്രത്യക്ഷനായപ്പോൾ എലീഷാ ഗുരുവിന്റെ ദൗത്യം ഏറ്റെടുത്തു. വീണുകിട്ടിയ ഗുരുവിന്റെ മേലങ്കി പിന്തുടർച്ചാവകാശത്തിന്റെ അടയാളമായിരുന്നു (2 രാജാ 2,13). രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിമൂന്നാം അദ്ധ്യായത്തിലാണ് എലീഷായുടെ മരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. എന്നാൽ ഒമ്പതാം അധ്യായത്തിൽ രാജവംശത്തിന്റെ മാറ്റത്തെക്കുറിച്ചു വിശദമായി വിവരിക്കുന്നുണ്ട്. തന്നെയുമല്ല, 9–13 അധ്യായങ്ങളിൽ എലീഷായുടെ പ്രവർത്തനങ്ങളെക്കുറിച്ചു വളരെ ചുരുക്കമായ പരാമർശങ്ങളേയുള്ളൂ. അതിനാൽ പഠന സൗകര്യാർത്ഥം 2 രാജാ 2,13–8,29 ഒരു യൂണിറ്റായി കണ്ട് വിശകലനം ചെയ്യുന്നു.

'എന്റെ ദൈവം രക്ഷ'' എന്നാണ് എലീഷാ എന്ന പേരിന്റെ അർത്ഥം. പേര് സൂചിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ കരുണയും രക്ഷയും പ്രകടമാക്കുന്നതായിരുന്നു എലിഷാ പ്രവാചകന്റെ പ്രവർത്തനങ്ങൾ. പലതരത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും പ്രവാചകനിലൂടെ ദൈവത്തിന്റെ രക്ഷാകര സ്നേഹം അനുഭവവേദ്യമായി. ഇസ്രായേൽ രാജ്യത്തെ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു പല തവണ രക്ഷിക്കാൻ സഹായിച്ചപ്പോഴും എലീഷായുടെ പേര് അന്വർത്ഥമാവുകയായാരുന്നു. ആസന്നമരണനായ അദ്ദേഹത്തെ ഇസ്രായേലിന്റെ തേരും തേരാളിയും (2 രാജാ 13,14) എന്നു വിളിച്ചു വിലപിച്ച യഹോവാഷ് രാജാവ് ഈ സത്യം ഏറ്റു പറയുന്നു. അതിശയോക്തികലർന്നതും ഐതിഹ്യത്തിന്റെ ശൈലിയിൽ ഉള്ളതുമാണ് എലീഷായുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ. അവയുടെ ചരിത്രപരമായ അടിസ്ഥാനം നിഷേധിക്കാൻ ആവില്ലെങ്കിലും എല്ലാം അക്ഷരാർത്ഥത്തിൽ മനസിലാക്കേണ്ടതില്ല. സംഭവങ്ങളുടെ വിവരണത്തിൽ കൃത്യമായ ഒരു കാലക്രമം പാലിച്ചിട്ടുമില്ല. പ്രവാചകനിലൂടെ പ്രകടമായ ദൈവത്തിന്റെ ശക്തിയും കരുണയും പ്രകീർത്തിക്കുകയാണ് ഈ വിവരണങ്ങളുടെ മുഖ്യ ലക്ഷ്യം. പ്രവാചകന്റെ വ്യക്തിത്വത്തെയും



വചനത്തെയും ആദരിക്കാൻ അനുവാചകരെ പ്രേരിപ്പിക്കുകയും ഈ വിവരണങ്ങളുടെ ലക്ഷ്യമാണ്.

ഏലിയായുടെ ശിഷ്യനും പിൻഗാമിയുമാണ് എലീഷായെങ്കിലും ഇരുവരുടെയും പ്രവർത്തനശൈലിയിൽ കാര്യമായ വ്യത്യാസമുണ്ട്. വിഗ്രഹാരാധനയ്ക്കും അനീതിയ്ക്കും എതിരേ ഉയർന്ന ദൈവത്തിന്റെ കോപാഗ്നിയുടെ പ്രത്യക്ഷീകരണമായിരുന്നു ഏലിയാ. കർത്താവിനു വേണ്ടിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചുനിന്ന ആ ജീവിതം ഒരു കൊള്ളിയാൻപോലെ മിന്നിപ്പൊലിഞ്ഞു. എലീഷായുടെ പ്രവർത്തനങ്ങളാകട്ടെ കൂടുതൽ ദീർഘവും ശാന്തവുമായിരുന്നു. സാധാരണ മനുഷ്യരുടെ അനുദിന ആവശ്യങ്ങളിൽ സഹായത്തിനെത്തുന്ന കരുണയാണ് എലീഷായുടെ പ്രവർത്തനങ്ങൾക്കു മുഖമുദ്രയായി നിന്നത്. ഏലിയാ ദൈവത്തിന്റെ നീതിയുടെയും എലീഷാ അവിടുത്തെ കാരുണ്യത്തിന്റെയും വക്താക്കളായി പ്രശോഭിക്കുന്നു. രാജാക്കന്മാരുടെ പേടിസ്വപ്നമായിരുന്നു ഏലിയാ. കലാപത്തിനു വഴിയൊരുക്കുകയും രാജവംശങ്ങളെത്തന്നെ തകിടം മറിക്കുകയും ചെയ്തെങ്കിലും ഏലിഷായ്ക്ക് രാജാക്കന്മാരുടെ ഇടയിലും സ്വീകാര്യതയുണ്ടായിരുന്നു; രാജാക്കന്മാർ അയാളുടെ ഉപദേശം സ്വീകരിക്കുകയും സഹായം യാചിക്കുകയും ചെയ്തിരുന്നു. കർത്താവിനും അവിടുത്തെ നീതിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒറ്റയാൻ പട്ടാളമായിരുന്നു ഏലിയാ. ഏലീഷായെ അനുഗാമിയായി സ്വീകരിച്ചെങ്കിലും തന്റെ ജീവിതകാലത്ത് ഏലിയാ തനിച്ചാണ് പ്രവർത്തിച്ചിരുന്നത്. എലീഷായാകട്ടെ അനേകം പ്രവാചകഗണങ്ങളുടെ തലവനായിരുന്നു. പല ദൗത്യങ്ങളും തന്റെ ശിഷ്യന്മാരിലൂടെയാണ് അദ്ദേഹം നിർവ്വഹിച്ചിരുന്നത്.

എലീഷായുമായി ബന്ധപ്പെട്ടു പ്രത്യക്ഷമാകുന്ന പ്രവാചക ഗണങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സാമുവേലിന്റെ കാലം മുതൽ ഇവരെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. സാധാരണക്കാർക്ക് അജ്ഞാതമായ രഹസ്യങ്ങൾ അറിയാനും ഭാവിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കാനും പ്രത്യേക സിദ്ധിയുള്ളവരായി ഇവർ പരിഗണിക്കപ്പെട്ടിരുന്നു. യാഹ്വേ വിശ്വാസവും ഉടമ്പടിയോടുള്ള പ്രതിബദ്ധതയും ഇവരുടെ മുഖമുദ്രയായിരുന്നു. കാനാൻ ദേശത്തിന്റെ പല ഭാഗങ്ങളിൽ ചെറിയ സമൂഹങ്ങളായിട്ടാണ് ഇവർ ജീവിച്ചിരുന്നത് (2 രാജാ 2,3–7). ഭക്തർ നല്കുന്ന സംഭാവനകളായിരുന്നു മുഖ്യ ഉപജീവനമാർഗ്ഗം (2 രാജ 4,42). രഹസ്യങ്ങൾ അറിയാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും വേണ്ടി ജനം ഇവരെ സമീപിക്കും (1 സാമു 9,6). സംഗീതോപകരണങ്ങളുടെയും ഗാനാലാപങ്ങളുടെയും സഹായത്തോടെ, അവൻ ഒറ്റയ്ക്കോ കൂട്ടമായോ ഉന്മാദാവ

സ്ഥയിൽ എത്തുകയും, അരുളപ്പാടുകൾ നല്കുകയും ചെയ്യും (1 സാമു 10,5.10; 19,20-24; 2 രാജാ 3,15). ഇപ്രകാരമുള്ള അരുളപ്പാടുകൾക്ക് അവർ പ്രതിഫലം പ്രതീക്ഷിച്ചിരുന്നു (1 സാമു 9,7-8; 2 രാജാ 5,20-27; 7-8, 8-9). രോമക്കുപ്പായവും വെളിച്ചപ്പാടന്മാരെപ്പോലെ ഉന്മാദാവസ്ഥയിൽ ദേഹത്ത് ഏല്പിക്കുന്ന മുറിപ്പാടുകളും അവരെ തിരിച്ചറിയാനുള്ള അടയാളങ്ങളായിരുന്നു. (1 രാജാ 20,41; 2 രാജാ 1,8; സംഖ 13,4-6). ഇവരുടെ വേഷവും പ്രവൃത്തികളും പലപ്പോഴും ഭ്രാന്തന്മാരുടെതുപോലെ ആയിരുന്നു (2 രാജാ 9,11). അതിനാൽത്തന്നെ അവർ പലപ്പോഴും ജനത്തിന്റെ പരിഹാസത്തിന് ഇരയാവുകയും ചെയ്തിരുന്നു (2 രാജാ 2,23). പ്രവാചകന്മാരെക്കുറിച്ച് പലപ്പോഴും അത്രനല്ല അഭിപ്രായമല്ല നിലവിലിരുന്നത്. വ്യാജ പ്രവാചകന്മാരും ഏറെയുണ്ടായിരുന്നു. അതിനാലാവാം എലീഷായെ ബൈബിളിൽ ചുരുക്കമായേ "പ്രവാചകൻ" എന്നു വിശേഷിപ്പിക്കുന്നുള്ളൂ. ദൈവപുരുഷൻ എന്ന വിശേഷണമാണ് മുഖ്യമായും നല്കുന്നത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് അയയ്ക്കുകയും ദൈവിക സാന്നിദ്ധ്യം ജനമധ്യത്തിൽ അനുഭവവേദ്യമാക്കുകയും ചെയ്തതിനാലാണ് ഈ വിശേഷണം കൂടുതൽ സ്വീകാര്യമായത്.

വിട്ടുവീഴ്ചയില്ലാത്ത യാഹ്‌വേ വിശ്വാസികളായിരുന്നു പ്രവാചക ഗണങ്ങൾ. വിഗ്രഹാരാധന നടപ്പിലാക്കാൻ ശ്രമിച്ച ആഹാബു കുടുംബത്തിനെതിരേ ശക്തമായ പ്രതിരോധനിര ഉയർത്തിയത് അവരാണ്. അതിന്റെ പേരിൽ കഠിനമായ പീഢനങ്ങൾക്ക് അവർ ഇരയാവുകയും ചെയ്തിരുന്നു. ഒളിവിൽ പാർത്തുകൊണ്ടും അവർ രാജാക്കന്മാരുടെ നയങ്ങളെ എതിർത്തു. ഭരണകൂടങ്ങളെ തകിടം മറിക്കാൻ തന്ത്രപൂർവ്വം കരുക്കൾ നീക്കി. അനീതിയിലും വിഗ്രഹാരാധനയിലും അടിയുറപ്പിച്ചിരുന്ന രാജാക്കന്മാർക്കെതിരേ വിപ്ലവങ്ങൾക്കു നേതൃത്വം കൊടുത്ത കലാപകാരികളായും ഇവർ പ്രത്യക്ഷപ്പെടുന്നുണ്ട് (2 രാജാ 9,1). യാഹ്‌വേ വിശ്വാസത്തോടൊപ്പം അതിശക്തമായ ദേശസ്നേഹവും ഈ പ്രവാചകന്മാരുടെ പ്രത്യേകതയായിരുന്നു. ശത്രുക്കളുടെ ആക്രമണം വഴി ദേശം പ്രതിസന്ധിയിലാകുമ്പോൾ സൈന്യങ്ങൾക്കു ധൈര്യം പകർന്നുകൊണ്ട് അവർ യുദ്ധത്തിനു പ്രേരിപ്പിക്കും (1 രാജാ 20,13; 6,10-12). പടയാളികളുടെകൂടെ പടക്കളത്തിലേക്കു പോകാനും അവർ മടിക്കില്ല (2 രാജാ 3,11-19). ഇപ്രകാരമുള്ള പ്രവാചക ഗണങ്ങളുടെ നേതാവായിട്ടാണ് എലീഷാ പ്രവർത്തിച്ചിരുന്നത്.

എലീഷായുടെ പ്രവർത്തനങ്ങൾ പ്രധാനമായും രണ്ടു തരത്തിൽ പെടുന്നു. ദരിദ്രരും രോഗികളും പീഡിതരുമായ വ്യക്തികളെ സഹായിക്കുന്നതാണ് ഒന്ന്. ദേശീയ പ്രതിസന്ധിയിൽ ക്രിയാത്മകമായി ഇടപെട്ട്



സൈന്യത്തിന് ധൈര്യം പകർന്ന് യുദ്ധത്തിൽ വിജയം നല്കാൻ സഹായിക്കുകയും ഭരണമാറ്റത്തിനു വഴിയൊരുക്കുകയും ചെയ്യുന്നതാണ് അടുത്തത്. ഈ രണ്ടുവിധ പ്രവർത്തനങ്ങളും ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. എലീഷായുടെ പ്രവർത്തനങ്ങളുടെ അവസാനത്തിൽ രണ്ടു രാജാക്കന്മാരെക്കുറിച്ചു ചുരുക്കമായി പ്രതിപാദിക്കുന്നു.

### 1. ഏലിയായുടെ പിൻഗാമി 2 രാജാ 2,13-25

അഗ്നി രഥത്തിൽ അപ്രത്യക്ഷനായ ഏലിയായുടെ ദൗത്യം തുടർന്നു നിർവ്വഹിക്കാൻ ദൈവത്താൽ നിയുക്തനാണ് എലീഷാ എന്നു സൂചിപ്പിക്കുന്നതാണ് അയാൾക്കു വീണുകിട്ടിയ മേലങ്കി. വയലിൽ വച്ച് തന്റെമേൽ വീണ മേലങ്കി (1 രാജാ 19,19) ഇനി അങ്ങോട്ട് എലീഷായ്ക്കു സ്വന്തമായിരിക്കും. ഏലിയാ ചെയ്തതുപോലെ മേലങ്കി വെള്ളത്തിന്മേൽ അടിച്ചപ്പോൾ ജോർദ്ദാൻ നദിയുടെ ഒഴുക്കു നിലച്ചു. വരണ്ട നിലത്തുകൂടി അയാൾ നദി കടന്നു (2 രാജാ 2,14). ജലം വിഭജിച്ചത് ഏലിയായുടെ ആത്മാവ് എലീഷായിൽ കുടുകൊള്ളുന്നു എന്നതിനു തെളിവായി കണ്ട പ്രവാചക ഗണം അയാളെ ഏലിയായുടെ പിൻഗാമിയായി സ്വീകരിച്ചു (2 രാജാ 2,15). മൂന്നു ദിവസത്തെ അന്വേഷണത്തിനുശേഷവും ഏലിയായെ കാണാൻ കഴിയാതെ വന്നപ്പോഴാണ് ഏലിയാ യഥാർത്ഥത്തിൽ അപ്രത്യക്ഷനായെന്നും അദ്ദേഹത്തിന്റെ ദൗത്യം എലീഷായിലൂടെയാണ് തുടരുന്നതെന്നും അവർക്കു ബോധ്യമായത് (2 രാജാ 2,16-18).

എലീഷായുടെ പ്രവാചകത്വത്തെ തെളിയിക്കുന്ന രണ്ടു സംഭവങ്ങൾ അടുത്തതായി വിവരിക്കുന്നു. ദൈവത്തിന്റെ കരുണ പ്രകടമാക്കുന്നതായിരിക്കും ആ ദൗത്യം എന്നു സൂചിപ്പിക്കുന്നതാണ് ആദ്യത്തേത് (2 രാജാ 2,19-21). ജോഷ്വാ ശപിച്ച ജറീക്കോ പട്ടണം (ജോഷ്വാ 6,26) ആഹാബിന്റെ കാലത്തു പുതുക്കിപ്പണിതെങ്കിലും (1 രാജാ 16,34) അവിടുത്തെ ജലം ശാപഗ്രസ്തമായിരുന്നു. ഉറവയെ ശുദ്ധീകരിച്ച് ജനത്തിന് ജീവനും നിലത്തിനു ഫലപുഷ്ടിയും നല്കാൻ അതിനെ പര്യാപ്തമാക്കുന്നതിലൂടെ എലീഷാ കർത്താവ് നല്കുന്ന രക്ഷയുടെ ഉപകരണമായി പ്രത്യക്ഷപ്പെടുന്നു. ജനത്തിന്റെ പ്രാർത്ഥനയ്ക്കു മറുപടിയായിട്ടാണ് എലീഷാ വഴി കർത്താവ് അത്ഭുതം പ്രവർത്തിച്ചത്. പുതിയ പാത്രവും ഉപ്പും കൊണ്ടുവന്ന നഗരവാസികൾ തങ്ങൾക്കു കഴിയുന്ന വിധത്തിൽ സഹകരിച്ചു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയും കഴിവിനൊത്ത പ്രവർത്തനവും അവരുടെ ഭാഗത്തു നിന്നുണ്ടായപ്പോൾ ദൈവം അവരുടെമേൽ കനിഞ്ഞു. ജനങ്ങളിൽ വിശ്വാസം ഉദ്ദീപ്പിക്കുകയും കർത്താവിനോടു സഹകരിക്കാൻ പ്രേരിപ്പിക്കുകയുമാണ് പ്രവാചക ദൗത്യം എന്ന് ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു.

ദൈവത്തെയും അവിടുത്തെ പ്രവാചകനെയും ആദരിക്കേണ്ട തിന്റെ ആവശ്യകത എടുത്തു കാട്ടുന്നതാണ് അടുത്ത സംഭവം (2 രാജാ 2,23-25). ധിക്കാരപൂർവ്വം തന്നെ ബന്ധിക്കാൻ വന്ന സൈനികരുടെമേൽ ഏലിയാ അഗ്നിയിറക്കിയതിനെ (2 രാജാ 1,9-14) ഇത് അനുസ്മരിപ്പിക്കുന്നു. എലീഷായെ "കഷണ്ടിത്തലയാ" എന്നു വിളിച്ചത് പരിഹാസമായിരുന്നു. പ്രവാചകത്വത്തിന്റെ അടയാളമായി പട്ടം പോലെ മുടി വടിച്ചു കഷണ്ടിയാക്കിയതിനാലാണ് അയാളെ കുട്ടികൾ പരിഹസിച്ചത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ എലീഷായുടെ വ്യക്തിത്വത്തെയല്ല, അയാൾക്ക് ഏല്പിക്കപ്പെട്ടിരുന്ന പ്രവാചക ദൗത്യത്തെയാണ് അവർ പരിഹസിച്ചത്. ഇത് ദൗത്യം ഏല്പിച്ച ദൈവത്തെ പരിഹസിക്കുന്നതിനു തുല്യമാണ്. ബാൽ ആരാധനയുടെ കേന്ദ്രമായ ബെഥേലിൽ വച്ചാണ് ഇതു സംഭവിച്ചതെന്നതും ശ്രദ്ധേയമത്രെ. ഇപ്രകാരമുള്ള അവഹേളനം അർഹിക്കുന്ന വിധത്തിൽ ശിക്ഷിക്കപ്പെട്ടു.

**വിചിന്തനം:** തന്നെ പരിഹസിച്ച കുട്ടികളെ എലീഷാ ശപിച്ചതും കരടികൾ അവരെ കടിച്ചു കീറിയതും അരോചകമായി നമുക്ക് അനുഭവപ്പെടാം. ദൈവത്തിന്റെ കരുണയുടെ വക്താവായിരിക്കേണ്ട പ്രവാചകൻ ഇത്ര ക്രൂരമായി പ്രതികരിക്കുന്നു ന്യായീകരിക്കാൻ നമുക്കു കഴിയില്ല. എന്നാലും ദൈവത്തെയും ദൈവിക ശുശ്രൂഷയ്ക്കായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന വ്യക്തികളെയും ആദരിക്കണം. അവഹേളിക്കുന്നതു പാപമാണ് എന്നു പടിപ്പിക്കാൻ ഒരു ഉദാഹരണമായി ഈ സംഭവത്തെ കാണുമ്പോൾ ഇന്നും അതിനു പ്രസക്തിയുണ്ട്.

## 2. മൊവാബ്യർക്കെതിരേ യുദ്ധം 2 രാജാ 3,1-27

എലീഷായെ ഏലിയാ പ്രവാചകന്റെ യഥാർത്ഥ പിൻഗാമിയായി അവതരിപ്പിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ഇസ്രായേൽ ചരിത്രത്തിലേക്കു ശ്രദ്ധതിരിക്കുന്നു. യൂദായുടെയും ഏദോമിന്റെയും സഹായത്തോടെ മൊവാബിനെതിരേ ഇസ്രായേൽ നടത്തിയ യുദ്ധമാണ് അടുത്തതായി വിവരിക്കുന്നത്. യുദ്ധത്തിൽ എലീഷായുടെ പങ്ക് എടുത്തുകാട്ടുന്നുണ്ട്. പ്രവാചകവചനം അക്ഷരശ: നിറവേറിയതായി പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. ഈ യുദ്ധത്തെക്കുറിച്ച് മൊവാബു രാജാവായ മെഷാ എഴുതി സൂക്ഷിച്ച ശിലാലിഖിതം 1868-ൽ പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തുകയുണ്ടായി. ഇന്ന് അത് പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഓമ്രിയുടെ കാലത്ത് ഇസ്രായേലിന്റെ ആധിപത്യത്തിലായ മൊവാബ്യർ നാല്പതു വർഷത്തിനുശേഷം തന്റെ ഭരണകാലത്ത് കെമോഷ് ദേവന്റെ സഹായത്താൽ സ്വതന്ത്ര്യരായി എന്ന് മെഷാ



രേഖപ്പെടുത്തിയിട്ടുണ്ട്.

ആഹാബിന്റെ മരണത്തെ തുടർന്ന് മൊവാബ്യർ ഇസ്രായേലിന്റെ ആധിപത്യത്തിൽ നിന്ന് മുക്തിനേടാൻ ശ്രമിച്ചതായി 2 രാജാ 1,1 ൽ സൂചിപ്പിച്ചു. അപകടത്തിൽപ്പെട്ട അഹസിയായ്ക്കു കലാപം അടിച്ചമർത്താൻ കഴിഞ്ഞില്ല. അയാളുടെ അകാലമരണത്തെ തുടർന്ന് രാജാവായ സഹദോരൻ യോറാമാണ് അതിനു ശ്രമിച്ചത്. യോറാമിനെക്കുറിച്ച് ചില നല്ല കാര്യങ്ങൾ വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ട് (2 രാജാ 3,13). മാതാപിതാക്കന്മാരെപ്പോലെ അത്ര തിന്മ നിറഞ്ഞതായിരുന്നില്ല അയാളുടെ ഭരണം. ആഹാബ് സ്ഥാപിച്ച ബാൽ സ്തംഭം അയാൾ തകർത്തുകളഞ്ഞു. എന്നാലും അമ്മറാണിയായ ജെസബെലിന്റെ സ്വാധീനത്തിൽ നിന്ന് അയാൾക്കു പൂർണ്ണമായി മോചനം നേടാൻ കഴിഞ്ഞില്ല. അതിനാൽ ഇസ്രായേലിൽ വിഗ്രഹാരാധന തുടർന്നു.

യോറാമിന്റെ ഭരണത്തെക്കുറിച്ചുള്ള പൊതുവായ ഈ വിലയിരുത്തലിനുശേഷം മൊവാബ്യരുമായി നടത്തിയ യുദ്ധം വിവരിക്കുന്നു. വർഷം തോറും കൊടുത്തുകൊണ്ടിരുന്ന കപ്പം നിർത്തലാക്കിയത് മൊവാബ്യർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന്റെ അടയാളമായിരുന്നു (2 രാജാ 3,4-5). തുടർന്നുള്ള വിവരണത്തിന് ആഹാബ് സിറിയായുമായി നടത്തിയ യുദ്ധത്തിന്റെ വിവരണത്തോടു (1 രാജാ 22) സാമ്യമുണ്ട്. യുദ്ധത്തിൽ പങ്കുചേരാൻ ക്ഷണം ലഭിച്ച യഹോഷാഫാത്ത് നല്കുന്ന മറുപടി രണ്ടു വിവരണത്തിലും ഒന്നുതന്നെയാണ് (1 രാജാ 22,4=2 രാജാ 3,7). യുദ്ധത്തിനുമുമ്പേ കർത്താവിന്റെ ഹിതം ആരായാൻ യഹോഷാഫാത്ത് ആവശ്യപ്പെട്ടു (1 രാജാ 22,7=2 രാജാ 3,11).

യൂദായും ഇസ്രായേലും തമ്മിൽ വിവാഹ ഉടമ്പടി വഴി ഉറപ്പിച്ച സഖ്യം നിലവിലിരുന്നു (2 രാജാ 8,18). ഏദോം യൂദായുടെ ആധിപത്യത്തിൻ കീഴിലായിരുന്നു. ഈ ബന്ധങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് യോറാം മൊവാബിനെതിരേ യുദ്ധത്തിനു നീങ്ങിയത്. മൊവാബ്യരെ വടക്കു നിന്നു ആക്രമിക്കുകയായിരുന്നു എളുപ്പമെങ്കിലും സഖ്യശക്തികളുടെ സഹായത്തോടെ തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ, തെക്കുനിന്ന് ആക്രമിക്കുന്നത് കൂടുതൽ വിജയസാധ്യതയുള്ളതായി യോറാം കരുതി (2 രാജാ 3,8). അതിനാൽ വളഞ്ഞ വഴിയിലൂടെ ഏഴുദിവസം യാത്രചെയ്ത് മൊവാബിന്റെ അതിർത്തിയിലെത്തി. എന്നാൽ അതിർത്തിപ്രദേശത്തെ മരുഭൂമിയിൽ വെള്ളം കിട്ടാഞ്ഞതിനാൽ സഖ്യശക്തികൾ വലിയൊരു പ്രതിസന്ധിയിലായി.

യുദ്ധത്തിനിറങ്ങുന്നതിനു മുമ്പേ കർത്താവിന്റെ ഹിതം ആരാഞ്ഞതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രതീക്ഷിതമായ പ്രതിസന്ധി

യുണ്ടായപ്പോൾ കർത്താവാണ് അതു വരുത്തിവച്ചതെന്ന് യോറാം പരാതിപ്പെട്ടു. ഈ സാഹചര്യത്തിലാണ് യഹോഷാഫാത്ത് കർത്താവിന്റെ ഹിതം അറിയാനായി പ്രവാചകനെ അന്വേഷിച്ചത്. ഏലിയായുടെ സേവകനായിരുന്ന എലീഷാ അവിടെയുണ്ട് എന്നു കേട്ടമാത്രയിൽ അയാളെ കർത്താവിന്റെ പ്രവാചകനായി രാജാവ് അംഗീകരിച്ചു (2 രാജാ 3,10-12). "കർത്താവിന്റെ വചനം അവനോടുകൂടെയുണ്ട്" എന്ന പ്രസ്താവന ഒരു വിശ്വാസ പ്രഖ്യാപനമാണ്. "നിന്റെ മാതാപിതാക്കന്മാരുടെ പ്രവാചകനെ സമീപിക്കു" (2 രാജാ 3,13) എന്ന ശകാരം കാർമ്മൽ മലയിൽ വച്ച് ഏലിയാ നടത്തിയ വെല്ലുവിളിയെ അനുസ്മരിപ്പിക്കുന്നു.

ഗായകന്റെ സഹായം ആവശ്യപ്പെട്ട എലീഷാ അന്നു പ്രാചരത്തിലിരുന്ന പ്രവാചക ശൈലിയുടെ മാതൃകയാണ്. പാട്ടുകേട്ട് ഒരു പ്രത്യേക മാനസികാവസ്ഥയിൽ ലയിച്ച പ്രവാചകന് കർത്താവിന്റെ വചനം ലഭിച്ചു. അത് താൽക്കാലിക പ്രതിസന്ധി അവസാനിക്കുകയും യുദ്ധത്തിൽ ഇസ്രായേലിന് ഗണ്യമായ വിജയം ലഭിക്കുകയും ചെയ്യും എന്ന വാഗ്ദാനമായിരുന്നു. ഉണങ്ങിവരണ്ട അരുവിത്തടം കാറ്റോ മഴയോ കൂടാതെ കർത്താവ് ജലം കൊണ്ടു നിറയ്ക്കും എന്ന വാഗ്ദാനം പിറ്റേന്നു പ്രഭാതത്തിൽ പൂർത്തിയായി (2 രാജാ 3,16-20). അകലെ മലമുകളിൽ പെയ്ത മഴവെള്ളം ഒഴുകിവന്നാണ് അരുവിത്തടം നിറഞ്ഞത്. താഴ്‌വരയിൽ മഴ പെയ്യാത്തപ്പോഴും മലവെള്ളത്താൽ നദികൾ കരകവിഞ്ഞൊഴുകുക അസാധാരണമല്ലല്ലോ.

രണ്ടായിരം അടി ഉയരത്തിലുള്ള മലയിലെ കോട്ടയിൽ നിന്നു നോക്കിയ മൊവാബ്യർ താഴ്‌വരയിൽ കെട്ടിക്കിടക്കുന്ന വെള്ളം കണ്ട് അത് രക്തമാണെന്നു തെറ്റിദ്ധരിച്ചു. പ്രഭാത സൂര്യന്റെ ചെങ്കതിർ തട്ടിത്തിളങ്ങിയ വെള്ളം ചുവന്നതായി അവർക്കുതോന്നിയതാവാം. ചെമ്മണ്ണു നിറഞ്ഞ പ്രദേശത്തു കൂടെ ഒഴുകിവന്ന വെള്ളത്തിന് ചുവന്ന നിറം ലഭിച്ചതുമാവാം ഈ തെറ്റിധാരണയ്ക്കു കാരണം. തങ്ങൾക്കെതിരേ യുദ്ധത്തിനു വന്ന സഖ്യശക്തികൾ തമ്മിൽ പടവെട്ടിമരിച്ചു എന്നു വിശ്വസിച്ച മൊവാബ്യർ ഇസ്രായേൽക്കാരെ കൊള്ളയടിക്കാൻ കോട്ടയിൽ നിന്നു പാഞ്ഞു വന്നപ്പോൾ യുദ്ധത്തിനൊരുങ്ങി നിന്ന സൈന്യത്തെയാണ് കണ്ടുമുട്ടിയത്. എലീഷാ പ്രവിച്ചതുപോലെ സഖ്യസൈന്യം മൊവാബ്യരുടെ നഗരങ്ങളും നിലങ്ങളും നശിപ്പിച്ചു (2 രാജാ 3,21-25).

തലസ്ഥാന നഗരമായ കീർഹെരേസേത്ത് പിടിക്കപ്പെടും എന്നു തീർച്ചയായപ്പോൾ മൊവാബ്യർ ശത്രുക്കളെ തുരത്താൻ അന്തിമമായ ഒരു ശ്രമം കൂടി നടത്തി (3,26). അതും പരാജയപ്പെട്ടപ്പോൾ കീരിടാവകാശിയായ രാജകുമാരനെ രാജാവുതന്നെ നഗരത്തിന്റെ മതിന്മേൽ ബലിയർപ്പിച്ചു. ഇതുകണ്ട ഇസ്രായേൽ സൈന്യം യുദ്ധം അവസാനിപ്പിച്ച് പിൻവാങ്ങി (2 രാജാ 3,27). വിജയത്തിന്റെ പടിവാതില്ക്കൽ എത്തിയ അവർ എന്തുകൊണ്ടു പിൻവാങ്ങി എന്നതിന് വി.ഗ്രന്ഥകാരൻ ഒരു വിശദീകരണവും നല്കുന്നില്ല. എല്ലാം നഷ്ടപ്പെടാൻ പോകുന്നു എന്നു മനസിലാക്കിയ മൊവാബ്യർ രാജകുമാരന്റെ മരണം കണ്ടപ്പോൾ സകലശക്തിയും സംഭരിച്ച് ഒരു ജീവന്മരണ പോരാട്ടത്തിനു തയ്യാറായെന്നും അതിനെ ഇസ്രായേൽ സൈന്യത്തിനു ചെറുത്തുനില്ക്കാൻ കഴിഞ്ഞില്ല എന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മൊവാബ്യർ ആരാധിച്ചിരുന്ന യുദ്ധദേവനാണ് കെമോഷ്. ആ ദൈവം രാജകുമാരന്റെ ബലി സ്വീകരിച്ച് തങ്ങളെ തുണയ്ക്കും എന്ന വിശ്വാസം അവർക്കു കൂടുതൽ ശക്തി പകർന്നിട്ടുണ്ടാവും. മൊവാബ്യരുടെ മേൽ പരിപൂർണ്ണ വിജയം ലഭിക്കും എന്ന് പ്രവാചകൻ വാഗ്ദാനം ചെയ്തിരുന്നില്ല. തന്നെയുമല്ല, യുദ്ധത്തിൽ പാലിക്കേണ്ട നിയമങ്ങൾ (നിയ 20,19-20) ഇസ്രായേൽക്കാർ പാലിച്ചതുമില്ല. ഇസ്രായേൽ പിൻവാങ്ങിയതിന് ഇതെല്ലാം കാരണമായിരുന്നു.

**വിചിന്തനം:** മരുഭൂമിയിൽ ജലം കിട്ടാതെ വലഞ്ഞ ഒരു സൈന്യത്തിന് പ്രവാചകന്റെ പ്രാർത്ഥന കേട്ടു ദൈവം കുടിനീരു നല്കി. "കർത്താവിന് ഇത് നിസ്സാരമാണ്". "ദരിദ്രരും നിരാലംബരും ജലം അന്വേഷിച്ചു കണ്ടെത്താതെ ദാഹത്താൽ നാവുവരണ്ടു പോകുമ്പോൾ കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും" (ഏശ 41,17). എന്നാൽ മൊവാബ്യരെ പരിപൂർണ്ണമായി നശിപ്പിക്കാൻ ശ്രമിച്ച സൈന്യത്തെ ദൈവം തുണച്ചില്ല; പ്രവാചകൻ അതിനു കൂട്ടി നിന്നതുമില്ല. കർത്താവ് എല്ലാവരുടെയും ദൈവമാണ്. അഗതികൾക്കും അശരണർക്കും അവിടുന്ന് സംരക്ഷണം നല്കും. സ്വന്തം അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ വേണ്ടി സമരം ചെയ്യുന്നവർ എതിരാളികളുടെ അവകാശങ്ങളെയും മാനിക്കണം; അല്ലെങ്കിൽ ദൈവത്തെ തങ്ങളുടെ എതിരാളിയായി കാണേണ്ടിവരും.

### 3. കരുണയുടെ പ്രവാചകൻ 2 രാജാ 4,1-6,7

എലീഷാ പ്രവാചകനിലൂടെ കർത്താവു പ്രവർത്തിച്ച ചില അത്ഭുതങ്ങളാണ് തുടർന്നു വിവരിക്കുന്നത്. ഇവയെല്ലാം ഏതെങ്കിലും ആവശ്യം അനുഭവിക്കുന്നവർക്ക് കർത്താവിന്റെ കരുണ്രാർദ്രമായ സ്നേഹവും കരുതലും അനുഭവവേദ്യമാക്കുന്ന സംഭവങ്ങളാണ്. അതേ സമയം ഈ അത്ഭുതങ്ങൾ എലീഷായെ കർത്താവിന്റെ ശക്തനായ പ്രവാചകനായി അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകനിലൂടെ വ്യക്തികൾ കർത്താവിനെ അറിയുകയും ഏറ്റു പറയുകയും ചെയ്യുന്നതായി പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്. ഇവിടെ വിവരിക്കുന്ന പല അത്ഭുതങ്ങളും

ഏലിയാ പ്രവർത്തിച്ചവയോടു സാമ്യമുള്ളതാണ്.

**a. വിധവയ്ക്കും മക്കൾക്കും സംരക്ഷണം 2 രാജാ 4,1-7**

വീട്ടാത്ത കടത്തിന്റെ പേരിൽ മക്കളെ അടിമകളായി വിൽക്കാൻ നിർബ്ബന്ധിതയായ ഒരു വിധവയ്ക്കു നല്കിയ സംരക്ഷണമാണ് ഇവിടെ വിവരിക്കുന്നത്. അടിമകളെ സംബന്ധിച്ച് ഇസ്രായേലിൽ വ്യക്തമായ നിയമമുണ്ടായിരുന്നു (പുറ 21,2-7; ലേവ്യ 25,39). രാജഭരണകാലത്ത്, പ്രത്യേകിച്ച് ക്ഷാമമുണ്ടാകുമ്പോൾ, ദരിദ്രരുടെ അവസ്ഥ എത്ര ദയനീയമായിരുന്നു എന്നതിന്റെ ഉദാഹരണമാണ് ഈ സംഭവം. പ്രവാചകൻ സമൂഹമായി ജീവിച്ചിരുന്നെങ്കിലും അവരിൽ പലരും വിവാഹിതരായിരുന്നു എന്ന് ഈ വിവരണത്തിൽ നിന്നു കാണാം. ആഹാബിന്റെ സേവകനായ ഒബാദിയായുടെ ഭാര്യയാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്ന വിധനവയെന്ന് യഹൂദറബ്ബിമാർ പഠിപ്പിച്ചിരുന്നു. പ്രവാചകന്മാരെ സംരക്ഷിക്കാൻ വേണ്ടി വാങ്ങിയ കടം ഒബാദിയായ്ക്കു വീട്ടാൻ കഴിയാഞ്ഞതിനാൽ അയളുടെ മരണത്തിനുശേഷം മക്കളെ അടിമകളാക്കാൻ വന്നതാണ് സാഹചര്യം എന്ന അവരുടെ വിശദീകരണത്തിന് ചരിത്രപരമായ പിന്തുണയൊന്നുമില്ല. സറെപ്ത്തായിലെ വിധവയ്ക്കും മകനും വേണ്ടി ഏലിയായിലൂടെ ദൈവം പ്രവർത്തിച്ച അത്ഭുതവുമായി (1 രാജ 17,8-16) ഇതിനു സാമ്യമുണ്ട്. തങ്ങളുടെ ഭരണിയിൽ അവശേഷിച്ചിരുന്ന എണ്ണയാണ് ഇരുവർക്കും സംരക്ഷണത്തിന് ഉപാധിയായി ഉപയോഗിക്കപ്പെട്ടത്. സറെഫ്ത്തായിലെ വിധവയ്ക്ക് ക്ഷാമകാലം മുഴുവൻ ഓരോ ദിവസം അന്നത്തേയ്ക്ക് ആവശ്യമായതു നല്കിയതായിരുന്നു അത്ഭുതം. എന്നാൽ ഇവിടെ ഒറ്റത്തവണ അത്ഭുതകരമായി വർദ്ധിപ്പിച്ച എണ്ണകൊണ്ട് വിധവയുടെ ആവശ്യം എന്നേക്കുമായി പരിഹരിക്കപ്പെട്ടു. അഗതിയും അശരണയുമായ വിധവയ്ക്ക് കർത്താവിന്റെ കാരുണ്യം അങ്ങനെ അനുഭവവേദ്യമായി.

**b. ഷൂനേംകാരിയുടെ മകൻ 2 രാജാ 4,8-37**

അടുത്ത രണ്ട് അത്ഭുതങ്ങളും ഒരു സ്ത്രീക്കുവേണ്ടി പ്രവർത്തിച്ചതാണ്. ഇതിനുമുമ്പുകണ്ട സ്ത്രീ വിധവയും ദരിദ്രയുമായിരുന്നെങ്കിൽ ഇത് ഭർതൃമതിയായ ഒരു ധനികയായിരുന്നു. അവളുടെ ഔദാര്യവും ദൈവഭക്തിയും എടുത്തുകാട്ടിക്കൊണ്ടാണ് വിവരണം ആരംഭിക്കുന്നത്. ദൈവത്തിന്റെ ജോലിയിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ എലീഷായെ അവൾ സ്വീകരിച്ചു സല്ക്കരിച്ചു; അയാൾക്കു വേണ്ടി മട്ടുപ്പാവിൽ മുറി സജ്ജമാക്കി. പ്രത്യുപകാരം ഒന്നും പ്രതീക്ഷിക്കാത്ത നിസ്വാർത്ഥ ഭക്തിയുടെ പ്രകടനമായിരുന്നു അത്. രാജാവിനോടോ സൈന്യാധിപനോടോ ശുപാർശ ചെയ്ത് എന്തു വേണമെങ്കിലും



നേടിത്തരാം എന്ന് എലീഷ വാഗ്ദാനം ചെയ്തെങ്കിലും സ്വന്തം ജനത്തിന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവൾക്ക് അതിന്റെ ആവശ്യമില്ലായിരുന്നു (2 രാജാ 4,12-13). എന്നാലും തനിക്കു ലഭിച്ച ഔദാര്യത്തിന് എന്തെങ്കിലും പ്രത്യുപകാരം ചെയ്യാൻ ആഗ്രഹിച്ച എലീഷാ മക്കളില്ലാത്ത അവൾക്ക് ഒരു പുത്രനെ വാഗ്ദാനം ചെയ്തു. അവളുടെ മറുപടി (2 രാജാ 4,16) സാറായുടെ പ്രതികരണത്തെ (ഉൽപ 18,10-15) അനുസ്മരിപ്പിക്കുന്നു. പ്രവാചകൻ പറഞ്ഞതുപോലെ സംഭവിച്ചു (2 രാജാ 4,17). അതാണ് ആദ്യത്തെ അത്ഭുതം.

കുട്ടി വളർന്നു വയലിൽ വച്ചു രോഗിയായിത്തീർന്ന ബാലൻ വീട്ടിൽ വന്ന് അമ്മയുടെ മടിയിൽ കിടന്നു മരിച്ചു. മരിച്ച ബാലനെ പുനരുജ്ജീവിപ്പിച്ചതാണ് രണ്ടാമത്തെ അത്ഭുതം. ഏലിയാ സറെഫ്ത്തായിലെ വിധവയുടെ മകനെ ഉയിർപ്പിച്ചതിന്റെ വിവരണവുമായി (1 രാജാ 17,17-24) ഈ വിവരണത്തിന് അടുത്ത സാമ്യമുണ്ട്. അതേസമയം ചില വ്യത്യാസങ്ങളുമുണ്ട്. സറെഫാതായിലെ വിധവയുടെ പ്രതികരണം മുഖ്യമായും നിരാശയുടേതായിരുന്നു. ഷൂനേംകാരിയാകട്ടെ കഠിന ദുഃഖത്തിലാണെങ്കിലും വിശ്വാസവും പ്രത്യാശയും പ്രകടമാക്കുന്നു. അവൾ മരിച്ച മകനെ എലീഷായുടെ കട്ടലിൽ കിടത്തിയിട്ട് അയാളുടെ അടുക്കലേക്ക് കഴുതപ്പുറത്തു പാഞ്ഞു വന്നു. കുശലം അന്വേഷിച്ച പ്രവാചക ശിഷ്യന് ഒഴിഞ്ഞുമാറുന്ന മറുപടിയേ അവൾ നൽകിയുള്ളു. എലീഷാ തന്റെ കൂടെ വരാൻ സമ്മതിക്കുന്നതുവരെ അവൾ അയാളുടെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു കിടന്നു.

എലീഷായുടെ പ്രതികരണങ്ങൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഷൂനേംകാരിയുടെ ദുഃഖത്തിന്റെ കാരണം എന്തെന്ന് അവൾ പറയുന്നതുവരെ അയാൾക്കു മനസിലായില്ല. "കർത്താവ് അത് എന്നിൽ നിന്നു മറച്ചിരിക്കുന്നു" (2 രാജാ 4,27) എന്ന പ്രസ്താവന കർത്താവു വെളിപ്പെടുത്തിയാൽ മാത്രമേ പ്രവാചകന് രഹസ്യങ്ങൾ ഗ്രഹിക്കാനാവൂ എന്ന് വ്യക്തമാക്കുന്നു. തന്റെ വടി അത്ഭുതം പ്രവർത്തിക്കും എന്ന് എലീഷാ വിചാരിച്ചു (2 രാജാ 4,29). പക്ഷേ അയാൾക്കുതെറ്റി (2 രാജാ 4,31). തീക്ഷ്ണമായ പ്രാർത്ഥനയും പ്രതീകാത്മകമായ പ്രവർത്തനവും (2 രാജാ 4,32-35) വഴിയാണ് ബാലനു ജീവൻ തിരിച്ചു കിട്ടിയത്. ഇക്കാര്യത്തിൽ എലീഷാ ഏലിയായെ അനുകരിക്കുകയായിരുന്നു (1 രാജാ 17,20-22). മകനെ ജീവനോടെ തിരിച്ചുകിട്ടിയപ്പോൾ സറെഫ്ത്തായിലെ വിധവ ഒരു വിശ്വാസ പ്രഖ്യാപനം നടത്തി (1 രാജാ 17,24). ഷൂനേംകാരിയാകട്ടെ നിശ്ശബ്ദം നമസ്കരിച്ചുകൊണ്ട് നന്ദി പ്രകടിപ്പിച്ചു.

**വിചിന്തനം:** ദരിദ്രർക്കും ധനികർക്കും ഒരുപോലെ അത്യാഹിതങ്ങൾ

സംഭവിക്കാം. ഇരുകൂട്ടർക്കും അത്യഗാധമായ ദുഃഖമുണ്ടാകാം. കർത്താവിന്റെ കരുണ ഇരുകൂട്ടർക്കും അനുഭവവേദ്യമാക്കുക പ്രവാചക ധർമ്മമാണ് എന്ന് എലീഷായുടെ മാതൃകയിലൂടെ പഠിപ്പിക്കുന്നു. കർത്താവ് ആരെയും അവഗണിക്കുന്നില്ല; അനാഥരായി വിടുന്നുമില്ല. അവിടുത്തെ ശിഷ്യന്മാർക്കും ഈ മനോഭാവം ആവശ്യമാണ്.

**c. കലത്തിൽ പതിയിരുന്ന മരണം 2 രാജാ 4,38-41**

ഗിൽഗാലിലെ പ്രവാചക ഗണങ്ങൾക്കു വേണ്ടി പ്രവർത്തിച്ച രണ്ട് അതഭുതങ്ങൾ അടുത്തതായി വിവരിക്കുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട ഈ രണ്ട് അത്ഭുതങ്ങളും കടുത്ത ക്ഷാമത്തിന്റെയും പട്ടിണിയുടെയും പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. എലീഷായുടെ നിർദ്ദേശപ്രകാരം വേവിച്ചു വിളമ്പിയ കാട്ടുകനി വിഷമുള്ളതായിരുന്നു. ഭയന്നു നിലവിളിച്ച ശിഷ്യഗണത്തെ അയാൾ സമാധാനിപ്പിച്ചു. വിഷക്കനി നിറഞ്ഞ പാത്രത്തിൽ മാവിട്ടപ്പോൾ വിഷം മാറിയത് ഒരു അത്ഭുതമായിരുന്നു.

**d. അപ്പം വർദ്ധിപ്പിക്കുന്നു 2 രാജാ 4,42-44**

ഇരുപതു ബാർലിയപ്പം നൂറു പേർക്കായി വീതിച്ചപ്പോൾ എല്ലാവരും തൃപ്തിയാവോളം ഭക്ഷിച്ചിട്ടും മിച്ചം വന്നതാണ് അടുത്ത അതഭുതം. ഇവിടെയും പട്ടിണിയുടെ പശ്ചാത്തലത്തിലാണ് വിവരണം. ആദ്യഫലങ്ങൾ കർത്താവിനു നല്കണം, അതു പുരോഹിതന്മാർക്ക് അവകാശപ്പെട്ടതാണ്. ഇതായിരുന്നു ഇസ്രായേലിലെ നിയമം (ലേവ്യ 23,20; സംഖ്യ 18,13). വടക്കൻ രാജ്യമായ ഇസ്രായേലിൽ കർത്താവിന്റെ പുരോഹിതന്മാർ ഇല്ലാഞ്ഞതിനാലാവാം ആദ്യഫലം പ്രവാചകനു കാഴ്ചവച്ചത്. കിട്ടിയ ഭക്ഷണം നൂറുപേരുടെ സമൂഹത്തിന് തികച്ചും അപര്യാപ്തമെന്നു കരുതിയ ഭൃത്യനു നല്കിയ മറുപടിയിൽ (2 രാജാ 4,43) കർത്താവിലുള്ള എലീഷായുടെ വിശ്വാസം പ്രകടമാകുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ തൃപ്തകാക്കി പന്ത്രണ്ടു കുട്ട മിച്ചം വരുത്തിയ അത്ഭുതത്തിലേക്ക് (മർക്കോ 6,37-44) വിരൽ ചൂണ്ടുന്നതാണ് ഈ സംഭവം.

**വിചിന്തനം:** ദൈവത്തിന്റെ വചനം പങ്കുവയ്ക്കുന്നവനാണ് പ്രവാചകൻ. വചനം വിശക്കുന്നവന് അപ്പമായി മാറുന്നു, മാറണം. ആത്മാവിനും ശരീരത്തിനും ആഹാരം നല്കുന്നതും പ്രവാചക ധർമ്മത്തിന്റെ ഭാഗം തന്നെ.

**e. നാമാന്റെ കുഷ്ഠം ഗഹസിക്ക് 2 രാജാ 5,1-27**

കർത്താവിന്റെ കരുണയ്ക്കും ശക്തിക്കും പരിധികളില്ല എന്നു തെളിയിക്കുന്നതാണ് സിറിയൻ സൈന്യാധിപനായ നാമാനു നല്കിയ രോഗശാന്തി. ഇസ്രായേലിന്റെ നിത്യശത്രുവായിരുന്ന സിറിയായ്ക്ക് നാമാൻ വഴി കർത്താവു വിജയം നല്കി എന്ന ആമുഖ പ്രസ്താവന (2



രാജ 5,1) ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. സുദീർഘവും നാടകീയവുമായ ഈ വിവരണത്തിൽ വിജാതീയരായ സിറിയാ രാജാവും നാമാനും ഇസ്രായേൽ രാജാവിനെയും പ്രവാചകസേവകനെയുംകാൾ കൂടുതൽ വിനീതരും സത്യസന്ധരുമായി പ്രത്യക്ഷപ്പെടുന്നു. നാമാനു നല്കിയ രോഗശാന്തി വിജാതീയർക്കു ലഭിക്കുന്ന രക്ഷയുടെ മൂന്നാസ്വാദനവും തന്റെ പ്രവർത്തനത്തിനു മാർഗദർശകവും ആയി യേശുക്രിസ്തു എടുത്തു കാണിക്കുകയുണ്ടായി (ലൂക്ക 4,27). തന്നിൽ വിശ്വസിക്കുന്ന ഏവരെയും രക്ഷിക്കാനും തെറ്റു ചെയ്യുന്നവർ ആരായാലും മുഖം നോക്കാതെ ശിക്ഷിക്കുകയും ചെയ്യുന്നവനാണ് കർത്താവ്. അവിടുത്തെ കൃപയുടെമേൽ ആർക്കും കുത്തകാവകാശമില്ല എന്നു വ്യക്തമാക്കുന്നതാണ് ഈ സംഭവം.

ധീരനും, രാജാവിനും ഭൃത്യന്മാർക്കും ഒരുപോലെ പ്രിയങ്കരനുമാണ് സൈന്യാധിപനായ നാമാൻ. യുദ്ധത്തിൽ അടിമയാക്കപ്പെട്ട ഇസ്രായേൽക്കാരിപോലും അയാളെ ആദരിച്ചിരുന്നു. ആയൾ കുഷ്ഠരോഗിയായിരുന്നു എന്നു പറയുന്നുണ്ടെങ്കിലും സൈന്യാധിപനായി തുടരുകയും ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുകയും ചെയ്തിരുന്നതിനാൽ ബീഭത്സമായ കുഷ്ഠരോഗമല്ല അയാളെ ബാധിച്ചിരുന്നത് എന്നു വ്യക്തം. എല്ലാവിധ ത്വഗ് രോഗങ്ങളെയും കുഷ്ഠം എന്നാണ് പുരാതന മധ്യ പൗരസ്ത്യദേശത്ത് വിശേഷിപ്പിച്ചിരുന്നത്. സമറിയായിലെ പ്രവാചകന്റെ അത്ഭുതസിദ്ധിയെക്കുറിച്ച് പരിചാരകരിൽ നിന്ന് അറിഞ്ഞ നാമാൻ സിറിയാ രാജാവിന്റെ ശുപാർശക്കത്തുമായി, വില പിടിച്ച സമ്മാനങ്ങളോടെ സമറിയായിലെത്തി. എന്നാൽ ഇസ്രായേൽ രാജാവിന് ഇതൊരു കെണിയായിട്ടേ കരുതാൻ കഴിഞ്ഞുള്ളു. വിജാതീയർ പ്രകടിപ്പിച്ച കർത്താവിലുള്ള വിശ്വാസം ഇസ്രായേൽ രാജാവിനില്ലായിരുന്നു. "ജീവൻ എടുക്കാനും കൊടുക്കാനും ഞാൻ ദൈവമാണോ?" (2 രാജാ 5,7) എന്ന അയാളുടെ ചോദ്യം തന്റെ നിസ്സഹായതയെ വെളിപ്പെടുത്തുന്നു. അഗാധമായ ദുഃഖത്തിന്റെ അടയാളമായി അയാൾ വസ്ത്രം കീറി.

വിവരമറിഞ്ഞ എലീഷാ രാജാവിനയച്ച സന്ദേശം ആരാണ് യഥാർത്ഥത്തിൽ സൗഖ്യം നൽകുന്നത് എന്നു വ്യക്തമാക്കുന്നു (2 രാജാ 5,8). "ഇസ്രായേലിൽ ഒരു പ്രവാചകൻ ഉണ്ടെന്ന് അവൻ അറിയട്ടെ" എന്ന എലീഷായുടെ പ്രസ്താവന അഹങ്കാരമല്ല, കർത്താവ് പ്രവാചകനിലൂടെ പ്രവർത്തിക്കും എന്ന വിശ്വാസമാണ് വെളിപ്പെടുത്തുന്നത്. നാമാന്റെ വിശ്വാസവും വിനയവും അനുസരണവും കഠിനമായി പരീക്ഷിക്കുന്നതായിരുന്നു അയാളോടുള്ള എലീഷായുടെ സമീപനം (2 രാജാ 5,10). താൻ പ്രതീക്ഷിച്ചതൊന്നും പ്രവാചകൻ ചെയ്യാതിരുന്നതിനാൽ

നാമാൻ ക്രുദ്ധനായി. എന്നാലും സേവകന്മാരുടെ അഭ്യർത്ഥന മാനിച്ച് പ്രവാചകവചനം അനുസരിക്കാൻ സന്നദ്ധനായി. അതുവഴി അയാൾ സുഖം പ്രാപിച്ചു (2 രാജാ 5,13-14). സൈന്യാധിപനോട് സേവകന്മാർ നടത്തുന്ന അഭ്യർത്ഥനയിൽ അവരുടെ വിശ്വാസവും അയാളോട് അവർക്കുള്ള സ്നേഹാദരവുകളും പ്രകടമാകുന്നു.

സുഖം പ്രാപിച്ച നാമാൻ എലീഷായുടെ അടുക്കൽ മടങ്ങിയെത്തി നന്ദി പ്രകടിപ്പിക്കുകയും തന്റെ വിശ്വാസം ഏറ്റു പറയുകയും ചെയ്തു. "ഭൂമിയിൽ ഇസ്രായേലിന്റേതല്ലാതെ മറ്റൊരു ദൈവമില്ല എന്ന് ഇപ്പോൾ ഞാൻ അറിയുന്നു" (2 രാജാ 5,15) എന്ന വിശ്വാസ പ്രഖ്യാപനം ഒരു യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവാണ്. നന്ദി സൂചകമായി അയാൾ സമ്മാനങ്ങൾ നല്കാൻ ശ്രമിച്ചെങ്കിലും എലീഷാ സ്വീകരിച്ചില്ല. കർത്താവ് കരുണാപൂർവ്വം നല്കിയ അനുഗ്രഹത്തിന്റെ പേരിൽ താൻ സമ്മാനങ്ങൾ സ്വീകരിക്കുന്നത് ഉചിതമല്ല എന്ന ബോധ്യമാണ് എലീഷായുടെ മറുപടിയിൽ പ്രതിധ്വനിക്കുന്നത്.

എന്തിനുവേണ്ടിയാണ് രണ്ട് കഴുതച്ചുമട് മണ്ണ് അയാൾ ചോദിച്ച തെന്ന് (2 രാജാ 5,17) വി.ഗ്രന്ഥകാരൻ പറയുന്നില്ല. കർത്താവു വസിക്കുന്ന ഇസ്രായേൽ ദേശം പരിശുദ്ധവും തന്റെ നാട് അശുദ്ധവും ആണെന്ന ധാരണ അയാൾക്ക് ഉണ്ടായിരുന്നിരിക്കാം. വിശുദ്ധ നാട്ടിലെ മണ്ണു വിരിച്ച തറയിൽ നിന്നു കർത്താവിനു ബലിയർപ്പിക്കാൻ വേണ്ടിയായിരിക്കാം അയാൾ അസാധാരണമായ ഈ യാചന നടത്തിയത്. സിറിയാക്കാർ ആരാധിച്ചിരുന്ന ഇടിമിന്നലിന്റെ ദൈവമാണ് ഹദാദ്. അയാൾ റിമ്മോൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. തന്റെ ഒദ്യോഗിക പദവിയുടെ ഭാഗമായി വിഗ്രഹാരാധനയിൽ പങ്കെടുക്കാൻ താൻ നിർബന്ധിതനാണെന്നും അത് വെറും ബാഹ്യാനുഷ്ഠാനം മാത്രമാണെന്നും അതിനാൽ കർത്താവ് തന്നോട് ക്ഷമിക്കണം എന്നും നാമാൻ നടത്തിയ ആത്മാർത്ഥമായ യാചനയ്ക്കും എലീഷാ അനുഭാവ പൂർണ്ണമായ മറുപടിയാണ് നല്കിയത് (2 രാജാ 5,18-19).

നാമേന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പ്രവാചകശിഷ്യനായ ഗഹസിയുടെ ചിന്തയും പെരുമാറ്റവും. ഒരു വിജാതീയർ കർത്താവിൽ നിന്ന് സൗജന്യമായി അനുഗ്രഹം പ്രാപിച്ചത് അയാൾക്കു സഹിക്കാനായില്ല. യജമാനനായ എലീഷാ ചെയ്തത് മൗഢ്യമായി അയാൾ കരുതി. തന്റെ പിറകേ പാഞ്ഞു വരുന്ന പ്രവാചക ശിഷ്യനെ കണ്ട നാമാൻ വിനയത്തോടെ രഥത്തിൽ നിന്നിറങ്ങി അയാളെ സ്വീകരിച്ചു. അയാൾ പറഞ്ഞതെല്ലാം വിശ്വസിക്കുകയും ചോദിച്ചതിന്റെ ഇരട്ടി സമ്മാനം നല്കുകയും ചെയ്തു. രണ്ടു താലന്ത് വെള്ളി വലിയൊരു



തുകയാണ്. ആ തുകയ്ക്കാണ് ഏതാനും വർഷങ്ങൾക്കു മുമ്പ് ഓമ്രി സമറിയാമല വാങ്ങിയത് (1 രാജാ 16,24). സമ്മാനങ്ങൾ വീട്ടിൽ ഒളിച്ചുവച്ചിട്ട് ഗുരുസന്നിധിയിലെത്തിയ ഗഹസിയെ എലീഷാ ചോദ്യം ചെയ്തു; മോഷണം നുണകൊണ്ടു മറയ്ക്കാൻ ശ്രമിച്ച ശിഷ്യന്റെമേൽ ശിക്ഷാവിധി പ്രഖ്യാപിച്ചു; "നാമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതികൾക്കും എന്നേക്കുമായി വന്നുചേരും" (2 രാജാ 5,27).

**വിചിന്തനം:** യുദ്ധത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ശത്രുവിന്റെ വീട്ടിൽ അടിമയായി കഴിയാൻ വിധിക്കപ്പെട്ട ഇസ്രായേൽക്കാരി താൻ ചെന്നെത്തിയിടത്ത് കർത്താവിന്റെ സാക്ഷിയും അവിടുത്തെ കൃപയുടെ നീർച്ചാലുമായി വർത്തിച്ചു. അവൾ വഴി സൈന്യാധിപന്റെ ശരീരം മാത്രമല്ല, ആത്മാവും സുഖപ്പെട്ടു. ബാഹ്യമായ സാഹചര്യങ്ങൾ എന്തുതന്നെ ആയാലും യഥാർത്ഥ വിശ്വാസമുള്ളവർക്ക് എല്ലായിടത്തും കർത്താവിന്റെ സാക്ഷികളായി വർത്തിക്കാൻ കഴിയും.

പ്രവാചകനെ തേടി പുറപ്പെട്ട നാമാന് രോഗശാന്തി മാത്രമായിരുന്നു ലക്ഷ്യം. എന്നാൽ സൗഖ്യം പ്രാപിച്ചു കഴിഞ്ഞപ്പോൾ അയാൾക്ക് യാഥാർത്ഥ മാനസാന്തരവുമുണ്ടായി. കർത്താവിലുള്ള വിശ്വാസം ഏറ്റു പറയാനും വിലപിടിച്ച സമ്മാനങ്ങൾ നല്കിക്കൊണ്ട് നന്ദി പ്രകടിപ്പിക്കാനും ജീവിതത്തിൽ പരിവർത്തനം വരുത്താനും അയാൾ തയ്യാറായി. അത്ഭുതകരമായ ദൈവാനുഭവമുണ്ടായിട്ടും അതിവേഗം അതുമറന്ന് പഴയതുപോലെ ജീവിക്കുന്നത് നന്ദിഹീനതയാണ്.

കർത്താവിന്റെ കരുണയ്ക്കു വിലപേശിയവനാണ് ഗഹസി. വിജാതീയന്റെ വിശ്വാസതീക്ഷ്ണതയെ ചൂഷണം ചെയ്ത് അയാൾ സ്വത്തു സമ്പാദിക്കാൻ ശ്രമിച്ചു. ദ്രവ്യാഗ്രഹമാണ് അതിന് അയാളെ പ്രേരിപ്പിച്ചത്. ദൈവകൃപയെ ധനസമ്പാദന മാർഗ്ഗമാക്കുന്നത് അക്ഷന്തവ്യമായ കുറ്റമാണ്. പരമ്പരാഗതമായി കർത്താവിൽ വിശ്വസിക്കുന്ന സമൂഹത്തിന്റെ അംഗമാണെന്ന് അഭിമാനിക്കുന്നവർക്കും ഗഹസിയുടെ ദുരന്തം സംഭവിക്കാം. കർത്താവിനു മുഖം നോട്ടമില്ല. ഹൃദയങ്ങൾ കാണുന്ന അവിടുന്ന് ഓരോരുത്തരുടെയും പ്രവൃത്തികൾക്കൊത്ത പ്രതിഫലം നല്കുന്നു.

തന്റെ സന്തത സഹചാരിയും ഉത്തമ ശിഷ്യനുമായ ഗഹസി തെറ്റു ചെയ്തപ്പോൾ കർശനമായി ശകാരിക്കാനും ശിക്ഷിക്കാനും എലീഷാ മടിച്ചില്ല. വ്യക്തിബന്ധങ്ങളും മറ്റു താല്പര്യങ്ങളും തെറ്റുകൾക്കുനേരെ കണ്ണടയ്ക്കാൻ പ്രേരകമാകരുത്. മാതാപിതാക്കൾക്കും അധികാരകൾക്കും മറ്റുള്ളവരുടെമേൽ ഉത്തരവാദിത്വമുള്ള സകലർക്കും വളരെ പ്രസക്തമായൊരു പാഠമാണിത്.

## f. വെള്ളത്തിൽ പൊങ്ങിയ കോടാലി 2രാജാ 6,1-7

പ്രവാചക ഗണത്തിന്റെ ജീവിത ശൈലിയിലേക്കു വെളിച്ചം വീശുന്ന മറ്റൊരു സംഭവമാണ് അടുത്തതായി വിവരിക്കുന്നത്. സമൂഹം വളർന്നപ്പോൾ പാർപ്പിടം അപര്യാപ്തമായി. ജോർദ്ദാൻ നദീതടത്തിൽ നിന്നു മരം മുറിച്ച് വീടു പണിയാൻ ആഗ്രഹിച്ച ശിഷ്യഗണത്തെ എലീഷാ അനുവദിച്ചു. അവരുടെ അഭ്യർത്ഥന മാനിച്ച് അയാൾ അവരുടെ കൂടെ പോയി. മരം വെട്ടുമ്പോൾ കോടാലി തെറിച്ച് നദിയിൽ വീണു. ശിഷ്യന്റെ വിലാപം കേട്ടു മനസലിഞ്ഞ ഗുരു അത്ഭുതകരമായി കോടാലി പൊക്കിയെടുത്തു. തന്റെ ഭക്തരുടെ ഏറ്റം നിസ്സാരമായ ആവശ്യങ്ങളും ദൈവം നിറവേറ്റിക്കൊടുക്കുന്നു എന്നതിനു തെളിവാണ് ഈ സംഭവം.

## 4. രാഷ്ട്രീയ നേതൃത്വം 2 രാജാ 6,8-9,29

വ്യക്തികളുടെ സ്വകാര്യ ദുഃഖങ്ങളിൽ നിന്ന് ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ഏലീഷാ നല്കിയ നേതൃത്വത്തിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. പ്രവാചകന്റെ അസാധാരണമായ ജ്ഞാനത്തിനും പ്രവചനങ്ങളുടെ പൂർത്തീകരണത്തിനും ഇവിടെ പ്രത്യേക ഊന്നൽ നല്കുന്നുണ്ട്.

## a. യുദ്ധത്തിൽ സംരക്ഷണം 2 രാജാ 6,8-7,20

ഇസ്രായേലിനെതിരേ സിറിയാ നടത്തിയ യുദ്ധങ്ങളും എലീഷാ നല്കിയ സംരക്ഷണവുമാണ് ഇവിടെ വിവരിക്കുന്നത്. ബെൻഹദാദാണ് സിറിയാ രാജാവ്. ഇസ്രായേൽ രാജാവ് ആഹാബിന്റെ പുത്രനായ യോറാം തന്നെ. സിറിയാക്കാരുടെ രഹസ്യമായ സൈനിക നീക്കങ്ങളെക്കുറിച്ച് എലീഷാ മുന്നറിയിപ്പു നല്കിക്കൊണ്ടിരുന്നതിനാൽ ഇസ്രായേൽക്കാർക്ക് ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചിരുന്നു (2 രാജാ 6,8-10). എലീഷായാണ് തന്റെ രഹസ്യങ്ങൾ ചോർത്തുന്നത് എന്നു മനസിലാക്കി സിറിയാ രാജാവ് സമറിയായിൽ നിന്ന് ഏകദേശം പതിനഞ്ചു കിലോമീറ്റർ വടക്ക് ദോഥാൻ പട്ടണത്തിലായിരുന്ന എലീഷായെ പിടിക്കാൻ സൈന്യത്തെ അയച്ചു. സൈന്യം രാത്രിയിൽ പട്ടണം വളഞ്ഞു (2 രാജാ 6, 11-14).

പ്രഭാതത്തിൽ ശത്രുസൈന്യത്തെക്കണ്ടു ഭയവിഹ്വലനായ ശിഷ്യനെ എലീഷാ ധൈര്യപ്പെടുത്തി. ശത്രുസൈന്യത്തെക്കാൾ വലിയ സൈന്യം തങ്ങളുടെ സംരക്ഷത്തിനായി നില്ക്കുന്നതു ശിഷ്യൻ കണ്ടു (2 രാജാ 6,15-17). തന്റെ പ്രാർത്ഥനയാൽ അന്ധരായിത്തീർന്ന സിറിയൻ സൈന്യത്തെ എലീഷാ സമറിയാ നഗരത്തിലേക്കു നയിച്ചു. നഗര മധ്യത്തിൽ വച്ച് പ്രവാചകന്റെ പ്രാർത്ഥന പ്രകാരം അവരുടെ കണ്ണുകൾ തുറന്നു. കയ്യിൽ കിട്ടിയ ശത്രുസൈന്യത്തെ കൊന്നൊടുക്കാൻ ശ്രമിച്ച



ഇസ്രായേൽ രാജാവിനെ എലീഷാ തടഞ്ഞു, അവരെ രാജോചിതമായി സൽക്കരിച്ച് പറഞ്ഞയയ്ക്കാൻ പ്രേരിപ്പിച്ചു. ഇത് ഇസ്രായേലിനു തൽക്കാലത്തേയ്ക്ക് യുദ്ധ ഭീഷണി ഒഴിവാക്കാൻ സഹായിച്ചു (2 രാജാ 6,18-23).

കർത്താവിലുള്ള എലീഷായുടെ വിശ്വാസവും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ശക്തിയും ഇവിടെ പ്രത്യേകം എടുത്തുകാട്ടുന്നു. കണ്ണ് തുറക്കുക, അടയ്ക്കുക എന്ന പ്രയോഗത്തിന് പ്രാധാന്യം നല്കിയിട്ടുണ്ട്. എല്ലാവരും കാണുന്നതിനേക്കാൾ കൂടുതൽ ആഴത്തിൽ കാണുന്നവനാണ് പ്രവാചകൻ. ദൈവത്തിന്റെ രക്ഷാകരസാന്നിധ്യം ഗ്രഹിക്കാൻ ഈ കാഴ്ച അയാളെ സഹായിക്കുന്നു. തനിക്കു ലഭിച്ച ആത്മീയ ദർശനം പ്രവാചകൻ പങ്കുവയ്ക്കുന്നു.

ഇസ്രായേൽ നാൾക്കു നാൾ ദുർബലമായിക്കൊണ്ടിരുന്നു. സിറിയാക്കാർ വീണ്ടും ദേശം ആക്രമിച്ചു. തലസ്ഥാനമായ സമറിയായ്ക്ക് ഉപരോധം ഏർപ്പെടുത്തി. മാതാക്കൾ സ്വന്തം മക്കളെ വേവിച്ചു തിന്നാൻ മാത്രം നഗരത്തിൽ ക്ഷാമം രൂക്ഷമായി. (2 രാജാ 6,25-29). മകന്റെ മാംസത്തിനുവേണ്ടി തർക്കിക്കുന്ന മാതാക്കളുടെ ചിത്രീകരണം ക്ഷാമത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നു. വിവരമറിഞ്ഞ രാജാവ് ദുഃഖത്താൽ വസ്ത്രം കീറി. അയാൾ ചാക്കുടുത്ത് പരിഹാരമനുഷ്ഠിക്കുകയായിരുന്നുവെന്ന് ജനം കണ്ടു. ഈ യുദ്ധത്തിനും ക്ഷാമത്തിനും കാരണം എലീഷായാണെന്ന് രാജാവു തെറ്റിദ്ധരിച്ചു (2 രാജാ 6,30-31). എന്താണ് എലീഷാ ചെയ്ത കുറ്റം എന്നു വ്യക്തമാക്കുന്നില്ല. ഒരു പക്ഷേ സിറിയായ്ക്കു കീഴടങ്ങാതെ ചെറുത്തു നില്ക്കാൻ പ്രേരിപ്പിച്ചതാവാം. അല്ലെങ്കിൽ മുൻ അവസരങ്ങളിലേതുപോലെ ക്രിയാത്മകമായി ഇടപെട്ട് സംരക്ഷണം നല്കാഞ്ഞതാവാം.

രാജാവിന്റെ നിർദ്ദേശപ്രകാരം ദൈവിക ദൃഷ്ടിയാൽ കണ്ടറിഞ്ഞ എലീഷാ കൊലയാളിയെ തടഞ്ഞു നിർത്താൻ നിർദ്ദേശിച്ചു. പിറകെ വന്ന രാജാവ് എലീഷായെ വധിക്കാൻ ശ്രമിക്കുകയല്ല, കർത്താവിനെതിരേ പരാതി പറയുകയാണ് ചെയ്തത് (2 രാജാ 6,32-33). മാനുഷികമായ രീതിയിൽ അസാധ്യമായ മോചനവും ക്ഷാമത്തിന്റെ അന്ത്യവും എലീഷാ വാഗ്ദാനം ചെയ്തു. അത് കർത്താവിന്റെ വചനമായിരുന്നു. ഈ വാഗ്ദാനത്തെ സംശയിച്ച രാജ സേവകന് ലഭിക്കാൻ പോകുന്ന ശിക്ഷയും അറിയിച്ചു (2 രാജാ 7,12).

കർത്താവ് അത്ഭുതകരമായി നല്കിയ വിമോചനത്തെ നാലു കുഷ്ഠരോഗികളുടെ അനുഭവത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. സമൂഹം പുറന്തള്ളിയവരാണ് കുഷ്ഠരോഗികൾ, അവർക്ക് ഇസ്രായേൽക്കാരും സിറിയാക്കാരും ഒരു പോലെയാണ്. സമറിയായുടെ പടി

വാതില്ക്കൽ പട്ടിണി കിടന്നു മരിക്കുന്നതിനേക്കാൾ സിറിയൻ പാളയത്തിൽ ഭക്ഷണം തേടുന്നതിനാണ് മെച്ചം എന്ന് അവർ കരുതി (2 രാജാ 7,3-5). ശത്രുപാളയം ശൂന്യമായി കിടക്കുന്നതാണ് അവർ കണ്ടത്. പ്രവാചക ശിഷ്യൻ മലമുകളിൽ കണ്ട കർത്താവിന്റെ സൈന്യത്തിന്റെ ശബ്ദം സിറിയാക്കാർ കേട്ടു. ഭയ വിഹ്വലരായ അവർ പലായനം ചെയ്തു (2 രാജാ 7,6-7). പാളയം കൊള്ളയടിച്ച കുഷ്ഠരോഗികൾ തങ്ങളെ പുറം തള്ളിയ സ്വജനത്തിന് രക്ഷയുടെ സന്ദേശം എത്തിച്ചു കൊടുക്കാൻ മറന്നില്ല (2 രാജാ 7,8-11).

ശത്രു ഒരുക്കിയ കെണിയാണിത് എന്ന് സംശയിച്ച രാജാവ് പരീക്ഷണാർത്ഥം ചില പടയാളികളെ അന്വേഷണത്തിനയച്ചു. ആഹാബിന്റെ കാലത്ത് അസീറിയായ്ക്കെതിരേ രണ്ടായിരം രഥങ്ങളെ അണിനിരത്തിയ ഇസ്രായേലിന് അഞ്ചു കുതിരകളെയാണ് അയയ്ക്കാൻ കഴിഞ്ഞത് എന്ന വസ്തുത (2 രാജ 7,13) ഇസ്രായേൽ സൈന്യം എത്രമാത്രം ദുർബ്ബലമായിത്തീർന്നിരുന്നു എന്നു സൂചിപ്പിക്കുന്നു. സിറിയാക്കാർ പലായനം ചെയ്തു എന്ന് ഉറപ്പുവരുത്തിയശേഷം ഇസ്രായേൽക്കാർ സിറിയൻ പാളയങ്ങൾ കൊള്ളയടിച്ചു. എലീഷാ പ്രവചിച്ചതുപോലെ അത്ഭുതകരമായിത്തന്നെ ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെട്ടു. അവിശ്വസിച്ച രാജ സേവകൻ ജനക്കൂട്ടത്തിന്റെ ചവിട്ടേറ്റു മരിച്ചു (2 രാജാ 7,14-20).

**വിചിന്തനം:** ശത്രുസൈന്യം നഗരം വളഞ്ഞിരിക്കുന്നതു കണ്ട പ്രവാചക ശിഷ്യർ ഭയന്നു. കർത്താവിന്റെ അഗ്നിരഥങ്ങൾ മലയിൽ നിറഞ്ഞു നില്ക്കുന്നതു കണ്ട എലീഷാ നിർഭയനായിരുന്നു. ഏതു പ്രതിസന്ധിയുടെ നടുവിലും കർത്താവിന്റെ സംരക്ഷണം തനിക്കുചുറ്റുമുണ്ട് എന്ന് വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കുന്നവർക്ക് കാണാൻ കഴിയും. "കർത്താവേ ഇവന്റെ കണ്ണുകൾ തുറക്കണമേ, ഇവർ കാണട്ടെ" (2 രാജാ 6,17) എന്ന എലീഷായുടെ പ്രാർത്ഥനയാണ് അതിന് ആവശ്യം. "കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു" (സങ്കീ 34,7). ഈ വിശ്വാസമുള്ളവർ ഒരു പ്രതിസന്ധിയിലും ക്ലേശത്തിലും നഷ്ടധൈര്യരാവില്ല.

അശുദ്ധരെന്നു മുദ്രകുത്തി പുറം തള്ളപ്പെട്ട കുഷ്ഠ രോഗികൾ തങ്ങളെ പുറം തള്ളിയവർക്ക് സന്തോഷത്തിന്റെ സദ്വാർത്ത എത്തിച്ചു കൊടുത്തു. ആഹാരം എവിടെ കിട്ടും എന്ന അറിവാണ് വിശക്കുന്നവന് സുവിശേഷം. അതു കണ്ടെത്തിയവർ പങ്കുവെയ്ക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ശിക്ഷയനുഭവിക്കേണ്ടിവരും. സുവിശേഷപ്രഘോഷണം ഒഴിച്ചു കൂടാനാവാത്ത കടമയാണ്. യേശുവിനെ കണ്ടെത്തിയവർ ആ സന്തോഷത്തിന്റെ സദ്വാർത്ത മറ്റുള്ളവരെയും അറിയിക്കണം. അതു



പോലെ തന്നെ സമ്പത്തും അറിവും മറ്റു കഴിവുകളും ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവയ്ക്കണം എന്ന സന്ദേശമാണ് കുഷ്ഠരോഗികളുടെ ഉദാഹരണത്തിലൂടെ നല്കുന്നത്.

### b. ഷൂനേംകാരി വീണ്ടും 2 രാജാ 8,1-6

തനിക്ക് ആതിഥ്യം നല്കിയ ഷൂനേംകാരിയെ എലീഷാ വിസ്മരിച്ചില്ല. ദേശത്ത് രൂക്ഷമായ ക്ഷാമം ഉണ്ടാകാൻ പോകുന്നു. എന്നു മനസ്സിലാക്കിയ അയാൾ അവൾക്കു മുന്നറിയിപ്പു നല്കി. അതനുസരിച്ച് അമ്മയും മകനും ഫിലിസ്ത്യരുടെ നാട്ടിൽ പോയി ഏഴുവർഷം താമസിച്ച് ക്ഷാമത്തിൽ നിന്നു രക്ഷപ്പെട്ടു. അവൾക്കുവേണ്ടി രാജാവിന്റെയടുക്കൽ ശുപാർശ ചെയ്യാമെന്ന് എലീഷാ ഒരിക്കൽ പറഞ്ഞപ്പോൾ അവൾ അത് വിനയപൂർവ്വം നിരസിച്ചു (2 രാജാ 4,13). എന്നാൽ ഫിലിസ്ത്യരുടെ നാട്ടിൽ നിന്നു മടങ്ങി വന്നപ്പോൾ എലീഷായ്ക്കു രാജാവിന്റെയടുക്കലുണ്ടായിരുന്ന സ്വാധീനം അവൾക്കു സഹായമായി. ഗഹസിയ്ക്ക് രാജാവിന്റെയടുക്കൽ പ്രവേശിക്കാൻ കഴിഞ്ഞു എന്നതിൽ നിന്ന് അയാൾക്കു ബാധിച്ച കുഷ്ഠം അയാളെ ജനമധ്യത്തിൽ അകറ്റുന്ന ഭീകരരോഗമായിരുന്നില്ല. നിസ്സാരമായ ഏതോ ത്വക് രോഗമായിരുന്നു എന്ന് അനുമാനിക്കാം. ചെയ്ത തെറ്റിനു ശിക്ഷിച്ച ഗുരുവിനോട് ശിഷ്യന്റെ ആദരവിൽ യാതൊരു കുറവും സംഭവിച്ചതുമില്ല.

**വിചിന്തനം:** തേനും പാലും ഒഴുകുന്ന ദേശമാണ് കാനാൻ എങ്കിലും ദേശത്തിന്റെ ഫലപുഷ്ടി മഴയെ ആശ്രയിച്ചിരുന്നു. മഴമുടങ്ങുകയും നാട്ടിൽ രൂക്ഷമായ ക്ഷാമം ഉണ്ടാവുകയും പതിവായിരുന്നു. പിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും യാക്കോബും ഇപ്രകാരമുള്ള ക്ഷാമം അനുഭവിച്ചവരാണ് (ഉൽപ 12,10; 26,1;42,1-5). ക്ഷാമവും പട്ടിണിയും കർത്താവിന്റെയടുക്കലേക്കു തിരിയാൻ അവസരമാകുന്നു. പട്ടിണി കൊണ്ടു വലഞ്ഞപ്പോഴാണ് ധൂർത്തപുത്രൻ പിതാവിനെക്കുറിച്ചു ചിന്തിച്ചത് (ലൂക്കാ 15,17). സമ്പൽ സമൃദ്ധി പലപ്പോഴും ദൈവത്തെ മറക്കാൻ കാരണമായിത്തീരുന്നു. നമുക്ക് ലഭിക്കുന്നതെല്ലാം കർത്താവു സൗജന്യമായി നല്കുന്നതാണെന്ന് ക്ഷാമവും പട്ടിണിയും നമ്മെ അനുസ്മരിപ്പിക്കുന്നു. അന്നന്നത്തെ ആഹാരത്തിനുവേണ്ടി പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഈ സത്യമാണ് യേശുനാഥൻ അനുസ്മരിപ്പിക്കുന്നത്.

അന്തർദ്ദേശീയ പ്രാധാന്യമുള്ള വലിയൊരു പ്രവാചകനായിരുന്നു എലീഷാ. എന്നിട്ടും ചെറിയ സ്വകാര്യ വ്യക്തികളുടെ അനുദിനപ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കാനും പരിഹാരം നിർദ്ദേശിക്കാനും അയാൾക്കു കഴിഞ്ഞു. വലിയ കാര്യങ്ങൾ ചെയത് ലോകം നന്നാക്കാനായി ഇറങ്ങി പുറപ്പെടുന്നവരും ചെറിയ മനുഷ്യരുടെ ചെറിയ പ്രശ്നങ്ങൾ അവഗണിക്കരുത്.

## c. സിറിയായിൽ പുതിയ രാജാവ് 2 രാജാ 8,7-15

ഹോറെബിൽ വച്ച് കർത്താവ് ഏലിയായെ ഏല്പിച്ച ഒരു ദൗത്യം (1 രാജാ 19,15) എലീഷാ നിർവ്വഹിച്ചതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. സിറിയാരാജാവായ ബെൻഹദാദിനു പകരം ഹസായേലിനെ രാജാവായി അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയായെ നിയോഗിച്ചു. എലീഷാ അതു നിർവ്വഹിച്ചു-പരസ്യമായ തൈലാഭിഷേകത്തിലൂടെയല്ല, ബെൻഹദാദിനെ വധിച്ചു രാജാവാകാൻ വ്യംഗ്യമായി ഹസായേലിനെ പ്രേരിപ്പിച്ചുകൊണ്ട് സൈന്യാധിപനായ നാമാനെ സുഖപ്പെടുത്തിയ എലീഷായുടെ ശക്തിയെക്കുറിച്ച് അറിയാമായിരുന്ന ബെൻഹദാദ് തന്റെ രോഗമുക്തിയെക്കുറിച്ച് അറിയാൻ ഹസായേലിനെ ഡമാസ്കസിലെത്തിയ എലീഷായുടെ അടുക്കലേയ്ക്ക് അയച്ചു. നാമാൻ പോയതുപോലെ സമ്മാനങ്ങളുമായിട്ടാണ് ഹസായേലും എലീഷായെ സമീപിച്ചത്. താൻ രോഗത്തിൽ നിന്നു മോചനം നേടുമോ എന്നറിയാൻ അഹസിയാ സേവകരെ അയച്ചതിനെ (2 രാജാ 1,1-4) അനുസ്മരിപ്പിക്കുന്നതാണ് ഈ സംഭവം.

ഹസായേലിന് എലീഷാ കൊടുക്കുന്ന ഉത്തരം (2 രാജാ 8,10) തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഉത്തരത്തിനു രണ്ടു ഭാഗങ്ങളുണ്ട്. "രോഗമുക്തനാകും" എന്ന ആദ്യഭാഗം ബെൻഹദാദിനോടു പറയാനുള്ളതാണ്. "നിശ്ചയമായും അവൻ മരിക്കും' എന്ന രണ്ടാം ഭാഗം ഹസായേലിനു നല്കുന്ന വ്യംഗ്യമായ ഒരു നിർദ്ദേശവും ഉത്തരം കേൾക്കുന്ന ബെൻഹദാദ് സന്തോഷവാനായി വിശ്രമിക്കും. ഹസായേലിന് തന്റെ ദൗത്യം നിർവ്വഹിക്കാൻ അതു കൂടുതൽ സഹായകരമായിരിക്കും.

ഹസായേലിനെ ദീർഘനേരം തുറിച്ചുനോക്കിയതിനുശേഷം എലീഷാ കരഞ്ഞു. കാരണം ആരാഞ്ഞ ഹസായേലിനോട് ഇസ്രായേലിനെതിരേ അയാൾ ചെയ്യാൻ പോകുന്ന ക്രൂരതയെക്കുറിച്ച് പ്രവാചകൻ അറിയിച്ചു (2 രാജാ 8,11-12). ഹസായേൽ സിറിയായുടെ രാജാവാകും എന്ന ദൈവിക വെളിപാടു നല്കിയാണ് എലീഷാ അയാളെ പറഞ്ഞയച്ചത്. പിറ്റേന്നു തന്നെ ഹസായേൽ തന്റെ ദൗത്യം നിർവഹിച്ചു. ബെൻഹദാദിനെ രഹസ്യത്തിൽ വധിച്ച് രാജാവായി (2 രാജാ 8,13-15).

**വിചിന്തനം:** സമ്മാനം സ്വീകരിച്ച് കള്ളം പറയുന്നവനല്ല യഥാർത്ഥ പ്രവാചകൻ, നാല്പത് ഒട്ടകച്ചുമട് സാധനങ്ങൾ സമ്മാനമായി കണ്ടിട്ടും എലീഷാ തന്റെ ദൗത്യം മറന്നില്ല. കർത്താവിന്റെ വചനം വിശ്വസ്തതയോടെ പ്രഘോഷിച്ചു. സമ്മാനങ്ങൾ മോഹിച്ചും നഷ്ടങ്ങൾ ഭയന്നും കർത്താവിന്റെ വചനം വളച്ചൊടിക്കുന്നവർവ്യാജ പ്രവാചകന്മാരാണ്. ഹസായേൽ ഇസ്രായേലിനെതിരേ ചെയ്യാൻ പോകുന്ന ക്രൂരതയെക്കുറിച്ച് ഓർത്ത് എലീഷാ വിലപിച്ചു. പൈതങ്ങളെ നിലത്തടിച്ചു കൊല്ലുകയും ഗർഭിണികളുടെ ഉദരം പിളർക്കുകയും ചെയ്യുന്നത് വലിയ ക്രൂരതയായി നാമും കരുതും; പുരാതന കാലത്തെ കിരാതത്വമായി അതിനെ എഴുതിത്തള്ളുകയും ചെയ്യും. എന്നാൽ ഇന്നു നടക്കുന്ന കോടിക്കണക്കിനു ഗർഭഛിദ്രവും ശിശു വധവും നമ്മിൽ എന്തു പ്രതികരണമാണ് ഉളവാക്കുന്നത്?

## d. യഹോറാം (ബി.സി. 848-842) 2 രാജാ 8,16-24; 2 ദിന 21,1-20

വടക്കൻ രാജ്യമായ ഇസ്രായേലിൽ എലീഷാ പ്രവാചകൻ നടത്തിയ പ്രവർത്തനങ്ങളാണ് ഇതുവരെ വിവരിച്ചത്. അടുത്തതായി തെക്കൻ രാജ്യമായ യൂദായുടെ രാഷ്ട്രീയ അന്തരീഷത്തിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധതിരിക്കുന്നു. യഹോഷാഫാത്തിന്റെ മരണത്തിനുശേഷം പുത്രൻ യഹോറാം ഭരണമേറ്റതായി 1 രാജാ 22,50ൽ സൂചിപ്പിച്ചു. അയാളുടെ ഭരണത്തെക്കുറിച്ച് ഇവിടെ വിശദമായി പ്രതിപാദിക്കുന്നു. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം മുഴുവനായിത്തന്നെ രേഖപ്പെടുത്തുന്നതിനു പുറമെ, പല പുതിയ വിവരങ്ങളും ദിനവൃത്താന്ത ഗ്രന്ഥത്തിൽ നല്കുന്നുണ്ട്.

"യാഹ്വേ അത്യുന്നതൻ" എന്നാണ് യഹോറാം എന്ന പേരിന്റെ അർത്ഥം. ഇസ്രായേലിന്റെ ഭരിച്ച "യോറാം" രാജാവിന്റെ പേരിന്റെയും അർത്ഥം ഇതുതന്നെയാണ്. പേരുമായി പുലബന്ധം പോലുമില്ലാത്തതായിരുന്നു യഹോറാമിന്റെ ജീവിതവും പ്രവൃത്തികളും. ഇസ്രായേൽ രാജാക്കന്മാരെപ്പോലെ കർത്താവിനോട് അവിശ്വസ്തത പുലർത്തി എന്നതാണ് അയാളുടെ ജീവിതത്തെക്കുറിച്ചുള്ള വി.ഗ്രന്ഥകാരന്റെ വിലയിരുത്തൽ (2 രാജാ 8,18). കാരണം ആഹാബിന്റെ മകളായ അത്താലിയാ ആയിരുന്നു അയാളുടെ ഭാര്യ. എപ്രകാരമാണ് യഹോറാം ഇസ്രായേൽ രാജാക്കന്മാരെ അനുകരിച്ചത് എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നില്ല. ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഇതു കൂടുതൽ വിശദമാക്കുന്നുണ്ട്.

യഹോറാമിന്റെ കാലത്തു ദേശത്തുണ്ടായ രണ്ടു കലാപങ്ങളെക്കുറിച്ചു രാജാക്കന്മാരുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട് (2 രാജാ 8,20-23). ഏദോമിന്റെ കലാപം ദിനവൃത്താന്ത ഗ്രന്ഥത്തിൽ കൂടുതൽ വിശദമായി വിവരിക്കുന്നു. യൂദായുടെ തെക്കുപടിഞ്ഞാറ് ഫിലിസ്ത്യരുടെ അതിർത്തിയിലുള്ള പട്ടണമായ ലിബ്നാ യൂദായ്ക്കെതിരേ കലഹിച്ചു എന്ന് രണ്ടു പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. യഹോറാമിന്റെ മരണത്തെയും പിൻഗാമിയുടെ സ്ഥാനാരോഹണത്തെയുംക്കുറിച്ച് ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം സമാപിക്കുന്നു (2 രാജാ 8,23-24).

ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം കൂടുതൽ ദീർഘവും

വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആദ്യജാതനായ യഹോറാമിനെ രാജാവാക്കിയെങ്കിലും യഹോഷാഫാത്ത് തന്റെ മറ്റു പുത്രന്മാർക്കും ആവശ്യമായ സ്വത്തും അധികാരവും നല്കിയിരുന്നു ( 2 ദിന 21,2-4). എന്നാൽ പിതാവു മരിച്ചപ്പോൾ യഹോറാം തന്റെ സഹോദരന്മാരെയെല്ലാം വധിച്ചു (2 ദിന 21,4). ഭാര്യ അത്താലിയായുടെ പ്രേരണയാണ് ഇതിന് പിന്നിലുണ്ടായിരുന്നതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. പിന്നീട് അത്താലിയ തന്നെ ഇതുപോലൊരു കൂട്ടക്കുരുതി നടത്തിയത് (2 ദിന 22,10) ഇതിനു തെളിവായി എടുത്തു കാട്ടുന്നു. യൂദായിൽ പൂജാഗിരികൾ നിർമ്മിച്ചതും (2 ദിന 21,11) അത്താലിയായുടെ പ്രേരണയാലായിരിക്കാം കർത്താവിനോട് അവിശ്വസ്തത കാട്ടിയെങ്കിലും ദാവീദിനോടു ചെയ്തിരുന്ന ഉടമ്പടിയെ മാനിച്ച് അദ്ദേഹത്തിന്റെ രാജവംശത്തെ കർത്താവ് ഉന്മൂലനം ചെയ്തില്ല എന്നു രണ്ടു പുസ്തകത്തിലും എടുത്തു പറയുന്നുണ്ട്(2 രാജാ 8,19; 2 ദിന 21,7).

ദാവീദിന്റെ കാലം മുതൽ ഏദോമ്യർ ഇസ്രായേലിന്റെ ആധിപത്യത്തിൽ കീഴിലായിരുന്നു. യഹോഷാഫാത്തിന്റെ കാലത്ത് അവർ കലാപത്തിനൊരുങ്ങിയെങ്കിലും വിജയിച്ചില്ല (2 ദിന 20). എന്നാൽ യഹോറാമിന്റെ കാലത്ത് അവർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കലാപത്തെ അടിച്ചമർത്താൻ ശ്രമിച്ച രാജാവിന്റെ ജീവൻ തന്നെ അപകടത്തിലായി. തങ്ങളെ വളഞ്ഞ ഏദോമ്യരുടെ കലാപം യൂദായ്ക്ക് വലിയ സാമ്പത്തിക നഷ്ടത്തിനു കാരണമായി. ചെങ്കടലിലേക്കുള്ള വഴി അടഞ്ഞു. സോളമന്റെ കാലകത്തെ വാണിജ്യവും വ്യവസായങ്ങളും പൂർണ്ണമായും നഷ്ടപ്പെട്ടു. ദേശത്തിന്റെ വിസ്തൃതിയും വരുമാനവും ഗണ്യമായി കുറഞ്ഞു. രാജ്യത്തിന്റെ തെക്കുപടിഞ്ഞാറ് ലിബ്നാ കലാപമുയർത്തിയത് കൂടുതൽ വിനയായി. ഇതിനെല്ലാം പുറമെ ഫിലിസ്ത്യരും സീനായ് മരുഭൂമിയിൽ പാർത്തിരുന്ന ബെദുവിൻ സംഘങ്ങളും ചേർന്നു നടത്തിയ ആക്രമണത്തിൽ യൂദായ്ക്ക് വലിയ നാശനഷ്ടങ്ങളുണ്ടായി (2 ദിന 1,16-17). ഇതെല്ലാം കർത്താവിനോടു കാട്ടിയ അവിശ്വസ്തതയ്ക്കു ലഭിച്ച ശിക്ഷയായിട്ടാണ് വി.ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നണ്ട് (2 ദിന 21; 10-11). ഏലിയാ പ്രവാചകന്റെ കത്തും ഈ വ്യാഖ്യാനം തന്നെ നല്കുന്നു (2 ദിന 21,12-15).

യഹോറാമിന്റെ അവിശ്വസ്തതയ്ക്ക് ഏലിയാ അറിയിച്ച ശിക്ഷാവിധി (2 ദിന 21,15) നിറവേറിയതായി പ്രത്യേകം എടുത്തുകാട്ടുന്നുണ്ട് (2 ദിന 21,19). കഠിനമായ ഉദരരോഗം ബാധിച്ച് രാജാവ് മരിച്ചു. അയാളുടെ മരണം ആർക്കും ദുഃഖകാരണമായില്ല. മരിച്ച രാജാവിന്റെ ബഹുമാനാർത്ഥം തീക്കൂന കൂട്ടുന്ന പതിവിനെക്കുറിച്ച് 2 ദിന 16,14ൽ സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു ബഹുമാനവും യഹോറാമിനു നല്കിയില്ല. രാജാക്കന്മാരുടെ കല്ലറയിൽ സംസ്ക്കരിക്കപ്പെടാൻ പോലും അയാൾക്കു കഴിഞ്ഞില്ല (2 ദിന 21,20). നാടിനെ ദുരന്തങ്ങളിലേക്കു നയിച്ച അയാളുടെ മരണം ജനത്തിന് ആശ്വാസകരമായിരുന്നു.

വിചിന്തനം: ആഹാബിന്റെ മകളെ വിവാഹം ചെയ്തതാണ് യഹോറാമിന്റെ വീഴ്ചകൾക്കു കാരണം. ജെസബെൽ ആഹാബിനെ വിജാതീയ രീതികളിലേക്കു നയിച്ചതുപോലെ അത്താലിയാ യഹോറാമിനെയും കർത്താവിൽ നിന്ന് അകറ്റി. ഭാര്യയുടെ നിരന്തരപ്രേരണകൾ അയാളെ അന്ധനാക്കി. വിവാഹബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർക്കു പരസ്പരമുള്ള സ്വാധീനം വളരെ വലുതാണ്. അതിനാൽത്തന്നെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ ദൈവവിശ്വാസത്തിനും ജീവിത വിശുദ്ധിക്കും വേണ്ടത്ര പ്രാധാന്യം നല്കണം. സമ്പത്തും സൗന്ദര്യവും മാത്രം നോക്കിയുള്ള വിവാഹങ്ങൾ ഇരുവരുടെയും നാശത്തിനു കാരണമാകും; അതിന്റെ പ്രത്യാഘാതങ്ങൾ കുടുംബങ്ങളെയും സമൂഹത്തെയും ബാധിച്ചെന്നും വരും.

### e. അഹസിയാ (ബി.സി. 842) 2 രാജാ 8,25-29; 2 ദിന 22, 1-9

യഹോറാമിന്റെ അകാലമരണത്തെ തുടർന്ന് 22-ാം വയസ്സിൽ രാജാവായ അഹസിയാ ഏതാനും മാസങ്ങൾ മാത്രമേ യൂദായിൽ ഭരിച്ചുള്ളൂ. മാതാവായ അത്താലിയായുടെ സ്വാധീനം അയാളുടെമേൽ ശക്തമായിരുന്നു. തന്നെയുമല്ല, ആഹാബിന്റെ കുടുംബത്തിൽപ്പെട്ടവരായിരുന്നു അയാളുടെ മുഖ്യ ഉപദേഷ്ടാക്കൾ (2 ദിന 22,4). കർത്താവിൽ നിന്നകന്ന് ആഹാബിന്റെ മാർഗ്ഗത്തിൽ ചരിക്കുന്നതിന് ഇതു കാരണമായി എന്നു രണ്ടു പുസ്തകങ്ങളും വിലയിരുത്തുന്നു. ഇസ്രായേൽ രാജാവായ യോറാമിനെ സന്ദർശിക്കാൻ പോയത് അയാൾക്കു ജീവഹാനി വരുത്തി. അതിന്റെ വിവരണം അടുത്ത അധ്യായത്തിൽ.

### ചോദ്യങ്ങൾ

1. എലീഷാ എന്ന പേരിന്റെ അർത്ഥമെന്ത്?
2. ഏലിയായുടെ യഥാർത്ഥ പിൻഗാമിയായിരുന്നു എലീഷാ. സമർത്ഥിക്കുക.
3. ഏലിയായുടെയും എലിഷായുടെയും വ്യക്തിത്വങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടുക.
4. ആരായിരുന്നു പ്രവാചക ഗണങ്ങൾ? അവരെക്കുറിച്ച് ഈ അധ്യായത്തിൽ നിന്ന് എന്ത് ഉൾക്കാഴ്ചയാണ് ലഭിക്കുന്നത്?

5. എലീഷായെ പ്രവാചകൻ എന്നു ചുരുക്കമായേ ബൈബിളിൽ വിശേഷിപ്പിക്കുന്നുള്ളൂ. എന്തുകൊണ്ട്? എന്തു വിശേഷണമാണ് കൂടുതൽ ഉപയോഗിക്കുന്നത്? എന്താണ് അതിന് അർത്ഥം?
6. എലീഷായിലൂടെ നടന്ന അത്ഭുതങ്ങളിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
7. ഔദാര്യത്തിന്റെയും വിശ്വാസത്തിന്റെയും മാതൃകയാണ് ഷൂനേംകാരി. സമർത്ഥിക്കുക.
8. നാമാന്റെയും ഗഹസിയുടെയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്യുക.
9. നാമാന്റെ രോഗശാന്തിയിൽ നിന്ന് എന്തുപാഠമാണ് ലഭിക്കുന്നത്?
10. നഗരം വളഞ്ഞ ശത്രുസൈന്യത്തെക്കണ്ടു ഭയന്ന പ്രവാചക ശിഷ്യന് എപ്രകാരമാണ് എലീഷാ ധൈര്യം പകർന്നത്? എന്തു പാഠമാണ് അതിൽ നിന്നു ലഭിക്കുന്നത്?
11. ആരാണ് ഹസായേൽ? എലീഷാ അയാളെ നോക്കി കരഞ്ഞത് എന്തുകൊണ്ട്?
12. യഹോറാം എന്ന പേരിന്റെ അർത്ഥമെന്ത്? അയാളുടെ കാലത്ത് യൂദായ്ക്കുണ്ടായ നഷ്ടമെന്ത്? ആ നഷ്ടങ്ങൾക്ക് എന്തു വിശദീകരണമാണ് വി.ഗ്രന്ഥകാരൻ നല്കുന്നത്?

**ചർച്ചയ്ക്ക്:**

1. സമറിയായിലെ കുഷ്ഠ രോഗികളിൽ നിന്ന് എന്തു സന്ദേശമാണ് നിങ്ങൾക്കു ലഭിക്കുന്നത്?
2. എലീഷായുടെ പ്രവാചക വൃത്തിയിലെ വിവിധ വശങ്ങൾ അപഗ്രഥിച്ച് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

**പ്രാർത്ഥന**

107-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 444. യേഹുമുതൽ സമറിയായുടെ പതനംവരെ

## (ബി.സി. 842-721) 2രാജാ 9-17; 2 ദിന 22-28

ഇസ്രായേൽ ചരിത്രത്തിലെ ഏറ്റം കലാപകലുഷിതമായ ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. ഓമ്രി കുടുംബത്തെ ഉന്മൂലനം ചെയ്തുകൊണ്ട് ഭരണം ആരംഭിച്ച യേഹു ഒരു പുതിയ രാജവംശത്തിനു തുടക്കംകുറിച്ചു. ഏകദേശം അര നൂറ്റാണ്ടു കാലത്തേക്ക് ഇസ്രായേലും യൂദായും പരസ്പരം കലഹിച്ചും ശത്രുക്കളുടെ ആക്രമണം നേരിട്ടും ക്ഷയിച്ചുകൊണ്ടിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശക്തരായ രണ്ടു രാജാക്കന്മാരുടെ ആവിർഭാവത്തോടെ ഇരു രാജ്യങ്ങളിലും ഗണ്യമായ പുരോഗതി ഉണ്ടായി. സോളമന്റെ കാലത്തെ പ്രതാപം തിരിച്ചു കിട്ടിയ പ്രതീതിയാണ് എട്ടാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിലെ ഇസ്രായേൽ-യൂദാ ചരിത്രത്തിൽ നിന്നു ലഭിക്കുന്നത്. എന്നാൽ ഈ പ്രതാപം നീണ്ടു നിന്നില്ല. യേഹു കുടുംബത്തിലെ നാലാമത്തെ രാജാവായ ജെറൊബൊവാം രണ്ടാമന്റെ മരണത്തോടെ ഇരുരാജ്യങ്ങളും തകർച്ചയിലേക്കു നീങ്ങി. ഇരുപതു വർഷത്തിനിടയിൽ ഇസ്രായേലിൽ ആറു രാജാക്കന്മാർ ഭരിച്ചു. ആഭ്യന്തര കലാപത്തിൽ മുങ്ങിത്താണ രാജ്യം അവസാനം അസീറിയായുടെ ആക്രമണത്തിൽ തകർന്നടിഞ്ഞു.

ഇസ്രായേൽ-യൂദാ രാജ്യങ്ങളുടെ ബലക്ഷയത്തിനും തകർച്ചയ്ക്കും ആഭ്യന്തരവും അന്തർദ്ദേശീയവുമായ കാരമങ്ങളുണ്ടായിരുന്നു. കർത്താവിനോടുള്ള വിശ്വസ്തതയുടെ മാനദണ്ഡം വച്ചുകൊണ്ടാണ് വി.ഗ്രന്ഥകാരൻ ചരിത്രം അവതരിപ്പിക്കുന്നത്; ബാഹ്യമായ മറ്റു കാരണങ്ങളെക്കുറിച്ചു അങ്ങിങ്ങായി ചില സൂചനകൾ നല്കുന്നതേയുള്ളൂ. എന്നാൽ ഇരു രാജ്യങ്ങളുടെയും ഭാഗധേയം ചുറ്റുമുള്ള രാജ്യങ്ങളുടെ ബലാബലങ്ങളെ ആശ്രയിച്ചിരുന്നു. പ്രത്യേകിച്ചും അയൽ രാജ്യമായ സിറിയായും മെസൊപ്പൊട്ടോമിയൻ സാമ്രാജ്യമായ അസീറിയായും ഇസ്രായേൽ ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ഓരോ ഘട്ടവും അപഗ്രഥിക്കുമ്പോൾ അയൽരാജ്യങ്ങളുടെ ചരിത്രവും അവ ഇസ്രായേലിന്മേൽ ചെലുത്തിയ സ്വാധീനവും എടുത്തുകാട്ടാൻ ശ്രമിക്കുന്നതാണ്.

രാജാക്കന്മാരുടെ പുസ്തകത്തിൽ യൂദായുടെയും ഇസ്രായേലിന്റെയും ചരിത്രം സമാന്തരമായി അവതരിപ്പിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥ

ത്തിലാകട്ട യൂദായുടെ ചരിത്രത്തിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. അതുമായി ബന്ധപ്പെടുത്തി ഇസ്രായേൽ ചരിത്രത്തെക്കുറിച്ച് ചില സൂചനകൾ മാത്രമേ നല്കുന്നുള്ളൂ. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആമോസ്, ഹോസിയാ പ്രവാചകന്മാർ ഇസ്രായേലിലും ഏശയ്യാ, മിക്കാ പ്രവാചകന്മാർ യൂദായിലും പ്രവർത്തിച്ചിരുന്നു. അവരുടെ പേരിലുള്ള പുസ്തകങ്ങൾ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്. ആ പുസ്തകങ്ങൾ ഈ പരമ്പരയിൽ തന്നെ കൂടുതൽ വിശദമായ പഠനത്തിനു വിധേയമാക്കുന്നതിനാൽ ഇവിടെ ചില സൂചനകൾ മാത്രമേ നല്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

സംഭവ ബഹുലമായ ഈ കാലഘട്ടത്തിന്റെ ചരിത്രം പഠന സൗകര്യാർത്ഥം നാലു ഭാഗങ്ങളായി തിരിക്കാം. **1. യേഹുവിന്റെ നരവേട്ട 2. തളർച്ചയുടെ കാലഘട്ടം 3. നവോത്ഥാനം 4. ഇസ്രായേലിന്റെ പതനം**

### 1. യേഹുവിന്റെ നരവേട്ട 2 രാജാ 9,1-10,36

നാബോത്തിന്റെ രക്തം വീണു കുതിർന്ന മുന്തിരിത്തോട്ടത്തിൽ വച്ച് ആഹാബു കുടുംബത്തിനെതിരേ ഏലിയാ അറിയിച്ച ശിക്ഷാവിധി നടപ്പിലായതിന്റെ ചരിത്രമാണ്. അടുത്ത രണ്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്. ഇസ്രായേലിൽ അനേകം കലാപങ്ങളും പട്ടാള വിപ്ലവങ്ങളും അരങ്ങേറിയിട്ടുണ്ടെങ്കിലും ഇത്ര ക്രൂരമായ ഒരു കൂട്ടക്കുരുതിയുടെ വിവരണം വേറെ കാണാനില്ല. വർഷങ്ങളായി നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ജനരോഷത്തിന് എലീഷാ തീ കൊളുത്തി. യേഹുവിന്റെ നേതൃത്വത്തിൽ പട്ടാളത്തിലെ ഒരു വിഭാഗം കലാപക്കൊടി ഉയർത്തി. ജെസ്രേലിലും സമറിയായിലും വച്ച് രാജകുടുംബാംഗങ്ങൾ ഒന്നടങ്കം കൊലചെയ്യപ്പെട്ടു. ബാലിന്റെ പ്രവാചകനും പുരോഹിതന്മാരും ബാൽ ക്ഷേത്രത്തിൽ വെച്ചു തന്നെ കുരുതികഴിക്കപ്പെട്ടു. ആഹാബു കുടുംബത്തിനെതിരേയുള്ള യേഹുവിന്റെ പ്രതികാര നടപടി യൂദായേയും അനാഥമാക്കി. ഇരു രാജ്യങ്ങളും തകർച്ചയുടെ വക്കിലെത്തി.

#### a. യേഹുവിന്റെ രാജാഭിഷേകം 2 രാജാ 9,1-13

ഹോറെബിൽ വച്ച് കർത്താവ് ഏലിയായെ അല്പിച്ച മൂന്നു ദൗത്യങ്ങളിൽ ഇനിയും പൂർത്തിയാകാതെ അവശേഷിച്ച ഒന്നാണ് യേഹുവിന്റെ രാജാഭിഷേകം (1 രാജാ 19,16). ഹസായേലിനെ സിറിയായിൽ രാജാവാക്കാൻ പ്രേരിപ്പിച്ച എലീഷാ തന്നെ യേഹുവിന്റെ രാജാഭിഷേകത്തിനും വഴിയൊരുക്കി. പ്രവാചകഗണത്തിൽപ്പെട്ട ഒരു യുവാവു വഴിയാണ് യേഹുവിനെ രാജാവായി അഭിഷേകം ചെയ്തത്.

ആഹാബിന് മാരകമായ മുറിവേറ്റ റാമോത്ത് ഗിലായാദാണ് (1 രാജാ 22,34) സംഭവസ്ഥലം. സിറിയാക്കാരുടെ ആക്രമണത്തിൽ നിന്ന്



ആ നഗരത്തെ രക്ഷിക്കാൻ നടന്ന യുദ്ധത്തിൽ മുറിവേറ്റ ഇസ്രായേൽ രാജാവായ യോറാം, യുദ്ധം തുടരാൻ സൈന്യാധിപനായ യേഹുവിനെ ചുമതലപ്പെടുത്തയിട്ട്, വിശ്രമാർത്ഥം ജെസ്രേലിലേക്കു മടങ്ങി. ഈ സാഹചര്യത്തിലാണ് എലീഷായുടെ ആജ്ഞയനുസരിച്ച് പ്രവാചകശിഷ്യൻ പടകുടീരത്തിൽ വച്ച് യേഹുവിനെ അഭിഷേകം ചെയ്തത് (2 രാജാ 9,1-6). അപകടകരമായ ഒരു ദൗത്യമായിരുന്നു അത്. യേഹുവിന്റെ നിലപാട് എന്തെന്ന് അറിയില്ലാത്തതിനാലാവണ് ഉള്ളറയിൽ വച്ച് രഹസ്യമായി അഭിഷേകം ചെയ്യാനും കർമ്മം നിർവ്വഹിച്ച ഉടനെ ഓടി രക്ഷപ്പെടാനും ഏലീഷാ നിർദ്ദേശിച്ചത്. പട്ടാള വിപ്ലവത്തിലൂടെ രാജത്വം ഏറ്റെടുക്കാൻ യേഹു തയ്യാറായില്ലെങ്കിൽ കലാപത്തിനു പ്രേരിപ്പിച്ചവർക്കെല്ലാം ജീവഹാനി സംഭവിക്കാം.

യേഹുവിനെ അഭിഷേകം ചെയ്തതിനു പുറമെ, ആഹാബു കുടുംബത്തിനെതിരേ നടത്തേണ്ട ശിക്ഷാനടപടിയെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളും പ്രവാചക ശിഷ്യൻ നല്കി (2 രാജാ 9,7-10). ഏലിയായുടെ പ്രവചനത്തെ (1 രാജാ 21,21-24) അനുസ്മരിപ്പിക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. പ്രവാചക വചനം ഫലവത്തായി. സേനാധിപന്മാരുടെ നിർബ്ബന്ധത്തിനു വഴങ്ങി സംഭവം വിവരിച്ച യേഹുവിനെ അവർ രാജാവായി പ്രഖ്യാപിച്ചു (2 രാജാ 9,11-13). ആഹാബു കുടുംബത്തിനെതിരേ പട്ടാള വിപ്ലവം ആരംഭിച്ചു.

#### b. രാജാക്കന്മാർ കൊല്ലപ്പെടുന്നു 2 രാജാ 9,14-29.

യുദ്ധരംഗമായ റാമോത്ത് ഗിലയാദിൽ നിന്ന് ഏകദേശം 65 കിലോമീറ്റർ അകലെയാണ് രാജാവിന്റെ വേനൽക്കാല വസതിയായ ജെസ്രേൽ. ഇസ്രായേൽ സൈന്യത്തിന്റെ ഒരു ഭാഗം മാത്രമേ റാമോത്ത് ഗിലയാദിൽ ഉണ്ടായിരുന്നുള്ളൂ. മുന്നറിയിപ്പു കിട്ടിയാൽ ജെസ്രേലിലും സമറിയായിലുമുള്ള സൈന്യത്തെ മുഴുവൻ ശേഖരിച്ച് രാജാവിന് കലാപം അടച്ചമർത്താൻ കഴിയുമായിരുന്നു. അതിനാലാണ് ആരും ജെസ്രേലിൽ പോയി വിവരം പറയാതിരിക്കട്ടെ എന്ന് യേഹു നിർദ്ദേശിച്ചത് (രാജാ 9,14-15) സമയം അല്പം പോലും നഷ്ടപ്പെടുതാതെ യേഹു അനുചരന്മാരോടൊപ്പം തേരിൽ ജെസ്രേലിലേക്കു കുതിച്ചു.

ജെസ്രേൽ കോട്ടയുടെ ഉയർന്ന കാവൽ ഗോപുരത്തിൽ നിന്നു നോക്കിയാൽ കിഴക്കുള്ള സമതലത്തിൽ വളരെ ദൂരം കാണാൻ കഴിയും. അകലെ നിന്നുയർന്ന പൊടിപടലം കണ്ട കാവല്ക്കാരൻ വിവരം രാജാവിനെ അറിയിച്ചു. റാമോത്ത് ഗിലയാദിലെ യുദ്ധത്തെ സംബന്ധിച്ച വാർത്തയുമായി ദൂതന്മാർ വരുന്നതാണെന്നു കരുതിയ യോറാം വിവരം തിരക്കാനായി കുതിരപ്പുറത്ത് ദൂതനെ അയച്ചു. രഥത്തേക്കാൾ വളരെ

വേഗം കുതിരപ്പുറത്ത് ചെന്നെത്താൻ കഴിയും. "സമാധാനത്തിലാണോ വന്നിരിക്കുന്നത്" (2 രാജാ 9,17) എന്ന ദൂതന്റെ ചോദ്യം യുദ്ധഭൂമിയിലെ വിശേഷം അന്വേഷിക്കുന്നതാണ്. വ്യക്തമായ മറുപടി നല്കാതെ യേഹു ഒഴിഞ്ഞുമാറി. രണ്ടാമത്തെ ദൂതനും മടങ്ങിവരാതിരിക്കുകയും സേനാധിപനായ യേഹുവാണ് രഥത്തിൽ വരുന്നതെന്നു മനസിലാക്കുകയും ചെയ്തപ്പോൾ അടിയന്തിര തീരുമാനം എടുക്കേണ്ട ഏതോ പ്രതിസന്ധിയുണ്ടായി എന്നു കരുതിയ യോറാം, യേഹു കൊട്ടാരത്തിലെത്തുന്നതു വരെ കാത്തുനില്ക്കാതെ, രഥം പൂട്ടി പുറപ്പെട്ടു. മുറിവേറ്റ ബന്ധുവിനെ സന്ദർശിക്കാൻ എത്തിയ യൂദാ രാജാവായ അഹസിയാ തന്റെ രഥത്തിൽ അനുഗമിച്ചു.

ദൂതന്മാർ വഴി ചോദിച്ച ചോദ്യം രാജാവ് നേരിട്ട് ആവർത്തിച്ചു. യേഹുവിന്റെ മറുപടി കേട്ടപ്പോൾ മാത്രമാണ് സംഭവങ്ങളുടെ നിജസ്ഥിതി അയാൾക്കു മനസിലായത്. ജെസബെലിന്റെ വിഗ്രഹാരാധനയും ആഭിചാരവവുമാണ് ദേശത്തിനു നാശകാരണമായിരിക്കുന്നതെന്നും അത് ഉന്മൂലനം ചെയ്താലേ സമാധാനമുണ്ടാവുകയുള്ളൂ എന്നും സൂചിപ്പിക്കുന്നതായിരുന്നു യേഹുവിന്റെ മറുപടി (2 രാജാ 9,22). വഞ്ചന മനസിലാക്കിയ യോറാം ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വൈകിപ്പോയി. ശരമേറ്റു മരിച്ചുവീണ അയാളുടെ ശവം നാബോത്തിന്റെ മുന്തിരിത്തോട്ടത്തിലേക്കു വലിച്ചെറിഞ്ഞുകൊണ്ട് യേഹു കർത്താവിന്റെ ശിക്ഷാവിധി നടപ്പിലാക്കി (2 രാജാ 9,23-26). നബോത്തിനെ കല്ലെറിഞ്ഞു കൊന്നതിന്റെ പിറ്റേദിവസം തന്നെ അയാളുടെ ഭൂമി കൈവശമാക്കാൻ സേവകന്മാരെയും കൂട്ടി ആഹാബു ചെന്നു എന്ന വിശദാംശം ഇവിടെ മാത്രമാണു നല്കുന്നത്. ആഹാബിനെതിരേ ഏലിയാ പ്രഖ്യാപിച്ച ശിക്ഷാവിധിക്ക് സാക്ഷികളായിരുന്നു യേഹുവും ബിദ്കാറും. ക്രൂരമായ ഈ സംഭവം സൈന്യത്തിൽ പോലും എതിർപ്പുളവാക്കിയിരുന്നെന്നും യേഹുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു.

യൂദാ രാജാവിനെ വധിക്കാൻ പ്രവാചക ശിഷ്യൻ ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ കൊല്ലപ്പെട്ട ഇസ്രായേൽ രാജാവുമായി ബന്ധുതയിലായിരുന്ന അഹസിയാ ജീവിച്ചിരിക്കുന്നത് പ്രതികാര നടപടികൾക്കു വഴിയൊരുക്കും എന്നു കരുതിയിട്ടാവണം യേഹു അയാളെയും പിന്തുടർന്ന് വധിക്കാൻ ശ്രമിച്ചത്. മുറിവേറ്റ അഹസിയായുടെ മരണത്തെയും സംസ്കാരത്തെയുംക്കുറിച്ച് രണ്ടു പുസ്തകങ്ങളും വ്യത്യസ്തമായ രീതിയിൽ വിവരിക്കുന്നു. മെഗിദോയിൽ വച്ച് അഹസിയാ മരിച്ചുവെന്നും സേവകൻ മൃതശരീരം ജെറുസലെമിൽ കൊണ്ടുപോയി സംസ്കരിച്ചുവെന്നും രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നു (2 രാജാ 9,27-29). സമരിയായിൽ ഓടിയൊളിച്ച അഹസിയാ തിരഞ്ഞുപിടിച്ച് യേഹുവിന്റെ മുമ്പിൽ കൊണ്ടുവന്ന് വധിച്ചുവെന്നും സംസ്കരിച്ചുവെന്നും 2 ദിന 22,9ൽ രേഖപ്പെടുത്തിയിരിക്കുന്നു. എവിടെയാണ് സംസ്കരിച്ചത് എന്നു വ്യക്തമാക്കുന്നില്ല. ഇതിൽ ഏതു വിവരണമാണ് ചരിത്രവസ്തുതയോടു നീതി പുലർത്തുന്നതെന്നു കണ്ടെത്തുക എളുപ്പമല്ല. ഒരേ സംഭവത്തിന്റെ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളാണ് വ്യത്യാസങ്ങൾക്കു കാരണം.

### c. ജെസെബൽ നായ്ക്കൾക്ക് ഭക്ഷണം 2 രാജാ 9,30-37

യേഹു തുടങ്ങിയ പട്ടാളവിപ്ലവത്തെക്കുറിച്ച് അറിഞ്ഞ ജെസബെൽ തന്റെ അന്ത്യം അടുത്തു എന്നു മനസിലാക്കി. അവൾ കണ്ണെഴുതി, മുടിയലങ്കരിച്ച്, രാജകീയ പ്രൗഢിയോടെ പ്രത്യക്ഷപ്പെട്ടത് യേഹുവിനെ വശീകരിക്കാനല്ല, രാജോചിതമായിത്തന്നെ മരണത്തെ നേരിടാൻ വേണ്ടിയാണ്. സുനിശ്ചിതമായ മരണത്തിന്റെ മുമ്പിലും അന്തസും അഭിമാനവും അടിയറ വയ്ക്കാത്ത രാജ്ഞിയാണ് ജെസബെൽ. "യജമാനഘാതകാ, സിമ്രീ" (2 രാജാ 9,31) എന്ന അഭിസംബോധനയും മുട്ടു മടക്കാത്ത ആത്മാഭിമാനത്തിന്റെ തെളിവാണ്. ഇസ്രായേൽ രാജാവായ ഏലായെ ചതിയിൽ കൊന്ന് രാജാവാകുകയും സൈന്യത്തിനെതിരേ പിടിച്ചുനില്ക്കാൻ കഴിയാതെ ഏഴാം ദിവസം സ്വന്തം ജീവൻ ഒടുക്കുകയും ചെയ്ത സേനാനായകനാണ് സിമ്രി (1 രാജാ 16,15-18).യേഹുവിന്റെ അന്ത്യവും ഇതുതന്ന് ആയിരിക്കും എന്നു സൂചിപ്പിക്കാനാണ് അയാളെ 'സിമ്രി' എന്നു വിളിച്ചത്.

"സമാധാനത്തിലാണോ നീ വന്നിരിക്കുന്നത്" എന്ന ജെസബെലിന്റെ ചോദ്യത്തിന് യേഹു മറുപടി പറഞ്ഞില്ല. നാലാം തവണയാണ് ഈ ചോദ്യം ആവർത്തിക്കപ്പെടുന്നത്. ആഹാബു കുടുംബവുമായി സമാധാനം സ്ഥാപിക്കാൻ അയാൾ തയ്യാറായിരുന്നില്ല. ആ കുടുംബത്തിലെ ആരെങ്കിലും അവശേഷിക്കുന്നിടത്തോളം കാലം രാജ്യത്തു സമാധാനം സാധ്യമല്ല എന്ന നിലപാടായിരുന്നു യേഹുവിന്റേത്. അയാളുടെ കല്പനയനുസരിച്ച് അന്തഃപുര സേവകർ ജെസബെലിനെ താഴേക്കു വലിച്ചെറിഞ്ഞു. വീണു ചിതറിയ അവളുടെ ശരീരത്തിനു മുകളിലൂടെ തേരോടിച്ച് യേഹു കൊട്ടാരത്തിൽ പ്രവേശിച്ചു. വിരുന്നു കഴിഞ്ഞ് ശവം മറവു ചെയ്യാൻ നോക്കിയപ്പോൾ ഒന്നും തന്നെ അവശേഷിച്ചിരുന്നില്ല. അവളെ സംബന്ധിച്ച ഏലിയായുടെ പ്രവചനം (1 രാജാ 21,23) അങ്ങനെ പൂർത്തിയായി.

### d. കൂട്ടക്കുരുതി 2 രാജാ 10,1-17

രാജാക്കന്മാരെയും രാജമാതാവിനെയും വധിച്ചതിനുശേഷം രാജകുടുംബത്തിലേക്ക് യേഹു ശ്രദ്ധതിരിച്ചു. തന്ത്രപൂർവ്വമാണ് ആഹാബിന്റെ

കുടുംബാംഗങ്ങൾക്കെതിരേ കരുക്കൾ നീക്കിയത്. കലാപം ജെസ്രേലിൽ വിജയിച്ചെങ്കിലും തലസ്ഥാനമായ സമറിയാ കീഴടക്കാൻ കഴിയുമോ എന്നു തീർച്ചയില്ലായിരുന്നു. രാജാവാകാൻ അർഹതയുള്ള അനേകം പുത്രന്മാർ ആഹാബിന് അവശേഷിച്ചിരുന്നു. സുരക്ഷിതനഗരങ്ങളും സൈന്യത്തിൽ ഭൂരിഭാഗവും അവരുടെ കീഴിലായിരുന്നു. അതിനാൽ സമറിയായിലെ ശ്രേഷ്ഠന്മാർക്ക് ഭീഷണമായ ഒരു കത്തയച്ചു. തീരുമാനം എടുക്കാൻ അവരെ പ്രേരിപ്പിക്കുകയായിരുന്നു കത്തിന്റെ ഉദ്ദേശ്യം (2 രാജാ 10,1-3). ചെറുത്തു നില്ക്കുക അസാധ്യം എന്നു കരുതിയ നഗരാധിപന്മാർ കീഴടങ്ങാൻ തയ്യാറായി (2 രാജാ 10,4-5).

യേഹു രണ്ടാമത് അയച്ച കത്ത് മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു. രാജപുത്രന്മാരുടെ ശിരസുകൾ എന്നു വിവർത്തനം ചെയ്യുന്ന "റോശ്" എന്ന ഹീബ്രു വാക്കിന് തല എന്നും തലവൻ എന്നും അർത്ഥമുണ്ട്. രാജപുത്രന്മാരുടെ തലവന്മാരെ കൂട്ടിക്കൊണ്ടുവരാനാണ് താൻ ആവശ്യപ്പെടുത്തനെന്നു യേഹുവിനു വാദിക്കാം. "തലകൾ" എന്ന് അവർ കരുതും എന്ന് അയാൾ തീർച്ചയായും മനസിലാക്കിയിരുന്നു. എഴുപത് രാജകുമാരന്മാരുടെയും ശിരസുകൾ നഗര കവാടത്തിൽ രണ്ടു കൂനകളായി കൂട്ടി വച്ചതുകണ്ട ജെസ്രേൽ നിവാസികളോട് യേഹു പറയുന്ന വാക്കുകളിൽ നിന്ന് അയാളുടെ ഗൂഢലക്ഷ്യം വ്യക്തമാകുന്നുണ്ട് (2 രാജാ 10,9). അവരുടെ മരണത്തിന് യേഹുവും ജെസ്രേൽ നിവാസികളും അല്ല, സമറിയാക്കാർ തന്നെയാണ് ഉത്തരവാദികൾ എന്ന് അയാൾ സമർത്ഥിച്ചു. ഇത് പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു എന്ന് എടുത്തുകാട്ടുകയും ചെയ്തു (2 രാജാ 10,10).

ജെസ്രേലിൽ തുടർന്നു നടന്ന കൂട്ടക്കുരുതിക്ക് (2 രാജാ 10,11) കാര്യമായ ന്യായീകരണമില്ല. സിറിയായിലേക്കുള്ള യാത്രാമധ്യേ കണ്ടുമുട്ടിയ അഹസിയായുടെ ബന്ധുക്കളെ വധിച്ചതും (2 രാജാ 10,12-14) പ്രവാചക നിർദ്ദേശം അനുസരിച്ചായിരുന്നില്ല. ഭാവിയിൽ തനിക്കു ഭീക്ഷണിയേക്കാവുന്ന ആരും അവശേഷിക്കരുത് എന്ന ഒറ്റലക്ഷ്യമേ ഇതിനുള്ളൂ. ഇതേ ലക്ഷ്യത്തോടെയാണ് സമറിയായിൽ ആഹാബു കുടുംബത്തിൽ അവശേഷിച്ചവരെയെല്ലാം കൊന്നൊടുക്കിയത് (2 രാജാ 10,15-17).

മാർഗ്ഗമധ്യേ കണ്ടുമുട്ടിയ യഹോനാദാബിനെക്കുറിച്ചുള്ള പരാമർശം (2 രാജാ 10,15) പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജെറെമിയായുടെ പുസ്തകത്തിൽ റെക്കാബ്യരുടെ പൂർവ്വികനായി ഇയാൾ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട് (ജെറെ 35,1-19). യൂദാ മരുഭൂമിയുടെ തെക്കേ അതിർത്തിയിൽ വസിച്ചിരുന്ന നാടോടികളായ കേന്യരുടെ വംശത്തിൽപ്പെട്ട ഒരു വിഭാഗമാണ് റെക്കാബ്യർ എന്നു കരുതപ്പെടുന്നു (1 ദിന 2,55). അടിപതറാത്ത യാഹ്വേ വിശ്വാസികളായ ഇവർ മരുഭൂമിയിലെ ജീവിതശൈലി കർശനമായി അനുസരിച്ചുപോന്നു. കാനാൻ ദേശത്തു വസിച്ചിട്ടും നാടോടികളുടേതായ ജീവിതശൈലിയിൽ മാറ്റം വരുത്തിയില്ല. കൃഷിചെയ്യുകയോ വീടു പണിയുകയോ ചെയ്യാതെ, കൂടാരങ്ങളിലാണ് അവർ വസിച്ചിരുന്നത്. പൂർവ്വികരുടെ പാരമ്പര്യത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതിരുന്ന അവർ പ്രവാചക ഗണങ്ങളെപ്പോലെ ആഹാബു കുടുംബത്തിന്റെ ചെയ്തികളിൽ തികച്ചും അസംതൃപ്തരായിരുന്നു. രാജകുടുംബത്തിനെതിരേ കലാപം അഴിച്ചുവിട്ട യേഹുവിനു പിന്തുണ പ്രഖ്യാപിക്കാനാവും യെഹോനാദാബ് വന്നത്. "യാഹ്വേ ഉദാരമനസ്കനാണ്" എന്നാണ് യെഹോനാദാബ് എന്ന പേരിന്റെ അർത്ഥം.

### e. ബാലിന്റെ ആരാധകരെ വധിക്കുന്നു 2 രാജാ 10,18-28

ആഹാബ് കുടുംബത്തെ ഉന്മൂലനം ചെയ്തതിനുശേഷം യേഹു ബാലിന്റെ ആരാധകരിലേക്കു ശ്രദ്ധ തിരിച്ചു. തന്ത്രപൂർവ്വമാണ് ഇവിടെയും അയാൾ കരുക്കൾ നീക്കിയത്. "ആഹാബ് ബാലിനെ കുറച്ചേ സേവിച്ചുള്ളൂ" (2 രാജാ 10,18) എന്ന പ്രസ്താവന ബാൽ ആരാധകർക്ക് വിശ്വസനീയമാണ്. കാരണം ഒബാദിയായെപ്പോലുള്ള യാഹ്വേ വിശ്വാസികൾ ആഹാബിന്റെ കൊട്ടാരത്തിൽത്തന്നെ ഉണ്ടായിരുന്നു. യാഹ്വേയുമായി ബന്ധപ്പെട്ട പേരുകളാണ് ആഹാബ് തന്റെ പുത്രന്മാർക്ക് നൽകിയത്. അഹസിയാ, യോറാം മുതലായവ ഉദാഹരണങ്ങളാണ്. അതിനാൽ യേഹു ബാലിനെ കൂടുതൽ സേവിക്കും എന്ന പ്രഖ്യാപനം ബാൽ ആരാധകർക്ക് സന്തോഷ വാർത്തയായിരുന്നു. ബാലിന്റെ ബഹുമാനാർത്ഥം തിരുനാൾ പ്രഖ്യാപിക്കുകയും വലിയ ബലി ഒരുക്കുകയും ചെയ്തത് സംശയത്തിനുള്ള പഴുതടച്ചു. ബാലിന്റെ പുരോഹിതരും പ്രവാചകരും തീക്ഷ്ണമതികളായ ആരാധകരും ആലയത്തിൽ നിറഞ്ഞു.

തിരുനാളാഘോഷത്തിന് ദേവാലയത്തിൽ വരുന്നവർ വിശേഷവസ്ത്രം ധരിക്കുക പതിവായിരുന്നതിനാലാവാം ബാലിന്റെ ആരാധകർക്ക് അങ്കികൾ നൽകിയത് (2 രാജാ 10,22). യാഹ്വേയുടെ ആരാധകർ ആരും അകത്തില്ല എന്ന് ഉറപ്പു വരുത്തിയതിനുശേഷം യേഹു ബലിയർപ്പിച്ചു. തുടർന്ന് മുൻകൂർ നിശ്ചയിച്ചിരുന്നതുപോലെ അംഗരക്ഷകസേന ആലയത്തിൽ കടന്ന് ബാലിന്റെ ആരാധകരെ മുഴുവൻ കൊന്നൊടുക്കി. ആലയം അഗ്നിക്കിരയാക്കി. ബാൽ ആരാധന നാട്ടിൽ നിന്ന് ഉന്മൂലനം ചെയ്യാൻ വേണ്ടിയാണ് ഈ കൂട്ടക്കുരുതി നടത്തിയതെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ തന്റെ ഭരണത്തെ എതിർക്കാൻ സാധ്യതയുള്ളവരെ നശിപ്പിക്കുക മാത്രമായിരുന്നു ഇവിടെയും അയാളുടെ ലക്ഷ്യം

എന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു.

### f. യേഹുവിന്റെ അന്ത്യം 2 രാജാ 10,29-36

ബാലിന്റെ ആരാധകരെ വധിക്കുകയും ആലയം നശിപ്പിക്കുകയും ചെയ്തെങ്കിലും യേഹു കർത്താവിനോട് പൂർണ്ണമായ വിശ്വസ്തത പുലർത്തിയില്ല എന്ന് വി.ഗ്രന്ഥകാരൻ വിലയിരുത്തുന്നു (2 രാജാ 10,31). ബെഥേലിലും ദാനിലും ഉണ്ടായിരുന്ന സ്വർണ്ണ വിഗ്രഹങ്ങളെ ആരാധിച്ച അയാളുടെ യാഹ്‌വേ ഭക്തി ഒരു മുഖംമൂടി മാത്രമായിരുന്നു. ആഹാബ് ഭവനത്തിന്മേൽ കർത്താവിന്റെ ശിക്ഷാവിധി നടപ്പിലാക്കിയതിന്റെ പേരിൽ അയാളെ പ്രശംസിക്കുന്നുണ്ടെങ്കിലും വീഴ്ചകളും കുറവുകളും മറച്ചു വയ്ക്കുന്നില്ല; വിഗ്രഹാരാധന നിർത്തലാക്കാനോ നീതി നടപ്പിലാക്കാനോ എന്തെങ്കിലും ചെയ്തതായി പറയുന്നുമില്ല. രാജവംശം മാറി എന്നല്ലാതെ അതുകൊണ്ട് ജനത്തിന് കാര്യമായ ഉപകാരമൊന്നും ഉണ്ടായില്ല. എന്നു മാത്രമല്ല, യേഹുവിന്റെ ബുദ്ധിശൂന്യമായ പ്രതികാര നടപടി ഏറെ നാശത്തിനു വഴിയൊരുക്കുകയും ചെയ്തു.

ടയിറും യൂദായുമായി ഓമ്രി സ്ഥാപിച്ച വിവാഹ ബന്ധങ്ങളും ഉടമ്പടികളും ഇസ്രായേലിന്റെ സുസ്ഥിതിക്കും സുരക്ഷിതത്വത്തിനപം അടിസ്ഥാനമായിരുന്നു. ഈ ഉടമ്പടിയുടെ ബലത്താൽ സിറിയായെ അകറ്റി നിർത്താനും മൊവാബ്യരുടെമേൽ ആധിപത്യം സ്ഥാപിക്കാനും ഇസ്രായേലിനു കഴിഞ്ഞു. എന്നാൽ ആഹാബിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്തതോടെ ഈ ഉടമ്പടികൾ ലംഘിക്കപ്പെട്ടു. ഇതുവരെ സഖ്യകക്ഷികളായിരുന്നവർ എതിരാളികളായിത്തീർന്നു. രാജകുടുംബത്തെയും ബാൽ ആരാധകരെയും കൂട്ടമായി കുരുതി കഴിച്ചപ്പോൾ വിവേകമതികളും പരിചയ സമ്പന്നരുമായ നേതാക്കന്മാരും കൊല്ലപ്പെട്ടു. സൈനികവും രാഷ്ട്രീയവുമായ നേതൃത്വത്തിന്റെ അഭാവം രാജ്യത്തെ കൂടുതൽ ദുർബ്ബലമാക്കി.

അതേസമയം ഹസായേലിന്റെ (842-806) ധീരമായ നേതൃത്വത്തിൽ സിറിയാ കൂടുതൽ അക്രമാസക്തമായി. അസ്സീറിയായുടെ ദൗർബല്യം സിറിയ്ക്ക് കൂടുതൽ കരുത്തു പകർന്നു. ബി.സി. 841 ൽ അസ്സീറിയൻ രാജാവ് ഷൽമനേസർ മൂന്നാമൻ സിറിയായെ തോല്പിച്ച് ഡമാസ്കസിന് ഉപരോധം ഏർപ്പെടുത്തിയെങ്കിലും നഗരം കീഴടക്കാൻ കഴിഞ്ഞില്ല. പടിഞ്ഞാറോട്ടുള്ള പ്രയാണം തുടർന്ന അയാൾ ടയിർ, സീദോൻ, ഇസ്രായേൽ മുതലായ രാജ്യങ്ങളുടെമേൽ കപ്പം ചുമത്തി തിരിച്ചുപോയി. 837 ൽ ഒരിക്കൽകൂടി ഡമാസ്കസിനെ ആക്രമിച്ചെങ്കിലും കീഴടക്കാനായില്ല. കിഴക്കുനിന്നുള്ള ആക്രമണങ്ങളും ആഭ്യന്തര കലാപങ്ങളും കാരണം ഏകദേശം അരനൂറ്റാണ്ടു കാലത്തേക്ക് അസീറിയ യൂഫ്രട്ടീസിന് പടിഞ്ഞാറേക്ക് പടനീക്കം നടത്തിയില്ല. ഇത് സിറിയായ്ക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചു. അവർ ജോർദ്ദാന് കിഴക്ക് ഇസ്രായേലിന്റെ ആധിപത്യത്തിലായിരുന്ന പ്രദേശം മുഴുവൻ കീഴടക്കി (2 രാജാ 10,32-33). 28 വർഷത്തെ ഭരണത്തിനുശേഷം (ബി.സി. 841-814) വളരെ ചെറുതും ദുർബ്ബലവുമായ ഒരു രാജ്യമാണ് യേഹു പിൻഗാമിക്ക് കൈമാറിയത്.

**വിചിന്തനം:** "പാപത്തിന്റെ വേതനം മരണമാണ്" (റോമാ 6,23). നിരപരാധനായ നാബോത്തിനെ നിഷ്കരുണം കൊല ചെയ്ത ജെസബെൽ തന്റെ ക്രൂരതയ്ക്കു കനത്ത ശിക്ഷ അനുഭവിച്ചു. അവൾ പടുത്തുയർത്തിയതെല്ലാം തകർന്നുവീണു. അവളുടെ കുടുംബവും അവൾ ഊട്ടി വളർത്തിയ ബാൽ ആരാധകരും ഒന്നടങ്കം നശിപ്പിക്കപ്പെട്ടു. അക്രമത്തിലൂടെ തങ്ങൾക്കും പിൻ തലമുറകൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്താൻ ശ്രമിക്കുന്നവർക്ക് ജെസബെലിന്റെ അന്ത്യം വലിയൊരു പാഠമാണ്. അക്രമം അക്രമത്തെ വിളിച്ചു വരുത്തുന്നു. വാളെടുത്തവൻ വാളാൽ നശിക്കും. യേഹുവിന്റെ പ്രതികാരം സകല അതിരുകളെയും ലംഘിച്ചു. ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും അതിന്റെ ഓർമ്മ ഇസ്രായേലിൽ സജീവമായിരുന്നു (ഹോസി 1,4). നീതി നടപ്പിലാക്കാൻ ശ്രമിക്കുന്നവൻ പ്രതികാര ചിന്തയ്ക്ക് അടിമയാകരുത്.

## 2 തളർച്ചയുടെ കാലഘട്ടം 2 രാജാ 11-13; 2 ദിന 22-24

ബി.സി. ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇസ്രായേൽ യൂദാ രാജ്യങ്ങൾ വളരെ ദുർബ്ബലമായിത്തീർന്നു. യേഹുവിന്റെ പട്ടാള വിപ്ലവവും നരവേട്ടയും യൂദായിലും പ്രത്യാഘാതങ്ങൾ ഉളവാക്കി. അതിലേക്കാണ് വി.ഗ്രന്ഥകാരൻ അടുത്തതായി ശ്രദ്ധതിരിക്കുന്നത്.

### a. അത്താലിയാ (ബി.സി. 841-835)

#### 2 രാജാ 11,1-21; 2 ദിന 22,10-23,21

ആഹാബിന്റെ മകളും യൂദാ രാജാവായ യഹോറാമിന്റെ ഭാര്യയുമായിരുന്നു അത്താലിയാ. മകൻ അഹസിയാ കൊല്ലപ്പെട്ടു എന്നറിഞ്ഞ അവൾ യൂദായിലെ രാജകുടുംബത്തിൽ അവശേഷിച്ച സകലരെയും വധിച്ച് അധികാരം പിടിച്ചടക്കി. യേഹു നടത്തിയ കൂട്ടക്കൊലയ്ക്കു സമാനമായിരുന്നു അത്താലിയായുടെ നടപടി. എന്നാൽ അഹസിയായുടെ സഹോദരി യഹോഷേബാ, അയാളുട ഒരു വയസു മാത്രം പ്രായമുള്ള പുത്രൻ യോവാഷിനെ തന്ത്രപൂർവ്വം രക്ഷപ്പെടുത്തി, ദേവാലയത്തോടനുബന്ധിച്ചുള്ള പ്രധാന പുരോഹിതന്റെ വസതിയിൽ ഒളിപ്പിച്ചു. പ്രധാന പുരോഹിതൻ യഹോയാദായുടെ ഭാര്യയായിരുന്നു അവൾ എന്ന് 2 ദിന 22,11ൽ എടുത്തു പറയുന്നു. ബാലന് ഏഴുവയസു പ്രായമാകുന്നതുവരെ അവനെ ഒളിവിൽ പാർപ്പിച്ചു. അത്താലിയാ ആറു വർഷം ഭരിച്ചു എന്ന

ല്ലാതെ അവളുടെ മറ്റു ചെയ്തികൾ ഒന്നും വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടില്ല.

രാജകുമാരന് ഏഴു വയസായപ്പോൾ പ്രധാന പുരോഹിതൻ യഹോയാദാ അവനെ രാജാവായി അഭിഷേചിക്കാൻ വളരെ ശ്രദ്ധാപൂർവ്വം പദ്ധതികൾ തയ്യാറാക്കി. രാജാക്കന്മാരുടെ പുസ്തകത്തിൽ അംഗരക്ഷസേനയുടെ പങ്കിനു പ്രാധാന്യം നല്കുമ്പോൾ (2 രാജാ 11,4-12) ദിനവൃത്താന്ത ഗ്രന്ഥത്തിൽ ലേവ്യർക്കും ജനപ്രതിനിധിൾക്കും കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു (2 ദിന 23,1-11). സേനാധിപന്മാരുമായി ഉടമ്പടി ചെയ്തതിനുശേഷം യഹോയാദാ അവരെ യൂദായിലെങ്ങും പറഞ്ഞയച്ച് ജനപിന്തുണ നേടി എന്ന് ദിനവൃത്താന്ത ഗ്രന്ഥത്തിൽ എടുത്തു പറയുന്നു (2 ദിന 23,1-3). അവർ വിളിച്ചു കൂട്ടിയ ലേവ്യരും കുടുംബത്തലവന്മാരുമാണ് ദേവാലയത്തിൽ രാജകുമാരന് സംരക്ഷണവലയം സൃഷ്ടിച്ചത്.

ദേവാലയത്തിന്റെയും പരിസരത്തിന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്തിയതിനുശേഷം പ്രധാന പുരോഹിതൻ രാജകുമാരനെ പുറത്തു കൊണ്ടുവന്ന് അഭിഷേകം ചെയ്തു; കിരീടമണിയിച്ച് അധികാര പത്രവും നല്കി. ജനം ആർപ്പുവിളിച്ച് പുതിയ രാജാവിനെ അംഗീകരിച്ചു (2 രാജ 11,12; 2 ദിന 23,11). ആരവം കേട്ട് ദേവാലയത്തിലേക്കു പാഞ്ഞുവന്ന അത്താലിയാ കിരീടധാരിയായ രാജകുമാരനെക്കണ്ട് അമ്പരന്നു. രാജദ്രോഹം എന്നു വിളിച്ചുപറഞ്ഞ വസ്ത്രം കീറി. പക്ഷേ ജനം അവളുടെ പക്ഷത്തുണ്ടായിരുന്നില്ല. യഹോദായുടെ കല്പനയനുസരിച്ച് അവളെ ദേവാലയത്തിൽ നിന്ന് പിടിച്ചിറക്കി പുറത്തുവച്ച് വധിച്ചു (2 രാജാ 11,13-16; 2ദിന 23,12-15). തുടർന്ന് പുരോഹിതന്റെ നിർദ്ദേശപ്രകാരം രാജാവും ജനവും കർത്താവിനോട് വിശ്വസ്തത പാലിച്ചുകൊള്ളാം എന്ന് ഉടമ്പടി ചെയ്തു. രാജാവും ജനവും തമ്മിലും പരസ്പര വിശ്വസ്തത ഉടമ്പടിയിലൂടെ ഉറപ്പിച്ചു. ബാൽ ക്ഷേത്രവും വിഗ്രഹങ്ങളും തകർത്തു; ബാലിന്റെ പുരോഹിതനെ ക്ഷേത്രത്തിൽ വച്ചുതന്നെ കൊന്നു (2 രാജ 11,17-18; 2 ദിന 23,16-17). അത്താലിയായ്ക്കും അവളുടെ പുരോഹിതന്മാർക്കും എതിരേയുള്ള പ്രതികാര നടപടി അതുകൊണ്ട് അവസാനിച്ചു. യേഹു നടത്തിയതുപോലെ ഒരു നരവേട്ട ജറുസലെമിൽ ഉണ്ടായില്ല.

വധിക്കപ്പെട്ട രാജ്ഞിയോട് കൂറുപുലർത്തുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരിൽ നിന്ന് അപകടം സംഭവിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകളോടെ രാജകുമാരനെ ദേവാലയത്തിൽ നിന്ന് കൊട്ടാരത്തിലേക്ക് ആനയിച്ചു. ഏഴാംവയസിൽ യോവാഷ് ഭരണം ആരംഭിച്ചു. അത്താലിയാ വധിക്കപ്പെട്ടപ്പോൾ നഗരം ശാന്തമായി എന്ന് രണ്ടു പുസ്തകത്തിലും



എടുത്തു പറയുന്നു (2 രാജാ 11,20; 2 ദിന 23,21). അർഹമല്ലാത്ത അധികാരം പിടിച്ചെടുത്ത റാണിക്ക് അനുയോജ്യമായ ചരമക്കുറിപ്പാണത്.യോവാഷ് രാജാവായതോടെ ദാവീദിന്റെ രാജവംശം പുനഃസ്ഥാപിക്കപ്പെട്ടു.

**b. യോവാഷ് (ബി.സി. 835-796) 2 രാജാ 12; 2 ദിന 24**

"യാഹ്വേ നല്കി" എന്നാണ് യോവാഷ് എന്ന പേരിന്റെ അർത്ഥം. യഹോവാഷ് എന്നത് ഈ പേരിന്റെ തന്നെ മറ്റൊരു രൂപമാണ്. ഏഴാം വയസിൽ രാജാവായ അയാൾ നാല്പതു വർഷം യൂദായെ ഭരിച്ചു. പ്രായപൂർത്തിയാകുന്നതുവരെ അയാൾ പ്രധാന പുരോഹിതനായ യഹോയാദായുടെ സംരക്ഷണത്തിലായിരുന്നു. അത്താലിയാ അശുദ്ധമാക്കുകയും കൊള്ളയടിക്കുകയും ചെയ്ത ദേവാലയം യോവാഷ് നവീകരിച്ചു. ഇതു മാത്രമാണ് അയാളുടെ നേട്ടമായി രണ്ടു പുസ്തകങ്ങളും എടുത്തു കാട്ടുന്നത്. സിറിയാ രാജാവായ ഹസായേലിന്റെ ആക്രമണം നേരിടേണ്ടി വന്നപ്പോൾ  ദേവാലയത്തിലെ നിക്ഷേപങ്ങൾ എടുത്ത് കപ്പം നല്കിക്കൊണ്ട് ജറുസലെമിനെ നാശത്തിൽ നിന്നു രക്ഷിച്ചു. അവസാനം സേവകന്മാരുടെ ഗൂഢാലോചനയ്ക്ക് ഇരയായ അയാൾ ചതിയിൽ കൊല്ലപ്പെട്ടു. ഇത്രയും കാര്യങ്ങൾ രണ്ടു പുസ്തകത്തിലും ഏതാണ്ട് ഒരുപോലെ വിവരിക്കുന്നു. എന്നാൽ മറ്റു വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ വ്യത്യാസങ്ങളുണ്ട്.

രാജാക്കന്മാരുടെ പുസ്തകം യോവാഷിനെ ആദ്യന്തം ഒരു നല്ല രാജാവായിട്ടാണ് ചിത്രീകരിക്കുന്നത്. "യഹോയാദായുടെ ശിക്ഷണം ലഭിച്ചതിനാൽ അയാൾ കർത്താവിന്റെ മുമ്പിൽ നീതിപ്രവർത്തിച്ചു" (2 രാജാ 12,2) എന്ന് വിലയിരുത്തൽ അയാളുടെ ജീവിതകാലത്തിനു മുഴുവൻ ബാധകമാണ്. പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു അപാകത മാത്രമേ എടുത്തു കാട്ടുന്നുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ വ്യത്യസ്തമായ ഒരിചിത്രമാണ് അവതരിപ്പിക്കുന്നത്. യഹോയാദാ ജിവിച്ചിരുന്നിടത്തോളം കാലം യോവാഷ് നീതിയുടെ മാർഗ്ഗത്തിൽ ചരിച്ചു. എന്നാൽ പ്രധാന പുരോഹിതന്റെ മരണശേഷം മറ്റ് ഉപദേഷ്ടാക്കളുടെ സ്വാധീനത്തിൽപ്പെട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു (2 ദിന 24,15-18). കർത്താവ്  അയച്ച പ്രവാചകന്മാരെ ശ്രവിക്കാൻ അയാൾ കൂട്ടാക്കിയില്ല. മാത്രമല്ല, യഹോയാദായുടെ പുത്രൻ സഖറിയാ തെറ്റു ചൂണ്ടിക്കാണിച്ചപ്പോൾ അയാളെ നിഷ്ക്കരുണം ദേവാലയത്തിൽ വെച്ച് കല്ലെറിഞ്ഞു കൊല്ലാൻ കല്പിച്ചു (2 ദിന 23,19-22). സഖറിയായുടെ പിതാവ് തന്നെ ശൈശവം മുതൽ സംരക്ഷിച്ചതും ദേവാലയങ്കണത്തിൽ വച്ച് രാജാവായി അഭിഷേചിച്ചതും അയാളെ ഈ ക്രൂരതൃത്യത്തിൽ നിന്നു പിന്തിരിപ്പിച്ചില്ല.

യോവാഷിന്റെ ഈ അവിശ്വസ്തതകൾക്കും അക്രമത്തിനും ഉള്ള

ശിക്ഷയായിട്ടാണ് സിറിയൻ ആക്രമണത്തെ ദിനവൃത്താന്ത ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത്. യുദ്ധത്തിൽ ദാരുണമായി മുറിവേറ്റ യോവാഷിനെ ദാസന്മാർ ചതിയിൽ കൊന്നതും അയാളുടെ അവിശ്വസ്തതയ്ക്കുള്ള ശിക്ഷയായി അവതരിപ്പിക്കുന്നു (2 ദിന 23,23-24). "അങ്ങനെ അവർ യോഹോയാദായുടെ പുത്രന്റെ രക്തത്തിനു പ്രതികാരം ചെയ്തു" (2 ദിന 23,25) എന്ന് എടുത്തു പറയുന്നുണ്ട്. യോവാഷും പുരോഹിതന്മാരും തമ്മിലുള്ള ബന്ധവും ഹസായേലിന്റെ ആക്രമണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ശിശുവായിരുന്ന തന്നെ അത്താലിയായിൽ നിന്നു രക്ഷിച്ചു വളർത്തുകയും രാജാവാക്കുകയും, ഉപദേശവും പിൻതുണയും നല്കി സഹായിക്കുകയും ചെയ്ത പ്രധാന പുരോഹിതൻ യഹോയാദായോട് യോവാഷിന് വലിയ കടപ്പാടുണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ പിന്തുണയും സംരക്ഷണവും അതിരുകടന്ന നിയന്ത്രണമായി അയാൾക്ക് അനുഭവപ്പെട്ടു. ഇത് ആന്തരികമായ അകല്ചയ്ക്കു കാരണമായി. ദേവാലയ നവീകരണവുമായി ബന്ധപ്പെട്ട പണത്തിന്റെ ഉപയോഗത്തിലാണ് ഈ സംഘർഷം മൂർഛിച്ചത്. ശൈശവം മുതലേ ദേവാലയത്തിൽ വളർന്ന യോവാഷ് കർത്താവിന്റെ ആലയം നവീകരിക്കാൻ ആഗ്രഹിച്ചു. അതിന് ആവശ്യമായ നിർദ്ദേശങ്ങളും നല്കി (2 രാജാ 12,5). എന്നാൽ ഇരുപത്തി മൂന്നു വർഷം കഴിഞ്ഞിട്ടും പുരോഹിതന്മാർ പണം സ്വീകരിക്കുകയല്ലാതെ പണികൾ ഒന്നും ചെയ്തില്ല. യോവാഷിന് സ്വന്തമായി തീരുമാനമെടുക്കാൻ ആവശ്യമായ മുപ്പത് തികഞ്ഞു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് ഇരുപത്തിമൂന്നു വർഷം എന്നു പ്രത്യേകം പറയുന്നത്.

പണത്തിന്റെ കാര്യത്തിൽ പ്രധാനപുരോഹിതനടക്കം കല പുരോഹിതന്മാരെയും ലേവായരേയും ചോദ്യം ചെയ്തത് അവർക്ക് ഇഷ്ടമായില്ല. തുടർന്ന് ദേവാലയ നവീകരണത്തിന്റെയും അതിനാവശ്യമായ പണത്തിന്റെയും ചുമതല പുരോഹിതന്മാരിൽ നിന്നു മാറ്റി, രാജാവ് അത്മായരായ പ്രത്യേക ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു (2 രാജാ 12,7). പണം ശേഖരിക്കാനായി ദേവാലയങ്കണത്തിൽ പ്രത്യേകം ഒരു പെട്ടി സ്ഥാപിച്ചു. ലഭിക്കുന്ന കാണിക്കകൾ, കാഴ്ചയർപ്പിക്കുന്നവർ കാൺകെ, പെട്ടിയിൽ നിക്ഷേപിക്കുക മാത്രമായി പുരോഹിതന്മാരുടെ കടമ. പെട്ടി നിറയുമ്പോൾ തുറന്നു പണം എണ്ണുന്നത് രാജകീയോദ്യോഗസ്ഥനും പ്രധാന പുരോഹിതനും ഒരുമിച്ചാണ്. ആവശ്യമായ പണം പണിക്കാരെ ഏല്പ്പിക്കുന്നതും ഇരുവരും ഒരുമിച്ച്. പണിക്കാർ വിശ്വസ്തരായിരുന്നതിനാൽ കണക്കു കൊടുക്കേണ്ടിയിരുന്നില്ല (2 രാജാ 12,9-15). തങ്ങൾ നല്കുന്ന



കാണിക്കകൾ ഉദ്ദേശിച്ച കാര്യത്തിനു വേണ്ടിതന്നെ ഉപയോഗിക്കുന്നു എന്നു കണ്ടപ്പോൾ ജനം ഉദാരമായി കാഴ്ചകൾ സമർപ്പിച്ചു; പണം ആവശ്യത്തിനു മിച്ചം ലഭിച്ചു. ദേവാലയത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുക മാത്രമല്ല, ദേവാരാധനയ്ക്ക് ആവശ്യമായ വസ്തുക്കളും പാത്രങ്ങളും നിർമ്മിക്കുകയും ചെയ്യാൻ ഇതുകൊണ്ടു സാധിച്ചു.

യോവാഷിന്റെ ഈ പ്രവർത്തനങ്ങൾ തങ്ങളുടെ ന്യായമായ അവകാശത്തിന്മേലുളഅള കൈയേറ്റമായി പുരോഹിതന്മാർക്കു തോന്നിയിട്ടുണ്ടാവും. രാജാവിനെതിരേ പ്രതിരോധ നിര ഉയർത്താൻ ഇതും കാരണമായി എന്ന് അനുമാനിക്കാം. വി.ഗ്രന്ഥകാരൻ പുരോഹിതന്മാരേയും ലേവ്യരേയുംകാൾ രാജാവിനയും അത്മായ ഉദ്യോഗസ്ഥന്മാരേയും കൂടുതൽ വിശ്വസ്തരും ദൈവിക ശുശ്രൂഷയിൽ തല്പരരുമായിട്ടാണ് ചിത്രീകതിക്കുന്നത്. താല്പര്യം മാത്രമല്ല കാര്യക്ഷമതയും അവർക്കുണ്ടായിരുന്നു. ഇരുപത്തിമൂന്നു വർഷം പുരോഹിതന്മാർ ശ്രമിച്ചിട്ടു സാധിക്കാതിരുന്നത് ചുരുങ്ങിയ കാലം കൊണ്ട് അവർ നിർവ്വഹിച്ചു.

ഹസായേലിന്റെ ആക്രമണമാണ് പ്രത്യേക ശ്രദ്ധയർഹിക്കുന്ന മറ്റൊരു വിഷയം. "ഹസായേൽ യുദ്ധം ചെയ്ത് ഗത്തു പിടിച്ചടക്കി. ജെറുസലേമിനെതിരേ പുറപ്പെടാൻ ഭാവിച്ചു" (2 രാജാ 12,17) എന്ന പ്രസ്താവന സിറിയാ ഉയർത്തിയ ഭീഷണി എത്ര വലുതായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. യൂദായുടെ തെക്കു പടിഞ്ഞാറേ അതിർത്തിയിലുള്ള ഫിലിസ്ത്യ നഗരമാണ് ഗത്ത്. ഈജിപ്തിലേക്കും മധ്യധരണ്യാഴിയിലേക്കുമുള്ള വാണിജ്യപാതകൾ നിയന്ത്രിക്കുകയായിരുന്നു ഈ ആക്രമണത്തിൽ സിറിയായുടെ മുഖ്യലക്ഷ്യം. പഠന വിഷയമായ കാലഘട്ടത്തിൽ പലസ്തീന ഏതാണ്ട് മുഴുവനായിത്തന്നെ സിറിയായുടെ നിയന്ത്രണത്തിലായി. ഭീമമായ തുക കപ്പം കൊടുത്തതുകൊണ്ടു മാത്രമാണ് ജറുസലേം ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടത്. പ്രയോഗത്തിൽ ഇസ്രായേലും യൂദായും സിറിയായുടെ സാമന്ത രാജ്യങ്ങളായിത്തീർന്നു.

**വിചിന്തനം:** ശൈശവം മുതലേ ദേവാലയാന്തരീക്ഷത്തിൽ ജീവിച്ച യോവാഷ് ദൈവിക കാര്യത്തിൽ തല്പരനായിരുന്നു. മക്കളോട് യഥാർത്ഥ സ്നേഹമുള്ള മാതാപിതാക്കൾ അവരെ ദൈവസ്നേഹത്തിൽ വളർത്താൻ ശ്രമിക്കും. പള്ളിയിൽ കൊണ്ടുപോകുന്നതും തിരുക്കർമ്മങ്ങളിൽ പങ്കെടുപ്പിക്കുന്നതും ഇതിന്റെ ഭാഗമാണ്. ബാല്യകാല സ്മരണകളാണല്ലോ പ്രായമാകുമ്പോഴും മനസ്സിൽ തങ്ങി നില്ക്കുന്നതും ജീവിതത്തെ സ്വാധീനിക്കുന്നതും.

യഹോയാദായും മറ്റു പുരോഹിതന്മാരും തങ്ങളുടെ വിഹിതങ്ങൾ സ്വീകരിക്കുന്നതിലല്ലാതെ ദേവാലയത്തിന്റെ നവീകരണത്തിലോ ശുചീ

കരണത്തിലോ ശ്രദ്ധിച്ചില്ല. രാജാവു കല്പിച്ചിട്ടും ജനം കാഴ്ചകൾ അർപ്പിച്ചിട്ടും അവരുടെ നിലപാടിൽ മാറ്റമുണ്ടായില്ല. ദേവാലയവും പരിസരവും ആരാധനയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിന്റെ മുഖ്യ ഉത്തരവാദിത്വം പുരോഹിതന്മാർക്കാണല്ലോ. പലപ്പോഴും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നില്ലേ എന്നു സംശയിക്കണം.

നിർമ്മാണ പ്രവർത്തനങ്ങളുടെയും അതിനാവശ്യമായ ധന സമാഹരണത്തിന്റെയും ഉത്തരവാദിത്വം അല്മായർ ഏറ്റെടുത്തപ്പോൾ കാര്യങ്ങൾ വളരെ വേഗം ഭംഗിയായി നടന്നു. വൈദികരും സന്യസ്ഥരും സഭയുടെ സാമ്പത്തിക കാര്യങ്ങൾ വിശ്വസ്തരായ അല്മായരെ ഏല്പിച്ചിട്ട്, പ്രാർത്ഥനയിലും വിശ്വാസ പരിശീലനത്തിലും വചന പ്രഘോഷണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ ഇന്നത്തെ ധാർമ്മികാധഃപതനം വലിയൊരു പരിധിവരെ ഒവിവാക്കാൻ കഴിയുമായിരുന്നില്ലേ? ഇന്ന് അല്മായരുടേയും വൈദികരുടേയും റോളുകൾ മാറുകയാണോ?

### c. യഹോവാഹാസ് (ബി.സി. 814-798) 2 രാജാ 13,1-9

യൂദാ രാജാവായ യോവാഷിന്റെ സമകാലികരായ രണ്ട് ഇസ്രായേൽ രാജാക്കന്മാരിലേക്ക് വി.ഗ്രന്ഥകാരൻ അടുത്തതായി ശ്രദ്ധതിരിക്കുന്നു. യേഹുവിന്റെ പുത്രനായ യഹോവാഹാസാണ് ആദ്യത്തേയാൾ. യാഹ്‌വേ കൈ പിടിച്ചു ശക്തിപ്പെടുത്തി എന്നാണ് പേരിന്റെ അർത്ഥം. അയാളുടെ പതിനേഴു വർഷത്തെ ഭരണം ഇസ്രായേലിന്റെ ഏറ്റം ദയനീയമായ ഒരു കാലഘട്ടമായിരുന്നു. സിറിയാ രാജവായ ഹസായേൽ ബി. സി. 806ൽ മരിക്കുന്നതുവരെ ഇസ്രയേൽ സിറിയായുടെ നിരന്തരമായ ആക്രമണങ്ങളും പീഢനങ്ങളും സഹിക്കേണ്ടി വന്നു. ആഹാബിന്റെ കാലത്ത് അസീറിയായ്ക്കെതിരെ രണ്ടായിരം രഥങ്ങളെ അണിനിരത്തിയ ഇസ്രായേലിൽ പത്തു രഥവും അമ്പത് കുതിരയും മാത്രം അവശേഷിച്ചു (2 രാജാ 13,7) എന്ന പ്രസ്താവന സൈന്യത്തിന്റെ ശോച്യാവസ്ഥ വ്യക്തമാക്കുന്നു. ഹസായേലിന്റെ പുത്രൻ ബെൻഹദാദ് രണ്ടാമനും ഇസ്രയേലിന്റെമേൽ ആധിപത്യം നിലനിർത്തി. രാജാക്കന്മാരുടെയും ജനത്തിന്റെയും പാപത്തിന് ശിക്ഷയായി കർത്താവു തന്നെയാണ് അവരെ ശത്രുകരങ്ങളിൽ ഏല്പിച്ചുകൊടുത്തത് എന്ന് എടുത്തു പറയുന്നു (2 രാജാ 13,2-3).

രാജാവിന്റെ പ്രാർത്ഥന കേട്ട് "കർത്താവയച്ച രക്ഷകൻ" (2 രാജാ 13,4-5) ആരെന്ന കാര്യത്തിൽ തർക്കമുണ്ട്. ഇസ്രയേലിനെ വിദേശാധിപത്യത്തിൽ നിന്നു മോചിപ്പിച്ച് സമാധാനത്തിലേക്കും സമൃദ്ധിയിലേക്കും നയിച്ച ജെറോബോവാം രണ്ടാമനാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. യഹോവാഹാസിന്റെ പൗത്രനായിരുന്നു ജെറോബോവാം. അയാളെക്കുറിച്ചുള്ള പരാമർശം ഇവിടെ അസ്ഥാനത്താകയാൽ ബി.സി. 911ൽ അസീറിയായിൽ ഭരണമേറ്റ അദാദ് നിരാരി മൂന്നാമനെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്ന് മറ്റു ചിലർ അനുമാനിക്കുന്നു.

അദാദ് നിരാരി ബി.സി. 802 ൽ സിറിയായെ തെല്പിച്ച് ഡമാസ്കസ് കീഴടക്കി. തടവുകാരനാക്കപ്പെട്ട ബെൻ ഹദാദിൽ നിന്ന് കനത്ത തുക കപ്പമായി ഈടാക്കി. അദ്ദേഹത്തിന്റെ വിജയങ്ങൾ വിവരിക്കുന്ന ശിലാഫലകത്തിലെ കീഴടക്കിയ രാജ്യങ്ങളുടെ പട്ടികയിൽ ഓമ്രിയുടെ രാജ്യവും (ഇസ്രായേൽ) സിറിയായും ഉൾപ്പെടുന്നു. 2300 താലന്ത് വെള്ളി, 5000 താലന്ത് ഇരുമ്പ്, വിശിഷ്ട വസ്ത്രങ്ങൾ, ആനക്കൊമ്പു പതിച്ച ഒരു കട്ടിൽ, ദന്തനിർമ്മിതമായ ഒരു ശയന മഞ്ചം എന്നിവ താൻ ഈടാക്കിയെന്ന് ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ANET, p. 281-282). അസീറിയ ശക്തിയാർജിച്ചത് ഇസ്രയേലിന് ഗുണകരമായി. "അവൻ സിറിയാക്കാരുടെ കൈയിൽ നിന്നു മോചിതരായി" (2 രാജാ 13,5) എന്ന പ്രസ്താവന അടുത്ത രാജാവായ യഹോവാഷിന്റെ കാലത്തെ സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്.

### d. യഹോവാഷ് (ബി.സി. 798-783) 2 രാജാ 13,10-25

യഹോവാഷിന്റെ ഭരണകാലത്ത് ഇസ്രായേൽ സാവധാനം ശക്തിയാർജിച്ചു തുടങ്ങി. അയാളുടെ ചരിത്രം മൂന്നു ഘട്ടമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ആദ്യം പതിവു ഫോർമുല ഉപയോഗിച്ച് ഒരു ചരിത്രസംഗ്രഹം നല്കുന്നു (2 രാജാ 13,10-13). തുടർന്ന് എലീഷായുമായി ബന്ധപ്പെടുത്തി അയാളുടെ വിജയങ്ങളുടെ അടിസ്ഥാനം എടുത്തുകാട്ടുന്നു (2 രാജാ 13,1-19). ഇസ്രായേലിന്റെ രാഷ്ട്രീയ അവസ്ഥയെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണത്തിനുശേഷം (13,22-25) യഹോവാഷിന്റെ വിജയങ്ങളുടെ ചരിത്രം യൂദാ രാജാവായ അഹസിയായുടെ ചരിത്രവുമായി ഇടകലർത്തി അവതരിപ്പിക്കുന്നു ( 2 രാജാ 14,8-15). ഈ മൂന്നാം ഘട്ടം അടുത്ത ഭാഗത്ത് പഠനവിഷയമാക്കുന്നതാണ്. ഇസ്രായേൽ രാജാവിന്റെ ചരിത്രം അവതരിപ്പിക്കുമ്പോഴും പ്രവാചകനായ എലീഷായ്ക്കും യൂദാ രാജാവായ അഹസിയായ്ക്കുമാണ് പ്രാധാന്യം നല്കിയിരിക്കുന്നത്.

### e. എലീഷായുടെ അന്തിമ ചെയ്തികൾ 2 രാജാ 13,14-21

ദീർഘകാലത്തെ നിശബ്ദതയ്ക്കുശേഷം എലീഷായുടെ പ്രവൽത്തനങ്ങളിലേക്ക് വി.ഗ്രന്ഥകാരൻ വീണ്ടും ശ്രദ്ധതിരിക്കുന്നു. ഏകദേശം അമ്പത് വർഷം ഇസ്രായേലിൽ പ്രവർത്തിച്ച എലീഷായ്ക്ക് രാജ്യ

ത്താകമാനം ഉണ്ടായിരുന്ന ആദരവും അംഗീകാരവും പ്രകടമാക്കുന്ന താണ് അയാളുടെ മരണശയ്യയ്ക്കരുകിലിരുന്നുള്ള രാജാവിന്റെ വിലാപം (2 രാജാ 13,14). ചുഴലിക്കാറ്റിൽ അപ്രത്യക്ഷനാകുന്ന ഏലിയായെ നോക്കി എലീഷാ പറഞ്ഞ അതേ വാക്കുകൾ (2 രാജാ 2,12) ഇപ്പോൾ യഹോവാഷ് ആവർത്തിക്കുന്നു. ഇസ്രായേലിന് സംരക്ഷണം നല്കാൻ ഒരു സൈന്യത്തേക്കാൾ ശക്തമായിരുന്നു എളീഷായുടെ സാന്നിധ്യമെന്ന് ഏറ്റു പറയുന്നതാണ് 'ഇസ്രായേലിന്റെ രഥങ്ങളും സാരഥികളും" എന്ന പ്രയോഗം. ഈ വിശ്വാസ പ്രഖ്യാപനം എത്ര അർത്ഥവത്താണെന്ന് അടുത്ത രണ്ട് പ്രതീകാത്മക പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു.

എലീഷായുടെ നിർദ്ദേശമനുസരിച്ച് കിളിവാതിലിലൂടെ കിഴക്കോട്ട് അമ്പെയ്തത് സിറിയായുടെമേൽ യഹോവാഷ് വരിക്കാൻ പോകുന്ന വിജയത്തെ സൂചിപ്പിക്കുകയും ആ വിജയത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു (2 രാജാ 13,15-17). ആയിപ്പട്ടണത്തിനു നേരെ ജോഷ്വാ കുന്തം ചൂണ്ടി വിജയം വരിച്ചതിനെ (ജോഷ്വാ 8,18) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രവൃത്തി. വീണ്ടും എലീഷാ പറഞ്ഞതനുസരിച്ച് യഹോവാഷ് അമ്പുകൾ നിലത്തടിച്ചത് സിറിയായെ അടിച്ചമർത്തുന്നതിന്റെ പ്രതീകമാണ്. മൂന്നു തവണ അടിച്ചു നിർത്തിയതിനാൽ പ്രവാചകൻ കോപിച്ചു. കാരണം രാജാവിന്റെ വിശ്വാസം ദൃഢമായിരുന്നില്ല. അതിനാൽത്തന്നെ വിജയവും ഭാഗികമായിരിക്കും (2 രാജാ 13,18-19). ബെൻ ഹദാദിന്റെ മേൽ മൂന്നുതവണ ഇസ്രായേൽ വിജയം വരിച്ച് ഈ പ്രവചനം പൂർത്തിയായി എന്ന് 2 രാജാ 13,25ൽ എടുത്തു പറയുന്നു.

എലീഷായുടെ മരണവും സംസ്കാരവും കാര്യമാത്രപ്രസക്തമായ ചുരുക്കം വാക്കുകളിൽ വിവരിച്ചതിനുശേഷം പ്രവാചകന്റെ ഭൗതികാവശിഷ്ടങ്ങളിലൂടെ നടന്ന ഒരു അത്ഭുതത്തെക്കുറിച്ചു പരാമർശിക്കുന്നു (2 രാജാ 13,20-21). ഇസ്രായേലിന്റെ നില എത്ര ദയനീയമായിരുന്നു എന്ന് സൂചിപ്പിക്കുന്നതാണ് മൊവാബ്യരുടെ ആക്രമണത്തെക്കുറിച്ചുള്ള പരാമർശം. ദേശം കീഴടക്കാൻ വന്ന സൈന്യത്തേക്കാൾ ഒരു കൊള്ള സംഘത്തിന്റെ പ്രതീതിയാണ് മൊവാബ്യരെക്കുറിച്ചുള്ള വിവരണത്തിൽ നിന്ന് ലഭിക്കുന്നത്. വസന്തകാലത്തെ കൊയ്ത്തുകഴിഞ്ഞു ശേഖരിച്ച ധാന്യങ്ങൾ കൊള്ളയടിക്കുകയായിരുന്നു അവരുടെ മുഖ്യ ലക്ഷ്യം. തസ്കര സംഘത്തെക്കണ്ടു ഭയന്നവർ മൃതശരീരം സംസ്ക്കരിക്കാതെ എലീഷായുടെ കല്ലറയിലിട്ടി ഓടി എന്ന പരാമർശം മനസ്സിലാക്കാൻ കല്ലറയെക്കുറിച്ച് അറിഞ്ഞിരിക്കണം. നാം ചെയ്യാറുള്ളതുപോലെ നിലത്തു കുഴിയുണ്ടാക്കി കല്ലുകെട്ടി ഭദ്രമാക്കിയശേഷം മൃതശരീരം കുഴിയിൽവച്ച് മണ്ണിട്ടു മൂടുകയല്ല പലസ്തീനായിൽ ചെയ്തിരുന്നത്. അവിടെ മലമ്പ്രദേശങ്ങളിൽ ദാരാളം ഗുഹകളുണ്ടായിരുന്നു. ഇല്ലാത്തിടത്ത് ശവസംസ്കാരത്തിനുവേണ്ടി പാറതുരന്ന് ഗുഹകൾ ഉണ്ടാക്കും. തുണിയിൽ പൊതിഞ്ഞ് ശവം വച്ചതിനുശേഷം വലിയകല്ലുകൊണ്ട് ഗുഹയടയ്ക്കും. മണ്ണിട്ടു മൂടാറില്ല. ഇങ്ങനെയുള്ള ഒരു കല്ലറയുടെ മുമ്പിലെ കല്ല് ഉരുട്ടി മാറ്റിയതിനു ശേഷം ഗുഹയിൽ വച്ചതിനാലാണ് മൃതശരീരം എലീഷായുടെ അസ്ഥികളെ സ്പർശിക്കാൻ ഇടയായത്.

ഇസ്രായേലിന് സിറിയായിൽ നിന്ന് നേരിടേണ്ടി വന്ന പീഡനവും അതിൽ നിന്ന് താത്ക്കാലികമായി ലഭിച്ച മോചനവും ചുരുക്കമായി വിവരിച്ചുകൊണ്ട് (2 രാജാ 13,22-25) അധ്യായം അവസാനിക്കുന്നു. ബി.സി. 806ൽ ഹസായേൽ മരിച്ചു. തുടർന്നു ഭരണമേറ്റ മകൻ ബെൻഹദാദ് രണ്ടാമൻ പിതാവിനെപ്പോലെ ശക്തനും പരാക്രമശാലിയും ആയിരുന്നില്ല. അസീറിയ കൂടുതൽ കരുത്താർജിക്കുകയും ചെയ്തു. അങ്ങനെ ഇസ്രായേലിന് അനുകൂലമായ ഒരു അവസ്ഥ സംജാതമായി. സിറിയാ പിടിച്ചടക്കിയിരുന്ന ചില നഗരങ്ങൾ വീണ്ടെടുക്കാൻ യോവാഷിനു സാധിച്ചു. പൂർവ്വ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരോട് ചെയ്ത ഉടമ്പടിയെപ്രതി കർത്താവു ഇസ്രയേലിനോട് കരുണ കാണിച്ചതിനാലാണ് അവർ സമൂല നാശത്തിൽ നിന്നു രക്ഷപ്പെട്ടത് എന്ന് ഇവിടെ എടുത്തു പറയുന്നുണ്ട്. വടക്കൻ രാജ്യമായ ഇസ്രായേൽ യൂദായിൽ നിന്നു തെറ്റിപ്പിരിഞ്ഞതിനാൽ ദാവീദുമായുള്ള ഉടമ്പടിയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല.

**വിചിന്തനം:** എലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ചു എന്ന പ്രസ്താവന വിശുദ്ധരുടെ 'തിരുശേഷിപ്പുകളെ' ആദരിക്കുന്നതിന് അടിസ്ഥാനമായി എടുത്തുകാട്ടാരുണ്ട്. മൃതശരീരം മാന്യമായി സംസ്കരിക്കുകയും ഭൗതികാവശിഷ്ടങ്ങൾ ആദരിക്കുകയും ചെയ്യുമ്പോൾ മരിച്ചുപോയ വ്യക്തികളോടും അവരിലൂടെ പ്രവർത്തിച്ച ദൈവത്തോടുമുള്ള ആദരവാണ് നാം പ്രകടമാക്കുന്നത്. എന്നാൽ ചിലപ്പോഴൊക്കെ ഈ ആദരവ് പരിധിവിട്ട് ആരാധനയായിത്തീരുകയും തിരുശേഷിപ്പുകൾ യാന്ത്രികമായി അത്ഭുതം പ്രവർത്തിക്കും എന്ന അന്ധവിശ്വാസത്തിൽ ജനം ചെന്നെത്തുകയും ചെയ്യാറില്ലേ എന്നു സംശയിക്കണം. ഇതിന്റെ പേരിൽ പലരും കത്തോലിക്കർക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. വിശുദ്ധന്മാരോടുള്ള ഭക്തിയും വണക്കവും അന്ധവിശ്വാസത്തിലേക്കും വിഗ്രഹാരാധനയിലേക്കും വഴുതിവീഴാതിരിക്കാൻ നിതാന്ത ജാഗ്രത ആവശ്യമാണ്.

### 3. നവോത്ഥാനം 2 രാജാ 14,1- 15,7; 2 ദിന 25-26

ബി.സി. എട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതി ഇസ്രായേൽ-യൂദാ

രാജ്യങ്ങളുടെ സുവർണ്ണ ദശയായിരുന്നു. ദാവീദു സ്ഥാപിച്ച സാമ്രാജ്യത്തിന്റെ അതിർത്തികൾവരെ രാജ്യം വീണ്ടും വികസിച്ചു. സോളമന്റെ കാലത്തേതുപോലുള്ള സമ്പൽ സമൃദ്ധി ദേശത്തിനു കൈവന്നു. ഇരു രാജ്യങ്ങളേയും ഭരിച്ച രാജാക്കന്മാരുടെ സാമാർത്ഥ്യവും അതിലേറെ, അന്താരാഷ്ട്രീയ തലത്തിലെ സംഭവ വികാസങ്ങളും ഇതിനു സഹായകമായി.

ബി.സി. 802ൽ അസീറിയാ ഏല്പിച്ച ആഘാതത്തിൽ നിന്ന് സിറിയായ്ക്കു മുക്തി നേടാൻ കഴിഞ്ഞില്ല. അദാദ് നിരാരിയുടെ മരണത്തിനു ശേഷം അസീറിയായെ ഭരിച്ച മൂന്നു രാജാക്കന്മാർ (ഷൽമനേസർ IV 782-774; അസൂർദാൻ III 774-756; അസൂർ നിരാരി 756-746) പ്രായേണ ദുർബലരായിരുന്നു. വടക്കുള്ള ഉരാർത്തു (Urartu) സാമ്രാജ്യത്തിന്റെ നിരന്തരമായ ആക്രമണങ്ങളും ദേശത്തുണ്ടായ മഹാമാരികളും ആഭ്യന്തര വിപ്ലവങ്ങളും അസീറിയായെ കൂടുതൽ ദുർബലമാക്കി. അന്തർദ്ദേശീയ തലത്തിൽ അനുകൂലമായ ഈ സാഹചര്യങ്ങളെ ശരിക്കും ഉപയോഗപ്പെടുത്താൻ കഴിവുള്ള രാജാക്കന്മാരാണ് യൂദായിലും ഇസ്രായേലിലും ഭരണം നടത്തിയത്.

### a. അമാസിയാ (ബി.സി. 796-781)

**2 രാജാ 14,1-22; 2 ദിന 25,1-28**

ചതിയിൽ കൊല്ലപ്പെട്ട യോവാഷിന്റെ പുത്രൻ അമാസിയായുടെ ഭരണകാലത്ത് യൂദാ വീണ്ടും ശക്തിയാർജ്ജിച്ചു. "യാഹ്വേ ശക്തിപ്പെടുത്തി" എന്നാണ് പേരിന്റെ അർത്ഥം. ഈ പേരിന്റെ മറ്റൊരു രൂപമാണ് ആമോസ്. അമാസിയായുടെ ഭരണകാലം 29 വർഷം എന്നു രണ്ടു പുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ഭരണത്തിന്റെ ദൈർഘ്യവും ഇസ്രായേൽ-യൂദാ രാജാക്കന്മാരുടെ ഭരണകാലങ്ങൾ തമ്മിലുള്ള പൊരുത്തവും സംബന്ധിച്ച് ഉത്തരം കിട്ടാത്ത പല പ്രശ്നങ്ങളും അവശേഷിക്കുന്നുണ്ട്. അതിനാൽ രാജാക്കന്മാരുടെ ഭരണകാലം നിശ്ചയിക്കുന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഭിന്നഭിപ്രായക്കാരാണ്. ഒരു രാജാവു മരിക്കുന്നതിനുമുൻപേ പുത്രൻ ഭരണമേല്ക്കുകയും പിതാവിനോടൊപ്പം യുവരാജാവും ഭരണം നടത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നതിനാലാണ് ഭരണ ദൈർഘ്യത്തെക്കുറിച്ച് വ്യത്യസ്ത കണക്കുകൾ നിലനില്ക്കുന്നത്. അണാസിയായുടെ അവസാനത്തെ പതിനഞ്ചു വർഷം പുത്രനായ അസറിയാ ഭരണ നടത്തിയെന്നും ആ വർഷങ്ങളും കൂടി പരിഗണിച്ചാണ് 29 വർഷം എന്നു വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.



പൂജാഗിരികൾ നശിപ്പിച്ചില്ല എന്ന ഒരു കുറ്റം മാത്രമേ രാജക്കന്മാരുടെ പുസ്തകത്തിൽ അമാസിയ്യ്ക്കെതിരേ ആരോപിക്കുന്നുള്ളൂ (2 രാജാ 14,3-4). എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ കൂടുതൽ കുറ്റങ്ങൾ എടുത്തു കാട്ടുന്നുണ്ട്. പിതൃഘാതകരെ വധിച്ചതാണ് അമാസിയായുടെ ആദ്യത്തെ പ്രവൃത്തിയായി ഇരു ഗ്രന്ഥങ്ങളും വിവരിക്കുന്നത് (2 രാജാ 14,5-6; 2 ദിന 25,3-4). കുറ്റവാളികളെ വധിച്ചെങ്കിലും നിയ 24,16ൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമം അനുസരിച്ച് അവരുടെ കുടുംബങ്ങൾക്കെതിരേ മറ്റു ശിക്ഷാനടപടികളൊന്നും സ്വീകരിക്കാതിരുന്നത് രാജാവിന്റെ നീതിബോധത്തിനു തെളിവായി എടുത്തുകാട്ടുന്നു.

അമാസിയാ നയിച്ച രണ്ടു യുദ്ധങ്ങൾ ഇരു ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഏദോമിനെതിരേ നടത്തിയതാണ് ആദ്യ യുദ്ധം. അതിൽ അമാസിയാ വിജയിച്ചു (2 രാജാ 14,7). അങ്ങനെ യഹോറാമിന്റെ കാലത്ത് നഷ്ടപ്പെട്ട മേൽക്കോയ്മ (2 രാജാ 8,20-22; 2 ദിന 21,8-10) അമാസിയാ വീണ്ടെടുത്തു. ഏദോമ്യരെ കീഴടക്കിയതിനുശേഷം ഇസ്രായേൽ രാജാവായ യഹോവാഷിനെ ഒരു കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചത് എന്തുകൊണ്ട് യുദ്ധത്തിൽ കലാശിച്ചു എന്നു രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നു വ്യക്തമാകുന്നില്ല. യുദ്ധത്തിൽ യൂദാസൈന്യം ദയനീയമായി പരാജയപ്പെട്ടു. അമാസിയായെ തടവുകാരനാക്കി ജറുസലേമിലേക്കു കൊണ്ടുവന്ന യഹോവഷ് നഗരം കൊള്ളയടിക്കുകയും മതിലിന്റെ കുറച്ചു ഭാഗം തകർക്കുകയും ചെയ്തിട്ട് തിരിച്ചുപോയി. (2 രാജാ 14,8-14).

ഈ സംഭവങ്ങൾ കാര്യകാരണ സഹിതം കൂടുതൽ വിശദമായി ദിനവൃത്താന്ത ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഏദോമിനെതിരേ യുദ്ധം ചെയ്യാൻ വേണ്ടി യൂദായിൽ നിന്നു ശേഖരിച്ച സൈന്യത്തിനു പുറമേ ഇസ്രായേലിൽ നിന്ന് പടയാളികളെ കൂലിക്കെടുത്തു. എന്നാൽ അവർ പരാജയത്തിനു കാരണമാകും എന്നു പ്രവാചകന്മാർ വഴി കർത്താവു അറിയിച്ചതിനാൽ അമാസിയാ അവരെ കൂലികൊടുത്തു തിരിച്ചയച്ചു. യുദ്ധം ജയിച്ചാൽ കൂലിക്കു പുറമേ കൊള്ള മുതലും കിട്ടുമായിരുന്നതിനാൽ പടയാളികൾക്ക് ഇതിഷ്ടമായില്ല. കോപാക്രാന്തരായ അവർ മടങ്ങിപ്പോയ വഴിക്ക് യൂദാ നഗരങ്ങൾ കൊള്ളയടിച്ചു (2 ദിന 25,5-13). ഇതായിരുന്നു ഇസ്രായേലിനെതിരെ യുദ്ധം ചെയ്യാൻ അമാസിയായെ പ്രേരിപ്പിച്ച സംഭവം.

യൂദായെ പരാജയത്തിലേക്കു നയിച്ച ഈ യുദ്ധത്തിന് ദൈവശാസ്ത്രപരമായ രണ്ടു വിശദീകരണങ്ങളും ദിനവൃത്താന്ത ഗ്രന്ഥകാരൻ നല്കുന്നുണ്ട് (2 ദിന 25,14-16). ഏദോമിൽ നിന്നു ശേഖരിച്ച കൊള്ളവസ്തുക്കളുടെ കൂടെ അവരുടെ വിഗ്രഹങ്ങളും ഉണ്ടായിരുന്നു. തോല്പി

ക്കപ്പെട്ട ജനത്തിന്റെ ദൈവിഗ്രഹങ്ങളെ ജോതാക്കൾ കൊണ്ടുപോയി പ്രതിഷ്ഠിക്കുകയും അവയെയും ആരാധിക്കുകയും പുരാതനകാലത്തു പതിവായിരുന്നു. ആ ദൈവങ്ങളുടെ സംരക്ഷണവും തങ്ങൾക്കു ലഭിക്കും എന്ന പ്രതീക്ഷയാണ് ഇതിന് അവരെ പ്രേരിപ്പിച്ചിരുന്നത്. എന്നാൽ ഏദോമിന്റെ വിഗ്രഹങ്ങൾ യൂദായ്ക്കു വിനയായി. വിഗ്രഹാരധനയുടെ പേരിൽ തന്നെ ശകാരിച്ച പ്രവാചകനെ അനുസരിക്കുന്നതിനു പകരം അയാൾക്കേതിരേ വധഭീഷണി മുഴക്കുകയാണ് അമാസിയാ ചെയ്തത്. ഏദോമിനെതിരെയുള്ള യുദ്ധത്തിനു മുൻപും വിജയത്തിനും ശേഷവും ഉള്ള അയാളുടെ നിലപാടുകൾ തമ്മിൽ കാതലായ അന്തരം ദൃശ്യമാണ്. വിഗ്രഹങ്ങളെ ആരാധിച്ചതും പ്രവാചക വചനം തിരസ്കരിച്ചതുമാണ് ഇസ്രായേലുമായുണ്ടായ വിനാശകരമായ യുദ്ധത്തിനു കാരണം എന്നു വി.ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നു.

ഇസ്രയേലിലെ കൂലിപ്പട്ടാളം യൂദാനഗരങ്ങളെ കൊള്ളയടിച്ചതിനു പകരം വീട്ടാൻ വേണ്ടിയാണ് അമാസിയാ യഹോവാഷുമായി യുദ്ധത്തിനൊരുങ്ങിയത്. ഇസ്രായേൽ രാജാവിന്റെ പക്വവും വിവേകപൂർണ്ണവുമായ മറുപടി അമാസിയായ്ക്കു തൃപ്തികരമായില്ല, വിവാഹാലോചന നടത്തിയ മുൾച്ചെടിയുടെ ഉപമ (2 രാജാ 25,18)യോഥാം പറഞ്ഞ കഥയെ (ന്യായ 9,7-15) അനുസ്മരിപ്പിക്കുന്നു. യുദ്ധത്തിന്റെ വിവരണം രണ്ടു ഗ്രന്ഥങ്ങളിലും ഒരു പോലെയാണ് അവതരിപ്പിച്ചിരിക്കുന്നത് (2 രാജാ 14,11-14; 2ദിന 25,21-24). ജറുസലെമിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ പടിഞ്ഞാറുള്ള നഗരമായ ബേത്ഷെമെഷിൽ വച്ച് ഇരുസൈന്യങ്ങളും ഏറ്റുമുട്ടി. അമാസിയായെ വധിക്കുകയും യൂദായെ ഇസ്രായേലിനോടു ചേർക്കുകയും ചെയ്യാമായിരുന്നെങ്കിലും അതിനു തുനിയാതെ കൊള്ള മുതൽ ശേഖരിച്ചു മടങ്ങിയത് യഹോവാഷിന്റെ വിവേകത്തിനും ദീർഘവീക്ഷണത്തിനും തെളിവാണ്.

പരാജിതനും അവഹേളിതനുമായ അമാസിയാ പതിനഞ്ചു വർഷം കൂടെ രാജ്യം ഭരിച്ചു എന്നു പറയുന്നുണ്ടെങ്കിലും അയാളുടെ മറ്റു പ്രവൃത്തികൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ബുദ്ധിശൂന്യവും വിനാശകരവുമായ യുദ്ധത്തിലേക്ക് യൂദായെ വലിച്ചിഴച്ചതിനാൽ അസംതൃപ്തരായ സൈനികരാവാം അയാൾക്കെതിരേ ഗൂഢാലോചന നടത്തിയത്. തന്റെ പിതാവിനെ ചതിയിൽ കൊന്നതിന്റെ പേരിൽ അമാസിയാ വധിച്ചവരുടെ ബന്ധുക്കൾ ഈ ഗൂഢാലോചനയ്ക്കു നേതൃത്വം നല്കിയെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഒളിച്ചോടിയ അമാസിയായെ ജെറുസലേമിൽ നിന്ന് ഏകദേശം 40 കി.മീ തെക്കു പടിഞ്ഞാറുള്ള നഗരമായ ലാഖിഷിൽ വച്ച് ഗൂഢാലോചനക്കാർ വധിച്ചു. രാജാവിനെ വധിച്ചവർ



ഇസ്രായേലിലെന്നതുപോലെ പുതിയൊരു രാജവംശത്തിനു തുടക്കം കുറിച്ചില്ല, കൂടുതൽ കൊലപാതകങ്ങൾക്കു വഴിയൊരുക്കിയതുമില്ല. രാജാവിന്റെ മൃതശരീരം ഘാതകർ തന്നെ ജറുസലെമിലേക്കു കൊണ്ടുവന്ന് രാജാക്കന്മാരുടെ കല്ലറയിൽ സംസ്കരിച്ചു. അമാസിയുടെ പുത്രൻ അസറിയായെ ജനം രാജാവായി അവരോധിച്ചു. ഇനി അങ്ങോട്ട് യൂദായ്ക്കും ഇസ്രയേലിനും സമ്പൽ സമൃദ്ധിയുടെ നാളുകളാണ്.

### b. ജെറൊബൊവാം II (ബി.സി. 783-743) 2 രാജാ 14,23-29

ഇസ്രായേലിനെ ഭരിച്ച രാജാക്കന്മാരിൽ ദാവീദു കഴിഞ്ഞാൽ ഏറ്റം പ്രഗത്ഭനായിട്ടാണ് ചരിത്രകാരന്മാർ ജെറൊബൊവാം രണ്ടാമനെ കാണുന്നത്. എന്നാൽ ബൈബിളിൽ വെറും ഏഴുവാക്യങ്ങൾ മാത്രമേ അയാളുടെ പ്രവർത്തനങ്ങൾ വിവരിക്കാനായി മാറ്റി വച്ചിട്ടുള്ളൂ. ദിനവൃത്താന്ത ഗ്രന്ഥത്തിൽ അയാളുടെ പേരുപോലും പറയുന്നില്ല. "കർത്താവിന്റെ ദൃഷ്ടിയിൽ തിന്മ പ്രവർത്തിച്ചു" എന്ന് വടക്കൻ രാജ്യമായ ഇസ്രയേലിലെക്കുറിച്ചും പറയുന്നുണ്ടെങ്കിലും അയാളുടെ നേട്ടങ്ങളെക്കുറിച്ചും സൂചന നല്കുന്നുണ്ട്. ഹാമാത്ത് കവാടം മുതൽ അരാബാകടൽ വരെ ഇസ്രയേലിന്റെ അതിർത്തി വികസിപ്പിച്ചതാണ് ജെറൊബൊവാമിന്റെ നേട്ടം. സോളമന്റെ കാലത്ത് ഇസ്രായേൽ സാമ്രാജ്യത്തിന്റെ വടക്കു കിഴക്കെ അതിർത്തിയായിരുന്നു ഹാമാത്ത് (1 രാജാ 8,65). ചാവുകടൽ ആണ് അരാബാക്ക മുഴുവൻ കീഴടക്കി രാജ്യം വിസ്തൃതിയും സുരക്ഷിതവുമാക്കാൻ ജെറൊബൊവാമിന് കഴിഞ്ഞു. പരാജയത്തിന്റെ പടുകുഴിയിൽ നിന്ന് ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം അയച്ച രക്ഷകനായിരുന്നു ജെറൊബൊവാം എന്ന് വി.ഗ്രന്ഥകാരൻ അംഗീകരിക്കുന്നുണ്ട് (2 രാജാ 14,27).

ശത്രുരാജ്യങ്ങളെ കീഴടക്കിയതിനു പുറമേ, യൂദായും ടയിറുമായി ജെറൊബൊവാം രമ്യതയിലെത്തി. ഇത് ദേശത്തിനു കൂടുതൽ ഭദ്രത നല്കി. അന്തർദ്ദേശീയ വാണിജ്യ പാതകൾ സുരക്ഷിതമായതോടെ വ്യാപാരം വികസിച്ചു. സോളമന്റെ കാലത്തെ അതിശയിക്കുന്ന സമ്പൽ സമൃദ്ധി ദേശത്തു സംജാതമായി. സമറിയായിൽ നിന്ന് പുരാവസ്തു ഗവേഷകർ കുഴിച്ചെടുത്ത മനോഹരമായ മാളികകളുടെയും, ആനക്കൊമ്പു പതിച്ച ഗൃഹോപകരണങ്ങളുടെയും മറ്റു വിലപിടിച്ച ആഡംബര വസ്തുക്കളുടെയും അവശിഷ്ടങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയ്ക്കു തെളിവാണ്.

പുറമെ നിന്നു നോക്കുമ്പോൾ ദേശം സുരക്ഷിതവും സമ്പൽ സമൃദ്ധവും ആയിരുന്നെങ്കിലും ഉള്ളിൽ അതിരറ്റ അക്രമവും അഴിമതിയും നടമാടിയിരുന്നു. ദേശത്തിന്റെ സമ്പത്തു മുഴുവൻ ഒരു ന്യൂനപക്ഷത്തിന്റെ

കൈകളിൽ ഒതുങ്ങി. ബഹുഭൂരിപക്ഷവും കഠിനമായ ചൂഷണത്തിനും പീഢനങ്ങൾക്കും ഇരയായി. കൈക്കൂലി വാങ്ങിയ ന്യായാധിപന്മാർ അന്യായം വിധിച്ചു. അനേകർ അടിമച്ചന്തകളിൽ വിലപേശിലിനിരയായി. ദേവാലയങ്ങളിൽ നടന്ന വിഗ്രഹാരാധനയും ഉത്സവാഘോഷങ്ങളും അനീതിക്കു മറപിടിച്ചു. ജെറൊബൊവാം രണ്ടാമന്റെ ഭരണം അതിന്റെ അവസാനത്തോടടുത്തപ്പോൾ ഈ അവസ്ഥ അസഹീനയമായിത്തീർന്നു. അപ്പോഴാണ് വിട്ടുവീഴ്ചയില്ലാത്ത കർത്താവിന്റെ വിധി വാചകവുമായി ആമോസ്, ഹോസിയാ എന്നീ കരുത്തരായ പ്രവാചകന്മാർ രംഗപ്രവേശം ചെയ്തത്. അവരുടെ പേരിലുള്ള പുസ്തകങ്ങളിൽ നിന്ന് ഈ കാലഘട്ടത്തിന്റെ വ്യക്തമായ ഒരു ചിത്രം ലഭിക്കും.

**c. അസറിയാ (ഉസിയാ ബി.സി. 781–740 2 രാജാ 15,1–7; 2 ദിന 26,1–23**

ജെറൊബൊവാം രണ്ടാമന്റെ സമകാലികനായ യൂദാ രാജാവിനെ രാജാക്കന്മാരുടെ പുസ്തകത്തിൽ മാത്രം അസറിയാ എന്നും മറ്റു ബൈബിൾ ഗ്രന്ഥങ്ങളിൽ ഉസിയാ എന്നും വിളിക്കുന്നു. "യാഹ്‌വേ സഹായിച്ചു" എന്നാണ് അസറിയാ എന്ന പേരിന് അർത്ഥം; ഉസിയാ എന്നാൽ "യാഹ്‌വേ ആണ് എന്റെ ശക്തി" എന്നും ഒരാൾ രണ്ടു വ്യത്യസ്ത പേരുകളിൽ അറിയപ്പെടാൻ കാരണമെന്തെന്ന് വ്യക്തമല്ല. അസറിയാ രാജകുമാരന് സ്ഥാനാരോഹണ സമയത്ത് നല്കിയ പുതിയ പേരാണ് ഉസിയാ എന്നു ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

യൂദായെ ഭരിച്ച അതിശക്തരായ രാജാക്കന്മാരിൽ ഒരുവനായിരുന്നു ഉസിയാ. അമ്പത്തിരണ്ടു വർഷം ഭരണം നടത്തിയ അയാൾക്കു കുഷ്ഠരോഗം ബാധിച്ചതൊഴിച്ച് മറ്റൊന്നും തന്നെ രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാനാരോഹണം, ഭരണ ദൈർഘ്യം, മരണം, പൂജാഗിരികൾ നശിപ്പിച്ചില്ല എന്നീ പല്ലവിക്കു പുറമെ അയാൾ കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിച്ചു എന്നു മാത്രമേ പറയുന്നുള്ളൂ. വെറും ഏഴു വാക്യങ്ങളിൽ വിവരണം ഒതുക്കിയിരിക്കുന്നു. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥത്തിൽ ഉസിയായുടെ വിവിധങ്ങളായ നേട്ടങ്ങളും അവസാനം ഉണ്ടായ പാളിച്ചകളും വിവരിക്കുന്നുണ്ട്.

ഉസിയായുടെ ജീവിതം രണ്ടു ഘട്ടമായി തിരിച്ചാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ആദ്യഘട്ടം ബഹുവിധ നേട്ടങ്ങളുടെതായിരുന്നു. സഖറിയായുടെ ഉപദേശമനുസരിച്ച് കർത്താവിനോടു ഭക്തനായിരുന്നിടത്തോളം കാലം അയാൾക്കു വിജയം കൈവരിക്കാൻ കഴിഞ്ഞു എന്ന പ്രസ്താവന (2 ദിന 26,5) ദൈവശാസ്ത്രപരമായ ഒരു വിശദീകരണമാണ്. യോവാഷ് രാജാവിന്റെ ചരിത്രം അവതരിപ്പിച്ചപ്പോൾ



കണ്ട അതേ നിലപാടാണ് (2 ദിന 25,2.17) ഇവിടെയും വി.ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നത്. അയൽ രാജ്യങ്ങളുടെമേൽ ആധിപത്യം, രാജ്യരക്ഷാ സംവിധാനങ്ങൾ, കാർഷിക രംഗത്തെ നൂതനാഭിമുഖ്യങ്ങൾ, സൈന്യസന്നാഹങ്ങൾ എന്നിങ്ങനെ നാലു മേഖലകളായി തിരിച്ച് ഉസിയായുടെ നേട്ടങ്ങൾ അവതരിപ്പിക്കുന്നു.

ഏദോമ്യരുടെമേൽ അമോസിയാ നേടിയ വിജയം ഉസിയാ പൂർണ്ണമാക്കി. ചെങ്കടൽ തീരത്തെ ഏലാത്ത് തുറമുഖം വീണ്ടെടുത്തു (2 ദിന 26,2). അതോടൊപ്പം സോളമന്റെ കാലത്തുണ്ടായിരുന്ന ഖനികൾ വീണ്ടും പ്രവർത്തനക്ഷമമാക്കുകയും കടൽ വ്യാപാരം പുനരാരംഭിക്കുകയും ചെയ്തുവെന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഫിലിസ്ത്യരുടെ പ്രദേശം മുഴുവൻ കീഴടക്കി പുതിയ പട്ടണങ്ങൾ പണിതു. ചാവുകടലിനു തെക്കുകിഴക്കുള്ള അമ്മോന്യരുടെമേൽ വീണ്ടും ആധിപത്യം ഉറപ്പിച്ചു (2 ദിന 26,6–8). അങ്ങനെ വടക്ക് ജെറൊബൊവാമും തെക്ക് ഉസിയായും ഒരുമിച്ച് ദാവിദീന്റെ സാമ്രാജ്യം പഴയ അതിർത്തികൾ വരെ പുനഃസ്ഥാപിച്ചു. ജറുസലെം നഗരം കോട്ടയും ഗോപുരങ്ങളും വഴി സുരക്ഷിതമാക്കിയതിനു പുറമേ, തന്ത്രപ്രധാനമായ നഗരങ്ങളിലെല്ലാം കോട്ടകൾ പണിത് രാജ്യം സുരക്ഷിതമാക്കുകയും ചെയ്തു.

നെഗെബ് മരുഭൂമിയിൽ കിണറുകൾ കുഴിച്ച് അതു ജനവാസയോഗ്യമാക്കി. ഉസിയായുടെ കാലത്തേതുപോലെ മറ്റൊരിക്കലും ആ പ്രദേശം ജനനിബിഢമായിരുന്നില്ല എന്നു പുരാവസ്തു ഗവേഷകർ തെളിയിച്ചിട്ടുണ്ട്. ഇടയന്മാർക്കും കർഷകർക്കും പ്രത്യേകമായ പ്രോത്സാഹനം നല്കി (2 ദിന 26,10–11). സുശക്തവും വിപുലവുമായ ഒരു സൈന്യത്തെ ശേഖരിച്ചതിനു പുറമെ, അവർക്ക് ആവശ്യമായ എല്ലാവിധ ആയുധങ്ങളും നിർമ്മിച്ചു. കോട്ടകളെ സംരക്ഷിക്കുന്നതിന് ഉപയുക്തമായ യന്ത്രസംവിധാനങ്ങൾ സൈനികരംഗത്തെ ഉസിയായുടെ പരിഷ്കാരമായിരുന്നു (2 ദിന 26,12–15). പീരങ്കിയുടെ ഒരു പ്രാകൃത രൂപമായി ഇതിനെ കരുതാവുന്നതാണ്.

ഉസിയാ രാജാവിന് കുഷ്ഠരോഗം ബാധിച്ചതിന് ദൈവശാസ്ത്രപരമായ ഒരു വിശദീകരണവും വി.ഗ്രന്ഥകാരൻ നല്കുന്നുണ്ട് (26,16–19). ദേവാലയത്തിൽ ധൂപം അർപ്പിക്കാൻ തുനിഞ്ഞതും പുരോഹിതന്മാരോടു കയർത്തതും രാജാവിന്റെ അഹങ്കാരത്തിന്റെ അടയാളമായി എടുത്തു കാട്ടുന്നു. തന്നെ തടയാൻ ശ്രമിച്ച പുരോഹിതന്മാരോടു കോപിച്ച ക്ഷണത്തിൽ രാജാവിന്റെ നെറ്റിയിൽ കുഷ്ഠം പ്രത്യക്ഷപ്പെട്ടു. അതു കർത്താവിന്റെ ശിക്ഷയാണെന്നു മനസിലാക്കിയ രാജാവ് വേഗം ദേവാലയത്തിൽ നിന്നു പുറത്തുകടന്നു. മരണം വരെ ഒരു പ്രത്യേക വസതിയിൽ കഴിഞ്ഞു

(2 ദിന 26,20-21). ദാവീദും സോളമനും കർത്താവിനു ബലിയർപ്പിച്ചതിൽ കുറ്റം കാണാത്തവർ എന്തുകൊണ്ട് ഉസിയാ ധൂപം അർപ്പിച്ചതിനെ കുറ്റ കരമായി ചിത്രീകരിക്കുന്നു എന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരമില്ല. ദേവാലയത്തിൽ ബലിയർപ്പിക്കുക പുരോഹിതന്മാരുടെ മാത്രം അവകാ ശമാണെന്നു എടുത്തുകാട്ടാൻ വേണ്ടി ദിനവൃത്താന്തഗ്രന്ഥകാരൻ നല്കുന്ന ഒരു വിശദീകരണമാണ് ഉസിയായുടെ കുഷ്ഠവും ബലിയർപ്പ ണവും തമ്മിലുള്ള ബന്ധം എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഉസിയാ മരിച്ച വർഷമാണ് ഏശയ്യാ പ്രവാചകനു വിളി ലഭിച്ചത് (ഏശ 6,1).

**വിചിന്തനം**: വളരെയേറെ കഴിവുകളുള്ള ഒരു നല്ല രാജാവായിരുന്നു ഉസി യാ. അയാൾ ജനനന്മയ്ക്കുതകുന്ന അനേകം കാര്യങ്ങൾ ചെയ്തു. പക്ഷെ തനിക്കു ലഭിച്ച വിജയമെല്ലാം സ്വന്തം കഴിവുകൊണ്ടു നേടിയ താണെന്നു തെറ്റിദ്ധരിച്ച അയാളിൽ അഹങ്കാരം നിറഞ്ഞു. അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്. അതു ഹൃദയത്തെ അന്ധവും അശുദ്ധവു മാക്കുന്നു. "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാം ദാന മായിരിക്കേ, ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?" (1 കോറി 4,7).

### 4. ഇസ്രായേലിന്റെ പതനം 2 രാജാ 15,8-17,41; 2 ദിന 27-28

ജെറൊബൊവാം രണ്ടാമന്റെ മരണത്തോടെ ഇസ്രായേലിന്റെ സുവർണ്ണ ദശ അവസാനിച്ചു. പ്രതാപത്തിന്റെ ഉച്ചകോടിയിൽ നിന്ന് നാശ ത്തിന്റെ പടുകുഴിയിലേക്കു കുപ്പുകുത്തി തകർന്നടിയുന്ന ഒരു രാജ്യ ത്തിന്റെ ചിത്രമാണ് അടുത്ത ഇരുപതു വർഷത്തെ ചരിത്രത്തിൽ പ്രത്യ ക്ഷപ്പെടുന്നത്. ബി.സി. 721ൽ സമറിയാ നശിപ്പിക്കപ്പെട്ടു. ആഭ്യന്തര കലാ പങ്ങളും അന്തർദ്ദേശീയ സംഭവ വികാസങ്ങളും ഈ തകർച്ചയ്ക്ക് കാര ണമായി. ബി.സി. 743 മുതൽ 721 വരെയുള്ള കാലഘട്ടത്തിൽ വടക്കൻ രാജ്യമായ ഇസ്രായേലിൽ ആറു രാജാക്കന്മാർ ഭരിച്ചു. അവരിൽ ഒരാൾ മാത്രമേ സ്വാഭാവികമായി മരിച്ചുള്ളൂ. നാലുപേർ ആഭ്യന്തര കലാപത്തിൽ കൊല്ലപ്പെട്ടു. അവസാനത്തെ രാജാവ് അസീറിയായുടെ തടവുകാരനാ യി. ഇസ്രായേലിനെ അപേക്ഷിച്ച് യൂദായിൽ ഭരണ സ്ഥിരതയുണ്ടായി രുന്നെങ്കിലും അന്താരാഷ്ട്ര സംഭവങ്ങളുടെ പ്രത്യാഘാതങ്ങൾ യൂദായ്ക്കും വളരെയേറെ ഹാനികരമായി.

സംഭവബഹുലമായ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിലേക്ക് പഠ നവിഷയമായ ബൈബിൾ ഭാഗങ്ങൾക്കുപുറമേ ഹോസിയാ, ഏശയ്യാ, മിക്കാ എന്നീ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളും വെളിച്ചം വീശുന്നുണ്ട്.



തിഗ്ലാത് പിലേസർ III (745-727); ഷൽമനേസർ V (727-722); സാർഗൺ II (722-705) എന്നീ അശിറിയ ചക്രവർത്തിമാരുടെ ദിനവൃത്താന്തങ്ങളും ഈ കാലഘട്ടത്തെക്കുറിച്ച് വിശദമായ അറിവുകൾ നല്കുന്നുണ്ട്. അസീ റിയൻ ചക്രവർത്തിമാരുടെ ദിനവൃത്താന്തങ്ങൾ കളിമൺ ഫലകങ്ങളിൽ എഴുതിയവയും കല്ലിൽ കൊത്തിയവയുമായി നമുക്കു ലഭിച്ചിട്ടുണ്ട് (see Ancient Near Estern Texts-ANET-Ed. by J.B. Pritchard, Princeton, New Jersey 1966 PP 269-301; especially PP 282-286).

പഠന വിഷയമായ കാൽ നൂറ്റാണ്ടുകാലത്തെ സംഭവങ്ങൾ മന സിലാക്കാൻ ആ കാലഘട്ടത്തിലെ മധ്യപൗരസ്ത്യ പൊതു രാഷ്ട്രീയാ ന്തരീക്ഷത്തെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും ഉണ്ടായിരിക്കുക ആവ ശ്യമാണ്. സാവൂൾ മുതൽ അസറിയാ-ജെറൊബൊവാം രണ്ടാമൻ വരെ യുള്ള രാജാക്കന്മാരെല്ലാവരും തന്നെ അയൽ രാജ്യങ്ങളുമായി ഏതെ ങ്കിലും തരത്തിലുള്ള യുദ്ധങ്ങളിലോ സമാധാന ഉടമ്പടികളിലോ ഏർപ്പെ ട്ടിരുന്നു. എന്നാൽ അവയെല്ലാം പ്രായേണ ചെറിയ രാജ്യങ്ങളായിരുന്നു. കിഴക്ക് മെസൊപ്പൊട്ടാമിയായിലും പടിഞ്ഞാറ് ഈജിപ്തിലും ഉള്ള വൻ സാമ്രാജ്യ ശക്തികൾ ആ കാലയളവിൽ പൊതുവേ ദുർബലരായിരുന്ന തിനാൽ യൂദാ-ഇസ്രായേൽ രാജ്യങ്ങൾക്ക് അവയുമായി അധികമൊന്നും ഇടപെടേണ്ടിവന്നിരുന്നില്ല. എന്നാൽ 8-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി യിൽ വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷം സംജാതമായി.

ബി.സി. 745ൽ തിഗ്ലാത് പിലേസർ മൂന്നാമൻ അസീറിയായുടെ അധിപനായി ഭരണമേറ്റു. മുൻഗാമികളക്കാളെല്ലാം ശക്തനും പരാക്രമ ങ്ങൾ അടിച്ചമർത്തി. തെക്ക് ബാബിലോണിനെയും വടക്ക് ഉരാർത്തു രാജ്യത്തെയും അവരുടെ അതിർത്തികൾക്കുള്ളിൽ ഒതുക്കി നിർത്താൻ അയാൾക്കു കഴിഞ്ഞു. തുടർന്ന് യൂഫ്രട്ടീസിന് പടിഞ്ഞാറോട്ട് പടയോട്ടം ആരംഭിച്ചു. മധ്യധരണ്യാഴി വരെയുള്ള രാജ്യങ്ങൾ മുഴുവൻ കീഴടക്കുക യായിരുന്നു ലക്ഷ്യം. ഇതിനുമുമ്പും അസീറിയൻ ചക്രവർത്തിമാർ ഇപ്ര കാരമുള്ള പടയോട്ടങ്ങൾ നടത്തിയിട്ടുണ്ട്. ഷൽമനേസർ മൂന്നാമനെ ആഹാബ്-ബെൻഹദാദ് സഖ്യം 852ൽ ഖർഖാരിൽ വച്ചു തടഞ്ഞത് നാ കണ്ടു. അദാദ് നിരാരി മൂന്നാമൻ ഈ പ്രദേശങ്ങളുടെമേൽ വിജയം വരി ച്ചെങ്കിലും ഹസായേലിന്റെ ഡമാസ്കസ് പിടിച്ചടക്കാൻ കഴിയാതെ പിന്തി രിഞ്ഞതും നാം കണ്ടുകഴിഞ്ഞു. അവരൊക്കെ ഒരു പടയോട്ടം നടത്തി, കപ്പം പിരിക്കാൻ മാത്രമേ ശ്രദ്ധിച്ചുള്ളൂ. എന്നാൽ തിഗ്ളാത് പിലേസ റിന്റെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. വിജയിച്ചു കൊള്ളമുതലുമായി തിരിച്ചു പോകാനല്ല, കീഴടക്കിയ രാജ്യങ്ങളെ അസീറിയായുടെ ഭാഗമാക്കി മാറ്റാനാണ് അയാൾ ശ്രമിച്ചത്.

തിഗ്ളാത് പിലേസർ മൂന്നാമൻ യുഫ്രട്ടീസിനു പടിഞ്ഞാറു നേടിയ ആദ്യവിജയങ്ങളുടെ പട്ടികയിൽ 'അസറിയാവു യവുദി' നയിച്ച സഖ്യ ശക്തികളെ തകർത്തതിന്റെ വിശദമായ ഒരു വിവരണം നല്കുന്നുണ്ട്. ഇതിനെക്കുറിച്ചു ബൈബിളിൽ പരാമർശിക്കുന്നില്ലെങ്കിലും യൂദായിലെ അസറിയാ ആണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. ജെറൊബൊവാം രണ്ടാമന്റെ മരണത്തിനുശേഷം ബി. സി. 743 ൽ നടന്ന യുദ്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കുഷ്ഠ രോഗിയും വൃദ്ധനും ആയെങ്കിലും യൂഫ്രട്ടീസിനു പടിഞ്ഞാറ് അന്നു ണ്ടായി രുന്ന ഏറ്റം ശക്തനും പരിചയസമ്പന്നനുമായ രാജാവായിരുന്നു അസറിയാ. ഇസ്രായേൽ, സിറിയാ, ഹാമാത്ത് മുതലായ രാജ്യങ്ങളെല്ലാം ഒരുമിച്ച് തിഗ്ളാത് പിലേസറിനെ എതിരിട്ടെങ്കിലും അവർക്കു വിജയി ക്കാൻ കഴിഞ്ഞില്ല. അസീറിയാ കൂടുതൽ കൂടുതൽ അക്രമാസക്തമാ യി. അവരെ ചെറുത്തു നിൽക്കാൻ ആർക്കും സാധിച്ചില്ല. ഈജിപ്ത് ആഭ്യന്തര കലാപങ്ങളാൽ തീർത്തും ദുർബലമായിത്തീർന്നിരുന്നു. ഇനി അങ്ങോട്ടുള്ള ഇസ്രായേൽ-യൂദാചരിത്രം സാമ്രാജ്യ ശക്തികൾ പരത്തിയ മരണത്തിന്റെ നിഴലായാണ് ചുരുളഴിയുന്നത്.

### a. ഇസ്രായേലിലെ അഞ്ചു രാജാക്കന്മാർ 2 രാജാ 15,8-31

ബി.സി. 743ൽ ജെറൊബൊവാം രണ്ടാമൻ മരിച്ചു. അതോടെ കൊടുങ്കാറ്റിൽപ്പെട്ട കപ്പൽ പോലെയായി ഇസ്രായേൽ രാജ്യത്തിന്റെ അവ സ്ഥ. അസീറിയ ഉയർത്തിയ കൊടുങ്കാറ്റിൽ മുങ്ങാൻ പോകുന്ന കപ്പ ലിനെ നിയന്ത്രിക്കാൻ കഴിവുള്ള നേതാക്കന്മാർ ഇസ്രായേലിൽ ഉണ്ടാ യിരുന്നില്ല. രാജ്യം ആഭ്യന്തര കലാപത്തിൽ മുഴുകി. അധികാരമത്സര ത്തിൽ പത്തുവർഷത്തിനകം നാലുപേർ രാജത്വം അവകാശപ്പെടുത്തി. കൊല ചെയ്യപ്പെട്ടു. ദേശത്ത് അനീതിയും തേർ വാഴ്ച നടത്തി. ഈ കാലഘട്ടത്തിന്റെ വ്യക്തമായ ചിത്രം ഹോസിയാ 7,1-7; 8,4; 10,3-4 വായി ച്ചാൽ ലഭിക്കും.

### i. സഖറിയാ (ബി.സി. 743) 2 രാജാ 15,8-12

നാല്പത്തൊന്നു വർഷത്തെ സുദീർഘമായ ഭരണത്തിനുശേഷം ജെറൊബൊവാം രണ്ടാമൻ മരിച്ചപ്പോൾ മകൻ സഖറിയാ ഇസ്രായേ ലിൽ രാജാവായി. "യാഹ്വേ അനുസ്മരിച്ചു" എന്നാണ് പേരിന്റെ അർത്ഥം. പിതാവിന്റെ ഗുണങ്ങൾ ഒന്നുംതന്നെ സ്വന്തമായി ഇല്ലാതിരുന്ന അയാൾക്ക് ആറുമാസം മാത്രമേ ഭരിക്കാൻ കഴിഞ്ഞുള്ളൂ. ഷല്ലും അയാളെ ഗൂഢാലോചനയിൽ വധിച്ചപ്പോൾ യേഹുവിന്റെ കുടുംബത്തെക്കുറിച്ചു നല്കപ്പെട്ട പ്രവാചക വചനം (2 രാജാ 10,30) പൂർത്തിയായി. യൂദാരാജാ



വായി അഹസിയായെ യേഹു മാരകമായി മുറിവേല്പിച്ചത് ഇബ്ശയാ മിന് അടുത്തുവച്ചായിരുന്നു (2 രാജാ 9,27). അഴിടെവച്ച് യേഹുവിന്റെ നാലാം തലമുറയിലെ പുത്രനെ വധിച്ച് രാജവംശത്തെ അവസാനിപ്പി ച്ചത് ആഹാബിനും ജെസബെല്ലിനുമെതിരേ ഉണ്ടായ പ്രവചനത്തിന്റെ പൂർത്തീകരണത്തെ അനുസ്മരിപ്പിക്കുന്നു.

### ii. ഷല്ലും (ബി.സി. 743) 2 രാജാ 15,13-15

യാബെഷിന്റെ പുത്രൻ എന്നല്ലാതെ ഷല്ലുമിനെക്കുറിച്ച് മറ്റു യാതൊരു വിവരവും വി.ഗ്രന്ഥകാരൻ നല്കുന്നില്ല. ദൈവ നിയോഗമോ, പ്രവാചക പിന്തുണയോ, ജനത്തിന്റെ അംഗീകാരമോ അയാൾക്കുണ്ടാ യിരുന്നില്ല. രാജാവിനെതിരേ ഗൂഢാലോചനയ്ക്ക് അയാളെ പ്രേരിപ്പിച്ച കാരണം അധികാര മോഹം മാത്രമായിരുന്നു. ഒരു മാസത്തിനകം അയാളും വധിക്കപ്പെട്ടു. അങ്ങനെ ഇസ്രായേലിൽ ഏറ്റം കുറഞ്ഞ കാലം ഭരിച്ച രാജാക്കന്മാരുടെ രണ്ടാം സ്ഥാനം അയാൾക്കു ലഭിച്ചു. ഏഴു ദിവസം ഭരിച്ച സിമ്രിക്കാണ് ഒന്നാം സ്ഥാനം (1 രാജാ 16,15). രാജ്യം ആഭ്യന്തര മായി എത്രമാത്രം ദുർബലമായിത്തീർന്നു എന്നതിന്റെ അടയാളമാണ് തുടരെത്തുടരെയുണ്ടായ കൊലപാതകങ്ങളും അധികാര മാറ്റവും.

### iii മെനാഹെം (743-738) 2 രാജാ 15,16-22

ചതിയിൽ കൊല്ലപ്പെട്ട സഖറിയാ ഒരു സേനാധിപതിയായിരുന്നു മെനാഹെ എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. 'ആശ്വാസകൻ' എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളുടെ ഭരണം ഇസ്രായേ ലിന് ഒരാശ്വാസവും നല്കിയില്ല. തന്നെ രാജാവായി അംഗീകരിക്കാൻ വിസമ്മതിച്ച തപ്പുവാ നഗരം നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന ഗർഭിണികളുടെ ഉദരം പിളർക്കുകയും ചെയ്തത് അതി ക്രൂരമായ പ്രതി കാര നടപടിയാണ്. 'തപ്പുവാ' എന്ന പേര് ഗ്രീക്കു വിവർത്തനമാണ്. ഹീബ്രുവിൽ തിഫ്സാ എന്നാണ് നഗരം അറിയപ്പെടുന്നത്. ഷെക്കെമിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ തെക്ക്, മനാസ്സെയുടെ ഗോത്രാതിർത്തി യിലുണ്ടായിരുന്ന ഒരു പട്ടണമാണിത് (ജോഷ്വാ 17,7-8).

അസീറിയാ രാജാവായ 'പൂൽ' ഇസ്രായേലിനെ ആക്രമിച്ചപ്പോൾ ആയിരം താലന്തു വെള്ളി സമ്മാനിച്ച് അയാളെ പിന്തിരിപ്പിച്ചതാണ് മെനാ ഹിന്റെ മറ്റൊരു ചെയ്തി. തിഗ്ലാത് പിലേസർ മൂന്നാമൻ ബി.സി. 729ൽ ബാബിലോൺ കീഴടക്കി അവിടെ രാജാവായി സ്വയം പ്രഖ്യാപിച്ചപ്പോൾ സ്വീകരിച്ച സ്ഥാനപ്പേരാണ് 'പൂൽ' ദിനവൃത്താന്ത ഗ്രന്ഥത്തിൽ 'തിൽഗത്ത് പിൽനേസർ' (2 ദിന 28,20) എന്നാണ് ഈ രാജാവിനെ വിളി ക്കുന്നത്. താൻ കീഴടക്കി കപ്പം വാങ്ങിയവരുടെ പട്ടികയിൽ തിഗ്ലാത്ത്

പിലേസർ ഇസ്രായേൽ രാജാവായ മെനാഹെമിന്റെ പേരും ചേർത്തിട്ടുണ്ട്. ബി.സി. 743ൽ അസിറിയായുടെ നേതൃത്വത്തിൽ ചെറുത്തുനില്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ട സാഹചര്യത്തിലാവാം മെനാഹെം ആയിരം താനന്ത് (ഏകദേശം 35 ടൺ) വെള്ളി കൊടുത്ത് സമാധാനം വിലയ്ക്കുവാങ്ങിയത്. അതിനായി 50 ഷെക്കൽ (550 ഗ്രാം) വെള്ളി വീതം ഇസ്രായേൽ പൗരന്മാരിൽ നിന്ന് നികുതിയായി പിരിച്ചെടുത്തു (2 രാജാ 15,20). ഈ സാഹചര്യങ്ങളൊന്നും വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നില്ല. തന്റെ സിംഹാസനം ഉറപ്പിക്കുക എന്ന ഏകലക്ഷ്യമേ മെനാഹെമിൽ ആരോപിക്കുന്നുള്ളൂ. കപ്പം അസീറിയാ രാജാവ് പിന്തിരിഞ്ഞെങ്കിലും ഇസ്രായേലിനു സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ഇനി അസീറിയായുടെ ഒരു സാമന്തരാജ്യം എന്ന നിലയേ ഇസ്രായേലിനുള്ളു. അതിനോടു യോജിക്കാത്ത അനേകർ ഇസ്രായേലിലുണ്ടായിരുന്നു. മെനാഹെമിന്റെ മരണത്തിനുശേഷം അയാളുടെ പുത്രന്മാരെ കലാപമുണ്ടാകാൻ ഇതു കാരണമായി.

### iv. പെക്കാഹിയാ (738–737) 2 രാജാ 15,23–26

യാഹ്‌വേ (കണ്ണുകൾ) തുറന്നു' എന്നാണ് പെക്കാഹിയാ എന്ന പേരിന്റെ അർത്ഥം. മെനാഹെമിന്റെ പുത്രനായ ഇയാൾ രാജാവായി രണ്ടു വർഷത്തിനു മുമ്പേ പടനായകനായ പെക്കാഹിനാൽ കൊല്ലപ്പെട്ടു. പിതാവും പുത്രനും അസീറിയായോടു സ്വീകരിച്ച വിധേയത്വത്തിന്റെ നിലപാടിനോടുള്ള എതിർപ്പാണ് ഈ കൊലപാതകത്തിനു പ്രേരിപ്പിച്ചത് എന്ന് അനുമാനിക്കാം. ഇസ്രായേൽ രാജാക്കന്മാർക്കെതിരേ പൊതുവേ നിരത്തുന്ന ആരോപണങ്ങളൊഴികെ മറ്റൊന്നും തന്നെ വി.ഗ്രന്ഥകാരൻ പെക്കാഹായിയാക്കുറിച്ചു രേഖപ്പെടുത്തിയിട്ടില്ല.

### V. പെക്കാഹ് (787–732) 2 രാജാ 15,27–31

പെക്കാഹിയായുടെ സേനാനായകനായിരുന്നു ഗിലയാദുകാരനായ പെക്കാഹ്. രണ്ടു പേരുകളുടെയും അർത്ഥം ഒന്നുതന്നെ. അയാൾ ഇസ്രായേലിൽ ഇരുപതു വർഷം ഭരിച്ചു എന്ന പ്രസ്താവന മുഴനിലയ്ക്ക് എടുക്കാനാവില്ല. ബൈബിളിലെതന്നെ കണക്കുകളും അസീറിയാ രാജാവിന്റെ ദിനവൃത്താന്തങ്ങളും പരിഗണിക്കുമ്പോൾ ആറു വർഷമേ അയാൾ ഇസ്രായേലിൽ രാജാവായി ഇരുന്നുള്ളൂ എന്ന് വ്യാഖ്യാതാക്കൾ സമർത്ഥിക്കുന്നു. ഇരുപതു വർഷത്തെ ഭരണത്തിന് മറ്റൊരു വിശദീകരണം നല്കാറുണ്ട്. ജെറൊബൊവാമിന്റെ മരണത്തെതുടർന്ന് അയാൾ ഗിലയാദിൽ അധികാരം സ്ഥാപിച്ച് ഭരണം ആരംഭിച്ചു. മെനാഹെമിന്റെ കാലത്തും അയാൾ ഗിലയാദിൽ ഭരണം തുടർന്നു. ഇത് മെനാഹാമിന്റെ നിലനില്പിനു തന്നെ ഭീഷണിയായി. അസീറിയാ രാജാവിന് സമ്മാനം നല്കി



മെനാഹെം തന്റെ സിംഹാസനം ഉറപ്പിച്ചു എന്ന് 2 രാജാ 15,19ൽ പറയുന്നത് ഈ പശ്ചാത്തലത്തിലായിരിക്കും. തിഗ്ലാത്ത് പിലേസറിന്റെ പിന്തുണ മെനാഹെമിനു ലഭിച്ചപ്പോൾ പെക്കാഹ് കീഴടങ്ങി. അതിനാൽ അയാളെ ഇസ്രായേൽ രാജാവ് തന്റെ ഒരു സേനാധിപനാക്കി ബഹുമാനിച്ചു. എന്നാൽ മെനാഹെമിന്റെ മരണത്തിനുശേഷം പെക്കാഹിയായെ വധിച്ച് സ്വയം രാജാവായി. ഈ കാലഘട്ടം മുഴുവൻ കണക്കിലെടുത്തുകൊണ്ട് വണം ഇരുപതു വർഷം എന്നു പറയുന്നത്.

രാജാവായ ഉടനെ പെക്കഹ് സിറിയായുമായി സഖ്യം ചെയ്തു സമീപസ്ഥരയ മറ്റു പല ചെറിയ രാജ്യങ്ങളും സഖ്യത്തിൽ ചേർന്നു. അസീറിയായ്ക്കെതിരേ വലിയൊരു പ്രതിരോധനിര സൃഷ്ടിക്കുകയായിരുന്നു സഖ്യത്തിന്റെ ലക്ഷ്യം. അതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ യൂദാ രാജാക്കന്മാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തിയാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. അസീറിയായുടെ ആക്രമണത്തിൽ ഇസ്രായേലിനുണ്ടായ നഷ്ടവും പെക്കാഹിന്റെ മരണവും ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് യൂദാ രാജാക്കന്മാരിലേക്കു ശ്രദ്ധതിരിക്കുന്നു.

## b. യൂദായിലെ രണ്ടു രാജാക്കന്മാർ

### യോഥാം (740–736) 2 രാജാ 15,32–38; 2 ദിന 27,1–9

"യാഹ്‌വേ പൂർത്തിയാക്കട്ടെ" എന്നാണ് യോഥാം എന്ന പേരിന്റെ അർത്ഥം. ഉസിയാ കുഷ്ഠരോഗിയായിത്തീർന്നതുമുതൽ യുവരാജാവായ യോഥാമാണ് രാജ്യം ഭരിച്ചിരുന്നത്. ആ കാലഘട്ടം കൂടി കണക്കിലെടുത്തുകൊണ്ടാവണം 16 വർഷം അയാൾ യൂദായെ ഭരിച്ചു എന്നു പറയുന്നത്. നീതിമാനായ ഒരു രാജാവായിട്ടാണ് ഇരു ഗ്രന്ഥങ്ങളും യോഥാമിനെ ചിത്രീകരിക്കുന്നത്. ഉസിയായുടെ കാലത്തെ സമ്പൽസമൃദ്ധി പുത്രന്റെ കാലത്തും തുടർന്നു. ജറുസലെം പട്ടണം കൂടുതൽ ബലിഷ്ഠമാക്കിയതിനു പുറമേ, ദേശത്തിന്റെ തന്ത്ര പ്രധാനമായ പല ഭാഗങ്ങളിലും കോട്ടകൾ പണിത് രാജ്യവും സുരക്ഷിതമാക്കി. അസീറിയായുടെ ആക്രമണം യൂദായെ ബാധിച്ചില്ല. അമ്മോന്യരുടെമേൽ ആധിപത്യം സ്ഥാപിക്കാനും അവരിൽനിന്നു വലിയ തുക കപ്പമായി ഈടാക്കാനും യോഥാമിനു കഴിഞ്ഞു. ഏലാത്ത് തുറമുഖത്തു നിന്ന് പുരാവസ്തു ഗവേഷകർ യോഥാമിന്റെ മുദ്ര പതിച്ച ഒരു നാണയം കണ്ടെടുക്കുകയുണ്ടായി. ഏദോമും അയാളുടെ അധീനതയിലായിരുന്നു എന്ന് അനുമാനിക്കാൻ ഇതു സഹായിക്കുന്നു. എന്നാൽ യോഥാമിന്റെ ഭരണത്തിന്റെ അവസാന വർഷം യൂദായുടെ ദുരിതങ്ങൾ ആരംഭിച്ചു (2 രാജാ 15,37).

യൂഫ്രട്ടീസിനു പടിഞ്ഞാറുള്ള ഏറ്റം ശക്തമായ രാജ്യമായിരുന്നു യോഥാം ഭരിച്ച യൂദാ. അസീറിയായ്ക്കെതിരേ പ്രതിരോധത്തിനൊരുങ്ങിയ

ഇസ്രായേൽ-സിറിയാ രാജ്യങ്ങൾ യൂദായെയും സഖ്യത്തിനു ക്ഷണിച്ചു. 734ലെ പരാജയത്തിന്റെ അനുഭവം മുന്നിൽ കണ്ടുകൊണ്ടാവണം, യോഥാം സഖ്യം ചേരാൻ തയ്യാറായില്ല. ഇതു തങ്ങൾക്കു ഭീഷണിയാകും എന്നു കരുതിയ സഖ്യശക്തികൾ യൂദായ്ക്കെതിരേ നീങ്ങി.യോഥാമിനെ മാറ്റി തങ്ങളോടു യോജിക്കുന്ന ഒരാളെ യൂദായിൽ രാജാവാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ യുദ്ധം ആരംഭിച്ചപ്പോഴേക്കും യോഥാം മരിച്ചു. പുത്രൻ ആഹാസിനാണ് സഖ്യശക്തികളെ നേരിടേണ്ടിവന്നത്.

### ii. ആഹാസ് (736-716) 2 രാജാ 16,1-20; 2 ദിന 28,1-27

''അവൻ പിടിച്ചു' എന്നാണ് ആഹാസ് എന്ന പേരിന്റെ വാച്യാർത്ഥം. കർത്താവ് കൈപിടിച്ചു നയിക്കുന്നു എന്ന് ധ്വനി. 'യഹോവാസ് എന്ന പേരിൽ നിന്ന് 'യാഹ്‌വേ'യെക്കുറിച്ചുള്ള സൂചനമാറ്റിയുണ്ടാക്കിയ ഹ്രസ്വരൂപമാണിത്. അഹസിയാ എന്ന പേരും ഇതേ മൂലത്തിൽ നിന്നുണ്ടായതാണ്. ഇരുപതാം വയസിൽ രാജാവായ ആഹാസ് പതിനാറു വർഷം യൂദായെ ഭരിച്ചുവെന്ന് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചരിത്രസംഭവങ്ങൾ സമകാലിക രേഖകളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്ന ചരിത്രകാരന്മാർ അയാളുടെ ഭരണകാലം ഇരുപതു വർഷമായിരുന്നു എന്ന നിഗമനത്തിലാണ് എത്തുന്നത്.

വിഗ്രഹാരാധകരും കർത്താവിൽ വിശ്വാസമർപ്പിക്കാത്ത ഭീരുവും നീതിബോധമില്ലാത്തവനും, യൂദായുടെ നാശത്തിനു കാരണക്കാരനുമായ ഒരു ദുഷ്ടനായിട്ടാണ് ഇരു ഗ്രന്ഥങ്ങളും ആഹാസിനെ ചിത്രീകരിക്കുന്നത്. പഠന വിഷയമായ ബൈബിൾ ഭാഗങ്ങൾക്കു പുറമെ ഏശ 7-8 അധ്യായങ്ങളും അയാളുടെ കാലഘട്ടത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. നിശിതമായ വിമർശനങ്ങൾക്കു വിഷയമാകുന്ന ആഹാസിന്റെ പ്രവൃത്തികളിൽ പലതും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായിരുന്നു. അതിരൂക്ഷമായ പ്രതിസന്ധിയിൽ പിടിച്ചു നിൽക്കാൻ പറ്റിയ പരിചയ സമ്പത്തോ യുദ്ധനൈപുണ്യമോ, ബുദ്ധി വൈഭവമോ, വിശ്വാസ ദൃഢതയോ ആഹാസിനുണ്ടായിരുന്നില്ല. അയാളുടെ ഭരണം യൂദായിൽ വിഗ്രഹാരാധനയും അനീതികളും പെരുകുന്നതിനു കാരണമായി.

അസീറിയായ്ക്കെതിരേ സഖ്യം ചേരാൻ വിസമ്മതിച്ചതിന്റെ പേരിൽ യൂദായ്ക്കെതിരേ ഇസ്രായേൽ-സിറിയാ സംയുക്ത സൈന്യം യുദ്ധം ആരംഭിച്ചപ്പോഴാണ് യൂദാ രാജാവായ യോഥാം മരിച്ചത്. പിതാവിന്റെ നയം തന്നെ തുടരാൻ ആഹാസ് തീരുമാനിച്ചു. അയാളെ രാജസ്ഥാനത്തു നിന്നു മാറ്റി പകരം തങ്ങളുടെ ഹിതാനുവർത്തിയായ തബേ



ലിന്റെ പുത്രനെ യൂദാരാജാവാക്കുക എന്ന ലക്ഷ്യമായിരുന്നു സഖ്യകക്ഷികൾക്ക് ഉണ്ടായിരുന്നത് (ഏശ 7,6). സിറിയായുടെയും ഇസ്രായേലിന്റെയും സൈന്യം യൂദായെ ആക്രമിച്ച് വലിയ നാശനഷ്ടങ്ങൾ വരുത്തി; അനേകംപേരെ തടവുകാരാക്കി കൊണ്ടുപോയി (2 രാജാ 16,5; 2 ദിന 28,5-7) യൂദായിൽ നിന്ന് സമറിയായിലേക്കു കൊണ്ടുവന്ന തടവുകാരെ വിട്ടയയ്ക്കാൻ ഒദേദ് പ്രവാചകന്റെ വാക്കനുസരിച്ച് ഇസ്രായേൽ ജനം തയ്യാറായി (2 ദിന 28,8-15) എന്ന ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത് പൂർണ്ണമായും ചരിത്ര വസ്തുതയാണോ എന്നു കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. നാശത്തിന്റെ വക്കിൽ എത്തിനിന്ന ഇസ്രായേൽ പ്രായേണ സുരക്ഷിതമായിരുന്ന യൂദായെക്കാൾ ധാർമ്മികതയിൽ മെച്ചമായിരുന്നു എന്ന് എടുത്തു കാണിക്കുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. എന്നാൽ യൂദായുമായി സഖ്യം ചെയ്യാനുള്ള സാധ്യത ഇനിയും പൂർണ്ണമായി തള്ളിക്കളയാതിരുന്ന ഇസ്രായേലിലെ ഒരു വിഭാഗം പ്രവാചകനായ ഒദേദിന്റെ വാക്കു സ്വീകരിക്കുകയും തടവുകാരെ തിരിച്ചയയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതാവാം. തടവുകാരുടെ സംഖ്യയിൽ, ദിനവൃത്താന്ത ഗ്രന്ഥത്തിൽ പൊതുവേ കാണുന്ന അതിശയോക്തിയുണ്ട്.

ഇസ്രായേൽ-സിറിയാ സംയുക്ത സൈന്യം വടക്കു നിന്ന് ആക്രമിച്ച അതേ സമയത്തു തന്നെ തെക്ക് ഏദോമ്യരും പടിഞ്ഞാറ് ഫിലിസ്ത്യരും യൂദായ്ക്കെതിരേ തിരിഞ്ഞു (2 രാജാ 16,6; 2 ദിന 28,16-18). ഈ രാജ്യങ്ങളും അസീറിയായ്ക്കെതിരേയുള്ള സഖ്യത്തിൽ ചേർന്നിരുന്നു. അവർ യൂദായുടെ ആധിപത്യത്തിൽ നിന്നു തങ്ങളുടെ പ്രദേശങ്ങൾ മോചിപ്പിക്കുക മാത്രമല്ല, പരമ്പരാഗതമായി യൂദായുടെ ഭാഗമായിരുന്ന പ്രദേശങ്ങളിൽ കടന്ന് ആക്രമിക്കുകയും ചെയ്തു. അമ്മോന്യരെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ലെങ്കിലും ഈ സാഹചര്യത്തിൽ അവരും സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുണ്ടാവണം. മൂന്നു ദിക്കിൽ നിന്നു ശത്രു സൈന്യം യൂദായിലേക്ക് ഇരമ്പിക്കയറിയപ്പോൾ ആഹാസ് വലിയൊരു പ്രതിസന്ധിയിലായി.

ഈ സാഹചര്യത്തിലാണ് ഏശയ്യാ പ്രവാചകൻ ആഹാസിനെ സമീപിച്ച് കർത്താവിൽ ആശ്രയിക്കാൻ പ്രേരിപ്പിക്കുകയും അവിടുന്ന് രക്ഷിക്കും എന്നതിന് അടയാളമായി "എമ്മാനുവേൽ പ്രവചനം" നടത്തുകയും ചെയ്തത് (ഏശ 7,1-14). എന്നാൽ മാനുഷികമായ സകല കണക്കുകൂട്ടലുകളെയും മറികടക്കുന്ന ഒരു വിശ്വാസം ഇതിന് ആവശ്യമായിരുന്നു. അത്രവലിയൊരു വിശ്വാസത്തിന് ഉടമയല്ലാതിരുന്ന ആഹാസ് തന്റെ യുക്തിക്ക് അനുസൃതമായ പ്രായോഗിക തീരുമാനം എടുത്തു.

വലിയ സമ്മാനങ്ങളുമായി ദൂതന്മാരെ അയച്ച് അസിറിയാ രാജാവിന്റെ സഹായം തേടി (2 രാജാ 16,7-8). ബി.സി. 735ലാണ് ഇതു സംഭവിച്ച തെന്ന് ചരിത്രകാരന്മർ അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിലായി രിക്കാം ആഹാസ് സ്വന്തം പുത്രനെ ബലിയർപ്പിച്ചത് (2 രാജാ 16,3;2 ദിന 8,3).

ആഹാസിന്റെ അഭ്യർത്ഥന തിഗ്ളാത്ത് പിലേസർ സസന്തോഷം സ്വീകരിച്ചു; ജറൂസലെമിനെ ഉപരോധിച്ചിരുന്ന സഖ്യസൈന്യം തകർത്ത് അസീറിയായെ നേരിടാൻ വേണ്ടി പിൻവാങ്ങി. സഖ്യശക്തികളെ ഓർത്ത് അസീറിയൻ സൈന്യം ഇസ്രായേലിന്റെ വടക്കൻ പ്രദേശങ്ങൾ കീഴടക്കി; മധ്യധരണ്യാഴിയുടെ തീരത്തുകൂടെ തെക്കോട്ടു നീങ്ങി ഫിലിസ്ത്യ നഗ രങ്ങൾ നശിപ്പിച്ചു. ഈജിപ്തിൽ നിന്നുള്ള സഹായം സഖ്യശക്തികൾക്കു ലഭ്യമാക്കാതിരിക്കുകയായിരുന്നു ഈ ആക്രമണത്തിന്റെ പ്രഥമലക്ഷ്യം. തുടർന്ന് വടക്കോട്ടു നീങ്ങിയ അസീറിയൻ സൈന്യം ജോർദ്ദാനു കിഴ ക്കുണ്ടായിരുന്ന ഇസ്രായേൽ ഭൂപ്രദേശങ്ങൾ കീഴടക്കി. അവസാനം ബി. സി. 732 ൽ സിറിയായെ പരിപൂർണ്ണമായി തോല്പിച്ച് ഡമാസ്കസ് പിടി ച്ചടക്കി. സിറിയാ രാജാവായ റസീനെ വധിച്ചു. കീഴടക്കിയ സിറിയായെ അസീറിയായുടെ നാലു പ്രവിശ്യകളാക്കി മാറ്റി; ഇസ്രായേലിൽ നിന്നു പിടിച്ചെടുത്ത പ്രദേശങ്ങളെ മൂന്നു അസീറിയൻ പ്രവശ്യകളാക്കി. കീഴട ക്കിയ രാജ്യങ്ങളിൽ നിന്ന് അനേകം പേരെ അസീറിയായുടെ വിദൂരസ്ഥ മായ പ്രദേശങ്ങളിലേക്കു നാടുകടത്തി (2 രാജാ 15,29;16,9). ഈ യുദ്ധ ങ്ങൾക്കിടയിൽ ഇസ്രായേൽ രാജാവായ പെക്കാഹിനെ വധിച്ചു രാജാ വായ ഹോസിയാ തിഗ്ളാത്ത് പിലേസറിനു കീഴടങ്ങി, സമറിയായെ നാശ ത്തിൽ നിന്നു രക്ഷിച്ചു.

ആഹാസിന്റെ തന്ത്രം പ്രത്യക്ഷത്തിൽ യൂദായ്ക്ക് സഹായകമാ യി. പക്ഷേ അതു ദൂരവ്യാപകമായ വിപത്തുകൾക്കു വഴിയൊരുക്കി. യൂദാ യുടെ സഹായാഭ്യർത്ഥന കൂടാതെ തന്നെ അസീറിയാ സഖ്യകക്ഷി കൾക്കെതിരേ നീങ്ങുമായിരുന്നു. ഏശയ്യായുടെ പ്രവചനം പൂർത്തിയാ വുകയും ചെയ്യുമായിരുന്നു. രൂക്ഷമായ പ്രതിസന്ധിയിൽ കണ്ണടച്ച് കർത്താവിൽ വിശ്വസിക്കുന്നതിനു പകരം നയതന്ത്രത്തിൽ ആശ്രയിച്ചത് യൂദായ്ക്കു വിനയായി. രാഷ്ട്രീയതലത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് അസീറിയായുടെ ഒരു സമാന്തര രാജ്യമായിത്തീർന്നു യൂദാ. മതപരമായ തലത്തിലും ഇതിന്റെ വലിയ പ്രത്യാഘാതങ്ങളുണ്ടായി.

കീഴടക്കിയ രാജ്യങ്ങളിൽ തങ്ങളുടേതായ മതാചാരങ്ങൾ പ്രചരി പ്പിക്കുക അസീറിയായുടെ നയമായിരുന്നു. അതനുസരിച്ച് ഡമാസ്കസി ലേക്കു വിളിച്ചു വരുത്തിയ ആഹാസിന് തിഗ്ളാത്ത് പിലേസർ നിർദ്ദേശ



ങ്ങൾ നല്കി. ഇത് യൂദായുടെ വിശ്വാസത്തിലും ആചാരങ്ങളിലും കാര്യ മായ മാറ്റങ്ങൾ വരുത്തി. അസീറിയൻ മാതൃകയിലുള്ള വലിയ ബലി പീഠം ജറുസലെം ദേവാലയത്തൽ സ്ഥാപിച്ച് ആഹാസ് രാജാവുതന്നെ അതിന്മേൽ ബലിയർപ്പിച്ചു. ദഹനബലിയ്ക്കായി ഉണ്ടായിരുന്ന ഓട്ടുബ ലിപീഠം തൽസ്ഥാനത്തു നിന്നു മാറ്റി, രാജാവിന്റെ സ്വകാര്യ ഉപയോഗ ത്തിനുവേണ്ടി നീക്കിവെച്ചു (2 രാജാ 16,10-16). തനിക്കുപദേശം ആരാ യാനാണ് ഓട്ടുബലിപീഠം എന്ന രാജാവിന്റെ പ്രസ്താവന വ്യക്തമല്ല കർത്താവിന്റെ ഉപദേശം എന്നു പറയുന്നില്ല. ജീവനുള്ള മൃഗത്തിൽ നിന്നു പറിച്ചെടുത്ത ചങ്കും കരളും ബലിപീഠത്തിലിരുന്ന് തുടിക്കുന്നതു നോക്കി ഭാവിയെ സംബന്ധിച്ച തീരുമാനങ്ങൾക്കു പ്രചോദനം ഉൾക്കൊ ള്ളുന്ന ഒരു വിജാതീയാചാരമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഇതിനു "കരൾനോട്ടം" എന്നു വിളി ക്കാറുണ്ട്.

ദേവാലയത്തിലുണ്ടായിരുന്ന ലോഹപാത്രങ്ങളും ഉപകരണങ്ങളും ഉടച്ചും മുറിച്ചും മാറ്റിയതിന് (2 രാജാ 16,17; 2 ദിന 28,24) രണ്ടു ലക്ഷ്യങ്ങ ളുണ്ടാവാം. അസീറിയായ്ക്കു കപ്പം കൊടുക്കാനുള്ള തുക സംഭരിക്കു കയാവും ഒരു ലക്ഷ്യം. ദേവാലയത്തിലെ സാധാരണ കർമ്മങ്ങളെല്ലാം അസാധ്യമാക്കുകയാണ് മറ്റൊരു ലക്ഷ്യം. ആഹാസ് കർത്താവിന്റെ ആലയം അടച്ചുപൂട്ടി എന്ന് 2 ദിന 28,24ൽ പറയുന്നത് അക്ഷരാർത്ഥ ത്തിൽ എടുക്കണമെന്നില്ല. രാജകൊട്ടാരത്തിൽ നിന്ന് ദേവാലയത്തിലേക്കു പോകാനുള്ള വഴിയും വാതിലും അടച്ചതിനെയാവും (2 രാജാ 16,18) അതു സൂചിപ്പിക്കുന്നത്. അതോടെ രാജാവും ദേവാലയവും തമ്മിലുള്ള ബന്ധം വിഛേദിക്കപ്പെട്ടു. അതും അസീറിയാ രാജാവിന്റെ കല്പനയനുസരിച്ചാ യിരുന്നു. ഇതിനു പുറമെ ദേശത്തുടനീളം അന്യദേവൻമാർക്കുവേണ്ടി ആരാധനാലയങ്ങൾ നിർമ്മിച്ച് വിഗ്രഹാരാധന പ്രോത്സാഹിപ്പിച്ചത് കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുമുള്ള ആഹാസിന്റെ അവി ശ്വസ്തതയ്ക്കു തെളിവാണ്.

യൂദായുടെ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരധ്യായത്തിന്റെ ദുർഭഗ നായ കഥാനായകനാണ് ആഹാസ്. മധ്യപൗരസ്ത്യദേശം മുഴുവൻ കീഴ ടക്കി ഭരിച്ച അസീറിയായ്ക്കു മുമ്പിൽ മുട്ടുമടക്കുകയല്ലാതെ ഗത്യന്തര മില്ല എന്നു കരുതിയ അയാൾ കർത്താവിനെയും അവിടുന്ന് അയച്ച വലിയ പ്രവാചകനായ ഏശയ്യായെയും അനുസരിക്കുന്നതിനു പകരം സ്വന്തം പ്രായോഗിക ബുദ്ധിയിൽ ആശ്രയിച്ചു. അതുകൊണ്ട് രാഷ്ട്രീ യവും മതപരവുമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ഏതാനും ചതുരശ്ര കിലോ മീറ്ററുകൾക്കുള്ളിൽ ഒതുങ്ങുന്ന ഒരു ചെറു രാജ്യത്തിന്റെ രാജാവും അസീ

റിയായുടെ ആജ്ഞാനുവർത്തിയുമായിട്ടാണെങ്കിലും ഭരണം തുടർന്നു.

സമറിയാ തകരുകയും ഇസ്രയേലിലെ പത്തു ഗോത്രങ്ങൾ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്തപ്പോഴും യൂദാ പിടിച്ചുനിന്നത് ആഹാസിന്റെ പ്രായോഗിക ബുദ്ധികൊണ്ടാണെന്നു തോന്നാം. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തെ വീക്ഷിക്കുന്ന വി. ഗ്രന്ഥകാരൻ ആഹാസിന്റെ പ്രായോഗിക ബുദ്ധിയെ വിശ്വസത്യാഗവും നയതന്ത്രത്തെ വിഗ്രഹാരാധനയും ആയിട്ടാണ് അവതരിപ്പിക്കുന്നത്. തന്നെയുമല്ല, സമറിയായുടെ പതനത്തിനുശേഷവും ജറുസലെം നിലനിന്നത് ദാവീദിനു നല്കിയിരുന്ന വാഗ്ദാനത്തെ പ്രതികർത്താവു സംരക്ഷിച്ചതുകൊണ്ടായിരുന്നു. മാനുഷികമായ കാഴ്ചപ്പാടിൽ അസാധ്യമെന്നു തോന്നുന്ന വിജയങ്ങൾ നല്കാൻ കർത്താവിന് സാധിക്കും എന്ന് അടുത്ത യൂദാ രാജാവായ ഹെസെക്കിയായുടെ ചരിത്രം തെളിയിക്കുന്നുണ്ട്.

### c. ഇസ്രായേലിലെ അവസാനത്തെ രാജാവ് ഹോസിയാ (732-724) 2 രാജാ 17,1-14

വടക്കൻ രാജ്യമായ ഇസ്രായേലിനെ ഭരിച്ച അവസാനത്തെ രാജാവാണ് ഹോസിയാ. ആമോസിനുശേഷം ഇസ്രായേലിൽ പ്രവർത്തിച്ചിരുന്ന പ്രവാചകനായ ഹോസിയായുടെ പേരു തന്നെയാണിത്. പേര് ഒന്നെങ്കിലും ആളുകൾ രണ്ടാണ്. "യാഹ്വെയാണ് രക്ഷ" എന്ന അർത്ഥമുള്ള ഹോഷെയാ എന്ന ഹീബ്രു നാമത്തിന്റെ മറ്റൊരു രൂപമാണ് ഹോസിയാ, ജോഷ്വാ, യേശു, ഈശോ എന്നീ പേരുകളെല്ലാം ഈ ഒരേ പേരിന്റെ വ്യത്യസ്ത രൂപങ്ങളാണ്. രാജാവിന്റെ പേരും രാജ്യത്തിന്റെ അവസ്ഥയും തമ്മിൽ വ്യക്തമായ വൈരുദ്ധ്യമുണ്ട്. രക്ഷകൻ എന്നർത്ഥമുള്ള പേരിന്റെ ഉടമ രാജാവായിരുന്നപ്പോഴാണ് ഇസ്രായേൽ നാശമടഞ്ഞത് എന്നത് ചരിത്രത്തിന്റെ വിരോധാഭാസമായി നിലകൊള്ളുന്നു.

അസ്സീറിയായുടെ പിടിയിലമർന്ന് ഇസ്രായേൽ രാജ്യം ഊർദ്ധശ്വാസം വലിക്കുമ്പോഴാണ് പെക്കാഹിനെ വധിച്ച് ഹോസിയാ രാജാവായത്. തിഗ്ളാത്ത് പിലേസറിനു കീഴടങ്ങിയതിനാൽ അയാൾക്കു സമറിയായെ തൽക്കാലത്തേക്ക് നാശത്തിൽ നിന്നു രക്ഷിക്കാനും രാജാവായി തുടരാനും സാധിച്ചു. ജോർദ്ദാൻ നദിക്കു പടിഞ്ഞാറ്, എഫ്രേം മനാസ്സെ ഗോത്രങ്ങളുടെ അതിർത്തിയിൽ ഒതുങ്ങി നിന്നു ഹോസിയാ ഭരിച്ച ഇസ്രായേൽ രാജ്യം. അസീറിയായ്ക്കു കീഴടങ്ങിയത് ഒരു താൽക്കാലികാശ്വാസത്തിനു വേണ്ടിയായിരുന്നു. ആ നുകത്തിൽ നിന്നു മോചനം നേടാൻ അയാൾ അവസരം പാർത്തിരുന്നു.

ബി.സി. 727ൽ തിഗ്ളാത്ത് പിലേസർ മൂന്നാമൻ മരിച്ചു. ഷൽമനേസർ അഞ്ചാമൻ അസീറിയായിൽ രാജാവായി. അതുവരെ അസീറിയായ്ക്കു കപ്പം കൊടുത്തിരുന്ന ഹോസിയാ ഈജിപ്തുമായി സഖ്യം ചെയ്തുകൊണ്ട് അസീറിയായിൽ നിന്നു മോചനം നേടാൻ ശ്രമിച്ചു. അസീറിയായ്ക്കെതിരേ ഇസ്രായേലിനെ സഹായിക്കാൻ ആഭ്യന്തര കലാപത്തിൽ മുഴുകിത്തളർന്ന ഈജിപ്തിനു കഴിയുമായിരുന്നില്ല. ഈജിപ്തു രാജാവ് വിശേഷിപ്പിക്കുന്ന സോ (2 രാജാ 17,4) ഒരു സൈന്യാധിപൻ മാത്രമായിരുന്നു എന്ന് അസീറിയൻ രേഖകളുടെ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഹോസിയായുടെ വഞ്ചന മനസിലാക്കിയ ഷൽമനേസർ ബി.സി. 724ൽ പ്രതികാരത്തിനായി വന്നു. ഈജിപ്തു സഹായത്തിനെത്തിയില്ല. തന്റെ മൗഢ്യത്തെപ്പറ്റി ബോധവാനായ ഹോസിയാ, അസീറിയൻ രാജാവുമായി വീണ്ടും രമ്യതയിലെത്താൻ ശ്രമിച്ചെങ്കിലും വൈകിപ്പോയി. ഷൽമനേസർ അയാളെ തടവിലാക്കി. ഇസ്രായേലിന്റെ അവശേഷിച്ചിരുന്ന പ്രദേശങ്ങൾ പിടിച്ചടക്കിയതിനുശേഷം സമറിയാ പട്ടണത്തിന് ഉപരോധം ഏർപ്പെടുത്തി. എന്നാൽ പട്ടണം കീഴടക്കാൻ കഴിയാതെ ഷൽമനേസർ മരിച്ചു.

### d. സമറിയായുടെ പതനം (ബി.സി. 721) 2 രാജാ 17,5-23

ബി.സി. 722ൽ അസീറിയായിൽ ഭരണമേറ്റ സാർഗൺ രണ്ടാമൻ (722-705) സമറിയായുടെ ഉപരോധം തുടർന്നു. രണ്ടു വർഷത്തിലേറെ ദീർഘിച്ച വീരോചിതമായ ചെറുത്തുനില്പിനുശേഷം 721ൽ നഗരം കീഴടങ്ങി. 27,290 പേരെ സമറിയായിൽ നിന്ന് അസീറിയായുടെ പല ഭാഗങ്ങളിലേക്ക് നാടുകടത്തിയെന്ന് സാർഗൺ രണ്ടാമൻ തന്റെ വിജയങ്ങളുടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ANET,P.284) കീഴടക്കിയ പ്രദേശങ്ങളെ സമറിയാ കേന്ദ്രമാക്കി ഒരു അസീറിയൻ പ്രവിശ്യയാക്കി മാറ്റി. അതിന് 'സമറീനാ' എന്ന പേരും നല്കി. അതോടെ പത്തു ഗോത്രങ്ങളടങ്ങുന്ന വടക്കൻ രാജ്യമായ ഇസ്രായേൽ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായി (2 രാജാ 17,5-6). സമറിയായുടെ പതനം ചുരുക്കം വാക്കുകളിൽ വിവരിച്ചതിനുശേഷം വി.ഗ്രന്ഥകാരൻ ആ പതനത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് സുദീർഘമായ ഒരു പ്രസംഗം അവതരിപ്പിക്കുന്നു (2 രാജാ 17,7-23). നിയമാവർത്തന പുസ്തകത്തിന്റെയും ജെറെമിയാ പ്രവാചകന്റെയും ഭാഷാശൈലി കടമെടുത്തുകൊണ്ടാണ് ഈ പ്രസംഗം രചിക്കുന്നത്. ഇതു മുഴുവൻ നിയമാവർത്തനാത്മക ചരിത്രകാരന്റെ രചനയാണ്. ഇസ്രായേലിന്റെ പതനത്തിനുള്ള കാരണങ്ങൾ എടുത്തുകാട്ടുന്നത് ആ സംഭവത്തിന് ദൈവശാസ്ത്രപരമായ ഒരു വിശദീകരണം നല്കാൻ മാത്രമല്ല, വരും തലമുറകൾക്ക് ഒരു പാഠമാകാൻ വേണ്ടി കൂടിയാണ്.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു തങ്ങളെ മോചിപ്പിച്ച ദൈവ

മായ കർത്താവിനെതിരേ പാപം ചെയ്തതാണ് ഇസ്രായേലിന്റെ നാശത്തിനു കാരണം. തലമുറകളായി ജനം ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള ന്യായമായ ശിക്ഷയാണ് ഇസ്രായേൽ അനുഭവിച്ചത്. കർത്താവിനെ പരിത്യജിച്ച് അന്യദേവന്മാരെ അനുഗമിക്കുകയും വിഗ്രഹാരാധന നടത്തുകയും ചെയ്തതാണ് ഏറ്റം വലിയ പാപം (2 രാജാ 17,8-12). ജനത്തിനു മുന്നറിയിപ്പു നല്കാൻ അനേകം പ്രവാചകന്മാരെ കർത്താവ് അയച്ചതായി ചരിത്രത്തിലൂടെ എടുത്തുകാട്ടിക്കഴിഞ്ഞു. എന്നാൽ പ്രവാചകന്മാരെ ധിക്കരിച്ച അവർ കർത്താവിന്റെ എല്ലാ കല്പനകളും ലംഘിച്ചു. അന്യജനതകളുടെ ആചാരങ്ങൾ അനുസരിച്ച് മക്കളെ വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കുകയും ചെയ്തു (2 രാജാ 17,13-18). ദാവീദുമായുള്ള ബന്ധം വിഛേദിച്ച ഇസ്രായേലിനെ ബെഥേലിലും ദാനിലും സ്ഥാപിച്ച കാളക്കുട്ടികളെ ആരാധിക്കാൻ പ്രേരിപ്പിച്ച ജെറൊബൊവാമാണ് ഇസ്രായേലിന്റെ ആദ്യ പാപത്തിന് തുടക്കം കുറിച്ചത്. ജെറൊബൊവാം മുതൽ ഹോസിയാ വരെയുള്ള സകല രാജാക്കന്മാരും ആ പാപത്തിൽ തുടർന്നു; തലമുറകഴിയുന്തോറും കൂടുതൽ ആഴത്തിൽ അമർന്നു. അതിനുള്ള ശിക്ഷയാണ് ഇസ്രായേലിനു സംഭവിച്ച സമൂല നാശം (2 രാജാ 17,19-23).

### e. സമറിയാക്കാരുടെ ഉത്ഭവം 2 രാജാ 17,24-41

കീഴടക്കിയ ജനതകളുടെ വ്യക്തിത്വവും സംസ്കാരവും നശിപ്പിച്ച് നിർവ്വീര്യമാക്കുക അസീറിയായുടെ രാഷ്ട്രീയ നയത്തിന്റെ ഭാഗമായിരുന്നു. അതിനുവേണ്ടി സ്വീകരിച്ച നടപടിയാണ് നാടുകടത്തൽ. ഇസ്രായേൽക്കാരെ സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലേക്കായി നാടുകടത്തിയതുപോലെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റു ജനതകളെ ഇസ്രായേൽ രാജ്യത്തേക്കു ബലമായി കൊണ്ടുവന്നു കുടിയിരുത്തി. ഈ നാടുകടത്തലും കുടിയിരുത്തലും പലതവണ ആവർത്തിച്ചു. ഓരോരുത്തരും താന്താങ്ങളുടെ വിശ്വാസവും ആചാരങ്ങളും കൂടെ കൊണ്ടുവന്നു. പുതുതായി വരുന്നവരും ദേശത്തു നേരത്തെ വസിച്ചിരുന്നവരും തമ്മിൽ കാലക്രമത്തിൽ മിശ്രവിവാഹങ്ങൾ നടന്നു. വിശ്വാസങ്ങളും ആചാരങ്ങളും അവർ പങ്കുവച്ചു. അങ്ങനെ സംജാതമായ സങ്കര വർഗ്ഗമാണ് സമറിയാക്കാർ എന്ന പേരിൽ അറിയപ്പെട്ടത്.

യുദ്ധത്തിൽ അനേകർ മരിക്കുകയും ശേഷിച്ചവരിൽ വളരെപ്പേരെ നാടുകടത്തുകയും ചെയ്തതിനാൽ ഇസ്രായേൽ ദേശത്തിന്റെ പല ഭാഗങ്ങളും വിജനമായി. വന്യമൃഗങ്ങൾ, പ്രത്യേകിച്ച് സിംഹങ്ങൾ, അപകടകരാമാംവിധം പെരുകി. ഇത് ദേശത്തെ ആചാരങ്ങളെക്കുറിച്ച് പുതുതായി വന്നവർക്ക് അറിവില്ലാത്തതിനാലുണ്ടായ ദൈവശിക്ഷയാണെന്നു കരുതിയ അസീറിയാ രാജാവിന്റെ വിശ്വാസം (2 രാജാ 17,26) അന്നു



പൊതുവേ നിലവിലിരുന്ന ഒരു ധാരണ പ്രകടമാക്കുന്നു. ഓരോ ദേശത്തിനും അതാതിന്റെ ദൈവമുണ്ട്. ഓരോ ദൈവവും പ്രത്യേക രീതിയിലുള്ള ആരാധനാനുഷ്ഠാനങ്ങൾ ആവശ്യപ്പെടുന്നു. അതു ലഭിക്കാതെ വരുമ്പോൾ ദേശവാസികളെ ശിക്ഷിക്കുന്നു. ഈ വിശ്വാസത്തിന്റെ പേരിലാണ് ഇസ്രായേലിന്റെ ദൈവത്തെയും ആരാധനയെയും സംബന്ധിച്ചു പഠിപ്പിക്കാനായി ഒരു ഇസ്രായേൽ പുരോഹിതനെ കണ്ടുപിടിച്ചു ബെഥേലിലേക്ക് അയച്ചത് (2 രാജാ 17,27-28).

ഇസ്രായേലിലേക്കു വന്ന ജനതകളുടെ ദേവന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ (2 രാജാ 17,29-31) ഇന്ന് വ്യക്തമല്ല. ബാബിലോൺകാർ ആരാധിച്ചിരുന്ന “സുക്കോത്ത് ബെനീത്ത്” മർദ്ദൂക്ക് ദേവന്റെ ഭാര്യ ആയി പരിഗണിക്കപ്പെടുന്നു. “സ്ത്രീകളുടെ കൂടാരങ്ങൾ” എന്നാണ് പേരിന്റെ വാച്യാർത്ഥം. കുത് ദേശക്കാർ ആരാധിച്ചിരുന്ന നെർഗാൽ അധോലോകത്തിന്റെ അധിനാണ്. യുദ്ധത്തിന്റെ മധ്യസ്ഥനായും ഈ ദേവൻ പരിഗണിക്കപ്പെട്ടിരുന്നു. സിംഹമാണ് നെർഗാലിന്റെ ചിഹ്നം. ഹമാത്യരുടെ അഷീമാ മാതൃദേവതയാണ്. അഷേറായുടെ മറ്റൊരു നാമമാണ് ഇതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. നിബ്ഹാസ്, താർതാക് എന്നിവയെക്കുറുച്ചു ഒരു വിവരവും ലഭ്യമല്ല. മിന്നൽ പിണർ ആയുധമാക്കിയ ഹദാദ് ദേവന്റെ മറ്റൊരു പേരാണ് അദ്രാമലെക്ക് എന്നു വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അദാദ് മെലക്ക് എന്ന പേരിലും ഈ ദേവൻ അറിയപ്പെട്ടിരുന്നു. ബാലിന്റെ സഹോദരിയും സഹധർമ്മിണിയുമായ അനാത് ദേവതയുടെ മറ്റൊരു പേരായിരിക്കാം അനാമ്മെലെക്ക്. ഇത് യുദ്ധദേവതയാണ്. അമ്മോന്യരുടെ ദേശീയ ദേവതയായ മോളെക്കിനോട് ഇതിനു സാമ്യമുണ്ട്. നരബലി ആവശ്യപ്പെടുന്ന ദേവതകളാണിവ.

ഇങ്ങനെ മാനുഷിക ഭാവനയിൽ രൂപംകൊണ്ട അനേകം ദേവതകളോടൊപ്പം കർത്താവിനെയും ആരാധിക്കുന്ന ജനതയാണ് സമറിയാക്കാർ (2 രാജാ 17,32-41). ഭാവനാ സൃഷ്ടികളായ ദേവന്മാരിൽ ഒരുവനല്ല ദൈവമായ കർത്താവ് എന്ന് അവർ മനസിലാക്കിയില്ല. കർത്താവിനെ ആരാധിക്കുന്നു എന്നു പറയുന്നെങ്കിലും അവർ അവിടുത്തെ ഭയപ്പെടുകയോ അവിടുന്നു നല്കിയ ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കുകയോ ചെയ്യുന്നില്ല എന്നു പ്രത്യേകം എടുത്തു പറയുന്നു (2 രാജാ 17,34). യഹൂദർ പ്രത്യേകിച്ചും ബാബിലോൺ പ്രവാസത്തിൽ നിന്നു മടങ്ങി വന്നവർ, സമറിയാക്കാരെ ശത്രുക്കളും അധഃകൃതരുമായിട്ടാണ് പരിഗണിച്ചിരുന്നത്. യേശുവിന്റെ കാലത്തും അവസ്ഥ വ്യത്യസ്ഥമായിരുന്നില്ല. അതിനുള്ള കാരണം ഈ വിവരണത്തിൽ കാണാം.

**വിചിന്തനം:** നിരന്തരമായ അവിശ്വസ്തതയുടെ സ്വാഭാവികമായ പരി

സമാപ്തിയാണ് സമരിയായുടെ പതനം. ഇത് നമുക്കും പ്രസക്തമായ ഒരു പാഠമാണ്. അതികഠിനമായ മർദ്ദനത്തിനും ചൂഷണത്തിനുമെതിരേ യുള്ള ന്യായമായ പ്രതിഷേധത്തിൽ നിന്ന് ആരംഭിച്ചതാണ് ഇസ്രായേൽ രാജ്യം. പക്ഷേ, എന്തിൽ നിന്ന് മോചനം നേടാൻ ശ്രമിച്ചുവോ അതിനേ ക്കാൾ വലിയ മർദ്ദനത്തിന് അവർ ഇരയായിത്തീർന്നു. ദാവീദു ഭവന ത്തോടു കലഹിച്ചവർ ദാവീദിന്റെ രാജവംശത്തെ മാത്രമല്ല, ദാവീദിനെ രാജാവായി തിരഞ്ഞെടുത്ത ദൈവത്തെയും ഉപേക്ഷിച്ചു. ജനത്തെ യഥാർത്ഥ ദൈവത്തിൽ നിന്നകറ്റി അന്ധവിശ്വാസത്തിൽ തളച്ചിട്ടതിൽ ഭരണ കർത്താക്കൾക്ക് വലിയൊരു പങ്കുണ്ട്. തങ്ങളുടെ അധികാരം ജന ത്തിന്മേൽ അടിച്ചേല്പിക്കുന്നതിനുള്ള ഉപകരണമായി രാജാക്കന്മാരും പ്രഭുക്കന്മാരും മതത്തെ ഉപയോഗിച്ചു. അജ്ഞരും നിസ്സഹായരുമായ സാധാരണ ജനത്തെ അവർ അന്ധവിശ്വാസത്തിൽ തളച്ചിട്ടു. ഉടമ്പടി യുടെ പ്രമാണങ്ങൾ വിസ്മരിക്കപ്പെട്ടു. മേളക്കൊഴുപ്പോർന്ന ഉത്സ വാഘോഷങ്ങളിലും ബലിയർപ്പണങ്ങളിലും ജനം നിർവൃതി കണ്ടെത്തി. എന്നാൽ അത് അവർക്കു നീതി നടത്തിക്കൊടുത്തില്ല.

കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കാൻ പ്രേരിപ്പിച്ച പ്രവാ ചകന്മാർ രാഷ്ട്രീയാധികാരികൾക്കും അവരുടെ ആജ്ഞാനുവർത്തിക ളായ പുരോഹിതന്മാർക്കും ജനത്തിനും അസ്വീകാര്യരായിരുന്നു. വിമോ ചകനായ ദൈവത്തെയും അവിടുത്തെ പ്രമാണങ്ങളെയും മറന്ന മത ത്തിന് ജനത്തെ രക്ഷിക്കാൻ സാധിച്ചില്ല. നിർണ്ണായകമായ പരീക്ഷണ ത്തിന്റെ നിമിഷത്തിൽ സകലതും തകർന്നടിഞ്ഞു. യുദ്ധത്തിൽ മരിക്കു കയും നാടു കടത്തപ്പെടുകയും ചെയ്തവരുടെ മുൻപന്തിയിൽ സമൂഹ ത്തിലെ ഉന്നതന്മാരായിരുന്നു. ജനജീവിതവുമായി ബന്ധമില്ലാത്ത ആരാ ധനാനുഷ്ഠാനങ്ങളിലും ഉത്സവാഘോഷങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീ കരിക്കുന്ന നേതാക്കന്മാർ തങ്ങളുടെയും തങ്ങൾ നയിക്കുന്ന ജനത്തി ന്റെയും നാശത്തിനു വഴിയൊരുക്കുന്നു. “നീതി ജലം പോലെ ഒഴുകട്ടെ” എന്ന ആമോസിന്റെയും (ആമോ 5,24) “ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്” എന്ന ഹോസിയായുടെയും (ഹോസി 6,6) പ്രബോ ധനങ്ങൾ ശ്രവിച്ചിരുന്നെങ്കിൽ സമരിയായുടെ പതനം സംഭവിക്കുമായി രുന്നില്ല എന്ന തിരിച്ചറിവ് നമുക്കും ബാധകമാണ്.

### ചോദ്യങ്ങൾ

1. എങ്ങനെയാണ് യേഹു രാജാവായത്?
2. എന്തു ദൗത്യമാണ് പ്രവാചകൻ യേഹുവിനെ ഏല്പിച്ചത്? എപ്ര കാരമാണ് അയാൾ ദൗത്യം പൂർത്തിയാക്കിയത്?



3. യേഹുവിന്റെ കൂട്ടക്കുരുതിയുടെ ലക്ഷ്യം എന്തായിരുന്നു? എന്തു പ്രത്യാഘാതമാണ് അത് ഇസ്രായേലിൽ സൃഷ്ടിച്ചത്?
4. ഈ അധ്യായത്തിൽ പഠനവിഷയമായ കാലഘട്ടത്തിൽ ഗൂഢാലോ ചനയ്ക്കിരയായി വധിക്കപ്പെട്ട രാജാക്കന്മാർ ആരെല്ലാം?
5. മതമേഖലയിൽ യോവാഷ് രാജാവ് നടത്തിയ പരിഷ്കാരം എന്ത്?
6. യോവാഷിന്റെ ഭരണകാലത്തെ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ഓരോന്നിന്റെയും പ്രത്യേകതകൾ എടുത്തുകാട്ടുക.
7. ഇസ്രായേൽ-യൂദാ രാജ്യങ്ങളെ സോളമന്റെ കാലത്തേതുപോലുള്ള സമ്പൽസമൃദ്ധിയിലേക്കു നയിച്ച രാജാക്കന്മാർ ആരെല്ലാം?
8. അമാസിയാ ഇസ്രായേലുമായി യുദ്ധത്തിനുപോകാൻ കാരണമെന്ത്? യുദ്ധത്തിന്റെ ഫലമായി എന്തു സംഭവിച്ചു?
9. ജെറൊബൊവാം രണ്ടാമന്റെ കാലത്ത് ഇസ്രായേലിനുണ്ടായ നേട്ട ങ്ങളും കോട്ടങ്ങളും വിവരിക്കുക.
10. അസറിയാ രാജാവിനു നല്കിയിരിക്കുന്ന മറ്റൊരു പേരെന്ത്? എന്താണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ? അയാൾ കുഷ്ഠരോഗിയാ കാൻ കാരണമെന്ത്?
11. സമരിയായുടെ പതനത്തിനു വഴിയൊരുക്കിയ ആഭ്യന്തരവും അന്തർദ്ദേശീയവുമായ സംഭവവികാസങ്ങൾ ചുരുക്കമായി വിവ രിക്കുക.
12. ഇസ്രായേൽ-സിറിയാ രാജ്യങ്ങൾ യൂദായ്ക്കെതിരേ യുദ്ധം ചെയ്യാൻ കാരണമെന്ത്? ആരായിരുന്നു ആ രാജ്യങ്ങളിലെ രാജാക്കന്മാർ?
13. ആഹാസ് അസീറിയായുടെ സഹായം തേടിയ സാഹചര്യം വിശ ദീകരിക്കുക. യൂദായ്ക്കും ഇതര രാജ്യങ്ങൾക്കും അതുകൊണ്ട് എന്തു സംഭവിച്ചു?
14. സമരിയായുടെ പതനത്തിന് വി.ഗ്രന്ഥകാരൻ നല്കുന്ന ദൈവശാ സ്ത്രപരമായ വിശദീകരണം എന്ത്?
15. ആരാണ് സമരിയാക്കാർ? അവരുടെ ഉത്ഭവവും പ്രത്യേകതകളും വിവരിക്കുക?

**ചർച്ചയ്ക്ക്:** സമരിയായുടെ പതനത്തിൽ നിന്ന് എന്തു പ്രായോഗിക പാഠ മാണ് ലഭിക്കുന്നത്?

**പ്രാർത്ഥന:** കർത്താവിന്റെ രക്ഷാകര പ്രവൃത്തികൾ മറന്നും കല്പന കൾ ധിക്കരിച്ചും വ്യക്തികളും സമൂഹങ്ങളും ചെയ്യുന്ന പാപത്തിനു മാപ്പി രന്നുകൊണ്ട് സ്വന്തമായ വാക്കുകളിൽ ഒരു പ്രാർത്ഥന രചിച്ച് പ്രാർത്ഥി ക്കുക.

# ഭാഗം മൂന്ന്
# യൂദായിലെ അവസാനത്തെ രാജാക്കന്മാർ

**2 രാജാ 18-25; 2 ദിന 29-36**

ദൈവജനമായ ഇസ്രായേൽ സമറിയായുടെ പതനത്തിനുശേഷം (ബി.സി. 721) യൂദാ എന്ന ഒറ്റ ഗോത്രത്തിൽ ഒതുങ്ങി. ഏകദേശം ഒന്നര നൂറ്റാണ്ടു കാലത്തേക്ക് ഒരു രാജ്യമായി നിലനിന്നു. ഇനി അങ്ങോട്ടുള്ള ഇസ്രായേൽ ചരിത്രം യൂദായുടെ മാത്രം ചരിത്രമാണ്. ബി.സി. എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അസീറിയായുടെ ഉയർത്തെഴുന്നേല്പ്പിനോടു കൂടെ മധ്യപൗരസ്ത്യ ദേശത്ത് ചെറു രാജ്യങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം അവസാനിച്ചു.

ബി.സി. 745ൽ തിഗ്ളാത്ത് പിലേസർ മൂന്നാമന്റെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ച അശീറിയാ ഒരു നൂറ്റാണ്ടിലേറെ, പേർഷ്യൻ ഉൾക്കടൽ മുതൽ മധ്യധരണ്യാഴിവരെയും ടൈഗ്രീസ് നദി മുതൽ ഈജിപ്തുവരെയുള്ള മധ്യപൗരസ്ത്യ ദേശം അടക്കിലാണു. ഏഴാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും കിഴക്ക് ബാബിലോണും പടിഞ്ഞാറ് ഈജിപ്തും ശക്തിയാർജ്ജിച്ചു. ബി.സി. 612ൽ ബാബിലോൺ ചക്രവർത്തിയായ നബോപൊലാസർ അസീറിയായുടെ തലസ്ഥാനമായ നിനവേ നശിപ്പിച്ച് പുതിയ സാമ്രാജ്യ ശക്തിയായിത്തീർന്നു. ഏകദേശം മുക്കാൽ നൂറ്റാണ്ടു കഴിഞ്ഞപ്പോൾ, ബി.സി. 538ൽ പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബാബിലോൺ കീഴടക്കി പുതിയൊരു സാമ്രാജ്യത്തിനു തുടക്കം കുറിച്ചു.

ഇസ്രായേൽ ജനത്തിന്റെ ഗതിവിഗതികൾ ഈ വൻ സാമ്രാജ്യങ്ങളുടെ ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സമറിയായുടെ പതനത്തോടെ ആരംഭിക്കുന്ന യൂദാ ചരിത്രത്തിന്റെ അവസാനഘട്ടം ജറുസലെമിന്റെ നശത്തോടെയാണ് സമാപിക്കുന്നത് (ബി.സി. 587). സമറിയായ്ക്കു നാശത്തോടെയാണ് സമാപിക്കുന്നത് (ബി.സി. 587). സമറിയായ്ക്കു സംഭവിച്ചതുതന്നെ 134 വർഷം കഴിഞ്ഞപ്പോൾ ജറുസലെമിനും സംഭവിച്ചു. ഈ കാലഘട്ടത്തിനിടയിൽ യൂദായിൽ എട്ടു രാജാക്കന്മാർ ഭരിച്ചു. അവരിൽ രണ്ടുപേർ നിരുപാധികമായി പ്രശംസിക്കപ്പെടുന്നു (ഹെസെക്കിയാ, ജോസിയാ). ബാഹ്യ സമ്മർദ്ദങ്ങൾ ഏറെയുണ്ടായിട്ടും കർത്താവിനോടുള്ള വിശ്വസ്തതയിൽ ഉറച്ചു നില്ക്കാനും വിഗ്രഹാരാധനയും മറ്റ് അനാചാരങ്ങളും തുടച്ചുനീക്കാനും അവർ തീവ്രമായി യത്നിച്ചു.



രാഷ്ട്രീയമേഖലയിൽ ഇസ്രായേൽ ജനം ഏറ്റം ദുർബലമായിത്തീർന്നെങ്കിലും രക്ഷാചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണിത്. ഏശയ്യാ, മിക്കാ, നാഹും, ഹബക്കുക്ക്, സെഫാനിയാ, ജറെമിയാ, എസെക്കിയേൽ മുതലായ പ്രവാചകന്മാർ ഈ കാലയളവിലാണ് പ്രത്യക്ഷപ്പെട്ടത്. ഇസ്രായേൽ ചരിത്രത്തിലൂടെ ഇതൾ വിടർത്തുന്ന രക്ഷാചരിത്രം ഈ പ്രവാചകന്മരുടെ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട്.

സാമ്രാജ്യങ്ങളുടെ ഉയർച്ചയും തകർച്ചയും, അതിനുകാരണമായ അധികാരമോഹവും യുദ്ധങ്ങളും വഴി സംഭവ ബഹുലമാണ് ഈ കാലഘട്ടമെങ്കിലും, വി. ഗ്രന്ഥകാരന്മാർ അവയ്ക്കൊന്നും വലിയ പ്രാധാന്യം നല്കിയിട്ടില്ല. തന്നെയുമല്ല, ബൈബിൾ നല്കുന്ന വിവരണങ്ങൾ ആ ചരിത്രത്തിന്റെ പൂർണ്ണവും വസ്തുനിഷ്ഠവുമായ അവതരണവുമല്ല. സാമ്രാജ്യശക്തികൾ നയിച്ച യുദ്ധങ്ങളെ എങ്ങിനെ നേരിട്ടു, ജനത്തിന്റെ വിശ്വാസത്തിലും കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുള്ള വിശ്വസ്തതയിലും എന്തെന്തു പ്രത്യാഘാതങ്ങൾ ഉണ്ടായി എന്നിങ്ങനെയുള്ള കാര്യങ്ങൾക്കാണ് വി.ഗ്രന്ഥകാരൻ ഊന്നൽ നൽകുന്നത്. ദൈവിക വെളിപാടിന്റെ പശ്ചാത്തലമായിട്ടുവേണം ഇസ്രായേൽ ചരിത്രത്തെ കാണാൻ. യൂദാരാജാക്കന്മാരുടെ ഭരണ ദൈർഘ്യത്തെയും. യൂദായുടെ ചരിത്രവും അസീറിയായുടെ ചരിത്രവും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് ബൈബിൾ നല്കുന്ന ചില വിവരങ്ങൾ ഉത്തരം കിട്ടാത്ത പല പൊരുത്തക്കേടുകളും അവശേഷിപ്പിക്കുന്നുണ്ട്.

പഠനവിഷയമായ കാലഘട്ടത്തിന്റെ ചരിത്രജ്ഞത്തെ സംബന്ധിച്ച് ബൈബിളിനു പുറമേ അസീറിയാ, ബാബിലോൺ, ഈജിപ്ത് എന്നീ സാമ്രാജ്യങ്ങളുടെ അനേകം ഒദ്യോഗിക രേഖകളും ഇന്നു ലഭ്യമാണ്. ബൈബിളിലെയും ഈ രേഖകളിലെയും വിവരണങ്ങൾ പൊതുവെ ഒത്തുപോകുന്നുണ്ടെങ്കിലും ചിലപ്പോഴൊക്കെ കാതലായ വ്യത്യാസങ്ങളും ദൃശ്യമാണ്. ബൈബിളിലെ ഓരോ സംഭവവും അപഗ്രധിക്കുമ്പോൾ മധ്യപൗരസ്ത്യ ദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തി കാണാനും ലഭ്യമായ പുരാതന രേഖകളുമായുള്ള ബൈബിൾ വിവരണത്തിന്റെ പൊരുത്തവും പൊരുത്തക്കേടും എടുത്തുകാണിക്കാനും ശ്രമിക്കുന്നതാണ്. പഠനസൗകര്യാർത്ഥം ഈ കാലഘട്ടത്തെ മൂന്നു ഭാഗമായി തിരിക്കാം. **1. അസീറിയൻ ആധിപത്യം 2. ഇടവേള 3. പ്രവാസത്തിലേക്ക്.**

# 1. അസ്സീറിയൻ ആധിപത്യം

**2 രാജാ 18-21; 2 ദിന 29-33**

ഇസ്രായേൽ-സിറിയാ സഖ്യശക്തികൾക്കെതിരേ അസ്സീറിയായുടെ സഹായം തേടിയ ആഹാസ് രാജാവ് വിദേശശക്തികളുടെ ആക്രമണത്തിൽ നിന്നും യൂദായെ തൽക്കാലത്തേക്ക് രക്ഷിച്ചു. അയാളുടെ സഹായഭ്യർത്ഥന സിറിയായുടേയും സമറിയായുടേയും പതനത്തെ ത്വരിതപ്പെടുത്തി. എന്നാൽ അതുവഴി യൂദായ്ക്കും സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. കനത്ത തുക കപ്പം കൊടുത്തും അസ്സീറിയാ ആവശ്യപ്പെട്ട സകലകാര്യങ്ങളും പൂർണ്ണമായും അനുസരിച്ചും ഒരു സാമന്തരാജ്യമായിട്ടു മാത്രമേ യൂദായ്ക്കു നിലനില്ക്കാൻ കഴിഞ്ഞുള്ളൂ. ആഹാബിന്റെ മരണത്തിനു ശേഷം യൂദാ ഭരിച്ച ഹെസക്കിയാ, മനാസെ, ആമോൻ എന്നീ മൂന്നു രാജാക്കന്മാരുടെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്.

ഈ കാലഘട്ടമത്രയും അതിശക്തരായ രാജാക്കന്മാരാണ് അസ്സീറിയായെ ഭരിച്ചിരുന്നത്. സാർഗൺ II (ബി.സി. 722-705); സെന്നാക്കെരീബ് (ബി.സി. 705-681), എസാർ ഹദ്ദോൺ (681-669) അസൂർ ബനിപ്പാൽ (669-633) എന്നീ നാലു രാജാക്കന്മാർ ഈജിപ്തിന്റെ അതിർത്തിവരെ തങ്ങളുടെ ആധിപത്യം നിലനിർത്തി. കീഴടക്കിയ രാജ്യങ്ങളിൽ പലപ്പോഴും കലാപങ്ങളും വിമോചന സംരംഭങ്ങളുടെ നടന്നെങ്കിലും അവയെല്ലാം കനത്ത കരത്താൽ അടിച്ചമർത്താൻ അവർക്കു കഴിഞ്ഞു. അസ്സീറിയായുടെ ആധിപത്യത്തിൽ കീഴിലാണ് യൂദായുടെ അടുത്ത മൂന്നു രാജാക്കന്മാർ ഭരിച്ചത്.

## 1. ഹെസെക്കിയാ

**(ബി.സി. 716-687) 2 രാജാ 18-20; 2 ദിന 29-32**

യൂദാരാജാക്കന്മാരിൽ കർത്താവിനോട് ഏറ്റം കൂടുതൽ വിശ്വസ്തത പുലർത്തിയ വ്യക്തിയായിട്ടാണ് വി.ഗ്രന്ഥകാരൻ ഹെസെക്കിയായെ ചിത്രീകരിക്കുന്നത്. അയാളുടെ ചെയ്തികളെക്കുറിച്ച് പഠനവിഷയമായ രണ്ടു പുസ്തകങ്ങൾക്കു പുറമെ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലും വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ വിവരിക്കുന്ന കാര്യങ്ങൾ ഏതാണ്ട് മുഴുവനായിത്തന്നെ ഏശയ്യായുടെ പുസ്തകത്തിലുമുണ്ട്. മറികടക്കാൻ സാധിക്കില്ലാ എന്നു തോന്നിയ പല പ്രതിസന്ധികളും തരണം ചെയ്യാനും കർത്താവിനോടു വിശ്വസ്തനായി തുടരാനും ഹെസെക്കിയായെ സഹായിച്ചത് ഏശയ്യാ പ്രവാചകനാണ്. ഹെസെക്കിയായുടെ പ്രവർത്തനങ്ങളെ



മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. 1. മതനവീകരണം. 2. അസ്സീറിയായ്ക്കെതിരേ ചെറുത്തുനില്പ്. 3. അത്ഭുതകരമായ രോഗശാന്തി.

ഈ മൂന്നു കാര്യങ്ങളും പൂർണ്ണമായും കാലക്രമം അനുസരിച്ചാണോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. പലപ്പോഴായി നടന്ന മത നവീകരണ ശ്രമങ്ങളും പല തവണയുണ്ടായ അസീറിയൻ ആക്രമണങ്ങളും സംഗ്രഹിച്ച്, സംക്ഷിപ്തമായിട്ടാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്ന അഭിപ്രായത്തിനാണ് മുൻതൂക്കം . മറ്റ് രാജാക്കന്മാരുടെ കാര്യത്തിലെന്നതുപോലെ ഇവിടെയും ചരിത്രം വസ്തു നിഷ്ഠമായി വിവരിക്കുന്നതിനേക്കാൾ, ചരിത്രം നല്കുന്ന പാഠം അവതരിപ്പിക്കാനാണ് വി.ഗ്രന്ഥകാരൻ ശ്രദ്ധിക്കുന്നത്.

### a. മതനവീകരണം: 2 രാജാ 18,1-12; 2 ദിന 29,1-31,21

രാജാവിന്റെ സ്ഥാനാരോഹണത്തെയും ഭരണ കാലത്തെയുംക്കുറിച്ച് പതിവു ഫോർമുല ഉപയോഗിച്ചുള്ള ആമുഖത്തിനു ശേഷം (2 രാജാ 18,1-2) രാജാക്കന്മാരുടെ പുസ്തകത്തിൽ ഹെസെക്കിയായുടെ മത നവീകരണ സംരംഭങ്ങളും കർത്താവിനോടുള്ള വിശ്വസ്തതയും ചുരുക്കം വാക്കുകളിൽ പ്രതിപാദിക്കുന്നു (2 രാജാ 18,3-7). തുടർന്ന് അസ്സീറിയായ്ക്കെതിരേ നടത്തിയ ചെറുത്തുനില്പിനെയും ഫിലിസ്ത്യർക്കെതിരേ നടത്തിയ യുദ്ധത്തെയുംക്കുറിച്ചു സൂചിപ്പിച്ചതിനു ശേഷം (1 രാജാ 8,7-8) സമറിയായുടെ പതനത്തെക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കുന്നു (2 രാജാ 18,9-12). അവസാനത്തെ നാലു വാക്യങ്ങൾ മുൻ അധ്യായത്തിൽ കണ്ടതിന്റെ സംക്ഷിപ്തമായ മറ്റൊരു വിവരണമാണ്. യുദ്ധങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ അടുത്ത ഭാഗത്ത് വിശകലനം ചെയ്യുന്നതാണ്.

ഭരണാരംഭത്തെക്കുറിച്ചുള്ള സൂചനകൾ ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി അവശേഷിക്കുന്നു. 2 രാജാ 18,1-9 വാക്യങ്ങളിൽ നല്കിയിരിക്കുന്ന കാലസൂചന അനുസരിച്ച് സമറിയായുടെ പതനത്തിന് ആറു വർഷം മുമ്പ്, അതായത് ബി.സി. 727 ലാണ് ഹെസെക്കിയായുടെ പതിനാലാം ഭരണവർഷം സെന്നാക്കരീബ് യൂദായുടെ നഗരങ്ങൾ ആക്രമിച്ചു കീഴടക്കുകയും തുടർന്ന് ജറുസലെമിനെതിരേ ഭീഷണി ഉയർത്തുകയും ചെയ്തതായി പറയുന്നു. ഈ കണക്കനുസരിച്ച് ബി.സി. 731 ലായിരിക്കണം അതു സംഭവിച്ചത്. എന്നാൽ ബി.സി. 705ലാണ് സെന്നാക്കരീബ് അസ്സീറിയായുടെ രാജാവായതെന്നും യൂദായെ ആക്രമിച്ചത് 701 ലാണെന്നും അസ്സീറിയൻ രേഖകളുടെ വെളിച്ചത്തിൽ ചരിത്രകാരന്മാർ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ഹെസെക്കിയ 716ൽ ഭരണം ആരംഭിച്ചതായി

അനുമാനിക്കാം. ഭരണാരംഭത്തെക്കുറിച്ചുള്ള സൂചനയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമല്ല.

പൂജാഗിരികളും വിഗ്രഹങ്ങളും നശിപ്പിക്കുകയും മോശവഴി ലഭിച്ച കല്പനകൾ പാലിച്ചും കൊണ്ട് കർത്താവിനോടു ചേർന്ന് നില്ക്കുകയും ചെയ്ത ഹെസെക്കിയാ യൂദാ ഭരിച്ച സകല രാജാക്കന്മാരെയുംകാൾ വിശ്വസ്തനായിരുന്നു എന്ന നിരുപാധികവും പരമവുമായ പ്രശംസയാണ് വി.ഗ്രന്ഥകാരൻ ഹെസെക്കിയായ്ക്കു നല്കുന്നത്. മരുഭൂമിയിൽ വച്ച് മോശ ഉണ്ടാക്കിയ പിത്തള സർപ്പത്തെ ദേവാലയത്തിൽ സൂക്ഷിച്ചിരുന്നെന്നും ജനങ്ങൾ അതിനെ വിഗ്രഹമായി കരുതി ആരാധിച്ചതിനാൽ ഹെസെക്കിയ അതു തകർത്തു കളഞ്ഞു എന്നും എടുത്തു പറയുന്നു (2 രാജാ 18,4). പിത്തള സർപ്പം എന്നാണ് നെഹൂഷ്താൻ എന്ന പദത്തിന്റെ അർത്ഥം.

രാജാക്കന്മാരുടെ പുസ്തകത്തിൽ മൂന്നു വാക്യങ്ങളിൽ സംഗ്രിച്ച മത നവീകരണത്തിന്റെ വിവരണ ദിനവൃത്താന്ത ഗ്രന്ഥത്തിൽ മൂന്ന് അധ്യായങ്ങളായി വികസിപ്പിച്ചിരിക്കുന്നു. ദേവാലയ ശുദ്ധീകരണം, പെസഹ ആഘോഷം, ദേവാലയ ശുശ്രൂഷകർ എന്ന മൂന്നു ഭാഗങ്ങളായി തിരിച്ചാണ് മാതാത്മക മേഖലയിലെ ഹെസെക്കിയായുടെ നവീകരണം ശ്രമങ്ങളെ അവതരിപ്പിക്കുന്നത്.

അസീറിയായുടെ നിർബന്ധത്തിനു വഴങ്ങിയ, വിശ്വാസ ദൃഢതയില്ലാത്ത, ആഹാസ് രാജാവ് ജറുസലെം ദേവാലയത്തിൽത്തന്നെ വിജാതീയ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും വിജാതീയ രീതിയിലുള്ള ആരാധനകൾ നടപ്പിലാക്കുകയും ചെയ്തിരുന്നു. അതിനു പുറമേ ദേശത്തുടനീളം വിഗ്രഹാരാധനയ്ക്കുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിരുന്നു. സാമ്രാജ്യത്തിന്റെ ഐക്യം നിലനിർത്താനും പ്രജകൾക്ക് ചക്രവർത്തിയോടുള്ള വിധേയത്വം പ്രകടമാക്കാനുള്ള മാധ്യമമായിട്ടാണ് അസ്സീരിയാക്കാർ ഈ മതാചാരങ്ങളെ ഉപയോഗിച്ചിരുന്നത്. അവയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് സാമ്രാജ്യത്തിനെതിരേയുള്ള കലാപമായി പരിഗണിക്കപ്പെടുമായിരുന്നു. അതിനാൽ ഇവിടെ വിവരിക്കുന്ന നവീകരണ സംരംഭങ്ങൾക്ക് രാഷ്ട്രീയ മാനങ്ങളുമുണ്ട്. മത നവീകരണം രാഷ്ട്രീയമായ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ സൂചന ഉൾക്കൊള്ളുന്നു. എപ്പോഴാണ് ഈ നവീകരണങ്ങൾ നടത്തിയത് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ഭരണം ആരംഭിച്ച വർഷം തന്നെ നവീകരണങ്ങൾ നടപ്പിലാക്കിയെന്ന് വി.ഗ്രന്ഥകാരൻ പറയുന്നുണ്ടെങ്കിലും പലപ്പോഴായി നടന്ന നവീകരണ പ്രവർത്തനങ്ങളെ ഒരുമിച്ച് അവതരിപ്പിക്കുന്നതായും കരുതാം.



സമരിയായുടെ പതനത്തിനുശേഷം അതിന്റെ കാരണങ്ങളെക്കുറിച്ചു വിലയിരുത്തുകയും കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയുടെ മാനദണ്ഡത്തിൽ ഇസ്രായേൽ ചരിത്രം അപഗ്രഥിക്കുകയും ചെയ്ത വടക്കൻ രാജ്യത്തെ പുരോഹിതന്മാരും പ്രവാചക ശിഷ്യന്മാരും ചേർന്നു രചിച്ചതാണ് നിയമാവർത്തന ഗ്രന്ഥം എന്നു നാം കണ്ടു കഴിഞ്ഞു (ബൈ.തീ 9, p 7-8). ഷെക്കെമിൽ വച്ച് എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പ് ഹെസെക്കിയായുടെ കാലത്ത് ജറുസലെമിലേക്ക് കൊണ്ടുവന്നെന്നനും, ആ ഗ്രന്ഥത്തിന്റെയും ഗ്രന്ഥകർത്താക്കളുടെയും പ്രേരണയും പ്രചോദനവും മത നവീകരണത്തിനു പ്രോത്സാഹനം നല്കിയെന്നും അനുമാനിക്കാം. വടക്കൻ രാജ്യത്തിന്റെ പതനവും അസ്സീറിയായുടെ ആധിപത്യവും നവീകരണ ശ്രമങ്ങൾക്ക് അടിയന്തിര സ്വഭാവം നല്കിയെന്നും കരുതാം.

### i. ദേവാലയ ശുദ്ധീകരണം 2 ദിന 29,3-36

നിയമാനുസൃതമായ മതജീവിതം ജറുസലെമിൽ പുനസ്ഥാപിച്ചുകൊണ്ടാണ് മത നവീകരണം ആരംഭിച്ചത്. ആഹാസിന്റെ നയങ്ങളെയും ചെയ്തികളെയും (2 ദിന 28,24) പൂർണ്ണമായും തിരുത്തിക്കുറിക്കുന്നതായിരുന്നു ഹെസെക്കിയായുടെ പ്രവർത്തനം. ആഹാസ് അടച്ചു പൂട്ടിയ ദേവാലയ വാതിൽ അയാൾ തുറന്നു. ദേവാലയ ശുദ്ധീകരണത്തിനായി പുരോഹിതന്മാരെയും ലേവ്യരെയും വിളിച്ചുകൂട്ടിയെങ്കിലും (2 ദിന 29,4) ലേവ്യരെ മാത്രം അഭിസംബോധന ചെയ്താണ് രാജാവ് സംസാരിച്ചത് (2 ദിന 29,5). ദേവാലയത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുകയും ആഹാസിന്റെ അനാചാരങ്ങളോടു സഹകരിക്കുകയും ചെയ്തതിന്റെ പേരിൽ പുരോഹിതന്മാർക്കെതിരേയുള്ള നിശ്ശബ്ദ വിമർശനമായി ഇതിനെ വ്യാഖ്യാതാക്കൾ പരിഗണിക്കുന്നു. പിതാക്കന്മാരുടെ പാപം ഏറ്റു പറയുകയും തങ്ങൾ അനുഭവിക്കുന്ന ശിക്ഷകൾ ആ പാപങ്ങളുടെ ഫലമാണെന്ന് അംഗീകരിക്കുകയും ചെയ്തതിനുശേഷം (2 ദിന 29,6-9) കർത്താവുമായുള്ള ഉടമ്പടി പുതുക്കാൻ രാജാവു താൽപര്യം പ്രകടിപ്പിച്ചു (2 ദിന 29,10-11).

ലേവ്യരും പുരോഹിതന്മാരും ചേർന്ന് പതിനാറു ദിവസംകൊണ്ട് ദേവാലയവും പരിസരവും ശുദ്ധീകരിച്ചു (2 ദിന 29,12-19). 'ദേവാലയത്തിൽ ഉണ്ടായിരുന്ന മാലിന്യങ്ങൾ' അടിഞ്ഞുകൂടിയ ചപ്പുചവറുകളെക്കാൾ, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട വസ്തുക്കളെയാണ് സൂചിപ്പിക്കുന്നത്. ദേവാലയവും ഉപകരണങ്ങളും നിയമപ്രകാരം ശുദ്ധീകരിച്ചു കഴിഞ്ഞപ്പോൾ രാജാവിന്റെ നിർദ്ദേശപ്രകാരം ശുദ്ധീകരിച്ചു കഴിഞ്ഞപ്പോൾ രാജാവിന്റെ നിർദ്ദേശപ്രകാരം വാദ്യഘോഷങ്ങളോടെ രാജ്യ

ത്തിനും ജനത്തിനും വേണ്ടി പാപ പരിഹാര ബലികളർപ്പിച്ചു (2 ദിന 29,20-30). ബലിമൃഗങ്ങളെ രാജാവു തന്നെയാണ് നല്കിയത്. അതിനു ശേഷം രാജാവിന്റെ ആഹ്വാനം സ്വീകരിച്ച് ജനം ദഹന ബലികൾക്കും സമാധാന ബലികൾക്കുമുള്ള കാഴ്ചകൾ സമർപ്പിച്ചു (2 ദിന 29,31-36). സോളമൻ നടത്തിയ ദേവാലയ പ്രതിഷ്ഠയെ അനുസ്മരിപ്പിക്കുന്നതാണ് ദേവാലയ ശുദ്ധീകരവുമായി ബന്ധപ്പെട്ട ഈ ബലിയർപ്പണങ്ങൾ. ഇവിടെയും പുരോഹിതന്മാരെക്കാൾ ലേവ്യരാണ് ദൈവിക കാര്യങ്ങളിൽ താല്പര്യം കാണിച്ചത് (2 ദിന 29,34).

### ii. പെസഹാ ആഘോഷം 2 ദിന 30,1-27

കുടുംബാന്തീരക്ഷത്തിൽ ഇസ്രായേൽ ജനം ആഘോഷിക്കുന്ന ഏറ്റം പ്രധാനപ്പെട്ട തിരുനാളായിരുന്നു പെസഹാ. ജോസിയാ രാജാവിന്റെ കാലത്താണ് ആ തിരുനാൾ ജറുസലെം ദേവാലയത്തെ കേന്ദ്രമാക്കി ആഘോഷിക്കുന്ന ഒരു തീർത്ഥാടക തിരുനാളായി മാറിയതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അതിനാൽ ഹെസെക്കിയാ നടത്തിയ പെസഹാ ആഘോഷത്തെക്കുറിച്ചുള്ള വിവരണം ഒരു ചരിത്ര സംഭവത്തിന്റെ വിവരണം എന്നതിലുപരി, ഭാവിയെ സംബന്ധിച്ച വി. ഗ്രന്ഥകാരന്റെ ഭാവനാസൃഷ്ടിയാണെന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ ജോസിയാ രാജാവു പൂർത്തീയാക്കിയ നവീകരണ സംരഭങ്ങൾ ഹെസെക്കിയായുടെ കാലത്തുതന്നെ അരംഭിച്ചതാണെന്നു കരുതുന്നതിൽ അപാകതയില്ല.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ലഭിച്ച വിമോചനത്തിന്റെ അനുസ്മരണവും ആഘോഷവുമായിരുന്നു പെസഹാത്തിരുനാൾ. ഇസ്രായേൽ ജനത്തിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഒന്നൊഴികെ ബാക്കിയെല്ലാം അപ്രത്യക്ഷമാവുകയും അവശേഷിച്ച യൂദാ തന്നെ സമൂലനാശം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ പെസഹാ ആഘോഷിച്ചതിന് മതാത്മകവും രാഷ്ട്രീയവുമായ പ്രാധാന്യമുണ്ട്. പൂർവ്വികരെ ഒരിക്കൽ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച ദൈവം ഇന്ന് അസ്സീറിയായുടെ ആധിപത്യത്തിൽകഴിയുന്ന തങ്ങൾക്കും മോചനം നല്കും എന്ന പ്രതീക്ഷ ഏറ്റം സജീവമാക്കാൻ ഉതകുന്നതായിരുന്നു പെസഹാ ആഘോഷം. ഒരു വിമോചന സമരത്തിന് ആഹ്വാനം ചെയ്യുന്ന കാഹളധ്വനിയായി ജനം പെസഹാ ആഘോഷത്തെ കാണുമായിരുന്നു. അതിനാൽത്തന്നെ അധിനിവേശ ശക്തികൾ പെസഹാ ആഘോഷത്തെയും മറ്റു നവീകരണ പ്രവർത്തനങ്ങളെയും വളരെ ശ്രദ്ധയോടെ നിരീക്ഷിക്കുമായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം ഹെസെക്കിയാ നടത്തിയ പെസഹാ ആഘോഷത്തെ മനസ്സിലാക്കാൻ.

ഒന്നാം മാസം 14-ാം ദിവസമാണ് പെസഹാ ആഘോഷിക്കേണ്ടത്



(ലേവ്യ 23,5). ഏതെങ്കിലും കാരണവശാൽ അതിനു കഴിയാതെ വരുന്നവർക്ക് രണ്ടാം മാസം 14-ാം ദിവസം ആഘോഷിക്കാം. സംഖ്യ (9,6-11) എന്ന ആനുകൂല്യം അനുസരിച്ചാണ് ഹെസെക്കിയാ രണ്ടാം മാസം പെസഹാ ആഘോഷിച്ചത് (2 ദിന 30,1-5). പുരോഹിതന്മാരുടെ അനാസ്ഥയാണ് ഇതിനു കാരണം എന്ന സൂചന (2 ദിന 30,3) മതകാര്യങ്ങളിലുള്ള അവരുടെ അലംഭാവത്തിലുള്ള വിരൽ ചൂണ്ടുന്നു.

യൂദായിലെ ജനങ്ങളെ മാത്രമല്ല, വടക്കൻ ഗോത്രങ്ങളെയും പെസഹാ ആഘോഷത്തിനു ക്ഷണിച്ചു (2 ദിന 30,5). ഇതിനു പിന്നിൽ മതപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളുണ്ടാവാം. സോളമന്റെ മരണത്തിനുശേഷം യൂദായിൽ നിന്നു കലഹിച്ചു പിരിഞ്ഞുപോയ മറ്റു ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടി, ഇസ്രായേലിനെ വീണ്ടും ഒറ്റജനമാക്കി മാറ്റാനുള്ള ശ്രമമായിരുന്നു ഇത്. രാജാവും രാജ്യവും നഷ്ടപ്പെട്ട് ചിതറിപ്പോയ വടക്കൻ ഗോത്രങ്ങൾക്ക് ജറുസലെമിലേക്കു വരാൻ താൽപര്യമുണ്ടാകുമെന്ന് ന്യായമായും കരുതാമായിരുന്നു. പെസഹാ ആഘോഷത്തിനു ജറുസലേമിലേക്കു വരുന്നത്. കർത്താവിലേക്കുള്ള മടങ്ങിവവായി വ്യാഖായാനിച്ചു.കൊണ്ടാണ് ഹെസെക്കായി ദൂതന്മാരെ അയച്ചത് (2 ദിന 30,6-9). മടങ്ങിവരുന്നവരെ കർത്താവ് സ്വീകരിക്കുമെന്ന് ദൂതന്മാർ വടക്കൻ ഗോത്രങ്ങൾക്ക് ഉറപ്പു നല്കി. എന്നാൽ ഏറ്റം വടക്കുണ്ടായിരുന്ന ഗോത്രങ്ങളിൽ നിന്ന് ചുരുക്കം പോരൊഴികെ മറ്റാരും ആഹ്വാനം സ്വീകരിക്കാൻ തയ്യാറായില്ല.

ബഹുഭൂരിഭാഗവും ദൂതന്മാരെ പുച്ഛിച്ചു പുറന്തള്ളിയതിനു പല കാരണങ്ങളുണ്ടാകാം. പെസഹാ ആഘോഷത്തിനു ജറുസലെമിലേക്കു പോകുന്നത് കലാപത്തിന്റെ അടയാളമായി കണ്ട് അസ്സീറിയൻ അധികാരികൾ പ്രതികാര നടപടികൾ സ്വീകരിച്ചേക്കും എന്ന ഭയമാണ് ഒരു കാരണം. രണ്ടു നൂറ്റാണ്ടിലേറെയായി യൂദായും ഇസ്രായേലും തമ്മിൽ നിലനിന്ന വിദ്വേഷവും ഇതിനു കാരണമാകാം. ജറുസലെമിലേക്കും പോകുന്നത് ദാവീദുരാജവംശത്തെ അംഗീകരിക്കുന്നതിന്റെ അടയാളമായി കണ്ടതും ഈ അവഹേളനത്തിനും തിരസ്കരണത്തിനും കാരണമായിരിക്കാം.

പെസഹാ ആഘോഷിക്കാൻ ജറുസലെമിൽ ഒരുമിച്ചുകൂടിയവർ ആദ്യമേ ചെയ്തത് നിയമാനുസൃതമല്ലാത്ത ബലിപീഠങ്ങളും ധൂമപീഠങ്ങളും തകർക്കുകയാണ് (2 ദിന 30,13-14). ഇത് കർത്താവിനോടുള്ള വിശ്വസ്തത ഏറ്റുപറയുന്നതിനോടൊപ്പം അസ്സീറിയൻ നുകം വലിച്ചെറിയുന്നതിന്റെ പ്രതീകവുമായിരുന്നു. ഇതിന്റെ തുടർച്ച അടുത്ത അധ്യായത്തിൽ (2 ദിന 31,1) വിവരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത പെസഹാ

ഭക്ഷണത്തിൽ പങ്കു ചേർന്നവർക്കു വേണ്ടി രാജാവു പ്രാർത്ഥിക്കുകയും കർത്താവ് അവരോട് ക്ഷമിക്കുകയും ചെയ്തു (2 ദിന 30,15-20). പെസഹാ ആഘോഷത്തിനും ലേവ്യർ പ്രത്യകം ആശംസിക്കപ്പെടുന്നു (2 ദിന 30,21-22). വിധിപ്രകാരമുള്ള ഏഴു ദിവസത്തിനു പുറമെ വീണ്ടും ഏഴു ദിവസം കൂടി ആഘോഷിച്ചതിനുശേഷം ആഹ്ലാദഭരിതരായി ജനം സ്വവസതിയിലേക്ക് മടങ്ങി (2 ദിന 30,23-27).

**വിചിന്തനം:** നിയമവിധിപ്രകാരം ശുദ്ധരാല്ലാതിരുന്നവരും പെസഹാ ഭക്ഷണത്തിൽ പങ്കു ചേർന്നു. രാജാവു അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അവരെ കരുണയോടെ കടാക്ഷിക്കുകയും ചെയ്തു (2 ദിന 30,18-19) എന്ന പ്രസ്താവനയ്ക്ക് ഇന്നു ഏറെ പ്രസക്തിയുണ്ട്. നിയമങ്ങളും പാരമ്പര്യങ്ങളും അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ പ്രേരിപ്പിക്കുകയും അതിൽ വീഴ്ച വരുത്തുന്നവർക്കെതിരേ കർശനമായ ശിക്ഷാനടപടികൾ എടുക്കുകയും ചെയ്യുന്ന മതാധികാരികൾ പലപ്പോഴും കർത്താവിന്റെ കരുണയും ക്ഷമയും മറക്കുന്നു. അനുഷ്ഠാനങ്ങളുടെ കൃത്യതയേക്കാൽ അനുതാപത്തിലും ആത്മാർത്ഥയ്ക്കുമാണ് ദൈവം പ്രാധാന്യം കൽപിക്കുന്നത് എന്ന് ഹെസെക്കിയായിലൂടെ നൽകിയ പാഠം നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

### iii. ദേവാലയ ശുശ്രൂഷകർ 2 ദിന 31,1-21

പെസഹാ ആഘോഷം കഴിഞ്ഞു മടങ്ങിയവർ യൂദായിലും മറ്റു ഗോത്രങ്ങളിലും ഉണ്ടായിരുന്ന പൂജാഗിരികൾ തകർത്തതിനുശേഷമാണ് വീടുകളിലേക്കു പോയത് (2 ദിന 31,1). ഇത് വ്യക്തമായും ഒരു വിമോചന സമരത്തിന്റെ തുടക്കമായിരുന്നു. യഥാർത്ഥമായ ആരാധന ജനത്തെ മതപരവും രാഷ്ട്രീയവുമായ അടിമത്തതിൽ നിന്ന് സ്വതന്ത്രരാക്കുന്നതിന്റെ അടയാളമാണ് ഇത്.

ദേവാല ശുശ്രൂഷയ്ക്കുവേണ്ടി ലേവ്യരെയും പുരോഹിതന്മാരെയും ഗണം തിരിച്ച് നിയോഗിക്കുകയും അവരുടെ ജീവസന്ധാരണത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതാണ് മതനവീകരണത്തിന്റെ ഒരു പ്രധാന ഘടകമായി വിശുദ്ധ ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നത് (2 ദിന 31,2-21). രാജഭണ്ഡാരത്തിൽ നിന്നു നല്കിയ തുകയ്ക്കു പുറമേ, ഈ ആവശ്യത്തിലേക്കായി സംഭാവനകൾ നല്കാൻ രാജാവ് ജനത്തെ പ്രേരിപ്പിച്ചു. രാജാവിന്റെ മാതൃകയനുസരിച്ച് ജനം ഉദാരമായ സംഭാവനകൾ നൽകിയപ്പോൾ ആവശ്യത്തിനു മിച്ചം ലഭിച്ചു. കാഴ്ചകൾ സ്വീകരിക്കുകയും ദേവാലയ ശുശ്രൂഷയ്ക്കും ദേവാലയ ആവശ്യങ്ങൾക്കുമായി നീതിപൂർവ്വം വീതിക്കുകയും ചെയ്യുന്നതിന് ലേവ്യ നേതാക്കന്മാരെയാണ് നിയോഗിച്ചിരുന്നത്.



**വിചിന്തനം:** വിദേശാധിപത്യത്തിനു കീഴിൽ, ശത്രുക്കളുടെ നിരന്തരമായ ഭീഷണിയിൽ കഴിഞ്ഞപ്പോഴും ജനം ദൈവത്തിലുള്ള വിശ്വാസമായ ഭീഷണിയിൽ കഴിഞ്ഞപ്പോഴും ജനം ദൈവത്തിലുള്ള വിശ്വാസത്തിലും ദൈവാരാധനയിലും നിന്ന് ശക്തിയാർജ്ജിച്ചു. വിശ്വാസവും ആരാധനയും അവർക്കു സന്തോഷം നല്കി. തങ്ങളുടെ ഇല്ലായ്മയിൽ നിന്ന് ഉദാരമായി സംഭാവന ചെയ്യാൻ അവർ സന്നദ്ധരായി. രാഷ്ട്രീയവും സാമൂഹികവുമായ അടിമത്തത്തിലും ആന്തരിക സ്വാതന്ത്ര്യം അനുഭവിക്കാൻ വിശ്വാസവും ആരാധനയും അവരെ സഹായിച്ചു. നമ്മുടെ ദൈവവിശ്വാസവും ദൈവാരാധനയും ഇപ്രകാരമുള്ള സ്വാതന്ത്ര്യവും സന്തോഷവും പ്രദാനം ചെയ്യുന്നുണ്ടോ? നമ്മെ ഔദാര്യത്തിന് പ്രേരിപ്പിക്കുന്നുണ്ടോ?

### b. അസ്സീറിയായ്ക്കെതിരെ ചെറുത്തു നില്പ്

**2 രാജാ 18, 13-19, 37; 2 ദിന 32,1-33**

അസ്സീറിയൻ രാജാവായ സെന്നാക്കെരീബ് യൂദായിലെ അനേകം നഗരങ്ങൾ കീഴടക്കുകയും വലിയ തുക കപ്പം കിട്ടിയിട്ടും ജറുസലെമിനെതിരേ ഭീഷണി ഉയർത്തുകയും ചെയ്തപ്പോൾ കർത്താവ് അത്ഭുതകരമായി നൽകിയ വിമോചനത്തിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിലെ വിവരണം കൂടുതൽ ദീർഘവും വിശദാംശങ്ങൾ ഉൾകൊള്ളുന്നതുമാണ്. ഏശയ്യ 36-37 അധ്യായങ്ങളിൽ ഇതേ സംഭവം വലിയ വ്യത്യാസമൊന്നും കൂടാതെ വിവരിക്കുന്നുണ്ട്.

ബി.സി. 701 ൽ നടന്ന ആക്രമണമാണ് ഇവിടെ പ്രതിപാദിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഈ ആക്രമണത്തിന്റെ കാരണങ്ങളോ സാഹചര്യങ്ങളോ വി. ഗ്രന്ഥകാരൻ വിശദീകരിക്കുന്നില്ല. എന്നാൽ 2 രാജാ 18,7-8ൽ നൽകിയിരിക്കുന്ന സംക്ഷിപ്തമായ വിവരണം സാഹചര്യങ്ങളിലേക്ക് ഒരു സൂചന നൽകുന്നുണ്ട്. സുദീർഘമായ പ്രതിഷേധത്തിന്റെ അവസാനത്തെ ഏറ്റുമുട്ടലാണ് ഇവിടെ വിവരിക്കുന്നത്. അസ്സീറിയിൻ രാജാക്കന്മാരുടെ ഔദ്യോഗിക രേഖകളിൽ നിന്ന് കൂടുതൽ വിശദാംശങ്ങൾ ലഭിക്കും (ANET 284-288).

സമറിയായുടെ പതനത്തിനുശേഷം പലസ്തീനായിലെ നാട്ടുരാജ്യങ്ങളെല്ലാം അസീറിയായ്ക്ക് കപ്പം കൊടുത്ത് സാമന്തരായിക്കഴിഞ്ഞു. എതിർക്കാൻ ശ്രമിച്ചവരെ നിർദ്ദാക്ഷിണ്യം അടിച്ചമർത്താൻ സാർഗൺ വൈകിയില്ല. ആഹാസ് രാജാവു ഭരിച്ചിരുന്നിടത്തോളം കാലം അസ്സീറിയായ്ക്കെതിരേ പലസ്തീനായിലും ചുറ്റുപാടുമുണ്ടായ കലാപങ്ങളിൽ യൂദാ പങ്കെടുത്തില്ല. എന്നാൽ ആഹാസിന്റെ മരണത്തോടെ സ്ഥിതിഗതികൾക്കു മാറ്റമുണ്ടായി..

അസ്സീറിയായോട് ആഹാസ് സ്വീകരിച്ച നിരുപാധികമായ വിധേയത്വത്തിന്റെ നിലപാടിൽ യാഹ്‌വേ ഭക്തരായ യൂദാനിവാസികൾ പൊതുവേ അസംതൃപ്തരായിരുന്നു. സ്വാതന്ത്ര്യ മോഹികളായ അവർ വിദേശാധിപത്യത്തെ വെറുത്തിരുന്നു. സ്വാതന്ത്ര്യ മോഹികളായ അവർ വിദേശാധിപത്യത്തെ വെറുത്തിരുന്നു. അടിമത്തത്തിന്റെ നുകം വലിച്ചെറിയാൻ അവർ അവസരം കാത്തിരുന്നു. ആഹാസ് മരിച്ച ബി.സി. 716ൽ ഈജിപ്തിൽ ശക്തനായ ഒരു രാജാവ് ഭരണ ആരംഭിച്ചത് തങ്ങൾ പ്രതീക്ഷിച്ചിരുന്ന അവസരമായി അവർ കണ്ടു. പരസ്പരം കലഹിച്ചു ക്ഷയിച്ചുകൊണ്ടിരുന്ന ഈജിപ്തിലെ പ്രഭുക്കന്മാരുടെമേൽ എത്യോപ്യാക്കാരനായ പിയാങ്കി ആധിപത്യം സ്ഥാപിച്ച് പുതിയൊരു രാജവംശത്തിനു തുടക്കം കുറിച്ചു. 25-ാം രാജവംശമായി അറിയപ്പെടുന്നു.

ഈജിപ്തു രാജാവായ പിയാങ്കി പലസ്തീനായിൽ ഇടപെടാൻ തുടങ്ങി. അസ്സീറിയായ്ക്കെതിരേ പലസ്തീനായെ ഒരു പ്രതിരോധനിരയാക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. ഇതിനായി ഫിലിസ്ത്യർ, ഏദോമ്യർ, മൊവാബ്യർ തുടങ്ങിയവരെയെല്ലാം സഖ്യത്തിനു ക്ഷണിച്ചു. ഈജിപ്തിന്റെ ദൂതന്മാർ ജറുസലെമിലും എത്തി. വിമോചനത്തിനു ദൈവം നല്കിയ അവസരമായി യൂദായിലെ പലരും ഇതിനെ വീക്ഷിച്ചെങ്കിലും, ഏശയ്യായുടേയും മറ്റും സ്വാധീനത്താലാവാം, ഹെസെക്കിയാ സഖ്യത്തിൽ ചേരാതെ മാറിനിന്നു. ബി.സി. 711ൽ സാർഗൺ ആഞ്ഞടിച്ചു. സഖ്യശക്തികൾ തകർന്നു. ഫിലിസ്ത്യ നഗരമായ അഷ്ദോദിൽ വച്ചായിരുന്നു നിർണ്ണായക യുദ്ധം. ഈജിപ്തിന് അവരെ രക്ഷിക്കാനായില്ല. ഈ സാഹചര്യത്തിലാണ് ഏശയ്യാ മൂന്നു വർഷത്തേക്ക് അരക്കച്ച മാത്രമുടുത്ത്, നിഷ്പാദുകനായി ജറുസലെമിലൂടെ നടന്നത്. ഈജിപ്തിനും സഖ്യകക്ഷികൾക്കും വരാൻ പോകുന്ന അടിമത്തത്തിന്റെ അടയാളമായിരുന്നു അത് (ഏശ 20,1-6). ഇതിനുശേഷം സാർഗൺ പാലസ്തീനായിലേക്കു വന്നില്ല. അസ്സീറിയായ്ക്കു കപ്പം കൊടുക്കുകയും സഖ്യത്തിൽ ചേരാതിരിക്കുകയും ചെയ്തതിനാൽ ഹെസെക്കിയായ്ക്ക് തന്റെ മത നവീകരണങ്ങൾ നിർബ്ബാധം തുടരാൻ സാധിച്ചു. കഴിഞ്ഞ ഭാഗത്തു കണ്ട നവീകരണങ്ങൾ അധിക പങ്കും 711 നു ശേഷമായിരിക്കും നടന്നത് എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ബി.സി. 705ൽ സാർഗൺ യുദ്ധത്തിൽ മരിച്ചു. മകൻ സെന്നാക്കെരീബ് രാജാവായി. ആരംഭത്തിൽ പിതാവിനോളം പ്രഗത്ഭനായിരുന്നില്ല അയാൾ. അതിവിശാലമായ അസ്സീറിയാ സാമ്രാജ്യത്തിലെ സാമന്തരാജ്യങ്ങൾ എല്ലാം തന്നെ കലാപക്കൊടി ഉയർത്തി. കിഴക്ക് ബാബിലോണിൽ മെറോദാക് ബലാദാൻ വീണ്ടും കലാപം ആരംഭിച്ചു. അയാളുട



ദൂതന്മാർ പലസ്തീനായിലെ നാട്ടുരാജാക്കന്മാരുടെ അടുത്തും എത്തി. ഈജിപ്തും സജീവമായി രംഗത്തുവന്നു. അസ്സീറിയായുടെ കിഴക്കും പടിഞ്ഞാറും ഒരേ സമയത്ത് കലാപം ആരംഭിക്കുകയായിരുന്നു. ബാബിലോൺ രാജാവിന്റെ പദ്ധതി അത്ഭുതകരമായി രോഗശാന്തി ലഭിച്ച ഹെസെക്കിയായ്ക്ക് അഭിവാദനം അർപ്പിക്കാൻ വന്ന ബാബിലോണിന്റെ ദൂതന്മാരെ (2 രാജാ 20,12) ഈ പശ്ചാത്തലത്തിൽ കാണണം.

അസ്സീറിയായ്ക്കെതിരേ കലാപം കാട്ടുതീപോലെ പടർന്നു. പലസ്തിനായുടെ വടക്കുപടിഞ്ഞാറുള്ള ഫെനീഷ്യ നഗരങ്ങൾ ടയിറിന്റെ കീഴിൽ സഖ്യം ചേർന്നു. തെക്കു പടിഞ്ഞാറുള്ള ഫിലിസ്ത്യ നഗരങ്ങളും തെക്കും കിഴക്കുമുള്ള ഏദോം, മൊവാബ്, അമ്മോൻ എന്നിവയും കലാപത്തിൽ പങ്കു ചേർന്നു. ഏശയ്യായുടെ ഉപദേശം തിരസ്കരിച്ച് ഹെസെക്കിയായും സഖ്യകക്ഷികളോടു ചേർന്നു. ചർച്ചകൾക്കായി ദൂതന്മാരെ ഈജിപ്തിലേക്കയച്ചു. (ഏശ 30,1-7, 31,1-3). ഏറെ താമസിയാതെ ഹെസെക്കിയാ ഈ സഖ്യത്തിന്റെ നേതാവുമായി. ഫിലിസ്ത്യ നഗരമായ ഏക്രോണിലെ രാജാവ് സഖ്യത്തെ എതിർത്തതിനാൽ അയാൾക്കെതിരേ യുദ്ധം നയിച്ചു. (2 രാജാ 18,8). നഗരവാസികൾ രാജാവിനെ ബന്ധിച്ച് ഹെസെക്കിയായെ ഏല്പിച്ചു. ഹെസെക്കിയാ അയാളെ ജറുസലെമിൽ തടവുകാരനാക്കി. ഇതാണ് സെന്നാക്കരീബിന്റെ ആക്രമണമുണ്ടായ ചരിത്ര പശ്ചാത്തലം.

ബാബിലോണിലെ കലാപം അടിച്ചമർത്തിയതിനുശേഷം സെന്നാക്കെരീബ് കൊടുങ്കാറ്റുപോലെ പടിഞ്ഞാറോട്ട് ആഞ്ഞടിച്ചു. ടയിർ നിലം പതിച്ചു. സഖ്യകക്ഷികൾ ചിതറി. ഈ പരാജയത്തെക്കുറിച്ചു കേട്ടപ്പോൾ ഹെസെക്കിയായുടെ നേതൃത്വത്തിലുണ്ടായിരുന്ന സഖ്യം പൊളിഞ്ഞു. അഷ്ദോദ്, ഏദോം, അമ്മോൻ, മൊവാബ് എന്നീ രാജ്യങ്ങൾ കപ്പവുമായി ഓടിയെത്തി സെന്നാക്കെരീബിനോടു രമ്യതപ്പെട്ടു. ഫിലിസ്ത്യ നഗരങ്ങളായ ആഷ്കെലോൺ, എക്രോൺ എന്നിവയും യൂദായും മാത്രം ചെറുത്തു നില്ക്കാൻ തീരുമാനിച്ചു. ഈ സാഹചര്യത്തിലാവണം ജെറുസലെമിൽ ജലം സുലഭമാക്കാൻ വേണ്ടി തുരങ്കം നിർമ്മിക്കുകയും കോട്ട പുതുക്കുകയും ചെയ്തത് (2 ദിന 32,1-8). ജറുസലെം നഗരം ജലത്തിന് ആശ്രയിച്ചിരുന്നത്. മതിലിനു പുറത്തുള്ള ഗീഹോൻ ഉറവയെ ആണ്. ഉറവയിലെ ജലം കുളത്തിൽ സംഭരിച്ചിരുന്നു. കുളവും ഉറവയും ഭദ്രമായി മൂടിയതിനുശേഷം ഏകദേശം 400 മീറ്റർ നീളമുള്ള തുരങ്കത്തിലൂടെ ജലം നഗരത്തിനുള്ളിലേക്കു കൊണ്ടുവന്ന് സീലോഹാ കുളത്തിൽ സംഭരിച്ചു.

മധ്യധരണ്യാഴിയുടെ തീരത്തൂടെ തെക്കോട്ടു നീങ്ങിയ സെന്നാ

ക്കെരീബ് ആദ്യമേ അഷ്കെലോൺ കീഴടക്കി. യൂദായുടെ നഗരങ്ങൾ ഒന്നൊന്നായി നശിപ്പിച്ചു.46 നഗരങ്ങൾ നശിപ്പിക്കുകയും കൂട്ടിൽ പക്ഷിയെ എന്നപോലെ ഹെസെക്കിയായെ ജെറൂസലെമിൽ അടച്ചിടുകയും ചെയ്ത തായി സെന്നാക്കെരീബ് അവകാശപ്പെടുന്നു (ANET 288). അതേസ മയം എക്രോണിനെതിരേയും ആക്രമണം ആരംഭിച്ചു. സഹായത്തിനു വന്ന എക്രോണിനെതിരേയും ആക്രമണം ആരംഭിച്ചു. സഹായത്തിനു വന്ന ഈജിപ്തു സൈന്യത്തെ എക്രോണിനു തെക്കുള്ള എൽത്തെക്കെ നഗരത്തിൽ വച്ചു തോല്പിച്ചു.

ഹെസെക്കിയായുടെ നില അപകടത്തിലായി. സെന്നാക്കെരീ ബിന്റെ പ്രതികാര നടപടി അതിക്രൂരമായിരുന്നു. നാടു മുഴുവൻ നശിപ്പി ക്കപ്പെട്ടു. ഇതിനെക്കുറിച്ചാണ് ഏശ 1,6-9ൽ സൂചിപ്പിക്കുന്നത്. ലാഖിഷ് നഗരത്തിനടുത്ത് ഒരു കുഴിയിൽ നിന്ന് 1500 പേരുടെ അസ്തികൂടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്ത് സെന്നാക്കെരീബിന്റെ ക്രൂരതയ്ക്കു തെളിവാണ്. ഗത്യന്തരമില്ലെന്നു മനസ്സിലാക്കിയ ഹെസെക്കിയാ ലാഖിഷ് ആക്രമിച്ചുകൊണ്ടിരുന്ന സെന്നാക്കെരീബിന്റെ അടുത്തേക്ക് വലിയ സമ്മാനങ്ങളുമായി ദൂതന്മാരെ അയച്ച് സമാധാനത്തിനുവേണ്ടി യാചിച്ചു (2 രാജാ 18,14-16). തടവുകാരനാക്കിവച്ചിരുന്ന എക്രോൺ രാജാവിനെയും ഈ കൂട്ടത്തിൽ സ്വതന്ത്ര്യനാക്കി വിട്ടയച്ചു എന്ന് ചരിത്രകാരന്മാർ അഭി പ്രായപ്പെടുന്നു. അതുകൊണ്ടു തൃപ്തനാകാഞ്ഞ അസീറിയൻ രാജാവ് തന്റെ രണ്ട് ഉദ്യോഗസ്ഥന്മാരെ ജറൂസലെമിലേക്ക് അയച്ചു. റബ്സാരി സ്, റബ്ഷക്കെ എന്നത് വ്യക്തികളുടെ പേരുകളല്ല, ഔദ്യോഗിക സ്ഥാന പ്പേരുകളാണ്. സേവകൻ എന്നും സൈന്യധിപൻ എന്നും ആണ് അവ യുടെ അർത്ഥം. ഹെസെക്കിയാ അയച്ച പ്രതിനിധികളോട് അവർ കോട്ട മതിലിനു പുറത്തു നിന്ന് പ്രകോപനപരമായ വിധത്തിൽ സംസാരിച്ചു (2 രാജാ 18,17-18). അവരുടെ വാക്കുകൾ രാജാക്കന്മാരുടെ പുസ്തകത്ത തിൽ വളരെ ദീർഘമായി വിവരിക്കുന്നു (2 രാജാ 18,19-37). ദിനവൃത്താന്ത ഗ്രന്ഥത്തിലേ വിവരണം ഹ്രസ്വമാണ് (2 ദഗിന 32,9-15).

രാജാവിന്റെയും ജനത്തിന്റെയും ധൈര്യം അസ്സീറിയാ കെടുത്തി നിരുപാധികം കീഴടങ്ങാൻ പ്രേരിപ്പിക്കുകയായിരുന്നു അസ്സീറിയാ രാജാ വിന്റെ ലക്ഷ്യം. ഈജിപ്ത് വിശ്വസിക്കാൻ കൊള്ളാത്തതും ദുർബലവു മായ തുണയാണ്. കർത്താവിന്റെ ബലിപീഠങ്ങൾ തകർത്തതിനാൽ കർത്താവ് യൂദായെ കൈവെടിഞ്ഞിരിക്കുന്നു. അസീറിയായോടു ചെറുത്തു നില്ക്കാൻ യൂദാ സൈന്യം ശക്തമല്ല. കർത്താവു തന്നെയാണ് ജറുസെലെമിനെതിരേ അസ്സീറിയായെ അയച്ചിരിക്കുന്നത്. ഇത്രയുമാണ് ദൂതന്മാർ നിരത്തിയ ന്യായങ്ങൾ (2 രാജാ 18,19-25). ഇസ്രായേൽ ജന



ത്തിന്റെ സംസാര ഭാഷയായ ഹീബ്രുവിലാണ് ദൂതന്മാർ സംസാരിച്ചത്. അസീറിയാക്കാർ സംസാരിക്കുന്ന അരമായ ഭാഷ യൂദായിലെ സാധാര ണക്കാർക്ക് അറിയില്ലായിരുന്നു. ആ ഭാഷ തങ്ങൾക്കു മനസിലാകുമെ ന്നതിനാൽ അതിൽ സംസാരിക്കാൻ ഹെസെക്കിയായുടെ പ്രതിനിധികൾ ആവശ്യപ്പെട്ടപ്പോൾ റബ്ഷക്കെ ജനത്തിന്റെ മനസ്സിടിക്കാൻ വേണ്ടി ഹെബ്രായ ഭാഷയിൽ കൂടുതൽ ഉച്ചത്തിൽ നിന്ദനങ്ങൾ ചൊരിഞ്ഞു (2 രാജാ 18,26-28). നഗരത്തിൽ ജനം പട്ടിണി കിടന്നു മരിക്കും എന്നതാണ് ഏറ്റം വലിയ ഭീഷണിയും പരിഹാസവും (2 രാജാ 18,27).

ജനത്തിന്റെ മുമ്പിൽ ഹെസെക്കിയായെയും കർത്താവിനെയും താഴ്ത്തിക്കെട്ടുകയായിരുന്നു അസ്സീറിയൻ. ഉദ്യോഗസ്ഥന്റെ രണ്ടാമത്തെ പ്രഭാഷണത്തിന്റെ ലക്ഷ്യം. ഹെസെക്കിയായ്ക്ക് യൂദാജനത്തെ രക്ഷിക്കാനാവില്ല. അസ്സീറിയായ്ക്കു കീഴടങ്ങിയാൽ അവർക്കു വിദേ ശത്തു ഭാസുരമായ ഭാവിയുണ്ടാകും. അസ്സറീയാ രാജാവിന്റെ കൈക ളിൽ നിന്ന് അവരെ രക്ഷിക്കാൻ കർത്താവിനുപോലും കഴിയുകയില്ല എന്ന് ഇതര ജനതകളുടെ അനുഭവം നിരത്തിവച്ചുകൊണ്ട് റബ്ഷെക്കെ സമർത്ഥിച്ചു (2 രാജാ 18,29-39). ഈ രണ്ടു പ്രഭാഷണങ്ങുടെയും സംഗ്രഹം 2 ദിന 32,10-15ൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്ദനം കേട്ട രാജ പ്രതിനിധികൾ ദുഃഖസൂചകമായി വസ്ത്രം കീറി; വിവരങ്ങൾ ഹെസെക്കിയായെ അറിയിച്ചു (2 രാജാ 18,37).

ഭയചകിതനും ദുഃഖാർത്തനുമായ ഹെസെക്കിയാ അനുതാപത്തി ന്റെയും പരിഹാരത്തിന്റെയും അടയാളമായി ചാക്കുടുപ്പിച്ച് ദൂതന്മാരെ ഏശയ്യായുടെ അടുക്കലേക്ക് അയച്ചു. അസ്സീറിയാ രാജാവ് കർത്താവിനെ അധിക്ഷേപിച്ചതിനാൽ കർത്താവ് അവനെ ശിക്ഷിച്ചേക്കാം എന്ന പ്രതീക്ഷ ഹെസെക്കിയായ്ക്കുണ്ട്. ഏശയ്യാ കർത്താവിനോട് ജന ത്തിനുവേണ്ടി പ്രാർത്ഥിക്കണം എന്ന ഏക അപേക്ഷയാണ് ദൂതന്മാർ വഴി സമർപ്പിച്ചത് (2 രാജാ 19,1-15). ഏശയ്യായുടെ മറുപടി ഹ്രസ്വമായിരു ന്നു. അതു പ്രതീക്ഷ നല്കുന്നതുമായിരുന്നു (2 രാജാ 19,6-7). കർത്താവു തന്നെ അസീറിയാ രാജാവിനെ ഭയചകിതനാക്കും. സ്വദേശത്തേക്കു മട ങ്ങാൻ പ്രേരിപ്പിക്കുന്ന കിംവദന്തികൾ എന്താണെന്നു വ്യക്തമാക്കുന്നി ല്ല. ഈജിപ്തു രാജാവായ തീർഹാക്കാ തനിക്കെതിരേ വരുന്നു (2 രാജാ 19,9) എന്ന വാർത്തയാണ് ഇതെന്ന ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം സ്വീകാര്യമല്ല. 25-ാം രാജവംശത്തിലെ മൂന്നാമത്തെ രാജാവായിരുന്നു എത്യോപ്യക്കാരനായ താർഹാക്കാ. ഈജിപ്തു രാജാവിനെ നേരിടാൻ അസ്സീറിയായിലേക്കല്ലല്ലോ മടങ്ങേണ്ടത്. അസ്സീറിയായിൽ ആഭ്യന്തര കലാപമുണ്ടാക്കുകയും ബാബിലോൺ വീണ്ടും സ്വാതന്ത്ര്യം

പ്രഖ്യാപിക്കുകയും ചെയ്തതാണ് ഈ വാർത്ത എന്ന് അനുമാനിക്കാം.

സെന്നാക്കെരീബ് ഒരു കത്തുമായി വീണ്ടും ദൂതന്മാരെ ജറുസ ലെമിലേക്ക് അയച്ചു (2 രാജാ 19,8-9). ഏതെങ്കിലും വിധത്തിൽ യൂദായെ കീഴ്പ്പെടുത്തി യുദ്ധം അവസാനിപ്പിക്കണം എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. അസ്സീറിയായിലേക്കു മടങ്ങാൻ അയാൾക്കു തിടുക്കമുണ്ടായി രുന്നു. കർത്താവിനു ജറുസലേമിനെ രക്ഷിക്കാൻ കഴിയില്ല എന്നും കർത്താവിൽ ആശ്രയിക്കുന്നവർ വഞ്ചിക്കപ്പെടും എന്നുമാണ് കത്തിന്റെ ഉള്ളടക്കം. ആദ്യ ദൂതന്മാർ നല്കിയ സന്ദേശത്തോട് കാര്യമായി ഒന്നും തന്നെ ഈ കത്തിൽ കൂട്ടിച്ചേർത്തിട്ടില്ല. ആകയാൽ ഒരേ ദൂതിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നതെന്ന് വ്യാഖ്യാ താക്കൾ അനുമാനിക്കുന്നു. ഈ എഴുത്തും ആദ്യ ദൂതിന്റെ ഭാഗമായി ട്ടാണ് ദിനവൃത്താന്ത ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത് (2 ദിന 32,16 -19).

ദുഃഖാർത്തനായ ഹെസെക്കിയാ ശത്രുവിന്റെ കത്ത് ദേവാലയ ത്തിൽ കർത്താവിന്റെ സന്നിധിയിൽ വച്ച്, മനമുരുകി പ്രാർത്ഥിച്ചു കർത്താവു മാത്രമാണ് ദൈവമെന്നും അവിടുന്നാണ് സകലരുടെയും സ്രഷ്ടാവും അധിപനും എന്നും ഏറ്റു പറഞ്ഞുകൊണ്ട് ശത്രുവിൽ നിന്ന് രക്ഷ നല്കണമേ എന്ന് തീവ്രമായി യാചിച്ചു (2 രാജാ 19,14-19). ജറൂസ ലെമിനു രക്ഷ നല്കുന്നതിലൂടെ കർത്താവു മാത്രമാണ് ദൈവം എന്നു ലോകജനതകൾ അറിയട്ടെ എന്നു പ്രാർത്ഥിക്കുമ്പോൾ തങ്ങളുടെ ഭൗതി കമായ രക്ഷയേക്കാൾ ദൈവത്തിന്റെ മഹത്വമാണ് പ്രധാനം എന്ന് രാജാവ് ഏറ്റു പറയുന്നു. ഏശയ്യായും കർത്താവിനോട് പ്രാർത്ഥിച്ചു എന്ന് 2 ദിന 32,20ൽ കൂട്ടിച്ചേർത്തിരിക്കുന്നു.

പ്രാർത്ഥന കേട്ട കർത്താവ് ഏശയ്യാ വഴി ഹെസെക്കിയായ്ക്ക് മറുപടി നല്കി. 2 രാജാ 19,6-7ൽ നല്കിയ മറുപടി ഇവിടെ അസ്സീറിയാ യെക്കെതിരേയുള്ള ഒരു ഗാനമായി അവതരിപ്പിച്ചിരിക്കുന്നു (2 രാജാ 19,21 -28). ഏശ 10,5-112ൽ അസ്സീറിയായെക്കുറിച്ചു പറയുന്ന കാര്യങ്ങളുമായി ഈ പരിഹാസ കീർത്തനത്തിനു സാമ്യമുണ്ട്. തോറ്റോടുന്ന സെന്നാ ക്കെരീബിനെ നോക്കി ജറൂസലെം പരിഹസിക്കുന്നതായിട്ടാണ് കീർത്തനം അവതരിപ്പിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ പരിശുദ്ധനായ കർത്താവിനെയാണ് അയാൾ പരിഹസിച്ചത്. അയാളുടെ വമ്പുപറച്ചിൽ വ്യർത്ഥമാണ്. കർത്താവു തന്നെയാണ് ജനതകൾക്കെതിരേ ശിക്ഷ നട പ്പിലാക്കാൻ അയാളെ നിയോഗിച്ചത്. എന്നാൽ ഇതു തന്റെ തന്നെ നേട്ട മാണെന്നു കരുതിയ സെന്നാക്കെരീബിനു തെറ്റി. ധിക്കാരിയും അഹങ്കാ രിയും ആയ അവനെ കർത്താവു തന്നെ ഒരു മൃഗത്തെയെന്നപോലെ



ബലമായി തിരിച്ചയയ്ക്കും.

ആഹാസിനു നല്കിയതുപോലെ ആഹാസിനു നല്കിയതുപോലെ (ഏശ 7, 14-25) ഒരടയാളം പെസക്കിയായ്ക്കും നല്കി (2 രാജാ 19,29-34). റണ്ടു വർഷത്തെ വറതിക്കു ശേഷം മൂന്നാം വർഷം മുതൽ നാട്ടിൽ കൃഷിയും സമൃദ്ധിയും ഉണ്ടാകും. '' *യൂദാ ഭവനത്തിൽ അലശേഷിക്കു ന്നവർ"* എന്ന പ്രമേയം ശിക്ഷയെ അതിജീവിച്ച് ഇസ്രായേലിൽ ഒരു ചെറിയ വിഭാഗം അവശേഷിക്കും. അവരിലൂടെ ലോകജനതകൾക്കു മുഴി വൻ രക്ഷ ലഭിക്കും എന്ന ആശയമാണ് ഈ പ്രയോഗത്തിലുള്ളത്. '' *അവശിഷ്ട വിഭാഗം"* എന്ന പ്രയോഗം ഏശയ്യാ പ്രവാചകന്റെ പുസ്ത കത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. (ഏശയ 4, 26; 10, 20 22; 11, 1016). അസ്സിറിയ രാജാവ് ജറുസലേമിന് ഉപരോധം ഏർപ്പെടു ത്താതെ വന്ന വഴിയെ മടങ്ങും എന്ന പ്രവചനം പൂർത്തിയായി.

കർത്താവിന്റെ ദൂതൻ അന്നു രാത്രി അസ്സീറിയാ പാളയത്തിൽ കടന്ന് കൂട്ടകൊല നടത്തിയെന്ന പരാമർശം (2 രാജാ 19,35;2 ദിന 32,21) എന്തിനെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. ഈജി പ്തുമായുണ്ടായ യുദ്ധത്തിൽ സെന്നാക്കെരീബിന്റെ പാളയത്തിൽ എലി കടന്ന് തുകൽ കൊണ്ടുള്ള പരിചയും ആവനാഴിയും വില്ലിന്റെ ഞാണും തിന്നു തീർത്തതിനാൽ സൈന്യത്തിന് യുദ്ധം നിർത്തി അസ്സീറിയായി ലേക്കു മടങ്ങേണ്ടി വന്നുവെന്ന് പുരാതന ചരിത്രകാരനായ ഹെരോഡോ ട്ടസ് രേഖപ്പെടുത്തിയിട്ടുണ്ട്. എലി പരത്തി.യ പ്ലേഗാ മറ്റേതെങ്കിലും മഹാ മാരിയോ മൂലം അസ്സീറിയൻ സൈന്യത്തിൽ ഏറെപ്പേർ മരിച്ചതിനെ യാണ് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. ഈജി പ്തിലെ ആദ്യ ജാതന്മാരുടെ വധവുമായി ഇതിനു സാമ്യമുണ്ട്.

അസ്സീറിയായിലേക്കു മടങ്ങിയ സെന്നാക്കെരീബ് 20 വർഷം കൂടി ജീവിച്ചിരുന്നു. അയാളുടെ മറ്റു നേട്ടങ്ങളിലൊന്നും വി.ഗ്രന്ഥകാരൻ ശ്രദ്ധി ക്കുന്നില്ല. സെന്നാക്കെരീബിന്റെ രണ്ടു പുത്രന്മാർ അയാളെ വധിച്ചു എന്നു പറഞ്ഞുകൊണ്ടു കഥയവസാനിപ്പിക്കുന്നു. ബി.സി. 681ലാണ് ഇതു സംഭവിച്ചത്. സെന്നാക്കെരീബിനുശേഷം രാജാവായ എസാർഹദ്ദോൻ (ബി.സി. 680-669) പിതാവിന്റെ മരണത്തിന്റെ സാഹചര്യം വിവരിക്കു ന്നുണ്ട്. (ANET 289) സെന്നാക്കെരീബിന്റെ മൂന്നാമത്തെ മകനാണ് എസാർഹദ്ദോൻ. മൂത്ത രണ്ടു പേരെ മറികടന്ന് മൂന്നാമനെ രാജാവായി വാഴിച്ചത് മൂത്തവർക്കിഷ്ടമായില്ല. തങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ അനുജനെ രാജാവായി അവർ അംഗീകരിച്ചെങ്കിലും അതു വകവ യ്ക്കാതെ പിതാവിനെ അവർ ചതിയിൽ കൊല്ലുകയായിരുന്നു എന്ന് എസാർഹദ്ദോൻ തന്റെ ദിനവൃത്താന്തത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**വിചിന്തനം:** പ്രതിസന്ധിയെ നേരിടുന്ന വിശ്വാസിയുടെ മാതൃകയാണ് ഹെസെക്കിയാ. സകല വഴികളും അടഞ്ഞു എന്നു തോന്നിയപ്പോഴും പ്രതീക്ഷ കൈവിടാതെ അയാൾ കർത്താവിൽ ആശ്രയിച്ചു. തന്നെക്കാൾ നൂറിരട്ടി ശക്തനായ ശത്രുവിന്റെ ഭീഷണികേട്ട് ദുഃഖിതനും സംഭീതനു മായപ്പോൾ തന്റെ ഭീതിയും ദുഃഖവും കർത്താവിന്റെ മുമ്പിൽ സമർപ്പിച്ച് സഹായം അപേക്ഷിച്ചു. അസാധ്യമെന്നു തോന്നിയത് ദൈവം സാധിച്ചുകൊടുത്തു. പുലിപോലെ അലറി വന്ന് ശത്രു എലിപോലെ ലജ്ജിച്ചു പിന്മടങ്ങി. കർത്താവിനു തരണം ചെയ്യാനാവാത്ത പ്രതിസ ന്ധികളില്ല. എല്ലാവഴിയും അടഞ്ഞു എന്നു തോന്നുമ്പോഴും തന്നിൽ വിശ്വ സിക്കുന്നവർക്ക് കർത്താവ് പുതിയ വഴികൾ തുറന്നു കൊടുക്കും.

### C. അത്ഭുതകരമായ രോഗശാന്തിയും ബാബിലോൺ ദൂതന്മാരും

**2 രാജാ 20; 2 ദിന 32,34**

രോഗബാധിതനായ ഹെസെക്കിയായെ ഏശയ്യാ സന്ദർശിച്ചു. തന്റെ രോഗം മാരകമാണെന്നു പ്രവാചകനിൽ നിന്നു മനസിലാക്കിയ രാജാവ് കഠിനമായ ദുഃഖത്തോടെ കരഞ്ഞ്, കർത്താവിനോട് പ്രാർത്ഥിച്ചു. പ്രാർത്ഥനകേട്ട കർത്താവ് ഏശയ്യാ പ്രവാചകൻ വഴി ഉത്തരമരുളി. രാജാ വിന് 15 വർഷം ആയുസ് നീട്ടി കൊടുത്തു. അതോടൊപ്പം അസ്സീറിയാ രാജാവിന്റെ കൈകളിൽ നിന്ന് ജറൂസലെമിനെ രക്ഷിക്കും എന്ന വാഗ്ദാ നവും നല്കി. ഇതു സത്യമാണെന്നറിയാൻ അടയാളം കൊടുത്തു. അതിൻപ്രകാരം നിഴൽ പത്തടി പുറകോട്ടു പോയി. ഈ വിവരണം (2 രാജാ 20,1-11) കാര്യമായ മാറ്റമൊന്നും കൂടാതെ ഏശ 38,1-8ൽ രേഖപ്പെ ടുത്തിയിട്ടുണ്ട്. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ സംഭവം ഒറ്റ വാക്യ ത്തിൽ ഒതുക്കിയിരിക്കുന്നു (2 ദിന 32,24).

ഈ സംഭവത്തിന്റെ കാലവും അടയാളത്തിന്റെ സ്വഭാവവും തർക്ക വിഷയമാണ്. ബി.സി. 687 ലാണ് ഹെസെക്കിയ മരിച്ചത് എന്ന് അംഗീക രിക്കുന്നവർ 701ലാണ് സംഭവം എന്ന് അനുമാനിക്കുന്നു. സെന്നാക്കെരീ ബിന്റെ ആക്രമണത്തിന്റെ തൊട്ടുമുമ്പാണിതു നടന്നത്. രോഗശാന്തിയിൽ അനുമോദിക്കാൻ വന്ന ബാബിലോണിന്റെ ദൂതന്മാർ അസ്സീരിയായ്ക്കെ തിരേ കലാപം ഇളകിവിടാൻ വേണ്ടി മെറോദാക് ബലാദാൻ അയച്ചവരാ ണെന്ന അനുമാനവും ഈ കാലഗണനയ്ക്കു പിന്തുണ നല്കുന്നു. നിഴൽ പുറകോട്ടു പോയത് പ്രപഞ്ചത്തിൽ നടന്ന വലിയൊരു അത്ഭുതമായി കരുതുന്നവരുണ്ട്. ഭൂമി നിശ്ചലമാവുക മാത്രമല്ല. എതിർദിശയിൽ തിരി യുക കൂടി ചെയ്തു എന്ന് അക്കൂട്ടർ വാദിക്കുന്നു. ഒരു രാജാവിന്റെ ബാലി ശമായ താല്പര്യം പരിഗണിച്ച് ദൈവം പ്രപഞ്ചത്തിന്റെ ഗതി മാറ്റി എന്നു



കരുതേണ്ടതില്ല. സൂര്യ ഘടികാരത്തിൽ നിഴൽ മുന്നോട്ടോ പിന്നോട്ടോ പോകുന്നതല്ല ഇവിടുത്തെ ചർച്ചാവിഷയം. 'അടി" എന്നു വിവർത്തനം ചെയ്യുന്നത് നടയുടെ "പടി"യാണ്. കെട്ടിടത്തിന്റെ നടയിൽ പെട്ടെന്നു ണ്ടായ നിഴലിന്റെ ചലനം മാത്രമേ ഇവിടെ ഉണ്ടാകാം. ഹെസെക്കി യായ്ക്ക് വിശ്വസനീയമായ അടയാളമായിരുന്നു അത് എന്നതത്രെ പ്രധാ നം.

ബാബിലോണിൽ നിന്നുള്ള ദൂതന്മാരുടെ സന്ദർശനം (2 രാജാ 20,12-19) അതേപടി ഏശ 39,1-8ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാബിലോ ണിൽ സ്വയം രാജാവായി പ്രഖ്യാപിച്ച മെറോദാക് ബലാദാൻ ദൂതന്മാരെ അയച്ചതിന് വ്യക്തമായ രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നു. പൊതു ശത്രുവായ അസ്സീറിയായ്ക്കെതിരേ സഖ്യമുണ്ടാക്കാൻ വന്നതിനാലാ വണം അവരെ ഹെസെക്കിയാ തന്റെ ആയുധശേഖരങ്ങളും സമ്പത്തും കാണിച്ചത്. ബാബിലോണുമായുള്ള സഖ്യത്തിന് ഹെസെക്കിയാ കാണിച്ച താല്പര്യം ഏശയ്യായുടെ വിമർശനത്തിന് കാരണമായി. ജറൂ സലെമിന്റെ നാശത്തെയും ബാബിലോൺ പ്രവാസത്തെയുംക്കുറിച്ചുള്ള ആദ്യത്തെ പ്രവചനമാണ് ഇവിടെ നല്കുന്നത് (2 രാജാ 20,17-18).

രോഗശാന്തിയുമായി ബന്ധപ്പെടുത്തി ദിനവൃത്താന്ത ഗ്രന്ഥകാരൻ ഹെസെക്കിയായുടെ അഹങ്കാരത്തെയും അതിനു ശിക്ഷ ലഭിച്ചപ്പോൾ ഉണ്ടായ അനുതാപത്തെയുംക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കുന്നു (2 ദിന 32,25-26). ഏതു സംഭവത്തെയാണ് ഇതു സൂചിപ്പിക്കുന്നതെന്നു വ്യക്തമല്ല. ഒരുപക്ഷേ, ഏശയ്യായുടെ ഉപദേശത്തെ മറികടന്ന് അസ്സീറി യായ്ക്കെതിരേ രാഷ്ട്രീയ സഖ്യം ഉണ്ടാക്കിയതിനെയാവാം അഹങ്കാര ത്തിന്റെ പ്രകടനമായി വി.ഗ്രന്ഥകാരൻ കാണുന്നത്. അങ്ങിനെയെങ്കിൽ രോഗവും അസ്സീറിയായുടെ ആക്രമണവും ശിക്ഷയായി കരുതാം. അനു തപിച്ച് മാപ്പിരന്നതിനാൽ രോഗവിമുക്തിയും അസ്സീറിയായുടെ ആക്രമ ണത്തിൽ നിന്നു സംരക്ഷണവും ലഭിച്ചു.

ഹെസെക്കിയായുടെ സമ്പത്തിനെക്കുറിച്ചുള്ള പരാമർശം (2 ദിന 32,27-29) ബാബിലോണിന്റെ ദൂതന്മാർക്ക് കാണിച്ചുകൊടുത്ത രാജഭണ്ഡാരത്തിന്റെ ഒരു വിശദീകരണമാണ് (2 രാജാ 20,13). അത്ഭു തകരമായി സുഖം പ്രാപിച്ച രാജാവിന് ആശംസകൾ അർപ്പിക്കുക മാത്ര മായിരുന്നില്ല ബാബിലോണിൽ നിന്നു വന്ന ദൂതന്മാരുടെ ലക്ഷ്യം എന്ന് 2 ദിന 32,31ൽ സൂചിപ്പിക്കുന്നു. അവരുടെ രാഷ്ട്രീയ താൽപര്യങ്ങളോട് പ്രതികരിക്കാൻ ദൈവം ഹെസെക്കിയായ്ക്ക് സ്വാതന്ത്ര്യം നല്കിയത് അയാളെ പരീക്ഷിക്കാൻ വേണ്ടിയായിരുന്നു എന്ന് പ്രത്യേകം എടുത്തു

പറയുന്നു. പരീക്ഷയിൽ പരാജയപ്പെട്ട രാജാവ് അസ്സീറിയായുടെ ആക്രമണം മൂലമുണ്ടായ തിക്താനുഭവത്തിൽ നിന്നു പാഠം പഠിച്ച് മാനസാന്തരപ്പെട്ടു. ബി.സി. 701 നുശേഷമുള്ള ഹെസെക്കിയായുടെ ജീവിതം പൊതുവേ ശാന്തമായിരുന്നു. തുടങ്ങി വച്ച മത നവീകരണ പ്രവർത്തനങ്ങൾ നിർബ്ബാധം തുടരാൻ അയാൾക്കു കഴിഞ്ഞു.

**വിചിന്തനം:** തനിക്കു മാരകമായ രോഗം ബാധിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ ഹെസെക്കിയാ കണ്ണീരോടെ കർത്താവിനോടു പ്രാർത്ഥിച്ചു. പൂർണ്ണ ഹൃദയത്തോടെ കർത്താവിലേക്കു തിരിയാനുള്ള അവസരമായി രോഗങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയും (പ്രഭാ 38,9). ആരോഗ്യമെന്നതുപോലെ തന്നെ രോഗവും കർത്താവു നല്കുന്ന ദാനമായി കണ്ടാൽ നിരാശകൂടാതെ അതിനെ സ്വീകരിക്കാനും രക്ഷാകരമാക്കി മാറ്റാനും കഴിയും. അത്ഭുതകരമായ രോഗശാന്തി ലഭിച്ചില്ലെങ്കിൽത്തന്നെ കർത്താവിന്റെ സ്നേഹം അനുഭവിച്ചറിയാൻ സാധിക്കും. അനുദിന ജീവിതത്തിൽ നേരിടുന്ന ചെറുതും വലുതുമായ പ്രതിസന്ധികളിൽ തീരുമാനം എടുക്കാൻ ദൈവം നമുക്കു സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം തന്നെ ഒരു പരീക്ഷണമാണ്. കർത്താവിനോടു ചേർന്നോ അവിടുത്തെ അവഗണിച്ചോ നമുക്കു തീരുമാനങ്ങൾ എടുക്കാം. പക്ഷേ എടുക്കുന്ന തീരുമാനങ്ങളിലൂടെ നാം നമ്മുടെമേൽ തന്നെ വിധി പ്രസ്താവിക്കുകയാണ്.

## 2. മനാസ്സെ (ബി.സി. 687-642) 2രാജാ 21,1-18; 2 ദിന 33,1-20

യൂദായെ ഏറ്റം ദീർഘകാലം ഭരിച്ച രാജാവാണ് ഹെസെക്കിയായുടെ പുത്രൻ മനാസ്സെ. വിസ്മരിപ്പിക്കുന്നവൻ എന്നാണ് പേരിന് അർത്ഥം. ക്ലേശങ്ങൾ മറക്കാൻ ഇടയാക്കുന്നവൻ എന്നാണ് പേരു സൂചിപ്പിക്കുന്നതെങ്കിലും, പ്രയോഗത്തിൽ കർത്താവിനെ മറക്കാൻ ഇടയാക്കിയവനായിരുന്നു മനാസ്സെ രാജാവ്. യൂദായുടെ മതാത്മകവും രാഷ്ട്രീയവുമായ ചരിത്രത്തിലെ ഏറ്റം ഇരുളടഞ്ഞ അധ്യായമാണ് അയാളുടെ ഭരണകാലം. 55 വർഷം യൂദായെ ഭരിച്ചു എന്ന് രണ്ടു പുസ്തകങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അയാൾ 45 വർഷമേ ഭരിച്ചുള്ളൂ എന്ന് മറ്റ് രാജാക്കന്മാരുടെ ഭരണകാലവും സമകാലിക അസ്സീറിയൻ രേഖകളും അടിസ്ഥാനമാക്കി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

ഹെസെക്കിയായുടെ മതനവീകരണ ശ്രമങ്ങളെ മുഴുവൻ തകിടം മറിച്ച്, യൂദായെ ആഹാസിന്റെ കാലത്തേതിനെക്കാൾ കൂടുതൽ ഹീനമായ വിശ്വാസ ത്യാഗത്തിലേക്കും വിഗ്രഹാരാധനയിലേക്കും നയിച്ച ഒരുവനായിട്ടാണ് വി.ഗ്രന്ഥകാരൻ മനാസ്സെയെ ചിത്രീകരിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകത്തിൽ അയാളെക്കുറിച്ചു മോശമായതു മാത്രമേ പറയുന്നുള്ളൂ. എന്നാൽ ദിനവൃത്താന്ത ഗ്രന്ഥകാരൻ മനാസ്സെയുടെ ഭരണകാലത്തെ രണ്ടു ഘട്ടമായി തിരിച്ച്, ആദ്യ ഘട്ടം അവിശ്വസ്തതയുടെയും രണ്ടാം ഘട്ടം മാനസാന്തരത്തിന്റേതുമായി ചിത്രീകരിക്കുന്നു.

ഒന്നിനൊന്നു കൂടുതൽ കഠിനമായ കുറ്റങ്ങളാണ് വി.ഗ്രന്ഥകാരൻ മനാസ്സെക്കെതിരേ നിരത്തുന്നത് (2 രാജാ 21,1-9; 2 ദിന 33,1-9). കാനാൻ ദേശത്തു നിന്ന് കർത്താവ് ഉന്മൂലനം ചെയ്ത വിജാതീയരുടെ മ്ലേച്ഛാചാരങ്ങൾ ജനത്തിനിടയിൽ പ്രചരിപ്പിച്ചു എന്നതാണ് മനാസ്സെക്കെതിരേ ആരോപിക്കുന്ന ആദ്യത്തെ കുറ്റം (2 രാജാ 21,2). ഹെസെക്കിയാ നശിപ്പിച്ച പൂജാഗിരികൾ അയാൾ പുനഃസ്ഥാപിച്ചു. ഇസ്രായേലിൽ ബാൽ ആരാധന പ്രചരിപ്പിച്ച ആഹാബിനോടാണ് വി.ഗ്രന്ഥകാരൻ മനാസ്സെയെ തുലനം ചെയ്യുന്നത്. കാനാൻകാരുടെ ബാൽ, അഷേറാ പ്രതിഷ്ഠകൾക്കു പുറമേ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായ ആകാശഗോളങ്ങളെ ദൈവങ്ങളായി കണ്ട് അവയുടെ വിഗ്രഹങ്ങൾ സ്ഥാപിച്ച് ആരാധന അർപ്പിച്ചു. കർത്താവിന്റെ ആലയത്തിലും ദേവാലയാങ്കണത്തിലും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും അവയ്ക്കായി ബലിപീഠങ്ങൾ നിർമ്മിക്കുകയും ചെയ്തു. മറ്റെല്ലാ വിജാതീയ മ്ലേച്ഛതകൾക്കും പുറമേ നരബലി പോലും അയാൾ അർപ്പിച്ചു.

കർത്താവിന്റെ ആലയത്തിൽ അഷേറാ വിഗ്രഹം പ്രതിഷ്ഠിച്ചത് വിശ്വാസത്യാഗത്തിന്റേയും ദൈവ നിന്ദയുടെയും പാരമ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അനേകം ദേവന്മാരിൽ ഒരുവനായി യാഹ്‌വേയെ കാണുന്ന മനോഭാവമാണ് ഇതിലൂടെ പ്രകടമാകുക. ഇതു കർത്താവിനെയും അവിടുത്തെ ഉടമ്പടിയെയും തിരസ്ക്കരിക്കുന്നതിനു തുല്യമാണ്. അതിനാൽ ഉടമ്പടിയനുസരിച്ചുള്ള ശിക്ഷാവിധി അനിവാര്യമായിത്തീർന്നിരിക്കുന്നു (2 രാജാ 21,7-9; 2 ദിന 33,7-9). ദാവീദിനും (2 സാമു 7,8-16) സോളമനും (1 രാജാ 8,16; 9,1-9) നൽകിയ വാഗ്ദാനങ്ങൾ നിരുപാധികമായിരുന്നില്ല എന്ന് അനുസ്മരിപ്പിക്കുന്നതോടൊപ്പം ഉടമ്പടി ലംഘിച്ചത് പ്രവാസത്തിനു കാരണമാകും എന്നും ഇവിടെ സൂചിപ്പിക്കുന്നു (2 രാജാ 21,8; 2 ദിന 33,8).

തുടർന്ന് കഠിനമായ ശിക്ഷാവിധിയാണ് പ്രവാചകവചനമായി പ്രഖ്യാപിക്കുന്നത് (2 രാജാ 21,10-15). സമറിയായോടും ഇസ്രായേലിനോടും ചെയ്തതു തന്നെ ജറുസലെമിനോടും യൂദായോടും ചെയ്യും എന്നതാണ് ശിക്ഷാവിധി. അളവുകോലും തൂക്കുകട്ടയും ശിക്ഷാവിധിയുടെ പ്രതീകങ്ങളാണ്. പ്രവാസത്തെക്കുറിച്ചുള്ള വ്യക്തമായ മുന്നറിയിപ്പാണ്.

ഈ ശിക്ഷാവിധി ദിനവൃത്താന്ത ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടില്ല. നിഷ്കളങ്കരക്തം കൊണ്ട് ജറുസലെം നിറച്ചു എന്ന കുറ്റാരോപണത്തോടെയാണ് രാജാക്കന്മാരുടെ പുസ്തകം മനാസ്സെയുടെ ചെയ്തികളെക്കുറിച്ചുള്ള വിവരണം അവസാനിപ്പിക്കുന്നത് (2 രാജാ 21,16). തന്റെ നയങ്ങളെ എതിർത്ത പ്രവാചകന്മാരെ മനാസ്സെ വധിച്ചതിനെയാണ് ഇതു സൂചിപ്പിക്കുന്നത് എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. മനാസ്സെ ഏശയ്യായെ അറക്കവാൾകൊണ്ട് അറത്തു മുറിച്ചു. കൊല്ലിച്ചു എന്ന് ഒരു യഹൂദ പാരമ്പര്യവുമുണ്ട്. എന്നാൽ ഇവിടെ പ്രവാചക വധം മാത്രമല്ല. എല്ലാവിധ അക്രമങ്ങളെയുമാണ് സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. കർത്താവിനെ തിരസ്കരിച്ച രാജാവ് തന്നെ എതിർത്തവരെയെല്ലാം വകവരുത്തി. വിഗ്രഹാരാധന നടമാടിയിടത്ത് അക്രമം തേർവാഴ്ച നടത്തി.

മനാസ്സെ മരിച്ചപ്പോൾ അയാളെ മറ്റു രാജാക്കന്മാരെപ്പോലെ കല്ലറയിലല്ല, ആയാളുടെ തന്നെ ഭവനാങ്കണത്തിലാണ് അടക്കിയത് (2 രാജാ 21,17–18; 2 ദിന 33,20). അയാളുടെ അവിശ്വസ്തതയ്ക്കും അക്രമങ്ങൾക്കുമുള്ള ഒരു ശിക്ഷയായി ഇതിനെ കാണുന്നവരുണ്ട്. എന്നാൽ വിശുദ്ധനായ ജോസിയ, രാജാവും സ്വന്തം കല്ലറയിൽത്തന്നെ സംസ്കരിക്കപ്പെട്ടതായി പറയുന്നതിനാൽ (2 രാജാ 23,30) ഇത് ഒരു ശിക്ഷയായി കരുതാനാവില്ല.

ദിനവൃത്താന്ത ഗ്രന്ഥകാരൻ മനാസ്സെയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നല്കുന്നുണ്ട്. അസ്സീറിയായുടെ ഭാഗത്തു നിന്നുണ്ടായ ആക്രമണമാണ് അവയിൽ ആദ്യത്തേത്. അസ്സീറിയൻ സൈന്യം മനാസ്സെയെ തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടുപോയെന്നും മനസ്തപിച്ചു മാപ്പിരന്ന അയാളെ കർത്താവ് വിടുവിച്ചുവെന്നും ദിനവൃത്താന്ത ഗ്രന്ഥകാരൻ മാത്രമേ പറയുന്നുള്ളൂ (2 ദിന 33,10–13). മടങ്ങി വന്ന അയാൾ തന്റെ പൂർവ്വ കാല ചെയ്തികൾ തിരുത്തി. ദേവാലയത്തിലും ജറൂസലെം നഗരത്തിലും താൻ സ്ഥാപിച്ച ബലിപീഠങ്ങളും പ്രതിഷ്ഠിച്ച വിഗ്രഹങ്ങളും നീക്കം ചെയ്യുകയും കർത്താവിനു ബലിയർപ്പിക്കുകയും ചെയ്തു. ഇതിനു പുറമേ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനായി കോട്ടകൾ പണിയുകയും സേനാധിപന്മാരെ നിയമിക്കുകയും ചെയ്തു (2 ദിന 33,14–17). എപ്പോഴാണ് ഇതെല്ലാം സംഭവിച്ചതെന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ഇതിന്റെ ചരിത്രപരതയെക്കുറിച്ച് വ്യാഖ്യാതക്കളുടെ ഇടയിൽ സംശയമുണ്ട്. എന്നാൽ സമകാലിക അസ്സീറിയൻ ചരിത്രം പരിശോധിച്ചാൽ മനാസ്സെയുടെ ഭരണത്തിന്റെ അവസാന കാലത്ത് ഈ പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ടായിരുന്നതായി കരുതാനാവും. തന്നെയുമല്ല, മധ്യപൗരസ്ത്യ ദേശത്തെ സമകാലിക ചരിത്രം മനാസ്സെയുടെ പല പ്രവർത്ത



നങ്ങളെയും മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യും.

സെന്നാക്കെരീബിനുശേഷം ഭരണമേറ്റ എസാൻഹദ്ദോൻ (ബി.സി. 681–669) അസ്സീറിയായെ ഭരിച്ച ഏറ്റം ശക്തനായ രാജാവായിരുന്നു. ബാബിലോണിലെ കലാപങ്ങൾ അടിച്ചമർത്തിയതിനുശേഷം അയാൾ ശ്രദ്ധമുഴുവൻ ഈജിപ്തിനു നേരെ തിരിച്ചു. പലസ്തീനായിൽ നിരന്തരം കലാപം ഇളക്കി വിട്ടുകൊണ്ടിരുന്ന ഈജിപ്തിനെ നിർവ്വീര്യമാക്കുകയായിരുന്നു ലക്ഷ്യം. ബി.സി. 671ൽ ഈജിപ്തു രാജാവായ തിർഹാക്കായെ തോല്പിച്ച് തലസ്ഥാന നഗരമായ മൊഫിസ് കീഴടക്കി. താൻ കീഴടക്കിയ ഈജിപ്തിന്റെ പ്രദേശങ്ങൾ അസീറിയൻ പ്രവിശ്യകളാക്കി മാറ്റി. എന്നാൽ അസ്സീറിയൻ സൈന്യം പിൻവാങ്ങിയ ഉടനെ ഈജിപ്തിൽ വീണ്ടും കലാപമുണ്ടായി. യുദ്ധത്തിൽ ഒളിച്ചോടിയ തിർഹാക്കാ തിരിച്ചു വന്ന് കലാപത്തിനു നേതൃത്വം നല്കി. അടിച്ചമർത്താനായി സൈന്യസമേതം വന്ന എസാർഹദ്ദോൻ വഴിക്കുവച്ചു മരിച്ചു.

പിതാവിനേക്കാൾ ഒട്ടും പിന്നിലല്ലാതിരുന്ന അസുർബനിപ്പാൽ (ബി.സി. 669–633) യുദ്ധം തുടർന്ന്, 667 ൽ ഈജിപ്തിനെ പറ്റെ പരാജയപ്പെടുത്തി. തിർഹാക്കാ വീണ്ടും ഒളിച്ചോടി. അസ്സീറിയൻ സൈന്യം മറ്റു നേതാക്കന്മാരെ പിടിച്ച് നിനെവേയിൽ കൊണ്ടുവന്നു വധിച്ചു. നെക്കോ എന്നു പേരായ രാജകുമാരനെ മാത്രം വധിച്ചില്ല. അയാളെ അസ്സീറിയായുടെ സാമന്തനായി മെംഫിസിൽ രാജാവാക്കി. 663 ൽ ഈജിപ്തിൽ വീണ്ടും കലാപമുണ്ടായപ്പോൾ അസൂർ ബനിപ്പാൽ കൂടുതൽ ശക്തവും ക്രൂരവുമായി തിരിച്ചടിച്ചു. ഇത്തവണ ഈജിപ്തിന്റെ തെക്ക്, എത്യോപ്യൻ അതിർത്തിയിൽ നൈൽ നദീതീരത്തുള്ള തേബെസ് നഗരം കീഴടക്കി നശിപ്പിച്ചു. അതോടെ ഈജിപ്തിലെ 25-ാം രാജാവംശം അവസാനിച്ചു. ഈ യുദ്ധങ്ങളെയും നാശങ്ങളെയുംക്കുറിച്ച് നാഹും 3,8–10 ൽ പരാമർശിക്കുന്നുണ്ട്. ഈജിപ്തിനെതിരേ നടത്തിയ ആക്രമണത്തിൽ തന്നെ സഹായിച്ച 22 രാജാക്കന്മാരുടെ പട്ടികയിൽ അസൂർബനിപ്പാൽ യൂദാരാജാവായ മനാസ്സെയുടെ പേര് ചേർത്തിട്ടുണ്ട് (ANET 294).

ബി.സി. ഏഴാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ പലസ്തീനായിൽ അസ്സീറിയൻ സൈന്യത്തിന്റെ ശക്തമായ സാന്നിധ്യമുണ്ടായിരുന്നു. കലാപങ്ങൾ തുടക്കത്തിലേ അതി ക്രൂരമായി അടിച്ചമർത്തിയിരുന്നു. ഈജിപ്തിനു പോലും അസ്സീറിയായ്ക്കെതിരേ പിടിച്ചു നില്ക്കാനായില്ല. ഈ സാഹചര്യത്തിൽ മുട്ടുമടക്കി, നാവടക്കി, കപ്പം കൊടുത്തു കഴിയാനേ യൂദാരാജാവായ മനാസ്സെയ്ക്കും സാധിക്കുമായിരുന്നുള്ളു. ഈ വിധേയത്വത്തോട് യൂദായിലെ ജനങ്ങൾക്കിടയിൽ രണ്ടുതരം പ്രതികരണങ്ങളുണ്ടായി. ഒരു വിഭാഗം വിദേശീയാധിപത്യത്തെ മനസ്സുകൊണ്ടു

വെറുത്തു; ബാഹ്യമായി എതിർക്കാൻ ശ്രമിച്ചു. മറ്റൊരു വിഭാഗം അസ്സീറിയായുടെ ശക്തിയിൽ ആശ്ചര്യപ്പെട്ടു. അവരുടെ ദൈവങ്ങളെ യാഹ്‌വേയേക്കാൾ ശക്തരായി കരുതാൻ തുടങ്ങി. രണ്ടാമത്തെ വിഭാഗത്തിനോടായിരുന്നു മനാസ്സെയ്ക്കു കൂടുതൽ ആഭിമുഖ്യം. അതിനാലാവാം അസ്സീറിയാ ആവശ്യപ്പെട്ടതിനേക്കാൽ കൂടുതൽ തീക്ഷ്ണതയോടെ വിഗ്രഹാരാധന നടപ്പിലാക്കിയതും ആ നയത്തെ എതിർത്ത സകലരേയും നിഷ്കരുണം വധിച്ചതും.

ബി.സി. 652ൽ അസുർ ബനിപ്പാലിനെതിരേ സാമ്രാജ്യത്തിന്റെ കിഴക്ക് ബാബിലോണും പടിഞ്ഞാറ് ഈജിപ്തും കലാപം തുടങ്ങി. വളരെ പണിപ്പെട്ടാണ് അത് അടിച്ചമർത്താൻ കഴിഞ്ഞത്. ഈ സാഹചര്യത്തിലാവാം മനാസ്സെ സ്വതന്ത്രനാവാൻ ശ്രമിച്ചു പരാജയപ്പെടുകയും ബാബിലോണിലേക്കു നാടുകടത്തപ്പെടുകയും ചെയ്തത്. ഈജിപ്തിനെതിരേ ഒരു പ്രതിരോധശക്തിയായി ഉപയോഗിക്കാൻ വേണ്ടിയാണ് അയാളെ വധിക്കാതെ തിരിച്ചയച്ചതും, യൂദായിൽ കോട്ടകൾ പണിയാനും സൈന്യത്തെ നിലനിർത്താനും അനുവദിച്ചതും, ഈജിപ്തിൽ അസ്സീറിയായുടെ പാവയായി നെക്കൊയെ നിയമിച്ചതുപോലെ ഇതിനു നന്ദിയായിട്ടാവാം ഈജിപ്തിനെതിരേയുള്ള യുദ്ധത്തിൽ മനാസ്സെയും പങ്കെടുത്തത്. അസ്സീറിയായുടെ വിശ്വാസം ആർജ്ജിച്ചതിനാൽ മതാത്മകതലത്തിൽ ചെറിയ നവീകരണങ്ങൾ നടത്താനും മനാസ്സെക്കു കഴിഞ്ഞിട്ടുണ്ടാവണം.

**വിചിന്തനം:** കർത്താവിനോടൊപ്പം മറ്റ് അനേകം ദൈവങ്ങളെ ആരാധിക്കുകയും ആരാധിക്കാൻ ജനത്തെ പ്രേരിപ്പിക്കുകയും ചെയ്ത മനാസ്സെ വഴിപിഴച്ച ഒരു 'മതസൗഹാർദ്ദത്തിന്റെ' മാതൃകയാണ്. എല്ലാ ദൈവങ്ങളെയും ഒരുപോലെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നവർ അവസാനം ഒരു ദൈവവുമില്ലാത്തവരാകും. കാരണം സത്യദൈവം ഒരുവൻ മാത്രമേയുള്ളൂ. ഇതര മതവിശ്വാസികളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ബഹുമാനിക്കുക ആവശ്യമാണ്. എന്നാൽ അതേസമയം സ്വന്തം വിശ്വാസത്തെ കളഞ്ഞു കുളിച്ച്, വിഗ്രഹാരാധനയിൽ ചെന്നു പതിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

സമൂഹത്തിന്റെ മനഃസാക്ഷിയാണ് പ്രവാചകശബ്ദം. തനിക്കു ഹിതകരമല്ലാത്തതു പറഞ്ഞ പ്രവാചകന്മാരെ മനാസ്സെ അടിച്ചമർത്തി, നിഷ്കരുണം കൊലചെയ്തു. വിമർശനത്തിനു കാതടച്ച രാജാവ് തന്റെയും രാജ്യത്തിന്റെയും നാശത്തിനു കാരണമായി. തങ്ങളുടെ തെറ്റായ ചെയ്തികളെ വിമർശിക്കുന്നവരെ ശത്രുക്കളായി കാണുന്നവർ തിന്മയിൽ തുടരും. പ്രവാചക ശബ്ദത്തെ അടിച്ചമർത്തുന്നിടത്ത് തിന്മ



പെരുകും. അതു സുനിശ്ചിതമായ നാശത്തിലേക്കു നയിക്കും. വിമർശിക്കുന്നവരെ നിശ്ശബ്ദരാക്കാൻ ശ്രമിക്കുകയല്ല, അവർ പറയുന്നതിൽ കാര്യമുണ്ടോ എന്നു പരിശോധിക്കുകയും ഉണ്ടെങ്കിൽ സ്വന്തം ജീവിതത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ ശ്രമിക്കുകയുമാണ് വേണ്ടത്.

### 3. ആമോൻ (ബി.സി. 642-640)

**2 രാജാ 21,19-26; 2 ദിന 33,21-25**

മനാസ്സെയുടെ മരണത്തിനുശേഷം രാജാവായ ആമോൻ രണ്ടു വർഷമേ ഭരിച്ചുള്ളൂ. 'വിശ്വസനീയൻ' എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളെ ആരും തന്നെ വിശ്വസിച്ചില്ല. സ്വന്തം സേവകർതന്നെ അയാളെ വധിച്ച്, പിതാവിനെപ്പോലെ സ്വന്തം ഉദ്യാനത്തിൽ മറവ് ചെയ്തു. രണ്ടു പുസ്തകങ്ങളും ആമോനിൽ യാതൊരു നന്മയും കാണുന്നില്ല. പിതാവിന്റെ ദുഷിച്ച വഴികൾ പിന്തുടർന്നു എന്നതാണ് ഇരു ഗ്രന്ഥങ്ങളും നല്കുന്ന വിലയിരുത്തൽ, യൂദായിലുണ്ടായിരുന്ന അസീറിയാ വിരുദ്ധ ശക്തികളാണ് ആമോന്റെ വധത്തിനു പിന്നിൽ പ്രവർത്തിച്ചത് എന്നു ന്യായമായും അനുമാനിക്കാം. അതിനു കാരണവുമുണ്ടായിരുന്നു.

അസൂർബനിപ്പാൽ ഈജിപ്തിൽ രാജാവായി അവരോധിച്ച നെക്കോയുടെ മകൻ സിമ്മാത്തിക്കസ് ബി.സി. 633ൽ 26-ാം രാജവംശം സ്ഥാപിച്ചു. സാവധാനം അയാൾ അസ്സീറിയായുടെ മേൽക്കോയ്മ നിഷേധിച്ചു. 642-639 കാലയളവിൽ അസ്സീറിയായിലുടനീളം വീണ്ടും കലാപങ്ങളുണ്ടായി. ഈ പശ്ചാത്തലത്തിലാവും യൂദായിലും അസ്സീറിയൻ വിദ്വേഷം ശക്തിപ്പെടുകയും ആമോനെ വധിക്കുകയും ചെയ്തത്. എന്നാൽ അസുർബനിപ്പാൽ മടങ്ങി വരുന്നെന്നു കേട്ട മാത്രയിൽ ദേശത്തെ ജനം കൊലപാതകികളെ വധിച്ച് അസ്സീറിയായോടുള്ള വിധേയത്വം തെളിയിച്ചു. അങ്ങനെ വീണ്ടുമൊരു ആക്രമണം ഒഴിവാക്കാൻ കഴിഞ്ഞു.

### ചോദ്യങ്ങൾ

1. ഹെസെക്കിയാ, മനാസ്സെ, ആമോൻ എന്നീ പേരുകളുടെ അർത്ഥമെന്ത്?
2. യൂദായിലെ മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ വിശ്വസ്തനായിരുന്നു ഹെസെക്കിയാ എന്ന് വി.ഗ്രന്ഥകാരൻ എങ്ങിനെയാണ് സമർത്ഥിക്കുന്നത്?
3. ആരാണ് സെന്നാക്കെരീബ്? അയാൾ യൂദായോട് എന്തു ചെയ്തു?
4. ആരാണ് റബ്ഷക്കെ? അയാൾ യൂദാരാജാവിന്റെയും ജനത്തി

ന്റെയും ധൈര്യം കെടുത്താനായി എന്താണ് പറഞ്ഞത്?

5. അസീറിയായുടെ ഭീഷണി കേട്ടു ഭയന്ന ഹെസെക്കിയായ്ക്ക് കർത്താവ് ആരു വഴിയാണ് ഉത്തരം നല്കിയത്? എന്താണ് ഉത്തരം?
6. ഹെസെക്കിയാ അഹങ്കരിച്ചു എന്ന് ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത് എന്തുകൊണ്ട്? എന്തായിരുന്നു അഹങ്കാരത്തിനു ലഭിച്ച ശിക്ഷ?
7. മാരകമായ രോഗം ബാധിച്ചപ്പോൾ ഹെസെക്കിയാ എന്തു ചെയ്തു?
8. ഹെസെക്കിയായ്ക്കു ലഭിച്ച അടയാളം എന്തായിരുന്നു?
9. ഹെസെക്കിയായുടെ അടുത്തേക്ക് ദൂതന്മാരെ അയച്ച ബാബിലോൺ രാജാവ് ആർ? എന്തായിരുന്നു അയാളുടെ ലക്ഷ്യം?
10. മനാസ്സെ രാജാവിന്റെമേൽ ആരോപിക്കുന്ന കുറ്റങ്ങൾ ഏവ? ആ കുറ്റങ്ങൾക്ക് എന്തു ശിക്ഷയാണ് വിധിക്കുന്നത്?ം
11. ആരാണ് ആമോൻ രാജാവിനെ വധിച്ചത്? എന്തായിരുന്നു അതിന് കാരണം? കൊലയാളികൾക്ക് എന്തു സംഭവിച്ചു? എന്തുകൊണ്ട്?

**ചർച്ചയ്ക്ക്:** 'പ്രവാചക ശബ്ദം അടിച്ചമർത്തുന്നത് നാശത്തിലേക്കുള്ള വഴിതെളിക്കലാണ്' മനാസ്സെയുടെ ചരിത്രത്തിന്റെയും ആനുകാലിക സംഭവങ്ങളുടെയും നിങ്ങളുടെ അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

**പ്രാർത്ഥന:** ഏശയ്യ 38,10-20 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 2. ഇടവേള ബി.സി. 640 – 609

തിഗ്ളാത്ത് പിലേസർ മൂന്നാമന്റെ കാലത്ത് ശക്തിയാർജ്ജിച്ച അസ്സീറിയൻ സാമ്രാജ്യം അസൂർബനിപ്പാലിന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തി. പേർഷ്യാമുതൽ ഏതോപ്യാവരെയുള്ള സകല രാജ്യങ്ങളെയും കീഴടക്കി, ലോകം അന്നുവരെ കണ്ടതിൽ ഏറ്റം വലിയ സാമ്രാജ്യമായി വളർന്നു. തലസ്ഥാന നഗരമായ നിനെവേയിൽ അസൂർബനിപ്പാൽ വലിയൊരു ഗ്രന്ഥാലയം സ്ഥാപിച്ച്, മൊസോപ്പോട്ടാമിയൻ ജനതയുടെ പുരാണങ്ങളും ഇതിഹാസങ്ങളും ചരിത്രവും നിയമങ്ങളും സമാഹരിച്ച്, കളിമൺ ഫലകങ്ങളിലെഴുതി സൂക്ഷിച്ചു. ഇപ്രകാരമുള്ള 22,000 കളിമൺ പുരാവസ്തു ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്.

അതിവിശാലമായ സാമ്രാജ്യത്തിലെ വിവിധ ജനതകൾ അസ്സീറിയൻ ഭരണത്തിൽ സംതൃപ്തരായിരുന്നില്ല. നിരന്തരമായുണ്ടായ കലാപങ്ങളെ കനത്ത കരത്താൽ അടിച്ചമർത്തിയതുകൊണ്ടുമാത്രമാണ് സാമ്രാജ്യത്തിനു നിലനില്ക്കാനായത്. എന്നാൽ ബി.സി. 633 ൽ അസുർബനിപ്പാൽ മരിച്ചതോടെ സ്ഥിതിഗതികൾ ആകെ മാറി. സാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും കലാപം ഉയർന്നു. അവയെ അടിച്ചമർത്താൻ കെല്പുള്ളവരായിരുന്നില്ല തുടർന്നു വന്ന രാജാക്കന്മാർ. അസൂർബനിപ്പാലിന്റെ മകൻ അസൂർ എത്തിൽ-ഇലാനി നാലുവർഷമേ ഭരിച്ചുള്ളൂ. 623 ൽ അയാൾ മരിച്ചപ്പോൾ സഹോദരൻ സിൻഷാർ-ഇഷ്കൂൻ ഭരണമേറ്റു. അയാളും ദുർബ്ബലനായിരുന്നു. ബി.സി. 626 ൽ നബോപൊലാസർ എന്ന സേനാധിപൻ ബാബിലോണിൽ രാജാവായി സ്വയം പ്രഖ്യാപിച്ച് ഒരു പുതിയ രാജവംശത്തിനു തുടക്കം കുറിച്ചു. വടക്കു കിഴക്കു നിന്ന് മേദിയാക്കാർ അസ്സീറിയായ്ക്കെതിരേ യുദ്ധം ആരംഭിച്ചു.

ആഭ്യന്തര കലാപങ്ങളാലും ശത്രുക്കളുടെ ആക്രമണങ്ങളാലും തളർന്ന അസ്സീറിയാ തകരാതെ നില്ക്കുന്നത് തങ്ങൾക്കു പ്രയോജനപ്രദമായി കണ്ട ഈജിപ്തു സൈന്യം യുഫ്രട്ടീസ് നദീ തീരത്ത് അസ്സീറിയൻ സൈന്യത്തോടൊപ്പം ബാബിലോണിനെതിരേ പടപൊരുതി. പലസ്തീനായിലും സിറിയായിലും തങ്ങളുടെ സ്വാധീനം സ്ഥാപിക്കുകയും കിഴക്കു ശക്തിപ്പെട്ടു വന്ന ബാബിലോൺ-മേദിയാ രാജ്യങ്ങളുടെ ഭീഷണിയെ നേരിടാൻ ഒരു പ്രതിരോധ ശക്തിയായി അസ്സീറിയായെ ഉപയോഗിക്കുകയുമായിരുന്നു ഈജിപ്തു രാജാവായ സമ്മേത്തിക്കസ് രണ്ടാ

മന്റെ ലക്ഷ്യം. എന്നാൽ ഈജിപ്തിന്റെ സഹായം കൊണ്ടും അസ്സീറിയായ്ക്ക് പിടിച്ചു നില്ക്കാനായില്ല.

മേദിയാ രാജാവായ സിയാക് സാരസ് പുരാതന അസ്സീറിയൻ തലസ്ഥാനമായ അസൂർ ബി.സി. 614ൽ കീഴടക്കി നശിപ്പിച്ചു. ബാബിലോൺ രാജാവായ നബോപൊലൊസർ മേദിയുമായി സഖ്യം ചെയ്തു. ബി.സി 612ൽ ഈ സഖ്യശക്തികൾ അസ്സീറിയൻ തലസ്ഥാനമായ നിനവേ പിടിച്ചടക്കി നശിപ്പിച്ചു. അസ്സീറിയൻ രാജാവ് സിൻഷാർ ഇഷ്കുൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അസൂർ ബാല്ലിത്തിന്റെ നേതൃത്വത്തിൽ അസ്സീറിയൻ സൈന്യം വടക്ക് ഹാരാനിലേക്ക് പിൻവാങ്ങി. പക്ഷേ അവിടെയും പിടിച്ചു നില്ക്കാനായില്ല. ബി.സി. 610ൽ ബാബിലോൺ-മേദിയാ സംയുക്തസൈന്യം ഹാരാൻ പട്ടണവും കീഴടക്കിയതോടെ അസ്സീറിയക്കാർ യൂഫ്രട്ടീസിനു പടിഞ്ഞാറോട്ടു നീങ്ങി. ബി.സി. 609 ൽ ഈജിപ്തു രാജാവ് സിമ്മാത്തിക്കസ് മരിച്ചു. ശക്തനും യുദ്ധനിപുണനുമായ പുത്രൻ നെക്കോ രണ്ടാമൻ എന്ന പേരിൽ ഈജിപ്തിന്റെ ഭരണം ഏറ്റെടുത്തു. തോറ്റോടുന്ന അസ്സീറിയൻ സൈന്യത്തെ ബാബിലോണിനെതിരേ പിടിച്ചു നിർത്തുക അടിയന്തിരാവശ്യമായി കണ്ട നെക്കോ സൈന്യ സന്നാഹങ്ങളോടെ സിറിയായുടെ വടക്ക്, അസ്സീറിയൻ സൈനിക തലസ്ഥാനമായ കർക്കെമിഷ് ലക്ഷ്യം വച്ചു നീങ്ങി. ഈജിപ്ത്-അസ്സീറിയൻ സംയുക്ത സൈന്യം ബാബിലോണിൽ നിന്ന് ഹാരാൻ പിടിച്ചടക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതോടെ അസ്സീറിയാ നാമാവശേഷമായി.

അസൂർ ബനിപ്പാലിന്റെ മരണം മുതൽ അസ്സീറിയായുടെ പതനം വരെയുള്ള കാലഘട്ടം ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം സമാധാനത്തിന്റെ ഒരു ഇടവേളയായിരുന്നു. ഈ കാലഘട്ടത്തിലാണ് ജോസിയാ രാജാവ് ജറുസലെമിൽ ഭരിച്ചത്.

## ജോസിയാ (ബി.സി. 640-609)

**2 രാജാ 22,1-23,30; 2 ദിന 34-35**

"കർത്താവു നല്കട്ടെ" എന്നാണ് ജോസിയാ എന്ന പേരിന്റെ അർത്ഥം. ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റം നീതിമാനും വിശ്വസ്തനുമായിട്ടാണ് വി.ഗ്രന്ഥം ജോസിയായെ ചിത്രീകരിക്കുന്നത്. അന്താരാഷ്ട്ര തലങ്ങളിൽ വലിയ കോളിളക്കങ്ങൾ നടന്ന ഒരു കാലഘട്ടത്തിലാണ് അയാൾ ഭരിച്ചതെങ്കിലും അതിനെക്കുറിച്ച് വി.ഗ്രന്ഥകാരൻ ഒന്നും തന്നെ പറയുന്നില്ല. അസ്സീറിയാ രാജാവിന്റെ അടുത്തേക്കു പോയ ഈജിപ്തു രാജാവായ ഫറവോ നെക്കൊയെ മെഗിദോയിൽ വച്ചു നേരിട്ട ജോസിയാ



യുദ്ധത്തിൽ കൊല്ലപ്പെട്ടു എന്നു മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളു (2 രാജാ 23,29). ദിനവൃത്താന്ത ഗ്രന്ഥകാരൻ ഈ യുദ്ധത്തിന്റെ പശ്ചാത്തലം ചുരുക്കമായി വിവരിക്കുന്നുണ്ട് (2 ദിന 35,20-24), മതമേഖലയിൽ ജോസിയാ നടത്തിയ നവീകരണങ്ങളിലാണ് ഇരുഗ്രന്ഥങ്ങളും ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ജോസിയായുടെ മത നവീകരണ സംരംഭങ്ങൾ ഹെസെക്കിയായുടെ ശ്രമങ്ങളുടെ തുടർച്ചയും പൂർത്തീകരണവുമാണ്. അസ്സീറിയായെ ഭയന്നതിനാൽ ഹെസെക്കിയായ്ക്കു നടപ്പിലാക്കാൻ കഴിയാതെ പോയവയും നിയമഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ പുതുതായി മനസ്സിലാക്കിയവയും ജോസിയാ നടപ്പിലാക്കി.

ഇസ്രായേൽ രാജാക്കന്മാരിലെ ഏറ്റം വലിയ മതപരിഷ്കർത്താവായിട്ടാണ് ജോസിയാ അറിയപ്പെടുന്നത്. സോളമന്റെ കാലം മുതൽ മതമേഖലയിൽ കടന്നുകൂടിയ അനാചാരങ്ങളും അവയ്ക്കു സഹായകമായ വിഗ്രഹങ്ങൾ, പൂജാഗിരികൾ, അവയിലെ ബലിപീഠങ്ങൾ മുതലായ സകല സംവിധാനങ്ങളും ബലം പ്രയോഗിച്ച് അയാൾ നീക്കം ചെയ്തു. കർത്താവിനു പകരമായും കർത്താവിനോടു കൂടെയും മറ്റു ദേവന്മാരെ ആരാധിക്കുന്നതും, കർത്താവിനെ തന്നെ നിയമാനുസൃതമല്ലാത്തവിധത്തിൽ ആരാധനയർപ്പിക്കുന്നതും നിർത്തലാക്കി. ജനത്തെ മുഴു ഹൃദയത്തോടെ കർത്താവിലേക്ക് തിരിച്ചു കൊണ്ടുവരികയായിരുന്നു ജോസിയാ നടപ്പിലാക്കിയ മതനവീകരണങ്ങളുടെ മുഖ്യ ലക്ഷ്യം. പിതാമഹനായ മനാസ്സെയുടെ സുദീർഘമായ ഭരണകാലത്ത് ജെറുസലെമിലും യൂദാ മുഴുവനിലും നിലവിൽ വന്ന അനാചാരങ്ങളും മ്ലേച്ഛതകളും ഉന്മൂലനം ചെയ്യാൻ അയാൾ ശ്രമിച്ചു. ദൈവാരാധനയും ബലിയർപ്പണവലും ജറുസലെമിൽ മാത്രമേ പാടുള്ളൂ എന്ന നിയമം കർശനമായും നടപ്പിലാക്കിയതാണ് ജോസിയായുടെ ഏറ്റവും വലിയ മതപരിഷ്കരണം.

മതനവീകരണ സംരംഭങ്ങൾ മുഴുവൻ രാജാവിന്റെ പതിനെട്ടാം ഭരണവർഷത്തിൽ നടന്നു എന്ന പ്രതീതിയാണ് രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നു ലഭിക്കുക. ദിനവൃത്താന്ത ഗ്രന്ഥത്തിലാകട്ടെ, നവീകരണ ശ്രമങ്ങളെ മൂന്നു ഘട്ടമായി തിരിച്ചിരിക്കുന്നു. ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയതോടെ നവീകരണ ശ്രമങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി. നിയമപ്രകാരം പെസഹാ ആഘോഷിച്ചത് നവീകരണങ്ങളുടെ ഉച്ചകോടിയായി ഇരുഗ്രന്ഥങ്ങളും അവതരിപ്പിക്കുന്നു. ദിനവൃത്താന്ത ഗ്രന്ഥത്തിലെ വിവരണം ചരിത്രപരമായി കൂടുതൽ വസ്തുനിഷ്ഠമാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

## 1. മതനവീകരണ തുടക്കം 2 രാജാ 22,1-7; 2 ദിന 34,1-7

ഭരണ ആരംഭത്തെക്കുറിച്ച് പതിവായ വിവരങ്ങൾ നൽകിയതിനു ശേഷം രണ്ടു ഗ്രന്ഥങ്ങളും ജോസിയാ രാജാവിന് നിരുപാധികം പ്രശംസിക്കുന്നു. 'കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിച്ചു, പിതാവായ ദാവീദിന്റെ മാർഗ്ഗങ്ങളിൽ നിന്ന് അണുവിട വ്യതിചലിച്ചില്ല' എന്നതാണ് പ്രശംസ (2 രാജാ 22,1-2; 2 ദിന 34,1-2). ഹെസെക്കിയാ രാജാവിൽ പോലും ചില കുറ്റങ്ങൾ കണ്ട ദിനവൃത്താന്ത ഗ്രന്ഥകാരൻ ജോസിയായിൽ യാതൊരു കുറ്റവും കാണുന്നില്ല. എട്ടാം വയസിൽ രാജാവായ ജോസിയാ ആദ്യത്തെ കുറെവർഷങ്ങൾ കാര്യസ്ഥന്മാരുടെ സംരക്ഷണത്തിലായിരുന്നു. പക്വമതികളായ അവർ വളരെ വിവേകത്തോടെയാണ് കാര്യങ്ങൾ ചെയ്തത്.

അസൂർബനിപ്പാൽ ജിവിച്ചിരിന്നിടത്തോളം കാലം അസ്സീറിയായ്ക്കെതിരേ കലാപത്തിന്റെ സൂചന നൽകുന്ന എന്തെങ്കിലും സംരംഭങ്ങളിൽ ഇടപെടുക യൂദായെ സംബന്ധിച്ചിടത്തോളം അപകടകരമായിരുന്നു. എന്നാൽ അയാളുടെ മരണം യൂദായ്ക്ക് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ നൽകി. അസ്സീറിയാ വിരുദ്ധശക്തികൾ കൂടുതൽ സജീവമായി . ബി.സി. 633ൽ അസൂർബനിപ്പാൽ മരിച്ചതിനെ തുടർന്ന് യൂദായിൽ മതനവികരണത്തിനു ശ്രമങ്ങൾ ആരംഭിച്ചു എന്ന സൂചനയാണ് 'എട്ടാം ഭരണവർഷത്തിൽ ജോസിയാ പിതാവായ ദാവീദിന്റെ ദൈവത്തെ അന്വേഷിക്കാൻ ആരംഭിച്ചു' എന്ന പ്രസ്താവനയിലൂടെ (2 ദിന 34,3) ദിനവൃത്താന്ത ഗ്രന്ഥങ്ങൾ നൽകുന്നത്. എന്തെങ്കിലും പ്രത്യേക പ്രവൃത്തികൾ ഇടുത്തു കാട്ടുന്നില്ല. അടിച്ചമർത്തപ്പെട്ടിരുന്ന യാഹ്വേ വിശ്വാസവും, അസ്സീറായായുടെ ആധിപത്യത്തോടും തങ്ങളുടമേൽ അടിച്ചേൽപിക്കപ്പെട്ട വിഗ്രഹാരാധനയോടുള്ള വെറുപ്പും പ്രതിഷേധവും ജനങ്ങളുടെ ഇടയിൽ ശക്തിയാർജ്ജിച്ചുവെന്നു കരുതാം. ഒരുപക്ഷേ അസ്സീറിയായ്ക്ക് കപ്പം നിഷേധിച്ചുകൊണ്ട് വിദേശാധിപത്യത്തെ ഫലത്തിൽ നിഷേധിക്കുകയും അസ്സീറിയൻ മതാചാരങ്ങൾ നിർത്തലാക്കുകയും ചെയ്തത് ഈ കാലഘട്ടത്തിലാവും. ഇതു മതനവീകരണത്തിനു തുടക്കമാണ്. കർത്താവിലേക്കു തിരിയുന്നത് വിഗ്രഹങ്ങൾക്ക് പുറം തിരിയലാണല്ലോ. ഹൃദയത്തിൽ നിന്നു വിഗ്രഹങ്ങളെ ബഹിഷ്ക്കരിക്കലാണ് ഏതു മതനവീകരണത്തിന്റെയും ആദ്യപടി.

അസ്സീറിയാ അടിക്കടി ക്ഷയിച്ചുകൊണ്ടിരുന്നതിനാൽ യൂദായ്ക്ക് നവീകരണ ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്താൻ കഴിഞ്ഞു. ജോസിയായുടെ ഭരണത്തിന്റെ പന്ത്രണ്ടാം വർഷം (ബി.സി. 628)ജറുസലെമിലും യൂദായിലും, തുടർന്ന് വടക്കൻ ഗോത്രങ്ങളിലും മതനവീകരണം ശക്തിപ്പെടുത്തി (2 ദിന 34,3-7). വിഗ്രഹങ്ങളും അവയ്ക്ക് ബലിയർപ്പിക്കാൻ ഉപയോഗിച്ചിരുന്ന ബലപീഠങ്ങളും നശിപ്പിക്കുകയായിരുന്നു ഈ നവീകരണം, അഥവാ ശുദ്ധീകരണം. വിഗ്രങ്ങൾ തച്ചുടച്ചു ധൂളിയാക്കി ശവകൂടീരങ്ങളിൽ വിതറിയതും അസ്ഥികൾ ബലിപീഠങ്ങളിൽ വച്ചു ദഹിപ്പിച്ചതും അവയെ അശുദ്ധമാക്കാൻ വേണ്ടിയാണ്. ശവശരീരമോ മരിച്ചവരുടെ അവശിഷ്ടങ്ങളോ സ്പർശിക്കുന്ന വ്യക്തികളും വസ്തുക്കളും അശുദ്ധമാകും എന്ന വിശ്വാസമാണ് ഈ പ്രവൃത്തികൾക്കു പിന്നിലുള്ളത്.

വടക്കൻ രാജ്യമായ ഇസ്രായേലിന്റെ വടക്കെ അതിർത്തിയിലുള്ള നഫ്ത്താലി ഗോത്രത്തിന്റെ പ്രദേശങ്ങൾ വരെ ഈ ശുദ്ധീകരണ പ്രക്രിയ തുടർന്നു. ഇത് മതമേഖലയിലുള്ള നവീകരണം മാത്രമല്ല, രാഷ്ട്രീയമായ ഒരു സ്വാതന്ത്ര്യ പ്രഖ്യാപനവും സോളമന്റെ മരണത്തിനുശേഷം പിരിഞ്ഞുപോയ ഗോത്രങ്ങളെ യൂദായോടു ചേർക്കാനുള്ള ശ്രമവും കൂടിയായിരുന്നു. അസ്സീറിയാ ദുർബ്ബലമായിരുന്നു. ബാബിലോൺ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നില്ല. രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ജോസിയായുടെ മതനവീകരണ സംരംഭങ്ങളെ എതിർക്കാൻ ആരും ഉണ്ടായിരുന്നില്ല.

മതനവീകരണത്തിന്റെ ആരംഭത്തെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ വ്യത്യസ്തമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. ദേവാലയത്തിന്റെ കേടുപാടുകൾ പോക്കുന്നതിലാണ് രാജാവ് ആദ്യമേ ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിന് ആവശ്യമായ പണം വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനെക്കുറിച്ച് ഇവിടെ (2 രാജാ 22,3-7) പ്രതിപാദിക്കുന്നു. യോവാഷ് രാജാവു തുടങ്ങിവച്ച പണപ്പിരിവ് (2 രാജാ 12,9-15) ജോസിയാ കൂടുതൽ കാര്യക്ഷമമാക്കി. യോവാഷിന്റെ കാലത്തിനുശേഷവും പണപ്പിരിവ് തുടർന്നിരുന്നെങ്കിലും പിരിച്ച പണം പലപ്പോഴും ദേവാലയാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചിരുന്നില്ല. പ്രവാസത്തിനുശേഷവും ഈ പണപ്പിരിവ് തുടർന്നു.

യേശുവിന്റെ കാലം ആയപ്പോഴേക്കും ജറുസലെം ദേവാലയത്തിൽ പന്ത്രണ്ട് നേർച്ചപ്പെട്ടികൾ ഉണ്ടായിരുന്നു. അടിഭാഗം വ്യാസം കൂടിയും മുകൾ കൂർത്തും ഇരുന്നതിനാൽ ഈ നേർച്ചപ്പെട്ടികളെ 'കാഹളം' എന്നാണ് വിളിച്ചിരുന്നത്. സ്ത്രീകൾക്കായുള്ള ദേവാലയ ഭാഗത്തിനു ചുറ്റിലുമായി പതിമൂന്ന് പെട്ടികൾ വച്ചിരുന്നു, നിയമപ്രകാരമുള്ള ദശാംശം മുതലായ കാഴ്ചകൾ സമർപ്പിക്കുന്നതിനുവേണ്ടി ഒമ്പതും, മറ്റ് സ്വാഭി

ഷ്ടക്കാഴ്ചകൾ അഥവാ നേർച്ചകൾ ഇടുന്നതിനായി നാലും പെട്ടികൾ. ഈ പെട്ടികളിൽ വീഴുന്നവ മുഖ്യമായും ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്നു.

### 2. നിയമഗ്രന്ഥം 2 രാജാ 22,8-20; 2 ദിന 34, 8-28

ജോസിയായുടെ ജീവിതത്തിലെ എന്നല്ല, ഇസ്രായേൽ ചരിത്രത്തിലെ തന്നെ സുപ്രധാനമായ ഒരു സംഭവമാണ് ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയത്. നിയമാവർത്തന പുസ്തകത്തിന്റെ ആദ്യ പകർപ്പാണ് ഇതെന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഹെസെക്കിയായുടെ കാലത്ത് ഷെക്കെമിൽ നിന്ന് ജെറുസലെമിലേക്കു കൊണ്ടുവരികയും, മനാസ്സെയുടെ കാലത്ത് അവഗണിക്കപ്പെട്ടുകിടക്കുകയും ചെയ്തതാവണം ഈ ഗ്രന്ഥച്ചുരുൾ. ദേവാലയ ശുദ്ധീകരണത്തിനിടയിലാണ് ഈ ചുരുൾ കണ്ടെത്തിയത്. ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടെത്തിയെന്നു മാത്രമേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളൂ (2 രാജാ 22,8). ചുരുൾ കണ്ടെത്തിയ സാഹചര്യം ദിനവൃത്താന്ത ഗ്രന്ഥത്തിൽ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട് (2 ദിന 34,8-14). പുസ്തകച്ചുരുൾ കണ്ടെത്തിയതിനു ശേഷമുണ്ടായ നീക്കങ്ങൾ ഇരുഗ്രന്ഥങ്ങളിലും ഒരുപോലെയാണ് വിവരിക്കുന്നത്.

ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിച്ചുകേട്ട രാജാവ് ദുഃഖാർത്തനായി വസ്ത്രം കീറി. മോശ വഴി നല്കപ്പെട്ടിരുന്ന പ്രമാണങ്ങൾ അനുസരിക്കാത്തതിനാൽ ജനത്തിനെതിരേ ദൈവകോപം ജ്വലിക്കുന്നു എന്നും തക്കതായ പരിഹാരം അനുഷ്ടിച്ചാലേ കർത്താവിന്റെ ശിക്ഷ ഒഴിവാക്കാൻ കഴിയൂ എന്നും മനസിലാക്കിയ രാജാവ് എന്തു ചെയ്യണം എന്ന് അറിയാൻ ദൈവഹിതം ആരാഞ്ഞു (2 രാജാ 22,8-13; 2 ദിന 34,14-21). സെഫനിയാ, ജറെമിയാ എന്നീ പ്രവാചകന്മാർ ജറുസലെമിൽ പ്രവർത്തിച്ചിരുന്നെങ്കിലും ദൈവഹിതം അറിയാൻ പ്രവാചികയായ ഹുൽദായുടെ അടുക്കലേക്കാണ് രാജാവ് ദൂതന്മാരെ അയച്ചത് (2 രാജാ 22,14; 2 ദിന 34,22). മറ്റു പ്രവാചകന്മാരെക്കുറിച്ച് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുപോലുമില്ല. ഹുൽദാ പ്രവാചകിയെക്കുറിച്ച് ബൈബിളിൽ ഇവിടെ പരാമർശിക്കുന്നുള്ളു. ഒരുപക്ഷേ, ഭാവിയെ സംബന്ധിച്ച തീരുമാനം എടുക്കാൻ സഹായിക്കുന്ന, അസാധാരണ സിദ്ധിയുള്ളവളായി അറിയപ്പെട്ടിരുന്നതിനാലാവാം ഹുൽദായുടെ അടുക്കലേക്ക് ദൂതന്മാരെ അയച്ചത്. ബൈബിളിലെ വലിയ പ്രവാചകന്മാർ ഇപ്രകാരമുള്ള സിദ്ധന്മാരായിട്ടല്ല അറിയപ്പെട്ടിരുന്നത്, എന്നതു ശ്രദ്ധേയമത്രെ.



ഹുൽദായുടെ ഉത്തരം രണ്ടു ഭാഗങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (2 രാജാ 22,15-17; 2 ദിന 34,23-25) മാറ്റമില്ലാത്ത ശിക്ഷാവിധിയാണ് അർഹിക്കുന്നത്. വിഗ്രഹാരാധനാവഴി കർത്താവിനെ പരിത്യജിക്കുകയും പ്രകോപപ്പിക്കുകയും ചെയ്തതിനാൽ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന ശിക്ഷാവിധി കർത്താവ് ജനത്തിന്റെമേൽ നടപ്പാക്കുക തന്നെ ചെയ്യും. മറുപടിയുടെ രണ്ടാം ഭാഗം (2 രാജാ 22,18-20;2 ദിന 34,26-28) ജോസിയായ്ക്ക് ആശ്വാസവും പ്രത്യാശയും പ്രധാനം ചെയ്യുന്നതാണ്. കർത്താവിന്റെ വചനം കേട്ടപ്പോൾ അനുതപിച്ചതിനാൽ അയാളുടെമേൽ ശിക്ഷാവിധിയുണ്ടാവുകയില്ല. ജോസിയാ യുദ്ധത്തിൽ മരിച്ചതിനാൽ ഈ പ്രവചനം പൂർത്തിയാകാതെ പോയി എന്നു കരുതുന്നവരുണ്ട്. പിതാക്കന്മാരോട് ചേർന്ന് സമാധാനത്തിൽ സംസാരിക്കപ്പെടും എന്ന പ്രവചനം എപ്രകാരമാണ് ജോസിയാ മരിക്കുകയെന്നും വ്യക്തമാക്കുന്നില്ല. പിതാക്കന്മാരോടൊപ്പം കല്ലറയിൽ സംസ്കരിക്കപ്പെടുന്നത് കർത്താവിനോട് സമാധാനത്തിൽ കഴിയുന്നതിന്റെ പ്രതീകമാണ്. അതിനു മാത്രമമേ പ്രവചനത്തിലൂടെ ഉറപ്പ് നൽകുന്നുള്ളൂ. തന്നെയുമല്ല, ജോസിയായുടെ ജീവിതകാലത്ത് യൂദായ്ക്ക് ഒരു യുദ്ധവും നേരിടേണ്ടി വന്നതുമില്ല.

### 3. ഉടമ്പടി നവീകരണം 2 രാജാ 23,1-3; 2ദിന 34,29-33

കർത്താവിന്റെ ഹിതം വ്യക്തമായി അറിഞ്ഞ ജോസിയാ രാജാവ് ജനത്തെ മുഴുവൻ ദേവാലയത്തിൽ വിളിച്ചുകൂട്ടി. ദേവാലയത്തിൽ സോളമൻ സ്ഥാപിച്ചിരുന്ന സ്തംഭങ്ങളിൽ ഒന്നിന്റെ ചുവട്ടിലാണ് രാജാവു നിന്നത്. ദേവാലയത്തിൽ രാജാവിന്റെ സ്ഥാനം ഇതായിരുന്നു. ബാലനായ യോവാഷ് രാജാഭിഷേക സമയത്ത് അവിടെയാണ് നിന്നത് (2 രാജാ 11,14). ദേവാലയാങ്കണത്തിൽ സമ്മേളിച്ച ജനം മുഴുവൻ കേൾക്കെ രാജാവ് നിയമഗ്രന്ഥം വായിച്ചു. അതിൽ കല്പ്പിച്ചിരുന്നതെല്ലാം അനുസരിച്ചുകൊള്ളാമെന്ന് രാജാവ് കർത്താവുമായി ഉടമ്പടി ചെയ്തു. ജനം ഉടമ്പടിയിൽ പങ്കുചേർന്നു. 'കർത്താവുമായി' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം 'കർത്താവിന്റെ മുമ്പിൽ' എന്നാണ്. കർത്താവിനെ സാക്ഷി നിർത്തി ഉടമ്പടി പുതുക്കുകയാണ് രാജാവു ചെയ്തത് എന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നു.

പുതിയ ഒരു ഉടമ്പടി ഉണ്ടാക്കലല്ല, പണ്ടേ ഉണ്ടായിരുന്നതും പില്ക്കാലത്ത് അവഗണിക്കപ്പെട്ടതുമായ ഉടമ്പടിയോട് വിശ്വസ്തത പുലർത്തിക്കൊള്ളാം എന്ന വാഗ്ദാനമാണ് ഉടമ്പടി നവീകരണം. ദാവീ

ദുമായി കർത്താവു ചെയ്ത ഉടമ്പടിയുടെ പിന്നിലേക്ക്, സീനായ് ഉട മ്പടിയിലേക്കാണ് ഇവിടെ ശ്രദ്ധ തിരിക്കുന്നത്. 'കർത്താവിന്റെ കല്പന കളും പ്രമാണങ്ങളും അനുശാസനങ്ങളും പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ പാലിച്ച്, അവിടുത്തെ അനുഗമിച്ചുകൊള്ളാം' എന്ന ഉടമ്പടി നവീകരണ വാചകം (2 രാജാ 23,3) നിയമാവർത്തന ഗ്രന്ഥ ത്തിന്റെ ശൈലിയിൽ രൂപപ്പെടുത്തിയതാണ്. കർത്താവ് ഇസ്രായേലു മായി ചെയ്ത ഉടമ്പടി ഉപാധികളോടുകൂടിയതാണെന്നും ജനം ഉട മ്പടിയുടെ നിബന്ധനകൾ പാലിച്ചാലേ ദൈവജനമായി തുടരുകയുള്ളൂ എന്നും ഇതിലൂടെ ഏറ്റു പറയുന്നു. രാജാവ് ദൈവത്തിനും ജനത്തിനും ഇടയിൽ മധ്യസ്ഥനായി നിലകൊള്ളുന്നു. മോശയുടെയും ജോഷ്വായു ടെയും സ്ഥാനമാണ് ഇവിടെ ജോസിയായ്ക്കു നല്കിയിരിക്കുന്നത്. ജോസിയാ നടത്തിയ ഉടമ്പടി നവീകരണം യഹോയാദാ പുരോഹിതൻ രാജാവിനെയും ജനത്തെയും കൊണ്ടുനടത്തിച്ച ഉടമ്പടി നവീകരണത്തെ (2 രാജാ 11,17) അനുസ്മരിപ്പിക്കുന്നതാണ്. എന്നാൽ ഇവിടെ ഉടമ്പടിയും അതിലുള്ള ജനപങ്കാളിത്തവും കൂടുതൽ വിപുലവും തീവ്രതയാർന്ന തുമത്രെ.

## 4. നവീകരണത്തിന്റെ തുടർച്ച 2 രാജാ 23,4-20

ഉടമ്പടി നവീകരണത്തിനുശേഷം ജോസിയാ ദേശത്തു സമൂല മായ ഒരു ശുദ്ധീകരണം നടത്തിയതായി രാജാക്കന്മാരുടെ പുസ്തക ത്തിൽ വിവരിക്കുന്നു. ജോസിയായുടെ 12-ാം ഭരണവർഷം നടത്തിയ തായി ദിനവൃത്താന്ത ഗ്രന്ഥകാരൻ ചുരുക്കിപ്പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഇവിടെ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നത്. ജറു സലെമിലും യൂദായിലും നടത്തിയ ശുദ്ധീകരണം ആദ്യമേ വിവരിക്കുന്നു (2 രാജാ 23,4-14). തുടർന്ന് അതേ ശുദ്ധീകരണപ്രക്രിയ വടക്കൻ ഗോത്ര ങ്ങളിലും നടത്തിയതായി രേഖപ്പെടുത്തുന്നു (2 രാജാ 24,15-20).

വിഗ്രഹങ്ങളും ബലിപീഠങ്ങളും നശിപ്പിച്ചു, അശുദ്ധമാക്കി, അഗ്നി ക്കിരയാക്കി എന്ന് ഒരു പല്ലവിപോലെ ഇവിടെ അനേകം തവണ ആവർത്തിക്കുന്നുണ്ട്. വിഗ്രഹാരാധന, പുരുഷവേശ്യാവൃത്തി, നരബലി എന്നിവ ദേശത്തുനിന്നു തുടച്ചുനീക്കുകയും പ്രാദേശിക ബലിപീഠങ്ങൾ നശിപ്പിച്ച് ദൈവാരാധന ജറുസലെമിൽ മാത്രം കേന്ദ്രീകരിക്കുകയുമാ യിരുന്നു ഈ ശുദ്ധീകരണ-നവീകരണ പ്രക്രിയയുടെ ലക്ഷ്യം. പ്രാദേ ശിക ബലിപീഠങ്ങൾ തകർക്കുകയും ബലിയർപ്പണം ജറുസലെമിൽ മാത്രം കേന്ദ്രീകരിക്കുകയും ചെയ്തതാണ് ജോസിയാ നടപ്പിലാക്കിയ



ഏറ്റം വലിയ മതപരിഷ്കരണം. സീനായ് ഉടമ്പടിയുടെ പ്രമാണങ്ങൾ വിലക്കിയിരിക്കുന്നതാണ് വിഗ്രഹാരാധന (പുറ 20,2-6; നിയ 5,6-10). ജറു സലെമിൽ മാത്രമേ ആരാധന പാടുള്ളു എന്ന നിയമം നിയമാവർത്തന പുസ്തകത്തിലാണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത് (നിയ 12,5. 11-14. 21.26). ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ കർത്താവിനു ബലിയർപ്പിച്ചി രുന്ന സ്ഥലങ്ങളാണ് "പൂജാഗിരികൾ" അവ നശിപ്പിച്ചത് ആരാധന ജറു സലെമിൽ മാത്രം സാധ്യമാക്കുന്നതിനു വേണ്ടിയായിരുന്നു. പൂജാഗിരി കളിൽ കർത്താവിനോടൊപ്പം വിഗ്രഹങ്ങളെയും ആരാധിച്ചുപോന്നതും അവ നശിപ്പിക്കാൻ കാരണമായിരുന്നു.

സോളമന്റെ കാലം മുതൽ ജറുസലെമിൽ വിജാതീയ ക്ഷേത്ര ങ്ങൾ നിലവിലിരുന്നു (1 രാജാ 11,5-8). പുത്രൻ റെഹൊബൊവാം കൂടു തൽ പൂജാഗിരികൾ സ്ഥാപിച്ചു. ആൺ വേശ്യാ സമ്പ്രദായം അയാളുടെ കാലത്ത് ജെറുസലെമിൽ നിലവിൽ വന്നു (1 രാജാ 14,23-24). തുടർന്നു വന്ന പല രാജാക്കന്മാരും ഇവയെ പ്രോത്സാഹിപ്പിച്ചു. യോവാഷ്, ഹെസെ ക്കിയാ മുതലായ ചുരുക്കം രാജാക്കന്മാർ ഇതു നിർത്തലാക്കാൻ ശ്രമി ച്ചെങ്കിലും പൂർണ്ണമായി വിജയിച്ചില്ല. മനാസ്സെയുടെ കാലത്ത് വിഗ്രഹാ രാധനയും മറ്റു മ്ലേച്ഛതകളും സീമാതീതമായി. ജോസിയാ അവ യ്ക്കെല്ലാം കനത്ത കരത്താൽ വിരാമമിട്ടു.

യൂദായിലെ പൂജാഗിരികളിൽ ശുശ്രൂഷ നടത്തിയിരുന്ന പുരോഹി തന്മാരെ സ്ഥാനഭ്രഷ്ടരാക്കുകമാത്രം ചെയ്തപ്പോൾ വടക്കൻ ഗോത്ര ങ്ങളിലെ പൂജാഗിരികളിൽ ശുശ്രൂഷ ചെയ്തിരുന്ന പുരോഹിതന്മാരെ അവ രുടെ ബലിപീഠത്തിൽ വച്ചു വധിച്ചു (23,9.20). അവർ വിഗ്രഹാരാധകർ ആയിരുന്നതുകൊണ്ടാവാം കൊന്നുകളഞ്ഞത്. "യൂദായിൽ സ്ഥാനഭ്രഷ്ട രായ പുരോഹിതന്മാർ ജറുസലെമിലേക്കു വന്നില്ല" (2 രാജാ 23,9) എന്ന പ്രസ്താവന പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പ്രാദേശിക തലത്തിലുള്ള ബലിയർപ്പണങ്ങൾ നിർത്തലാക്കിയപ്പോൾ അവിടെ ശുശ്രൂഷയർപ്പിച്ചി രുന്ന പുരോഹിതന്മാർക്കും ലേവ്യർക്കും ജോലി നഷ്ടപ്പെട്ടു. ജറുസലെ മിലേക്കു വരാൻ പലരും തയ്യാറായില്ല. വന്നവരെ തുല്യപദവിയിൽ സ്വീക രിക്കാൻ ജറുസലെം ദേവാലയ ശുശ്രൂഷികൾ തയ്യാറായതുമില്ല. അത് ഗ്രാമീണ പുരോഹിതരെയും ലേവ്യരെയും സംബന്ധിച്ച ഒരു പ്രതിസ ന്ധിയുളവാക്കി. അതിന്റെ സൂചന ഈ പ്രസ്താവനയിൽ കാണാം.

വടക്കൻ ഗോത്രാതിർത്തിക്കുള്ളിൽ നടത്തിയ ശുദ്ധീകരണ ത്തിന്റെ വിവരണത്തിൽ (2 രാജാ 23,15-20) ബെഥേലിലെ ബലിപീഠ ത്തിന്റെ കാര്യം എടുത്തു പറയുന്നു. ജെറൊബൊവാം ഒന്നാമന്റെ

കാലത്ത് ആ ബലിപീഠത്തിനെതിരേ ഉണ്ടായ പ്രവചനം (1 രാജാ 13,2) പൂർത്തിയായി എന്നു കാണിക്കുകയാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ബെഥേലിനെതിരേ പ്രവചിച്ച പ്രവാചകന്റെ ശവകുടീരം നശിപ്പിക്കാതിരുന്നത് ആ പ്രവാചകനോടുള്ള ആദരവിന്റെ അടയാളമാണ്.

### 5. പെസഹാ ആഘോഷം 2 രാജാ 23,21-23; 2 ദിന 35,1-19

ജോസിയായുടെ നവീകരണ യത്നങ്ങൾ പെസഹാ ആഘോഷത്തിൽ അതിന്റെ പരമകാഷ്ഠയിലെത്തി. രാജാക്കന്മാരുടെ പുസ്തകം മൂന്നു വാക്യങ്ങളിൽ ഒതുക്കിയ പെസഹാ ആഘോഷത്തിന്റെ വിവരണം ദിനവൃത്താന്ത ഗ്രന്ഥകാരൻ വളരെയേറെ വിപുലമാക്കിയിട്ടുണ്ട്. ഇതുപോലൊരു പെസഹാ ആഘോഷം ഇസ്രായേലിൽ ഇതുവരെയുണ്ടായിട്ടില്ല എന്ന് രണ്ട് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹെസെക്കിയാ ജറുസലെമിൽ പെസഹാ ആഘോഷിച്ചതായി നാം കണ്ടു കഴിഞ്ഞു (2 ദിന 30). ജോസിയാ നടത്തിയത് അതിനേക്കാൾ വലിയ ആഘോഷമായിരുന്നു എന്നാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നത്.

പെസഹാ ആഘോഷിച്ചതിന്റെ വിശദാംശങ്ങൾ വിവരിക്കുമ്പോൾ ദിനവൃത്താന്ത ഗ്രന്ഥത്തിൽ ലേവ്യർക്ക് കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നു. വിശുദ്ധ പേടകം ദേവാലയത്തിൽ പ്രതിഷ്ഠിക്കാൻ അവരോടു രാജാവു കല്പിക്കുന്നതിന്റെ കാരണം വ്യക്തമല്ല. സോളമൻ ദേവാലയം നിർമ്മിച്ചു കഴിഞ്ഞപ്പോൾ ഉടമ്പടിയുടെ പേടകം അതി വിശുദ്ധ സ്ഥലത്തു പ്രതിഷ്ഠിച്ചതാണ്. ഒരുപക്ഷേ, മനാസ്സെയുടെ കാലത്തെ അനാചാരങ്ങളിൽ നിന്ന് പേടകത്തെ രക്ഷിക്കാൻ വേണ്ടി ലേവ്യർ അത് കൂടുതൽ സുരക്ഷിതമായ മറ്റേവിടേയ്ക്കെങ്കിലും മാറ്റിയിരുന്നതിനാലാണ് ഇപ്പോൾ അത് പൂർവ്വസ്ഥാനത്തു പ്രതിഷ്ഠിക്കാൻ ആവശ്യപ്പെട്ടത് എന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

ജോസിയായുടെ നേതൃത്വത്തിൽ നിയമപ്രകാരം ആചരിച്ച പെസഹാ ഒരു വലിയ വിമോചനത്തിന്റെ ആഘോഷവും ആയിരുന്നു. അന്തർദ്ദേശീയ സാഹചര്യങ്ങൾ ജനത്തിൽ പ്രത്യാശ ഉണർത്തുന്നതായിരുന്നു. അസ്സീറിയായുടെ ബലക്ഷയത്തിൽ നിന്ന് മുതലെടുത്ത്, ജോസിയായ്ക്ക് രാജ്യാതിർത്തികൾ വികസിപ്പിക്കാൻ കഴിഞ്ഞു. ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാപിച്ചില്ലെങ്കിലും ഇസ്രായേലിന്റെ പരമ്പരാഗതമായ പ്രദേശങ്ങളിൽ അധിക പങ്കും വീണ്ടെടുക്കാൻ സാധിച്ചു. ചിതറിപ്പോയ ഇസ്രായേൽ ഒരുമിച്ചു കൂട്ടപ്പെടുന്നതായി പലർക്കും കാണാൻ കഴിഞ്ഞു.



സാമ്രാജ്യത്തെ സംബന്ധിച്ച സ്വപ്നങ്ങൾ പലരും താലോലിക്കാൻ തുടങ്ങി. എന്നാൽ ഇതെല്ലാം ഒറ്റയടിക്ക തകർക്കുന്നതായിരുന്നു അപ്രതീക്ഷിതമായുണ്ടായ ജോസിയായുടെ മരണം.

### 6. ജോസിയായുടെ മരണം 2 രാജാ 23,24-30; 2 ദിന 35,20-27

പെസഹാ ആഘോഷത്തിന്റെ വിവരണത്തിനുശേഷം മതാത്മക തലത്തിലെ ചില അനാചാരങ്ങൾ ഉന്മൂലനം ചെയ്തതിന്റെ ചെറിയ ഒരു സൂചന നല്കിക്കൊണ്ട് (2 രാജാ 23,24-27) വി.ഗ്രന്ഥകാരൻ ജോസിയായുടെ ജീവിതാന്ത്യത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ഇസ്രായേലിനെ ഭരിച്ച ഏറ്റം വിശ്വസ്തനും നീതിമാനുമായ രാജാവാണ് ജോസിയാ. എങ്കിലും ജനത്തിനെതിരേ ജ്വലിച്ച കർത്താവിന്റെ കോപത്തെ അയാൾക്കും ശമിപ്പിക്കാൻ കഴിഞ്ഞില്ല എന്ന് എടുത്തു പറയുന്നു. മനാസ്സെയുടെ പാപങ്ങളാണ് ഈ കോപത്തിന്റെ പ്രധാനകാരണമായി എടുത്തു കാട്ടുന്നത്.

മതാത്മക തലത്തിൽ ജോസിയാ വളരെ വിവേകത്തോടും തീക്ഷണതയോടും കൂടെ വർത്തിച്ചെങ്കിലും രാഷ്ട്രീയ തലത്തിൽ അയാളുടെ കണക്കുകൂട്ടലുകൾ തെറ്റി. മെസോപ്പോട്ടേമിയായിൽ ബാബിലോൺ ശക്തിപ്പെടുന്നത് തന്റെ രാജ്യത്തിന് ഗുണകരമാണെന്ന് അയാൾ തെറ്റിദ്ധരിച്ചു. ഹെസെക്കിയായുടെ കാലത്ത് തുടങ്ങിയതാണ് യൂദായുടെ ബാബിലോൺ പ്രേമം (2 രാജാ 20,12-19). ഏശയ്യാ പ്രവാചകൻ അതിനെതിരേ ശക്തമായ താക്കീത് നല്കിയിരുന്നെങ്കിലും ജോസിയായും ബാബിലോണിന്റെ വിജയം ആഗ്രഹിച്ചു. അസ്സീറിയാ തോറ്റാൽ യൂദായ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും എന്ന് കരുതി, അസ്സീറിയായെ സഹായിക്കാൻ പോയ ഈജിപ്ത് സൈന്യത്തെ വഴിക്കുവച്ച് തടഞ്ഞു. ദിനവൃത്താന്ത ഗ്രന്ഥകാരൻ ഫറവോനെക്കോയെ ഒരു പ്രവാചകന്റെ കുപ്പായത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത് (2 ദിന 35,21-22). നെക്കോയിലൂടെ സംസാരിച്ചത് കർത്താവാണെന്ന് ജോസിയായ്ക്ക് മനസ്സിലായില്ല. അഥവാ അത് മനസ്സിലാക്കി അനുസരിക്കാൻ അയാൾ തയ്യാറായില്ല. മാരകമായ മുറിവേറ്റ ജോസിയായെ സേവകൻ ജറുസലെമിൽ കൊണ്ടുവന്നു സംസ്കരിച്ചു. രാജാവിന്റെ മരണത്തെച്ചൊല്ലി ജറമിയാ പ്രവാചകൻ ഒരു വിലാപ ഗാനം ആലപിച്ചു എന്ന് 2ദിന 35,25ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഉൾക്കൊള്ളിച്ചിരിക്കുന്ന വിലാപ ഗീതങ്ങളുടെ സമാഹാരം നമുക്കു ലഭിച്ചിട്ടില്ല. “വിലാപങ്ങൾ” എന്ന പേരിൽ അറിയപ്പെടുന്ന ബൈബിൾ ഗ്രന്ഥമല്ല ഇവിടെ വിവക്ഷിക്കുന്നത്.

**വിചിന്തനം:** അണയാൻ പോകുന്ന തിരി ആളിക്കത്തുന്നതുപോലെ ആയിരുന്നു ജോസിയായുടെ കാലത്ത് ജനത്തിനു കിട്ടിയ ഇടവേള. നൂറ്റാണ്ടുകളായി ഇസ്രായേൽ ജനത്തിന്മേൽ കുമിഞ്ഞുകൂടിയ അവിശ്വസ്തതയുടേയും അക്രമങ്ങളുടേയും കറ നീക്കിക്കളയാൻ ജോസിയായുടെ മതനവീകരണ സംരംഭങ്ങൾക്ക് കഴിഞ്ഞില്ല. വിശ്വസ്തനും നീതിമാനുമായ രാജാവ് എന്തുകൊണ്ട് ദാരുണമാംവിധം കൊല്ലപ്പെട്ടു  എന്ന ചോദ്യം ഉന്നയിക്കപ്പെടാറുണ്ട്. രാഷ്ട്രീയമായ കണക്കുകൂട്ടലുകളിൽ ആശ്രയിച്ചതാണ് അതിന്റെ ഏറ്റം സ്പഷ്ടമായ കാരണം. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ അതിന് വേറെയും പല കാരണങ്ങൾ കാണാം.

ഏറ്റവും വലിയ മതപരിഷ്കർത്താവായിട്ടാണ് ജോസിയാ അറിയപ്പെടുന്നത്. എന്നാൽ അയാളുടെ നവീകരണങ്ങളും പരിഷ്കരണങ്ങളും എല്ലാം ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിന്നതേയുള്ളൂ. വിഗ്രഹങ്ങളും ബലിപീഠങ്ങളും തച്ചുടച്ചെങ്കിലും മനുഷ്യ ഹൃദയത്തിൽ പരിവർത്തനം വരുത്താൻ അതിനു കഴിഞ്ഞില്ല. തന്നെയുമല്ല, നൂറ്റാണ്ടുകളായി ജനം ആദരപൂർവ്വം വീക്ഷിച്ചിരുന്ന മാതാചാരങ്ങൾ ബലപ്രയോഗത്തിലൂടെ നിർത്തലാക്കിയത് യുവരാജാവിന്റെ അവിവേകവും അതിരുകടന്ന ആവേശവുമായേ ഭൂരിഭാഗം ജനത്തിനും കാണാൻ കഴിഞ്ഞുള്ളൂ. അതിനു പിന്നിലുണ്ടായിരുന്ന രാഷ്ട്രീയ ലക്ഷ്യങ്ങളും വടക്കൻ ഗോത്രക്കാർക്ക് വ്യക്തമായി കാണാമായിരുന്നു. രാജാവു മരിച്ചതോടെ അയാൾ തുടങ്ങിവച്ച പരിഷ്കാരങ്ങളും അസ്തമിച്ചു. പിതാക്കന്മാരുടെ പാരമ്പര്യം ഇതാണ്. ഇത് നിങ്ങൾ അനുസരിച്ചേ മതിയാകൂ എന്നു ശഠിക്കുന്നതിനുമുമ്പേ, ആ പാരമ്പര്യങ്ങളുടേയും ആചാരങ്ങളുടേയും അർത്ഥം ജനങ്ങളെ ബോധ്യപ്പെടുത്താനും അവർക്കു കൂടി സ്വീകാര്യമായാൽ മാത്രം നടപ്പിലാക്കാനും അധികാരികൾക്ക് കടമയുണ്ട്. അധികാരത്തിന്റെ ഉരുക്കുമുഷ്ടികൊണ്ട് ജനത്തെ ദൈവത്തിലേക്ക് അടുപ്പിക്കാൻ ആർക്കും കഴിയില്ല.

ആരാധനക്രമങ്ങളിൽ പരിഷ്കാരം വരുത്താൻ കാണിച്ചത്ര ആവേശം സാമൂഹിക നീതിയുടെ കാര്യത്തിൽ ജോസിയാ പ്രകടിപ്പിച്ചതായി വി.ഗ്രന്ഥകാരൻ പറയുന്നില്ല. വിഗ്രഹങ്ങളും ബലിപീഠങ്ങളും തകർക്കുകയും ആരാധന തലസ്ഥാന നഗരിയിൽ കേന്ദ്രീകരിക്കുകയും ചെയ്തതുകൊണ്ട് ജറൂസലെമിന്റെ പ്രൗഢിയും സമ്പത്തും രാജാവിന്റെ സ്വാധീനവും വർദ്ധിച്ചു എന്നല്ലാതെ ജനത്തിന് നീതി ലഭിച്ചില്ല. തന്നെയുമല്ല, സാധാരണ ജനത്തിന്റെ മതജീവിതം വളരെയേറെ ശുഷ്കമാവുകയും ചെയ്തു. ജറുസലെമിലേക്ക് തീർത്ഥാടനം നടത്താൻ എല്ലാ



വർക്കും കഴിയുമായിരുന്നില്ല. മതാത്മക തലത്തിൽ ഇതുപോലുള്ള കേന്ദ്രീകരണം ഇന്നും നടക്കുന്നുണ്ട്. സാധാരണ ജനത്തിന്റെ ആവശ്യങ്ങളോ വികാരങ്ങളോ മാനിക്കാതെ ഉന്നത തലങ്ങളിൽ കരുപ്പിടിപ്പിക്കുന്ന ആരാധനാ രീതികളും നിയമങ്ങളും താഴേക്ക് അടിച്ചേല്പിക്കുമ്പോൾ അവ ഉൾക്കൊള്ളാൻ ജനത്തിന് കഴിയാതെ പോകുന്നു. ആത്മാവിന്റെ വിശപ്പും ദാഹവുമടക്കാൻ കഴിയാതെ ജനം ക്ലേശിക്കുന്നു. ദാഹജലം തേടി പലപ്പോഴും അവർ മറ്റു കേന്ദ്രങ്ങളെ ആശ്രയിക്കുന്നു.

ദേവാലയ കേന്ദ്രീകൃതമായ ഒരു മതാത്മകതയാണ് ജോസിയാ പ്രോത്സാഹിപ്പിച്ചത്. അനുഷ്ഠാനങ്ങൾക്കായിരുന്നു അതിൽ പ്രാധാന്യം. ഉടമ്പടിയുടെ മറ്റു നിയമങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നല്കപ്പെട്ടില്ല. അതിനാൽത്തന്നെ മാത്മകത വളരെയേറെ വർദ്ധിച്ചിട്ടും സാമൂഹ്യനീതിയുടേയും സാഹോദര്യത്തിന്റെയും കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായില്ല. കലാഹരണപ്പെട്ടതും ജനത്തിന് അജ്ഞാതവും അസ്വീകാര്യവുമായ മതപാരമ്പര്യങ്ങളും ആരാധനാ രീതികളും പുനഃസ്ഥാപിക്കാൻ ആവേശം കാട്ടുന്നവർ ജോസിയായുടെ അനുഭവത്തിൽ നിന്ന് പാഠം പഠിക്കേണ്ടതുണ്ട്.

ദേവാലയത്തിൽ കണ്ടുകിട്ടിയ വേദപുസ്തകച്ചുരുളാണ് ജോസിയായ്ക്ക് നവീകരണയത്നങ്ങളിൽ ആവേശം പകർന്നത്. നൂറ്റാണ്ടുകളായി നമ്മുടെ സമൂഹത്തിലും ദൈവവചനം അവഗണിക്കപ്പെട്ടുകിടക്കുകയായിരുന്നു. അടുത്തകാലത്താണ് അതിന്റെ പ്രാധാന്യവും ശക്തിയും സാധാരണക്കാരുടെ ഇടയിലും സഭയുടെ അധികാര തലങ്ങളിൽ പോലും വീണ്ടും കണ്ടെത്തിയത്. പുതുതായി കണ്ടെത്തിയ ദൈവവചനം ജനജീവിതത്തിൽ അത്ഭുതങ്ങൾ വിരചിക്കുന്നത് നാം കാണുന്നു. ദൈവവചനത്തെ കണ്ടെത്തുന്നത് ജീവിത നവീകരണത്തിന്റെ തുടക്കമാണ്.

താൻ കണ്ടെത്തിയ പുസ്തകത്തിൽ നിന്ന് ആരാധനാ സംബന്ധിയായ കാര്യങ്ങൾ ജോസിയാ തിരഞ്ഞെടുത്തു. സാമൂഹ്യനീതിയേയും സഹോദര സ്നേഹത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾ പ്രായേണ അവഗണിക്കപ്പെട്ടു. ഇന്നും വചനാധിഷ്ഠിത നവീകരണ സംരംഭങ്ങളിൽ ഇതുതന്നെ സംഭവിക്കുന്നില്ലേ എന്നു സംശയിക്കണം. പ്രാർത്ഥനയിലും വചനധ്യാനത്തിലും വലിയ താത്പര്യം കാണിക്കുന്ന പലരും അവശതയനുഭവിക്കുന്ന സഹോദരങ്ങളുമായി തങ്ങളുടെ ഉള്ളും തങ്ങൾക്കുള്ളതും പങ്കുവയ്ക്കാൻ തയ്യാറാകാതെ പോകുന്നില്ലേ? നീതി ബോധത്തിലേക്കും പങ്കുവയ്ക്കുന്ന സ്നേഹത്തിലേക്കും നയിക്കുന്നതാകണം മതനവീകരണം. അതുകൂടാതെ യഥാർത്ഥ ദൈവാരാധന സാധ്യമല്ല.

## ചോദ്യങ്ങൾ

1. ജോസിയാ എന്ന പേരിന്റെ അർത്ഥമെന്ത്?
2. എന്തുകൊണ്ടാണ് ഈ അധ്യായത്തിന് "ഇടവേള" എന്നു പേരു കൊടുത്തിരിക്കുന്നത്? ജോസിയായുടെ കാലത്തെ മധ്യപൗരസ്ത്യ ദേശത്തിന്റെ ചരിത്രം ചുരുക്കി പറയുക?
3. ഏതെല്ലാം തലങ്ങളിലാണ് ജോസിയാ നവീകരണം നടത്തിയത്?
4. മതമേഖലയിൽ ജോസിയായുടെ ഏറ്റം വലിയ പരിഷ്കരണം എന്തായിരുന്നു? അതുവഴി രാഷ്ട്രീയമായ എന്തു നേട്ടമാണുണ്ടായത്?
5. ആരാണ് ഹുൽദാ? എന്തു സന്ദേശമാണ് അവൾ നല്കിയത്?
6. ആരാണ് നെക്കോ? ജോസിയാ അയാളെ എതിർക്കാൻ കാരണമെന്ത്?

**ചർച്ചയ്ക്ക്:** 1. വേദപുസ്തകച്ചുരുൾ കണ്ടെത്തിയ ജോസിയാ നടത്തിയ മതനവീകരണവും വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഇന്നു നടക്കുന്ന നവീകരണശ്രമങ്ങളും തമ്മിൽ താരതമ്യം ചെയ്ത് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുക.

2. ജോസിയായുടെ മത പരിഷ്കാരങ്ങളും ഇന്ന് സഭയിൽ നടക്കുന്ന ആരാധനക്രമ പരിഷ്കാരങ്ങളും തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തുക. ദൈവാരാധനയെ കൂടുതൽ ജീവിതബന്ധിയും നീതിയുടെ ഉറവിടവും ആക്കാൻവേണ്ടി നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

**പ്രാർത്ഥന:** ജീവിതത്തിൽ വഴികാട്ടിയായി തന്റെ വചനം നമുക്കു നല്കിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്വന്തമായ വാക്കുകളിൽ പ്രാർത്ഥിക്കുക. അല്ലെങ്കിൽ സങ്കീ. 119,101-112 ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 3. പ്രവാസത്തിലേക്ക്

### 2 രാജാ 23,31-25,30; 2 ദിന 36

ജോസിയാ രാജാവിന്റെ മരണം മുതൽ ജറുസലെമിന്റെ പതനം വരെയുള്ള 22 വർഷങ്ങൾക്കിടയിൽ നാലു രാജാക്കന്മാർ യൂദായിൽ ഭരിച്ചു. അവരിൽ മൂന്നുപേർ ജോസിയായുടെ പുത്രന്മാരും ഒരാൾ പൗത്രനുമായിരുന്നു. രണ്ടുപേർ മൂന്നുമാസവും രണ്ടുപേർ പതിനൊന്നു വർഷവും വീതം ഭരിച്ചു. ഒരാൾ ഈജിപ്തിലേക്കും രണ്ടുപേർ ബാബിലോണിലേക്കും നാടുകടത്തപ്പെട്ടു. ഒരാളുടെ മരണത്തെക്കുറിച്ച് ദുരൂഹത നിലനില്ക്കുന്നു. ഇവരിൽ ആർക്കും ജോസിയായുടെ വിശ്വാസ തീക്ഷ്ണതയോ വിവേകമോ ധൈര്യമോ കൈമുതലായി ഉണ്ടായിരുന്നില്ല. അതേ സമയം, ജോസിയാ നേരിട്ടതിനേക്കാൾ വളരെ വലിയ ആഭ്യന്തരവും അന്തർദ്ദേശീയവുമായ സമ്മർദ്ദങ്ങൾ അവർ നേരിടുകയും ചെയ്തു.

ഇസ്രായേലിൽ പ്രത്യക്ഷപ്പെട്ട ഏറ്റം വലിയ പ്രവാചകന്മാരിൽ ഒരാളായ ജറെമിയാ ഈ കാലഘട്ടം മുഴുവൻ ജറുസലെമിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു, അവസാനത്തെ പത്തു വർഷക്കാലം എസെക്കിയേലും, പക്ഷേ അവരുടെ വചനത്തേക്കാൾ വ്യാജപ്രവാചകന്മാരെ ശ്രവിക്കാനാണ് രാജാക്കന്മാരും ജനവും താൽപര്യം കാണിച്ചത്. നൂറ്റാണ്ടുകളിലൂടെ ജനത്തിന്മേൽ കുമിഞ്ഞുകൂടിയ പാപത്തിന് ഉടമ്പടിയുടെ നിബന്ധനയനുസരിച്ചുള്ളതും പ്രവാചകന്മാരിലൂടെ അറിയിക്കപ്പെട്ടതുമായ കർത്താവിന്റെ വിട്ടുവീഴ്ചയില്ലാത്ത ശിക്ഷാവിധി കർശനമായി നടപ്പിലാക്കിയതിന്റെ ചരിത്രമാണ് പഠനവിഷയമായ രണ്ടു പുസ്തകങ്ങളുടെയും അവസാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിവരിക്കുന്ന സംഭവങ്ങളും അവയുടെ ചരിത്ര പശ്ചാത്തലവും കൂടുതൽ വിശദമായി സകല ഭീകരതയോടും കൂടെ ജെറെമിയായുടെ പുസ്തകത്തിലും 'വിലാപങ്ങൾ' എന്ന പുസ്തകത്തിലും വിവരിക്കുന്നുണ്ട്.

യൂദായിലെ അവസാനത്തെ നാലു രാജാക്കന്മാരുടെ ചരിത്രവും ജറുസലെമിന്റെ പതനവും വളരെ ചുരുക്കിയാണ് രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും അവതരിപ്പിച്ചിരിക്കുന്നത്. ബാബിലോണിൽ പ്രവാസിയായി കഴിഞ്ഞ യഹോയാഖിൻ രാജാവിനെ തടവറയിൽ നിന്നു മോചിപ്പിച്ച്, പ്രവാസികളായ മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ പ്രമുഖസ്ഥാനം നല്കിയതിന്റെ വിവരണത്തോടെ രാജാക്കന്മാരുടെ പുസ്തകം സമാപിക്കുമ്പോൾ, പ്രവാസത്തിന്റെ അന്ത്യം

കുറിക്കുന്ന പേർഷ്യാ രാജാവായ സൈറസിന്റെ വിളമ്പരം രേഖപ്പെടുത്തിക്കൊണ്ടാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ ഇസ്രായേലിലെ രാജവാഴ്ചയുടെ ചരിത്രം ഉപസംഹരിക്കുന്നത്. അങ്ങനെ തികച്ചും ശോകമൂകമായ അന്തരീക്ഷത്തിൽ പ്രത്യാശയുടെ പ്രകാശ കിരണം പ്രത്യക്ഷപ്പെടുന്നു. ഓരോ രാജാവിന്റെയും ചരിത്രവും ഇതര സംഭവങ്ങളും മധ്യപൗരസ്ത്യ ദേശത്തെ സമകാലിക ചരിത്രവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാൻ ശ്രമിക്കുന്നതാണ്. ബാബിലോണിനെ കാൽദിയാ എന്നും ബാബിലോൺകാരെ കൽദായർ എന്നും വി.ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നു. രണ്ടു പേരിന്റെയും അർത്ഥം ഒന്നുതന്നെ.

**1. യഹോവാഹാസ് (ബി.സി. 609) 2 രാജാ 23,31–34; 2 ദിന 36,14**

ബാബിലോണിന്റെ ആക്രമണത്തിനെതിരേ പിടിച്ചുനില്ക്കാൻ പണിപ്പെടുന്ന അസ്സീറിയായെ സഹായിക്കാൻ പോയ നെക്കോയെ തടഞ്ഞു നിർത്താനുള്ള ശ്രമത്തിൽ യൂദാ രാജാവായ ജോസിയാ കൊല്ലപ്പെട്ടു. ജോസിയാ വഴിതടഞ്ഞതുമൂലം വൈകിപ്പോയതിനാലാണോ എന്നറിയില്ല. നെക്കോയ്ക്ക് അസ്സീറിയായെ രക്ഷിക്കാനോ ഹാരാൻ തിരിച്ചുപിടിക്കാനോ കഴിഞ്ഞില്ല. യുഫ്രട്ടീസ് നദിക്കു കിഴക്കുള്ള പ്രദേശങ്ങൾ മുഴുവൻ ബാബിലോണിന്റെ ആധിപത്യത്തിലായി. തകർന്നുവീണ അസീറിയൻ സാമ്രാജ്യത്തിന്റെ യൂഫ്രട്ടീസിനു പടിഞ്ഞാറുണ്ടായിരുന്ന പ്രദേശങ്ങളിൽ ശക്തരായ രാജാക്കന്മാരുണ്ടായിരുന്നില്ല. അതിനാൽ, അസ്സീറിയായെ സഹായിച്ചു നിലനിർത്താൻ കഴിഞ്ഞില്ലെങ്കിലും, യൂഫ്രട്ടീസ് വരെ തന്റെ ആധിപത്യം സ്ഥാപിക്കാൻ ഫറവോനെക്കോയ്ക്കു സാധിച്ചു. സിറിയായുടെ വടക്കു കിഴക്കേ അതിർത്തിയിൽ യൂഫ്രട്ടീസ് നദീതീരത്തുള്ള നഗരമായ ഖർക്കെമിഷിൽ നെക്കോ സൈനിക താവളം ഉറപ്പിച്ചു. അങ്ങനെ മദ്ധ്യ പൗരസ്ത്യ ദേശത്തു രണ്ടു ശാക്തിക ചേരികൾ രൂപംകൊണ്ടു. അവയ്ക്കിടയിൽ പെട്ട് ഞെരിഞ്ഞമരുന്ന യൂദായുടെ ചിത്രമാണ് അടുത്ത ഇരുപതു വർഷത്തെ ചരിത്രത്തിൽ നാം കാണുന്നത്.

ജോസിയാ രാജാവിന്റെ മരണത്തെ തുടർന്ന് രാജാവായ യഹോവാഹാസ് ജോസിയായുടെ നാലാമത്തെ പുത്രനായിരുന്നെന്ന് 1 ദിന 3,15ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെയും ജറെ 22,11ലും ഷല്ലും എന്ന പേരിലാണ് അയാൾ അറിയപ്പെടുന്നത്. സ്ഥാനാരോഹണ സമയത്തു സ്വീകരിച്ച പേരായിരിക്കും യഹോവാഹാസ്. ദിനവൃത്താന്ത ഗ്രന്ഥത്തിലെ വംശാവലി പട്ടികയിൽ ജോസിയായുടെ നാലാമത്തെ മകനായി അവതരിപ്പിക്കുന്നുണ്ടെങ്കിലും, അയാളുടെയും മറ്റു സഹോദരന്മാരുടെയും സ്ഥാനാരോഹണ സമയത്തെ പ്രായത്തെക്കുറിച്ച് പ്രതിപാദിക്കുന്ന



ബൈബിൾ ഭാഗങ്ങളിൽ നിന്ന് അയാൾ മൂന്നാമത്തെ പുത്രനായിരുന്നു എന്നു കാണാം. എന്താണ് ഈ വ്യത്യാസത്തിനു കാരണം എന്നു വ്യക്തമല്ല.

ജ്യേഷ്ഠന്മാരെ മറികടന്ന് എന്തുകൊണ്ടാണ് അനുജനെ രാജാവാക്കി എന്ന ചോദ്യം ഉദിക്കുന്നുണ്ട്. ദേശത്തെ ജനങ്ങളാണ് അയാളെ രാജാവാക്കിയത്. അന്താരാഷ്ട്ര രംഗത്ത് ജോസിയായുടെ നയങ്ങളോട് മറ്റു സഹോദരന്മാരേക്കാൾ കൂടുതൽ അനുഭാവം ഉണ്ടായിരുന്നതിനാലായിരിക്കാം ജനം അയാളെ രാജാവാക്കിയതെന്ന് വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. തുടർന്നുണ്ടായ സംഭവ വികാസങ്ങൾ ഈ അനുമാനത്തിനു പിന്തുണ നല്കുന്നു. ഫറവോനെക്കാ യഹോവാസിനെ സിറിയായിലെ തന്റെ സൈനിക തലസ്ഥാനമായ റിബ്ലായിലേക്കു വിളിച്ചുവരുത്തി, സ്ഥാനഭ്രഷ്ടനാക്കി, ഈജിപ്തിലേക്കു നാടുകടത്തി. തൽസ്ഥാനത്ത് അയാളുടെ ജ്യേഷ്ഠ സഹോദരനായ എലിയാക്കിമിനെ യൂദായിലെ രാജാവായി നിയമിച്ചു. എലിയാക്കിമിന് യഹോയാക്കിം എന്ന പുതിയ പേരും നല്കി. അയാൾ ജോസിയായുടെ നയങ്ങൾക്കു വിരുദ്ധമായി, ഈജിപ്തിനോട് അനുഭാവം പുലർത്തിയിരുന്നെന്ന് ഇതിൽ നിന്ന് അനുമാനിക്കാം.

യൂദാ ഈജിപ്തിന്റെ ആധിപത്യത്തിൽ കീഴിലായി. രാജ്യത്തിന്റെ വിസ്തൃതിയും ജനസംഖ്യയും വളരെ പരിമിതമാക്കപ്പെട്ട സാഹചര്യം പരിഗണിക്കുമ്പോൾ ഈജിപ്തുകാർ അവരിൽ നിന്ന് നൂറു താലന്ത് വെള്ളിയും ഒരു താലന്ത് സ്വർണ്ണവും നികുതിയായി ഈടാക്കിയത് കനത്ത പ്രഹരമായിരുന്നു. നാടുകടത്തപ്പെട്ട യഹോവാഹാസ് ഈജിപ്തിൽ വച്ചു മരിച്ചു. ആ മരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ജറെമിയാ പ്രവാചകൻ അയാളെക്കുറിച്ച് ഒരു ചരമഗാനം ആലപിച്ചത് (ജറെ 22,10–12).

**2. യഹൊയാക്കിം (609–598) 2 രാജാ 23,35–24,7; 2 ദിന 36,5–8**

“യാഹ്വേ സ്ഥാപിച്ചു” എന്നാണ് യഹോയാക്കിം എന്ന പേരിന്റെ അർത്ഥം. എന്നാൽ അയാളെ രാജാവായി സ്ഥാപിച്ചത് യാഹ്വേ അല്ല, ഫറവോ ആയിരുന്നു. അതിനാൽത്തന്നെ അയാളുടെ ഭരണം സുസ്ഥിരമായിരുന്നില്ല. അഞ്ചു വർഷത്തോളം ഈജിപ്തിനു കനത്ത നികുതി കൊടുത്തുകൊണ്ട് അയാൾ യൂദാ ഭരിച്ചു. അത് അക്രമത്തിന്റെയും അനീതിയുടെയും കാലമായിരുന്നു. ഈജിപ്തു ചുമത്തിയ നികുതി തന്നെ ജനത്തിനു താങ്ങാനാവാത്ത ഭാരമായിരുന്നു. എന്നാൽ അതു പരിഗണി

ക്കാതെ, രാജാവ് ആഡംബര ജീവിതത്തിൽ മുഴുകി. തന്റെ പിതാക്കന്മാർ നിർമ്മിച്ച കൊട്ടാരങ്ങൾ പോരാഞ്ഞിട്ട്, അയാൾ പട്ടിണിപ്പാവങ്ങളെ പിഴിഞ്ഞ് പുതിയ അരമനകൾ പണിതു (ജറെ 22,13-19). മനാസ്സെയുടെ കാലത്തെ അതിക്രമങ്ങളും ആരാധനയിലെ അനാചാരങ്ങളും തിരിച്ചു വന്നു (ജറെ 7,16-18; 11,9-13). വ്യാജപ്രവാചകന്മാർ രാജാവിനെ പ്രോത്സാഹിപ്പിച്ചു. ജറെമിയായെപ്പോലുള്ളവരിലൂടെ വന്ന കർത്താവിന്റെ വചനം അയാൾ തിരസ്കരിക്കുക മാത്രമല്ല, യഥാർത്ഥ പ്രവാചകന്മാരെ പീഡിപ്പിക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തു (ജറെ 26; 36).

യൂദായുടെമേലുള്ള ഈജിപ്തിന്റെ ആധിപത്യം അധികനാൾ നീണ്ടുനിന്നില്ല. ബി.സി. 605ൽ ബാബിലോൺ രാജാവായ നബോപൊലൊസർ മരിച്ചു. അതിശക്തനായ പുത്രൻ നബുക്കദ്നേസർ (605-562) ഭരണമേറ്റു. രാജാവാകുന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പേ നബുക്കദ്നേസർ ഖർക്കെമിഷന് ഉപരോധം ഏർപ്പെടുത്തിയിരുന്നു. പിതാവിന്റെ മരണത്തെ തുടർന്ന് സ്ഥാനാരോഹണത്തിനായി ബാബിലോണിലേക്കു പോയ അയാൾ ഒട്ടും വൈകാതെ വലിയ സൈന്യവുമായി മടങ്ങി വന്നു. കനത്ത പോരാട്ടത്തിൽ ഖർക്കെമിഷ് കീഴടങ്ങി. തെക്കോട്ടു പലായനം ചെയ്ത ഈജിപ്തു സൈന്യത്തെ പിന്തുടർന്ന് നബുക്കദ്നേസർ ഫിലിസ്ത്യാ സമതലം മുഴുവൻ കീഴടക്കി. എതിർത്ത നഗരങ്ങൾ തകർത്തു. തടവുകാരെ ബാബിലോണിലേക്കു നാടുകടത്തി. യൂദാ ബാബിലോണിന്റെ ആധിപത്യത്തിൽ കീഴിലായി (2 രാജാ 24,1).

ബി.സി. 601 ൽ ഈജിപ്തു കീഴടക്കുകയെന്ന (2 രാജാ 24,1) നബുക്കദ്നേസർ തിരിച്ചുവന്നു. പക്ഷേ, രാജ്യാതിർത്തിയിൽ വച്ചു തന്നെ എതിരിട്ട ഫറവോനെക്കോയെ തോല്പിക്കാൻ കഴിയാതെ അയാൾ ബാബിലോണിലേക്കു മടങ്ങി. കൂടുതൽ വിപുലമായ സൈന്യത്തെ ശേഖരിച്ചു. നബുക്കദ്നേസർ തോറ്റോടിയെന്നും ഇനി മടങ്ങി വരികയില്ലെന്നും കരുതി യഹോയാക്കിം ഈജിപ്തിനോടു കൂടുതൽ അടുത്തു. ബാബിലോണിനു കപ്പം കൊടുക്കൽ നിർത്ത് (2 രാജാ 24,1). നബുക്കദ്നേസർ ഉടനെ മടങ്ങിവന്നില്ലെങ്കിലും യൂദായ്ക്കി സമാധാനമുണ്ടായിരുന്നില്ല. ബാബിലോണിനോടു കൂറുപുലർത്തിയിരുന്ന സിറിയാക്കാർ, അമ്മോന്യർ, മൊവാബ്യർ മുതലായ അയൽ രാജ്യങ്ങൾ യൂദായെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്നു (2 രാജാ 24,2). ബാബിലോണിന്റെ പ്രേരണയും ഇതിനു പിന്നിലുണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. നിരന്തരമായി ചെയ്തുകൂട്ടിയ പാപങ്ങൾ മൂലം, പ്രത്യേകിച്ചും മനാസ്സെയുടെ അതിക്രമങ്ങൾമൂലം, കർത്താവ് യൂദായെ നശിപ്പിക്കാൻ തീരുമാനിച്ചതി



നാലാണ് ഇതു സംഭവിച്ചതെന്ന് വി.ഗ്രന്ഥകാരൻ ഈ ആക്രമണങ്ങളെ വ്യാഖ്യാനിക്കുന്നു (2 രാജാ 24,3-4).

പതിനൊന്നു വർഷത്തെ ഭരണത്തിനുശേഷം ദുരൂഹമായ സാഹചര്യങ്ങളിൽ യഹോയാക്കിം മരിച്ചു. "പിതാക്കന്മാരോടു ചേർന്നു" എന്നേ രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുള്ളൂ (2 രാജാ 24,5-6). നബുക്കദ്നേസർ അയാളെ തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടു പോയി എന്ന് 2 ദിന 36,6-7 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ചരിത്ര വസ്തുതയാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ സംശയമുണ്ട്. അയാൾ ജറുസലെമിൽ വച്ച് കൊല്ലപ്പെട്ടുവെന്ന് ജറമിയാ പ്രവാചകന്റെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ (ജറെ 22,1819; 36,30). അനുമാനിക്കുന്നവരുണ്ട്. നബുക്കദ്നേസർ മടങ്ങിവരുന്നുവെന്ന് കേട്ടപ്പോൾ ഈജിപ്തു വിരുദ്ധരായ ചില യൂദാ നിവാസികൾ അയാളെ കൊന്നുകളഞ്ഞതാണെന്നും അഭിപ്രായമുണ്ട്. ഇതിൽ ഏതാണ് ചരിത്ര വസ്തുതയെന്ന് അറിയുക എളുപ്പമല്ല.

## 3. യഹോയാഖിൻ (ബി.സി. 598)

### 2 രാജാ 24,8-17; 2 ദിന 36,9-10

യഹോയാക്കിം മരിച്ചപ്പോൾ പതിനെട്ടു വയസ്സു പ്രായമുള്ള പുത്രൻ യഹോയാഖിൻ രാജാവായി. "യാഹ്വേ ഉയർത്തുന്നു" എന്നാണ് പേരിന്റെ അർത്ഥം. എന്നാൽ അയാളുടെ മരണം അയാൾക്കും രാജ്യത്തിനും ഉയർച്ചയുടേതല്ല, തകർച്ചയുടെ കാലമായിരുന്നു. യെക്കോണിയാ (1 ദിന 3,6-17; ജറെ 24,1), കോണിയാ (ജറെ 22,24) എന്നീ പേരുകളിലും ഇയാൾ അറിയപ്പെടുന്നു. യെക്കോണിയായുടെ ഹ്രസ്വരൂപമാണ് കോണിയാ. യാഹ്വേ ഉണ്ടോ? എന്നാണ് പേരിന്റെ അർത്ഥം. സ്ഥാനാരോഹണ സമയത്തു സ്വീകിരച്ച പേരാണ് യഹോയാഖിൻ. നബുക്കദ്നേസർ മടങ്ങിവന്നു. രാജാവ് എത്തുന്നതിനു മുമ്പുതന്നെ ബാബിലോൺ സൈന്യം ജറുസലെമിന് ഉപരോധം ഏർപ്പെടുത്തി. ഈ സാഹചര്യത്തിൽ രാജ്യത്തെയും നഗരത്തെയും രക്ഷിക്കാൻ വേണ്ടി ജനം യഹോയാക്കിമിനെ വധിച്ച് പുത്രനെ രാജാവാക്കിയതാണെന്ന് അനുമാനിക്കാം (2 രാജാ 24,7). നബുക്കദ്നേസർ തിരിച്ചെത്തിയതോടെ ചെറുത്തു നില്പ് അസാധ്യം എന്നു മനസിലാക്കിയ യഹോയാഖിന് കീഴടങ്ങി.

രാജാവും പരിവാരങ്ങളും അടക്കം പതിനായിരത്തിൽ പരം ജറുസലെം നിവാസികളെ തടവിലാക്കി. നബുക്കദ്നേസർ ബാബിലോണിലേക്കു കൊണ്ടുപോയി. ദേശത്തെ ഏറ്റം പ്രമുഖരായ വ്യക്തികളായിരുന്നു

ഈ തടവുകാർ. യോദ്ധാക്കൾ, പ്രഭുക്കന്മാർ, ഏതെങ്കിലും തൊഴിലിൽ നൈപുണ്യമുള്ളവർ എന്നിവരൊക്കെ നാടുകടത്തപ്പെട്ടു. ദേശത്ത് ഇനിയൊരു കലാപം ഉണ്ടാകാതിരിക്കുകയായിരുന്നു ഈ നാടുകടത്തലിന്റെ മുഖ്യ ലക്ഷ്യം. തടവുകാരോടൊപ്പം കൊട്ടാരത്തിലെയും ദേവാലയത്തിലെയും നിക്ഷേപങ്ങളും കൊള്ളമുതലായി നബുക്കദ്നേസർ ബാബിലോണിലേക്കു നിക്ഷേപങ്ങളും കൊള്ളമുതലായി മബുക്കദ്നേസർ ബാബിലോണിലേക്കു കൊണ്ടുപോയി. ജറുസലെമിലും യൂദാദേശത്തും അവശേഷിച്ചവരെ ഭരിക്കാൻ യഹോയാഖിന്റെ പിതൃസഹോദരനായ മത്താനിയായെ രാജാവാക്കി.

**4. സെദെക്കിയാ (598-587) 2 രാജാ 24,18-25, 7; 2 ദിന 36,11-21**

ജോസിയായുടെ കനിഷ്ഠ പുത്രനാണ് സെദെക്കിയാ. "യാഹ്‌വേയുടെ ദാനം" എന്നർത്ഥമുള്ള മത്താനിയാ എന്നായിരുന്നു അയാളുടെ പേര്. രാജാവുമായി അവരോധിക്കപ്പോട്ടപ്പോൾ ലഭിച്ച പേരാണ് സെദെക്കിയാ. "യാഹ്‌വേ എന്റെ നീതി" എന്നാണ് ഈ പേരിന്റെ അർത്ഥം. ദാവീദു രാജവംശത്തിലെ അസാനത്തെ രാജാവാണ് സെദെക്കിയാ. അയാളുടെ കാലത്ത് നബുക്കദ്നേസർ ജെറുസലെം നശിപ്പിക്കുകയും യൂദാ നിവാസികളെ ബാബിലോണിലേക്കു തടവുകാരായി നാടുകടത്തുകയും ചെയ്തു എന്നല്ലാതെ രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്ത ഗ്രന്ഥത്തിലും അയാളെക്കുറിച്ച് കാര്യമായി ഒന്നുംതന്നെ പറയുന്നില്ല. എന്നാൽ ജറെമിയായുടെ പുസ്തകത്തിൽ നിന്ന് സെദെക്കിയായെയും അയാൾ ഭരിച്ച പതിനൊന്നു വർഷത്തെ യൂദാ ചരിത്രത്തെയുംക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രം ലഭിക്കും.

സെദെക്കിയാ ഭരിച്ച യൂദാ ഒരു രാജ്യമെന്ന പേരുപോലും അർഹിക്കുന്നില്ല. കേരളത്തിലെ ഒരു താലൂക്കിന്റെ വിസ്തൃതിപോലും ആ രാജ്യത്തിന് അവശേഷിച്ചില്ല. ജനസംഖ്യ ഏതാണ്ട് ഒന്നര ലക്ഷത്തിൽ താഴെയായിരുന്നു. അറിവും പക്വതയും വിവേകവുമുള്ള നേതാക്കന്മാർ നാടു കടത്തപ്പെട്ടു. നേതൃത്വത്തിൽ അവശേഷിച്ചിരുന്നവർ നാടു ഭരിക്കാൻ കഴിവുള്ളവരായിരുന്നില്ല. കർത്താവിനോടു വിശ്വസ്തതയോ വിശ്വാസ ദൃഢതയോ ദേശത്തിന്റെ നന്മയെ സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടോ ദീർഘ വീക്ഷണമോ ഇല്ലാത്ത സങ്കുചിത മനസ്കരും സ്വാർത്ഥമതികളുമായ ഒരു പറ്റം ആലുകളായിരുന്നു സെദെക്കിയായുടെ ഉപദേഷ്ടാക്കൾ. തങ്ങളുടെ താല്ക്കാലിക നേട്ടം മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

രാജാവിന്റെ നിലയും സംശയാസ്പദമായിരുന്നു. നാടുകടത്തപ്പെട്ട യഹോയാഖിൻ ബാബിലോണിൽ ജീവിച്ചിരുന്നു. യഥാർത്ഥ കിരീടാവകാശിയും ദാവീദിന്റെ പിൻമുറക്കാരനുമായ രാജാവായി ജനത്തിൽ നല്ല പങ്കും അയാളെയാണ് വീക്ഷിച്ചിരുന്നത്. അവരുടെ ദൃഷ്ടിയിൽ സെദെക്കിയാ അവിഹിത മാർഗ്ഗങ്ങളിലൂടെ സിംഹാസനം പിടിച്ചടക്കിയവനായിരുന്നു. അതിനാൽ അയാളെ രാജാവായി അംഗീകരിക്കാനോ അനുസരിക്കാനോ അവർ തയ്യാറായിരുന്നില്ല. ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവർ ഉടനെ മടങ്ങി വരും എന്ന് ജറുസലെം നിവാസികളിൽ ഭൂരിഭാഗവും വിശ്വസിച്ചു. പ്രവാസികളായി കഴിഞ്ഞവരും ഈ വിശ്വാസം വച്ചു പുലർത്തി. യഹോയാഖിൻ മടങ്ങിവരുന്നതുവരെയുള്ള ഒരു ഇടക്കാല ഗവൺമെന്റായിട്ടു മാത്രമേ അവർ സെദെക്കിയായുടെ ഭരണത്തെ കരുതിയുള്ളു. ജറുസലെമിലും ബാബിലോൺ പ്രവാസികളുടെ ഇടയിലുമുണ്ടായിരുന്ന അനേകം വ്യാജ പ്രവാചകന്മാർ ഈ പ്രതീക്ഷകൾ ഈതിക്കത്തിച്ചു (ജറ 28,1-4). ബാബിലോണിന്റെ നുകം വലിച്ചെറിയാൻ അവർ അവസരം കാത്തിരുന്നു. അതിരൂക്ഷമായ ഈ പ്രതിസന്ധിയിൽ ജനത്തെ നയിക്കാൻ വേണ്ട കഴിവോ വിശ്വാസമോ ധീരതയോ ആജ്ഞാശക്തിയോ സെദെക്കിയായ്ക്ക് ഉണ്ടായിരുന്നില്ല. അടിസ്ഥാനപരമായി ഒരു നല്ല മനുഷ്യനായിരുന്നു അയാൾ. കർത്താവിനോടു ഭക്തിയും പ്രവാചകനായ ജറെമിയായോട് ആദരവും അയാൾക്ക് ഉണ്ടായിരുന്നു. എന്നാൽ അവിവേകികളും ഹ്രസ്വദൃഷ്ടികളുമായ ഉപദേഷ്ടാക്കളെയും പ്രഭുക്കന്മാരെയും മറികടന്ന് സ്വന്തമായ തീരുമാനങ്ങൾ എടുക്കാൻ അയാൾക്കു കഴിഞ്ഞില്ല. പലപ്പോഴും രഹസ്യത്തിൽ ജറെമിയായുടെ ഉപദേശം തേടിയെങ്കിലും അതു നടപ്പിലാക്കാൻ ധൈര്യപ്പെട്ടില്ല.

ജറെമിയായും ചുരുക്കം ചില നേതാക്കന്മാരും ജനത്തിന്റെ വിമോചന സ്വപ്നങ്ങൾ വ്യർത്ഥമാണെന്ന് തറപ്പിച്ചു പറഞ്ഞു. പ്രവാസം ദീർഘിക്കുമെന്നും ബാബിലോണിനെതിരേ കലാപമുയർത്തുന്നത് ആത്മഹത്യാപരമാണെന്നും ആവർത്തിച്ച് ഉദ്ബോധിപ്പിച്ച ജറെമിയായെ ദേശസ്നേഹമില്ലാത്ത ചാരനായി നേതാക്കൾ മുദ്രകുത്തി (ജറെ 27). ബാബിലോണിൽ സ്ഥിരവാസമുറപ്പിക്കാൻ പ്രവാചകൻ നല്കിയ ഉപദേശത്തെ പ്രവാസികൾ പുച്ഛിച്ചു (ജറെ 29). ബി.സി. 594ൽ ബാബിലോണിൽ ഒരു പട്ടാള വിപ്ലവമുണ്ടായി. നബുക്കദ്നേസറിനെ അട്ടിമറിക്കാൻ ആഗ്രഹിച്ച ചില സേനാനായകന്മാരാണ് കലാപം നയിച്ചത്. ബാബിലോണിൽ പ്രവാസികളായിക്കഴിഞ്ഞിരുന്ന യഹൂദരിൽ പലരും ഈ കലാപത്തിൽ പങ്കുചേർന്നു. പക്ഷേ കലാപം വിജയിച്ചില്ല. അവർക്കു നേതൃത്വം നല്കിയ ചില വ്യാജ പ്രവാചകന്മാരെ നബുക്കദ്നേസർ തൂക്കിലിട്ടു (ജറെ 29,21-22). കലാപത്തിന്റെ അനുരണനങ്ങൾ യൂദായിലുമുണ്ടായി. ആ വർഷം

തന്നെ ഏദോം, മൊവാബ്, അമ്മോൻ, ടയിർ, സീദോൻ എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ സെദെക്കിയായെ സന്ദർശിച്ച് കലാപത്തിനു പ്രേരിപ്പിച്ചു (ജറെ 27,3). ജറെമിയാ പ്രവാചകൻ സമയോചികതവും ശക്തവുമായി ഇടപെട്ടതിനാലാവാം, യൂദാ കലാപത്തിൽ പങ്കു ചേർന്നില്ല.

പല തവണ നബുക്കദ്നേസറിനോടു പൊരുതി പരാജയപ്പെട്ടനെക്കോ പലസ്തീനായുടെ കാര്യങ്ങളിൽ ഇടപെടാതെ മാറിനിന്നു. (2 രാജാ 24,7).ബി.സി. 593ൽ അയാൾ മരിച്ചപ്പോൾ മകൻ സമ്മേത്തിക്കസ് രണ്ടാമൻ (593–588) രാജാവായി. നയതന്ത്രങ്ങളും ഗൂഢാലോചനകളും വഴി ബാബിലോണിനെതിരേ പലസ്തീനായിൽ ഈജിപ്തിന്റെ സ്വാധീനം ഉറപ്പിക്കാൻ അയാൾ ശ്രമം തുടങ്ങി. കലാപജ്വരം യൂദായേയും ബാധിച്ചു. ഈജിപ്തിനോടു സഖ്യം ചെയ്ത് ബാബിലോണിനെ എതിർക്കാൻ ഉപദേഷ്ടാക്കൾ സെദെക്കിയായെ പ്രേരിപ്പിച്ചു. ജറെമിയാ ഈ നീക്കത്തെ ശക്തമായി എതിർത്തു. അയൽരാജ്യങ്ങൾ ബാബിലോണിനെ എതിർക്കുന്നതിൽ നിന്നു വിട്ടു നിന്നു. തീരുമാനം എടുക്കാൻ കഴിയാതെ സെദെക്കിയാ കുഴങ്ങി. അവസാനം ബി.സി. 589ൽ ബാബിലോണിനെതിരേ യൂദായിൽ കലാപം പൊട്ടിപ്പുറപ്പെട്ടു (2 രാജാ 24,20). അത് യൂദായുടെ രാഷ്ട്രീയമായ ആത്മഹത്യയായിരുന്നു. സാവകാശമാണ് ബാബിലോൺ പ്രതികരിച്ചത്.

ബി.സി. 588ൽ സമ്മേത്തിക്കസ് മരിച്ചു. പുത്രൻ ഹോഫ്രാ (ബി.സി. 588–569) ഈജിപ്തിൽ രാജാവായി. ബാബിലോണിനെതിരേ രൂപപ്പെടുത്തിയ ഈജിപ്ത്-യൂദാ സഖ്യത്തെ എതിർത്ത ഏദോം യൂദായ്ക്കെതിരേ തെക്കുനിന്ന് ആക്രമണം ആരംഭിച്ചു. നബുക്കദ്നേസർ സൈന്യസമേതം യൂദായിലേക്കു നീങ്ങി. ചുറ്റുപാടുമുള്ള നഗരങ്ങൾ ഒന്നൊന്നായി കീഴടക്കി നശിപ്പിച്ചതിനുശേഷം ജറുസലെമിന് ഉപരോധം ഏർപ്പെടുത്തി. കീഴടങ്ങാതെ യൂദായിൽ അവശേഷിച്ച ലാഖിഷ്, അസേക്കാ എന്നീ നഗരങ്ങളെയും ബാബിലോൺ സൈന്യം വളഞ്ഞു. (ജറെ 34,6–7). യൂദായെ സഹായിക്കാനായി ഈജിപ്തു സൈന്യം പലസ്തീനായിലേക്കു നീങ്ങി. ഇതറിഞ്ഞ നബുക്കദ്നേസർ ഉപരോധം നിർത്തിവച്ച് ഫറവോയുടെ സൈന്യത്തെ നേരിടാൻ വേണ്ടി ജറുസലെമിൽ നിന്നു പിൻവാങ്ങി (ജറെ 37,5).

ഏശയ്യായുടെ കാലത്ത് സെന്നാക്കെരീബിന്റെ ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടതുപോലെ തങ്ങളും രക്ഷപ്പെട്ടുവെന്ന് ജറുസലെം നിവാസികൾ കരുതി. വ്യാജ പ്രവാചകന്മാർ ഈ വിശ്വാസത്തിനു കരുത്തു പകർന്നു. തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്ത ജറുസലെം നഗരവും



തന്റെ ഭവനമായ ദേവാലയവും നശിപ്പിക്കപ്പെടാൻ കർത്താവ് അനുവദിക്കുകയില്ല എന്ന് അവർ ദാവീദുമായുള്ള ഉടമ്പടിയുടെയും പൂർവ്വകാല അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ വാദിച്ചു. എന്നാൽ ഉടമ്പടി നിരുപാധികമല്ലെന്നും ബാബിലോണിനെ എതിർക്കുന്നതു മൗഢ്യമാണെന്നും ജറെമിയാ തറപ്പിച്ചു പറഞ്ഞു. പ്രവാചക വചനം സ്വീകരിക്കാൻ ആരും തയ്യാറായില്ല.

ഈജിപ്തുസൈന്യത്തെ തോല്പിച്ചതിനുശേഷം ബാബിലോൺ സൈന്യം ഉപരോധം പുനരാരംഭിച്ചു. ലാഖിഷും അസേക്കായും നിലംപതിച്ചു. ജറുസലെമിൽ ക്ഷാമം രൂക്ഷമായി. ഭക്ഷണം കിട്ടാതെ മനുഷ്യർ വലഞ്ഞു. മരിച്ചവരുടെ മാംസം ജീവിച്ചിരുന്നവർ ഭക്ഷിച്ചു. അമ്മമാർ തങ്ങളുടെ മരിച്ച കുഞ്ഞുങ്ങളെ തിന്ന് വിശപ്പടക്കാൻ ശ്രമിച്ചു. (വിലാപങ്ങൾ 2,20). നഗരത്തെയും ജനത്തെയും സമൂലനാശത്തിൽ നിന്നു രക്ഷിക്കാൻ കീഴടങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്ന് ജറെമിയാ ആവർത്തിച്ചു പറഞ്ഞു. ഇതു സൈന്യത്തെ നിർവീര്യമാക്കുന്ന രാജദ്രോഹവും ചാരവൃത്തിയുമായി മുദ്രകുത്തി ജറെമിയായെ നേതാക്കന്മാർ തുറങ്കിലടച്ചു (ജറെ 37,6–21). പ്രവാചകനെ രഹസ്യത്തിൽ വിളിച്ചു വരുത്തി സെദെക്കിയാ ഉപദേശം തേടി. കീഴടങ്ങാനുള്ള ആഹ്വാനം ജറെമിയ ആവർത്തിച്ചു (ജറെ 38,14–28). പക്ഷേ വിഡ്ഢികളും വിപ്ലവകാരികളുമായ നേതാക്കന്മാരുടെ സമ്മർദ്ദത്താൽ കീഴടങ്ങാൻ സെദെക്കിയായ്ക്കു സാധിച്ചില്ല.

അനിവാര്യമായത് ബി.സി. 587 ജൂലായ് മാസത്തിൽ സംഭവിച്ചു. ബാബിലോൺ സൈന്യം നഗരഭിത്തിയിൽ പിളർപ്പുണ്ടാക്കി. ജറുസലെം കീഴടങ്ങാൻ പോകുന്നു എന്നു ബോധ്യമായപ്പോൾ രാത്രിയുടെ മറവിൽ ചുരുക്കം അനുചരന്മാരോടുകൂടെ സെദെക്കിയാ രാജാവ് പട്ടണത്തിൽ നിന്നു പുറത്തു കടന്ന്, കിഴക്കുള്ള മരുഭൂമിയെ ലക്ഷ്യം വച്ചു പലായനം ചെയ്തു. ബാബിലോൺ സൈന്യം അവരെ പിൻതുടർന്ന് ജെറീക്കോ സമതലത്തിൽ വച്ചു പിടികൂടി. നബുക്കദ് നേസർ അപ്പോൾ സിറിയായുടെ വടക്കുള്ള റിബ്ലായിലെ സൈനിക തലസ്ഥാനത്തായിരുന്നു. അവിടേയ്ക്കു തടവുകാരനായി കൊണ്ടുവന്ന സെദെക്കിയായുടെമേൽ അയാൾ വിധി പ്രസ്താവിച്ചു. പുത്രന്മാരെ കൺമുമ്പിൽ വച്ച് കൊന്നതിനുശേഷം കണ്ണുകൾ ചൂഴന്നെടുത്ത്, കഴുത്തിൽ ചങ്ങലയിട്ട് അടിമയാക്കി, രണ്ടായിരത്തിൽ പരം കിലോമീറ്റർ അകലെയുള്ള ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ 25,1–7; ജറെ 39,1–7).

## 5. ജറുസലെമിന്റെ നാശം 2 രാജാ 25,8-17; 2 ദിന 36,17-21

ബി.സി. 587 ആഗസ്റ്റുമാസത്തിൽ ബാബിലോൺ സൈന്യം ജറുസലെമിന്റെ കോട്ട തകർത്ത് നഗരത്തിൽ പ്രവേശിച്ചു. നബുക്കദ്നേസറിന്റെ സേനാധിപനായ നബുസരദാൻ നേതൃത്വം നല്കി. സ്ത്രീ പുരുഷ ഭേദമെന്യേ, ആബാലവൃദ്ധം, ആയിരക്കണക്കിന് ജറുസലെം നിവാസികളെ വാളിനിരയാക്കി. രാജകൊട്ടാരങ്ങളും പ്രഭുക്കന്മാരുടെ മാളികകളും ദേവാലയവും കൊള്ളയടിച്ചു. വിലപിടിപ്പുള്ള സകലതും എടുത്തതിനുശേഷം കെട്ടിടങ്ങൾ തീവച്ചു നശിപ്പിച്ചു. ദേവാലയത്തിൽ നിന്ന് ബാബിലോൺകാർ കൊള്ളയടിച്ച വിശുദ്ധ വസ്തുക്കൾ ഒന്നൊന്നായി എണ്ണിപ്പറയുമ്പോൾ വിങ്ങുന്ന വേദനയാൽ നീറുന്ന ജനഹൃദയത്തിന്റെ വിലാപമാണ് ഉയരുന്നത്. 74-ാം സങ്കീർത്തനത്തിലും വിലാപങ്ങൾ എന്ന പുസ്തകത്തിലും ഈ വേദനയും ദുഃഖവും നിറഞ്ഞു നില്ക്കുന്നു. "അവർ കൊണ്ടുപോയി" എന്ന പല്ലവി 2 രാജാ 25,11-17ൽ അനേക തവണ ആവർത്തിക്കുന്നുണ്ട്. ജറുസലെം നഗരത്തിലും യൂദാദേശത്തും നിന്ന് അനേകായിരങ്ങളെ അടിമകളാക്കി വിദൂരസ്ഥമായ ബാബിലോണിലേക്കു കൊണ്ടുപോയി.

ഇസ്രായേൽ ജനം ഏറ്റം വിശുദ്ധമായി കരുതിയിരുന്ന ഉടമ്പടിയുടെ പേടകത്തിന് എന്തു സംഭവിച്ചു എന്ന ചോദ്യം യഹൂദജനതയുടെ ഇടയിൽ എന്നും ഉന്നയിക്കപ്പെട്ടിരുന്നു. ആ ചോദ്യം ഇന്നും ചോദിക്കുന്നവരുണ്ട്. ബാബിലോൺ സൈന്യം തകർത്തും അല്ലാതെയും കൊള്ളയടിച്ച വസ്തുക്കളുടെ പട്ടികയിൽ പേടകത്തെക്കുറിച്ചു പറയുന്നില്ല. ഏറ്റം വിശുദ്ധ വസ്തുവായ, ഉടമ്പടിയുടെ പ്രമാണങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്ന കല്പലകകൾ ഉള്ളടക്കം ചെയ്ത, പേടകം വിജാതീയർ മലിനമാക്കി എന്നു പറയുന്നതിലുള്ള മനഃക്ലേശം കൊണ്ട് അത് ഒഴിവാക്കിയതാവാം. എന്നാൽ പേടകത്തിന്റെ തിരോധാനത്തെക്കുറിച്ച് പിൽക്കാലത്ത് യഹൂദരുടെ ഇടയിൽ ഒരു ഐതിഹ്യം നിലവിൽ വന്നു. ദേവാലയം കൊള്ളയടിക്കപ്പെടുന്നതിനുമുമ്പേ ജറെമിയാ പ്രവാചകൻ അനുയായികളുടെ സഹായത്തോടെ വിശുദ്ധപേടകം ജറുസലെമിനു പുറത്തു കടത്തി, നേബോ മലയിലേക്കുകൊണ്ടുപോയി, ഒരു ഗുഹയിൽ ഒളിച്ചു വച്ച് ഗുഹയടച്ചു. അങ്ങോട്ടുള്ള വഴി അടയാളപ്പെടുത്താൻ ശ്രമിച്ച ശിഷ്യന്മാരെ പ്രവാചകൻ തടഞ്ഞു. ചിതറിപ്പോയ ഇസ്രായേൽ ജനങ്ങളെ മുഴുവൻ ദൈവം വീണ്ടും ഒരുമിച്ചു കൂട്ടുമ്പോൾ പേടകവും പ്രത്യക്ഷപ്പെടും (2 മിക്ക 2,4-8). യുഗാന്ത്യത്തിൽ ജറെമിയ വീണ്ടും വന്ന് പേടകം ജനത്തിനു കാണിച്ചു കൊടുക്കും എന്ന വിശ്വാസം ഇന്നും യഹൂദരുടെ ഇട



യിൽ നിലവിലുണ്ട്. പേടകത്തെക്കുറിച്ച് അന്വേഷിക്കേണ്ടതില്ല എന്ന ജറെമിയായുടെ പ്രസ്താവനയിൽ നിന്നാണ് (ജറെ 3,16) ഈ ഐതിഹ്യം രൂപപ്പെട്ടത് എന്ന് അനുമാനിക്കാം.

## 6. ബാബിലോൺ പ്രവാസം 2 രാജാ 25,18-30; 2 ദിന 36,21-23

ജറുസലെമിൽ നിന്ന് തടവുകാരാക്കിയ പൗരപ്രമുഖന്മാരിൽ ചിലരെ റിബ്ലായിൽ നബുക്കദ് നേസറിന്റെ മുമ്പിൽ വച്ച് വധിച്ചു (2 രാജാ 25,18-21). അവരിൽ മുഖ്യപുരോഹിതന്റെയും സഹപുരോഹിതന്റെയും പേരുകളാണ് എടുത്തു പറയുന്നത്. തുടർന്ന് ദേവാലയത്തിന്റെ വാതിൽ സൂക്ഷിപ്പുകാരായ മൂന്നു ലേവ്യരെയും സേനാധിപനെയും രാജ്യസഭാംഗങ്ങളെയും കുറിച്ചു പരാമർശിക്കുന്നു. നഗരത്തിന്റെയും ജനത്തിന്റെയും നാശത്തിനു മുഖ്യകാരണക്കാരായവരുടെ പ്രതിനിധികളായിരുന്നു അവർ എന്ന പ്രതീതിയാണ് ഈ പരാമർശത്തിൽ നിന്നു ലഭിക്കുക. കൂട്ടക്കൊലയ്ക്കും നാടുകടത്തലിനും ശേഷം ഏകദേശം പതിനയ്യായിരം ആളുകൾ മാത്രമേ യൂദായിൽ അവശേഷിച്ചുള്ളു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലുള്ള ദരിദ്രരായുന്നു അവർ. തുടർന്നുള്ള ചരിത്രം ജറെ 40-42ൽ വിശദമായ പ്രതിപാദിക്കുന്നുണ്ട്.

ദേശത്ത് അവശേഷിച്ചവരെ ഭരിക്കാൻ നബുക്കദ്നേസർ തന്റെ പ്രതിനിധിയായി ഗദാലിയായെ നിയമിച്ചു. വലിയ പ്രതിസന്ധിയുടെ കാലത്ത് ജറെമിയാ പ്രവാചകന് സംരക്ഷണം നല്കിയ ഷാഫാന്റെ പുത്രനാണ് ഗദാലിയാ (ജറെ 26,24). ബാബിലോണിനോട് ആഭിമുഖ്യമുള്ള ഒരാളായിരുന്നു അയാൾ എന്ന് അനുമാനിക്കാം. അഗ്നിക്കിരയായ ജറുസലെം ജനവാസയോഗ്യമല്ലാഞ്ഞതിനാൽ ഏകദേശം എട്ടുകിലോമീറ്റർ വടക്ക്, ബെഞ്ചമിന്റെ ഗോത്രാതിർത്തിയിലുള്ള മിസ്പായാണ് ഗദാലിയാ തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്തത് (ജറെ 40,10).

ഗദാലിയാ ജനപ്രീതി നേടിയ ഒരു നേതാവായിരുന്നു. യുദ്ധത്തിനിടയിൽ ഒളിച്ചോടിയ യൂദായിലെ ചില പടത്തലവന്മാർ ഒളിപ്പോരിന് ഒരുങ്ങുന്നുണ്ടായിരുന്നു. ഗദാലിയായെ ഗവർണരാക്കിയെന്നറിഞ്ഞപ്പോൾ അവർ മടങ്ങി വന്ന് ആയുധം വച്ചു കീഴടങ്ങി (2 രാജാ 25,23). ഗദാലിയാ അവർക്ക് സംരക്ഷണം വാഗ്ദാനം ചെയ്തു. എന്നാൽ ഇതെല്ലാമായിട്ടും പാഠം പഠിക്കാത്ത ചിലർ ഇസ്മായേൽ എന്ന ഒരു രാജകുടുംബാംഗത്തിന്റെ നേതൃത്വത്തിൽ മിസ്പായിൽ വന്ന്, ഗദാലിയായെ വധിച്ച്, ബാബിലോണിനോടു പ്രതികാരം ചെയ്തു (2 രാജാ 25,24-25). ശിക്ഷയുണ്ടാകുമെന്നു ഭയന്ന അവർ ഈജിപ്തു ലക്ഷ്യം വച്ച് പലായനം ചെയ്തു.

കുറേപേരെ ബന്ദികളായി കൂടെ കൊണ്ടുപോയി.

നാട്ടിൽ അവശേഷിച്ച ചില നേതാക്കന്മാർ ഇസ്മായേലിനെ അനുധാവനം ചെയ്ത്, ഗിബയോനിൽ വച്ച് അവനുമായി ഏറ്റു മുട്ടി. ഇസ്മായേൽ വീണ്ടും ഒളിച്ചോടി. ഗവർണർക്കും അംഗരക്ഷക സൈന്യത്തിനും എതിരെ ഉണ്ടായ ആക്രമണത്തിന് പ്രതികാരം ചെയ്യാൻ ബാബിലോൺ സൈന്യം വരും എന്നു ഭയന്ന നേതാക്കന്മാർ ജറെമിയായുടെ ഉപദേശം തേടി. എന്നാൽ കിട്ടിയ ഉപദേശം അവർക്കു സ്വീകാര്യമായിരുന്നില്ല. അവർ ഒരു സംഘമായി ഈജിപ്തിലേക്കു പലായനം ചെയ്തു. ജറെമിയായെയും ബലമായി പിടിച്ചുകൊണ്ടുപോയി (ജറെ 42-43). അങ്ങനെ ജനത്തിൽ ഭൂരിഭാഗവും ബാബിലോണിലും ഒരു ചെറിയ ഭാഗം ഈജിപ്തിലും പ്രവാസികളായിത്തീർന്നു.

പ്രവാസികളുടെ അവസ്ഥയെക്കുറിച്ച് പഠനവിഷയമായ രണ്ടു പുസ്തകങ്ങളിലും ഒന്നും തന്നെ പറയുന്നില്ല. സുദീർഘമായ 43 വർഷത്തെ ഭരണത്തിനുശേഷം ബി.സി. 562ൽ നബുക്കദ്നേസർ മരിച്ചു. മകൻ അമെൽ മർദ്ദുക്ക് (ബി.സി. 562-560) ബാബിലോണിൽ രാജാവായി. എവിൽ മെരൊദാക്ക് എന്നാണ് ബൈബിളിൽ അയാൾ അറിയപ്പെടുന്നത് (2 രാജാ 25,27). അയാൾ പ്രവാസിയായി തടവിൽ കഴിഞ്ഞിരുന്ന യഹോയാഖിനെ മോചിപ്പിച്ചു. പ്രവാസികളായിരുന്ന മറ്റ് എല്ലാ രാജാക്കന്മാരെയുംകാൾ ഉയർന്ന സ്ഥാനവും നല്കി. അയാൾക്ക് ആവശ്യമായവയെല്ലാം രാജകൊട്ടാരത്തിൽ നിന്നു കൊടുത്തു (2 രാജാ 25,28-30). സെദെക്കിയായ്ക്ക് എന്തു സംഭവിച്ചു എന്നു പറയാത്തതിനാൽ അയാളെ യഥാർത്ഥത്തിൽ യൂദാരാജാവായി വി.ഗ്രന്ഥകാരൻ അംഗീകരിക്കുന്നില്ല എന്ന് അനുമാനിക്കാം.

പ്രവാസത്തിന്റെ അന്ത്യംകുറിച്ചുകൊണ്ടാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ രാജാക്കന്മാരുടെ ചരിത്രം അവസാനിപ്പിക്കുന്നത്. പേർഷ്യൻ രാജാവായ സൈറസ് (ബി.സി. 551-530) ബി.സി. 539 ൽ ബാബിലോൺ കീഴടക്കി. അസ്സീറിയായും ബാബിലോണും സ്വീകരിച്ചതിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാടാണ് പേർഷ്യൻ ചക്രവർത്തി സ്വീകരിച്ചത്. കീഴടക്കിയ രാജ്യങ്ങളുടെ മതവിശ്വാസവും സംസ്കാരവും നശിപ്പിക്കുന്നതിനു പകരം അവയെ പ്രോത്സാഹിപ്പിച്ചു. ബലമായി നാടുകടത്തിയവരെ സ്വന്തം നാടുകളിലേക്കു മടങ്ങിപ്പോകാൻ അനുവദിച്ചു. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ യഹൂദ ജനത്തിനും ബി.സി. 538ൽ സ്വാതന്ത്ര്യം നല്കി. മാത്രമല്ല, ജറുസലെമിലേക്കു മടങ്ങിച്ചെന്ന് ദേവാലയം പണിയാൻ കല്പിക്കുകയും ചെയ്തു (2 ദിന 36,22-23). അങ്ങനെ ഒരു പുതുയുഗപ്പിറവിയുടെ ചിത്രം വരച്ചുകൊണ്ട് രാജവാഴ്ചയുടെ ചരിത്രം അവസാനിപ്പിക്കുന്നു. ഇസ്രായേൽ ചരിത്രത്തിന്റെ തുടർച്ച എസ്രാ, നെഹെമിയാ എന്നീ ഗ്രന്ഥങ്ങളിൽ കാണാം.



**വിചിന്തനം:** വലിയ രണ്ടു സാമ്രാജ്യശക്തികൾക്കിടയിൽപ്പെട്ട് ഞെരിഞ്ഞമരുന്ന ഒരു കൊച്ചു രാജ്യത്തിന്റെ ദുരന്ത കഥയാണ് ഇസ്രായേലിലെ രാജവാഴ്ചയുടെ അവസാന അധ്യായങ്ങളിൽ നാം കണ്ടത്. ആത്മാഭിമാനവും സ്വതന്ത്രമായ അസ്തിത്വവും നാമമാത്രമായെങ്കിലും കാത്തുസൂക്ഷിക്കാൻ അവർ ശ്രമിച്ചു. ഇരു സാമ്രാജ്യങ്ങളെയും മാറി മാറി ശുശ്രൂഷിച്ചു. എന്നാൽ ആശ്രയം നല്കും എന്നു കരുതിയവർ തന്നെ അടിച്ചമർത്തുകയും തല്ലിത്തകർക്കുകയുമാണ് ചെയ്തത്. തങ്ങളുടെമേൽ മരണത്തിന്റെ നിഴൽ വിരിച്ച് ഉയർന്ന് നില്ക്കുന്ന സാമ്രാജ്യശക്തികളുടെ അപ്പുറത്തേക്കു കാണാൻ യൂദായിലെ നേതാക്കന്മാർക്കും ജനത്തിനും കഴിഞ്ഞില്ല. രാഷ്ട്രീയ കൂട്ടുകെട്ടുകളിലും സൈനിക സഖ്യങ്ങളും വഴി സ്വാതന്ത്ര്യവും സമാധാനവും ഉറപ്പുവരുത്താൻ കഴിയും എന്നു കരുതിയവർക്കു കണക്കുതെറ്റി. കർത്താവിൽ മാത്രം ആശ്രയിക്കാൻ പ്രേരിപ്പിച്ച പ്രവാചകന്മാരെക്കാൾ ഭൗതിക പദ്ധതികൾ ആവിഷ്കരിക്കുകയും മോചനത്തിനുള്ള എളുപ്പ മാർഗ്ഗങ്ങൾ ഉപദേശിക്കുകയും ചെയ്ത വ്യാജ പ്രവാചകന്മാർ കൂടുതൽ ആകർഷണീയരായിരുന്നു. അവരെ വിശ്വസിച്ചവർ കനത്ത വിലകൊടുക്കേണ്ടിവന്നു.

ജനം വിലപ്പെട്ടതായി കരുതിയതെല്ലാം ഒറ്റയടിക്കു നഷ്ടപ്പെട്ടു. കർത്താവ് തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്ത ജറുസലെം നാശക്കൂമ്പാരമായി. ദേവാലയം കത്തിച്ചാമ്പലായി. രാജാവ് നാടുകടത്തപ്പെട്ടു. പുരോഹിതന്മാർ വാളിനിരയായി. ജനത്തിലെ പ്രമുഖന്മാർ എന്നു കരുതപ്പെട്ടവരായിരുന്നു പ്രവാസത്തിലേക്കു നീങ്ങിയ അടിമകളുടെ മുൻ നിരയിൽ. ഈജിപ്തിൽ നിന്നുള്ള മോചനത്തിൽ ആരംഭിച്ച ദൈവജനത്തിന്റെ ചരിത്രം ഒരു വട്ടമെത്തി. എല്ലാം അവസാനിച്ചു എന്ന പ്രതീതിയാണ് ഈ ചരിത്ര വിവരണത്തിൽ നിന്നു ലഭിക്കുക. എന്നാൽ യാഥാർത്ഥ്യം നേരെ മറിച്ചായിരുന്നു.

പ്രവാസത്തിൽ വച്ചാണ് ഇസ്രായേൽ ജനം തങ്ങളുടെ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച യഥാർത്ഥമായ അവബോധത്തിലെത്തിയത്. നഷ്ടപ്പെട്ട സംവിധാനങ്ങളെല്ലാം മാനുഷികം മാത്രമായിരുന്നെന്നും അവയൊന്നും കൂടാതെ തന്നെ ദൈവജനമായി തുടരാൻ തങ്ങൾക്കു കഴിയുമെന്നും അവരെ പഠിപ്പിച്ചത് പ്രവാസമാണ്. തങ്ങൾ കീഴടക്കിയ രാജ്യത്തിന്റെ വിസ്തൃതിയോ, പടുത്തുയർത്തിയ മാളികക

ളുടെ മനോഹാരിതയോ, രൂപം കൊടുത്ത സംവിധാനങ്ങളുടെ കെട്ടുറപ്പോ, ആഘോഷിച്ച ഉത്സവങ്ങളുടെ നിറപ്പകിട്ടോ ഒന്നുമല്ല, ഉടമ്പടിയുടെ പ്രമാണങ്ങളനുസരിച്ചുള്ള ജീവിതമാണ് ദൈവം വിലമതിക്കുന്നത് എന്നും അവർ പഠിപ്പിച്ചു.

ചില നേതാക്കന്മാരുടെ തെറ്റായ തീരുമാനങ്ങളാണ് പ്രത്യക്ഷത്തിൽ പ്രവാസത്തിനു കാരണമായത്. എന്നാൽ അടുത്ത പരിശോധിച്ചാൽ ആരും കുറ്റവിമുക്തരല്ല എന്നു കാണാം. നേതാക്കന്മാരും അവരെ അനുഗമിച്ച ജനവും തലമുറതലമുറകളായി ചെയ്തു കൂട്ടിയ പാപങ്ങളുടെ, ഉടമ്പടി ലംഘനത്തിന്റെ അനിവാര്യമായ ദുരന്തഫലമായിരുന്നു ജറുസലേമിന്റെ പതനവും പ്രവാസവും. പ്രവാചകന്മാർ വഴി നിരന്തരമായി കർത്താവു നൽകിക്കൊണ്ടിരുന്ന താക്കീതുകൾ അവർ വകവച്ചില്ല. തങ്ങൾക്കു കേൾക്കാനിഷ്ടമില്ലാത്തതു പറയുന്ന പ്രവാചകന്മാരെ നിശബ്ദരാക്കാനും ഉന്മൂലനം ചെയ്യാനും ശ്രമിച്ചവർക്ക് അവസാനം എല്ലാം നഷ്ടപ്പെട്ടു. ദൈവത്തിന്റെ തിരഞ്ഞെടുപ്പും വാഗ്ദാനങ്ങളും നിരുപാധികമാണെന്നും ദൈവജനമായ തങ്ങൾക്ക് ഒരാപത്തും വരാൻ ദൈവം അനുവദിക്കുകയില്ലെന്നും ധരിച്ചു വശായവർ ഉടമ്പടിയുടെ നിബന്ധനകളനുസരിച്ചു ശിക്ഷിക്കപ്പെട്ടു.

ജറുസലേമിന്റെ പതനം എക്കാലത്തും പ്രസക്തമായ ഒരു പാഠമാണ്. ദൈവം സൗജന്യമായി നല്കിയ ദാനങ്ങൾ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന ബോധ്യത്തിൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിക്കും. പ്രത്യക്ഷത്തിൽ നിസ്സാരമെന്നു തോന്നുന്ന തെറ്റായ തീരുമാനങ്ങൾ ഒന്നിനു പിറകെ ഒന്നായെടുക്കുന്നവർക്ക് സാവധാനം തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാതെ വരും. ഭീകരമായ അത്യാഹിതങ്ങൾ വഴിയായിരിക്കും അപ്പോൾ ദൈവം അവരുടെ കണ്ണു തുറപ്പിക്കുക. ജനത്തെ ദൈവോന്മുഖമായി നയിക്കാൻ നിയുക്തരായ പുരോഹിതന്മാരും രാജാക്കന്മാരുമാണ് അവരെ വഴിതെറ്റിച്ചത്. അതിനാൽ വധിക്കപ്പെട്ടവരുടേയും പ്രവാസത്തിലേക്കു നീങ്ങിയവരുടേയും മുൻ നിരയിൽ അവരായിരുന്നു നയിക്കാൻ നിയുക്തരായവർ വഴിതെറ്റിക്കുന്നത് ഭീകരമായ ശിക്ഷയ്ക്ക് കാരണമാകും.

ഇസ്രായേലിന്റെ ചരിത്രം ഓരോ വ്യക്തിയുടേയും ചരിത്രവുമാണ്. സൗജന്യ ദാനമായി ദൈവം നല്കിയതു മാത്രമേ നമുക്കുള്ളു. എന്നാൽ അവയെല്ലാം സ്വന്തമെന്നു കരുതി പലപ്പോഴും നാം അഹങ്കരിക്കുന്നു. നമ്മെ ഏല്പിച്ച ദൗത്യം നാം മറക്കുന്നു. ശിക്ഷ ലഭിക്കുമ്പോഴാണ് യാഥാർത്ഥ്യ ബോധത്തിലേക്ക് നാം കണ്ണു തുറക്കുക. നശിപ്പിക്കാൻ വേണ്ടിയില്ല, മാനസാന്തരത്തിലേക്കു നയിക്കാൻ വേണ്ടിയാണ് ദൈവം ശിക്ഷകളയയ്ക്കുന്നത്. അതിനാൽ ശിക്ഷ ലഭിക്കുമ്പോൾ നിരാശരാകാതെ, അനുതാപത്തോടെ കർത്താവിലേക്കു തിരിയാനും കൂടുതൽ വിശ്വാസ തീക്ഷ്ണതയോടെ അവിടുത്തെ പ്രമാണങ്ങൾ അനുസരിക്കാനും തയ്യാറാകണം. ബാബിലോൺ പ്രവാസികളെ തിരിച്ചു കൊണ്ടുവന്ന കർത്താവ് അനുതാപികളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല.



## ചോദ്യങ്ങൾ

1. യൂദായെ ഭരിച്ച അവസാനത്തെ നാലു രാജാക്കന്മാർ ആരെല്ലാം? ജോസിയാ രാജാവുമായി അവർ എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു?
2. ജറുസലേമിന്റെ പതനത്തിനു വഴിയൊരുക്കിയ ചരിത്ര പശ്ചാത്തലം വ്യക്തമാക്കുക.
3. ഈ കാലഘട്ടത്തിലെ ജറെമിയാ പ്രവാചകന്റെ പങ്കു വിശദീകരിക്കുക. എന്തുകൊണ്ടാണ് രാജാക്കന്മാരും ജനവും പ്രവാചകനെ ശ്രവിക്കാൻ തയ്യാറാകാതിരുന്നത്?
4. രാജാക്കന്മാരുടെ പുസ്തകവും ദിനവൃത്താന്ത ഗ്രന്ഥവും എപ്രകാരമാണ് സമാപിക്കുന്നത്? എന്തു സന്ദേശമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** ജറുസലേമിന്റെ പതനത്തിന്റേയും അതിലേക്കു നയിച്ച സാഹചര്യങ്ങളുടേയും വെളിച്ചത്തിൽ നമ്മുടെ നാട്ടിലെ മതാത്മകവും രാഷ്ട്രീയവുമായ മേഖലകളിൽ നടക്കുന്ന സംഭവ വികാസങ്ങളേയും പ്രകടമാകുന്ന മനോഭാവങ്ങളെയും വിലയിരുത്തുക. എന്തു പ്രായോഗിക പാഠമാണ് ലഭിക്കുന്നത് എന്നു കണ്ടെത്തുക.

**പ്രാർത്ഥന :** "വിലാപങ്ങൾ" എന്ന പുസ്തകം ധ്യാനാത്മകമായി വായിച്ചു പ്രാർത്ഥിക്കുക.